# കാതോലിക്കേറ്റിന്റെ നിധി

**(പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗ പ്ലാറ്റിനം ജൂബിലി ഗ്രന്ഥം)**

Catholicattinte Nidhi (Biography and Studies on Saint Baselios Geevarghese I Catholicos in Malayalam) ❑ Executive Editor: M. Kurian Thomas ❑ Published by: Augen Mar Dionysius Metrapolitan on behalf of Vallikkattu Dayara, Vakathanam, Kottayam ❑ First Published: 2005 December 17 ❑ Copyright: Vallikkattu Dayara ❑ Type Setting: Sophia Print House, Kottayam ❑ Printing: Graphic Systems, Mallappally ❑ Price : Rs. 250/-

# കാതോലിക്കേറ്റിന്റെ നിധി

**(പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗ പ്ലാറ്റിനം ജൂബിലി ഗ്രന്ഥം)**


**പ്രസാധകൻ**

ഔഗേൻ മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്ത

**എക്സിക്യൂട്ടീവ് എഡിറ്റർ**

എം. കുര്യൻ തോമസ്

**കോ-ഓർഡിനേറ്റർ**

ജേക്കബ് കൊച്ചേരി



## വള്ളിക്കാട്ട് ദയറാ

**വാകത്താനം, കോട്ടയം**

**വില 250 രൂപ**

# പത്രാധിപസമിതി

ഔഗേൻ മാർ ദീവന്നാസ്യോസ് (പ്രസാധകൻ)
റവ. ഫാ. റ്റി. ജെ. ജോഷ്വാ
റവ. ഫാ. ഡോ.ജേക്കബ് കുര്യൻ
റവ. ഫാ. ജിജി മാത്യു
ഡോ. ജേക്കബ് മണ്ണുമ്മൂട്
ജോയ്സ് തോട്ടയ്ക്കാട് (എഡിറ്റർ)
ജേക്കബ് കൊച്ചേരി (കോ-ഓർഡിനേറ്റർ)
എം. കുര്യൻ തോമസ് (എക്സിക്യൂട്ടീവ് എഡിറ്റർ)

"പ. ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ കബറിടത്തെ '**കാതോലിക്കേറ്റിന്റെ നിധി**' എന്ന നാമത്തിൽ ഒരു നിധിയായി സൂക്ഷിക്കണമെന്നും അതിനെ എന്നും അതതു കാലത്തെ കാതോലിക്കായുടെ അധീനതയിലും അധികാരത്തിലും വച്ചു കാതോലിക്കാ സ്ഥാപനത്തിന്റെ നിലനില്പിനും അഭിവൃദ്ധിയ്ക്കുമായി വിനിയോഗിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു."

**1928-നു കൊല്ലം 1104 ധനു 11-ന് വാകത്താനം വള്ളിക്കാട്ട് പള്ളിയിൽ നിന്നും പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പിന്നീട് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ - മൂന്നാം കാതോലിക്കാ) അയച്ച കല്പനയിൽ നിന്നും.**

# ഉള്ളടക്കം


വാങ്മുഖം: ഔഗേൻ മാർ ദീവന്നാസ്യോസ് 7

## ദളം 1 ജീവിതം
(ജീവചരിത്ര സംബന്ധമായവ)

1. ദിവ്യചരിതം: ഫാ. ഡോ. ജേക്കബ് കുര്യൻ 11
2. വാകത്താനത്തു ബാവാ - വ്യക്തിയും കാലവും
   എം. കുര്യൻ തോമസ് 61
3. ജീവചരിത്ര ഫലകം: വർഗീസ് ജോൺ തോട്ടപ്പുഴ 89

## ദളം 2 പ. ബാവായുടെ രചനകൾ

1. സഭാ ജീവിത നാൾവഴി 100
2. വേദപുസ്തക പരിഭാഷ 344
3. യാത്രാവിവരണം 351
4. പ്രഭാഷണം 361
5. ഇടയലേഖനങ്ങൾ, സ്വകാര്യ കല്പനകൾ 364
6. മലങ്കര ഇടവക പഞ്ചാംഗങ്ങൾ 381

## ദളം 3 പഠനങ്ങൾ
(ജീവിതവുമായും രചനകളുമായും ബന്ധപ്പെട്ടത്)

1. നിസംഗതയും തപോനിഷ്ഠയും
   ഫാ. റ്റി. ജെ. ജോഷ്വ 457
2. മല്പാൻ ഭവനങ്ങളുടെ നിരയിൽ വള്ളിക്കാട്ടു ദയറാ:
   ഫാ. ഡോ. ജോൺസ് ഏബ്രഹാം 466
3. ആർഷഭാരതത്തിലെ ക്രൈസ്തവ മഹർഷി:
   ഫാ. ഡോ. എം. ജോൺ പണിക്കർ 470
4. സഭാ സ്വാതന്ത്ര്യ സംരക്ഷണ മുന്നണിപ്പോരാളി
   ഡോ. സാമുവൽ ചന്ദനപ്പള്ളി 475
5. കാവൽക്കാരനും പ്രബോധകനും
   ഡോ. എം. പി. ചാക്കോ 480
6. പ. ഗീവർഗീസ് പ്രഥമൻ ബാവായുടെ വിദ്യാഭ്യാസദർശനം
   പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട് 489
7. സമൂഹ സ്പന്ദനങ്ങൾ തൊട്ടറിഞ്ഞ അജപാലകൻ
   എം. എസ്. കോര മാവിലശ്ശേരിൽ 494
7. രചനകളിലെ ലാവവണ്യ നിരീക്ഷണം
   ഡോ. ജേക്കബ് മണ്ണുംമൂട് 499
7. സഞ്ചാര സാഹിത്യത്തിൽ കൊളംബ് യാത്രാവിവരണം
   ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ 508
8. വാകത്താനം അസോസിയേഷൻ
   ജേക്കബ് കൊച്ചേരി 520


Malankara Orthodox TV

## ദളം 4 സ്മൃതി സംവേദനം

(ബാവായെക്കുറിച്ചുള്ള സാഹിത്യസൃഷ്ടികളും അതിനെക്കുറിച്ചുള്ള പഠനവും)


1. സ്വർഗ്ഗാരോഹണം (കവിത): എൻ. ശങ്കരനാചാരി, റാപ്പുഴ 525
2. ഭക്തന്റെ കാവ്യാർപ്പണം: പ്രൊഫ. മേരി മാത്യു 537
3. ദിവ്യ മഹാദീപ്തി: സഭാകവി സി. പി. ചാണ്ടി 541


## ദളം 5 പുണ്യസ്മൃതി

(ബാവായെക്കുറിച്ചുള്ള സ്മരണകളും അനുഭവ സാക്ഷ്യങ്ങളും)


1. സഭയുടെ ആത്മ ചൈതന്യം
ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 544
2. പാമ്പാടി തിരുമേനിയും വാകത്താനത്തു ദയറായും
പി. സി. യോഹന്നാൻ റമ്പാൻ 545
3. ദൈവത്തിന്റെ തൃക്കയ്യിൽ ഇരിക്കുന്ന മഹാ പരിശുദ്ധൻ
പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര 546
4. ചരിത്രം കുറിച്ച ആത്മ മിത്രങ്ങൾ: കെ. കെ. വർക്കി കൊച്ചേരിൽ 549
5. സന്യാസ ശ്രേഷ്ഠൻ: ഫാ. ജേക്കബ് കരിങ്ങണാമറ്റത്തിൽ 551
6. സ്നേഹനിധി: പി. പി. ഫീലിപ്പോസ് കോർഎപ്പിസ്കോപ്പാ 554
7. എന്റെ ആത്മീയ ഗുരു: സി. വി. ജോർജ് കോർഎപ്പിസ്കോപ്പാ 555
8. എളിമയുടെ മഹായിടയൻ: കൊഴുവല്ലൂർ അച്ചൻ 556
9. വേദനയെ തോല്പിച്ച നിഷ്ഠ
ഗീവർഗീസ് കോർഎപ്പിസ്കോപ്പാ ചാലിൽ 557
10. ഊനം തട്ടാത്ത ഓർമ്മകൾ: ഇത്താക്ക് മാണി തെക്കേൽ 558
11. ജന്മനാടിന്റെ അഭിമാനം: കെ. പി. പുന്നൂസ് കാരുചിറ 559
12. നാടിനെ കരയിച്ച വേർപാട്: മാണി പുന്നൂസ് കൂടംപറമ്പിൽ 561
13. അദ്ഭുതങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരി...: ആലീസ് കൈതയിൽ 562
14. പ. കാരുചിറ ബാവാ: എം. എസ്. ജേക്കബ് മാളികയിൽ 564
15. ഒരു അനുഭവക്കുറിപ്പ്: ഫാ. ഷിനു കെ. തോമസ് 566
16. പരിശുദ്ധൻ: രാജു മുണ്ടൻപുടവത്ത് 568
17. അനുഭവ സാക്ഷ്യങ്ങൾ: റോയി തെക്കേക്കര 569


## അനുബന്ധം


1. ബാവായുടെ മലയാളം കൈപ്പട 571
2. ബാവായുടെ ലെറ്റർ ഹെഡ്ഡുകൾ 572
3. സ്ലീബാ ശെമ്മാശന്റെ കത്ത് 573
4. മെത്രാനഭിഷേകം (വാർത്ത) 574
5. കാതോലിക്കാ ബാവായ്ക്ക് ആശംസ (വാർത്ത) 576
വള്ളിക്കാട്ട് ദയറാ സ്ഥാപനം: ഇടവഴിക്കൽ ഡയറിയിൽ നിന്നും 579
6. മഹാകവി വള്ളത്തോളിന്റെ പ്രസംഗം (വാർത്ത) 580
7. കാലം ചെയ്തത് സംബന്ധിച്ച വാർത്തകൾ 583
8. ഗീവർഗീസ് ദ്വിതീയൻ ബാവാ അയച്ച കല്പന 594
9. വള്ളിക്കാട്ട് ദയറാ: കെ. പി. തോമസ് കാരുചിറ 599
10. പൊതു തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന 605
11. പരിശുദ്ധനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ 610


MalankaraOrthodox.TV

# വാങ്മുഖം

ദീർഘകാലമായി മനസ്സിൽ തിങ്ങിനിന്ന ഒരാഗ്രഹമാണ് സാക്ഷാൽക്കരിക്കപ്പെടുന്നത്. ഈ *സഭാജീവിത നാൾവഴി* അച്ചടി മഷി പുരളാൻ ഏഴര പതിറ്റാണ്ട് കാലമെടുത്തു. എല്ലാ ഒരു നിയോഗമായി – അനുഗ്രഹമായി ഞാൻ കരുതുന്നു.

1982 ൽ പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ കല്പനപ്രകാരം വള്ളിക്കാട്ടു ദയറായുടെ മാനേജർ ചുമതല ഞാൻ സ്വീകരിച്ചു. അന്ന് പ. ബാവാ തിരുമനസ്സ് എന്നോടു പറഞ്ഞ വാക്കുകൾ ഇന്നെന്നപോലെ ഓർക്കുന്നു. "പരുമലത്തിരുമേനിയെപ്പോലെ പരിശുദ്ധനായ ഒരു പിതാവിന്റെ കബറിടം കുടികൊള്ളുന്ന ദേവാലയത്തിലേയ്ക്കാണ് പോകുന്നത്. അവിടം പരുമല പോലെ ഉയരേണ്ട സ്ഥലമാണ്" ഹൃദയസ്പർശിയായ ആ വാക്കുകളായിരുന്നു എന്നെ നയിച്ചത്. ക്രാന്ത ദർശിയായ തിരുമനസ്സിന്റെ വാക്കുകൾ അക്ഷരാർത്ഥത്തിൽ തന്നെ എനിക്ക് അനുഭവവേദ്യമായി.

പ. ഗീവറുഗീസ് പ്രഥമൻ ബാവാ തിരുമനസ്സിന്റെ കബറിടത്താൽ അനുഗ്രഹീതമായ ഈ ദേവാലയം സഭയുടെ പ്രധാന തീർത്ഥാടനകേന്ദ്രമായി ഉയർന്നു കഴിഞ്ഞു. മലങ്കരസഭയിലെ പൊതു തീർത്ഥാടനകേന്ദ്രമായി പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ 2003 നവം. 19 ന് ദയറായെ പ്രഖ്യാപിച്ചു. ഇന്ന് അനേകായിരം വിശ്വാസികളുടെ മദ്ധ്യസ്ഥതാ സങ്കേതമായി പ. പിതാവിന്റെ കബറിടം കുടികൊള്ളുന്നു.

പരിശുദ്ധജീവിതം നയിച്ച തപോവര്യനായ പ. ഗീവറുഗീസ് പ്രഥമൻ ബാവാ തിരുമനസ്സിലെ ഡയറിക്കുറിപ്പുകൾ, ഏഴര പതിറ്റാണ്ടിനുശേഷം പ്രസിദ്ധീകരിക്കുന്നതോടെ തിരുമനസ്സിലെ വ്യക്തിജീവിതത്തിലേയും സഭാജീവിതത്തിലേയും അറിയപ്പെടാത്ത ഏടുകൾ തുറക്കപ്പെടുകയാണ്. ഇത്രമാത്രം കൃത്യതയോടെ ഡയറി എഴുതി സൂക്ഷിച്ച മറ്റൊരു വന്ദ്യപിതാവ് മലങ്കരയിലുണ്ടെന്ന് തോന്നുന്നില്ല. ഈ ഡയറിയിലൂടെ കടന്നുപോകുമ്പോൾ ചരിത്രകാരന്റെ, ആത്മീയ ഇടയന്റെ, സഭാസ്നേഹിയുടെ, ദർശനമുള്ള നേതാവിന്റെ വിവിധ മുഖങ്ങൾ നമുക്ക് അനുഭവിക്കാൻ കഴിയുന്നു.

ഈ ഡയറി ഇപ്പോഴും സൂക്ഷിക്കുകയും, അതിന്റെ ഫോട്ടോസ്റ്റാറ്റ്

Malankara Orthodox TV

നൽകുകയും ചെയ്ത ചൂരപ്പാടിൽ കെ. സി. പുന്നൂസച്ചനോട് വളരെയേറെ നന്ദിയുണ്ട്. പകർത്തിയെഴുതുക എന്ന ദൗത്യം നിർവഹിച്ച സെമിനാരി വിദ്യാർത്ഥി ഡീക്കൻ ഷിനു കെ. തോമസ്, വടക്കേ ചിലമ്പശ്ശേരിൽ ബിൻസി മാത്യു, പ്രസിദ്ധീകരണത്തിനായി സാമ്പത്തിക സഹായം ചെയ്ത സ്നേഹി തർ തുടങ്ങി ഈ സംരംഭത്തിനായി സഹകരിച്ച, പ്രോത്സാഹിപ്പിച്ച ഏവ രോടും നന്ദി അറിയിക്കുന്നു.

എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ ബഹു. ജോഷ്വാച്ചൻ, ബഹു. ജേക്കബ് കുര്യനച്ചൻ, ഡോ. ജേക്കബ് മണ്ണുംമൂട്, എം. കുര്യൻ തോമസ്, ജേക്കബ് കൊച്ചേരി, ജോയ്സ് തോട്ടയ്ക്കാട് എന്നിവരോടുള്ള പ്രത്യേക മായ കൃതജ്ഞത അറിയിക്കുന്നു.

ഡി.റ്റി.പി. ജോലികൾ ചെയ്തുതന്ന സോഫിയാ പ്രിന്റ് ഹൗസ്, പ്രിന്റിംഗ് ജോലികൾ നിർവഹിച്ച മല്ലപ്പള്ളി ഗ്രാഫിക്സ് സിസ്റ്റം പ്രസ്സ് എന്നിവരോടും നന്ദി അറിയിക്കുന്നു.

സഭാംഗങ്ങളുടെ പഠനത്തിനും മനനത്തിനുമായി ഈ ഗ്രന്ഥം സമർപ്പി ക്കുന്നു.

**ഔഗേൻ മാർ ദീവന്നാസ്യോസ്**

വള്ളിക്കാട്ടു ദയറാ
വാകത്താനം
1.12.2005

Malankara Orthodox TV

## ദളം 1

# ജീവിതം

## (ജീവചരിത്ര സംബന്ധമായവ)

# ദിവ്യചരിതം

## (പ. ഗീവർഗീസ് പ്രഥമൻ ബാവായുടെ സംക്ഷിപ്ത ജീവിത ചിത്രം)

ഫാ. ഡോ. ജേക്കബ് കുര്യൻ

### 1. കാലഘട്ടത്തിന്റെ കാൻവാസ്

ഒരു ചിത്രത്തിന്റെ കാൻവാസ് എന്നപോലെ, ഒരു ചരിത്രത്തിന്റെ കാലഘട്ടം പ്രധാനമാണ്. 'വാകത്താനത്തു ബാവ' എന്നും 'വള്ളിക്കാട്ട് ബാവാ' എന്നും 'കാരുചിറ ബാവാ' എന്നും അറിയപ്പെടുന്ന മലങ്കരയുടെ ദ്വിതീയ കാതോലിക്കാ പ. ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ ജീവിച്ച കാലഘട്ടത്തെ കുറിച്ച് അല്പസ്വല്പം അറിയാതെ ആ ജീവചരിത്ര പഠനം അപൂർണ്ണമായിരിക്കും.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധവും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർധവും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ രണ്ടു ദശകളെ യഥാക്രമം അനാവരണം ചെയ്യുന്നു. ആദ്യത്തേത് ഭീകരമായ ഒരു തേർവാഴ്ചയുടെ കാലഘട്ടമെന്ന് വിശേഷിപ്പിക്കപ്പെടുമെങ്കിൽ, രണ്ടാമത്തേത്, അധിനിവേശ ശക്തികൾക്ക് ദേശീയ പ്രസ്ഥാനങ്ങളെ എന്നേക്കും അടിച്ചമർത്താനാവില്ല എന്ന് പ്രഖ്യാപിക്കുന്നു. ഈ രണ്ടു ചരിത്ര സൂചനകളെയും അറിഞ്ഞു വളർന്ന തലമുറയുടെ പ്രതിനിധിയായിരുന്നു വാകത്താനത്തു ബാവാ. രാഷ്ട്രീയവും, സഭാപരവുമായ അടിമത്തം സമ്മാനിക്കുന്ന വിധേയത്വത്തോടൊപ്പം, അന്തരാത്മാവ് ദാഹിക്കുന്ന ഒരു സ്വാതന്ത്ര്യാഭിനിവേശം എങ്ങനെ ഒത്തുചേർന്നു പോകും എന്ന ചോദ്യത്തിന് ആ തലമുറയ്ക്ക് ഒത്തിരി മറുപടി പറയുവാൻ കാണും.

അന്നു കേരളം ഒറ്റ സംസ്ഥാനമല്ലായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിൻ കീഴിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ സാമന്ത നാട്ടുരാജവംശങ്ങൾ പരിമിതമായ നിലയിൽ നാടു വാണിരുന്നു. പക്ഷേ യഥാർത്ഥ ഭരണം നടത്തിയത് തിരുവിതാംകൂറിലും, കൊച്ചിയിലും റസിഡന്റുമാർ എന്ന പേരിലറിയപ്പെട്ട ബ്രിട്ടീഷ് പ്രതിനിധിമാരും, മലബാറിൽ (അത് മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്നതിനാൽ) കലക്ടർ എന്ന സ്ഥാനനാമമുള്ള ബ്രിട്ടീഷ് പ്രതിനിധിയും ആയിരുന്നു. ബ്രിട്ടീഷ് ഭരണകൂടം ക്രൈസ്തവ ഭരണകൂടമായിരുന്നതിനാൽ മലയാളക്കരയിൽ നസ്രാണികൾക്ക് പൊതുവെ

ഉണ്ടായിരുന്ന മാന്യമായ സ്ഥാനത്തിന് കൂടുതൽ തിളക്കമുണ്ടായി. ഇംഗ്ലീഷ്
വിദ്യാഭ്യാസം ചെയ്വാനും, സർക്കാരിൽ ഉദ്യോഗങ്ങൾ വഹിക്കുവാനും
ക്രിസ്ത്യാനികൾക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടായി. ആദ്യമൊക്കെ
ഇംഗ്ലീഷ് മിഷണറിമാരും സുറിയാനി ക്രിസ്ത്യാനികളും തമ്മിൽ ഉണ്ടായി
രുന്ന സൗഹൃദവും സഹകരണവും, കത്തോലിക്കരല്ലാത്ത സുറിയാനി
ക്രിസ്ത്യാനികളുടെ മെത്രാന് പ്രത്യേക പദവിയും സ്ഥാനമാനങ്ങളും ഉറപ്പി
ക്കുവാൻ സഹായകമാവുകയും ചെയ്തു. മെത്രാന് "മാർത്തോമ്മാ" എന്നും
"മലങ്കര മെത്രാൻ" എന്നും ഉള്ള സ്ഥാനവും, പ്രസ്തുത സ്ഥാനത്തിന് "രാജ
കീയ വിളംബര"ത്തിന്റെ ആശീർവാദവും ഉണ്ടായി. എന്നാൽ ഇംഗ്ലീഷ് മിഷ
ണറിമാർ മലങ്കരസഭയുടെ വിശ്വാസാചാരങ്ങളിലും ആഭ്യന്തരകാര്യങ്ങളിലും
കൈകടത്തുവാൻ ശ്രമിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ മലങ്കര മെത്രാന്മാരിൽ
ചിലർ അന്ത്യോഖ്യൻ സുറിയാനി സഭയുമായുള്ള ബന്ധത്തിന്റെ മറപിടിച്ച്
ചെറുത്തു നിൽക്കാൻ ശ്രമിച്ചു. തത്ഫലമായി അന്ത്യോഖ്യൻ സുറി
യാനിസഭാ പാത്രിയർക്കീസന്മാരുമായി അതുവരെയും ഉണ്ടായിരുന്നതിൽ
കൂടുതൽ അടുപ്പം ഉണ്ടായി. ഈ അടുപ്പം ഒരു പ്രത്യേകഘട്ടത്തിൽ സമ്പൂ
ർണ്ണ വിധേയത്വം ആയി പരിണമിച്ചതിന്റെ പ്രതിഫലനം ആയി ചില സംഭവ
വികാസങ്ങൾ ഉണ്ടായി. ഒന്ന്, മലങ്കരയിൽ നിന്ന് അന്ത്യോഖ്യാ പാത്രിയർക്കീ
സിന്റെ അടുക്കൽ പോയി മെത്രാൻ സ്ഥാനം പ്രാപിച്ച പാലക്കുന്നത്തു
മാത്യൂസ് മാർ അത്താനാസ്യോസ് നവീകരണ തന്ത്രങ്ങൾക്ക് ആശീർവാദം
നൽകാൻ ഇടയായപ്പോൾ പാത്രിയർക്കീസിനെ കൊണ്ടു തന്നെ അതിന്
അറുതി വരുത്തുവാൻ പാത്രിയർക്കീസിൽ അമിതമായ ആശ്രയം വയ്ക്കേണ്ടി
വന്നു. മാത്യൂസ് മാർ അത്താനാസ്യോസിന്റെ മെത്രാൻസ്ഥാനലബ്ധി തന്നെ
തർക്കവിഷയമാകുകയും, അനേകം പരാതികൾ ഏലിയാസ് ദ്വിതീയൻ പാത്രി
യർക്കീസിനു ലഭിക്കയും ചെയ്തപ്പോൾ കാര്യം പഠിച്ച് തക്ക നടപടി എടു
ക്കുവാൻ യുയാക്കീം മാർ കൂറീലോസ് എന്ന തുറബ്ദീൻകാരൻ മെത്രാനെ
പാത്രിയർക്കീസ് മലങ്കരയ്ക്കയച്ചിരുന്നു. പക്ഷേ അദ്ദേഹം സ്വയം മലങ്കര
മെത്രാൻസ്ഥാനം സ്ഥാപിച്ചെടുക്കുവാൻ പാത്രിയർക്കീസ് ഒപ്പിട്ടു നൽകിയ
കടലാസുകൾ വിനിയോഗിച്ചു. അത് കൃത്രിമ മാർഗമാണെന്നു തെളിഞ്ഞ
തിനെ തുടർന്ന് തിരുവിതാംകൂറിൽ നിന്നു തന്നെ അദ്ദേഹം മാറി
നിൽക്കേണ്ടി വന്നു.

രണ്ട്, നവീകരണ മുന്നേറ്റത്തെ ചെറുക്കുവാൻ പാത്രിയർക്കീസിനാൽ
തന്നെ അഭിഷിക്തനായ നാട്ടുമെത്രാൻ ആവശ്യമാണെന്ന് കണ്ടതുകൊണ്ട്,
പുലിക്കോട്ടിൽ ജോസഫ് കത്തനാർ 1865 –ൽ ആമീദിൽ എത്തി യാക്കോബ്
ദ്വിതീയൻ പാത്രിയർക്കീസിനാൽ അഭിഷിക്തനായി, ജോസഫ് മാർ ദീവ
ന്നാസ്യോസ് എന്ന പേരിൽ തിരിച്ചെത്തി. ചുരുക്കത്തിൽ, മലങ്കരസഭ രണ്ട്
അപകട ഗർത്തങ്ങളുടെ മധ്യത്തിലെന്ന പോലെയുള്ള ഒരു നിർണ്ണായക

ഘട്ടത്തിൽ എത്തിനിൽക്കുമ്പോഴാണ് വാകത്താനത്തു ബാവായുടെ ജനനം. ഒന്ന്, നവീകരണത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ മുന്നേറ്റം. രണ്ട്, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാര കൈയാളൽ. "മലങ്കര മെത്രാൻ" എന്ന അഭിധാനത്തോടെ രാജകീയ വിളംബരത്തിന്റെ പിൻബല ത്തിൽ വാണരുളിയ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് 1868-ൽ തന്റെ പിൻഗാമിയായി തോമസ് അത്താനാസ്യോസിനെ വാഴിച്ചു. ഈ വാഴ്ചയുടെ നിയമസാധുത്വം ചോദ്യം ചെയ്തു കൊണ്ടും പാത്രിയർക്കീ സിന്റെ പിന്തുണയുള്ള ജോസഫ് ദീവന്നാസ്യോസിന് 'മലങ്കര മെത്രാൻ' സ്ഥാനം ആവശ്യപ്പെട്ടു കൊണ്ടും കേസു കൊടുക്കുന്ന കാര്യങ്ങളെക്കുറി ച്ചുള്ള അണിയറ ആലോചനകൾ നടക്കുന്ന കാലം. എങ്ങനെയെങ്കിലും അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരയിലെത്തി കാര്യങ്ങൾ മനസ്സിലാക്കി യാൽ പ്രശ്നങ്ങൾക്ക് നീക്കുപോക്കുണ്ടാകുമെന്നു പലരും ആശിക്കയും ചെയ്തു.

## 2. പള്ളിവീട്ടിൽ കുടുംബം

മാർത്തോമ്മാ ശ്ലീഹായാൽ ക്രിസ്തു മാർഗ്ഗത്തിലേക്ക് വരുകയും പൗരോ ഹിത്യം പ്രാപിക്കയും ചെയ്ത ശങ്കരപുരി കുടുംബപരമ്പരയിൽ പെട്ടവർ ചായൽ (നിലയ്ക്കൽ) പ്രദേശത്തു വസിച്ചു വന്നു. കൊള്ളക്കാരുടെയും വന്യജീവികളുടെയും നിരന്തരമായ ഉപദ്രവം മൂലം അവർക്ക് അവിടെ നിന്ന് പല സ്ഥലങ്ങളിലേക്കും ചിതറിപ്പോകേണ്ടി വന്നു. അങ്ങനെ പോയവരിൽ രണ്ടു സഹോദരന്മാർ ചെങ്ങന്നൂരിൽ എത്തി. മൂത്തയാൾ വൈദികനായി രുന്നു; പേര് ഗീവർഗീസ്. ഇളയ ആൾ യാക്കോബ്. ഗീവർഗീസ് കശീശ ബ്രഹ്മചാരിയായിരുന്നു. അനുജനായ യാക്കോബ് കുടുംബസ്ഥനായി. ചെങ്ങ ന്നൂരിൽ ഈ കുടുംബം "പള്ളിയിൽ മാപ്പിളവീട്ടിൽ" അഥവാ "മാപ്പോട്ടിൽ" എന്ന പേരിൽ അറിയപ്പെടുന്നു. ഈ കുടുംബത്തിന്റെ ഒരു ശാഖയായ വള്ളി ക്കാട്ടു കുടുംബത്തിലാണ് വാകത്താനത്തു ബാവാ ഭൂജാതനായത്.

ചെങ്ങന്നൂരിൽ നിന്നും അനന്തര തലമുറകളിൽ ചിലർ, പതിനെട്ടാം നൂറ്റാ ണ്ടിന്റെ പൂർവ്വാർദ്ധത്തിൽ വടക്കോട്ടു നീങ്ങി. ആ ഗണത്തിൽ രണ്ടു സഹോ ദരന്മാർ, ചാണ്ടിയും തൊമ്മിയും, ചങ്ങനാശ്ശേരിക്കും കോട്ടയത്തിനും ഇടയ്ക്ക് പാത്താമുട്ടം എന്ന സ്ഥലത്ത് വന്നു താമസിച്ചു. പടിയറക്കടവ് എന്നറിയപ്പെടുന്ന സ്ഥലത്താണ് അവർ പാർത്തത്. സമീപ സ്ഥലങ്ങളിൽ നിന്നും അവർ വിവാഹം കഴിച്ചു. പിന്നീട് അനുജൻ തൊമ്മി, പടിയറകടവി ന്നക്കരെ വാകത്താനത്തേക്ക് താമസം മാറ്റി. പടിയറക്കടവു ഭാഗത്തു താമ സിച്ച ജ്യേഷ്ഠൻ ചാണ്ടിയുടെ സന്താനപരമ്പരകൾ പടിയറ കുടുംബമായും, വാകത്താനത്തു താമസിച്ച അനുജൻ തൊമ്മിയുടെ സന്താനപരമ്പരകൾ വള്ളിക്കാട്ട് കുടുംബമായും അറിയപ്പെട്ടു.

Malankara Orthodox TV

വള്ളിക്കാട്ട് കുടുംബത്തിന് മൂന്ന് ഉപശാഖകളുണ്ട്: പുല്ലുകാട്ട്, കളപ്പുരയ്ക്കൽ, വള്ളിക്കാട്ട്. കളപ്പുരയ്ക്കൽ ഉപശാഖയിൽ പെടുന്നതാണ് കളപ്പുരയ്ക്കൽ, ചക്കുപുരയ്ക്കൽ, ചൂരപ്പാടിൽ, കാരുചിറ, കാരുചിറ തെക്കേമൂലയിൽ, മൈലക്കാട്ട്, പടിഞ്ഞാറെ മൂലയിൽ, ഞാറക്കുളം, ചെമ്പകശ്ശേരിൽ, കാഞ്ഞിരത്തുമ്മൂട് മുതലായ പേരുകളിൽ അറിയപ്പെടുന്ന വീടുകൾ (അവലംബം: "പടിയറ – വള്ളിക്കാട്ടായ കൂടത്തിൽ കുടുംബചരിത്രം", പേജ് 67). വള്ളിക്കാട്ട് തറവാട്ടിൽ നിന്നും അല്പം കിഴക്കായിരുന്നു കാരുചിറ വീട്. ഈ വീട്ടിലാണ് വാകത്താനത്തു ബാവാ ജനിച്ചത്.

## 3. ജനനം, ബാല്യം

കാരുചിറ വീട്ടിൽ പൗലൂസിന്റെയും കുറുമ്പനാടത്ത് കിഴക്കേക്കുറ്റ് ആണ്ടയുടെയും മകൻ പുന്നച്ചൻ പുതുപ്പള്ളി കുട്ടൻചിറ കുടുംബത്തിൽപ്പെടുന്ന തൃക്കോതമംഗലം പൊട്ടയ്ക്കാവേലിൽ ഉണ്ണിച്ചിയമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ആറു പുത്രന്മാരും, നാലു പുത്രിമാരും ജനിച്ചു. അവരിൽ അഞ്ചാമത്തെ മകനായി 1045 ധനു 29 നു ചൊവ്വാഴ്ച (1870 ജനുവരി 11) വാകത്താനത്തു ബാവാ ഭൂജാതനായി.* കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ ജന്മനക്ഷത്രം നോക്കുന്ന നാട്ടുനടപ്പനുസരിച്ച് "ഭരണി" നക്ഷത്രത്തിലാണ് കുഞ്ഞിന്റെ ജനനം എന്ന് വീട്ടുകാർ കണ്ടു. അങ്ങനെ രണ്ടാം നക്ഷത്രക്കാരൻ മലങ്കരയുടെ രണ്ടാം കാതോലിക്കായായി തീരാനിടയായ ചരിത്രമാരംഭിക്കുന്നു.

വാകത്താനം സെന്റ് ജോൺസ് പള്ളിയിൽ വച്ച് ഈ ശിശുവിനെ കളപ്പുരയ്ക്കൽ പൗലൂസ് കത്തനാർ മാമോദീസാ മുക്കി. പഴയാറ്റുങ്കൽ കൊച്ചെറിയായായിരുന്നു ജ്ഞാനസ്നാന മധ്യസ്ഥൻ. ജ്ഞാനസ്നാനപ്പേര് ഗീവറുഗീസ് എന്നായിരുന്നു. ബാല്യത്തിൽ വളരെയധികം ആരോഗ്യ പ്രശ്നങ്ങൾ ഗീവറുഗീസിനുണ്ടായി. ഭക്തനായ പിതാവ് ദൈവഹിതമെങ്കിൽ ഗീവറുഗീസിനെ ദൈവവേലയ്ക്ക് സമർപ്പിക്കാം എന്ന് തീരുമാനിച്ചതോടെ പല അസു

---

* ജനനത്തീയതിയെ സംബന്ധിച്ച് ഇതുവരെ കണ്ടിട്ടുള്ള രേഖകളിൽ നിന്ന് കൃത്യമായി പറയുവാൻ സാധിക്കുന്നില്ല. പ. ബാവായുടെ കൈപ്പടയിലുള്ള ഡയറിയിൽ നിന്ന് ഇന്ന് വായിച്ചെടുക്കാവുന്ന തീയതിയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. എന്നാൽ ശ്രീ. കെ. കുറിയാക്കോസിന്റെ പുസ്തകത്തിലും ("മലങ്കരയിലെ രണ്ടാം കാതോലിക്കാ", 1984, പേജ് 18), പ്രൊഫ. എം. പി. ചാക്കോയുടെ ലേഖനത്തിലും ("ദൈവദാനമായി നൽകപ്പെട്ട ദിവ്യദാനം – പെരുന്നാൾ പ്രസിദ്ധീകരണം, 2002) ജനനത്തീയതി 1045 കുംഭം 23 എന്നു കാണുന്നു. സമീപകാലത്ത് വള്ളിക്കാട്ടു ദയറാ പ്രസിദ്ധീകരണങ്ങളിൽ കൊടുത്തിരിക്കുന്ന തീയതി 1045 ധനു 29 (1870 ജനുവരി 13) എന്നാണ്. സഭാവിജ്ഞാനകോശത്തിലും ഈ തീയതിയാണ് (പഞ്ചാംഗങ്ങൾ പരിശോധിച്ചപ്പോൾ 1870 ജനുവരി 13 ചൊവ്വ വരുന്നില്ല താനും) 11 ആണ് ചൊവ്വ.

ഖങ്ങളും മാറി. ബാല്യത്തിൽ തന്നെ ദൈവത്തിനു പ്രതിഷ്ഠിച്ച ഒരു ജീവിതം എന്ന നിലയിൽ ഗീവറുഗീസിനെ പ്രത്യേകം കരുതുന്ന ഒത്തിരിപ്പേരുണ്ടായിരുന്നു. സ്വന്തം മാതൃസഹോദരി തന്നെ അന്തഃക്കരണ പ്രേരണയാൽ ഗീവറുഗീസ് ജനിച്ചയുടനെ പിഞ്ചുകൈ പിടിച്ചു ചുംബിച്ചു. അടുത്തു നിന്നവർ അതിശയിച്ചു നോക്കുമ്പോൾ അവർ ഇപ്രകാരം മറുപടി പറഞ്ഞുവെന്ന് ശ്രീ. കെ. കുറിയാക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്. "എല്ലാവരും ഒരിക്കൽ മുത്തേണ്ട കൈയാണിത്. ഞാൻ ആദ്യം മുത്തിയെന്നു മാത്രം."

ഗീവറുഗീസിന്റെ പിതാവ് കാരുചിറ പുന്നച്ചൻ തന്നെ ഗീവറുഗീസിന് അക്ഷരാഭ്യാസത്തിന്റെ ആദ്യപാഠങ്ങൾ നൽകി. സ്വന്തം വാക്കുകളിൽ ബാല്യകാല വിദ്യാഭ്യാസത്തെപ്പറ്റി ഇപ്രകാരം എഴുതിയിട്ടുണ്ട്: "നിലത്തെഴുത്തും കണക്കും പഠിപ്പിച്ചശേഷം പള്ളിക്കൂടത്തിൽ ആശാന്മാരുടെ അടുക്കൽ വിട്ട് അന്നത്തെ രീതിപ്രകാരമുള്ള ശേഷമുള്ളതും പഠിപ്പിച്ചു." പിന്നീട് ചങ്ങനാശ്ശേരി സർക്കാർ സ്ക്കൂളിലും കോട്ടയത്തും പഠിച്ചു. കോട്ടയത്തെ ഒരു ബന്ധുവീടായ പടിഞ്ഞാറേക്കര മാളിയേക്കൽ താമസിച്ചു കൊണ്ട് അടുത്തുള്ള സർക്കാർ പ്രൈമറി സ്കൂളിൽ മൂന്നാം ക്ലാസ്സു വരെ പഠിച്ചു.

ഗീവറുഗീസിന്റെ ബാല്യകാലം സഭയുടെ ചരിത്രത്തിൽ നിർണ്ണായകഘട്ടമായിരുന്നു. അതുവരെയും ജോസഫ് ദീവന്നാസ്യോസിന് തെക്കൻ പ്രദേശത്ത് ഒരു ആസ്ഥാനം ഇല്ലാതിരുന്നതിനാൽ, പരുമലയിൽ ഒരു കൊച്ചു പള്ളിയും മുറിയും കുറച്ചു സ്ഥലവും ദാനമായി കിട്ടി. ഇവിടേയ്ക്ക് സുസമ്മതനായ ചാത്തുരുത്തിൽ ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പായെ റമ്പാനാക്കി കൊണ്ടുവന്നു 1872 –ൽ താമസിപ്പിച്ചത് പിൽക്കാല ചരിത്രത്തിൽ പ്രാധാന്യമർഹിച്ചു. 1874 –ൽ യുയാക്കീം മാർ കൂറിലോസ് കാലം ചെയ്തു. അടുത്തവർഷം പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിൽ എത്തി മുളന്തുരുത്തി സുന്നഹദോസ് നടത്തി. തുടർന്ന് മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി തിരിച്ചു ആറു പുതിയ മെത്രാന്മാരെ അദ്ദേഹം വാഴിച്ചു. ഇതിലൊരാൾ ചാത്തുരുത്തി റമ്പാനായിരുന്നു. 1877 –ൽ പാലക്കുന്നത്തു മാത്യൂസ് അത്താനാസ്യോസ് കാലം ചെയ്തു. നേരത്തെ തന്നെ അദ്ദേഹം വാഴിച്ചു നിയോഗിച്ചിരുന്ന തോമസ് അത്താനാസ്യോസിന് "മലങ്കര മെത്രാൻ" സ്ഥാനസാധുതയും കോട്ടയം സെമിനാരി സംബന്ധിച്ചുള്ള അവകാശവും മറ്റും ചോദ്യം ചെയ്തു കൊണ്ട് പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് 1879 –ൽ കൊടുത്ത കേസാണ് "സെമിനാരിക്കേസ്" എന്ന പേരിൽ പിൽക്കാല ചരിത്രത്തിൽ അറിയപ്പെടുന്നത്.

ഈ സംഭവങ്ങളൊന്നും ബാലനായ ഗീവറുഗീസ് അറിഞ്ഞിട്ടുണ്ടാവില്ല. എങ്കിലും ഏതെങ്കിലും പേരുകളോ സംഭവങ്ങളോ ഒരുപക്ഷേ ആരുടെയെങ്കിലും സംഭാഷണങ്ങളിൽ നിന്ന് ആ മനസ്സിൽ കടന്നുചെല്ലാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

## 4. സഭാന്തരീക്ഷം: നവീകരണ വെല്ലുവിളിയിൽ

1877 മുതൽ 1889 വരെ സഭാന്തരീക്ഷം വളരെയധികം കാറും കോളും നിറഞ്ഞതായിരുന്നു. നവീകരണ ചിന്താഗതികളോടുള്ള ആഭിമുഖ്യത്തിലും, മലങ്കര മെത്രാനായിരുന്ന മാത്യൂസ് അത്താനാസ്യോസിന്റെ വ്യക്തിത്വ സ്വാധീനത്തിലും, കോട്ടയത്തും കോട്ടയത്തിനു തെക്കുമുള്ള മിക്ക പള്ളികളിലും നവീകരണാനുഭവം വളരെ പ്രകടമായിരുന്നു. ഇതിനെതിരെ പരുമല കേന്ദ്രമാക്കി ശക്തമായ ഒരു പ്രവർത്തനം ആരംഭിച്ചതിന് പരുമല തിരുമേനിയാണ് നേതൃത്വം കൊടുത്തത്. 1878 ഫെബ്രുവരി 18 ന് പരുമലയിൽ ഒരു പള്ളി പ്രതിനിധി സമ്മേളനം കൂടി പരുമലയിൽ വിപുലമായ നിലയിൽ ഒരു സെമിനാരി ആരംഭിക്കുവാൻ തീരുമാനിച്ചു. കോട്ടയം മുതൽ തെക്കോട്ടുള്ള ശെമ്മാശ്ശന്മാർ അവിടെ പഠിക്കണം എന്ന് നിഷ്ക്കർഷിച്ചു. ഇക്കാര്യത്തിനു സഹായിയായി 1880 ജനുവരി 18 ന് വട്ടശ്ശേരിൽ ഗീവറുഗീസ് ശെമ്മാശനെ വൈദികനാക്കി പരുമല തിരുമേനി അവിടെ നിയമിച്ചു. അടുത്തവർഷം തന്നെ അദ്ദേഹത്തെ മല്പാനായി നിയോഗിക്കുകയും ചെയ്തു. കൂടാതെ പാത്രിയർക്കീസ് അയച്ച ശെമവൂൻ മാർ അത്താനാസ്യോസും മലങ്കരയിലെത്തി നവീകരണത്തിനെതിരെ പ്രവർത്തിച്ചു. 1886 ലെ ഹൈക്കോടതി വിധി ജോസഫ് മാർ ദീവന്നാസ്യോസിന് അനുകൂലമായതോടെ നവീകരണ വെല്ലുവിളികൾക്ക് ശമനം കണ്ടു തുടങ്ങി.

## 5. ജ്യേഷ്ഠന്റെ വേർപാടും അനുജന്റെ ദൈവവിളിയും

ഗീവർഗീസിന് പതിനഞ്ചു വയസ്സു കഴിഞ്ഞതോടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഒരു ഘട്ടം പൂർത്തിയായി. വീട്ടുകാര്യങ്ങളിൽ പിതാവിനെയും സഹോദരങ്ങളെയും സഹായിക്കുമ്പോഴും മറ്റൊരു നിയോഗത്തിനു വേണ്ടി ദൈവം തന്നെ ഒരുക്കുന്നതായി ഗീവർഗീസിനു തോന്നി. അത് കേവലമൊരു തോന്നൽ മാത്രമല്ലായിരുന്നു. ഗീവർഗീസിനെ സ്നേഹിക്കയും കരുതുകയും ചെയ്ത പലരിലും ഒരു പ്രത്യേക ബോധ്യവും ഉണ്ടായി. ഗീവർഗീസ് ദൈവവേലയ്ക്ക് യോഗ്യനാണെന്നായിരുന്നു ആ ബോധ്യം. സ്വന്തം പിതാവ് വർഷങ്ങൾക്കു മുമ്പ് ചെയ്ത പ്രതിജ്ഞയും, സ്വന്തം മനസ്സിൽ തെളിഞ്ഞു തെളിഞ്ഞു വന്ന ഒരു ആഗ്രഹവും ഒന്നിച്ചു വരുമ്പോലെ ഒരു തോന്നൽ. കൂടാതെ വാകത്താനം പള്ളിയിൽ തന്റെ പിൻഗാമിയായി ഒരു യുവവൈദികൻ ഉണ്ടാകേണ്ടതിന് കളപ്പുരയ്ക്കൽ പൗലൂസ് കത്തനാർ ആഗ്രഹിച്ചപ്പോൾ മനസിൽ തെളിഞ്ഞതും ഗീവർഗീസിന്റെ ചിത്രമാണ്. അതനുസരിച്ച് അദ്ദേഹവും ഗീവറുഗീസിന്റെ പിതാവുമായി സംസാരിച്ചു. 1883 ചിങ്ങത്തിൽ ശീമയിൽ നിന്നു വന്ന ശെമവൂൻ മാർ അത്താനാസ്യോസും കോട്ടയം ഇടവകയുടെ പൗലൂസ് മാർ അത്താനാസ്യോസും കൂടി വാകത്താനത്തു പള്ളിയിൽ റിശീസാ പിരിവിനു വന്നപ്പോൾ രണ്ടു പേരും കൂടി പൗലൂസ് മാർ

അത്താനാസ്യോസിനോട് വിവരം ധരിപ്പിച്ചു. ഗീവറുഗീസിനെ കണ്ട് തിരുമേനി തലയിൽ കൈവെച്ച് പള്ളി നടയിൽ നിർത്തി പ്രാർത്ഥന കഴിച്ചു. സുറിയാനി പഠിക്കാൻ ആരംഭിച്ചു കൊള്ളാൻ കല്പിക്കയും, സുറിയാനി ആദ്യാക്ഷരം ചൊല്ലിക്കൊടുക്കയും ചെയ്തു. കളപ്പുരയ്ക്കൽ അച്ചന്റെ കൂടെ താമസിച്ച് ഗീവറുഗീസ് സുറിയാനി പഠനം തുടർന്നു. ഇതിനെല്ലാം ഉപരിയായി ഗീവർഗീസിന്റെ ജ്യേഷ്ഠൻ കൊച്ചുപുന്നന് ഒരുൾബോധ്യം ഉണ്ടായിരുന്നു, തന്റെ അനുജൻ ഒരു വൈദിക ശ്രേഷ്ഠനാകുമെന്ന്. പക്ഷേ കുഞ്ഞനുജന് പട്ടം കിട്ടി കാണുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായില്ല. ഒരു പനി പിടിച്ച് അത്യാസന്ന നിലയിൽ ആയി. അപ്പോൾ അനുജൻ ഗീവറുഗീസിനെ വിളിച്ച് വേദപുസ്തകം വായിപ്പിക്കുകയും, കന്യാസ്ത്രീയമ്മയുടെ നമസ്ക്കാരം ചൊല്ലിക്കയും ചെയ്തു. 1886 മകരം 23 ന് ജ്യേഷ്ഠൻ മരിച്ചു.

### 6. ശെമ്മാശു പട്ടം, ഉപരിവിദ്യാഭ്യാസം

സുറിയാനി പഠനത്തിൽ ആവശ്യത്തിനു പുരോഗതി ആയപ്പോൾ 1886 ഇടവമാസത്തിൽ കളപ്പുരയ്ക്കൽ പൗലൂസ് കത്തനാരും ഗീവറുഗീസിന്റെ പിതാവുമായി ആലോചിച്ച് ഇടവക മെത്രാപ്പോലീത്തായെ വീണ്ടും പോയി കാണുവാൻ തീരുമാനിച്ചു. അന്നു കല്ലുങ്കത്ര പള്ളിയിൽ താമസമാക്കിയിരുന്ന പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ ഗീവറുഗീസിന്റെ പിതാവ് പോയി കണ്ടു. മിഥുനം 1 ന് അഥവാ പെന്തിക്കോസ്തി ഞായറാഴ്ച വാകത്താനത്തു പള്ളിയിൽ വച്ച് പട്ടം കൊടുക്കാമെന്ന് കല്പിച്ചു.

വാകത്താനത്തു പള്ളിയിൽ പെന്തിക്കോസ്തി പെരുന്നാളിന് പട്ടം കൊടയിൽ സംബന്ധിക്കുവാനും കൂടെയായി ധാരാളം ആളുകൾ ഉണ്ടായിരുന്നു. പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനി ഗീവറുഗീസിന് കോറൂയോ പട്ടം നൽകി.

1886 ലെ ഹൈക്കോടതി വിധിയെ തുടർന്ന് സിമ്മനാരിയിൽ പഠനം പുനരാരംഭിക്കുന്നതിനെക്കുറിച്ചുള്ള ആലോചന സജീവമായി. അതിനായി കൂടിയ ആലോചനാ യോഗത്തിന്റെ തീരുമാനം അനുസരിച്ച് സിമ്മനാരി പഠനം പുനരാരംഭിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുവാൻ പൗലൂസ് മാർ അത്താനാസ്യോസ്, കോനാട്ട് മാത്തൻ മല്പാൻ, വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ എന്നിവരെ ചുമതലപ്പെടുത്തി. പൗലൂസ് മാർ അത്താനാസ്യോസിന്റെ കല്പനപ്രകാരം ഗീവറുഗീസ് കോറൂയോയും സിമ്മനാരിയിൽ പഠിക്കുവാൻ എത്തി പഠനം തുടങ്ങി. നാലു മാസത്തെ പഠനം കഴിഞ്ഞ് അവധിക്ക് വീട്ടിൽ എത്തിയ ഗീവറുഗീസ് ശെമ്മാശൻ വളരെ ക്ഷീണിതനും രോഗം ബാധിച്ചവനുമായി കാണപ്പെട്ടു. ശെമ്മാശൻ കൂടുതൽ സമയവും കളപ്പുരയ്ക്കൽ അച്ചന്റെയടുത്തായിരുന്നു. രോഗപീഢയുടെ ഒരു വിവരണം ശെമ്മാശന്റെ സ്വന്തം വാക്കുകളിൽ ഇപ്രകാരമായിരുന്നു:

"ദേഹം മുഴുവൻ നീരും മറ്റു സുഖക്കേടുകളും ഉണ്ടായി. കിടപ്പിലും ചികിത്സയിലും ആയി. ആരംഭം കളപ്പുരയ്ക്കൽ വച്ചായിരുന്നു. കുറെ ആശ്വാസമായപ്പോൾ കാരുചിറ കൊണ്ടുപോയി. അവിടെ വച്ച് സുഖക്കേട് വർദ്ധിക്കുകയും അത്യന്തം കൂടുതലാവുകയും ചെയ്തപ്പോൾ കളപ്പുരയ്ക്കൽ അച്ചന്റെ അടുത്ത് ആളയയ്ക്കുകയും വളരെ വ്യസനത്തോടെ രോഗിയുടെ അടുക്കൽ അദ്ദേഹം വന്നുചേരുകയും ഉടനൊരു ആശ്വാസമുണ്ടാവുകയും ചെയ്തു."

അസുഖം ഭേദമായപ്പോൾ വീണ്ടും സിമ്മനാരിയിൽ പഠിക്കാൻ പോയി. അനാരോഗ്യത്തെ പരിഗണിച്ച് താമസം കോനാട്ട് മല്പാനച്ചന്റെ കുടുംബത്തോടു കൂടെ, ചുങ്കക്കടവിൽ ഒരു മാളിക വാടകയ്ക്ക് എടുത്ത് അതിലായി. തന്റെ കൂടെ താമസിച്ച കൊച്ചുശെമ്മാശനോട് വാത്സല്യം തോന്നിയ കോനാട്ട് മാത്തൻ മല്പാൻ കൊച്ചുശെമ്മാശന് ഒരു ഓട്ടുവിളക്ക് സമ്മാനമായി കൊടുത്തു. ആ വിളക്ക് ശെമ്മാശൻ മരണം വരെയും ഒരു നിധിയായി സൂക്ഷിച്ചു. പക്ഷേ അധികം വൈകാതെ വ്യവഹാരങ്ങൾ നിമിത്തം സിമ്മനാരി പഠനം മുടക്കമായി. ശെമ്മാശൻ വീട്ടിൽ തിരിച്ചെത്തി, വീണ്ടും പൗലൂസ് കത്തനാരുടെ കൂടെ താമസിച്ച് വി. പൗലോസിന്റെ ലേഖനങ്ങളും മറ്റും പഠിച്ചു.

## 7. ചരിത്രപ്രസിദ്ധമായ "സെമിനാരി പ്രവേശ"ത്തിന്റെ സാക്ഷി

സെമിനാരിക്കേസിൽ റോയൽക്കോടതിയുടെ അന്തിമ വിധിയും അനുകൂലമായതോടെ പൂട്ടിക്കിടന്നിരുന്ന സെമിനാരി തുറന്ന് അതിൽ പ്രവേശിക്കുവാൻ പോയ യാത്ര സാഹസികമായിരുന്നു. അക്കൂട്ടത്തിൽ ഗീവറുഗീസ് ശെമ്മാശനും ഉണ്ടായിരുന്നു.

1889 കർക്കിടകം 2 ന് ഗീവർഗീസ് ശെമ്മാശൻ പുത്തനങ്ങാടി കുരിശുപള്ളിയിലെത്തി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, ശെമവൂൻ മാർ അത്താനാസ്യോസ് എന്നിവരെ കണ്ടു കൈമുത്തി അവിടെ താമസിച്ചു. പിറ്റെ ദിവസമായ കർക്കിടകം 3 ന് റോയൽ കോടതി അനുകൂലമായി വിധി പ്രസ്താവിച്ചതറിഞ്ഞ് തിരുമേനിമാർ സിമ്മനാരിയിലേക്ക് പോയി. കൂട്ടത്തിൽ ഗീവർഗീസ് ശെമ്മാശനും ഉണ്ടായിരുന്നു. ആ സംഭവത്തെക്കുറിച്ച് അദ്ദേഹം തന്നെ എഴുതുന്നു:

"വിധി നടത്തി സിമ്മനാരി കൈവശപ്പെടുത്തുന്നതിനായി തിരുമേനികൾ കുരിശുപള്ളിയിൽ നിന്ന് പുറപ്പെട്ടു പുത്തൻപള്ളിയിൽ പോയി പ്രാർത്ഥനയും കഴിച്ചു താഴത്തങ്ങാടി വഴി സിമ്മനാരിയിൽ എത്തി. അന്നു വലിയ വെള്ളപ്പൊക്കമായിരുന്നതിനാൽ ബോട്ട് സിമ്മനാരിയുടെ പടിഞ്ഞാറെ മിറ്റത്തു അടുത്തു. ഗീവറുഗീസ് ശെമ്മാശു തിരുമേനികളോടു കൂടെ സിമ്മനാരിയിലേക്ക് പോയി. സിമ്മനാരി മുഴുവൻ പൂട്ടി ഇട്ടിരിക്കുകയായിരുന്നു.

ആദ്യമേ പടിഞ്ഞാറെ വലിയ വാതിലിന്റെ പൂട്ട് തല്ലിച്ചു. പിന്നീട് പള്ളിയുടെയും തല്ലിച്ചു. പള്ളിയുടെ ത്രോണോസിങ്കലും കബറിങ്കലും പ്രാർത്ഥനകൾ കഴിച്ചു. തിരുമേനികൾ പടിഞ്ഞാറെ കെട്ടിന്റെ തെക്കും വടക്കുമുള്ള വലിയ ഹാൾ മുറികളിൽ താമസിക്കയും ചെയ്തു. ടി. മാസം 4 ന് വാകത്താനത്തു നിന്നും മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും സിമ്മനാരിയിൽ വന്നു താമസം തുടങ്ങി. ഗീവറുഗീസ് ശെമ്മാശു സിമ്മനാരിയിൽ നിന്നും കല്ലുങ്കത്രപ്പള്ളിയിലും മുപ്പാത്തിയിലും പോയി തിരിച്ചു വീട്ടിൽ എത്തി.”

## 8. ഗുരുക്കന്മാരെ തേടി

സിമ്മനാരി തുറന്നുവെങ്കിലും സിമ്മനാരി പഠനം ഉടനെയൊന്നും ആരംഭിക്കുന്ന സാദ്ധ്യത കാണായ്കയാൽ ഗീവറുഗീസ് ശെമ്മാശന് മുമ്പിൽ രണ്ട് സാദ്ധ്യതകളാണുണ്ടായിരുന്നത്. ഒന്ന്, പാമ്പാക്കുടയ്ക്കു പോയി മല്പാനച്ചന്റെയടുക്കൽ താമസിച്ചു പഠിക്കുക. രണ്ട്, ഇടവക മെത്രാപ്പോലീത്താ തിരുമേനിയോടൊപ്പം താമസിച്ചു പഠിക്കുക. ഇതിൽ ആദ്യത്തേതിനോട് കൂടുതൽ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും പാമ്പാക്കുടയ്ക്ക് പുറപ്പെട്ടിട്ട് കോട്ടയത്തു വരെ പോയി തിരിച്ചു പോവുകയാണുണ്ടായത്.

അടുത്ത മാസം തന്നെ ഇടവക മെത്രാപ്പോലീത്താ പൗലൂസ് മാർ അത്താനാസ്യോസിന്റെയടുക്കൽ പോയി താമസിക്കുവാൻ തീരുമാനിച്ചു. തിരുമനസ്സു കൊണ്ട് അന്ന് പാമ്പാടി പള്ളിയിലായിരുന്നു. ശെമ്മാശൻ അവിടെ ചെന്ന് തിരുമേനിയോടൊപ്പം താമസിച്ചു കൊണ്ട്, സുറിയാനി ഭാഷയിലും ആരാധനാ സംബന്ധമായ മറ്റു വിഷയങ്ങളിലും പരിശീലനം നേടി. കൂടാതെ തിരുമേനിയോടൊപ്പം പല പള്ളികളും സന്ദർശിച്ചു. അങ്ങനെ ഏതാനും ആഴ്ചകൾക്കുള്ളിൽ വെളിയനാട്, അങ്കമാലി, പാമ്പാക്കുട, കുറിച്ചി പള്ളികൾ സന്ദർശിക്കുവാനിടയായി.

സുറിയാനിയിലും മറ്റും ആവശ്യത്തിനു പരിശീലനം ആയിയെന്നു മനസ്സിലാക്കിയ തിരുമനസ്സു കൊണ്ട് ഗീവറുഗീസ് കോറൂറോയ്ക്ക് അടുത്ത പട്ടം കൊടുക്കുവാൻ തീരുമാനിച്ചു. പരുമലയിൽ മാർ ഗ്രിഗോറിയോസിനോടൊപ്പം താമസിച്ചുവെന്നും സുറിയാനി ആദ്യപാഠങ്ങൾ പഠിച്ചുവെന്നും മനസ്സിലാക്കിയ കല്ലാശ്ശേരി കുടുംബത്തിലെ ഒരു ബാലനും കോറൂയോ പട്ടം കൊടുക്കുവാൻ തിരുമനസ്സു കൊണ്ട് തീരുമാനിച്ചു. അങ്ങനെ, 1065 ഇടവം 20 ന് കുറിച്ചി പള്ളിയിൽ വച്ച് പൗലൂസ് മാർ അത്താനാസ്യോസ്, ഗീവർഗീസ് കോറൂറോയ്ക്ക് യവ്പദിയക്നോ പട്ടവും, കുറിച്ചി കല്ലാശ്ശേരി ഉലഹന്നാന്റെ മകൻ പുന്നൂസിന് കോറൂയോ പട്ടവും നൽകി. അന്നാരും വിചാരിച്ചു കാണില്ല, ഇവർ രണ്ടുപേരും യഥാക്രമം മലങ്കരയുടെ രണ്ടാമത്തെയും മൂന്നാമത്തെയും കാതോലിക്കാമാരാകുമെന്ന്.

## 9. ഇംഗ്ലീഷ് പഠനം

ഇംഗ്ലീഷ് വിദ്യാഭ്യാസം ഉള്ള വൈദിക നേതൃത്വം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഗീവർഗീസ് ശെമ്മാശൻ മനസ്സിലാക്കി. അതിനായി ഒരു പ്രത്യേക ശ്രമം നടത്തി. 1891 ൽ പള്ളം സ്കൂളിൽ ഒരു പ്രൈവറ്റ് വിദ്യാർത്ഥിയായി ചേർന്ന് ഇംഗ്ലീഷ് പഠനം ആരംഭിച്ചു. പള്ളത്ത് പുത്തൻപുരയ്ക്കൽ യോസേഫ് എന്ന അധ്യാപകനാണ് ഇംഗ്ലീഷ് പഠിപ്പിച്ചത്. തിങ്കൾ മുതൽ വെള്ളി വരെ പള്ളത്തു താമസിച്ചിട്ട്, വെള്ളിയാഴ്ച സ്വഭവനത്തിലേക്കു പോരുന്ന ഒരു രീതിയായിരുന്നു. പള്ളത്തു താമസിച്ചത്, ആദ്യം ബംഗ്ലാവിന് കിഴക്കുവശത്ത് ഒരു വീട്ടിലും പിന്നീട് 'പാറേക്കടവിൽ' വീട്ടിലും ആയിരുന്നു.

ഇംഗ്ലീഷ് പഠനം രണ്ടു വർഷത്തോളം നടന്നു. ഇടയ്ക്ക് ഒരു മാസത്തോളം സിലോൺ യാത്രയ്ക്ക് വേണ്ടി വന്നതൊഴിച്ചാൽ ഇംഗ്ലീഷ് പഠനം നിർബാധം തുടർന്നു. തത്ഫലമായി ഇംഗ്ലീഷ് ഭാഷയിൽ എഴുതാനും വായിക്കാനും സംസാരിക്കാനും ശെമ്മാശൻ പ്രാവീണ്യം നേടി. ഈ കഴിവ് പിൽക്കാലത്ത് പല വിധത്തിലും സഭയ്ക്കു മുഴുവനായി പ്രയോജനപ്പെട്ട സന്ദർഭങ്ങളുണ്ടായി.

## 10. കൊളമ്പോ യാത്ര

മലങ്കരസഭയുടെ ചരിത്രത്തിൽ നടന്നിട്ടുള്ള കൗതുകകരമായ ഒരു സംഭവമാണ് കത്തോലിക്കാ സഭയിൽ നിന്ന് വൈദികരോടൊപ്പം വിശ്വാസികൾ മലങ്കരസഭയിലേക്ക് കൂട്ടത്തോടെ ചേർന്നത്. ഇപ്രകാരം രണ്ടു സമൂഹങ്ങളാണ് 1887-92 കാലഘട്ടത്തിൽ ഗോവയിൽ സേവ്യർ അൽവാരിസ് എന്ന പാതിരിയുടെയും, അമേരിക്കയിൽ വിസ്ക്കോൺസി നഗരത്തിൽ റെനി വിലാത്തി എന്ന പാതിരിയുടെയും നേതൃത്വത്തിൽ സഭയിലേക്ക് ചേർന്നത്. ഈ രണ്ടു വൈദികരെയും, മലങ്കരസഭയുടെ മെത്രാന്മാരായി വാഴിക്കയുണ്ടായി. ഇതിൽ സേവ്യർ അൽവാരിസിന് 1889 ജൂലൈ 27 ന് പരുമല തിരുമേനി റമ്പാൻ സ്ഥാനം നൽകുകയും 29 ന് കോട്ടയം പഴയ സെമിനാരിയിൽ വച്ച് കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ്, പരുമല മാർ ഗ്രീഗോറിയോസ് എന്നിവർ ചേർന്ന് മെത്രാനായി വാഴിക്കുകയും ചെയ്തു.

അമേരിക്കൻ ഐക്യനാടുകളിലെ വിസ്ക്കോൺസി നഗരത്തിലെ റോമൻ കത്തോലിക്കരായ ഒരു വിഭാഗം ആളുകൾ അവരുടെ വൈദികനായ റെനി വിലാത്തിയോടൊപ്പം 1891 ൽ മലങ്കരസഭയിൽ ചേർന്നു. ആ ജനങ്ങൾക്കായി റെനി വിലാത്തിയെ മെത്രാനായി വാഴിക്കുവാൻ മലങ്കരയിലെ സഭയോട് പാത്രിയർക്കീസ് ആവശ്യപ്പെട്ടു. ഇതിനായി സൗകര്യാർത്ഥം സിലോണിലെ (ശ്രീലങ്ക) കൊളമ്പിൽ (കൊളമ്പോ) വച്ച് മെത്രാൻ വാഴ്ച നടത്തുവാൻ തീരുമാനമായി. യാത്രാ സംഘത്തിലേക്ക് ഗീവർഗീസ് ശെമ്മാശനെയും തെരഞ്ഞെടുത്തു.

Malankara Orthodox TV

കൊളമ്പിലേക്കുള്ള യാത്രയുടെ വിവരണം ഗീവറുഗീസ് ശെമ്മാശൻ സ്വന്തം ഡയറിയിൽ വളരെ വിശദമായി കൊടുത്തിട്ടുള്ളത് ശ്രദ്ധേയമാണ്. ഒരു പക്ഷേ പരുമല തിരുമേനിയുടെ *ഊർശ്ലേം യാത്രാവിവരണ*ത്തിനു മുമ്പ് എഴുതപ്പെട്ട ഈ യാത്രാവിവരണമാകണം മലങ്കരസഭാ വൈദിക സ്ഥാനികളാൽ ആദ്യം എഴുതപ്പെട്ട യാത്രാവിവരണം. കൊളമ്പിനു പോയ സംഘത്തിൽ താഴെപ്പറയുന്നവർ ഉൾപ്പെട്ടിരുന്നുവെന്ന് ഗീവർഗീസ് ശെമ്മാശൻ തന്നെ എഴുതുന്നു: "മാർ അത്താനാസ്യോസ് (കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്), മാർ ഗ്രിഗോറിയോസ് (പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയോസ്) മെത്രാപ്പോലീത്താമാരോടും ഒപ്പം കാരിച്ചാൽ കൊച്ചുകോശി കത്തനാർ, തുമ്പമൺകാരൻ യാക്കോബ് ശെമ്മാശും, ഗീവർഗീസ് ശെമ്മാശും, അൽവാരീസ് മെത്രാനോടൊപ്പം ഗോവക്കാരൻ കൈത്താനും, വാലിയക്കാരായി ഇട്ടീരാ, തോമാ എന്നവരും, ശീമക്കാരൻ സ്ലീബാ ശെമ്മാശനും, ശീമയ്ക്കു പോകുന്ന മൽക്കി എന്ന ശീമക്കാരനുമായി 1892 (1067 ഇടവം 3 ന്) ഞായറാഴ്ച രാത്രി യാത്ര പുറപ്പെട്ടു." അവർ ഇടവം 12 ന് കൊളമ്പിൽ എത്തി. ഇടവം 17 ന് റെനി വിലാത്തിയ്ക്ക് മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാഭിഷേകം നടത്തി. അൽവാറീസ് യൂലിയോസ് മെത്രാൻ ലത്തീനിൽ വി. കുർബാന ചൊല്ലുകയും, ബാക്കി മെത്രാച്ചന്മാർ ചേർന്ന് സുറിയാനിയിൽ പട്ടംകൊട ശുശ്രൂഷ നടത്തുകയും ചെയ്തു. ഇടവം 17 മുതൽ 26 വരെ സംഘം വിവിധ സ്ഥലങ്ങളും പള്ളികളും സന്ദർശിച്ചു. 26-നു തിരിച്ചു പുറപ്പെട്ടു, മിഥുനം ആദ്യ ആഴ്ച നാട്ടിൽ തിരിച്ചെത്തി.

കൊളമ്പിൽ പോയി നടത്തിയ ഈ മെത്രാഭിഷേകം അത്ര ശുഭകരമായി പരിണമിച്ചില്ല എന്ന് പിൽക്കാല ചരിത്രം സാക്ഷിക്കുന്നു. റെനി വിലാത്തി തിമോത്തിയോസ് എന്ന മെത്രാനെക്കുറിച്ചോ, വിസ്ക്കോൻസി നഗരത്തിലെ അദ്ദേഹത്തിന്റെ ഇടവകയെക്കുറിച്ചോ അധികമൊന്നും അറിയുവാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിലൊരു ചരിത്രപരിണാമം ഗീവർഗ്ഗീസ് ശെമ്മാശൻ മുൻകൂട്ടി ദർശിച്ചുവെന്നു പോലും അദ്ദേഹത്തിന്റെ യാത്രാവിവരണത്തിൽ നിന്ന് തോന്നിപ്പോകുന്നു. ഉദാഹരണത്തിന് മെത്രാഭിഷേകത്തോടനുബന്ധിച്ചുള്ള കുർബാനയും മറ്റും ഏതു ഭാഷയിൽ എങ്ങനെ വേണം എന്ന കാര്യത്തിൽ പട്ടം കൊടുക്കുവാനെത്തിയവരും പട്ടം വാങ്ങുന്നവരും തമ്മിൽ ഭിന്നതയുണ്ടാവുകയും, വളരെ പണിപ്പെട്ട് പിന്നീട് ഒരു ധാരണയിൽ എത്തുകയുമാണ് ഉണ്ടായത്. കൂടാതെ, യാത്രാസംഘത്തിന്റെ യാത്രാചെലവ് മുഴുവൻ വഹിച്ചുകൊള്ളാം എന്നു പറഞ്ഞ് ക്ഷണിച്ച് വരുത്തിയവർ അവസാനം, പകുതി മാത്രം കൊടുക്കുകയും ബാക്കി ചെലവ് പോയ മെത്രാന്മാരുടെ കൈയിൽ നിന്ന് എടുക്കേണ്ടി വരികയും ചെയ്തു.

എത്ര കേമന്മാരാണെങ്കിലും സഭയിലേക്ക് വരുന്നത് നിക്ഷിപ്ത താല്പര്യത്തോടെയാണോ എന്ന് നിഷ്ക്കർഷയോടെ പരിശോധിക്കേണ്ട ആവശ്യ

Malankara Orthodox TV

മുണ്ടെന്ന് ഇപ്പറഞ്ഞ സംഭവങ്ങൾ മാത്രമല്ല പിന്നീടുണ്ടായതു പലതും സാക്ഷിക്കുന്നു.

## 11. കടവിൽ തിരുമേനിയുടെ സെക്രട്ടറി

ഇടവക മെത്രാപ്പോലീത്താ, കടവിൽ പൗലൂസ് മാർ അത്താനാസ്യോസിന്റെ സെക്രട്ടറിയായി, കോട്ടയത്തിനു ചുറ്റും കോട്ടയത്തിനു വടക്കുമുള്ള പള്ളികളിൽ യാത്ര ചെയ്ത് ഭരണപരമായും ശുശ്രൂഷാപരമായും പരിശീലനം നേടുവാനാണ് പിന്നീട് ഗീവറുഗീസ് ശെമ്മാശന് നിയോഗമുണ്ടായത്. മണർകാട്ടു പള്ളിയിൽ തുടങ്ങി, തിരുമേനിയോടൊപ്പം ആലുവാ, വടക്കൻ പറവൂർ, തൃപ്പൂണിത്തുറ, മുളന്തുരുത്തി, മണകുന്നം, റാക്കാട്, കുന്നക്കുരുടി, പാമ്പാടി മുതലായ പള്ളികൾ സന്ദർശിച്ച വിവരം ഡയറിയിൽ കാണാം.

അക്കൂട്ടത്തിൽ ഏറ്റവും പ്രാധാന്യത്തോടെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന്, 1069 കന്നി 8 ന് മണർകാട് പള്ളിയുടെ പുതുക്കിപ്പണിത മദ്ബഹാ കൂദാശ നടത്തിയതാണ്. മറ്റത് അതിന്റെ തലേമാസത്തിൽ മുളന്തുരുത്തിപ്പള്ളിയിൽ ത്രീസായ്ശുബഹോ സമൂഹം കൂടിയതിൽ സംബന്ധിച്ചതാണ്.

## 12. സ്വന്തം ഇടവകപ്പള്ളിയുടെ പുനരുദ്ധാരണം

കടവിൽ തിരുമേനി പല പ്രാവശ്യം താമസിച്ചിട്ടുള്ള വാകത്താനം വലിയ പള്ളിക്ക് ജീർണ്ണോദ്ധാരണം ആവശ്യമാണെന്നു ബോധ്യപ്പെട്ടതിനാൽ 1071 ചിങ്ങത്തിൽ ആയതിനുള്ള ശ്രമം ആരംഭിച്ചു. ഈ കാര്യത്തിന് നേതൃത്വം കൊടുക്കുവാൻ തിരുമനസു കൊണ്ട് ഗീവറുഗീസ് ശെമ്മാശനെ നിയോഗിച്ചു. കന്നി 30 മുതൽ ഗീവറുഗീസ് ശെമ്മാശൻ സ്വന്തം ഇടവകപ്പള്ളിയായ വാകത്താനം പള്ളിയിൽ താമസിച്ച് നിറപറ, പിടിയരി, കുടിശിഖ മുതലായവ പിരിപ്പിച്ചും, നടവരവ് എടുത്തും, പള്ളി മദ്ബഹായുടെ പൊക്കം കൂട്ടുവാനും, മുഖവാരത്തിന്റെ മുകൾഭാഗം പൊളിച്ചു പണിയാനും നേതൃത്വം നൽകി. ഇപ്രകാരം പിരിവുകൾ നടത്തി, പണിക്കാര്യം പൂർത്തിയാക്കി കണക്ക് വായിച്ച് ഇടവകാംഗങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു.

ഏല്പിച്ച കാര്യങ്ങൾ ഭംഗിയായി ചെയ്തു തീർക്കുന്ന ശെമ്മാശനെ വൈദികനാക്കുവാൻ പലരും ആഗ്രഹിച്ചു. എന്നാൽ അതിനു മുമ്പ് വിവാഹം കഴിപ്പിക്കുവാനുള്ള ആലോചനകളും കുടുംബക്കാരുടെ ഇടയിൽ നടന്നു. ഒരു ബ്രഹ്മചാരിയായി ശിഷ്ടായുസു കഴിക്കുവാൻ ആഗ്രഹിച്ച ശെമ്മാശനെ പലരും നിർബന്ധിച്ചിട്ടും പിന്മാറ്റുവാൻ കഴിഞ്ഞില്ല. ഈ ആഗ്രഹം നല്ലവണ്ണം മനസ്സിലാക്കിയ കളപ്പുരയ്ക്കൽ പൗലൂസ് കത്തനാർ, മറ്റുള്ളവരെ അവരുടെ ഉദ്യമങ്ങളിൽ നിന്ന് പിന്മാറ്റി, വൈദിക ശുശ്രൂഷയിലേക്ക് ശെമ്മാശനെ പ്രവേശിപ്പിക്കുവാനുള്ള അനന്തര നടപടികളെക്കുറിച്ച് വീട്ടുകാരുമായി ആലോചിച്ചു.

## 13. വൈദികപട്ടം, റമ്പാൻ സ്ഥാനം, ആദ്യ കുർബാന

ഒരു ബ്രഹ്മചാരി വൈദികനായി പട്ടമേൽക്കുന്നതിന് അന്നത്തെ സഭാനടപ്പനുസരിച്ച് 26 വയസു മാത്രമുള്ള ശെമ്മാശന് സാധ്യത കുറവായിരുന്നു. ഒന്നുകിൽ വിവാഹം കഴിക്കണം. അല്ലെങ്കിൽ കുറേക്കൂടി പ്രായമാകണം. അതുകൊണ്ട് വിവരം, മലങ്കര മെത്രാപ്പോലീത്തായുമായി ചർച്ച ചെയ്ത് തിരുമനസ്സിലെ കല്പന പ്രകാരം ചെയ്യുവാൻ ഗീവർഗീസ് ശെമ്മാശനും പിതാവും തീരുമാനിച്ചു. അതിനായി അന്ന് തിരുവനന്തപുരത്തു താമസിക്കുന്ന വലിയ മെത്രാച്ചനെ (മലങ്കര മെത്രാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്) ചെന്നു കാണാനായി പിതാവും ഒരുമിച്ചു പുറപ്പെട്ടു. വല്ല്യമെത്രാച്ചനെ കണ്ടു. കളപ്പുരയ്ക്കൽ അച്ചന്റെ പിൻഗാമിയായി വരുന്ന ആളെന്ന നിലയിലും മറ്റും വല്ല്യമെത്രാച്ചന് ഗീവർഗീസ് ശെമ്മാശനോട് പ്രത്യേക താല്പര്യം ഉണ്ടായിരുന്നുവെങ്കിലും, സഭയുടെ പൊതു കീഴ്വഴക്കങ്ങളെ പരിഗണിച്ച് വല്യമെത്രാച്ചൻ കല്പിച്ചത് വിവാഹം കൂടാതെ കത്തനാരു പട്ടം ഈ പ്രായത്തിൽ തരുവാൻ പാടില്ലെന്നും അല്ലെങ്കിൽ റമ്പാനാകണമെന്നുമാണ്.*

പിന്നീട് ഗീവർഗീസ് ശെമ്മാശന്റെ പിതാവ്, ആലുവയിൽ പോയി കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയെ കണ്ടു വിവരം പറഞ്ഞു. വലിയ മെത്രാച്ചന്റെ നിർദ്ദേശപ്രകാരം തന്നെ, ഗീവർഗീസ് ശെമ്മാശന് ദയറൂസോ (റമ്പാൻ സ്ഥാനം), കശീശാ സ്ഥാനങ്ങൾ വലിയ മെത്രാച്ചൻ കൊടുക്കണമെന്ന ശുപാർശകത്ത് കടവിൽ തിരുമേനി കൊടുത്തു വിട്ടു. പ്രസ്തുത കത്ത് ഇപ്രകാരമായിരുന്നു: "വാകത്താനത്തു കാരുചിറ ഗീവറുഗീസ് ശെമ്മാശൻ പട്ടം ഏൽക്കാതെ പ്രായമായി നില്ക്കുന്നതും ഇപ്പോൾ

---

* സഭയുടെ പിൽക്കാല ചരിത്രത്തിൽ, മെത്രാനാകുവാനുള്ള ലാക്കു വച്ചു കൊണ്ടു മാത്രം ചെറുപ്രായത്തിലെ അവിവാഹിത വൈദികരായ പലരെയും, അവർക്കങ്ങിനെ പട്ടം കൊടുത്തവരെയും അറിയാൻ പറ്റും. ഇതൊരു ദുരന്തമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഒന്നു തിരിഞ്ഞുനോക്കി പുലിക്കോട്ടിൽ തിരുമേനിയെപ്പോലെ സഭയുടെ പൊതുതാല്പര്യം വച്ചു കൊണ്ട് എടുത്ത നിലപാടുകൾ മനസിലാക്കുന്നത് പ്രയോജനകരമായിരിക്കും. ഒന്നുകിൽ കുടുംബജീവിതത്തിന്റെ ത്യാഗവും കൂട്ടായ്മയും അനുഭവിക്കുന്ന വൈദികർ; അല്ലെങ്കിൽ ദയറാ ജീവിതത്തിന്റെ ത്യാഗവും കൂട്ടായ്മയും അനുഭവിക്കുന്നവർ. ഇതു രണ്ടുമല്ലാത്ത ഒരു ഗണം ആദ്യമൊക്കെ പൗരസ്ത്യ സഭകൾക്കുണ്ടായിരുന്നില്ല. കത്തോലിക്കാ സഭയിലെ 'സെക്കുലർ' വൈദിക കാഴ്ചപ്പാട് പൗരസ്ത്യ സഭകളിലേക്ക് കടന്നുവരുകയാണുണ്ടായത്. ഏതായാലും പുലിക്കോട്ടിൽ തിരുമേനിയും, പരുമല തിരുമേനിയും ഒക്കെ ഈ പ്രവണതയെ തിരുത്തുവാനായി ധൈര്യപൂർവ്വം പരിശ്രമിച്ചവരാണ്. ഗീവർഗീസ് ശെമ്മാശൻ ആ തിരുത്തൽ ശ്രമത്തിന്റെ സാക്ഷിയുമായിത്തീർന്നു.

Malankara Orthodox TV

അയാൾക്ക് ദയറൂസാ കിട്ടണമെന്നും ഞാൻ കൂടെ സിമ്മന്നാരിയിൽ എത്തി നടത്തണമെന്നും അയാളുടെ അപ്പൻ ഇവിടെ പറഞ്ഞിരിക്കുന്നു. ഇപ്പോൾ മലവെള്ളത്തിന്റെ സമയവും എന്റെ രോഗസ്ഥിതിക്ക് മഴയും കാറ്റും ഏറ്റു കൂടാത്തതും ആക കൊണ്ട് അവിടെ നിന്നു തന്നെ പ്രത്യേകം താല്പര്യം വച്ച് ദയറായൂസയും കശീശൂസായും കൊടുക്കണമെന്ന് ആഗ്രഹിക്കുന്നു."

പക്ഷേ, ഗീവർഗീസ് ശെമ്മാശന് ഒരു ആശയകുഴപ്പം. തന്നെ ശെമ്മാശനാക്കുകയും, സുറിയാനി പഠിപ്പിക്കുകയും, സെക്രട്ടറിയായി കൊണ്ടു നടക്കുകയും ചെയ്ത കടവിൽ തിരുമേനിയുടെ കൈയിൽ നിന്നു തന്നെ ഈ സ്ഥാനങ്ങൾ വാങ്ങുന്നതല്ലേ കൂടുതൽ യുക്തം എന്ന ചിന്ത വർധിച്ചു വന്നു. പിതാവിന്റെ അനുവാദത്തോടെ അക്കാര്യം ആലോചിച്ചു തീരുമാനിക്കുവാൻ, ശെമ്മാശൻ ആലുവായിൽ കടവിൽ തിരുമേനിയുടെ അടുക്കൽ പോയി. തന്റെ ശിഷ്യന്റെ നിർമ്മലമായ ആഗ്രഹം മനസിലാക്കിയ തിരുമനസു കൊണ്ട് തന്നെ ആഗ്രഹനിവൃത്തി വരുത്താൻ തീരുമാനിച്ചു. ഗീവർഗീസ് ശെമ്മാശൻ ആലുവയിൽ തന്നെ താമസിച്ചുകൊണ്ട് വിവരം വീട്ടിൽ അറിയിച്ചു. പട്ടംകൊടയിലും റമ്പാൻ സ്ഥാനലബ്ധിയിലും, സംബന്ധിക്കുവാൻ പിതാവും മറ്റും ആലുവയിൽ എത്തി.

1072 ചിങ്ങം 4 ന് (1896 ആഗസ്റ്റ് 11) വൈദികപട്ടവും, ചിങ്ങം 11 ന് (ആഗസ്റ്റ് 18) റമ്പാൻ സ്ഥാനവും[1] കടവിൽ പൗലൂസ് മാർ അത്താനാസ്യോസിൽ നിന്ന് സ്വീകരിച്ചു. ചിങ്ങം 14 ന് റമ്പാൻ പ്രഥമ ദിവ്യബലി അങ്കമാലി ഭദ്രാസനത്തിൽ പെട്ട അകപ്പറമ്പു പള്ളിയിൽ ചൊല്ലി. ഒരു സദ്യ കഴിക്കയും ചെയ്തു.

ആദ്യ കുർബാനയെക്കുറിച്ചും മറ്റും ഒരു അനുസ്മരണം ഡയറിയിൽ കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ്: "തൂയോബോയ്ക്കു[2] ശേഷം വി. കുർബാന പരസ്യമായി ആരംഭിക്കുവാൻ ധൂപക്കുറ്റിയും കുന്തിരിക്കപ്പാത്രവുമായി ഞാൻ തിരുമേനിയുടെ[3] സന്നിധിയിലേക്ക് ചെന്നു. തിരുമേനി സ്ലീബാ കൊണ്ട് മൂന്നു പ്രാവശ്യം റൂശ്മാ ചെയ്ത് കുന്തിരിക്കം ധൂപക്കുറ്റിയിൽ ഇട്ടു. അതിനുശേഷം തിരുമനസിലെ കൈ ഭക്തിപൂർവ്വം ചുംബിച്ചു. പിന്നീട് വിറയലോടെ എന്റെ മല്പാന്മാർക്ക് കൈകസ്തൂരി കൊടുത്തു. അപ്പോഴേക്കും ശുശ്രൂഷക്കാർ ചൊല്ലിക്കൊണ്ടിരുന്ന ഗീതം അവസാനിപ്പിച്ചിരുന്നതു

**1.** ഡയറിയിലെ തീയതി പ്രകാരം റമ്പാനായത് ഏഴുദിവസം കഴിഞ്ഞിട്ടാണ്. മറ്റ് പ്രസിദ്ധീകരണങ്ങളിൽ പ്രകാരം റമ്പാനാകുന്നത് പത്തു ദിവസങ്ങൾക്കു ശേഷമാണ് (1896 ആഗസ്റ്റ് 21).

**2.** വി. കുർബ്ബാനയ്ക്കു മുമ്പുള്ള ഒരുക്ക ശുശ്രൂഷ.

**3.** കടവിൽ പൗലൂസ് മാർ അത്തനാസ്യോസ്.

കൊണ്ട് പ്രധാന ശുശ്രൂഷകനായിരുന്ന പൗലൂസ് ശെമ്മാശൻ[4] "ബെദ്മൊർ ദുഖറോനോ" എന്ന ഗീതം വീണ്ടും ചൊല്ലി. അതവസാനിപ്പിച്ചപ്പോൾ ഞാൻ അല്പം വിറയലോടെ തിരുമേനിയുടെ അനുവാദത്തോടെ "മറിയം ദീലേത്തോത്" എന്ന പ്രാർത്ഥന ചൊല്ലി. ആ പ്രാർത്ഥനയുടെ അവസാനം പുന്നൂസ് ശെമ്മാശൻ[5] ധൂപക്കുറ്റി ഏറ്റു വാങ്ങി. തിരുമേനിയുടെയും മല്പാന്മാരുടെയും സാന്നിധ്യം എനിക്ക് അല്പം പരിഭ്രമം ഉണ്ടാക്കി എങ്കിലും യാതൊരു പിശകും കൂടാതെ കുർബാന അവസാനിച്ചു. അന്നേ ദിവസം വാകത്താനത്തു നിന്നു എന്റെ ചാർച്ചയിൽ പെട്ടവരും അല്ലാത്തവരുമായി ധാരാളം ആളുകൾ പള്ളിയിൽ ഉണ്ടായിരുന്നു. കുർബ്ബാനയ്ക്കു ശേഷം, പള്ളിയിൽ വന്നവർക്കെല്ലാം എന്റെ ചെലവിൽ ലഘുഭക്ഷണവും ഉണ്ടായിരുന്നു. അന്നു ഞാൻ ഉപയോഗിച്ചിരുന്ന കാപ്പ തിരുമേനിയുടേതായിരുന്നു. കൂടാതെ കശവു പണിയുണ്ടായിരുന്ന ഒരു മസനപ്സാ തിരുമേനി എനിക്ക് സമ്മാനമായും തന്നിരുന്നു. പുത്തൻ കുർബ്ബാനയ്ക്ക് ആ മസനപ്സാ ഞാൻ ഉപയോഗിച്ചു."

ആലുവായിൽ നിന്നും, ചിങ്ങം 28 ന് സ്വപിതാവിനോടൊപ്പം ഗീവറുഗീസ് റമ്പാൻ വാകത്താനത്തിനു പോന്നു. വരുന്നവഴി ചിങ്ങം 30 ന് പുത്തനങ്ങാടി കുരിശുപള്ളിയിൽ കുർബ്ബാന ചൊല്ലി. 31 ന് വാകത്താനത്തു വരുകയും ചെയ്തു. വാകത്താനത്തു പള്ളിയിൽ അഭിനവ റമ്പാൻ - വൈദികന് സ്വീകരണം നൽകുകയും വാകത്താനത്ത് ഇടവകാംഗങ്ങൾ പിരിച്ചെടുത്ത 140 രൂപയും, സമീപ ഇടവകക്കാരുടേതായ 50 രൂപയും സമ്മാനമായി നൽകുകയും ചെയ്തു.

## 14. പരുമല തിരുമേനിയുമായി അടുപ്പം

മലങ്കരസഭയുടെ മുഴുവൻ ജീവിതധാരയിലും, പരുമല തിരുമേനി ഒരു ദിവ്യ ചൈതന്യമായി പരിലസിക്കുന്ന കാലമായിരുന്നു 1897 - 98 കാലഘട്ടം. മലങ്കരപ്പള്ളികളിൽ നിന്ന് റിശീസാ പിരിച്ച് പാത്രിയർക്കീസിന് അയക്കുവാൻ പാത്രിയർക്കീസ് പ്രത്യേകമായി പരുമല തിരുമേനിയെയാണ് ഭരമേല്പിച്ചത്. ഇതിനോടനുബന്ധിച്ച് മലങ്കരയുള്ള പള്ളികൾ സന്ദർശിച്ച്, റിശീസാ കൊടുക്കുവാൻ ഉടമ്പടി എഴുതി വാങ്ങിക്കുവാൻ പരുമല തിരുമേനി ശ്രദ്ധിച്ചിരുന്നു. അതിന്റെ ഭാഗമായി 1072 തുലാം 25 ന് പരുമല തിരുമേനി വാകത്താനത്തെത്തി പള്ളിയിൽ താമസിച്ചു. ഈയവസരത്തിൽ ഗീവറുഗീസ് റമ്പാൻ

---

**4.** അയ്യമ്പള്ളി കുറ്റിക്കാട്ടിൽ പൗലൂസ് ശെമ്മാശൻ - പിന്നീട് പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും പാത്രിയർക്കീസ് വിഭാഗത്തിന്റെ ബദൽ മലങ്കര മെത്രാപ്പോലീത്തായും (1869 - 1953)

**5.** കല്ലാശ്ശേരി പുന്നൂസ് ശെമ്മാശൻ - പിന്നീട് മൂന്നാം കാതോലിക്കാ (1874 - 1964).

തിരുമേനിയെ ശുശ്രൂഷിക്കയും, പള്ളിക്കാരെ കൂട്ടി ഒരു "പടി" എഴുതിക്കയും ചെയ്തു. അവിടെ നിന്ന് തിരുമേനി വൃശ്ചികം 11 ന് കോട്ടയം സിമ്മനാരി പള്ളി പുതുക്കിപ്പണിതതിന്റെ കൂദാശ നടത്തുവാനായി പോയപ്പോൾ, ഗീവർഗീസ് റമ്പാനും കൂടെ പോയി. വൃശ്ചികം 12 ന് സിമ്മനാരിപ്പള്ളിയുടെ കൂദാശയിൽ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസിനോടും, പരുമല തിരുമേനിയോടുമൊപ്പം മൂന്നിന്മേൽ കുർബാന ചൊല്ലിയത് ഗീവർഗീസ് റമ്പാനാണ്. പരുമല തിരുമേനിയുടെ ആരാധനാ മാധുരി ഗീവർഗീസ് റമ്പാനെ വളരെ ആകർഷിച്ചിരുന്നു. ഉദാഹരണത്തിന് കുറിച്ചി കോലത്തുകളത്തിൽ വല്ല്യച്ചന്റെ കബറടക്കം നടത്തിയതിനെക്കുറിച്ച് ഗീവർഗീസ് റമ്പാൻ എഴുതിയിരിക്കുന്നത് "ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ രസകരവും ഇമ്പകരവുമായ ചൊലുത്തുകളോടു കൂടെ" സംസ്ക്കാരം നടന്നുവെന്നാണ്. പിന്നീട് പരുമല തിരുമേനിയെ പുതുപ്പള്ളി പള്ളിയിൽ പോയി കണ്ടപ്പോൾ പരുമല തിരുമേനിയും തന്നോടൊപ്പം ആരാധനകൾക്കും പ്രധാന കർമ്മങ്ങൾക്കും കൈത്താങ്ങലായി ഗീവർഗീസ് റമ്പാനെ കിട്ടിയാൽ കൊള്ളാമെന്ന താല്പര്യം പ്രകടിപ്പിച്ചു. ചുരുക്കത്തിൽ, ഗീവർഗീസ് റമ്പാന്റെ ആരാധനാ സംബന്ധമായ നൈപുണ്യത്തിൽ പരുമല തിരുമേനിക്കും പ്രിയം തോന്നിയിരുന്നു. അങ്ങനെ പുതുപ്പള്ളിയിൽ നിന്നും രണ്ടു പേരും കൂടി മൂക്കഞ്ചേരിൽ റമ്പാന്റെ* 40-ാം ദിവസമടിയന്തിരത്തിന് തൃപ്പൂണിത്തുറ നടമേൽ പള്ളിയിലേക്ക് പോയി.

## 15. വള്ളിക്കാട്ടു പള്ളിയുടെ ജീർണ്ണോധാരണം

വള്ളിക്കാട്ടു പള്ളിയുടെ സ്ഥാപനത്തെക്കുറിച്ച് മലങ്കരസഭാ വിജ്ഞാന കോശത്തിൽ ഇങ്ങനെ പറയുന്നു: "പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് സഭയിൽ ആഞ്ഞടിച്ച നവീകരണശക്തികളെ ചെറുത്തു തോല്പിക്കുവാൻ വാകത്താനം പ്രദേശത്തെ മലങ്കരസഭാ സ്നേഹികളായ ഏതാനും കുടുംബക്കാരുടെ സഹകരണത്തോടെ അന്നു മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനി വാകത്താനം അയനാട്ടു കുന്നിൽ 1868 ൽ ഒരു ദേവാലയം സ്ഥാപിച്ചു."

ഒരുപക്ഷേ നവീകരണ പശ്ചാത്തലത്തിൽ നടന്ന കേസിൽ വാകത്താനം വലിയപള്ളി നഷ്ടപ്പെട്ടു പോകുമോ എന്ന ഭയത്താലാകണം സമീപത്ത് ഇപ്രകാരം ഒരു പള്ളി സ്ഥാപിക്കുവാൻ നിർബന്ധിതമായത്. കളപ്പുരയ്ക്കൽ പൗലൂസ് കത്തനാരും, പഴയാറ്റുങ്കൽ ഗീവർഗീസ് കത്തനാരും ഈ നിർമ്മാണ പ്രവർത്തനത്തിനു നേതൃത്വം നൽകി. 1868 ൽ തിരുവിതാംകൂർ

---

* മൂക്കഞ്ചേരിൽ ഗീവർഗീസ് റമ്പാൻ (1829 - 1898) പരുമല തിരുമേനിയുടെ ഒരു ആത്മസുഹൃത്തായിരുന്നു. നവീകരണത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് മുൻപന്തിയിലായിരുന്നു.

ഗവൺമെന്റ് പ്രസ്തുത ദേവാലയത്തിന് അനുമതി നൽകി. എന്നാൽ വലിയ പള്ളിയിൽ പ്രശ്നങ്ങൾ വളർന്നു വരാതെ രമ്യമായി പരിഹരിക്കപ്പെട്ടതോടെ പുതിയ പള്ളിയുടെ പ്രസക്തി കുറഞ്ഞു വന്നു.

ഇതിനിടയിൽ ഈ ദേവാലയത്തിന്റെ കാര്യം ഗീവർഗീസ് റമ്പാന്റെ ശ്രദ്ധയിൽ പതിഞ്ഞിരുന്നു. വള്ളിക്കാട്ട് പള്ളിയുടെ ജീർണ്ണോദ്ധാരണത്തിന് റമ്പാച്ചൻ നേതൃത്വം നൽകുകയും എട്ടു മാസം കൊണ്ട് 'മദ്ബഹാ പൊളിച്ചു പണിയുകയും ത്രോണോസും മറ്റും കെട്ടി കഴുക്കോലിറക്കും കഴിഞ്ഞ് ആശാരിമാരെ പിരിച്ചയയ്ക്കുകയും ചെയ്തു.' അടുത്ത വർഷം ആദ്യത്തോടെ പള്ളിയുടെ മേച്ചിലും കഴിഞ്ഞ് കിണറും കുഴിപ്പിച്ചു.

## 16. പ്രസിദ്ധീകരണ രംഗത്തേക്ക്

ആരാധനാ ഗ്രന്ഥങ്ങളും വേദപുസ്തകവും മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്ന ദൗത്യം പലരും ഭാഗികമായി നിർവ്വഹിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തർജ്ജമ ചെയ്ത ചില പുസ്തകങ്ങൾ അച്ചടിപ്പിക്കുന്ന ചുമതല ഗീവർഗീസ് റമ്പാനെ ഏല്പിച്ചിരുന്നു. അക്കൂട്ടത്തിൽ ഗീവർഗീസ് റമ്പാനും സങ്കീർത്തനങ്ങളുടെ ഒരു സ്വതന്ത്ര പരിഭാഷ പൂർത്തിയാക്കി അച്ചടിക്കാൻ കോട്ടയത്ത് അയച്ചു എന്ന് ഡയറിയിൽ പറയുന്നുണ്ട്.* കടവിൽ തിരുമേനി അവസാനമായി പരിഭാഷപ്പെടുത്തിയ ഗ്രന്ഥങ്ങൾ അപ്പോക്രിഫാ ഗ്രന്ഥങ്ങളാണ്. അവയിൽ മക്കാബിയർ, ശ്ലേമൂന്റെ ജ്ഞാനപ്പുസ്തകം എന്നിവ കോട്ടയം പഴയസെമിനാരിയിലെ മാർത്തോമസ് അച്ചുകൂടത്തിൽ നിന്ന് പ്രസിദ്ധീകരിച്ചു.

കൂടാതെ 1906, 1907 വർഷങ്ങളിൽ ഗീവർഗീസ് റമ്പാൻ പ്രസിദ്ധീകരിച്ച "സഭാപഞ്ചാംഗം" വളരെ ശ്രദ്ധേയമായിരുന്നു. രാഷ്ട്രസംബന്ധമായ ഭരണാധികാരികൾ, സഭാസംബന്ധമായ ഇടയശ്രേഷ്ടർ, സ്ഥിതിവിവരക്കണക്കുകൾ മുതലായവയെക്കുറിച്ച് ഭംഗിയായും ശാസ്ത്രീയമായും കൈകാര്യം ചെയ്തിരിക്കുന്ന 'സഭാപഞ്ചാംഗം' ഒരമൂല്യ രേഖയാണ്.

## 17. മാർ ദീവന്നാസ്യോസ് ജൂബിലി: പ്രധാന സംഘാടകൻ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ വർഷം മലങ്കരസഭയ്ക്ക് ഒരു ആഘോഷവർഷമായി പരിണമിച്ചു. നവീകരണത്തിന്റെ കുത്തൊഴുക്കിനെ തടഞ്ഞു നിർത്തി മലങ്കരസഭയ്ക്ക് സുസ്ഥിരതയും നാനാമേഖലകളിൽ പുരോഗതിയും ഉറപ്പാക്കിയ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ്

---

* പക്ഷേ ഇങ്ങനെ ഒരു പുസ്തകം അച്ചടിക്കപ്പെട്ട നിലയിൽ ഇതുവരെ കണ്ടെത്തിയിട്ടില്ല.

മാർ ദീവന്നാസ്യോസ് തിരുമേനി ഒരു യുഗപ്രഭാവനായി ശോഭിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി സഭയുടെ ചുമതലയിൽ ആഘോഷമായി കൊണ്ടാടുവാൻ തീരുമാനിച്ചു. തത്സംബന്ധമായ ക്രമീകരണങ്ങളുടെയും പണപ്പിരിവിന്റെയും പ്രധാന ചുമതല ഗീവർഗീസ് റമ്പാനെ ഏല്പിച്ചു.

1901 വൃശ്ചികം 12 ന് തിങ്കളാഴ്ച ആയിരുന്നു പ്രധാന ആഘോഷം. അന്ന് നേരം വെളുത്തപ്പോഴേക്കും കോട്ടയം പട്ടണം മുഴുവൻ ആളുകളെക്കൊണ്ട് നിറഞ്ഞു കഴിഞ്ഞു. സിമ്മന്നാരിയിൽ അന്നു നടന്ന മൂന്നിന്മേൽ കുർബാനയ്ക്ക്, പ്രധാന ത്രോണോസിൽ ജൂബിലേറിയൻ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, മറ്റു രണ്ടു ത്രോണോസുകളിൽ യഥാക്രമം മുറിമറ്റത്തിൽ മാർ ഈവാനിയോസ്, പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താന്മാരും വി. കുർബാന അർപ്പിച്ചു. പിന്നീട് നടന്നത്, ഉദ്ദേശ്യം ആയിരപ്പറ അരി വച്ചുള്ള സദ്യയാണ്. അന്നത്തെ അലങ്കാരങ്ങൾ, വാദ്യഘോഷങ്ങൾ, ഘോഷയാത്ര, സമ്മേളനം മുതലായവയെക്കുറിച്ച് വളരെ വിശദമായ വിവരണം ഗീവർഗീസ് റമ്പാന്റെ ഡയറിയിലുണ്ട്.

## 18. ഗുരുവും പിതാവുമായ കളപ്പുരയ്ക്കൽ അച്ചന്റെ നിര്യാണം

ഗീവർഗീസ് റമ്പാന് കളപ്പുരയ്ക്കൽ പൗലൂസ് അച്ചനോടുള്ള ബന്ധം പരുമല തിരുമേനിക്ക് തന്റെ പിതൃസഹോദരനും ഗുരുവുമായ ഗീവർഗീസ് മല്പാനോട് ഉണ്ടായിരുന്നതു പോലെയായിരുന്നു. പക്ഷേ കളപ്പുരയ്ക്കൽ അച്ചന്റെ അന്ത്യനിമിഷങ്ങളിലോ അടക്കത്തിലോ സംബന്ധിക്കുവാൻ ഗീവർഗീസ് റമ്പാന് സാധിച്ചില്ല. അന്ന് പറവൂർ പള്ളിയിലായിരുന്നു റമ്പാൻ. 1076 (1901) കർക്കിടകം 16 ന് കളപ്പുരയ്ക്കൽ അച്ചൻ മരിച്ചു. വിവരം അറിഞ്ഞയുടനെ പറവൂർ നിന്ന് പുറപ്പെട്ടുവെങ്കിലും എത്തിയത് 19 ന് ആയിരുന്നു. ഡയറിയിൽ ഇങ്ങനെ തന്നെക്കുറിച്ചു തന്നെ എഴുതിയിരിക്കുന്നു:

"...അന്ത്യകൂദാശ, ശവസംസ്ക്കാരം തുടങ്ങിയ കർമ്മങ്ങളിൽ സംബന്ധിക്കാൻ ഇടയാകാഞ്ഞത് ഗീവർഗീസ് റമ്പാന് മരണം വരെയും മറക്കാൻ പാടില്ലാത്ത സംഗതിയാകുന്നു. അന്ത്യകൂദാശ കഴിച്ചതു തന്റെ പ്രത്യേക അപേക്ഷയോടും, ആയതു തന്റെ നല്ല ഓർമ്മയോടും അനുതാപത്തോടും കൂടെ ആയിരുന്നു.

ഗീവർഗീസ് റമ്പാന്[1] അദ്ദേഹത്തിന്റെ അന്ത്യകർമ്മത്തിൽ സംബന്ധിപ്പാൻ ഇടയാകാഞ്ഞതിനാൽ താൻ പള്ളിയിൽ വന്നയുടനെ കുർബ്ബാന ചൊല്ലി കൊഹനൈത്തായിൽ[2] ഒരു തെശ്മെശ്ത്താ[3] കഴിച്ചു."

1. ഡയറിയിൽ സ്വയം "ഗീവർഗീസ് റമ്പാൻ" എന്ന് എഴുതുന്നു.
2. കൊഹനൈത്താ: വൈദികസ്ഥാനികളുടെ ശവസംസ്ക്കാര ക്രമം.
3. തെശ്മെശ്ത്താ: 'ശുശ്രൂഷ' 'ക്രമം' 'ഭാഗം' എന്നർത്ഥം.

ഗീവർഗീസ് റമ്പാൻ തന്റെ ഗുരുവും കാരണവരും ആയിരുന്ന പൗലൂസ് കത്തനാരുടെ മരണവിവരം മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമേനിയെ എഴുതി അറിയിച്ചു. അതിന് ഒരു മറുപടി കിട്ടിയത് പ്രത്യേകം ശ്രദ്ധേയമാണ്.

198-ാം നമ്പരായി അയച്ച സഹതാപ കല്പനയിൽ കളപ്പുരയ്ക്കലച്ചന്റെ ഗുണഗണങ്ങളെ തിരുമേനി പുകഴ്ത്തിപ്പറയുന്നു. അതിൽ എടുത്തു പറയുന്ന രണ്ടു കാര്യങ്ങൾ ഉണ്ട്. (1) അന്ത്യകൂദാശ നടത്തുവാൻ കളപ്പുരയ്ക്കൽ അച്ചൻ ഉത്സാഹം കാണിക്കയും പ്രാർത്ഥന ആരംഭിക്കയും ചെയ്തുവെന്നത് ചുരുക്കം ചില പുണ്യവ്യക്തികളുടെ ജീവിതത്തിൽ കാണുന്ന ആത്മമുന്നറിവിന്റെ ഉദാഹരണമാണ്. (2) കളപ്പുരയ്ക്കൽ അച്ചനും, മാല്യത്ര കത്തനാരും പുലിക്കോട്ടിൽ തിരുമേനിക്ക് വിശ്വസ്തരായ രണ്ടു "രത്നങ്ങൾ" ആയിരുന്നു.

## 19. പരുമല തിരുമേനിയുടെ അന്ത്യ നിമിഷങ്ങളുടെ സാക്ഷിയും സംസ്ക്കാര കർമ്മങ്ങളുടെ മുഖ്യ സംഘാടകനും

പരുമല തിരുമേനിയുടെ രോഗവിവരം അറിയുന്നത് ഗീവർഗീസ് റമ്പാൻ പറവൂർ താമസിക്കുമ്പോഴാണ്.

പരുമല തിരുമേനിയുടെ ജീവിതരേഖ ആദ്യമായി കുറിച്ചയാൾ ഗീവർ ഗീസ് റമ്പാനായിരുന്നുവെന്നും ഡയറിയിൽ നിന്നു മനസ്സിലാക്കാം. പുണ്യ വാന്റെ അന്ത്യനിമിഷങ്ങൾ, കബറടക്കം മുതലായവയോടൊപ്പം വ്യക്തിത്വ ശ്രേഷ്ടത ജീവചരിത്ര സംക്ഷിപ്തം മുതലായവ വളരെ വിശദമായി ഡയറി യിൽ കൊടുത്തിരിക്കുന്നതിൽ നിന്ന് കബറടക്കം വരെയുള്ള വിവരണം ഇങ്ങനെയാണ്:

"17 ന് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് ദീനം അത്യന്തമെന്ന് അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കമ്പി വന്നു. പരുമലയ്ക്ക് പുറപ്പെടുവാൻ തിരുമനസിലേക്ക് സുഖമില്ലായ്കയാൽ പോകുന്നില്ലെന്നു വയ്ക്കുകയും ഗീവറുഗീസ് റമ്പാച്ചൻ പോകുന്നതിന് അനുവദിക്കയും ചെയ്തു. ഉടനെ ഗീവറുഗീസ് റമ്പാച്ചൻ അകപ്പറമ്പു പള്ളിയിൽ താമസി ച്ചിരുന്ന കൊച്ചുപൗലോസു റമ്പാച്ചന്റെ പേർക്ക് വിവരത്തിന് എഴുതി അയക്കയും അദ്ദേഹം 18 ന് പറവൂർ വന്നു ചേരുകയും അദ്ദേഹവും ഒരുമിച്ച് അന്നു തന്നെ യാത്ര പുറപ്പെട്ടു 21 ന് പരുമല എത്തി തിരുമേനിയെ കണ്ടു. ദീനം എത്രയും കൂടുതൽ ആയിരുന്നു.

22 ന് ഗീവറുഗീസു റമ്പാച്ചൻ കുർബാന ചൊല്ലുകയും പാമ്പാക്കുട മല്പാനച്ചൻ തിരുമേനിയുടെ സുഖക്കേടിനെപ്പറ്റി പ്രസംഗിക്കയും എല്ലാ വരും പ്രത്യേകം പ്രാർത്ഥിക്കയും ചെയ്തു. തിരുമേനി കഴിഞ്ഞുപോയി എന്ന് എല്ലാവരും വിചാരിച്ചു പോകയും വിവരം മാർ ദീവന്നാസ്യോസ് മെത്രാപ്പോ

Malankara OrthodoxTV

ലീത്തായോട് അറിയിച്ചതിൽ വളരെ വ്യസനിച്ച് നിലവിളിക്കയും ചെയ്തു. എങ്കിലും അന്നേ ദിവസം ഒന്നും നടന്നില്ല.

25 ന് കണ്ടനാട്ടു ഇടവകയുടെ ഈവാനിയോസ് മെത്രാപ്പോലീത്തായും വന്നു ചേർന്ന് 29 ന് അദ്ദേഹം കുർബാന ചൊല്ലി. വട്ടശ്ശേരി മല്പാനച്ചൻ പ്രസംഗിക്കുകയും എല്ലാവരും പ്രത്യേകം സങ്കടത്തോടെ പ്രാർത്ഥിക്കയും ചെയ്തു.

തുലാമാസം 6 ന് ടി. തിരുമേനി കുർബാന ചൊല്ലുകയും സ്ലീബാ ശെമ്മാശൻ പ്രസംഗിക്കയും ചെയ്തു. 13 ന് തിരുമേനി കുർബാന ചൊല്ലി മട്ടയ്ക്കലച്ചൻ പ്രസംഗിച്ചു.

15 ന് പാലക്കുന്നത്തു കൊച്ചു തീത്തൊസ് മെത്രാൻ പരുമല വന്നു തിരുമേനിയുടെ ദീനം കണ്ട് തിരിച്ചുപോയി.

20 ന് വല്യ പൗലോസ് റമ്പാച്ചൻ* കുർബാന ചൊല്ലി തിരുമനസിലേക്കു ശു. കുർബാന കൊടുത്തു. തിരുമനസിലെ ദീനം ഇതുവരെയായിട്ടും ഒരു കുറവും കണ്ടില്ല. നാട്ടുവൈദ്യന്മാരും അപ്പോത്തിക്കരികളുമായി അനേകം പേരുടെ ചികിത്സകൾ കഴിച്ചു. എങ്കിലും ദൈവഹിതം തടുക്കുവാൻ കഴിയാകയാൽ ഉച്ചകഴിഞ്ഞ് തിരുമനസിലെ അപേക്ഷപ്രകാരം കന്തീലായുടെ ക്രമം ഈവാനിയോസ് മെത്രാപ്പോലീത്തായും നാലു റമ്പാച്ചന്മാരുടെ കൂടെയും പല പട്ടക്കാരുടെ കൂടെയും കഴിച്ചു. രാത്രി 12 മണിക്ക് കർത്താവിൽ തന്റെ ജീവനെ ഭരമേല്പിച്ചു. ഉടനെ എടുത്ത് കസേരയിൽ ഇരുത്തി ദേഹം ചൂടുവെള്ളം കൊണ്ട് ശുദ്ധി വരുത്തി തന്റെ സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച് പള്ളിയിൽ അഴിക്കകത്ത് പടിഞ്ഞാറോട്ട് മുഖമായി ഇരുത്തി. "കൊഹനെയ്ക്നെൽബ്ശൂൻ" ചൊല്ലിയശേഷം അനുതാപത്തിന്റെ ഏഴ് മസുമൂറും എത്തിച്ചു. പിന്നെ പുലരുന്നതുവരെയും മസ്മൂറുകൾ വായിച്ചു കൊണ്ടിരുന്നു. അതികാലത്തെ പ്രാർത്ഥനയും കുർബ്ബാനയും കഴിച്ച് കൊഹനൈത്തായിൽ ഒരു തെശുമെശുത്തായും എത്തിച്ച് താഴെ നിന്നും മദ്ബഹായിൽ കേറ്റി പടിഞ്ഞാട്ടു മുഖമായി ഇരുത്തി. പിന്നെ 11 മണിക്കും 3 മണിക്കും രണ്ട് തെശ്മെശുത്തായും തികച്ച് രാത്രി മുഴുവൻ മസുമൂറാകൾ വായിച്ചു കൊണ്ടിരുന്നു. 22 കാലത്തെ പ്രാർത്ഥനയും, ഗീവർഗീസ് റമ്പാന്റെ കുർബ്ബാനയും കഴിഞ്ഞ് ഒരു തെശ്മെശ്ത്താ കൂടി കഴിച്ചു. പിന്നെ 10 മണിക്ക് 2 തെശ്മെശ്ത്തായും വായനകളും കഴിച്ച് കിഴക്കോട്ട് മുഖമായി പൊക്കി ഈവാനിയോസ് മെത്രാപ്പോലീത്താ, മുഖത്ത് മൂന്നു പ്രാവശ്യം ധൂപം വയ്ക്കുകയും പുശ്ബശ്ലോമോ ചൊല്ലുകയും പിന്നെ പടിഞ്ഞാട്ട് മുഖമായും

* കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ. പിന്നീട് പൗലൂസ് മാർ കൂറിലോസ് (1851 – 1917).

Malankara Orthodox TV

വടക്കോട്ട് മുഖമായും തെക്കോട്ട് മുഖമായും പൊക്കി പുശുമ്പശ്ലോമോ ചൊല്ലുകയും ചെയ്തശേഷം ഹൈക്കലായിൽ പടിഞ്ഞാറെ അറ്റത്തു കൊണ്ടുവന്ന് കിഴക്കോട്ടു മുഖമായും വടക്കേ വാതുക്കലും തെക്കേ വാതുക്കലും പുശുമ്പശ്ലോമോ ചൊല്ലി പടിഞ്ഞാറെ വാതിൽക്കൽ ഇറക്കി നഗരി കാട്ടുവാൻ കൊണ്ടുപോയി പടിഞ്ഞാറെ അറ്റത്തു വച്ചും കിഴക്കോട്ടു മുഖമായി പൊക്കി പുശ്മ്പശ്ലോമോ ചൊല്ലി കിഴക്കോട്ട് കൊണ്ടുവന്നു സിമ്മനാരിയുടെ വരാന്തയിൽ പടിഞ്ഞാറു മുഖമായി ഇരുത്തി എല്ലാവരും കൈമുത്തിനാരംഭിച്ചു. ആയതു കഴിഞ്ഞ് പള്ളിയകത്തു കയറ്റി തെക്കേ വാതിൽക്കൽ കൂടി വന്ന് വടക്കു വശത്ത് കബറുങ്കൽ വന്നു പ്രാർത്ഥനയും കഴിച്ച് കുഴിയിൽ ഇരുത്തി എല്ലാവരും കുന്തിരിക്കവും കുഴിയിൽ മുക്കാൽ ഭാഗത്തോളം നിറച്ചു. "മേൽപ്പട്ട ഉയരങ്ങളിൽ" എന്നതും കഹനൈക്നൽ ബ്ശൂൻ എന്നതും ചൊല്ലി കുഴി മൂടി ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രസംഗവും കഴിഞ്ഞ് പള്ളിയകത്ത് പ്രവേശിച്ച് കാണിക്കയിടീലും നടത്തി ജനക്കൂട്ടം പിരിയുകയും ചെയ്തു."

## 20. ആലുവാ സിമ്മനാരി നിർമ്മാണം

1079 (1904) മീനം 19 ന് ആലുവാ പള്ളിയിൽ അങ്കമാലി മുതലായ വടക്കൻ ഇടവകകളുടെ ഒരു യോഗം കൂടി ഒരു സിമ്മനാരി ആലുവയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചു. സിമ്മനാരിയിൽ ഇംഗ്ലീഷും സുറിയാനിയും പഠിപ്പിക്കണമെന്നും ഈ സിമ്മനാരി നിർമ്മാണത്തിന് അങ്കമാലി ഇടവകയിലെ എല്ലാ പള്ളികളിൽ നിന്നും ഒരു കൊല്ലത്തെ വരുമാനം കൊടുക്കണമെന്നും അവർ പ്രത്യേകമായി തീരുമാനം എടുക്കുകയും ആയതിന് നിർവ്വാഹക സമിതിയുടെ അധ്യക്ഷനായി ഗീവർഗീസ് റമ്പാനെ നിയമിച്ചു. കുറ്റിക്കാട്ടിൽ പൗലൂസ് റമ്പാൻ ഉപാധ്യക്ഷനും, വയലിപ്പറമ്പിൽ കുര്യൻ ഖജാൻജിയുമായി.

തുടർന്ന് സിമ്മനാരി നിർമ്മാണ സംബന്ധമായി ഇടവകകളുടെ സഹകരണം തേടി വടക്കൻപള്ളികളിൽ യാത്ര ചെയ്തു. പോത്താനിക്കാട് പള്ളിയിൽ പോയ കാര്യം ഇങ്ങനെ വിവരിച്ചിരിക്കുന്നു:

"പോത്താനിക്കാട് പള്ളിയിലേക്ക് കാൽനടയായി പോയി. വഴിയുടെ ദുർഘടം കൊണ്ടും മഴയുടെയും വെള്ളപ്പൊക്കത്തിന്റെയും ഉപദ്രവം കൊണ്ടും എത്രത്തോളം കഷ്ടപ്പാടുണ്ടായി എന്ന് പറവതില്ല. സന്ധ്യയ്ക്കു മുമ്പായി അവിടെ എത്തി. കയ്യിൽ ഉണ്ടായിരുന്ന കിടക്ക മുതലായവകൾ എല്ലാം നനഞ്ഞു മിശ്രമായി. ഏകദേശം 10 നാഴികയിൽ അധികം വഴി ദൂരം ഉണ്ടായിരുന്നു."

സിമ്മനാരിക്ക് 1080 കുംഭം 1-ാം തീയതി കടവിൽ തിരുമേനി ശിലാസ്ഥാപനം നടത്തി. പണിയുടെ മുഴുവൻ ഉത്തരവാദിത്തവും ഗീവർഗീസ്

റമ്പാനായിരുന്നു. അതുമായി ബന്ധപ്പെട്ട് കുന്നക്കുരുടി, മഴുവന്നൂർ, റാക്കാട്, മാറാട്, കടാതി, കാരക്കുന്നത്ത്, കോതമംഗലം ചെറിയ പള്ളി, കോതമംഗലം വലിയപള്ളി, കുറുപ്പുംപടി, ചേലാട്, കോട്ടപ്പടി, വെങ്ങൂർ മുതലായ പള്ളികൾ സന്ദർശിച്ച വിവരം ഡയറിയിൽ കൊടുത്തിട്ടുണ്ട്.

സിമ്മന്നാരിയുടെ പണി പൂർത്തിയായിക്കാണാൻ കടവിൽ തിരുമേനിക്ക് അതിയായ താല്പര്യമുണ്ടായിരുന്നു. ഗീവർഗീസ് റമ്പാന്റെ ഉത്സാഹത്താൽ പണി നല്ല പങ്കും പൂർത്തിയാവുകയും തിരുമനസു കൊണ്ട് കൂദാശ ചെയ്കയും ചെയ്തു. തന്റെ വാത്സല്യ ശിഷ്യനോടുള്ള സന്തോഷം നിമിത്തം വിൽപത്രത്തിൽ ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ മാനേജ രായി ഗീവർഗീസ് റമ്പാനെ നിയമിച്ചു.*

## 21. മാതാപിതാക്കളുടെ അസുഖം, പിതാവിന്റെ വേർപാട്

1080 (1905) ചിങ്ങ മാസാവസാനം ഗീവർഗീസ് റമ്പാൻ ആലുവാ സിമ്മ ന്നാരിയിൽ താമസിച്ചു വരവെ, തന്റെ മാതാപിതാക്കൾക്ക് അസുഖമാണെന്ന് അറിവു കിട്ടി. ഉടൻ തന്നെ വാകത്താനത്തെത്തി മാതാപിതാക്കളെ കണ്ടു. മാതാവിന് ഇടതു കാൽ തളർന്നിരുന്നു. പിതാവിന് ദേഹത്തു നീരും അസ്വ സ്ഥതകളും ആയിരുന്നു. റമ്പാച്ചൻ രണ്ടാഴ്ചയോളം വാകത്താനത്തും കോട്ടയത്തുമായി താമസിച്ചിട്ട് കന്നി മാസം 17 -നു തിരിച്ച് ആലുവായിൽ എത്തി.

1080 തുലാ മാസം 28 വ്യാഴാഴ്ച പിതാവ് മരിച്ചു. പക്ഷേ റമ്പാച്ചൻ എത്തുന്നതിന് മുൻപു തന്നെ അടക്കി കഴിഞ്ഞിരുന്നു. കളപ്പുരയ്ക്കൽ അച്ചന്റെ മരണത്തിലും പിതാവിന്റെ മരണത്തിലും കബറടക്കത്തിന് എത്തി ച്ചേരാൻ സാധിക്കാതെ പോയത് റമ്പാച്ചന്റെ ജീവിതത്തിലെ വലിയ ദുഃഖ മായിരുന്നു. റമ്പാച്ചനെ ആശ്വസിപ്പിച്ചു കൊണ്ട് പലരും എഴുതിയ കൂട്ടത്തിൽ രണ്ടു കത്തുകൾ പ്രത്യേകിച്ച് റമ്പാച്ചന് ഹൃദയസ്പർശകമായിരുന്നു. ഒന്ന് മലങ്കര മെത്രാപ്പോലീത്താ ദീവന്നാസ്യോസ് തിരുമനസിലെ ആശ്വാസ കല്പനകത്ത്. രണ്ട്, റമ്പാച്ചന്റെ ബന്ധുവായ പഴയാറ്റുങ്കൽ കെ. സി. ചെറിയാന്റെ കത്ത്. രണ്ടു കത്തുകളും സ്വന്തം ഡയറിയിൽ എഴുതിച്ചേർക്കു

* പക്ഷേ പിന്നീടുള്ള ഗീവർഗീസ് റമ്പാന്റെ താമസം കൂടുതൽ സമയവും വാക ത്താനത്ത് വള്ളിക്കാട്ടു പള്ളിയിൽ ആയത് സ്വാഭാവികമോ, അതിനു പിന്നിൽ മറ്റു വല്ല കാരണമോ ഉള്ളതായി വ്യക്തമല്ല. ഒരു പക്ഷേ തനിക്കു തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന ശാരീരികാസ്വാസ്ഥ്യത്തിന് ചികിത്സ ചെയ്യുവാൻ വള്ളി ക്കാട്ടുള്ള താമസം കൂടുതൽ ഉപകരിച്ചിരിക്കാം. ഇടയ്ക്ക് ഗുരുവായ കടവിൽ തിരുമേനിയെ കാണാൻ ആലുവായ്ക്ക് പൊയ്ക്കൊണ്ടിരുന്നു. രോഗത്തിലായി രുന്ന മാതാപിതാക്കളെ അന്വേഷിക്കുവാൻ കൂടിയായിരിക്കണം വള്ളിക്കാട്ടു പള്ളിയിൽ കൂടുതൽ സമയം ചെലവിടുവാൻ തീരുമാനിച്ചത്.

Malankara Orthodox TV

വാൻ റമ്പാച്ചന് തോന്നിയെങ്കിൽ അത് ഒരു പ്രത്യേക ആശ്വാസം പ്രദാനം ചെയ്തതു കൊണ്ടാണ്. ശ്രീ. കെ. സി. ചെറിയാൻ (കൊച്ച്) അന്ന് മദ്രാസിൽ നിന്ന് അയച്ച കത്തിന്റെ പ്രത്യേകത അദ്ദേഹത്തിന്റെ പിതാവ് വിഷം തീണ്ടി മരിച്ചതിന്റെ ദുഃഖത്തിന്റെ കൂടെയാണ് റമ്പാച്ചന്റെ പിതാവ് മരിച്ചതിന്റെ വാർത്തയും ശ്രവിച്ചത്. അദ്ദേഹം ഇങ്ങനെ എഴുതി:

"..........എന്റെ പ്രിയ അപ്പന്റെ എന്ന പോലെ അപ്പൂപ്പന്റെയും വിയോഗം നമ്മെ വ്യസനിപ്പിക്കുന്നതെങ്കിലും നമുക്ക് അവരുടെ ഇഹലോകവാസ ത്തിലുള്ള മാതൃകാ ജീവിതം വളരെ സ്ഥിരതയെ നൽകുന്നതത്രെ. വളരെ ആശ്വാസത്തെ തരുന്നതത്രെ. നിത്യജാഗരണത്തിൽ ഇരിക്കുന്നവർക്ക് മരണ ത്താൽ കർത്താവിൽ നിന്ന് അകലം ഭവിക്കുന്നില്ല. തങ്കലേക്ക് യോഗ്യതയേ ഭവിക്കുന്നുള്ളു. ദീനം എന്ന തട്ടിൽ അവർ ദൈർഘ്യമായി അനുതപിച്ചു കഴിയുന്നില്ല. സത്യക്രിസ്ത്യാനികളെ ക്രിസ്തുവിൽ നിന്ന് വേർപിരിക്കുന്ന തിന് മരണത്തിന് മൂർച്ചയില്ല. അവരുടെ സ്ഥിതി കൊറിന്തി 2* ൽ പറയു ന്നതു പോലെയാകും. നിത്യപിതാവിന്റെ മുമ്പാകെ അവന്റെ സർവശക്തി യുള്ള നാമത്തിൽ മുദ്ര കുത്തപ്പെട്ട വെളുത്തതും നിർമ്മലമായതുമായ നീലയങ്കി ധരിച്ച് ജയത്തിന്റെ കുരുത്തോലകൾ പിടിച്ച് തങ്ങളുടെ പരിശു ദ്ധന്റെ ഭുജത്തിന്റെ ശക്തിയാൽ അവർ ജയം പ്രാപിച്ചിരിക്കുന്നു. വിശപ്പ്, ദാഹം, ദീനം ഇവർ ഇനിമേൽ സഹിക്കേണ്ട. മരണമില്ലായ്മയുടെ കനി അവർക്കു ഭക്ഷിക്കാം. സിംഹാസനത്തിന്റെ മുമ്പിൽ ജീവന്റെ ഉറവുകളി ലേക്ക് കുഞ്ഞാട് അവരെ നടത്തും. വിശ്വാസത്താൽ ആയുധം ധരിച്ച പ്രാർത്ഥനയിൽ ചിറകു ധരിച്ച് കൃപയിൽ നിന്ന് മഹത്വത്തിലേക്ക് പോയവ രായ അവരെക്കുറിച്ച് നാം ദുഃഖിക്കരുത്. സ്വർഗ്ഗത്തിന്റെ നിത്യ ദിവസങ്ങൾ അവർ അനുഭവിക്കും. നാം നമ്മുടെ ഇഹലോക മോക്ഷപ്രയാണത്തെ അവസാനിപ്പിക്കും മുമ്പ് കൊലോസ്യ 1:12 ൽ പറയുന്ന പൂർണ്ണതയ്ക്ക് യോഗ്യ രാകണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളു. വ്യസനത്താൽ നാം വലിയ ദഹനം ചെയ്യുന്നതെന്തിന്. നമ്മുടെ മൃദുവായ പ്രാർത്ഥനയും കർത്താവിനു കേൾക്കാം. നമ്മുടെ ഭിന്നതകളെ കാറ്റിലേക്ക് എറിഞ്ഞ് കളഞ്ഞ് നമുക്കു കർത്താവിൽ ആശിക്കാം. നമ്മുടെ നെടുവീർപ്പിനെ അവൻ കേൾക്കുന്നു. നമ്മുടെ കണ്ണീർതുള്ളികളെ അവൻ എണ്ണുന്നു. അടിപ്പെട്ട നമ്മുടെ താഴ്ചയെ അവൻ താങ്ങി ഉയർത്തും. സകല വ്യവസ്ഥയും സകല കല്പനയും കർത്താ വിന്റെ രാജകീയ അധികാരത്തിന് ഞാൻ സമർപ്പിച്ചിരിക്കുന്നു. എല്ലാ സ്ഥിതിയിലും ദീനത്തിലും സുഖത്തിലും ദാരിദ്ര്യത്തിന്റെ താഴ്വരയിലും ഐശ്വര്യത്തിന്റെ കുന്നിലും വീട്ടിലും പുറത്തും കരയ്ക്കും കടലിലും അവന്റെ ശക്തി നമ്മെ താങ്ങട്ടെ. അഗാധ വെള്ളങ്ങളിൽ കൂടി ഗമിക്കുവാൻ നാം കല്പിക്കപ്പെട്ടാലും ദുരിതത്തിന്റെ വൻ നദി നമ്മെ ഒഴുക്കിക്കൊണ്ടു

* 1 കൊറി. 15 ൽ എന്നായിരിക്കണം

പോകില്ല. നമ്മെ മൂശയിൽ വച്ചു ചുടുമ്പോൾ നാം വേവുകയില്ല. എങ്കിലോ സ്ഫുടം വയ്ക്കപ്പെട്ട പൊന്നു പോലെ ആകയത്രെ ചെയ്യുന്നത്. എന്റെ താൽക്കാലിക സ്ഥിതി നിരാശാസാഗരത്തിന്റെ കര കാണുവാൻ ശ്രമിക്കുന്നതു പോലെ എങ്കിലും കർത്താവിന്റെ കരുണയിൽ ഞാൻ ധൈര്യം പ്രാപിക്കുന്നു. മാറയിലെ വെള്ളം കയ്പു തന്നെ. എങ്കിലും ശീതവും, ശാന്തവും സ്ഫടിക നിറവുമായ ഏലിമിന്റെ നീരുറവകൾ ഒരു ദിവസം പ്രത്യക്ഷപ്പെടും. എസ്തോളിലെ മുന്തിരിക്കുലകൾ നല്ലതും മധുരമുള്ളതും തന്നെ. എങ്കിലും അതില്ലാതാകുമ്പോൾ രുചി ഏറിയ ഒരു പിടി മന്ന ലഭിക്കും. ഇപ്രകാരം നാം കർത്താവിൽ ആഗ്രഹിക്ക. ആശ്രയിക്ക. അവൻ നമ്മെ ആശ്വാസപ്പെടുത്തട്ടെ. എഴുതുവാൻ വളരെയുണ്ട്. എങ്കിലും സമയ ചുരുക്കത്താൽ നിർത്തുന്നു. റമ്പാച്ചൻ എല്ലാവർക്കും ആശ്വാസത്തെ നൽകണമെന്ന് അപേക്ഷിക്കുന്നു."

റമ്പാച്ചനെ വളരെയധികം സ്വാധീനിച്ച പ്രസ്തുത വചനങ്ങൾ പിന്നീട് പ്രിയപ്പെട്ടവർ വേർപെട്ടപ്പോഴൊക്കെ അദ്ദേഹത്തിന് ആശ്വാസം നൽകി.

## 22. കടവിൽ തിരുമേനിയുടെ വേർപാട്

കോട്ടയം, അങ്കമാലി ഇടവകകളുടെ മെത്രാപ്പോലീത്തായും, തന്റെ ഗുരുവും ആത്മീയ പിതാവുമായിരുന്ന കടവിൽ തിരുമേനി ദീർഘകാലമായി രോഗാവസ്ഥയിലായിരുന്നു. തിരുമേനിയെ കാണുവാൻ ആലുവായിലേക്ക് കോട്ടയം സിമ്മന്നാരി വഴി പോകുവാൻ പുറപ്പെട്ടു. വള്ളത്തിലായിരുന്നു യാത്ര. കൂടെ കരിപ്പാൽ യാക്കോബ് ശെമ്മാശനും വാല്യക്കാരൻ വർക്കിയും ഉണ്ടായിരുന്നു. വള്ളം ചങ്ങനാശ്ശേരി പാലത്തുങ്കൽ* മുങ്ങിപ്പോകയും ദൈവകൃപയാൽ ആളപായം ഉണ്ടാകാതെ രക്ഷപെടുകയും ചെയ്തു. പിന്നീട് യാത്ര തുടരാതെ തിരിച്ച് വള്ളിക്കാട്ട് പള്ളിയിലേക്ക് പോന്നു.

അത്താനാസ്യോസ് തിരുമേനിക്ക് രോഗം കൂടുതൽ ആണ് എന്ന് എഴുത്തു വന്നതിനാൽ 1083 കന്നി 30 ന് വീണ്ടും ആലുവായ്ക്ക് പുറപ്പെട്ടു. അടുത്ത മാസം 10 ന് ഗീവറുഗീസ് റമ്പാൻ തിരുമേനിക്ക് "കന്തീലാ" ശുശ്രൂഷ നടത്തി. 20-നു ശനിയാഴ്ച പകൽ പത്തു മണിക്ക് തിരുമേനി കാലം ചെയ്തു. പിറ്റെ ദിവസം ആലുവാ സെമിനാരിയോടു ചേർന്ന് കബറടക്കവും നടത്തി. നാല്പതു ദിവസം തുടർച്ചയായി വി. കുർബ്ബാനയും ചൊല്ലി. വൃശ്ചികം 26 ന് അടിയന്തിരം ഏറ്റവും കേമമായി നടത്തി. എല്ലാ ചടങ്ങുകളും കഴിഞ്ഞ് പുതിയ ചുമതലക്കാരനായി കുറ്റിക്കാട്ടിൽ പൗലൂസ് റമ്പാനെ എല്ലാം ഏല്പിക്കയും ചെയ്തിട്ടാണ് ഗീവർഗീസ് റമ്പാൻ തിരിച്ചു പോന്നത്.

---

* ചങ്ങനാശ്ശേരി പാലം എന്ന് ഡയറിയിൽ കുറിച്ചിരിക്കുന്നതിനാൽ ഈ സംഭവം കെ. കുറിയാക്കോസിന്റെ ഗ്രന്ഥത്തിൽ അറുത്തൂട്ടി പാലത്തിങ്കൽ എന്നു പറയുന്നത് പിശകാകാനാണ് സാദ്ധ്യത.

Malankara Orthodox TV

## 23. മാതാവിന്റെ മരണം

ദീർഘകാലമായി രോഗാവസ്ഥയിലായിരുന്ന മാതാവിന് 1083 കുംഭത്തിൽ രോഗം മൂർഛിച്ചു അബോധാവസ്ഥയായി. കുംഭം 18 ന് ഗീവർഗീസ് റമ്പാൻ മാതാവിന് തൈലാഭിഷേകം നടത്തി. ഇതിനോടകം, പരുമലയിൽ ചുമതലക്കാരനായി അങ്ങോട്ട് ചെല്ലുവാൻ മാർ ദീവന്നാസ്യോസിന്റെ കല്പന വന്നു. പരുമലയിലെ മാനേജരും മല്പാനുമായിരുന്ന വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനും, കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനും മെത്രാൻസ്ഥാനം പ്രാപിക്കുവാൻ ഊർശ്ലേമിലേക്കു പോയതു കൊണ്ടാണ് ഇത് ആവശ്യമായത്. എന്നാൽ, വാകത്താനത്ത് പള്ളി മുറിയുടെ പണി നടന്നുകൊണ്ടിരുന്നതിനാലും, കോയിപ്പുറത്തച്ചൻ അത്യാസന്ന നിലയിൽ ആയിരുന്നതിനാലും, വിവരം വലിയ തിരുമേനിയെ അറിയിച്ച് തിരുമേനിയുടെ അനുമതി പ്രകാരം വാകത്താനത്തു തന്നെ ഗീവർഗീസ് റമ്പാൻ താമസിച്ചു. മീന മാസം മൂന്നാം തീയതി കോയിപ്പുറത്തച്ചൻ നിദ്ര പ്രാപിക്കയും, ഗീവർഗീസ് റമ്പാൻ എല്ലാ അന്ത്യകർമ്മങ്ങൾക്കും ക്രമീകരണം ചെയ്കയും ചെയ്തു. അത്യാസന്ന നിലയിൽ തന്നെ കഴിഞ്ഞിരുന്ന മാതാവിന് ഇടവം 24 ന് വി. കുർബ്ബാന കൊടുക്കയും ചെയ്തു. മിഥുനം 1 ന് 12 മണിക്ക് മാതാവ് മരിച്ചു. "മരണം ഒരുറക്കം പോലെ ആയിരുന്നു"വെന്ന് ഗീവർഗീസ് റമ്പാൻ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. പിറ്റെ ദിവസം മൂന്നിന്മേൽ കുർബാന ചൊല്ലി, കബറടക്കം നടത്തുകയും ചെയ്തു.

## 24. മാർ ദീവന്നാസ്യോസിന്റെ വേർപാട്

ഗീവർഗീസ് റമ്പാന്റെ ജീവിതത്തെ വളരെയധികം സ്വാധീനിച്ച മഹത് വ്യക്തിത്വമായിരുന്നു മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്. നവീകരണത്തിന്റെ കുത്തൊഴുക്കിലും, പാത്രിയർക്കീസിന്റെ അധികാരക്കൊടുങ്കാറ്റിലും സഭയെ ഐക്യത്തോടെ പിടിച്ചു നിർത്തുവാൻ അദ്ദേഹം കാണിച്ച സഹനവും സാമർത്ഥ്യവും ആരിലും മതിപ്പുളവാക്കുന്നതായിരുന്നു. തനിക്കു പിൻഗാമിയായി, യരുശലേമിൽ പോയി പട്ടമേറ്റു വന്ന വട്ടശ്ശേരിൽ ഗീവർഗീസ് ദീവന്നാസ്യോസിനെയും കണ്ട്, സമാധാനമായി ഈ ലോകജീവിതത്തോട് യാത്ര പറയുവാൻ അദ്ദേഹം ഒരുക്കം തുടങ്ങിയിട്ടു കുറച്ചു നാളായിരുന്നു.

ആ ഒരുക്കത്തിന്റെ പൂർണ്ണതയിൽ ദൈവം തമ്പുരാൻ ആ പിതാവിനെ വിളിച്ചു. 1084 മിഥുനം 28 ന് ഉച്ചയോടെ മാർ ദീവന്നാസ്യോസ് കാലം ചെയ്തു. ഗീവർഗീസ് റമ്പാൻ രാത്രിയിൽ തന്നെ വാകത്താനത്തു നിന്ന് യാത്ര പുറപ്പെട്ട് വെളുപ്പിനെ കോട്ടയത്തെത്തി. ഭൗതികദേഹം ചെറിയപള്ളിയിൽ നിന്ന് സിമ്മന്നാരിയിലേക്ക് ശാന്തി യാത്രയായി കൊണ്ടുവരികയും അഞ്ചു മണിയോടെ കബറടക്കം പൂർത്തിയാവുകയും ചെയ്തു. റമ്പാച്ചൻ സംസ്ക്കാരം

കഴിഞ്ഞ് വാകത്താനത്തേക്ക് തിരിച്ചുപോന്നു. വീണ്ടും, മുപ്പതാം അടിയന്തിരത്തിന് കാര്യങ്ങൾ ക്രമീകരിക്കുവാൻ ചെല്ലണമെന്ന് ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാന്റെ കല്പന കിട്ടുകയാൽ സിമ്മന്നാരിയിൽ എത്തി. കർക്കിടകം 26 ന് മുപ്പതടിയന്തിരത്തിന്റെ മുന്നോടിയായി നടന്ന മൂന്നിന്മേൽ കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചത്, പൗലൂസ് മാർ കൂറിലോസ് തിരുമേനിയും, ഔഗേൻ റമ്പാനും, ഗീവർഗീസ് റമ്പാനും ആയിരുന്നു. കർക്കിടകം 27 ന് നടന്ന മുപ്പതാം അടിയന്തിര ചടങ്ങുകളുടെ കൂടെ ദീവന്നാസ്യോസ് കൊച്ചുമെത്രാനെ 'മലങ്കര മെത്രാനായി' സ്ഥാനാരോഹണം ചെയ്യുന്ന കാര്യവും ഉണ്ടായിരുന്നു. ആയിരത്തിൽ പരം പറ അരിയുടെ സദ്യയും നടന്നു. എല്ലാ ക്രമീകരണങ്ങൾക്കും ഗീവർഗീസ് റമ്പാൻ ഓടി നടന്നു. 28-നു തന്നെ വാകത്താനത്തേക്ക് തിരിച്ചുപോന്നു.

## 25. അല്പം ചിന്താക്കുഴപ്പം: രണ്ട് അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ ഒരേ സമയത്ത്

മലങ്കരയിൽ, ഗീവർഗീസ് റമ്പാനടക്കം പലരെയും ചിന്താക്കുഴപ്പത്തിലാക്കിയ സംഭവമായിരുന്നു അന്ത്യോഖ്യയിൽ ഒരേ സമയത്ത് രണ്ട് പാത്രിയർക്കീസന്മാർ ഉണ്ടായത്. രാഷ്ട്രീയമായി മുസ്ലീം ഭരണകർത്താക്കൾക്ക് വിധേയപ്പെട്ടായിരുന്നു പാത്രിയർക്കീസന്മാർ സഭയെ നയിച്ചത്. രാഷ്ട്രീയ ഭരണാധികാരികൾ പാത്രിയർക്കീസന്മാർക്ക് നൽകിയിരുന്ന അധികാര പത്രത്തിന് 'ഫിർമാൻ' എന്നു പേരായിരുന്നു. ഒരാളിൽ അനിഷ്ടം തോന്നിയാൽ ഫിർമാൻ പിൻവലിക്കുകയും ചെയ്തിരുന്നു. യാക്കോബ് ദ്വിതീയൻ, പത്രോസ് തൃതീയൻ എന്നീ പാത്രിയർക്കീസന്മാർക്കൊക്കെ ഫിർമാന്റെ പിൻബലത്തിലാണ് സ്ഥാനം ഉറപ്പിക്കുവാനായത്. പിന്നീട് സ്ഥാനമേറ്റത് അബ്ദേദ് മിശിഹാ പാത്രിയർക്കീസായിരുന്നു. പക്ഷേ അദ്ദേഹത്തോട് പാത്രിയർക്കാ സ്ഥാനത്തിന് മത്സരിച്ച് പരാജയപ്പെട്ട അബ്ദുള്ളാ മെത്രാൻ ആദ്യം റോമ്മാ സഭയിൽ ചേർന്നു. പിന്നീട് തുർക്കി സുൽത്താനെ സ്വാധീനിച്ച് അബ്ദേദ് മിശിഹായുടെ ഫിർമാൻ 1905 -ൽ പിൻവലിപ്പിക്കുകയും ചില സിറിയൻ മെത്രാന്മാരെ പ്രലോഭിപ്പിച്ച് 1906 -ൽ അന്ത്യോഖ്യാ പാത്രിയർക്കീസായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ഇത്രയും വിശദാംശങ്ങൾ അറിയുന്നതു പിന്നീടാണെങ്കിലും, ഗ്രീഗോറിയോസ് അബ്ദുള്ളാ പാത്രിയർക്കീസായ വിവരം 1082 ചിങ്ങം 24 ന് മ്യൂസൽ മെത്രാപ്പോലീത്തായുടെ ഒരു കമ്പി സന്ദേശമായി മലങ്കരയിൽ കിട്ടിയിരുന്നുവെന്ന് ഗീവർഗീസ് റമ്പാൻ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനം സ്വീകരിക്കുന്നതിന് വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനും, കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനും പോവുകയും അവർ മെത്രാൻസ്ഥാനം ഏറ്റ് ശീമക്കാരൻ സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാനുമായി തിരിച്ചെത്തുകയും ചെയ്തു. അവരെ സഭ രാജോചിതമായി സ്വീകരിച്ച വിവരം റമ്പാ

ച്ചന്റെ ഡയറിയിലുണ്ട്. 1895 ജൂൺ 16 ന് പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്യപ്പെട്ട അബ്ദേദ് മിശിഹായും 1906 ആഗസ്റ്റ് 28 ന് തൽസ്ഥാനം പ്രാപിച്ച അബ്ദുള്ളാ രണ്ടാമൻ പാത്രിയർക്കീസും ഒരേ കാലഘട്ടത്തിൽ പാത്രിയർക്കാ സ്ഥാനം അവകാശപ്പെട്ടിരുന്നതിനാലും അബ്ദേദ് മിശിഹാ പാത്രിയർക്കീസിന് രാഷ്ട്രീയ പിൻബലം ഇല്ലാതെ പോയിയെന്നതിനാലും ഈ കാലഘട്ടത്തിലെ മലങ്കര – അന്ത്യോഖ്യൻ ബന്ധം അവ്യക്തത നിറഞ്ഞതായിരുന്നുവെന്ന് പറയാതെ വയ്യ.

## 26. അബ്ദുള്ളാ പാത്രിയർക്കീസിന്റെ ആഗമനവും ഗീവർഗീസ് റമ്പാന്റെ മേൽ മെത്രാൻസ്ഥാന പ്രലോഭനവും

മലങ്കരസഭയെ വേഗം അന്ത്യോഖ്യൻ സഭയുടെ കീഴിലാക്കിയെടുക്കാം എന്ന ഒരു വ്യാമോഹം പുതിയ പാത്രിയർക്കീസായി അവരോധിക്കപ്പെട്ട അബ്ദുള്ളാ രണ്ടാമന് തോന്നി. ഇതിനായി മലങ്കരയുള്ള പള്ളികളിൽ നിന്നും വൈദിക സ്ഥാനികളിൽ നിന്നും ഉടമ്പടി എഴുതി വാങ്ങുവാനായി 1909 ൽ അദ്ദേഹം മലങ്കരയിലെത്തി. തന്റെ ദൗത്യം എളുപ്പമാക്കാനായി, നേരത്തെ ഇവിടേയ്ക്ക് അയച്ചിരുന്ന സ്ലീബാ മാർ ഒസ്താത്തിയോസും ശ്രമിച്ചു. വന്നു കഴിഞ്ഞപ്പോഴാണ് തന്റെ ഉദ്ദേശ്യം എളുപ്പത്തിൽ നടക്കുകയില്ലെന്ന് പാത്രിയർക്കീസിനു ബോധ്യമായത്. മലങ്കര മെത്രാൻസ്ഥാനം അലങ്കരിച്ചിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസോ ഭൂരിപക്ഷം പള്ളികളോ, അയ്മേനി പ്രമുഖരോ ഉടമ്പടി കൊടുക്കുവാൻ മുതിർന്നില്ല. തത്ഫലമായി ഒരു ചേരിതിരിവ് ഉണ്ടാക്കിയെടുക്കാൻ പാത്രിയർക്കീസിനു കഴിഞ്ഞു. ഇതിന്റെ ഭാഗമായി 1910 ധനു 28 ന് പുതുപ്പള്ളി പള്ളിയിൽ വച്ച് സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാൻ ഗീവറുഗീസ് റമ്പാനെ വിളിച്ച്, മെത്രാനാക്കാൻ പാത്രിയർക്കീസിനോടു ശുപാർശ ചെയ്യാമെന്നും അതിനായി പാത്രിയർക്കീസിന്റെ "കക്ഷിയായി നിൽക്കണമെന്നും" ആവശ്യപ്പെട്ടു. അന്ന് ഒഴിവുകഴിവു പറഞ്ഞു പോന്ന ഗീവറുഗീസ് റമ്പാനെ പിന്നീട് 1086 കന്നിമാസം 1 നു മുളന്തുരുത്തി പള്ളിയിലേക്ക് പാത്രിയർക്കീസ് ബാവാ വിളിപ്പിച്ചു. ആ കാര്യം ഡയറിയിൽ ഇപ്രകാരം കൊടുത്തിരിക്കുന്നു:

"കന്നി മാസം 1 ന് കാലത്ത് പള്ളിയിൽ കഥാനായകനും മറ്റും ചെന്നു. അപ്പോൾ അവിടെ പാത്രിയർക്കീസു ബാവാ, ഒസ്താത്തിയോസ്, കുറീലോസ് എന്നീ മെത്രാച്ചന്മാരും കോനാട്ടു മല്പാൻ മുതലായവരും ഉണ്ടായിരുന്നു. ആലുവയിൽ കാലം ചെയ്തിരുന്ന മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ എഴുതിയിരുന്ന വിൽപ്പത്ര പ്രകാരം കഥാനായകന് കിട്ടിയിരുന്ന അധികാരം ഒഴിഞ്ഞു കൊടുക്കേണ്ടതിനെപ്പറ്റി സംസാരിപ്പാനായിരുന്നു അവിടെ ചെല്ലണമെന്ന് കല്പന വന്നത്. ബാവായുടെ ഇഷ്ടപ്രകാരം ചെയ്യുന്നതിലേക്ക് കഥാനായകന് വിരോധമില്ലെന്ന് പറഞ്ഞു. അന്ന് കുറീലോസു

മെത്രാച്ചൻ മലങ്കര സുറിയാനി സമുദായത്തിന്റെ ഭൂരിപക്ഷാഭിപ്രായത്തിന് എതിരായി ലൗകിക അധികാരം ഉറപ്പിച്ച് പാത്രിയർക്കീസു ബാവായ്ക്ക് ഉടമ്പടി എഴുതി രജിസ്ട്രാക്കി. അതിൽ ഒരു സാക്ഷി കഥാനായകനും കൂടിയാണ്. കഥാനായകനും മെത്രാൻസ്ഥാനം തരാമെന്ന് ബാവാ കല്പിച്ചു. ഒഴിവുകഴിവുകൾ പറഞ്ഞ് പിറ്റേദിവസം ഞങ്ങൾ തിരിച്ചുപോരുകയും ചെയ്തു. മുളന്തുരുത്തിക്ക് പോകുമ്പോഴും വരുമ്പോഴും സിമ്മനാരിയിൽ കയറി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടു."

ഗീവർഗീസ് റമ്പാന്റെ വ്യക്തിത്വത്തിലെ ചില ഗുണവിശേഷങ്ങൾ വളരെ വ്യക്തമാക്കുന്ന സംഗതികളാണ് ഇവിടെ കുറിക്കപ്പെട്ടത്. സഭയുടെ ഭൂരിപക്ഷാഭിപ്രായത്തിന് എതിരായിട്ടുള്ള രജിസ്റ്ററാണെന്നറിഞ്ഞിട്ടും രജിസ്റ്ററിൽ സാക്ഷിയായി ഒപ്പിട്ടു കൊടുത്തത് തൃക്കുന്നത്ത് സെമിനാരി സംബന്ധമായി ഒരു അവകാശവാദവും തനിക്കില്ല എന്ന് വ്യക്തമാക്കുവാനായിരുന്നു. മെത്രാൻ സ്ഥാനം കാംക്ഷിച്ച് "സാക്ഷി"യായതായിരുന്നെങ്കിൽ, മെത്രാൻ സ്ഥാനക്കാര്യം പറഞ്ഞപ്പോൾ ഒഴിവുകഴിവു പറഞ്ഞ് അവിടെ നിന്ന് വേഗം തിരിച്ചുപോരേണ്ട കാര്യമില്ലായിരുന്നു താനും. താൻ ചെയ്ത കാര്യങ്ങൾ പോയപ്പോഴും തിരിച്ചു വന്നപ്പോഴും മലങ്കര മെത്രാപ്പോലീത്തായെ അറിയിക്കുവാൻ താല്പര്യപ്പെട്ടതും നേരും നെറിയുമുള്ള വ്യക്തിത്വത്തിന്റെ ലക്ഷണമായിട്ടേ കാണാൻ പറ്റൂ.

## 27. രോഗപീഡനം - ചികിത്സാ പരമ്പര

ഗീവർഗീസ് റമ്പാന് വയറ്റിലെ നോവിന് 1904 മുതൽ ചികിത്സകൾ പലതും ചെയ്യേണ്ടതായി വന്നു. 1904 ധനു മാസത്തിൽ പറവൂർ വച്ച് ഒരു ഡോക്ടറെക്കൊണ്ട് വിശദമായി പരിശോധിപ്പിക്കയും അദ്ദേഹം മദ്രാസിൽ നിന്ന് ഒരു മരുന്ന് വരുത്തി കൊടുക്കുകയും ചെയ്തുവെങ്കിലും നോവു ശമിച്ചില്ല. അടുത്ത വർഷം മകരത്തിൽ ഷൊർണൂരിനു സമീപം ചെറുതുരുത്തിയിൽ ഒരു "മുണ്ട" വൈദ്യന്റെ മരുന്നും കഴിച്ചു നോക്കി. ആ വർഷം തന്നെ മിഥുനത്തിൽ ആലുവായിലെ സർക്കാർ നാട്ടുവൈദ്യന്റെ മേൽനോട്ടത്തിൽ ഇന്ദുകാന്തം നെയ്കാച്ചി "സ്നേഹപാനം" ചെയ്തു. കുറേ നാളത്തേക്ക് ആശ്വാസമുണ്ടായിയെങ്കിലും 1906 തുലാ മാസത്തിൽ വീണ്ടും അസുഖമായി. പിന്നീട് പിഴിച്ചിൽ, കഷായം മുതലായവ ആഴ്ചകളോളം നടത്തി. സഹോദരൻ ചാക്കോയും സഹോദരി സാറായും ഈ ചികിത്സകൾക്ക് മേൽനോട്ടം നടത്തി. പിന്നീട് തുടർച്ചയായി ഓരോ വർഷവും കർക്കിടക മാസത്തിൽ പിഴിച്ചിൽ ചികിത്സ നടന്നു വന്നു.

1908 തുലാ മാസത്തിൽ പനിയും വയറിളക്കവും ഉണ്ടായതിനാൽ വീണ്ടും ഇംഗ്ലീഷ് മരുന്നു കഴിക്കേണ്ടി വന്നു. ഇങ്ങനെ തുടർച്ചയായി രോഗപീഡ, ശരീരത്തിലെ ഒരു മുള്ളായി ഗീവർഗീസ് റമ്പാനെ പിന്തുടർന്നു കൊണ്ടി

രുന്നുവെങ്കിലും, ദൈവിക ശുശ്രൂഷയിൽ സഭ മുഴുവനും ഓടിനടന്നു പ്രവർത്തിക്കുന്നതിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല.

## 28. 1910 -ൽ സിമ്മനാരിയിൽ നടത്തിയ ഹാശാ ശുശ്രൂഷ

ഗീവർഗീസ് റമ്പാന് അവിസ്മരണീയമായ ഒരനുഭവമായിരുന്നു 1910 ലെ ഹാശാ ആഴ്ച ശുശ്രൂഷ. സാധാരണ ഹാശാ ആഴ്ചക്ക് സിമ്മനാരിയിൽ തിരുമേനിമാർ കാർമ്മികത്വം വഹിക്കാറുള്ള പതിവിൽ നിന്ന് വ്യത്യസ്തമായി മട്ടക്കലച്ചന്റെ എഴുത്തിൻപ്രകാരം സിമ്മനാരിയിൽ ഹാശാ ആഴ്ച കഴിപ്പാൻ ഗീവർഗീസ് റമ്പാന് നിയോഗമുണ്ടായി. നാല്പതാം വെള്ളിയാഴ്ച മുതൽ ക്യംതാ വരെ നടത്തിയ ശുശ്രൂഷകളുടെ വിശദവിവരം ഡയറിക്കുറിപ്പിൽ ചേർത്തിട്ടുണ്ട്. തന്റെ ഡയറിക്കുറിപ്പ് ഒരു ശുശ്രൂഷാ സഹായിയുമായി പരിണമിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെയായിരിക്കണം ഓരോ നമസ്ക്കാരത്തിന്റെയും ലയം, പ്രത്യേകത, ശുശ്രൂഷകളുടെ വിശദാംശങ്ങൾ മുതലായവ ഡയറിയിൽ ചേർത്തിരിക്കുന്നത്. ഊശാന ശുശ്രൂഷയിൽ അൽവാറീസ് യൂലിയോസ് മെത്രാപ്പോലീത്താ സംബന്ധിച്ചുവെങ്കിലും ഗീവർഗീസ് റമ്പാനായിരുന്നു പ്രധാന കാർമ്മികൻ. പെസഹായ്ക്ക് കാലുകഴുകൽ നടത്തിയത് സന്ധ്യാ നമസ്ക്കാരം കൂടി നടത്തിയിട്ടായിരുന്നുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കാലുകഴുകൽ നടത്തിയത് മലങ്കര മെത്രാൻ വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമനസ്സു കൊണ്ടായിരുന്നു. വടക്കേ ഭാഗത്ത് ഒരു പട്ടക്കാരനും അഞ്ചു ശെമ്മാശന്മാരും, തെക്കേ ഭാഗത്ത് ആറു പൈതങ്ങളും ഇരുന്നാണ് കാൽ കഴുകൽ നടത്തിയത്. ദുഃഖവെള്ളിയാഴ്ച പ്രധാന കാർമ്മികൻ ഗീവർഗീസ് റമ്പാൻ തന്നെയായിരുന്നു. മിക്ക പ്രധാന പ്രസംഗങ്ങളും നടത്തിയത് "എം. എ. കത്തനാർ" എന്ന് അറിയപ്പെട്ട പി. ടി. ഗീവറുഗീസ് കത്തനാർ ആയിരുന്നു.

## 29. കൂട്ടു ട്രസ്റ്റികളുടെ ക്രൂരകൃത്യം കാണാനിടയായത്

മാർ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ മലങ്കരയുടെ ഭൗതിക അധികാരത്തിനു വേണ്ടി സഭയെ ഭിന്നിപ്പിച്ചു. വൈദിക ട്രസ്റ്റിയായിരുന്ന കോനാട്ട് മല്പാനും, അയ്മേനി ട്രസ്റ്റിയായിരുന്ന സി. ജെ. കുര്യനും മലങ്കര മെത്രാൻ വട്ടശ്ശേരിൽ ഗീവർഗീസ് ദീവന്നാസ്യോസിന് പ്രതികൂല നിലപാടെടുത്തു. സിമ്മനാരി മാനേജരായിരുന്ന മട്ടയ്ക്കൽ കത്തനാരുടെ പക്കൽ നിന്നും സിമ്മനാരിയുടെ താക്കോൽ വൈദികട്രസ്റ്റിയും അയ്മേനി ട്രസ്റ്റിയും കൂടി ഉപായത്താൽ കൈക്കലാക്കി. പിന്നീടവർ സർക്കാരിൽ ബോധിപ്പിച്ച് സിമ്മനാരി മുറികൾ പൂട്ടിക്കയും ചെയ്തു.

ഇതിന്റെ കലാശക്കൊട്ട് എന്നവണ്ണം 1086 ഇടവം 18 (ജൂൺ 8, 1911) ന് തീയതി വച്ച മാർ ദീവന്നാസ്യോസിന്റെ മേലുള്ള മുടക്കു കല്പന മിഥുനം 1 ന് അബ്ദുള്ളാ പാത്രിയർക്കീസ് പ്രസിദ്ധപ്പെടുത്തി. വിവരം അറിഞ്ഞ്

ഗീവർഗീസ് റമ്പാനും എണ്ണച്ചേരിലച്ചനും, കരിപ്പാലച്ചനും കൂടി സിമ്മനാരി യിലേക്ക് പോയി. "ടി. മുടക്ക് അകാരണവും ലൗകിക അധികാരം സംബ ന്ധിച്ച് ഉടമ്പടി എഴുതാത്തതിനാലും ചിലരുടെ ദുരാലോചന നിമിത്തവും ഉണ്ടായതിനാൽ ബഹുജനം വകവയ്ക്കാതെ ബാവായുടെ മുമ്പിൽ വച്ചു തന്നെ മെത്രാച്ചനെ ചിയർ വിളിക്കയും ബഹളം ഉണ്ടാകുകയും ചെയ്തു. പിന്നീട് ബാവായുടെ പ്രവൃത്തിയെപ്പറ്റി ആക്ഷേപിച്ച് വാർത്ത മനോരമ കട ലാസുകളിലും മറ്റു ലേഖനങ്ങളിലും ഇറങ്ങാൻ തുടങ്ങി" (ഗീവർഗീസ് റമ്പാന്റെ ഡയറിയിൽ നിന്നും).

മുടക്കു കല്പന കൊടുത്തു കഴിഞ്ഞ് പാത്രിയർക്കീസ് ശീമ നാട്ടിലേക്ക് 1911 ൽ തിരിച്ചുപോയി.

## 30. മലങ്കര മെത്രാപ്പോലീത്തായുടെ മുടക്കിനെതിരെ വാക ത്താനത്തുകാരെ അണിനിരത്തുന്നു

അകാരണമായ മുടക്കാണ് അബ്ദുള്ളാ പാത്രീയർക്കീസ് നടത്തിയ തെന്ന് ബോധ്യമായതു കൊണ്ട് ഗീവർഗീസ് റമ്പാൻ അക്കാര്യത്തെക്കുറിച്ച് വാകത്താനത്തു പള്ളിയിൽ മിഥുനം 12 ന് പ്രസംഗിച്ചു. കൂടാതെ മാർ ഈവാ നിയോസ് മെത്രാച്ചനും, അൽവാറീസ് മെത്രാച്ചനും കൂടി സംയുക്തമായി, മുടക്കിന്റെ അസാധുത്വത്തെക്കുറിച്ച് എഴുതിയതിന്റെ അച്ചടിച്ച കോപ്പി പള്ളി യിൽ വായിക്കയും ചെയ്തു. തുടർന്ന്, കുർബാന കഴിഞ്ഞ് ഒരു പ്രതിഷേധ യോഗം കൂടി. പാത്രിയർക്കീസ് ബാവായുടെ മുടക്ക് അകാരണവും അസാ ധുവുമായതിനാൽ വാകത്താനത്തു പള്ളിയിൽ അത് സ്വീകാര്യമല്ലെന്ന് പൊതു പ്രമേയവും പാസാക്കി. ആയതിന്റെ കോപ്പി ദീവന്നാസ്യോസ് മെത്രാ ച്ചനും മനോരമയ്ക്കും അയച്ചു.

തുടർന്ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന പ്രകാരം ഗീവർഗീസ് റമ്പാൻ സെമിനാരിയിലെത്തി. കോട്ടയത്തു കൂടിയ അസോസ്യേഷൻ കമ്മറ്റി നിശ്ചയപ്രകാരം ശീമയ്ക്ക് പോകാൻ തയാറാ കണം എന്നറിയിക്കുവാനായിരുന്നു വിളിപ്പിച്ചത്. ഗീവർഗീസ് റമ്പാൻ "ആലോ ചിച്ചു മറുപടി അയയ്ക്കാമെന്ന് പറഞ്ഞുകൊണ്ട് തിരിച്ചു പോന്നു."

തിരിച്ചുപോന്നു കഴിഞ്ഞ് സഭയിലുണ്ടായിരിക്കുന്ന കുഴപ്പങ്ങളുടെ കാര്യ ത്തിൽ മനം നൊന്തു പ്രാർത്ഥിക്കയായിരുന്നു. മകരം 11 മുതൽ മൂന്നു ദിവ സത്തേക്ക് ഉപവാസവും പ്രാർത്ഥനയും സഭ മുഴുവനും നടത്തണമെന്ന് ദീവ ന്നാസ്യോസ് മെത്രാച്ചന്റെ കല്പനപ്രകാരം വാകത്താനത്തും ചെയ്തു.

## 31. അബ്ദേദ് മിശിഹാ പാത്രിയർക്കീസിന്റെ ആഗമനം: ഒരു ഒഴിഞ്ഞുമാറി നിൽപും

അബ്ദുള്ളാ പാത്രിയർക്കീസിന്റെ അനീതി നിറഞ്ഞ നീക്കത്തെ ചെറു

ത്തുനിൽക്കണമെങ്കിൽ മലങ്കരയിൽ ഒരു കാതോലിക്കാ സ്ഥാപനം ഉണ്ടാകണമെന്ന ആലോചന വളരെക്കാലമായി ഉണ്ടായിരുന്നു. അതിനു വേണ്ടിയുള്ള ആദ്യകാല എഴുത്തുകുത്തുകളും നടന്നുവെങ്കിലും, അവസാനം "മലങ്കര മെത്രാൻ" സ്ഥാനം പോലും ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് നൽകുന്നതിന് അബ്ദുള്ളാ ബാവാ വളരെ വിഷമിച്ചാണ് കല്പന കൊടുത്തത്. ഈ സാഹചര്യത്തിലാണ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടുവെങ്കിലും, ആത്മീയാധികാരത്തിന് യാതൊരു കുറവുമില്ലാതിരുന്ന അബ്ദേദ് മിശിഹാ പാത്രിയർക്കീസിന്റെ സഹായം തേടിയത്. അദ്ദേഹത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകിയതും തത്സംബന്ധമായ ആലോചനകൾക്ക് നേതൃത്വം നൽകിയതും മൂന്നു വർഷക്കാലം ശീമയിൽ താമസിച്ചു പഠിച്ച ഔഗേൻ റമ്പാനായിരുന്നു.*

അബ്ദേദ് മിശിഹാ പാത്രിയർക്കീസ് അധികം വൈകാതെ മലങ്കരയിൽ എത്തി (1087 ഇടവം 4 ന് എന്ന് ഗീവർഗീസ് റമ്പാൻ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു). പാത്രിയർക്കീസ് എത്തിയാലുടൻ നടക്കാൻ സാധ്യതയുള്ള ഒരു സംഗതി നേരത്തേ തന്നെ ഗീവർഗീസ് റമ്പാൻ മനസ്സിലാക്കി വച്ചിരുന്നു; അതായത് ചിലരെ മെത്രാപ്പോലീത്താമാരായി വാഴിക്കും എന്ന്. സ്വാഭാവികമായും ഗീവർഗീസ് റമ്പാന് അവരിൽ ഒരാളാകാൻ എല്ലാ യോഗ്യതയും ഉണ്ടായിരുന്നു. എന്നാൽ അതിൽ നിന്ന് ഒഴിഞ്ഞു നിൽക്കണം എന്ന് മനഃപ്പൂർവ്വം ആഗ്രഹിച്ചതിനാൽ ഗീവർഗീസ് റമ്പാൻ വാകത്താനത്തു തന്നെ താമസിച്ചു. പക്ഷേ സംഭവിച്ച പ്രധാന കാര്യങ്ങളെക്കുറിച്ച് അദ്ദേഹം തന്നെ ഇപ്രകാരം എഴുതുന്നു:

"ചിങ്ങം 14 ന് പരുമല സിമ്മനാരിയിൽ മാനേജിംഗ് കമ്മറ്റി കൂടി രണ്ടു മൂന്നു പേർക്ക് മെത്രാസ്ഥാനവും കണ്ടനാട്ട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് കാതോലിക്കാ സ്ഥാനവും കൊടുക്കണമെന്ന് നിശ്ചയിച്ചു. ......... ചിങ്ങം 26 ന് അബ്ദേദ് മിശിഹാ പാത്രിയർക്കീസ് പരുമല വച്ച് മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ് ഈ മെത്രാന്മാരുടെ സഹകരണത്തോടെ കല്ലാശ്ശേരിൽ പുന്നൂസ് റമ്പാച്ചനെ ഗ്രീഗോറിയോസ് എന്ന സ്ഥാനപ്പേരിൽ മെത്രാനായി അഭിഷേകം ചെയ്തു. കന്നി 2 ന് നിരണത്തു പള്ളിയിൽ വച്ച് കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ടി. ബാവായും മാർ ദീവന്നാസ്യോസ്, ഗ്രീഗോറിയോസ് എന്നീ മെത്രാന്മാരും കൂടി കിഴക്കിന്റെ കാതോലിക്കായായി അഭിഷേകം ചെയ്തു."

തത്സംബന്ധമായി പാത്രിയർക്കീസ് നൽകിയ കല്പന വളരെ ചരിത്ര പ്രാധാന്യമുള്ളതാണ്. അതിലെ ഏറ്റവും പ്രസക്ത ഭാഗം ഇങ്ങനെയാണ്:

---

* പിന്നീട് പ: ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവ.

MalankaraOrthodoxTV

"നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മീയ വാത്സല്യവാനായ ഈവാനിയോസിനെ ബസേലിയോസ് എന്ന നാമധേയത്തിൽ മപ്രിയാന യായി, കിഴക്കിന്റെയും അതായത് ഇൻഡ്യയുടെയും മറ്റുമുള്ള മാർതോമാ ശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കായായി നാം പട്ടം കൊടു ത്തിരിക്കുന്നു."*

ഇതിനോട് ചേർന്നു ഡയറിയിലുള്ള ഒരു വാചകം ശ്രദ്ധേയമാണ്: "ഈ തീയതികളിൽ കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി."

പരുമലയിലും കോട്ടയത്തും ഒക്കെ സഭയുടെ ഏതൊരു ചടങ്ങും നട ക്കുമ്പോൾ അവയുടെ പ്രധാന ചുമതലക്കാരനായി പ്രവർത്തിക്കുവാൻ ഓടി യെത്തുന്ന ഗീവർഗീസ് റമ്പാൻ ഇത്തവണ പരുമല പോകാതെ ഒഴിഞ്ഞു നിന്നത് അർത്ഥഗർഭമാണ്. ഒരു മെത്രാനാകാതെ തന്നെ സഭയെ സേവി ക്കുവാൻ അദ്ദേഹം ആഗ്രഹിച്ചുവെന്നതിന്റെ തെളിവല്ലാതെ മറ്റെന്തായി രിക്കാം ഈ ഒഴിഞ്ഞുമാറൽ?!

## 32. വാകത്താനത്തു പള്ളിയിൽ സ്ത്രീകളില്ലാതെ ഞായറാഴ്ച കുർബാന

1087 കന്നി 23 ഞായറാഴ്ചത്തെ കുർബാന ഗീവർഗീസ് റമ്പാൻ ഒരി ക്കലും മറന്നില്ല. അന്നത്തെ കുർബാനയ്ക്ക് ഒരൊറ്റ സ്ത്രീ പോലും വന്നില്ല; കാരണം മറ്റൊന്നുമല്ല, മഴ. കനത്ത മഴ തന്നെ. "1087 കന്നി 23 ന് കഥാനാ യകൻ വാകത്താനത്തു പള്ളിയിൽ കുർബ്ബാന ചൊല്ലി. മഴയായിരുന്നതി നാൽ അധികം പേരും വന്നിരുന്നില്ല. സ്ത്രീകളിൽ ഒന്നുപോലും ഇല്ലായി രുന്നു."

## 33. മെത്രാൻ സ്ഥാനമേൽക്കുവാൻ മലങ്കര മെത്രാപ്പോലീത്താ കല്പനയിൽ കൂടി നിർദ്ദേശിക്കുന്നു

കുറച്ചു കാലമായി പലതിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുന്ന ഗീവർ ഗീസ് റമ്പാനെ കൂടുതൽ ഉയർന്ന സഭാ ശുശ്രൂഷാ പദവികളിലേക്ക് കൊണ്ടു വരാൻ ഒരേയൊരു മാർഗ്ഗമേ ഉള്ളുവെന്ന് മലങ്കര മെത്രാപ്പോലീത്താ വട്ട ശ്ശേരിൽ ദീവന്നാസ്യോസിനറിയാമായിരുന്നു. സഭയോടുള്ള കൂറു നിമിത്തം

---

* പാത്രിയർക്കീസിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്ന എല്ലാ വാഴ്ചകളെ ക്കുറിച്ചും ഗീവർഗീസ് റമ്പാൻ എഴുതുമ്പോൾ, മലങ്കരയിലെ മെത്രാന്മാരുടെ സഹകരണത്താലും സഹകാർമ്മികത്വത്തിലും നടന്നുവെന്നാണ് ബോധപൂർവ്വം കുറിക്കുന്നത്. വേദശാസ്ത്രപ്രകാരവും ഇതാണ് ശരി. സുന്നഹദോസിന്റെ പ്രതി നിധികളായിട്ടാണ് പാത്രിയർക്കീസും മറ്റു മെത്രാന്മാരും ശുശ്രൂഷകൾക്ക് പങ്കാ ളിത്തം വഹിക്കുന്നത്.

MalankaraOrthodox.TV

അധികാരികൾക്ക് എപ്പോഴും നിരുപാധികം കീഴ്പ്പെടുന്ന ഒരു അനുസരണ ഭാവം ഗീവർഗീസ് റമ്പാനുണ്ടെന്നറിയാവുന്നതു കൊണ്ട് വാകത്താനത്തേക്ക് ഒരു കല്പന അയച്ചു. സഭയുടെ അടിയന്തിരാവശ്യം പ്രമാണിച്ച് മെത്രാനാകണമെന്നും അതിനായി എത്രയും വേഗം പരുമല എത്തണമെന്നുമായിരുന്നു കല്പനയുടെ താല്പര്യം.

പരുമലയെത്തി തിരുമേനിയോട് നേരിട്ട് പറഞ്ഞ് ഒഴിയാം എന്നു വിചാരിച്ച് പരുമലക്കു പുറപ്പെട്ടു. പക്ഷേ പരുമല ചെന്നപ്പോൾ മനസിലായി ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ വച്ച് മെത്രാൻ വാഴ്ച നടത്താനുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കയാണെന്ന്. അതിനോടനുബന്ധിച്ച്, പാത്രിയർക്കീസ് ബാവാ, ശീമ റമ്പാൻമാർ, കല്ലാശ്ശേരിൽ മെത്രാൻ, കരവട്ടുവീട്ടിൽ യൂയാക്കീം റമ്പാൻ എന്നിവർ പരുമല ക്യാമ്പു ചെയ്ത് ചെങ്ങന്നൂർക്ക് പോവാൻ ഒരുങ്ങിയിരിക്കുന്നതാണ് ഗീവർഗീസ് റമ്പാൻ കണ്ടത്. ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാകട്ടെ കോട്ടയത്തിന് പോയിട്ട് ചെങ്ങന്നൂർക്ക് വരുകയേയുള്ളു എന്നും അറിഞ്ഞു. പരുമല നിന്നും എല്ലാവരുടെയും കൂട്ടത്തിൽ ചെങ്ങന്നൂർക്ക് പോയാൽ താനുദ്ദേശിക്കുന്ന കാര്യം നടക്കാതെ വന്നേക്കാം എന്നു വിചാരിച്ച് നേരത്തേ തന്നെ ഗീവർഗീസ് റമ്പാൻ ചെങ്ങന്നൂർക്ക് പുറപ്പെട്ടു. അവിടെയെത്തിയപ്പോൾ കാതോലിക്കാ ബാവായേയും ദീവന്നാസ്യോസ് മെത്രാപ്പോലീത്തായേയും സൗകര്യപൂർവ്വം കാണാൻകഴിഞ്ഞു. “വല്ല നിവൃത്തിയുമുണ്ടെങ്കിൽ ഇതിൽ നിന്നും കഥാനായകനെ ഒഴിച്ച് വിടണമെന്ന് അറിയിക്കയും സമ്മതിക്കാഞ്ഞതിനാൽ ദൈവേഷ്ടം പോലെ വരട്ടെ എന്ന് വച്ച് സമ്മതിക്കയും ചെയ്തു” (ഡയറിയിൽ നിന്ന്).

### 34. മെത്രാൻ സ്ഥാനാഭിഷേകം

കണ്ടനാട്ട് കരവട്ടുവീട്ടിൽ യൂയാക്കീം റമ്പാനും, വാകത്താനം വള്ളിക്കാട്ട് കാരുചിറ ഗീവർഗീസ് റമ്പാനും, മെത്രാൻസ്ഥാനം നൽകുവാനുള്ള തീരുമാനപ്രകാരം അബ്ദേദ് മ്ശിഹാ പാത്രിയർക്കീസിന്റെയും ബസേലിയോസ് പൗലൂസ് പ്രഥമൻ കാതോലിക്കായുടെയും, മുഖ്യ കാർമ്മികത്വത്തിൽ 1913 ഫെബ്രുവരി 9 ന് (1088 മകരം 27)* ഞായറാഴ്ച ചെങ്ങന്നൂർ പഴയസുറിയാനി പള്ളിയിൽ വച്ച് ശുശ്രൂഷകൾ നടന്നു. തലേദിവസം രാത്രിയിൽ തന്നെ തത്സംബന്ധമായ ഉടമ്പടി (ശൽമൂസ) യിൽ രണ്ടു പേരും ഒപ്പിട്ടു. മെത്രാൻ വാഴ്ചയെക്കുറിച്ച് ഡയറിയിൽക്കൊടുത്തിരിക്കുന്ന വിവരത്തിന്റെ ഏറ്റവും പ്രസക്തമായ ഭാഗം:

“27 ന് കാലത്ത് എല്ലാവരും പള്ളിയകത്തിറങ്ങി നമസ്കാരം കഴിക്കയും

* ശ്രീ. കെ. കുറിയാക്കോസ് എഴുതിയ ജീവചരിത്ര ഗ്രന്ഥത്തിൽ മകരം 26 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഡയറിയിലെ തീയതിയാണ് മേൽ കൊടുത്തിരിക്കുന്നത്.

Malankara Orthodox TV

ബാവാ കുർബ്ബാന ആരംഭിക്കയും ചെയ്തു. വിശ്വാസപ്രമാണം കഴിഞ്ഞ് സ്ഥാനം ഏൽക്കുന്ന യൂയാക്കീം റമ്പാനെയും കഥാനായകനെയും ബാവായുടെ കൈമുത്തിച്ചു കൊണ്ട് പള്ളിയുടെ വടക്കു വശത്ത് ബാവാ ഇരിക്കുന്നതിനായി കെട്ടിഒരുക്കിയിരുന്ന മുറിയിലേക്ക് കൊണ്ടുപോയി രണ്ട് കസേരയിൽ തലയും മുഖവും ശോശപ്പാ ഇട്ടു മൂടി ഇരുത്തുകയും ശേഷം പേർ പള്ളിയകത്തേക്ക് പോയി കുർബ്ബാനയിൽ സംബന്ധിക്കയും ബസുമൽക്കാ സമയത്ത് മെത്രാച്ചന്മാരും റമ്പാച്ചന്മാരും പട്ടക്കാരും ശെമ്മാശന്മാരും വടക്കേ മുറിയിലേക്ക് വന്ന് സ്ഥാനാർത്ഥികളെ മദ്ബഹായിലേക്കും മറ്റും കൊണ്ടുപോകയും കാതോലിക്കാ ബാവായും മെത്രാച്ചന്മാരും റമ്പാച്ചൻമാരും കൂടി പട്ടംകൊടയുടെ ക്രമം കഴിച്ചു തുടങ്ങുകയും ചെയ്തു. സ്ഥാനാർത്ഥികൾ രണ്ടു പേരും പള്ളിനടയിൽ വച്ച് സുറിയാനി ഭാഷയിൽ ശൽമൂസ വായിച്ച് സ്ഥാനാഭിഷേക സമയത്ത് യൂയാക്കിം റമ്പാന് ഈവാനിയോസെന്നും കഥാനായകന് പീലക്സീനോസ് എന്നും നാമകരണം ചെയ്തു. അതു കഴിഞ്ഞ് എല്ലാവരും ഉക്സിയോസ് എന്നു മൂന്നു പ്രാവശ്യം ചൊല്ലി. അപ്പോൾ സ്ഥാനാർത്ഥികളെ കസേരയിൽ ഇരുത്തി മേൽപ്പോട്ട് ഉയർത്തിയിരുന്നു. ഇവകളും കുർബ്ബാനയും കഴിഞ്ഞ് ബാവായും ശേഷം പേരും മുറിയിലേക്ക് പോകയും പുതിയ മെത്രാച്ചന്മാർ എല്ലാവരേയും കൈമുത്തിക്കയും ചെയ്തശേഷം പുതിയ മെത്രാച്ചന്മാരെ ചുവപ്പ് ളോഹയും മറ്റും ധരിപ്പിച്ച് ബാവായുടെ അടുക്കലേക്ക് കൊണ്ടു പോയി. "അൽഹൗതറങാ" യും മറ്റും ചൊല്ലിയ ശേഷം ബാവാ അനുഗ്രഹിക്കയും കൈമുത്തിക്കയും ചെയ്തശേഷം എല്ലാവരും പിരിയുകയും ചെയ്തു."

പുതിയ മെത്രാച്ചന്മാരുടെ ആതിഥേയത്വത്തിൽ ആയിരുന്നു അന്ന് വൈദിക സ്ഥാനികൾക്കുള്ള സദ്യ. മെത്രാൻസ്ഥാനം ഏറ്റ അന്നു തന്നെ ഗീവർഗീസ് മാർ പീലക്സീനോസ് ചെങ്ങന്നൂർ നിന്നും വാകത്താനത്തേക്ക് പോന്നു.

## 35. ജന്മനാട്ടിലെ വരവേല്പും, വാകത്താനത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസ സമാരംഭവും

വാകത്താനത്തു നിന്നു പലരും ചെങ്ങന്നൂരെത്തിയിരുന്നു. അഭിനവ മെത്രാപ്പോലീത്താ അന്നു തന്നെ വാകത്താനത്തിന് പുറപ്പെടുകയാണെന്നറിഞ്ഞു അവരിൽ കുറേപ്പേർ നേരത്തേ തന്നെ വാകത്താനത്തെത്തി, തിരുമേനിയെ സ്വീകരിക്കാൻ ഒരുക്കങ്ങൾ ചെയ്തു. കുറേപ്പേർ തിരുമേനിയോടൊപ്പവും പോന്നു. 28-ാം തീയതി തിങ്കളാഴ്ച നാലു മണിയോടെ പിലാപ്പിള്ളി കടവിൽ എത്തിയപ്പോൾ വാകത്താനത്തു നിന്ന് ആളുകൾ കളിവള്ളങ്ങളിൽ വന്ന് എതിരേറ്റ് സന്ധ്യക്കു മുമ്പായി വാകത്താനത്തു പള്ളിയിലേക്ക് കൊണ്ടു പോയി. ആ സംഭവത്തെക്കുറിച്ച് ഡയറിയിൽ ഇപ്രകാരം ഒരു പരാമർശം കാണുന്നു:

“പള്ളിക്കാർക്ക് മുന്നറിവൊന്നും കൊടുക്കാതിരുന്നിട്ടും അവരാൽ കഴിയുന്നിടത്തോളം പ്രയാസപ്പെട്ട് എതിരേൽപ്പ് മോടിയാക്കുവാൻ ശ്രമിക്കാതിരുന്നില്ല.”

വാകത്താനത്തെ സ്വീകരണത്തിന്റെ ഏറ്റവും വലിയ സന്തോഷ കാരണം മറ്റൊന്നായിരുന്നു. വാകത്താനത്തും പരിസരത്തും ഉള്ളവർക്ക് ഇംഗ്ലീഷ് പഠിക്കാൻ മതിയായ സൗകര്യങ്ങളില്ലാതിരുന്നതിന്റെ ദുഃഖം സ്വന്തം അനുഭവത്തിൽ തുടങ്ങി മനസിൽ പതിഞ്ഞിരുന്നതിനാൽ പല പ്രാവശ്യം പ്രസ്തുത കാര്യം പള്ളിയിൽ പരസ്യമായും അല്ലാതെയും പറയുക മാത്രമല്ല തത്സംബന്ധമായ ചില ആലോചനകളും നടത്തിയിരുന്നു. ഏതായാലും ദൈവനിശ്ചയം പോലെ, മെത്രാനായി തിരിച്ചെത്തിയ ദിവസം തന്നെ വാകത്താനത്തു പള്ളിയിൽ ഇംഗ്ലീഷ് അഭ്യസനം ആരംഭിച്ചു.*

## 36. കോട്ടയം - അങ്കമാലി ഇടവകയുടെ മെത്രാപ്പോലീത്താ

കോട്ടയം - അങ്കമാലി ഇടവകയുടെ മെത്രാപ്പോലീത്തായായി ഭദ്രാസന ഭരണം നടത്തിക്കൊണ്ടിരുന്നതോടു കൂടി മെത്രാപ്പോലീത്താ ശ്രദ്ധിച്ച കാര്യം വാകത്താനത്തിന്റെ സമഗ്ര പുരോഗതിയായിരുന്നു. സമഗ്ര പുരോഗതിയുടെ മൂന്നു പ്രധാന ഘടകങ്ങൾ വിദ്യാഭ്യാസവും ഗതാഗത സൗകര്യവും, വാർത്താവിനിമയ സൗകര്യവും ആണെന്നറിയാമായിരുന്ന തിരുമേനി നാട്ടുകാരായ നാനാജാതി മതസ്ഥരുടെ സഹകരണം ഇക്കാര്യത്തിൽ തേടി. വാകത്താനത്തിന്റെ വിദ്യാഭ്യാസപരമായ രണ്ട് ആവശ്യങ്ങൾ അദ്ദേഹത്തിന്റെ മനസിൽ വ്യക്തമായി തെളിഞ്ഞു: ഒന്ന്, ഒരു ഇംഗ്ലീഷ് സ്കൂൾ. രണ്ട്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ.

### വാകത്താനത്തിനു പൊതുസ്ഥാപനങ്ങളും റോഡുകളും

ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുവാൻ ആദ്യം വാകത്താനം വലിയ പള്ളി തന്നെ കേന്ദ്രമാക്കി ശ്രമം ആരംഭിച്ചു. അങ്ങനെയാണ്, മെത്രാനായി വാകത്താനത്തെത്തിയ അന്നു തന്നെ ഇംഗ്ലീഷ് പഠനം വാകത്താനം പള്ളിയിൽ ആരംഭിച്ചത്. ഇതേ തുടർന്ന് ഒരു ഇംഗ്ലീഷ് സ്കൂൾ അനുവദിച്ചു കിട്ടുന്നതിനുള്ള പരിശ്രമവും ആയി. 1090 വൃശ്ചികം 22 ന് ഇംഗ്ലീഷ് പള്ളിക്കുടത്തിന് നിശ്ചയിച്ചിരുന്ന സ്ഥലം കാണുവാൻ വിദ്യാഭ്യാസ വകുപ്പിൽ നിന്നും

* പക്ഷേ ഇത് അധികകാലം തുടരാൻ ഇടയായതായി തോന്നുന്നില്ല. തിരുമേനിയുടെ പ്രവർത്തനകേന്ദ്രം വാകത്താനം പള്ളിയിൽ നിന്ന് വള്ളിക്കാട്ടു പള്ളിയിലേക്ക് വിവിധ കാരണങ്ങളാൽ മാറിയതും സമീപ പ്രദേശങ്ങളിൽ തിരുമേനിയുടെ ഉത്സാഹത്താൽ സ്കൂളുകൾ ആരംഭിക്കാൻ ഇടയായതും ഈ നിഗമനത്തെ സാധൂകരിക്കുന്നു.

ജോയ്സ് പ്രൈസ് സായ്പു വന്നുവെന്നും പരിശോധന കഴിഞ്ഞ് തൃപ്തികരമായ അഭിപ്രായത്തോടെ പോയിയെന്നും ഡയറിയിൽ തിരുമനസു കൊണ്ട് കുറിച്ചിട്ടുണ്ട്. ഈ സ്വപ്നം പിന്നീട് സഫലമായതാണ് വാകത്താനം യു. പി. സ്കൂൾ എന്ന് അറിയപ്പെടുന്നതും, ഇന്ന് സഭ വകയായി നടത്തപ്പെടുന്നതുമായ മാർ ബസേലിയോസ് യു. പി. സ്കൂൾ (എം. ബി. യു. പി. സ്കൂൾ) വാകത്താനം. ഈ സ്കൂളിന്റെ കാര്യത്തിൽ തിരുമേനിയോടൊപ്പം, ഇടമന ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി മുതലായവർ പരിശ്രമിച്ചിരുന്നു.

വാകത്താനത്തിന്റെ വടക്കുഭാഗത്ത്, ഉണ്ണാമറ്റം കവലയിൽ തിരുമനസിലെ ഉത്സാഹത്താൽ ആരംഭിച്ച സർക്കാർ സ്കൂളാണ് പിൽക്കാലത്ത് ഗവ. ലോവർ പ്രൈമറി ബോയ്സ് സ്കൂൾ ആയത് (ഉണ്ണാമറ്റം, വാകത്താനം). ഇതിന്റെ സ്ഥാപനത്തിലും ഇടമന ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി മുതലായവർ സഹകരിച്ചു. വാകത്താനത്തിന്റെ തെക്കുഭാഗത്ത്, തിരുമനസിലെ ഉത്സാഹത്താൽ ആരംഭിച്ച സ്കൂളാണ്, "മാർ പീലക്സീനോസ് മെമ്മോറിയൽ സ്കൂൾ" എന്നും, "പെൺപള്ളിക്കുടം" എന്നും അറിയപ്പെട്ടത്. ഈ സ്കൂൾ സ്ഥാപനത്തിന് റാവുസാഹിബ് ഒ. എം. ചെറിയാൻ വളരെ സഹായിച്ചു. പിൽക്കാലത്ത് ഈ സ്കൂൾ തിരുമനസു കൊണ്ട് സർക്കാരിലേക്ക് എഴുതിക്കൊടുക്കയും, ഇന്ന്, ഗവൺമെന്റ് ലോവർ പ്രൈമറി ഗേൾസ് സ്കൂൾ, വാകത്താനം എന്ന് അറിയപ്പെടുകയും ചെയ്യുന്നു. ഇവ കൂടാതെ സമീപ പ്രദേശങ്ങളിൽ പല സ്കൂളുകളും തിരുമനസിലെ പ്രത്യക്ഷവും പരോക്ഷവുമായ പ്രേരണയാൽ സ്ഥാപിതമായവയാണ്. അവയിൽ പ്രധാനമാണ് നാലുന്നാക്കൽ സെന്റ് ആദായിസ് എൽ. പി. സ്കൂൾ, ഇത്തിത്താനം എൽ. പി. സ്കൂൾ എന്നിവ. പുതുശ്ശേരി എം. ജി. ഡി. എം. സ്കൂളിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചതും തിരുമേനിയാണ്. വള്ളിക്കാട്ടു പള്ളിയുടെ മുറ്റത്തു തന്നെ ഒരു വിദ്യാലയം ആരംഭിച്ചതിനെപ്പറ്റി തിരുമേനി പറയുന്നുണ്ട് (1092 (?) കർക്കിടകം): "8 നു വ്യാഴാഴ്ച പള്ളിമുറ്റത്ത് താഴെ കെട്ടിയൊതുക്കിയ ഒരു കുടിപള്ളിക്കൂടത്തിൽ ഒരു പഠിത്തം തുടങ്ങി. ഒറ്റപ്ലാക്കൽ പീലിപ്പോസ് വാദ്യാരായിരുന്നു." 1094 ധനു മാസത്തിൽ "പെൺ പള്ളിക്കൂടം" വകയ്ക്ക് തിരുമേനിയുടെ പേരിൽ മുപ്പതു സെന്റ് സ്ഥലം വാങ്ങിയതായും ഡയറിയിൽ പറയുന്നു. 1096 കന്നി മാസം 16 നു, പാത്താമുട്ടം തെക്കേ ഭാഗത്ത് കൈതയിൽ മാത്തു മുതൽ പേർ ഒരു മലയാളം ഗ്രാന്റ് സ്കൂൾ സ്ഥാപിക്കുന്നതിന് ശിലാസ്ഥാപനം ചെയ്തത് തിരുമനസു കൊണ്ടാണ്.

കണ്ണഞ്ചിറ നിന്ന് വള്ളിക്കാട്ട് പള്ളിയിലേക്ക് റോഡുണ്ടാക്കുന്നതിന് തിരുമനസു കൊണ്ട് ബന്ധപ്പെട്ടവരെ വിളിച്ച് ആലോചിച്ച് 1914 കന്നി മാസത്തിൽ പണി തുടങ്ങിയെങ്കിലും 1919 മിഥുന മാസത്തിലാണ് അതു പൂർത്തിയായതെന്നു തോന്നുന്നു. ദയറായിൽ നിന്ന് കിഴക്കേ റോഡു വരെയുള്ള വഴി വെട്ടിത്തീർത്തത് 1100 മേട മാസത്തിൽ കാതോലിക്കായായി സ്ഥാനം ഏറ്റ് വള്ളിക്കാട്ട് എത്തിയതിന്റെ അടുത്ത ദിവസങ്ങളിലാണ്.

MalankaraOrthodox.TV

1922 (1098) മേട മാസത്തിലാണ് തിരുമേനിയുടെ ഉത്സാഹത്താൽ ഒരു പോസ്റ്റാഫീസ് വാകത്താനത്തു പ്രവർത്തനക്ഷമമായത്. മുളന്താനത്തു കുഴിയിൽ എം. സി. ചാക്കോ റൈറ്ററുടെ മാളികയിലാണ് "അഞ്ചലാപ്പീസ്" ആരംഭിച്ചത്.

തിരുമേനിയുടെ സാമൂഹ്യ സേവന പരിപാടികളെ മനസിലാക്കാൻ ശ്രമിച്ച ചിലർക്ക് അന്നത്തെ കാലഘട്ടത്തിൽ അതൊരു പാഴ്‌വേലയോ വഴി തെറ്റലോ ആയി തോന്നി. അന്നത്തെ ഒരു വൈദികസ്ഥാനി അതിനെക്കുറിച്ചു പറഞ്ഞത്, "ആത്മാവിൽ ആരംഭിച്ച് ജഡത്തിൽ അവസാനിപ്പിക്കയാണ്" എന്നാണ്. പക്ഷേ അന്നത് പാഴ്‌വേലയായില്ലയെന്ന് ചരിത്രം തെളിയിച്ചു.*

## 37. പാമ്പാടി റമ്പാച്ചനോട് (പിന്നീട് പാമ്പാടി തിരുമേനി) ആത്മബന്ധം

പാമ്പാടി പേഴമറ്റത്ത് കുറിയാക്കോസ് റമ്പാന്റെ സ്ഥാനലബ്ധിയിലും പിന്നീടും ഒരു ഗുരുസ്ഥാനീയനായിരുന്നു പ്രോത്സാഹിപ്പിക്കുവാൻ ഗീവർഗീസ് റമ്പാനുണ്ടായിരുന്നു. ഒരു ആത്മബന്ധമായി ആ പരസ്പര കരുതൽ രൂപാന്തരപ്പെട്ടു. അതുകൊണ്ട് "പാമ്പാടി റമ്പാച്ചൻ" പലപ്പോഴും സമ്മാനങ്ങളുമായി ഗീവർഗീസ് റമ്പാന്റെ അടുക്കൽ വരുകയും, ഗീവർഗീസ് റമ്പാനായിരിക്കുമ്പോഴും മെത്രാപ്പോലീത്തായായപ്പോഴും പാമ്പാടി ദയറായിലേക്ക് ക്ഷണിക്കയും കൊണ്ടുപോകയും ചെയ്യുമായിരുന്നു. പാമ്പാടി റമ്പാച്ചനെയും ദയറായെയും കുറിച്ച് ഡയറിയിലെ ഹൃദ്യമായ ഒരു പരാമർശം പ്രത്യേകം ശ്രദ്ധാർഹമാണ്:

"പാമ്പാടി ദയറായിൽ താമസിക്കുമ്പോൾ എല്ലാ സംഗതികളും റമ്പാച്ചൻ ഭംഗിയായി നടത്തി. പാമ്പാടിയിലെ ജനങ്ങളും നിത്യവും വരികയും പല വിഭവങ്ങൾ കാഴ്ചയായി കൊണ്ടുവരികയും ചെയ്തിരുന്നു. ദയറായിരിക്കുന്നത് ഒരു നല്ല കാഴ്ചയുള്ള സ്ഥലത്തും കൃഷിക്ക് ഫലപുഷ്ടിയുള്ളതും ആകുന്നു."

## 38. പുതിയനിയമ തർജ്ജിമ: വെളിച്ചം കാണാതെ പോയ ഒരു സൃഷ്ടി

സഭാ നേതൃസ്ഥാനത്തേക്കൊക്കെ വന്നു കഴിഞ്ഞാൽ രണ്ടക്ഷരം വായിക്കണമെന്നോ എഴുതണമെന്നോ നിർബന്ധമില്ലാത്ത അവസ്ഥയാണ്

---

* എന്നിരുന്നാലും, പിൽക്കാലത്തു വിദ്യാഭ്യാസ മേഖലയിൽ സഭയുടെ ചില പരീക്ഷണങ്ങൾ, ആത്മാവിൽ ആരംഭിച്ച് ജഡത്തിൽ അവസാനിപ്പിക്കുന്നതു പോലെ തോന്നിപ്പോകുന്നു.

Malankara Orthodox TV

പലർക്കും എങ്കിലും, ഗീവർഗീസ് മാർ പീലക്സീനോസ് തിരുമേനിക്ക് തിരക്കു പിടിച്ച പ്രവർത്തനങ്ങൾക്കുള്ളിൽ എഴുതിത്തീർക്കുവാൻ ഏറെയുണ്ടായിരുന്നു. പ്രധാനമായും പുതിയനിയമത്തിന്റെ സുറിയാനിയിൽ നിന്നുള്ള ഒരു സ്വതന്ത്ര പരിഭാഷയായിരുന്നു അത്. 1098 (1922) ചിങ്ങ മാസമായപ്പോൾ പുതിയനിയമം മുഴുവൻ പരിഭാഷപ്പെടുത്തി കഴിഞ്ഞിരുന്നു. അതു വായിച്ച് അച്ചടി നടപടികൾ നടത്തുവാനായി എം. എ. ഗീവർഗീസ് കത്തനാരെ (പിന്നീട് ബഥനിയുടെ മാർ ഈവാനിയോസ്) ഏല്പിക്കുവാൻ വലിയ പാറേട്ട് മാത്യൂസ് കത്തനാരെ (പിന്നീട് പാറേട്ടു മാത്യൂസ് മാർ ഈവാനിയോസ്) ഭരമേല്പിച്ചതായി ഡയറിയിൽ കാണുന്നുവെങ്കിലും അത് എവിടെയോ നഷ്ടപ്പെട്ടതായി തോന്നുന്നു. വെളിച്ചം കാണാതെ പോയ ഒരു സൃഷ്ടിയായി അതു അവശേഷിക്കുന്നുണ്ടാകാം.

## 39. രണ്ടു ദയറാപ്പള്ളികളുടെ കൂദാശ

ഗീവർഗീസ് മാർ പീലക്സീനോസ് തിരുമനസു കൊണ്ട് പല പള്ളികളും കൂദാശ ചെയ്യുകയും, പലർക്കും പട്ടം കൊടുക്കയും ചെയ്തു. എങ്കിലും സ്വന്തം ജീവിത സാഫല്യമായി സംതൃപ്തി നൽകിയ രണ്ടു ദയറാപ്പള്ളികളുടെ കൂദാശ നിറം പിടിച്ചു നിന്നു. ഒന്ന്, 1097 മകരം 14, 15 തീയതികളിൽ നടന്ന വള്ളിക്കാട്ടു ദയറാപ്പള്ളിയുടെ കൂദാശയും മറ്റത്, 1100 മകര മാസം 7-നു നടന്ന പാമ്പാടി ദയറാപ്പള്ളി കൂദാശയും ആണ്.

യൂയാക്കീം മാർ ഈവാനിയോസ്, ഗീവർഗീസ് മാർ പീലക്സീനോസ് എന്നീ തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിലും ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, വലിയ പാറേട്ട് മാത്യൂസ് കത്തനാർ, പട്ടശ്ശേരി കത്തനാർ, കരിപ്പാൽ കത്തനാർ മുതലായ വൈദികരുടെയും സഹകരണത്തിലുമാണ് വള്ളിക്കാട്ട് ദയറാപ്പള്ളിയുടെ കൂദാശ ആർഭാടമായി നടന്നത്. മലങ്കര മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ദീവന്നാസ്യോസിന്റെയും, ഗീവർഗീസ് മാർ പീലക്സീനോസിന്റെയും പ്രധാന കാർമ്മികത്വത്തിലും, വലിയ പാറേട്ട് മാത്യൂസ് കത്തനാർ മുതലായ പല പട്ടക്കാരുടെയും സഹകരണത്തിലുമാണ് പൊത്തമ്പുറം (പാമ്പാടി) ദയറാപ്പള്ളി കൂദാശ നടന്നത്.

## 40. കാതോലിക്കാ സ്ഥാനത്തേക്ക്

1912 ൽ മലങ്കരയിൽ സ്ഥാപിക്കപ്പെട്ട കാതോലിക്കാ സ്ഥാനം, ഒന്നാം കാതോലിക്കാ പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവാ 1913 മെയ് 2-ാം തീയതി കാലം ചെയ്തതോടെ ദീർഘമായ 12 വർഷം ഒഴിവായിക്കിടന്നു. ഇതിനോടകം ഈ സ്ഥാനത്തേക്ക് ആരെയെങ്കിലും ആക്കുന്നതിന് അന്നത്തെ സഭാന്തരീക്ഷം അനുകൂലം ആയിരുന്നില്ല. മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിൽ ഗീവർഗീസ് ദീവന്നാസ്യോസിന് മുടക്ക്, വ്യവഹാരം, പള്ളികളിൽ കലഹം മുതലായവയെ അഭിമുഖീകരിക്കേണ്ടി വന്നു.

Malankara Orthodox TV

എന്നാൽ 1925 ആയപ്പോൾ ധീരമായ ഒരു നടപടിയായി കാതോലിക്കാ സ്ഥാനത്തേക്ക് ഒരാളെ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. മാർ ദീവന്നാസ്യോസിനെ കൂടാതെ, മറ്റു മൂന്നു മെത്രാന്മാരാണ് അന്നുണ്ടായിരുന്നത്. ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, യൂയാക്കിം മാർ ഈവാനിയോസ്, ഗീവർഗീസ് മാർ പീലക്സീനോസ്. ഇവരിൽ യൂയാക്കിം മാർ ഈവാനിയോസ് ശയ്യാവലംബിയായി കഴിഞ്ഞിരുന്നു. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് അല്പം നേരത്തെ മെത്രാൻസ്ഥാനം പ്രാപിച്ചയാളെങ്കിലും പ്രായത്തിൽ ഗീവർഗീസ് മാർ പീലക്സീനോസിനേക്കാൾ ഇളപ്പമായിരുന്നു. അതുകൊണ്ടു തന്നെ ഗീവർഗീസ് മാർ പീലക്സീനോസ് കാതോലിക്കാസ്ഥാനം സ്വീകരിക്കണമെന്ന് ഗ്രീഗോറിയോസ് മെത്രാച്ചൻ ശക്തമായി അഭിപ്രായപ്പെട്ടു. എന്നാൽ കാതോലിക്കാ സ്ഥാനത്തിന് തന്നെ നിർബന്ധിക്കരുതേ എന്ന അപേക്ഷയാണ് മാർ പീലക്സീനോസ് എല്ലാവരുടെയും മുമ്പിൽ സമർപ്പിച്ചത്. അവസാനം, മലങ്കര മെത്രാപ്പോലീത്താ ദീവന്നാസ്യോസ് തിരുമനസു കൊണ്ട് രണ്ടു പേരെയും സഭയുടെ അടിയന്തിരാവശ്യം ഓർമ്മിപ്പിച്ചു കൊണ്ട് പ്രാർത്ഥനയോടെ കുറിയിട്ടു. മാർ പീലക്സീനോസിനു തന്നെ ആദ്യമായി കാതോലിക്കാ സ്ഥാനത്തേക്ക് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടു.

അസോസ്യേഷൻ കൂടി ഔദ്യോഗികമായി തെരഞ്ഞെടുപ്പു നടത്തുവാനായിട്ട് സീനിയർ മെത്രാൻ എന്ന നിലയിൽ പീലക്സീനോസ് മെത്രാപ്പോലീത്താ പള്ളികൾക്ക് കല്പന അയച്ചു. അതിൻപ്രകാരം 1100 (1925) മേടമാസം 16-നു നിരണത്തു പള്ളിയിൽ പള്ളിപ്രതിപുരുഷന്മാർ സമ്മേളിച്ച അസോസ്യേഷനിൽ വച്ച് മാർ പീലക്സീനോസിനെ കാതോലിക്കായായി തിരഞ്ഞെടുത്തു. അടുത്ത ദിവസം തന്നെ (1925 ഏപ്രിൽ 30 ന്) നിരണം പള്ളിയിൽ വച്ച്, മലങ്കര സുന്നഹദോസിനു വേണ്ടി മാർ ഗ്രീഗോറിയോസിന്റെ പ്രധാന കാർമ്മികത്വത്തിലും മാർ ഈവാനിയോസിന്റെ സഹകാർമ്മികത്വത്തിലും പീലക്സീനോസിനെ കിഴക്കിന്റെ കാതോലിക്കായായി അവരോധിച്ചു. തുടർന്നു നടന്ന മഹാസമ്മേളനം ഒരു അനുമോദന യോഗവും തെരഞ്ഞെടുപ്പു യോഗവും ആയിരുന്നു. പുതിയ കാതോലിക്കാ, ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായ്ക്ക് മംഗളപത്രം നൽകി എല്ലാവരും ആശംസകളർപ്പിച്ചു. അനുമോദന യോഗത്തിൽ സഭയുടെ അത്മായ പൗരുഷത്തിന്റെ പ്രതീകങ്ങളായ എം. എ. ചാക്കോ, കെ. സി. മാമ്മൻ മാപ്പിള, കന്നുകുഴി കെ. കെ. ലൂക്കോസ്, ഒ. എം. ചെറിയാൻ എന്നിവരും പി. റ്റി. ഗീവർഗീസ് റമ്പാൻ, പാറേട്ട് മാത്യൂസ് കത്തനാർ തുടങ്ങിയവരും ആശംസകൾ നേർന്നു പ്രസംഗിച്ചു. “മലയാള മനോരമ” യിൽ 1925 മെയ് 5 ന് പത്രാധിപർ കെ. സി. മാമ്മൻ മാപ്പിള ശ്രദ്ധേയമായ ഒരു മുഖപ്രസംഗവും എഴുതി കാതോലിക്കാ ബാവായ്ക്ക് ആശംസകൾ അർപ്പിച്ചു. നിരണത്തു പള്ളിക്കാർ

കുരിശും മാലയും സമ്മാനിച്ചു. സഭയ്ക്ക് പുതിയ മേല്പട്ടക്കാരായി പാമ്പാടി കുറിയാക്കോസ് റമ്പാൻ, സി. എം. തോമസ് ശെമ്മാശൻ, പാറേട്ട് മാത്യൂസ് കത്തനാർ, പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ എന്നിവരെ പ്രസ്തുത യോഗം തെരഞ്ഞെടുക്കുകയും ചെയ്തു.

പുതിയ കാതോലിക്കാ, സ്ഥാനം സ്വീകരിച്ചതിന്റെ തൊട്ടടുത്ത ദിവസം തന്നെ ഒരു മെത്രാൻ സ്ഥാനാഭിഷേകം നടത്തി. ബഥനിയുടെ എപ്പിസ്കോപ്പായായി എം. എ. ഗീവർഗീസ് റമ്പാനെ, മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് മെത്രാപ്പോലീത്താമാരുടെ സഹകരണത്തോടെ വാഴിച്ചു. മെത്രാൻ വാഴ്ചയും കഴിഞ്ഞ് കാതോലിക്കാബാവാ മേടം 20 ന് വള്ളിക്കാട്ട് പള്ളിയിൽ എത്തിച്ചേർന്നു. 29 –നു കാതോലിക്കാ ബാവായ്ക്ക് വാകത്താനം പള്ളിയിൽ ആവേശകരമായ സ്വീകരണം നൽകപ്പെട്ടു.

## 41. സൈത്തു കൂദാശ, വള്ളിക്കാട്ട് പള്ളി വിപുലീകരണം

കാതോലിക്കായായി ഒരു വർഷക്കാലത്തോളം സഭ മുഴുവൻ സഞ്ചരിച്ച് ആത്മീയ ശുശ്രൂഷകൾ നിർവ്വഹിക്കുകയും സ്വീകരണങ്ങൾ ഏറ്റുവാങ്ങുകയും ആയിരുന്നു. പള്ളികളിലൊക്കെ സൈത്ത് തീർന്നിരിക്കുന്നു എന്ന് അറിയുകയാൽ, സൈത്തു കൂദാശ നടത്തുവാൻ തയാറെടുത്തു. 1101 ഇടവം 15 ന് (1126) വള്ളിക്കാട്ടു പള്ളിയിൽ വച്ച് 25 കുപ്പി സൈത്തു കൂദാശ ചെയ്ത് വിവിധ പള്ളികൾക്ക് കൊടുത്തു. ഇതോടൊപ്പം, വള്ളിക്കാട്ടു പള്ളി ഒരു സിമ്മനാരി എന്ന നിലയിൽ, ശെമ്മാശന്മാർക്ക് പരിശീലനം കൊടുക്കുന്ന കേന്ദ്രമായും സഭയിൽ അറിയപ്പെട്ടു. വള്ളിക്കാട്ടു പള്ളിയുടെ പുതിയ ചരിത്രപരമായ പ്രാധാന്യം കണക്കിലെടുത്തു കുറച്ചു കൂടെ സ്ഥലം കണ്ടെത്തി വിപുലീകരിച്ചു പണിയുവാൻ ബാവാ തിരുമനസു കൊണ്ട് തീരുമാനിക്കുകയും ആയതിൻ പ്രകാരം 1101 കർക്കിടകം 2 ന് വാനം മാന്തി പണി തുടങ്ങുകയും ചെയ്തു. അടുത്ത വർഷം കന്നി മാസം 28 ന് പണി ഏതാണ്ട് പൂർത്തിയായി.

## 42. പുതിയ കാതോലിക്കായും സഭയുടെ അവസ്ഥയും

കടൽക്ഷോഭത്തിൽ സാരമായ കേടു പറ്റിയെങ്കിലും ഒരു വിധം കരയണഞ്ഞ കപ്പലിന്റെ സ്ഥിതിയായിരുന്നു ബസേലിയോസ് ഗീവർഗീസ് പ്രഥമൻ സ്ഥാനമേറ്റപ്പോൾ, മലങ്കരസഭയ്ക്ക്. മലങ്കര മെത്രാപ്പോലീത്താ മുടക്കപ്പെട്ടയാൾ എന്ന് ആക്ഷേപം; കാതോലിക്കയാണോ മലങ്കര മെത്രാപ്പോലീത്തായാണോ സഭയുടെ യഥാർത്ഥ നേതാവ് എന്ന് വ്യക്തമല്ലാത്ത അവസ്ഥ; ഒന്നാം കാതോലിക്കാ, സ്ഥാനമേറ്റ് അധികം കഴിയുന്നതിന് മുമ്പ് കാലം ചെയ്തത്; അബ്ദുൾ മിശിഹാ പാത്രിയർക്കീസ് റോമാസഭയിൽ ചേർന്നുവെന്ന പ്രചാരണം; ഒന്നിച്ചു മെത്രാൻ സ്ഥാനം പ്രാപിച്ച യൂയാക്കീം മാർ ഈവാനിയോസിന്റെ രോഗവും വൈകാതെയുള്ള മരണവും. ഇങ്ങനെ

പലതു കൊണ്ടും സഭാ നേതൃത്വത്തിന് ആത്മവിശ്വാസം ചോർന്നു പോയോ എന്നു സംശയിക്കുന്ന ഒരവസ്ഥ.

പക്ഷേ അചഞ്ചലമായ ദൈവാശ്രയവും കറയറ്റ സഭാ സ്നേഹവും അദ്ദേഹത്തെ കർമ്മോത്സുകനാക്കി. സ്ഥാനമേറ്റപ്പോൾ മുതൽ വടക്കും തെക്കുമുള്ള പള്ളികളിലെത്തി പ്രബോധനങ്ങളും പ്രോത്സാഹനങ്ങളുമേകി സഭയെ ശക്തീകരിച്ചു. തെക്കൻ പ്രദേശത്തുള്ള ആളുകളെ കാതോലിക്കേറ്റിന്റെ കീഴിൽ ശക്തീകരിക്കുവാൻ പരുമല കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്കു സാധിച്ചു. മാക്കാംകുന്ന് കൺവൻഷൻ മൂന്നു നോമ്പിന്റെ കാലഘട്ടത്തെ വചനസുഗന്ധത്താൽ ശ്രേഷ്ടമാക്കി. മലമടക്കുകളിൽ നിന്ന് കാൽനടയായി വന്ന് സുവിശേഷ പ്രസംഗം ശ്രവിക്കുന്ന പതിനായിരങ്ങളെയാണ് മാക്കാംകുന്നിൽ ദർശിച്ചത്.

പുതിയ കാതോലിക്കാ വാഴിച്ച, ബഥനിയുടെ ഈവാനിയോസ് എപ്പിസ്ക്കോപ്പായുടെ പ്രഭാഷണങ്ങളും പ്രാഗത്ഭ്യവും ഒരു വശത്ത് ഒരു പുതിയ കാലഘട്ടത്തിന്റെ പ്രതീക്ഷ നൽകി.* പരുമല തിരുമേനിയുടെ പ്രഭാപൂരം ഏറ്റുവാങ്ങി സഭയ്ക്ക് ഒരു പുതിയ ചൈതന്യവാഗ്ദാനമായി കല്ലാശ്ശേരി ഗീവർഗീസ് മാർ ഗ്രീഗോറിയോസും പുതിയ കാതോലിക്കായ്ക്ക് കൈത്താങ്ങലേകി. ഇതിലെല്ലാമുപരി, പലവിധ പ്രതികൂലതകളിലും തളരാതെ തലയുയർത്തി നിന്ന മഹായോഗിയും മലങ്കര മെത്രാപ്പോലീത്തായുമായ വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വ ഗാംഭീര്യം ഒന്നു വേറെ തന്നെയായിരുന്നു. അതോടൊപ്പം സഭയെ സ്നേഹിക്കുന്ന, ഇടയന്മാരോട് അടുത്തു നിൽക്കുവാൻ അഭിമാനം തോന്നിയ, സഭാംഗങ്ങൾ. ഇതൊക്കെ പുതിയ കാതോലിക്കായ്ക്ക് പുത്തൻ ഉത്സാഹത്തോടെ പ്രവർത്തിക്കുവാൻ പ്രചോദനമായി.

വള്ളിക്കാട്ടു പള്ളി ക്രമേണ സഭയുടെ സിരാകേന്ദ്രമായി. സഭാപരിപാലനത്തിന്റെ തിരക്കു പിടിച്ച യാത്രകളും യോഗങ്ങളും കഴിഞ്ഞ് ഇടവേള കിട്ടുമ്പോൾ, വള്ളിക്കാട്ടു പള്ളിപ്പരിസരം കൂടുതൽ സജീവമാകും. സുറിയാനി രാഗങ്ങൾ കേട്ടുചൊല്ലി പഠിക്കുവാൻ ശെമ്മാശന്മാർ കാത്തു നിൽക്കുന്നുണ്ടാകും. കൈയിൽ തുന്നൽ സാമഗ്രികളുമായി ചാരുകസേരയിൽ ഇരുന്ന് കുപ്പായം തുന്നുമ്പോഴും മഹാഗുരു "എക്കാറ" ചൊല്ലിക്കൊടുക്കുകയായിരിക്കും. അല്ലെങ്കിൽ ഇംഗ്ലീഷിൽ അത്യാവശ്യത്തിനു ഭാഷാപരിജ്ഞാനം ആവശ്യമുണ്ടെന്ന് തോന്നി കടന്നുവരുന്നവർക്ക് തത്സംബന്ധമായി എന്തെ

* ആ പ്രതീക്ഷ കുറേക്കാലം കഴിഞ്ഞപ്പോൾ അസ്ഥാനത്തായിപ്പോയെങ്കിലും, ആദ്യമൊക്കെ ഒരുത്സാഹം കാണാമായിരുന്നു. മാർ ഈവാനിയോസ് പിന്നീട് മലങ്കര റീത്ത് പ്രസ്ഥാനമുണ്ടാക്കി റോമാ സഭയിൽ ചേർന്ന് മാതൃസഭയെ വഞ്ചിച്ചു.

Malankara OrthodoxTV

ങ്കിലും പറഞ്ഞു കൊടുക്കുമ്പോൾ, കൈയിലൊരു ഉളിയും മരക്കഷണവും കാണും. മരക്കഷണം ഒരു കുർബ്ബാന അച്ചായി രൂപപ്പെടുന്നുണ്ടായിരിക്കും. അല്ലെങ്കിൽ ഒരു തുകൽ ചെരുപ്പ് നന്നാക്കിക്കൊണ്ടായിരിക്കും ശെമ്മാശ ന്മാരെ സുറിയാനി ഭാഷ പഠിപ്പിക്കുന്നത്.

തുടർച്ചയായിട്ടുള്ള ഉദരസംബന്ധമായ അസുഖം, ഭക്ഷണ കാര്യത്തിൽ സ്വതവേ ഉണ്ടായിരുന്ന ലാളിത്യത്തോടു ചേർന്ന് മിക്കവാറും ഉപവാസ ശൈലി തന്നെ വരുത്തിത്തീർത്തു.

കള്ളു ചേർത്തുണ്ടാക്കുന്ന വെള്ളയപ്പം സ്വന്ത ഭക്ഷണത്തിൽ മാത്രമല്ല, പെരുന്നാൾ നേർച്ചയിലും വിലക്കിയിരുന്നുവെന്നു പറഞ്ഞാൽ മദ്യവിരോധം അദ്ദേഹത്തിന് എത്ര മാത്രമായിരുന്നുവെന്ന് ഊഹിക്കാം. വെള്ളയപ്പം മാത്ര മല്ല പെരുന്നാളിനോടനുബന്ധിച്ച് പല പള്ളികളിലും നടന്നിരുന്ന കോഴി വെട്ടും സാധ്യമായിടത്തൊക്കെ നിരോധിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ഓരോ ദിവസത്തെയും കാര്യം ഡയറിയിൽ എഴുതുന്ന ശീലം ഉണ്ടായി രുന്നതിനാലാണല്ലോ സഭയുടെ പഴയ ഏടുകളിലെ പല കാര്യങ്ങളും ഇന്ന് കൂടുതൽ വ്യക്തമായിരിക്കുന്നത്. ഒരു ഡയറിയിൽ അത് എഴുതുന്ന ആളിന്റെ സ്വഭാവം നല്ലവണ്ണം തെളിയും. ഏൽപ്പിക്കപ്പെടുന്ന കാര്യം വിശ്വസ്തമായും ഭംഗിയായും ചെയ്യുന്ന ഒരു കാര്യവിചാരകനെ ആണ് ഡയറിയിൽ കാണു ന്നത്. ശുശ്രൂഷകളോടനുബന്ധിച്ച് പ്രബോധനവും നൽകണമെന്ന നിർബ ന്ധമുണ്ടായിരുന്നതിനാലാണ്, ഏതൊക്കെ വിഷയത്തെക്കുറിച്ച് പള്ളികളിൽ പ്രസംഗിച്ചുവെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളത്. തനിക്ക് കൈമുത്താ യിട്ടും സമ്മാനമായിട്ടും കിട്ടിയ പണം, സാധനങ്ങൾ ഇവയെക്കുറിച്ചും ഡയ റിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഭാശുശ്രൂഷകർ സാമ്പത്തിക കാര്യങ്ങ ളിൽ സുതാര്യതയും കാര്യവിചാരകത്വവും വെളിവാക്കണം എന്ന ഒരു ബോധ്യമാണ് ഇവിടെ പ്രകടമായത്.

വള്ളിക്കാട്ടു ദയറായിൽ വന്നുകൊണ്ടിരുന്ന അയ്മേനി പ്രമുഖന്മാരും വൈദികശ്രേഷ്ടരും ബാവാ തിരുമേനിയോട് ഒരു കാര്യം ഓർമ്മിപ്പിച്ചു. കാതോലിക്കായുടെ ആസ്ഥാനത്തിനു യോഗ്യമായ രീതിയിൽ സൗകര്യ പ്രദമായ ഒരു അരമനക്കെട്ടിടം ഉണ്ടാക്കണം എന്ന്. ദൈവഹിതമെങ്കിൽ അതു നടക്കുവാൻ വേണ്ടി ബാവാ തിരുമേനി ഒരുക്കങ്ങളും ചെയ്വാൻ തുടങ്ങി. 1104 കന്നി മാസം 20 നു ശിലാസ്ഥാപനം നടത്തി കെട്ടിടത്തിന്റെ പണി ആരംഭിച്ചു. ആവശ്യത്തിനുള്ള സാമഗ്രികൾ ക്രമീകരിച്ചു. പക്ഷേ തുടരെ ത്തുടരെയുണ്ടായ ആരോഗ്യപ്രശ്നങ്ങളും, സഭ മുഴുവന്റെയും ആത്മീയ മേൽനോട്ടത്തിനായുള്ള തിരക്കുപിടിച്ച യാത്രകളും മറ്റും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പലപ്പോഴും തടസമായി.

## 43. അനുചരരും ശിഷ്യപ്രമുഖരും

വ്യക്തിബന്ധങ്ങൾക്ക് വളരെയധികം പ്രാധാന്യം കല്പിച്ചിരുന്ന വ്യക്തിയായിരുന്നു ഗീവർഗീസ് പ്രഥമൻ ബാവാ. വൈദിക സ്ഥാനികളും അയ്മേനികളുമായ അനേകം പേർ അദ്ദേഹത്തിന് അനുചരരും ശിഷ്യരുമായിരുന്നു. കളപ്പുരയ്ക്കൽ പുന്നൂസ് കത്തനാർ, കരിപ്പാൽ യാക്കോബ് കത്തനാർ, പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോറെപ്പിസ്ക്കോപ്പാ, ചക്കുപുരക്കൽ പുന്നൂസ് കത്തനാർ, കരിങ്ങണാമറ്റത്തിൽ മാത്യൂസ് കത്തനാർ, റ്റി. വി. ജോൺ കത്തനാർ, ഇളങ്കാവുങ്കൽ ഫിലിപ്പോസ് കോർഎപ്പിസ്ക്കോപ്പാ, പള്ളിയടിയിൽ പീലിപ്പോസ് ശെമ്മാശൻ, പുന്നശ്ശേരിൽ മാത്യൂസ് ശെമ്മാശൻ, കരിങ്ങണാമറ്റത്തിൽ ജേക്കബ് ശെമ്മാശൻ, ചിറത്തലാട്ട് സി. വി. ജോർജ്ജ് ശെമ്മാശൻ, മാളികയിൽ എം. സി. കുറിയാക്കോസ് (പിന്നീട് എം. സി. കുറിയാക്കോസ് റമ്പാൻ), ഒറ്റപ്ലാക്കൽ വർക്കി മുതലായവർ അവരിൽ ചിലർ മാത്രമാണ്.

## 44. കല്ലാശ്ശേരിൽ ഗ്രീഗോറിയോസുമായുള്ള ആത്മബന്ധം

പാമ്പാടി റമ്പാച്ചനോടുണ്ടായിരുന്നതു പോലെ ദൃഢവും ആഴമുള്ളതുമായ ഒരു ആത്മബന്ധമാണ് കല്ലാശ്ശേരി ഗ്രീഗോറിയോസുമായി ഉണ്ടായിരുന്നത്. ദശാബ്ദങ്ങളോളം പഴക്കമുണ്ടായിരുന്നു ആ സൗഹൃദത്തിന്. കുറിച്ചി പള്ളിയിൽ വച്ച് ഗീവർഗീസ് (രണ്ടാം കാതോലിക്കാ) യവ്പദിയക്ക്നോ ആയിട്ടും പുന്നൂസ് (പിന്നീട് മൂന്നാം കാതോലിക്കാ) കോറൂയോ ആയിട്ടും കടവിൽ തിരുമേനിയിൽ നിന്നു പട്ടം വാങ്ങുമ്പോൾ മുതൽ ആ സൗഹൃദം വളർന്നു വന്നതാണ്. പരുമല തിരുമേനിയോട് രണ്ടു പേർക്കും ഉണ്ടായിരുന്ന ഭക്തിയും ബന്ധവും അവരെ പരസ്പരം കൂടുതൽ അടുപ്പിച്ചിരുന്നു. റമ്പാന്മാരായി രണ്ടുപേരും സഭയുടെ രണ്ടു ഭാഗങ്ങളിൽ കേന്ദ്രീകരിച്ചു പ്രവർത്തിച്ചുവെങ്കിലും ഒന്നിച്ചുകൂടുന്ന അനേകം സന്ദർഭങ്ങളുണ്ടായിരുന്നു. അബ്ദേദ് മിശിഹാ പാത്രിയർക്കീസ് വന്ന് രണ്ടു പേർക്കും മെത്രാൻ സ്ഥാനം നൽകുവാൻ ആലോചന നടന്നപ്പോൾ ഗീവർഗീസ് റമ്പാൻ ഒഴിഞ്ഞുമാറി നിന്നതിനാൽ പുന്നൂസ് റമ്പാൻ ആദ്യം മെത്രാനായി. പക്ഷേ രണ്ടു പേരും മെത്രാന്മാരായി കഴിഞ്ഞപ്പോൾ, കാതോലിക്കാ സ്ഥാനത്തേക്ക് വന്ന ഒഴിവിലേക്ക് ഓരോരുത്തരും മറ്റേയാളിന്റെ പേരു പറഞ്ഞു പിന്മാറിയത് അന്നത്തെ ചരിത്രത്തിന്റെ ഭാഗമാണ്. ഏതായാലും, രണ്ടാം കാതോലിക്കായായി ഗീവർഗീസ് മാർ പീലക്സീനോസ് സ്ഥാനമേറ്റപ്പോൾ ശുശ്രൂഷകളുടെ മുഖ്യ കാർമ്മികത്വം ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തന്നെ വഹിച്ചു. ആ ബന്ധം അങ്ങനെ അനുസ്യൂതം പുരോഗമിച്ചതിന്റെ തെളിവാണ് പിന്നീട് ഗീവർഗീസ് പ്രഥമൻ ബാവായെ ചികിത്സയ്ക്കയക്കുവാനും ആശുപത്രിയിൽ ഓപ്പറേഷന്റെ സമയത്തുണ്ടാകുവാനും പിന്നീടുള്ള കാര്യങ്ങൾക്കെല്ലാം മുഖ്യ

കാർമ്മികനാകുവാനും ഗ്രീഗോറിയോസ് മെത്രാച്ചനു തന്നെ നിയോഗമുണ്ടാ യത്. ഗീവർഗീസ് പ്രഥമൻ ബാവാ കാലം ചെയ്ത ഉടനെ, തിരുവിതാംകോട് പള്ളിയിൽ നിന്ന് ഓടിയെത്തി പൊട്ടിക്കരഞ്ഞ ഗ്രീഗോറിയോസ് മെത്രാ ച്ചന്റെ ചിത്രം അതിനു സാക്ഷ്യം വഹിച്ച അനേകരുടെയും മനസിൽ നിന്ന് മാഞ്ഞു പോയില്ല എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. ആ ആത്മബന്ധത്തിന്റെ ആത്മീയ തുടർച്ചയായിട്ടു വേണം, ഗീവർഗീസ് പ്രഥമനു ശേഷം, ഗീവർഗീസ് ദ്വിതീയൻ (കല്ലാശ്ശേരി ഗ്രീഗോറിയോസ്) കാതോലിക്കാ സ്ഥാനം ഏറ്റതും.

## 45. വിദഗ്ദ്ധ പരിശോധനയ്ക്കും, ചികിത്സയ്ക്കുമായി നെയ്യൂർക്ക്

വിട്ടുമാറാത്ത വയറുവേദന, തിരക്കുപിടിച്ച സഭാ ശുശ്രൂഷയിൽ പല തടസങ്ങളും സൃഷ്ടിച്ചുകൊണ്ടിരുന്നു. വിശദമായ പരിശോധനയ്ക്കും ചികിത്സയ്ക്കുമായിട്ട് നെയ്യൂർ ആശുപത്രിയിൽ പോകുന്നതു നല്ലതായിരി ക്കുമെന്ന് പലരും നിർദ്ദേശിച്ചു. നെയ്യൂർ ആശുപത്രിയിൽ അന്ന് സുപ്രസിദ്ധ ഡോക്ടർ സോമർവെൽ ഉള്ള സമയമായിരുന്നു അത്. വട്ടശ്ശേരിൽ തിരുമേ നിയടക്കം പലരും നിർബന്ധിച്ചതിനാൽ നെയ്യൂർക്ക് പോകുവാൻ തീരുമാ നിച്ചു. 1104 വൃശ്ചികം 16 ന് വള്ളിക്കാട്ടു പള്ളിയിൽ വി. കുർബാന അർപ്പി ച്ചിട്ട് നെയ്യൂർക്കു പോകുവാൻ തീരുമാനിച്ച കാര്യം പള്ളിയിൽ പ്രസ്താ വിച്ച് യാത്ര പറഞ്ഞു.

വൃശ്ചികം 18 ന് വള്ളിക്കാട്ടു പള്ളിയിൽ നിന്ന് കാറിൽ യാത്ര പുറപ്പെട്ടു. കല്ലാശ്ശേരി മാർ ഗ്രീഗോറിയോസ്, ചക്കുപുരയ്ക്കൽ പുന്നൂസ് കത്തനാർ, കരിങ്ങണാമറ്റത്തിൽ ജേക്കബ് ശെമ്മാശൻ മുതലായവർ കൂടെയുണ്ടായി രുന്നു. കുണ്ടറ സെമിനാരിയിൽ കയറി വിശ്രമിച്ചു. ഗ്രീഗോറിയോസ് മെത്രാ ച്ചൻ അവിടെ തങ്ങി. തിരുവനന്തപുരം പള്ളിയിൽ താമസിക്കുകയും വി. കുർബാന അനുഷ്ഠിക്കയും ചെയ്തു. തിരുവനന്തപുരത്ത് കുർബാന മധ്യേ ചെയ്ത പ്രസംഗം ഹ്രസ്വമെങ്കിലും ഹൃദയസ്പർശകമായിരുന്നു. സ്വന്തം രോഗാവസ്ഥയെക്കാളും, സഭയെക്കുറിച്ച് ഓർത്തു ശുഭ പ്രതീക്ഷയോടെ ഭാരപ്പെടുന്ന ഒരു പ്രധാന ഇടയനെയാണ് ആ വാക്കുകൾക്കു പിമ്പിൽ ജനം കണ്ടത്. സർവ്വോപരി ആ പ്രസംഗത്തെ കാതോലിക്കേറ്റിന്റെ 'മാഗ്നാ കാർട്ട'യായി വിശേഷിപ്പിക്കാം. നെയ്യൂർക്ക് പോകേണ്ടയാവശ്യമുണ്ടോ എന്ന് തീർച്ചപ്പെടുത്തുവാൻ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഡോക്ട റെ കൂടാതെ, നെയ്യൂർ നിന്നും ഡോക്ടർ വന്നും പരിശോധിച്ചു. അതിന്റെ വെളിച്ചത്തിൽ നെയ്യൂർ പോയി ഓപ്പറേഷൻ നടത്തുവാൻ തന്നെ തീരുമാ നിച്ചു. വൃശ്ചികം 25 ശനിയാഴ്ച നെയ്യൂർക്കു പുറപ്പെട്ടു. കല്ലാശ്ശേരി ഗ്രീഗോ റിയോസ് തിരുമേനിയും തിരുവനന്തപുരത്തു നിന്ന് ഒപ്പം ഉണ്ടായിരുന്നു. വഴിമധ്യേ തിരുവിതാംകോട് പള്ളിയിൽ കയറി വിശ്രമിക്കയും 28-ാം തീയതി

Malankara Orthodox TV

അവിടെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കയും ചെയ്തു. വി. കുർബാന ചൊല്ലിയത് ഗ്രീഗോറിയോസ് തിരുമേനിയായിരുന്നു. കുർബാന കഴിഞ്ഞ് നെയ്യൂർക്ക് പോയി പരിശോധനകൾ നടത്തി. അപ്പന്റിസൈറ്റിസ് ആണെന്നു സ്ഥിരീകരിക്കയും 30 –നു ഓപ്പറേഷൻ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

30 –നു വ്യാഴാഴ്ച ഓപ്പറേഷൻ ആണെന്നറിഞ്ഞ് ബഥനിയുടെ മാർ ഈവാനിയോസും, പല വൈദികരും, അയ്മേനി പ്രമുഖരും ആശുപത്രിയിൽ എത്തി. പ്രാർത്ഥനയ്ക്കു ശേഷം ഓപ്പറേഷൻ വിജയകരമായി നടന്നു. ഓപ്പറേഷൻ കഴിഞ്ഞ് ബോധം വീണപ്പോൾ തിരുമേനിക്ക് വളരെ ആശ്വാസം തോന്നി. വെള്ളിയും ശനിയും ഞായറും വളരെ ആശ്വാസമുള്ള ദിവസങ്ങളായിരുന്നു. 1104 ധനു 4–ാം തീയതി (1928 ഡിസംബർ 17) തിങ്കളാഴ്ച വെളുപ്പിനെ കൂടെയുണ്ടായിരുന്ന തിരുമേനിമാരെയും വൈദികരെയും മറ്റും തിരുവിതാംകോട് പള്ളിയിലേക്ക് വി. കുർബാന അനുഷ്ഠിക്കുവാൻ പറഞ്ഞയച്ചു. കരിങ്ങണാമറ്റത്തിൽ ജേക്കബ് ശെമ്മാശൻ മാത്രം തിരുമേനിയോടൊപ്പം ആശുപത്രിയിൽ നിന്നു. പ്രഭാത ഭക്ഷണം സംതൃപ്തിയോടെ കഴിച്ചു. വളരെ വർഷങ്ങൾക്കു ശേഷം ശാരീരികമായി ഒരു സ്വസ്ഥത അനുഭവിക്കുന്നതിന്റെ സമാധാനത്തോടെ, ശാന്തമായി തിരുമേനി കട്ടിലിൽ കിടന്നു. വളരെ ആശ്വാസം തോന്നിയ ആ നിമിഷങ്ങളിൽ ഒരു ശല്യമാകാതിരിപ്പാൻ ശെമ്മാശനും അടുത്ത മുറിയിലേക്ക് പോയി.

## 46. ദേഹവിയോഗം

തിരുമേനി വിശ്രമിക്കാൻ കിടന്നിട്ട് അധികം സമയമായില്ല. തിരുമേനിയുടെ മുറിയിൽ നിന്ന് ഒരു ശബ്ദം കേട്ട് ശെമ്മാശൻ ഓടി വന്നു. തിരുമേനി കടുത്ത നേഞ്ചുവേദനയിൽ പുളയുകയായിരുന്നു. ഉടൻ തന്നെ  ഡോക്ടറെ വരുത്തി. ഡോക്ടർ വന്നു പരിശോധിച്ചു. ഉടൻ കൊടുക്കേണ്ട ഗുളിക പൊടിച്ചു വെള്ളത്തിൽ കൊടുക്കുമ്പോഴേക്കും ഡോക്ടറുടെ കൈ പിടിച്ച് നന്ദിസൂചകമായി എന്തോ പറയുവാൻ തിരുമേനി തത്രപ്പെടുകയായിരുന്നു. മരുന്നു കൊടുത്തുവെങ്കിലും അത് ഇറക്കുന്നതിനു മുമ്പു തന്നെ ആ കണ്ണുകൾ തന്റെ പ്രാണനാഥനിൽ കേന്ദ്രീകരിച്ച് ആ ധന്യാത്മാവ് വിട പറഞ്ഞു.

വിവരമറിഞ്ഞ് തിരുവിതാംകോട് പള്ളിയിൽ നിന്ന് തിരുമേനിമാരും, വൈദികരും പാഞ്ഞെത്തി. ഗ്രീഗോറിയോസ് തിരുമേനി പൊട്ടിക്കരഞ്ഞു കൊണ്ട് പ്രാർത്ഥനകൾ നിർവ്വഹിച്ചു. അംശവസ്ത്രങ്ങളണിയിച്ച് ഭൗതിക ദേഹം ഉടൻ തന്നെ തിരുവിതാംകോട് പള്ളിയിലേക്ക് കൊണ്ടുപോയി, മദ്ബഹായിൽ പടിഞ്ഞാറോട്ട് അഭിമുഖമായി ഇരുത്തി. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ആ പള്ളിയുടെ മദ്ബഹായിൽ നിന്ന് മാർത്തോമായുടെ പിൻഗാമിയുടെ ശാന്തിയാത്ര ആരംഭിക്കണമെന്നായിരുന്നു ദൈവഹിതം. ദശാബ്ദ

ങ്ങൾക്ക് മുമ്പ് കൊളമ്പു യാത്രയിൽ പരുമല തിരുമേനിയോടും മറ്റുമൊപ്പം ഗീവർഗീസ് ശെമ്മാശൻ ആ പള്ളി സന്ദർശിച്ചപ്പോൾ ആരു വിചാരിച്ചു ഇങ്ങനെയൊക്കെയാണ് ദൈവം തമ്പുരാൻ പദ്ധതി ഇട്ടിരിക്കുന്നതെന്ന്!

## 47. ശാന്തിയാത്ര, കബറടക്കം

ഭൗതികദേഹം തിരുവിതാംകോട്ടു നിന്ന് തിരുവനന്തപുരം പള്ളിയിൽ കൊണ്ടുവന്നു. കബറടക്ക ശുശ്രൂഷയുടെ ഒരു ഭാഗം അവിടെ പൂർത്തിയാക്കിക്കഴിഞ്ഞ് വാകത്താനത്തേക്ക് ശാന്തിയാത്ര തുടർന്നു. അന്ന് തിരുവനന്തപുരത്ത് ഒരു വിദ്യാർത്ഥിയായിരുന്ന വി. കെ. മാത്യൂസും (പിന്നീട് പ. ബസേലിയോസ് മാത്യൂസ് പ്രഥമൻ) ആ സംഭവത്തിന്റെ ദൃക്സാക്ഷിയായിരുന്നു. പ്രത്യേകം തയാറാക്കിയ വാഹനത്തിൽ ഭൗതികദേഹം ഇരുത്തി, മറ്റു വാഹനങ്ങളുടെ അകമ്പടിയോടെ വഴിയിൽ ആയിരങ്ങളുടെ അന്ത്യോപചാരം ഏറ്റുവാങ്ങി, ആ യാത്ര നീങ്ങി. കൊട്ടാരക്കര, അടൂർ, പന്തളം, മുളക്കുഴ, ചെങ്ങന്നൂർ, തിരുവല്ല മുതലായ സ്ഥലങ്ങളിൽ വിവിധ പള്ളികളെ പ്രതിനിധീകരിച്ച് വൈദികരും ജനങ്ങളും ആദരാഞ്ജലികളർപ്പിച്ചു. വള്ളിക്കാട്ടു ദയറായിൽ മൃതദേഹം എത്തിയപ്പോൾ പാതിരാത്രിയോളമായി. മദ്ബഹാ വാതിലിൽ പടിഞ്ഞാറോട്ട് മുഖമായി ഇരുത്തിയിരുന്ന തങ്ങളുടെ വാത്സല്യ പിതാവിനെ ദർശിച്ച് സ്ലീബാ മുത്തുവാൻ രാത്രി മുഴുവനും ജനം വന്നുകൊണ്ടിരുന്നു. ഇതിനോടകം കബറടക്കം നിരണം വലിയപള്ളിയിൽ നടത്തണം എന്ന താല്പര്യത്തോടെ ഒരു നിവേദകസംഘം എത്തിയിരുന്നുവെങ്കിലും, ബാവായുടെ അന്ത്യാഭിലാഷ പ്രകാരം വള്ളിക്കാട്ടു ദയറായിൽ തന്നെ സംസ്ക്കാരം നടത്തുവാൻ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ കല്പനയെ എല്ലാവരും അംഗീകരിക്കുകയും ചെയ്തു. പിറ്റെദിവസം ചൊവ്വാഴ്ച രാവിലെ ഗ്രീഗോറിയോസ് തിരുമനസു കൊണ്ട് വി. കുർബാന ചൊല്ലി. കുർബാനയെ തുടർന്ന് കബറടക്ക ശുശ്രൂഷയും ആരംഭിച്ചു.

കബറടക്ക ശുശ്രൂഷയ്ക്ക് മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമനസ്സു കൊണ്ട് മുഖ്യകാർമ്മികത്വം വഹിച്ചു. മറ്റു തിരുമേനിമാരുടെ സഹകരണത്തിലും, അനേകം വൈദികരുടെയും ഒരു വലിയ ജനാവലിയുടെയും സാന്നിധ്യത്തിലും കബറടക്ക ശുശ്രൂഷ നടന്നു. ബഥനിയുടെ മാർ ഈവാനിയോസ് പ്രസംഗം പറഞ്ഞു. ഹൃദയസ്പൃക്കായ യാത്ര ചോദിക്കൽ നടന്നപ്പോൾ പലരും വാവിട്ടു നിലവിളിച്ചു. ശുശ്രൂഷയുടെ അവസാനം ഭൗതികദേഹം കബറിലേക്കിറക്കി, കുന്തിരക്കം കൊണ്ടു മൂടി. അങ്ങനെ 1104 ധനു 5-ാം തീയതി ചൊവ്വാഴ്ച (1928 ഡിസംബർ 18-ാം തീയതി) മലങ്കരയുടെ രണ്ടാം കാതോലിക്കായുടെ ഭൗതിക ശരീരം ആത്മീയ മക്കളുടെ കണ്ണുകളിൽ നിന്ന് മറഞ്ഞു.

ആ പരിശുദ്ധ പിതാവിന്റെ ദേഹവിയോഗം ആർക്കെല്ലാം ദുഃഖം വരുത്തിയെന്നറിയുവാൻ റാപ്പുഴ ശങ്കരൻ ആചാരി ആ സംഭവത്തെക്കുറിച്ചെഴുതിയ പാന കാണുക:

"ഈഴവർ ചേരമരാശാരിമാർകളും
നമ്പൂരിനായരുമെന്നുവേണ്ട
എല്ലാജനങ്ങളുമൊന്നുപോൽ സന്തപി -
ച്ചന്ധത പൂണ്ടിടുന്നാകമാനം"

## 48. മുപ്പതാം ദിവസമടിയന്തിരം

പ. ബാവാ തിരുമനസിലെ കബറടക്കത്തിനു ശേഷം മുപ്പതാം ദിവസമടിയന്തിരത്തെപ്പറ്റിയും മറ്റും ആലോചിക്കുവാൻ മലങ്കര മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ദീവന്നാസ്യോസിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. മുപ്പതാം ദിവസമടിയന്തിരം മകര മാസം 2-ാം തീയതി ചൊവ്വാഴ്ച നടത്തുവാനും, ആയതിന് മലങ്കരയുള്ള എല്ലാ ഇടവകകളുടെയും സഹകരണം തേടുവാനും തീരുമാനിച്ചു. കൂടാതെ, ബാവാ തിരുമനസിലെ കബറിങ്കൽ ഉണ്ടാകുന്ന വഴിപാടു മുതലായ വരുമാനങ്ങൾ "കാതോലിക്കാ നിധി" എന്ന നാമത്തിൽ പ്രത്യേക നിധിയായി സൂക്ഷിക്കണമെന്നും അത് എക്കാലവും കാതോലിക്കാ സ്ഥാപനത്തിന്റെ നിലനിൽപിനും അഭിവൃദ്ധിക്കുമായി വിനിയോഗിക്കണമെന്നും തീരുമാനിക്കുകയും ചെയ്തു.

മുപ്പതാം ദിവസമടിയന്തിരം ഏറ്റം ഭംഗിയായി നടക്കുകയും അന്നു കൂടിയ പള്ളി പ്രതിപുരുഷ യോഗത്തിൽ വച്ച് കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസിനെ മലങ്കരയുടെ മൂന്നാം കാതോലിക്കായായി തെരഞ്ഞെടുക്കുകയും ചെയ്തു.

## 49. വിശുദ്ധിയുടെ സജീവ സാക്ഷ്യങ്ങൾ

ലാളിത്യവും വിശുദ്ധിയും നിറഞ്ഞ ആ ജീവിതത്തെ പരിചയപ്പെട്ടവർക്കൊക്കെ മനസ്സിലായിരുന്നു, അദ്ദേഹം ഒരു പുണ്യപുരുഷനാണെന്ന്. ദീർഘനാളായി മഴ പെയ്യാതിരുന്ന സ്ഥലത്ത് 1926 കാലത്ത് അദ്ദേഹത്തിന്റെ സാന്നിധ്യം കൊണ്ട് മഴ കിട്ടിയതിനെക്കുറിച്ച് പുത്തൻകാവിലെ ഹിന്ദുക്കൾ തന്നെ പറയുമായിരുന്നു. പാത്താമുട്ടത്തു ദേശത്ത് വസന്ത പിടിപെട്ടപ്പോൾ അദ്ദേഹം എത്തി പ്രാർത്ഥന കഴിച്ചതോടെ അതിനു ശമനമുണ്ടായത് അവിടത്തുകാർ ഓർക്കുന്ന ചരിത്രമാണ്. ഒരു രോഗി മരണ വക്ത്രത്തിലായി, വീട്ടുകാർ ശവപ്പെട്ടിക്കുള്ള ആലോചന നടത്തുമ്പോൾ അവിടെ കടന്നു ചെന്നു പ്രാർത്ഥിച്ച തിരുമേനി രോഗി സുഖമായിക്കണ്ടിട്ടാണ് തിരിച്ചു പോയത്.

യഥാർത്ഥ വിശുദ്ധന്മാർ ആരെയും ശപിക്കാറില്ല; ശിക്ഷ വരാൻ ആഗ്ര

ഹിക്കാറില്ല; എന്നാൽ വിശുദ്ധന്മാരെ അവഹേളിക്കുന്നവർക്ക് തീയോടും മുള്ളിനോടും മല്ലിടുന്ന അനുഭവങ്ങളുണ്ടാകാറുണ്ട്. അങ്ങനെ ചിലർക്കുണ്ടായതും വാമൊഴിക്കഥകളായവശേഷിക്കുന്നു.

ആ കബറിങ്കൽ കടന്നു ചെന്ന് കണ്ണീർ വീഴ്ത്തി പ്രാർത്ഥിച്ചവർക്കൊക്കെ ആ പരിശുദ്ധന്റെ മധ്യസ്ഥ പ്രാർത്ഥന ഫലിച്ചിട്ടുണ്ട്. സന്താന സൗഭാഗ്യമില്ലാത്തവർക്ക്, പാർക്കിൻസൺസ് രോഗം പിടിപെട്ടവർക്ക്, കാൻസർ രോഗം ബാധിച്ചവർക്ക്, ഇങ്ങനെ പലർക്കും ആ വിശുദ്ധനെക്കുറിച്ച് സജീവ സാക്ഷ്യങ്ങൾ നൽകുവാനായിട്ടുണ്ട്.

## 50. വള്ളിക്കാട്ടു ദയറ: സഭയുടെ പൊതു തീർത്ഥാടന കേന്ദ്രം

നവീകരണത്തിന്റെ കുത്തൊഴുക്കിൽ ഒരുപക്ഷേ വാകത്താനം പ്രദേശത്ത് സഭയ്ക്ക് നഷ്ടമുണ്ടാകുമോ എന്നു വിചാരിച്ച് ഒരു മുൻ കരുതലായിട്ട് സ്ഥാപിക്കപ്പെട്ടതാണ് വള്ളിക്കാട്ടു പള്ളി. മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസിന്റെ ആശീർവാദത്തോടെ കളപ്പുരയ്ക്കൽ പൗലൂസ് കത്തനാരും പഴയാറ്റുങ്കൽ ഗീവർഗീസ് കത്തനാരും നേതൃത്വം കൊടുത്ത് അയനാട്ടുകുന്നിൽ സ്ഥാപിച്ച കുരിശുപള്ളിക്ക് 1868 ൽ സർക്കാർ അനുമതി കിട്ടിയതോടെ വാകത്താനം പള്ളിക്കു സമീപം മലങ്കര സഭാംഗങ്ങൾക്കുള്ള മറ്റൊരു ആരാധനാ കേന്ദ്രമായ വള്ളിക്കാട്ടു പള്ളിയായി മാറി.

വാകത്താനം വലിയപള്ളിയിൽ മലങ്കര സഭാംഗങ്ങൾ ഒറ്റക്കെട്ടായി നിന്ന് ഇടവക പള്ളിയുടെ തനിമ നിലനിർത്തിയപ്പോൾ, വള്ളിക്കാട്ടു പള്ളിയിലെ ആരാധനാ നടത്തിപ്പിനെക്കുറിച്ച് ഒരു സ്ഥിര സംവിധാനം ഉണ്ടാകാതെ കുറേക്കാലം കഴിഞ്ഞു. കളപ്പുരയ്ക്കൽ അച്ചൻ വല്ലപ്പോഴും കുർബാന ചൊല്ലിയതല്ലാതെ സ്ഥിരമായ ഒരു ക്രമീകരണം ഇല്ലായിരുന്നു. സർക്കാരിൽ നിന്ന് പള്ളിയുടെ പേരിൽ പട്ടയം കിട്ടിയ സ്ഥലത്ത് ഒരു ചാപ്പലും ഒരു ചെറിയ ഇരുനില കെട്ടിടവും കളപ്പുരയ്ക്കൽ അച്ചന്റെ ഉത്സാഹത്താൽ പണിതു. കളപ്പുരയ്ക്കൽ അച്ചന്റെ മരണശേഷം വള്ളിക്കാട്ടു പള്ളി കുറേക്കാലം അനാഥമായി എന്നു പറയാം. പിന്നീട് ഗീവർഗീസ് റമ്പാൻ ആലുവാ സെമിനാരിയുടെയും മറ്റും നിർമ്മാണ പ്രവർത്തനങ്ങൾക്കു ശേഷം സ്വദേശത്തു തിരിച്ചെത്തി വള്ളിക്കാട്ടു പള്ളിയിൽ താമസിക്കുവാൻ തുടങ്ങിയതോടെ വള്ളിക്കാട്ടു പള്ളി, വള്ളിക്കാട്ടു ദയറായായി സഭാ ജീവിതത്തിന്റെ ചൈതന്യകേന്ദ്രങ്ങളിലൊന്നായി മാറി. ദയറായിലേക്കുള്ള വഴികൾ, ദയറായോടനുബന്ധിച്ച് മുറികൾ, കൃഷിസ്ഥലം, ചുറ്റുമതിൽ, പള്ളി വിപുലീകരണം, കൽക്കുരിശ്, മദ്ബഹായിൽ ക്ദൂശ്കുദിശിൻ മുതലായ പലതും സജ്ജമാക്കിയിട്ട് ഒരു അരമന കെട്ടിടത്തിന്റെ പണിയും ആരംഭിച്ചിട്ടാണ്, മലങ്കരയുടെ രണ്ടാം കാതോലിക്കായായിത്തീർന്ന അദ്ദേഹം കടന്നു പോയത്.

പിന്നീട് ദയറായുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം നടക്കുവാൻ 1973 വരെ കാത്തിരിക്കേണ്ടതായി വന്നു. ചില സഭാ സ്നേഹികളുടെ ത്യാഗനിർഭരമായ പ്രവർത്തനത്താൽ ആണ് അതു സാധിച്ചത്. തുടർന്ന് ദയറായുടെ സുവർണ്ണഘട്ടം ആരംഭിച്ചുവെന്നു പറയാം. 1975 ൽ മലങ്കരയുടെ അഞ്ചാം കാതോലിക്കായായി സ്ഥാനാരോഹണം ചെയ്ത പ. ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവാ ധീരമായ ഒരു നടപടിയെടുത്തു. തന്റെ മുൻഗാമികളുടെയെല്ലാം കബറിടങ്ങൾ പരിഷ്ക്കരിക്കുവാനും അവയോടു ചേർന്ന ദേവാലയങ്ങളും കേന്ദ്രങ്ങളും പുനരുദ്ധരിക്കുവാനും അദ്ദേഹം തീരുമാനിച്ചു. ആ ഗണത്തിൽ, 'വള്ളിക്കാട്ടു ബാവാ'യെന്ന ഗീവർഗീസ് പ്രഥമനെക്കുറിച്ച് അദ്ദേഹത്തിന്റെ മനസ്സിൽ ഒരു പ്രത്യേക ബോധ്യം ഉണ്ടായിരുന്നത് പലരോടും പറഞ്ഞു; പരുമല തിരുമേനിയോടൊപ്പം വിശുദ്ധനായി കരുതപ്പെടേണ്ടയാളാണ് ഗീവർഗീസ് പ്രഥമനെന്ന്. 1975 ഡിസംബർ 17 ന് വള്ളിക്കാട്ടു ദയറായിൽ എഴുന്നള്ളിയ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ദയറായുടെ പുനരുദ്ധാരണത്തിന് ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയുടെ പ്രസിഡന്റ് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായും, സെക്രട്ടറി കോയിപ്പുറത്ത് കുറിയാക്കോസും, ട്രഷർമാരായി വിവിധ കാലയളവുകളിൽ കാരുചിറ കെ. പി. തോമസും, കളപ്പുരയ്ക്കൽ കെ. പി. തോമസും ആയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് യഥാർത്ഥത്തിൽ ഊർജ്ജസ്വലത കൈവന്നത് 1982 ൽ പ. ബാവാ തിരുമനസ്സു കൊണ്ട് തന്റെ സെക്രട്ടറി പേരങ്ങാട്ട് പി. കെ. സഖറിയാ കത്തനാരെ ദയറായുടെ ചുമതല ഏൽപിച്ചതോടെയാണ്. 1982 ഡിസംബർ 18–ാം തീയതി പുതുക്കിപ്പണിത വള്ളിക്കാട്ടു പള്ളിയുടെ കൂദാശ പ. ബാവാ നിർവ്വഹിച്ചു. തുടർന്നു നടന്ന പുരോഗമന പ്രവർത്തനങ്ങൾ മൂലം ദയറായും പരിസരവും ഒരു സ്വർഗ്ഗീയശോഭ പ്രാപിക്കുവാൻ പര്യാപ്തമായി. 1982 മുതൽ ദയറായുടെ ഉന്നമനത്തിനായി അക്ഷീണം പ്രവർത്തിക്കുന്ന ബിനോയി അച്ചൻ എന്ന പി. കെ. സഖറിയാ കത്തനാർ വാകത്താനത്തിന്റെ മുഖഛായ മാറ്റുന്ന തരത്തിലുള്ള കാര്യങ്ങളാണ് ദയറായോടനുബന്ധിച്ച് ആവിഷ്ക്കരിച്ചിരിക്കുന്നത്. 1992 ൽ ഔഗേൻ റമ്പാനായി വ്രതവാഗ്ദാനം ചെയ്ത ആ വൈദിക ശ്രേഷ്ഠൻ വള്ളിക്കാട്ടു ദയറായുടെ ആധുനിക കാല ശില്പിയും, വാകത്താനത്തു ബാവായുടെ അനുഗ്രഹത്താൽ സഭയ്ക്കു ലഭ്യമായ വരദാനവുമായി തന്റെ ശുശ്രൂഷ തുടരുന്നു. ആ ശുശ്രൂഷയെ അനുഗ്രഹിച്ചു കൊണ്ടും അദ്ദേഹത്തിന്റെയും അനേകയാളുകളുടെയും അഭ്യർത്ഥനയെ മാനിച്ചു കൊണ്ടും വാകത്താനത്തു ബാവായുടെ ദേഹവിയോഗത്തിന്റെ പ്ലാറ്റിനം ജൂബിലി കാലഘട്ടമായ 2003 ഡിസം. 17 മുതൽ ഒരു വർഷം വള്ളിക്കാട്ടു ദയറാ തീർത്ഥാടന വർഷമായി പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചിരിക്കുന്നു. ഇതേ കാലഘട്ടത്തിൽ തന്നെ വന്ദ്യ ഔഗേൻ റമ്പാനെ മലങ്കരസഭ മേല്പട്ട

സ്ഥാനത്തേക്ക് തെരഞ്ഞെടുത്തുവെന്നതും ഒരു ദൈവിക പദ്ധതിയായി മന സ്സിലാക്കാം.

## ഈ ചരിത്ര രചനയ്ക്ക് സഹായകമായ ഗ്രന്ഥങ്ങളും രേഖകളും

1. *പ. ബാവായുടെ ഡയറി.*
2. *മലങ്കരയിലെ രണ്ടാം കാതോലിക്കാ*, കെ. കുറിയാക്കോസ്, 1984.
3. മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

   (a) പ. ഗീവർഗീസ് പ്രഥമൻ ബാവായുടെ 61-ാം ഓർമ്മപ്പെരുന്നാൾ സപ്ലിമെന്റ്

   (b) വാല്യം 5, 1988, ലക്കം 37.
4. *നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ സ്വർഗ്ഗാരോഹണം*, എൻ. ശങ്കരനാചാരി, 1999.
5. "ദൈവദാനമായി നൽകപ്പെട്ട ദിവ്യദാനം" - പ്രൊഫ. ഡോ. എം. പി. ചാക്കോ മാളിയേക്കൽ (പ്ലാറ്റിനം ജൂബിലി പ്രഖ്യാപനം), 2002.
6. *സുറിയാനി സഭാ പഞ്ചാംഗം*, ഗീവർഗീസ് റമ്പാൻ, 1906.
7. *വള്ളിക്കാട്ട് ദയറാ* (ലഘുലേഖ), വള്ളിക്കാട്ട് ദയറാ, വാകത്താനം
8. *കാതോലിക്കേറ്റിന്റെ നിധി* (ലഘുലേഖ), വള്ളിക്കാട്ട് ദയറാ, വാകത്താനം, 2004.
9. *മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശം*, കോട്ടയം, 1993.
10. *കസ് & കോറി ഫിലിപ്പോസ്*, ഇ. എം. ഫിലിപ്പ് ഇടവഴിക്കൽ, 2004.
11. Orthodox Christianity in India - Dr.C. V. Cheriyan, 2003.
12. *വികസന രേഖ*, വാകത്താനം ഗ്രാമപഞ്ചായത്ത്, 1996.
13. *പടിയറ വള്ളിക്കാട്ടായ കൂടത്തിങ്കൽ കുടുംബചരിത്രം.*
14. *പരുമല സ്മൃതി* (പരുമല തിരുമേനിയുടെ ദേഹവിയോഗ ശതാബ്ദി പ്രസിദ്ധീകരണം), മലങ്കരസഭ, ദേവലോകം, 2002.

❑

Malankara Orthodox TV

# പ. വാകത്താനത്തു ബാവാ: വ്യക്തിയും കാലവും

എം. കുര്യൻ തോമസ്

## ആമുഖം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദം മലങ്കരയ്ക്ക് സമ്മാനിച്ചത് കർമ്മകുശലരും, പണ്ഡിതശ്രേഷ്ഠരുമായ ഒരു പറ്റം സന്യാസിമാരേയും പട്ടക്കാരെയുമാണ്. 1877-ൽ മേല്പട്ടസ്ഥാനമേറ്റ പ. പരുമല തിരുമേനിയടക്കമുള്ള ആറ് മെത്രാന്മാർ, മലങ്കര മല്പാന്മാരായ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാരും (പിന്നീട് പ. മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ) കോനാട്ട് മാത്തൻ കത്തനാരും, കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ (പിന്നീട് മാർ കൂറിലോസ്), കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ (പിന്നീട് മാർ ഗീവർഗീസ് ദ്വീതീയൻ പൗരസ്ത്യ കാതോലിക്കാ), കുറ്റിക്കാട്ടിൽ പൗലൂസ് റമ്പാൻ (പിന്നീട് പൗലൂസ് മാർ അത്താനാസ്യോസ്), മൂക്കഞ്ചേരിൽ ഗീവർഗീസ് റമ്പാൻ എന്നിങ്ങനെ ആ പട്ടിക നീളുന്നു. ആ ശ്രേഷ്ഠയുഗത്തിൽ അപ്രധാനമല്ലാത്ത സ്ഥാനത്തിനുടമയാണ്, പിന്നീട് മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായായി വാഴിക്കപ്പെട്ട വാകത്താനം ഗീവർഗീസ് റമ്പാൻ.

ഗീവർഗീസ് റമ്പാൻ, ഒരേസമയം ഉത്തമ സന്യാസിയും പരിപാകതയുള്ള ഭരണകർത്താവും, പണ്ഡിതനും അതിലുപരി സാമൂഹിക പ്രവർത്തകനുമായിരുന്നു. താൻ വ്യാപരിച്ച മേഖലയിലെല്ലാം സഭയ്ക്കും സമൂഹത്തിനും ഉത്തമ ഫലങ്ങളെ നൽകുവാൻ അദ്ദേഹത്തിനായി. അദ്ദേഹത്തിന്റെ വ്യക്തിത്വവും മലങ്കര മെത്രാപ്പോലീത്താമാരായിരുന്ന പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ, പ. വട്ടശ്ശേരിൽ മാർ ഗീവർഗീസ് ദീവന്നാസ്യോസ് ആറാമൻ എന്നിവരുടെ നേതൃത്വവും ആ മഹനീയ ജീവിതം കരുപ്പിടിപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചു എന്നത് നിസംശയമാണ്. അതോടൊപ്പം തന്നെ അദ്ദേഹം വളർന്ന സാഹചര്യവും ഈ വ്യക്തിത്വ വികാസത്തിനു പിന്നിലുണ്ട്.

MalankaraOrthodox.TV

**താത്വിക പശ്ചാത്തലം**

പാശ്ചാത്യ പ്രബുദ്ധത മലങ്കരസഭയെ ഇളക്കിമറിച്ച കാലഘട്ടമാണ് പ. വാകത്താനത്തു ബാവായുടെ ജീവിതത്തിന്റെ പൂർവ്വാർദ്ധം. ഈ കാലഘട്ടത്തിലാണ് മുകളിൽ പറഞ്ഞ മഹൽ വ്യക്തിത്വങ്ങൾ എല്ലാം വളർന്നു വന്നത് എന്നത് യാദൃശ്ചികമല്ല. ഇതിന്റെ പശ്ചാത്തലം മലങ്കരയുടെ പ്രൊട്ടസ്റ്റന്റ് ബാന്ധവം ആരംഭിച്ച പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്.

മലങ്കര നസ്രാണികളെ പ്രൊട്ടസ്റ്റന്റാക്കുവാനുള്ള ബ്രിട്ടീഷ് മിഷനറിമാരുടെ ശ്രമം 1836-ലെ *മാവേലിക്കര പടിയോല*യോടെ വിജയം കാണാതെ അവസാനിച്ചു. കിട്ടിയ മുതലുമായി കളം മാറേണ്ടി വന്ന മിഷനറിമാർക്ക് ഏതാനും *കറുത്ത ആടുകളെ* മലങ്കരയിൽ രൂപപ്പെടുത്താൻ സാധിച്ചു എന്ന തൊഴികെ മറ്റൊന്നും ഈ ബന്ധത്തിൽ നിന്നും ലഭിച്ചില്ല. മലങ്കരസഭയെ *പ്രൊട്ടസ്റ്റന്റ് ഇന്ത്യയുടെ ചവിട്ടുപടി*യാക്കാനുള്ള ബ്രിട്ടീഷ് മോഹം അതോടെ അവസാനിച്ചു.

മിഷനറിമാരുടെ പ്രൊട്ടസ്റ്റന്റ് മോഹങ്ങൾക്ക് പിന്നീട് ജീവൻ വെച്ചത് തങ്ങളുടെ വാത്സല്യഭാജനമായ പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ സഹോദരപുത്രനായ മാർ മാത്യൂസ് അത്താനാസ്യോസ് അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേല്പട്ടസ്ഥാനമേറ്റു വന്നപ്പോഴാണ്. സ്വാഭാവികമായും മല്പാന്റെ ആശയഗതി സഹോദരപുത്രൻ പുലർത്തുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. ഒരു പ്രൊട്ടസ്റ്റന്റ് മലങ്കരസഭയുടെ ഭാവിമെത്രാനെ മാർ അത്താനാസ്യോസിൽ മിഷനറിമാർ കണ്ടു. ഏതു വിധേനയും അദ്ദേഹത്തിനു മലങ്കര മെത്രാൻ സ്ഥാനം നേടിക്കൊടുക്കാൻ ഔദ്യോഗിക പിൻബലമുള്ള മിഷനറിമാർ വഴിവിട്ടു സഹായിച്ചു. *മലങ്കര പള്ളിയോഗ*ത്തിന്റെ തിരഞ്ഞെടുപ്പോ മറ്റേതെങ്കിലും തത്തുല്യമായ ശുപാർശകളോ ഇല്ലാത്ത, ഉൽക്കർഷേച്ഛുവായ, മാർ മാത്യൂസ് അത്താനാസ്യോസ് അവരുടെ സഹായം സ്വീകരിച്ചു.

മാർ മാത്യൂസ് അത്താനാസ്യോസിന്റെ പ്രൊട്ടസ്റ്റന്റ് ആഭിമുഖ്യം ഇന്നും തർക്കവിഷയമാണെങ്കിലും അബ്രഹാം മല്പാനുമായുള്ള ബന്ധവും മിഷനറിമാരുടെ പിന്തുണയും മൂലം മറുവിഭാഗം അദ്ദേഹത്തെ പ്രൊട്ടസ്റ്റന്റായി മുദ്ര കുത്തി. അന്തഃഛിദ്രത്താലും, സാമ്രാജ്യത്വത്തിന്റെ മുഷ്കു മൂലവും പിടിച്ചുനിൽക്കാനാവാതെ മലങ്കര മെത്രാപ്പോലീത്തായായ ചേപ്പാട് മാർ ദീവന്നാസ്യോസ് നാലാമൻ പരദേശമെത്രാനായ യൂയാക്കീം മാർ കൂറിലോസിന് അധികാരമൊഴിഞ്ഞു കൊടുത്തു. തുടർന്നുണ്ടായ നിയമനടപടികൾ മാർ മാത്യൂസ് അത്താനാസ്യോസിന്റെ മലങ്കര മെത്രാൻ സ്ഥാനപ്രാപ്തിയിലാണ് അവസാനിച്ചത്.

ഈ സംഭവ വികാസങ്ങളുടെ ഭരണപ്രത്യാഘാതങ്ങൾ എന്തായിരുന്നാലും താത്വികമായ ഒരു ധ്രുവീകരണത്തിലാണ് ഇതവസാനിച്ചത്. മാർ മാത്യൂസ് അത്താനോസ്യോസിനെ എതിർക്കുന്നവർ – ഈ എതിർപ്പ് വിശ്വാസപരം എന്നതിലുപരി മറ്റ് കാരണങ്ങളാലാണ് – മാർ കുറീലോസിനോടൊപ്പം കേന്ദ്രീകരിച്ചു. അവർ മാർ മാത്യൂസ് അത്താനാസ്യോസിനെയും കൂട്ടരെയും പ്രൊട്ടസ്റ്റന്റ് വേദവിപരീതികൾ എന്ന് ആരോപിച്ചു. തങ്ങളുടെ പക്ഷത്തിന്റെ താത്വിക അടിത്തറയായി അവർ പാശ്ചാത്യ സുറിയാനി ആരാധനാ പാരമ്പര്യത്തെ ഉയർത്തിക്കാട്ടി.

സ്വാഭാവികമായും മറുപക്ഷം മാർ മാത്യൂസ് അത്താനാസ്യോസിൽ കേന്ദ്രീകരിച്ചു. ഈ ധ്രുവീകരണവും വേദശാസ്ത്ര ഇതര കാരണങ്ങളാലാണ് സംഭവിച്ചതെങ്കിലും അവർക്കും നിലനിൽപ്പിനായി ഒരു താത്വിക അടിത്തറ വേണ്ടിയിരുന്നു. പാശ്ചാത്യ പ്രബുദ്ധതയും സഭാ നവീകരണവുമാണ് അവർക്ക് ഉയർത്തിക്കാട്ടാനായത്. പാശ്ചാത്യ മിഷനറിമാരുടെയും ബ്രിട്ടീഷ് ഉദ്യോഗസ്ഥ വൃന്ദത്തിന്റെയും പിന്തുണ നേടാനായ ഈ വിഭാഗത്തിന് ആദ്യഘട്ടത്തിൽ മേൽക്കൈ നേടാനായി. ഈ പ്രീതി നിലനിർത്താനും ഇത്തരമൊരു പാശ്ചാത്യാഭിമുഖ്യ നിലപാട് ആവശ്യമായിരുന്നു. യഥാർത്ഥത്തിൽ ഇരു വിഭാഗവും തമ്മിൽ കാര്യമായ ഒരു വ്യത്യാസവുമില്ലായിരുന്നു എന്നതാണ് വസ്തുത.

പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ സഭാ നേതൃത്വത്തിലേക്ക് വന്നതോടെ മറുഭാഗത്തിന്റെ ബൗദ്ധിക മേല്ക്കോയ്മ നഷ്ടമായി എന്നു പറയാം. പരിഭാഷയും അച്ചടിയും കേന്ദ്രീകൃത വൈദീക വിദ്യാഭ്യാസവുമടക്കം പാശ്ചാത്യ പ്രബുദ്ധതയുടെ അതേ മാർഗ്ഗങ്ങൾ സ്വീകരിച്ച് മാർ ദീവന്നാസ്യോസ് അഞ്ചാമൻ തിരിച്ചടിച്ചതോടെ മാർ മാത്യൂസ് അത്താനാസ്യോസിന്റെ പക്ഷക്കാർക്ക് കൂടുതൽ വ്യക്തമായ പ്രൊട്ടസ്റ്റന്റ് നിലപാട് എടുക്കേണ്ടി വന്നു. മാർ ദീവന്നാസ്യോസ് അഞ്ചാമനും തദ്ദേശീയനാണ് എന്നതിനാൽ ദേശീയതയുടെ മുദ്രാവാക്യം മറുവശത്തിനുയർത്താനാവാതെ വന്നു. ഇതിനിടെ മാർ യൂയാക്കിം കൂറിലോസിന്റെ ദീർഘകാല സാന്നിദ്ധ്യം മറുവിഭാഗത്തെ കൂടുതൽ അന്ത്യോഖ്യാഭിമുഖ്യമുള്ളതാക്കി മാറ്റിയിരുന്നു. അതോടെ ധ്രുവീകരണം കൂടുതൽ രൂക്ഷമായി.

പക്ഷേ ഇരുപക്ഷത്തിനും പൂർണ്ണമായ ധ്രുവീകരണം അസാധ്യമായി. മിഷനറിമാർ മുമ്പ് വിഭാവനം ചെയ്തതുപോലെ *മെത്രാനെ പെണ്ണുകെട്ടിക്കാൻ* സാധിച്ചില്ല. എങ്കിലും ഈ അവസരം മുതലെടുത്ത് ആ വിഭാഗത്തിലെ പട്ടക്കാർ പുനർവിവാഹം ആരംഭിച്ചു. മറുവശത്ത് ദേശീയതയെ പൂർണ്ണമായും പരിത്യജിച്ച് അന്ത്യോഖ്യൻ സഭയുടെ തനിപ്പകർപ്പാക്കാനുള്ള, മാർ കൂറീലോസിന്റെ ശ്രമവും വിജയം കണ്ടില്ല.

ഇരു വിഭാഗത്തിന്റെയും ഈ ഒത്തുതീർപ്പ് നിലപാടിൽ നിന്നും വ്യക്ത മാകുന്നത് ആശയപരമായ ധ്രുവീകരണം വെള്ളം കയറാത്ത അറകളല്ലായി രുന്നു എന്നതാണ്. താത്വികമായ ഈ അകൽച്ചയെ ഒരു പരിധിയിൽ പിടിച്ചു നിർത്താനായത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ സാന്നിദ്ധ്യവും പ്രവർത്തനവുമാണ്.

മാർ മാത്യൂസ് അത്താനാസ്യോസ് അവകാശപ്പെട്ടിരുന്ന സവിശേഷത കൾ – പാത്രിയർക്കീസിൽ നിന്നു ലഭിച്ച മേല്പട്ടം, ദേശീയത, യുവത്വം – തുടങ്ങിയവ മാർ ദീവന്നാസ്യോസിനും ബാധകമായതിനാൽ ഇരു വിഭാഗ ത്തിൽ നിന്നും മാർ ദീവന്നാസ്യോസിന് അനുയായികളെ ലഭിച്ചു. തങ്ങ ളുടെ കാലടിയിലെ മണ്ണു ചോർന്നുപോകാതിരിക്കാനായി ഇരു വിഭാഗ ത്തിനും തങ്ങളുടെ നിലപാടുകളിൽ അയവു വരുത്തേണ്ടി വന്നു. ഇതിന്റെ ഫലമായി മാർ അത്താനാസ്യോസിന്റെ പക്ഷക്കാർ പാശ്ചാത്യ സുറിയാനി പാരമ്പര്യം ഒരു പരിധി വരെയെങ്കിലും നിലനിർത്താൻ നിർബന്ധിതരായി. മറുവശത്ത് മാർ ദീവന്നാസ്യോസ്, പാശ്ചാത്യ പ്രബുദ്ധതയുടെ നല്ല വശ ങ്ങളെ ഉൾക്കൊണ്ടു.

മാർ കൂറീലോസ് പ്രചരിപ്പിച്ച തീവ്ര പാശ്ചാത്യ സുറിയാനി പാരമ്പര്യവും മാർ ദീവന്നാസ്യോസ് കടത്തിവിട്ട പാശ്ചാത്യ പ്രബുദ്ധതയും ചേർന്ന് ഒരു നവയുഗ വൈദിക സംസ്കാരത്തെ നസ്രാണികളുടെ ഇടയിൽ രൂപപ്പെ ടുത്തി. സുറിയാനി പാരമ്പര്യത്തിൽ അടിസ്ഥാനമിട്ടവരും ആധുനികതയ്ക്കു നേരെ മുഖം തിരിക്കാത്തവരുമായ ഒരു നവ വൈദീകശ്രേണി നസ്രാണി കൾക്കിടയിലുണ്ടായി. മാർ കൂറീലോസിന്റെ ശിഷ്യവൃന്ദവും ഈ പ്രബുദ്ധ തയിൽ ഉൾപ്പെട്ടു എന്നതുതന്നെ ഈ നവ സംവിധാനത്തിന്റെ ആശാസ്യത യുടെ തെളിവാണ്. അവിവാഹിതർക്കു മാർ കൂറീലോസ് ഏർപ്പെടുത്തിയ വിവാഹ വിലക്ക് മാർ ദീവന്നാസ്യോസ് വകവയ്ക്കാതിരുന്നതിനാൽ സന്യാസി വൈദീകരുടെ ഒരു വലിയ സമൂഹമുണ്ടായി. അവരിൽ പ്രമുഖ രാണ് മുകളിൽ പറഞ്ഞവർ.

*ദയറാവാസികൾ* എന്നതിനു പകരം *സഞ്ചാര മിഷനറിമാർ* എന്ന വിശേ ഷണമായിരിക്കും ഇവർക്ക് യോജിക്കുക. കാരണം മുകളിൽ പറഞ്ഞവരുടെ സേവനമേഖലകൾ പരിശോധിച്ചാൽ പള്ളിസ്ഥാപനവും വൈദീക വിദ്യാ ഭ്യാസവും ഗ്രന്ഥരചനയും വിജാതീയ മിഷനുമടക്കമുള്ള മേഖലകൾ കണ്ടെ ത്താനാവും. പാശ്ചാത്യ പ്രബുദ്ധത അവരെ സ്വാധീനിച്ചിരുന്നു എന്നതിന്റെ തെളിവാണിത്.

ഇപ്രകാരം പാശ്ചാത്യ സുറിയാനി പാരമ്പര്യവും പാശ്ചാത്യ പ്രബുദ്ധ തയും ചേർന്നു രൂപംനൽകിയ വൈദീക സമൂഹത്തിലെ തികച്ചും തനിമ യുള്ള ഒരു വ്യക്തിത്വമാണ് പ. വാകത്താനത്തു ബാവാ. മറ്റുള്ളവരുടെ സേവ

നമേഖല ഏതാണ്ട് പൂർണ്ണമായും സഭയ്ക്കുള്ളിൽ ഒതുങ്ങിനിന്നപ്പോൾ അതിനു പുറത്ത് പ. വാകത്താനത്തു ബാവാ സാമൂഹിക സേവനമേഖല യിലും തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. ഒരുപക്ഷേ സമസ്ത മേഖലയിലും കൈ വച്ചു വിജയിച്ച മാർ ദീവന്നാസ്യോസ് അഞ്ചാമനായിരുന്നു ഇക്കാര്യ ത്തിൽ അദ്ദേഹത്തിന്റെ വഴികാട്ടി.

## സഭാജീവിത നാൾവഴി

പാശ്ചാത്യ നവോത്ഥാനം തീവ്ര പാശ്ചാത്യവിരുദ്ധരെ സ്വാധീനിച്ചില്ല എന്നു പറയുന്നതിൽ അർത്ഥമില്ല. പാശ്ചാത്യ വിദ്യാഭ്യാസവും അതു സമ്മാ നിച്ച സാഹിത്യ പ്രബുദ്ധതയും നസ്രാണി സമൂഹത്തെയും സ്വാധീനിച്ചു. ചരിത്രവും വേദശാസ്ത്രവുമടക്കമുള്ള കഥാഇതര സാഹിത്യ മേഖലക ളിൽ നസ്രാണികൾ ഇക്കാലത്തു നടത്തിയ അസംഖ്യം സാഹിത്യ സംഭാവ നകൾ ഇതിനു തെളിവാണ്.

ഇത്തരം ഗൗരവതര സാഹിത്യ സൃഷ്ടികളുടെ രചനയ്ക്ക് അന്നത്തെ സഭാസംഘർഷത്തിന്റെ താത്വിക അടിത്തറയും ഒരു മുഖ്യപങ്കു വഹിച്ചി രുന്നു. പാശ്ചാത്യ മിഷനറിമാരുടെ പിന്തുണയോടെ നസ്രാണികളുടെ വേദ ശാസ്ത്രവും ചരിത്രവും പ്രൊട്ടസ്റ്റന്റ് പശ്ചാത്തലത്തിൽ വ്യാഖ്യാനിച്ചു കൊണ്ടുള്ള കൃതികളുടെ ഒരു വസന്തകാലമായിരുന്നു 19 –ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം. മാർ ദീവന്നാസ്യോസ് അഞ്ചാമൻ *മുള്ളിനെ മുള്ളു കൊണ്ടെ ടുക്കുക* എന്ന തത്വം സ്വീകരിച്ച് അച്ചടി – പ്രസിദ്ധീകരണ രംഗത്തേയ്ക്കു കടന്നുകയറി. ആനുകാലികങ്ങളും ഗ്രന്ഥങ്ങളും അച്ചടിച്ചു പ്രസിദ്ധീകരിച്ച് ആ മേഖലയിൽ പ്രൊട്ടസ്റ്റന്റ് അനുഭാവികളുടെ മേൽക്കൈ തകർത്തു. അച്ചടി മാധ്യമത്തിന്റെ അനന്ത സാദ്ധ്യതകളോടുള്ള സഭയുടെ ഈ അനു ഭാവ സമീപനമാണ് ഇടവഴിക്കൽ പീലിപ്പോസ് കോർഎപ്പിസ്ക്കോപ്പായുടെ *മലങ്കര സുറിയാനിസഭയുടെ സ്വരൂപം*, മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർ ഗീസ് കത്തനാരുടെ *മതോപദേശ സാരങ്ങൾ*, ഇ. എം. ഫിലിപ്പിന്റെ *മതോ പദേശപാലനം*, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ *ഊർശ്ലേം യാത്രാ വിവരണം* തുടങ്ങിയ കൃതികൾ ഈ കാലഘട്ടത്തിൽ പ്രകാശനം ചെയ്യുവാൻ കാരണമെന്നു പറയാം.

ഈദൃശ ഗ്രന്ഥ രചനകൾക്കു സമാന്തരമായി ചരിത്രം എഴുതി സൂക്ഷി ക്കുവാനുള്ള ഒരു പ്രവണതയും ഇക്കാലത്ത് നസ്രാണികളുടെ ഇടയിൽ പ്രചു രപ്രചാരം നേടി. *മാർ ശെമവോൻ ദീവന്നാസ്യോസിന്റെ നാളാഗമം*, ഇടവ ഴിക്കൽ ഡയറി, മാലിത്ര ഏലിയാസ് കത്തനാരുടെ ഡയറി, കോനാട്ടു ഗീവർ ഗീസ് മാർ യൂലിയോസിന്റെ *വൃത്താന്തപുസ്തകം* മുതലായവ ഇതിനുദാ ഹരണങ്ങളാണ്. പാശ്ചാത്യ പ്രബുദ്ധത നൽകിയ ചരിത്രരചനാവബോധം എന്നതിലുപരി പാശ്ചാത്യ കാഴ്ചപ്പാടുകൾക്കെതിരായ ഒരു ചരിത്രമാനം

Malankara Orthodox TV

സൃഷ്ടിക്കുക എന്നൊരു ശുദ്ധലക്ഷ്യവും ഈ രചനകൾക്കു പിന്നിലില്ലേ എന്നു സംശയിക്കണം.

മുകളിൽ പറഞ്ഞ കൃതികൾക്ക് വൃത്താന്തപുസ്തകങ്ങൾ എന്ന നിലയിൽ ഒരു പൊതുസ്വഭാവമുണ്ടെങ്കിലും അവയുടെ വീക്ഷണകോണുകൾ വ്യത്യസ്തമാണ്. *മാർ ശെമവോൻ ദീവന്നാസ്യോസിന്റെ നാളാഗമം* അനുബന്ധരേഖകൾ കൂട്ടിച്ചേർത്തു രചിച്ച ഒരു സഭാചരിത്രമാണ്. മാലീത്ര ഏലിയാസ് കത്തനാരുടെ ഡയറി കേവലം ഒരു ഹ്രസ്വവിവരണം മാത്രമാണ്. ഇടവഴിക്കൽ ഡയറിയിലാകട്ടെ വിശദമായി സ്വന്തകാര്യവും സഭാകാര്യവും കൂടിക്കുഴഞ്ഞു കിടക്കുന്നു. കോനാട്ടു മാർ യൂലിയോസിന്റെ *വൃത്താന്തപുസ്തക*ത്തിലാകട്ടെ കോനാട്ടു മല്പാന്മാർക്കു പ്രത്യേക താൽപ്പര്യമുള്ള വിഷയമായ പാശ്ചാത്യ സുറിയാനി പാരമ്പര്യവുമായി ബന്ധമുള്ള കാര്യങ്ങൾക്കാണ് മുൻതൂക്കം.

ഈ കൃതികളുടെ പട്ടികയിൽപ്പെടുത്താവുന്ന ഒന്നാണ് വാകത്താനത്തു ബാവായുടെ *സഭാജീവിത നാൾവഴി*. ഗ്രന്ഥകർത്താവ് പേരൊന്നും നൽകിയിട്ടില്ലെങ്കിലും അതിന്റെ ഉള്ളടക്കത്തിന്റെ സ്വഭാവ പരിഗണനയിലാണ് ഈ ലേഖകൻ *സഭാജീവിത നാൾവഴി* എന്ന പേര് നൽകിയത്. ഹ്രസ്വമായ ഒരു ബാല്യകാല വിവരണം ഒഴികെ ബാക്കി ഭാഗം മുഴുവൻ ഡയറി രൂപത്തിലാണ് എഴുതിയിരിക്കുന്നത്. അവസാനത്തെ രണ്ടു വർഷത്തെ വിവരണം കണ്ടെടുക്കാനായിട്ടില്ല.

ഈ വൃത്താന്തപുസ്തകത്തെ സമാനമായ മറ്റുള്ള കൃതികളുമായി വേർതിരിച്ചു നിർത്തുന്നത് അതിന്റെ കൃത്യമായ വിഷയബന്ധമാണ്. അങ്ങുമിങ്ങുമുള്ള ചില പരാമർശനങ്ങൾ ഒഴിവാക്കിയാൽ മലങ്കരസഭാംഗം എന്ന നിലയിലുള്ള തന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവരണങ്ങൾ മാത്രമാണ് ഈ കൃതിയിലുള്ളത്. അവയാകട്ടെ വൃഥാസ്ഥൂലതയില്ലാത്തവയും എന്നാൽ ആരും അവഗണിക്കാവുന്ന സൂക്ഷ്മാംശങ്ങൾ വിട്ടുപോകാത്തവയുമാണ്. ഉദാഹരണത്തിന് ഒരു ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്ന വിവരണത്തിൽ, പങ്കെടുത്ത കത്തനാരന്മാർ, ശെമ്മാശ്ശന്മാർ മുതലായവരുടെ വിവരം ചേർക്കാൻ വിട്ടുപോകില്ല. കുർബാനയെപ്പറ്റി പറയുമ്പോൾ കാർമ്മികൻ, പ്രസംഗകൻ, പ്രസംഗവിഷയം എന്നിവയടക്കം രേഖപ്പെടുത്തിയിരിക്കും. എന്തിനധികം, തന്റെ മരണംവരെ ഒന്നൊഴികെയുള്ള വർഷങ്ങളിൽ പരുമലപ്പെരുന്നാളിലെ മുഖ്യ കാർമ്മികനായിരുന്ന പ. പിതാവിന്റെ ഈ കൃതിയിൽ നിന്നും പരുമലപ്പെരുന്നാളിന്റെ എല്ലാ വർഷത്തെയും നടവരവ്, കുർബാനപ്പണം മുതലായവയുടെ വിവരം ലഭ്യമാണ്.

വാകത്താനത്തു ബാവായുടെ *സഭാജീവിത നാൾവഴി*യുടെ മറ്റൊരു പ്രത്യേകത, അതിൽ കാണുന്ന പ്രതിപക്ഷ ബഹുമാനമാണ്. മലങ്കരസഭാ

ചരിത്രത്തിലെ ഏറ്റവും കലാപകലുഷിതമായ കാലത്തിന്റെ ദൃക്സാക്ഷി മാത്രമല്ല, അതിൽ സജീവ പങ്കാളിത്തം വഹിച്ച ഒരു വ്യക്തിയുടെ ദിനവൃത്താന്ത കുറിപ്പുകളിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ അന്വേഷിക്കുന്നവർക്ക് നിരാശയാവും ഫലം. സഭാതർക്കങ്ങളെപ്പറ്റി അങ്ങുമിങ്ങും ചില പരാമർശനങ്ങൾ കാണാനുണ്ടെങ്കിലും പ്രതിപക്ഷത്തുള്ള വ്യക്തികളെപ്പറ്റിയോ അവരുടെ പ്രവർത്തികളെപ്പറ്റിയോ യാതൊരു പരാമർശനവും ഈ കൃതിയിൽനിന്നും ലഭ്യമല്ല. ഗ്രന്ഥകർത്താവിന്റെ ഉന്നതമായ മാനസികാവസ്ഥയുടെ പ്രതിഫലനമല്ലാതെ ഇതിനു മറ്റൊരു കാരണം കാണുന്നില്ല. *മാർ ശെമവോൻ ദീവന്നാസ്യോസിന്റെ നാളാഗമ*ത്തിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെപ്പറ്റി *ബലയാർ* എന്നും തോമസ് അത്താനാസ്യോസിനെപ്പറ്റി *കൊച്ചു ബലയാർ* എന്നും തുടരെയുള്ള സംബോധനകളുമായി താരതമ്യം ചെയ്യുമ്പോഴാണ് ഈ നിശബ്ദതയുടെ മാഹാത്മ്യം മനസിലാവുക. പിൽക്കാലത്ത് മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായെ *വൃദ്ധൻ പുന്നൂസ്* എന്നു സംബോധന ചെയ്ത മറുപക്ഷത്തിന്റെ സംസ്കാരവും ഇവിടെ കണക്കിലെടുക്കണം.

തന്റെ ഡയറിക്കുറിപ്പുകളിൽ സഭാജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങൾ മാത്രം രേഖപ്പെടുത്താനുള്ള കാരണമെന്താണ്? ഇത് പ്രസിദ്ധീകരണോദ്ദേശ്യത്തോടെ എഴുതപ്പെട്ട ഒരു കൃതി അല്ലാത്തതിനാലും കാര്യകാരണങ്ങളെ ബന്ധിപ്പിക്കാൻ ശ്രമിച്ചിട്ടില്ലാത്തതിനാലും ഒരു സഭാചരിത്രം എഴുതി എന്ന വാദത്തിന് പ്രസക്തിയില്ല. മറിച്ച് ഒരു യഥാർത്ഥ ദയറാക്കാരൻ എന്ന നിലയിൽ തനിക്ക് സഭയ്ക്കുപരി ഒരു ജീവിതവുമില്ല എന്നുള്ള ക്രിസ്തീയ വീക്ഷണം വാകത്താനത്തു ബാവാ സ്വജീവിതത്തിൽ പ്രാവർത്തികമാക്കി എന്നു വിചാരിക്കുന്നതാകും സയുക്തികം.

## അല്പത്തിൽ വിശ്വസ്തൻ

ഒരു ഇടവക വൈദികനാകാനോ ഭരണത്തിൽ പ്രവേശിക്കാനോ ആഗ്രഹിക്കാതിരുന്ന പ. പിതാവിന് ഇടവകതലം മുതൽ മലങ്കരസഭ മുഴുവനെയും ഭരിക്കേണ്ട സാഹചര്യമാണ് ഉണ്ടായത്. സ്വന്തം ഇടവകയായ വാകത്താനത്തു പള്ളിയിൽ സ്ഥാനന്യായേന വികാരിത്വം ലഭിക്കുമായിരുന്നിട്ടും അതിന് ശ്രമിച്ചതായിട്ടോ അത് സ്വീകരിച്ചതായിട്ടോ കാണുന്നില്ല.

എങ്കിലും അടിയന്തിര സാഹചര്യത്തിൽ വാകത്താനം വലിയപള്ളിയുടെ ഭരണം ഏറ്റെടുക്കാൻ പ. പിതാവ് മടിച്ചില്ല. പള്ളിയിൽ ഭരണതർക്കവും കടവും ബാദ്ധ്യതകളും കുമിഞ്ഞുകൂടിയപ്പോൾ കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ആവശ്യപ്രകാരം പ. പരുമല തിരുമേനി 1897-ൽ വാകത്താനത്തു പള്ളിയിലെത്തി അവിടുത്തെ പ്രശ്നങ്ങൾ പരിഹരിച്ചു. ഗീവറുഗീസ് റമ്പാനെ താൽക്കാലിക ചുമതലക്കാരനായി വച്ചു.

പള്ളിയുടെ കടം ഉടൻ വീട്ടണമെന്ന് കർശന നിർദ്ദേശവും നൽകി. 1897 വൃശ്ചികം 20-ന് പ. പരുമല തിരുമേനി വാകത്താനത്തു പള്ളിക്കയച്ച കല്പനയിൽ *നമ്മുടെയും നിങ്ങളുടെയും വാത്സല്യമുള്ള ആളാകുന്ന ബഹു. നമ്മുടെ ഗീവറുഗീസ് റമ്പാച്ചൻ ഇവിടെ നിങ്ങളോടു കൂടെ ഈ പള്ളിയിൽ താമസിക്കുന്നതാക കൊണ്ടു ആത്മസംബന്ധമായും പള്ളി സംബന്ധമായുമുള്ള എല്ലാ കാര്യങ്ങളും വെടിപ്പായും യോഗ്യമായും നിങ്ങളിൽ നടന്നു കാണാൻ ഇടവരുമെന്ന് നാം വിശ്വസിക്കുന്നു* എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രതീക്ഷ തെറ്റിയില്ല. എട്ടു മാസത്തിനുള്ളിൽ കടം വീട്ടി പ. പരുമല തിരുമേനിയെ അറിയിക്കുകയും അദ്ദേഹം അനുമോദന കല്പന അയയ്ക്കുകയും ചെയ്തു.

ഭരണരംഗത്തേക്കു പ. വാകത്താനത്തുബാവാ ചുവടു വച്ചത് കടവിൽ മെത്രാച്ചന്റെ സെക്രട്ടറിയെന്ന നിലയിൽ തൃക്കുന്നത്തു സെമിനാരി പണിയിൽ ഉൾപ്പെട്ടപ്പോഴാണ്. രോഗവും പ്രായവും അലട്ടിയിരുന്ന കടവിൽ മെത്രാച്ചൻ തന്റെ ജീവിതാഭിലാഷമായ സെമിനാരി പണിയുടെ ചുമതല പൂർണ്ണമായും ഗീവറുഗീസ് റമ്പാനെ ഏല്പിച്ചു. അങ്കമാലിക്കാരുടെ സമ്മർദ്ദങ്ങൾക്കിടയിലും പരാതിക്കിടയില്ലാത്തവിധം ആ ജോലി പൂർത്തിയാക്കി. മുകളിൽ സൂചിപ്പിച്ചതുപോലെ അങ്കമാലി ഭദ്രാസനം അരാജകത്വത്തിന്റെ കൂത്തരങ്ങായിരുന്നു. മലങ്കരയിലെ ഏറ്റവും സമ്പന്നമായ ഇടവകപ്പള്ളികളിൽ നിന്നും ഭദ്രാസന പൊതുയോഗ തീരുമാനപ്രകാരം ആലുവാ തൃക്കുന്നത്തു സെമിനാരി പണിക്ക് പണം പിരിക്കാൻ ഗീവർഗീസു റമ്പാന് കഠിനയത്നം വേണ്ടിവന്നു.

## തൃക്കുന്നത്തു സെമിനാരി

ആലുവാ പഴയ തിരുവിതാംകൂറിലെ അപ്രസക്തമായ ഒരു സ്ഥലമായിരുന്നു. വർഷത്തിലൊരിക്കൽ ശിവരാത്രിക്ക് ആലുവാ മണപ്പുറത്ത് ബലി തർപ്പണം നടത്താൻ എത്തുന്നവരും ആലുവാപ്പുഴയിലെ ഔഷധഗുണമുള്ള വെള്ളത്തിൽ *കുളിച്ച് സുഖമെടുക്കാൻ* വേനൽക്കാലത്ത് എത്തുന്ന അപൂർവ്വം ചിലരുമായിരുന്നു ആലുവായെ മുഖ്യധാരയിൽ ഉൾപ്പെടുത്തി നിർത്തിയിരുന്നത്.

മികച്ച കര - ജലമാർഗ്ഗ ഗതാഗത സൗകര്യമുണ്ടായിരുന്ന ആലുവായ്ക്ക് പ്രാധാന്യം ലഭിക്കുന്നത് കൊച്ചി - ഷൊർണ്ണൂർ റെയിൽപ്പാത വന്നതോടെയാണ്. പഴയ തിരുവിതാംകൂർ രാജ്യത്ത് റെയിൽവേ കടന്നുപോകുന്ന സ്ഥലങ്ങൾ ആലുവാ, അങ്കമാലി ഇവ മാത്രമായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ ഈ റെയിൽപ്പാതയുടെ പണി പുരോഗമിച്ചതോടെ തിരുവിതാംകൂർ സർക്കാർ ആലുവായുടെ വികസനത്തിൽ ശ്രദ്ധ ചെലുത്തി.

ഇതേ കാലത്താണ് അങ്കമാലി ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീ

ത്തായായിരുന്ന അമ്പാട്ട് മാർ കൂറിലോസ് തന്റെ ഭദ്രാസന ആസ്ഥാനമായി ആലുവായെ തെരഞ്ഞെടുത്തത്. അദ്ദേഹം അവിടെ ഇരുപത് ഏക്കറോളം വസ്തു സമ്പാദിക്കുകയും *ചുരുക്കത്തിൽ* ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തു.

അമ്പാട്ടു മാർ കൂറിലോസ് അകാലത്തിൽ കാലം ചെയ്തതോടെ കടവിൽ മാർ അത്താനാസ്യോസ് അങ്കമാലിയുടെ ഭരണം ഏറ്റെടുത്തു. അദ്ദേഹം ആലുവാപള്ളിയെ ഒരു പൊതുസ്ഥാപനമാക്കി വടക്കുള്ള സഭാ കേന്ദ്രമാക്കി വളർത്തുക എന്നത് ഒരു വെല്ലുവിളിയായി ഏറ്റെടുത്തു. തന്റെ ജന്മനാടായ പറവൂരിനു സമീപസ്ഥമായ ആലുവായോട് അദ്ദേഹത്തിനു പ്രത്യേക പ്രതിപത്തി ഉണ്ടായിരുന്നിരിക്കാം. തുടർന്നു നടന്ന സംഭവങ്ങൾ പ. വാകത്താനത്തു ബാവായുടെ *സഭാജീവിത നാൾവഴി*യിൽ നിന്നും ഇപ്രകാരം സംഗ്രഹിക്കാം:

*...(കൊല്ലവർഷം)1077 വൃശ്ചിക മാസം 9-ന് മലയാളം കണക്കിൽ 7-ന് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തനിക്കുള്ള സമ്പാദ്യങ്ങൾ ആലുവാ പള്ളിക്ക് കൊടുത്തിരിക്കുന്നതായി ഒരു ഉടമ്പടി എഴുതി പറവൂർ കൊർട്ടിൽ രജിസ്ട്രാക്കി. ടി. പള്ളിയുടെ കാര്യാമ്പേഷണത്തിനായി കൊച്ചു പൗലോസു റമ്പാച്ചനേയും ഗീവറുഗീസ് റമ്പാച്ചനേയും പൈനാടത്തു യൗസേപ്പ് ശെമ്മാശ്ശനേയും ഉടമ്പടിയാൽ നിയമിക്കയും ചെയ്തു....*

കടവിൽ മാർ അത്താനാസ്യോസ് തൃക്കുന്നത്തു സെമിനാരിയെ ഒരു ട്രസ്റ്റാക്കി. വാകത്താനത്തു ബാവാ, കൊച്ചു പൗലോസു റമ്പാനെ (പിന്നീട് കുറ്റിക്കാട്ടിൽ മാർ അത്താനാസ്യോസ്) ട്രസ്റ്റിമാരിൽ ഒരാളായി സൂചിപ്പിക്കുന്നുണ്ടെങ്കിലും മാർ അത്താനാസ്യോസിന്റെ വിൽപ്പത്രത്തിൽ അപ്രകാരം സൂചനയില്ല. ടി. വിൽപ്പത്രത്തിലെ പ്രസക്ത ഭാഗം ഇപ്രകാരമാണ്. *.... ട്രസ്റ്റിന്റെ ഭരണകർത്താക്കന്മാരും സ്ഥലത്തെ ഭാരവാഹികളുമായി ദയറാക്കാരായ രണ്ട് പേർ വേണമെന്ന് നമുക്ക് ആഗ്രഹം ഉള്ളതിനാൽ അതിലേയ്ക്ക് വിശ്വസ്ഥന്മാരെന്ന് നമുക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്ന വാകത്താനത്ത് പള്ളി ഇടവകയിൽ കാരുചിറ പുന്നൂസിന്റെ മകൻ ഗീവറുഗീസ് റമ്പാനേയും ഈ ദയറായിൽ സ്ഥിരവാസം ചെയ്തു കാര്യഭരണം നടത്തിക്കൊള്ളാമെന്ന് നമ്മുടെ മുൻപാകെ സമ്മതിച്ചിരിക്കുന്ന അകപ്പറമ്പ് പള്ളി ഇടവകയിൽ പൈനാടത്ത് കുര്യതിന്റെ മകൻ യൗസേഫ് ശെമ്മാശനേയും നിയമിക്കുകയും അധികാരം കൊടുക്കുകയും ചെയ്തിരിക്കുന്നു. ....*

തനിക്ക് വ്യക്തിപരമായി അസാദ്ധ്യമെന്ന് ബോദ്ധ്യമായതിനാലാവാം പിന്നീട് മാർ അത്താനാസ്യോസ് ആലുവാ സെമിനാരിപണി ഒരു പൊതുക്കാര്യമാക്കിയത്. *....1079 മീനം 19-ന് ആലുവാ പള്ളിയിൽ അങ്കമാലി മുതലായ വടക്കേ ഇടവകക്കാരുടെ ഒരു കൂട്ടം ഉണ്ടായി. ഈ കൂട്ടത്തിന് വടക്കെ*

*ഇടവകക്കാരിൽ അധികം പള്ളിക്കാരും കൂടിയിരുന്നു. ആ യോഗക്കാർ ആലുവായിൽ ഒരു സിമ്മനാരി ഉണ്ടാക്കി ഇംഗ്ലീഷും സുറിയാനിയും പഠിപ്പിക്കണമെന്നും പണി വകക്കായി അങ്കമാലി ഇടവകയിലെ എല്ലാ പള്ളികളിൽ നിന്നും ഒരു കൊല്ലത്തെ വരുമാനം കൊടുക്കണമെന്ന് നിശ്ചയിച്ച് ആയത് നടത്തിക്കുന്നതിന് ഏതാനും പേരെ കമ്മട്ടിക്കാരായി തിരഞ്ഞെടുക്കുകയും നിർവാഹകസംഘത്തിൽ ഒരംഗമായി ഗീവറുഗീസ് റമ്പാനെ നിയമിച്ചു. ടി. കൂട്ടത്തിന് തെക്കു നിന്ന് വട്ടശ്ശേരി മല്പാനച്ചനും, പത്രാധിപരും, ജോൺ വക്കീലും പല പട്ടക്കാരും ഹാജരായി...* എന്നാണ് *സഭാജീവിത നാൾവഴിയിൽ* ഇതിനെപ്പറ്റിയുള്ള പരാമർശനം. അക്കാലത്തെ സമുദായ പ്രമുഖരായ വട്ടശ്ശേരിൽ മല്പാൻ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, കണ്ടത്തിൽ വർഗീസ് മാപ്പിള തുടങ്ങിയവരുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നത് ആലുവാ സെമിനാരിയെ സഭ ഒരു പൊതു സ്ഥാപനമായി കണ്ടിരുന്നു എന്നാണ്.

കമ്മറ്റിക്കാരനായ ഗീവറുഗീസ് റമ്പാന് സെമിനാരി പണിക്കാവശ്യമായ പണം സമ്പാദിക്കുക എന്നത് ഭഗീരഥപ്രയത്നമായിരുന്നു. അങ്കമാലി ഇടവകയിലെ പള്ളികളുടെ സഹകരണം മിക്കവാറും നിഷേധാത്മകമായിരുന്നു. *സഭാജീവിത നാൾവഴിയിലെ* ഏതാനും ഉദാഹരണങ്ങൾ കൊണ്ടുതന്നെ ഗീവറുഗീസ് റമ്പാന്റെ കഷ്ടപ്പാട് വ്യക്തമാകുന്നുണ്ട്:

*...1079 ഇടവം 16-ന് കഥാനായകൻ...കുന്നക്കുരുടി പള്ളിയിലേക്ക് പോയി. ആ പള്ളിയിലെ ഒരു കൊല്ലത്തെ വരുമാനം ആലുവാ സിമ്മനാരിക്ക് കൊടുത്തുകൊള്ളാമെന്ന് സമ്മതിച്ച് കണക്കു തിട്ടപ്പെടുത്തി സംഖ്യ കുറിച്ചു തന്നു. അവിടുത്തെ ഒരു കൊല്ലത്തെ വരുമാനം 916 രൂപയാണ്...മിഥുനം 21-ന് കഥാനായകൻ കോതമംഗലത്തു ചെറിയപള്ളിയിൽ നിന്നും പോത്താനിക്കാട് പള്ളിയിലേക്ക് കാൽനടയായി പോയി. വഴിയുടെ ദുർഘടം കൊണ്ടും മഴയുടെയും വെള്ളപ്പൊക്കത്തിന്റേയും ഉപദ്രവം കൊണ്ടും എത്രത്തോളം കഷ്ടപ്പാടുണ്ടായി എന്ന് പറവതില്ല. സന്ധ്യയ്ക്കു മുമ്പായി അവിടെ എത്തി. കയ്യിൽ ഉണ്ടായിരുന്ന കിടക്ക മുതലായവകൾ എല്ലാം നനഞ്ഞു മിശ്രമായി. ഏകദേശം 10 നാഴികയിൽ അധികം വഴിദൂരം ഉണ്ടായിരുന്നു....23-ന് കൈസ്താനികൾ മുതലായവർ കൂടി കണക്ക് കേൾക്കുകയും മേൽ കുഴപ്പം ഉണ്ടാകാതിരിപ്പാൻ ചട്ടം കെട്ടി ഡയറി എഴുതിക്കയും ചെയ്തു.*

ഉയർന്ന സാമ്പത്തിക സ്ഥിതിയുള്ള ഇടവകകളുടെ സഹകരണത്തിന്റെ ഉദാഹരണമായി കോതമംഗലം ചെറിയപള്ളിയിലെ അനുഭവം പരിഗണിക്കാം:

*... (കൊല്ലവർഷം) 1078 കന്നി മാസം 21 ന് ഞായറാഴ്ചയും തലെദിവസം പെരുന്നാളിന്നും കഥാനായകൻ ശുഃ കുർബ്ബാന ചൊല്ലി. 22 ന് ആലുവാ സിമ്മനാരി പിരിവിനെ കുറിച്ച് യോഗക്കാർ കൂടി ആലോചിച്ചതിൽ*

*തല്ക്കാലം പള്ളിയിൽ പണമില്ലാത്തതിനാൽ പിന്നീട് കൊടുത്തുകൊള്ളാമെന്ന് ഒഴിവു പറഞ്ഞതിനാൽ 24 ന് അവിടെ നിന്നും ഗീവറുഗീസ് റമ്പാൻ ചെലാട്ട് പള്ളിയിലേക്ക് പോയി...*

പിരിവു പുരോഗമിക്കുമ്പോൾത്തന്നെ സെമിനാരിപണി ആരംഭിച്ചു. *...1904 കുംഭം 17-ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ, വട്ടശ്ശേരിൽ ഗീവറുഗീസു റമ്പാൻ, കുറ്റിക്കാട്ട് കൊച്ചു പൗലോസു റമ്പാൻ, നമ്മുടെ കഥാനായകൻ എന്നിവരോടൊരുമിച്ച് പ്രാർത്ഥന കഴിച്ചുകൊണ്ട് ആലുവ സിമ്മനാരിക്ക് അടിസ്ഥാന കല്ല് സ്ഥാപിച്ചു. 22-ന് ആലുവാ സിമ്മനാരി നിർവാഹക സംഘം കൂടി മീനം 18-ന് പൊതുയോഗം കൂടണമെന്ന് നിശ്ചയിച്ച് ടി. സംഘം പിരിഞ്ഞു...* എന്നാണ് ഈ സംഭവത്തെപ്പറ്റി *സഭാജീവിത നാൾവഴിയിലെ* പരാമർശനം. ഇതനുസരിച്ച് .... *മീനം 17-ന് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തൃശൂർ നിന്നും ആലുവായിലേക്ക് നീങ്ങി. 18-ന് മുൻ നിശ്ചയമനുസരിച്ച് ആലുവായിൽ ഒരു പൊതുയോഗം കൂടി. വല്ല്യ തിരുമേനി യോഗത്തിൽ അഗ്രാസനം വഹിച്ചു. യോഗത്തിൽ സിമ്മനാരി പണിയെ സംബന്ധിച്ച ചില നിശ്ചയങ്ങൾ പാസാക്കുകയും സിമ്മനാരി വക റിപ്പോർട്ടും മൂക്കഞ്ചേരിൽ മിസ്റ്റർ എം. പി. വർക്കി എഴുതി അയച്ചിരുന്ന ഒരു പ്രസംഗവും വായിച്ചു. അന്നു തന്നെ യോഗം പിരിയുകയും ചെയ്തു...*

പള്ളികളുടെ സഹകരണം പരിമിതമായതിനാൽ സെമിനാരി പണി ഇഴഞ്ഞാണ് നീങ്ങിയത്. പലപ്പോഴും മാർ അത്താനാസ്യോസിന്റെ സ്വകാര്യ സമ്പാദ്യം കൂടി ഉപയോഗിച്ചാണ് പണി മുമ്പോട്ടുനീക്കിയത്. 1080 ചിങ്ങം 10-നു ഗീവറുഗീസ് റമ്പാൻ എഴുതിയ കത്തിലെ ....*ഇവിടെ കെട്ടിടത്തിന്റെ പണി ധൃതിയായി നടക്കുന്നു. കട്ടിളയും ജെനെലയും എല്ലാം വച്ചു. വടക്കേ അറ്റത്തെ മുറികളുടെ പൊക്കം മുഴുവനായി. ഈ മാസം കൊണ്ടു കൽപ്പണി മുഴുവൻ കഴിക്കാം....തിരുമനസ്സിലെ കയ്യിൽ പണം അശേഷവും തീർന്നിരിക്കകൊണ്ട് ചുമ്മാരിനോടു കർക്കടകം 30-നു വരെയുള്ള പാട്ടം വാങ്ങിച്ച് മണിയോഡറായി അയക്കയോ ഇവിടെ കൊണ്ടുവന്നു തരികയോ ചെയ്യുന്നതിനു ശട്ടം കെട്ടണം. ഈ കാര്യത്തിൽ ഒട്ടും അമാന്തം വിചാരിക്കരുത്. അത് ഇവിടെ കിട്ടാഞ്ഞാൽ എല്ലാം കുഴങ്ങും. ....* എന്ന പരാമർശനത്തിൽ നിന്നും വ്യക്തമാണ്.

പണം മാത്രമല്ല സെമിനാരി പണിക്കാവശ്യമായ സാമഗ്രികൾ സമ്പാദിക്കുന്നതിലും ഗീവർഗീസ് റമ്പാന് കഠിനയത്നം വേണ്ടി വന്നുവെന്ന് *സഭാജീവിത നാൾവഴി* സാക്ഷിക്കുന്നു: *...1905 മകര മാസം 24-ന് കഥാനായകൻ കൊച്ചി രാജരാജശ്രീ ഒല്ലീബായി കാതൃബായി കമ്പനി ആദം ജി അക്കിം ജി സേട്ട് അവർകളെ കണ്ട് ആലുവാ സിമ്മനാരി കെട്ടിടത്തിന്റെ പണിവകക്ക് തടി കിട്ടേണ്ടതിന് ആലോചിപ്പാനായി പോയി. അയാൾ കൊല്ലത്ത് ആയിരുന്നതിനാൽ കാണുന്നതിന് ഇടയാകാതെ പിറ്റെ ദിവസം ആലുവായ്ക്ക് തിരിച്ചു*

*പോന്നു...മീനം 24 ന് വരാപ്പുഴ ഡിപ്പോവിൽ തടിലേലം ഉണ്ടായിരുന്നതിനാൽ ആലുവാ സിമ്മനാരി കെട്ടിടത്തിന്റെ പണിക്ക് വേണ്ടി കുറെ തടിലേലം പിടിക്കുന്നതിനായി കഥാനായകനും കാവാലഞ്ചേരി മാത്തുവും കൂടി വാരാപ്പുഴയ്ക്ക് പോവുകയും 25, 26 തീയതികളിൽ 20 കണ്ടി ഇരുമുള്ള് തടിലേലം പിടിച്ച് 26 ന് ആലുവായ്ക്ക് തിരിച്ചു പോരികയും ചെയ്തു...കർക്കടകം 28-ന് ...ആലുവാ സിമ്മനാരി കെട്ടിടത്തിന് ഇറക്കുവാൻ ഓട് കടമായി കിട്ടുവാൻ മാർഗ്ഗമുണ്ടോ എന്നറിവാനും ആയി കൊച്ചീക്ക് പോയി. കമ്പനിക്കാരെ കണ്ട് ഏനമില്ലാന്നറിഞ്ഞ് പിറ്റെ ദിവസം തിരിച്ചു പോരികയും ചെയ്തു...*

മാർ അത്താനാസ്യോസിന്റെ ആരോഗ്യസ്ഥിതി മോശമായതും പള്ളികളുടെ നിസ്സഹകരണവും ആലുവാ സെമിനാരി പണി സന്നിഗ്ദാവസ്ഥയിലാക്കി. തുടർന്ന് *....1905 കന്നി മാസം 4-ന് ആലുവാ സിമ്മനാരി നിർവാഹക സംഘം കൂടി 7 പേർ ഹാജരുണ്ടായിരുന്നു. സിമ്മനാരി രണ്ട് നില എന്നുള്ളതു സാധിക്കാൻ പ്രയാസമെന്ന് കാണുകയാൽ ഒറ്റ നിലയിൽ പണി നിവർത്തിക്കണമെന്ന് നിശ്ചയിച്ച് ഉറപ്പിച്ചു.* തുടർന്ന് അതേ വർഷം ധനു *മാസം 9-ന് ആലുവാ സെമിനാരി കെട്ടിടത്തിന്റെ ഓട് മുഴുവൻ തിരൂർ നിന്നും വരുത്തിയിരുന്നതിനാൽ ആയത് മേച്ചിൽ കഴിച്ച് ടി. ആശാരിമാരെയും മേസ്തിരിമാരെയും കണക്കും തീർത്ത് പിരിച്ചുവിട്ടു...*

ഭാഗികമായാണെങ്കിലും പണി പൂർത്തിയായതിനെത്തുടർന്നു ആലുവാ സെമിനാരിയുടെ കണക്കു പാസാക്കി. *...1082-നു 1906 ധനു മാസം 4-നു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു കല്പന കഥാനായകനു വന്നതിൽ താനും കൂടി ആലുവാ സിമ്മനാരി കണക്കു കേൾവിക്കായി എത്തണമെന്ന് ആജ്ഞാപിച്ചിരിക്കുന്നതിനാൽ പിറ്റേദിവസം കഥാനായകൻ പുറപ്പെട്ട് 6-നു എറണാകുളത്ത് എത്തി. ...14-നു അങ്കമാലി മഹായിടവകക്കാരുടെ ഒരു യോഗം ആലുവായിൽ കൂടിയതിൽ 20 ൽ അധികം പള്ളിക്കാർ എത്തിയിരുന്നു. ചാക്കോ മജിസ്ട്രേട്ട് മുതലായ മാന്യന്മാരും ഉണ്ടായിരുന്നു. വലിയ തിരുമേനി അഗ്രാസനസ്ഥൻ ആയിരുന്നു. കണക്കും റിപ്പോർട്ടും പൗലോസു റമ്പാൻ വായിച്ചു യോഗം സമ്മതിക്കയും ചെയ്ത ശേഷം മേൽനടപടിക്ക് ചില നിശ്ചയങ്ങൾ ചെയ്യുകയും മകരത്തിൽ സിമ്മനാരിയിൽ സുറിയാനി, ഇംഗ്ലീഷ് മുതലായ പഠിത്തങ്ങൾ ആരംഭിക്കണമെന്ന് പാസാക്കുകയും ചെയ്തു...*

1907 നവംബർ 2-നു കടവിൽ മാർ അത്താനാസ്യോസ് കാലം ചെയ്തതിനെത്തുടർന്നു ഗീവർഗീസ് റമ്പാൻ ആലുവാ വാസം അവസാനിപ്പിച്ചു. നാല്പതാംദിന അടിയന്തിരത്തെ തുടർന്ന് 1083 ധനു മാസം 3-ന് ഗീവർഗീസ് റമ്പാൻ ആലുവാ വിട്ടു. *...അന്നേദിവസം കഥാനായകനും യൗസേപ്പു ശെമ്മാശനും കാലം ചെയ്ത തിരുമേനിയുടെ വാലിയക്കാരും കൂടെ വലിയ*

Malankara Orthodox TV

*തിരുമേനിയെ കാണ്മാനും സംഗതികൾ തിരുമനസ്സറിയിക്കുവാനും ആയി കോട്ടയത്തേക്ക് പുറപ്പെട്ട് കോട്ടയത്തു ചെറിയപള്ളിയിൽ എത്തി എല്ലാ കാര്യങ്ങളും തിരുമനസ്സറിയിക്കയും... ചെയ്തു...* എന്നാണ് *സഭാജീവിത നാൾവഴി*യിലെ പരാമർശം.

എന്തായിരുന്നു തനിക്ക് അധികാരവും ഉത്തരവാദിത്വവുമുള്ള ആലുവാ സെമിനാരി ഉപേക്ഷിച്ചുപോകാൻ ഗീവർഗീസ് റമ്പാനെ പ്രേരിപ്പിച്ചത്? തന്റെ ഗുരുവിന്റെ അഭിലാഷം അദ്ദേഹം ഏകപക്ഷീയമായി ലംഘിക്കുകയില്ല എന്നു നിശ്ചയം. സഭാചരിത്ര ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാട് കണ്ടെടുത്ത ഗീവർഗീസ് റമ്പാൻ പഴയസെമിനാരിയിൽ നിന്നും 1907 ധനു 18-നു അയച്ച സ്വകാര്യകത്തിലെ *...ഞാൻ തിരുമനസ്സിലെ അടിയന്തിരം കഴിഞ്ഞു പിറ്റെ തിങ്കളാഴ്ച ഇങ്ങോട്ടു പോന്ന വിവരം അറിഞ്ഞിരിക്കുമല്ലോ... ഇനിക്കു വടക്കു തിരുമേനി മാത്രമേ ആശ്രയമുണ്ടായിരുന്നുള്ളു. ഇനി ആരുമില്ല. അതുകൊണ്ടും വഴി അകലം കൊണ്ടും ദേഹസുഖമില്ലായ്ക കൊണ്ടും ആലുവായിൽ താമസിക്കുന്നതു സാധിക്കയില്ലെന്നു വിചാരിക്കുന്നു...* എന്ന പരാമർശനം *തെക്കനായ* ഗീവർഗീസ് റമ്പാനെ ചിലർ പുകച്ചു പുറത്താക്കാൻ ശ്രമിച്ചതിന്റെ സൂചനയാണോ എന്ന കാര്യം ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

സഭാകേന്ദ്രത്തോട് തികച്ചും വിശ്വസ്ഥനായ ഗീവർഗീസ് റമ്പാന്റെ ട്രസ്റ്റി സ്ഥാനം പിൽക്കാലത്ത് വിഘടിതവിഭാഗത്തിനു ഭീഷണിയായി അവർ കരുതി. അതിനാലാണ് അബ്ദുള്ളാ പാത്രിയർക്കീസ് അതിന് ഒഴിമുറി എഴുതിവാങ്ങാൻ ശ്രമിച്ചത്. അല്പം പ്രലോഭനവും പാത്രിയർക്കീസ് പ്രയോഗിച്ചുനോക്കി: *... (കൊല്ല വർഷം) 1086 കന്നി മാസം 1 ന് കാലത്ത് പള്ളിയിൽ കഥാനായകനും മറ്റും ചെന്നു. അപ്പോൾ അവിടെ പാത്രിയർക്കീസു ബാവാ, ഒസ്താത്തിയോസ്, കൂറിലോസ് എന്നീ മെത്രാച്ചന്മാരും കോനാട്ടു മല്പാൻ മുതലായവരും ഉണ്ടായിരുന്നു. ആലുവായിൽ കാലം ചെയ്തിരുന്ന മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ എഴുതിയിരുന്ന വിൽപ്പത്രപ്രകാരം കഥാനായകന് കിട്ടിയിരുന്ന അധികാരം ഒഴിഞ്ഞുകൊടുക്കേണ്ടതിനെപ്പറ്റി സംസാരിപ്പാനായിരുന്നു അവിടെ ചെല്ലണമെന്ന് കല്പന വന്നത്. ബാവായുടെ ഇഷ്ടപ്രകാരം ചെയ്യുന്നതിലേക്ക് കഥാനായകന് വിരോധമില്ലെന്ന് പറഞ്ഞു. അന്ന്... കഥാനായകനും മെത്രാസ്ഥാനം തരാമെന്ന് ബാവാ കല്പിച്ചു. ഒഴിവുകഴിവുകൾ പറഞ്ഞ് പിറ്റെ ദിവസം ഞങ്ങൾ തിരിച്ചുപോരികയും ചെയ്തു. മുളന്തുരുത്തിക്ക് പോകുമ്പോഴും വരുമ്പോഴും സിമ്മനാരിയിൽ കയറി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടു...* എന്നാണ് ഈ സംഭവത്തെപ്പറ്റിയുള്ള ഗീവർഗീസ് റമ്പാന്റെ ലിഖിതം.

Malankara Orthodox TV

## പരിപാകതയുള്ള ഭരണാധികാരി

റമ്പാച്ചന്റെ കാര്യപ്രാപ്തിയിൽ കടവിൽ മാർ അത്താനാസ്യോസ് പൂർണ്ണ തൃപ്തനായിരുന്നു എന്നു വേണം കരുതാൻ. മുമ്പ് തന്റെ വില്പത്രത്തിൽ ആലുവാ സെമിനാരിയുടെ കൈകാര്യ കർത്താവായി റമ്പാനെ അധികാരപ്പെടുത്തിയ കടവിൽ മാർ അത്താനാസ്യോസ്, 1902-ൽ പ. പരുമല തിരുമേനി കാലംചെയ്തപ്പോൾ ആ സ്ഥാനത്തു പിൻഗാമിയായി മെത്രാൻ സ്ഥാനത്തേക്ക് ഗീവറുഗീസ് റമ്പാനെ നിർദ്ദേശിക്കുകയും ചെയ്തു. മലങ്കര മെത്രാപ്പോലീത്തായ്ക്കും മലങ്കര പള്ളിയോഗത്തിനും സമ്മതമായിരുന്നെങ്കിലും ഗീവറുഗീസ് റമ്പാൻ ഒഴിഞ്ഞുമാറിയതിനാൽ മാത്രമാണ് ആ സ്ഥാനാഭിഷേകം അന്നു നടക്കാതെ പോയത്.

ഗീവറുഗീസ് റമ്പാന്റെ കാര്യപ്രാപ്തിയിലും നിഷ്പക്ഷതയിലും വിശ്വാസമുള്ളവർ അന്ന് അങ്കമാലി ഭദ്രാസനത്തിലും ഉണ്ടായിരുന്നു. അനേകം പള്ളികളിലെ കുഴഞ്ഞുമറിഞ്ഞ ആഭ്യന്തര പ്രശ്നങ്ങൾ - മുഖ്യമായും കണക്കും കൈസ്ഥാനവും - റമ്പാന്റെ മദ്ധ്യസ്ഥതയിൽ തീർത്തു. ഇതിനുവേണ്ടി എത്ര കഷ്ടപ്പെടുവാനും സമയം ചെലവഴിക്കുവാനും റമ്പാൻ തയ്യാറായിരുന്നു. കോട്ടയത്തിന്റെ മെത്രാപ്പോലീത്തായായിരിക്കുമ്പോഴും തന്റെ ഭദ്രാസനത്തിന് പുറത്തുള്ള പള്ളിക്കാർ പോലും *കണക്കു കേട്ട് തീർക്കാൻ* മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ സമീപിച്ചിരുന്നു. അദ്ദേഹത്തിന്റെ നിഷ്പക്ഷതയ്ക്കും സത്യസന്ധതയ്ക്കുമുള്ള അംഗീകാരമായി വേണം ഇതിനെ കണക്കാക്കാൻ.

സൂക്ഷ്മമായി കണക്കുകൾ രേഖപ്പെടുത്തി വയ്ക്കുക എന്നത് പ. പിതാവിന്റെ ശീലമായിരുന്നു. *സഭാജീവിത നാൾവഴി* പരിശോധിച്ചാൽ തനിക്കു കിട്ടിയ കൈമുത്തു തുകകൾ കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നതു കാണാം. കൂടാതെ ദീർഘവർഷങ്ങളിലെ പരുമല പെരുന്നാളിന്റെ നടവരവ്, കുർബാനപ്പണം, പട്ടക്കാർക്കുള്ള വിഹിതം എന്നിവ പോലും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആരോടും ബാദ്ധ്യത നിലനിർത്താൻ പ. പിതാവ് ആഗ്രഹിച്ചിരുന്നില്ല. താൻ മെത്രാപ്പോലീത്തായാവുകയും വള്ളിക്കാട്ടു ദയറാ ആസ്ഥാനമാക്കുകയും ചെയ്തതിനു ശേഷം പ. പിതാവ് വാകത്താനത്തു പള്ളിയിലെത്തി കണക്കുകൾ പരിശോധിച്ച് ആ പള്ളിക്കാര്യത്തിൽ നിന്നും ദയറായ്ക്കായി ചെലവാക്കിയ തുക കണ്ടെത്തി അതിൽനിന്നും താൻ പള്ളിയ്ക്കായി മുടക്കിയ തുക കുറച്ച് ബാക്കി വാകത്താനത്തു പള്ളിക്കു നൽകി ബാദ്ധ്യത അവസാനിപ്പിച്ചു. മെത്രാപ്പോലീത്തായുടെ ആസ്ഥാനം ഒരു ഇടവക പള്ളിക്കു വിധേയമായിരിക്കരുത് എന്ന ആശയത്തിലുപരി, ഓരോ ചില്ലിക്കാശിനുമുള്ള പ. പിതാവിന്റെ സത്യസന്ധതയാണ് ഈ സംഭവം വെളിവാക്കുന്നത്.

Malankara Orthodox TV

തന്റെ ജീവിതകാലത്ത് പ. പിതാവ് സമ്പാദിച്ച സ്വത്തുക്കൾ എല്ലാം സഭയ്ക്കുവേണ്ടി സഭയുടെ പേരിലായിരുന്നു. ധാരാളം സ്വത്ത് സഭയ്ക്കായി സമ്പാദിച്ച ആ പിതാവിന് സ്വന്തമെന്നു പറയാൻ ഒന്നുമില്ലായിരുന്നു.

## സാമൂഹിക പ്രവർത്തനങ്ങൾ

മലങ്കരയുടെ മഹാപുരോഹിതന്മാരിൽ സാമൂഹികോന്നമന പ്രസ്ഥാനങ്ങളിൽ ഇത്രയധികം മുന്നിട്ടിറങ്ങി പ്രവർത്തിച്ച മറ്റാരെയും കാണാനില്ല. പള്ളിക്കുടം, റോഡുകൾ, പോസ്റ്റോഫീസ്, പരസ്പരസഹായ സംഘം എന്നിങ്ങനെ സമൂഹത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ വിവിധ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് പ. പിതാവു നൽകിയ നേതൃത്വം അത്യുജ്ജ്വലമാണ്. മുകളിൽ പറഞ്ഞ – സഭയ്ക്കുപരി ജീവിതമില്ലെന്ന – പൗരസ്ത്യ ക്രൈസ്തവ സന്യാസദർശനം സ്വാംശീകരിച്ച ഒരു വ്യക്തി ഇപ്രകാരം പൊതുരംഗത്ത് പ്രവർത്തിക്കുന്നത് – അതും അക്രൈസ്തവരുടെ സഹകരണത്തോടെ – ഒരു വൈരുദ്ധ്യമല്ലേ എന്നു ചിന്തിച്ചേക്കാം.

ഇവിടെയാണ് ഇന്ത്യൻ സന്യാസത്തിന്റെ പ്രസക്തി. പൗരാണികമായി ബുദ്ധമതവും ഹിന്ദുമതവും വാർത്തെടുത്ത സന്യാസ സംസ്കൃതി വിഭാവനം ചെയ്തത് ലോകത്തിനു മുമ്പിൽ വാതിൽ കൊട്ടിയടച്ച ഒറ്റപ്പെട്ട തുരുത്തുകളെയല്ല. മറിച്ച് സർവസംഗപരിത്യാഗികളായി ലോകസേവനത്തിനിറങ്ങിയ നിഷ്കാമകർമ്മികളെയാണ്. അത്തരം സേവനം ബൗദ്ധികമാകാം, ആതുരസേവനമാകാം, സാമൂഹികോന്നമനമാകാം. ഈ കാഴ്ചപ്പാടിൽ വേണം വാകത്താനത്തു ബാവായുടെ സാമൂഹിക പ്രവർത്തനങ്ങളെ വിലയിരുത്താൻ.

പ. പിതാവ് ജീവിച്ചിരുന്ന കാലഘട്ടം ഇവിടെ പരിഗണിക്കേണ്ടിയിരിക്കുന്നു. ജാതിവ്യവസ്ഥയും കൂട്ടുകുടുംബവും നിലവിലിരുന്ന കേരളീയ സമൂഹം അതിദ്രുതമായി മാറ്റങ്ങൾ നേരിട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടമാണ് പ. പിതാവിന്റെ ജീവിതകാലം. ജാതിബന്ധിതമായ സാമൂഹ്യഘടന തകർന്നു. കൂട്ടുകുടുംബങ്ങൾ ശിഥിലമായി. പരമ്പരാഗതമായ നേതൃത്വഘടന പ്രവർത്തനക്ഷമമല്ലാതെയായി. ഇതായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ കേരളത്തിന്റെ സാമൂഹികഘടന.

ഇതോടൊപ്പം തന്നെ തൊഴിൽപരമായ അപചയവും സംഭവിച്ചു. പരമ്പരാഗത തൊഴിലുകളും അവയുടെ വിപണനരീതികളും ശിഥിലമായി. കാർഷികമേഖല പോലും വാണിജ്യവൽക്കരിക്കപ്പെട്ടു എന്നു പറയാം. കാരണം പരമ്പരാഗതമായ വിപണന സംവിധാനം പുത്തൻ രീതികൾക്കു വഴി മാറി. അവയിൽ കര മാർഗ്ഗമുള്ള ഗതാഗത സൗകര്യത്തിനു ഉയർന്ന സ്ഥാനമുണ്ടായി.

Malankara OrthodoxTV

മാറിയ സാമൂഹികഘടനയും കുടുംബബന്ധങ്ങളും ഉയർന്നുവരുന്ന ജനസംഖ്യയും പരമ്പരാഗത തൊഴിലുകൾ – പ്രത്യേകിച്ചും കാർഷികവൃത്തി – കൊണ്ട് എല്ലാവർക്കും ഉപജീവനം കഴിക്കുക എന്നത് അസാധ്യമാക്കി. പുതിയ തൊഴിൽമേഖലകളാകട്ടെ പാശ്ചാത്യ മാതൃകയിലുള്ള വിദ്യാഭ്യാസം ലഭിച്ചവർക്കു മാത്രം പ്രാപിക്കാവുന്നവയായിരുന്നു. പരമ്പരാഗത തൊഴിലുകളിൽ പോലും നിലനിൽപ്പിന് വിദ്യാഭ്യാസം കൂടിയേ കഴിയൂ എന്ന സ്ഥിതിയിലെത്തിയിരുന്നു.

ഈ സാഹചര്യത്തിലാണ് പ. വാകത്താനത്തു ബാവായുടെ സാമൂഹിക പ്രവർത്തനങ്ങളുടെ പ്രസക്തി. തികച്ചും കാർഷിക സമൂഹമായ വാകത്താനത്തിന്റെ വികസനത്തിന് – ഒരു പക്ഷേ നിലനിൽപ്പിന് തന്നെ – ആധുനിക സംവിധാനങ്ങൾ കൂടിയേ കഴിയൂ എന്ന വസ്തുത പ. പിതാവ് മനസിലാക്കി. അപ്രകാരമുള്ള വികസനത്തിനു ഫലപ്രദമായ നേതൃത്വം നൽകാൻ പരമ്പരാഗതമായ അധികാരഘടന ഇല്ലാതെയായ വസ്തുതയും പ. പിതാവ് മനസിലാക്കിയിരിക്കാം.

ഈ സാഹചര്യത്തിലാണ് പുരോഹിതൻ എന്ന നിലയിലുള്ള സാമൂഹികാംഗീകാരവും തന്റെ ഗംഭീരമായ വ്യക്തിത്വവും ബന്ധങ്ങളും കൈമുതലാക്കി പ. പിതാവ് വാകത്താനത്തിന്റെ സമഗ്രവികസനത്തിന് നേതൃത്വം നൽകുവാൻ ഒരു യഥാർത്ഥ ഋഷിപുംഗവനായി വാകത്താനത്തുകാരെ ഒരുമിച്ചുകൂട്ടി വികസനത്തിന് അടിസ്ഥാനമിട്ടു മുന്നിട്ടിറങ്ങുന്നത്. അരാജകത്വം നടമാടിയിരുന്ന അങ്കമാലി ഭദ്രാസനത്തിലെ ഭരണപരിചയം ഇക്കാര്യത്തിൽ പ. പിതാവിനെ തീർച്ചയായും സഹായിച്ചിരിക്കാം.

പ. പിതാവിന്റെ സാമൂഹികോന്നമന പ്രവർത്തനങ്ങൾ വാകത്താനത്തു മാത്രം ഒതുങ്ങി നിന്നതിനാൽ അദ്ദേഹത്തിനെ ഒരു പ്രാദേശികവാദിയായി ചിത്രീകരിക്കുന്നതിൽ അർത്ഥമില്ല. തന്റെ ജീവിതത്തിന്റെ സിംഹഭാഗവും അദ്ദേഹം ചിലവഴിച്ചത് വാകത്താനത്താണ്. മറ്റൊരു സ്ഥലത്ത് അദ്ദേഹം ദീർഘകാലം ചിലവഴിച്ചിരുന്നു എങ്കിൽ ഒരു പക്ഷേ മുഖചരായ മാറുന്നത് ആ പ്രദേശത്തിന്റെയായേനെ.

### വേദജ്ഞാനം

പരമ്പരാഗതമായ മല്പാൻ വിദ്യാഭ്യാസം പ. പിതാവിനു പകർന്നു നൽകിയത് അസാമാന്യമായ വേദപുസ്തക ജ്ഞാനമാണ്. വർഷങ്ങളിലെ നിരന്തരമായ തപസ്യ ഈ ജ്ഞാനത്തെ കൂടുതൽ അഗാധമാക്കി. സന്ദർഭമനുസരിച്ച് വേദപുസ്തക വാക്യങ്ങൾ തിരഞ്ഞെടുക്കാനും അവയെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുവാനും പ. പിതാവിന് അയത്നലളിതമായി സാധിച്ചിരുന്നു.

Malankara Orthodox TV

1907-ലെയും 1908-ലെയും സഭാ പഞ്ചാംഗങ്ങൾ പരിശോധിച്ചാൽ മതി പ. പിതാവിന് സന്ദർഭോചിതമായി വേദവാക്യങ്ങൾ തിരഞ്ഞെടുക്കാനുള്ള കഴിവു വ്യക്തമാകാൻ. ഓരോ പേജിലെയും വിഷയത്തിന് അനുരൂപമായ വേദവാക്യങ്ങളാണ് ചേർത്തിരിക്കുന്നത്. അതേപോലെതന്നെ തന്റെ *സഭാ ജീവിത നാൾവഴിയിൽ* ഓരോ ദിവസവും പ്രസംഗത്തിനായി തെരഞ്ഞെടുത്ത വാക്യങ്ങളുടെ ഒരു ദീർഘമായ പട്ടികയും കാണുന്നുണ്ട്. ഇതിൽ ശ്രദ്ധേയമായ ഒരു വസ്തുത ഒരേ പെരുന്നാളിന് രണ്ടു വർഷം രണ്ടു വാക്യങ്ങളെ അവലംബിച്ചു പ്രസംഗിച്ചു എന്നതാണ്. ആവർത്തന വിരസതയും വിഷയദാരിദ്ര്യവും പ. പിതാവിന് ഇല്ലായിരുന്നു എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

പ. പിതാവ് വി. വേദപുസ്തകം പരിഭാഷപ്പെടുത്തി അച്ചടിക്കാൻ നൽകിയതായി രേഖയുണ്ടെങ്കിലും അച്ചടിച്ചതായി അറിവില്ല. ആ കൈയെഴുത്തു പ്രതിയും ഇന്നു ലഭ്യമല്ല. എന്നാൽ പ. പിതാവിന്റെ വേദപുസ്തക പരിഭാഷയുടെ സ്വഭാവം പഠിക്കുവാൻ പഞ്ചാംഗത്തിലുള്ള വാക്യങ്ങൾ ധാരാളമാണ്. പഴയനിയമവും, സങ്കീർത്തനവും, സദൃശ്യവാക്യങ്ങളും, സുവിശേഷങ്ങളും ലേഖനങ്ങളുമെല്ലാം അവലംബിച്ചിരിക്കുന്ന പ്രാതിനിധ്യ സ്വഭാവമുള്ള വാക്യങ്ങളാണവ.

ഈ വാക്യങ്ങളെ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത് ഇവയെല്ലാം സ്വന്തം തർജമകളാണെന്നാണ്. അന്നു പ്രചുര പ്രചാരത്തിലിരുന്ന ബഞ്ചമിൻ ബെയ്‌ലിയുടെ പരിഭാഷയേക്കാൾ ഇവയ്ക്കു സാധർമ്യം സുറിയാനി പ്ശീത്താ ബൈബിളിനോടാണ്. ഇതിൽ നിന്നും പ. പിതാവ് സുറിയാനി സഭാപാരമ്പര്യത്തിന് അനുസൃതമായ പ്ശീത്താ ബൈബിളാണ് അവലംബമാക്കിയിരുന്നത് എന്നാണ് വ്യക്തമാകുന്നത്. പാശ്ചാത്യ ആഭിമുഖ്യമുള്ള ഗ്രീക്ക് അടിസ്ഥാന വേദപുസ്തകം അന്നു മലങ്കരയിൽ കേട്ടുകേൾവി പോലും ഇല്ലായിരുന്നു.

**സഭാപഞ്ചാംഗങ്ങൾ**

പ. വാകത്താനത്തു ബാവാ മലങ്കരസഭയ്ക്കു നൽകിയ ഏറ്റവും ശ്രദ്ധേയമായ സംഭാവനയാണ് അദ്ദേഹത്തിന്റെ സഭാ പഞ്ചാംഗങ്ങൾ. 1907-ലാണ് ആദ്യത്തെ സഭാപഞ്ചാംഗം പ്രസിദ്ധീകരിക്കുന്നത്. 1989 ൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ ഗ്രന്ഥശേഖരത്തിൽ നിന്നും ഈ പഞ്ചാംഗം കണ്ടെടുത്തത് ഈ ലേഖകനാണ്. 1989 ഫെബ്രുവരി 24 ലക്കം *മലങ്കര ഓർത്തഡോക്സ് ഹെറാൾഡിലും* അതേവർഷം ഡിസംബർ ലക്കം *മലങ്കരസഭാ മാസികയിലും* ഈ ലേഖകൻ ആ പഞ്ചാംഗത്തെപ്പറ്റിയെഴുതിയ ലേഖനങ്ങളാണ് പ. വാകത്താനത്തു ബാവായുടെ സാഹിത്യ പരിശ്രമങ്ങളിലേയ്ക്ക് വെളിച്ചം വീശിയ ആദ്യ ലേഖനം. ഇതിനെ

തുടർന്നാണ് അദ്ദേഹത്തിന്റെ സാഹിത്യ സംഭാവനകൾ കണ്ടെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്.

മലങ്കരസഭയിൽ സഭാപഞ്ചാംഗം അവതരിപ്പിച്ചത് വാകത്താനത്തു ബാവായല്ല. 1872-ൽ ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ ഒരു സഭാ പഞ്ചാംഗം പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ ചുവടുപിടിച്ചാവണം ഗീവർഗീസ് റമ്പാൻ തന്റെ പഞ്ചാംഗം രൂപപ്പെടുത്തിയത്.

സഭയുടെ ഇയർബുക്ക് എന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ള ഈ പുസ്തക പഞ്ചാംഗത്തിന്റെ എല്ലാ പേജുകളിലും ദൈനംദിന പഠനത്തിന് ഓരോ വേദവാക്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ സന്ദർഭത്തിലും ഉപയോഗിക്കേണ്ട വേദവാക്യങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. പള്ളി കമ്മറ്റി മെമ്പറന്മാരെപ്പറ്റി പറയുന്ന പേജിൽ *ഈ സംഗതിയെപ്പറ്റി വിചാരിപ്പാൻ അപ്പോസ്തോലന്മാരും മൂപ്പന്മാരും വന്നു കൂടി* (അ. പ്ര. 15:6) ചേർത്തിരിക്കുന്നു. ബ്രിട്ടീഷ് ചക്രവർത്തി, തിരുവിതാംകൂർ - കൊച്ചി രാജാക്കന്മാർ എന്നിവരുടെ പേരുകളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. അന്നത്തെ പാത്രിയർക്കീസ് ബാവായുടെ പേരും ഉണ്ട്. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരുമനസിലെ ചിത്രവും പുസ്തകത്തിൽ കാണാം. അദ്ദേഹത്തെപ്പറ്റിയുള്ള വിവരങ്ങളും അദ്ദേഹത്തിന്റെ കീഴിൽ ഭരിച്ചുകൊണ്ടിരുന്ന കോട്ടയം, അങ്കമാലി ഇടവകകളുടെ പൗലോസ് മാർ അത്താനാസ്യോസ്, കണ്ടനാട് ഇടവകയുടെ പൗലോസ് മാർ ഈവാനിയോസ് എന്നിവരുടെ പേരുകളും രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചാംഗത്തിന്റെ ഒന്നാംപേജിൽ ഇതുവരെ മലങ്കര ഭരിച്ചിട്ടുള്ള മെത്രാപ്പോലീത്തന്മാരുടെ പേരുകളുണ്ട്. മാർതോമ്മാ ശ്ലീഹായിൽ തുടങ്ങുന്ന ഈ ലിസ്റ്റിൽ പകലോമറ്റം അർക്കദിയാക്കോന്മാർ (1653 വരെ), നെസ്തോർ മെത്രാന്മാർ (1599 വരെ), ലത്തീൻ മെത്രാന്മാർ (1599 - 1653), മലങ്കര മെത്രാപ്പോലീത്തന്മാർ (1653 മുതൽ) എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കിടങ്ങൻ മാർ പീലക്സീനോസും (തൊഴിയൂർ) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും ഉൾപ്പെട്ട ഈ ലിസ്റ്റിൽ ഒരൊറ്റ *ശീമ മേല്പട്ടക്കാരനും* പ്രത്യക്ഷപ്പെടുന്നില്ല. വിവിധ കാലങ്ങളിൽ മലങ്കര എത്തിയ സിറിയൻ മെത്രാന്മാരുടെ പേരുകളും പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് പട്ടം കൊടുത്തവരിൽ കാലം ചെയ്ത നാല് ഇടവക മെത്രാപ്പോലീത്താമാരുടെ പേരുകളും അടുത്ത പുറത്ത് പ്രത്യേകം പ്രത്യേകം ചേർത്തിട്ടുണ്ട്.

ബൃഹത്തായ ഒരു വിവര ശേഖരണമാണ് പ. പിതാവ് ഈ പഞ്ചാംഗത്തിനു വേണ്ടി നടത്തിയത്. വിവരശേഖരണത്തിനും ആശയവിനിമയത്തിനുമുള്ള ഉപാധികൾ പരിമിതമായിരിക്കുകയും മലങ്കര സഭയ്ക്ക് കേന്ദ്രീകൃതമായ ഒരു ഭരണ സിരാകേന്ദ്രം ഇല്ലാതിരിക്കുകയും ചെയ്ത ഒരു കാല

ഘട്ടത്തിൽ പ. പിതാവ് ശേഖരിച്ച വിവരങ്ങളുടെ വൈപുല്യം ആരെയും അത്ഭുതപ്പെടുത്തും. എങ്കിൽപ്പോലും താൻ ശേഖരിച്ച വിവരങ്ങൾ സമ്പൂർണ്ണമല്ല എന്ന് പ. പിതാവ് ആമുഖത്തിൽ സമ്മതിയ്ക്കുന്നുണ്ട്. കുറവുകൾ അടുത്ത പതിപ്പിൽ പരിഹരിക്കാമെന്നും പ്രസ്താവിക്കുന്നു. ഈ പഞ്ചാംഗത്തിന്റെ പുറകിലെ അദ്ദേഹത്തിന്റെ അദ്ധ്വാനം മനസ്സിലാക്കാൻ അതിന്റെ ഉള്ളടക്കം പരിശോധിക്കാം.

അക്കാലത്തെ മലങ്കരസഭയിൽ ഏഴു റമ്പാന്മാരുണ്ടായിരുന്നു: വലിയ പൗലൂസ് റമ്പാൻ (പൗലോസ് മാർ കൂറിലോസ്), ഗീവറുഗീസ് റമ്പാൻ (വട്ടശേരിൽ മാർ ദീവന്നാസ്യോസ്), കൊച്ചു പൗലൂസ് റമ്പാൻ (പൗലൂസ് മാർ അത്താനാസ്യോസ്), വാകത്താനം ഗീവറുഗീസ് റമ്പാൻ (ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ) പുന്നൂസ് റമ്പാൻ (ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ) വടകര ഗീവർഗീസ് റമ്പാൻ, കുറിയാക്കോസ് റമ്പാൻ (കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് - പാമ്പാടി തിരുമേനി). അവരുടെ ചുമതലയിൽ നാലു വൈദിക സെമിനാരികൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു (കോട്ടയത്ത് പഴയസെമിനാരി, ആലുവാ, പാമ്പാക്കുട, പരുമല). ഇവയിൽ അദ്ധ്യാപനം നടത്തുന്ന ആറ് മല്പാന്മാരുണ്ടായിരുന്നു.

അക്കാലത്ത് മലങ്കരസഭയ്ക്ക് കേവലം ആറ് പൊതുസ്ഥാപനങ്ങളേ ഉണ്ടായിരുന്നുള്ളു. അവ:

(1) വെട്ടിക്കൽ ദയറാ.
(2) തൃപ്പൂണിത്തുറ ബെസ്സ്ലൂസോ.
(3) മൂവാറ്റുപുഴ സത്രം.
(4) കൊട്ടാരക്കര സത്രം.
(5) കുന്നംകുളം സെഹിയോൻ ബംഗ്ലാവ്.
(6) തിരുവനന്തപുരം പള്ളിയും കെട്ടിടങ്ങളും.

പഞ്ചാംഗത്തിന്റെ 13 മുതൽ 16 വരെയുള്ള പേജുകളിൽ മലങ്കര മെത്രാപ്പോലീത്തായുടെ ഭരണത്തിൻകീഴിലുള്ള 314 പള്ളികളുടെ പേരുകൾ ചേർത്തിരിക്കുന്നു. അവയിൽ ബ്രിട്ടീഷ് ഇന്ത്യയിൽ 3, കൊച്ചിയിൽ 25, തിരുവിതാംകൂറിൽ 286 പള്ളികൾ വീതമാണുള്ളത്. ഈ പള്ളികൾ ആരുടെ നാമത്തിൽ സ്ഥാപിച്ചിരിക്കുന്നു എന്നും അവയുടെ വികാരിമാരുടെ പേരും ചേർക്കണമെന്നുണ്ടെങ്കിലും അവ ലഭ്യമല്ലാത്തതിനാൽ ചേർത്തിട്ടില്ലെന്നും അടുത്ത പതിപ്പിൽ ചേർക്കാമെന്നും ഈ ലിസ്റ്റിന്റെ അവസാനം ഒരു കുറിപ്പു കാണുന്നുണ്ട്.

കൂടാതെ മലങ്കരസഭ വകയായി അക്കാലത്ത് 3 ഇംഗ്ലീഷ് ഹൈസ്കൂളുകൾ, 9 ഇംഗ്ലീഷ് മിഡിൽ സ്കൂളുകൾ, 200 മലയാളം പ്രൈമറി സ്കൂളുകൾ, 2 പെൺപള്ളിക്കുടങ്ങൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായിരുന്നു.

രണ്ടു പ്രസ്സുകളും *മലങ്കര ഇടവക പത്രിക, ജീവനിക്ഷേപം, സുറിയാനി സുവിശേഷകൻ, സീമതഹായ* (സുറിയാനി) എന്നീ മാസികകളുമുണ്ടായിരുന്നു.

അക്കാലത്തെ മലങ്കര സുറിയാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ മെത്രാപ്പോലീത്താമാരെ കൂടാതെ 8 വൈദികരും 11 അവൈദികരും അംഗങ്ങളായുണ്ടായിരുന്നു. ഇടവഴിക്കൽ പീലിപ്പോസ് ആയിരുന്നു അസോസിയേഷൻ സെക്രട്ടറി. മലങ്കര സുറിയാനി സുവിശേഷകസംഘം എന്നൊരു പ്രസ്ഥാനം അക്കാലത്ത് പ്രവർത്തിക്കുന്നുണ്ടായിരുന്നു. 85 സണ്ടേസ്കൂളുകളും 6 പുതുക്രിസ്ത്യാനി ഇടവകകളും അക്കാലത്ത് നിലവിൽ വന്നിരുന്നു.

ഇവ കൂടാതെ 1905 മുതൽ 1931 വരെയുള്ള നോമ്പുകണക്ക്, 72 അറിയിപ്പുകാരുടെ പേരുകൾ, അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ ലിസ്റ്റ് തുടങ്ങിയവയും ഈ പഞ്ചാംഗത്തിലുണ്ട്.

സുറിയാനി, മലയാളം, ഇംഗ്ലീഷ് തീയതികൾ, ആഴ്ച ഈ ക്രമത്തിൽ അടയാളപ്പെടുത്തിയ പഞ്ചാംഗമാണ് ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗം. ഓരോ മാസവും ഓരോ പേജായി ചേർത്തിരിക്കുന്ന ഈ പഞ്ചാംഗത്തിൽ മലങ്കരസഭയുടെ വിശേഷ ദിവസങ്ങൾ പ്രത്യേകമായി കാണിച്ചിരിക്കുന്നു. 1906 –ലെ ഈ പഞ്ചാംഗത്തിൽ തോമ്മൂസ് (ജൂലൈ) മാസം മൂന്നാം തീയതി മാർതോമ്മാശ്ലീഹായുടെ ഓർമ്മ – മാറാനായ പെരുനാളായി ആണ് ചേർത്തിരിക്കുന്നത്.

ഈ പഞ്ചാംഗത്തിൽ *മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ സഭാ മേലദ്ധ്യക്ഷത നടത്തിവരുന്നു* എന്ന പരാമർശനം സമീപകാലത്ത് ചിലർ ദുർവ്യാഖ്യാനം നടത്തി. ഈ പദപ്രയോഗത്തിൽ നിന്നും പ. വാകത്താനത്തു ബാവാ, പാത്രിയർക്കീസിന്റെ മേലധികാരം അംഗീകരിച്ചിരുന്നു എന്ന് സമർത്ഥിക്കാൻ ശ്രമിച്ചിട്ടുണ്ട്. 1876 മുതൽ മലങ്കരസഭ അപ്രകാരം കരുതിയിരുന്നു എങ്കിലും 1912 –ലെ കാതോലിക്കാ സ്ഥാപനത്തോടെ അധികാരം അപ്രസക്തമായി എന്ന സത്യം ഇവർ മറച്ചു വയ്ക്കുകയാണ്. അന്നത്തെ കാലസ്ഥിതിക്കനുസരിച്ച മേലദ്ധ്യക്ഷനായാണ് പ. പിതാവ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് അതിനു തൊട്ടുമുമ്പുള്ള പേജിൽ ലൗകിക ഭരണാധികാരികളായി ഇന്ത്യാ ചക്രവർത്തി എഡ്വേർഡ് ഏഴാമൻ, തിരുവിതാംകൂർ – കൊച്ചി മഹാരാജാക്കന്മാർ എന്നിവരുടെ പേരുകളിൽ നിന്നും വ്യക്തമാണ്. കാലസ്ഥിതി കണക്കിലെടുക്കാതെ പാത്രിയർക്കീസിന്റെ കാര്യത്തിൽ ദുർവ്യാഖ്യാനം ചെയ്ത മാനദണ്ഡം കണക്കിലെടുത്താൽ പ. പിതാവ് *സാമ്രാജ്യത്വത്തിന്റെ കുഴലൂത്തുകാരനും* രാജഭരണത്തിന്റെ വക്താവുമാണെന്നു വരും. ഈ പരാമർശനങ്ങൾ എല്ലാം അന്നത്തെ കാലസ്ഥിതിക്കനുസൃതം എന്നു മാത്രമേയുള്ളു.

മറിച്ച് പ. പിതാവ് അന്ത്യോഖ്യരുടെ ഭരണാധികാരത്തെ അംഗീകരിച്ചിരുന്നില്ല എന്നതിന് ഈ പഞ്ചാംഗത്തിൽ തന്നെ തെളിവുകളുണ്ട്. മലങ്കര സഭയെ ഭരിച്ചു കാലം ചെയ്ത മേലദ്ധ്യക്ഷന്മാരുടെ കൂട്ടത്തിൽ ഒറ്റ അന്ത്യോഖ്യൻ മെത്രാനെയും ഉൾപ്പെടുത്തിയിട്ടില്ല. നെസ്തോറിയരും, ലത്തീൻകാരും എന്തിന് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസു പോലും ഉൾപ്പെട്ട ലിസ്റ്റാണെന്നോർക്കണം. തന്നെയുമല്ല മലങ്കരമെത്രാൻ സ്ഥാനത്തിന്റെ ശക്തിയും മാഹാത്മ്യവും ഇല്ലാതാക്കാനായി പത്രോസ് പാത്രിയർക്കീസ് സൃഷ്ടിച്ച ഏഴു സ്വതന്ത്ര ഇടവകകളെയും പ. പിതാവ് അംഗീകരിച്ചിരുന്നില്ല. അവയുടെ മേല്പട്ടക്കാരെപ്പറ്റി മലങ്കര ഉപ ഇടവകകളെ ഭരിച്ച മേല്പട്ടക്കാർ എന്നാണ് പരാമർശനം. പഴയസെമിനാരിയിൽ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണകേന്ദ്രമായ മാർ തോമസ് അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം അന്നത്തെ സഭയുടെ പൊതു ചിന്താഗതിയല്ല ദ്യോതിപ്പിക്കുന്നത് എന്നു വിശ്വസിക്കാൻ പ്രയാസമാണ്.

ഈ പഞ്ചാംഗത്തിന്റെ പിൻഗാമിയായി 1908-ലും ഗീവർഗീസ് റമ്പാൻ സഭാ പഞ്ചാംഗം പ്രസിദ്ധീകരിച്ചു. പാമ്പാക്കുട കോനാട്ടു ലൈബ്രറിയിൽ നിന്നും ഇതു കണ്ടെടുത്തത് സഭാചരിത്ര ഗവേഷകനും പത്രപ്രവർത്തകനുമായ ജോയ്സ് തോട്ടയ്ക്കാടാണ്.

ഈ പഞ്ചാംഗത്തെപ്പറ്റി അതിന്റെ മുഖവുരയിൽ ഗീവർഗീസ് റമ്പാൻ പറയുന്നത് കാണുക: "*കഴിഞ്ഞ പ്രാവശ്യം പഞ്ചാംഗം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൽ ചേർക്കാൻ സാധിക്കാതിരുന്ന പല സംഗതികൾ ഈയാണ്ടത്തെ പഞ്ചാംഗത്തിൽ ചേർത്തുകൊള്ളാമെന്നു വാഗ്ദത്തം ചെയ്തിരുന്നതുപോലെ മുഴുവനായി സാധിപ്പാൻ കഴിയാഞ്ഞതിൽ വ്യസനിക്കുന്നു. പുതുതായി പല സംഗതികൾ ചേർത്തിട്ടുണ്ടു. കോട്ടയം ഉൾപ്പെട്ട വടക്കോട്ടുള്ള എല്ലാ ഇടവകകളിലും ഉൾപ്പെട്ട പള്ളികളുടെ പ്രദഷ്ടാനാമങ്ങളും ഓരൊ പള്ളിയോടു ചേർന്ന പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും പേരുകളും ചേർത്തിട്ടുണ്ടു. തെക്കൻ ഇടവകകളിലെ പള്ളികളുടെ പ്രദഷ്ടാനാമങ്ങളും ഓരൊ ഇടവകയോടു ചേർന്ന വൈദീകന്മാരുടെ പേരുകളും കിട്ടാൻ ചില ഏർപ്പാടുകൾ ചെയ്തു എങ്കിലും മുഴുവനായി സാധിച്ചില്ലന്നു മാത്രമല്ലാ കിട്ടിയ ലിസ്റ്റുകളിൽ ചില പിശകുകൾ ഉണ്ടെന്നു സംശയം തോന്നുകയാൽ അവയെ ശരിയാക്കി എന്നു പറഞ്ഞുകൂടാ. ഒരു വക പഞ്ചാംഗവും പ്രസിദ്ധപ്പെടുത്തുക പതിവില്ലാത്തതു കൊണ്ടു ഇങ്ങനെ ഓരൊ ന്യൂനതകൾ വന്നുപോകുന്നതു ക്ഷന്തവ്യമായി വായനക്കാർ വിചാരിക്കുമെന്നു വിശ്വസിക്കുന്നു. അടുത്ത ആണ്ടിൽ ഈ ന്യൂനതകളും പരിഹരിക്കാമെന്നു ആശംസിച്ചു വായനക്കാരോടു ക്ഷമായാചന ചെയ്തുകൊള്ളുന്നു.*"

ഈ ആമുഖത്തിൽ നിന്നു തന്നെ ഇതിന്റെ ഗ്രന്ഥ സ്വരൂപത്തെപ്പറ്റി ഒരു

ഏകദേശ ജ്ഞാനം ലഭിക്കും. എങ്കിലും 1907 -ലെയും 1908 -ലെയും പഞ്ചാംഗങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ താഴെ പറയുന്നവയാണ്.

*സ്വർഗ്ഗസ്ഥനായ പിതാവേ, കൃപ നിറഞ്ഞ മറിയമേ* എന്നീ പ്രാർത്ഥനകളുടെ പദ്യരൂപത്തിനു പകരം പ്രാർത്ഥനയെപ്പറ്റി *ക്രിസ്തീയ ജ്ഞാന കീർത്തനത്തിൽ* നിന്നും ചേർത്തിട്ടുള്ള കീർത്തനമാണ് ഒന്നാം പേജിൽ. 1907 നവംബർ 2-ന് കടവിൽ മാർ അത്താനാസ്യോസ് കാലം ചെയ്തതിനാൽ ഇടവക മെത്രാനായി മുറിമറ്റത്തിൽ മാർ ഈവാനിയോസ് മാത്രമാണുള്ളത്. മലങ്കര മാർ ഗ്രീഗോറിയോസു സുവിശേഷ സംഘം, മുവാറ്റുപുഴ യാക്കോബായ സുറിയാനി സുവിശേഷ സംഘം എന്നിവയെ മലങ്കര സുറിയാനി സുവിശേഷ സംഘത്തോടൊപ്പം ലിസ്റ്റിൽ ചേർത്തിട്ടുണ്ട്. കൂടാതെ വിവിധ സ്ഥലങ്ങളിൽ രൂപംകൊണ്ട യുവജന സംഘങ്ങളുടെ സൂചനയും 1908-ലെ പഞ്ചാംഗത്തിലുണ്ട്.

1907-ലെ പഞ്ചാംഗത്തിലുണ്ടായിരുന്ന നോമ്പുകണക്ക്, അറിയിപ്പുകാരുടെ പേരുകൾ, അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ ലിസ്റ്റ് എന്നിവ 1908-ൽ ഒഴിവാക്കി. പകരം ആമുഖത്തിൽ പറയുന്നതുപോലെ പള്ളികളുടെയും പട്ടക്കാരുടെയും ലിസ്റ്റ് വിശദമായി ചേർത്തു. കൂടാതെ മാർ ഗ്രീഗോറിയോസു സ്മാരക സുവിശേഷസംഘത്തിലെ ഉപദേശിമാരുടെ പേരു വിവരവും ചേർത്തു. ചില സൂചനകളുടെ അടിസ്ഥാനത്തിൽ പ. പിതാവ് 1906-ലും സഭാപഞ്ചാംഗം പ്രസിദ്ധീകരിച്ചതായി സഭാചരിത്ര ഗവേഷകനായ വർഗീസ് ജോൺ തോട്ടപ്പുഴ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും അത് കണ്ടെടുക്കുവാനായിട്ടില്ല.

വിവരം ശേഖരിക്കുവാനും അവയെ അവതരിപ്പിക്കാനുമുള്ള പ. പിതാവിന്റെ അസാധാരണമായ കഴിവാണ് ഈ പഞ്ചാംഗങ്ങൾ വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്നത്. ഒരു ശതവത്സരം കൂടി കഴിഞ്ഞിട്ടും പ. പിതാവ് പരിമിതമായ സാഹചര്യങ്ങളിൽ ശേഖരിച്ചു പ്രസിദ്ധീകരിച്ച ഈ സഭാ ഡയറക്ടറികൾക്ക് ആ നിലവാരമുള്ള ഒരു പിൻഗാമിയെ സൃഷ്ടിക്കാൻ മലങ്കര സഭയ്ക്കു സാധിച്ചിട്ടില്ല എന്നു വരുമ്പോഴാണ് ഈ കൃതികളുടെ മൗലികത വ്യക്തമാകുന്നത്.

### കാതോലിക്കേറ്റിന് വ്യക്തിത്വം

1912-ൽ ഇന്ത്യയിൽ ഒരു കാതോലിക്കേറ്റ് സ്ഥാപിച്ചെങ്കിലും മാസങ്ങൾക്കുള്ളിൽ ഒന്നാം കാതോലിക്കാ കാലം ചെയ്തതിനാൽ മോറാൻ മാർ ബസേലിയോസ് പൗലൂസ് പ്രഥമൻ *ശ്ലീഹായ്ക്കടുത്ത കിഴക്കേ സിംഹാസനത്തിൽ കാതോലിക്കാ* എന്ന സ്ഥാനനാമം ഉപയോഗിച്ചതെന്യേ, കാതോലിക്കായ്ക്ക് പ്രത്യേക സ്ഥാനചിഹ്നങ്ങളോ ആസ്ഥാനമോ ഉണ്ടായില്ല. പിന്നീട് ഒരു വ്യാഴവട്ടക്കാലം പ. സിംഹാസനം ഒഴിഞ്ഞുകിടന്ന കാലത്ത് ആരും അതിനെപ്പറ്റി ചിന്തിച്ചുമില്ല.

എന്നാൽ സ്വന്ത ഇഷ്ടപ്രകാരമല്ലാതെയാണെങ്കിലും പ. വാകത്താനത്തു ബാവാ കാതോലിക്കായായി സ്ഥാനമേറ്റതോടെ കാതോലിക്കേറ്റിന് ഒരു വ്യക്തിത്വവും സ്ഥാനചിഹ്നങ്ങളും ഉണ്ടാക്കുന്നതിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞു. സ്വന്തം താമസസ്ഥലമായ വാകത്താനം വള്ളിക്കാട്ടു പള്ളിയെ *കാതോലിക്കേറ്റ് സിംഹാസനപ്പള്ളി*യായി നാമകരണം ചെയ്തു. His Holiness Moran Mar Baselius Catholicos of the Apostolic Throne of the East എന്ന് ഇംഗ്ലീഷിലും *ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിൽ കാതോലിക്കാ* എന്ന് മലയാളത്തിലും മേലെഴുത്തോടു കൂടിയ കല്പനക്കടലാസ് ഉപയോഗിച്ചു തുടങ്ങി. ഇവയോടൊപ്പം കാതോലിക്കേറ്റിന് സ്വന്തമായ സ്ഥാനചിഹ്നങ്ങൾ ഉണ്ടാക്കാനുള്ള ശ്രമവും ആരംഭിച്ചു.

ശ്രദ്ധേയമായ നാലു സംഭാവനകളാണ് പ. പിതാവിന്റേതായി ഈ രംഗത്ത് കണ്ടെത്തിയിട്ടുള്ളത്. അവ മുതലവായൻമുടി, അംശവടി, മുദ്ര, അൽമത്തിക്കാപ്പ എന്നിവയാണ്. ഇവ നാലും തനതായ വ്യക്തിത്വം പുലർത്തുന്നവയും അർത്ഥപൂർണ്ണതയുള്ളതും പ. പിതാവിന്റെ കലാപാടവത്തിന്റെ ബഹിർസ്ഫുരണങ്ങളുമാണ്.

ഒന്നാം മാർത്തോമ്മാ മുതലുള്ള മലങ്കര മെത്രാപ്പോലീത്താമാർ ഉപയോഗിച്ചുവന്നിരുന്ന മുതലവായൻമുടിയുടെ ഒരു വിശദമായ പതിപ്പാണ് പ. പിതാവ് രൂപപ്പെടുത്തിയ മുടി. അന്തോഖ്യൻ പാരമ്പര്യത്തിലെ മത്തങ്ങാമുടിയിൽ നിന്നും വിഭിന്നമായി ലത്തീൻ - കൽദായ പാരമ്പര്യങ്ങളിൽ നിന്നും രൂപപ്പെടുത്തിയെടുത്തതാണ് ഈ മുടി. പത്തൊമ്പതാം നൂറ്റാണ്ടിൽ പാശ്ചാത്യസുറിയാനി പാരമ്പര്യത്തിന്റെ കുത്തൊഴുക്കിൽ ഈ മുടിക്ക് സ്ഥാനഭ്രംശം സംഭവിച്ചു. 1877 -നു ശേഷം വാഴിക്കപ്പെട്ട മെത്രാന്മാരാരും ഇതുപയോഗിച്ചില്ല. എങ്കിലും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ പ്രധാന അവസരങ്ങളിൽ ഈ മുടി ഉപയോഗിച്ചിരുന്നു.

അൽമത്തികാപ്പായുടെ ചരിത്രവും വിഭിന്നമല്ല. പേർഷ്യൻ അർദ്ധകാപ്പയായ *മാപ്രാ*യുടേയും ലത്തീൻ മെത്രാന്മാരുടെ അംശവസ്ത്രത്തിന്റെയും ഒരു സമഞ്ജസനമായാണ് അൽമത്തിക്കാപ്പയ്ക്ക് രൂപം കൊടുത്തത്. മലങ്കര മെത്രാന്മാരുടെ ഔദ്യോഗികവേഷമായിരുന്ന ഇതും മുതലവായൻമുടിയോടൊപ്പം അപ്രത്യക്ഷമായി.

പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോഗികവേഷമായി ഇവ രണ്ടും പ. വാകത്താനത്തു ബാവാ പുനർജീവിപ്പിച്ചു. ഒന്നര അടിയോളം ഉയരത്തിൽ സ്വർണ്ണക്കുരിശും സ്വർണക്കുമിളകളും സ്വർണഗിൽറ്റുമായിയാണ് അതിമനോഹരമായ ഈ മുതലവായൻമുടി രൂപപ്പെടുത്തിയത്. അതുപോലെ തന്നെ വിലയേറിയ കസവു നീരാളങ്ങൾ കൊണ്ടാണ് അൽമത്തിക്കാപ്പ പുനർസൃഷ്ടിച്ചത്. ഇതിൽ നിന്നും കാതോലിക്കേറ്റിന് ഒരു ഉന്നത വ്യക്തിത്വമാണ് പ. പിതാവ് വിഭാവനം ചെയ്തതെന്ന് വ്യക്തമാണ്.

1877 –ൽ മലങ്കര മെത്രാപ്പോലീത്തായെ കൂടാതെ വാഴിച്ച ആറു മെത്രാന്മാരും, തുടർന്നു വാഴിക്കപ്പെട്ടവരാരും മലങ്കരസഭയുടെ ഈ പുരാതന മേല്പട്ട സ്ഥാനവസ്ത്രങ്ങൾ ഉപയോഗിച്ചില്ല. അവരുടെ വാഴ്ചയ്ക്കു ശേഷം മലങ്കര മെത്രാപ്പോലീത്താ അപൂർവ്വ അവസരങ്ങളിൽ ഈ സ്ഥാനചിഹ്നങ്ങൾ ഉപയോഗിച്ചത് *ജാതിക്കുതലവൻ* എന്ന നിലയിൽ തനിക്കുള്ള മേലധികാരം ദ്യോതിപ്പിക്കാനാണ്. ഈ വസ്തുത പരിഗണിക്കുമ്പോൾ പൗരസ്ത്യകാതോലിക്കായുടെ മേലധികാരം പ്രകടമാക്കാനാണ് ഈ സ്ഥാനവസ്ത്രങ്ങൾ രൂപപ്പെടുത്തിയത് എന്നു കാണാം. അദ്ദേഹം രൂപപ്പെടുത്തിയ മുടിയും അൽമത്തിയുമാണ് ഇന്നും കാതോലിക്കാമാർ ഉപയോഗിക്കുന്നത്.

കാതോലിക്കേറ്റിന്റെ സ്ഥാനചിഹ്നങ്ങളിൽ പ. പിതാവിന്റെ അടുത്ത സംഭാവന അംശവടിയാണ്. അന്ത്യോഖ്യൻ പാരമ്പര്യപ്രകാരമുള്ള പാമ്പിൻ പത്തിക്കു പകരം ഇലകളോടു കൂടിയ രണ്ടു വളഞ്ഞ കമ്പുകളാണ് അദ്ദേഹം കാതോലിക്കാ സ്ഥാനമേറ്റ ശേഷം രൂപപ്പെടുത്തിയ അംശവടിയിലുള്ളത്. ഇത് *അഹറോന്റെ തളിർത്ത വടി*യുടെ സാദൃശ്യമാണ്. മഹാപുരോഹിതന്മാരുടെ സാധാരണ അംശവടിക്കു പകരം മഹാപുരോഹിതന്മാരിൽ മുമ്പനായ അഹറോന്റെ വടിയോടു സാദൃശ്യമുള്ള അംശവടി രൂപപ്പെടുത്തിയതും കാതോലിക്കേറ്റിന്റെ സ്വതന്ത്രവും സ്വയംശീർഷകവുമായ വ്യക്തിത്വം പ്രതിഫലിക്കാനാണെന്നു വ്യക്തമാണ്. ഈ അംശവടിയാണ് ഇന്നും പൗരസ്ത്യ കാതോലിക്കാമാരുടെ ഔദ്യോഗിക അംശവടി.

അടുത്ത ശ്രദ്ധേയമായ സംഭാവന *മുദ്ര*യാണ്. ചുമന്ന മഷിയിൽ കല്പനകളിൽ കുത്തിയിരുന്ന ഈ വൃത്താകാര മുദ്രയിൽ മഹാപൗരോഹിത്യ ചിഹ്നങ്ങളോടൊപ്പം ശ്രദ്ധേയമായ ഒരു വേദവാക്യവുമുണ്ട്: *ചെറിയ ആട്ടിൻ കൂട്ടമേ ഭയപ്പെടേണ്ട*. പ. പിതാവിന്റെ കാലശേഷം പിൻഗാമി പ. ഗീവർഗീസ് ദ്വിതീയൻ ബാവായും ഈ മുദ്ര കുറേക്കാലം ഉപയോഗിച്ചിരുന്നു. 1952 –ലെ കുപ്രസിദ്ധമായ വീരരാഘവയ്യരുടെ വിധിക്കു ശേഷം കൽക്കട്ടയിൽ നിന്നും അദ്ദേഹമയച്ച കമ്പിസന്ദേശത്തിലെ ഈ വാക്യമാണ് നിരാശാഗർത്തത്തിലായിരുന്ന മലങ്കര നസ്രാണികളെ ആവേശഭരിതരാക്കിയത്. അതിനും അനേകവർഷം മുമ്പ് ഈ വാക്യം കാതോലിക്കേറ്റിന്റെ ആപ്തവാക്യമാക്കിയത് പ. വാകത്താനത്തു ബാവായുടെ ദീർഘദർശനമായി കണക്കാക്കാം.

പ. വാകത്താനത്തു ബാവാ കാതോലിക്കേറ്റിനു നൽകിയ വ്യക്തിത്വ നിർവ്വചനങ്ങൾ അദ്ദേഹം സൃഷ്ടിച്ച സ്ഥാനചിഹ്നങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ചാൽ ലഭിക്കുന്ന ഫലങ്ങൾ താഴെപ്പറയുന്നവയാണ്:

1) പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായി തികച്ചും ദേശീയമായ ഒരു വ്യക്തിത്വം പൗരസ്ത്യകാതോലിക്കേറ്റിനുണ്ട്.

2) പൗരസ്ത്യ കാതോലിക്കാ സിംഹാസനം ശ്ലൈഹീക സിംഹാസനമാണ്.

3) പൗരസ്ത്യ കാതോലിക്കാ മഹാപുരോഹിതന്മാരിൽ തലവനാണ്.

4) His Holiness എന്നും Moran Mar എന്നും സംബോധന ചെയ്യപ്പെടാനും ചുമന്ന മഷിയിൽ മുദ്ര കുത്തുവാനും അധികാരമുള്ള അത്യുന്നത മേലധികാരിയാണ്.

വ്യക്തിജീവിതത്തിൽ ലാളിത്യവും സ്ഥാനമോഹമില്ലായ്മയും ജീവിതാന്ത്യം വരെ കാത്ത പ. പിതാവ് ഈ ബഹുമതി ചിഹ്നങ്ങൾ തനിക്കല്ല കാതോലിക്കാ സ്ഥാപനത്തിന്റെ മഹത്വത്തിനാണ് രൂപപ്പെടുത്തിയതെന്ന് വ്യക്തമാണ്.

തന്റെ ചുരുങ്ങിയ ഭരണകാലത്തിനുള്ളിൽ കാതോലിക്കേറ്റിന് സ്വതന്ത്രവും അന്തസുറ്റതുമായ ഒരു വ്യക്തിത്വം ഉണ്ടാക്കുന്നതിന് ഇത്രയധികം സംഭാവന നൽകിയ പ. പിതാവ് കുറേക്കാലം കൂടി ജീവിച്ചിരുന്നുവെങ്കിൽ പൗരസ്ത്യ കാതോലിക്കേറ്റിന് കുറെക്കൂടി വ്യക്തമായ വ്യക്തിത്വം ലഭിക്കുമായിരുന്നു എന്നത് നിസ്സംശയമാണ്.

**ഭരണ പശ്ചാത്തലം**

മലങ്കരസഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രക്ഷുബ്ധമായ രണ്ടു നൂറ്റാണ്ടുകളായിരുന്നു പതിനേഴും പത്തൊമ്പതും. ലത്തീൻ ഭരണവും കൂനൻ കുരിശു വിപ്ലവവും പാശ്ചാത്യ സുറിയാനി ബന്ധാരംഭവും എല്ലാം കൂടി പതിനേഴാം നൂറ്റാണ്ടിനെ പ്രശ്ന സങ്കീർണ്ണമാക്കിയെങ്കിൽ ബ്രിട്ടീഷ് മിഷനറിമാരും പ്രൊട്ടസ്റ്റന്റ് വിശ്വാസവും അന്ത്യോഖ്യൻ അവകാശവാദങ്ങളും പാശ്ചാത്യ സുറിയാനി പാരമ്പര്യങ്ങളുടെ അവതരണവുമെല്ലാം കൂടി പത്തൊമ്പതാം നൂറ്റാണ്ടിനെ കലാപകലുഷിതമാക്കി.

പത്തൊമ്പതാം നൂറ്റാണ്ടിൽ മലങ്കരസഭയുടെ ദുര്യോഗം ആരംഭിക്കുന്നത് 1815–ലാണ്. മലങ്കരപള്ളിയോഗത്തിന്റെ 1809–ലെ *കണ്ടനാടു പടിയോല* നിശ്ചയപ്രകാരം ആരംഭിച്ച കോട്ടയം സെമിനാരിയിൽ സഹായ ഹസ്തവുമായി എത്തിയ ബ്രിട്ടീഷ് മിഷനറിമാർ തുടക്കംമുതലെ തങ്ങളുടെ പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ നസ്രാണികളുടെ ഇടയിൽ പ്രചരിപ്പിക്കുവാനാണ് ശ്രമിച്ചത്. ബ്രിട്ടീഷ് സാമ്രാജ്യത്വവും കൊളോണിയലിസത്തിന്റെ മുഷ്ക്കും തലക്കുപിടിച്ച അപക്വമതികളായ ആംഗ്ലിക്കൻ മിഷനറിമാർ കോളനി ഭരണാധികാരികളുടെ സഹായത്തോടെ നടത്തിയ ഊർജ്ജിത പ്രവർത്തനങ്ങൾക്ക് ചെറിയൊരു വിഭാഗം അവസരവാദികളെ മാത്രമേ സ്വാധീനിക്കുവാൻ കഴിഞ്ഞുള്ളു.

എന്നാൽ വലിയ മാർ ദീവന്നാസ്യോസിന്റെ മരണത്തോടെ ആരംഭിച്ച അധികാര വടംവലി പകലോമറ്റം കുടുംബവാഴ്ചയുടെ പതനത്തിൽ കലാശിച്ചു. മെത്രാന്മാരെ തിരഞ്ഞെടുക്കുന്ന പാരമ്പര്യം, അധികാരം ജനായ

ത്തമാക്കിയെങ്കിലും അധികാര വടംവലി രൂക്ഷമാക്കി. 1708 -ൽ മാർ ഗബ്രിയേലിന്റെ ആഗമനകാലം മുതൽ ഭരിക്കുന്ന മെത്രാനോട് വ്യക്തിപരമായി വിരോധമുള്ളവർ, ഇവിടെയെത്തുന്ന സുറിയാനി മെത്രാന്മാരുടെ പക്ഷം പിടിച്ച് അധികാരസ്ഥാനത്തെ ചോദ്യം ചെയ്യുന്ന പ്രവണത ആരംഭിച്ചു. പിന്നീടു വന്ന അന്ത്യോഖ്യൻ മെത്രാന്മാർ ഈ അവസരം മുതലെടുത്ത് തങ്ങളുടെ അധികാരം ഉറപ്പിക്കാനാണ് ശ്രമിച്ചത്. എന്നാൽ മാർത്തോമ്മാ മെത്രാന്മാരുടെ പ്രഭാവത്തിനും രാജകീയ പിന്തുണയ്ക്കും മുമ്പിൽ, പതിനെട്ടാം നൂറ്റാണ്ടു മുഴുവൻ ഈ പരിശ്രമം വിഫലമായി. നാമമാത്രമായി അന്ത്യോഖ്യാ പാത്രിയർക്കീസിനെ മേലധികാരിയായി അംഗീകരിച്ച 1686-ലെ ചെങ്ങന്നൂർ *മലങ്കര പള്ളിയോഗ* നിശ്ചയത്തിനപ്പുറം ഒരധികാരവും പാത്രിയർക്കീസിനു ലഭിച്ചില്ല.

എന്നാൽ പകലോമറ്റം തകരുകയും പാശ്ചാത്യ മിഷനറിമാർ ചുവടുറപ്പിക്കുകയും ചെയ്തതോടെ ഈ വ്യക്തിസ്പർദ്ധകൾക്ക് പുതിയ മാനം കൈവന്നു. എങ്ങനെയും നസ്രാണികളെ പ്രൊട്ടസ്റ്റന്റാക്കാൻ ശ്രമിച്ചു വന്ന മിഷനറിമാർ അസംതൃപ്ത വിഭാഗത്തിന് പ്രത്യക്ഷമായും പരോക്ഷമായും പിന്തുണ നൽകി. കടുത്ത യാഥാസ്ഥിതികനായ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നാലാമന്റെ കാലത്ത് ഈ അധികാര നിഷേധം മൂർദ്ധന്യത്തിലെത്തി. കൊളോണിയൽ അധികാരത്തിന്റെയും നാട്ടുരാജാക്കന്മാരുടെയും പിന്തുണയോടെ നടത്തിവന്ന പ്രൊട്ടസ്റ്റന്റുവൽക്കരണം തടഞ്ഞുനിർത്താൻ നസ്രാണികൾക്ക് ഒരു പിടിവള്ളി വേണ്ടിയിരുന്നു. ഇതിന്റെ ഫലമായി ബ്രിട്ടീഷ് സാമ്രാജ്യാധികാരത്തിനു വിധേയനല്ലാത്ത അന്ത്യോഖ്യാ പാത്രിയർക്കീസ് തങ്ങളുടെ മേലധികാരിയാണെന്ന് 1836-ൽ നസ്രാണികൾക്ക് അംഗീകരിക്കേണ്ടി വന്നു.

ഇക്കാലത്താണ് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേല്പട്ട സ്ഥാനമേറ്റു വന്നത്. തങ്ങളുടെ തികഞ്ഞ അനുഭാവിയായ പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ സഹോദരപുത്രന് മിഷനറിമാർ തുറന്ന പിന്തുണ നൽകി. സ്വാഭാവികമായും മറുപക്ഷം അന്നെത്തിയ അന്ത്യോഖ്യൻ മെത്രാൻ യൂയാക്കിം മാർ കൂറിലോസിനു വിധേയരായി. ഒരേസമയം രണ്ട് അധികാരസ്ഥാനങ്ങളുണ്ടാവുക എന്നതായിരുന്നു ഇതിന്റെ ഫലം. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ കൂടി പാത്രിയർക്കീസിൽ നിന്നും മേല്പട്ടസ്ഥാനം ഏറ്റു വന്നതോടെ അധികാരസ്ഥാനങ്ങൾ മൂന്നായി. മൂന്നു മെത്രാന്മാരും അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ പട്ടം കെട്ടപ്പെട്ടവരാകുകയും മൂന്നു പേരും അത് തങ്ങളുടെ അധികാരാവകാശവാദത്തിന് അവലംബമാക്കുകയും ചെയ്തതോടെ അന്ത്യോഖ്യാ പാത്രിയർക്കീസിന് യഥാർത്ഥത്തിലുള്ള അധികാരം മലങ്കരയിൽ കൈവന്നു എന്നു പറയാം.

വിവിധ അധികാര സ്ഥാനങ്ങളുടെ നിലനിൽപ്പ് മുതലാക്കിയത് പ്രാദേശിക തലത്തിലാണ്. കത്തനാർമാരും പള്ളി പ്രമാണികളും നിർബാധം തന്നിഷ്ടം നടത്തി. ചോദ്യം ചെയ്താൽ നിർബാധം കക്ഷി മാറുക എന്ന തന്ത്രം അവലംബിച്ചു. 1876 വരെ മാർ മാത്യൂസ് അത്താനാസ്യോസിന് രാജകീയ വിളംബരത്തിന്റെ പിൻബലമുണ്ടായിരുന്നെങ്കിലും ഇത്തരം അവസരവാദികളെ ഒരു പരിധിയിലധികം നിയന്ത്രിക്കാൻ അദ്ദേഹത്തിനായില്ല. തികഞ്ഞ അരാജകത്വമാണ് ഇതിന്റെ ഫലമായി പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലങ്കരയിലുണ്ടായത്.

1889 –ലെ റോയൽ കോടതി വിധി മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ അധികാരം ഉറപ്പിച്ചെങ്കിലും അരാജകത്വത്തിന് കാര്യമായ കുറവൊന്നും വന്നില്ല. പ. പരുമല തിരുമേനിയുടെ വ്യക്തിപ്രഭാവത്തിന് തെക്കൻ ഇടവകകളെ ഒരു പരിധിവരെ മാത്രം നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിച്ചു. വടക്കൻ ഇടവകകൾ ഒരു വിധത്തിലുള്ള കേന്ദ്രീകൃത ഭരണസംവിധാനത്തിനും കീഴ്വഴങ്ങുവാൻ തയ്യാറായിരുന്നില്ല. അരാജകത്വത്തിന്റെ കേന്ദ്രമായ അങ്കമാലിയിലാണ് പ. വാകത്താനത്തു ബാവാ തന്റെ ഭരണപരിശീലനം ആരംഭിക്കുന്നത്. കടവിൽ മാർ അത്താനാസ്യോസിന്റെ കാര്യദർശി എന്ന നിലയിൽ അങ്കമാലി ഭദ്രാസനത്തിലെ പള്ളികളിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ അന്നത്തെ അരാജകത്വത്തിന്റെ ഒരു ചിത്രം ലഭിക്കും.

1912 –ൽ പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമന്റെ മുടക്കിനെ തുടർന്നുണ്ടായ സംഭവ വികാസങ്ങൾ അവസരവാദികളും അരാജകത്വവാദികളും പരമാവധി മുതലാക്കി. പാത്രിയർക്കീസ് സൃഷ്ടിച്ച സമാന്തര ഭരണസംവിധാനം അതിനു സൗകര്യമൊരുക്കി. ഈ പശ്ചാത്തലത്തിലാണ് ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ പ. വാകത്താനത്തു ബാവാ ഭരണം വഹിക്കേണ്ടി വന്നത്.

അന്നത്തെ ഇടവക ഭരണം താരതമ്യേന പ്രശ്നരഹിതമായ കോട്ടയം ഭദ്രാസനത്തിൽ പോലും സുഗമമല്ലായിരുന്നു. ആജീവനാന്തമുള്ള ഇടവകപ്പട്ടവും മാറാകൈസ്ഥാനവും ഏതാണ്ട് എല്ലാ പള്ളികളിലും തന്നെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. ഏതു നടപടിയും *കക്ഷി മാറും* എന്ന ഭീഷണിക്കു മുമ്പിൽ നിഷ്പ്രഭമാകുന്ന അവസ്ഥ നിലനിന്നിരുന്നു. ഈ സാഹചര്യത്തിലും താരതമ്യേന സുഗമമായി ദീർഘമായ പതിനാറു വർഷം കോട്ടയം ഭദ്രാസനം ഭരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ലൗകിക ഭരണം മലങ്കര മെത്രാപ്പോലീത്തായുടെ കൈയിലായിരുന്നതിനാൽ കാതോലിക്കാ എന്ന നിലയിൽ കാര്യമായ ഭരണനിർവ്വഹണം ഒന്നും വേണ്ടി വന്നില്ല.

കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ പ. പിതാവിന്റെ

ഭരണം വിശകലനം ചെയ്യത്തക്കവിധമുള്ള രേഖകളൊന്നും ലഭ്യമായിട്ടില്ല എന്ന ദൗർഭാഗ്യകരമായ സാഹചര്യം നിലനിൽക്കെത്തന്നെ, പള്ളി സ്ഥാപനം, കൂദാശ, വൈദിക വിദ്യാഭ്യാസം, പട്ടംകൊട, സൈത്തു കൂദാശ ആത്മീയ നേതൃത്വം മുതലായ മെത്രാനടുത്ത കർമ്മങ്ങൾ ഭംഗിയായി നിർവ്വഹിച്ചതിനു രേഖകൾ ലഭ്യമാണ്. പൗരസ്ത്യ കാതോലിക്കാ എന്ന നിലയിൽ ഒരു മേല്പട്ടവാഴ്ച നടത്താൻ മാത്രമാണ് തന്റെ ഹ്രസ്വമായ ജീവിതകാലത്ത് സാധിച്ചത്.

**ഉപസംഹാരം**

ഉത്തമ ദയറാക്കാരനും, കാര്യപ്രാപ്തിയുള്ള ഭരണാധികാരിയും, തീക്ഷ്ണവാനായ പ്രാർത്ഥനാ മനുഷ്യനും എന്നതിലുപരി ദീർഘവീക്ഷണമുള്ള ഒരു മഹത് വ്യക്തിത്വമായിരുന്നു പ. വാകത്താനത്തു ബാവാ. അദ്ദേഹം മുൻകൈയെടുത്ത് ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും റോഡുകളും ഭാവികാലം മുമ്പിൽക്കണ്ടുകൊണ്ട് നടത്തിയ പ്രയത്നങ്ങളാണെന്ന് ആരും സമ്മതിക്കും. അതുപോലെ തന്നെയാണ് കാതോലിക്കേറ്റിനു വ്യക്തിത്വമുണ്ടാക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളും. പ. പരുമല തിരുമേനി വാകത്താനത്തു പള്ളിക്ക് 1897-നു കൊല്ലം 1073-ാമാണ്ട് വൃശ്ചികം 20-നു അയച്ച 68-ാം നമ്പർ കല്പനയിലെ സാക്ഷിപത്രം ഒരിക്കൽക്കൂടി ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം. *...നമ്മുടെയും നിങ്ങളുടെയും വാത്സല്യമുള്ള ആളാകുന്ന ബഹു. നമ്മുടെ ഗീവറുഗീസു റമ്പാച്ചൻ ഇവിടെ നിങ്ങളോടുകൂടെ ഈ പള്ളിയിൽ താമസിക്കുന്നതാക കൊണ്ടു ആത്മസംബന്ധമായും പള്ളി സംബന്ധമായും ഉള്ള എല്ലാ കാര്യങ്ങളും വെടിപ്പായും യോഗ്യമായും നിങ്ങളിൽ നടന്നു കാണ്മാൻ ഇടവരുമെന്നും നാം വിശ്വസിക്കുന്നു...* ജഡപ്രകാരമല്ലെങ്കിലും ആത്മപ്രകാരം ഇന്നും നമ്മോടൊപ്പം വസിക്കുന്ന ഈ പ. പിതാവിന്റെ സഹവാസം മൂലം സഭയുടെ ആത്മീയവും ലൗകികവുമായ ക്രമീകരണം ഭംഗിയായി നടക്കുമെന്ന് നിശ്ചയമാണ്.

❑

MalankaraOrthodox.TV

# രണ്ടാം കാതോലിക്കാ: ജീവചരിത്രഫലകങ്ങൾ

## വർഗീസ് ജോൺ തോട്ടപ്പുഴ

(പ. ബാവായുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും അദ്ദേഹം പങ്കെടുത്തിട്ടുള്ള പ്രധാന വൈദീകശുശ്രൂഷകളും)

**1870 ജനുവരി 11 / 1045 ധനു 29 (M.E.) ചൊവ്വാഴ്ച ഭരണി നക്ഷത്രം**

വാകത്താനം കാരുചിറ കുടുംബത്തിൽ പുന്നന്റെയും തൃക്കോതമംഗലം പൊട്ടയ്ക്കാവേലിൽ ഉണിച്ചിയുടെയും അഞ്ചാമത്തെ പുത്രനായി ജനിച്ചു.

**1886 ജൂൺ 13 / 1061 മിഥുനം 1 (M. E. & സു. ക.) പെന്തിക്കോസ്തി ഞായറാഴ്ച**

വാകത്താനം സെന്റ് ജോൺസ് വലിയപള്ളി - കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ സ്ഥാനമേറ്റു.

**1886 സെപ്റ്റംബർ 11 / 1062 ചിങ്ങം 30**

കോട്ടയം പഴയസെമിനാരി - സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൂടി. മലങ്കരയുള്ള എല്ലാ ശെമ്മാശന്മാരെയും വൈദിക വിദ്യാർത്ഥികളെയും സെമിനാരിയിൽ വരുത്തി പഠനം നടത്തണമെന്ന് തീരുമാനിച്ചു.

**1890 ജനുവരി 20 / 1065 മകരം 8**

വെളിയനാട് പള്ളി - ക്നാനായ കമ്മറ്റി.

**1890 ഏപ്രിൽ 17 / 1065 മേടം 5**

പാമ്പാക്കുട - കോനാട്ട് യോഹന്നാൻ മൽപാന്റെ നാല്പതാം ദിവസമടിയന്തിരത്തിൽ മാത്തൻ കത്തനാരെ മലങ്കര മല്പാനാക്കി. മാർ ദീവന്നാസിയോസ് (പുലിക്കോട്ടിൽ), മാർ അത്താനാസിയോസ് (കടവിൽ), മാർ ഈവാനിയോസ് (പിന്നീട് ഒന്നാം കാതോലിക്കാ) എന്നീ മെത്രാപ്പോലീത്താമാർ കാർമ്മികത്വം വഹിച്ചു.

**1890 ജൂൺ 1 / 1065 ഇടവം 20 (M. E. & സു. ക.) പെന്തിക്കോസ്തി ഞായറാഴ്ച**

കുറിച്ചി വലിയപള്ളി - കടവിൽ പൗലോസ് മാർ അത്താനാസിയോസ്

Malankara Orthodox TV

മെത്രാപ്പോലീത്തായിൽ നിന്ന് യൗഫ്പദിയക്കിനോ സ്ഥാനമേറ്റു. കല്ലാശ്ശേരീൽ പുന്നൂസ് (പിന്നീട് പരിശുദ്ധ ഗീവർഗീസ് I ബാവാ) കോറൂയോ സ്ഥാനമേറ്റത് ഇതോടൊപ്പമാണ്.

**1892 മെയ് 15 / 1067 ഇടവം 3 ഞായറാഴ്ച**

കോട്ടയം പഴയസെമിനാരി - പൗലോസ് മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പരുമല തിരുമേനി), അൽവാറീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാരോടൊപ്പം സിലോൺ യാത്രയ്ക്കായി പുറപ്പെട്ടു.

**1892 മെയ് 26 / 1067 ഇടവം 14 വ്യാഴാഴ്ച സ്വർഗാരോഹണപെരുന്നാൾ**

കൊളംബോയിലെ സന്മരണമാതാവിന്റെ പള്ളി - റെനി വിലാത്തി പാദ്രിക്ക് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ റമ്പാൻ സ്ഥാനം നൽകി.

**1892 മെയ് 29 / 1067 ഇടവം 17 ഞായറാഴ്ച**

കൊളംബോയിലെ സന്മരണമാതാവിന്റെ പള്ളി - പൗലോസ് മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, അൽവാറീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാർ ചേർന്ന് റെനിവിലാത്തി റമ്പാന് മാർ തീമോത്തിയോസ് എന്ന പേരിൽ മേൽപട്ട സ്ഥാനം നൽകി.

**1892 മെയ് 30 / 1067 ഇടവം 18**

റെനിവിലാത്തി മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് അധികാരപത്രവും സാക്ഷ്യപത്രവും കൊടുത്തു.

**1892 ജൂൺ 5 / 1067 ഇടവം 25 പെന്തിക്കോസ്തി ഞായറാഴ്ച**

കൊളംബോ - മെത്രാപ്പോലീത്താമാർക്ക് സ്വീകരണവും മംഗളപത്രസമർപ്പണവും.

**1892 ജൂൺ 12 / 1067 മിഥുനം 1 ഞായറാഴ്ച**

തിരുവിതാംകോട്ടു പള്ളി - മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചു.

**1892 ജൂൺ 14 / 1067 മിഥുനം 2**

തിരുവനന്തപുരം - കൊളംബോയിൽ നിന്നുള്ള മടക്കയാത്രയിൽ മെത്രാപ്പോലീത്താമാർക്ക് മംഗളപത്രം ലഭിച്ചു.

**1892 സെപ്റ്റംബർ 18 / 1068 കന്നി 4 (M. E) / കന്നി 6 (സു.ക.) ഞായർ**

വാകത്താനം വലിയപള്ളി - കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശംശോനാ സ്ഥാനമേറ്റു.

**1893 സെപ്റ്റംബർ 20 / 1069 കന്നി 8**

മണർകാടു (സെന്റ് ജോർജ് ചെറിയ) പള്ളി - മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ കൂദാശ ചെയ്തു.

**1896 ആഗസ്റ്റ് 16 / 1072 ചിങ്ങം 2 (M. E.) / ചിങ്ങം 4 (സു. ക.) ഞായറാഴ്ച**

ആലുവാ സെമിനാരി – കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശീശാ പട്ടമേറ്റു.

**1896 ആഗസ്റ്റ് 23 / 1072 ചിങ്ങം 9 (M.E.) / ചിങ്ങം 11 (സു. ക.) ഞായർ**

ആലുവാ സെമിനാരി – കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് റമ്പാൻ സ്ഥാനമേറ്റു.

**1896 ആഗസ്റ്റ് 26 / 1072 ചിങ്ങം 12 (M.E.) / ചിങ്ങം 14 (സു. ക.) ബുധനാഴ്ച**

ആലുവാ സെമിനാരി – പ്രഥമ ദിവ്യബലി അർപ്പിച്ചു.

**1897 നവംബർ 24 / 1073 വൃശ്ചികം 12**

പുതുക്കിപ്പണിത കോട്ടയം പഴയ സെമിനാരിയുടെ കൂദാശ മലങ്കരയുടെ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചതിൽ സംബന്ധിച്ചു.

**1898 സെപ്റ്റംബർ 20 / 1074 കന്നി 8**

പാണമ്പടി പള്ളിയുടെ കല്ലിടീലിലും കൂദാശയിലും മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായോടൊപ്പം സംബന്ധിച്ചു.

**1898 നവംബർ 24 / 1074 വൃശ്ചികം 12**

കോട്ടയം പഴയ സെമിനാരി – കുറ്റിക്കാട്ടിൽ പൗലോസ് ശെമ്മാശനും (പിന്നീട് മാർ അത്താനാസ്യോസ് – ആലുവായിലെ വലിയ തിരുമേനി), കല്ലാശേരിൽ പുന്നൂസ് ശെമ്മാശനും (പിന്നീട് ഗീവർഗീസ് ദ്വിതീയൻ ബാവാ) മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പ. പരുമല തിരുമേനി) കശീശാപട്ടം നൽകി.

**1898 നവംബർ 27 / 1074 വൃശ്ചികം 15**

കോട്ടയം പഴയ സെമിനാരി – കുറ്റിക്കാട്ടിൽ പൗലോസ് കശീശായ്ക്കും കല്ലാശേരിൽ പുന്നൂസ് കശീശായ്ക്കും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ റമ്പാൻ സ്ഥാനം നൽകി

**1900 നവംബർ 22 / 1076 വൃശ്ചികം 9**

തിരുവനന്തപുരം സെന്റ് ജോർജ് പള്ളി – പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കൂദാശ ചെയ്തു.

**1901 ഏപ്രിൽ 24 / 1076 മേടം 11**

കോട്ടയം പഴയ സെമിനാരി – സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ – സി. ജെ. കുര്യനെ അത്മായട്രസ്റ്റിയായി തെരഞ്ഞെടുത്തു.

Malankara Orthodox TV

**1901 നവംബർ 25 / 1077 വൃശ്ചികം 12**

കോട്ടയം പഴയ സെമിനാരി – പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്തായുടെ പൗരോഹിത്യ കനകജൂബിലിയാഘോഷം.

**1902 നവംബർ 2 / 1078 തുലാം 17 (M. E.) / തുലാം 20 (സു. ക.) ഞായറാഴ്ച**

പരുമല സെമിനാരി – നിരണം, തുമ്പമൺ, കൊല്ലം ഇടവകകളുടെ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ രാത്രി (തിങ്കളാഴ്ച വെളുപ്പിന്) ഒരു മണിക്ക് കാലം ചെയ്തു (കാലം ചെയ്ത സമയം പരിഗണിച്ചാൽ തീയതി 1902 നവംബർ 3 ആണ് വരേണ്ടത്).

**1902 നവംബർ 4 / 1078 തുലാം 19 (M. E.) / തുലാം 22 (സു. ക.) ചൊവ്വാഴ്ച**

പരുമല സെമിനാരി – മുറിമറ്റത്ത് പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ പരുമല തിരുമേനിയുടെ കബറടക്കം.

**1902 നവംബർ 22 / 1078 വൃശ്ചികം 9**

മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ തനിക്കുള്ള സമ്പാദ്യങ്ങൾ ആലുവാ പള്ളിക്ക് കൊടുത്തിരിക്കുന്നതായി വിൽപ്പത്രം രജിസ്റ്ററാക്കി. കാര്യാന്വേഷണത്തിനായി ഗീവർഗീസ് റമ്പാൻ നിയമിക്കപ്പെട്ടു.

**1903 ഏപ്രിൽ 1 / 1078 മീനം 19**

ആലുവാ പള്ളി – അങ്കമാലി മുതലായ വടക്കേ ഇടവകക്കാരുടെ ഒരു യോഗം കൂടി ആലുവായിൽ ഒരു സെമിനാരിയുണ്ടാക്കി ഇംഗ്ലീഷും സുറിയാനിയും പഠിപ്പിക്കണമെന്ന് തീരുമാനിച്ചു. ഇതിന്റെ നടത്തിപ്പിനായി രൂപീകരിച്ച നിർവാഹക സംഘത്തിൽ ഒരംഗമായി നിയമിക്കപ്പെട്ടു.

**1903 മെയ് 28 / 1079 ഇടവം 15**

പെരുമ്പാവൂർ ബെഥേൽ സുലോക്കോ പള്ളി – കൂദാശ ചെയ്ത്, കുരിശുവച്ച് വി. കുർബാന ചൊല്ലി.

**1904 മാർച്ച് 1 / 1079 കുംഭം 17 ശനിയാഴ്ച**

ആലുവാ സെമിനാരി– മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ആലുവാ സെമിനാരിക്ക് അടിസ്ഥാനക്കല്ല് സ്ഥാപിച്ചു. വട്ടശേരിൽ ഗീവർഗീസ് റമ്പാൻ, കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് റമ്പാൻ എന്നിവരും സംബന്ധിച്ചു.

**1907 നവംബർ 2 / 1084 തുലാം 20 ശനിയാഴ്ച**

ആലുവാ സെമിനാരി – കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പകൽ 10 മണിക്ക് കാലം ചെയ്തു. പിറ്റെദിവസം

Malankara Orthodox TV

പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ (പിന്നീട് ഒന്നാം കാതോലിക്കാ) പ്രധാന കാർമ്മികത്വത്തിൽ കബറടക്കം.

**1908 ഫെബ്രുവരി 27 / 1084 കുംഭം 14**

കോട്ടയം പഴയ സെമിനാരി - മലങ്കരസഭയുടെ അസോസിയേഷൻ. മെത്രാൻസ്ഥാനത്തിന് വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനെയും വലിയ പൗലൂസു റമ്പാനെയും ഏകാഭിപ്രായമായി തിരഞ്ഞെടുത്തു.

**1908 ജൂൺ 14 / 1084 മിഥുനം 1 പെന്തിക്കോസ്തി ഞായറാഴ്ച**

12 മണിക്ക് ഗീവർഗീസ് റമ്പാന്റെ മാതാവ് പൊട്ടയ്ക്കാവേലിൽ ഉണിച്ചി അന്തരിച്ചു. പിറ്റേദിവസം ശവസംസ്ക്കാരം നടത്തി.

**1909 ജൂലൈ 11 / 1084 മിഥുനം 28 ഞായറാഴ്ച**

കോട്ടയം ചെറിയപള്ളി - ജോസഫ് മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്താ പകൽ 11 മണിക്ക് കാലം ചെയ്തു. പിറ്റേന്ന് പഴയ സെമിനാരിയിൽ കബറടക്കി.

**1909 ആഗസ്റ്റ് 8 / 1084 കർക്കടകം 28**

കോട്ടയം പഴയ സെമിനാരി - വട്ടശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്തായുടെ സൂന്ത്രോണീസോ.

**1911 മേയ് 31 / 1086 ഇടവം 18**

ഗീവർഗീസ് മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്തായെ മുടക്കിയതായി പാത്രിയർക്കീസു ബാവാ കല്പന പ്രസിദ്ധപ്പെടുത്തി.

**1911 നവംബർ 11 / 1087 തുലാം 31 തിങ്കളാഴ്ച**

നാലുന്നാക്കൽ പള്ളി - ഒരു കല്യാണത്തിൽ സംബന്ധിച്ചു. ആദ്യമായിട്ടാണ് തിങ്കളാഴ്ച കല്യാണത്തിൽ കൂടിയത്.

**1912 ഫെബ്രുവരി 15 / 1087 കുംഭം 2 വ്യാഴം**

നിരണം - പുതുക്കിപണിത വലിയപള്ളിയുടെ കൂദാശയിൽ വട്ടശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ്, അൽവാറീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാരോടും പുന്നൂസ് റമ്പാൻ, പാമ്പാടി കുറിയാക്കോസ് റമ്പാൻ എന്നിവരോടുമൊപ്പം സംബന്ധിച്ചു.

**1912 സെപ്റ്റംബർ 8 / 1088 ചിങ്ങം 26 ഞായറാഴ്ച**

പരുമല സെമിനാരി - മാർ ഇഗ്നാത്തിയോസ് അബ്ദെദ് മ്ശിഹാ പാത്രിയർക്കീസു ബാവാ; ഗീവർഗീസ് മാർ ദീവന്നാസിയോസ്, പൗലോസ് മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തോടെ കല്ലാശ്ശേരിൽ പുന്നൂസു റമ്പാച്ചനെ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന സ്ഥാനപ്പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

Malankara Orthodox TV

**1913 ഫെബ്രുവരി 9/ 1088 മകരം 28 (M.E.) / മകരം 27 (സു. ക.) ഞായർ**

ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി – പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദേദ് മശീഹാ II പാത്രിയർക്കീസ് ബാവായും പരിശുദ്ധ ബസേലിയോസ് പൗലോസ് I കാതോലിക്കാബാവായും വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്തായും കല്ലാശേരിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ചേർന്ന സുന്നഹദോസ് "ഗീവർഗീസ് മാർ പീലക്സിനോസ്" എന്ന പേരിൽ മെത്രാപ്പോലീത്തായി വാഴിച്ചു. ഇതോടൊപ്പം കരവട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും വാഴിക്കപ്പെട്ടു.

**1914 ജനുവരി 28 / 1089 മകരം 15**

വള്ളിക്കാട്ടു പള്ളി – സൈത്ത് കൂദാശ ചെയ്തു.

**1914 ആഗസ്റ്റ് 9 / 1089 കർക്കടകം 27 ഞായറാഴ്ച**

വാകത്താനത്തു പള്ളി – പള്ളിയടിയിൽ പീലിപ്പോസിന് കോറൂയോ പട്ടം കൊടുത്തു.

**1914 ഒക്ടോബർ 28 / 1090 തുലാം 15**

പരുമല സെമിനാരി – മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി. കുടശനാട്ട് മൊളപ്പാപ്പള്ളി യാക്കോബ് ശെമ്മാശന് കശീശാ പട്ടവും ഉപ്പൂട്ടി ശെമ്മാശന് ശ്മ്ശാനപ്പട്ടവും കൊടുത്തു.

**1915 ഏപ്രിൽ 19 / 1090 മേടം 6**

കോട്ടയം – തിരുവിതാംകൂർ മഹാരാജാവിനെ സന്ദർശിച്ചു.

**1915 ആഗസ്റ്റ് 28 / 1091 ചിങ്ങം 15**

തുമ്പമൺ – പറമ്പിൽ ഗീവറുഗീസിന്റെ മകൻ കോശി ശെമ്മാശന് കത്തനാർ പട്ടം കൊടുത്തു. റോമാ വിശ്വാസത്തിൽ നിന്നും സുറിയാനി സഭയിലേയ്ക്ക് ചേർന്നുനിൽക്കുന്ന ബ്രഹ്മവാർ ഇടവകക്കാരുടെ ആവശ്യത്തിലേയ്ക്കാണ് ഇദ്ദേഹത്തിനു പട്ടം കൊടുത്തത്.

**1916 മാർച്ച് 12 / 1091 കുംഭം 28 ഞായറാഴ്ച**

കല്ലൂപ്പാറ – താഴത്തെപീടികയിൽ അലക്സന്ത്രയൊ ശെമ്മാശന് ശമിശാനെപ്പട്ടം കൊടുത്തു.

**1916 മാർച്ച് 18 / 1091 മീനം 5 ശനിയാഴ്ച**

പുറമറ്റം – പുതിയ പള്ളി ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിച്ച് സാമാന്യ കൂദാശ കഴിച്ച് സ്ലീബാ ആഘോഷിച്ച് ആദ്യമായി കുർബാന ചൊല്ലി. ഊർശ്ലേം പള്ളി എന്നു നാമകരണം ചെയ്തു.

**1916 മാർച്ച് 19 / 1091 മീനം 6 ഞായറാഴ്ച**

കല്ലൂപ്പാറ പള്ളി – താഴത്തെ പീടികയിൽ ശെമ്മാശന് കത്തനാരു പട്ടം കൊടുത്തു.

Malankara Orthodox TV

**1916 ഏപ്രിൽ 9 / 1091 മീനം 27 ഞായറാഴ്ച**

വാകത്താനം പള്ളി – ചക്കുപുരയ്ക്കൽ ശെമ്മാശന് ശമ്മ്മിശനാ പട്ടം കൊടുത്തു.

**1916 ഏപ്രിൽ 20 / 1091 മേടം 7 വ്യാഴാഴ്ച**

വള്ളിക്കാട്ട് പള്ളി – പെസഹായ്ക്ക് കാൽകഴുകൽ ശുശ്രൂഷ കഴിച്ചു.

**1916 ഒക്ടോബർ 3 / 1092 കന്നി 20 ഞായറാഴ്ച**

വള്ളിക്കാട്ട് പള്ളി – സ്ഥാപന പെരുന്നാളിൽ കുരിശിൻചുവട്ടിൽ തേക്കു കൊണ്ട് പണിയിച്ച ഒരു ചെറിയ പെട്ടിയിൽ ഓർശ്ലേമിൽ നിന്നും കൊണ്ടു വന്ന ഒരു മുത്തുചിപ്പി കുരിശും 2 വെള്ളി പണവും 3 ഒറ്റ ചക്രവും ചെമ്പ് ഒറ്റ തുട്ടും കുറെ കുന്തിരിക്കവും പ്രതിഷ്ഠിച്ചു.

**1917 ജനുവരി 10 / 1092 ധനു 28 ഞായറാഴ്ച**

വാകത്താനം പള്ളി– ചക്കുപുരയ്ക്കൽ പുന്നൂസ് ശെമ്മാശന് കശീശാ പട്ടം കൊടുത്തു.

**1917 മേയ് 25 / 1092 ഇടവം 14 ഞായറാഴ്ച**

പാമ്പാടി കുറിയാക്കോസ് ദയറാ – വട്ടമല, മണ്ണൂകടുപ്പിൽ ശെമ്മോശൻമാർക്ക് മ്മ്ശമിശനാ പട്ടം കൊടുത്തു.

**1917 സെപ്റ്റംബർ 21 / 1093 കന്നി 8 വെള്ളിയാഴ്ച**

നിരണം – കാട്ടുപറമ്പിൽ തോമസ് ശെമ്മാശന് മ്ശമിശാന പട്ടം കൊടുത്തു.

**1917 ഒക്ടോബർ 31 / 1093 തുലാം 18**

പരുമല– കൊട്ടാരക്കര തെക്കേടത്തു സ്കറിയ ശെമ്മാശന് മ്മ്ശമിശാന പട്ടം കൊടുത്തു. പിറ്റേന്ന് മാർ ഗ്രീഗോറിയോസ് (പിന്നീട് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ) ചൊല്ലി. ടി. സ്കറിയാ ശെമ്മാശന് കത്തനാര് പട്ടവും എരവുകേരീൽ ഗീവറുഗീസ് ശെമ്മാശന് മ്മ്ശമിശാന പട്ടവും കൊടുത്തു.

21–ന് മാർ ഈവാനിയോസ് ചൊല്ലി. എരവുകേരി ഗീവറുഗീസ് ശെമ്മാശന് കത്തനാരു പട്ടവും വേറെ രണ്ടു ശെമ്മാശന്മാർക്ക് മ്മ്ശമിശാനാ പട്ടവും കോലഞ്ചേരി മുറിമറ്റത്തു ഗീവറുഗീസ് എന്നു പേരായ ഒരു കൊച്ചന് മ്മ്സമ്രാന പട്ടവും കൊടുത്തു.

**1918 ജൂൺ 23 / 1093 മിഥുനം 10 പെന്തിക്കോസ്തി ഞായറാഴ്ച**

വള്ളിക്കാട്ട് പള്ളി – മണർകാട്ട് പൈനുങ്കൽ യാക്കോബ് കത്തനാരുടെ മകൻ മത്തായിക്ക് മ്മ്സമ്രോന പട്ടം കൊടുത്തു.

**1918 നവംബർ 1 / 1094 തുലാം 19**

പരുമല പള്ളി– സൈത്തു കൂദാശ നടത്തി.

**1919 മാർച്ച് 3/ 1094 കുംഭം 18**

ചേന്നംകരി സുറിയാനി പള്ളി– കൂദാശയിൽ മാർ ദീവന്നാസിയോസ്,

Malankara OrthodoxTV

മാർ ഈവാനിയോസ്, മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാരോടൊപ്പം കാർമ്മികനായി.

**1919 ഏപ്രിൽ 24 / 1094 മേടം 11 വ്യാഴാഴ്ച**

പുതുശ്ശേരി - കല്ലൂപ്പാറ, മല്ലപ്പള്ളി, ചെങ്ങരൂർ സ്ഥലങ്ങളുടെ മധ്യേ അഞ്ചെലവുങ്കൽ ഒരു ഇംഗ്ലീഷ് സ്കൂളിന്റെ ശിലാസ്ഥാപനം നടത്തി.

**1919 മേയ് 4 / 1094 മേടം 21**

വെട്ടിക്കുന്നേൽ ഇടവകയിൽ പുന്നച്ചേരീൽ മത്തായിയുടെ പൗത്രൻ മത്തായിക്ക് മ്മ്സമ്രോന പട്ടം കൊടുത്തു.

**1919 ജൂലൈ 5 / 1094 മിഥുനം 22 ശനിയാഴ്ച**

തിരുവല്ലാ - തെക്കേപള്ളി എന്ന് പറയുന്ന മാർ മൽക്ക പള്ളിയിൽ വച്ച് മണലിൽ മത്തായി കോറുയോയ്ക്ക് മ്മ്ശമിശീം പട്ടം കൊടുത്തു.

**1919 ജൂലൈ 6 / 1094 മിഥുനം 22 ഞായറാഴ്ച**

തിരുവല്ലാ പാലിയേക്കരെ പള്ളി - മണലിൽ മത്തായി ശെമ്മാശന് കത്തനാരുപട്ടം കൊടുത്തു.

**1919 നവംബർ 9 / 1095 വൃശ്ചികം 26**

വാകത്താനം - പെൺപള്ളിക്കൂടത്തിന്റെ ശിലാസ്ഥാപനം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോടൊപ്പം നടത്തി.

**1920 ഫെബ്രുവരി 1 / 1095 മകരം 19**

വള്ളിക്കാട്ട് പള്ളി - വട്ടമല അബ്രഹാം ശെമ്മാശന് കശീശാപട്ടം കൊടുത്തു.

**1920 ഫെബ്രുവരി 1 / 1095 മകരം 23 വ്യാഴാഴ്ച**

മുണ്ടക്കയം - പള്ളിയുടെ ശിലാസ്ഥാപനം നടത്തി.

**1920 സെപ്റ്റംബർ 9 / 1096 ചിങ്ങം 27 വ്യാഴാഴ്ച**

വാകത്താനം - പെൺപള്ളിക്കൂടത്തിന്റെ ഉദ്ഘാടനം. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്നു.

**1920 സെപ്റ്റംബർ 29 / 1096 കന്നി 16**

പാത്താമുട്ടം - തെക്കേ ഭാഗത്തെ മലയാളം ഗ്രാന്റു സ്കൂളിന് ശിലാസ്ഥാപനം നടത്തി.

**1920 ഡിസംബർ 5 / 1096 വൃശ്ചികം 22**

വള്ളിക്കാട്ട് പള്ളി - മീനടത്തു മണ്ണൂക്കടുപ്പിൽ ശെമ്മാശന് കത്തനാരുപട്ടം കൊടുത്തു.

**1921 മേയ് 29 / 1096 ഇടവം 16**

വള്ളിക്കാട്ട് പള്ളി - വാഴൂർ കരിങ്ങണാമറ്റം മാത്യൂസ് കോറൂയോയ്ക്ക് മ്ശമിശിനാ പട്ടം കൊടുത്തു.

Malankara OrthodoxTV

**1921 ജൂൺ 4 / 1096 ഇടവം 22**

വള്ളിക്കാട്ട് പള്ളി - വാഴൂർ കരിങ്ങണാമറ്റം മാത്യൂസ് ശെമ്മാശന് കശീശാപട്ടം കൊടുത്തു.

**1921 ആഗസ്റ്റ് 28 / 1097 ചിങ്ങം 15**

വള്ളിക്കാട്ട് പള്ളി - പന്തളത്തു ആക്കനാട്ടുതുണ്ടിയിൽ തോമ്മാ ശെമ്മാശന് കശീശാപട്ടം കൊടുത്തു.

**1922 ജനുവരി 28 / 1097 മകരം 15**

വള്ളിക്കാട്ട് പള്ളി - മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തോടെ കൂദാശ നടത്തി.

**1924 ജനുവരി 19 / 1099 മകരം 6 ശനിയാഴ്ച ദനഹാ പെരുന്നാൾ**

വാകത്താനത്തു പള്ളി- പടിഞ്ഞാറുവശത്തെ വലിയ കരിങ്കൽ കുരിശ് നിവർത്തു.

**1924 ജൂലൈ 20 / 1099 കർക്കടകം 7 ഞായറാഴ്ച**

കൊല്ലാട്ട് പള്ളി- ചെറിയമഠത്തിൽ അന്ത്രയോസ് കത്തനാരുടെ മകൻ യാക്കോബിനു ശെമ്മാശപട്ടം കൊടുത്തു.

**1924 നവംബർ 30 / 1100 വൃശ്ചികം 17 ഞായറാഴ്ച**

വള്ളിക്കാട്ട് പള്ളി- മാവേലിക്കര പൂത്തിരേത്ത് ഗീവറുഗീസ് ക്ലെയറിയ്ക്കും നിരണം പുരയ്ക്കൽ ഗീവറുഗീസ് കൊറൂയയ്ക്കും ശെമൂശ്നാ പട്ടം കൊടുത്തു.

**1924 ഡിസംബർ 7 / 1100 വൃശ്ചികം 24 ഞായറാഴ്ച**

വള്ളിക്കാട്ട് പള്ളി- മാവേലിക്കരക്കാരൻ ഗീവറുഗീസ് ശെമ്മാശന് കശീശാപട്ടം കൊടുത്തു.

**1925 ജനുവരി 20 / 1100 മകരം 7**

പാമ്പാടി കുറിയാക്കോസ് ദയറാ - മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തോടെ കൂദാശ ചെയ്തു.

**1925 ഏപ്രിൽ 29 / 1100 മേടം 16**

നിരണം വലിയ പള്ളി - യോഗം പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

**1925 ഏപ്രിൽ 30/ 1100 മേടം 18 (M.E) / 17 (സു.ക.) വ്യാഴാഴ്ച**

നിരണം വലിയ പള്ളി- കല്ലാശേരീൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും കരവട്ടുവീട്ടിൽ യുയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ചേർന്ന സുന്നഹദോസ് "മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ' എന്ന പേരിൽ പൗരസ്ത്യ കാതോലിക്കയായി വാഴിച്ചു. ഉച്ചയ്ക്കുശേഷം കൂടിയ മഹായോഗം മേൽപട്ടസ്ഥാനത്തേക്ക് പാമ്പാടി റമ്പാച്ചൻ (പ. പാമ്പാടി തിരുമേനി), സി. എം. തോമസു ശെമ്മാശൻ (പിന്നീട്

തോമാ മാർ ദീവന്നാസ്യോസ്), പാറേട്ട് മാത്യൂസ് കത്തനാർ (പിന്നീട് മാത്യൂസ് മാർ ഈവാനിയോസ്), പുലിക്കോട്ട് ശെമ്മാശൻ (പിന്നീട് ജോസഫ് റമ്പാൻ. റീത്തിൽ ചേർന്നു) എന്നിവരെ തെരഞ്ഞെടുത്തു.

**1925 മെയ് 1/ 1100 മേടം 19 (M.E)/ മേടം 18 (സു. ക) വെള്ളിയാഴ്ച**

നിരണം വലിയ പള്ളി – കല്ലാശേരീൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെയും കരവട്ടുവീട്ടിൽ യുയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും സഹകരണത്തോടെ ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ വാഴിച്ചു (മലങ്കര റീത്തുണ്ടാക്കി കത്തോലിക്കാസഭയിൽ ചേർന്നു).

**1925 ജൂൺ 6 / 1100 ഇടവം 24 ശനിയാഴ്ച**

പരുമല – കണ്ടനാട്, തുമ്പമൺ ഇടവകകളുടെ യൂയാക്കീം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ രാവിലെ 10 മണിക്ക് കാലം ചെയ്തു. പിറ്റേന്ന് പരുമല പള്ളിയിൽ കബറടക്കി.

**1925 ജൂലൈ 12 / 1100 മഥുനം 29**

വള്ളിക്കാട്ട് പള്ളി – പഴയമഠത്തിൽ ശെമ്മാശന് കത്തനാർ പട്ടം കൊടുത്തു.

**1925 ആഗസ്റ്റ് 30 / 1101 ചിങ്ങം 17**

മാർ ഏലിയാ ചാപ്പൽ – കോട്ടയം ഇടവകയിലെ പട്ടക്കാരുടെ ഒരു യോഗം മാർ ഏലിയാ ചാപ്പലിൽ കൂടി.

**1925 ഡിസംബർ 6 / 1101 വൃശ്ചികം 23**

കുന്നംകുളം – തെക്കേ കുരിശുപള്ളി കൂദാശ ചെയ്തു.

പ്രസിദ്ധ കവി വള്ളത്തോൾ നാരായണമേനോന്റെ സാന്നിദ്ധ്യത്തിൽ ആർത്താറ്റ് കുന്നംകുളം പള്ളിക്കാരുടെ സ്വീകരണ മഹായോഗം. പള്ളി വികാരി തെക്കേക്കര കുറിയാക്കോസ് കത്തനാർക്ക് ജനറാൾ വികാരി സ്ഥാനം നൽകി.

**1926 മാർച്ച് 13 / 1101 കുംഭം 28**

തോട്ടയ്ക്കാട് – പള്ളിയുടെ കൂദാശ നടത്തി.

**1926 മേയ് 28 / 1101 ഇടവം 15**

വള്ളിക്കാട്ട് പള്ളി – വലുതും ചെറുതുമായി 25 കുപ്പി സൈത്തു കൂദാശ ചെയ്തു പള്ളിക്കാർക്ക് കൊടുത്തു.

**1928 ഡിസംബർ 17/ 1104 ധനു 3 (M.E) / ധനു 4 (സു.ക) തിങ്കൾ**

നെയ്യൂർ എൽ.എം.എസ്. ആശുപത്രി – രാവിലെ എട്ടു മണിക്ക് കാലം ചെയ്തു.

**1928 ഡിസംബർ 18/ 1104 ധനു 4 (M.E) / ധനു 5 (സു.ക) ചൊവ്വ**

വള്ളിക്കാട്ട് ദയറാ – കബറടക്കം

❑

MalankaraOrthodox.TV

## ഭാഗം 2

# രചനകൾ

**(സഭാജീവിത നാൾവഴി,**
**വേദപുസ്തക പരിഭാഷ,**
**യാത്രാവിവരണം, പ്രഭാഷണം,**
**ഇടയ ലേഖനം, സ്വകാര്യ കല്പനകൾ)**

# സഭാജീവിത നാൾവഴി

## വാകത്താനത്തു പള്ളി ഇടവകയിൽ കാരുചിറെ ഗീവറുഗീസ് റമ്പാന്റെ ഡയറി ബുക്കു

വള്ളിക്കാട്ട് നിന്നും കളപ്പുരയ്ക്കൽ മാറിപ്പാർത്ത പുന്നൂസ് എന്ന ആൾക്ക് പൌലോസ് എന്നും, ചാക്കോ എന്നും, തോമ്മാ എന്നും 3 പുത്രന്മാരും പുത്രിമാരും ഉണ്ടായി. ഈ പുത്രന്മാരിൽ പൌലോസ് എന്ന ആൾ, കുറുമ്പ നാടത്ത് കിഴക്കെക്കുറ്റ് കുടുംബത്തിൽ നിന്ന്, ആണ്ട എന്ന സ്ത്രീയെ വിവാഹം കഴിച്ചതിൽ പുന്നൻ എന്ന ഒരു പുത്രനും, 2 പുത്രിമാരും ജനിച്ചു. ഇവർ കാരുചിറെ മാറി പാർത്തു. ഈ പുന്നൻ എന്ന ആൾ പുതുപ്പള്ളിയിൽ കുട്ടഞ്ചിറ തറവാട്ടുകാരിൽ തൃക്കോതമംഗലം കരയിൽ പൊട്ടയ്ക്കാവേലിൽ ഉണിച്ചി എന്ന സ്ത്രീയെ വിവാഹം കഴിച്ചതിൽ 6 പുത്രന്മാരും 4 പുത്രി മാരും ഉണ്ടായി. ഈ പുത്രന്മാരിൽ അഞ്ചാമത്തവനായ കുട്ടി കൊല്ലം 1045-ാ മാണ്ട് ധനു മാസം 29 -ാം തീയതി ചൊവ്വാഴ്ച ഭരണി നാളിൽ ജനി ക്കുകയും വാകത്താനത്ത് പള്ളിയിൽ വച്ച് കളപ്പുരയ്ക്കൽ പൗലോസ് കത്ത നാർ ജ്ഞാനസ്നാനപ്പെടുത്തി ഗീവറുഗീസ് എന്ന പേരിടുകയും ചെയ്തു. ജ്ഞാനപിതാവ് പഴയാറ്റുങ്കൽ കൊച്ചെറിയ എന്ന ആൾ ആയിരുന്നു.

### ഗീവർഗീസ്

ഈ ഗീവറുഗീസിന് ചെറുപ്പത്തിൽ ബാലാരിഷ്ടതകൾ കുറെ ഉണ്ടായി. ദൈവാനുഗ്രഹത്താൽ അതുകൾ ഒക്കെയും നീങ്ങി. അഞ്ചു വയസിൽ പിതാവു തന്നെ വിദ്യാഭ്യാസം തുടങ്ങിച്ചു. ആ കാലത്ത് കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നത് ഓലയിൽ ആദ്യ പാഠം എഴുതി കൊടുത്തും നിലത്ത് മണൽ ഇട്ട് അതിൽ എഴുതിച്ചും ആയിരുന്നു. അപ്രകാരം ചെയ്യാതെ വായിച്ച് പഠിപ്പിക്കയാണ് ഉണ്ടായത്. നിലത്തെഴുത്തും കണക്കും പഠിപ്പിച്ചശേഷം പള്ളിക്കുടത്തിൽ ആശാന്മാരുടെ അടുക്കൽ വീട്ട് അന്നത്തെ രീതി പ്രകാരം ശേഷമുള്ളതും പഠിപ്പിച്ചു.

കൊല്ലം 1055-ാമാണ്ടിലും 1066 -ാമാണ്ടിലും ചങ്ങനാശ്ശേരി, കോട്ടയം ഈ രണ്ടു സർക്കാർ പള്ളിക്കുടങ്ങളിൽ പോയി ടി. ഗീവറുഗീസ് പഠിച്ചു. കോട്ടയം സർക്കാർ പള്ളിക്കൂടത്തിൽ പഠിച്ചപ്പോൾ താമസം മാളിയേക്കൽ ആയിരുന്നു.

പിന്നീട് 1058 ചിങ്ങത്തിൽ കോട്ടയത്ത് പുത്തൻപള്ളിയിൽ കാലം ചെയ്തിരിക്കുന്ന മാർ ശെമഓൻ അത്തനാസ്യോസ്[1] ബാവായും,[2] കോട്ടയം ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും[3] കൂടി വാകത്താനത്ത് പള്ളിയിലേക്ക് റീശീസാ[4] പിരിവിനായി നീങ്ങുകയും ടി. പിരിവ് കഴിഞ്ഞ് ശെമഓൻ അത്താനാസ്യോസ് ബാവാ കോട്ടയത്ത് കുരിശുപള്ളിയിലേക്ക് നീങ്ങുകയും, അത്താനാസ്യോസ് മെത്രാപ്പോലീത്താ വാകത്താനത്ത് തന്നെ താമസമാക്കുകയും ചെയ്തു. കളപ്പുരയ്ക്കൽ പൗലോസ് കത്തനാർക്ക് തന്റെ അനന്തിരവനായി ഒരാൾക്ക് പട്ടം കൊടുക്കണമെന്ന് ആഗ്രഹമുണ്ടായതിനെ ടി. മെത്രാപ്പോലീത്തായെ താൻ അറിയിച്ചതിനെ സ്വീകരിച്ച് ഗീവറുഗീസിനെ പള്ളിയിൽ വരുത്തി ടി. തുലാമാസത്തിൽ മെത്രാപ്പോലീത്താതന്നെ പള്ളിയിൽ പ്രാർത്ഥന കഴിച്ച ശേഷം സുറിയാനി ആദ്യാക്ഷരം ചൊല്ലി കൊടുക്കുകയും ടി. മാസം 30-ന് പാമ്പാടിയിലേയ്ക്ക് അദ്ദേഹം നീങ്ങുകയും ചെയ്തു.

പിന്നീട് ഗീവറുഗീസിനെ സുറിയാനി പഠിപ്പിപ്പാൻ പൌലോസ് കത്തനാർ തന്നെ തുടങ്ങുകയും, കൂടെ താമസിപ്പിച്ച് കുർബ്ബാനക്രമം, ............... മസുമൂറിൽ[5] ഏതാനും ഭാഗങ്ങൾ ഏവൻഗേലി - നമസ്കാരം മുതലായവ പഠിപ്പിക്കുകയും ചെയ്തു.

ഗീവറുഗീസിന് പട്ടം കൊടുത്തു കണ്ടാൽ കൊള്ളാമെന്ന് തന്റെ മൂത്ത ജ്യേഷ്ഠൻ കൊച്ചു പുന്നന് ആഗ്രഹമുണ്ടായിരുന്നു. 1061 മകര മാസത്തിൽ ജ്യേഷ്ഠന് പെട്ടെന്ന് ഒരു പനി ആരംഭിക്കുകയും ദീനം കൂടുതലിൽ ഗീവറുഗീസിനെ അരികെ വരുത്തി വേദപുസ്തകം വായിപ്പിക്കുകയും കന്യാസ്ത്രീയമ്മയുടെ[6] നമസ്കാരം ചൊല്ലിക്കയും ചെയ്തു. ആ രാത്രി തന്നെ മരിക്കുകയും ചെയ്തു. ആയത് ടി. മാസം 23-ന് ആയിരുന്നു. അന്നു തന്നെ വാകത്താനത്ത് പള്ളിയുടെ തെക്കേ വാതുക്കൽ പുറത്ത് മൃതശരീരം കബറടക്കുകയും ചെയ്തു.

പിന്നീട് ടി. ആണ്ട് ഇടവ മാസത്തിൽ ഗീവറുഗീസിന് പട്ടം കൊടുക്കണമെന്ന് പൗലോസ് കത്തനാരും മറ്റും തീർച്ചയാക്കി. പള്ളിക്കാരുടെ യോഗക്കുറിയും[7] വാങ്ങി. അന്ന് കോട്ടയം ഇടവകയുടെ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ തന്റെ സഞ്ചാരത്തിൽ കല്ലുങ്കത്ര പള്ളിയിലേക്ക് നീങ്ങിയിരിക്കയായിരുന്നു. അവിടെ ഗീവറുഗീസിന്റെ പിതാവെത്തി തിരുമനസ്സറിയിച്ചതിൽ വാകത്താനത്ത് പള്ളിയിൽ എത്തി പട്ടം കൊടുത്തു കൊള്ളാമെന്ന് കല്പിച്ചു. താമസം കൂടാതെ തന്നെ തിരുമേനി ടി. പള്ളിയിലേക്ക് നീങ്ങി മിഥുന മാസം 1-ന് ഞായറാഴ്ച പെന്തിക്കോസ്തി പെരുനാളിൽ ഗീവറുഗീസിന് കോറൂയോ പട്ടം കൊടുക്കുകയും പിന്നീട് അദ്ദേഹം ഏകദേശം ഒരു മാസത്തോളം ടി. പള്ളിയിൽ ഇരുന്നു.

### ഗീവർഗീസ് ശെമ്മാശൻ

ഇതിനിടയിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും[8] മാർ ശെമഓൻ അത്തനാസ്യോസ് ബാവായും കോട്ടയത്ത് പുത്തനങ്ങാടി കുരിശുപള്ളിയിൽ നീങ്ങിയിരിക്കുമ്പോൾ ഗീവറുഗീസു ശെമ്മാശു തിരുമേനികളെ കാൺമാനായി കുരിശുപള്ളിയിൽ എത്തി അനുഗ്രഹം വാങ്ങി അവിടെ താമസിച്ചു. പിറ്റെ ദിവസമായ കർക്കടകം 3-ന് സിമ്മനാരി വ്യവഹാരം[9] ബാവാകക്ഷികൾക്ക്[10] ഗുണമായി വിധി ഉണ്ടായതിനാൽ വിധി നടത്തി സിമ്മനാരി കൈവശപ്പെടുത്തുന്നതിനായി തിരുമേനികൾ കുരിശുപള്ളിയിൽ നിന്ന് പുറപ്പെട്ട് പുത്തൻപള്ളിയിൽ കേറി പ്രാർത്ഥനയും കഴിച്ച് താഴത്തങ്ങാടി വഴിയായി സിമ്മനാരിയിൽ എത്തി. അന്ന് വലിയ വെള്ളപ്പൊക്കമായിരുന്നതിനാൽ ബോട്ട് സിമ്മനാരിയുടെ പടിഞ്ഞാറെ മിറ്റത്ത് അടുത്തു. ഗീവറുഗീസു ശെമ്മാശു തിരുമേനികളോട് കൂടെ സിമ്മനാരിയിലേക്ക് പോയി. സിമ്മനാരി മുഴുവൻ പൂട്ടി ഇട്ടിരിക്കുകയായിരുന്നു. ആദ്യമേ പടിഞ്ഞാറെ വലിയ വാതിലിന്റെ പൂട്ട് തല്ലിച്ചു. പിന്നീട് പള്ളിയുടേതും തല്ലിച്ചു. പള്ളിയുടെ ത്രോണോസിങ്കലും കബറിങ്കലും പ്രാർത്ഥനകൾ കഴിച്ചു. തിരുമേനികൾ പടിഞ്ഞാറെ കെട്ടിന്റെ തെക്കും വടക്കുമുള്ള വലിയ ഹോൾ മുറികളിൽ താമസിക്കയും ചെയ്തു. ടി. മാസം 4-ന് വാകത്താനത്ത് നിന്നും മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും സിമ്മനാരിയിൽ വന്നു താമസം തുടങ്ങി. ഗീവറുഗീസ് ശെമ്മാശു സിമ്മനാരിയിൽ നിന്നും കല്ലുങ്കത്ര പള്ളിയിലും മുപ്പാത്തിയിലും പോയി തിരിച്ചു വീട്ടിൽ എത്തി.

1062 ചിങ്ങം 30-ന് സിമ്മനാരിയിൽ ഒരു പൊതുയോഗം കൂടി. ആ യോഗത്തിൽ മലങ്കരയുള്ള എല്ലാ ശെമ്മാശന്മാരെയും വൈദിക വിദ്യാർത്ഥികളെയും വരുത്തി സിമ്മനാരിയിൽ പഠനം നടത്തണമെന്ന് ആയതിലേക്ക് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായെ വിചാരവും കോനാട്ട് മാത്തൻ മല്പാനും വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനും[11] മല്പാൻമാർ ആയിരിക്കണമെന്ന് നിശ്ചയിക്കയും യോഗം പിരിയുകയും ചെയ്തു. ടി. കന്നി മാസം 20-ന് കൊച്ചി ഇടവകയുടെ ദിവന്നാസ്യോസ്[12] കാലം ചെയ്തു. തുരുത്തിക്കര പള്ളിയിൽ അടക്കി.

ടി. ആണ്ട് തുലാ മാസം 15-ന് ഗീവറുഗീസ് ശെമ്മാശു സിമ്മനാരിയിൽ പഠിക്കാൻ പോയി. വൃശ്ചികം ആദ്യം മല്പാനച്ചന്മാരും ശെമ്മാശന്മാരും വിദ്യാർത്ഥികളും വന്ന് ചേരുകയും അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു പ്രസംഗത്തിന്റെയും കണ്ണീരോടെ ഉള്ള പ്രാർത്ഥനയുടെയും ശേഷം പഠിത്തം ആരംഭിച്ചു. ആയത് വൃശ്ചികം 3-ന് ആകുന്നു. ഗീവറുഗീസ് ശെമ്മാശനും സിമ്മനാരിയിൽ താമസിച്ചു പഠിച്ചു. മറ്റ് അൻപതിൽ പരം ആളുകളും ഉണ്ടായിരുന്നു. മല്പാനച്ചന്മാർ മാറി മാറി ക്ലാസ്സുകാരെ

പഠിപ്പിച്ചിരുന്നു. പഠിത്തം എല്ലാ വിധത്തിലും നന്നായിരുന്നു. ടി. മീനമാസം വരെ ഗീവറുഗീസ് ശെമ്മാശൻ പഠിച്ചതിന്റെ ശേഷം ഇളവിന് വീട്ടിൽ പോരികയും അവിടെ വച്ച് ദേഹം മുഴുവനും നീരും മറ്റ് സുഖക്കേടുകളും ഉണ്ടായി കിടപ്പിലും ചികിത്സയിലും ആയിരുന്നു. ആരംഭം കളപ്പുരയ്ക്കൽ വച്ചായിരുന്നു. കുറെ ആശ്വാസമായപ്പോൾ കാരുചിറെ കൊണ്ടുപോയി. അവിടെ വച്ച് സുഖക്കേട് വർദ്ധിക്കയും അത്യന്തം കൂടുതലാകുകയും ചെയ്തപ്പോൾ കളപ്പുരയ്ക്കൽ അച്ചന്റെ അടുക്കൽ ആളയക്കുകയും വളരെ വ്യസനത്തോടെ രോഗിയുടെ അടുക്കൽ അദ്ദേഹം വന്നുചേരുകയും ഉടനൊരു ആശ്വാസമുണ്ടാവുകയും ചെയ്തു. ദീനം സുഖമായതിന്റെ ശേഷം 6-ന് തുലാ മാസത്തിൽ പഠിക്കാൻ പോയി.

സിമ്മനാരിയിലെ താമസം സുഖഹീനമായിരുന്നു. അതിനാൽ കോനാട്ട് മൽപ്പാനച്ചൻ കുടുംബത്തോട്കൂടെ ചുങ്കക്കടവിൽ ഒരു മാളിക കൂലിക്ക് വാങ്ങി താമസിച്ചിടത്ത് വൃശ്ചികം 17-ന് മുതൽ ഗീവറുഗീസ് ശെമ്മാശനും ഭക്ഷണം കഴിക്കയും സിമ്മനാരിയിൽ  പഠിക്കുകയും ചെയ്തു. ഇങ്ങനെ ആറുമാസം വരെ താമസിച്ചു. ആരംഭത്തിൽ പഠിത്തം വീഴ്ചയാകുകയും ഗീവറുഗീസ് ശെമ്മാശൻ വീട്ടിൽ താമസിക്കയും ചെയ്തു. സിമ്മനാരിയിൽ പഠിത്തം വീഴ്ചയായതു മുതൽ ഗീവറുഗീസ് ശെമ്മാശു വീട്ടിലും പൗലോസു കത്തനാരോട് കൂടെ കളപ്പുരയ്ക്കലും താമസിച്ച് ശു. പൌലോസിന്റെ ലേഖനങ്ങളും മറ്റും പഠിച്ചു.

1064 മീന മാസത്തിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ സിമ്മനാരിയിൽ താമസിക്കുമ്പോൾ ഗീവറുഗീസ് ശെമ്മാശു അവിടെ എത്തി 2 ആഴ്ചയോളം താമസിച്ച് ക്യെംന്താ[13] മുതലായതും കഴിഞ്ഞ് തിരിച്ച് വീട്ടിലേക്ക് പോന്നു. ശെമഓൻ അത്തനാസ്യോസ് ബാവാ ടി. മേടം 30-ന് സിമ്മനാരിയിൽ വച്ച് കാലം ചെയ്ത് പുത്തൻപള്ളിയിൽ അടക്കപ്പെട്ടതിൽ സംബന്ധിച്ചു. 1065-മാണ്ട് ചിങ്ങത്തിൽ പാമ്പാക്കുടയ്ക്ക്[14] പോയി പഠിക്കണമെന്നു വച്ച് കോട്ടയം വരെയും പോയപ്പോൾ വഴി ദൂരം കൊണ്ടും മറ്റും പ്രയാസം തോന്നുകയാൽ തിരിച്ചു പോന്നു.

പിന്നീട് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ പാമ്പാടി പള്ളിയിൽ എഴുന്നള്ളിയിരിക്കയാൽ പഠിക്കുന്നതിനായി ടി. കന്നി മാസം 23-ന് അവിടെ എത്തി ടി. തിരുമേനിയുടെ അടുക്കൽ സുറിയാനി പഠിത്തം തുടങ്ങി. ഇങ്ങിനെ പാമ്പാടിയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് ആളെ അയയ്ക്കയാൽ പാമ്പാടി പള്ളിയിൽ നിന്നും കോട്ടയത്ത് സിമ്മനാരിയിലേയ്ക്ക് തിരുമേനി നീങ്ങി. ഗീവറുഗീസ് ശെമ്മാശനും കൂടെ പോയി. മുരീയ്ക്കൽ മത്തായി ശെമ്മാശൻ തിരുമേനിയുടെ കൂടെ പഠിക്കയായിരുന്നു.

വെളിയനാടു പള്ളിയിൽ വച്ച് ക്നാനായ കമ്മട്ടിക്കാരുടെ ഒരു യോഗം കൂടുന്നതിൽ തിരുമേനികളും എഴുന്നള്ളിയിരിക്കണമെന്ന് അവർ അപേക്ഷിക്കയാൽ മകരം 7-ന് തിരുമേനികളും പരിവാരങ്ങളും സിമ്മനാരിയിൽ നിന്നും പുറപ്പെട്ട് പുത്തനങ്ങാടിയിൽ എത്തി. അവിടെ നിന്നും ബോട്ടിൽ ആയിരുന്നു എഴുന്നള്ളത്ത്. ആ എഴുന്നള്ളത്ത് എത്രയും ആഘോഷത്തോടെ ആയിരുന്നു. സന്ധ്യയ്ക്ക് വെളിയനാടു പള്ളിയിൽ എത്തി.

ടി. 8 -ന് എസ്തപ്പാനോസു സഹദായുടെ പെരുന്നാളും ക്നാനായ കമ്മട്ടിക്കാരുടെ കൂട്ടവും ആയിരുന്നു. കൂട്ടത്തിനായി അനേകം ജനങ്ങൾ എത്തിയിരുന്നു.

അങ്കമാലി ഇടവകയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക്[15] ദീനം അത്യന്തമെന്ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ അവിടേയ്ക്ക് നീങ്ങണമെന്നും അങ്കമാലിപ്പള്ളിക്കാരുടെ കമ്പി വരികയാൽ 8-ന് കാലത്തെ മാർ അത്തനാസ്യോസു മെത്രാപ്പോലീത്താ അവിടേക്ക് നീങ്ങുകയാൽ കമ്മട്ടിയിൽ കൂടുന്നതിന് ഇടയായില്ല. ടി. തിരുമേനിയോട് കൂടെ മൂരീയ്ക്കൽ മത്തായി ശെമ്മാശനും ഗീവറുഗീസ് ശെമ്മാശനും പോയിരുന്നു.

9-ന് സന്ധ്യയോട് കൂടി അകപ്പറമ്പു പള്ളിയിൽ എത്തി മെത്രാപ്പോലീത്തായെ കണ്ടു. കുറെ ദിവസം കൊണ്ട് അദ്ദേഹത്തിന്റെ സുഖക്കേട് തീർന്നതിനാൽ തിരുമേനി അവിടെ നിന്നും പറവൂർ പള്ളിയിലേയ്ക്കും അവിടെ നിന്നും കല്ലുങ്കത്ര പള്ളിയിലേയ്ക്കും നീങ്ങി.

മീനം 3-ന് തിരുമേനി മുരീയ്ക്കൽ മത്തായി ശെമ്മാശനു കത്തനാരു പട്ടവും കല്ലുങ്കത്ര യാക്കോബിനും ചാലാശേരിൽ വർക്കിക്കും കോറൂയോ പട്ടവും കൊടുത്തു. മുരീയ്ക്കൽ മത്തായി കത്തനാരു അവിടെ വച്ച് തന്നെ ടി. മാസത്തിൽ പുത്തൻ കുർബാന ചൊല്ലുകയും ടി. പുത്തൻ കുർബാനയ്ക്കുള്ള ചിലവ് ടി. ശെമ്മാശന്മാരും ഗീവർഗീസ് ശെമ്മാശനും കൂടി നൽകുകയും ചെയ്തു.

## മലങ്കരയുടെ കോനാട്ട് മല്പാൻ

മേട മാസത്തിൽ പാമ്പാക്കുട യോഹന്നാൻ മല്പാനച്ചന്റെ നാല്പതാം ദിവസമടിയന്തിരത്തിൽ തിരുമേനി എത്തണമെന്ന് അവരുടെ എഴുത്ത് വരികയാൽ കല്ലുങ്കത്രയിൽ നിന്നും മേടം 3 ന് പുറപ്പെട്ടു. 4-ന് പിറവത്ത് പള്ളിയിൽ കൂടി പാമ്പാക്കുട എത്തി. 5-ന് നാല്പതാം ദിവസം അടിയന്തിരം ഭംഗിയായി കഴിക്കയും മാത്തൻ കത്തനാരെ മല്പാനായി[16] മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും[17] കൂടെ പേര് വിളിക്കയും മോതിരം, പട്ട്, ളോഹ മുതലായവ ഇടുവിക്കയും ചെയ്തു. അവിടെ

നിന്നും അത്തനാസ്യോസ് മെത്രാപ്പോലീത്താ തിരിച്ച് കല്ലുങ്കത്ര പള്ളിയിലേയ്ക്ക് നീങ്ങി. കല്ലുങ്കത്ര പള്ളിയിൽ നിന്നും ഇടവ മാസത്തിൽ തിരുമേനി കുറിച്ചി പള്ളിയിലേക്ക് നീങ്ങുകയും 20 ന് കല്ലാശേരി പുന്നൂസിന്[18] കോറൂയോ പട്ടവും[19] അതോടുകൂടെ കഥാനായകൻ ഗീവറുഗീസ് കോറൂയോയ്ക്ക് എവുപ്പതിയക്കോനോ[20] എന്ന പട്ടവും ടി. തിരുമേനി കൊടുത്തു. അവിടെ നിന്നും തിരുമേനി സിമ്മനാരിയിലേക്ക് നീങ്ങുകയും ചെയ്തു.

1066 മകര മാസത്തിൽ ഗീവറുഗീസ് ശെമ്മാശൻ പള്ളത്തെ പള്ളിക്കൂടത്തിൽ പ്രൈവറ്റായി ഇംഗ്ലീഷ് പഠിക്കുന്നതിനായി മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ നിന്നും പോരുകയും തിരുമേനി പറവൂർക്ക്, നീങ്ങുകയും ചെയ്തു.

മകരം 28-ന് പള്ളത്ത് ഇംഗ്ലീഷ് സ്കൂളിൽ ഇംഗ്ലീഷ് പഠിക്കുന്നതിനായി ഗീവറുഗീസ് ശെമ്മാശൻ പോയി പള്ളത്ത് പുത്തൻപുരയ്ക്കൽ യൗസേപ്പ് വാദ്ധ്യാരോട് കൂടെ പഠിക്കുവാനും തുടങ്ങി. പള്ളത്തെ താമസം ആദ്യം പള്ളത്ത് ബംഗ്ലാവിന് കിഴക്ക് വശത്ത് ഒരു വീട്ടിൽ ആയിരുന്നു. അവിടെ താമസത്തിന് ഏനമില്ലാതെ വരികയും  ഉടനെ ഒരു ....... വീട്ടിൽ പോരികയും .......... ദിവസം കൊണ്ട് ....... പിന്നീട് താമസം പാറയ്ക്കക്കടവിലും അവിടെ നിന്നും പാറെക്കടവിൽ ...... ആയിരുന്നു. വെള്ളിയാഴ്ച തോറും വീട്ടിൽ പോരികയും തിങ്കളാഴ്ച തന്നെ പോകയും ചെയ്തു വന്നു.

കുംഭം 25-ന് അങ്കമാലി ഇടവകയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. അങ്കമാലി ചെറിയ പള്ളീൽ അടക്കപ്പെട്ടു. മേടം 22-ന് ഗീവറുഗീസ് ശെമ്മാശൻ നാലുന്നാക്കൽ പള്ളിയിൽ പെരുന്നാളിന് പോയി. പെരുന്നാളു കഴിഞ്ഞ് പട്ടക്കാർക്കും മറ്റും കേമമായ സദ്യ ഉണ്ടായിരുന്നു. അവിടെ നിന്നും പുതുപ്പള്ളി പെരുന്നാളിന് പോയി. പിറ്റെ ദിവസം തിരിച്ച് വീട്ടിലെത്തുകയും ചെയ്തു.

1067 ഇടവ മാസം വരെ ഗീവറുഗീസ് ശെമ്മാശു പള്ളത്തു ഇംഗ്ലീഷ് പഠിച്ചിരിക്കയിൽ അമെരിക്കക്കാരൻ ഒരാൾക്ക് സ്നാനം കൊടുപ്പാൻ തിരുമേനികൾ കൊളംബിലേക്കു എഴുന്നള്ളിയതിനോടു കൂടെ പോയി.

## കൊളമ്പ് യാത്രാ വിവരണം

അമേരിക്കൻ ഐക്യനാടുകളിലെ വിസക്കൊൻസിൻ കെവാനി നഗരത്തിലെ ജനങ്ങൾ റൊമാ മതവിശ്വാസത്തെ ഉപേക്ഷിച്ചു അന്ത്യോക്യാ സഭയോട് ചേരുവാൻ ആഗ്രഹിച്ചപ്പോൾ അവരെ ഭരിച്ചു കൊള്ളുന്നതിന് ഒരു മെത്രാപ്പോലീത്തായെ ആവശ്യപ്പെട്ടതിനാൽ അവരുടെ പട്ടക്കാരനായ റേനി വിലാത്തി[4] എന്ന പാദ്രി മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസു മെത്രാനൊടും ഇൻഡ്യ, സിലോൻ,ഗോവ ഇടവകയുടെ മാർ കൂറിലോസ് മെത്രാ

പ്പോലീത്തായോടും വിവരം അറിയിച്ചതിനാൽ അവർ പാത്രിയർക്കീസു ബാവ തിരുമനസിലേക്ക് അപേക്ഷ അയച്ച് റെനി വിലാത്തിയെ മെത്രാനായി വാഴിക്കുന്നതിന് കല്പന വരുത്തുകയും അദ്ദേഹം കൊളംബിൽ എത്തി താമസിയ്ക്കുകയും ചെയ്യുമ്പോൾ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും മാർ യൂലിയോസ് അൽവാറീസ് മെത്രാപ്പോലീത്തായും കൂടെ കോട്ടയത്ത് സിമ്മനാരിയിൽ നിന്നും ക്രിസ്താബ്ദം 1892 കൊല്ലം 1067 ഇടവം 3-ന് ഞായറാഴ്ച രാത്രി 12 മണിയ്ക്ക് യാത്ര പുറപ്പെട്ടു.

മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായോടു കൂടെ കുമരകത്ത് കളത്തിൽപറമ്പിൽ യൗസെപ്പു ശെമ്മാശും വാകത്താനത്ത് കാരുചിറ ഗീവറുഗീസ് ശെമ്മാശും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോട് കൂടെ കാരിച്ചാൽ കൊച്ചുകോശി കത്തനാരും തുമ്പമൺകാരൻ യാക്കോബ് ശെമ്മാശും അൽവാറീസ് മെത്രാപ്പോലീത്തായോട് കൂടെ ഗോവാക്കാരൻ കൈത്താൻ എന്ന ഒരു അയ്മേനിയും വാലിയക്കാരായി ഇട്ടീരാ - തോമാ എന്നവരും വിശേഷാൽ ശീമക്കാരൻ സ്ലീബാ ശെമ്മാശനും അതു കൂടാതെ ശീമയ്ക്ക് പോകുന്നതിനായി മല്ക്കി എന്നൊരു ശീമക്കാരനും ഉണ്ടായിരുന്നു. ഇവർ എല്ലാവരും യാത്രയ്ക്ക് ഒരുങ്ങി, അപ്പോൾ സിമ്മനാരിയിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും മൂക്കഞ്ചെരിൽ ഗീവറുഗീസ് റമ്പാച്ചനും കോനാട്ട് മാത്തൻ മൽപ്പാനച്ചനും മറ്റും ഉണ്ടായിരുന്നു.

കോട്ടയത്തു നിന്ന് കെട്ടുവള്ളത്തിലായി പുറപ്പെട്ടു. 4 ന് ...... 8 മണിക്ക് ആലപ്പുഴ എത്തിയശേഷം വേറെ മൂന്നു വള്ളം പിടിച്ച് 12 മണിക്ക് അവിടെ നിന്നും പുറപ്പെട്ട് സന്ധ്യയോടുകൂടെ തോട്ടപ്പള്ളി ചീപ്പുങ്കൽ എത്തി. 5-ന് 6 മണിക്ക് പന്മനയും 12 മണിക്ക് കൊല്ലത്തും അടുത്തു. നെയിത്താപ്പീസ്, ഓട്ടാപ്പീസ്, കയറു പിരിക്കുന്ന യന്ത്രം മുതലായവകളെ യാത്രയിൽ കണ്ടു. 6 മണിക്കു നടുചിറയും 9 മണിക്ക് വർക്കല വലിയ തുരുത്തിലും തുരങ്കത്തിലും 10 മണിക്ക് ചെറിയ തുരങ്കത്തിങ്കലും 6-ന് 12 മണിക്ക് തിരുവനന്തപുരത്ത് ചാക്കെക്കടവിലും എത്തി വള്ളക്കാരെ പിരിച്ചു വിട്ടു. ഉടനെ വണ്ടി പിടിച്ച് പുത്തൻ കച്ചെരിക്ക് പടിഞ്ഞാറു ഭാഗത്തു കുമരകത്തുകാരൻ ഉമ്മൻ ഇൻസ്പെക്ടർ താമസിച്ചിരുന്ന പാത്രിയർക്കീസു ബാവായുടെ ബങ്കളാവിൽ എത്തി. അന്നു തന്നെ ചില സാമാനങ്ങൾ വാങ്ങിക്കുന്നതിനായി ചില ഷാപ്പുകളിലും കാഴ്ച ബങ്കളാവും മറ്റും കാണുന്നതിനായും പോയി.

മാർ അത്തനാസ്യോസു മെത്രാപ്പോലീത്തായും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും സവാരിക്കു പോയി. വേറൊരു ബങ്കളാവിൽ താമസിക്കുകയും പിറ്റെ ദിവസം കാഴ്ചബങ്കളാവു മുതലായതു സന്ദർശിക്കയും ചെയ്തു. കാഴ്ച ബങ്കളാവിൽ സിംഹം, കരടി, കടുവാ, പുലി മുതലായ കാട്ടുമൃഗങ്ങളും മയിൽ, പഞ്ചവർണ്ണക്കിളി മുതലായി പല തരത്തിൽ പക്ഷി

ക്കൂട്ടങ്ങളും ഉണ്ടായിരുന്നു. ഭരണി, പിഞ്ഞാണം മുതലായവ ഉണ്ടാക്കുന്ന ആപ്പീസുകളും ഹൈസ്ക്കൂളും കണ്ടതിന്റെ ശെഷം ആദ്യം വന്ന ബങ്കളാവിൽ എത്തി തിരുനൽവേലിയിലേയ്ക്ക് യാത്രയ്ക്ക് വണ്ടി പിടിച്ചു. 9 മണിക്ക് എല്ലാവരും പുറപ്പെട്ടു. വണ്ടി തഫാൽ വണ്ടി ആയിരുന്നു. 8 നാഴിക കഴിയുമ്പോൾ കുഴൽ ഊതുകയും വേറെ കാളയെ മാറി കൊടുക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരത്തു നിന്നും നടുവത്ത് കോയിപ്പുറത്ത് പൊന്നന്റെ മകൻ അബ്രഹാമിനെ കൂടെ സുഭാഷിയായി കൊണ്ടുപോയി.

8-ന് കുഴിത്തുറ പാലത്തിങ്കൽ എത്തി. ഈ പാലം വളരെ വീതിയും നീളവും ഉയരവും ഒരു അരികിന് എകെദേശം 108 കാലുകളും ഉള്ളതാകുന്നു. ഇതിന് സമീപം മുസ്സാവിരി ബങ്കളാവുണ്ട്. അവിടെ 12 മണിക്ക് എത്തി ഭക്ഷണം കഴിച്ച് 1 മണിക്ക് തിരുവാങ്കൊടു വഴിയായി പുറപ്പെട്ടു 6 മണിക്ക് പത്മനാഭപുരത്തെത്തി. തിരുവിതാംകൂർ മഹാരാജാവിന്റെ കോട്ട ആദ്യം ഇവിടെക്കും പിന്നെ തിരുവനന്തപുരത്തേക്കും മാറ്റി. ഇവിടെ പുല്ലിക്കുറിച്ചിയിൽ റോമാ മതക്കാരുടെ ഒരു പള്ളി ഉണ്ട്. ദൈവസഹായ പിള്ളയ്ക്ക് ദാഹിച്ചപ്പോൾ മുട്ടു കൊണ്ട് പാറയിൽ ഇടിച്ചു എന്നും, അപ്പോൾ വെള്ളം പുറപ്പെട്ടു എന്നും, ആ വെള്ളം കുറവു കൂടാതിരിക്കുന്നുവെന്നും റോമാക്കാർ പറയുന്ന സ്ഥലം ഈ പള്ളിയുടെ പടിഞ്ഞാറു വശത്തു മുഖവാരത്തോട് ചേർന്നാകുന്നു. ആ പള്ളിയിൽ യാത്രക്കാർ കേറി കാണുകയും വെള്ളം വാങ്ങിച്ചു കുടിക്കയും ചെയ്തു. ഉടനെ അവിടെ നിന്നും ചെങ്കോട്ട വഴിയായി പോരുമ്പോൾ വലിയ വലിയ പാറക്കൂട്ടങ്ങളും മലകളും ഇടക്കിടെക്ക് കരിമ്പനകളും കാണുകയും 6 മണിക്ക് തന്നെ വടക്കോട്ട് കടന്ന് തിരുനെൽവേലി അതൃത്തിയിലിറങ്ങുകയും ചെയ്തു. ഈ സ്ഥലം തിരുവിതാംകൂറിന്റെ അതൃത്തിയും വലിയ മല വെട്ടിതാഴ്ത്തി ഉണ്ടാക്കീട്ടുള്ളതുമാകുന്നു. ഈ ദേശം സമഭൂമിയും വളരെ കരിമ്പനയും പുളിയും ഉള്ളതും നെല്ല്, പുല്ല്, ആവണക്ക്, പരുത്തി മുതലായ കൃഷികളും ഉള്ളതാകുന്നു. ഈ ദേശത്ത് മഴ നന്നേ കുറവും കാറ്റ് അധികവും ആകുന്നു.

9-ന് 6 മണിക്ക് യാത്ര പുറപ്പെട്ടു. 10 മണിക്ക് വള്ളിയൂരിലും 1 മണിക്ക് രാജായമംഗലത്തും പിന്നെ പാപകുളം ഊരിലും ആവികുളത്തും എത്തി. അവിടെ കരിങ്കല്ലു കൊണ്ട് കെട്ടിയ വിശേഷമായ കുളം ഉണ്ട്. അവിടെ നിന്നും 5 മൈൽ വടക്ക് നാമലശ്ശേരി ഊരും വിശേഷാൽ ഒരു ഗോപുരവും കണ്ടു. ഈ യാത്രയിൽ ഗ്രീഗൊറിയോസു മെത്രാപ്പോലീത്തായുടെ വണ്ടി മുമ്പ് കടന്ന് ഓടിച്ചതിനാൽ മുൻകൂട്ടി തിരുനൽവേലീൽ എത്തി റെയിൽവെയി മാനേജരുടെ ആപ്പീസിൽ താമസിച്ചു. ശേഷം പേർ 4 മണിക്ക് തമ്രപ്പർണ്ണി ആറ്റിലുള്ള പാലത്തിങ്കൽ എത്തി. ഈ പാലം വളരെ വലിപ്പമുള്ളതും വളവുകളായി ഇഷ്ടിക കൊണ്ട് വളച്ചതും പാലത്തെ വളരെ വിളക്കുകളും ഉള്ളതാകുന്നു. ഇതിനടുത്താകുന്നു തീവണ്ടി സ്റ്റേഷൻ.

10–ന് 5 മണിക്ക് എല്ലാവരും തീവണ്ടി ആപ്പീസിൽ എത്തി. യാത്രക്കാർക്ക് തീവണ്ടി യാത്ര ആദ്യമായിരുന്നതിനാൽ വിസ്മയജനകമായിരുന്നു. മെത്രാച്ചന്മാർ രണ്ടാം ക്ലാസ്സിലും ശേഷം പേർ 3–ാം ക്ലാസിലും ആയി തീവണ്ടി കയറി. ഗനായകണ്ടി, മണിയാച്ചി ഈ ആഫീസുകളിൽ എത്രയും വേഗത്തിൽ എത്തി. മണിയാച്ചി ആഫീസിൽ നിന്നും അപ്പോൾ മധുരയ്ക്ക് ഒരു വണ്ടി പുറപ്പെട്ടു. അവിടെ നിന്നും വണ്ടി പുറപ്പെട്ട് തത്തപ്പാറയി എന്ന ആപ്പീസിലും അവിടെ നിന്നും പുറപ്പെട്ട് 3 മണിക്ക് തൂത്തുക്കുടി ആപ്പീസിലും എത്തി. പിന്നെ ആപ്പീസ് മുറി വിട്ടിറങ്ങി വല്ലോം ആശ്വസിച്ചശേഷം ആപ്പീസിന് സമീപം പി. പി. ദുറാൾ എന്ന ഒരു വലിയ ഷാപ്പിന്റെ സ്ഥലത്തു താമസിച്ചു. ഈ മനുഷ്യൻ അൽവാറീസു മെത്രാപ്പോലീത്തയുമായി പരിചയമുള്ള ആളായിരുന്നു. അതു നിമിത്തമാണ് അയാളുടെ സ്ഥലത്ത് യാത്രക്കാരെ താമസിപ്പിക്കുന്നതിന് കാരണമായത്.

ഇവിടെ റോമാ സഭക്കാരും അവർക്കു പല പള്ളികളും ജസവീത്ത സഭക്കാരും ഉള്ളതു കൂടാതെ നൂലാപ്പീസ്, പഞ്ചസാര ഉണ്ടാക്കുന്ന ആപ്പീസ് മുതലായവകളും വളരെ കച്ചവടങ്ങളും ഉള്ള ഒരു പ്രധാന തുറമുഖവും കപ്പൽ അടുക്കുന്നതും ആകുന്നു. തിരുനൽവേലീൽ നിന്നും ഇവിടേക്ക് ഏകദേശം 36 മയിൽ അകലം ഉണ്ട്. യാത്രക്കാർക്ക് അന്നേ ദിവസം കപ്പൽ ഏനമില്ലാത്തതിനാൽ അവിടെ താമസിക്കുന്നതിനിടയായി. അപ്പോൾ വളരെ റോമാക്കാർ വന്നു യാത്രക്കാരെ കാണുകയും അൽവാറീസു മെത്രാച്ചൻ റോമാക്കാർക്കു വിരോധമായി അച്ചടിച്ചു വച്ചിട്ടുള്ള പുസ്തകങ്ങൾ സമ്മാനിക്കയും ചെയ്തതിനാൽ വളരെ തർക്കവും വിരോധവും ഉണ്ടായി.

11–ന് തിങ്കളാഴ്ച കോട്ടയത്തേക്കും കൊളംബിലേയ്ക്കും കമ്പി അടിച്ചു. 3 മണിക്ക് താമസ സ്ഥലത്തു നിന്നും വണ്ടി വഴിയായി കടവിലേക്ക് പുറപ്പെട്ടു. കടവിൽ നിന്നും വളരെ ദൂരത്തിൽ 2 കപ്പൽ അടുത്തിരുന്നു. കപ്പൽ യാത്രക്കുള്ള കൂലിയും മറ്റും തീർത്ത് കടൽ വഞ്ചിയിൽ കയറി നീങ്ങി ഒരു കപ്പലിന്റെ അടുക്കൽ സന്ധ്യയോട് കൂടെ എത്തി. അപ്പോൾ നിങ്ങൾ കൂലി തീർത്ത കപ്പൽ മറ്റേതാണെന്നും അവിടേയ്ക്ക് പോകണമെന്നും കപ്പിത്താൻ പറഞ്ഞപ്പോൾ വഞ്ചിക്കാർ അവർക്ക് കഴിയുകയില്ലെന്നും മറ്റും തടസം പറഞ്ഞു. മറ്റെ കപ്പലിലേക്ക് തീബോട്ടിൽ കയറ്റി ഇറക്കി. അതിൽ ആയിരുന്നു നമ്മുടെ യാത്രക്കാരെ ഇറക്കിക്കൊണ്ടിരുന്നത്. അങ്ങനെ ചെയ്യാത്തതു റോമാക്കാരുടെ അസൂയ കൊണ്ടായിരുന്നു. പിന്നെ കപ്പിത്താന്റെ ശാസന കൊണ്ടും അൽവാറീസു മെത്രാച്ചൻ കൈക്കൂലി കൊടുത്തതു കൊണ്ടും വള്ളക്കാർ മറ്റെ കപ്പലിന്റെ അടുക്കൽ കൊണ്ടുപോയി ഇറക്കി. കടലിലെ ഓളത്തിന്റെ കഠിനം കൊണ്ട് യാത്രക്കാർക്ക് തലതിരിച്ചിലും ഛർദ്ദിയും ഉണ്ടായി. കപ്പലിന്റെ പങ്ക വെള്ളത്തിൽ നിന്നും വളരെ ഉയരത്തിൽ ആയിരുന്നതിനാൽ കേറുന്നതിനും മറ്റും വളരെ പ്രയാസം നേരിട്ടു.

അതിനാൽ ഗോവണി ഇറക്കി തന്നതിൽ കൂടി കപ്പലിൽ കയറി. അപ്പോൾ ആ കപ്പലിൽ കുന്നംകുളങ്ങരെ പനയ്ക്കൽ ഇട്ടിമാത്തു ഉണ്ടായിരുന്നു. അയാൾ ആലപ്പുഴെ നിന്നും കൊളംബിലേക്ക് നമ്മുടെ യാത്രക്കാരുടെ സഹായത്തിനായി പുറപ്പെട്ടതാണ്. അയാളെ കണ്ടതിൽ വളരെ സന്തോഷമുണ്ടായി.

രാത്രി 11 മണിക്ക് കപ്പൽ തുറമുഖത്തു നിന്നും കൊളംമ്പിലേയ്ക്ക് നീങ്ങി. കാറ്റും കോളും അധികമായതിനാൽ കപ്പൽ നന്നാ ഇളകുകയും വെള്ളം കപ്പലിനകത്തു വീഴുകയും ചെയ്തു. വെള്ളം അടിത്തട്ടിലേക്ക് പോകാതിരിക്കത്തക്കവണ്ണം പണി ചെയ്തിരിക്കുന്നതിനാൽ വെള്ളം വീണാലും അതു പുറത്തേക്ക് പോകുന്നതു കൊണ്ട് കുലുങ്ങുകയില്ല. മെത്രാന്മാർ 2-ാം ക്ലാസിലും ശേഷം പേർ 3-ാം ക്ലാസിലും ആയിട്ടാണ് കേറിയത്. 2-ാം ക്ലാസ് മുറികൾ വളരെ വിശേഷമായിരുന്നതിനാൽ അതിൽ വെള്ളം കേറുകയില്ല. അതിൽ ഇരിപ്പിനും കിടപ്പിനും സ്ഥലസൗകര്യങ്ങളും ഉണ്ട്. ഭക്ഷണം അതിൽ തന്നെ കൊണ്ടുവന്ന് കൊടുക്കും. 3-ാം ക്ലാസ്സുകാർ മേൽത്തട്ടിൽ ഇരിക്കുന്നതുകൊണ്ട് പല ഉപദ്രവങ്ങളും ഉണ്ട്. വെള്ളം പൊട്ടി വീണാറെ യാത്രക്കാർ നനയുകയും മറ്റുമുണ്ടായി. ഇങ്ങിനെ കപ്പൽ ഓടിച്ച് 12-ന് ഉച്ചയ്ക്ക് കൊളംമ്പു തുറമുഖത്ത് അടുത്തു. അപ്പോൾ തുറമുഖത്ത് വളരെ തീകപ്പലുകളും പായ്ക്കപ്പലുകളും കടൽ വഞ്ചികളും വളരെ ജനങ്ങളും ഉണ്ടായിരുന്നു.

ഉടനെ കൊളംബു പള്ളിയിലെ ഒരു പ്രധാനിയായ ഡോക്ടർ പിന്റോയും മറ്റു മഹാന്മാരും നമ്മുടെ യാത്രക്കാരുടെ കപ്പലിൽ വന്ന് തിരുമേനികളുമായി സന്തോഷ സംഭാഷണം കഴിക്കയും തിരുമേനികളെയും സ്ലീബാ ശെമ്മാശനെയും കൊച്ചു കോശി കത്തനാരെയും ഒഴിച്ചുള്ള ആളുകളെയും സാമാനങ്ങളെയും കടൽ വഞ്ചിയിൽ കയറ്റി തുറമുഖത്തുള്ള ഗവർമെണ്ടു വക കെട്ടിടത്തിലേയ്ക്ക് കൊണ്ടുപോയി. അവിടെ വച്ച് ദാഹത്തിന് ഓരോ കുപ്പി ലിബിനൈറ്റ് കുടിച്ചാശ്വസിച്ച ശേഷം കുതിരവണ്ടിയിൽ കേറ്റി 'ഔവർ ലെയിഡി ഗുഡ് ഡെത്ത്' എന്ന് പേരുള്ള അവരുടെ പള്ളിയിലേയ്ക്ക് കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ റെനി വിലാത്തി എന്ന അമേരിക്കൻ പാദ്രിയും ഫാദർ അന്തോനിയോസും ഉണ്ടായിരുന്നു. അവർ യാത്രക്കാരെ വളരെ സന്തോഷത്തോടെ കൈക്കൊണ്ടു. റ്റീ ...... മുതലായവ തയ്യാറാക്കി കുടിച്ചുംകൊണ്ട് ആഘോഷമായി എതിരെൽക്കുന്നതിനായി അവർ കപ്പലിലെത്തി. ആദരിച്ച് ഗവെർമെണ്ട് വക വലിയ ബോട്ടിൽ കയറ്റി കരയ്ക്കടുപ്പിച്ച് ഗവർമെണ്ട് കെട്ടിടത്തിൽ ഇരുത്തി. അവിടെ നിന്ന് കുതിര വണ്ടികളിലായി ബാന്റ്, ബൊക്കെ മുതലായ ആഘോഷത്തോടും വളരെ ജനക്കൂട്ടത്തോടും കൂടെ യാത്ര തിരിച്ച് മേല്പ്പറഞ്ഞ പള്ളിയിൽ എത്തി. ലുത്തിനിയാ കഴിച്ച് പള്ളിയോട് ചേർന്നുള്ള കെട്ടിടത്തിൽ താമസിച്ചു. തൂത്തുക്കുടിയിൽ നിന്ന് കൊളംബിലേയ്ക്ക് കപ്പൽ കൂലി 1-ാം ക്ലാസിന് 25. 2 -ന് 10. 3-ന് 8 രൂപ വീതവും ആയിരുന്നു.

13-ന് പലരും വന്ന് കാണുകയും സന്തോഷിക്കയും ചെയ്തിരുന്നു. 14-ന് സ്വർഗാരോഹണപ്പെരുന്നാളായിരുന്നു. റെനി വിലാത്തി പാദ്രിക്ക് ഗ്രീഗൊറിയോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി റമ്പത്വം കൊടുത്തു. ഉച്ച കഴിഞ്ഞ് ടി. റമ്പാൻ കുതിരവണ്ടി വരുത്തി, തിരുമേനികളും അദ്ദേഹവും സ്ലീബാ ശെമ്മാശനും കൂടി വിസീറ്റയ്ക്ക് പോയി. കാഴ്ച ബങ്കളാവ് മുതലായവ കണ്ട് സന്ധ്യയ്ക്ക് തിരിച്ചെത്തി.

കൊളംബിലെ പള്ളീടെ വടക്ക് വശത്തു കൂടി വഴിയുള്ളതിനാൽ പള്ളി ഇരിക്കുന്നതു തെക്ക് വടക്ക് ആയിരുന്നു. ഇതിന്റെ മദ്ബഹായോട് ചേർന്ന് കിഴക്ക് പടിഞ്ഞാറായി താമസത്തിനുള്ള മുറിയും അതിന് തെക്ക് വശത്ത് കുശിനി മുറിയും കിഴക്ക് വശത്ത് കിണറും അതിന് പടിഞ്ഞാറ് വേറൊരു കെട്ടിടവും ഉണ്ട്. പള്ളിയകത്ത് ഇരുവശത്ത് തൂണ് നിറുത്തി ഉത്തരവും വച്ച് റാന്തൽ വശത്ത് ചുവരുകെട്ടി അടച്ച് ജനലുകളും വച്ച് വിസ്താരമുള്ളതും മുറിത്തട്ടും പടിഞ്ഞാറു വശത്ത് ഒരു മട്ടുപ്പാവും മദ്ബഹായ്ക്ക് തെക്ക് വടക്ക് ...... ഒഴുകുവാര മുറികളും. പള്ളിക്കകത്ത് മുഴുവൻ കയറ്റ് പായും കസേറകളും ഉണ്ട്. ജനങ്ങൾ കൂടിയാൽ കസേരയിൽ ആണ് ഇരിക്കുന്നത്. ഈ പള്ളിക്കു സമീപം പെട്ടയിൽ ഒരു പള്ളി ഉണ്ടെന്നും ദൂരെ മാന്നാർ എന്ന സ്ഥലത്ത് ഒരു വലിയ പള്ളിയും കുറെ ചാപ്പലുകളും ഉണ്ടെന്നവർ പറഞ്ഞു. ഈ പള്ളിയുടെ പടിഞ്ഞാറു വശത്തു ഹൈക്കോട്ടും തെക്കു വശത്ത് റെയിൽവേ സ്റ്റേഷനും കിഴക്കു വശത്തു തേങ്ങ ആട്ടുന്ന എണ്ണ ചക്കും മറ്റ് യന്ത്രങ്ങളും ഉണ്ട്. പട്ടണം വളരെ ആൾ പെരുപ്പവും വളരെ വലിയ കെട്ടിടങ്ങളും കച്ചവടവും ഉള്ളതാകുന്നു. എല്ലാ വഴികളിലും കുഴൽ വെള്ളവും ഉണ്ട്.

15-ന് റെനി വിലാത്തി റമ്പാന് സ്ഥാനം കൊടുക്കുന്നത് ലത്തീൻ ഭാഷയിൽ ആയിരിക്കണമെന്ന് അൽവാറീസ് മെത്രാച്ചനും മറ്റും തിരുമേനികളോട് അറിയിച്ചു. അത് പാടില്ലെന്ന് പറകയാൽ തർക്കം ഉണ്ടായി. കുറെ വ്യസനിച്ചും എങ്കിലും ചെന്നുപോയതു കൊണ്ട് സംഗതി നടക്കാതെ പോയാൽ ആക്ഷേപമാകുമല്ലോ എന്ന് കരുതി സ്ഥാനം കൊടുക്കുന്ന ദിവസം അൽവാറീസ് മെത്രാച്ചൻ കുർബാന ചൊല്ലണമെന്നും പട്ടംകൊട സുറിയാനിയിലായിരിക്കണമെന്നും നിശ്ചയിച്ചു. അന്നേ ദിവസം പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന വായിച്ചു. അതിൽ റെനി വിലാത്തി സത്യവിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിക്കണമെന്നും അദ്ദേഹത്തിന് സ്ഥാനം കൊടുക്കുന്നതിന് അനുവദിക്കുന്നുവെന്നും മറ്റുമായിരുന്നു.

17-ന് അൽവാറീസ് മെത്രാച്ചൻ കുർബാനക്കായി ഒരുങ്ങുകയും, ശേഷം തിരുമേനികളും കൂടെയുള്ളവരും പ്രാർത്ഥന കഴിഞ്ഞശേഷം സുറിയാനി മര്യാദപ്രകാരമുള്ള ക്രമങ്ങൾ കഴിക്കയും പാത്രിയർക്കീസ് ബാവായുടെ കല്പന വായിക്കയും മറ്റും ചെയ്ത്, റെനി വിലാത്തിക്ക് മൂന്നു പേരും കൂടി

കൈവച്ച് തീമൊഥിയൊസെന്ന സ്ഥാനപ്പേർ കൊടുത്തു അമോലോഗിയ വായിച്ച് ഒപ്പു വച്ച് വാങ്ങിച്ചു. പിന്നെ കുറെയാശ്വസിച്ച ശേഷം എല്ലാവരും പള്ളിയകത്തു പോയി. അൽവാറീസ് കുർബാന ചൊല്ലുകയും ഏതാനും ക്രമങ്ങൾ കഴിക്കയും ചെയ്തു. പള്ളിയിൽ അമെറീക്ക കൊൻസൽ മുതലായ മഹാന്മാരും വളരെ ജനങ്ങളും കൂടിയിരുന്നു. ഇവരെ കഴിഞ്ഞ് തിരുമേനികൾ മുറിയിൽ വന്നപ്പോൾ ഡോക്ടർ പിന്റോ തിരുമേനികൾക്ക് വെവ്വേറെ വന്ദനവുകൾ പറയുകയും അവർ യഥോചിതമായ മറുപടി പറയുകയും ചെയ്തു. അന്ന് രാത്രി 8 മണി മുതൽ പിന്റോ മുതൽ പേർ മാജിക്കലാമ്പ് എന്ന സൂത്രം കാണിച്ച് രസിപ്പിച്ചു.

18-ന് റെനിവിലാത്തി തിമൊത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് പാത്രിയർക്കീസ് ബാവായുടെ അധികാരപത്രവും മൂന്ന് മെത്രാന്മാരും കൂടി അധികാര സാക്ഷ്യപത്രവും കൊടുത്തു. 19-ന് യാത്രക്കാർ കൊളംബിലുള്ള കൊപ്രാ ആട്ടുന്ന ചക്കും മറ്റും കാണുന്നതിനായി പോയി. ആ കെട്ടിടം വളരെ വലിപ്പമുള്ളതും വളരെ വേലക്കാർ ഉള്ളതും ആകുന്നു. അതു കഴിഞ്ഞ് പെൻസൽ ഉണ്ടാക്കുന്നതിനുള്ള ഈയം വെലം ചെയ്യുന്ന സ്ഥലവും ചെന്ന് കണ്ടു തിരിച്ചു വന്നു. പട്ടംകൊടയുടെ സംഗതികളെ കുറിച്ചുംമറ്റും പാത്രിയർക്കീസ് ബാവായ്ക്ക് എഴുത്തയച്ചു.

ഉച്ച കഴിഞ്ഞ് ശെമ്മാശൻമാർ അവിടെയുള്ള കാഴ്ച ബങ്കളാവ് കാണുന്നതിനായി പോയി. അവിടെ തിരുവനന്തപുരത്തെപ്പോലെ കാഴ്ചകൾ ഉണ്ടെങ്കിലും ജീവനുള്ളതായിരുന്നില്ല. സിംഹം, കരടി, ആന മുതലായ അനേക മൃഗങ്ങളുടെയും അനേക തരത്തിലുള്ള പക്ഷികളുടെയും തോലുകൾ ഉണക്കി സാക്ഷാൽ എന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. അനേകം ആളു രൂപങ്ങളും കാട്ടാളന്മാരുടെ വേഷങ്ങളും സാക്ഷാൽ ഉള്ളതെന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. വലിയ തിമിംഗലങ്ങളുടെ അസ്ഥികളും തോലുകളും ഉണക്കിവച്ചിട്ടുണ്ട്. കാഴ്ച ബംങ്കളാവിന്റെ മിറ്റത്ത് ഒരു തറയിൽ കാട്ടാളന്റെ ഒരു വലിയ രൂപം കരിങ്കല്ല് കൊണ്ടു തീർത്ത് സ്ഥാപിച്ചിരുന്നു. അതു കഴിഞ്ഞ് ഒരു പാലം കാണുന്നതിനായി പോയി. ആ പാലം വെള്ളത്തിൽ അനേക വള്ളങ്ങൾ നിരത്തിയിട്ടു അതിന്മേൽ തുടൽ വലിച്ച് കെട്ടി പലക നിരത്തിയും എത്ര വെള്ളം പൊങ്ങിയാലും തരക്കേടില്ലാത്തതും ആകുന്നു. പിന്നീട് കടപ്പുറം മുതലായ സ്ഥലങ്ങൾ കണ്ടു. യാത്രയിൽ റോമാക്കാർ, ഇംഗ്ലീഷുകാർ, മഹമ്മദുകാർ മുതലായവരുടെ പള്ളികളും കെട്ടിടങ്ങളും കണ്ട് തിരിച്ചെത്തി. പിന്നീട് ഡോക്ടർ പിന്റോയുടെ ബംങ്കളാവിൽ നമ്മുടെ യാത്രക്കാരെ സല്ക്കരിച്ചു.

20-ന് തിരുമേനികൾ പോയശേഷം ആ പള്ളിയുടെ കൈക്കാരനും പ്രധാനിയുമായ പെരോരയുടെ ക്ഷണിതപ്രകാരം അയാളുടെ വീട്ടിൽ എല്ലാവരും പോയി. തീറ്റിക്കു റോമാ സമ്പ്രദായത്തിൽ ആണുങ്ങളും പെണ്ണുങ്ങളും ഒരു

മേശയ്ക്ക് ചുറ്റും ഇരുന്നു. അനേകതരത്തിൽ വിശേഷ സാമാനങ്ങൾ ഉണ്ടായിരുന്നു. അയാൾ ഒരു കച്ചവടക്കാരനും ആകുന്നു. 21-ന് ഷാപ്പുകളിൽ കൊട മുതലായ സാമാനങ്ങൾ വാങ്ങിക്കുന്നതിനായി പോയി തിരിച്ചു വന്നു.

25-ന് അൻപതാം പെരുന്നാളിന് കൊച്ചുകോശി കത്തനാർ കുർബ്ബാന ചൊല്ലി. പെരുന്നാളിന്റെ ഒരു ബെശുമെശ്ത്താ കഴിച്ചു. പിന്നീട് അൽവാറീസ് മെത്രാച്ചനും മറ്റും അവരുടെ ക്രമപ്രകാരം ശുശ്രൂഷകൾ കഴിച്ച് 3 പ്രാവശ്യം വെള്ളം തളിക്കയും ഒരു പ്രസംഗം പറയുകയും ചെയ്തു. 12 മണി കഴിഞ്ഞ് യൗവനക്കാർ വന്ന് കളിസ്ഥലം ഒരുക്കുകയും കൊടി കുത്തുകയും 1 മണിക്ക് വൃദ്ധന്മാരും വാല്യക്കാരും പെൺകുട്ടികളും വന്ന് ഓട്ടം, ചാട്ടം മുതലായ കളികൾ കാണിക്കയും പെൺകുട്ടികൾ ഓട്ടത്തിൽ സൂചിക്കുഴയിൽ നൂൽ കോർക്കയും മറ്റും ഉണ്ടായി. ജയിച്ചവർക്ക് ഓരോ തരം പടങ്ങളും മറ്റും സമ്മാനിക്കയും ചെയ്തു. 5 മണിക്ക് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായ്ക്കും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കും കൂടി ഇംഗ്ലീഷിൽ ഒരു മംഗളപത്രം സമർപ്പിക്കയും അവർ സമയോചിതമായി മറുപടി പറയുകയും കൊളംബിലേയും അമെരിക്കയിലേയും സഭയെപ്പറ്റി അല്പം പ്രസംഗിക്കയും ചെയ്തശേഷം പുതിയ മെത്രാപ്പോലീത്തായ്ക്ക് ഒരു മംഗളപത്രം സമർപ്പിക്കയും മറുപടി പറയുകയും ചെയ്തു. ഒടുവിൽ ചീയർ വിളിച്ച് കൈകൊട്ടി സന്തോഷിച്ച് പിരിയുകയും രാത്രി 8 മണി മുതൽ 9 മണി വരെ മാജിക്കലാണ്ട് കാണിക്കുകയും കരിമരുന്ന് പ്രയോഗം നടത്തുകയും ചെയ്തു.

25-ന് തിരിച്ച് യാത്രക്കുള്ള കപ്പൽ അന്വേഷിച്ചെങ്കിലും ഏനമായി കിട്ടിയില്ല. 26-ന് 12 പേർക്കും 55 രൂപ കപ്പൽ കൂലി ഒടുക്കി ടിക്കറ്റും വാങ്ങിച്ചു. 2 മണിക്ക് പള്ളിയിൽ നിന്നും കടവിലേക്ക് യാത്ര തിരിച്ചു. പുതിയ മെത്രാപ്പോലീത്തായും അമെറിക്കയിലേക്ക് യാത്ര തിരിച്ചു. ഒന്നിച്ചു പുറപ്പെട്ട് കടവു വരെ എത്തി. കടവു വരെ അൽവാറീസ് മെത്രാപ്പോലീത്തായും മറ്റും വന്നിരുന്നു. തമ്മിൽ സമാധാനം പറഞ്ഞ് വള്ളത്തിൽ കയറി കപ്പലിൽ ചെന്നെത്തുകയും കപ്പലിൽ നടന്ന് എല്ലാ സ്ഥലങ്ങളും കാണുകയും ചെയ്തു. തിരുമേനികൾ മുമ്പെപ്പോലെ 2-ാം ക്ലാസിലും ശേഷം പേർ 3-ാം ക്ലാസ്സിലും ആണ് കേറിയത്. ശീമക്കാരൻ മല്കി എന്നവൻ ഞങ്ങളിൽ നിന്നു പിരിഞ്ഞു ശീമയ്ക്ക് യാത്രയാവുകയും ചെയ്തു. രാത്രി 8 മണിക്ക് കപ്പൽ നീങ്ങി. പിറ്റെ ദിവസം കാലത്തു തൂത്തുക്കുടിയിൽ കപ്പൽ അടുത്തില്ല. അതു നിമിത്തം പലരും വ്യസനിച്ചു. വഴി തെറ്റിപ്പോയിട്ടാണെന്നും മറ്റും പലരും പറഞ്ഞു. ഞങ്ങളിൽ പലർക്കും കപ്പൽ ചൊരുക്കുണ്ടായിരുന്നതിനാൽ ഒന്നും ഭക്ഷിക്കുന്നതിനും പാടില്ലാതെ ക്ഷീണതയിൽ ആയിപ്പോയി.

ബുധനാഴ്ച രാത്രി 12 മണിക്ക് തൂത്തുക്കുടി തുറമുഖത്ത് വിളക്ക് കണ്ട് ആശ്വസിച്ചു. കാലത്തെ കരയിൽ നിന്നും വള്ളം കപ്പലിങ്കൽ കൊണ്ടുവന്ന്

Malankara Orthodox TV

അതിൽ എല്ലാവരും കേറി കരയിലേക്ക് യാത്ര തിരിച്ചു. ആ വള്ളത്തിൽ കരയിലേക്കിറങ്ങുന്നതിനായി ചില സായ്പന്മാരും മദാമ്മമാരും ഉണ്ടായിരുന്നു. അവർ മെത്രാന്മാരെ കണ്ടപ്പോൾ വർത്തമാനങ്ങൾ ചോദിക്കുകയും സുറിയാനി സഭയെക്കുറിച്ച് ഒരു വിവരണം അവരെ മനസ്സിലാക്കയും ഓരോ പുസ്തകങ്ങൾ അവർക്ക് സമ്മാനിക്കയും ചെയ്തു. വള്ളം കരക്കടുപ്പിച്ച് ഇറങ്ങി മുൻ താമസിച്ചിരുന്ന മുറാൾ എന്ന കച്ചവടക്കാരന്റെ ആപ്പീസിൽ എത്തി ഭക്ഷണം കഴിച്ചാശ്വസിക്കയും 4 മണിക്ക് യാത്ര പറഞ്ഞ് തീവണ്ടിയിൽ കേറി രാത്രി 7 മണിക്ക് തിരുനെൽവേലീൽ എത്തി. മുൻ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എത്തി താമസിച്ച സായ്പിന്റെ ബങ്കളാവിൽ താമസിച്ചു. അയാൾ നമ്മുടെ യാത്രക്കാരുടെ മേൽ ദയയുള്ള ആളായിരുന്നു. അയാളുടെ മകൾക്ക് ചില സമ്മാനങ്ങളും മറ്റും കൊടുത്തു.

വെള്ളിയാഴ്ച ഭക്ഷണവും മറ്റും കഴിച്ച് തിരുവനന്തപുരത്തേക്ക് തഫാൽ വണ്ടിയിലായി യാത്ര തിരിച്ചു. വണ്ടി 1-ക്ക് പന്ത്രണ്ട് രൂപാ വീതം കൂലിയായിരുന്നു. 30-ന് തിരുവിതാംകോട്ട പള്ളിയിൽ എത്തി. ഈ പള്ളി ധരിയാക്കളായ സുറിയാനിക്കാരുടെ പള്ളി ആകുന്നു. അന്ന് ആ പള്ളിയിൽ പുതുപ്പള്ളിക്കാരൻ കുരുവിള ഇഞ്ചിനീയർ താമസിക്കുന്നുണ്ടായിരുന്നു. ഈ പള്ളി വളരെ പുരാതന പള്ളിയും മുമ്പ് വളരെ ഇടവകക്കാർ ഉണ്ടായിരുന്നതും ആകുന്നു. ഇപ്പോൾ ഒന്ന് രണ്ട് വീട്ടുകാർ മാത്രമേ ഇടവകക്കാരായി ഉള്ളു. അവർക്ക് കുടുമ്മ ഉണ്ട്. സ്ത്രീകൾ പാണ്ടിക്കാരുടെ വസ്ത്രധാരണയിലും ആണ് നടക്കുന്നത്. ഈ പള്ളി ജീർണ്ണിതപ്പെട്ടു കിടന്നിരുന്നതു എഞ്ചിനീയറിന്റെ ഉത്സാഹത്താൽ നന്നാക്കി. പിറ്റെ ദിവസം ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആ പള്ളിയിൽ കുർബാന ചൊല്ലി പ്രസംഗിച്ചു. അന്യജാതിക്കാർ പലരും വെളിക്ക് കൂടിയിരുന്നു. അവിടെ വെച്ചുണ്ടായ ചിലവ് ഇഞ്ചിനിയറുടെ വകയായിരുന്നു. ഉച്ചകഴിഞ്ഞ് അവിടെ നിന്ന് പുറപ്പെട്ട് രാത്രി 12 മണിക്ക് തിരുവനന്തപുരത്ത് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ താമസിച്ചിരുന്ന ബങ്കളാവിൽ എത്തി യാത്രയിൽ ഉണ്ടായ വിവരങ്ങൾ അറിയിക്കുകയും സകല അപകടങ്ങളിൽ നിന്നും രക്ഷിച്ച ദൈവത്തെ സ്തുതിക്കയും ചെയ്തു.

മിഥുനം 2-ന് പുത്തൻകച്ചേരി മുതലായതു കാണുന്നതിനായി പോയപ്പോൾ ജഡ്ജിമാരുടെ വിസ്താരവും മറ്റും കണ്ട് തിരികെ ബങ്കളാവിൽ എത്തിയശേഷം തിരുവനന്തപുരത്ത് താമസിച്ച് പഠിക്കുന്ന സുറിയാനി വിദ്യാർത്ഥികൾ, വക്കീലന്മാർ മുതലായവർ തിരുമേനികൾ കൊളംമ്പിലേക്ക് സുവിശേഷ പ്രചാരണത്തിനായി പോയി തിരിച്ചുവന്നതിന്റെ സന്തോഷം നിമിത്തം ഒരു മംഗളപത്രം അച്ചടിച്ച് വായിക്കുന്നതിനായി നാലര മണിക്ക് ഒരു യോഗം കൂടുകയും പുതുപ്പള്ളി കൊച്ചുപാറേട്ട് പീലിപ്പോസ് ബി. എ. വായിക്കയും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മറുപടി പറയുകയും അത്താനാ

സ്യോസ് മെത്രാപ്പോലീത്താ കൊളംമ്പിലേയും അമേരിക്കയിലേയും സഭയെക്കുറിച്ചും, യാത്രയിൽ വന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും പ്രസംഗിക്കുകയും പ്രസിഡന്റ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ പാത്രിയർക്കീസു ബാവായെയും നമ്മുടെ സത്യവിശ്വാസത്തെയും കാനോനുകളെയും സത്യ കൈവെപ്പിനെയും കുറിച്ച് എത്രയും രസകരമായ വിധത്തിൽ പ്രസംഗിക്കയും അമേരിക്കയിലും കൊളംമ്പിലും ചുവപ്പു കുപ്പായം തുന്നുന്നതിന് തയ്യൽക്കാർ ഇല്ലാഞ്ഞിട്ടല്ല അവർ വന്നതെന്നും കല്പിച്ച് പ്രസംഗം അവസാനിപ്പിക്കുകയും പാത്രിയർക്കീസ് ബാവായ്ക്കും തിരുമേനികൾക്കും ചീയർ പറഞ്ഞ് കൈകൊട്ടി സന്തോഷിക്കയും തിരുമേനികൾക്ക് പൂമാലകൾ കൊടുക്കയും ചെയ്തശേഷം യോഗം പിരിഞ്ഞു. അതിന് ശേഷം പട്ടാളക്കാരുടെ ബാൻഡ് കേൾക്കുന്നതിനായി പോയി.

പിറ്റെ ദിവസം യാത്രക്കാർ അവിടെ നിന്നും യാത്ര തിരിച്ചു. 8 മണിക്ക് ചാക്കെക്കടവിൽ എത്തി. 2 വള്ളങ്ങളിലായി പുറപ്പെട്ടു. 4 മണിക്ക് കായങ്കുളത്ത് പള്ളിയിൽ എത്തി. ഈ പള്ളി വളരെ പഴക്കമുള്ളതും കൊല്ലം 11-ൽ അടിസ്ഥാനപ്പെടുത്തിയതെന്നു വിചാരിച്ച് വരുന്നതും ആകുന്നു. അവിടെ നിന്ന് അത്താഴം കഴിഞ്ഞ് യാത്ര പുറപ്പെട്ട് ശനിയാഴ്ച 8 മണിക്ക് പരുമല സിമ്മനാരിയിൽ എത്തുകയും ഗ്രീഗൊറിയൊസ് മെത്രാപ്പോലീത്താ അവിടെ താമസിക്കയും അത്തനാസ്യോസു മെത്രാപ്പോലീത്തായും കൂടെ ഉള്ളവരും കുമരകത്ത് പള്ളിയിലേയ്ക്ക് പുറപ്പെട്ട് ഞായറാഴ്ച കാലത്തെ അവിടെ എത്തി. കുർബാനയ്ക്ക് തിരുമനസു കൊണ്ട് യാത്രയെപ്പറ്റിയും സുറിയാനി സഭയുടെ മഹിമയെപ്പറ്റിയും പ്രസംഗിച്ചു. 2 ദിവസം കൂടെ ഗീവറുഗീസ് ശെമ്മാശൻ അവിടെ താമസിച്ച് തിരിച്ച് വീട്ടിൽ എത്തുകയും ചെയ്തു.

കൊളമ്പിൽ പല രാജാക്കന്മാരുടെ പ്രതിനിധികളായ കൊൻസൽമാർ താമസിക്കുന്നുണ്ട്. ആയ്ത് റഷ്യാ, ജർമ്മൻ, ഓസ്ട്രിയാ, ഇറ്റലി, സ്പെയിൻ മുതലായവരുടെ ആകുന്നു. അവിടുത്തെ സ്വജാതികൾ സിങ്കാളികൾ ആകുന്നു. ബുദ്ധ മതക്കാരും, ഇംഗ്ലീഷുകാരും, മഹമ്മദ്കാരുമായി മറ്റ് പല ജാതികളും ഉണ്ട്. കൊളംബു യാത്രക്കു വേണ്ട ചിലവുകൾ അൽവാറീസ് മെത്രാപ്പോലീത്താ ചിലവിടാമെന്ന് പറഞ്ഞാണ് കൊണ്ടുപോയത്. അങ്ങോട്ടുള്ള യാത്രയ്ക്ക് മാത്രം ചിലവിട്ടു. തിരിച്ച് പോരുന്നതിനുള്ള ചിലവു തിരുമേനികളുടെ കയ്യിൽ നിന്നായിരുന്നു.

### ഗീവറുഗീസ് ശെമ്മാശൻ

പിന്നീട് ഗീവറുഗീസ് ശെമ്മാശു കർക്കിടകം 13-ന് പള്ളത്തിന് പഠിപ്പാൻ പോയി. 68 ചിങ്ങത്തിൽ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ വാകത്താനത്ത് പള്ളിയിലേയ്ക്ക് നീങ്ങുകയും ടി. കന്നി മാസം 6-ന് ഗീവറുഗീസ് ശെമ്മാശു മ്മ്ശമീശാനപ്പട്ടം ടി. തിരുമേനിയോട് ഏൾക്കുകയും ചെയ്തു. അന്ന് ഇടവഴിക്കൽ ലൂക്കോസ് ശെമ്മാശൻ വന്നു കത്തനാരു പട്ടവും ഏറ്റു.

പിന്നീട് ഗീവറുഗീസ് ശെമ്മാശു ധനുമാസം വരെ പള്ളത്തു പഠിച്ചിരുന്നു. അതിന്റെ ശേഷം പള്ളത്തെ പഠിത്തം നിർത്തി വച്ച് 68 കുംഭം 15-ന് കോട്ടയത്ത് മാർ ദിവന്നാസ്യോസ് സിമ്മനാരിയിൽ പഠിക്കാൻ പോകയും അപ്പോൾ ഇട്ടിച്ചന്റെ കൂടെ താമസിക്കയും ചെയ്തിരുന്നു. അവിടെ കുംഭം മുതൽ ഇടവം വരെ 34 ദിവസത്തോളമേ താമസിച്ച് പഠിക്കുന്നതിന് ഇടയായുള്ളു.

ഇടവ മാസത്തിൽ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ മണർകാട്ടു പള്ളിയിലേക്ക് നീങ്ങിയിരിക്കുമ്പോൾ ഗീവറുഗീസ് ശെമ്മാശൻ വീണ്ടും അവിടെ എത്തി സുറിയാനി പഠിക്കാൻ തുടങ്ങി. മണർകാട് പുത്തൻപള്ളി പണി തീരാതെ ജീർണ്ണതയിൽ കിടന്നിരുന്നതിനാൽ മെത്രാപ്പോലീത്താ അവിടെ താമസിച്ച് ജനങ്ങളെ താല്പര്യപ്പെടുത്തണമെന്ന് യോഗക്കാർ അപേക്ഷിച്ചതുകൊണ്ട് അവിടെ താമസിച്ച് പിരിവെടുത്ത് പള്ളി പണിക്കാരംഭിച്ചു. ടി. മാസത്തിൽ അൽവാറീസു മെത്രാപ്പോലീത്താ മണർകാട്ടു പള്ളിയിൽ നീങ്ങി അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കണ്ട് തിരിച്ച് പോവുകയും ചെയ്തു.

കർക്കടകം 22-ന് കരിപ്പാലച്ചൻ മരിച്ചടക്കപ്പെട്ടു. കബറടക്കത്തിന് പോയി. 69 ചിങ്ങം 6-ന് കളപ്പുരയ്ക്കൽ അമ്മൂമ്മ മരിച്ചു. അതിന് മണർകാട്ടു നിന്നും വാകത്താനത്തേക്ക് പോയി. 69 ചിങ്ങത്തിൽ മുളന്തുരുത്തി പള്ളിയിൽ ത്രീസാസ്സാ ശുബഹാ സമൂഹം[30] കൂടുന്നതിനായി തിരുമേനി അവിടേക്ക് നീങ്ങിയപ്പോൾ ഗീവറുഗീസ് ശെമ്മാശു കൂടെ പോയി. 19-ന് മുളന്തുരുത്തി പള്ളിയിൽ എത്തി. 20-ന് കൂറിലോസു ബാവായുടെ ഓർമ്മയും പെരുന്നാളും 21 -ം, 22 -ം തീയതികളിൽ കമ്മട്ടി നിശ്ചയവും കഴിഞ്ഞ് 25-ന് തിരിച്ച് മണർകാട് എത്തി.

കന്നി മാസം 7-ന് മുമ്പു മണർകാട്ടു പള്ളി മദുബഹായുടെ വളവും അകത്തെ തേപ്പും കഴിഞ്ഞതിനാൽ 8-ന് കൂദാശ കഴിച്ച് തിരുമേനി കുർബ്ബാന ചൊല്ലി. പിന്നെ ഹൈക്കലായുടെ[31] പണി ആരംഭിച്ചു നടത്തി വന്നു.

കുംഭം 6-ന് പാമ്പാടി പള്ളിയിലേയ്ക്ക് തിരുമേനിയോടു കൂടെ ഗീവറുഗീസ് ശെമ്മാശനും പോയി. ആ സമയം ഉണ്ടായിരുന്ന വസന്ത നിമിത്തം 3 നോമ്പിൽ ഉപവാസവും പ്രാർത്ഥനയും പ്രത്യേകം കഴിക്കയുണ്ടായി. വടക്കൻപറവൂർ പള്ളി മതിലകത്ത് നിന്ന് പൂവരശ് വെട്ടിയതിനെ കുറിച്ചും കൈസ്ഥാനത്തെ സംബന്ധിച്ചും അവിടെ വഴക്കുണ്ടായതിനാൽ അവരിൽ ചിലർ പാമ്പാടി പള്ളിയിൽ എത്തിയതിനാൽ തിരുമേനി അവിടെ നിന്നും പുറപ്പെട്ട് കല്ലുങ്കത്ര വഴിയായി കുംഭം 16-ന് രാത്രി 10 മണിക്ക് പറവൂർ പള്ളിയിൽ എത്തി.

21-ന് ആലുവാ പള്ളിയിലേക്ക് തിരുമേനി നീങ്ങിയതിനോടു കൂടി ഗീവറുഗീസ് ശെമ്മാശും പോയി. 22-ന് ത്രീസ്സായ് ശുബഹോ കമ്മട്ടിയും പെരു

Malankara OrthodoX.TV

ന്നാളും കഴിഞ്ഞ് തിരിച്ച് പറവൂരെത്തി. കുംഭം 28-ന് അവിടുത്തെ വഴക്ക് തീർക്കുന്നതിനായി ഒരു ഭാഗക്കാർ വല്ല്യ മെത്രാച്ചനെയും കൊണ്ടു വന്നു. തിരുമേനികളും മുനിസിഫും വക്കീലന്മാരും മറ്റും കൂടി രാജി പറഞ്ഞാറെ തീരാഴികയാൽ വല്ല്യ മെത്രാച്ചൻ മീനം 10-ന് കൊല്ലത്തേക്ക് പോയി.

മീനം 16-ന് പറവൂർ നിന്നും വെട്ടിക്കൽ ദയറായിലേക്കുള്ള തിരുമേനിയുടെ യാത്രയിൽ തൃപ്പൂണിത്തുറ പള്ളിയിൽ 18-ന് എത്തി താമസിച്ചു. അന്നവിടെ കരോട്ടുവീട്ടിൽ യുയാക്കീം കത്തനാർ വികാരിയായിരുന്നു. 20-ന് ഞായറാഴ്ച ടി. അച്ചൻ കുർബാന ചൊല്ലുകയും തിരുമേനി പ്രസംഗിക്കുകയും ചെയ്തു. അവർക്ക് വളരെ താത്പര്യമായിരുന്നു. 21-ന് അവിടെ നിന്നും വണ്ടി വഴിയായി പുറപ്പെട്ട് കല്ലുങ്കത്ര പള്ളിയിലും അവിടെ നിന്ന് മൂക്കഞ്ചേരി റമ്പാച്ചന്റെ ബെസസ്കാസാ കുന്നിലും അവിടെ നിന്നും തുരുത്തി പള്ളിയിലും എത്തി താമസിക്കയും 22-ന് കാലത്ത് യാത്ര പുറപ്പെട്ട് 9 മണിക്ക് വെട്ടിക്കലും എത്തി. ടി. തുരുത്തി പള്ളിയിൽ കൊച്ചി ഇടവകയുടെ ദിവന്നാസ്യോസ് മെത്രാച്ചൻ കബറടങ്ങിയിരുന്നു.

22-ന് പാമ്പാക്കുടെ മല്പാനച്ചനും അടുത്ത പള്ളിക്കാരിൽ പ്രമാണികളും വന്നുചേർന്നു. റമ്പാച്ചന്മാർ തമ്മിലുണ്ടായിരുന്ന വഴക്കുകൾ തീർക്കുന്നതിന് ആലോചിച്ച് ഒരു ഉടമ്പടി എഴുതി തീർക്കയും ദയറായിലെ കാര്യാന്വേഷണത്ത് 4 കൈക്കാരൻമാരെ നിയമിക്കയും ചെയ്തു. 28-ന് വെട്ടിക്കൽ നിന്നും തിരുമേനിയും പരിവാരങ്ങളും മുളന്തുരുത്തി പള്ളിയിൽ എത്തി. അവിടെ നിന്നും കോട്ടയത്തേക്ക് പോരുംവഴി കൊച്ചുമെത്രാച്ചന്റെ വീട്ടിൽ കയറി. അവിടെ നിന്ന് കല്ലുങ്കത്രയും അവിടെ നിന്നും 30-ന് സിമ്മനാരിയിലും എത്തി.

മേടം 1-ന് സിമ്മനാരിയിൽ ഒരു കമ്മട്ടി ഉണ്ടായിരുന്നു. അതിലേക്ക് കമ്മട്ടിക്കാരും തിരുമേനികളും കൂടി വേണ്ട കാർയ്യങ്ങൾ നിശ്ചയിച്ച് കമ്മട്ടിക്കാർ പിരിഞ്ഞു. മേടം 9-ന് സിമ്മനാരിയിൽ നിന്നും മണർകാട്ടേക്ക് വള്ളം വഴിയായി പോകയും 20-ന് തിരിച്ചു സിമ്മനാരിയിൽ എത്തുകയും 22-ന് കോട്ടയത്ത് ചെറിയപള്ളി വ്യവഹാരത്തിനുള്ള ഏർപ്പാടുകൾ നടക്കയും ചെയ്തു. 23-ന് ഗീവറുഗീസ് ശെമ്മാശൻ പുതുപ്പള്ളി പെരുന്നാളിന്നായി പോകയും അവിടെ നിന്നും തന്റെ പെങ്ങൾ സാറായുടെ കല്യാണത്തിനായി വീട്ടിൽ എത്തുകയും 26-ന് തിരിച്ച് സിമ്മനാരിയിൽ എത്തുകയും ചെയ്തു.

ഇടവം 8-ന് വല്യ മെത്രാച്ചനും അത്താനാസ്യോസ്, ഈവാനിയോസ് എന്ന തിരുമേനികളും കൂടി കുരിശുപള്ളിയിൽ നീങ്ങി. പട്ടക്കാരും ജനങ്ങളും തമ്മിലുണ്ടായ വഴക്ക് തീർത്ത് തിരിച്ച് സിമ്മന്നാരിയിലെത്തി. 17-ന് ദിവാൻ ശങ്കരസുബ്ബയർ കോട്ടയത്തു വന്നിരുന്നു. വല്യതിരുമേനി ചെന്ന് അദ്ദേഹത്തെ കണ്ടു. 20-ന് ഗീവറുഗീസ് ശെമ്മാശൻ വാകത്താനത്തേക്കും അവിടെ

നിന്നും മിഥുനം 1-ന് സിമ്മന്നാരിയിലേക്കും പോയി. 4-ന് പാൽമർ സായിപ്പ് സിമ്മന്നാരിയിൽ വന്നു. 11-ന് സിമ്മന്നാരിയിൽ നിന്നും തിരുമേനി മണർകാട്ടിന് പോയി. 12-ന് വട്ടക്കുന്നേൽ അച്ചൻ[32] കുർബ്ബാന ചൊല്ലുകയും ഹസ്കി. 47:9 വാക്യത്തെ സംബന്ധിച്ച് തിരുമേനി പ്രസംഗിക്കയും ചെയ്തു.

കർക്കടകം 1-ന് മണർകാട് പുത്തൻപള്ളി പണിയിച്ച ആണ്ടും കാലവും ഇന്നാരുടെ കാലത്തെന്നും ഒരു ബന്ധത്തേൽ ഇംഗ്ലീഷിൽ ഗീവറുഗീസ് ശെമ്മാശു കൊത്തി. 2-ന് മെത്രാച്ചൻ തോട്ടക്കാടു പള്ളിയിലേയ്ക്ക് നീങ്ങി. യാത്രയിൽ അഞ്ചേരി പള്ളിയിലും കയറി പ്രാർത്ഥന കഴിച്ചു. 3-ന് തിരുമേനി കുർബാന ചൊല്ലി. സങ്കീ. 92:12 വാക്യത്തെ കുറിച്ച് പ്രസംഗിച്ചു. മണർകാട്ടേക്ക് തിരിച്ചു പോയി. കോനാട്ട് മല്പാനച്ചൻ മണർകാട്ട് വന്നിരുന്നു. 70 ചിങ്ങം 2-ന് കഥാനായകൻ മണർകാട്ടു നിന്നും വീട്ടിലേക്ക് പോരികയും 7-ന് കളപ്പുരക്കൽ അമ്മൂമ്മയുടെ ചാത്തവും കഴിഞ്ഞ് 8-ന് മണർകാട്ടേക്ക് തിരിച്ചുപോരികയും ചെയ്തു.

16-ന് മണർകാട്ടു പള്ളിക്ക് ഓടു വാങ്ങിപ്പാനായി ഗീവറുഗീസു ശെമ്മാശനും കപ്യാരു തൊമ്മിയും കൂടി കൊച്ചീക്ക് യാത്ര തിരിച്ചു. 17-ന് ഉച്ചക്ക് എറണാകുളത്തെത്തി. ഉടനെ തീബോട്ടിൽ കൊച്ചിയിലിറങ്ങി. ഓടു വാങ്ങിച്ചുംകൊണ്ട് 19-ന് തിരിച്ചുപോരുമ്പോൾ തേങ്ങാ ആട്ടുന്ന യന്ത്രം അടുത്തു കാണുകയും 21-ന് മണർകാട്ടു എത്തുകയും ചെയ്തു. ചിങ്ങം 30-ന് തിരുമേനി മണർകാട്ടു നിന്നും സിമ്മന്നാരിയിലേക്ക് പോയി. പറവൂർ പള്ളിക്കാരുടെ സംഗതി തീരുമാനിക്കുന്നതിനായി കമ്മട്ടിക്കാർ കൂടി തീരുമാനിച്ചു.

കന്നി 3-ന് തിരുമേനി സിമ്മന്നാരിയിൽ നിന്ന് വെളിയന്നൂരേക്കു പോയിരുന്നു. തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. 6-ന് തിരുമനസിലെ സ്താത്തിക്കോൻ[33] ആലപ്പുഴ കോർട്ടിൽ ഇരുന്നതു വാങ്ങിപ്പാനായി ഗീവറുഗീസ് ശെമ്മാശൻ അവിടേക്ക് പോയി തിരിച്ചു വരുംവഴി ചെന്നങ്കരി പള്ളിയിൽ കയറി കുരുവിള കത്തനാരെയും മറ്റും കാണുകയും ചെയ്തുകൊണ്ട് തിരിച്ച് പള്ളിയിൽ എത്തി.

കന്നി 9-ന് വെളിയനാട്ടു നിന്നും തിരുമേനി സിമ്മന്നാരിയിലേക്കും അവിടെ നിന്നു 10 ന് കല്ലുങ്കത്ര പള്ളിയിലേക്കും പോയി. 13-ന് കല്ലുങ്കത്ര പള്ളിക്കാർ പള്ളി സംബന്ധമായ ഒരു ഉടമ്പടി എഴുതി രജിസ്ട്രർ ആക്കി. 14 ന് തിരുമേനി കോതമംഗലത്തേക്ക് യാത്ര പുറപ്പെട്ടു. 15-ന് രാമമംഗലത്തു പള്ളിയിലും സന്ധ്യയോടു കൂടെ റാക്കാട്ടു പള്ളിയിലും 17-ന് കോതമംഗലത്തു ചെറിയപള്ളിയിലും എത്തി താമസിച്ചു.

19-ന് രാത്രി പരിശുദ്ധന്മാരുടെ ഓർമ്മയെക്കുറിച്ച് സ്ലീബാ ശെമ്മാശൻ സുറിയാനിയിൽ പ്രസംഗിക്കയും മല്പാനച്ചൻ പൊരുൾ തിരിക്കയും ചെയ്തു. 20-ന് ബസേലിയോസ് ബാവായുടെ[34] ഓർമ്മ ദിവസം തിരുമേനി കുർബ്ബാന

ചൊല്ലി പ്രസംഗിച്ചു. അന്ന് ഉണ്ടായ കുർബാനപ്പണം എല്ലാ പട്ടക്കാർക്കും കൂടി ഒരു പോലെ വീതിച്ചു കൊടുത്തു.

25-ന് പത്രോസ് പാത്രിയർക്കീസ് ബാവാ തിരുമനസു കൊണ്ട് കാലം ചെയ്തു. തുലാ മാസം 2-ന് ഞായറാഴ്ച. പള്ളിയകത്തേക്ക് ഇറങ്ങിയപ്പോൾ പാത്രിയർക്കീസു ബാവാ തിരുമേനി[35] കാലം ചെയ്തെന്നുള്ള വിവരത്തിന് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന വരികയും അതിനെക്കുറിച്ച് ദുഃഖിക്കയും ചെയ്തു. തിരുമേനി പ്രസംഗത്തിൽ പാത്രിയർക്കീസു ബാവായുടെ ഗുണങ്ങളെ കുറിച്ചും മറ്റും ദീർഘമായി പ്രസംഗിക്കയും കുർബ്ബാന കഴിഞ്ഞ് കൊഹനൈത്തായിൽ ഒരു തെശ്മെശ്ത്താ കഴിക്കയും ചെയ്തു.

8-ന് ചെറിയപള്ളിയിൽ നിന്നും വലിയ പള്ളിയിലേക്ക് പോയി. 9-ന് തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് തിരികെ ചെറിയ പള്ളിയിലേക്ക് പോരികയും ചെയ്തു.

14-ന് തിരുമേനി കോതമംഗലത്തു നിന്നും ചേലാട്ടു പള്ളിയിലേക്കും പോകയും ആ പള്ളിയിൽ മേൽനടപടിക്ക് ഒരു രജിസ്ട്രർ ഉടമ്പടി എഴുതിക്കയും ആയത് ഗീവറുഗീസ് ശെമ്മാശന്റെ കൈപ്പടയിൽ എഴുതുകയും ചെയ്തു. 19-ന് തിരുമേനി അവിടെ നിന്നും കോതമംഗലത്തേക്കും അവിടെ നിന്നും കുറുപ്പുംപടിക്കലേക്കും പോയി. 20-ന് അവിടെ ബസേലിയോസ് ബാവായുടെ ഓർമ്മ ആഘോഷിച്ചു. തിരുമേനി പ്രസംഗിക്കയും കുർബ്ബാന ചൊല്ലുകയും ചെയ്തു.

24-ന് തിരുമേനി അവിടെ നിന്നും കോട്ടപ്പടി പള്ളിയിലേക്ക് നീങ്ങി 25-ന് അവിടെ പെരുന്നാളായിരുന്നതിനാൽ തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. 28-ന് തിരുമേനി കോട്ടപ്പടിയിൽ നിന്നും വെങ്ങൂ പള്ളിയിലേക്ക് പോയി. 29-ന് ഗീവറുഗീസ് ശെമ്മാശൻ മലയാറ്റൂർ കുരിശുമല കാണാൻ പോയി തിരിച്ചു വന്നു.

വൃശ്ചികം 1-ന് അവിടെ പെരുന്നാളായതിനാൽ തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. 2-ന് വെങ്ങൂർ നിന്നും കുറുപ്പുംപടി പള്ളിയിലും 5-ന് അവിടെനിന്നു പറവൂർ പള്ളിയിലും എത്തി. തീത്തോസ് അച്ചന്റെ ദീനം കണ്ടും വച്ച് 8-ന് സിമ്മന്നാരിയിൽ എത്തി പാത്രിയർക്കീസു ബാവായുടെ 40-ാം ദിവസം എത്രയും കേമമായി കഴിക്കയുണ്ടായി.

10-ന് ഗീവറുഗീസ് ശെമ്മാശൻ വാകത്താനത്ത് എത്തി. 18-ന് തിരിച്ച് സിമ്മന്നാരിയിൽ എത്തുകയും 19-ന് അവിടെനിന്നും പുറപ്പെട്ട് 20-ന് മണകുന്നത്തു പള്ളിയിലും 21-ന് റാക്കാട്ടു പള്ളിയിലും എത്തി. ആ പള്ളിയുടെ ജീർണ്ണത തീർക്കുന്നതിനും മറ്റും തിരുമേനി ഏർപ്പാട് ചെയ്യുകയും ചെയ്തു.

MalankaraOrthodoxTV

പണപ്പിരിവ് എടുത്ത് ഓടു മാറി ഇടീക്കലും കുദൂശ്കുദീശാ[36] പണിക്കു മെസ്തിരിയെ ഏപ്പിക്കയും ചെയ്തു.

ധനു മാസം 10-ന് റാക്കാട്ടു നിന്നും മാറാട്ട് പള്ളിയിൽ എത്തി. 11-ന് തിരുമേനി കുർബ്ബാന ചൊല്ലുകയും പള്ളിക്കാരായ 2 കുട്ടികൾക്ക് മ്മ്സ ്രാനാ പട്ടവും റാക്കാട്ടുകാരൻ ഒരു ശെമ്മാശന് മ്മ്ശമിശാനാ പട്ടവും കൊടുത്തു. 13-ന് തിരിച്ചു റാക്കാട്ടേക്കു തന്നെ പോയി. അവിടെയും ഒരു രജിസ്ട്രർ ഉടമ്പടി എഴുതിച്ചു.

മേടം 18-ന് റാക്കാട്ടു നിന്നും കുന്നക്കുരുടി പള്ളിയിലേക്ക് പോയി. 24-ന് അവിടെ ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ആഘോഷമായി കഴിക്കയും കുർബാന കഴിഞ്ഞ് പഴയപള്ളി പൊളിച്ചു പണിയുന്നതിനായി മദ്ബഹായുടെ കിഴക്ക് വശത്ത് തിരുമേനി പ്രാർത്ഥനയോടും കണ്ണുനീരോടും കൂടെ അടിസ്ഥാന കല്ല് സ്ഥാപിക്കുകയും ചെയ്തു. ഇടവം 20-ന് ഊർശ്ലെമിന് പോയ റമ്പാച്ചനും മല്പാനച്ചനും കുന്നക്കുരുടിയിൽ വന്ന് അവരുടെ യാത്രയെപ്പറ്റി തിരുമനസ്സറിയിക്കയും ചില ബുർക്സാകൾ തരികയും ചെയ്തു.

മിഥുനം 5-ന് കുന്നക്കുരുടി നിന്നും കോട്ടയത്തിന് പുറപ്പെട്ട് 7 ന് സിമ്മന്നാരിയിൽ എത്തി. 8-ന് ചെറിയപള്ളി വ്യവഹാരത്തിനുള്ള ആലോചന ഉണ്ടായി. 9-ന് സിമ്മന്നാരിയിൽ നിന്ന് ഗീവറുഗീസ് ശെമ്മാശൻ വാകത്താനത്തിന് പോവുകയും 22-ന് സിമ്മന്നാരിയിൽ എത്തുകയും 25-ന് അവിടെ നിന്ന് പുത്തൻപള്ളിയിലും 26-ന് കല്ലുങ്കത്ര പള്ളിയിലും കർക്കടകം 3-ന് അവിടെ നിന്ന് ആലുവാ പള്ളിയിലേക്കും പുറപ്പെട്ടു. 5-ന് അവിടെ എത്തി താമസിച്ചു.

1071 ചിങ്ങം 1-ന് തിരുമേനി കുർബാന ചൊല്ലി. പള്ളിക്കരെ പാപ്പാറെ മത്തായിക്ക് സമ്രാന പട്ടം കൊടുത്തു. 16-ന് ഗീവറുഗീസു ശെമ്മാശൻ വാകത്താനത്തേക്ക് പുറപ്പെട്ടു. 17-ന് കല്ലുങ്കത്രയും 18-ന് സിമ്മന്നാരിയും വഴിയായി പോയി വാകത്താനത്ത് എത്തി താമസിച്ചു. വാകത്താനത്തു പള്ളിയുടെ മദ്ബഹായ്ക്ക് പൊക്കം പോരാതെയിരുന്നതിനാൽ കളപ്പുരയ്ക്കൽ പൗലോസു കത്തനാർ മേൽക്കൂട് പൊളിച്ച് പൊക്കം വരുത്തി ഓടിടീൽ ആയിരുന്നതിനാൽ അതിനായിട്ട് പള്ളീൽ എത്തിയിരുന്നു.

## വാകത്താനത്ത് പള്ളി

കന്നി 25-ന് സിമ്മന്നാരിയിലേക്ക് ഗീവറുഗീസ് ശെമ്മാശൻ പോവുകയും 26-ന് പാത്രിയർക്കീസു ബാവായുടെ ഓർമ്മ ദിവസം കഴിച്ചതിൽ സംബന്ധിക്കയും ചെയ്തു. 27-ന് വീട്ടിലെത്തി. കന്നി 30-മുതൽ ഗീവറുഗീസ് ശെമ്മാശൻ പള്ളിയിൽ താമസിച്ചു നിറപറ, പിടിയരി കുടിശിക മുതലായവകൾ പിരിപ്പിച്ചും നടവരവ് എടുത്ത് ശരിയായി കണക്കെഴുതിയും മുതൽ ശേഖരിച്ച്

പള്ളിമിറ്റം നന്നാക്കിയും മുഖവാരത്തിന്റെ മുകൾഭാഗം പൊളിച്ചു പണിയിക്കയും ചെയ്തു. അങ്ങനെ പള്ളിയിൽ താമസിച്ചു പണി നടത്തികൊണ്ടിരിക്കുമ്പോൾ മകരം 10-ന് കാട്ടിൽ ഉലഹന്നാൻ എന്ന കൊച്ചന് പട്ടം കൊടുക്കുന്നതിനായി യോഗക്കുറി വാങ്ങിച്ച് കാട്ടിലച്ചനും മറ്റും ആലുവായ്ക്ക് പോയപ്പോൾ ഗീവറുഗീസ് ശെമ്മാശനും അവിടേക്ക് യാത്ര പുറപ്പെട്ടു. 13-ന് അവിടെ എത്തുകയും 14-ന് അത്തനാസ്യോസ് മെത്രാപ്പോലീത്താ ടി. കൊച്ചന് പട്ടം കൊടുക്കുകയും ചെയ്തു. അന്ന് ഉച്ചതിരിഞ്ഞ് തിരിച്ച് പോരും വഴി കൊച്ചീൽ കയറി ചില സാമാനങ്ങൾ വാങ്ങിക്കയും 17-ന് വാകത്താനത്ത് എത്തുകയും ചെയ്തു.

ഗീവർഗീസ് ശെമ്മാശു പള്ളി വരുമാനം എടുത്ത് പണിയിച്ചതിന്റെ തിരട്ട് തീർത്ത് മിഥുനം 23-ന് പള്ളിയിൽ വായിക്കയും പള്ളിക്കാര്യങ്ങളെ കുറിച്ച് പ്രസംഗിക്കയും ചെയ്തു. 24-ന് പള്ളിയിലെ താമസം നിർത്തിയും വച്ച് കത്തനാരുപട്ടം ഏൽക്കുന്നതിനുള്ള ആലോചനയ്ക്കായി 20-ന് വല്യ മെത്രാച്ചന്റെ അടുക്കൽ എത്തുന്നതിന് തിരുവനന്തപുരത്തേക്ക് ഗീവറുഗീസ് ശെമ്മാശനും പിതാവും ഒരുമിച്ച് പുറപ്പെട്ടു. ചങ്ങനാശ്ശേരി വഴിയായി 25-ന് ആലപ്പുഴയെത്തി. അവിടെ നിന്നും വള്ളം തനതായി പിടിച്ച് 27-ന് കൊല്ലത്തും 29-ന് തിരുവനന്തപുരത്തും എത്തി വല്യ മെത്രാച്ചനെ കണ്ട് പട്ടത്തിന്റെ സംഗതി തിരുമനസ്സറിയിക്കയും വിവാഹം കൂടാതെ കത്തനാരു പട്ടം തരുവാൻ പാടില്ലെന്നും അതിനാൽ റമ്പാനാകണമെന്നും കല്പിച്ചു. അവിടെ വച്ച് ഗീവറുഗീസ് ശെമ്മാശനും വാലിയക്കാരനും ഒരു പനി പിടിക്കയും കുറെ സുഖമായ ശേഷം കർക്കടകം 6-ന് അവിടെ നിന്നും തിരിച്ച് പൊരികയും 9 ന് വീട്ടിൽ എത്തുകയും ചെയ്തു.

10-ന് ഗീവറുഗീസു ശെമ്മാശന്റെ പിതാവ് പിന്നെയും പട്ടം ഏൽപ്പിക്കുന്നതിനുള്ള ധൃതി കൊണ്ട് ആലുവായിൽ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ പോയി തിരുമനസറിയിക്കുകയും ശെമ്മാശനെ റമ്പാച്ചനാക്കുന്നതു സിമ്മന്നാരിയിൽ വച്ച് ആയിരിക്കണമെന്നും അതിലേക്ക് എഴുന്നള്ളണമെന്നും അപെക്ഷിക്കയും ചെയ്തു. അദ്ദേഹത്തിന് കോട്ടയത്തിന് പോരാൻ ഏനമില്ലാ എന്ന് പറഞ്ഞിട്ട് വല്യ മെത്രാച്ചന്റെ പേർക്ക് ഒരെഴുത്തു കൊടുത്തതും കൊണ്ട് 15-ന് തിരിച്ച് പോരികയും ചെയ്തു. എഴുത്തിന്റെ പകർപ്പ് താഴെ കൊടുക്കുന്നു: "വാകത്താനത്തു കാരുചിറെ ഗീവറുഗീസ് ശെമ്മാശൻ പട്ടം ഏല്ക്കാതെ പ്രായമായി നിക്കുന്നതും ഇപ്പോൾ അയാൾക്ക് ദയറയൂസാ കിട്ടണമെന്നും ഞാൻ കൂടെ സിമ്മന്നാരിയിൽ എത്തി നടത്തണമെന്നും അയാളുടെ അപ്പൻ ഇവിടെ പറഞ്ഞിരിക്കുന്നു. ഇപ്പോൾ മലവെള്ളത്തിന്റെ സമയവും എന്റെ രോഗസ്ഥിതിക്ക് മഴയും കാറ്റും ഏറ്റുകൂടാത്തതുമാക കൊണ്ട് അവിടെ നിന്ന് തന്നെ പ്രത്യേകം താല്പര്യം വച്ച് ദയറായൂസോയും കശീശൂസായും കൊടുക്കണമെന്ന് ആഗ്രഹിക്കുന്നു."

ഈ എഴുത്ത് വീട്ടിൽ കൊണ്ടുവന്ന് കണ്ടപ്പോൾ ശെമ്മാശൻ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ താമസിക്കയും പഠിക്കയും ചെയ്ത സ്ഥിതിക്ക് താൻ തന്നെ അവിടെയെത്തി അനുവാദം വാങ്ങി പോരാതെവന്നാൽ അതു തന്നെ വലിയ മുഷിച്ചിലിനു കാരണമായേക്കും എന്ന് വിചാരിച്ച് ശെമ്മാശൻ 22-ന് ആലുവായ്ക്ക് യാത്ര തിരിച്ചു. സിമ്മന്നാരിയിൽ എത്തി താമസിച്ച് 23-ന് സിമ്മന്നാരിയിൽ നിന്നും ഒരാളെയും കൂട്ടി രാത്രി 10 മണിക്ക് തപാൽ വള്ളത്തിൽ എത്തി വൈക്കത്തേക്ക് വള്ളം വിട്ടു. വെള്ളപ്പൊക്കത്തിന്റെ കൂടുതൽ കൊണ്ടും മഴയും ഇരുട്ടും കൊണ്ട് വള്ളം പല അപകടങ്ങളിലും പാഞ്ഞു കയറിയപ്പോൾ വല്ല്യ ഭയമുണ്ടായി. എങ്കിലും ദൈവാനുഗ്രഹത്താൽ യാതൊരപകടവും ഉണ്ടാവാതെ 24-ന് വൈക്കത്തും, 25-ന് ആലുവായിലുമെത്തി. പട്ടത്തെക്കുറിച്ച് മെത്രാപ്പോലീത്തായോട് അറിയിച്ചതിൽ സിമ്മന്നാരിയിൽ വച്ച് മറ്റൊരു മെത്രാപ്പോലീത്തായിൽ നിന്നും പട്ടം ഏറ്റും വച്ച് വന്നാൽ അപ്പോൾ ഉണ്ടാകാനിരിക്കുന്ന മുഷിച്ചിലിനെക്കുറിച്ചും മറ്റും കല്പിക്കയാൽ സിമ്മന്നാരിയിൽ വച്ച് പട്ടം ഏൽക്കുന്നില്ലെന്നും ആലുവായിൽ വച്ച് അദ്ദേഹം തന്നെ പട്ടം തന്നാൽ മതിയെന്നും ഗീവറുഗീസ് ശെമ്മാശൻ സമ്മതിച്ചു. ഇന്നപ്പോൾ പട്ടം ഏൽക്കുന്നുവെന്നു വാകത്താനത്തേക്ക് എഴുത്തും അയച്ചു.

## ഗീവർഗീസ് കത്തനാർ

1072 ചിങ്ങ മാസം 4-ന് ഗീവറുഗീസു ശെമ്മാശൻ കത്തനാർ പട്ടവും ഏറ്റു. പട്ടംകൊടയിൽ സംബന്ധിപ്പാൻ അങ്കമാലി പാറക്കലച്ചനും മറ്റും വന്നിരുന്നു. 11-ന് ഗീവറുഗീസ് കത്തനാരെ റമ്പാച്ചനാക്കുവാൻ നിശ്ചയിച്ചിരിക്കകൊണ്ട് അതിൽ കൂടുന്നതിനായി റാക്കാട്ടും കുറുപ്പുംപടിക്കലും മറ്റുമുള്ള ചില കൊച്ചച്ചന്മാർക്ക് തിരുമേനി എഴുതി അയക്കയും അതിൻ പ്രകാരം 10-ന് റാക്കാട്ട് കൊച്ചുകുട്ടി മത്തായി കത്തനാരും കുറുപ്പുംപടിയിൽ പടയാട്ടിൽ ഇസഹാക്ക് കത്തനാരും കണ്ടനാട്ട് പുന്നച്ചാലി അച്ചനും അങ്കമാലിയിലെ പട്ടക്കാരും വാകത്താനത്തു നിന്ന് പുത്തൻപുരയിൽ വർക്കി എന്നയാളും മറ്റും വന്ന് ചേരുകയും 11-ന് തിരുമേനി കുർബാന ചൊല്ലി, കുർബാനമദ്ധ്യേ കണ്ണീരോടും പ്രാർത്ഥനയോടും ക്രമം കഴിച്ച് റമ്പാച്ചനായി ഗീവറുഗീസ് കത്തനാർക്ക് പട്ടം കൊടുക്കുകയും 14-ന് ഗീവറുഗീസ് റമ്പാൻ കുർബാന ചൊല്ലുകയും അതിലേയ്ക്ക് സദ്യ കഴിക്കയും ചെയ്തു. വാകത്താനത്തു നിന്നും വന്നവർ തിരിച്ചു പോകയും ചെയ്തു.

## ഗീവർഗീസ് റമ്പാൻ

28-ന് ഗീവറുഗീസ് റമ്പാന്റെ അപ്പൻ ആലുവാ പള്ളിയിൽ എത്തി റമ്പാച്ചനെ വാകത്താനത്തേക്ക് ഒന്ന് കൊണ്ടുപോണമെന്ന് തിരുമനസറിയിച്ച് അനുവാദപ്രകാരം വാകത്താനത്തേയ്ക്ക് പോരികയും 29-ന് കോട്ടയത്ത്

പുത്തനങ്ങാടി കുരിശുപള്ളിയിൽ എത്തി 30-ന് അവിടെ കുർബാന ചൊല്ലു കയും ഉച്ചകഴിഞ്ഞ് സിമ്മനാരിയിലെത്തി താമസിക്കുകയും 31-ന് വാകത്താ നത്ത് വരികയും ചെയ്തു. കന്നി 1-ന് ഗീവറുഗീസ് റമ്പാൻ വാകത്താനത്ത് വലിയപള്ളിയിൽ കുർബാനയും പ്രസംഗവും കഴിച്ച് താമസിക്കുകയും, 5-ന് ചെറിയപള്ളിയിലും, 8-ന് വലിയപള്ളിയിലും കുർബാന ചൊല്ലി. കുർബാന കഴിഞ്ഞ് ഗീവറുഗീസ് റമ്പാച്ചന്റെ നേർക്കുള്ള പള്ളിക്കാരുടെ സ്നേഹവും താല്പര്യങ്ങളും നിമിത്തം കാസാ, കാപ്പാ മുതലായവ ഉണ്ടാക്കുന്നതിലേക്കു അവരവരുടെ സന്തോഷവും തൃപ്തിയും പോലെ ഒരു കൈമുത്തു[37] കൊടു ക്കുകയും ഏകദേശം 140 രൂപയോളം വാകത്താനത്ത് ഇടവകക്കാരിൽ നിന്നും 50 രൂപയോളവും അന്യ ഇടവകക്കാരിൽ നിന്ന് പിരിയുകയും ചെയ്തു.

10-ന് ഗീവറുഗീസ് റമ്പാച്ചൻ സന്തോഷത്തോടെ ആലുവായിലേക്ക് യാത്ര പുറപ്പെടുകയും കോട്ടയത്ത് സിമ്മന്നാരിയിൽ എത്തി കാസാ പണിയിക്കു ന്നതിനുള്ള രൂപ പൗലോസ് റമ്പാച്ചനെ ഏൽപ്പിക്കയും ചെയ്തു കൊണ്ട് കല്ലുങ്കത്ര എത്തി വേറെ വള്ളം പിടിച്ച് 12-ന് പിറവത്ത് പള്ളിയിലും അവിടെ നിന്നും പാമ്പാക്കുടയും എത്തി. മല്പാനച്ചനെ കണ്ട് അവിടെ താമസിക്കയും 13-ന് അവിടെ നിന്ന് പുറപ്പെട്ടു 15-ന് ആലുവായിൽ എത്തുകയും കൂടെ പോന്നിരുന്നവർ തിരിച്ചു പോരികയും ചെയ്തു.

23-ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും കൂടെയുള്ളവരും കൂടി ആലുവായിലേക്ക് പോയി. 25-ന് പാത്രിയർക്കീസ് ബാവായുടെ ഓർമ്മ ദിവസത്തെ ആ പള്ളിയിൽ ആഘോഷമായി കഴിച്ചു.

മകര മാസം 24-ന് ഗീവറുഗീസ് റമ്പാൻ അകപ്പറമ്പു പള്ളിയിൽ നിന്നും ആലുവാ പള്ളിയിലേക്ക് പോകയും 25-ന് പെരുന്നാൾ വയലിപ്പറമ്പിലെ ഇട്ടി കുറിയ മൂപ്പീന്ന് ഏറ്റ് കഴിക്കയാൽ ഗീവറുഗീസു റമ്പാൻ കുർബ്ബാനയും പ്രസംഗവും കഴിച്ച് അന്നുതന്നെ കാപ്പശീല വാങ്ങിക്കുന്നതിനായി കൊച്ചീക്കു പോകയും കാപ്പശീല നല്ലതു കിട്ടാഴികയാൽ 29-ന് തിരിച്ചു അകപ്പറമ്പു പള്ളിയിൽ എത്തുകയും ചെയ്തു.

കുംഭം 24-ന് കൂറിലോസു മെത്രാപ്പോലീത്തായുടെ ഓർമ്മ ദിവസത്തെ അങ്കമാലി പള്ളിയിൽ ആഘോഷിച്ച് കഴിച്ചതിൽ സംബന്ധിപ്പാനായി മെത്രാ പ്പോലീത്തായും ഗീവറുഗീസ് റമ്പാനും പോകയും അവിടെ നിന്നും മീനം 8-ന് പീച്ചാനിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു. ടി. പള്ളിയുടെ മദ്ബഹാ പണി കഴിഞ്ഞതിനാൽ മുമ്പു കല്ലിട്ടിരുന്ന സ്ഥലത്തുനിന്ന് ആയത് എടുത്ത് മദ്ബഹായിൽ സ്ഥാപിക്കയും റമ്പാൻ കുർബാന ചൊല്ലി പ്രസം ഗിക്കയും ചെയ്തു.

13-ന് അവിടെ നിന്നും മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും മഞ്ഞപ്ര പള്ളിയിൽ എത്തുകയും 16-ന് തിരുമേനി കുർബാന ചൊല്ലി

മങ്ങാട്ടുമ്പള്ളി ഗീവറുഗീസ് ശെമ്മാശന് കത്തനാരു പട്ടവും മണർകാട്ടു വെട്ടിക്കുന്നേൽ കുറിയാക്കോസിന് കോറൂയോ പട്ടവും കൊടുത്തു.

20-ന് തിരുമേനിയും ഗീവറുഗീസ് റമ്പാനും വെങ്ങൂർ പള്ളിയിൽ എത്തി. ഗീവറുഗീസ് റമ്പാന് ആർയ്യ്യക്കാട്ടുകുഴി പൗലോസ് കത്തന്നാർ ഒരു ചാരു കസേര സമ്മാനിച്ചു. ആ പള്ളിക്കാരെ കൊണ്ട് ഒരു ഉടമ്പടിയും തീർപ്പിച്ചു കൊണ്ട് മേടം 3-ന് ചെലാട്ടു പള്ളിയിൽ എത്തി താമസിച്ച് ഓശാന, നോമ്പ് വീടൽ മുതലായ ക്രമങ്ങൾ ആയാണ്ടിലെത്തത് കഴിച്ചു.

16-ന് അവിടെ നിന്നും കോതമംഗലത്ത് ചെറിയപള്ളിയിലും ഇടവം 10 ന് അവിടെ നിന്നും കുന്നക്കുരുടി പള്ളിയിലും 31-ന് അവിടെ നിന്ന് മഴുവന്നൂർ പള്ളിയിലും മിഥുനം 11-ന് തിരിച്ച് കുന്നക്കുരുടി പള്ളിയിലും എത്തി. കർക്കടകം 17-ന് തിരുമേനിയും ഗീവറുഗീസ് റമ്പാനും കൂടി കുന്നക്കുരുടിയിൽ നിന്നും വാകത്താനത്തു പള്ളിയിലേക്ക് യാത്ര തിരിച്ചു. വണ്ടി വഴിയായി വള്ളത്തുകടവിൽ എത്തി 2 വള്ളത്തിൽ ആയി പുറപ്പെട്ടു കൊച്ചിയിൽ അടുത്തു. ഗീവറുഗീസ് റമ്പാച്ചനും കാപ്പശീല മുതലായവ വാങ്ങിച്ചും കൊണ്ട് 20-ന് വാകത്താനത്തു പള്ളിയിൽ എത്തുകയും ചെയ്തു.

ടി. പള്ളിയുടെ മേൽനടത്തയ്ക്കു ചില നിശ്ചയങ്ങൾ പള്ളിക്കാരോട് ആലോചിച്ച് നടത്തിവരുമ്പോൾ തിരുമനസിലെ ജേഷ്ഠന്നു ദീനം അത്യന്തമെന്ന് കമ്പി വരികയാൽ ആയതു അവസാനിക്കുന്നതിന് മുമ്പായി തിരുമനസു കൊണ്ട് 1072 കന്നി മാസം 26-ന് പറവൂർക്ക് നീങ്ങുകയും ഗീവറുഗീസു റമ്പാൻ അവിടെ താമസിക്കയും കാര്യതീർച്ചക്കായി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് കല്പന തരികയും ചെയ്തു.

തുലാ മാസം 5-ന് ഗീവറുഗീസ് റമ്പാൻ ഗവർണർ സായിപ്പിന്റെ വരവു കാൺമാനായി വാകത്താനത്തു നിന്നും തിരുവനന്തപുരത്തേക്ക് മറ്റ് ചിലരുമായി യാത്ര പുറപ്പെട്ടു. ചങ്ങനാശ്ശേരിയിൽ എത്തി അവിടെ നിന്നും ആലപ്പുഴയും അവിടെ നിന്നും തിരുവനന്തപുരത്തെത്തി. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ താമസിച്ചിരുന്ന ബംഗ്ലാവിൽ താമസിച്ചു. ഗവർണറിന്റെ വരവും അതിനുള്ള ഒരുക്കങ്ങളും ആഘോഷങ്ങളും വെടിക്കെട്ടും ദീപക്കാഴ്ചയും എത്രയും കോലാഹലമായിരുന്നു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ കൂടാതെ ഈവാനിയോസ് മെത്രാപ്പോലീത്തായും പല പട്ടക്കാരും അത്മേനികളും എത്തിയിരുന്നു. തിരുമേനികളും സഭക്കാരും കൂടി വട്ടിപ്പണം കിട്ടേണ്ടതിനായി ഗവർണരുടെ അടുക്കൽ ഒരു ഹർജി വയ്ക്കയും റസിഡണ്ടു ബംഗ്ലാവിൽ എല്ലാവരും എത്തി അദ്ദേഹത്തെ കാണുകയും അതുകഴിഞ്ഞ് ഗീവറുഗീസ് റമ്പാൻ തിരിച്ച് വാകത്താനത്ത് എത്തുകയും ചെയ്തു.

25-ന് പരുമലയിൽ നിന്നും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

വാകത്താനത്ത് പള്ളിയിൽ എത്തി പള്ളിക്കാരെ കൂട്ടി ആലോചിച്ച് വൃശ്ചികം 2-ന് ഒരു പടി എഴുതിക്കയും അതു അവസാനിക്കുന്നതിന് മുമ്പായി 11-ന് സിമ്മന്നാരി പള്ളി കൂദാശയ്ക്കായും മറ്റും കോട്ടയത്തു സിമ്മന്നാരിയിലേക്ക് നീങ്ങുകയും ഗീവറുഗീസ് റമ്പാനും സിമ്മന്നാരിയിൽ എത്തുകയും ചെയ്തു.

12-ന് സിമ്മന്നാരി പള്ളിയിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും കൂടി മൂന്നിൻമേൽ കുർബാന ചൊല്ലുകയും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കൂദാശയുടെ ശുശ്രൂഷകൾ കഴിക്കയും ചെയ്തു. 13-ന് ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും വാകത്താനത്ത് പള്ളിയിൽ എത്തുകയും മുൻ ഉടമ്പടി തീർപ്പിച്ചുകൊണ്ട് തിരുമേനി പരുമലയ്ക്ക് നീങ്ങുകയും ചെയ്തു.

ഗീവറുഗീസ് റമ്പാൻ അവിടെ താമസിച്ചു പള്ളിയുടെ വെള്ളതേപ്പു മുതലായവ നടത്തിച്ചു തുടങ്ങി. ധനു മാസം 9-ന് ഗീവറുഗീസ് റമ്പാൻ കുറിച്ചീ പള്ളിയിൽ കോലത്തുകളത്തിൽ മൂപ്പച്ചന്റെ കബറടക്കത്തിനായി പോയി. കല്ലുങ്കത്ര പള്ളിയിൽ നിന്നും ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും സിമ്മന്നാരിയിൽ നിന്നും പൗലോസ് റമ്പാച്ചനും മല്പാനച്ചൻമാരും മറ്റ് പട്ടക്കാരും ശെമ്മാശൻമാരും എത്തിയിരുന്നു. അന്നേ ദിവസം കബറടക്കാതെ പിറ്റെ ദിവസത്തേക്ക് മാറ്റി വച്ചു. പിറ്റെ ദിവസം ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ രസകരവും ഇമ്പകരവും ആയ ചൊല്ലുകളോട് കൂടെ ശവസംസ്കാര ശുശ്രൂഷകളും ദീർഘമായ പ്രസംഗവും കഴിച്ച് കബറടക്കം കഴിച്ചു. അന്നു ഗ്രഹണം ആയതിനാൽ സൂര്യപ്രകാശം അശേഷം ഇല്ലായിരുന്നു. ആയത് കഴിഞ്ഞ് ഗീവറുഗീസ് റമ്പാൻ വാകത്താനത്ത് പള്ളീൽ എത്തി.

മകരം 26-ന് ഗീവറുഗീസ് റമ്പാനും മറ്റു ചിലരും കൂടി അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കാണുന്നതിനായി പറവൂർക്ക് പോകയും തിരിച്ച് കുംഭം 1-ന് വാകത്താനത്ത് എത്തുകയും ചെയ്തു. പറവൂർ പള്ളിയിൽ തീത്തൊസ കത്തനാർക്ക് പരുവിന്റെ സുഖക്കേടായതിനാൽ നോമ്പിലെ ക്രമങ്ങൾ കഴിക്കുന്നതിനായി ഗീവറുഗീസ് റമ്പാച്ചൻ അവിടെ എത്തണമെന്ന് പള്ളിക്കാരും മെത്രാപ്പോലീത്തായും എഴുതി അയക്കയാൽ കുംഭം 16-ന് ഗീവറുഗീസ് റമ്പാൻ അവിടേക്ക് പോയി നോമ്പിലെ ക്രമങ്ങൾ കഴിച്ചു. താൻ പറവൂർക്ക് പോയപ്പോൾ പള്ളിയിൽ പണി നടത്തിക്കുന്നതിനായി കളപ്പുരക്കൽ പൗലോസു കത്തനാർ പള്ളിയിൽ താമസിച്ച് നടത്തിച്ചു.

മേടം 14-ന് പറവൂർ പള്ളിക്കാരു സ്വന്ത ചിലവിൽമേൽ അവിടെ കാലം ചെയ്തടക്കപ്പെട്ടിരിക്കുന്ന ഗ്രീഗോറിയോസ് ബാവായുടെ ഓർമ്മയെ പറവൂർ പള്ളിനമ്പ്ര ജയിച്ചതിന്റെ ഓർമ്മയ്ക്കായിട്ട് ആഘോഷമായി ഏറ്റ് കഴിച്ചു. അതിലേക്കായി ഗ്രീഗോറിയോസു മെത്രാപ്പോലീത്തായെയും പള്ളിക്കാർ ആഘോഷമായി എഴുന്നള്ളിച്ചുകൊണ്ടു വന്നു.

20-ന് ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഒരുമിച്ച് ഗീവറുഗീസ് റമ്പാൻ പറവൂർ നിന്നും പോരികയും 21-ന് കൊച്ചിയിൽ എത്തി ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടും വച്ച് കല്ലുങ്കത്ര പള്ളിയിൽ എത്തുകയും അവിടെ നിന്ന് സിമ്മന്നാരിയിലും അവിടെ നിന്ന് വാകത്താനത്തും എത്തി. പിന്നെയും പള്ളിയുടെ പണികൾ നടത്തിച്ചു. കർക്കടകം 15-ന് വരെ ആയപ്പോൾ പള്ളിയുടെ അകത്തും പുറത്തും ഉണ്ടായിരുന്ന വെള്ളതേപ്പ് മുതലായ പണികൾ കഴിഞ്ഞ് ആശാരികൾക്ക് സദ്യയും മുണ്ടും കടുക്കനും സമ്മാനിക്കയും ചെയ്ത് അവരെ പിരിച്ച് വിട്ടു. അനേക നാൾ പള്ളിയിൽ ഭണ്ഡാരം വയ്ക്കാതിരുന്നതും വയ്പിച്ച് 74 ചിങ്ങം 8-ന് അതിന്റെ കെട്ടും കഴിപ്പിച്ചു.

ചിങ്ങം 7-ന് ഗീവറുഗീസു റമ്പാൻ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായെ കാൺമാനായി പുതുപ്പള്ളി പള്ളിയിൽ പോകയും അപ്പോൾ അദ്ദേഹം മൂക്കഞ്ചേരി റമ്പാച്ചന്റെ 40-ാം ദിവസത്തിന് പോകണമെന്ന് കല്പിക്കയും ചെയ്കയാൽ തിരിച്ചു വാകത്താനത്തു വന്നും വച്ച് 9-ന് പുതുപ്പള്ളിയിലേക്ക് പോകയും അന്നു തന്നെ വടക്കോട്ട് യാത്ര തിരിച്ച് പിറ്റെ ദിവസം സിമ്മന്നാരിയിൽ എത്തുകയും അവിടെ നിന്നും 11-ന് തിരുമനസിലെ വീട്ടിലും എത്തി ഭക്ഷണം കഴിച്ച് 1 മണിക്ക് കരിങ്ങാശ്ര പള്ളിയിൽ എത്തുകയും പിറ്റെദിവസം അവിടെ നിന്നും നടമേൽ പള്ളിയിലേക്കും പോയി.

14-ന് തിരുമേനിയും ഗീവറുഗീസ് റമ്പാച്ചനും കളരിക്കലച്ചനും കൂടെ റമ്പാച്ചന്റെ 40 -ാം ദിവസത്തിന് മൂന്നുമ്മേൽ കുർബാന ചൊല്ലുകയും തിരുമേനി പ്രസംഗിക്കയും കബറുങ്കൽ ധൂപം വയ്ക്കയും ചെയ്തു. അന്നു തന്നെ അവിടെ നിന്നും കണ്ടനാട്ടു പള്ളിയിലേക്കു പോകയും 15-ന് തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിക്കയും ചെയ്തു. അവിടെ 15-ന് പെരുന്നാളും ആഘോഷിക്കുന്നുണ്ടായിരുന്നു.

16-ന് കണ്ടനാട്ടു പള്ളിയിൽ ഗീവറുഗീസ് റമ്പാൻ കുർബ്ബാന ചൊല്ലുകയും തിരുമേനി പ്രസംഗിക്കയും 19-ന് അവിടെ നിന്നും തിരുമേനിയുമൊരുമിച്ച് മുളന്തുരുത്തി പള്ളിയിൽ എത്തുകയും ചെയ്തു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും അവിടെ എത്തിയിരുന്നു. 20-ന് കൂറിലോസുബാവായുടെ ഓർമ്മ ആഘോഷിക്കുന്നുണ്ടായിരുന്നു. 21-ന് ചാലിൽ കൊച്ചുകുഞ്ഞിച്ചെറിയയുടെ ദീനം കാണുന്നതിനായി തിരുമേനിയും ഗീവറുഗീസു റമ്പാനും പോയിരുന്നു. 24-ന് ടിയാൻ മരിച്ചു. തിരുമേനികൾ കൂടി അടക്കം ചെയ്തു.

22 -ന് ഗീവറുഗീസ് റമ്പാച്ചൻ യാക്കോബു റമ്പാച്ചനെ കാൺമാനായി വെട്ടിക്കൽ പോയി. അദ്ദേഹം അവിടെ ഇല്ലാതിരുന്നതിനാൽ തിരിച്ച് മുളന്തുരുത്തിൽ എത്തുകയും 26-ന് വാകത്താനത്തേയ്ക്ക് യാത്ര തിരിച്ച് 27-ന് സിമ്മന്നാരിയിലും 28-ന് വാകത്താനത്തു പള്ളിയിലും എത്തി. 29-ന് വാക

ത്താനത്തു പള്ളിയിൽ പെരുന്നാളിന് കളപ്പുരക്കൽ പൌലോസ് കത്തനാർ കുർബ്ബാന ചൊല്ലി.

കന്നി മാസം 6-ന് വേളൂർ ചേരിക്കൽ വർക്കി വാദ്ധ്യാർ വന്ന് ഗീവറു ഗീസു റമ്പാനെ പാണമ്പടിക്കൽ പള്ളിയിൽ അത്തനാസ്യോസ് മെത്രാപ്പോലീത്താ നീങ്ങി ടി. പള്ളിയിൽ കല്ലിട്ട് കൂദാശ കഴിക്കുന്നതിൽ സംബന്ധിക്കുന്നതിനായി കൊണ്ടുപോയി. അന്നു സിമ്മന്നാരിയിൽ എത്തി താമസിച്ചു. 7-ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായെ ടി. പള്ളിക്കാർ സിമ്മന്നാരിയിൽ നിന്നും എതിരേറ്റു കൊണ്ടുപോയതിനോട് കൂടെ ഗീവറുഗീസ് റമ്പാനും അവിടേയ്ക്ക് പോയി. സന്ധ്യാ നമസ്കാരം കഴിച്ച് ആ പള്ളിയുടെ കല്ലിടീൽ ശുശ്രൂഷ കഴിച്ച് കല്ലിട്ടു. 8-ന് പള്ളി കൂദാശയും കഴിച്ച് 3 ത്രോണോസുകളിലായി മെത്രാപ്പോലീത്തായും പൗലോസു റമ്പാച്ചനും ഗീവറുഗീസ് റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലുകയും തിരുമേനിയും മല്പാനച്ചനും പ്രസംഗിക്കയും ആ ദിവസം പെരുന്നാളായി കൊണ്ടാടുകയും ചെയ്തു.

9-ന് ഗീവറുഗീസ് റമ്പാൻ വാകത്താനത്തു പള്ളിയിൽ എത്തുകയും തുലാ മാസം 5-ന് അവിടെ നിന്നും വള്ളിക്കാട്ടു പള്ളിയിൽ ആ പള്ളിയുടെ ജീർണ്ണത തീർപ്പിക്കുന്നതിനായി ശ്രമിച്ചു കല്ല് വെട്ടിക്കയും മണൽ, കക്ക മുതലായവ ശേഖരിച്ച് മദ്ബഹാ ചെറുപ്പമായിരുന്നതിനാൽ മുഴുവൻ പൊളിപ്പിച്ച് പണിക്ക് ആരംഭിക്കയും ചെയ്തു. തുലാ മാസം 29-ന് ഗീവർഗീസ് റമ്പാൻ വള്ളിക്കാട്ട് പള്ളിയിൽ നിന്നും കങ്ങഴ പള്ളിയിൽ പോയി കുർബാന ചൊല്ലുകയും 2 ദിവസം അവിടെ താമസിച്ചു പോരികയും ചെയ്തു.

വൃശ്ചികം 11-ന് ഗീവറുഗീസ് റമ്പാൻ സിമ്മന്നാരിയിൽ എത്തി 12-ന് സിമ്മന്നാരി സ്ഥാപകന്റെ[38] ഓർമ്മയും അങ്കമാലി കുറ്റിക്കാട്ട് പൌലോസു ശെമ്മാശനും കല്ലാശ്ശേരി പുന്നൂസു ശെമ്മാശനും കത്തനാരു പട്ടവും മറ്റു ചിലർക്ക് ശെമ്മാശപട്ടവും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമനസു കൊടുക്കയും ടി. കത്തനാർകൾ 2 പെരേയും 15-ന് റമ്പാച്ചന്മാരായി തിരുമേനി തന്നെ പട്ടം കൊടുക്കയും ചെയ്തു. അതുകഴിഞ്ഞ് ഗീവറുഗീസ് റമ്പാച്ചൻ വള്ളിക്കാട്ടു പള്ളിയിൽ എത്തി താമസിച്ചു.

ധനു മാസം 25-ന് ഗീവറുഗീസു റമ്പാൻ നാലുന്നാക്കൽ പള്ളിയിൽ എത്തി പിറവി തിരുന്നാളിന് കുർബാനയും പ്രസംഗവും കഴിച്ച് തിരികെ വാകത്താനത്തേക്ക് പോന്നു. ആ പള്ളിക്കാർ വീതിച്ച കൈമുത്തും കൊടുത്തു. 31-ന് ഗീവറുഗീസു റമ്പാൻ പാമ്പാടി പള്ളിയിൽ എത്തി. അന്നേ ദിവസം മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും മണർകാട്ട് നിന്നും അവിടേക്ക് നീങ്ങി. ആ പള്ളിയുടെ വെള്ളതേപ്പു മുതലായ സകല പണികളും കഴിഞ്ഞിരുന്നതിനാൽ 7 ന് തിരുമേനി പള്ളി കൂദാശയും തബലൈത്താ കൂദാ

ശയും കഴിച്ചു. 11-ന് ഗീവർഗീസു റമ്പാൻ വാകത്താനത്തേക്ക് പോരികയും മെത്രാപ്പോലീത്താ അവിടെ താമസിക്കയും ചെയ്തു.

മേടം 10-ന് ഗീവറുഗീസ് റമ്പാൻ തിരുവല്ലാ ചാലക്കുഴിക്കാരുടെ പള്ളിയിൽ എത്തി. ആയാണ്ടിലത്തെ ഓശാന, കഷ്ടാനുഭവ ആഴ്ച, നോമ്പു വീടൽ മുതലായവ കഴിച്ച് 19-ന് തിരിച്ചു വാകത്താനത്ത് എത്തി. 21-ന് ഗീവറുഗീസ് റമ്പാൻ ദിവന്നാസ്യോസ് സിമ്മന്നാരിയിൽ ഇംഗ്ലീഷ് പഠിച്ച സുറിയാനിക്കാരുടെ 3-ാം സമ്മേളനത്തിന് പോയി. ആയതിന് തെക്കും വടക്കുമുള്ള പല യോഗ്യന്മാരും കൂടിയിരുന്നു. പട്ടക്കാരുടെ വൈദിക യോഗവും ഉണ്ടായിരുന്നു. അത് കഴിഞ്ഞ് 22-ന് തിരിച്ച് വാകത്താനത്തേക്ക് പോയി.

ഇടവം 22-ന് ഗീവറുഗീസു റമ്പാൻ പുതുപ്പള്ളിൽ ഇളംതുരുത്തിൽ കോറി പീലിപ്പോസു കത്തനാരുടെ ദീനം കാണുന്നതിനായി പോയി തിരിച്ചു പോരികയും 24-ന് അദ്ദേഹം മരിക്കയാൽ കബറടക്കത്തിന് പോയി. മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും പൌലോസ് റമ്പാച്ചനും കല്ലാശേരി റമ്പാച്ചനും മല്പാനച്ചൻമാരും പല പട്ടക്കാരും ശെമ്മാശൻ മാരും കൂടി കബറടക്കം കഴിച്ചു. ആയതു കഴിഞ്ഞ് ഗീവറുഗീസു റമ്പാൻ വാകത്താനത്തേക്ക് പോരികയും ചെയ്തു.

29-ന് വരെ ആയപ്പോൾ വള്ളിക്കാട്ട് പള്ളിയുടെ മദ്ബഹാ പൊളിച്ചു പണിയും ത്രോണോസു കെട്ടും കഴുക്കോലിറക്കും കഴിഞ്ഞ് ആശാരികളെ പിരിച്ചുവിട്ടു. കർക്കടകം 4-ന് അഞ്ചേരി പള്ളിക്ക് കല്ല് ഇടുന്നതിനായി അത്തനാസ്യോസ് മെത്രാപ്പോലീത്താ അവിടേക്ക് നീങ്ങിയപ്പോൾ ഗീവറുഗീസു റമ്പാൻ അവിടെ എത്തി. മാർ പത്രോസ് ശ്ലീഹയുടെ നാമത്തിൽ ആ പള്ളിക്ക് കല്ലിട്ടു. അന്നു തന്നെ ഗീവറുഗീസു റമ്പാൻ വാകത്താനത്തേക്ക് പോന്നു. 26-ന് വരെ ആയപ്പോൾ വള്ളിക്കാട്ടു പള്ളിയുടെ മേച്ചിലും കഴിഞ്ഞു. 1075 ചിങ്ങത്തിൽ അവിടെ ഒരു കിണറും കുഴിപ്പിച്ചു. ......

14-ന് .... വള്ളിക്കാട്ടു പള്ളി ഇടവക തിരിച്ചു കിട്ടണമെന്നും മറ്റും കാണിച്ച് മെത്രാപ്പോലീത്തായുടെ അടുക്കൽ ബോധിപ്പിച്ചത് വിചാരണയ്ക്ക് അയക്കയും പള്ളിയുടെ കുടിശിക തീർപ്പാനുള്ളവരുടെ അടിയന്തിരങ്ങൾ പട്ടക്കാർ നടത്തിക്കൊടുക്കരുതെന്നും മറ്റും കാണിച്ച് 78-ാം നമ്പറായി ഒരു കല്പന അയച്ചതും വായിച്ച് പട്ടക്കാർ പിന്നെയും കുടിശിക ഉള്ളവരുടെ അടിയന്തിരങ്ങൾ കഴിക്കയാൽ പള്ളിക്കാർ വിവരം മെത്രാപ്പോലീത്തായെ ബോധിപ്പിക്കയും മെത്രാപ്പോലീത്താ പട്ടക്കാരെയും കുറ്റപ്പെടുത്തി 31-ന് കല്പന വായിക്കയും വൃശ്ചികം 7-ാം തീയതിക്ക് മുമ്പായി പട്ടക്കാരുടെയും കുറ്റം തീർക്കയും ചെയ്തു.

7-ന് ഗീവറുഗീസ് റമ്പാൻ വള്ളിക്കാട്ട് പള്ളിയിലും കളപ്പുരയ്ക്കൽ പൗലോസ് കത്തനാർ വാകത്താനത്ത് പള്ളിയിലും കുർബ്ബാന ചൊല്ലി. ടി.

പൗലോസ് കത്തനാർ വള്ളിക്കാട്ട് പള്ളിയിലെത്തി നാലുന്നാക്കൽ പാർക്കുന്ന കൊച്ച് കറുമ്പനെയും കുടുംബത്തെയും മാമോദീസാ മുക്കി. 14–ന് ഗീവറുഗീസ് റമ്പാൻ വള്ളിക്കാട്ട് പള്ളിയിൽ വച്ച് ഇംഗ്ലീഷ് മതത്തിൽ[39] ചേർന്നു നടന്നിരുന്ന വർഗീസിനെയും ഒരു പെൺകുട്ടിയെയും സുറിയാനി സഭയിൽ ചേർത്ത് ശു. മൂറോൻ പൂശി.

**1900 –മാണ്ട്**

മകരം 5–ന് ഗീവറുഗീസ് റമ്പാൻ നാലുന്നാക്കൽ പുതുപ്പറമ്പിൽ കുര്യൻ കത്തനാരുടെ മകൻ ചാക്കോയ്ക്ക് പട്ടം കൊടുപ്പിക്കുന്നതിനായി അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ മണർകാട്ടു പള്ളിയിൽ എത്തുകയും 6 ന് തിരുമേനി ടി. ചാക്കോയ്ക്കും പോത്താനിക്കാട്ട് പള്ളി ഇടവകയിൽ ഒരു ചെറുക്കനും മ്സമ്രാനാ പട്ടവും കാട്ടിൽ യോഹന്നാൻ ശെമ്മാശനും മറ്റും മ്ശംശാനാ പട്ടവും കൊടുത്തു. 26–ന് ബുധനാഴ്ച രാത്രി ഭൂകമ്പം ഉണ്ടായി. എല്ലാവരും ഭ്രമിച്ചു പോയി. 27–ന് ഗീവറുഗീസ് റമ്പാൻ വാകത്താനത്ത് പള്ളിയിൽ എത്തുകയും 30–ന് പ്ലാപ്പറമ്പിൽ നിന്നും വടക്ക് കെട്ടിച്ചിരിക്കുന്ന പെണ്ണിന്റെ കുട്ടിയെ മാമോദീസാ മുക്കുകയും ചെയ്തു.

കുംഭം 8–ന് ഗീവറുഗീസ് റമ്പാൻ മണർകാട്ട് പള്ളിയിൽ എത്തി മക്കുബായക്കാരുടെയും ശ്ലേമോന്റെയും മറ്റും ജ്ഞാനപുസ്തകവും അത്തനാസ്യോസ് മെത്രാപ്പോലീത്താ പൊരുൾ തിരിച്ചത് എഴുതി അച്ചടിപ്പിക്കുന്നതിനായി ഏൽപ്പിക്കയും മസമൂർ പൊരുൾ തിരിക്കുന്നതിന് ആരംഭിക്കയും ചെയ്തു.[40]

കത്നെ ഞായറാഴ്ച അത്തനാസ്യോസ് മെത്രാപ്പോലീത്താ പാറമ്പുഴ പള്ളി ഇടവകയിലെ 2 കുട്ടികൾക്കും പടിഞ്ഞാറെക്കുറ്റ് അച്ചന്റെ മകനും പട്ടം കൊടുത്തു. മീനം 19–ന് ഞായറാഴ്ച തിരുമേനി വേങ്കടത്തച്ചന്റെ മകനും ഉപ്പൂട്ടിൽ യൗസേപ്പിന്റെ മകനും പട്ടം കൊടുത്തു. 21–ന് മണർകാട്ടു നിന്നും മെത്രാപ്പോലീത്തായും ഗീവറുഗീസു റമ്പാനും വടക്കൻ പറവൂർക്ക് യാത്ര പുറപ്പെട്ട് 22 ന് അവിടെ എത്തി താമസിച്ചു. മേടം 13–ന് ടി. പള്ളിക്കാർ ഗ്രീഗോറിയോസ് ബാവായുടെ ഓർമ്മ ആഘോഷമായി കഴിച്ചു.

11–ന് തിരുമേനി പള്ളിക്കരപ്പള്ളിയിൽ കുരിശുങ്കൽ മാണി ശെമ്മാശന് കത്തനാരു പട്ടം കൊടുത്തു. കർക്കടകം 3–ന് വരെ ആയപ്പോൾ ഗീവറുഗീസ് റമ്പാൻ മസുമൂർ എഴുതി തീർത്തു. അച്ചടിപ്പിക്കുന്നതിന് കോട്ടയത്ത് അയച്ചു.[41] 19–ന് ഗീവറുഗീസു റമ്പാൻ പറവൂർ നിന്നും വാകത്താനത്ത് തെക്കെമൂലയിൽ അമ്മൂമ്മയുടെ ദീനം കാൺമാനായി യാത്ര പുറപ്പെട്ടു. 22–ന് അവിടെയെത്തി. ദീനം സുഖപ്പെട്ടു.

1076 ചിങ്ങ മാസം 6–ന് ഗീവറുഗീസ് റമ്പാൻ വാകത്താനത്ത് പള്ളിയിൽ

കുർബാന ചൊല്ലുകയും കൂടാര പെരുന്നാളിനെ കുറിച്ചും ജനങ്ങളുടെ ഭക്തി കേടിനെക്കുറിച്ചും സംസാരിച്ചു. 20-ന് ഗീവറുഗീസ് റമ്പാൻ തിരിച്ച് പറവൂർക്ക് യാത്ര പുറപ്പെട്ട് 22-ന് അവിടെയെത്തി. തുലാ മാസം 8-ന് തിരുമേനി പള്ളിക്കരെ കൊച്ചേരി ശെമ്മാശന് കത്തനാർ പട്ടവും വെങ്ങോലക്കാരൻ ഒരു കൊച്ചന് കോറൂയാ പട്ടവും കൊടുത്തു. 25-ന് തിരുമേനി മണർകാട്ട് വെട്ടിക്കുന്നേൽ ശെമ്മാശന് കത്തനാരു പട്ടവും കൊടുത്തു. വൃശ്ചികം 5-ന് ഇൻഡ്യാ വൈസ്രോയി കെഴ്സൻ പ്രഭുവും പത്നിയും എറണാകുളത്തെത്തി താമസിക്കുകയും പിറ്റെ ദിവസം കൊല്ലത്തേയ്ക്ക് പോവുകയും വലിയ എതിരേല്പും മറ്റും ഉണ്ടാവുകയും ചെയ്തു. 9-ന് തിരുവനന്തപുരത്തുള്ള സുറിയാനി പള്ളി ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കൂദാശ കഴിച്ചു. 11-ന് അത്തനാസ്യോസ് മെത്രാപ്പോലീത്താ തുരുത്തിപ്പള്ളി ഇടവകയിൽ ഒരാൾക്ക് എവുപ്പദിയക്കന പട്ടവും 28-ന് പള്ളിക്കരെ കല്ലാപ്പാറ ശെമ്മാശന് കത്തനാരു പട്ടവും കൊടുത്തു.

**1901 -ാം മാണ്ട്**

മകരം 1-ന് ഏറ്റുമാനൂർ കോതനല്ലൂർ പള്ളിയിൽ ഇടവകയിൽ പാറത്തുണ്ടത്തിൽ യോഹന്നാൻ ശെമ്മാശു റോമാ സഭയിൽ നിന്ന് സുറിയാനി സഭയിലേക്ക് ചേരുകയാൽ അയാൾക്ക് പട്ടം കൊടുക്കണമെന്ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായോട് അപേക്ഷിക്കുകയും തിരുമേനി അയാൾക്ക് ശെമ്മാശുപട്ടം കൊടുക്കുകയും, പിന്നെ അയാൾ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ എത്തി കത്തനാരു പട്ടവും ഏറ്റു. കല്ലുങ്കത്ര പള്ളിയിൽ പുത്തൻ കുർബ്ബാന ചൊല്ലുകയും അയാൾക്ക് ഒരു പള്ളിക്ക് കല്ല് ഇടീച്ച് കൊടുക്കുകയും മറ്റും ചെയ്തു. അയാൾ വഞ്ചകനായിരുന്നതിനാൽ തിരിച്ചു പോയി. 9-ന് ഇംഗ്ലണ്ട് മഹാരാജ്ഞി നാടു നീങ്ങിയ വിവരത്തിന് കമ്പി വന്നു. അതിന് കച്ചേരി ഒഴിവുകളും മറ്റും ഉണ്ടായി.

അങ്കമാലിപ്പള്ളിയിൽ കൂറിലോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ചക്കരവത്തൂട്ട് ഗീവർഗീസ് കത്തനാർ ആഘോഷിച്ചു കഴിക്കുന്നതിൽ സംബന്ധിക്കുന്നതിനായി ഗീവറുഗീസ് റമ്പാൻ ചെല്ലണമെന്ന് അപേക്ഷിക്കയാൽ കുംഭം 24-ന് ഗീവറുഗീസ് റമ്പാൻ അവിടെ എത്തുകയും 25-ന് ടി. പെരുന്നാളിന് കുർബാന ചൊല്ലുകയും പരിശുദ്ധന്മാരുടെ സംഗതികളെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. അതു കഴിഞ്ഞ് 26-ന് പറവൂർക്ക് തിരിച്ചു പോവുകയും ചെയ്തു.

കോട്ടയത്തു ചെറിയപള്ളിയുടെ വ്യവഹാരം ബാവാ കക്ഷികൾക്ക് ഗുണമായി തീരുമാനമുണ്ടായതിനാൽ പ്രവേശനത്തിനായി എല്ലാ തിരുമേനികളും എഴുന്നള്ളണമെന്ന് ടി. പള്ളിക്കാർ അപേക്ഷിക്കയാൽ മീനം 1-ന് അത്തനാസ്യോസ് മെത്രാപ്പോലീത്താ പറവൂർ നിന്നും കോട്ടയത്ത് സിമ്മനാരിയി

ലേക്ക് നീങ്ങുകയും ഗീവറുഗീസു റമ്പാൻ പറവൂർ തന്നെ താമസിക്കയും ആയാണ്ടിലെ ഓശാന, കഷ്ടാനുഭവയാഴ്ച, നോമ്പു വീടൽ മുതലായതിന്റെ ക്രമം കഴിക്കയും ചെയ്തു.

മേട മാസത്തിൽ ഗീവറുഗീസു റമ്പാന്റെ ജേഷ്ഠന്റെ മകൻ കൊച്ചു പുന്നനു കല്യാണം നിശ്ചയിച്ചിരിക്കുന്നതിനാൽ ആയതിന് എത്തണമെന്ന് എഴുത്ത് വരികയാൽ 2-ന് പറവൂർ നിന്നും വാകത്താനത്തേയ്ക്ക് യാത്ര പുറപ്പെട്ടു. 3-ന് കല്ലുങ്കത്ര പള്ളിയിലും 4-ന് അവിടെ നിന്നും സിമ്മന്നാരി യിലും അവിടെ നിന്ന് കോട്ടയത്ത് ചെറിയപള്ളിയിലും എത്തി. ദിവന്നാ സ്യോസ് മെത്രാപ്പോലീത്താ, അത്തനാസ്യോസ് മെത്രാപ്പോലീത്താ, ഈവാ നിയോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനികളെ കണ്ടും വച്ച് 5-ന് വാക ത്താനത്ത് വള്ളിക്കാട്ടു പള്ളിയിൽ എത്തി താമസിച്ചു.

കൊച്ചു പുന്നന്റെ കല്യാണം അഞ്ചേരി പള്ളിയിൽ വച്ച് ആയിരുന്നതി നാൽ 7-ന് റമ്പാച്ചൻ അവിടെ നിന്നും എത്തുകയും 8-ന് കുർബ്ബാന ചൊല്ലി വിവാഹവും നടത്തി തിരികെ വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു. 10-ന് ഗീവറുഗീസു റമ്പാൻ, മാർ ദിവന്നാസ്യോസ് സിമ്മന്നാരിയിൽ സമ്മേ ളനത്തിനായി പോയി. മാർ ദിവന്നാസ്യോസ്, അത്തനാസ്യോസ്, ഈവാ നിയോസ് എന്നീ തിരുമേനികളും പല വക്കീലൻമാരും മാന്യന്മാരായ അനേ കരും എത്തിയിരുന്നു. സമ്മേളനം കഴിഞ്ഞ് തിരുമേനികൾ സിമ്മന്നാരിയി ലേയ്ക്ക് നീങ്ങുകയും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വന്നു ചേരു കയും ചെയ്തു.

## മാർ ദീവന്നാസ്യോസ് ജൂബിലി

11-ന് സിമ്മന്നാരി ട്രസ്റ്റിയായിരുന്ന കഴിഞ്ഞുപോയ കുന്നുമ്പുറത്ത് ഉല ഹന്നാൻ മൂപ്പിലേക്ക്[42] പകരം ഒരു ട്രസ്റ്റിയെ തിരഞ്ഞെടുക്കുന്നതിനായി പള്ളിക്കാരുടെ ഒരു മഹായോഗം കൂടി ട്രസ്റ്റിയായി ടിയാന്റെ മകൻ കൊച്ചു ഞ്ഞിനെത്തന്നെ സ്ഥിരപ്പെടുത്തുകയും ആ യോഗത്തിൽ മാർ ദീവന്നാ സ്യോസ് മെത്രാപ്പോലീത്താ കശീശാ സ്ഥാനം ഏറ്റ് 50 സംവത്സരം തിക യുന്ന വരുന്ന ചിങ്ങം 6-ന് എല്ലാ പള്ളികളിലും പ്രാർത്ഥനയും മറ്റും പ്രത്യേകം കഴിക്കണമെന്നും വരുന്ന വൃശ്ചികം 12-ന് ജൂബിലി ആഘോഷി ക്കണമെന്നും നിശ്ചയിച്ച് യോഗം പിരിഞ്ഞു.

12-ന് മാനേജിംഗ് കമ്മറ്റി കൂടി വട്ടിപ്പണക്കേസും മറ്റും നടത്തുന്നതിന് പണം ഉണ്ടാകേണ്ട സംഗതിയെ കുറിച്ചും, പാത്രിയർക്കീസു ബാവാ കുസ്തന്തീനൊപ്പൊലീസിൽ നീങ്ങിയിരിക്കയാൽ അവിടത്തെ ചിലപാർപ്പിന് പണം അയക്കേണ്ടതിനെ കുറിച്ചും മറ്റും ആലോചിച്ചു തിരുമേനികൾ പള്ളി കൾക്ക് കല്പന അയച്ചു. 18-ന് ഗീവറുഗീസു റമ്പാൻ വാകത്താനത്തു വള്ളി

ക്കാട്ടു പള്ളിയിൽ എത്തി. ഇടവം 4-ന് ഗീവറുഗീസു റമ്പാച്ചന്റെ കൂടെ നില്ക്കേണ്ടതിന് പറവൂർക്കാരൻ ഇഞ്ചക്കാടൻ വർക്കി വന്നു ചേർന്നു.

20-ന് പെന്തികൊസ്തി ഞായറാഴ്ച ഗീവറുഗീസു റമ്പാച്ചൻ നാലുന്നാക്കൽ പള്ളിയിൽ എത്തി കുർബ്ബാനയും പ്രസംഗവും ക്രമവും കഴിക്കയും കാരിക്കോട്ടുചിറ ഇളയ ചെർക്കന്റെ വിവാഹവും നടത്തി തിരിച്ചു വള്ളിക്കാട്ട് പള്ളിയിൽ എത്തി. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജൂബിലി[43] ആഘോഷിക്കുന്നതിന് എല്ലാ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പിരിവ് എടുക്കണമെന്നും ജനസംഖ്യ എടുക്കണമെന്നും മറ്റും കമ്മട്ടിക്കാർ നിശ്ചയിച്ച വിവരത്തിന് ജൂബിലി കമ്മട്ടി പ്രസിഡണ്ടായ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ എഴുതി അയക്കയാൽ ഗീവറുഗീസു റമ്പാൻ ടി. പിരിവിനായി കർക്കടം 1-ന് നാലുന്നാക്കൽ പള്ളിയിലും 8-ന് വാകത്താനത്തു പള്ളിയിലും 15-ന് പുതുശെരി പള്ളിയിലും 21-ന് തോട്ടക്കാട്ട് പള്ളിയിലും അഞ്ചേരി പള്ളിയിലും മീനടത്തു പടിഞ്ഞാറെ പള്ളിയിലും 22-ന് മീനടത്ത് കിഴക്കെ പള്ളിയിലും 25-ന് പാമ്പാടി പള്ളിയിലും എത്തി കുർബ്ബാനയും ജൂബിലിയും സംബന്ധിച്ചും പിരിവിനെ സംബന്ധിച്ചും പ്രസംഗിക്കയും ചെയ്തു. 30-ന് ഗീവറുഗീസ് റമ്പാൻ പാമ്പാടി പള്ളിയിൽ നിന്നും പുതുപ്പള്ളി വഴിയായി വാകത്താനത്ത് വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു.

1077 ചിങ്ങം 6-ന് ഗീവറുഗീസ് റമ്പാൻ ടി. പള്ളിയിൽ കുർബാന ചൊല്ലി ജൂബിലിക്ക് പ്രത്യേകം അച്ചടിച്ചുവന്നിരുന്ന പ്രാർത്ഥനയും അപേക്ഷയും കഴിച്ചു. 20-ന് വള്ളിക്കാട്ട് പള്ളിയിൽ കൂറിലോസ് ബാവായുടെ ഓർമ്മ കഴിച്ചു. 29-ന് വാകത്താനത്തു പള്ളിയിൽ പെരുന്നാളിന് ഗീവറുഗീസു റമ്പാൻ പോയി. കന്നി മാസം 13-ന് അൽവാറീസ് യൂലിയോസ് മെത്രാപ്പോലീത്താ സ്ലീബാ ശെമ്മാശനും ഒരുമിച്ച് വാകത്താനത്തു വരികയും 15-ന് അവിടെ നിന്നും അദ്ദേഹം വള്ളിക്കാട്ട് പള്ളിയിലും എത്തി. 16-ന് കോട്ടയത്തേക്ക് തിരിച്ചുപോരികയും ചെയ്തു. 20-ന് വള്ളിക്കാട്ട് പള്ളിയുടെ കല്ലിട്ട പെരുന്നാളും ബസേലിയോസ് ബാവായുടെ[44] ഓർമ്മയും കഴിക്കയും അവൽ നേർച്ചയും നേർച്ചയിടീലും ഉണ്ടാകയും ചെയ്തു.

തുലാ മാസം 19-ന് മീനടത്ത് പുഞ്ചാൽ പൗലോസു മൂപ്പീലെ അന്ത്യകൂദാശ കഴിക്കുന്നതിനായി ചെല്ലണമെന്ന് മൂപ്പീലെ മകൻ വള്ളിക്കാട്ട് പള്ളിയിൽ വന്നപേക്ഷിക്കയാൽ ഗീവറുഗീസു റമ്പാൻ മീനടത്ത് പടിഞ്ഞാറെ പള്ളിയിൽ എത്തുകയും 20-ന് കുർബ്ബാന ചൊല്ലിയശേഷം പുഞ്ചയിൽ ചെന്ന് ഉപ്രുശ്മാ കഴിക്കയും വിശുദ്ധ കുർബ്ബാന കൊടുക്കുകയും ചെയ്തു. മൂപ്പീന്ന് 88 വയസ്സുള്ളവന്നും ഒരു ഭക്തനും ആയിരുന്നു. ആയതു കഴിഞ്ഞ് ഗീവറുഗീസു റമ്പാൻ തിരിച്ചുപോരികയും ചെയ്തു.

21-ന് ചക്കുപുരയ്ക്കൽ പീലിപ്പോസിന്റെ കല്യാണം ആയിരുന്നതിനാൽ വാകത്താനത്തു പള്ളിയിൽ എത്തി ആയത് കഴിച്ചു. വൃശ്ചികം 10-ന് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജൂബിലി ആഘോഷത്തിനായി ഗീവറുഗീസ് റമ്പാൻ കോട്ടയത്തേക്ക് യാത്ര പുറപ്പെട്ട് മാർ ദിവന്നാസ്യോസ് സിമ്മന്നാരിയിൽ എത്തി. അപ്പോൾ അവിടെ വലിയ ഒരുക്കങ്ങളും ആൾക്കൂട്ടവും ഉണ്ടായിരുന്നു. അവിടെ നിന്നും പഴയ സിമ്മന്നാരിയിലേക്ക് പോകയും ചെയ്തു.

ജൂബിലി 12-ന് തിങ്കളാഴ്ച ആയിരുന്നുവെങ്കിലും ശനിയാഴ്ച വൈകുന്നേരം ആയപ്പോഴേക്കും ആളുകളുടെ വരവ് തുടങ്ങിയിരുന്നു. 11-ന് ഞായറാഴ്ച സിമ്മന്നാരി പള്ളിയിൽ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ കുർബ്ബാന ചൊല്ലി പ്രസംഗിക്കയും ജൂബിലിക്കുള്ള പ്രത്യേക പ്രാർത്ഥന കഴിക്കയും ചെയ്തു. നേരത്തെ വന്നുചേർന്നവർക്കും പള്ളിയകത്ത് കടന്നു നിൽക്കാൻ സ്ഥലം കിട്ടാത്തവണ്ണം ആളുകൾ തിങ്ങി നിറഞ്ഞിരുന്നു. 12 മണിയോടു കൂടെ കുർബ്ബാന കഴിഞ്ഞു. അന്യ ദേശങ്ങളിൽ നിന്നും സമീപ ദേശങ്ങളിൽ നിന്നും വന്നവരെ കൊണ്ട് സന്ധ്യയായപ്പോഴേക്ക് സിമ്മന്നാരി കെട്ടിടം നിറഞ്ഞു. അരിവെയ്പു മുതലായ ഒരുക്കങ്ങൾ രാത്രി കൊണ്ടു കഴിച്ചു.

12-ന് തിങ്കളാഴ്ച നേരം വെളുത്തപ്പോഴേക്കും കോട്ടയം പട്ടണം മുഴുവൻ ആളുകളെ കൊണ്ട് നിറഞ്ഞു കഴിഞ്ഞു. പല തരം വള്ളങ്ങൾ കൊണ്ട് ആറ്റുകടവിലെങ്ങും സ്ഥലമില്ലാതെയായി. വഴികളിൽ കൂടി വണ്ടി യാത്രക്കാർക്ക് ബുദ്ധിമുട്ടായി. സിമ്മന്നാരി പള്ളിയിൽ 6 മണിക്ക് തന്നെ ആരാധന ആരംഭിച്ചു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ വലിയ ത്രോണോസിലും ഈവാനിയോസ് മെത്രാപ്പോലീത്തായും ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും താഴെയുള്ള ത്രോണോസുകളിലും മൂന്നിൻമേൽ കുർബ്ബാന ചൊല്ലി. ഇതിന്റെ ഒടുവിൽ ജൂബിലി കമ്മട്ടി പ്രസിഡണ്ടായ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ ഒരു ചുരുങ്ങിയ പ്രസംഗവും അതിന്റെ ശേഷം പ്രത്യേക ജൂബിലി സ്തോത്രവും കഴിച്ചു. കുർബാന കഴിഞ്ഞു മെത്രാപ്പോലീത്താമാർ പള്ളിയകത്തു നിന്നും പുറപ്പെട്ട് പൂമുഖത്തെത്തിയപ്പോൾ മാർ ദിവന്നാസ്യോസ് സിമ്മന്നാരി മല്പാന്റെയും വിദ്യാർത്ഥികളായ ശെമ്മാശൻമാരുടെയും ഒരു മംഗള പത്രവും സമ്മാനവും സമർപ്പിച്ചു. അതു കഴിഞ്ഞ് മുറിയിലെത്തിയപ്പോൾ സി. എം. എസ്. കോളജിലെ സുറിയാനി വിദ്യാർത്ഥികളുടെ ഒരു സമ്മാനവും ഉണ്ടായി. ഇതു കഴിഞ്ഞ് ഉദ്ദേശം ആയിരപ്പറയോളം അരി വെച്ചുള്ള സദ്യയും പൊടിപൂരമായി കഴിഞ്ഞു.

പഴയ സിമ്മന്നാരി വെള്ളയടിച്ചും മറ്റും പുതുക്കിയിരുന്നതു കൂടാതെ ചുറ്റും 3 വശം തട്ടു പന്തലു പടിഞ്ഞാറെ വശത്തു തെക്കു വടക്കായി വളരെ

പൊക്കത്തിൽ ഒരു അടിച്ചുകൂട്ട് പന്തലും കെട്ടിയുണ്ടാക്കിയിരുന്നു. ഈ വലിയ പന്തൽ കെട്ടി വിതാനിച്ച ഗ്ലോവുകൾ, രസയുണ്ടകൾ, പല മാതിരി പുതിയതരം ചിമ്മിനി വിളക്കുകൾ, കുലവാഴകൾ മുതലായതുകളാൽ അലങ്കരിച്ചിരുന്നു. പഴയ സിമ്മനാരി മുതൽ മനോരമ ആപ്പീസു വരെയുള്ള റോഡുകളും റോട്ടിന്നരികെയുള്ള വീടുകളുടെ പടിവാതിലുകളും തോരണങ്ങളും ആശീർവചനങ്ങൾ അടങ്ങിയ വളച്ചു വാതിലുകളാലും മറ്റും മനോഹരമായിരുന്നു. മാർ ദിവന്നാസ്യോസുസിമ്മനാരിയുടെ മുൻ വശത്തു ഇതിലൊക്കെ വിശേഷമായി ഒരു പന്തലിട്ടു. വളരെ മനോഹരമായി കെട്ടി വിതാനിച്ച് അലങ്കരിച്ചിരുന്നു. സിമ്മന്നാരിയുടെ അകത്തും ലതകൾ പതിച്ചും ആശീർവചനങ്ങൾ കടലാസുകൾ വെട്ടിഎടുത്ത് ഒട്ടിച്ചും ചില ചില്ലറ അലങ്കാരങ്ങൾ ഇല്ലാതിരുന്നില്ല. സിമ്മന്നാരിക്കകത്ത് മധ്യഭാഗത്ത് തെക്കേ അരികിൽ ഒരു തട്ട് മേൽക്കട്ടിയും പടികളുമായി ഉയർത്തി പണിതുണ്ടാക്കിയതിൽ ഒരു മേശയും ചുറ്റും കസേരകളും ഇട്ടിരുന്നു. സിമ്മന്നാരിക്ക് കിഴക്കു വശത്തുള്ള ചാപ്പലുകളും അലങ്കരിച്ചിരുന്നു.

ഉച്ചകഴിഞ്ഞ് മെത്രാപ്പോലീത്താമാർ പഴയ സിമ്മന്നാരിയിൽ നിന്നും പുത്തൻ സിമ്മന്നാരിയിലേക്ക്[45] വണ്ടിയിൽ രഹസ്യമായി എഴുന്നള്ളി സിമ്മന്നാരി ചാപ്പലിൽ ചെന്നു ചേർന്നു. ആളുകൾ വണ്ടികളിലും മറ്റുമായി വരവു തുടങ്ങി. സിമ്മന്നാരിയുടെ മുൻവശത്തു കുരിശുകളും മുത്തുക്കുടകളും അണിയണിയായി നിരത്തി തുടങ്ങി. പത്തഞ്ഞൂറ് കൊടിക്കൂറകൾ ഉല്ലാസമായി പറന്നും കൊണ്ട് പൊക്കത്തിൽ നില്ക്കുന്നു. സിമ്മന്നാരിയുടെ ചുറ്റും മണ്ണ് നുള്ളിയിട്ടാൽ താഴാത്ത പോലെ പുരുഷാരം നിറഞ്ഞു തുടങ്ങി.

സിമ്മന്നാരിക്കകത്ത് ബിഷോപ്പ് സായ്പ്, പേഷ്കാർ സായ്പന്മാർ, മദാമ്മമാർ, വക്കീലന്മാർ, ഉദ്യോഗസ്ഥന്മാർ മുതലായവരെ കൊണ്ട് നിറഞ്ഞു കഴിഞ്ഞു. ഇങ്ങിനെ ഇരിക്കെ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ചാപ്പലിൽ നിന്നും നീറാള കുപ്പായവും[46] ധരിച്ച് മുതലവായൻ മുടി ശിരസ്സിലുമായി സഹ മെത്രാന്മാരും കത്തനാരമ്മാരും ശെമ്മാശന്മാരും ഒരുമിച്ച് സിമ്മന്നാരിയിൽ പ്രവേശിച്ചു. കൂടിയിരുന്നവരെല്ലാം എഴുന്നേറ്റ് ഉപചാരം ചെയ്തു. എല്ലാവരും ഇരുന്നപ്പോഴേക്ക് ബാൻടു ശബ്ദവും ഒരു പാട്ടും കേട്ടുതുടങ്ങി.

ഇതിനു ശേഷം വാദ്ധ്യാന്മാരുടെയും കുട്ടികളുടെയും ഒരു മംഗളപത്രവും വായിക്കയും അതു കഴിഞ്ഞ് മെത്രാപ്പോലീത്തായ്ക്ക് കാഴ്ച വയ്ക്കയും ചെയ്തു. പിന്നീട് ബിഷോപ്പിന്റെയും പള്ളിക്കൂടം ഇൻസ്പെക്ടർ രാമസ്വാമി അയ്യർ അവർകളുടെയും പെൻഷൻ എഞ്ചിനിയർ മിസ്റ്റർ കുരുവിളയുടെയും വാചാപ്രസംഗവും അതിനുശേഷം മംഗളപത്രത്തിന് മെത്രാപ്പോലീത്തായുടെ മറുപടി പറച്ചിലും വായനയും കഴിഞ്ഞ് പ്രധാനാദ്ധ്യാപകൻ പ്രസംഗകർത്താക്കന്മാർക്കും പ്രത്യേകിച്ചും ശേഷമുള്ളവർക്കു പൊതുവെയും വന്ദനം പറ

കയും പാത്രിയർക്കീസു ബാവായ്ക്കും മഹാരാജാവിനും ചിയേഴ്സ് പറകയും ചെയ്തു യോഗം പിരിഞ്ഞു.

ഇതിനുശേഷം പഴയസിമ്മന്നാരിയിലേക്കുള്ള ഘോഷയാത്രയായി. പോലീസ് ഇൻസ്പെക്ടർമാരായ ഉണ്ണിത്താനും നൈനാനും 2 കുതിരപ്പുറത്ത് കേറി കോൺസ്റ്റബിൾമാരുടെ അകംപടിയോടു കൂടി ഘോഷയാത്രയുടെ മുമ്പേ ഉണ്ട്. മഹമ്മദീയൻമാരുടെ പരിശകളിയും വാളേറും അഭ്യാസവും പിന്നാലെ ആർപ്പുവിളിയും വഞ്ചിപ്പാട്ടുമായി ഒരു കൂട്ടം ആളുകൾ അതിന്റെ പിന്നാലെ പത്തിരുപതു ചെണ്ടകൾ കൊട്ടിത്തകർത്തും കൊണ്ട് മറ്റൊരു കൂട്ടം അതിന്റെ പുറകെ തമ്പേറും, ബാൻടും, നാഗസ്വരം ഇതുകളുടെ പ്രയോഗവും കൂട്ടവും അതിനു പിറകെ ഇവരുടെ പിന്നാലെ സിമ്മന്നാരി വാദ്ധ്യാന്മാരുടെ മേൽവിചാരത്തോടു കൂടെ പത്തറുനൂറു കുട്ടികൾ കയ്യിൽ കൊടികളും പിടിച്ചു പാട്ടു പാടി തകർത്തു കൊണ്ട് അങ്ങനെ നടക്കുന്നു. നടുക്കു സ്വർണ്ണത്തിലും വെള്ളിയിലും ഉള്ള പത്തു നാല്പതു കുരിശുകളും ഇരുഭാഗങ്ങളിലും വളരെ മുത്തുക്കുടകളുമായി ശെമ്മാശന്മാരുടെയും കത്തനാരന്മാരുടെയും രണ്ടണി അതിനു പിറകെ. പിന്നാലെ ഒരു പല്ലക്കിൽ ദിവന്നാസ്യോസു മെത്രാപ്പോലീത്താ മുതലവായൻ മുടിയും നീരാള കുപ്പായവും ധരിച്ചിരിക്കുന്നു. അതിനു പുറകെ സഹ മെത്രാന്മാരും മറ്റു ചിലരും വണ്ടികളിൽ ഘോഷയാത്രയുടെ ഇങ്ങെഅറ്റത്ത് ആകപ്പാടെ പുരുഷാരത്തിന്റെ ബഹളവും എത്രത്തോളമെന്നു പറവതല്ല. ഇങ്ങനെ ഘോഷയാത്രയോടു കൂടെ പഴയ സിമ്മന്നാരിയിൽ 6 മണിക്കെത്തി സന്ധ്യാവന്ദനം മുതലായ കർമ്മങ്ങൾ കഴിച്ച് ഇത് അവസാനിച്ചു.

പിന്നീട് സിമ്മന്നാരിയുടെ പടിഞ്ഞാറ് വശത്തുള്ള പന്തലിൽ മലങ്കര ഇടവക ജനങ്ങളുടെ ഒരു മംഗളപത്ര സമർപ്പണവും അവരുടെ വെണ് കാഴ്ചകളും മെത്രാപ്പോലീത്തായുടെ അനുഗ്രഹവും നടന്നു. അപ്പോഴേക്കും മെത്രാപ്പോലീത്തായുടെ കഴുത്ത് കുരിശുകളാലും മറ്റും അനക്കാൻ പാടില്ലെന്നായി. കാസകൾ, മോതിരങ്ങൾ മുതലായ പല തരം കാഴ്ചകൾ പലരും സമ്മാനിച്ചു. ഇതു കഴിഞ്ഞ് 8 മണിയോടു കൂടി കരിമരുന്ന് പ്രയോഗവും നടന്നു. വാണം, ചക്രം, എലിവാണം, മത്താപ്പ് മുതലായവകൾ അനവധി ഉണ്ടായിരുന്നു. ആകെപ്പാടെ ജൂബിലി ആഘോഷം വളരെ കേമമായി അവസാനിച്ചു എന്നു പറയാം. പിറ്റെദിവസം സ്ഥലത്തുള്ള യൂറോപ്യൻമാർക്കും യൂറെഷ്യൻമാർക്കും ഒരു സല്ക്കാര വിരുന്നും സിമ്മന്നാരിയിൽവച്ചു കൊടുത്തു. ഹിന്ദുക്കളായി സ്ഥലത്തുള്ള ഉദ്യോഗസ്ഥൻമാർക്ക് വയസ്ക്കര വച്ചും ഒരു വിരുന്നു കൊടുത്തു.

### വീണ്ടും വാകത്താനത്ത്

14-ന് ഗീവറുഗീസ് റമ്പാൻ സിമ്മന്നാരിയിൽ നിന്ന് വാകത്താനത്ത്

വള്ളിക്കാട്ട് പള്ളിയിൽ എത്തി താമസിച്ച് പള്ളിയുടെ മുഖവാരം പണിയിക്കുന്നതിനായി ഏർപ്പാടുകൾ ചെയ്തു പണിതു എത്തിച്ചു. മകരം 15-ാം തീയതിക്കകം മുഖവാരത്തിന്റെ പണിയും അകത്തെ വെള്ളത്തേപ്പും മുറിയുടെ വടക്ക് വശത്തു ഒരു ചായിപ്പും പണി കഴിഞ്ഞ് മുഖവാരത്തു കുരിശും വച്ച് ആശാരികൾക്ക് സമ്മാനവും കൊടുത്തു വിട്ടു.

കുഴിമറ്റത്ത് പള്ളിക്കു കല്ലിടീൽ കഴിച്ച് കുർബാന ചൊല്ലണമെന്ന് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന വരികയാൽ ഗീവറുഗീസ് റമ്പാൻ കുംഭം 1-ന് സന്ധ്യയ്ക്ക് അവിടെ എത്തുകയും 2-ന് കല്ലിട്ട് കൂദാശ കഴിച്ച് കുർബാന ചൊല്ലി തിരിച്ചു പോരികയും ചെയ്തു. 10-ന് നാലുന്നാക്കൽ ഇടത്ര ശെമ്മാശന്റെ വിവാഹം നടത്തുന്നതിനായി ഗീവറുഗീസു റമ്പാൻ അവിടെ എത്തി ആയതു കഴിഞ്ഞ് തിരിച്ചു പോന്നു.

19-ന് വള്ളിക്കാട്ട് പള്ളിയിൽ നിന്നും ഗീവറുഗീസ് റമ്പാൻ സിമ്മന്നാരിയിൽ എത്തുകയും മീനം 6-ന് അവിടെ നിന്നും കല്ലുങ്കത്രയും 10-ന് അവിടെ നിന്ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായോടുകൂടെ പള്ളിക്കരെ പള്ളിയിലേക്ക് യാത്ര പുറപ്പെട്ട് 12-ന് അവിടെ എത്തി താമസിക്കയും ചെയ്തു.

മേട മാസം 21 ന് പുതുഞായറാഴ്ച അത്തനാസ്യോസ് മെത്രാപ്പോലീത്താ കുർബ്ബാന ചൊല്ലി തുരുത്തി പള്ളി ഇടവകയിൽ തോമ്പ്രാ ഗീവറുഗീസിന് കോറൂയോ പട്ടം കൊടുത്തു. അന്നുതന്നെ ചിരട്ടക്കൽ ഇത്താപ്പിരിയുടെ പുത്തൻപള്ളി കൂദാശ ചെയ്യുന്നതിനായി മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും പോയി കൂദാശ കഴിച്ചു. 12 പട്ടക്കാർക്ക് നേർച്ചയും അനേകം പേർക്ക് സദ്യയും ഉണ്ടായിരുന്നു.

ഇടവം 9-ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും കൂടെയുള്ളവരും പള്ളിക്കര നിന്നും യാത്ര പുറപ്പെട്ട് 11-ന് പറവൂർ പള്ളിയിൽ എത്തി താമസിച്ചു. മിഥുനം 10-ന് തിരുമേനി കുർബ്ബാന ചൊല്ലി കുറിച്ചിയിൽ തോപ്പിൽ കുര്യാക്കോസു ശെമ്മാശനു കത്തനാരു പട്ടം കൊടുത്തു. കർക്കടകം 3-ന് മണ്ട്രോ തുരുത്തീന്നു[47] മദ്രാസ കമ്മട്ടിക്കാരുടെ പേർക്ക് സുറിയാനി അസോസിയേഷൻ കമ്മട്ടി സിക്രട്ടിറി നോട്ടീസയച്ചു. അന്ന് തന്നെ എറണാകുളത്ത് തീവണ്ടിയിൽ ആളു കയറ്റി ഓടിച്ച് തുടങ്ങി.

## ആത്മീയ പിതാവിന്റെ അന്ത്യം

16-ന് ചൊവ്വാഴ്ച 2 മണിക്ക് വാകത്താനത്തുള്ള കളപ്പുരക്കൽ പൗലോസു കത്തനാർ മരിച്ചു എന്ന് ഗീവറുഗീസു റമ്പാന്റെ പേർക്ക് 17-ന് കമ്പി വന്നു. ഉടനെ ഗീവറുഗീസു റമ്പാൻ പറവൂർ നിന്നും യാത്ര പുറപ്പെട്ടു 19-ന് വാകത്താനത്തു പള്ളിയിൽ എത്തി. ഇദ്ദേഹം 1018-മാണ്ട് കുംഭത്തിൽ ജനിക്കയും 1027 ചിങ്ങത്തിൽ കൂറിലോസ് ബാവായോട് ആദ്യ പട്ടവും 1036-ൽ കത്ത

നാരു പട്ടവും ഏറ്റു കുർബാന ചൊല്ലി. തന്റെ അന്ത്യകൂദാശ, ശവസം സ്കാരം തുടങ്ങിയ കർമ്മങ്ങളിൽ സംബന്ധിക്കാൻ ഇടയാകാഞ്ഞത് ഗീവ റുഗീസു റമ്പാന് മരണം വരെയും മറക്കാൻ പാടില്ലാത്ത സംഗതിയാകുന്നു. അന്ത്യ കൂദാശ കഴിച്ചതു തന്റെ പ്രത്യേക അപേക്ഷയോടും ആയ്തു തന്റെ നല്ല ഓർമ്മയോടും അനുതാപത്തോടും കൂടെ ആയിരുന്നു.

ഗീവറുഗീസ് റമ്പാന് അദ്ദേഹത്തിന്റെ അന്ത്യ കർമ്മത്തിൽ സംബന്ധി പ്പാൻ ഇടയാകാഞ്ഞതിനാൽ താൻ പള്ളിയിൽ വന്നയുടനെ കുർബാന ചൊല്ലി കൊഹനൈത്തായിൽ ഒരു തെശ്മെശ്ത്താ കഴിച്ചു. കാട്ടിൽ യോഹ ന്നാൻ ശെമ്മാശനു കത്തനാരു പട്ടം കൊടുപ്പിക്കുന്നതിനായി കോയിപ്പു റത്തു ഗീവറുഗീസു കത്തനാരും മറ്റും പറവൂർക്ക് പോയിരിക്കുമ്പോൾ ആണ് പൗലോസു കത്തനാർ മരിച്ചത്. സിമ്മന്നാരിയിൽ നിന്നും റമ്പാച്ചൻമാരും ശെമ്മാശൻമാരും മറ്റും വന്ന് ശവസംസ്കാരം കഴിച്ചു.

18–ന് കാട്ടിൽ യോഹന്നാൻ ശെമ്മാശു, കത്തനാരു പട്ടം ഏറ്റു. 21–ന് ഗീവറുഗീസ് റമ്പാൻ വാകത്താനത്തു പള്ളിയിൽ കുർബ്ബാന ചൊല്ലി. മരിച്ച വരുടെ ഓർമ്മയെ കുറിച്ച് പ്രസംഗിക്കയും തന്റെ കാർണവൻ പൗലോസു കത്തനാരുടെ ഓർമ്മയിൽ ആണ്ടു തോറും ഒരു കുർബ്ബാന ചൊല്ലുന്നതിന് പള്ളിയിൽ പണം ഏല്പിക്കുന്നതാണെന്നും മറ്റും പ്രസംഗിക്കയും ചെയ്തു. ഗീവറുഗീസ് റമ്പാൻ തന്റെ കാർണവൻ പൗലോസു കത്തനാരുടെ മരണ വിവരത്തെപ്പറ്റി മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കും മറ്റും എഴു ത്തയച്ചതിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ താഴെ പറയുംപ്ര കാരം ഒരു സഹതാപകത്ത് അയച്ചു കൊടുത്തു (നമ്പർ 198):

“നമ്മുടെ ആത്മീക പുത്രനാകുന്ന ഗീവറുഗീസ്സ് എറമ്പാച്ചന് ബുർക്സാ.[48] എറമ്പാച്ചന്റെ കാർണവനും നമ്മുടെ സ്നേഹിതനും ആയിരുന്ന അനുഗ്ര ഹിക്കപ്പെട്ട പൗലോസു കശീശ്ശാ ഇഹലോകം വിട്ട് പിരിഞ്ഞു പോയവിവര ത്തിന് അയച്ചതായ എഴുത്ത് ഇന്നലെ ഇവിടെ കിട്ടി. വിവരം അറിഞ്ഞപ്പോൾ ഉണ്ടായ വ്യസനവും ദുഃഖവും എത്രമേൽ എന്ന് വിവരിപ്പാൻ പ്രയാസ്സം. എന്തു ചെയ്യാം. നമ്മുടെ കർത്താവിന്റെ വിളിയെ തടുപ്പാൻ ആർക്കും കഴി യുന്നതല്ലാത്തതിനാൽ സകല വ്യസനങ്ങളും നമ്മുടെ കർത്താവിൽ സമർപ്പിച്ച് കൃപക്കായി പ്രാർത്ഥിക്ക. അപ്പോൾ സകല ആശ്വാസത്തെയും നമ്മുടെ കർത്താവ് നല്കിത്തരികയും ചെയ്യും.

അന്ത്യ കൂദാശ കഴിക്കുന്ന കാര്യത്തിൽ കടപ്പെട്ടവർക്ക് ഒക്കെയും മന സില്ലാതെ ഇരുന്നു എങ്കിലും തന്റെ വിചാരം ഝടുതിയിൽ കഴിക്കണമെന്ന് താൻ നിർബന്ധിക്കയും ആദ്യം താൻ തന്നെ തുടങ്ങുകയും മറ്റും ചെയ്തു എന്നു എഴുത്തിൽ കണ്ടപ്പോൾ തന്റെ മരണത്തെക്കുറിച്ച് മുന്നറിവുണ്ടായി രുന്നു എന്ന് വിചാരിക്കണമല്ലോ. ഇങ്ങനെയുള്ള മുന്നറിവുകൾ ചില പരി

Malankara Orthodox TV

ശുദ്ധന്മാർക്ക് ഉണ്ടായതായി അറിയുന്ന പ്രകാരം താൻ പ്രവർത്തിച്ചിരിക്കുന്നതിനെക്കുറിച്ച് ഓർക്കുമ്പോൾ തന്റെ മരണം ഒരു പരിശുദ്ധ മരണമായും വിചാരിക്കുന്നു. ദൈവം തന്റെ പരിശുദ്ധ പട്ടക്കാർക്ക് നിശ്ചയിച്ചിരിക്കുന്ന പരമാനന്ദ ഭാഗ്യം നല്കി കൊടുക്കുമാറകട്ടെ. അതിനായി നമ്മുടെ എല്ലാ ആത്മീക ശുശ്രൂഷകളിലും ഓർത്തു പ്രാർത്ഥിക്കുന്നു.

നമ്മുടെ കൂട്ടത്തിൽ കാര്യങ്ങൾക്ക് ശേഷിയുള്ളവരും ഏത് ആലോചനകൾക്കും കൊള്ളാവുന്നവരുമായി രണ്ടു രത്നങ്ങൾ പോലെയുള്ളവരാകുന്നു നമ്മുടെ മാലീത്ത്ര കത്തനാരും നമ്മുടെ കത്തനാരും. ഇവരുടെ വേർപിരിവ് നമ്മുടെ സമുദായത്തിന് വലിയ നഷ്ടമായും നമുക്ക് ദുഃഖമായും വ്യസനമായും തീർന്നിരിക്കുന്നു എന്ന് വളരെ വേദനയോടെ പറഞ്ഞുകൊള്ളുന്നു. ഏത് വലിയ സംഗതികൾ നേരിട്ടാലും ഈ രണ്ട് പേരേയും വിളിച്ച് ആലോചിക്കുമ്പോൾ ആശ്വാസമായ ഒരു പോംവഴി ഇവരുടെ ആലോചനയിൽ വച്ചുണ്ടായി ആശ്വസിപ്പാൻ നമുക്കിട വന്നിട്ടുണ്ട്. ഇവരെ അധികമായി വിളിക്കയും ആലോചിക്കയും ഉണ്ടായിരുന്നത് നമ്മുടെ അരിഷ്ട കാലത്തും ഞെരുക്ക കാലത്തും ആയിരുന്നു. അപ്പോഴൊക്കെയും തക്ക ആലോചനകളെ പറഞ്ഞു തന്നിട്ടുള്ളതിനെ ഇപ്പോഴും ഓർമ്മയിൽ നിന്ന് വിട്ടു പോയിട്ടില്ല. നമ്മുടെ മേലുള്ള ഇവരുടെ സ്നേഹവും താല്പര്യവും കളങ്കമറ്റതും ആയിരുന്നു. ഹാ, കരുണയുടെ കർത്താവ്, എന്റെ പ്രിയ മക്കളും സ്നേഹിതരുമായ ഈ രണ്ടു പട്ടക്കാരെയും കരുണയോടെ കൈക്കൊണ്ട് പരമാനന്ദ ഭാഗ്യം നൽകി കൊടുക്കുമാറാകട്ടെ.

എന്റെ പ്രിയപ്പെട്ട എറമ്പാച്ചാ, സകല വ്യസനവും ദുഃഖവും നമ്മുടെ കരുണയുള്ള കർത്താവിൽ സമർപ്പിച്ച് കൃപക്കായി പ്രാർത്ഥിക്ക. ദൈവം കൈവിടാതെ രക്ഷിക്കയും ചെയ്യും. ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കാം. നമുക്കിവിടെ അധിക താമസമില്ല. കോട്ടയത്തു എത്തുമ്പോൾ കണ്ടു സന്തോഷിപ്പാൻ വളരെ ആഗ്രഹമുള്ളതു കൊണ്ട് അത്രടം വന്നു പോകുന്നതിന് പ്രത്യേകം വിചാരിക്കുമല്ലോ.

77 കർക്കടകം 26 ന് തിരുവനന്തപുരത്തു നിന്നും."

1078 ചിങ്ങം 11-ന് എണ്ണച്ചേരിൽ ഗീവറുഗീസു കത്തനാരുടെ മകൻ ഉലഹന്നാനും കളപ്പുരയ്ക്കൽ വർക്കിയുടെ മകൻ ഉലഹന്നനും പട്ടം കൊടുപ്പിക്കുന്നതിനായി ദേശക്കുറി[49] എഴുതുകയും ഗീവറുഗീസ് കത്തനാരുടെ മകൻ ഉലഹന്നാൻ പറവൂർ പള്ളിയിൽ എത്തി അത്തനാസ്യോസ് മെത്രാപ്പോലീത്തായോട് 17-ന് പട്ടം ഏറ്റു. 20-ന് വാകത്താനത്തു പള്ളിയിൽ എത്തി പട്ടക്കടലാസു വായിച്ചു.

കളപ്പുരക്കൽ വർക്കി ഉലഹന്നാന് പട്ടം കൊടുപ്പിക്കുന്നതിന് കുറി എഴുതി എങ്കിലും അന്ന് പട്ടരുമഠത്തിൽ ഗീവറുഗീസ് കത്തനാർ മാത്രമേ ഒപ്പ്

ഇട്ടൊള്ളു. കോയിപ്പുറത്ത് ഗീവറുഗീസ് കത്തനാർ നാലുന്നാക്കൽ പള്ളിയിൽ പോയിരുന്നതിനാൽ അദ്ദേഹം വരുമ്പോൾ ആയിക്കൊള്ളാമെന്ന് പറകയും 29-ന് പെരുന്നാളിന് ആലോചിച്ചതിൽ കളപ്പുരക്കൽ വർക്കിയുടെ മകൻ പുന്നനു ആയിരിക്കണമെന്ന് നിശ്ചയിച്ച് കുറി എഴുതി ഒപ്പിടുകയും ചെയ്തു.

കന്നിമാസം 5-ന് ഗീവറുഗീസു റമ്പാൻ കോട്ടയത്തു സിമ്മനാരിയിൽ എത്തി താമസിച്ചു. കളപ്പുരക്കൽ വർക്കിയുടെ മകൻ പുന്നനു പട്ടം കൊടുപ്പിക്കുന്നതിനായി കളപ്പുരയ്ക്കൽ തോമായും മാളിയേക്കൽ ഔസേപ്പും ടി. പുന്നനും പറവൂർക്ക് പോകയാൽ അവരോട് കൂടി റമ്പാച്ചനും പോയി. 8-ന് പറവൂർ പള്ളിയിൽ എത്തുകയും ചെയ്തു. അന്നു ചെറിയമഠത്തിൽ അന്ത്രയോസു ശെമ്മാശനു അത്തനാസ്യോസു മെത്രാപ്പോലീത്താ കത്തനാരു പട്ടവും കൊടുത്തു.

11-ന് ടി. തിരുമേനി ടി. പുന്നന് മ്സമ്രാന പട്ടം കൊടുത്തു. അന്നു ഉച്ചകഴിഞ്ഞ് ടി. ശെമ്മാശൻ മുതൽപെർ പറവൂർ നിന്നും ആലുവായിലെത്തി. തീവണ്ടി കയറി എറണാകുളത്തിറങ്ങി അവിടെ നിന്നും വാകത്താനത്തേക്ക് പോകയും ഗീവറുഗീസു റമ്പാൻ പറവൂർ താമസിക്കയും ചെയ്തു.

## പ. പരുമലത്തിരുമേനിയുടെ അന്ത്യ ദിനങ്ങൾ

17-ന് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് ദീനം അത്യന്തമെന്ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കമ്പി വന്നു. പരുമലയ്ക്കു പുറപ്പെടുവാൻ തിരുമനസ്സിലേക്ക് സുഖമില്ലാഴികയാൽ പോകുന്നില്ലെന്നു വയ്ക്കയും ഗീവറുഗീസു റമ്പാച്ചൻ പോകുന്നതിന് അനുവദിയ്ക്കയും ചെയ്തു. ഉടനെ ഗീവറുഗീസു റമ്പാച്ചൻ അകപ്പറമ്പു പള്ളിയിൽ താമസിച്ചിരുന്ന കൊച്ചുപൗലോസു റമ്പാച്ചന്റെ[50] പേർക്ക് വിവരത്തിന് എഴുതി അയക്കയും അദ്ദേഹം 18-ന് പറവൂർ വന്നു ചേരുകയും അദ്ദേഹവും ഒരുമിച്ച് അന്നുതന്നെ യാത്ര പുറപ്പെട്ട് 21-ന് പരുമല എത്തി തിരുമേനിയെ കണ്ടു. ദീനം എത്രയും കൂടുതൽ ആയിരുന്നു.

22-ന് ഗീവറുഗീസു റമ്പാച്ചൻ കുർബ്ബാന ചൊല്ലുകയും പാമ്പാക്കുട മല്പാനച്ചൻ തിരുമേനിയുടെ സുഖക്കേടിനെപ്പറ്റി പ്രസംഗിക്കയും എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കയും ചെയ്തു. തിരുമേനി കഴിഞ്ഞു പോയി എന്ന് എല്ലാവരും വിചാരിച്ചുപോകയും വിവരം മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോട് അറിയിച്ചതിൽ വളരെ വ്യസനിച്ച് നിലവിളിക്കയും ചെയ്തു എങ്കിലും അന്നേ ദിവസം ഒന്നും നടന്നില്ല.

25-ന് കണ്ടനാട്ടു ഇടവകയുടെ ഈവാനിയോസ് മെത്രാപ്പോലീത്തായും വന്നു ചേർന്നു. 29-ന് അദ്ദേഹം കുർബ്ബാന ചൊല്ലി. വട്ടശ്ശേരി മല്പാനച്ചൻ

പ്രസംഗിക്കുകയും എല്ലാവരും പ്രത്യേകം സങ്കടത്തോടെ പ്രാർത്ഥിക്കയും ചെയ്തു. തുലാ മാസം 6-ന് ടി. തിരുമേനി കുർബ്ബാന ചൊല്ലുകയും സ്ലീബാ ശെമ്മാശൻ പ്രസംഗിക്കയും ചെയ്തു. 13-ന് തിരുമേനി കുർബ്ബാന ചൊല്ലി മട്ടക്കലച്ചൻ പ്രസംഗിച്ചു. 15-ന് പാലക്കുന്നത്തു കൊച്ചു തീത്തോസ് മെത്രാൻ പരുമല വന്നു തിരുമേനിയുടെ ദീനം കണ്ട് തിരിച്ചു പോയി.

20-ന് വല്യപൗലോസ് റമ്പാച്ചൻ[51] കുർബ്ബാന ചൊല്ലി തിരുമനസ്സിലേക്കും, ശു. കുർബ്ബാന കൊടുത്തു. തിരുമനസ്സിലെ ദീനം ഇതുവരെയായിട്ടും ഒരു കുറവും കണ്ടില്ല. നാട്ടുവൈദ്യൻമാരും അപ്പോത്തിക്കിരികളുമായി അനേകം പേരുടെ ചികിത്സകൾ കഴിച്ചു. എങ്കിലും ദൈവഹിതം തടുക്കുവാൻ കഴിയാ കയാൽ ഉച്ചകഴിഞ്ഞ് തിരുമനസ്സിലെ അപേക്ഷപ്രകാരം കന്തീലായുടെ ക്രമം[52] ഈവാനിയോസ് മെത്രാപ്പോലീത്താ നാലു റമ്പാച്ചന്മാരുടെ കൂടെയും പല പട്ടക്കാരോടു കൂടെയും കഴിച്ചു. രാത്രി 12 മണിക്ക് കർത്താവിൽ തന്റെ ജീവനെ ഭരമേല്പിച്ചു. ഉടനെ എടുത്ത് കസേരയിൽ ഇരുത്തി ദേഹം ചൂടു വെള്ളം കൊണ്ട് ശുദ്ധിവരുത്തി തന്റെ സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച് പള്ളി യിൽ അഴിക്കകത്ത് പടിഞ്ഞാറോട്ട് മുഖമായി ഇരുത്തി "കൊഹനെയിക്ക് നെൽ ബ്ശൂൻ" ചൊല്ലിയ ശേഷം അനുതാപത്തിന്റെ ഏഴ് മസുമൂറും എത്തി ച്ചു. പിന്നെ പുലരുന്നത് വരെയും മസ്മൂറുകൾ വായിച്ചുകൊണ്ടിരുന്നു.

അതികാലത്തെ പ്രാർത്ഥനയും കുർബ്ബാനയും കഴിച്ച് കൊഹനൈത്തായിൽ ഒരു തെശുമെശുത്തായും എത്തിച്ച് താഴെ നിന്നും മദ്ബഹായിൽ കേറ്റി പടിഞ്ഞാട്ടു മുഖമായി ഇരുത്തി. പിന്നെ 11 മണിക്കും 3 മണിക്കും രണ്ട് തെശുമെശ്ത്തായും തികച്ച് രാത്രി മുഴുവൻ മസുമൂറാകൾ വായിച്ചുകൊണ്ടിരുന്നു. 22 കാലത്തെ പ്രാർത്ഥനയും ഗീവറുഗീസ് റമ്പാന്റെ കുർബ്ബാനയും കഴിഞ്ഞ് ഒരു തെശ്മെശ്ത്താ കൂടി കഴിച്ചു. പിന്നെ 10 മണിക്ക് 2 തെശ്മെശ്ത്തായും വായനകളും കഴിച്ച് കിഴക്കോട്ട് മുഖമായി പൊക്കി ഈവാനിയോസ് മെത്രാപ്പോലീത്താ, തിരുമനസ്സിലെ മുഖത്ത് മൂന്നു പ്രാവശ്യം ധൂപം വയ്ക്കയും പുശ്ബശ്ലോമ ചൊല്ലുകയും പിന്നെ പടിഞ്ഞാട്ടു മുഖമായും വടക്കോട്ട് മുഖമായും തെക്കോട്ട് മുഖമായും പൊക്കി പുശുബശ്ലോമോ ചൊല്ലുകയും ചെയ്തശേഷം ഹൈക്കലായിൽ പടി ഞ്ഞാറേഅറ്റത്തു കൊണ്ടുവന്ന് കിഴക്കോട്ട് മുഖമായും വടക്കേ വാതുക്കലും തെക്കേ വാതുക്കലും പുശ്ബശ്ലോമോ ചൊല്ലി പടിഞ്ഞാറെ വാതിൽക്കൽ ഇറക്കി നഗരി കാട്ടുവാൻ കൊണ്ടുപോയി.

പടിഞ്ഞാറെ അറ്റത്തുവച്ചും കിഴക്കോട്ട് മുഖമായി പൊക്കി പുശ്ബ ശ്ലോമോ ചൊല്ലി കിഴക്കോട്ട് കൊണ്ടുവന്ന് സിമ്മനാരിയുടെ റാന്തയിൽ പടിഞ്ഞാട്ടു മുഖമായി ഇരുത്തി എല്ലാവരും കൈമുത്തിന്നാരംഭിച്ചു. ആയതു കഴിഞ്ഞ് പള്ളിയകത്തു കേറ്റി തെക്കേ വാതിൽക്കൽ കൂടി പുറത്തിറക്കി

കിഴക്ക് വശത്തു കൂടി വന്ന് വടക്ക് വശത്ത് കബറുങ്കൽ വന്നു പ്രാർത്ഥനയും കഴിച്ച് കുഴിയിൽ ഇരുത്തി എല്ലാ വരും കുന്തിരിക്കവും കുഴിയിൽ മുക്കാൽ ഭാഗത്തോളം നിറച്ചു."മേൽപ്പട്ട ഉയരങ്ങളിൽ"എന്നതും കൈകഹനെെയ്ക്ക്നെൽ ബശൂൻ എന്നതും ചൊല്ലി കുഴിമൂടി ഈവാനിയോസു മെത്രാപ്പോലീത്തായുടെ പ്രസംഗവും കഴിഞ്ഞ് പള്ളിയകത്ത് പ്രവേശിച്ച് കാണിക്കയിടീലും നടത്തി ജനക്കൂട്ടം പിരിയുകയും ചെയ്തു.

ഇദ്ദേഹം കൊച്ചീ സംസ്ഥാനത്തു മുളന്തുരുത്തി കണ്ടനാട്ടു ഇടവകകളിൽ കൂടുന്ന ചാത്തുരുത്തി കുടുംബത്തിൽ കൊല്ലം 1023-ൽ ജനിച്ചു. ഇദ്ദേഹം ബാലനായിരുന്നപ്പോൾ തന്നെ ദൈവഭക്തിയിൽ വളരുകയും ഒരു നല്ല കൊച്ചൻ എന്ന് എല്ലാവരാലും പേർ വിളിയ്ക്കപ്പെടുകയും ചെയ്തു. ശെമ്മാശുപട്ടവും കത്തനാരു പട്ടവും കഴിഞ്ഞുപോയ കൂറിലോസു ബാവായിൽ[53] നിന്ന് കൈക്കൊണ്ട് മേൽപ്പറഞ്ഞ രണ്ട് പള്ളിയിലും ഒരു ഇടവക പട്ടക്കാരന്റെ ജോലി നോക്കിവരുമ്പോൾ അന്തോനീസ് മുതലായ പ്രാചീന സന്യാസികളുടെ ജീവചരിത്രങ്ങളും സന്ന്യാസവ്രതത്തിന്റെ മാഹാത്മ്യങ്ങൾ വിവരിക്കുന്ന ചില സുറിയാനിപ്പുസ്തകങ്ങളും വായിച്ച്കാൺമാൻ ഇടയാവുകയും അതുമുതൽ തനിക്കും ലോകസംബന്ധമായ സകല ബന്ധവും ഒഴിച്ച് ഒരു സന്യാസിയായി ജീവിക്കണമെന്ന് ആഗ്രഹം ജനിക്കയും ഈ ആഗ്രഹത്തെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ ഗ്രഹിപ്പിക്കയും ചെയ്തയുടനെ അദ്ദേഹം സന്തോഷിച്ച് റമ്പാച്ചനായി വാഴിച്ചു.

അതുമുതൽ ഇദ്ദേഹം മുളംന്തുരുത്തി പള്ളിയിൽ നിന്നും കിഴക്കുള്ള വെട്ടിക്കൽ ദയറായിൽ സ്ഥിരതാമസമാക്കി. അവിടെ പ്രാർത്ഥനയിലും ധ്യാനത്തിലും വേദപുസ്തക വായനയിലും ഒരു പൂർണ്ണസന്യാസിയുടെ നിലയിൽ താമസിച്ചിരുന്നു. ഇങ്ങനെ ഇരിക്കെ കഴിഞ്ഞുപോയ അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാ[54] മലയാളത്തേക്ക് എഴുന്നെള്ളുകയും ഉടനെ അദ്ദേഹം തിരുസന്നിധിയിൽ എത്തുകയും ബാവായ്ക്കു വളരെ പ്രീതി തോന്നി സിക്രട്ടറി ആയി താമസിപ്പിക്കയും ചെയ്തു. പിന്നീട് ഇദ്ദേഹം ബാവായോട് കൂടെ മലങ്കരയുള്ള പല പള്ളികളിലും സഞ്ചരിക്കയും അനേകം യോഗ്യന്മാരുടെ സഖിത്വവും പ്രീതിയും സമ്പാദിക്കയും ചെയ്തു. ബാവാ മലങ്കരയുള്ള പള്ളികളെ ഏഴ് ഇടവകകളായി ഭാഗിച്ച് അവയെ ഭരിക്കുന്നതിന് ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ കൂടാതെ ആറു നാട്ടു മെത്രാന്മാരെ വാഴിക്കണമെന്ന് നിശ്ചയിച്ചതിൽ ഒരാൾ ഇദ്ദേഹമായിരുന്നു. ഇദ്ദേഹത്തെ 1052 വൃശ്ചികം 21-ന് പറവൂർ പള്ളിയിൽ വച്ച് ഗ്രീഗോറിയോസ് എന്ന സ്ഥാനപ്പേരിൽ വാഴിക്കയും നിരണം മുതലായ ഭദ്രാസന ഇടവകമേൽ അധികാരപ്പെടുത്തുകയും ചെയ്തു.

ദൈവഭക്തി, സഭാ നിശ്ചയവും കാനോനും അനുസരിച്ചുള്ള എല്ലാ നടപടികളിലും കൃത്യനിഷ്ഠ, ഉപവാസം, പ്രാർത്ഥന, പ്രസംഗചാതുര്യം എന്നു വേണ്ട തന്റെ എല്ലാ സംഗതികളും ഒരു ശരിയായ സന്യാസിയുടെയും മേൽപ്പട്ടക്കാരന്റെയും ചുമതലകളെ ആചരിച്ചു വന്നതിനാൽ വചനത്തേക്കാൾ പ്രവൃത്തിയിൽ ഇദ്ദേഹം എല്ലാവർക്കും ദൃഷ്ടാന്തമായിരുന്നു. ഇദ്ദേഹം ദൈവത്തിന്റെ ദൂതനാണെന്നോ അദ്ദേഹത്തിന്റെ അതൃപ്തി സമ്പാദിച്ചാൽ ശാപം നേരിടുമെന്നൊ ഉള്ള ബോധ്യം എല്ലാവരിലും ഏറെക്കുറെ വ്യാപിച്ചിരുന്നു. ഇങ്ങനെ നിരണം ഇടവക ഭരിച്ചുകൊണ്ടിരിക്കുമ്പോൾ തുമ്പമൺ ഇടവകയുടെ മെത്രാപ്പോലീത്താ കാലം ചെയ്കയാൽ ആ ഭദ്രാസന ഇടവക പാത്രിയർക്കീസു ബാവാ തന്നെ ഭരമേല്പിച്ചു. അതോടു കൂടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും തന്റെ അധികജോലി നിമിത്തം കൊല്ലം ഇടവകയും ഭരണത്തിനു വിട്ടുകൊടുത്തു. ഇങ്ങനെ കോട്ടയത്തിന് തെക്കുള്ള എല്ലാ പള്ളികളെയും ഭരിച്ചുവന്നു.

എന്നാൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തന്റെ നാമം നില്ക്കത്തക്കതായി ചെയ്തിട്ടുള്ള പ്രവൃത്തികളിൽ മുഖ്യമായത് പരുമല സിമ്മന്നാരി പണിയിച്ചിട്ടുള്ളതാകുന്നു. പരുമല ഒരു സുറിയാനിപ്പള്ളിയും സിമ്മന്നാരിയും സ്ഥാപിക്കണമെന്ന് നിശ്ചയിച്ച് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ സ്ഥലം സമ്പാദിക്കയും ചില ഉപായകെട്ടിടങ്ങൾ തീർപ്പിക്കയും ചെയ്തിരുന്നു. എങ്കിലും തന്റെ അധികജോലി നിമിത്തം അവയെ പൂർണ്ണമാക്കുവാൻ കഴിഞ്ഞില്ല. എങ്കിലും ഗ്രീഗോറിയോസു മെത്രാപ്പോലീത്താ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പണം പിരിച്ച് ഉദ്ദേശം 15,000 രൂപ ചിലവു ചെയ്ത് രണ്ട് നിലയിൽ വിശാലമായ ഒരു സിമ്മന്നാരിക്കെട്ടിടവും അതിനോടു ചേർത്ത് ഒരു പള്ളിയും പണിക്കുറ തീർപ്പിച്ചു. ഇങ്ങിനെ ഇരിക്കുമ്പോൾ ആയിരുന്നു തനിക്കു രോഗം ആരംഭിച്ചതു. പ്രസിദ്ധന്മാരായ ഇംഗ്ലീഷ് വൈദ്യന്മാരും അവരുടെ ശക്തിയിൽ അധികമായി പരിശ്രമിച്ചിട്ടും ഒരു ഫലവും ഉണ്ടായില്ല. ഇങ്ങനെ മലങ്കര സുറിയാനി സമുദായത്തിൽ സ്ഥാനം കൊണ്ടും ദൈവഭക്തി കൊണ്ടും ശ്രേഷ്ഠനായിരുന്ന ഒരു മഹാനായിരുന്നു ഈ തിരുമേനി.

25-ന് ഗീവറുഗീസ് റമ്പാൻ പരുമല നിന്നും വാകത്താനത്തു വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും 27-ന് അവിടെ നിന്നും യാത്ര പുറപ്പെട്ടു സിമ്മന്നാരിയിലും കല്ലുങ്കത്ര പള്ളിയിലും എത്തി. അവിടെ നിന്നും 30 ന് പറവൂർ പള്ളിയിൽ എത്തുകയും ചെയ്തു. വൃശ്ചികം 2-ന് ഗീവറുഗീസു റമ്പാൻ ഈരാളിൽ മാത്തു കത്തനാരുടെ പള്ളിയിൽ അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം എത്തി കുർബ്ബാനയും പ്രസംഗവും കഴിച്ച് തിരിച്ച് പറവൂർ പള്ളിയിൽ പോരികയും ചെയ്തു.

14-ന് ഗീവറുഗീസു റമ്പാനും പറവൂരു പള്ളിക്കാരും കൂടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 30-ാം ദിവസമടിയന്തിരത്തിനായി പരിമലക്ക് യാത്ര പുറപ്പെട്ടു. 17-ന് അവിടെ എത്തി. അവിടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും ഈവാനിയോസ് മെത്രാപ്പോലീത്തായും എല്ലാ റമ്പാച്ചന്മാരും അനേകം പട്ടക്കാരും ശെമ്മാശന്മാരും പള്ളിക്കാരും എത്തിയിരുന്നു.

18-ന് ഈവാനിയോസു മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാച്ചനും പുന്നൂസ് റമ്പാച്ചനും[55] കൂടി മൂന്നിൻമേൽ കുർബ്ബാന ചൊല്ലുകയും മെത്രാച്ചൻ പ്രസംഗിക്കയും ചെയ്തു. കുർബാന കഴിഞ്ഞ് സദ്യയും ആരംഭിച്ചു. തലേദിവസം സന്ധ്യയ്ക്കും പകലുമായിട്ട് 500 പറ അരിയോളം വച്ചിട്ടുണ്ടായിരുന്നു. കൊടിയും സ്ലീബായോട് കൂടെ പ്രദക്ഷിണവും സദ്യയും കഴിഞ്ഞ് മേൽപ്പട്ടത്തിന് ആളെ തിരഞ്ഞെടുപ്പാൻ പള്ളിയുടെ പടിഞ്ഞാറു വശത്ത് പന്തലിൽ യോഗം കൂടി. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അഗ്രാസൻ ആയിരുന്നു.

പൗലോസു റമ്പാച്ചന്റേയും[56] വട്ടശേരി മല്പാനച്ചന്റേയും[57] പേരുകൾ ചില പള്ളിക്കാർ പ്രസ്താവിച്ചു. എങ്കിലും തിരുമേനികൾ തിരഞ്ഞെടുക്കുന്ന ആളുകളെ എല്ലാവർക്കും സമ്മതമാണെന്നും പറഞ്ഞ് യോഗം പിരിയുകയും ചെയ്തു. 19-ന് നടവരവും അടിയന്തിരച്ചിലവിന് പള്ളിക്കാർ കൊണ്ടുവന്ന പണവും എണ്ണിക്കണ്ടു. 1500 രൂപ വരെ പിരിവുണ്ടായിരുന്നു.

20-ന് ഗീവറുഗീസു റമ്പാനും പറവൂർ പള്ളിക്കാരുംകൂടി പരുമല നിന്നും പറവൂർക്ക് യാത്ര പുറപ്പെട്ട് 21-ന് റോമാക്കാരുടെ കല്ലൂർക്കാട്ട് പള്ളിയിൽ എത്തുകയും ആ പള്ളിയും മറ്റും കണ്ടതിന്റെ ശേഷം അവിടെ നിന്നും പുറപ്പെട്ട് 23-ന് പറവൂർ പള്ളിയിൽ എത്തുകയും ചെയ്തു. ടി റോമാ പള്ളിയിലെ കുറിയാളച്ചെരി തോമാ കത്തനാർ അദ്ദേഹം റോമായ്ക്ക് പോയ വിവരം അച്ചടിപ്പിച്ച ഒരു പുസ്തകം ഗീവറുഗീസു റമ്പാച്ചനു സമ്മാനിച്ചു.

### തൃക്കുന്നത്തു സെമിനാരി

വൃശ്ചിക മാസം 9-ന് മലയാളം കണക്കിൽ 7-ന് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തനിക്കുള്ള സമ്പാദ്യങ്ങൾ ആലുവാ പള്ളിക്ക് കൊടുത്തിരിക്കുന്നതായി ഒരു ഉടമ്പടി എഴുതി പറവൂർ കൊർട്ടിൽ രജിസ്ട്രറാക്കി. ടി. പള്ളിയുടെ കാര്യാന്വേഷണത്തിനായി കൊച്ചുപൗലോസു റമ്പാച്ചനേയും ഗീവറുഗീസ് റമ്പാച്ചനേയും പൈനാടത്തു യൗസേപ്പ് ശെമ്മാശ്ശനേയും ഉടമ്പടിയാൽ നിയമിക്കയും ചെയ്തു.

ധനുമാസം 5-ന് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും കൂടി ആലുവാ പള്ളിയിലേക്ക് പുറപ്പെട്ടു. 6-ന് കാലത്ത് അവിടെ എത്തി താമസിച്ചു. കൊച്ചുപൗലോസ് റമ്പാച്ചനും വന്നു ചേർന്നു.

11–ന് ഗീവറുഗീസു റമ്പാൻ ആലുവാ പള്ളിയുടെ മുറിക്ക് ഓടു ശട്ടം കെട്ടുവാനും മറ്റുമായി തീവണ്ടി വഴിയായി കൊച്ചീക്ക് പോയി. 12–ന് തിരിച്ച് ആലുവായിൽ വന്നു ചേർന്നു.

**1903**

മകരം 20–ന് ഗീവറുഗീസു റമ്പാൻ വാകത്താനത്തു പള്ളിയിലേക്ക് യാത്ര പുറപ്പെട്ട് തീവണ്ടി വഴിയായി എറണാകുളത്തിറങ്ങി അവിടെ നിന്നും വള്ളം പിടിച്ച് 22–ന് വാകത്താനത്തു പള്ളിയിൽ എത്തി താമസിച്ചു.

കുംഭം .........ന് കാട്ടിൽ യോഹന്നാൻ കത്തനാർ പുത്തൻ കുർബാന ചൊല്ലി. അതിലേക്ക് കോട്ടയത്തു നിന്നും വട്ടശ്ശേരി മല്പാനച്ചനും ഏതാനും ശെമ്മാശന്മാരും വന്നിരുന്നു. മല്പാനച്ചൻ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് വീട് കയറ്റവും സദ്യയും ഇടവകക്കാരുടെ ദാനവും ഉണ്ടായിരുന്നു. ഗീവറുഗീസു റമ്പാൻ ടി. യോഹന്നാൻ കത്തനാർക്ക് താൻ ഇട്ടു ചൊല്ലിവന്നിരുന്ന ചെറിയ കാപ്പാ[58] ഓർമ്മക്കായി കൊടുക്കുകയും ചെയ്തു.

10–ന് കല്ലുങ്കത്ര മുപ്പാത്തിയിൽ ആകുന്ന വാണിയപ്പുരയിൽ കുരിയൻ, ഗീവറുഗീസ് റമ്പാച്ചന് ധൂപക്കുറ്റി പണിയിക്കുന്നതിനായി 25 രൂപ കൊടുത്തു. മീനം 16–ന് ഗീവറുഗീസു റമ്പാച്ചൻ വാകത്താനത്തു നിന്നും ആലുവായിലേക്ക് യാത്ര പുറപ്പെട്ടു. 18–ന് അവിടെ എത്തി. 1079 മീനം 19–ന് ആലുവാ പള്ളിയിൽ അങ്കമാലി മുതലായ വടക്കേ ഇടവകക്കാരുടെ ഒരു കൂട്ടം ഉണ്ടായി. ഈ കൂട്ടത്തിന് വടക്കെ ഇടവകക്കാരിൽ അധികം പള്ളിക്കാരും കൂടിയിരുന്നു. ആ യോഗക്കാർ ആലുവായിൽ ഒരു സിമ്മനാരി ഉണ്ടാക്കി ഇംഗ്ലീഷും സുറിയാനിയും പഠിപ്പിക്കണമെന്നും പണി വകക്കായി അങ്കമാലി ഇടവകയിലെ എല്ലാ പള്ളികളിൽ നിന്നും ഒരു കൊല്ലത്തെ വരുമാനം കൊടുക്കണമെന്ന് നിശ്ചയിച്ച് ആയത് നടത്തിക്കുന്നതിന് ഏതാനും പേരെ കമ്മട്ടിക്കാരായി തിരഞ്ഞെടുക്കുകയും നിർവാഹകസംഘത്തിൽ ഒരംഗമായി ഗീവറുഗീസ് റമ്പാനെ നിയമിച്ചു. ടി കൂട്ടത്തിന് തെക്കു നിന്ന് വട്ടശ്ശേരി മല്പാനച്ചനും, പത്രാധിപരും,[59] ജോൺ വക്കീലും[60] പല പട്ടക്കാരും ഹാജരായി.

ഇടവം 14–ന് കഥാനായകൻ ആലുവാ പള്ളിയിൽ നിന്നും പെരുമ്പാവൂർ പുതുതായി ഉണ്ടാക്കിയ പള്ളി കൂദാശ കഴിച്ച് കുരിശു വച്ച് കൊണ്ട് കുർബാന ചൊല്ലുന്നതിനായി ടി. പള്ളിക്കാരുടെ അപേക്ഷപ്രകാരം അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി അവിടേക്ക് പോയി. 15–ന് ടി പള്ളിയിലെ മദ്ബഹായിലുള്ള പ്രധാന ത്രോണോസുകൾ മാർ ത്തോമാ ശ്ലീഹായുടേയും വടക്കേ ത്രോണോസുങ്കൽ കുറിയാക്കോസു സഹദായുടേയും തെക്കേ ത്രോണോസുങ്കൽ ഗീവറുഗീസു സഹദായുടേയും നാമങ്ങളിൽ കൂദാശ കഴിച്ച് ഗീവറുഗീസ് റമ്പാൻ ശു: കുർബ്ബാന ചൊല്ലി. പടി

ഞാറു വശത്തു കുരിശു വച്ച സ്ഥലത്തു കന്യാസ്ത്രീയമ്മയുടെ നാമവും വിളിച്ചു.

16-ന് കഥാനായകൻ ടി പള്ളിയിൽ നിന്നും അവരുടെ സന്തോഷബഹുമാനാദികളെ സ്വീകരിച്ച് കുന്നക്കുരുടി പള്ളിയിലേക്ക് പോയി. ആ പള്ളിയിലെ ഒരു കൊല്ലത്തെ വരുമാനം ആലുവാ സിമ്മനാരിക്ക് കൊടുത്തു കൊള്ളാമെന്ന് സമ്മതിച്ച് കണക്കു തിട്ടപ്പെടുത്തി സംഖ്യ കുറിച്ചു തന്നു. അവിടുത്തെ ഒരു കൊല്ലത്തെ വരുമാനം 916 രൂപയാണ്.

22-ന് കുന്നക്കുരുടിയിൽ നിന്നും കഥാനായകൻ മഴുവന്നൂർ പള്ളിയിലേക്ക് പോയി. 24-ന് ശനിയാഴ്ച ആ പള്ളിയിൽ ശു. കുർബ്ബാന ചൊല്ലി. 25-ന് പെന്തിക്കോസ്തിയായിരുന്നതിനാൽ അന്നും ആ പള്ളിയിൽ ശു. കുർബ്ബാന ചൊല്ലി ക്രമം കഴിക്കയും പെന്തിക്കുസ്തിയെ സംബന്ധിച്ച് പ്രസംഗിക്കയും ചെയ്തു. ആ പള്ളിക്കാരും ഒരു കൊല്ലത്തെ വരുമാനം ആലുവാ സിമ്മനാരിക്കു കൊടുത്തുകൊള്ളാമെന്നു സമ്മതം തന്നു.

26-ന് കഥാനായകൻ മഴുവന്നൂർ നിന്നു റാക്കാട്ടു പള്ളിയിലേക്ക് പോയി. യാത്രയിൽ, കടമറ്റത്തു പള്ളിയിൽ കയറി പ്രാർത്ഥന കഴിച്ചു. ഈ പള്ളി വടക്കും തെക്കുമുള്ള പള്ളികളേക്കാൾ വളരെ വലിപ്പമുള്ളതും നല്ല ഒരു ഉയർന്ന കുന്നിൽ മനോഹരമായ കാഴ്ചയിൽ ഇരിക്കുന്നതുമാകുന്നു. ഈ പള്ളിയുടെ വടക്കുവശത്ത് വിശാലമായ രണ്ടു നിലയിൽ ഒരു മാളികമുറിയുണ്ട്. സന്ധ്യയ്ക്കു മുമ്പായി റാക്കാട്ടു പള്ളിയിൽ എത്തി താമസിച്ചു.

മിഥുനം 1-ന് ടി പള്ളിയിൽ യോഗം കൂടി കണക്ക് പരിശോധിച്ചു ഒരു കൊല്ലത്തെ വരുമാനം ആലുവാ സിമ്മനാരിക്ക് കൊടുത്തുകൊള്ളാമെന്ന് സമ്മതിയ്ക്കയും 25 രൂപ രൊക്കം തരികയും ചെയ്തു. 2-ന് ഗീവറുഗീസ് റമ്പാൻ റാക്കാട്ടു നിന്നും മാറാട്ടു പള്ളിയിലേക്ക് പോയി. അവിടുത്തെ പട്ടക്കാരൻ ആനിപ്ര കുറിയാക്കോസ് കത്തനാരെ കാണാഴികയാൽ റാക്കാട്ടു പള്ളിയിലേക്ക് തിരിച്ചുപോന്നു.

3-ന് റാക്കാട്ട് പള്ളിയിൽ നിന്നും ടി പള്ളിയുടെ കുരിശുപള്ളിയായ കടാതി പള്ളിയിലേയ്ക്കും അവിടെ നിന്നും ഉച്ച കഴിഞ്ഞ് കാരക്കുന്നത്തു പള്ളിയിലേക്കും പോയി (റാക്കാട്ടു പട്ടക്കാരിൽ കടത്തുങ്കൽ പൗലോസ് കത്തനാരും ഓണാട്ടുതോട്ടത്തിൽ യൗസേപ്പു കത്തനാരും കാരക്കുന്നം വരെ കൂടെ പോരികയും ചെയ്തു). കാരക്കുന്നത്തു പള്ളിക്കാർ ആലുവാ സിമ്മനാരിക്കു ഒരു കൊല്ലത്തെ വരുമാനം തന്നുകൊള്ളാമെന്ന് സമ്മതിച്ചു എഴുതിതരികയും ഗീവറുഗീസ് റമ്പാൻ 5-ന് അവിടെ നിന്നും കോതമംഗലത്തു ചെറിയപള്ളിയിലേക്ക് പോകയും ചെയ്തു.

8-ന് കഥാനായകൻ ചെറിയപള്ളിയിൽ നിന്നും ടി വലിയപള്ളിയിലേയ്ക്ക്

പോയി. ശു. കുർബ്ബാന ചൊല്ലുകയും ആലുവാ സിമ്മനാരിയെ സംബ ന്ധിച്ച് പണം പള്ളിയിൽ നിന്നും തരേണ്ട സംഗതിയെക്കുറിച്ചും മറ്റും പ്രസം ഗിക്കുകയും ചെയ്തുകൊണ്ട് തിരിച്ച് അന്നു തന്നെ ചെറിയ പള്ളിയിലേയ്ക്ക് പോരികയും ചെയ്തു. 15-ന് കഥാനായകൻ ടി ചെറിയ പള്ളിയിൽ ശു. കുർബ്ബാന ചൊല്ലുകയും നോമ്പിനെ കുറിച്ചും ആലുവാ സിമ്മനാരി പിരി വിനെക്കുറിച്ചും പ്രസംഗിക്കയും ചെയ്തു.

21-ന് കഥാനായകൻ കോതമംഗലത്തു ചെറിയപള്ളിയിൽ നിന്നും പോത്താനിക്കാട് പള്ളിയിലേക്ക് കാൽനടയായി പോയി. വഴിയുടെ ദുർ ഘടം കൊണ്ടും മഴയുടെയും വെള്ളപ്പൊക്കത്തിന്റേയും ഉപദ്രവം കൊണ്ടും എത്രത്തോളം കഷ്ടപ്പാടുണ്ടായി എന്ന് പറവതില്ല. സന്ധ്യയ്ക്കു മുമ്പായി അവിടെ എത്തി. കയ്യിൽ ഉണ്ടായിരുന്ന കിടക്ക മുതലായവകൾ എല്ലാം നനഞ്ഞു മിശ്രമായി. ഏകദേശം 10-നാഴികയിൽ അധികം വഴിദൂരം ഉണ്ടാ യിരുന്നു.

ആ പള്ളിയിൽ കണക്ക് കേൾവി ഉണ്ടായിട്ടു 12 കൊല്ലത്തിലധികമായി രിക്കയാൽ പള്ളിവക മുതൽ ഓരോ പ്രകാരത്തിൽ നശിച്ചും ചിലരുടെ കൈവശത്തിലും ആയിപ്പോയി എന്ന് അവർ സങ്കടം പറകയാൽ യൊശു: 6:18 വാക്യത്തെക്കുറിച്ചും ആലുവാ സിമ്മനാരി പിരിവിനെക്കുറിച്ചും പ്രസം ഗിക്കയും കണക്കു കേൾവിക്ക് എല്ലാവരും കൂടണമെന്ന് ചട്ടം കൊടുക്കയും ചെയ്തു. 23-ന് കൈസ്താനികൾ മുതലായവർ കൂടി കണക്ക് കേൾക്കു കയും മേൽ കുഴപ്പം ഉണ്ടാകാതിരിപ്പാൻ ചട്ടം കെട്ടി ഡയറി എഴുതിക്കയും ചെയ്തു.

24-ന് പത്രോസു പൗലോസു ശ്ലീഹൻമാരുടെ പെരുന്നാളിൽ റമ്പാച്ചൻ പ്രസംഗിക്കയും കർക്കിടകം 4-ന് അവിടെ നിന്നും കോതമംഗലത്തേയ്ക്ക് തന്നെ തിരിച്ചുപോരികയും ചെയ്തു. 6-ന് ടി ചെറിയപള്ളിയിൽ റമ്പാച്ചൻ ശു. കുർബ്ബാന ചൊല്ലി. 7-ന് കോതമംഗലത്തു നിന്നും പുറപ്പെട്ട് കുറുപ്പും പടി പള്ളിയിൽ എത്തി ഉച്ചഭക്ഷണവും കഴിച്ചു കൊണ്ട് സന്ധ്യയോടു കൂടി ആലുവായിൽ എത്തുകയും ചെയ്തു.

കന്നി മാസം 14-ന് ആലുവാ സിമ്മനാരിയിൽ ടി സിമ്മനാരി മാനേജിംഗ് കമ്മട്ടി കൂടി ടി സിമ്മനാരി ഖജാൻജി പറവൂർ കുളങ്ങരെ മാത്യു മരിച്ചു പോയതിന് പകരം പള്ളിക്കരെ ചിറ്റെത്തു ഇത്താപ്പിരിയെ ആ സ്ഥാന ത്തേക്കു നിയമിച്ചു. പിറ്റെ ദിവസം കമ്മട്ടിക്കാർ പിരിയുകയും ചെയ്തു.

18-ന് കഥാനായകൻ ആലുവാ സിമ്മനാരി പിരിവിനായി കോതമംഗല ത്തേക്കു പോകുംവഴി പെരുമ്പാർ താമസിച്ചിരുന്ന കോട്ടയത്തു വെള്ളൂർ സാനിറ്ററി തോമസിന്റെ വസതിയിൽ വെച്ച് ഉച്ചഭക്ഷണവും കഴിച്ചു കൊണ്ട് സന്ധ്യയോടു കൂടി കുറുപ്പുംപടി പള്ളിയിൽ എത്തി താമസിക്കയും പിറ്റെ

ദിവസം അവിടെ നിന്നും പുറപ്പെട്ട് ഉച്ചയ്ക്ക് കോതമംഗലത്ത് എത്തുകയും ചെയ്തു. കുറുപ്പുംപടി പള്ളി ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

20-ന് ആ പള്ളിയിൽ കാലം ചെയ്ത് ആ പള്ളി മദ്ബഹായിൽ അടക്കപ്പെട്ടിരിക്കുന്ന മാർ ബസേലിയോസു ബാവായുടെ[61] ഓർമ്മദിവസം പെരുന്നാളായി കഴിച്ചു വന്നിരിക്കുന്നതിനാൽ അതേ ദിവസം സന്ധ്യാനമസ് ക്കാരം കഴിഞ്ഞ് ടി ബാവായെക്കുറിച്ചും പരിശുദ്ധന്മാരുടെ ഓർമ്മ കഴിക്കുന്നതിനാൽ ഉള്ള ഗുണങ്ങളെക്കുറിച്ചും കഥാനായകൻ ഒരു പ്രസംഗം പറഞ്ഞു. കോനാട്ട് മല്പാൻ തുടങ്ങിയ പല പട്ടക്കാരും അനവധി ജനങ്ങളും കൂടിയിരുന്നു. ടി പെരുന്നാളിൽ ഉണ്ടാകുന്ന കുർബ്ബാനപ്പണം കുറെ ആണ്ടുകളായി കൂടുന്ന പട്ടക്കാർ എല്ലാവർക്കും കൂടി വീതിച്ചു കൊടുത്തു വന്നിരുന്നതിനെ മാറ്റപ്പെടുത്തി ഇക്കൊല്ലം ആ പള്ളിയിലെ പട്ടക്കാർ തന്നെ വീതിച്ചെടുത്തു.

21-ന് ഞായറാഴ്ചയും തലെദിവസം പെരുന്നാളിന്നും കഥാനായകൻ ശുഃ കുർബ്ബാന ചൊല്ലി. ഞായറാഴ്ച "ലോത്തിന്റെ ഭാര്യയെ ഓർത്തുകൊള്ളുവീൻ" എന്ന വാക്യത്തെക്കുറിച്ച് പ്രസംഗിച്ചു.

22 -ന് ആലുവാ സിമ്മനാരി പിരിവിനെ കുറിച്ച് യോഗക്കാർ കൂടി ആലോചിച്ചതിൽ തല്ക്കാലം പള്ളിയിൽ പണമില്ലാത്തതിനാൽ പിന്നീട് കൊടുത്തുകൊള്ളാമെന്ന് ഒഴിവു പറഞ്ഞതിനാൽ 24-ന് അവിടെ നിന്നും ഗീവറുഗീസ് റമ്പാൻ ചെലാട്ട് പള്ളിയിലേക്ക് പോയി. ഈ പള്ളിയോഗക്കാരെയും വരുത്തി പിരിവിനെക്കുറിച്ച് പ്രസ്താവിച്ചതിൽ തല്ക്കാലം പള്ളിയിൽ പണമില്ലെന്നു പറഞ്ഞു. ഈ പള്ളി 1871-ൽ മലങ്കര ഇടവകയുടെ യൗസേപ്പു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കൈകളാൽ എസ്തേപ്പാനോസ് സഹദായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടതാകുന്നു. ശുദ്ധ യാക്കോബ് ബുർദാനായുടെ തിരുശേഷിപ്പ് ഹൈക്കലായുടെ വടക്കേ ഭിത്തിയിൽ തിരുമേനി തന്നെ വച്ചിട്ടുണ്ട്. ഈ പള്ളിയിലെ വികാരിമാർ തുരുത്തിപ്പിളിപ്പള്ളിയുടെ ഇടവകയിലെ ആയത്തുകുടി തോമാ കത്തനാരും തുരുത്തുമാലി കത്തനാരും ആണ്.

25-ന് കഥാനായകൻ ചേലാട്ട് പള്ളിയിൽ നിന്നും കൊട്ടപ്പടി പള്ളിയിലേക്ക് പോയി. ഈ പള്ളി 1042-ന് തുലാ മാസം 25 നു പാലക്കുന്നത്തു മാത്യൂസ് അത്തനാസ്യോസ്[62] കല്ലിട്ട് കർമ്മം നടത്തിയതാകുന്നു. അടിസ്ഥാനം വച്ചത് പാലക്കുന്നൻ ആയിരുന്നതിനാൽ മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ പിന്നൊരവസരത്തിൽ ഗീവറുഗീസു സഹദായുടെ നാമത്തിൽ ആവർത്തിച്ച് കല്ലിട്ടു. ഈ പള്ളിയിലെ പട്ടക്കാർ ഇരുമലെ യൗസേപ്പു കത്തനാർ, ടി. യിൽ യൗസേപ്പു കത്തനാർ, പാറപ്പാട്ടു മത്തായി കത്തനാർ, മഞ്ഞുമ്മെക്കുടി പത്രോസു കത്തനാർ, ശ്രാമ്പിക്കുടി സ്കറിയാ കത്തനാർ എന്നിവർ ആകുന്നു.

28-ന് കഥാനായകൻ ആ പള്ളിയിൽ ശു. കുർബ്ബാന ചൊല്ലി. "അനുസരണം ബലിയേക്കാൾ നല്ലതാകുന്നു" എന്ന വാക്യത്തെ സംബന്ധിച്ചും ആലുവാ സിമ്മനാരി പിരിവിനെക്കുറിച്ചും പ്രസംഗിച്ചു. 29-ന് കഴിഞ്ഞു പോയ ശ്രാമ്പിക്കുടി കത്തനാരുടെ നാല്പതാം ദിവസം (അടിയന്തിരത്തിന്) കഥാനായകനും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലി.

30-ന് പള്ളിയിലേക്ക് യോഗക്കാർ കൂടി കണക്ക് പരിശോധിച്ച് ഒരു കൊല്ലത്തെ വരുമാനത്തിൽ നാലൊന്നു സംഖ്യ ആലുവാ സിമ്മനാരിക്ക് കൊടുത്തുകൊള്ളാമെന്ന് സമ്മതിച്ച് എഴുതി തന്നു. അന്നു തന്നെ കഥാനായകൻ അവിടെ നിന്നും വേങ്ങൂർ പള്ളിയിലേക്ക് പോകയും ചെയ്തു. വേങ്ങൂർ പള്ളി കൊല്ലം 1046 മാണ്ട് വൃശ്ചികമാസം 1-ന് "മാർ കൗമ" എന്ന പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടതാകുന്നു. കഴിഞ്ഞുപോയ പൊയ്ക്കാട്ടിൽ ഗീവറുഗീസു കത്തനാരുടെ അത്യുത്സാഹത്താലാണ് ഈ പള്ളി സ്ഥാപിച്ചത്. ഇപ്പോൾ ഈ പള്ളിയിലെ പട്ടക്കാർ ഒന്ന് കണക്കമ്മാകുടി യൌസെപ്പു കത്തനാരും ആലിയാട്ടുകുടി പൗലോസ് കത്തനാരും ആണ്. ഈ പട്ടക്കാർക്ക് പട്ടം കൊടുത്തത് അമ്പാട്ട് കൂറിലോസ് മെത്രാച്ചനാണ്.

5-ന് ഈ പള്ളിയിൽ കഥാനായകൻ ശു. കുർബ്ബാന ചൊല്ലി. "ദൈവത്തിൽ ധനവാനാകാതെ തനിക്ക് തന്നെ നിക്ഷേപം വയ്ക്കുന്നവൻ ഇപ്രകാരം ആകുന്നു" എന്ന വാക്യത്തെക്കുറിച്ചും ആലുവാ സിമ്മനാരി പിരിവിനെക്കുറിച്ചും പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് യോഗക്കാർ കൂടി കണക്ക് പരിശോധിച്ച് ഒരു കൊല്ലത്തെ വരുമാനം തന്നുകൊള്ളാമെന്ന് സമ്മതപത്രം തരികയും ചെയ്തു. 6-ന് കഥാനായകൻ അവിടെ നിന്നും സന്തോഷത്തോടെ പുറപ്പെട്ട് കുറുപ്പുംപടി പള്ളിയിൽ എത്തി താമസിക്കയും പിറ്റെ ദിവസം അവിടെ നിന്നും ആലുവായ്ക്ക് പോരികയും ചെയ്തു.

9-ന് ആലുവാ സിമ്മനാരി കെട്ടിടം പണിയിക്കുന്നതിനുള്ള കണക്ക് ആശാരിയെ വരുത്തി ഒന്ന് നിശ്ചയിച്ചു. പിന്നീട് സി. ജെ. മാണി സൂപ്രവൈസറുടെ പ്ലാൻ അനുസരിച്ചാണ് പണിയിച്ചിട്ടുള്ളത്. 10-ന് കഥാനായകൻ ആലുവായിൽ നിന്നും തീവണ്ടി കയറി എറണാകുളത്തു ഇറങ്ങി കൊച്ചിയിൽ ചെന്നു ചില സാമാനങ്ങൾ വാങ്ങിക്കൊണ്ട് 17 രൂപ കൂലി പറഞ്ഞു ബോധിച്ചു വള്ളം പിടിച്ചുകൊണ്ട് വാകത്താനത്തേക്ക് പുറപ്പെട്ടു. 11-ന് കാലത്ത് വേളൂർ കുരിശുംമൂട്ടിലെത്തി വള്ളക്കാരെ പിരിച്ചു വിട്ടുകൊണ്ട് അവരുടെ ഒരു വള്ളം പിടിച്ച് വാകത്താനത്തു പള്ളീ വന്നു ചേരുകയും ചെയ്തു. 12-ന് ഞായറാഴ്ച കഥാനായകൻ ടി. പള്ളിയിൽ ശു. കുർബ്ബാന ചൊല്ലി. 4 കുട്ടികളെ മാമോദീസാ കഴിക്കയും ചെയ്തു. അവയിൽ രണ്ടു കുട്ടികൾ ഓണാട്ട് പുന്നച്ചന്റെ മക്കളുടെ കുട്ടികൾ ആയിരുന്നു.

19–ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ നിന്നും വള്ളിക്കാട്ട് പള്ളിയിൽ എത്തി താമസിച്ചു. 20 ന് പരുമല കാലം ചെയ്ത മാർ ഗ്രീഗോറിയൊസു മെത്രാപ്പോലീത്താ തിരുമനസ്സിലെ ആണ്ട് ശ്രാദ്ധം വളരെ ആൾക്കൂട്ടത്തോട് കൂടി കഴിഞ്ഞു. സുറിയാനിപ്പള്ളികളിൽ ഇത്രയും ആൾക്കൂട്ടം ഉണ്ടായിട്ടില്ലെന്ന് പറയാം. നടവരവും രണ്ടായിരത്തിൽ അധികം ഉണ്ടായിരുന്നു.

വൃശ്ചികം 11–ന് കഥാനായകൻ കോട്ടയത്ത് സിമ്മന്നാരിയിലേക്ക് പോയി. അപ്പോൾ അവിടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും കണ്ടനാട്ട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മറ്റും ഉണ്ടായിരുന്നു. 12 ന് സിമ്മനാരി സ്ഥാപകന്റെ ഓർമ്മദിവസം കഴിച്ചു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനും കഥാനായകനും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലി. 14–ന് കഥാനായകൻ വാകത്താനത്ത് വള്ളിക്കാട്ട് പള്ളിയിലേക്കു പോരികയും ചെയ്തു. ധനു മാസം 25–ന് ടി. പള്ളിയിൽ ഗീവറുഗീസ് റമ്പാൻ നോമ്പ് വീടലിന് കുർബ്ബാന ചൊല്ലുകയും പിറവി പെരുനാളിനെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു.

**1904**

മകരമാസം 15–ന് വള്ളിക്കാട്ടു പള്ളിയിൽ പെരുന്നാളിന് കഥാനായകൻ കുർബാന ചൊല്ലുകയും കന്യാസ്ത്രീയമ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. 16–ന് കഥാനായകൻ ടി. പള്ളിയിൽ നിന്നും പുറപ്പെട്ട് 18–ന് ആലുവാ പള്ളിയിൽ എത്തി. അന്ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ വാകത്താനത്ത് (വെട്ടിക്കൽ കുന്ന്) പള്ളിയിൽ കർമ്മം നടത്തുന്നതിന് അനുവാദം കൊടുത്തു.

കുംഭം 17 –ന് മാർ അത്തനാസ്യോസ് മെത്രാേപ്പോലീത്താ, വട്ടശ്ശേരിൽ ഗീവറുഗീസു റമ്പാൻ, കുറ്റിക്കാട്ട് കൊച്ചുപൗലോസു റമ്പാൻ, നമ്മുടെ കഥാനായകൻ എന്നിവരോടൊരുമിച്ച് പ്രാർത്ഥന കഴിച്ചുകൊണ്ട് ആലുവ സിമ്മനാരിക്ക് അടിസ്ഥാന കല്ല് സ്ഥാപിച്ചു. 22–ന് ആലുവാ സിമ്മനാരി നിർവാഹക സംഘം കൂടി മീനം 18–ന് പൊതുയോഗം കൂടണമെന്ന് നിശ്ചയിച്ച് ടി. സംഘം പിരിഞ്ഞു.

23–ന് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ ആലുവാ പള്ളിയിലേക്ക് നീങ്ങുകയും തിരുവിതാംകൂർ ദിവാൻജി അന്ന് ആലുവായിൽ വന്നിട്ടുണ്ടായിരുന്നതിനാൽ തിരുമേനി കൊട്ടാരത്തിൽ ചെന്ന് അദ്ദേഹത്തെ കാണുകയും ചെയ്തു. പിറ്റെ ദിവസം ദിവാൻജിയും ആലുവാ പള്ളിയിൽ വന്ന് തിരുമേനികളെ കണ്ടുംവച്ച് പോകയും ചെയ്തു. 28–ന് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ ആലുവായിൽ നിന്നും അങ്കമാലിപ്പള്ളിയിലേക്ക് നീങ്ങി.

29–ന് കഥാനായകൻ അങ്കമാലിപ്പള്ളിയിലേക്ക് തീവണ്ടി വഴിയായി പോയി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മത്തായി 7:7 വാക്യത്തെക്കുറിച്ച് പ്രസംഗിക്കയും കോതമംഗലത്തു മാലിയിൽ ഇത്താപ്പിരി എന്ന കൊച്ചന് കോറൂയോ പട്ടം കൊടുക്കുകയും ചെയ്തു. അന്ന് കുർബാന ചൊല്ലിയത് ചാലപ്പുറത്ത് യാക്കോബ് റമ്പാൻ ആയിരുന്നു. കഥാനായകൻ അന്നു തന്നെ ആലുവായിലേക്ക് തിരിച്ചു പോരികയും ചെയ്തു.

മീനം 17–ന് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തൃശൂർ നിന്നും ആലുവായിലേക്ക് നീങ്ങി. 18–ന് മുൻ നിശ്ചയമനുസരിച്ച് ആലുവായിൽ ഒരു പൊതുയോഗം കൂടി. വല്ല്യ തിരുമേനി യോഗത്തിൽ അഗ്രാസനം വഹിച്ചു. യോഗത്തിൽ സിമ്മനാരി പണിയെ സംബന്ധിച്ച ചില നിശ്ചയങ്ങൾ പാസാക്കുകയും സിമ്മനാരി വക റിപ്പോർട്ടും മൂക്കഞ്ചേരിൽ മിസ്റ്റർ എം. പി. വർക്കി എഴുതി അയച്ചിരുന്ന ഒരു പ്രസംഗവും വായിച്ചു. അന്നു തന്നെ യോഗം പിരിയുകയും ചെയ്തു.

1080 ചിങ്ങം 5–ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കുന്നംകുളങ്ങരെ നിന്നു ആലുവാ പള്ളിയിലേക്ക് നീങ്ങി. 6–ന് പെരുന്നാളിൽ കഥാനായകൻ ശു. കുർബാന ചൊല്ലി. അന്നു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എറണാകുളത്തേക്കു എഴുന്നള്ളുകയും ചെയ്തു. 29–ന് അയ്യമ്പിള്ളിക്കാരൻ ചാക്കോ മജിസ്ട്രേട്ട് കഥാനായകനു ഒരു തുകൽ ഹെയിൽ ബാഗ് സമ്മാനിച്ചു.

30–ന് കഥാനായകൻ തന്റെ മാതാപിതാക്കൻമാർക്ക് സുഖക്കേടാണെന്നു എഴുത്തുവരികയാൽ വാകത്താനത്തേക്ക് പുറപ്പെട്ട് 31–ന് കല്ലുങ്കത്ര എത്തി അന്നുതന്നെ അവിടെ നിന്നും സിമ്മനാരിയിൽ എത്തി മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെയും മറ്റും കണ്ടുംകൊണ്ട് വാകത്താനത്ത് പ്ലാപ്പറമ്പിൽ കടവിൽ രാത്രി 10 മണിക്ക് എത്തി. ഇരുട്ടിന്റെയും മഴയുടെയും ശക്തി കൊണ്ട് അവിടെ കയറി താമസിച്ചു. കന്നി മാസം 1–ന് കാലത്തെ വള്ളിക്കാട്ട് പള്ളിയിൽ വന്ന് താമസിക്കുകയും ചെയ്തു.

അന്നേദിവസം കഥാനായകൻ തന്റെ വീട്ടിൽ പോയി അമ്മയെ കണ്ടു. വാതത്തിന്റെ സുഖക്കേട് നിമിത്തം ഇടതുകാൽ തളരുകയും നടക്കാൻ പാടില്ലാതെ വരികയും ചെയ്തു. അപ്പനും ദേഹത്തിൽ നീരും സുഖക്കേടുകളും ഉണ്ടായിരുന്നു. 5–ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ നിന്നും വാകത്താനത്തു പള്ളിയിൽ പോയി കുർബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തുകൊണ്ട് തിരിച്ചു പോരുകയും ചെയ്തു. 12–ന് വള്ളിക്കാട്ട് പള്ളിയിൽ പോയി പ്രസംഗിക്കുകയും അന്നു വൈകിട്ട് സിമ്മന്നാരിയിലേക്ക് പോകയും ചെയ്തു.

13–ന് തിരുവിതാംകൂർ ദിവാൻ മാധവറാവു അവർകൾ കോട്ടയത്തു സിമ്മ

നാരിയിൽ വന്നിരുന്നു. അപ്പോൾ വലിയ എതിരേല്പും ആൾക്കൂട്ടവും ഉണ്ടായി. ദിവാന്റെ കൂടെ പേഷ്ക്കാർ[63] മുതലായ ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. ദിവാൻജിക്ക് സംഘക്കാരുടെ വകയായി ഒരു മംഗളപത്ര സമർപ്പണവും അതിനു മറുപടി അദ്ദേഹം വായിക്കയും ചെയ്തു. ചെമ്പുപട്ടയം മുതലായ പഴയ റിക്കാർട്ടുകൾ കാണണമെന്ന് ദിവാൻ ആവശ്യപ്പെടുകയാൽ മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ട് ആയതു കാണിക്കുകയും ചെയ്തു. അദ്ദേഹം അവിടെ നിന്ന് സി. എം. എസ്. കോളജിലേക്കു ഉടനെ തന്നെ പോയി.

13-ന് കാലത്ത് 8 മണിക്കു ദിവാൻജി മുതലായവർ മനോരമപ്പള്ളിക്കൂടവും സന്ദർശിച്ചു. അപ്പോൾ മെത്രാപ്പോലീത്താ തിരുമേനിയും അവിടെ എത്തിയിരുന്നു. 14-ന് സ്ലീബാ പെരുന്നാളിൽ മനോരമ ഏലിയാ ചാപ്പലിൽ കഥാനായകൻ പോയി കുർബാന ചൊല്ലി. ഇലവിനാമണ്ണിൽ സ്കറിയാക്കത്തനാർ സ്ലീബായെ കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മുതൽപേർ സിമ്മനാരിയിലേക്ക് പോകയും കഥാനായകൻ മനോരമയിൽ താമസിക്കയും ചെയ്തു. പിറ്റെദിവസം അവിടെനിന്നും കുരിശുപള്ളിയിലേക്കും അവിടെനിന്നും ആലുവായിലേക്കും പോകയും 17-ന് അവിടെ എത്തുകയും ചെയ്തു.

## മാർ അത്തനാസ്യോസിന്റെ അന്ത്യം

19-ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് സുഖക്കേട് കണ്ടു തുടങ്ങി. 26-ന് കഥാനായകൻ ശു. കുർബാന ചൊല്ലി പുതുപ്പള്ളിക്കാരൻ പണ്ടാരക്കുന്നേൽ പീലിപ്പോസ് അപ്പോത്തിക്കരിയുടെ ഒരു കുട്ടിയെ മാമോദീസാ മുക്കി തോമ്മാ എന്ന് പേരിട്ടു. 29-ന് കഥാനായകൻ ആലുവായിൽ നിന്നും എറണാകുളത്തേക്ക് പോയി അവിടെ എഴുന്നള്ളി താമസിച്ചിരുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോട് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ സുഖക്കേട് വിവരം അറിയിച്ചുകൊണ്ട് പിറ്റെ ദിവസം ആലുവായ്ക്ക് തിരിച്ചു പോരികയും ചെയ്തു. മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു അന്ത്യകല്പന എഴുതിയിരുന്നത് അച്ചടിപ്പാൻ എറണാകുളത്ത് ഏല്പിക്കയും ചെയ്തു.

തുലാ മാസം 5-ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എറണാകുളത്തു നിന്നും ആലുവായിലേക്ക് നീങ്ങി മെത്രാപ്പോലീത്താ തിരുമനസ്സിലെ സുഖക്കേട് കാണുകയും അവിടുത്തെ ചിലവ്വകക്ക് സഹായധനം അയച്ചുകൊടുക്കണമെന്നും മറ്റും അങ്കമാലി ഇടവകയിലുള്ള എല്ലാ പള്ളിക്കാർക്കും കല്പന അയച്ചു കൊടുക്കയും ചെയ്തുകൊണ്ട് പിറ്റെ ദിവസം എറണാകുളത്തേക്ക് തിരിച്ചെഴുന്നള്ളി. 13-ന് കണ്ടനാട്ട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ആലുവായിൽ എത്തി

Malankara Orthodox TV

തിരുമനസ്സിലെ ദീനം കണ്ടും വച്ച് 14-ന് പരുമലക്ക് നീങ്ങുകയും ചെയ്തു. വാകത്താനത്തു പഴയാറ്റുങ്കൽ ചെറിയ വിഷംതീണ്ടി മരിച്ചുപോയ വിവരത്തിന് മദ്രാസിൽ പഠിക്കുന്ന ടിയാന്റെ മകൻ ചെറിയാച്ചൻ.

എന്റെ പ്രിയ അപ്പന്റെ എന്നപോലെ അപ്പൂപ്പന്റെയും വിയോഗം നമ്മെ വ്യസനിപ്പിക്കുന്നതെങ്കിലും നമുക്ക് അവരുടെ ഇഹലോകവാസത്തിലുള്ള മാതൃകാജീവിതം വളരെ സ്ഥിരതയെ നൽകുന്നതത്രെ. വളരെ ആശ്വാസത്തെ തരുന്നതത്രെ. നിത്യജാഗരണത്തിൽ ഇരിക്കുന്നവർക്ക് മരണത്താൽ കർത്താവിൽ നിന്ന് അകലം ഭവിക്കുന്നില്ല. തങ്കലേക്ക് യോഗ്യതയെ ഭവിക്കുന്നുള്ളു. ദീനം എന്ന തട്ടിൽ അവർ ദൈർഘ്യമായി അനുതപിച്ചേ കഴിയുന്നില്ല. സത്യക്രിസ്ത്യാനികളെ ക്രിസ്തുവിൽ നിന്ന് വേർപിരിക്കുന്നതിന് മരണത്തിന് മൂർച്ചയില്ല. അവരുടെ സ്ഥിതി കൊറന്തി 2-ൽ പറയുന്നതുപോലെയാകും. നിത്യപിതാവിന്റെ മുമ്പാകെ അവന്റെ സർവ്വശക്തിയുള്ള നാമത്തിൽ മുദ്രകുത്തപ്പെട്ട വെളുത്തതും നിർമ്മലമായതുമായ നിലയങ്കി ധരിച്ച് ജയത്തിന്റെ കുരുത്തോലകൾ പിടിച്ച് തങ്ങളുടെ പരിശുദ്ധന്റെ ഭുജത്തിന്റെ ശക്തിയാൽ അവർ ജയം പ്രാപിച്ചിരിക്കുന്നു. വിശപ്പ്, ദാഹം, ദീനം ഇവർ ഇനിമേൽ സഹിക്കേണ്ട. മരണമില്ലായ്മയുടെ കനി അവർക്ക് ഭക്ഷിക്കാം. സിംഹാസനത്തിന്റെ മുമ്പിൽ ജീവന്റെ ഉറവുകളിലേക്ക് കുഞ്ഞാട് അവരെ നടത്തും. വിശ്വാസത്താൽ ആയുധം ധരിച്ച് പ്രാർത്ഥനയിൽ ചിറകു ധരിച്ച് കൃപയിൽ നിന്ന് മഹത്വത്തിലേക്ക് പോയവരായ അവരെക്കുറിച്ച് നാം ദുഃഖിക്കരുത്. സ്വർഗത്തിന്റെ നിത്യ ദിവസങ്ങൾ അവർ അനുഭവിക്കും. നാം നമ്മുടെ ഇഹലോക മോക്ഷപ്രയാണത്തെ അവസാനിപ്പിക്കും മുമ്പ് കോള. 1:12 ൽ പറയുന്ന പൂർണ്ണതയ്ക്ക് യോഗ്യരാകണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളു. വ്യസനത്താൽ നാം വലിയ ദഹനം ചെയ്യുന്നതെന്തിന്. നമ്മുടെ മൃദുവായ പ്രാർത്ഥനയും കർത്താവിന് കേൾക്കാം. നമ്മുടെ ഭീതികളെ കാറ്റിലേക്ക് എറിഞ്ഞ് കളഞ്ഞ് നമുക്ക് കർത്താവിൽ ആശിക്കാം. നമ്മുടെ നെടുവീർപ്പിനെ അവൻ കേൾക്കുന്നു. നമ്മുടെ കണ്ണീർ തുള്ളികളെ അവൻ എണ്ണുന്നു. അടിപെട്ട നമ്മുടെ തലയെ അവൻ താങ്ങി ഉയർത്തും. സകല വ്യവസ്ഥയും സകല കല്പനയും കർത്താവിന്റെ രാജകീയ അധികാരത്തിന് ഞാൻ സമർപ്പിച്ചിരിക്കുന്നു. എല്ലാ സ്ഥിതിയിലും ദീനത്തിലും സുഖത്തിലും ദാരിദ്ര്യത്തിന്റെ താഴ്‌വരയിലും ഐശ്വര്യത്തിന്റെ കുന്നിലും വീട്ടിലും പുറത്തും കരയ്ക്കും കടലിലും അവന്റെ ശക്തി നമ്മെ താങ്ങട്ടെ! അഗാധ വെള്ളത്തിൽ കൂടി ഗമിക്കുവാൻ നാം കല്പിക്കപ്പെട്ടാലും ദുരിതത്തിന്റെ വൻ നദി നമ്മെ ഒഴുക്കിക്കൊണ്ടു പോകില്ല. നമ്മെ മൂശയിൽ വച്ചൂതുമ്പോൾ നാം വേവുകയില്ല. എങ്കിലോ സ്ഫുടം വച്ച് എടുക്കപ്പെട്ട പൊന്നുപോലെ ആകയത്രെ ചെയ്യുന്നത്. എന്റെ തല്ക്കാലിക സ്ഥിതി നിരാശാസാഗരത്തിന്റെ കര കാണുവാൻ ശ്രമിക്കുന്നതുപോലെ എങ്കിലും കർത്താ

വിന്റെ കരുണയിൽ ഞാൻ ധൈര്യം പ്രാപിക്കുന്നു. മാറയിലെ വെള്ളം കയ്പു തന്നെ. എങ്കിലും ശാന്തവും ശീതവും സ്ഫടികനിറവുമായ എലീമിന്റെ നീരുറവകൾ ഒരു ദിവസം പ്രത്യക്ഷപ്പെടും. എസ്തൊളിലെ മുന്തിരിക്കുലകൾ നല്ലതും മധുരമുള്ളതും തന്നെ. എങ്കിലും അതില്ലാതാകുമ്പോൾ രുചി ഏറിയ ഒരു പിടി മന്നാ ലഭിക്കും. ഇപ്രകാരം നാം കർത്താവിൽ ആഗ്രഹിക്ക, ആശ്രയിക്ക. അവൻ നമ്മെ ആശ്വാസപ്പെടുത്തട്ടെ. എഴുതുവാൻ വളരെയുണ്ട്. എങ്കിലും സമയച്ചുരുക്കത്താൽ നിർത്തുന്നു. റമ്പാച്ചൻ എല്ലാവർക്കും ആശ്വാസത്തെ നല്കണമെന്ന് അപേക്ഷിക്കുന്നു.

എന്നു പ്രിയ റമ്പാച്ചനു പ്രിയ കെ. സി. ചെറിയാൻ (കൊച്ച്) മദ്രാസ്. ബുധനാഴ്ച.

ഇപ്രകാരം മറ്റ് ചില സ്നേഹിതന്മാരുടെയും എഴുത്തുകൾ കിട്ടീട്ടുണ്ട്.

വൃശ്ചികം 12 -ന് സിമ്മന്നാരിയിലെ ശ്രാദ്ധത്തിന് പോകാൻ ഏനമായില്ല. 21-ന് ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ശു. കുർബാന ചൊല്ലി. ഉച്ചകഴിഞ്ഞ് നാലുന്നാക്കൽ കരിപ്പാൽ അച്ചന്റെ ഏക പുത്രിയുടെ വിവാഹ കൂദാശ നടത്തുവാൻ ചെല്ലണമെന്ന് അവർ അപേക്ഷിയ്ക്കയാൽ ടി. പള്ളിയിലേക്ക് പോയി വിവാഹകർമ്മം കോയിപ്പുറത്തച്ചൻ, കാട്ടിലച്ചൻ മുതലായ പട്ടക്കാരോട് കൂടി നടത്തിയും വച്ച് തിരികെ പോരുകയും ചെയ്തു.

28-ന് വെട്ടിക്കുന്നു പള്ളിയിലേക്ക് കഥാനായകൻ പോയി. ശു. കുർബാന ചൊല്ലുകയും പള്ളിയുടെ നാശസ്ഥിതിയെപ്പറ്റി പ്രസംഗിക്കയും ചെയ്തുകൊണ്ട് വള്ളിക്കാട്ട് പള്ളിയിലേക്ക് പോയി. ധനു മാസം 5-ന് ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ടു പള്ളിയിലും 6-ന് അപ്പന്റെ നാല്പതാം ദിവസമായിരുന്നതിനാൽ വാകത്താനത്തു പള്ളിയിലും ശു. കുർബാന ചൊല്ലി. അടിയന്തിരം ചുരുങ്ങിയ മട്ടിൽ ചൂരപ്പാടിൽ വച്ച് കഴിക്കയും ചെയ്തു.

7-ന് കഥാനായകൻ ആലുവായിലേക്ക് പോകുന്നതിനായി യാത്ര പുറപ്പെട്ട് സന്ധ്യയോടു കൂടി കോട്ടയത്ത് ഓണാട്ട് ചാക്കോ വക്കീൽ താമസിക്കുന്ന വസതിയിൽ എത്തി അത്താഴവും കഴിച്ച് കേവും പിടിച്ചു കൊണ്ട് 8-ന് വൈക്കത്ത് എത്തി. അപ്പോൾ അവിടെ താമസിച്ചിരുന്ന കോട്ടയത്തുകാരൻ ഇട്ടി വക്കീലും തെക്കേത്തലക്കൽ ഉതുപ്പു വക്കീലും പള്ളത്തു കളപ്പുരയ്ക്കൽ അബ്രഹാം വക്കീലും പറവൂർക്കാരൻ യൗസേപ്പു വക്കീലും കൂടി അവരുടെ വീടുകൾ കൂദാശ കഴിച്ച് കൊടുക്കണമെന്ന് പറകയാൽ അവിടെയിറങ്ങി ആയതു കഴിച്ചു കൊടുത്തുകൊണ്ട് രാത്രി 9 മണിക്ക് അവിടെ നിന്നും പുറപ്പെടുകയും ചെയ്തു. ടി. വക്കീലന്മാർ 4 പേരും കൂടി കറുത്ത കുപ്പായം വകക്ക് 6 മാറ് കറത്ത പ്രീന വാങ്ങിച്ച് തന്നതിനെ സ്വീകരിക്കുകയും ചെയ്തു.

Malankara Orthodox TV

9–ന് കഥാനായകൻ ആലുവായിൽ എത്തി. ഈ യാത്രയിൽ വാകത്താനത്ത് നിന്നും പള്ളിക്കപ്പറമ്പിൽ തൊമ്മച്ചന്റെ മകൻ (കുര്യൻ) കൊച്ച് കൂടി പോരികയും ടിയാൻ 10 ന് ആലുവായിൽ നിന്നും തിരിച്ചു പോകയും ചെയ്തു. 16–ന് കഥാനായകൻ പറവൂർ കിഴക്കുംതലയ്ക്കൽ പൗലോസ് വക്കീലിനോടൊരുമിച്ച് പറവൂർ പള്ളിയിലേക്ക് പോയി. അപ്പോത്തിക്കിരി സ്തേപ്പാനോസിനെ വരുത്തി കഥാനായകനുണ്ടായിരുന്ന സുഖക്കേട് വിവരം അറിയിക്കയും ദേഹം പരിശോധിച്ച് ഒരു മരുന്നിന് മദ്രാസിലേക്ക് എഴുതി അയക്കയും ചെയ്തു. 19–ന് കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലുകയും മത്തായി 1:1 വാക്യത്തെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു.

25–ന് നോമ്പ് വീടലിന് കഥാനായകൻ ആ പള്ളിയിൽ കുർബാന ചൊല്ലുകയും പ്രസംഗിക്കയും ചെയ്തു. 26–നും കുർബാന ചൊല്ലി. 28 ന് പറവൂർ പള്ളിക്ക് കുടിശിഖ തീർപ്പാനുണ്ടായി കടവിൽ കുഞ്ഞവരാ ആ വക പണം ആലുവാ സിമ്മനാരി പണി വകക്ക് പള്ളിക്കാരുടെ സമ്മതത്തോടു കൂടി തരികയും കഥാനായകൻ ആലുവായിലേക്ക് പോകയും ചെയ്തു. രൂപ ആകെ 240 ആയിരുന്നു. 29–ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആലുവായിൽ എഴുന്നള്ളുകയും പിറ്റെദിവസം അവിടെ നിന്ന് കുന്നംകുളങ്ങരയ്ക്ക് നീങ്ങു കയും ചെയ്തു.

**1905**

മകര മാസം 24–ന് കഥാനായകൻ കൊച്ചി രാജരാജശ്രീ ഒല്ലീബായി കാത്യബായി കമ്പനി ആദം ജി അക്കിം ജി സേട്ട് അവർകളെ കണ്ട് ആലുവാ സിമ്മന്നാരി കെട്ടിടത്തിന്റെ പണിവകക്ക് തടി കിട്ടേണ്ടതിന് ആലോചിപ്പാനായി പോയി. അയാൾ കൊല്ലത്ത് ആയിരുന്നതിനാൽ കാണുന്നതിന് ഇടയാകാതെ പിറ്റെ ദിവസം ആലുവായ്ക്ക് തിരിച്ചു പോന്നു. കൊച്ചിയിൽ ചെന്നപ്പോൾ താമസിക്കുന്നതിന് കൊച്ചീപ്പള്ളിയിൽ ആളു താമസമില്ലാതിരുന്നതിനാൽ കൊച്ചിയിലെ അന്നത്തെ മജിസ്ട്രേട്ട് അയ്മ്പള്ളിക്കാരൻ വടക്കേവീട്ടിൽ മിസ്റ്റർ വർക്കിയുടെ ബങ്കളാവിൽ താമസിച്ചു. അയാൾ ഭക്തിപൂർവ്വം സ്വീകരിക്കയും ചെയ്തു.

27–ന് കഥാനായകന്റെ സുഖക്കേടിന് ചികിത്സിപ്പാൻ വേണ്ടി വാലിയക്കാരൻ വർക്കിയും അകപ്പറമ്പിൽ കാവലഞ്ചേരിൽ മാത്തുവും കൂടി ഷൊർണൂരിനു സമീപം ചെറുതുരുത്തി ആപ്പീസിനടുത്തു 'മുണ്ട' വൈദ്യൻ എന്നവനെ കാണുന്നതിന് കാലത്തു 7 മണിക്ക് മെയിൽ വണ്ടിക്ക് ആലുവാ തീവണ്ടി ആപ്പീസിൽ നിന്നും പുറപ്പെട്ട് ചൊവ്വാഴ്ച അങ്കമാലി, ചാലക്കുടി, ഇരിങ്ങാലക്കുട, പുതുക്കാട്, ഒല്ലൂർ, ത്രിശൂർ, മുളങ്കുന്നത്തുകാവ്, വടക്കാഞ്ചേരി, മുള്ളൂർക്കര, ചെറുതുരുത്തി ഇതുകൾ ആലുവാ കഴിഞ്ഞിട്ടുള്ള ആപ്പീസുകളാണ്. ഈ ഒടുവിലത്തെ ആപ്പീസു കഴിഞ്ഞാൽ പിന്നെയുള്ളത് ഷൊർണൂർ ആപ്പീസാണ്. അപ്പോൾ കൊച്ചിയിലെ തീവണ്ടി അവസാനിച്ചു.

ഞങ്ങൾ ഉച്ചയ്ക്ക് മുമ്പ് വൈദ്യന്റെ വീട്ടിലെത്തി. അവനെ കാണുകയും വേണ്ട മരുന്നും കുറുപ്പടികളും തരികയും ചെയ്തു. 5 രൂപാ ടിയാന് സമ്മാനവും കൊടുത്തു. വളരെ രോഗികൾ വൈദ്യന്റെ അടുക്കൽ വന്നിട്ടുണ്ടായിരുന്നു. എല്ലാവരെയും വേണ്ടവിധത്തിൽ സന്തോഷിപ്പിച്ച് അയയ്ക്കുന്നതിന് ടിയാന് വലിയ സാമർത്ഥ്യമുണ്ട്. ഞങ്ങൾ അവിടെ നിന്നും 1 മണിക്ക് വണ്ടി കയറി 4 മണിക്ക് ആലുവായിൽ തിരിച്ചെത്തുകയും ചെയ്തു.

മീനം 24-ന് വരാപ്പുഴ ഡിപ്പോവിൽ തടിലേലം ഉണ്ടായിരുന്നതിനാൽ ആലുവാ സിമ്മന്നാരി കെട്ടിടത്തിന്റെ പണിക്ക് വേണ്ടി കുറെ തടി ലേലം പിടിക്കുന്നതിനായി കഥാനായകനും കാവാലഞ്ചേരി മാത്തുവും കൂടി വാരാപ്പുഴയ്ക്ക് പോവുകയും 25, 26 തീയതികളിൽ 20 കണ്ടി ഇരുമുള്ള് തടി ലേലം പിടിച്ച് 26-ന് ആലുവായ്ക്ക് തിരിച്ചു പോരികയും ചെയ്തു. ടി. തടിക്ക് 204 രൂപയായി. മേല്പറഞ്ഞ തീയതികളിൽ വളരെ തടികൾ ലേലം ഉണ്ടായിരുന്നു. തടിലേലം ചെയ്ത ഫോറസ്റ്റ് ആപ്പീസർ മിസ്റ്റർ വാട്ട് സായിപ്പ് ആയിരുന്നു.

മേടം 3-ന് കഥാനായകന്റെ സ്നേഹിതൻ പഴയാറ്റുങ്കൽ കെ. സി. ചെറിയാൻ മദ്രാസിൽ നിന്നും ആലുവായിൽ വന്നു ചേർന്നു. ഒരു കൂട്ടം ചെരുപ്പ് വാങ്ങിക്കൊണ്ടുവരണമെന്ന് എഴുതി അയച്ച പ്രകാരം ടിയാൻ അത് വാങ്ങിക്കൊണ്ട് വരികയും സമ്മാനമായി തരികയും ചെയ്തു. ഇടവം 28-ന് കഥാനായകൻ എറണാകുളത്ത് എഴുന്നള്ളി താമസിച്ചിരുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കാണുന്നതിനും ചില സംഗതികൾ തിരുമനസ്സറിയിക്കുന്നതിനും ആയി പോകയും തിരുമേനിയെ കണ്ടുംവെച്ച് തിരികെ പോരികയും ചെയ്തു. ടി. മാസത്തിലെ ഇടവകപത്രികയിൽ[64] അബ്ദേദ് മശിഹാ പാത്രിയർക്കീസിനെ തുർക്കി സുൽത്താൻ സ്ഥാനഭ്രഷ്ടനാക്കി എന്നു കാണുന്നതിന് ഇടയായതിൽ എല്ലാവരും വ്യസനിച്ചു.

മിഥുനം 1-ന് കഥാനായകന്റെ നോവിന് കൂടുതൽ എന്നു കാണുകയാൽ ഇന്തുകാന്തം നെയ്യ് കാച്ചി 'സ്നേഹപാനം' കഴിക്കണമെന്ന് നിശ്ചയിച്ചു. ആയതു സേവിപ്പിക്കുന്നതിന് ആലുവാ സർക്കാർ നാട്ടുവൈദ്യൻ എടപ്പള്ളിൽ കോശേരി മഠത്തിൽ രവിവർമ്മൻ തിരുമുല്പാടിനെ വരുത്തി ഒന്നാം തീയതി മുതൽ സേവിച്ചു തുടങ്ങി. ആദ്യദിവസം വയറിളക്കി. പിറ്റെ ദിവസം നെയ്യിൽ കുറച്ച് ഇന്തുപ്പ് പൊടിച്ചിട്ട് ദഹിപ്പാൻ തക്കവണ്ണം 2 തുടമോ 3 തുടമോ ചൂടു പിടിപ്പിച്ച് സേവിക്കയും അതു ദഹിച്ചു എന്ന് തോന്നിയപ്പോൾ കുറച്ച് പൊടിയരികഞ്ഞി കുടിച്ചു. ആദ്യദിവസം നെയ്യ് സേവിച്ച് ഏറെ കാലത്തെ മുതൽ ദഹനം ഉണ്ടായില്ലാ. അങ്ങനെ 12 ദിവസം കഴിച്ചുകൂടി. പിന്നെ 12 ദിവസത്തെ പഥ്യവും ആചരിച്ചു. വൈദ്യന് 6 രൂപാ സമ്മാനവും കൊടുത്തു. 2, 3 മാസത്തേക്ക് സുഖക്കേട് മാറി നിന്നു.

Malankara OrthodoxTV

കർക്കടകം 28–ന് കഥാനായകൻ മെത്രാച്ചന് കുപ്പായശീല വാങ്ങിക്കുന്നതിനും ആലുവാ സിമ്മന്നാരി കെട്ടിടത്തിന് ഇറക്കുവാൻ ഓട് കടമായി കിട്ടുവാൻ മാർഗ്ഗമുണ്ടോ എന്നറിവാനും ആയി കൊച്ചീക്ക് പോയി. കമ്പനിക്കാരെ കണ്ട് ഏനമില്ലാന്നറിഞ്ഞ് പിറ്റെ ദിവസം തിരിച്ചു പോരികയും ചെയ്തു. 1081 ചിങ്ങ മാസം 3–ന് കഥാനായകൻ സൈത്തു കൂദാശ ചെയ്യുന്നതിലേക്കായി ആയതു വാങ്ങിപ്പാൻ കൊച്ചീക്കു പോകയും പിറ്റെ ദിവസം വാങ്ങിച്ചുകൊണ്ട് തിരിച്ചു പോരികയും ചെയ്തു.

മുൻ മിഥുനം 16–ന് കഥാനായകൻ പള്ളിക്കാർക്കു സൈത്തു കൂദാശ ചെയ്യിച്ചു വരുത്തി കൊടുക്കാമെന്നും ആയതിലേക്ക് സൈത്തോ പണമോ അയച്ചു തരണമെന്നും ഇടവകപത്രികയിൽ പരസ്യം ചെയ്യുകയും കൂദാശ ചെയ്തു തരുന്നതിന് ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയോട് എഴുതി അയച്ച് അപേക്ഷിക്കുകയും ചെയ്തതനുസരിച്ച് വാങ്ങിച്ച സൈത്ത് മുഴുവൻ 5–ാം തീയതി കടമറ്റത്തേക്ക് ടി. തിരുമേനിയുടെ പക്കലേക്ക് യൗനാൻ വശം കൊടുത്തയക്കയും തിരുമേനി 6–ന് പെരുന്നാളിൽ കൂദാശ ചെയ്ത് തിരിച്ച് തരികയും ചെയ്തു. പള്ളിക്കാർ അയച്ചു തന്നതും വാങ്ങിച്ചതുമായ സൈത്തുമെല്ലാം[65] കൂടി 42 കുപ്പി ഉണ്ടായിരുന്നു.

ചിങ്ങം 2–ന് ആർത്താറ്റ് പള്ളി നമുക്കു ഗുണമായി എറണാകുളം റോയൽ കോർട്ടിൽ ഏകാഭിപ്രായമായി വിധിച്ചു. 14–ന് കഥാനായകൻ, മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ സുഖക്കേട് നിമിത്തം കുറച്ചു ദിവസം മുമ്പ് അകപ്പറമ്പിലേക്ക് പോയിരുന്നതിനാൽ അദ്ദേഹത്തെ കാണുന്നതിനായി പോകയും പിറ്റെ ദിവസം തിരിച്ചു പോരികയും ചെയ്തു.

കന്നി മാസം 4–ന് ആലുവാ സിമ്മനാരി നിർവാഹക സംഘം കൂടി 7 പേർ ഹാജരുണ്ടായിരുന്നു. സിമ്മന്നാരി രണ്ട് നില എന്നുള്ളതു സാധിക്കാൻ പ്രയാസമെന്ന് കാണുകയാൽ ഒറ്റ നിലയിൽ പണി നിവർത്തിക്ക ണമെന്ന് നിശ്ചയിച്ച് ഉറപ്പിച്ചു. 6–ന് വടകര ഗീവറുഗീസു റമ്പാൻ ദീനമായി ചികിത്സക്കായി എറണാകുളത്ത് എത്തുമെന്നു കേൾക്കയാൽ അദ്ദേഹത്തെ കാണുന്നതിനായി കഥാനായകൻ കൊച്ചുപൗലോസു റമ്പാൻ ഒരുമിച്ച് അവിടേക്ക് പോകയും ടിയാൻ അവിടെ എത്താതിരുന്നതിനാൽ തിരിച്ച് ആലുവായ്ക്ക് പോരികയും ചെയ്തു.

11–ന് കഥാനായകൻ ദീനത്തിലിരിക്കുന്ന അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കാണ്മാനായി അകപ്പറമ്പിലേക്ക് പോകയും പിറ്റെ ദിവസം ആലുവായ്ക്ക് തിരിച്ചു പോരികയും ചെയ്തു. അന്നുതന്നെ എറണാകുളത്തെത്തിയിരുന്ന വടകര ഗീവറുഗീസ് റമ്പാനെ കാണ്മാൻ കഥാനായകനും പൗലോസു റമ്പാനും കൂടി പോകയും കണ്ടുംവച്ച് തിരിച്ച് പോരികയും ചെയ്തു. അദ്ദേഹത്തിന് രക്തവാതം വന്ന് കാലിൽ പൊട്ടുകയും പല

ചികിത്സകൾ ചെയ്തിട്ടും ഗുണം കിട്ടാഴികയാൽ എറണാകുളം ആസ്പത്രിയിൽ വെച്ച് ഒരു കാലു മുറിച്ച് കളയുകയും ചെയ്ത് വലിയ വ്യസനത്തിൽ ഇരിക്കയായിരുന്നു.

13-ന് കഥാനായകൻ ആലുവായിൽ നിന്നും വാകത്താനത്തേക്ക് പോകുവാൻ യാത്ര പുറപ്പെട്ട് എറണാകുളത്തു എത്തി ദീനക്കാരനായ റമ്പാച്ചനെ ഒന്നു കൂടി കണ്ടും കൊണ്ട് കേവു പിടിച്ച് 14-ന് കല്ലുങ്കത്ര പള്ളിയിൽ കുർബാന കഴിഞ്ഞ് അന്ന് അവിടെ താമസിക്കയും പിറ്റെ ദിവസം സന്ധ്യയോട് കൂടെ വള്ളിക്കാട്ട് പള്ളിയിൽ എത്തി താമസിക്കയും ചെയ്തു.

18-ന് കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലുകയും 20-ന് ടി. പള്ളി സ്ഥാപനയുടെ ഓർമ്മദിവസത്തിൽ പതിവിൻ പ്രകാരമുള്ള നേർച്ചകളോടു കൂടി എല്ലാവരും വരുന്നതിന് ചട്ടം കെട്ടുകയും ചെയ്തു. അതിൻ പ്രകാരം 20-ന് കഥാനായകൻ കുർബാന ചൊല്ലുകയും വഴിപാട് ഇടീക്കയും മറ്റും ചെയ്തു. നേർച്ചയായി അവൽ വന്നിരുന്നത് എല്ലാവർക്കും കൊടുക്കുകയും ചെയ്തു. 25-ന് വാകത്താനത്തു പള്ളിയിൽ പോയി ശു. കുർബാനയും മാമ്മോദിസായും കഴിച്ചു കൊണ്ട് പൊട്ടക്കാവേലിൽ ചെന്ന് അമ്മാച്ചനെ കണ്ടുംകൊണ്ട് തിരിച്ചു വള്ളിക്കാട്ട് പള്ളിയിൽ വരികയും ചെയ്തു.

തുലാ മാസം 1-ന് കഥാനായകൻ സുഖക്കേടിന് പിഴിച്ചിൽ കഴിച്ചാൽ ഗുണമുണ്ടാകുമെന്ന വൈദ്യൻമാരുടെ അഭിപ്രായമനുസരിച്ച് അതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തു. ഒന്നാം തീയതി മുതൽ 12 ദിവസത്തേക്ക് പിഴിച്ചിൽ കഴിക്കയും 12 ദിവസം കൂടി തെച്ചിരിക്കയും പിന്നെ ഒന്നിടവിട്ട ദിവസം കൂടി തെച്ചിരുന്ന് കുളിക്കയും 30 ദിവസത്തേക്ക് കഷായം കുടിക്കയും ചെയ്തു. പിഴിച്ചിൽ കഴിക്കുന്നതിന് പ്രയാസപ്പെട്ടതു ജേഷ്ഠ സഹോദരൻ തോമ്മായും ഇളയ സഹോദരൻ ചാക്കോയും സഹോദരി സാറായും ആയിരുന്നു. ..... ഇതുകൾ കഴിഞ്ഞ് കഥാനായകൻ ശു. കുർബാന ചൊല്ലി ആപത്തൊന്നും കൂടാതെ രക്ഷിച്ച ദൈവത്തെ സ്തോത്രം ചെയ്തു.

ധനു മാസം 5-ന് വർക്കിക്ക് ഒരു സുഖക്കേട് ഉണ്ടായതിനാൽ അവനെ പറവൂർക്കയക്കുന്നതിനായി കഥാനായകൻ അവനെയും കൊണ്ട് ആലുവായ്ക്ക് പോകയും 6 ന് അവിടെ എത്തുകയും ചെയ്തു. 9-ന് ആലുവാ സെമിനാരി കെട്ടിടത്തിന്റെ ഓട് മുഴുവൻ തിരൂര് നിന്നും വരുത്തിയിരുന്നതിനാൽ ആയത് മേച്ചിൽ കഴിച്ച് ടി. ആശാരിമാരെയും മേസ്തിരിമാരെയും കണക്കും തീർത്ത് പിരിച്ചുവിട്ടു. ടി. ധനു മാസത്തിൽ മലങ്കര ഇടവക പഞ്ചാംഗം എഴുതി കഥാനായകൻ അച്ചടിപ്പിച്ചു.[66]

18 -ന് കഥാനായകൻ അകപ്പറമ്പ് പള്ളിയിലേക്ക് ആലുവായിൽ നിന്നും പോയി മാർ അത്തനാസ്യോസ് മെത്രാച്ചനെ കണ്ടുംവച്ച് പിറ്റെ ദിവസം തിരിച്ചു പോരികയും ചെയ്തു. 20-ന് കഥാനായകൻ ആലുവായിൽ നിന്നും

വടക്കൻപറവൂർ പള്ളിയിലേക്ക് പോകയും അവിടെ 25-ന് വരെ താമസിച്ച് നോമ്പു വീടലിൽ ശു. കുർബാന ചൊല്ലുകയും ക്രമം കഴിക്കയും ചെയ്തു. 11 മണിക്ക് പള്ളി കെട്ടിടത്തിൽ കൂടിയ കുട്ടികളുടെ ദൈവവായന സംഘത്തിൽ ഒരു പ്രസംഗം പറയുകയും അന്നു രാത്രി ആലുവായിലേക്ക് തിരിച്ചു പോരികയും ചെയ്തു.

27-ന് കഥാനായകൻ ആലുവായിൽ നിന്നും തീവണ്ടിയിൽ പുറപ്പെട്ട് എറണാകുളത്തു എത്തുകയും അവിടെ നിന്നും പിറ്റെ ദിവസം വാകത്താനത്തു പള്ളിയിൽ എത്തുകയും ചെയ്തു. 31-ന് വാകത്താനത്തു പള്ളിയിൽ നിന്നും വള്ളിക്കാട്ട് പോയി. അവിടെ നിന്നും നാലുന്നാക്കൽ പള്ളിയിലേക്കും കഥാനായകൻ പോയി.

**1906**

മകര മാസം 1-ന് കഥാനായകൻ നാലുന്നാക്കൽ പള്ളിയിൽ ശു. കുർബാന ചൊല്ലുകയും കരിപ്പാൽ യാക്കോബു ശെമ്മാശന്റെ വിവാഹ കൂദാശ നടത്തുകയും ചെയ്തുകൊണ്ട് വള്ളിക്കാട്ടു പള്ളിയിൽ എത്തി താമസിച്ചു. 2-ന് കഥാനായകൻ കോട്ടയത്ത് സെമിനാരിയിലേക്ക് പോകും വഴി മാളിയേക്കൽ കയറുകയും സിമ്മന്നാരിയിൽ നിന്നും തിരിച്ച് വള്ളിക്കാട്ടേക്ക് പോരികയും ചെയ്തു. 6-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി കുർബാന ചൊല്ലുകയും ദനഹായുടെ ക്രമം കഴിക്കയും ചെയ്തുകൊണ്ട് തിരിച്ചുപോന്നു. 7, 8 തീയതികളിൽ വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി.

12 -ന് ശീമക്കാരൻ സ്ലീബാ ശെമ്മാശൻ ശീമക്ക് പോകുവാൻ ഒരുങ്ങിയിരിക്കയാൽ എല്ലാവരേയും കണ്ട് യാത്ര പറയുവാനും യാത്ര ചിലവിലേക്ക് പിരിവെടുപ്പാനും ആയി ടിയാൻ കഥാനായകന്റെ അടുക്കൽ വരികയും പിറ്റെ ദിവസം കോട്ടയത്തേക്ക് പോകയും ചെയ്തു. 16 -ന് വള്ളിക്കാട്ട് പള്ളിയിൽ പെരുന്നാൾ ആയിരുന്നതിനാൽ ടി. ശെമ്മാശൻ ഒന്നുകൂടി തിരിച്ച് വരികയും ചെയ്തു. പെരുന്നാളിൽ കഥാനായകൻ ശു. കുർബാന ചൊല്ലുകയും സ്ലീബാ ശെമ്മാശൻ പ്രസംഗം പറയുകയും യാത്ര അറിയിക്കയും ചെയ്തു. ഇടവക്കാരിൽ നിന്നു പിരിവെടുക്കുവാൻ വള്ളിക്കാട്ട് ഭാഗത്തേക്ക് കഥാനായകനെയും ശേഷം ഭാഗങ്ങളിലേക്ക് കാട്ടിൽ യോഹന്നാൻ കത്തനാരെയും നിശ്ചയിച്ചു. അതിൻ പ്രകാരം പിരിവെടുത്ത് പിന്നാലെ കൊടുത്തയച്ചു.

കുംഭം 5-ന് കഥാനായകൻ വള്ളിക്കാട്ടു പള്ളിയിൽ കുർബാന ചൊല്ലുകയും ഉച്ചതിരിഞ്ഞ് വാകത്താനത്തു പള്ളിയിൽ ഉണ്ടായിരുന്ന വിവാഹ കൂദാശക്കായി ചിലരുടെ അപേക്ഷ പ്രകാരം പോകയും ചെയ്തു. അപ്പോൾ ഒരു കല്ല്യാണവും കാലത്ത് രണ്ടും ഉണ്ടായിരുന്നു.

മീനം 16-ന് നാലുന്നാക്കൽ പുതുപ്പറമ്പിൽ അച്ചന്റെ വളരെ വയസു ചെന്നിരുന്ന (ഏകദേശം 100 വയസ്) മാതാവിന്റെ കബറടക്കത്തിനായി കഥാ നായകൻ പോയി. വാകത്താനത്തെ 3 പട്ടക്കാരുടെയും അവിടുത്തെ പട്ട ക്കാരുടെയും സഹായത്തോടു കൂടി ആയതു നടത്തുകയും അടക്കംകഴിഞ്ഞ് കഥാനായകൻ ഒരു പ്രസംഗം പറയുകയും ചെയ്തു. ഉടനെ തിരിച്ചു പോരി കയും ചെയ്തു.

26-ന് മുതൽ ഉയിർപ്പ് വരെയുള്ള എല്ലാ ക്രമങ്ങളും കഥാനായകൻ തന്നെ വള്ളിക്കാട്ട് പള്ളിയിൽ കഴിച്ചു.[67] ഇടവം 21-ന് കഥാനായകൻ കുഴിമറ്റത്തു പള്ളിയിൽ പോയി കുർബാനയും പ്രസംഗവും പെന്തിക്കുസ്തിയുടെ ക്രമവും കഴിച്ചുകൊണ്ട് വള്ളിക്കാട്ടു പള്ളിയിലേക്ക് പോന്നു. അവിടെ തോപ്പിൽ കുറിയാക്കോസു കത്തനാരും വന്നിരുന്നു.

കർക്കടകം 13-ന് പാമ്പാടി പള്ളിയിലെ വികാരി ചെറിയമഠത്തിൽ യാക്കോബു കത്തനാരുടെ ഒരു എഴുത്ത് കഥാനായകനു വന്നിരുന്നു. അതിൽ ആ ഇടവകയിൽ പേഴമറ്റത്തു ശെമ്മാശനു[68] കത്തനാരു പട്ടവും ദയറായൂസായും മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവിടെ എഴു ന്നള്ളി കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതിൽ സംബന്ധിപ്പാൻ കഥാനായകനും ചെല്ലണമെന്നുമായിരുന്നു. അതിൻപ്രകാരം 14-ന് കഥാ നായകൻ മനോരമയിലേക്ക് പോകയും 3 മണിക്ക് ടി. മെത്രാപ്പോലീത്താ അവിടെ എഴുന്നള്ളുകയും തിരുമേനിയോടൊരുമിച്ച് വണ്ടിയിൽ കഥാനാ യകനും പാമ്പാടിയിലേക്ക് പോയി. വഴിമദ്ധ്യേ വച്ച് കാരിക്കാമറ്റം പള്ളി യിൽ കയറി പ്രാർത്ഥനയും അവരുടെ വകയായി ഒരു കാപ്പിമേശയും കഴിച്ചുകൊണ്ട് സന്ധ്യയ്ക്ക് പാമ്പാടി പള്ളിയിൽ എത്തി. ടി. കുറിയാ ക്കോസു ശെമ്മാശനു തിരുമനസുകൊണ്ടു കത്തനാരു പട്ടവും പിറ്റെ ദിവസം ദയറായൂസായും കൊടുത്തു. 15-ന് വൈകിട്ട് കോട്ടയം സിമ്മനാരിയിൽ നിന്നും വലിയ പൗലോസു റമ്പാച്ചനും കുറെ ശെമ്മാശൻമാരും വന്നു ചേർന്നു. അവർ പിറ്റേദിവസം ഉച്ചകഴിഞ്ഞ് കോട്ടയത്തേക്ക് തിരിച്ചു പോരി കയും ചെയ്തു.

17-ന് കുറിയാക്കോസു റമ്പാൻ മാർ ഈവാനിയോസു മെത്രാപ്പോലീ ത്തായുടെയും മറ്റും സാന്നിദ്ധ്യത്തിൽ പുത്തൻ കുർബാന ചൊല്ലി. ഉച്ച കഴിഞ്ഞ് ആ പള്ളിക്കാരുടെ വകയായി പുതിയ റമ്പാച്ചന് “കൈമുത്ത്” സമ്മാനം കൊടുക്കയും ആ വക സമ്മാനം പള്ളിക്കാരുടെ വകയായി തിരു മേനിക്ക് സമർപ്പിക്കയും ചെയ്തു. കൂടാതെ തിരുമേനിയുടെ ശെമ്മാശ ന്മാർക്കും വാലിയക്കാർക്കും അവശാനുസരണം ദാനം ചെയ്യുകയും ഉണ്ടായി. 20-ന് കഥാനായകൻ സുഖക്കേടിന് വേണ്ടി രണ്ടാമതും പിഴിച്ചിൽ തുടങ്ങി യതും 30 ന് ആയ്ത് അവസാനിച്ചു. ആകെ 11 ദിവസം കഴിച്ചു. പിഴിച്ചിൽ കഴിഞ്ഞ് 11 ദിവസം കൂടി തേച്ചിരിക്കുകയും കഷായം കുടിക്കയും ചെയ്തു.

ശീമക്കു പോയിരുന്ന സ്ലീബാ ശെമ്മാശൻ മൂസലിന്ന് സമീപമുള്ള മാർ മത്തായിയുടെ ദയറായിൽ വച്ച് കർക്കിടകം 10-ന് ദയറായൂസായും 15-ന് കത്തനാരു പട്ടവും, കൂടെപോയിരുന്ന തുരുത്തിപ്പള്ളി ഇടവക്കാരൻ മത്തായിശെമ്മാശന്[69] 6 പട്ടവും മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും ഏറ്റ വിവരത്തിന് മൂസൽക്കാരൻ അന്തോന്റെ എഴുത്ത് വല്ല്യതിരുമേനിക്ക് വന്നിരുന്ന സംഗതിക്ക് ചിങ്ങം 30-ന് എഴുത്തു കിട്ടി.

1082 ന്ന് 1906 ചിങ്ങം 15-ന് ആമ്മീദിൽ വച്ച് പാപ്പാമതത്തിൽ പോയി തിരിച്ചു വന്ന ഗ്രിഗോറിയോസു അബ്ദുള്ളാ മെത്രാപ്പോലീത്തായെ[70] പാത്രിയർക്കീസായി വാഴിച്ച വിവരത്തിന് മൂസലിലെ ബഹന്നാൻ മെത്രാപ്പോലീത്തായുടെ കമ്പി ടി. മാസം 24-ന് വല്യതിരുമേനിക്ക് വരികയാൽ ആ വിവരം *ഇടവകപത്രിക*യിൽ തിരുമേനി പ്രസിദ്ധം ചെയ്തു.

കന്നി മാസം 20-ന് വള്ളിക്കാട്ട് പള്ളിയിൽ ടി. പള്ളിയുടെ സ്ഥാപനയുടെ ഓർമ്മയും മാർ ബസേലിയോസ് ബാവായുടെ ഓർമ്മയും കഴിക്കയാൽ കഥാനായകൻ കുർബാന ചൊല്ലി. പതിവുംപ്രകാരം നേർച്ചകളും ഉണ്ടായിരുന്നു. 22-ന് കഥാനായകൻ കാട്ടിൽ അച്ചൻ നടത്തിയിരുന്ന നെയിത്തു ശാല കാൺമാൻ പോയി.

തുലാ മാസം 8-ന് ഞായറാഴ്ച കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി കുർബാനയും പ്രസംഗവും കഴിക്കയും പുതുപ്പള്ളി ഇടവകക്കാരൻ ചെമ്പകച്ചേരിൽ തീത്തോസ് എന്നയാളിന്റെ മകന്റെ കുട്ടി മുതലായ 4 കുട്ടികളെ മാമോദീസാ കഴിക്കയും ചെയ്തു.

11-ന് പരുമല കാലം ചെയ്തിരിക്കുന്ന കൊച്ചുതിരുമേനിയുടെ ശ്രാദ്ധത്തിന് പോകുവാനായി ഒരു വണ്ടി അയക്കണമെന്ന് തിരുവല്ലാ കൊച്ചൂഞ്ഞിന്റെ പേർക്ക് എഴുതി അയച്ചിരുന്നതിൻ പ്രകാരം 17-ന് ടിയാൻ വണ്ടി കൊണ്ടു വരികയും തിരുവല്ലായ്ക്ക് കഥാനായകൻ പോകയും ചെയ്തു. കൂടെ എടത്ര ഈയോബു കത്തനാരും പോന്നിരുന്നു. പിറ്റെദിവസം ആ പള്ളിക്കാരുടെ അപേക്ഷപ്രകാരം പാലിയക്കര പള്ളിയിൽ കഥാനായകനും എടത്ര കത്തനാരും കോഴഞ്ചേരിക്കാരൻ മത്തായി കത്തനാരും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലി. അന്ന് 5 മണിക്ക് അവിടെ നിന്നും പുറപ്പെട്ട് പരുമലയ്ക്ക് പോകയും ചെയ്തു.

19-ന് വട്ടശ്ശേരിൽ ഗീവറുഗീസു റമ്പാനും കഥാനായകനും കരവട്ടുവീട്ടിൽ യൂയാക്കിം കത്തനാരും[71] കൂടിയും 20-ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും കഥാനായകനും യൂയാക്കിം കത്തനാരും കൂടിയും മൂന്നിന്മേൽ കുർബാന ചൊല്ലി. കുർബാനയ്ക്ക് ചെങ്ങന്നൂർ പൂവത്തുംകാൽ യാക്കോബു കത്തനാർ പ്രസംഗിച്ചു. 20-ന് സന്ധ്യയ്ക്ക് പെരുന്നാളിന്റെ ക്രമത്തിൽ നമ

സ്കാരം കഴിച്ചു. നമസ്കാരം ശനിയാഴ്ചയുടേതും ആയിരുന്നു. വെള്ളി യാഴ്ച ആയിരുന്നതിനാൽ ഭക്ഷണം നോമ്പു ഭക്ഷണം ആയിരുന്നു. അന്ന് ഉച്ചതിരിഞ്ഞ് വൈദീകയോഗം കൂടിയതിൽ വട്ടശേരിൽ ഗീവറുഗീസ് റമ്പാനും പൂവത്തൂർ യാക്കോബു കത്തനാരും പയ്യമ്പള്ളിൽ ദാവീദു കത്ത നാരും പ്രസംഗിച്ചു.

അനന്തരം മാർ ഗ്രീഗോറിയോസു സ്മാരക സുറിയാനി പരീക്ഷയിൽ ജയിച്ച പരിയാരത്തു പള്ളം ഇടവക വടക്കേക്കര തോമസു ശെമ്മാശനു ഒരു സ്വർണ്ണമെഡലും തൃപ്പൂണിത്ര വടയാട്ടി ശെമ്മാശന് പരുമല സിമ്മനാരി വകയായി ഒരു പീലാസായും ടി. സംഘം അദ്ധ്യക്ഷൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസിലെ കൈകളാൽ കൊടുക്കപ്പെട്ടു. തിരുവല്ലാ ഇംഗ്ലീഷ് സ്കൂളിലെ അധ്യാപകൻമാരും വിദ്യാർത്ഥികളും പടിഞ്ഞാറു വശത്ത് വച്ച് പാട്ടും ചീയറും കഴിക്കയും തിരുമേനി ഒരു ഗുണദോഷം പറ യുകയും ചെയ്തു. അന്നു കൂടിയ പട്ടക്കാർക്ക് കുർബാനപ്പണത്തിൽ ഒരംശം വീതിച്ച് കൊടുത്തു. 1 രൂപ 8 ചക്രം വീതമാണ് കൊടുത്തത്. പട്ടക്കാർ ഏക ദേശം 75 വരെ ഉണ്ടായിരുന്നു. അന്ന് അസ്തമിച്ച് കഥാനായകൻ മട്ടയ്ക്കൽ മല്പാനോടു കൂടി കോട്ടയത്തേക്ക് പോകയും പിറ്റെ ദിവസം അവിടെ എത്തു കയും ചെയ്തു.

22-ന് കഥാനായകൻ സിമ്മന്നാരി പള്ളിയിൽ കുർബാന ചൊല്ലുകയും പ്രസംഗിക്കയും ചെയ്തു. 24-ന് ചൊവ്വാഴ്ച കാലത്ത് 8 മണിക്ക് തിരുവി താംകൂർ കൊച്ചി റസിഡന്റ് മിസ്റ്റർ കേറും ടി. ഇംഗ്ലീഷ് ബിഷോപ്പും കൂടി സിമ്മനാരിയിൽ വരികയും കഥാനായകനും മട്ടയ്ക്കൽ മല്പാനും[72] കൂടി കൈകൊടുത്തു സ്വീകരിക്കയും കമ്മട്ടി മാളികയിലേക്ക് കൊണ്ടുപോയി ഇരുത്തി സല്ലാപങ്ങൾ കഴിക്കയും ചെമ്പുപട്ടയം[73] മുതലായതുകളെ കാണി ക്കയും ചെയ്തു. ഇ. എം. പീലിപ്പോസ് പട്ടയത്തിന്റെയും മറ്റും മാഹാത്മ്യ ങ്ങൾ പറഞ്ഞുധരിപ്പിക്കയും ചെയ്തശേഷം അവർ യാത്ര പുറപ്പെട്ട് സുറി യാനിയിൽ ചീയറും പറഞ്ഞു. അന്നു കഥാനായകൻ സിമ്മന്നാരിയിൽ നിന്നും വാകത്താനത്ത് വള്ളിക്കാട്ട് പള്ളിയിലേക്ക് പോകുമ്പോൾ പാറക്കൽ ദീനത്തിൽ ഇരിക്കുന്ന കൊച്ചുകുഞ്ഞ് എന്നയാളെ കണ്ടുംവച്ച് സ്ഥലത്ത് എത്തുകയും ചെയ്തു.

വൃശ്ചികം 10-ന് കഥാനായകൻ സിമ്മന്നാരിയിലേക്ക് പോയി. പിറ്റെ ദിവസം പരുമല നിന്നും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും വട്ട ശേരിൽ ഗീവറുഗീസ് റമ്പാച്ചനും സിമ്മനാരിയിൽ വന്നു ചേർന്നു. വലിയ പൗലൊസു റമ്പാച്ചന്റെ അത്യുൽസാഹത്താൽ സിമ്മന്നാരി പള്ളിയിൽ ക്ദൊശകുദിശ പണിയിപ്പിക്കുകയും മദ്ബഹായിൽ ചായം എഴുതിക്കയും മറ്റും ചെയ്തതിൽ കാണികൾക്ക് വളരെ സന്തോഷത്തിനിടയായി.

12–ന് സിമ്മനാരി സ്ഥാപകന്റെ ഓർമ്മ ഭംഗിയായി കഴിക്കയും മാർ ഈവാനിയോസു മെത്രാപ്പോലീത്തായും കഥാനായകനും മട്ടക്കൽ മല്പാനും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലുകയും ഇലവിനാമണ്ണിൽ സ്കറിയാ കത്തനാർ സിമ്മന്നാരി സ്ഥാപകനെക്കുറിച്ചും ഹൂദസഹത്തൊ പെരുന്നാളിനെ കുറിച്ചും പ്രസംഗിക്കയും ചെയ്തു. നടവരവ് 40 രൂപയോളം ഉണ്ടായിരുന്നു. ശെമ്മാശൻമാർക്കും പള്ളിക്കാർക്കും സദ്യയും രാത്രി വെടിക്കെട്ടും ഉണ്ടായിരുന്നു.

17–ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ വിളനിലത്തു മത്തായി ശെമ്മാശനും വടക്കെത്തലയ്ക്കൽ സ്കറിയാ ശെമ്മാശനും പറമ്പിൽ സ്കറിയാ ശെമ്മാശനും കത്തനാരു പട്ടം കൊടുക്കുന്നതിനായി അവരുടെ അപേക്ഷ പ്രകാരം മാർ ഈവാനിയോസു മെത്രാപ്പോലീത്താ അവിടേയ്ക്ക് എഴുന്നള്ളിയപ്പോൾ കഥാനായകനും തിരുമേനിയോടു കൂടെ പോകയും പിറ്റെ ദിവസം അവിടെ എത്തുകയും ചെയ്തു. 19–ന് തിരുമേനി കുർബാന ചൊല്ലി മേൽപ്പറഞ്ഞ ശെമ്മാശൻമാർക്കു കത്തനാരു പട്ടവും കൊടുത്തു. ജനക്കൂട്ടം വളരെ അധികം ആയിരുന്നു. മാവേലിക്കര അങ്ങാടിയും തഴക്കര പുത്തൻപള്ളിയും കാണുന്നതിനായി തിരുമേനിയും കഥാനായകനും പോയിരുന്നു. അങ്ങാടിക്കാർ മിക്കവാറും സുറിയാനിക്കാർ ആണ്. അവരൊക്കെയും പകൽവിളക്കും പനമ്പട്ടയും വിരിച്ചിരുന്നു. ഇംഗ്ലീഷ്കാരും നവീകരണക്കാരുമായി കുറെ വീട്ടുകാർ ഉണ്ട്. മാവേലിക്കര അങ്ങാടിയിൽ ഞായറാഴ്ച ഒഴിച്ച് എല്ലാ ദിവസവും ചന്ത കൂടും. പുതിയകാവ് പള്ളി കന്യാസ്ത്രീയമ്മയുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ഏകദേശം 400 സംവത്സരത്തിലധികം പഴക്കമുണ്ടെന്നു പറഞ്ഞുവരുന്നു. ടി. പള്ളിയിൽ മിശിഹാകാലം 1645 –മാണ്ടിൽ വാർത്തതായ 40 തുലാത്തോളം ഉള്ള ഗോവ് ഓട്ടുമണിയുണ്ട്.

1018 –മാണ്ടിൽ അവിടെ ഉണ്ടായ ഒരു ലഹളയിൽ അടിച്ചപ്പോൾ ആ മണി പൊട്ടിപ്പോയി. പള്ളി ജീർണ്ണം ഭവിച്ചിരിക്കുന്നു. മദ്ബഹായുടെ മേൽക്കൂട് നന്നാക്കി മംഗലാപുരം ഓട് ഇറക്കീട്ടുണ്ട്. ശേഷം ഭാഗങ്ങൾ കുരോട് ആകയാൽ ചോർന്നും വെടിപ്പില്ലാതെയും കിടക്കുന്നു. ആ പള്ളിയിലെ പട്ടക്കാർ 1 – വിലനിലത്തു ഗീവറുഗീസ് കത്തനാർ. 2 – പുത്തൻപുരയിൽ മേടയിൽ ഇടിച്ചാണ്ടി കത്തനാർ. 3 – പറമ്പിൽ തരിതൂ പണിക്കരു കത്തനാർ. 4 – ഏറാൻതോട്ടത്തു യൗനാൻ കത്തനാർ. 5 – പുത്തൻപുരക്കൽ തോമസു കത്തനാർ. ഇവരും ഇപ്പോൾ പട്ടമേറ്റ 3 കത്തനാരും ആകുന്നു. പീടികയിൽ പണിക്കരു ഗീവറുഗീസ് ശെമ്മാശൻ[74] മദ്രാസിൽ എം. എ. യ്ക്ക് വായിക്കുന്നു. ടി. അങ്ങാടിക്കും പള്ളിക്കും കിഴക്ക് തഴക്കര പുത്തൻപള്ളിയും ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ഈ പള്ളിയുടെ കുരിശുപള്ളിയായി നടത്തിക്കൊള്ളുന്നതിന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

അനുവദിക്കയും അപ്രകാരം നടത്തി വരികയും ചെയ്യുന്നു. പള്ളി ഉപകരണങ്ങളായി ഒരു വെള്ളിക്കുരിശു മാത്രമേ ഉള്ളു. രണ്ടു പള്ളികളിലും മകരം 3-ന് കടലിൽ കെട്ടിത്താഴ്ത്തിയ ബാവായുടെ ഓർമ്മ ആഘോഷിച്ചു പോരുന്നു. വലിയപള്ളി മിറ്റത്ത് ഒരു മലയാളം സ്കൂൾ നടത്തിവരുന്നതിനാൽ 2 വാദ്ധ്യാൻമാരുണ്ട്. മണക്കാട്ട് തട്ടശേരിൽ ശമുവേലും മറ്റെയാൾ തൊണക്കാട്ട് അരിയന്നൂർ ഉമ്മനും ആണ്.

21-ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും കഥാനായകനും കൂടി ടി. പള്ളിയിൽ നിന്ന് പുറപ്പെട്ട് പരുമല പള്ളിക്കടവിൽ വന്നപ്പോൾ അവിടെ കയറാതെ പുന്നൂസ് റമ്പാച്ചനെ കടവിലേക്ക് വരുത്തി കണ്ട് വർത്തമാനങ്ങൾ പറഞ്ഞുകൊണ്ട് പോരികയും പിറ്റെ ദിവസം കാലത്തെ കുറിച്ചിയിൽ വരികയും ചെയ്തു. തിരുമേനി അവിടെ നിന്നും കോട്ടയത്തേക്കും കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്കും പോരികയും ചെയ്തു.

ധനു മാസം 4-ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു കല്പന കഥാനായകനു വന്നതിൽ താനും കൂടി ആലുവാ സിമ്മനാരി കണക്ക് കേൾവിക്കായി എത്തണമെന്ന് ആജ്ഞാപിച്ചിരിക്കുന്നതിനാൽ പിറ്റെദിവസം കഥാനായകൻ പുറപ്പെട്ട് 6-ന് എറണാകുളത്ത് എത്തി. സമയം കഴിഞ്ഞു പോയതിനാൽ കഥാനായകൻ വറുഗീസു വക്കീലിന്റെ വസതിയിൽ താമസിക്കയും പിറ്റെദിവസം കാലത്ത് അവിടെ നിന്നും തീവണ്ടി വഴിയായി പുറപ്പെട്ട് 7 മണിക്ക് ആലുവായിൽ എത്തുകയും ചെയ്തു. അപ്പോൾ അവിടെ വലിയ മെത്രാച്ചൻ ഉണ്ടായിരുന്നു.

8 ന് കഥാനായകൻ അകപ്പറമ്പിലേക്ക് പോയി രോഗിയായ അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കാണുകയും 10 ന് ആ പള്ളിയിൽ കുർബാനയും പ്രസംഗവും കഴിക്കയും ചെയ്തു. 12 ന് തിരിച്ച് ആലുവായിൽ എത്തുകയും ചെയ്തു.

14 ന് അങ്കമാലി മഹായിടവകക്കാരുടെ ഒരു യോഗം ആലുവായിൽ കൂടിയതിൽ 20 ൽ അധികം പള്ളിക്കാർ എത്തിയിരുന്നു. ചാക്കോ മജിസ്ട്രേട്ട് മുതലായ മാന്യന്മാരും ഉണ്ടായിരുന്നു. വലിയ തിരുമേനി അഗ്രാസനസ്ഥൻ ആയിരുന്നു. കണക്കും റിപ്പോർട്ടും പൗലോസു റമ്പാൻ വായിച്ചു യോഗം സമ്മതിക്കയും ചെയ്ത ശേഷം മേൽനടപടിക്ക് ചില നിശ്ചയങ്ങൾ ചെയ്യുകയും മകരത്തിൽ സിമ്മന്നാരിയിൽ സുറിയാനി, ഇംഗ്ലീഷ് മുതലായ പഠിത്തങ്ങൾ ആരംഭിക്കണമെന്ന് പാസാക്കുകയും ചെയ്തു.

28 ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആലുവായിൽ നിന്നും എറണാകുളത്തേക്ക് നീങ്ങിയപ്പോൾ കഥാനായകനും കൂടെ പോരികയും കഥാനായകൻ 19 ന് കോട്ടയത്ത് സിമ്മനാരിയിൽ എത്തി താമസിച്ച് പിറ്റെ ദിവസം വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു. 25 ന് കഥാനായ

കൻ ടി. പള്ളിയിൽ നോമ്പു വീടൽ ക്രമവും കുർബാനയും നടത്തി. ടി. ധനു മാസത്തിൽ മലങ്കര ഇടവക പഞ്ചാംഗം രണ്ടാമതും സിമ്മനാരിയിൽ അച്ചടിപ്പിച്ചു.[75]

മകരം 6 ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി കുർബാന ചൊല്ലുകയും ദനഹായുടെ ക്രമം കഴിക്കയും ചെയ്തു. 15 ന് വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ പെരുന്നാളിന്ന് കുർബാന ചൊല്ലുകയും പട്ടരുമഠത്തിൽ ഗീവറുഗീസു കത്തനാരു പ്രസംഗിക്കയും ചെയ്തു. ശേഷം പട്ടക്കാരും ശെമ്മാശന്മാരും കരിപ്പാൽ ശെമ്മാശനും പെരുന്നാളിന് വന്നിരുന്നു. പട്ടക്കാർക്ക് ഒരു നേരത്തെ സദ്യയും കൊടുത്തു.

21 ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി കുർബാന ചൊല്ലുകയും പ്രസംഗം പറകയും വെട്ടീൽ ആകുന്ന ഇരുപതിൽ കൊച്ചീപ്പന്റെ മകൻ ഫീലിപ്പോസിന്റെ വിവാഹകർമ്മം നടത്തുകയും ചെയ്തു. 22–ന് വള്ളിക്കാട്ട് പള്ളിയിൽ കഥാനായകന്റെ അപ്പൂപ്പന്റെ (പൗലോസ്) ഓർമ്മയിൽ കുർബാന ചൊല്ലുകയും അന്ന് അവിടെനിന്നും ആലുവായ്ക്ക് പോകയും 23–ന് അവിടെ എത്തുകയും ചെയ്തു. 24–ന് ആലുവായിൽ നിന്നും കഥാനായകൻ അകപ്പറമ്പു പള്ളിയിലേക്ക് പോയി അത്തനാസ്യോസ് മെത്രാച്ചന്റെ കൂടെ താമസിച്ചു. 28–ന് കഥാനായകൻ ആ പള്ളിയിൽ കുർബാന ചൊല്ലുകയും സുറിയാനി ഭാഷയുടെ മാഹാത്മ്യത്തെ കുറിച്ചും അതു പഠിച്ചിരിക്കേണ്ട ആവശ്യത്തെക്കുറിച്ചും പ്രസംഗിച്ചു. കുംഭം 4–ന് ഞായറാഴ്ച കഥാനായകൻ ആ പള്ളിയിൽ കുർബാനയും പ്രസംഗവും കഴിക്കയും പാറക്കൽ കോരതു കത്തനാരുടെ മകളുടെ വിവാഹകൂദാശയിൽ സംബന്ധിക്കയും ചെയ്തു. ടി. പെൺകുട്ടി പൗലോസു റമ്പാന്റെ പെങ്ങളുടെ മകളായിരുന്നതിനാൽ അദ്ദേഹവും ആലുവായിൽ നിന്നും വന്നിരുന്നു.

24–ന് കഥാനായകൻ അങ്കമാലിയിലേക്ക് പോകയും പിറ്റെ ദിവസം മാർ കൂറിലോസു മെത്രാപ്പോലീത്തായുടെ ഓർമ്മദിവസം ആയിരുന്നതിനാൽ അന്ന് കുർബാനയും പ്രസംഗവും കഴിച്ച് ഉച്ചതിരിഞ്ഞ് തിരിച്ച് അകപ്പറമ്പിലേക്ക് പോരികയും ചെയ്തു. മീന മാസം 17–ന് കഥാനായകൻ പീച്ചാനിക്കാട് താബോർ പള്ളിയിലേയ്ക്ക് പോകയും 18–ന് കുർബാനയും പ്രസംഗവും കഴിക്കയും പിറ്റെദിവസം അകപ്പറമ്പിലേക്ക് തിരികെ പോരികയും ചെയ്തു.

മേട മാസം 15–ന് മുതൽ 22–ന് നോമ്പുവീടൽ വരെയുള്ള ക്രമങ്ങൾ അവിടത്തെ പട്ടക്കാരുടെ സഹകരണത്തോടു കൂടെ കഥാനായകൻ കഴിക്കയും ഓശാന, പെസഹാ, ദുഃഖവെള്ളിയാഴ്ച, ഉയിർപ്പ് ഈ ദിവസങ്ങളിൽ പ്രസംഗിക്കയും ചെയ്തു. പെസഹായ്ക്ക് രോഗിയായിരുന്ന തിരുമേനിക്ക് ശു. കുർബാന എഴുന്നെള്ളിച്ച് കൊടുക്കയും ചെയ്തു.

27-ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പറവൂർ നിന്നും അകപ്പറമ്പു പള്ളിയിലേക്ക് നീങ്ങി. 24-ന് ഞായറാഴ്ച തിരുമേനിയുടെ ജേഷ്ഠന്റെ പൗത്രൻ ഇട്ടൂപ്പിന്റെ വിവാഹകർമ്മം തിരുമേനി നടത്തി. മണവാട്ടി വൈലിപ്പറമ്പിൽ കുഞ്ഞിക്കോരയുടെ മകൾ അത്രേ. ആലുവായിൽ പൗലോസു റമ്പാനും വന്നിരുന്ന കല്യാണം വളരെ ആഘോഷമായി കഴിച്ചു. ഇടവം 8 ന് തിരുമേനി പറവൂർ പള്ളിയിലേക്ക് തിരിച്ചെഴുന്നള്ളി. മിഥുനം 10-ന് കഥാനായകൻ പെന്തിക്കുസ്തി പെരുന്നാളിന് കുർബാന ചൊല്ലുകയും ക്രമം കഴിക്കയും പ്രസംഗിക്കയും ചെയ്തു.

14-ന് കഥാനായകൻ അകപ്പറമ്പിൽ നിന്നും വാകത്താനത്തേക്ക് യാത്ര പുറപ്പെട്ട് തീവണ്ടി വഴിയായി എറണാകുളത്തെത്തി അവിടെ നിന്നും വള്ളം പിടിച്ച് പിറ്റേദിവസം വേളൂരെത്തിയപ്പോൾ വള്ളക്കാരെ വിട്ടും വച്ച് കാഞ്ഞിരത്തിക്കാരുടെ വള്ളത്തേൽ യാത്ര പുറപ്പെട്ടു. എണ്ണച്ചേരിൽ ആയപ്പോൾ രാത്രി അധികമായിപ്പോയതു കൊണ്ട് അവിടെ താമസിക്കയും പിറ്റേദിവസം ശനിയാഴ്ച കാലത്തു വള്ളിക്കാട്ട് പള്ളിയിൽ എത്തി താമസിക്കയും ചെയ്തു.

17-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി കുർബാന ചൊല്ലുകയും പഴഞ്ചിറെ മാത്തുവിന്റെ ഒരു കുട്ടിയെ മാമോദീസാ മുക്കുകയും ചെയ്തു. കാട്ടിലച്ചന്റെ അത്യുൽസാഹത്താലും താൽപര്യത്താലും വാകത്താനത്തു ഭാഗത്ത് നടത്തിവന്നിരുന്ന കൂട്ടനേർച്ചപ്പണം കൊണ്ട് അവർ മുളന്തുരുത്തി പള്ളിയിൽ നിന്നും വാങ്ങിച്ച കുരിശു കഥാനായകന് കാൺമാൻ കുർബാനയ്ക്ക് മുമ്പ് പള്ളിയിൽ കൊണ്ടുവരികയും അതുകണ്ട് സന്തോഷിച്ച് അതിനെപ്പറ്റി സന്തോഷസൂചകമായി പ്രസംഗിക്കയും ചെയ്തു. അന്ന് മുണ്ടൻപടവത്തു അച്ചാമ്പിള എന്നവർക്ക് ശു. കുർബാന എഴുന്നെള്ളിച്ച് റമ്പാച്ചൻ കൊടുത്തു.

കർക്കടകം 9-ന് മുതൽ 20 വരെ 11 ദിവസം വള്ളിക്കാട്ടു പള്ളിയിൽ വച്ച് കഥാനായകന് പിഴിച്ചിൽ കഴിച്ചു. പിന്നെ 11 ദിവസം കൂടി തെച്ചിരിക്കയും ചെയ്തു. ഈ സംഗതി കഴിച്ചവർ കഴിഞ്ഞ കൊല്ലത്തെ ആളുകൾ തന്നെ ആയിരുന്നു.

**1083**

ചിങ്ങം 5-ന് പിഴിച്ചിലിന്റെ പഥ്യവും മറ്റും കഴിഞ്ഞ് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി ദൈവത്തെ സ്തുതിച്ചു. 19-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി കുർബാന ചൊല്ലി. കാട്ടിൽ കത്തനാർ പ്രസംഗിച്ചു. 25-ന് കഥാനായകൻ പുതുശേരിൽ ചിറത്തലാട്ട് തൊമ്മൻ എന്നയാൾക്ക് ഉപ്രുശ്മാ കഴിച്ചു. 26-ന് ഞായറാഴ്ച കഥാനായകൻ കൈതയിൽ കോരയുടെ അപേക്ഷപ്രകാരം വാകത്താനത്തു പള്ളിയി

ലെത്തി കുർബാനയും പ്രസംഗവും കഴിക്കയും ടിയാന്റെ മകൻ വറുഗീസി ന്റേയും മാത്തുവിന്റേയും വിവാഹകൂദാശ നടത്തുകയും ചെയ്തുകൊണ്ട് തിരിച്ച് വള്ളിക്കാട്ട് പള്ളിയിൽ എത്തി.

29-ന് വാകത്താനത്തു പള്ളിയിലെ പെരുന്നാളിന് കഥാനായകൻ പോയി രുന്നു. പട്ടരുമഠത്തിൽ കത്തനാർ കുർബാന ചൊല്ലി കഥാനായകൻ പെരു ന്നാളിനെ കുറിച്ച് പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് യോഗം കൂടി കണക്ക് കേൾക്കയും ചെയ്തു. കന്നി മാസം 2-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളി യിൽ നിന്നും നാലുന്നാക്കൽ പള്ളിയിൽ പോയി. കുർബാന ചൊല്ലുകയും പള്ളിക്ക് ദശാംശം കൊടുക്കേണ്ടതിനെക്കുറിച്ചു പ്രസംഗിക്കയും ചെയ്തു. ഉച്ചതിരിഞ്ഞ് തിരിച്ചു പോരികയും ചെയ്തു.

9-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി വേദവി പരീതികളെക്കുറിച്ച് പ്രസംഗിക്കയും അവരുടെ ഉപദേശം കേൾപ്പാൻ പോക രുത് എന്ന് വിരോധിക്കയും ചെയ്തു. 23-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി കുർബാനയും പ്രസംഗവും കഴിക്കയും മുതലകരീലെ തെക്ക് കെട്ടിച്ചിരിക്കുന്ന പെണ്ണിന്റെ കുട്ടിയെ മാമോദീസാ മുക്കുകയും ചെയ്തു.

24-ന് കഥാനായകൻ ആലുവായിലേക്ക് പോകണമെന്നുള്ള ഉദ്ദേശത്തോട് കൂടി കരിപ്പാൽ യാക്കോബ് ശെമ്മാശനും വാലിയക്കാരൻ വർക്കിയും ഒരു മിച്ച് സിമ്മനാരിയിലേക്ക് പോകുമ്പോൾ ചങ്ങനാശ്ശേരി പാലത്തുങ്കൽ ഒഴു ക്കിന്റെ ശക്തി കൊണ്ട് വള്ളം വിലങ്ങി വെള്ളം കയറി മുങ്ങിപ്പോകയും കാപ്പാ, പുസ്തകം മുതലായ സാമാനങ്ങൾ നനഞ്ഞു പോകയും ചില സാമാ നങ്ങൾ ഒഴുകിപ്പോയി നഷ്ടപ്പെടുകയും ചെയ്തു. വിളക്ക്, കെത്തൽ മുത ലായ സാധനങ്ങൾ പിറ്റെദിവസം മുങ്ങിയെടുക്കയും ചെയ്തു. ഈ ആപ ത്തു മൂലം ഉടനെ അവിടെ നിന്നും തിരിച്ച് വള്ളിക്കാട്ട് പള്ളിയിലേക്ക് പോരി കയും ആൾ നാശം കൂടാതെ രക്ഷപെട്ടതിൽ എല്ലാവരും ദൈവത്തെ സ്തുതി ക്കയും ചെയ്തു.

30-ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ പോയി കുർബാന ചൊല്ലുകയും പ്രസംഗം പറയുകയും ചെയ്തു കൊണ്ട് തിരിച്ചു പോന്നു. മാർ അത്തനാസ്യോസ് മെത്രാച്ചന് ദീനം കൂടുതൽ എന്ന് എഴുത്തു വന്നി രുന്നതിനാൽ അന്നു സന്ധ്യയോടു കൂടെ വടക്കോട്ട് പുറപ്പെടുകയും പിറ്റെ ദിവസം അകപ്പറമ്പു പള്ളിയിൽ എത്തുകയും ചെയ്തു. അപ്പോൾ തിരു മേനി അവിടെ ഇല്ലായിരുന്നു. തലേ വെള്ളിയാഴ്ച ആലുവായിലേക്ക് കൊണ്ടുപോയിരുന്നതിനാൽ പിറ്റെദിവസം കഥാനായകൻ ആലുവായി ലെത്തി തിരുമേനിയെ കാണുകയും പലർക്കും വിവരത്തിന് എഴുത്തുകൾ അയക്കയും ചെയ്തു.

MalankaraOrthodoxTV

10-ന് തിരുമേനിക്ക് പൗലോസു റമ്പാന്റെയും ഇട്ടൂപ്പ് ശെമ്മാശന്റെയും സഹകരണത്തോടു കൂടി കഥാനായകൻ "കന്തീലാ" എന്ന കൂദാശ കഴിച്ചു. 12-ന് കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആലുവായിലേക്ക് നീങ്ങി താമസം തുടങ്ങി. 13-ന് പരുമല നിന്നും വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാച്ചനും കോട്ടയത്തുനിന്ന് പൗലോസു റമ്പാച്ചനും ശെമ്മാശൻമാരും കൂടെ തിരുമേനിയെ കാൺമാൻ വന്നു ചേർന്നു. 14-ന് ഈവാനിയോസു മെത്രാച്ചൻ കുർബാന ചൊല്ലി. വട്ടശ്ശേരിൽ റമ്പാച്ചൻ പ്രസംഗം പറഞ്ഞു. പിറ്റെ ദിവസം റമ്പാച്ചൻമാരും ശെമ്മാശൻമാരും തെക്കോട്ട് പോകയും ചെയ്തു.

## കടവിൽ തിരുമേനിയുടെ ദേഹവിയോഗം

20 ന് ശനിയാഴ്ച പകൽ 10 മണിക്ക് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് കാലം ചെയ്തു. ഉടനെ കുളിപ്പിച്ച് ക്രമപ്രകാരം കാപ്പാ മുതലായ വിശുദ്ധ വസ്ത്രങ്ങൾ ധരിപ്പിച്ച് 'കൊഹനൈത്താ നെൽബശൂൻ' ചൊല്ലി ധൂപം വയ്ക്കയും പള്ളിയകത്തു കൊണ്ടുപോയി മദ്ബഹായുടെ വാതുക്കൽ പടിഞ്ഞാറോട്ട് മുഖമായി കസേരയിൽ ഇരുത്തുകയും ചെയ്തുകൊണ്ട് ശുശ്രൂഷകൾ കഴിച്ചു തുടങ്ങി. പിന്നെ പള്ളികൾക്ക് എഴുത്തയക്കയും കമ്പി അടിച്ച് അറിയിക്കേണ്ട സ്ഥലങ്ങളിലേക്ക് ആയത് അറിയിക്കയും ചെയ്തു. രാത്രി മുഴുവൻ മസുമൂറാ വായിച്ചുകൊണ്ടിരുന്നു. പിറ്റെ ദിവസം ഞായറാഴ്ച മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലുകയും ഉച്ചകഴിഞ്ഞ് ക്രമങ്ങൾ മുഴുവൻ കഴിച്ചശേഷം മദ്ബഹായിലേക്കും പള്ളിയകത്തേക്കും പുശുബശലാമായും ചൊല്ലി നഗരി കാണിക്കാൻ പടിഞ്ഞാറെ കുരിശുവരെ പള്ളി സാമാനങ്ങളോടെ മൃതശരീരത്തെ കൊണ്ടുപോയി തിരിച്ചു വന്ന് പള്ളി പ്രദക്ഷിണവും കഴിച്ച് പടിഞ്ഞാറെ മുറ്റത്ത് വച്ച് കൈമുത്തലും നേർച്ച ഇടീലും കഴിച്ചു. അപ്പോൾ മഴയുടെ ഉപദ്രവം കുറെ ഉണ്ടായി എങ്കിലും വലിയ കലശൽ കൂടിയില്ല. പിന്നീട് മൃതശരീരത്തെ പള്ളിക്കു വടക്കുവശത്തു കെട്ടിഒരുക്കിയിരുന്ന കുഴിയിൽ ഇറക്കി കിഴക്കോട്ട് മുഖമായി ഇരുത്തി കഴുത്തുവരെ കുന്തിരിക്കവും ഇട്ട് പലക മൂടി അതിൻമേൽ കല്ലും നിരത്തി മൂടി.[76] അന്നേ ദിവസം പ്രദക്ഷിണത്തിനും മറ്റും 9 വെള്ളി കുരിശും മറ്റു പള്ളി സാമാനങ്ങളും പള്ളിക്കാർ കൊണ്ടുവന്നിരുന്നു. ഏകദേശം 5000 ൽ പരം ജനങ്ങളും കൂടിയിരുന്നു. ഇതുകളൊക്കെയും കഴിഞ്ഞ് സന്ധ്യയോടു കൂടി എല്ലാവരും പിരികയും ചെയ്തു. അതുമുതൽ 40 ദിവസത്തേക്കു തിരുമനസ്സിലെ ആത്മാനുകൂലാർത്ഥം വി. കുർബാന ചൊല്ലി.

29-ന് കഥാനായകന് പനിയും വയിറ്റിളക്കവും പിടിച്ചു. പറവൂർക്ക് ആളയച്ച് ആസ്പത്രീൽ നിന്ന് മരുന്ന് വരുത്തി ചികിത്സിച്ചു. അഞ്ചെട്ടു ദിവസം

കൊണ്ട് സുഖമാകയും ചെയ്തു. മുൻ 21-ന് പള്ളിക്കാർ കൂടി കാലംചെയ്ത തിരുമേനിയുടെ 30-ാം ദിവസം അടിയന്തിരം 300 പറ അരിവച്ച് കഴിക്കണമെന്നും അത് വൃശ്ചികം 26-ന് നടത്തണമെന്നും നിശ്ചയിച്ചിരുന്നു. ഈ വിവരത്തിന് പള്ളികൾക്ക് കല്പന കൊടുക്കുന്നതിനു വേണ്ടി ആയത് അച്ചടിപ്പിക്കുന്നതിനായി കഥാനായകൻ എറണാകുളത്തേക്ക് പോയി സ്പാനിഷ്കാരുടെ അച്ചുകൂടത്തിൽ ഏൽപ്പിച്ച് അച്ചടിപ്പിച്ച് വരുത്തുകയും അങ്കമാലി, കോട്ടയം, കണ്ടനാട് ഈ ഇടവകകൾക്ക് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ശേഷം ഇടവകകൾക്ക് വല്യ മെത്രാച്ചനും കല്പനകൾ അയച്ചു. വൃശ്ചികം 18-ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പാറമ്പുഴ പള്ളിയിൽ വൈലപ്പെള്ളിൽ യാക്കോബ് ശെമ്മാശന് ആലുവാ പള്ളിയിൽ വച്ച് കത്തനാരു പട്ടം കൊടുത്തു. 26-ന് കാലം ചെയ്ത തിരുമേനിയുടെ അടിയന്തിരം 200 പറ അരിവെച്ച് കഴിച്ചു. സകലവും ഭംഗിയായി കഴിഞ്ഞുകൂടി. പിറ്റെ ദിവസം ആലുവായിലെ റോമാക്കാർക്ക് ഒരു സദ്യ കൊടുത്തു.

27-ന് ഈവാനിയോസു മെത്രാച്ചനും പള്ളിക്കാരും കൂടി കാലം ചെയ്ത തിരുമേനി എഴുതിവച്ചിരുന്ന വിൽപത്രം വായിക്കുകയും അദ്ദേഹത്തിന്റെ സാമാനങ്ങൾക്ക് ഒരു ലിസ്റ്റു എഴുതി ഒപ്പും മുദ്രയും തിരുമേനി വയ്ക്കയും കാലം ചെയ്ത തിരുമേനിയുടെ മുദ്ര നശിപ്പിക്കയും ചെയ്തു. പിന്നെ ആലുവായിലെ കാര്യനടത്തിപ്പിലേക്ക് പൗലോസ് റമ്പാനെ നിയമിച്ച് ഈവാനിയോസ് മെത്രാച്ചൻ ഒരു കല്പന കൊടുക്കയും അതുപോലെ ഒരു കല്പന വല്യമെത്രാച്ചനും കൊടുക്കണമെന്ന് എഴുതി അയക്കയും ചെയ്തു. അന്നേ ദിവസം കാലംചെയ്ത തിരുമേനിയുടെ ചുവന്ന പട്ടു ളോഹയും വില കൂടിയ ഒരു പുറങ്കുപ്പായവും മപ്രീന ചുവപ്പു ളൊഹയും ഈവാനിയോസു മെത്രാച്ചനു കൊടുക്കയും വല്യ മെത്രാച്ചന് പൊൻ പൂശുള്ള കുമള വച്ച തൈയിച്ച ശീലമുടി കൊടുപ്പാൻ നിയമിക്കയും മറ്റ് ചിലർക്ക് ചില്ലറ സാമാനങ്ങൾ കൊടുക്കയും ചെയ്തു.

ധനു മാസം 3-ന് ഈവാനിയോസ് മെത്രാച്ചൻ ആലുവായിൽ നിന്നും കൂത്താട്ടുകുളത്തേക്ക് നീങ്ങി. അപ്പോൾ അദ്ദേഹത്തിന് 50 രൂപ കൈമുത്ത് കൊടുക്കയും കൂടെയുള്ളവർക്ക് യഥോചിതം കൊടുക്കയും ചെയ്തു. അന്നേ ദിവസം കഥാനായകനും യൗസേപ്പു ശെമ്മാശനും കാലം ചെയ്ത തിരുമേനിയുടെ വാലിയക്കാരും കൂടെ വലിയ തിരുമേനിയെ കാണ്മാനും സംഗതികൾ തിരുമനസ്സറിയിക്കുവാനും ആയി കോട്ടയത്തേക്ക് പുറപ്പെട്ട് കോട്ടയത്തു ചെറിയപള്ളിയിൽ എത്തി എല്ലാ കാര്യങ്ങളും തിരുമനസ്സറിയിക്കയും കാലം ചെയ്ത തിരുമേനിയുടെ വടി, കുരിശ്, സ്ലീബാ, ഇതുകൾ പാത്രിയർക്കീസ് ബാവായ്ക്ക് അയപ്പാൻ തിരുമുമ്പാകെ ഏല്പിക്കയും ചെയ്തു. കാലംചെയ്ത തിരുമനസിലെ വാലിയക്കാരിൽ യൌനാനു 150 രൂപായും ഇട്ടി കുര്യന് 125 രൂപായും കുഞ്ഞി ചെറിയക്ക് 100 രൂപായും കൊടുക്കണമെന്ന് വല്യതിരുമേനി തീരുമാനിച്ചു.

**പഞ്ചാംഗം**

5-ന് യൗസേപ്പു ശെമ്മാശനും യൗനാനും ഇട്ടിക്കുറിയതും ആലുവാ യ്ക്ക് തിരിച്ചു പോരികയും കഥാനായകൻ സിമ്മനാരിയിലേക്ക് പോയി അവിടെ താമസിക്കയും ചെയ്തു. 9-ന് കഥാനായകൻ സിമ്മനാരി പള്ളിയിൽ കുർബാനയും പ്രസംഗവും കഴിച്ചു. 1908 -മാണ്ടത്തെ മലങ്കര ഇടവക പഞ്ചാംഗം[77] കഥാനായകൻ എഴുതി കൊടുക്കുകയും 10-ന് സിമ്മന്നാരിയിൽ അച്ചടിപ്പാൻ തുടങ്ങുകയും ചെയ്തു.[77]

കാലം ചെയ്ത മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസിലെ അടിയന്തിര ചിലവിലേക്ക് കാശ് അയപ്പാൻ കല്പന അയച്ചിരുന്നാറെ ചില പള്ളിക്കാർ അയക്കാതിരുന്നതു നിമിത്തം ആയതു പിരിക്കുവാ നായി ആലുവായ്ക്ക് പോയിരുന്ന ഇട്ടിക്കറിയ 12-ന് തിരിച്ചുവരികയും വല്യതിരുമനസിലെ കല്പനയോടു കൂടി ടിയാൻ കുമരകം, മണർകാട് മുതലായ പള്ളികളിൽ സഞ്ചരിക്കുമ്പോൾ ടിയാന് വസൂരിയുടെ പനി തുടങ്ങി സിമ്മനാരിയിൽ വരികയും കഥാനായകൻ വള്ളവും ആളും ചട്ടവും കെട്ടി ടിയാനെ ആലുവായ്ക്ക് തിരിച്ചയയ്ക്കുകയും ചെയ്തു.

19-ന് കഥാനായകനുണ്ടായിരുന്ന സുഖക്കേട് വർദ്ധിച്ചതിനാൽ വല്യ തിരുമനസിലെ അനുമതിയോടു കൂടി സിമ്മനാരിയിൽ നിന്നും വള്ളിക്കാട്ട് പള്ളിയിലേക്ക് പോരികയും ചെയ്തു. 23-ന് കഥാനായകൻ ടി. പള്ളിയിൽ ശു. കുർബാന ചൊല്ലി. 25-ന് വാകത്താനത്തു പള്ളിയിലും എത്തി കുർബാനയും പ്രസംഗവും കഴിച്ചു തിരിച്ചു വള്ളിക്കാട്ടു പള്ളിയിൽ പോരികയും ചെയ്തു.

**1908**

മകരം 6-ന് കഥാനായകൻ വള്ളിക്കാട്ടു പള്ളിയിൽ കുർബാനയും ദനഹാ ക്രമവും കഴിച്ചു. ഉച്ച കഴിഞ്ഞ് താൻ കുഴിമറ്റം പള്ളിയിലേക്കു പോയി ആ ഇടവകയിൽ പട്ടച്ചേരിൽ അലക്സന്ത്രയോസ് ശെമ്മാശൻ കോട്ടയത്തു അഞ്ചേരി വർക്കി പിള്ളയുടെ മകളെ വിവാഹം കഴിക്കയാൽ ആ വിവാഹ കൂദാശ നടത്തിയും വച്ച് തിരിച്ചു പോരികയും ചെയ്തു.

15-ന് വള്ളിക്കാട്ട് പള്ളിയിൽ പെരുന്നാളിന് കഥാനായകൻ കുർബാന ചൊല്ലി വാകത്താനം ഭാഗക്കാർ വാങ്ങിച്ച വെള്ളിക്കുരിശും പാത്താമുട്ടം കാർ പണിയിച്ച അലുക്കില കുടയും പെരുന്നാളിന് കൊണ്ടുവന്നു. 19-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ നിന്നും വാകത്താനത്തു പള്ളിയുടെ മുറി പണിയിപ്പിക്കുന്നതിനായി ജനങ്ങളെ ഉത്സാഹിപ്പിപ്പാനും അങ്ങനെ അതു സാധിക്കുമെങ്കിൽ അവിടെ താമസിപ്പാനും ആയിട്ട് അവിടെ പോയി താമസം തുടങ്ങി.

20-ന് പട്ടരുമഠത്തിൽ കത്തനാർ കുർബാന ചൊല്ലുകയും കഥാനായകൻ മുറിപ്പണികാര്യത്തെക്കുറിച്ചും നിറപറ, പിടിഅരി ഇതു ക്രമമായി കൊടുക്കേണ്ടതിനെ കുറിച്ചും പ്രസംഗിക്കയും ചെയ്തു. മുറിപ്പണിക്ക് വേണ്ടി 1000 ൽ ചില്ലാനം പറ നെല്ല് പിരിക്കുന്നതിന് ഒരു വരി നിശ്ചയിക്കയും ചെയ്തു. 25-ന് പകരുന്ന വ്യാധി നിമിത്തം പാത്താമുട്ടംകാരുടെ അപേക്ഷയിൽ കൊടിയും സ്ലീബായോടും കൂടെ പട്ടക്കാർ അവരുടെ വീടുകളിൽ പോയി പ്രാർത്ഥന കഴിച്ചു.

27-ന് വാകത്താനത്തു പള്ളിയിൽ കോയിപ്പുറത്തച്ചൻ കുർബ്ബാന ചൊല്ലി. യോഹ. 13:35 വാക്യത്തെക്കുറിച്ച് കഥാനായകൻ പ്രസംഗിച്ചു. 7-ന് പുതുശേരിൽ പള്ളിയിൽ നോമ്പു വീടലും പെരുന്നാളും ആയി വരുന്നതിനാൽ കഥാനായകൻ അവിടെ ചെല്ലണമെന്ന് അവർ അപേക്ഷി ക്കയാൽ അവിടേക്ക് പോകയും കുർബാനയും പ്രസംഗവും കഴിച്ച് തിരിച്ചു പോരികയും ചെയ്തു.

14-ന് കോട്ടയത്തു സിമ്മനാരിയിൽ മലങ്കരസഭയുടെ ഒരു പൊതുയോഗം കൂടുന്നതിൽ ഹാജരായിരിക്കണമെന്ന് പള്ളിക്കാർക്കും കഥാനായകനും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന വരികയാൽ കഥാനായകനും കാട്ടിൽ യോഹന്നാൻ കത്തനാരും മറ്റ് ചിലരും കൂടി സിമ്മനാരിയിലേക്ക് പോയി. സിമ്മന്നാരിയിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും റമ്പാച്ചന്മാരും പള്ളി പ്രതിനിധികളും കൂടിയിരുന്നു.

ഉച്ചതിരിഞ്ഞ് സംഘം കൂടിയതിൽ വല്ല്യ തിരുമേനി അഗ്രാസനർ ആയിരുന്നു. യോഗത്തിൽ പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന വായിച്ചു. അതിലെ സാരം, മെത്രാൻ സ്ഥാനം കിട്ടാൻ ഇവിടെ ധൃതിയാണെങ്കിൽ ബാവാ അടുത്ത ക്യംന്താ പെരുന്നാൾ ദിവസം ഊർശ്ലേമിൽ, എത്താമെന്നും സ്ഥാനം ഏൾക്കേണ്ടവർ അവിടെ ചെന്നാൽ വാഴിച്ചയക്കാമെന്നും ആയിരുന്നു. അതിൻപ്രകാരം യോഗം സമ്മതിച്ചമെത്രാസ്ഥാനത്തിന് വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനെയും വലിയ പൗലൂസു റമ്പാനെയും ഏകാഭിപ്രായമായി തിരഞ്ഞെടുക്കയും നോമ്പിൽ മൂന്നാം ഞായറാഴ്ചയ്ക്കു മുമ്പ് അവരെ ഊർശ്ലേമിലേക്ക് അയക്കണെ മെന്നും ചിലവിലേക്ക് പള്ളികളിൽ നിന്ന് പണം പിരിക്കണമെന്നും നിശ്ചയിക്കയും ചെയ്തു. കൂടാതെ തെക്കുംഭാഗക്കാർക്കും ഒരു മെത്രാനെ വാഴിക്കേണ്ടതിന് യോഗസമ്മതം കിട്ടാൻ അവർ ഒരു ഹർജി യോഗത്തിൽ ഹാജരാക്കിയത് വായിച്ചു. വല്ല്യതിരുമേനി സമ്മതിക്കയും ചെയ്തു. പിന്നീട് പ്രാർത്ഥന കഴിഞ്ഞ് യോഗംപിരിയുകയും കഥാനായകൻ വാകത്താന ത്തേക്ക് പോരികയും ചെയ്തു.

17-ന് വാകത്താനത്തു പള്ളിയിൽ കോയിപ്പുറത്തച്ചൻ കുർബാന ചൊല്ലി.

അന്നുണ്ടായിരുന്ന വിവാഹ കൂദാശയിൽ കഥാനായകനും സംബന്ധിച്ചു. കോയിപ്പുറത്തച്ചന് സന്ധ്യയോടു കൂടി പനി തുടങ്ങി. 18-ന് കഥാനായകന്റെ അമ്മയ്ക്ക് രണ്ടു ദിവസമായിട്ട് ബോധക്കേടുണ്ടായതിൽ ചൂരപ്പാടിൽ പോയി അമ്മയെ കാണുകയും പിറ്റെ ദിവസം കഥാനായകനും പട്ടരുമഠത്തിലച്ചനും, കാട്ടിലച്ചനും കൂടെ ചെന്ന് ഉപ്രുശ്മാ കഴിക്കയും ചെയ്തു.

22-ന് കോയിപ്പുറത്തച്ചന്റെ സുഖക്കേട് കൂടുതലെന്ന് കാണുകയാൽ കഥാനായകനും ടി. പട്ടക്കാരും കൂടി അദ്ദേഹത്തിന് ഉപ്രുശ്മാ കഴിച്ചു. അന്ന് സൈത്ത് പൂശിയില്ല. 24-ന് ആയ്തു കഴിച്ചു. 28-ന് കഥാനായകൻ കോയിപ്പുറത്തച്ചന് കുറിച്ചി, തോട്ടയ്ക്കാട്, നാലുന്നാക്കൽ, വാകത്താനം ഈ പള്ളികളിലെ പട്ടക്കാരുടെ സഹകരണത്തോടു കൂടെ കന്തീലാക്രമം കഴിച്ചു. അതു കഴിക്കുമ്പോൾ അദ്ദേഹത്തിന് നല്ല ബോധവും വെളിവും ഉണ്ടായിരുന്നു. പരുമലയിരിക്കുന്ന റമ്പാച്ചൻമാർ ഊർശ്ലേമിലേക്ക് പോകുന്നതുകൊണ്ട് കഥാനായകൻ പരുമലയ്ക്കു പോയി അവർ തിരിച്ചു വരുന്നതുവരെ അവിടെ താമസിക്കണമെന്ന് വല്ല്യതിരുമേനിയുടെ കല്പന വരികയാൽ കഥാനായകൻ കോട്ടയത്തേക്ക് പോകയും ടി. അച്ചന്റെ സുഖക്കേട് നിമിത്തവും മുറിപണിയുടെ കാര്യം കൊണ്ടും ഏനമില്ലാ എന്ന് തിരുമനസ്സറിയിക്കുകയും സമ്മതത്തോടു കൂടെ തിരിച്ചുപോരുകയും ചെയ്തു.

മീനം 2-ന് കഥാനായകൻ കുർബാന ചൊല്ലി കുഷ്ഠവ്യാധിക്കാരന്റെ സംഗതിയെപ്പറ്റിയും നിറപറ, പിടിയരി ഇതുകൾ പള്ളിക്കു കൊടുക്കേണ്ടതിനെപ്പറ്റിയും പ്രസംഗിച്ചു. കോയിപ്പുറത്തച്ചന്റെ സുഖക്കേട് ദിനംപ്രതി കൂടിക്കൊണ്ടിരുന്നു. അന്ന് അസ്തമിച്ച് 3-ന് രാത്രി 12 മണിക്ക് അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു. അപ്പോഴും കഥാനായകൻ അവിടെ ഉണ്ടായിരുന്നു. 3-ന് തിങ്കളാഴ്ച കാലത്തു 8 മണിക്ക് വെള്ളിക്കുരിശ് മുതലായ പള്ളി സാധനങ്ങളോടു കൂടി വീട്ടിൽ വച്ച് ഒരു തെശ്മെശുത്താ കഴിച്ചും പോരികയും ഉച്ചയ്ക്കു മുമ്പായി 3 തെശുമശ്ത്താ എത്തിക്കുകയും ചെയ്തു. അപ്പോഴേക്കും സിമ്മനാരിയിൽ നിന്നു മാർ ഈവാനിയോസു മെത്രാപ്പോലീത്തായും മട്ടയ്ക്കലച്ചനും ഏതാനും ശെമ്മാശന്മാരും വന്നു ചേരുകയും എല്ലാവരും കൂടി ശേഷമുള്ള ശുശ്രൂഷകൾ തികച്ച് 5 മണിയോടു കൂടി കബറടക്കവും കഴിച്ചു. തിരുമേനിയും മറ്റും അന്നുരാത്രി 9 മണിക്ക് കോട്ടയത്തേക്ക് തിരിച്ചുപോകയും ചെയ്തു.

5-ന് കഥാനായകന്റെ അടുക്കൽ മണർകാട്ടു നടുവിലേടത്തു മാത്തു സുറിയാനി പഠിപ്പാൻ വന്നുചേർന്നു. കുറെ നാളുകൊണ്ട് കുർബാനക്ക് കൂടുന്നതും നമസ്ക്കാരത്തിൽ കുറെ ഭാഗങ്ങളും പഠിച്ചുംകൊണ്ട് ടിയാൻ പൊയ്ക്കളഞ്ഞു. 15-ന് കോയിപ്പുറത്തച്ചന്റെ അടിയന്തിരത്തിന് ഏകദേശം 100 പറ അരിയോളം ചിലവാക്കി കഴിച്ചു. അന്നേ ദിവസം കഥനായകനും കൂടി മുന്നിൻമേൽ കുർബാന ചൊല്ലി.

16–നും മേടം 4–ന് 40–ാം വെള്ളിയാഴ്ചയും 5–നും 6–ന് ഓശാനയ്ക്കു കഥാനായകൻ ശു. കുർബാന ചൊല്ലി. ഓശാനയ്ക്ക് ബസുമൽക്കോസാ യുടെ ക്രമം കഴിക്കയും കഥാനായകൻ പ്രസംഗിക്കയും ചെയ്തു. 10 ന് പെസ ഹായ്ക്ക് കഥാനായകൻ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും പിറ്റെ ദിവസം ദുഃഖവെള്ളിയാഴ്ചയുടെ ക്രമം കഴിക്കയും 13–ന് നോമ്പു വീടലിന് കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കയും ചെയ്തു.

14–ന് കഥാനായകൻ കാട്ടിൽ കത്തനാരോടൊരുമിച്ച് ചൂരപ്പാടിൽ പോയി തന്റെ അമ്മയ്ക്കു ശു. കുർബാന കൊടുത്തു. 29–ന് വാകത്താനത്തു പള്ളി യിൽ പതിവു പ്രകാരം പെരുന്നാൾ കഴിച്ചു. എടത്ര ഈയോബ് കത്തനാർ കുർബാന ചൊല്ലുകയും കഥാനായകൻ പ്രസംഗിക്കയും പ്രസംഗത്തിൽ മേടം 29–ന് പെരുന്നാൾ കഴിക്കുന്നതു കൊണ്ട് ചില അസൗകര്യങ്ങൾ ഉണ്ടെന്നും പ്രതിഷ്ഠാപെരുന്നാൾ കഴിക്കാതിരിക്കുന്നത് യോഗ്യമല്ലെന്നും അതിനാൽ കുർബ്ബാന കഴിഞ്ഞ് യോഗം കൂടി പെരുന്നാൾ മാറ്റിവയ്ക്കുന്നതിന് ആലോചിക്കണമെന്ന് പ്രസ്താവിച്ചതനുസരിച്ച് ആലോചിച്ച് പെരുന്നാൾ ധനു മാസം 1–ന് കഴിക്കത്തക്കവണ്ണം തീരുമാനിച്ചു.

ഇടവം 24–ന് കഥാനായകൻ കാട്ടിൽ കത്തനാരോട് ഒരുമിച്ച് ചൂരപ്പാടിൽ പോയി കഥാനായകന്റെ അമ്മക്കു ഉപ്രുശ്മാ കഴിക്കയും ശു. കുർബ്ബാന കൊടുക്കയും ചെയ്തു. 25–ന് കഥാനായകൻ കുർബ്ബാനയും പ്രസംഗവും കഴിക്കയും വള്ളവൻകടവിൽ മാണി എന്നയാളിന്റെ ശവസംസ്ക്കാരവും പട്ടക്കാരോടു കൂടെ കഴിക്കയും ചെയ്തു. 26–ന് ചിറക്കുഴിയിൽ ഉലഹന്നാൻ എന്ന ആളിന്റെ സംസ്ക്കാരത്തിനും കഥാനായകൻ സംബന്ധിച്ചു.

മിഥുനം 1–ന് കഥാനായകൻ പെന്തിക്കുസ്തിക്ക് കുർബ്ബാന ചൊല്ലുകയും പട്ടക്കാരുടെ സഹകരണത്തോടു കൂടി ക്രമം കഴിക്കയും അന്നുണ്ടാ യിരുന്ന വിവാഹകൂദാശയിൽ സംബന്ധിയ്ക്കയും ചെയ്തു. അന്ന് 12 മണിക്ക് തന്റെ അമ്മ കർത്താവിൽ നിദ്ര പ്രാപിച്ചു.

മരണം ഒരുറക്കം എന്നപോലെയായിരുന്നു. വായുക്ഷോഭവും മറ്റും ഉണ്ടായില്ല. 3 മണിയോടു കൂടി കഥാനായകൻ ചൂരപ്പാടിയിൽ എത്തി അന്നീദയിൽ രണ്ടു തെശുമെശ്ത്താ കഴിച്ചുംവച്ച് തിരിച്ചുപോരികയും പിറ്റേ ദിവസം വെള്ളിക്കുരിശ് മുതലായ സാമാനങ്ങളോടു കൂടി ശവം പള്ളിക്കൽ കൊണ്ടുവരികയും കഥാനായകനും കാട്ടിൽ കത്തനാരും ഇടത്ര കത്തനാരും മൂന്നിന്മേൽ കുർബ്ബാന ചൊല്ലുകയും ശവസംസ്ക്കാരം നടത്തുകയും ചെയ്തു. ശവസംസ്ക്കാരത്തിന് ഐക്കരപ്പടവിൽ കത്തനാരും കരിപ്പാൽ ശെമ്മാശനും ഉണ്ടായിരുന്നു. ശവസംസ്ക്കാരം കഴിഞ്ഞ് എല്ലാവരും ചൂര പ്പാടീൽ എത്തി കഞ്ഞി കഴിക്കയും 12–ന് അടിയന്തിരം കഴിക്കത്തക്കവിധം നിശ്ചയിച്ചു പിരിയുകയും ചെയ്തു. അന്ന് ചൊല്ലിയത് മൂന്നുമ്മേൽ വള്ളാൻ

കടവുകാരുടെ വകയായിരുന്നു. അന്നായിരുന്നു മാണി എന്നയാളിന്റെ അടിയന്തിരം ടി. നിശ്ചയിച്ച പ്രകാരം 12-ന് വ്യാഴാഴ്ച 40 ൽ ചിലവാനം പറ അരി വെച്ച് അടിയന്തിരം കഴിച്ചു. എടച്ചിലവു കൂട്ടി 75 പറ അരി ചിലവായി. 22-ന് പഴയാറ്റുങ്കൽ ചാക്കോ (ചിറ്റപ്പൻ)ക്ക് കഥാനായകൻ ഉപ്രുശ്മാ കഴിക്കയും 28-ന് ആൾ മരിച്ചടക്കപ്പെടുകയും ചെയ്തു.

## വട്ടശ്ശേരിൽ മെത്രാപ്പോലീത്താ

ഊർശ്ലേമിൽ നിന്നും സ്ഥാനം സ്വീകരിച്ചു വരുന്ന പുതിയ മെത്രാന്മാരെ കർക്കിടകം 4-ന് എതിരേല്ക്കുന്നതിന് നിശ്ചയിച്ചിരിക്കയാൽ അതിലേക്കായി ചെല്ലണമെന്ന് വല്ല്യതിരുമേനിയുടെ കല്പന വരികയാൽ കഥാനായകൻ 2-ന് അസ്തമിച്ച് കോട്ടയത്തിന് പോയി. പിറ്റെദിവസം തോമാശ്ലീഹായുടെ പെരുന്നാളിൽ കഥാനായകൻ സിമ്മനാരിയിൽ കുർബ്ബാന ചൊല്ലി. അപ്പോൾ സിമ്മനാരിയിൽ വല്യതിരുമേനിയും ഈവാനിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. എതിരേൽപ്പിന്റെ വട്ടങ്ങൾ എത്രയും കേമമായിരുന്നു.

4-ന് ഉച്ച കഴിഞ്ഞ് ശീമക്കാരൻ സ്ലീബാ ഒസ്താത്തിയോസ്,[78] ഗീവറുഗീസ് ദിവന്നാസ്യോസ്,[79] പൗലോസ് മാർ കൂറിലോസ്[80] എന്നീ മെത്രാച്ചന്മാർ പരിവാരങ്ങളോടുകൂടെ ബോട്ടിൽ സിമ്മനാരിക്കടവിൽ വന്നടുത്തു. അനേകം ചുണ്ടൻവള്ളങ്ങൾ, ഓടികൾ, വാദ്യങ്ങൾ, കളിവള്ളങ്ങൾ, തോരണങ്ങൾ, പൊന്നു വെള്ളിക്കുരിശുകൾ, മുത്തുക്കുടകൾ എന്നിവകളും അനേകായിരം ജനങ്ങളും ഉണ്ടായിരുന്നു. കടവിൽ ഒരുക്കിയിരുന്ന സ്വീകരണ പന്തലിൽ ഈവാനിയോസ് തിരുമേനിയും വല്യതിരുമേനിയും മുൻകൂട്ടി ഹാജരായി നിന്നിരുന്നു. മെത്രാച്ചന്മാർ വന്നയുടനെ പന്തലിൽ വച്ചു സ്വീകരിക്കയും വല്യതിരുമേനി ഓരോ കുരിശുമാലയും ധരിപ്പിക്കയും അന്യോന്യം ചുംബനം ചെയ്യുകയും ചെയ്തു.

പിന്നീട് സിമ്മനാരി പള്ളിയിലേക്ക് എത്തി ലുത്തിനിയായും കബറുങ്കൽ ശുശ്രൂഷകളും കഴിച്ച് സിമ്മനാരിയുടെ രണ്ടാമത്തെ നിലയിലേക്ക് തിരുമേനികൾ എഴുന്നെള്ളി. ശെമ്മാശന്മാരുടെ ഗീതങ്ങളും മറ്റും കഴിഞ്ഞ് ഈവാനിയോസു മെത്രാച്ചൻ എല്ലാവരെയും അനുഗ്രഹിച്ചു. അതുകഴിഞ്ഞ് കുറെ വിശ്രമിച്ചശേഷം പുതിയ മെത്രാന്മാർക്ക് ഇംഗ്ലീഷ് പഠിച്ച വിദ്യാർത്ഥികളുടെ വകയായി ഒരു മംഗളപത്രം സിമ്മനാരിയുടെ കിഴക്കെ കെട്ടിന്റെ മുകളിലത്തെ നിലയിൽ വെച്ചു സമർപ്പിച്ചു.

പിന്നീട് മാർ ദിവന്നാസ്യോസ് സിമ്മന്നാരിയിലേക്ക് ഒരു ഘോഷയാത്ര ആരംഭിച്ചു. ആദ്യമായി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും കൂടി ടി. സിമ്മന്നാരിയിലേക്ക് പ്രൈവറ്റായി എഴുന്നെള്ളി. പിന്നാലെ പുതിയ മെത്രാന്മാരിൽ ഒസ്താത്തി

യോസു ബാവാ ഒരു മെനാവിലും മറ്റവർ രണ്ടുപേരും വണ്ടിയിലുമായി പൊൻ വെള്ളി കുരിശുകൾ, കുട, കൊടി മുതലായ അകമ്പടിയോടു കൂടി യാത്ര തിരിച്ചു മനോരമ ചാപ്പലിൽ എത്തി. അവിടെ ലുത്തിനിയായും കഴിച്ചു കൊണ്ട് സിമ്മന്നാരിയിലേക്കു എല്ലാവരും കൂടി പോകയും പ്ലാറ്റ്ഫോറത്തിൽ വല്യതിരുമേനി അഗ്രഹാസനം വഹിക്കയും ചെയ്തു. വളരെ പുരുഷാര ങ്ങളെ കൊണ്ട് ഹോൾ മുഴുവനും നിറഞ്ഞിരുന്നു. വല്യതിരുമേനി പ്രാരംഭ പ്രസംഗം കഴിച്ചു. പിന്നീടു സുറിയാനി സഭ വക ഒരു പൊതുമംഗളപത്രം അക്കര കൊച്ചൂഞ്ഞ്[81] (സിമ്മന്നാരി ട്രസ്റ്റി) വായിച്ചു സമർപ്പിച്ചു. ഉടനെ പാൽ മാർ സായ്പും പേഷ്ക്കാർ സുബ്രഹ്മണ്യനും കന്നുകുഴി കുരുവിള പെൻഷൻ ഇഞ്ചിനീയർ മലയാളത്തിലും ഓരോ പ്രസംഗങ്ങൾ ചെയ്തു. ഇതിന്നെ ല്ലാറ്റിനും മറുപടിയായി മാർ ദീവന്നാസ്യോസ് കൊച്ചുമെത്രാപ്പോലീത്താ പ്രസംഗവും കഴിച്ചു.

അനന്തരം കുട്ടികളുടെ ശ്ലോകഗീതങ്ങളും സുറിയാനിയിലും ഇംഗ്ലീഷിലും ചീയറുകളും പറഞ്ഞു പുതിയ മെത്രാന്മാർക്ക് അലങ്കരിച്ച ഓരോ വലിയ മെഴുകുതിരികളും മംഗളപത്രവും കൊടുത്തു യോഗം അവസാനിപ്പിക്കയും മിക്കവാറും ആളുകൾ പിരികയും ചെയ്തു. രാത്രി വെടിക്കെട്ടും മാർഗം കളിയും കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു രാത്രി തിരുമേനികൾ സിമ്മന്നാരി യിലേക്ക് നീങ്ങുകയും ചെയ്തു.

5-ന് കഥാനായകൻ സിമ്മനാരിയിൽ നിന്നും വാകത്താനത്തു പള്ളിയി ലേക്കു പോരികയും പിറ്റെദിവസം അവിടെ കുർബ്ബാന ചൊല്ലുകയും ചെയ്തു. 11-ന് കഥാനായകന്റെ അനുജൻ ചാക്കോയുടെ മൂത്തമകൻ പുന്നന് ദീനം കൂടുതൽ എന്ന് അറികയാൽ ചൂരപ്പാടിൽ എത്തി ടി. കൊച്ചന്റെ പേർക്കു വേണ്ടി പ്രാർത്ഥന കഴിച്ചുംവച്ച് തിരിച്ചുപോന്നു.

12-ന് വള്ളാൻകടവിൽ മർക്കോസിന്റെ പേർക്ക് കഥാനായകനും പട്ടരു മഠത്തിൽ കത്തനാരും കാട്ടിൽ കത്തനാരും കൂടി മൂന്നുമ്മേൽ കുർബ്ബാന ചൊല്ലി. 16 ന് അസ്തമിച്ചു കഥാനായകന്റെ അനുജന്റെ മൂത്തപുത്രൻ പുന്നൻ കർത്താവിൽ നിദ്ര പാപിക്കയും 17-ന് കഥാനായകൻ കുർബ്ബാന ചൊല്ലി അടക്കുകയും ചെയ്തു. 27-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി ശു. കുർബ്ബാന ചൊല്ലി.

**1084**

ചിങ്ങ മാസം 29-ന് വാകത്താനത്തു പള്ളിയിൽ പതിവിൻപ്രകാരം പെരു ന്നാൾ കഴിച്ചു. കന്നി മാസം 6, 14 ഈ തീയതികളിൽ കഥാനായകൻ വള്ളി ക്കാട്ട് പള്ളിയിൽ കുർബ്ബാന ചൊല്ലുകയും 20-ന് പെരുന്നാളിനെ അറിയി ക്കയും ചെയ്തു. 20-ന് പതിവിൻപ്രകാരം പള്ളി സ്ഥാപനയുടെ ഓർമ്മയും ബസെലിയോസു ബാവായുടെ ഓർമ്മയും കഥാനായകൻ വള്ളിക്കാട്ടു

പള്ളിയിൽ കുർബ്ബാന ചൊല്ലി കഴിച്ചു. നേർച്ചയായി കൊണ്ടുവന്നിരുന്ന അവൽ വിളമ്പിക്കയും ചെയ്തു. അന്നേ ദിവസം കോതമംഗലത്തു ബാവാ യുടെ നാമത്തിൽ 37 കുർബ്ബാന വരെ ഉണ്ടായിരുന്നു.

21-ന് വാകത്താനത്തു പള്ളിയിൽ കഥാനായകൻ കാട്ടിൽ കത്തനാരുടെ വീതത്തിൽ കുർബ്ബാന ചൊല്ലി. വാകത്താനത്തു പള്ളിയിൽ ഇതേവരെയുള്ള കഥാനായകന്റെ താമസത്തിൽ മുറിപണിക്ക് ജനങ്ങളെ ഉത്സാഹിപ്പിച്ച് പിരിവെടുക്കുകയും മുറി പൊളിക്കുമ്പോൾ താമസിക്കുന്നതിനും പിന്നീട് കുശിനിയായി ഉപയോഗിക്കുന്നതിനും ആയി കിണറ്റിനടുത്ത് ഒരു കെട്ടിടവും 83 ഇടവം 9 ന് മുതൽ പണി ആരംഭിക്കയും കന്നി 19 ന് വരെ ആയപ്പോൾ കുളിമുറി അതിന്റെ പടിഞ്ഞാറെമുറി അതിന്റെ പടിഞ്ഞാറു സാമാനംവയ്ക്കുന്ന ചെറിയ മുറി ഇങ്ങനെ 3 മുറികളോടു കൂടി അതിന്റെ സകല പണികളും തീർന്നു. വലിയ മുറിയുടെ മേൽക്കൂട്ടു പണിക്ക് തടി വാങ്ങിപ്പാനായി പള്ളി വകയായി ഉണ്ടായിരുന്ന പണവും റമ്പാച്ചൻ കടം വാങ്ങിച്ച പണവും കൂടി എടുത്തു കാട്ടിൽ മാത്തു ഇരുപതിൽ പീലിപ്പോസു ഇവരെ വെട്ടിക്കാട്ടുമുക്ക് ഡിപ്പോവിലേക്ക് അയക്കയും ഇവർ പോയി ബൊമ്പെ കമ്പനിക്കാരുടെ അളവ് കഴിയുന്നതുവരെ തടി കിട്ടുകയില്ലെന്നുള്ള കാരണത്താൽ തിരിച്ചുപോരികയും ചെയ്തു.

15-ന് വാകത്താനത്തു പള്ളിയിൽ നിന്നും കഥാനായകൻ ആലുവായിൽ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ ആണ്ട് ശ്രാദ്ധത്തിനായി പോകേണ്ടതിന് സിമ്മന്നാരിയിൽ എത്തി. അവിടെ നിന്നും മാർ കൂറിലോസു മെത്രാപ്പോലീത്തായോടൊപ്പം ഒരുമിച്ച് 16-ന് പുറപ്പെട്ട് പിറ്റേ ദിവസം ആലുവായിൽ എത്തുകയും ചെയ്തു. അപ്പോൾ അവിടെ കണ്ടനാട്ട് ഇടവകയുടെ മാർ ഈവാനിയോസു മെത്രാപ്പോലീത്താ ടി. ശ്രാദ്ധം പ്രമാണിച്ച് എത്തിയിരുന്നു. 18-ന് കാലം ചെയ്ത മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായോടു കൂടി താമസിച്ചിരുന്ന പൈനാടത്തു ഇട്ടൂപ്പ് കത്തനാരുടെ പുത്തൻ കുർബ്ബാനയും ടി. ശ്രാദ്ധവും ആയിരുന്നു. കാലത്തെ കഥാനായകൻ കുർബ്ബാന ചൊല്ലി. അനന്തരം ടിയാന്റെ പുത്തൻ കുർബ്ബാനയും തിരുമേനിയുടേയും മറ്റും സാന്നിദ്ധ്യത്തിൽ നടന്നു. അന്നേ ദിവസത്തെ ഒരുക്കങ്ങൾ പുത്തൻ കുർബ്ബാനയുടേതായിരുന്നു. 53 ചില്വാനം രൂപ നടവരവ് ഉണ്ടായിരുന്നു.

19-ന് കൂറിലോസു മെത്രാപ്പോലീത്താ ആലുവാ പള്ളിയിൽ കുർബ്ബാനയും പ്രസംഗവും കഴിക്കയും ഉച്ചകഴിഞ്ഞ് അങ്കമാലി പള്ളിയിലേക്ക് പോകയും ചെയ്തു. 20-ന് കഥാനായകൻ ആലുവായിൽ നിന്നും വാകത്താനത്തേക്ക് തിരിച്ചു പോരുന്നതിനായി യാത്ര പുറപ്പെട്ട് തീവണ്ടിയിൽ എത്തിയപ്പോൾ ആ വണ്ടിയിൽ കൂറിലോസ് മെത്രാപ്പോലീത്തായും ഉണ്ടായിരുന്നതിനാൽ ഞങ്ങൾ ഒരുമിച്ച് എറണാകുളത്ത് വരികയും അവിടെ

നിന്നും കേവുകേറി പിറ്റെ ദിവസം സിമ്മന്നാരിയിൽ എത്തുകയും ചെയ്തു. 22-ന് കൂറിലോസു മെത്രാച്ചൻ സിമ്മന്നാരിയിൽ നിന്നും പാറമ്പുഴ പള്ളിയിലേക്കും കഥാനായകൻ വാകത്താനത്തേക്കും പോരികയും ചെയ്തു.

വൃശ്ചികം 10 ന് കഥാനായകൻ കാട്ടിൽ കത്തനാരച്ചനോടൊരുമിച്ച് കോട്ടയത്തു സിമ്മന്നാരിയിലേക്ക് പോകയും പിറ്റെ ദിവസം അവിടെ എത്തുകയും ചെയ്തു. അപ്പോൾ സിമ്മനാരിയിൽ മാർ ദീവന്നാസ്യോസ് വലിയ മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും ശീമക്കാരൻ ഒസ്താത്തിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. അന്നുതന്നെ വടക്കുനിന്നും മാർ ഈവാനിയോസ് മെത്രാച്ചനും പുന്നൂസ് റമ്പാച്ചനും[82] വന്നുചേർന്നു. 12-ന് ബുധനാഴ്ച സന്ധ്യനമസ്ക്കാരം പെരുന്നാളിന്റെ മുറയിൽ "റാഹെം അലൈൻ" ചൊല്ലി ആരംഭിക്കയും ശനിയാഴ്ച ദിവസത്തേക്ക് നമസ്ക്കാരം കഴിക്കയും ചെയ്തു. ഏവൻഗേലി വായനയും ഉണ്ടായി. 12-ന് കാലത്തു നമസ്ക്കരിച്ചതു ബുധനാഴ്ചയുടെ നമസ്ക്കാരവും ഏഴാമത്തെ ലയത്തിലും ആയിരുന്നു.

രാത്രിയിൽ കായങ്കുളത്തുകാരൻ മീഖയിൽ കത്തനാരുടെ[83] ഗൗരവമേറിയ പ്രസംഗം ഉണ്ടായിരുന്നു. പ്രസംഗം സാരവത്തും സന്ദർഭോചിതവും ആയിരുന്നു. പ്രസംഗശേഷം കൊടിയും സ്ലീബായോടും കൂടി പ്രദക്ഷിണവും നടന്നു. മെത്രാച്ചന്മാർ എല്ലാവരും പള്ളിയകത്തു ഇറങ്ങി നിന്നിരുന്നു. റമ്പാച്ചൻ പ്രദക്ഷിണത്തിന് പോയി. ആയ്തു കഴിഞ്ഞ് വെടിക്കെട്ടും അഹോരാത്രം ഏറുപടക്കം ഏറും ഉണ്ടായിരുന്നു. ഇതൊക്കെയും വല്യമെത്രാച്ചന്റെ ചിലവും അവിടെത്തെ സന്തോഷവും ആണ്. കാലത്തു പ്രധാന പീഠത്തിൽ ഒസ്താത്തിയോസ് മെത്രാച്ചനും ഉപപീഠങ്ങളിൽ യൂയാക്കിം റമ്പാൻ,[84] പുന്നൂസ് റമ്പാൻ എന്നിവരും വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചു. കുർബ്ബാനമദ്ധ്യേ എം. എ. ഗീവറുഗീസു കത്തനാരുടെ[85] പ്രസംഗവും കുർബ്ബാന കഴിഞ്ഞ് കബറുങ്കൽ ശുശ്രൂഷയും നേർച്ച ഇടീലും നടന്നു. അനന്തരം ശെമ്മാശന്മാരുടെ രാഗങ്ങളോടുകൂടെ തിരുമേനികൾ മുറിയിലേയ്ക്ക് പോകയും ശെമ്മാശന്മാർ സുറിയാനി ചൊല്ലുകയും ഈവാനിയോസ് മെത്രാച്ചൻ അനുഗ്രഹിക്കയും ചെയ്തു. പിന്നീട് ഭക്ഷണം കഴിഞ്ഞ് സുവിശേഷ സംഘം വക പ്രസംഗം ആരംഭിച്ചു. പുത്തൻകാവിൽ കിഴക്കേത്തലയ്ക്കൽ തോമാ കത്തനാർ,[86] തുമ്പമൺ പുത്തൻവീട്ടിൽ യാക്കോബു കത്തനാർ എന്നിവരുടെ ദീർഘപ്രസംഗങ്ങളും കഴിഞ്ഞ് സൺഡേസ്കൂൾ കുട്ടികളുടെ സമ്മാനംകൊട ഒസ്താത്തിയോസ് ബാവായുടെ അദ്ധ്യക്ഷതയിൽ നടന്നു. ഉടനെ അദ്ധ്യക്ഷൻ അവർകൾക്ക് ചീയറും വിളിച്ച് യോഗം അവസാനിപ്പിക്കയും അനന്തരം പതിവിൻ പ്രകാരമുള്ള പ്രദക്ഷിണം നടത്തി നേർച്ച വിളമ്പലും കഴിഞ്ഞ് എല്ലാവരും പിരികയും ചെയ്തു.

13-ന് എം. എ. ഗീവറുഗീസു കത്തനാർ സിമ്മന്നാരിയിൽ പുത്തൻ കുർബ്ബാന ചൊല്ലി. അന്ന് മാനേജിംഗ് കമ്മട്ടി വല്യമെത്രാച്ചന്റെ അദ്ധ്യക്ഷ തയിൽ കൂടി സിമ്മന്നാരി വക കണക്ക് കേൾവി പുതിയ മെത്രാച്ചന്മാരുടെ സ്താത്തിക്കോൻ വായന, മാർ ദീവന്നാസ്യോസ് കൊച്ചുമെത്രാച്ചനെ വല്യമെത്രാച്ചന്റെ പിൻഗാമിയായി ഉറപ്പിക്ക മുതലായ സംഗതികൾ നടത്തി കമ്മട്ടി പിരിഞ്ഞു.

16-ന് മാർ കൂറിലോസ് മെത്രാച്ചൻ സിമ്മന്നാരിയിൽ കുർബ്ബാനയും പ്രസംഗവും കഴിക്കയും 4 ശെമ്മാശൻമാർക്ക് കത്തനാരുപട്ടവും 4 പൈത ങ്ങൾക്ക് കോറൂയോ പട്ടവും കൊടുക്കയും ചെയ്തു. എണ്ണച്ചേരിൽ യോഹ ന്നാൻ ശെമ്മാശു ഇന്നേദിവസം കത്തനാരു പട്ടം ഏറ്റതിൽ ഒരാൾ ആണ്. കഥാനായകൻ സിമ്മന്നാരിയിൽ നിന്നും വാകത്താനത്തേക്ക് പോരികയും 17-ന് രാത്രി പള്ളിയിൽ എത്തുകയും ചെയ്തു.

21-ന് 1076 ഇടവം 15-ന് മുതൽ കഥാനായകന്റെ കൂടെ വാലിയക്കാര നായി നിർത്തിയിരുന്ന പറവൂർക്കാരൻ ഇഞ്ചക്കാടൻ വർക്കിയെ അവന്റെ അപേക്ഷപ്രകാരം പിരിച്ചുവിട്ടു. മുൻ പലതവണയായി അവനു കൊടുത്തി രുന്നത് കൂടാതെ 20 രൂപ കൂടി കൊടുത്തു. 26-ന് മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്തായുടെ ജനന ദിവസത്തിന്റെ ഓർമ്മ ആയിരു ന്നതിനാൽ ആയതു ഈയാണ്ട് എല്ലാ പള്ളികളിലും ഒരു ശുഭദിനമായി കൊണ്ടാടണമെന്ന് ചട്ടം കെട്ടനുസരിച്ച് വാകത്താനത്തു പള്ളിയിലും കഥാ നായകനും പട്ടരുമഠത്തിൽ കത്തനാരും കാട്ടിൽ കത്തനാരും കൂടെ മൂന്നി ന്മേൽ കുർബ്ബാന ചൊല്ലുകയും മറ്റുമുണ്ടായി. വെടിയും ഉണ്ടായിരുന്നു.

കഥാനായകൻ 1072 ചിങ്ങത്തിൽ റമ്പാച്ചനായി സ്ഥാനം ഏറ്റ് ആദ്യമായി പള്ളിയിൽ വന്ന് ശു. കുർബ്ബാന ചൊല്ലിയപ്പോൾ ടി. പള്ളി ഇടവകക്കാരിൽ അധികംപേരും അവരുടെ സന്തോഷം നിമിത്തം കാസാ, കാപ്പ മുതലായ സമ്മാനങ്ങൾ ഉണ്ടാക്കുന്നതിലേക്കായി ഒരു കൈമുത്തു കൊടുത്തിരുന്നു. ധനു മാസം 10 ന് കോട്ടയത്തു സിമ്മനാരിയിൽ വച്ച് ശീമക്കാരൻ മാർ ഒസ്താത്തിയോസ് ബാവായിൽ നിന്ന് കരിപ്പാൽ ശെമ്മാശ്ശൻ കത്തനാരു പട്ടം ഏറ്റു. 25-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ ശേഷം പട്ട ക്കാരുടെ സഹകരണത്തോടു കൂടി കുർബ്ബാനയും പ്രസംഗവും നോമ്പു വീടലിന്റെ ക്രമവും കഴിച്ചു.

26-ന് പള്ളത്തു പാറപ്പുറത്തു ഗീവറുഗീസ് കത്തനാർക്ക് ദീനക്കൂടുതൽ എന്ന് ആൾ വന്ന് പറഞ്ഞതിനാൽ കഥാനായകൻ പള്ളത്തിന് പോയി. അദ്ദേഹത്തിന് ഉപ്രുശ്മാ കഴിക്കയും പുരകൂദാശ ചെയ്കയും ചെയ്തും വച്ച് തിരിച്ചു പോന്നു. 29-നും മേടം 24-നും കഴിച്ചുവന്നിരുന്ന പെരുന്നാൾ കഴിക്കണമെന്ന് മുൻ നിശ്ചയിച്ചതനുസരിച്ച് ധനു മാസം 28-ന് കഴിക്കണ്ട

Malankara Orthodox TV

പെരുന്നാൾ അന്നെദിവസം ഞായറാഴ്ചയായി വന്നതുകൊണ്ട് പിറ്റെദിവസം പെരുന്നാൾ കഴിച്ചു. മേട മാസത്തിലേക്കാൾ നടവരവ് കൂടുതലും ചിലവ് കുറവും ഉണ്ടായിരുന്നു. പെരുന്നാളിൽ കഥാനായകൻ കുർബ്ബാനയും പ്രസംഗവും കഴിച്ചു.

**1909**

മകര മാസം 1-ന് എണ്ണച്ചേരിൽ യോഹന്നാൻ കത്തനാർ വാകത്താനത്തു പുത്തൻ കുർബ്ബാന ചൊല്ലി. മട്ടക്കൽ മല്പാൻ, ഇലവിനാമണ്ണിൽ മല്പാൻ ഇങ്ങനെ 2 മല്പാനച്ചന്മാരും കോട്ടയത്തു നിന്നു കുറെ ശെമ്മാശന്മാരും വന്നിരുന്നു. കുർബ്ബാനമദ്ധ്യേ മട്ടയ്ക്കൽ മല്പാൻ ആചാര്യസ്ഥാനത്തെ ക്കുറിച്ച് ദീർഘമായി പ്രസംഗിച്ചു. പ്രസംഗം വളരെ യുക്തിയുക്തമായിരുന്നു. കഥാനായകൻ 72 പണം വിലയുള്ള ഒരു കശവ് ശോശപ്പാ ടി. കത്തനാർക്ക് സമ്മാനിച്ചു.

5-ന് പാറപ്പുറത്ത് ഗീവറുഗീസു കത്തനാർക്ക് ദീനക്കൂടുതൽ എന്നും കന്തീലാ കഴിക്കുന്നതിനായി കഥാനായകൻ ചെല്ലണമെന്നും ടിയാന്റെ മകൻ വക്കീൽ എഴുതി അയയ്ക്കയാൽ കഥാനായകൻ കാട്ടിൽ യോഹന്നാൻ കത്തനാരോടൊരുമിച്ച് അവിടേക്ക് പോകയും ടി. യോഹന്നാൻ കത്തനാർ കൈതയിൽ ഗിവറുഗീസു കത്തനാർ, മണിമല യാക്കോബു കത്തനാർ പള്ളിക്കപ്പറമ്പിൽ കുറിയാക്കോസു കത്തനാർ എന്നിവരുടെ സഹകര ണത്തോടു കൂടി കഥാനായകൻ രാത്രി 9 മണിക്ക് കന്തീലാ തുടങ്ങുകയും 12 മണിക്ക് അവസാനിപ്പിക്കയും ചെയ്തു. മറ്റീത്ര ഇംഗ്ലീഷു പാദ്രിയും പള്ള ത്തു ഇടവകജനങ്ങളും കൂടിയിരുന്നു. പിറ്റെ ദിവസം കാലത്തെ കഥാനാ യകൻ വാകത്താനത്തേയ്ക്ക് പോരികയും ചെയ്തു.

6-ന് വാകത്താനത്ത് പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ ചൊല്ലി ദന ഹാക്രമം കഴിച്ചു. 9-ന് വെള്ളിയാഴ്ച 4 മണിക്ക് പാറപ്പുറത്ത് ഗീവറുഗീസ് കത്തനാർ മരിച്ച വിവരത്തിന് എഴുത്തും ആളും വരികയാൽ കഥാനായകൻ പള്ളത്തിന് പോകയും അവിടെ എത്തിയിരുന്ന പാമ്പാടിൽ കുറിയാക്കോസ് റമ്പാച്ചനും മറ്റ് പട്ടക്കാരും ഒരുമിച്ച് വീട്ടിൽ വച്ച് കൊഹനൈത്തായിൽ ഏതാനും ഭാഗം കഴിക്കയും പിന്നീട് കഥാനായകൻ പള്ളത്തു പള്ളിയിൽ പോയി കുർബ്ബാന ചൊല്ലുകയും കുർബ്ബാന കഴിഞ്ഞ് ശവം പള്ളിയിൽ വന്ന ശേഷം, ശേഷമുള്ള ശുശ്രൂഷകൾ കഴിച്ച് കബറടക്കം ചെയ്കയും ചെയ്തു. കോട്ടയത്തു നിന്നും മട്ടക്കൽ മല്പാനച്ചനും ഏതാനും ശെമ്മാശന്മാരും എത്തിയിരുന്നു. പുതുപ്പള്ളിപ്പള്ളിക്കാരുടെ വെള്ളിക്കുരിശ് മുതലായ സാധനങ്ങൾ അവർ കൊണ്ടുവന്നിരുന്നു. കഥാനായകനും മട്ടക്കൽ മല്പാ നച്ചനും കൂടി അന്നു തന്നെ വാകത്താനത്തേയ്ക്ക് പോരികയും ടി. മല്പാ നച്ചൻ നാലുന്നാക്കൽ പള്ളിയിലേക്ക് പോകയും ചെയ്തു.

11–ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ നിന്നും നാലുന്നാക്കൽ പള്ളിയിലേക്ക് പോയി. അന്നവിടെ കരിപ്പാൽ യാക്കോബു കത്തനാരുടെ പുത്തൻ കുർബ്ബാനയ്ക്കു മട്ടക്കലച്ചൻ ദീർഘമായി പ്രസംഗം പറഞ്ഞു. കുർബ്ബാന കഴിഞ്ഞ് കഥാനായകൻ തിരിച്ചുപോന്നു.

15–ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ എത്തി. പെരുന്നാളിൽ കുർബ്ബാന ചൊല്ലി പെരുന്നാൾ കഴിച്ചു. പെരുന്നാളിന് പട്ടരുമഠത്തിലച്ചൻ, എണ്ണച്ചേരിൽ കത്തനാർ, കാട്ടിൽ കത്തനാർ എന്നിവരും എത്തിയിരുന്നു. പെരുന്നാൾ കഴിഞ്ഞു കഥാനായകൻ വാകത്താനത്തുപള്ളിയിലേക്ക് പോരി കയും ചെയ്തു. കുംഭം 2–നും 8–നും കൊത്തനെ ഞായറാഴ്ച കഥാനായ കൻ വാകത്താനത്തു പള്ളിയിൽ ശു. കുർബാന ചൊല്ലി. കൊത്തനെ ഞായ റാഴ്ച നോമ്പിനെക്കുറിച്ചും മദ്യപാന ദോഷത്തെക്കുറിച്ചും പ്രസംഗിച്ചു. 9–ന് കഥാനായകൻ ശുബുക്കോനാ ശുശ്രൂഷ വാകത്താനത്തു പള്ളിയിൽ കഴിച്ചു.

മുൻ വൃശ്ചികത്തിൽ കഥാനായകൻ സിമ്മന്നാരിയിൽ ചെന്നിരുന്ന പ്പോൾ ഒരു അംശവടി പണിയിച്ചു കൊടുക്കേണ്ടതിനായി 40 രൂപാ തൂക്കം വെള്ളിയും ഒരു പവനും കൂറിലോസു മെത്രാച്ചൻ തന്നയച്ചിരുന്നതു കൊണ്ടു വടി പണിയിപ്പിക്കുകയും കുംഭം 7–ന് മീനടത്തു വൈദ്യൻപറമ്പിൽ ശെമ്മാ ശൻവശം ആയത് അദ്ദേഹത്തിനയച്ചു കൊടുക്കുകയും ചെയ്തു. വടിക്ക് 42 രൂപാ തൂക്കം വെള്ളി വേണ്ടിവന്നു. പണിക്കൂലി രൂപാ തൂക്കത്തിന് 12 ചക്രം വീതം കൊടുത്തു. പണിക്കാരൻ തട്ടാൻ രാമൻ ആയിരുന്നു.

22–ന് ഞായറാഴ്ച കഥാനായകൻ വാകത്താനത്തു പള്ളിയിൽ ശു. കുർ ബാന ചൊല്ലി വേദവിപരീതികളെക്കുറിച്ചും സുറിയാനി സഭാ നിയമങ്ങളുടെ നിർമ്മലതയെക്കുറിച്ചും പ്രസംഗിച്ചു. മീനം 24–ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി. 28–ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി പതിനൊന്ന് നോമ്പിന്റെ ക്രമം കഴിക്കയും സ്ലീബായെ സംബന്ധിച്ചു പ്രസംഗിക്കയും ചെയ്തു.

7–ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി. 8–ന് കഥാനായകൻ വാകത്താനത്തുപള്ളിയിൽ ശു. കുർബ്ബാന ചൊല്ലുകയും പ്രാർത്ഥനയെപ്പറ്റി പ്രസംഗിക്കയും ചെയ്തു. കരിപ്പാൽ യാക്കോബു കത്ത നാർക്ക് കഥാനായകൻ 7–ൽ ചിലവാനം രൂപ തൂക്കത്തിൽ ഒരു പീലാസ[87] പണിയിച്ച് സമ്മാനം കൊടുത്തു.

കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബ്ബാന ചൊല്ലുകയും കുരുടന്മാരെപ്പറ്റി പ്രസംഗിക്കയും ചെയ്തു. 20–ന് നാല്പതാം വെള്ളിയാ ഴ്ചയും കുർബ്ബാന ചൊല്ലി. 21–ന് വള്ളിക്കാട്ട് പള്ളിയിലും 22–ന് ഓശാന കാട്ടിൽ കത്തനാരുടെ അവധിയിൽ വാകത്താനത്തു പള്ളിയിലും കഥാനാ

യകൻ കുർബ്ബാന ചൊല്ലി. ഓശാനയിൽ ഓശാനയെക്കുറിച്ച് പ്രസംഗിക്കയും പട്ടക്കാരുടെ സഹകരണത്തോടു കൂടി ക്രമം കഴിക്കയും ചെയ്തു. 25-ന് ബുധനാഴ്ച പെരുന്നാളിലും പിറ്റേദിവസം പെസഹായ്ക്കും കഥാനായകൻ ശു. കുർബ്ബാന ചൊല്ലി.

## മാർ ദീവന്നാസ്യോസ് പഞ്ചമന്റെ ദേഹവിയോഗം

27-ന് ദുഃഖവെള്ളിയാഴ്ചയിലെ ക്രമം കാട്ടിൽ കത്തനാരച്ചൻ കഴിച്ചു. 29-ന് നോമ്പുവീടലിന് എണ്ണച്ചേരിൽ കത്തനാർ വാകത്താനത്തു പള്ളിയിൽ ശു. കുർബ്ബാന കഴിച്ചു. നോമ്പു വീടൽ കഴിച്ചു. മേടം 4-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി ശു. കുർബാന ചൊല്ലി. ഇടവം 2-ന് അവിടെത്തന്നെ ചൊല്ലി. 7-ന് നാല്പതാം പെരുന്നാളു ദിവസം വല്യ മെത്രാച്ചന് പ്രമേഹ പരു ആണെന്നും ആലപ്പുഴ അപ്പോത്തിക്കരി നായിഡുവിനെ വരുത്തി ആയ്തു കീറിച്ചു എന്നും കേട്ട കഥാനായകൻ കാട്ടിൽ കത്തനാരും ഒരുമിച്ച് കോട്ടയത്തു ചെറിയപള്ളിയിലേക്ക് പോയി തിരുമേനിയെ കണ്ട് അവിടെ താമസിച്ചു.

9-ന് ചെറിയപള്ളിയിലും 10-ന് പുത്തനങ്ങാടി കുരിശുപള്ളിയിലും കഥാനായകൻ കുർബ്ബാന ചൊല്ലി. 12-ന് ആലപ്പുഴ നിന്നും രണ്ടാമതും നായിഡുവിനെ വരുത്തി തിരുമേനിക്ക് ചില ശസ്ത്രക്രിയകൾ കൂടി ചെയ്തു. പിന്നെ 2 ദിവസം കഴിഞ്ഞു കൊല്ലത്തു നിന്ന് പീറ്റർ ലക്ഷ്മണൻ ഡോക്ടറെയും വരുത്തി തിരുമേനിയെ കാണിച്ചു. അദ്ദേഹവും ചിലതെല്ലാം ചെയ്തുംവച്ച് പോയി.

13-ന് കഥാനായകൻ ചെറിയ പള്ളിയിൽ ചൊല്ലി. ചെറിയ പള്ളിയിൽ നിത്യവും തിരുമേനിക്കു വേണ്ടി കുർബാനയുണ്ടായിരുന്നു. 17-ന് അൻപതാം പെരുന്നാളിൽ കഥാനായകൻ കോട്ടയത്തു വലിയപള്ളിയിൽ കുർബ്ബാന ചൊല്ലുകയും എടവഴീക്കൽ ഗീവറുഗീസ് കത്തനാരുടെയും മറ്റും സഹകരണത്തോടു കൂടെ ക്രമം കഴിക്കയും ചെയ്തു.

22-ന് ആഞ്ഞൂറെ കൂറിലോസ് മെത്രാനും 22-ന് പാലക്കുന്നത്തു 1 -ാം തീത്തോസു മെത്രാനും 22-ന് ടിയിൽ കൊച്ചു തീത്തോസു മെത്രാനും ചെറിയപള്ളിയിൽ വന്ന് തിരുമേനിയെ കാണുകയുണ്ടായി. ആംഗ്ലിക്കൻ ബിഷൊപ്പ് മിക്ക ദിവസങ്ങളിലും വന്നുകൊണ്ടിരുന്നു. മെത്രാച്ചന്മാരും റമ്പാച്ചന്മാരും ആയ എല്ലാവരും എത്തിയിരുന്നു.

26-ന് കഥാനായകൻ ചെറിയപള്ളിയിൽ നിന്ന് വാകത്താനത്തേയ്ക്ക് പോയി. മിഥുനം 1-ന് കഥാനായകന്റെ അമ്മയുടെ ആണ്ട് ശ്രാദ്ധത്തിന് കഥാനായകൻ കാട്ടിൽ കത്തനാരും എണ്ണച്ചേരിൽ കത്തനാരും കൂടി മൂന്നുമ്മേൽ കുർബ്ബാന ചൊല്ലി. .... 2-ന് കഥാനായകൻ വീണ്ടും കോട്ടയത്തു

ചെറിയപള്ളിയിലേക്കു പോകയും തിരുമേനിയുടെ സുഖക്കേടിന് അല്പ സുഖമുണ്ടെന്ന് കാണുകയാൽ തിരിച്ചു വാകത്താനത്തേക്ക് പോരികയും ചെയ്തു.

28-ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ ശു. കുർബ്ബാന ചൊല്ലി. അന്ന് പകൽ 11 മണിക്ക് മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ കാലം ചെയ്തു. ആ വിവരം സന്ധ്യയ്ക്കു മുമ്പ് അറിവു കിട്ടുകയാൽ ഉടനെ പള്ളിയിൽ ദുഃഖ മണിയടിപ്പിക്കയും പട്ടക്കാർ കൂടി കൊഹനൈത്തായിൽ ഒരു ശുശ്രൂഷ കഴിക്കയും ചെയ്തു.

അന്നു സന്ധ്യ കഴിഞ്ഞ് കഥാനായകനും കാട്ടിൽ കത്തനാരും കരിപ്പാൽ കത്തനാരും മറ്റും കൂടി കോട്ടയത്തേക്കു പോയി. കാലത്തു അവിടെ എത്തി. അപ്പോൾ തിരുമേനിയുടെ മൃതശരീരത്തെ ചെറിയപള്ളി മദ്ബഹായിൽ പടിഞ്ഞാറോട്ട് മുഖമായി സ്ഥാനവസ്ത്രഭൂഷിതനായി ഇരുത്തിയിരിക്കയാ യിരുന്നു. മാർ ഒസ്താത്തിയോസ് ബാവാ കുർബ്ബാന ചൊല്ലുകയും കായ ങ്കുളം മീഖായേൽ കത്തനാർ മാർ പത്രോസ് പൗലോസു ശ്ലീഹന്മാരെക്കു റിച്ചും തിരുമേനിയെക്കുറിച്ചും പ്രസംഗിക്കയും ചെയ്തു. അനന്തരം കൊഹ നൈത്തായിൽ കുറെ ഭാഗം കഴിച്ചുകൊണ്ട് 12 മണിക്ക് മൃതശരീരത്തെ ചെറി യപള്ളിയിൽ നിന്നും സിമ്മന്നാരിയിലേക്ക് കരമാർഗ്ഗം പട്ടക്കാരും ശെമ്മാശ ന്മാരും കൂടെ വഹിച്ച് മെത്രാച്ചന്മാരുടേയും റമ്പാച്ചന്മാരുടേയും മറ്റ് ദുഃഖഗാ നങ്ങളോടു കൂടി കൊണ്ടുപോയി.

1 മണിക്ക് അവിടെ എത്തി കൊഹനൈത്തായിൽ ഒരു തെശുമെശ്ത്താ കഴിച്ച് 2 മണിക്ക് കൈമുത്താരംഭിച്ചു. 4 മണിക്ക് അവസാനിക്കയും ചെയ്തു. പിന്നെ മദ്ബഹായിലേക്ക് കൊണ്ടുപോയി കിഴക്കോട്ട് മുഖമായി 3 പ്രാവശ്യവും ഹൈക്കലായിൽ പടിഞ്ഞാറെ അറ്റത്തും തെക്കും വടക്കും വാതുക്കലും മുമ്മൂന്ന് പ്രാവശ്യം പുശ്ബ്ശ്ലോമ്മാ ചൊല്ലിയ ശേഷം കബറുങ്കലേക്ക് കൊണ്ടുപോയി ചൊല്ലുകളും നിവൃത്തിച്ച് കുഴിയിൽ ഇറക്കി കിഴക്കോട്ട് മുഖമായി ഇരുത്തി കുന്തിരിക്കവും മിക്കവാറും നിറച്ചിട്ട് പലക വച്ച് മൂടി മീതെ കല്ലും പണിതു. അനന്തരം മാർ ഒസ്താത്തിയോസ്, മാർ ദീവന്നാസ്യോസ് ഇവരുടെ പ്രസംഗവും കഴിഞ്ഞ് 5 മണിക്ക് ജനങ്ങൾ എല്ലാ വരും പിരിഞ്ഞു. നിരണത്തെയും പുതുപ്പള്ളിയിലെയും പൊൻകുരിശും മറ്റ് പള്ളികളിലെ വെള്ളിക്കുരിശുകളും സാമാനങ്ങളും കൊണ്ടുവന്നിരുന്നു. വാകത്താനത്തെ കുരിശും പോയിരുന്നു. അന്നു തന്നെ കഥാനായകൻ പുത്തനങ്ങാടി വഴിയായി വാകത്താനത്തേക്ക് പോരികയും പിറ്റെ ദിവസം അവിടെ എത്തുകയും ചെയ്തു.

കർക്കടക മാസം 5-ന് കഥാനായകൻ പൊട്ടക്കവേലീൽ പോയി തന്റെ അമ്മാച്ചന് ഉപ്രുശ്മാ കഴിച്ചുകൊണ്ട് തിരിച്ചുപോന്നു. 15-ന് കഥാനായകൻ

തന്റെ കാർണവർ വള്ളിക്കാട്ട് പൗലോസു കത്തനാരുടെ ഓർമ്മയിൽ കുർബ്ബാന കഴിച്ചു. 16-ന് വാകത്താനത്തു പള്ളിയകത്തു മുകളിൽ നിരത്തി യിരുന്ന 8 ശീലാന്തികളിൽ രണ്ടെണ്ണം ടി. പള്ളിമുറിയുടെ ഉപയോഗത്തി ലേക്ക് ആലോചനയോടു കൂടെ കഥാനായകൻ എടുപ്പിച്ചു. 20-ന് വാകത്താ നത്തു പള്ളിയിൽ കഥാനായകൻ ചൊല്ലി. പൊട്ടക്കാവേലിൽ കുര്യന്റെ ആൺകുട്ടിയെ മാമോദീസാ മുക്കി.

മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്തായുടെ 30-ാം ദിവസ മടിയന്തിരത്തിന് എത്തണമെന്ന് മാർ ദീവന്നാസ്യോസ് കൊച്ചു മെത്രാപ്പോ ലീത്തായുടേയും കൂറിലോസു മെത്രാപ്പോലീത്തായുടെയും കല്പനകൾ കഥാനായകന് വരികയാൽ ടി. സദ്യയ്ക്ക് കൊണ്ടുചെല്ലണമെന്ന് അനു സരിച്ചുള്ള സാമാനങ്ങളുമായി 24-ന് സിമ്മന്നാരിയിലേക്ക് പോകയും പിറ്റേ ദിവസം അവിടെ എത്തുകയും ചെയ്തു. സദ്യയുടെ വട്ടങ്ങൾ എല്ലാം വളരെ കേമമായിരുന്നു. സിമ്മന്നാരിക്ക് വടക്ക് വശത്തും പടിഞ്ഞാറ് വശത്തും ഉള്ള മിറ്റങ്ങൾ കൊട്ടിലുകൾ കെട്ടി ഒരുക്കിയിരുന്നു. കൂടാതെ ബോട്ടുപുരക്കലും കുശിനിയുടെ പടിഞ്ഞാറുവശത്തുമുള്ള മിറ്റത്തും പന്തലുകൾ ഇട്ടിരുന്നു.

26-ന് കൂറിലോസ് മെത്രാച്ചനും കഥാനായകനും ഔഗേൻ റമ്പാനും കൂടി സിമ്മന്നാരിയിൽ മൂന്നിൻമേൽ കുർബ്ബാന ചൊല്ലി. പിറ്റെദിവസം മാർ ഈവാനിയോസ്, കൂറിലോസ്, ദീവന്നാസ്യോസ് ഈ തിരുമേനികളും മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ ഒസ്താത്തിയോസു ബാവാ സ്വല്പം പ്രസംഗിച്ചതിനെ കോനാട്ടു മല്പാൻ പരിഭാഷപ്പെടുത്തി. കുർബ്ബാന കഴിഞ്ഞ് പട്ടക്കാരെയും ശെമ്മാശന്മാരെയും പടിഞ്ഞാറെ പന്തലിൽ ഇരുത്തി ഭക്ഷണം കൊടുത്തു. 200-ൽ പരം പട്ടക്കാരുണ്ടായിരുന്നു. അവരുടേതു കഴിഞ്ഞ് പിന്നെ പൊതുസദ്യയും നടന്നു. ആയത് 4 മണിക്ക് മുമ്പവസാ നിച്ചു. ഉടനെ പ്രദക്ഷിണവും നേർച്ചയിടീലും കഴിഞ്ഞ് ജനക്കൂട്ടം പിരിഞ്ഞു.

28-ന് കാലം ചെയ്ത തിരുമേനിയുടെ സ്ഥാനത്തേക്ക് കൊച്ചുമെത്രാ പ്പോലീത്തായെ സ്വീകരിക്കുന്നതിനായി സുറിയാനി സമുദായ ത്തിന്റെ ഒരു സംഘം പടിഞ്ഞാറെ വലിയ പന്തലിൽ കൂടി. പ്ലാറ്റ്ഫോറത്തിൽ പ്രധാന ആസനങ്ങളിൽ തിരുമേനിയും ശേഷമുള്ളതിൽ റമ്പാച്ചന്മാരും പട്ടക്കാരും ശെമ്മാശന്മാരുംമറ്റും ഇരുന്നു യോഗം ആരംഭിച്ചു. ആ സംഘത്തിൽ ഒസ്താ ത്തിയോസ് ബാവാ അഗ്രാസനം വഹിച്ചു യോഗത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് പറകയും പൊതുസംഘത്തിന്റെ പ്രതിനിധി എന്ന നിലയിൽ കോനാട്ടു മല്പാനും ജോൺ വക്കീലും പ്രസംഗിച്ച് കാലംചെയ്ത മെത്രാപ്പോലീത്താ യുടെ പിൻഗാമിയായി സ്വീകരിച്ചിരിക്കുന്നു എന്നു വാഗ്ദാനം ചെയ്കയും ഇതെ സംബന്ധിച്ച് വന്നിരുന്ന പാത്രിയർക്കീസു ബാവായുടെ കല്പന വായി ക്കയും ചെയ്തു.

അനന്തരം എം. എ. ഗീവറുഗീസു കത്തനാർ എം. എ. പാസായതിന്റെ സന്തോഷത്തിന്റെ പേരിൽ സമുദായക്കാരുടെ വകയായി ഒരു സ്വർണ്ണ മെഡലും അദ്ദേഹത്തിന് സമ്മാനിച്ചു. സി. എം. എസ്. കോളജിലെ അദ്ധ്യക്ഷൻ സായിപ്പും ചില മദാമ്മമാരും സംഘത്തിൽ ഹാജരുണ്ടായിരുന്നു. പിന്നെ മെത്രാപ്പോലീത്താമാർ ആദിയായവരെല്ലാം കൂടി പള്ളിയകത്തേക്ക് പോയി മദ്ബഹായിൽ പ്രാർത്ഥന കഴിച്ചു കൊണ്ട് ദീവന്നാസ്യോസു കൊച്ചു മെത്രാപ്പോലീത്തായെ ഒരു കസേരയിൽ ഇരുത്തി എടുത്ത് പൊക്കിക്കൊണ്ട് ഉസിയോസ എന്നതു മൂന്നു പ്രാവശ്യം ഉച്ചത്തിൽ പാടുകയും ചെയ്തു. അതായത് മാർ ദീവന്നാസ്യോസു കൊച്ചു മെത്രാപ്പോലീത്താ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് യോഗ്യനും സമ്മതമുള്ളവനുമെന്നും, അപ്രകാരം പൊതുവായി സമ്മതിച്ചിരിക്കുന്നു എന്നും തന്നെ.

പിന്നീട് തിരുമേനികൾ എല്ലാവരും പട്ടക്കാരുടേയും ശെമ്മാശന്മാരുടേയും അകമ്പടിയോടും ഗീതങ്ങളോടും കൂടി സിമ്മന്നാരിയുടെ മുകളിലത്തെ തട്ടിലേക്ക് യാത്ര ചെയ്കയും അവിടെ വച്ച് മലങ്കര മെത്രാപ്പോലീത്താ എല്ലാവരെയും അനുഗ്രഹിക്കയും കൂട്ടം പിരിയുകയും ചെയ്തു. അടിയന്തിരത്തിന് ആയിരത്തിൽപരം പറ അരി ചിലവായി. അടിയന്തിരം കഴിഞ്ഞ് 28-ന് തന്നെ കഥാനായകൻ വാകത്താനത്തേക്ക് പോരികയും ചെയ്തു.

1085 ചിങ്ങം 2-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബ്ബാന ചൊല്ലി. 24-ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരീൽ കത്തനാർ കുർബ്ബാന ചൊല്ലുകയും കഥാനായകൻ പ്രസംഗം പറയുകയും ചെയ്തു. 30-ന് കഥാനായകൻ വാകത്താനത്ത് പള്ളിയിലും ശു. കുർബ്ബാന ചൊല്ലുകയും വള്ളാൻകടവിൽ കോരുളയുടെ മകന്റെ വിവാഹകൂദാശയും നടത്തി.

കന്നി 6-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലും 13-ന് വാകത്താനത്തു പള്ളിയിലും ശു. കുർബ്ബാന ചൊല്ലി. 17-ന് വരെയുള്ള ആശാരിമാരുടെ പണി കൊണ്ട് വാകത്താനത്തു പള്ളിമുറിയുടെ കഴുക്കോലും മറ്റും തീർന്ന് ഉത്തരം വച്ചു. 18, 19 ഈ തീയതി കൊണ്ട് കഴുക്കോൽ ഇറക്കി തീരുകയും മരആശാരി, കല്ലാശാരി ഇവർക്ക് സദ്യയും സമ്മാനവും കൊടുത്തു പിരിച്ചുവിടുകയും ചെയ്തു. കാട്ടിൽ കത്തനാർ പല വീടുകളിലും സഞ്ചരിച്ച് സാമാനം ശേഖരിച്ചത്രെ സദ്യ മോടി പിടിപ്പിച്ചതു. അതിലേക്ക് അദ്ദേഹത്തിന് വളരെ പ്രയാസങ്ങൾ ഉണ്ടായി. 20-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബ്ബാന ചൊല്ലി പെരുന്നാൾ കഴിക്കയും പെരുന്നാളിനെ സംബന്ധിച്ച് പ്രസംഗിക്കയും മറ്റും ചെയ്തു. അന്ന് അവിടെ അവൽ നേർച്ചയും നേർച്ചയിടീലും ഉണ്ടായിരുന്നു.

തുലാ മാസം 3-ന് കഥാനായകൻ പാത്രിയർക്കീസു ബാവായുടെ[88]

എതിരേല്പിനായിട്ട് സിമ്മന്നാരിയിലേക്ക് പോയി. അവിടെ താമസിക്കയും പിറ്റെ ദിവസം അവിടെ കുർബ്ബാന ചൊല്ലുകയും യാക്കോബ് റമ്പാച്ചൻ പ്രസംഗിക്കയും ചെയ്തു.

## അബ്ദുള്ളാ പാത്രിയർക്കീസു ബാവാ

6-ന് ചൊവ്വാഴ്ച 4 മണിക്ക് അബ്ദുള്ളാ പാത്രിയർക്കീസു ബാവായും രണ്ട് ശീമ റമ്പാച്ചന്മാരും ഒസ്താത്തിയോസ് ബാവായും മാർ ഈവാനി യോസ്, കൂറിലോസ്, ദീവന്നാസ്യോസ് എന്ന ഇവിടുത്തെ മെത്രാച്ചന്മാരും കൂടി ഒരു തീബോട്ടിൽ കൊച്ചിയിൽ നിന്നും കോടിമതക്കടവിൽ വന്നിറങ്ങി. കടവിലുള്ള ഗവർമെണ്ട് കെട്ടിടം അലങ്കരിച്ചിരുന്നു. സായ്പന്മാർ സർക്കാ രുദ്യോഗസ്ഥർ എന്നീ മാന്യന്മാരും ഏറിയൊരു ജനബാഹുല്യവും ഉണ്ടാ യിരുന്നു. എതിരേല്പിനായി പൊന്ന്, വെള്ളിക്കുരിശുകൾ 200 ൽ അധികം ഉണ്ടായിരുന്നു. വക്കീലന്മാരുടേയും പ്രധാന കച്ചവടക്കാരുടേയും സ്കൂൾ കുട്ടികളുടെയും വകയായും സിമ്മന്നാരി വകയായും മറ്റും വഴി നീളെ പല നേർച്ചകളും മംഗളവാചകങ്ങളും കൊണ്ട് മോടി പിടിപ്പിച്ചിരുന്നു. കടവിൽ നിന്നും ഒരു ഘോഷയാത്രയായി പുറപ്പെട്ട് 6 മണിക്ക് ബാവായും പരിവാര ങ്ങളും സിമ്മന്നാരിയിൽ എത്തി. പള്ളിയകത്തെ പ്രാർത്ഥന കഴിഞ്ഞ് ബാവാ ഒരു ചുരുങ്ങിയ പ്രസംഗത്താൽ എല്ലാവരെയും അനുഗ്രഹിച്ചു. ജനങ്ങൾ പിരിയുകയും ചെയ്തു.

8-ന് കഥാനായകനും അകപ്പറമ്പുകാരൻ പൈനാടത്തു യൌസേപ്പു കത്തനാരും കൂടി ആലുവായിലേക്ക് യാത്ര പുറപ്പെടുകയും 10-ന് കാലത്തു അവിടെ എത്തുകയും ചെയ്തു. 11-ന് ആലുവാ പള്ളിയിൽ കഥാനായകൻ കുർബ്ബാന ചൊല്ലി. 13-ന് കഥാനായകൻ കൊച്ചീക്കോട്ട പള്ളിയിൽ താമ സിച്ചിരുന്ന പൗലോസു റമ്പാനെ കാണ്മാൻ അവിടേക്ക് പോകയും കണ്ടും വെച്ച് പിറ്റേദിവസം തിരിച്ചുപോരികയും ചെയ്യുമ്പോൾ ചൊവ്വര ആപ്പീസിൽ ഇറങ്ങി അകപ്പറമ്പു പള്ളിയിലേക്ക് ജനൽ വെട്ടി വച്ചതും മറ്റും കണ്ടു കൊണ്ട് ആലുവായിൽ എത്തി.

17-ന് ആലുവായിൽ പെരുന്നാളിന്ന് ഉള്ള വട്ടങ്ങൾ എല്ലാം ചെയ്കയും 18 ന് പെരുന്നാൾ കഴിക്കയും ചെയ്തു. കഥാനായകൻ കുർബാന ചൊല്ലി. മങ്ങാട്ട് പള്ളിയിൽ ഗീവറുഗീസു കത്തനാരു പ്രസംഗിച്ചു. പെരുന്നാളിന്റെ സദ്ധ്യചിലവു ചെയ്തതു പറവൂർ കുളങ്ങരെ ഇട്ടി മാത്തു ആയിരുന്നു. ഏകദേശം 25 പറ അരി ചിലവായി. പെരുന്നാൾ കഴിഞ്ഞ ശേഷം യോഗം കൂടി വരുന്ന കൊല്ലത്തിൽ പെരുന്നാൾ ഇന്നീന്ന പ്രകാരം കഴിക്കണമെന്ന് നിശ്ചയിക്കയും ഉണ്ടായി.

21-ന് കഥാനായകൻ ആലുവായിൽ നിന്നും പുറപ്പെട്ട് എറണാകുള ത്തെത്തിയപ്പോൾ ചുമട്ടുകാരന്റെ തലയിൽ നിന്നും പെട്ടി താഴെ വീണ്

പിഞ്ഞാണം മുതലായ സാമാനങ്ങൾ ഉടഞ്ഞുപോകയും വണ്ടിയിൽ വച്ച് പാദക്കൊരുട് മുതലായ സാമാനങ്ങൾ മറന്ന് പോകയും ചെയ്തു. എറണാകുളത്തു നിന്നും 2 രൂപ കൂലി പറഞ്ഞു ബോധിച്ച കെവു പിടിച്ച് കുമരകത്തു എത്തിയപ്പോൾ ആ വള്ളക്കാരെ തിരിച്ചു വിട്ടുകൊണ്ട് ചെറിയ വള്ളം പിടിച്ച് 20-ന് വാകത്താനത്തു എത്തുകയും ചെയ്തു. ഉടനെ പടിഞ്ഞാറെ വെട്ടിയിൽ തൊമ്മച്ചന്റെ ഭാര്യ ഇളച്ചി എന്നവർക്ക് ദീനക്കൂടുതൽ എന്നു കേൾക്കയാൽ കഥാനായകൻ അവിടെയെത്തി ദീനക്കാരിയെ കണ്ടുംവച്ച് പള്ളിയിൽ എത്തി.

ഇതിനിടക്ക് പാത്രിയർക്കീസു ബാവാ സിമ്മന്നാരിയിൽ നിന്നും പരുമല സിമ്മനാരിയിലേക്ക് നീങ്ങിയിരുന്നു. അവിടെ നിന്നും തിരുവനന്തപുരത്തിന് പോയി മഹാരാജാവുമായി കൂടിക്കാഴ്ച നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതായി മെത്രാപ്പോലീത്തായുടെ കല്പന വരികയാൽ വെള്ളിക്കുരിശ് മുതലായ സാമാനങ്ങളോടു കൂടെ കഥാനായകൻ 21-ന് തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. കരിപ്പാൽ യാക്കോബു കത്തനാർ, കാട്ടിൽ പുന്നൻ, കൊച്ചേരിൽ വർക്കി, വാണിയപ്പുരയ്ക്കൽ അബ്രഹാം, കപ്യാരു ചാക്കോ ഇവർ കൂടെ പോന്നിരുന്നു. കോട്ടയത്ത് എത്തി 10 രൂപാ കൂലി പറഞ്ഞ് കേവു പിടിച്ച് രാത്രി 12 മണിക്ക് കച്ചേരിക്കടവിൽ നിന്ന് നീങ്ങി 24-ന് പകൽ 10 മണിക്ക് തിരുവനന്തപുരത്തു ചാക്കകടവിൽ എത്തി. അവിടെ കടവിലുള്ള ഗവർമെണ്ടു വക കെട്ടിടം കേമമായി അലങ്കരിക്കയും സർക്കാർ വക അനേകം കൊടികൾ തൂക്കുകയും മറ്റും ചെയ്തിരുന്നു.

3 മണിക്ക് ബാവായുടെ ബോട്ട് കടവിൽ എത്തി. ബാവായെ കൈകൊടുത്ത് സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറി വിയറാ മുതലായ മഹാന്മാർ എത്തിയിരുന്നു. സാൽവെഷ്യൻ ബാന്റ്, സർക്കാർ പട്ടാള ബാന്റ് മുതലായ ആഘോഷങ്ങൾ ഇടമുറിയാതെ ധ്വനിച്ചിരുന്നു. അനേകം മുത്തുക്കുടകളും 20-ൽ അധികം വെള്ളിക്കുരിശുകളും 2 പൊൻകുരിശുകളും അനേകം കൊടികളും വഴിനീളെ നിരനിരയായി പിടിച്ചിരുന്നു. ഇവകളുടെ പിന്നാലെ സർക്കാർ വക ഇരട്ടക്കുതിര കെട്ടിയ വണ്ടിയിൽ ബാവായും ചീഫ് സെക്രട്ടറി വിയറായും അതിന്റെ പിന്നാലെ മെത്രാച്ചന്മാരും റമ്പാച്ചന്മാരും പട്ടക്കാരും ഏറിയ ജനങ്ങളുമായി ഒരു ഘോഷയാത്ര 4 മണിക്ക് പുറപ്പെട്ട് 5 മണിക്ക് സുറിയാനിപ്പള്ളിയിൽ എത്തുകയും ബാവായും മെത്രാൻമാരും മറ്റും അവിടെ ഇറങ്ങി പ്രാർത്ഥന കഴിച്ച് എല്ലാവരെയും ബാവാ ആശീർവദിച്ച ശേഷം വീണ്ടും പുറപ്പെട്ട് 6 മണിക്ക് നക്ഷത്ര ബംഗ്ലാവിൽ എത്തി ബാവാ ഒരു ചെറിയ പ്രസംഗത്താൽ മഹാരാജാവിനും മറ്റും മംഗളം പറകയും എല്ലാവരെയും അനുഗ്രഹിക്കയും ചെയ്തശേഷം ജനക്കൂട്ടം പിരിയുകയും ചെയ്തു.

25–ന് ബാവാ നക്ഷത്ര ബങ്കളാവിൽ നിന്നും സുറിയാനി പള്ളിയിലേക്ക് രാവിലെ നീങ്ങി 8 മണിക്ക് ശുദ്ധ കുർബ്ബാന ആരംഭിക്കയും 10 മണിക്ക് അവസാനിപ്പിക്കയും ചെയ്തു. കുർബ്ബാനമദ്ധ്യേ ബാവാ ആത്മാവിന്റെ നിത്യത്വത്തെയും ജഡത്തിന്റെ ബലഹീനതയെയും പറ്റി പ്രസംഗിച്ചു. ആത്മാവു നിത്യമായുള്ളതെന്ന് സ്ഥാപിക്കയും എല്ലാവരും അതിനു വേണ്ടി പരിശ്രമിക്കണമെന്ന് കല്പിച്ച് പ്രസംഗം അവസാനിപ്പിച്ചു. പ്രസംഗം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തർജ്ജമ ചെയ്തു. കുർബാനയ്ക്ക് കൂടിയതു കഥാനായകനായിരുന്നു. ഒടുവിൽ കൈമുത്തു കഴിഞ്ഞ് എല്ലാ വരും പിരിയുകയും ബാവായും മറ്റും ബങ്കളാവിലേക്ക് പോകയും ചെയ്തു. അന്ന് 6 മണിക്ക് ദിവാൻജി അവർകൾ വന്ന് ബാവായെ കണ്ടു സന്തോഷ സല്ലാപങ്ങൾ പറഞ്ഞുകൊണ്ടു പോയി.

26–ന് ബാവായും ശീമ റമ്പാച്ചൻമാരും ഒസ്താത്തിയോസു ബാവായും ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും കൂടി കൊട്ടാരത്തിൽ പോയി മഹാ രാജാവുമായി കൂടിക്കാഴ്ച നടത്തിയശേഷം റസിഡൻസിയിൽ എത്തി റസിഡന്റിനെയും കണ്ടു തിരിച്ചുപോന്നു. 3 മണിക്ക് റസിഡണ്ടും 4 മണിക്ക് മഹാരാജാവും പ്രതിസന്ദർശനം നടത്തി. രാജാവിന്റെ വരവുങ്കൽ നക്ഷത്ര ബങ്കളാവിന്റെ വഴിക്കരികിൽ ഇരുവശവും മുത്തുക്കുടകളും ഇടക്കിടെ കുരിശുകളും പിടിച്ചിരുന്നു. മഹാരാജാവു വന്നയുടനെ ബാവായും മാർ ഈവാനിയോസ്, കൂറിലോസ്, ദിവന്നാസ്യോസ് ഒസ്താ ത്തിയോസ് എന്നീ മെത്രാച്ചന്മാരും കൈ കൊടുത്ത് സ്വീകരിക്കയും എല്ലാവരും ഇരുന്ന് സന്തോഷവാക്കുകൾ പറകയും ചെയ്തു. ഉടനെ രാജാവു തിരിച്ചെഴുന്നെ ള്ളുകയാൽ ബാവാ അനുഗ്രഹിക്കയും മറ്റുമുണ്ടായി. ഇവകൾ കഴിഞ്ഞ ശേഷം കൂടിയിരുന്ന പള്ളിക്കാർ അധികവും യാത്രയായി. അതിനോടു കൂടി കഥാനായകനും മറ്റുള്ളവരും തിരുവനന്തപുരത്തു നിന്നും പുറപ്പെട്ട് 24–ന് കാലത്തു കോട്ടയത്തും 4 മണിക്ക് വാകത്താനത്തും എത്തുകയും ചെയ്തു.

വൃശ്ചികം 1–ന് കഥാനായകൻ ശു. കുർബ്ബാന വാകത്താനത്തു പള്ളി യിൽ ചൊല്ലുകയും അന്നേ ദിവസം മൈലക്കാട്ട് (ചിറ്റപ്പൻ) പുന്നനു ശു. കുർബാന എഴുന്നെള്ളിച്ച് കൊടുക്കയും ചെയ്തു. 3–ന് ടിയാനു കഥാ നായകൻ ഉപ്രുശ്മാ കഴിക്കയും 7–ന് ഉച്ചകഴിഞ്ഞ് മരിക്കയും 8–ന് കഥാ നായകൻ വാകത്താനത്തെ പട്ടക്കാരുടേയും നാലുന്നാക്കൽ കരിപ്പാൽ കത്തനാരുടേയും സഹകരണത്തോടു കൂടെ അടക്കയും ചെയ്തു.

11–ന് പടിഞ്ഞാറെ വെട്ടിയിൽ തൊമ്മന്റെ ഭാര്യ ഇളച്ചി എന്നവർ മരിച്ചു. കഥാനായകൻ സംസ്ക്കാരത്തിൽ സംബന്ധിക്കയും ആയ്തു കഴിഞ്ഞ് മരണത്തെ സംബന്ധിച്ച് സ്വല്പം പ്രസംഗിക്കയും ചെയ്തു. ... കഥാനായകൻ കുർബാന ചൊല്ലി പൊട്ടക്കാവേലിൽ പോയി അമ്മാച്ചന് ശു. കുർബാന കൊടുക്കുകയും ഉപ്രുശ്മാ കഴിക്കയും ചെയ്തു.

## സഭ പിളർപ്പിലേക്ക്

12–ന് കഥാനായകൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം സിമ്മന്നാരി സ്ഥാപകന്റെ ഓർമ്മയിലും അവിടെ കൂടുന്ന അസോസിയേഷൻ കമ്മട്ടിയിൽ സംബന്ധിക്കാനുമായി സെമിനാരിയിലേക്ക് പോയി. അന്നവിടെ പതിവിൻപ്രകാരം സിമ്മന്നാരി സ്ഥാപകന്റെ ഓർമ്മ കഴിച്ചു. അസോസിയേഷൻ കമ്മറ്റിക്കായി എല്ലാ പള്ളികളിൽ നിന്നും പ്രതിപുരുഷന്മാരും ഹാജരുണ്ടായിരുന്നു. 13–ന് 10 മണിക്ക് പാത്രിയർക്കീസു ബാവായും മറ്റും പള്ളിക്കകത്ത് ഇറങ്ങി കമ്മട്ടിയെ സംബന്ധിച്ച് ബാവാ പ്രസംഗിക്കയും നിശ്ചയിക്കേണ്ട സംഗതിയെപ്പറ്റി എല്ലാവരും കൂടി ആലോചിക്കയും ചെയ്‌വീൻ എന്ന് ആജ്ഞാപിച്ചും വച്ച് തിരികെ മുറീലോട്ട് പോകയും ചെയ്തു. ഒരു പ്രധാന മെത്രാപ്പോലീത്തായും തെക്കും വടക്കും രണ്ട് സഹായ മെത്രാന്മാരും ഇങ്ങിനെ 3 മെത്രാൻമാർ മലങ്കരയിൽ ഉണ്ടായിരുന്നാൽ മതി എന്നായിരുന്നു കമ്മട്ടിക്കാരുടെ നിശ്ചയം. ബാവായുടെ ആഗ്രഹം ഏഴോ അതിലധികമോ മെത്രാന്മാർ ഉണ്ടായിരുന്നാൽ കൊള്ളാമെന്നായിരുന്നു. ഇങ്ങനെയുള്ള അഭിപ്രായ വ്യത്യാസം നിമിത്തം ഉച്ചതിരിഞ്ഞ് ബാവാ പള്ളിയകത്തിറങ്ങിയില്ല.

പിറ്റേ ദിവസം 4 മണിക്ക് ബാവാ പള്ളിയകത്തേക്ക് ഇറങ്ങി ലൌകിക അധികാരത്തെപ്പറ്റി തർക്കമുണ്ടായിരുന്നതിനാൽ ആ അധികാരം നാം ആഗ്രഹിച്ചിട്ടില്ല, ആഗ്രഹിക്കുന്നുമില്ലെന്ന് പള്ളിനടയിൽ പ്രസ്താവിക്കയും ഏഴോ മൂന്നോ എത്ര മെത്രാൻമാരാണ് വേണ്ടതു എന്ന് ഓരോരുത്തരുടെ അഭിപ്രായം പറയണമെന്നും 2 ഭാഗമായി തിരിയണമെന്നും പറഞ്ഞാറെ പലരും പലതരത്തിൽ ബഹളം കൂട്ടിയതല്ലാതെ ഒരു തീരുമാനവും കൂടാതെ ബാവാ തിരിച്ചുപോകയും ചെയ്തു. യോഗം പിരികയും ചെയ്തു.

15–ന് സിമ്മന്നാരിയിൽ കൂറിലോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി. ബാവാ, സ്കറിയാ എന്ന ആചാര്യനെപ്പറ്റി പ്രസംഗിച്ചു. കൂടാതെ ഇവിടങ്ങളിൽ ഞായറാഴ്ച പുലർന്ന് കുർബാന കഴിക്കുന്നതു ന്യായമല്ലെന്നും കഴിയുന്നതും മുൻകൂട്ടി ആയത് നടത്തണമെന്നും ഞായറാഴ്ച കല്ല്യാണം നടത്തുന്നതിൽ ഒരു ദോഷവും ഇല്ലെന്നും പ്രസ്താവിച്ചു. 17–ന് നായകൻ സിമ്മന്നാരിയിൽ നിന്നും വാകത്താനത്തേക്ക് പോന്നു. പിറ്റെ ദിവസം കഥാനായകന്റെ അമ്മാച്ചന് ദീനം കൂടുതൽ എന്നറികയാൽ പൊട്ടക്കാവേലിൽ പോയി പ്രാർത്ഥന കഴിച്ചു. അന്നു രാത്രി തന്നെ അമ്മാച്ചൻ മരിക്കയും ചെയ്തു. 19–ന് ടി. അമ്മാച്ചന്റെ കബറടക്കത്തിനായി കഥാനായകൻ പുതുപ്പള്ളി പള്ളിയിലേക്ക് പോയി. കുർബാന ചൊല്ലുകയും അവിടുത്തെ പട്ടക്കാരോടു കൂടി ശവസംസ്ക്കാരം കഴിക്കയും ചെയ്തു. 20, 21, 22 തീയതികളിൽ ടിയാന്റെ പേർക്ക് വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി.

22-ന് പട്ടരുമഠത്തിലച്ചൻ പുര പുതുക്കി പണിയിച്ചതിന്റെ കൂദാശക്കായി ക്ഷണിച്ചതിനാൽ പട്ടരുമഠത്തിൽ പോയി ആയത് കഴിച്ചുംവെച്ചു തിരിച്ചു പോന്നു. ധനു മാസം 5-ന് വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി. 24-ന് വരെ ആയപ്പോൾ വാകത്താനത്തു പള്ളിമുറിയുടെ മുകളിലത്തെ നിലയുടെ അകത്തെ തേപ്പും തിണ്ണവശത്തെ തേപ്പും കഴിഞ്ഞതിനാൽ കല്ലാശാരികളെ പിരിച്ചുവിട്ടു.

25-ന് നോമ്പുവീടലിൽ കാട്ടിൽ കത്തനാർ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. കഥാനായകൻ പിറവിപ്പെരുന്നാളിനെപ്പറ്റി പ്രസംഗിച്ചു. അന്ന് ചിങ്ങോനത്തു പുതുക്രിസ്ത്യാനി പള്ളിയിൽവച്ച് സൺഡേസ്കൂൾ കുട്ടികൾക്ക് സമ്മാനം കൊടയും നടത്തണമെന്നും യുവജനസംഘത്തിൽ അദ്ധ്യക്ഷം വഹിക്കണമെന്നും ടി. സംഘക്കാർ മുൻകൂട്ടി ക്ഷണിച്ചിരുന്നതിനാൽ കഥാനായകൻ അവിടേക്ക് പോകയും ആയതു കഴിഞ്ഞ് തിരിച്ചു പോരികയും ചെയ്തു.

27-ന് എണ്ണച്ചേരിൽ കത്തനാർ വാകത്താനത്തു പള്ളിയിൽ കുർബ്ബാന ചൊല്ലി. കഥാനായകൻ പൊന്തേദേസു കൊല്ലിച്ചിട്ടുള്ള പൈതങ്ങളെപ്പറ്റി പ്രസംഗിച്ചു. 28-ന് വാകത്താനത്ത് പള്ളിയിൽ പെരുന്നാളിന് കാലത്തെ കഥാനായകനും പിന്നീട് എണ്ണച്ചേരിൽ കത്തനാരും കുർബാന ചൊല്ലി. കഥാനായകൻ പാത്രിയർക്കീസു ബാവായെ കാണ്മാൻ പുതുപ്പള്ളിയിലേക്ക് പോയി അവിടെ താമസിക്കയും പിറ്റെദിവസം വാകത്താനത്തേക്ക് തിരിച്ചു പോരികയും ചെയ്തു. അപ്പോൾ അവിടെ വച്ച് ഒസ്താത്തിയോസ് ബാവാ, ബാവായോടറിയിച്ച് മെത്രാൻ സ്ഥാനം തരിയിക്കാമെന്നും കക്ഷിയായി നില്ക്കണമെന്നും, മല്ലപ്പള്ളി മെത്രാച്ചൻ[89] ബാവായോട് യോജിച്ച് നില്ക്കയില്ലെന്നും മറ്റും പറയുകയും ചെയ്തു.

**1910 (1085)**

മകരം 3-ന് ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലുകയും 15-ന് പെരുന്നാൾ വിളിച്ചുപറയുകയും ചെയ്തു. 6-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി ദനഹായുടെ ക്രമം കഴിച്ചു. കരിപ്പാൽ യാക്കോബു കത്തനാരു വന്നിരുന്നു. 10-ന് കാട്ടിൽ കത്തനാർ വാകത്താനത്തു പള്ളിയിൽ കുർബ്ബാന ചൊല്ലുകയും കഥാനായകൻ ദൈവാരാധനയെ സംബന്ധിച്ച് ദൈവാലയ ത്തെക്കുറിച്ചും പ്രസംഗിക്കയും ചെയ്തു. 15-ന് വള്ളിക്കാട്ടു പള്ളിയിൽ കഥാനായകൻ പോയി കുർബ്ബാന ചൊല്ലുകയും ദൈവമാതാവിനെപ്പറ്റി പ്രസംഗിക്കയും പെരുന്നാൾ കഴിക്കയും ചെയ്തു.

24-ന് തുറബ്ദീൻകാരൻ ഗബ്രിയേൽ മൂപ്പൻ ധർമ്മശേഖര പിരിവിനായി

വാകത്താനത്തു പള്ളിയിൽ വല്യമെത്രാച്ചന്റെ[90] കല്പനയോടു കൂടെ വന്നിരുന്ന അന്ന് കഥാനായകൻ കുർബാന ചൊല്ലി ടിയാന്റെ സംഗതിയെ ക്കുറിച്ചും 'സ്വർഗ്ഗത്തിൽ നിക്ഷേപം വയ്പീൻ' എന്ന വാക്യത്തെക്കുറിച്ചും പ്രസംഗിക്കയും ചെയ്തു. 31-ന് വാകത്താനത്തു പള്ളിയിൽ കാട്ടിൽ കത്തനാർ കുർബാന ചൊല്ലി. കഥാനായകൻ പ്രസംഗം പറഞ്ഞു.

കുംഭ മാസം 2-ന് പെരുന്നാളിൽ കഥാനായകൻ കുർബാന ചൊല്ലി. 7-ന് കഥാനായകൻ ചിറത്തലാട്ട് മൂപ്പത്തിക്ക് ഉപ്രൂശ്മാ കഴിച്ചു. 21-ന് ഞായറാഴ്ച കാലത്തു കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലുകയും അന്നു നാലുന്നാക്കൽ കരിപ്പാൽ മാത്തു കാട്ടിൽ ആച്ചിയെ വിവാഹം കഴിക്കയാൽ അതിലേക്കായി ചെല്ലണമെന്നുള്ള അവരുടെ അപേക്ഷ അനുസരിച്ച് കഥാനായകൻ നാലുന്നാക്കൽ പള്ളിയിൽ പോയി ടി. വിവാഹകർമ്മം നടത്തുകയും ചെയ്തുകൊണ്ട് തിരിച്ചു പോന്നു. 25-ന് കാട്ടിൽ യോഹന്നാൻ കത്തനാർ പണിയിച്ച വീട് കൂദാശയ്ക്കായി കഥാനായകൻ പോകയും മറ്റു പട്ടക്കാരോടു കൂടെ ആയ്തു നടത്തുകയും ചെയ്തു.

മീനം 1-ന് തിങ്കളാഴ്ച വാകത്താനത്തു പള്ളിയിൽ കഥാനായകൻ ശുബുക്കോനോ ക്രമം[91] കഴിച്ചു. 9-ന് വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ പോയി കുർബാന ചൊല്ലുകയും കുഷ്ഠവ്യാധിക്കാരന്റെ സംഗതിയെപ്പറ്റി പ്രസംഗിക്കയും പുല്ലുകാലായിൽ വറുഗീസിനു ശുദ്ധ കുർബാന എഴുന്നള്ളിച്ചു കൊടുക്കയും ചെയ്തു. 20-ന് കഥാനായകനും കാട്ടിൽ കത്തനാരും എണ്ണച്ചേരിൽ കത്തനാരും കൂടി വാകത്താനത്തു പള്ളിയിൽ കോട്ടയത്തു കൊച്ചേട്ടുകാരുടെ പേർക്കു മൂന്നിന്മേൽ കുർബാന ചൊല്ലി. 22-ന് വാകത്താനത്തു പള്ളിയുടെ ഓടുമേച്ചിൽ കഴിഞ്ഞ് കമത്തോടിന് വെള്ള തേപ്പിച്ച് പള്ളത്തുകാരൻ തൊമ്മച്ചനെ അയച്ചു. 24-ന് പാതി നോമ്പിനു കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി സ്ലീബായുടെ ക്രമം കഴിച്ചു. 28-ന് കഥാനായകൻ ശു. കുർബാന ചൊല്ലി ശാബതയെ സംബന്ധിച്ചു പ്രസംഗിച്ചു.

## പഴയ സെമിനാരിയിൽ ഹാശാ

മേടം 3-ന് ശനിയാഴ്ച പള്ളിക്കപ്പറമ്പിൽ കുരിയന്റെ പേർക്ക് കഥാനായകനും കൂടി വാകത്താനത്തു പള്ളിയിൽ മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. 4-നു കാട്ടിൽ കത്തനാർ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി പ്രസംഗിച്ചു. 7-ന് സിമ്മനാരിയിൽ ഹാശാ ആഴ്ചയിൽ ശുശ്രൂഷ നടത്താൻ ചെല്ലണമെന്ന മട്ടക്കലച്ചന്റെ എഴുത്തും ആളും കഥാനായകന്റെ പേർക്ക് വരികയാൽ സിമ്മനാരിയിലേക്ക് പോയി. അപ്പോൾ മാർ ദീവന്നാസ്യോസ് കൊച്ചുമെത്രാച്ചനും അവിടെ ഉണ്ടായിരുന്നു. പിറ്റേദിവസം മട്ടക്കലച്ചൻ

നിരണത്തേക്ക് പോയി. 9–ന് നാല്പതാം വെള്ളിയാഴ്ച കഥാനായകൻ സിമ്മ ന്നാരിയിൽ കുർബാന ചൊല്ലി. നമസ്ക്കാരം കഴിച്ചതു രണ്ടാമത്തെ ലയ ത്തിലും ശ്ഹീമായിൽ നിന്നും ആയിരുന്നു. കാദീശാത്താലൊഹൊ ലയ ത്തിൽ ചൊല്ലി.

10–ന് നമസ്ക്കാരം 8 –ാമത്തെ ലയത്തിൽ കഴിച്ചു. പി. റ്റി. വർഗീസ് കത്തനാർ കുർബാനയും ചൊല്ലി. 11–ന് ഓശാനക്ക് 7 –ാമത്തെ ലയത്തിൽ നമസ്ക്കാരം കഴിച്ചു. നമസ്ക്കാരം ശ്ഹീമയായിരുന്നു. ഏവൻഗേലിയോൻ വായനയിൽ 'ഊശാനൊ ലബ്രെദ് ദാവീദ" എന്നതു മലയാളത്തിൽ വായി ച്ചുകൊണ്ട് ഒരു പ്രാവശ്യം ആയതു സുറിയാനി രാഗത്തിൽ ചൊല്ലി ശെമ്മാ ശന്മാർ കുരുത്തോല നടുക്ക് വാരി എറിയുകയും ചെയ്തു. പിന്നീട് ശിഷ്ട മുള്ളതും വായിച്ചവസാനിപ്പിച്ചു. കാലത്തു കഥാനായകൻ നമസ്ക്കാര ത്തിന്റെ ശേഷം കുർബാന ചൊല്ലി. ഊശാനയുടെ ക്രമം ബസുമുൽക്കാ കഴിഞ്ഞ് തുടങ്ങി. ആദ്യമെ കുറെ കുരുത്തോല കുട്ടികളുടെ കയ്യിൽ കൊടുത്തുകൊണ്ട് എല്ലാവരും കൂടി വടക്കെ വാതുക്കൽ ഇറങ്ങി റാന്തൽ വഴി ചുറ്റി തെക്കേ വാതുക്കൽ അകത്തു കയറിയ ശേഷം അത്രേ ക്രമം തുടങ്ങിയതു. ഹൌദ് മാലാഖൈ എന്നത് അഴിക്കകത്തു വച്ചു തന്നെ കഴിച്ചു. എം. എ. കത്തനാർ[92] അന്നു പ്രസംഗം പറഞ്ഞു. അൽവാറീസ യൂലിയോസ് മെത്രാപ്പോലീത്താ ഉണ്ടായിരുന്നു.

12 ന് സന്ധ്യാ നമസ്ക്കാരത്തിൽ സൂത്താറായുടെ കഴിഞ്ഞശേഷം രാത്രി യിലെ നമസ്ക്കാരത്തിൽ നിന്നും 'കും പൗലോസും' മറ്റും ഏതാനും നിർത്തു കളും കൂടി ചൊല്ലി നമസ്ക്കാരം അവസാനിപ്പിച്ചു. ഏവൻഗേലി വായനയിൽ ശെമ്മാശൻ സുറിയാനി ചൊല്ലി ഏവൻഗേലിയോന്റെ സിംഹാസനം നമസ്ക്കാര മേശയ്ക്ക് തെക്കു ഭാഗത്തും ഗോഗുൽത്തോ കിഴക്ക് വശത്തും പ്രുമിയോൻ മേശ വടക്കുവശത്തുമായിരുന്നു ഇട്ടിരുന്നത്.

15 ന് പെസഹായ്ക്ക്[93] ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി. കഥാനായകൻ പ്രസംഗം പറഞ്ഞു. ഉച്ചയ്ക്ക് ഉച്ചനമസ്ക്കാരവും 22 1/2 യുടെ നമസ്ക്കാരവും കഴിഞ്ഞു. 3 മണിക്ക് സന്ധ്യയുടെ നമസ്ക്കാരം കഴിച്ചുകൊണ്ട് കാലു കഴുകലിനെപ്പറ്റി[94] മെത്രാച്ചൻ ദീർഘമായി പ്രസംഗിച്ചു. അനന്തരം ഹൈക്കലായിൽ 2 ഭാഗത്തായി ബെഞ്ചിട്ട് വടക്കേ ഭാഗത്തു 5 ശെമ്മാശന്മാരും ഒരു പട്ടക്കാരനും തെക്കേ ഭാഗത്ത് 6 പൈതങ്ങളും ഇരുന്ന് കാലുകഴുകലിന്റെ ക്രമം കഴിച്ച് കാല് കഴുകുകയും വടക്കു ഭാഗത്തു കിഴക്കേ അറ്റത്തു പത്രോസിന്റെ സ്ഥാനത്തിരുന്ന പട്ടക്കാരനുമായി ചോദ്യോത്തരം ചെയ്യുകയും ചെയ്തു. കഴുകുമ്പോൾ തിരുമേനി എല്ലാവരുടേയും കാലിൽ സൈത്തും പഞ്ഞിയിൽ മുക്കി പുരട്ടി.

സന്ധ്യാ നമസ്ക്കാരത്തിൽ സൂത്താറയുടേയും രാത്രിയുടേതിൽ നിന്ന്

Malankara Orthodox TV

സൂഗീസായും മറ്റും ചൊല്ലുകയും ചെയ്തു. 16-ന് ദുഃഖവെള്ളിയാഴ്ച രാത്രി 3 മണിക്ക് നമസ്ക്കാരത്തിന്ന് ഇറങ്ങി കഴിച്ചു. പിന്നെ 9 1/2 മണിക്ക് പള്ളിയകത്ത് പോയി 7 1/2 യുടെ നമസ്ക്കാരം കഴിക്കയും എം. എ. കത്തനാർ പ്രസംഗം പറയുകയും ചെയ്തു. പിന്നെ ഉച്ചയ്ക്ക് ഉച്ച നമസ്ക്കാരവും 22 1/2 യുടെ നമസ്ക്കാരവും കഴിച്ചു. പിന്നെ 2 മണിക്ക് പള്ളിയകത്തിറങ്ങി സ്ലീബാ ഗാഗുൽത്തായിൽ നിന്നെടുത്തു മദ്ബഹായിൽ കയറി എല്ലാവരും കൂടി മന്ദംമന്ദമായി തെക്കുഭാഗത്തു റാന്തൽ വഴി ഒരു പ്രദക്ഷിണം ചെയ്തു വടക്കു ഭാഗത്തു വന്ന് അകത്തു കയറി നമസ്ക്കാര മേശയിങ്കൽ വന്ന് സ്ലീബാ വന്ദനവിന്റെ ക്രമം ആരംഭിച്ചു. "സൊഗദീനാൻ ലൊൽ" ചൊല്ലി 3 പ്രാവശ്യം എല്ലാവരെയും നിന്നിടത്തു നിന്നു തന്നെ കുമ്പിടുകയും പട്ടക്കാർ ധൂപം വയ്ക്കുകയും ചെയ്തു. പിന്നീട് പള്ളിയകത്ത്തന്നെ കുരിശുമായി പ്രദക്ഷിണം ചെയ്തു. അവയിൽ 2 പ്രദക്ഷിണം തെക്കു നിന്നും 1 വടക്കു നിന്നും ആയിരുന്നു. അനന്തരം നേർച്ചയിടീലും കഴിഞ്ഞ് അഴിക്കകത്തുവച്ച് തന്നെ ഹൌദ്മാലാകെ ചൊല്ലി മദ്ബഹായിലേക്ക് കയറി അടക്കലിന്റെ ക്രമവും കഴിച്ച ശേഷം എല്ലാവരും കയ്പുനീര് കഴിച്ച് 4 മണിക്ക് പിരിയുകയും ചെയ്തു. അന്ന് കാപ്പാ ധരിച്ചത് കഥാനായകൻ ആയിരുന്നു.

17-ന് ശനിയാഴ്ച ഉച്ചനമസ്ക്കാരവും 22 1/2 യുടെ നമസ്ക്കാരവും കഴിഞ്ഞ് എം. എ. കത്തനാർ കുർബാന ചൊല്ലി. കുർബാനയിൽ ശ്ലോമ്മാ ചൊല്ലിയില്ല. 18-ന് ഉയിർപ്പിന് സന്ധ്യ നമസ്ക്കാരം ക്യംന്തായുടേത് കഴിച്ചു. ഏവൻഗേലിയോനിൽ ശ്ലോമ്മാ ചൊല്ലി. രാത്രി രണ്ട് മണിക്ക് പള്ളിയകത്തിറങ്ങി ക്യംതാ നമസ്ക്കാരവും ക്രമവും കഴിച്ചുകൊണ്ട് തിരുമേനി കുർബാന ചൊല്ലി. ഉയിർപ്പിന്റെ പ്രദക്ഷിണക്രമം കഴിച്ചത് ഏകദേശം മദ്ധ്യേയായിരുന്നു. അതുകഴിഞ്ഞ് ഒരു നേർച്ചയിടീലും കഴിച്ചു.

ഉയിർപ്പ് കഴിഞ്ഞ് വന്ന സന്ധ്യാനമസ്ക്കാരം പെരുന്നാളിന്റെ മുറക്ക് റാഹെം അലൈൻ ചൊല്ലി ആരംഭിച്ചു. ഏവൻഗേലിയോൻ വായിക്കേണ്ട സമയത്തു അൽ ദമറാഹെം ചൊല്ലി ധൂപം വയ്ക്കയും മറ്റും കഴിഞ്ഞ് കാദീശാത്താലോഹോ ലയത്തിൽ ചൊല്ലി. ഇങ്ങിനെ ആ ആഴ്ച മുഴുവനും കഴിച്ചു.

20-ന് ക്രൈസ്തവ മഹാജനസഭായോഗം തിരുനക്കര മൈതാനത്തിൽ കെട്ടിയൊരുക്കിയിരുന്ന കെട്ടിടത്തിൽ കൂടി. എല്ലാവക ക്രിസ്ത്യാനികളും ഹാജരുണ്ടായിരുന്നു. പല യോഗ്യന്മാരുടെ പ്രസംഗങ്ങളും ഉണ്ടായി. 21-ന് മനോരമ എം. ഡി. സെമിനാരിയിൽ വച്ച് സുറിയാനി മഹാജനസഭാ സമ്മേളനം നടന്നു. തെക്കൻ പള്ളിക്കാരിൽ അധികവും വടക്കൻ പള്ളിക്കാരിൽ കുറച്ചും ആളുകൾ കൂടിയിരുന്നു. ആ യോഗത്തിൽ പാത്രിയർക്കീസു ബാവായെ ബോധിപ്പിക്കുന്നതിന് ചില സംഗതികൾ എഴുതിയുണ്ടാക്കുകയും അവയെ തിരുമുമ്പാകെ കൊണ്ടുപോവാൻ പ്രത്യേകം ചിലരെ നിശ്ചയിക്കയും ചെയ്തു.

Malankara Orthodox TV

22–ന് കഥാനായകൻ സിമ്മന്നാരിയിൽ നിന്നും വാകത്താനം പള്ളിയിലേക്ക് പോന്നു. പിറ്റേദിവസം ഇന്ത്യാ ചക്രവർത്തി 7–ാം എഡ്വെർഡ് നാടുനീങ്ങി. 25–ന് പുതുഞായറാഴ്ച വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി. മാമ്മോദീസാ, കല്യാണം മുതലായ്തുകളും നടത്തി. അന്നു കഥാനായകന്റെ ജേഷ്ഠൻ തോമായുടെ മകൻ പുന്നൻ പാണമ്പടി പള്ളിയിൽ വെച്ച് കല്യാണം ചെയ്തു. 27–നും ഇടവം 1–നും കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി.

9–ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ച് പ്രസംഗിച്ചു. 11–ന് മാളികയിൽ ചാക്കോ എന്നയാൾക്ക് പനിയും സുഖക്കേടും ആയിരുന്നതിനാൽ കഥാനായകൻ അവിടെപോയി പ്രാർത്ഥനയും പുര കൂദാശയും കഴിച്ചു. 16–ന് കഥാനായകൻ കാട്ടിൽ കത്തനാരുടെ അവധിയിൽ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. ടി. കത്തനാരുടെ ആൺകുട്ടിയെ മാമോദീസാ മുക്കി. കഥാനായകൻ തല തൊട്ടു. മാമോദീസാ വക അപ്പം, പഴം മുതലായ നേർച്ചയും ഉണ്ടായിരുന്നു.

27–ന് നാല്പതാം പെരുന്നാളിൽ വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലി. അന്നേദിവസം അകപ്പറമ്പു പള്ളിയിൽ വച്ച് കുറ്റിക്കാട്ടിൽ പൗലോസു റമ്പാനെക്കൊണ്ട് മലങ്കര സമുദായക്കാരുടെ ഭൂരിപക്ഷം അഭിപ്രായത്തിനെതിരായി ഉടമ്പടി എഴുതിച്ചു കൊണ്ട് ടിയാന് അത്താനാസ്യോസ്[95] എന്ന നാമധേയത്തിൽ മെത്രാൻ സ്ഥാനം കൊടുക്കുകയും അങ്കമാലി ഇടവക ഏല്പിക്കയും ചെയ്തു.

30–ന് വാകത്താനത്തു പള്ളിയിലും മിഥുനം 5–ന് വള്ളിക്കാട്ട് പള്ളി യിലും കഥാനായകൻ കുർബ്ബാന ചൊല്ലി. 6–ന് പെന്തിക്കുസ്തി പെരുന്നാളിൽ കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി ക്രമംകഴിച്ചു. 8–ന് കഥാനായകൻ ചാക്കച്ചേരിൽ കുര്യൻ എന്ന ആളിന്റെ മകൻ ഇട്ടിയുടെ ഭവനത്തിൽപോയി പുര കൂദാശ കഴിക്കയും അവിടെ ദീനത്തിൽ കിടന്നിരുന്ന ഒരു കുട്ടിക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്തു.

10–ന് പുതുപ്പള്ളിൽ മണലുംഭാഗത്തു പീലിപ്പോസിന്റെ മകന്റെ മാളിക അവരുടെ അപേക്ഷ പ്രകാരം പോയി കൂദാശ കഴിച്ചു. കാക്കോളിൽ കത്തനാർ, പടിഞ്ഞാറെക്കുറ്റ് കത്തനാർ എന്നിവരും ഉണ്ടായിരുന്നു. 12 രൂപ കഥാനായകന് കൈമുത്ത് കൊടുത്തു. 29–ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ കുർബാന ചൊല്ലി. മാളികയിൽ ചാക്കോയുടേയും മകളുടേയും കുട്ടികളെ മാമോദീസാ മുക്കി.

കർക്കിടകം 5–ന് എണ്ണച്ചേരീൽ കത്തനാർ ടി. പള്ളിയിൽ കുർബാന ചൊല്ലുകയും കഥാനായകൻ സുഭാ: 3:9 വാക്യത്തെക്കുറിച്ച് പ്രസംഗിക്കയും

Malankara Orthodox TV

ചെയ്തു. 24-ന് നാളതു വരെയുള്ള പണികൊണ്ട് വാകത്താനത്തു പള്ളിയകത്തെ അഴിക്കൽ പണി തീർത്തു ഉറപ്പിച്ചു. ധൂപക്കുറ്റി തൂക്കുന്ന കൊമ്പ് തെക്കെ ഭിത്തിയിൽ സ്ഥാപിച്ചു. പടിഞ്ഞാറെ വലിയ വാതിലിന്റെ ആന്താഴം ഇളകി ഏറിയ നാളായി വല്ലാതെ കിടന്നിരുന്നത് വളരെ പ്രയാസം കഴിച്ചു ഉറപ്പിച്ചു. ഇതുകൾ കഥാനായകന്റെ ഉത്സാഹത്താൽ ആണ് നടന്നത്.

**1086**

ചിങ്ങമാസം 6-ന് വാകത്താനത്തു പള്ളിയിലും 7-ന് വള്ളിക്കാട്ട് പള്ളിയിലും 8-ന് വാകത്താനത്തു പള്ളിയിലും ശു. കുർബാന കഥാനായകൻ ചൊല്ലി. 22-ന് പട്ടരുമഠത്തിൽ കത്തനാരുടെ അവധിയിൽ കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. മത്തായി 13: 44 വാക്യത്തെക്കുറിച്ച് പ്രസംഗിച്ചു.

23-ന് വാകത്താനത്തു പള്ളിയുടെ മുറിയുടെ മേൽത്തട്ട് പലക, കഴി ഇതുകൾക്കുള്ള തടി, പരുമല സമീപമുള്ള സർക്കാർ ഡിപ്പോവിൽ നിന്ന് തേക്കുതടി കാട്ടിൽ മാത്തു പോയി അളന്നു വാങ്ങിച്ചുകൊണ്ടുവരികയും ആയതു അറപ്പിച്ച് നാളതുവരെയുള്ള പണികൾ തീർത്ത് ആശാരികൾക്ക് ഓരോ മുണ്ടു സമ്മാനം കൊടുത്തു പിരിച്ചു വിടുകയും ചെയ്തു.

24-ന് കഥാനായകൻ പാത്രിയർക്കീസു ബാവായുടെ കല്പന പ്രകാരം ബാവായെ കാണ്മാൻ മുളംതുരുത്തിയിലേക്ക് പോകുന്നുവെന്നറിഞ്ഞ് യാത്രച്ചിലവിലേക്കായി പടിഞ്ഞാറെവെട്ടിയിൽ തൊമ്മൻ എന്നയാൾ 10 രൂപ കഥാനായകന് കൊടുത്തയച്ചു. കൂടാതെ മുൻഅവസരത്തിൽ പുറങ്കുപ്പായം തയ്പ്പിക്കുന്നതിനായി 12 രൂപ കൂടെ കൊടുത്തിട്ടുണ്ട്. കഥാനായകൻ ഈ രൂപ കൊണ്ട് ഇടക്കെട്ടിന്റെ സ്വർണമുദ്ര പിന്നൊരവസരത്തിൽ പണിയിച്ചു. 22-ന് കരപ്പാറയും 23-നു പടിക്കലും, കാട്ടിൽ മാത്തു പാർക്കുന്ന കളപ്പുരയ്ക്കലും കഥാനായകൻ പോയി പുര കൂദാശ കഴിച്ചു.

30-ന് വാകത്താനത്തു പള്ളിയിൽ തലേദിവസം കഴിക്കേണ്ട പെരുന്നാൾ കഴിച്ചു. പെരുന്നാൾ കഴിഞ്ഞ് കഥാനായകൻ പാത്രിയർക്കീസു ബാവായെ കാണ്മാൻ കരിപ്പാൽ യാക്കോബു കത്തനാർ, കാരുചിറെ തോമാ എന്നിവർ ഒരുമിച്ച് മുളന്തുരുത്തിയിലേക്ക് പോകയും പിറ്റേദിവസം രാത്രി അവിടെ എത്തുകയും ചെയ്തു.

കന്നി മാസം 1-ന് കാലത്ത് പള്ളിയിൽ കഥാനായകനും മറ്റും ചെന്നു. അപ്പോൾ അവിടെ പാത്രിയർക്കീസു ബാവാ, ഒസ്താത്തിയോസ്, കൂറിലോസ് എന്നീ മെത്രാച്ചന്മാരും കോനാട്ടു മല്പാൻ മുതലായവരും ഉണ്ടായിരുന്നു. ആലുവായിൽ കാലം ചെയ്തിരുന്ന മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ[96] എഴുതിയിരുന്ന വിൽപ്പത്രപ്രകാരം കഥാനായകന്

Malankara Orthodox TV

കിട്ടിയിരുന്ന അധികാരം ഒഴിഞ്ഞുകൊടുക്കേണ്ടതിനെപ്പറ്റി സംസാരിപ്പാനായിരുന്നു അവിടെ ചെല്ലണമെന്ന് കല്പന വന്നത്. ബാവായുടെ ഇഷ്ട പ്രകാരം ചെയ്യുന്നതിലേക്ക് കഥാനായകന് വിരോധമില്ലെന്ന് പറഞ്ഞു. അന്ന് കൂറിലോസു മെത്രാച്ചൻ മലങ്കര സുറിയാനി സമുദായത്തിന്റെ ഭൂരിപക്ഷാഭിപ്രായത്തിന് എതിരായി ലൗകിക അധികാരം ഉറപ്പിച്ച് പാത്രിയർക്കീസു ബാവായ്ക്ക് ഉടമ്പടി എഴുതി രജിസ്ട്രാക്കി. അതിൽ ഒരു സാക്ഷി കഥാനായകനും കൂടിയാണ്. കഥാനായകനും മെത്രാസ്ഥാനം തരാമെന്ന് ബാവാ കല്പിച്ചു. ഒഴിവുകഴിവുകൾ പറഞ്ഞ് പിറ്റെ ദിവസം ഞങ്ങൾ തിരിച്ചുപോരികയും ചെയ്തു. മുളന്തുരുത്തിക്ക് പോകുമ്പോഴും വരുമ്പോഴും സിമ്മനാരിയിൽ കയറി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടു.

11-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലും പിറ്റെദിവസം വാകത്താനത്തു പള്ളിയിലും കുർബാന ചൊല്ലി. 13-ന് കഥാനായകൻ പടിഞ്ഞാറെ പാലക്കുഴിയിൽ പോയി ചാണ്ടി (ചിറ്റപ്പൻ) എന്നയാൾക്ക് ഉപ്രുശ്മാ കഴിക്കയും കുർബാന എഴുന്നെള്ളിച്ച് കൊടുക്കയും ചെയ്തു. 14-ന് സ്ലീബാ പെരുന്നാളിന് കഥാനായകൻ കുർബാന ചൊല്ലി. ടി. ചാണ്ടി എന്നയാൾ മരിക്കയാൽ കബറടക്കവും കഴിച്ചു. 19-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലുകയും പതിവിൻപ്രകാരം പെരുന്നാൾ കഴിക്കയും ചെയ്തു. അന്നേ ദിവസം അവിടെ 42 കുർബാന ചൊല്ലിച്ചു.

ടി. മാസം 7-ന് കോട്ടയത്ത് എം. ഡി. സിമ്മന്നാരിയിൽ ഒരു പൊതുയോഗം കൂട്ടി പാത്രിയർക്കീസു ബാവാ ആവശ്യപ്പെട്ട ലൗകിക അധികാരത്തെക്കുറിച്ച് ചില നിശ്ചയങ്ങൾ പാസ്സാക്കി അവയെ ബാവായുടെ അടുക്കൽ കൊണ്ടുപോവാൻ കമ്മട്ടിക്കാരെ നിയമിച്ചു. 151 പള്ളികളിലെ പ്രതിനിധികൾ ഹാജരുണ്ടായിരുന്നു. ആ ചെയ്ത പ്രസംഗങ്ങളും നിശ്ചയങ്ങളും കന്നി 8-ന് ശനിയാഴ്ചയിലെ 73-ാം നമ്പ്ര മനോരമ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

തുലാ മാസം 2-ന് ഞായറാഴ്ച കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലുകയും 1 തീമോ. 5:20 വാക്യത്തെ സംബന്ധിച്ച് പ്രസംഗിക്കയും ചെയ്തു. 9-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി. 10-ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലി. മന്ത്രവാദം ചെയ്യിച്ച ഒരു സഭാംഗത്തെ മുടക്കുകയും 3 ഞായറാഴ്ച കുരിശു പിടിച്ച് കുർബാന കാണണമെന്ന് വിധിക്കയും ചെയ്തു.

12-ന് കഥാനായകൻ ആലുവായിലേക്ക് പോകുന്നതിനായി വാകത്താനത്തു നിന്നും പുറപ്പെട്ട് കോട്ടയത്ത് ഓണാട്ട് ചാക്കോ വക്കീലിന്റെ ബങ്കളാവിൽ താമസിക്കയും പിറ്റെ ദിവസം തീബോട്ടിൽ കയറി എറണാകുളത്തും

അവിടെ നിന്നും തീവണ്ടിയിൽ ആലുവായിൽ എത്തുകയും ചെയ്തു. 17–ന് കഥാനായകൻ ആലുവാ പള്ളിയിൽ ശു. കുർബാന ചൊല്ലി. അന്ന് പുതിയ അത്താനാസ്യോസ് മെത്രാച്ചൻ അകപ്പറമ്പു പള്ളിയിൽ നിന്നും അവിടെ വന്നുചേർന്നു.

18–ന് പരേതനായ അത്താനാസ്യോസ് മെത്രാച്ചന്റെ ഓർമ്മയിൽ കാലത്തു മെത്രാച്ചനും പിന്നീട് കഥാനായകനും കുർബാന ചൊല്ലി. കഥാനായകൻ പ്രസംഗം പറകയും ചെയ്തു. അന്നേദിവസം കാലം ചെയ്ത തിരുമേനിയുടെ വകയിൽ നിന്നു തന്നെ സദ്യ ചിലവുകളും മറ്റും നടത്തി.

20–ന് കഥാനായകൻ ആലുവായിൽ നിന്നും വാകത്താനത്തേയ്ക്ക് തിരിച്ചു മടങ്ങുകയാൽ കൊച്ചിയിൽകോട്ടപ്പള്ളിയോടു ചേർന്നുള്ള പനയ്ക്കന്റെ ബങ്കളാവിൽ താമസിക്കയും പിറ്റേദിവസം അവിടെ നിന്നും ചില സാമാനങ്ങളും വാകത്താനത്തു പള്ളിമുറിയുടെ തിണ്ണയിൽ ഇടുന്നതിനായി 500 ഇഷ്ടികയും, വാങ്ങിച്ചു കൊണ്ട് കേവു പിടിച്ച് 22–ന് കോട്ടയത്ത് വേളൂർ കുരിശുമ്മൂട്ടിൽ എത്തിയപ്പോൾ നേരം വൈകിയതിനാൽ അവിടെ താമസിക്കയും വള്ളക്കാരെ പിരിച്ചു വിടുകയും ചെയ്തു. പിറ്റേ ദിവസം കൊച്ചുപറമ്പിൽ കോര (അളിയൻ) മരിച്ചിട്ടു രണ്ടുമൂന്നു ദിവസം ആയിരുന്നതിനാൽ കഥാനായകൻ അവിടെ പോയിക്കൊണ്ട് വാകത്താനത്തേക്ക് പോരികയും ചെയ്തു.

24–നും 27–നും കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. 31–ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. വിഗ്രഹാരാധനയെ സംബന്ധിച്ച് പ്രസംഗിച്ചു. അന്ന് കുമ്മൻകുളത്ത് ശെമ്മാശന് ദീനം കൂടുതൽ ആയിരുന്നതിനാൽ കഥാനായകനും എണ്ണച്ചേരി കത്തനാരും കൂടെ അവിടെ പോയി ഉപ്രുശ്മാ കഴിക്കയും രാത്രി ടി. ശെമ്മാശൻ മരിക്കയും ചെയ്തു.

വൃശ്ചികം 1–ന് ടി. ശെമ്മാശന്റെ കബറടക്കം വാകത്താനത്തു പള്ളിയിൽ തന്നെ കഴിച്ചു. കരിപ്പാൽ യാക്കോബ് കത്തനാർ കുർബാന ചൊല്ലി. കഥാനായകനും കരിപ്പാൽ കത്തനാരും കൂടിയാണ് ശവസംസ്ക്കാര ശുശ്രൂഷ കഴിച്ചത്. 4–ന് പുല്ലുകാട്ട് വറുഗീസ് എന്നയാൾക്ക് കഥാനായകൻ ഉപ്രുശ്മാ കഴിച്ചു.

6–ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി. 10–ന് പുല്ലുകാട്ട് വറുഗീസ് എന്ന ആൾ മരിച്ചു. കഥാനായകനും പട്ടരുമഠത്തിൽ കത്തനാരും എണ്ണച്ചേരീൽ കത്തനാരും കരിപ്പാൽ കത്തനാരും കൂടി കബറടക്കം ചെയ്തു. 14–ന് വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി. 25–ന് ചിറയിൽ കുര്യൻ മരിക്കയും കഥാനായകൻ ശവസംസ്ക്കാരം ചെയ്കയും ചെയ്തു. 26–ന് കഥാനായകൻതന്നെ പട്ട

ക്കാരില്ലാതിരുന്നതിനാൽ കരപ്പാറെ വറുഗീസിന്റെ ഇളയമകന്റെ വിവാഹ കർമ്മം നടത്തി.

ധനു മാസം 25-ന് നോമ്പു വീടലിന് എണ്ണച്ചേരിൽ കത്തനാർ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി ക്രമം കഴിച്ചു. 26-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. അന്നു മുതൽ 12 ദിവസത്തേക്ക് കാട്ടിൽ കത്തനാരുടെ പേർക്ക് കഥാനായകൻ കുർബാന ചൊല്ലി. 28 ന് വാകത്താനത്തു പള്ളിയിൽ കഥാനായകൻ പെരുന്നാളിന് കാലത്തു കുർബാന ചൊല്ലുകയും പിന്നീട് വി. കുർബാനയ്ക്ക് പ്രസംഗിക്കയും ചെയ്തു. പെരുന്നാൾ ഭംഗിയായി കഴിഞ്ഞു.

**1911-നു 1086 മകര മാസം**

1-ന് ശനിയാഴ്ച കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി. അന്നേ ദിവസം പണിക്കച്ചേരീൽ തൊമ്മന്റെ ഭാര്യ മസൂരി ദീനത്താൽ മരിക്കയും വാകത്താനത്തു പള്ളിയിൽ അടക്കപ്പെടുകയും ചെയ്തു. 2-നും 6-നും വാകത്താനത്ത് പള്ളിയിൽ എണ്ണച്ചേരീൽ കത്തനാർ കുർബാന ചൊല്ലി. ദനഹാ ക്രമവും കഴിച്ചു. 9-ന് ഞായറാഴ്ച കഥാനായ കൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലുകയും 15-ന് പെരുന്നാൾ വിളിച്ചു പറയുകയും ചെയ്തു.

15-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പെരുന്നാളിനായി പോയി. കരിപ്പാൽ കത്തനാർ കുർബാന ചൊല്ലി. കുറിച്ചീക്കാരൻ മാണി ഉപദേശി പ്രസംഗിച്ചു. നടവരവ് മുൻ ആണ്ടുകളിലേക്കാൾ കൂടുതൽ ഉണ്ടായിരുന്നു. 2 നടക്കിടാങ്ങളും പഴഞ്ചീറെ പുത്തൻപുരയ്ക്കൽ ചെറിയ കുര്യന്റെ ഒരു ചെറിയ വെള്ളിക്കുർബാനക്കിണ്ടിയും നേർച്ചയായി വന്നു.

16-ന് വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി. അന്നേ ദിവസം കയ്യാലത്തു വീട് കൂദാശയ്ക്കായി കഥാനായകൻ പോയിരുന്നു. 18-ന് നാലുന്നാക്കൽ കാരിക്കോട്ടുചിറെ കൊച്ചാപ്പിയുടെ ദീനം കൂടുതൽ ആയിരുന്നതിനാൽ കഥാനായകൻ അവിടെ പോയി ടിയാന് കരിപ്പാൽ കത്തനാരുടെ സഹകരണത്തോടു കൂടെ ഉപ്രുശ്മാ കഴിച്ചു. 19-ന് വള്ളാൻകടവിൽ ഉതുപ്പിന്റെ ഭാര്യയുടെ ദീനക്കൂടുതലിൽ കഥാ നായകൻ അവിടെ പോയി പ്രാർത്ഥന കഴിച്ചു.

23-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലുകയും സംഖ്യ 30:2 വാക്യത്തെപ്പറ്റി പ്രസംഗിക്കയും ചെയ്തു. അന്നേദിവസം പാലക്കുഴിയിൽ വർക്കിയുടെ ഒരു കുട്ടിയെയും ഒരു പണ്ടാരച്ചെർക്കനെയും മാമ്മോദീസാ മുക്കുകയും ചെയ്തു.

29-ന് പാത്രിയർക്കീസു ബാവാ വടക്കുനിന്നും നീലംപേരൂർ പള്ളിയി

ലേക്ക് നീങ്ങി. 30 ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരീൽ കത്തനാർ കുർബാന ചൊല്ലുകയും കഥാനായകൻ മൂന്നു നോമ്പിനെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. കുംഭം 3-ന് മൂന്നുനോമ്പു വീടലിന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി.

5-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലും 6-ന് ഞായറാഴ്ച വാകത്താനത്തു പള്ളിയിലും കുർബാന ചൊല്ലി. അന്നേദിവസം ഒരു കല്യാണത്തിനായി കുറിച്ചിയിൽ തോപ്പിൽ കുറിയാക്കോസ് കത്തനാർ ടി. പള്ളിയിൽ വന്നിരുന്നതിനാൽ അയാൾ പട്ടക്കാരുടെ ഓർമ്മയെക്കുറിച്ച് പ്രസംഗിച്ചു. അന്ന് 4 കല്യാണങ്ങളും 2 മാമോദീസായും ഉണ്ടായിരുന്നു. കഥാനായകൻ അത് നടത്തി.

8, 9 തീയതികളിൽ കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. കാട്ടിൽ കത്തനാർ ദീനചികിത്സക്കായി നീലംപേരൂർ നിന്നും തിരിച്ചു വന്നതിനാൽ അന്നേ ദിവസം കാട്ടിൽ പോയി അദ്ദേഹത്തെ കണ്ടു. 13-ന് ഞായറാഴ്ച എണ്ണച്ചേരീൽ കത്തനാർ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. അന്ന് 3 കല്യാണങ്ങൾ ഉണ്ടായിരുന്നു. അവയിൽ ഒന്ന് മുതലകേരിൽ പോത്തന്റെ ഇളയമകൻ പുതുപ്പള്ളീൽ വർക്കി മുൻസിപ്പിന്റെ മകൻ റജിസ്ട്രാറിന്റെ മകളെ വിവാഹം ചെയ്തതായിരുന്നു. അവർ നവീകരണക്കാർ ആയിരുന്നതിനാൽ പസാരം മുഴുവൻ വയ്പിച്ചു.

14-ന് കാട്ടിൽ കത്തനാർ സുഖക്കേടിന് ആശ്വാസം കിട്ടുമെന്ന ഉദ്ദേശത്തിൻമേൽ വാകത്താനത്തു പള്ളിമുറിയിൽ വന്നു താമസം തുടങ്ങി. 20-ന് ടി. പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി. അന്നത്തെ മാമോദീസായും കഴിച്ചു. 23-ന് കഥാനായകന്റെ കൂടെ നിന്നിരുന്ന വട്ടപ്പുറത്തു കുര്യന് പനി വരികയാൽ അവനെ അവന്റെ വീട്ടിലേക്ക് അയക്കയും പകരം ചൂട്ടുവേലിൽ മത്തായിയുടെ മകൻ സ്കറിയായെ കൂടെ നിർത്തുകയും ചെയ്തു. 27-ന് വാകത്താനത്തു പള്ളിയിൽ പട്ടരുമഠത്തിൽ കത്തനാർ കുർബാന ചൊല്ലി. കഥാനായകൻ പ്രസംഗിച്ചു.

മീനം 5-ന് വള്ളിക്കാട്ട് പള്ളിയിലും 6-ന് വാകത്താനത്തു പള്ളിയിലും കുർബാന ചൊല്ലി. അന്നു മുതൽ കൂടെ നിന്നിരുന്ന കുരിയന് മുമ്പ് കൊടുത്തിരുന്നതു കൂടാതെ 15 രൂപാ കൂട്ടിക്കൊടുത്തു പിരിച്ചയച്ചു.

15-ന് പഴയാറ്റുങ്കൽ പുത്തൻപുരയിൽ കെ. സി. ചെറിയാൻ മദ്രാസിൽ എൽ. എം. എസ്. പരീക്ഷയ്ക്ക് ചേരാൻ പോയപ്പോൾ കഥാനായകൻ ടിയാനു സന്തോഷസൂചകമായി 10 രൂപ പാരിതോഷികം കൊടുത്തു. 16-ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരീൽ കത്തനാർ കുർബാന ചൊല്ലി. കഥാനായകൻ സ്ലീബായെ സംബന്ധിച്ച് പ്രസംഗിച്ചു. 17-ന് കാട്ടിൽ കത്തനാർക്ക് കഥാനായകനും പട്ടരുമഠത്തിൽ കത്തനാരും കൂടെ ഉപ്രുശ്മാ

Malankara Orthodox TV

കഴിച്ചു. പള്ളിയിലെ താമസം നിർത്തിയും വച്ച് വീട്ടിലേക്ക് ടി. കത്തനാർ പോകയും ചെയ്തു. എടുത്തുകൊണ്ടാണ് പോയത്.

20–ന് വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലുകയും കാട്ടിലച്ചന്റെ സുഖക്കേടിന്റെ ആശ്വാസത്തിനായിട്ട് പൊതുവിൽ പ്രാർത്ഥിക്കയും ചെയ്തു. മേടം 2–ന് വള്ളിക്കാട്ട് പള്ളിയിലും 3–ന് ഊശാനയ്ക്ക് വാകത്താനത്തു പള്ളിയിലും കഥാനായകൻ കുർബാന ചൊല്ലി. ഊശാനയിൽ ക്രമം കഴിക്കയും ചെയ്തു. അന്നു കഥാനായകൻ ദീനക്കാരനായ കാട്ടിൽ കത്തനാരെ ചെന്നു കണ്ടു.

6–ന് ബുധനാഴ്ച 3 മണിക്ക് കാട്ടിൽ കത്തനാർക്ക് ദീനം അത്യന്തം കൂടുതൽ എന്നറികയാൽ കഥാനായകൻ അവിടെ എത്തി. അപ്പോൾ അദ്ദേഹത്തിന് വായുവിന്റെ ശക്തി അധികരിച്ചിരുന്നതിനാൽ ദേഹം മുഴുവനും വിയർത്തു ഒഴുകിയിരുന്നു. കഥാനായകനെ കണ്ടയുടനെ കെട്ടിപ്പിടിക്കയും ആവശ്യമുള്ളതു ചൊല്ലാൻ പറയുകയും ചെയ്തു. ചൊല്ലി സൈത്തു പൂശലും കഴിച്ച് വിശ്വാസപ്രമാണം ചൊല്ലി അവസാനിപ്പിച്ചപ്പോൾ അദ്ദേഹം നിദ്രപ്രാപിക്കയും ചെയ്തു. ഉടനെ കുളിപ്പിച്ച് കാപ്പ മുതലായതു ധരിപ്പിക്കയും കൊഹനൈത്തായിൽ ഒരു തെശുമെശത്തായും കഴിച്ചുകൊണ്ട് കഥാനായകൻ പള്ളിയിലേക്ക് പോരികയും ചെയ്തു. 7–ന് കാലത്തു മൃതശരീരത്തെ പള്ളിയിലേക്ക് കൊണ്ടുവരികയും കഥാനായകനും പട്ടരുമഠത്തിൽ കത്തനാരും എണ്ണച്ചേരീൽ കത്തനാരും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലുകയും ചെയ്ത ശേഷം കോട്ടയത്തു നിന്നും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ശവസംസ്ക്കാരത്തിനായി വന്നുചേർന്നു.

മെത്രാച്ചനും അന്നേദിവസം ശു. കുർബാന കൈക്കൊണ്ട് എല്ലാവർക്കും കുർബാന കൊടുക്കുകയും ചെയ്തു. അതുകൾ കഴിഞ്ഞ ശേഷം രണ്ട് തെശുമെശ്ത്താ കൂടി കഴിച്ചു. രാത്രിയിൽ പട്ടക്കാർ വീട്ടിൽ വച്ച് 2 തെശുമെശുത്താ കഴിച്ചിരുന്നു. ഉടനെ ഉച്ച നമസ്ക്കാരവും 22 1/2 യുടെ നമസ്ക്കാരവും കഴിച്ച് ശവത്തെ മദ്ബഹായിലും ഹൈക്കലായിലും പൊക്കി പുശുബശ്ലോമ്മാ മര്യാദപ്രകാരം കഴിച്ചുകൊണ്ട് നാടകശാലയിൽ വെച്ച് കൈമുത്ത് നടത്തി. അനന്തരം പള്ളിക്ക് പ്രദക്ഷിണവും ചെയ്തു ശവക്കോട്ടയിലേക്ക് കൊണ്ടുപോയി. കബറടക്കവും കഴിച്ച് പിന്നീടെല്ലാവരും പള്ളിയകത്തു കൂടുകയും തിരുമേനി ഒരു പ്രസംഗം ചെയ്ത് എല്ലാവരെയും ആശീർവദിക്കയും ചെയ്തു.

8–ന് ദുഃഖവെള്ളിയാഴ്ച രാവിലെ നമസ്ക്കാരം 3 മണിക്ക് പള്ളിയകത്തു ഇറങ്ങി കഴിച്ചു. പിന്നെ 8 1/2 മണിക്ക് ഇറങ്ങി സപ്രായുടേതും, 7 1/2 യുടേയും പ്രാർത്ഥനകൾ കഴിക്കയും വേദപുസ്തകം വായിക്കയും കഥാനായകൻ കുറേനേരം പ്രസംഗിക്കയും അതിനെ തുടർന്ന് മിശിഹായുടെ തിരുബലിയെ സംബന്ധിച്ച് ദീർഘമായി തിരുമേനിയും പ്രസംഗിച്ചും കൊണ്ട് മുറിയിലേക്ക്

പോന്നു. പിന്നെ മിറ്റത്തു വച്ച് കുറിച്ചീക്കാരൻ മാണി ഉപദേശിയും പ്രസംഗം നടത്തി. പിന്നെ ഉച്ചകഴിഞ്ഞ് 1 മണിക്ക് പള്ളിയകത്തിറങ്ങി ഉച്ച മുതലുള്ള നമസ്ക്കാരങ്ങളും ദുഃഖവെള്ളിയാഴ്ചയുടെ ക്രമങ്ങളും കഴിച്ച് 4 മണിക്ക് അവസാനിപ്പിച്ചു.

9-ന് ശനിയാഴ്ച ഉച്ചനമസ്ക്കാരവും 22 1/2 യുടെ നമസ്ക്കാരവും കഴിച്ചുകൊണ്ട് എണ്ണച്ചേരീൽ കത്തനാർ കുർബാന ചൊല്ലുകയും തിരുമേനി മിശിഹായുടെ പാതാള പ്രവേശനത്തെപ്പറ്റി ദീർഘമായി പ്രസംഗിക്കയും ചെയ്തു. 10-ന് നോമ്പുവീടലിന് രാത്രി 1 മണിക്ക് പള്ളിയകത്തിറങ്ങി നമസ്ക്കാരം ആരംഭിച്ചു. അതുകഴിഞ്ഞ് ക്രമം കഴിക്കയും തിരുമേനി കുർബാന ചൊല്ലുകയും ചെയ്തു. അന്നേ ദിവസത്തെ പ്രദക്ഷിണം കഴിച്ചത് ക്രമത്തിന്റെ മധ്യേയായിരുന്നു. കുർബാനയ്ക്ക് മുമ്പ് നേർച്ച ഇടീലും നടത്തി. 11-ന് തിരുമേനിക്ക് പള്ളിയിൽ നിന്നും 40 രൂപ കൈമുത്തു കൊടുത്തു. ശെമ്മാശനും വാലിയക്കാരനും കൂടി മൂന്നു രൂപായും കൊടുത്തു. അന്നു തന്നെ തിരുമേനി കോട്ടയത്തു സിമ്മന്നാരിയിലേക്ക് നീങ്ങുകയും ചെയ്തു. തിരുമേനി പള്ളിയിൽ താമസിച്ചപ്പോൾ മേശച്ചിലവ് കാട്ടിൽ നിന്നും ഓണാട്ടു നിന്നും കരപ്പാറെ നിന്നും കോയിപ്പുറത്തു നിന്നും ഓരോ ദിവസം വീതം നടത്തി.

14-ന് കഥാനായകൻ ചൂരപ്പാടിക്ക് പോയി. ചെമ്പകശ്ശേരിൽ വീട്ടുകൂദാശ കഴിച്ചു. 15-ന് കഥാനായകനും പട്ടരുമഠത്തിൽ കത്തനാരും എണ്ണച്ചേരീൽ കത്തനാരും കൂടി വാകത്താനത്തു പള്ളിയിൽ കാരിയക്കുളത്തു മറിയത്തിന്റെ പേർക്ക് കുർബാന ചൊല്ലി. 16-ന് വാകത്താനത്തു പള്ളിയിൽ കഥാനായകനും എടത്ര കത്തനാരും എണ്ണച്ചേരീൽ കത്തനാരും കൂടി കാട്ടിൽ കത്തനാരുടെ അടിയന്തിര ദിവസമായിരുന്നതിനാൽ മൂന്നിന്മേൽ കുർബാന ചൊല്ലി. 45 പറ അരി വച്ച് അടിയന്തിരം കഴിച്ചു. 20-ന് പഴഞ്ചിറെ കൈതയിൽ ചാക്കോയ്ക്ക് കഥാനായകനും എണ്ണച്ചേരീൽ കത്തനാരും കൂടി പോയി ശു. കുർബാന കൊടുത്തു. ടിയാനു ദീനം അത്യന്തം കൂടുതൽ ആയിരുന്നു. പിറ്റെ ദിവസം ടിയാൻ മരിച്ചടക്കപ്പെട്ടു.

24-ന് പട്ടരുമഠത്തിൽ കത്തനാർ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി പ്രസംഗിച്ചു. 25-ന് ...... പാപ്പി എന്ന സ്ത്രീയും അവളുടെ 3 ആൺ മക്കളും ഒരു പെൺകുട്ടിയും മുൻ തിങ്കളാഴ്ച ഒരു കിടാത്തനും ഇങ്ങനെ 6 ആത്മാക്കളെ പട്ടരുമഠത്തിൽ കത്തനാർ മാമോദീസാ മുക്കി. 30-ന് കഥാനായകൻ പൂവത്തുംമൂട്ടിൽ തോമാ എന്നയാൾക്ക് ഉപ്രുശ്മാ കഴിക്കയും ശു. കുർബാന കൊടുക്കയും ചെയ്തു. ഇടവം 2-ന് ടിയാൻ മരിച്ചടക്കപ്പെട്ടു. 8 ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി.

## മാർ ദീവന്നാസ്യോസിനു മുടക്ക്

10-ന് കോട്ടയത്തു സിമ്മന്നാരിയിലെ കലാപം കേട്ട് കഥാനായകൻ അവിടേക്ക് പോയി. ബാവായും മെത്രാച്ചന്മാരും റമ്പാച്ചൻമാരും അവിടെ ഉണ്ടായിരുന്നു. സിമ്മന്നാരി മാനേജർ മട്ടക്കൽ കത്തനാരുടെ കൈവശമിരിന്നിരുന്ന സിമ്മന്നാരിയുടെ താക്കോലുകൾ ട്രസ്റ്റികളായ സി. ജെ. കുര്യനും കോനാട്ട് മല്പാനും കൂടി ഉപായത്തിൽ കൈവശപ്പെടുത്തുകയും സർക്കാരിൽ ബോധിപ്പിച്ച് സിമ്മന്നാരി മുറികൾ പൂട്ടുകയും ചെയ്തിരുന്നു. ടി. പ്രവൃത്തികൾ ബഹുജനങ്ങളുടെ ഇടയിൽ വലിയ ആക്ഷേപത്തിനും പരിഹാസത്തിനും കാരണമായി ഭവിക്കയും ചെയ്തു. അതുമുതൽ വഴക്കുകളും വർദ്ധിച്ചു.

16, 17, 18 തീയതികളിൽ കഥാനായകൻ പാത്താമുട്ടംകാരുടെ അപേക്ഷ പ്രകാരം വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. 24-ന് കാഞ്ഞിരത്തിൽ കെട്ടിച്ചിരുന്ന കഥാനായകന്റെ പെങ്ങൾ പനിയും നീരും നിമിത്തം മരിച്ചുപോയി. ജീവനോടെ തമ്മിൽ കാണുന്നതിനിടയായില്ല. അവൾക്ക് 3 പെൺകുട്ടികളും ഇളയത് ഒരു ആൺകുട്ടിയും ആണ്. ടി. കുഞ്ഞുങ്ങൾക്ക് മാതാപിതാക്കന്മാരില്ലാതെ തീർന്നതിൽ വെച്ചുള്ള ദുഃഖം പറയാവുന്നതല്ല. 29 ന് പെന്തിക്കുസ്തിക്ക് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലുകയും എണ്ണച്ചേരിൽ കത്തനാരുടെ സഹകരണത്തോടെ ക്രമം കഴിക്കയും ചെയ്തു.

മിഥുനം 1-ന് പാത്രിയർക്കീസു ബാവാ മാർ ദീവന്നാസ്യോസ് മെത്രാച്ചനെ മുൻ ഇടവം 18-ന് മുടക്കി കല്പന പ്രസിദ്ധപ്പെടുത്തിയതറിഞ്ഞ് കഥാനായകനും എണ്ണച്ചേരിൽ കത്തനാരും കരിപ്പാൽ കത്തനാരും കൂടെ സിമ്മന്നാരിയിലേക്ക് പോയി. ടി. മുടക്ക് അകാരണവും ലൌകിക അധികാരം സംബന്ധിച്ച് ഉടമ്പടി എഴുതാത്തതിനപ്പുറം ചിലരുടെ ദുരാലോചന നിമിത്തവും ഉണ്ടായതിനാൽ ബഹുജനം വകവെക്കാതെ ബാവായുടെ മുമ്പിൽ വച്ച് തന്നെ മെത്രാച്ചനെ ചിയർ വിളിക്കയും ബഹളം ഉണ്ടാക്കുകയും ചെയ്തു. പിന്നീട് ബാവായുടെ പ്രവൃത്തിയെപ്പറ്റി ആക്ഷേപിച്ച് വാർത്ത മനോരമ കടലാസുകളിലും മറ്റു ലേഖനങ്ങളിലും ഇറങ്ങാൻ തുടങ്ങി.

5-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി. 12-ന് വാകത്താനത്തുപള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലുകയും, കഥാനായകൻ ബാവാ അനാവശ്യമായി മെത്രാച്ചനെ മുടക്കിയതിനെക്കുറിച്ചും, വിശ്വാസത്തെ സംബന്ധിച്ചും പ്രസംഗിക്കയും ചെയ്തു. മാർ ഈവാനിയോസു മെത്രാച്ചനും അൽവാറീസ് മെത്രാച്ചനും കൂടി മുടക്കിന്റെ അസാധുത്വത്തെ കാണിച്ച് മാർ ദീവന്നാസ്യോസ് മെത്രാ

Malankara Orthodox TV

ച്ചന് അയച്ചിരുന്ന കല്പന അച്ചടിച്ചതു പള്ളിയിൽ വായിക്കയും ചെയ്തു. കുർബാന കഴിഞ്ഞ് യോഗംകൂടി ബാവായുടെ മുടക്കിനെ ഇവിടെ സ്വീകരിക്കുന്നതല്ലെന്നും മറ്റും കാണിച്ച് ഒരു നിശ്ചയവും എഴുതി ബാവായ്ക്കും മെത്രാച്ചനും മനോരമയ്ക്കും ഓരോ പ്രതികൾ അയച്ചു കൊടുക്കയും ചെയ്തു.

19–ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. 29–ന് അവിടെ കുർബാന ചൊല്ലി പ്രസംഗിക്കയും എണ്ണച്ചേരിൽ കത്തനാരുടെയും മറ്റും കുട്ടികളെ മാമോദീസാ മുക്കുകയും ചെയ്തു. കർക്കടകം 2–ന് വള്ളിക്കാട്ട് പള്ളിയിലും 3–ന് വാകത്താനത്തു പള്ളിയിലും കഥാനായകൻ കുർബാന ചൊല്ലി. 3–ന് തോമാ ശ്ലീഹായെപ്പറ്റി പ്രസംഗം പറകയും ചെയ്തു. 5, 6 തീയതികളിൽ വാകത്താനത്തു പള്ളിയിലും 9–ന് വള്ളിക്കാട്ട് പള്ളിയിലും കഥാനായകൻ തെക്കുംഭാഗക്കാരുടെ അപേക്ഷ പ്രകാരം പകരുന്ന വ്യാധികൾ നിമിത്തം കുർബാന ചൊല്ലി. 7–ന് വസന്തപ്പെരുന്നാളും കഴിച്ചു. നേർച്ച ഇടീലും മറ്റും ഉണ്ടായിരുന്നു. കഥാനായകനും കുറിച്ചീക്കാരൻ ഉപദേശിയും മറ്റും പ്രസംഗിക്കയും ചെയ്തു.

8–ന് അൽവാറീസ് യൂലിയോസ മെത്രാപ്പോലീത്താ കോട്ടയത്തു നിന്നും വാകത്താനത്തു പള്ളിയിൽ എത്തി. 10–ന് എണ്ണച്ചേരീൽ കത്തനാർ ടി. പള്ളിയിൽ കുർബാന ചൊല്ലുകയും ടി. മെത്രാച്ചൻ പ്രസംഗിക്കയും കുന്നംകുളം കൊലാടി ശെമ്മാശു പ്രസംഗം തർജ്ജമ ചെയ്കയും ചെയ്തു. 11–ന് ടി. മെത്രാച്ചൻ വാകത്താനത്തു നിന്നും നാലുന്നാക്കലേക്ക് പോകയും പിറ്റേ ദിവസം തിരിച്ചു പോരികയും അന്നു തന്നെ കോട്ടയത്തേക്ക് പോകയും ചെയ്തു. പള്ളിയിൽ നിന്നും 7 രൂപ കൈമുത്തു കൊടുത്തു.

17–ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. വെട്ടിയിൽ ആകുന്ന കരപ്പാറ യൌസേപ്പിന്റെ ഒരു പെൺകുട്ടിയെ മാമോദീസാ മുക്കി മറിയം എന്ന് പേരിടുകയും ചെയ്തു. 31–ന് ഞായറാഴ്ച കഥാനായകൻ വാകത്താനത്തു കുർബാന ചൊല്ലി ദ്രവ്യാഗ്രഹത്തെ ക്കുറിച്ച് പ്രസംഗിച്ചു.

**1911 നു 1087 ചിങ്ങ മാസം**

6 ന് ശനിയാഴ്ച കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി. 7 ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലുകയും കാട്ടിൽ കത്തനാർക്ക് പകരം ഒരാൾക്ക് പട്ടം കൊടുക്കേണ്ടതിനെപ്പറ്റി കഥാനായകൻ പ്രസ്താവിക്കുകയും ചെയ്തു. തല്ദിവസം മുളന്തുരുത്തി പള്ളിയിൽ വച്ച് അബ്ദുള്ളാ ബാവാ മൂറോൻ കൂദാശ കഴിച്ചു. 8 ന് കഥാനായകൻ മണലിൽ കൊച്ചൂഞ്ഞിന്റെ കുട്ടിയുടെ ദീനം കാൺമാൻ പോകയും കുട്ടിക്കു വേണ്ടി പ്രാർത്ഥന കഴിച്ചുകൊണ്ട് തിരിച്ചു പോരികയും

ചെയ്തു. 14 ന് വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി.

15 ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. കൂമ്പാട്ടി മടത്രത്തമ്പിൽ ഉലഹന്നാന്റെ കുട്ടിയെ മാമോദീസാ മുക്കി കുറിയാക്കോസ് എന്ന് പേരിട്ടു. 21 ന് കാലത്തു ടി. പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി. തുഞ്ചത്തു കൊച്ചപ്പന്റെ മകളുടെ കല്യാണം പട്ടക്കാരോടു കൂടി നടത്തി. 17, 18, 19 ഈ തീയതികളിൽ ആലുവായിൽ ഒരു യോഗം പാത്രിയർ ക്കീസു ബാവായുടെ അദ്ധ്യക്ഷതയിൽ കൂടി ചില നിശ്ചയങ്ങൾ ചെയ്കയും കൂറിലോസിനെ മലങ്കര മെത്രാനായി നിയമിക്കയും ചെയ്തു. തെക്കരു പള്ളിക്കാർ ആ യോഗത്തിൽ ചേർന്നില്ല. 22 ന് ട്രസ്റ്റി സി. ജെ. കുരിയൻ മുതൽ പേർ കൊടുത്തിരുന്ന സമരിക്കേസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് ഗുണമായി വിധി കല്പിക്കയും പിറ്റെദിവസം സിമ്മന്നാരി മുറികൾ തുറന്നു കൊടുക്കയും ചെയ്തു.

25-ന് മനോരമയിൽ ഒരു അസോസ്യേഷൻ കമ്മട്ടി കൂടി സി. ജെ. കുരിയനും കോനാട്ടു മല്പാനും പകരം അവരെ മാറ്റി വേറെ രണ്ടുപേരെ ട്രസ്റ്റികളായി നിയമിക്കയും മറ്റും ചെയ്തു. 29-ന് വാകത്താനത്തു പള്ളിയിൽ പെരുന്നാളിന്ന് പട്ടരുമഠത്തിൽ കത്തനാർ കുർബാന ചൊല്ലി. പതിവു പോലെ പെരുന്നാളും കഴിച്ചു.

കന്നി മാസം 3-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി. 4-ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലി. കഥാനായകൻ 1 ശമു. 4:22 വാക്യത്തെക്കുറിച്ച് പ്രസംഗിച്ചു. 11-ന് കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലി. ജ്ഞാനസ്നാനത്തിന്റെ മാഹാത്മ്യത്തെപ്പറ്റി പ്രസംഗിച്ചു. 18-ന് കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലി തന്റെ ജേഷ്ഠന്റെ മകളുടെ പെൺകുട്ടിയെ മാമോദീസാ മുക്കി. 20-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി പതിവിൻപ്രകാരം പെരുന്നാൾ കഴിച്ചു. നേർച്ച ഉണ്ടായിരുന്നു.

തുലാ മാസം 5-ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം കഥാനായകൻ സിമ്മന്നാരിയിലേക്ക് പോയി. ചിങ്ങത്തിൽ കോട്ടയത്തു കൂടിയ അസോസ്യേഷൻ കമ്മട്ടി നിശ്ചയിച്ച പ്രകാരം ശീമക്ക് പോകണമെന്ന് കല്പിച്ചു. ആലോചിച്ച് മറുപടി അയക്കാമെന്ന് പറഞ്ഞുകൊണ്ട് തിരിച്ചുപോന്നു.

8-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി. 12-ന് വാഴക്കാലായിൽ ഉലഹന്നാൻ എന്ന ആൾ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു കല്പന കഥാനായകന് കൊണ്ടുവന്നു കൊടുത്തു.

അതിൽ അടുത്ത 15-ന് തൃക്കോത്തു പള്ളിയിൽ എത്തി കൂദാശ കഴിച്ച് കുർബാന ചെല്ലണമെന്നായിരുന്നു. അതിലേക്കായിട്ട് 14-ന് കഥാനായകൻ അവിടേക്ക് പോകയും 18-ന് കൂദാശ കഴിച്ച് കുർബാന ചൊല്ലുകയും പള്ളിയെ സംബന്ധിച്ച് പ്രസംഗം പറകയും ചെയ്തു. 16-ന് അവിടെത്തന്നെ കുർബാന ചൊല്ലുകയും പ്രസംഗം പറയുകയും ചെയ്തുംകൊണ്ട് വാകത്താനത്തേക്ക് തിരിച്ചുപോന്നു.

18-ന് കഥാനായകൻ കോട്ടയത്തു മനോരമയിലേക്ക് പോകയും എം. എ. വറുഗീസ് കത്തനാർ ചട്ടം കെട്ടിയിരുന്ന വള്ളത്തേൽ കയറി പരുമലക്ക് പോകയും പിറ്റെ ദിവസം ഉച്ചക്ക് അവിടെ എത്തുകയും ചെയ്തു. 20-ന് പരുമല സിമ്മനാരിയിൽ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായുടെ പെരുന്നാളിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും കഥാനായകനും മുളന്തുരുത്തിക്കാരൻ ഒരു കത്തനാരും കൂടി മൂന്നുമ്മെൽ കുർബാന ചൊല്ലി. കുർബാന കഴിഞ്ഞ് സുവിശേഷ സംഘ പ്രസംഗികൻമാരിൽ പലരുടെയും പ്രസംഗങ്ങൾ ഉണ്ടായിരുന്നു. പട്ടക്കാർക്കും ശെമ്മാശൻമാർക്കും സദ്യയും ഉണ്ടായിരുന്നു. കുർബാനപ്പണം 700 രൂപായോളം ഉണ്ടായിരുന്നതിൽ പട്ടക്കാർക്ക് മുമ്മൂന്നു രൂപാ വീതം കൊടുത്തു. പിറ്റെദിവസം മൂന്നുമ്മേൽ കുർബാന ഉണ്ടായിരുന്നു.

23-ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി കാർത്തികപ്പള്ളിൽ സ്കറിയ ശെമ്മാശൻ, കുഴിമറ്റത്തു പട്ടച്ചേരി അലക്സന്ത്രയോസ് ശെമ്മാശൻ മുതലായ 6 പേർക്ക് കത്തനാരു പട്ടവും രണ്ട് കുട്ടികൾക്ക് കോറൂയോ പട്ടവും കൊടുത്തു.

24-ന് കഥാനായകൻ പരുമല നിന്നും വാകത്താനത്തേക്ക് യാത്രയായി. അപ്പോൾ ശീമ യാത്രക്ക് കോട്ടയത്തു ഇടവകയിൽ നിന്നും ഒരു പിരിവ് എടുക്കുന്നതിനായി ഒരു കല്പന കഥാനായകന്റെ പേർക്കും ചെറിയമഠത്തിൽ യാക്കോബു കത്തനാരുടെ പേർക്കും തന്നു. കഥാനായകൻ കുറിച്ചീപ്പള്ളിയിൽ എത്തിയപ്പോൾ അവിടെ ചിലരെ കണ്ടു പണപ്പിരിവിനെ സംബന്ധിച്ച് പറഞ്ഞുകൊണ്ട് കുഴിമറ്റത്തേക്ക് കര വഴിയായി പോന്നു. അവിടെയും ചിലരെ വരുത്തി ടി. സംഗതികൾ പറഞ്ഞുകൊണ്ട് വാകത്താനത്ത് എത്തുകയും ചെയ്തു.

26-ന് ക്നാനായ സമുദായത്തിന്റെ എടവഴിക്കൽ മെത്രാച്ചൻ പുതുശ്ശേരിപ്പള്ളിയിൽ വന്നിരുന്നപ്പോൾ കഥാനായകൻ അവിടെപ്പോയി അദ്ദേഹത്തെ കണ്ടുംവച്ചിട്ട് തിരിച്ചുപോന്നു. 27-ന് കഥാനായകൻ നാലുന്നാക്കൽ പള്ളിയിലും പിറ്റെ ദിവസം വെട്ടിക്കുന്ന് പള്ളിയിലും പണപ്പിരിവിനെ സംബന്ധിച്ച് പോയി തിരിച്ചുപോന്നു.

30-ന് വീണ്ടും കഥാനായകൻ നാലുന്നാക്കൽ പള്ളിയിലേക്ക് പോയി

കുർബാന ചൊല്ലുകയും പണപ്പിരിവിനെ സംബന്ധിച്ച് പ്രസംഗിക്കയും 25 രൂപാക്ക് മേൽ തരാമെന്ന് അവർ സമ്മതിക്കയും ചെയ്തു. അന്നു തന്നെ കുഴിമറ്റത്തിൽ പള്ളിയിൽ പോയി ടി. സംഗതി പറയുകയും 30 രൂപാക്കു മേൽ തരാമെന്നവർ സമ്മതിക്കയും ചെയ്തു. അന്നു തന്നെ അവിടെ നിന്നും പള്ളത്തു പള്ളിയിലും പോയി താമസിക്കയും ചെയ്തു. പിറ്റെ ദിവസം ജനങ്ങളെ വരുത്തി ആലോചിച്ചതിൽ 50 രൂപാ അവർ തരികയും ചെയ്തു.

31-ന് തിങ്കളാഴ്ച ടി. പള്ളിയിൽ ഒരു കല്യാണമുണ്ടായിരുന്നതിൽ കഥാ നായകനും സംബന്ധിച്ചു. ആദ്യമായിട്ടാണ് തിങ്കളാഴ്ച കല്യാണത്തിൽ കൂടിയതു. വൃശ്ചികം 1-ന് കഥാനായകൻ പള്ളത്തു നിന്നും വാകത്താന ത്തേക്ക് തിരിച്ചുപോരികയും ചെയ്തു.

2-ന് കഥാനായകൻ ടി. സംഗതിക്കായിട്ട് കൊല്ലാട്ട് പള്ളിയിലേക്ക് പോകയും അവർ 20 രൂപായിൽ കുറയാതെ പിരിച്ചയക്കാമെന്ന് സമ്മതി ക്കയും പിറ്റെദിവസം തിരിച്ചു വാകത്താനത്തേക്ക് പോരികയും ചെയ്തു. 5-ന് വള്ളിക്കാട്ട് പള്ളിയിലും 6-ന് വാകത്താനത്തു പള്ളിയിലും കുർബാന ചൊല്ലി പിരിവിനെക്കുറിച്ചും മറ്റും പ്രസംഗിക്കയും ചെയ്തു.

7-ന് കഥാനായകൻ ടി. സംഗതിക്കായിട്ടു വാഴൂർ പള്ളിയിലേക്ക് യാത്ര പുറപ്പെട്ടു വണ്ടിയിൽ 2 മണിക്ക് അവിടെ എത്തി. ഈ പള്ളി പത്രോസു ശ്ലീഹായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടുത്തെ വികാരി ചെറിയമഠത്തിൽ യാക്കോബ് കത്തനാരാണ്. പണം തല്ക്കാലം പള്ളിയിൽ ഇരിപ്പില്ലായ്കയാൽ 30-നകം 50 രൂപ കൊടുത്തയക്കാമെന്ന് വികാരി സമ്മതിക്കയും ചെയ്തു.

9-ന് കഥാനായകൻ വാഴൂർ പള്ളിയിൽ കുർബാന ചൊല്ലി. പിറ്റെ ദിവസം അവിടെ നിന്നും കഥാനായകൻ പാമ്പാടി പള്ളിയിലേക്ക് പോകയും ടി. സംഗതിയെപ്പറ്റി അവരോട് ആലോചിച്ചതിൽ ഞായറാഴ്ച എല്ലാവരുമായി ആലോചിച്ച് തക്കതായ ഒരു സംഖ്യ അയച്ചുതരാമെന്ന് പറകയും ചെയ്തു. അപ്പോൾ അവിടുത്തെ റമ്പാച്ചൻ അവിടെ ഉണ്ടായിരുന്നു. അദ്ദേഹം കഥാനായകനു സുറിയാനി നാലു സുവിശേഷങ്ങൾ അടങ്ങിയ ഒരു പുസ്തകം ഓർമ്മക്കായിട്ടു കൊടുക്കയും ചെയ്തു.

12-ന് കഥാനായകൻ കോട്ടയം സിമ്മന്നാരി സ്ഥാപകന്റെ ഓർമ്മക്കായി കുർബാന ചൊല്ലി. അന്നു തന്നെ അവിടെ നിന്നും തോട്ടക്കാട്ടു പള്ളിയി ലേക്ക് യാത്ര പുറപ്പെട്ട് ഉച്ചക്ക് അവിടെ എത്തി താമസിക്കയും ചെയ്തു. 13-ന് കഥാനായകൻ ആ പള്ളിയിൽ കുർബാന ചൊല്ലുകയും ആചാര്യ നായ സ്കറിയായെക്കുറിച്ചും പിരിവിനെക്കുറിച്ചും പ്രസംഗിക്കയും ചെയ്തു. കുർബാന കഴിഞ്ഞ് അവർ ആലോചിച്ച് പള്ളിയിൽ നിന്നും 70 രൂപാ തരികയും ഓലിക്കര ഉലഹന്നാൻ എന്നയാൾ 5 രൂപാ സ്വന്തമായി തരികയും

ചെയ്തു. അന്ന് ഉച്ചകഴിഞ്ഞ് കഥാനായകൻ ഓലിക്കര രണ്ടു വീടുകളിലും പോയി പ്രാർത്ഥന കഴിച്ചുകൊണ്ട് പള്ളിയിൽ എത്തി താമസിച്ചു. 14-ന് കഥാനായകൻ ആ പള്ളിയിലെ വികാരി യോഹന്നാൻ കത്തനാ രുടെ വീട്ടിൽ പോയി പ്രാർത്ഥന കഴിച്ചു കൊണ്ട് അഞ്ചേരി പള്ളിയിലേക്ക് പോകയും പിരിവിനെക്കുറിച്ച് അവരുമായി ആലോചിച്ചതിൽ 20 രൂപയിൽ കുറയാതെ സംഖ്യ കൊടുത്തയക്കാമെന്ന് സമ്മതിക്കയും ചെയ്തതിനാൽ അന്നു തന്നെ നിലയ്ക്കൽ പള്ളിയിൽ എത്തി താമസിക്കയും ചെയ്തു.

15-ന് നിലക്കൽ പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലുകയും പിരിവിനെക്കുറിച്ച് അവരോട് പറയുകയും ചെയ്തു. പിറ്റെ ദിവസം അവിടെ നിന്നും വാകത്താനത്തേക്ക് പോരികയും ചെയ്തു. അന്നു കക്കാട്ടാശാൻ മരിക്കയും 17-ന് കഥാനായകൻ കുർബാന ചൊല്ലി ശവസംസ്കാരം കഴി ക്കയും ചെയ്തു. 18-ന് കൊറ്റുകുളത്തു പുന്നന്റെ ഭാര്യ മരിച്ചടക്കപ്പെട്ടു. 19-ന് കഥാനായകൻ പൊട്ടക്കാവേലീൽ അച്ചന്റെ ഓർമ്മക്കായി കുർബാന ചൊല്ലി. 20-ന് വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലു കയും പ്രസംഗം പറകയും ചെയ്തു. അന്നു കുഴിമറ്റത്തു പള്ളിയിൽ പട്ട ശ്ശേരിൽ അലക്സന്ത്രയോസ് കത്തനാർ പുത്തൻ കുർബാന ചൊല്ലി.

29-ന് ചൊവ്വാഴ്ച ഡൽഹിയിൽ വെച്ചു ഇംഗ്ലണ്ടിലെ ജോർജ്ജ് മഹാ രാജാവിന്റെയും മഹാരാജ്ഞിയുടെയും കിരീടധാരണ മഹോത്സവം കേമ മായി നടന്നു. ആ ഓർമ്മക്കായി സ്കൂൾ കുട്ടികൾക്ക് ചില സമ്മാനം കൊടുക്കയും മറ്റുമുണ്ടായിരുന്നതിനാൽ കഥാനായകൻ പഴഞ്ചിറ പള്ളി ക്കുടത്തിൽ പോയി കുട്ടികളുടെ സമ്മാനംകൊടയും മറ്റും നടത്തി തിരിച്ചു പോന്നു. ധനു മാസം 3-ന് വാകത്താനത്തു പള്ളിയിൽ കപ്യാർ ചാക്കോ മൂപ്പീന്ന് മരിച്ചടക്കപ്പെട്ടു. അന്നു വള്ളിക്കാട്ടു പള്ളിയിൽ കഥാനായകൻ കുർബ്ബാന ചൊല്ലി. 4-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർ ബ്ബാന ചൊല്ലി പ്രസംഗം പറഞ്ഞു. 16-ന് കാട്ടിൽ പുത്തൻപുരക്കൽ അമ്മൂമ്മ മരിച്ചു. കഥാനായകനും കൂടി ശവസംസ്കാരം ചെയ്തു.

19-ന് പുതുപ്പള്ളിൽ കാക്കൊളി കുര്യൻ കത്തനാർ മരിക്കയും കബറട ക്കത്തിനായി കഥാനായകൻ കൂടി ചെല്ലണമെന്ന് പടിഞ്ഞാറെക്കുറ്റ് കൊച്ചുകത്തനാരുടെ കുറി വരികയാൽ പിറ്റെദിവസം താൻ അവിടെ പോയി. കോട്ടയത്തു നിന്നും മട്ടയ്ക്കൽ മല്പാനച്ചനും ഏതാനും ശെമ്മാശൻമാരും മണർകാട്ട്, വാകത്താനം, നാലുന്നാക്കൽ, കോട്ടയം ഈ പള്ളികളിലെ പട്ട ക്കാരും എത്തിയിരുന്നു. ഉച്ചയോട്കൂടി ശവം പള്ളിയിൽ കൊണ്ടുവന്നു. ഉടനെ പടിഞ്ഞാറെക്കുറ്റ് കൊച്ചുകത്തനാർ കുർബ്ബാന ചൊല്ലി. അനന്തരം മല്പാനച്ചൻ മരണത്തെക്കുറിച്ച് ദീർഘമായി പ്രസംഗം പറഞ്ഞു. പിന്നെ ശുശ്രൂഷകൾ കഴിച്ച് കബറടക്കം 4 1/2 മണിക്ക് അവസാനിപ്പിച്ചു എല്ലാവരും പിരികയും ചെയ്തു.

24-ന് കാട്ടിൽ പുത്തൻപുരക്കൽകാർക്ക് വേണ്ടി കഥാനായകനും കൂടി വാകത്താനത്തു പള്ളിയിൽ മൂന്നിന്മേൽ കുർബാന ചൊല്ലി. അന്നു കഥാ നായകൻ നാലുന്നാക്കലേക്ക് ഒരു ഹർജി വിചാരണക്കായി പോയി. പിറ്റെ ദിവസം നാലുന്നാക്കൽ പള്ളിയിൽ നോമ്പു വീടലിന് കരിപ്പാൽ കത്തനാർ കുർബ്ബാന ചൊല്ലുകയും കഥാനായകൻ പ്രവി പെരുന്നാളിനെക്കുറിച്ചും ഹർജി കാര്യത്തെക്കുറിച്ചും പ്രസംഗിക്കയും ചെയ്തു. ഉച്ച കഴിഞ്ഞ് വാക ത്താനത്തേക്ക് തിരിച്ചു പോരികയും ചെയ്തു.

28-ന് വാകത്താനത്തു പള്ളിയിൽ പെരുന്നാളിന് കഥാനായകൻ കുർ ബ്ബാന ചൊല്ലി. എണ്ണച്ചേരിൽ കത്തനാരും കുറിച്ചീക്കാരൻ മാണി ഉപദേ ശിയും പ്രസംഗിച്ചു. 31-ന് അഞ്ചേരി പള്ളിക്കാർ കഥാനായകൻ ആ പള്ളി യിൽ ചെന്ന് ഒരു കുർബ്ബാന ചൊല്ലണമെന്ന് പറകയും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന കൊണ്ടുവരികയും ചെയ്തതിനാൽ രാത്രി യിൽ അവിടേക്ക് പോകയും പാതിരാത്രിയിൽ അവിടെ എത്തുകയും ചെയ്തു. പിറ്റെദിവസം കുർബ്ബാന ചൊല്ലുന്നതിനായി ഒരുങ്ങിയപ്പോൾ കക്ഷി വഴക്കു നിമിത്തം ചിലർ തടസ്സം പറഞ്ഞുവെങ്കിലും കുർബ്ബാന ചൊല്ലി.

ഉച്ച കഴിഞ്ഞ് അവിടെ നിന്നും തോട്ടക്കാട്ട് പള്ളിയിലേക്ക് പോയി താമ സിക്കയും ചെയ്തു. ആ പള്ളിയിലെ പട്ടക്കാരന്റെ സുഖക്കേട് നിമിത്തം മകരം 1-ാം തീയതി കഴിച്ചുവരുന്ന പെരുന്നാൾ കഴിക്കുന്നതിന് ഇടയായില്ല. അതിനാൽ 2-ന് ആ പെരുന്നാൾ കഴിച്ച് കൊടുക്കയും പട്ടക്കാരന്റെ വീട്ടിൽ പോയി പ്രാർത്ഥന കഴിക്കയും ചെയ്തു. ഉച്ചകഴിഞ്ഞ് മീനടത്തു പാറയ്ക്കൽ ഒരാൾക്കുള്ള ഉപ്രുശ്മ കഴിച്ചു കൊടുക്കണമെന്ന് അവർ വന്ന് കഥാനായക നോട് അപേക്ഷിക്കയാൽ അവിടെ എത്തി പടിഞ്ഞാറെക്കുറ്റ് കൊച്ചുകത്ത നാരും ഒരുമിച്ച് ഉപ്രുശ്മ കഴിക്കയും പിന്നീട് അവിടെ നിന്ന് വണ്ടി വഴി യായി പുതുപ്പള്ളീൽ എത്തി വള്ളം പിടിച്ച് വാകത്താനത്തു എത്തുകയും ചെയ്തു.

6-ന് വെള്ളിയാഴ്ച കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർ ബ്ബാന ചൊല്ലി ദനഹാ ക്രമം കഴിക്കയും പിറ്റെ ദിവസം വള്ളിക്കാട്ട് പള്ളി യിൽ പോയി കുർബ്ബാന ചൊല്ലുകയും ചെയ്തു. 8-ന് കഥാനായകൻ വാക ത്താനത്തു പള്ളിയിൽ കുർബ്ബാന ചൊല്ലുകയും സഭയിൽ ഉണ്ടായിരിക്കുന്ന കുഴപ്പങ്ങളുടെ പരിഹാരത്തിനു വേണ്ടി 11-ന് മുതൽ 3 ദിവസത്തേക്ക് ഉപ വാസവും പ്രാർത്ഥനയും കഴിക്കണമെന്നുള്ള മാർ ദിവന്നാസ്യോസ് മെത്രാ പ്പോലീത്തായുടെ കല്പന വായിച്ചു പരസ്യപ്പെടുത്തുകയും അബ്ദെദ് മിശിഹാ പാത്രിയർക്കീസു ബാവായുടെ[97] ഒരു ദീർഘമായ കല്പന വായി ക്കയും ചെയ്തു.

11-ന് കഥാനായകൻ പുല്ലുകാട്ടു വർഗീസിന്റെ ഭാര്യ അന്ന എന്നവർക്കു

ഉപ്രുശ്മ കഴിക്കയും 13-ന് അവർ മരിച്ചു വാകത്താനത്തു പള്ളിയിൽ അടക്കപ്പെടുകയും ചെയ്തു. 14-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബ്ബാന ചൊല്ലി പെരുന്നാൾ കഴിച്ചു. 15-ന് ഞായറാഴ്ച ആയിരുന്നതിനാൽ തലേ ദിവസത്തേക്കുള്ള പെരുന്നാൾ മാറ്റിവച്ചതായിരുന്നു. പെരുന്നാളിൽ ചക്കുപുരക്കൽ ശെമ്മാശനും മാണി ഉപദേശിയും പ്രസംഗിച്ചു.

15-ന് വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബ്ബാന ചൊല്ലി. 16-ന് മൂന്നു നോമ്പാരംഭിച്ചു. 19-ന് കഥാനായകൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ കാണ്മാൻ കോട്ടയത്തു സിമ്മന്നാരിയിലേക്ക് പോയി. അദ്ദേഹം പോഞ്ഞിക്കരെ റസിഡന്റിനെ കാണ്മാൻ പോയിരുന്നതിനാൽ തമ്മിൽ കാൺമാൻ ഇടയായില്ല. കൂറിലോസു മെത്രാച്ചൻ അവിടെയുണ്ടായിരുന്നു. രസക്കുറവു നിമിത്തം കാണ്മാൻ പോയില്ല. അന്നു തന്നെ തിരിച്ചു പോരികയും ചെയ്തു.

22-ന് ഞായറാഴ്ച കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. ഇരുപതിൽ ഈപ്പന്റെ മകളുടെ കല്യാണം ഉണ്ടായിരുന്നതിലും കഥാനായകൻ സംബന്ധിച്ചു. 25-ന് തുഞ്ചത്തു പുന്നൂസിനെ കഥാനായകൻ ഉപ്രുശ്മ കഴിച്ചു. 29-ന് ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബ്ബാന ചൊല്ലി പഴഞ്ചിറെ മാണിയുടെ കല്യാണം നടത്തിക്കൊടുത്തു.

## നിരണം പള്ളി കൂദാശ

30-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ നിന്നും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ചും നിരണത്തു പള്ളിക്കാരുടെ അപേക്ഷ അനുസരിച്ചും ടി. പള്ളി കൂദാശയിൽ സംബന്ധിപ്പാൻ അവിടേക്ക് പുറപ്പെട്ട് കുറിച്ചി പള്ളിക്കടവിലെത്തിയപ്പോൾ ടി. മെത്രാപ്പോലീത്തായുടെ വള്ളവും അവിടെ എത്തിയിരുന്നതിനാൽ ഒരുമിച്ച് പുറപ്പെട്ട് 31-ന് ഉച്ചയ്ക്കു മുമ്പ് പരുമല എത്തുകയും ചെയ്തു.

കുംഭം 1-ന് പരുമല നിന്നും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ, അൽവാറീസ് മെത്രാപ്പോലീത്താ, പുന്നൂസ് റമ്പാൻ, പാമ്പാടി കുറിയാക്കോസ് റമ്പാൻ എന്നിവരോടൊരുമിച്ച് കഥാനായകൻ നിരണത്തേക്ക് അവരുടെ എതിരേല്പോടു കൂടെ പോയി. യാത്ര ഒരു വലിയ ഘോഷയാത്രയായിരുന്നു. തിരുമേനികൾ കുതിരകൾ കെട്ടിയ ഒരു വണ്ടിയിൽ ആയിരുന്നു യാത്ര ചെയ്തത്. അനേകം മുത്തുക്കുടകളും കൊടികളും വഴി നീളെ പിടിച്ചിരുന്നു. സന്ധ്യയ്ക്കു മുമ്പ് പള്ളിയിൽ എത്തി ലുത്തിനിയായും[98] പ്രാർത്ഥനയും കഴിച്ചു. രാത്രി ഏറിയൊരു ഏറുപടക്ക പ്രയോഗവും ഉണ്ടായിരുന്നു.

2-ന് വ്യാഴാഴ്ച കാലത്തു പള്ളിയകത്തു ഇറങ്ങി നമസ്കാരവും അതി

നെത്തുടർന്ന് ക്യംന്തായും കഴിഞ്ഞ് മെത്രാപ്പോലീത്താ പ്രധാന പീഠത്തിലും ഉപ പീഠങ്ങളിൽ കഥാനായകനും പാമ്പാടിയിൽ കുറിയാക്കോസ് റമ്പാനും കൂടി മൂന്നുമ്മേൽ കുർബ്ബാന ചൊല്ലി. ഇതു മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിച്ചിട്ടുള്ള പള്ളികളിൽ ഒന്നും പുരാതനമേറീതും ആകുന്നു. ആ പഴയ പള്ളി പൊളിച്ച് പുതു മാതൃകയിൽ 1073 മുതൽ പണിത് നിവൃത്തിച്ചിട്ടുള്ള താകുന്നു. ഇപ്പോഴത്തെ പള്ളി ഹൈക്കലാക്ക് 35 കോൽ നീളവും 20 കോൽ വീതിയും തെക്കും വടക്കും വശങ്ങളിൽ റാന്തലുകളുമായി പണി ചെയ്യിച്ചി രിക്കുന്നു. എടഭിത്തി അയ്യഞ്ചു വലിയ ആർക്കുകളായി കരിങ്കല്ലിനാൽ വള ച്ചിരിക്കുന്നു. പള്ളി കാഴ്ചക്ക് വളരെ മനോഹരം തന്നെ. അന്നെ ദിവസം 19 തബലൈത്തായും കൂദാശ ചെയ്തു.

4-ന് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ കല്ലടക്കാരൻ ഒരു കോറൂയോയ്ക്കും പത്തിച്ചിറ പള്ളി ഇടവകയിലെ 2 കോറൂയെൻമാർക്കും ശെമ്മാശു പട്ടം കൊടുത്തു. 5-ന് ടി. പള്ളിയിൽ വെച്ച് മെത്രാപ്പോലീത്താ കാലത്തെ നമസ്കാരം കഴിഞ്ഞ് സൈത്തുകൂദാശ കഴിക്കയും അതിന്റെ ശേഷം കുർബ്ബാന ചൊല്ലി നിരണത്തു പള്ളിയിലെ ഒരു ശെമ്മാശനും തലെ ദിവസം പട്ടം കൊടുത്ത 3 ശെമ്മാശന്മാർക്കും കത്തനാരു പട്ടവും ഇരവിപേരൂർക്കാർ 2 പൈതങ്ങൾക്ക് കോറൂയാ പട്ടവും കൊടുക്കുകയും ചെയ്തു.

6-ന് തിങ്കളാഴ്ച ശുബ്ബുക്കോനോ ക്രമം ഉച്ച നമസ്ക്കാരത്തോടു കൂടെ കഴിക്കയും ഉച്ചകഴിഞ്ഞ് ടി. മെത്രാപ്പോലീത്തായും കഥാനായകനും നിര ണത്തു നിന്നും പരുമലക്ക് പോരികയും അൽവാറീസു മെത്രാപ്പോലീത്താ പിറ്റെദിവസം അവിടെ നിന്നും മറ്റ് പള്ളികളിലേക്ക് പോകയും ചെയ്തു. 9-ന് പരുമലെ നിന്നും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കോട്ട യത്തു സിമ്മന്നാരിയിലേക്ക് നീങ്ങുകയും പുന്നൂസു റമ്പാച്ചൻ പണപ്പിരിവി ന്നായി പള്ളികളിൽ പോയിരുന്നതിനാൽ കഥാനായകൻ പരുമല താമസി ക്കയും ചെയ്തു.

12-ന് പരുമല പള്ളിയിൽ ചെന്നിത്തലെ പെരുമ്പ്രാൽ കത്തനാർ കുർ ബ്ബാന ചൊല്ലി. 17-ന് കോട്ടയത്തു സിമ്മന്നാരിയിൽ കോനാട്ടു മല്പാനും സി. ജെ. കുര്യൻ മുതൽ പെരും ചേർന്നു ചില ലഹളകൾ നടത്തി. 18-ന് പരുമലപ്പള്ളിയിൽ കഥാനായകനും നിരണത്തുകാരൻ മൂപ്പച്ചനും തോമസു കത്തനാരും കൂടി മൂന്നുമ്മേൽ കുർബ്ബാന ചൊല്ലി. 19-ന് കഥാനായകൻ ടി. പള്ളിയിൽ കുർബ്ബാന ചൊല്ലുകയും തോമസു കത്തനാർ പ്രസംഗിക്കയും ചെയ്തു. 25-ന് ടി. പള്ളിയിൽ കഥാനായകനും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. 26-ന് കഥാനായകൻ കുർബ്ബാന ചൊല്ലി ക്നാനയിത്തായെക്കുറിച്ചു പ്രസംഗിച്ചു.

മീനം 1-ന് ബുധനാഴ്ച പാതിനോമ്പിന് കഥാനായകനും കൂടി മൂന്നുമ്മേൽ

കുർബാന ചൊല്ലുകയും സ്ലീബായെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. 5 ന് കഥാനായകൻ അവിടെ കുർബാന ചൊല്ലി. 16-ന് നാല്പതാം വെള്ളിയാഴ്ച പരുമല പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി.

18-ന് കോട്ടയം സിമ്മന്നാരിയിൽ മെത്രാച്ചന്റെ ദേഹകാവലിനായി താമസിച്ചിരുന്നവരിൽ ഒരാളായ തിരുവല്ലാക്കാരൻ ആനപ്പാപ്പി എന്നു വിളിച്ചു വരുന്ന പാപ്പിയെ[99] മണപ്പുറത്തു വച്ചു സി. ജെ. കുര്യൻ മുതൽ പേരുടെ ആളുകൾ തല്ലി അർദ്ധപ്രാണനായി ഇട്ടും വച്ച് പോയി. പിറ്റേദിവസം ആസ്പത്രിയിൽ വെച്ച് അവൻ മരിക്കയും ചെയ്തു.

19-ന് ഓശാനക്ക് കഥാനായകൻ പരുമലപ്പള്ളിയിൽ കുർബാന ചൊല്ലുകയും ക്രമം കഴിക്കയും ചെയ്തു. 20-ന് തെക്കൻ പള്ളികളിലെ പിരിവു കഴിഞ്ഞ് പുന്നൂസു റമ്പാച്ചൻ പരുമലെ വന്നു ചേർന്നു. 22-ന് പെസഹാക്ക് കഥാനായകനും റമ്പാച്ചനും തോമാ കത്തനാരും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. 23-ന് പുന്നൂസു റമ്പാച്ചൻ ദുഃഖവെള്ളിയാഴ്ചയുടെ ക്രമം കഴിക്കയും പ്രസംഗിക്കയും ചെയ്തു. 24-ന് തോമസു കത്തനാർ കുർബാന ചൊല്ലി. 25-ന് നോമ്പു വീടലിന് കഥാനായകനും പുന്നൂസ് റമ്പാനും തോമാ കത്തനാരും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലുകയും കഥാനായകൻ പ്രസംഗം പറകയും ചെയ്തു.

26-ന് കഥാനായകൻ പരുമല നിന്നും വാകത്താനത്തേക്ക് പോരികയും പിറ്റേദിവസം അവിടെ എത്തുകയും ചെയ്തു. 29-ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ കുർബാന ചൊല്ലി. തന്റെ ഇളയ സഹോദരി സാറായുടെ കുട്ടിയെ മാമോദീസാ മുക്കി മത്തായി എന്ന് പേരിട്ടു. വേറെയും മാമോദീസാ ഉണ്ടായിരുന്നു. 31-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി. മേടം 1-ന് ഞായറാഴ്ച കഥാനായകൻ വാകത്താനത്ത് പള്ളിയിൽ കുർബാന ചൊല്ലി. അന്നേ ദിവസം വെട്ടിയിൽ സ്കറിയായുടെ മകൻ ഉലഹന്നാൻ കല്യാണം കഴിച്ചു. അന്ന് മുട്ടത്ര ഉതുപ്പിന്റെ ഭാര്യയ്ക്ക് കഥാനായകൻ ഉപ്രുശ്മാ കഴിച്ചു.

2-ന് കാട്ടിൽ കത്തനാരുടെ ഇളയ പെൺകുട്ടി കോട്ടയത്തു വച്ച് മരിക്കയും വാകത്താനത്തു പള്ളിയിൽ അടക്കപ്പെടുകയും ചെയ്തു. അന്ന് കൊക്കൊട്ടുപടിക്കൽ മാണിക്ക് കഥാനായകൻ ഉപ്രുശ്മ കഴിക്കയും പിറ്റേദിവസം അയാൾ മരിച്ചടക്കപ്പെടുകയും ചെയ്തു. 8-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാനയും പ്രസംഗവും മാമോദീസായും കഴിച്ചു. 11-ന് കഥാനായകൻ നാലുന്നാക്കൽ പള്ളിയിൽ പോയി കരിപ്പാൽ ചാക്കോയുടെ ഭാര്യ (ഇളയമ്മ) ഏലിയുടെ ശവസംസ്ക്കാരം മറ്റ് പട്ടക്കാരോടു കൂടെ നടത്തി.

19-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കരിപ്പാക്കാരുടെ പേർക്ക് കുർബാന ചൊല്ലി. 22-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി. 30-ന് തിങ്കളാഴ്ച വാകത്താനത്തു പള്ളിയിലെ ഭണ്ഡാരം എടുപ്പിച്ചു. നാണയ വിവരം പവൻ 1, ബ്രിട്ടീഷ് രൂപാ 19, അര രൂപാ 1, കാ രൂപാ 3, വല്ല്യ രൂപാ 16, തിരുവിതാംകൂർ അര രൂപാ 2, ഒരു രൂപ 26, പണം 118, അരപ്പണം 4, ചെമ്പ് തുട്ടുക്ക് രൂപാ 105, ചക്രം 19, മിന്ന് 2, ആകെ രൂപാ 162 ഉണ്ടായിരുന്നു.

അന്ന് കൂടെ നിന്നിരുന്ന ചൂട്ടുവയലിൽ സ്കറിയായ്ക്ക് പോകണമെന്ന് പറകയാൽ കൂടെ നില്ക്കേണ്ടതിന് മൈലക്കാട്ട് മാത്തൻ മകൻ മാത്തനെ വരുത്തുകയും ഇടവം 1-ന് ടി. സ്കറിയായ്ക്ക് മുൻ കൊടുത്തിരുന്നതു കൂടാതെ 5 രൂപാ കൂടെ കൊടുത്തു കഥാനായകൻ അവനെ പിരിച്ചുവിട്ടു. 5-ന് കഥാനായകൻ വള്ളിക്കാട്ടുപള്ളിയിൽ കുർബാന ചൊല്ലി. 6-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. നിത്യജീവങ്കലേക്ക് നിലനില്ക്കുന്ന ആഹാരത്തിന് വേല ചെയ്വീൻ എന്ന വാക്യത്തെക്കുറിച്ച് പ്രസംഗിച്ചു.

7-ന് അബ്ദെദു മ്ശീഹാ പാത്രിയർക്കീസു ബാവാ ബാഗ്ദാദിൽ നിന്നു മലയാളത്തേക്ക് യാത്ര തിരിച്ചിരിക്കുന്നതായി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കമ്പി വന്ന വിവരം മെത്രാപ്പോലീത്താ കഥാനായകനെ അറിയിച്ചു. 12-ന് വാകത്താനത്തു പള്ളിയുടെ കുശിനി മുറിയുടെ കിഴക്കേ വശത്തു കഞ്ഞി വെയ്ക്കുന്നതിനായി ഒരു ചായിപ്പു കഴുക്കോൽ ഇറക്കി ഓട് ഇടുവിച്ചു. പിന്നെ അതു പൊളിച്ചുകളഞ്ഞു. കണക്കു പുസ്തകം മുതലായതു വയ്ക്കുന്നതിനായി പള്ളി വകക്കായി ഒരു ചെറിയ അൾമാരിയും പണിയിച്ചു.

13-ന് പെന്തിക്കുസ്തിക്ക് എണ്ണച്ചേരിൽ കത്തനാർ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി ക്രമം കഴിച്ചു. അന്നു 4 കല്യാണം ഉണ്ടായിരുന്നു. 15-ന് പാടപ്പുറത്തു പോത്തയെ വരുത്തി കൂടെ നിർത്തുവാൻ തുടങ്ങി. 16-ന് കഥാനായകൻ വാകത്താനത്തു നിന്നും സിമ്മന്നാരിയിലേക്ക് പോയി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവിടെ ഉണ്ടായിരുന്നു. 18-ന് പാത്രിയർക്കീസു ബാവാ കപ്പൽ വഴി ഇംഗ്ലണ്ടിലെത്തിയിരിക്കുന്നതായി മെത്രാച്ചനു കമ്പി വന്നു. അന്ന് പൊന്നിന്റെ വെള്ളിയാഴ്ച ആയതിനാൽ കുർബാന ചൊല്ലി ചന്ദനപ്പള്ളിക്കാർ 2 പൈതങ്ങൾക്ക് പട്ടം കൊടുത്തു.

## പ. അബ്ദൽ മ്ശീഹാ പാത്രിയർക്കീസ്

19-ന് ബാവായെ എതിരേൽക്കുന്നതിനായി എം. എ. ഗീവറുഗീസു കത്തനാരും എൻ. ഐ. പോത്തനും ബോംബെയിലേക്ക് പോയി. ബാവാ തിങ്കളാഴ്ച ബോംബെയിൽ എത്തുമെന്ന് കമ്പിയും വന്നു. 24-ന് ബാവാ

ബോംബെയിൽ എത്തി എന്ന് കമ്പി വന്നു. അന്ന് ബാവാ കുന്നംകുളങ്ങരെ എത്തുമ്പോൾ എതിരേൽക്കുന്നതിനായിട്ട് കഥാനായകനും മാക്കാംകുന്നു കാരൻ മാത്തുവും വാലിയക്കാരൻ പോത്തയും കൂടി വടക്കോട്ട് സിമ്മന്നാരിയിൽ നിന്ന് പുറപ്പെട്ടു. പിറ്റേദിവസം മുളന്തുരുത്തിയിൽ എത്തി. ബാവാ വരുമ്പോൾ ആ പള്ളിയിൽ കൊണ്ടുപോവാൻ ഏനമുണ്ടോ എന്നറിവാനായി ചാലി കൊച്ചുകോരയുടെ അടുക്കൽ പോയി ചോദിച്ചതിൽ പൊതുവിൽ ആലോചിച്ച് മറുപടി അയക്കാമെന്ന് പറഞ്ഞു.

സന്ധ്യയോടുകൂടെ അവിടെനിന്നും പുറപ്പെട്ട് പിറ്റേദിവസം എറണാകുളത്ത് എത്തി കൊച്ചീ പോലീസു സൂപ്രണ്ട് എം. എ. ചാക്കോയെ അന്വേഷിച്ചതിൽ അവിടെ ഇല്ലെന്നറികയാൽ തീവണ്ടിയിൽ തൃശൂർക്ക് പുറപ്പെട്ട് രാത്രി 8 1/2 മണിക്ക് തൃശൂർ ടിയാന്റെ ബംഗ്ലാവിൽ എത്തി താമസിക്കയും പിറ്റേദിവസം ഞായറാഴ്ച ത്രിശൂർ പള്ളിയിൽ പോയി കുർബാന കാണുകയും ചെയ്തു. കുന്നംകുളങ്ങരെ നിന്നും ഒരു പട്ടക്കാരനും ഒരു ശെമ്മാശനും വന്നത്രെ കർമ്മം നടത്തിയതു. 28-ന് ത്രിശൂർ നിന്നും സൂപ്രണ്ടൊരുമിച്ച് കുന്നംകുളങ്ങരെക്കു വണ്ടി വഴിയായി പുറപ്പെട്ട് സന്ധ്യയ്ക്കു അവിടെ എത്തുകയും ബാവായെ കുന്നംകുളം പള്ളിയിൽ കൊണ്ടുവരണമെന്ന് സൂപ്രണ്ട് പാത്തപ്പനോട് പറകയും ആ വക ചിലവുകൾ ചെയ്യാമെന്ന് സമ്മതിക്കയും ചെയ്തു. അന്നു കഥാനായകനും മറ്റും കുന്നംകുളം പള്ളിയിൽ താമസിക്കയും ചെയ്തു.

31-ന് ബാവാ പട്ടാമ്പിയിൽ എത്തുകയും അവിടെ നിന്നും വണ്ടി പിടിച്ച് കുന്നംകുളം പട്ടണത്തോടടുത്തപ്പോൾ മേനാവു കൊണ്ടുവന്ന് അതിൽ കയറ്റി കുന്നംകുളം പള്ളിയിലേയ്ക്ക് കൊണ്ടുപോരികയും ചെയ്തു. ബാവാ ആദ്യം പുത്തൻപള്ളിയിൽ കയറി ലുത്തിനിയായും ഒരു ചെറിയ പ്രസംഗവും കഴിച്ച് അനുഗ്രഹിക്കയും പിന്നെ അവിടെ നിന്നും പുറപ്പെട്ട് രാത്രി 7 മണിക്ക് കുന്നംകുളം പള്ളിയിൽ എത്തി താമസിക്കയും ചെയ്തു. ബാവായും 3 റമ്പാൻമാരും ഉണ്ടായിരുന്നു. ത്രിശൂർ വഴി എതിരേല്പു കേമമാക്കാൻ നിശ്ചയിച്ചിരുന്ന പ്രകാരം നടത്താൻ ഏനമാകാത്തെതിനാൽ പലർക്കും ഇഛാഭംഗത്തിനിടയായി.

മിഥുനം 1-ന് കഥാനായകൻ കുന്നംകുളങ്ങര നിന്നും തിരിച്ചു പോരുമ്പോൾ ബാവാ സ്ലീബാ എടുത്ത് അനുഗ്രഹിക്കയും മറ്റും ചെയ്തു. അന്ന് ത്രിശൂർ എത്തി താമസിക്കയും പിറ്റെ ദിവസം പുറപ്പെട്ട് 3-ന് ഞായറാഴ്ച കോട്ടയത്തു സിമ്മന്നാരിയിൽ എത്തുകയും വിവരങ്ങൾ മെത്രാച്ചനോടറിയിക്കയും ചെയ്തു. 6-ന് കഥാനായകൻ സിമ്മന്നാരിയിൽ നിന്നും വാകത്താനത്തേക്ക് പോരികയും 9-ന് വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലുകയും ചെയ്തു. 10-ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലുകയും കഥാനായകൻ പ്രസംഗം പറകയും

പള്ളിക്കടവിലേക്കുള്ള വഴി വീതിയിൽ വെട്ടേണ്ടതിനെപ്പറ്റി പ്രസ്താവിക്കയും ചെയ്തു.

14-ന് വ്യാഴാഴ്ച വഴിപ്പണിക്കായി 80-ൽ അധികം ആളുകൾ വന്നു കൂടി വഴി വെട്ടുകയും മുഴുവനാക്കാതെ അവർ പോകയും ചെയ്തു. അന്നേ ദിവസം വഴിവെട്ടുകാർക്ക് ഒരു നേരത്തെ സദ്യ പള്ളിയിൽ നിന്നും കൊടുത്തു. 17-ന് കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലി. പിറ്റെ ദിവസം വഴിപ്പണിക്ക് ആളുകൾ കൂടണമെന്ന് ചട്ടം കെട്ടുകയും ചെയ്തു. അതിൻ പ്രകാരം അന്നേ ദിവസം ജനങ്ങൾ കൂടി വഴി വെട്ടി തീർത്തു. അന്നു ഒരു നേരത്തെ സദ്യ പള്ളിയിൽ നിന്നു കൊടുത്തു. 29-ന് കഥാനായകൻ കൂടി ഒറ്റപ്ലാക്കൽ ചാക്കോയുടെ പേർക്ക് ടി. പള്ളിയിൽ മൂന്നുമ്മേൽ കുർബാന ചൊല്ലി.

കർക്കടകം 1-ന് കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലുകയും പ്രസംഗിക്കയും ചെയ്തു. 3-ന് തോമാശ്ലീഹായുടെ ഓർമ്മക്കായി കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലി. 7-ന് വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി. 9-ന് ഏകദേശം 4 മണി സമയം ഒരു കൊടുങ്കാറ്റ് ഉണ്ടാവുകയും വള്ളിക്കാട്ട് പള്ളിയുടെയും മുറിയുടെയും 100-ൽ അധികം ഓടുകൾ ഇളക്കി കളകയും നാടകശാല തള്ളിയിടുകയും ചെയ്തു. മറ്റ് പല സ്ഥലങ്ങളിലും ഇതുപോലെ നാശമുണ്ടായി. പിറ്റെ ദിവസം കഥാനായകൻ വള്ളിക്കാട്ടു പള്ളിയിൽ പോയി ഓട് മാറ്റി ഇടുകയും നാടകശാല പൊളിച്ച് അടുക്കിക്കയും ചെയ്തു. 15-ന് കളപ്പുരക്കൽ അച്ചന്റെ ഓർമ്മയിൽ കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി.

26-ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് കഥാനായകൻ കോട്ടയത്തേക്ക് പോയി. പിറ്റെദിവസം തിരിച്ചു പോരികയും ചെയ്തു. മെത്രാൻസ്ഥാനം ഏൽക്കണമെന്നും തടസ്സം പറയരുത് എന്നും നിർബന്ധമായി കല്പിച്ചു. 3-ന് വാകത്താനത്തു പള്ളിയുടെ കിണറ്റിന്റെ മൂല പൊളിച്ച് കരിങ്കല്ല് വെച്ച് കെട്ടി തൂണും പണിവാൻ തുടങ്ങി.

**1912 ന്നു 1088 ചിങ്ങ മാസം**

4-ന് വാകത്താനത്തു പള്ളിയുടെ വലിയ മുറിയുടെ കിഴക്കെ അറ്റത്തു നിന്നും മുൻ കിണറ്റിന്നടുക്കൽ പണിയിച്ചിരുന്ന കൊച്ചുകുശിനി മുറിയിലോട്ട് യോജിപ്പിച്ച് ഇടക്കു കിടന്നിരുന്ന 17 കോൽ നീളം സ്ഥലം കൂട്ടി ഒരു മുറിയും ഹോളുമായി പണി തുടങ്ങിച്ചു. അന്ന് വാകത്താനത്തു പള്ളിയിൽ നിന്നും കഥാനായകൻ വള്ളിക്കാട്ടു പള്ളിയിൽ പോയി കുർബാന ചൊല്ലി. 6-ന് വാകത്താനത്തു പള്ളിയിലും കഥാനായകൻ കുർബാന ചൊല്ലി. 12-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലുകയും ചെയ്തു. 14-ന് പരുമല സിമ്മന്നാരിയിൽ മാനേജിംഗ് കമ്മട്ടി കൂടി രണ്ടു

മൂന്ന് പേർക്ക് മെത്രാസ്ഥാനവും കണ്ടനാട്ട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്കു കാതോലിക്കാ സ്ഥാനവും കൊടുക്കണമെന്ന് നിശ്ചയിച്ചു.

26-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. അന്നേദിവസം പരുമല വെച്ചു അബ്ദെദ് മ്ശിഹാ പാത്രിയർക്കീസു ബാവാ മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ് ഈ മെത്രാച്ചൻമാരുടെ സഹകരണത്തോടെ കല്ലാച്ചേരിൽ പുന്നൂസു റമ്പാച്ചനെ ഗ്രീഗോറിയോസ്[100] എന്ന സ്ഥാനപ്പേരിൽ മെത്രാനായി പട്ടാഭിഷേകം ചെയ്തു. ഈ തീയതികളിൽ കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. 15-ന് കണ്ടനാട്ടുകാരൻ വാകത്താനത്ത് മുള്ളനളക്കൽ പാർത്തിരുന്ന പൂക്കൊട്ട് കത്തനാർ മരിച്ച് വാകത്താനത്തു പള്ളീൽ അടക്കപ്പെട്ടു.

20-ന് വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ പോയി പതിവുപോലെ കുർബാന ചൊല്ലുകയും പെരുന്നാൾ കഴിക്കയും ചെയ്തു. അവൽ നേർച്ചയും ഉണ്ടായിരുന്നു. 23-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. മഴയായിരുന്നതിനാൽ അധികപേരും വന്നിരുന്നില്ല. സ്ത്രീകളിൽ ഒന്നു പോലും ഇല്ലായിരുന്നു. 28-ന് വള്ളിക്കാട്ട് പള്ളിയിൽ വയ്ക്കുന്നതിനായി കഥാനായകൻ ഒരു ഭണ്ഡാരക്കുറ്റി പണിയിക്കയും അതുവരെ ചെയ്യിച്ച പണി കൊണ്ട് അവിടത്തെ നാടകശാല കല്ലുകെട്ടിച്ച് കഴുക്കോലും ഇറക്കിച്ച് ഓട് ഇടുവിക്കയും ചെയ്തു.

26-ന് കോട്ടയം പേഷ്കാർ അയ്യപ്പൻപിള്ളയും ചങ്ങനാശ്ശേരി മജിസ്ട്രേട്ട് നീലാണ്ടപ്പിള്ളയും ഏതാനും പോലീസുകാരും കൂടി വാകത്താനത്തു പള്ളിയിൽ പാത്രിയർക്കീസു ബാവാ വരുന്നതിനാൽ വിരോധ കക്ഷികളുണ്ടോ എന്നറിവാനായി വന്നിരുന്നു. .... 29-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. തുലാ മാസം 2-ന് പാത്രിയർക്കീസു ബാവാ കല്ലൂപ്പാറ പള്ളിയിൽ നിന്നും കുറിച്ചി പള്ളിയിൽ വരത്തക്കവണ്ണം നിശ്ചയിച്ചിരുന്നാറെ പേഷ്ക്കാരുടെ തടസ്സം നിമിത്തം വരുന്നതിന് ഇടയായില്ല.

6-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലുകയും മുൻപണിയിച്ച ഭണ്ഡാരക്കുറ്റി പള്ളിക്കകത്തു കുഴിച്ച് വയ്പിക്കയും ചെയ്തു. വൃശ്ചികം ഒന്നിന് വെട്ടിയിൽ ഉണിച്ചാരുടെ കുട്ടിക്ക് വേണ്ടി കഥാനായകനും കൂടി മൂന്നുമ്മേൽ കുർബാന വാകത്താനത്തു പള്ളിയിൽ ചൊല്ലി. അന്ന് പള്ളിയുടെ കിഴക്കു വശത്തു ഒരു കക്കൂസിന് പണി തുടങ്ങി. .....

7-ന് വാകത്താനത്ത് പള്ളിയിൽ കഥാനായകൻ ഓണാട്ട് പുന്നച്ചന്റെ മകൾ ചേച്ചക്ക് വേണ്ടി കുർബാന ചൊല്ലുകയും കുർബാന എഴുന്നള്ളിച്ച് കൊണ്ടുപോയി കൊടുക്കുകയും ചെയ്തു. 8-ന് പാത്താമുട്ടത്ത് ഓണാട്ടു

തൊമ്മി എന്ന ആളിന്റെ ഭാര്യയ്ക്ക് കഥാനായകൻ ഉപ്രുശ്മാ കഴിച്ചു. 10-ന് എണ്ണച്ചേരിൽ കത്തനാർ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി പടിഞ്ഞാറെ വെട്ടിയിൽ തൊമ്മച്ചന്റെ ഇളയമകൾ അന്നയുടെ കുട്ടിയെ മാമ്മോദീസാ മുക്കിയതിൽ കഥാനായകനും സംബന്ധിച്ചു. 11, 18 ഈ തീയതികളിൽ വാകത്താനത്ത് പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി.

26-ന് വാകത്താനത്തു പള്ളിയിൽ മുറിയുടെ കിഴക്കോട്ടുള്ള പണികളും കിഴക്കെ അറ്റത്തെ കുശിനി മുറിയുടെ പണിയും കിണറ്റിന്റെ തൂണുകെട്ട്, മിറ്റത്തിന്റെ പടിഞ്ഞാറു വശത്തെ കെട്ട്, കുത്തുകല്ലു കെട്ട് മുതലായ പണികൾ നടത്തിയ വകക്കും മരആശാരി, കല്ലാശാരി, കല്ലുവെട്ടുകാർ, കൊല്ലൻ, അറപ്പുകാർ, പല വേലക്കാർ എന്നിവർക്ക് ഒരു സദ്യയും സമ്മാനംകൊടയും ഉണ്ടായി. ധനു മാസം 8-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി. 16-ന് വാകത്താനത്തു പള്ളിയിലും കഥാനായകൻ കുർബാന ചൊല്ലി. അന്നേദിവസം കാതോലിക്കാ ബാവായുടെ സുഖക്കേടു വിവരം അറിഞ്ഞ് കഥാനായകൻ കോട്ടയത്തിന് സിമ്മന്നാരിയിലേക്ക് പോയി അദ്ദേഹത്തെ കാണുകയും പിറ്റേദിവസം തിരിച്ചുപോരികയും ചെയ്തു.

22-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. 25-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി കുർബാന ചൊല്ലി നോമ്പു വീടൽ കഴിക്കയും പിറവി പെരുന്നാളിനെ കുറിച്ചു പ്രസംഗിക്കയും ചെയ്തു. 26-ന് ദൈവമാതാവിന്റെ പെരുന്നാളിനും 28-ന് കല്ലിട്ട പെരുന്നാളിലും 30-ന് ഞായറാഴ്ചയും കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. 28-ന് പെരുന്നാളിന് മുതലകേരിക്കാരുടെ ഒരു നടക്കിടാവ് കാള വന്നിരുന്നതിനെ 4 രൂപ ലേലസംഖ്യ ആയിരുന്നു.

**1913**

മകര മാസം 5-ന് കഥാനായകൻ വള്ളിക്കാട്ടു പള്ളിയിൽ പോയി കുർബാന ചൊല്ലി. 6-ന് ദനഹാപ്പെരുന്നാളിൽ വാകത്താനത്ത് പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലുകയും ക്രമം കഴിക്കയും ചെയ്തു. പള്ളി വകയായി ഒരു ഇംഗ്ലീഷ് പഠിത്തം നടത്തേണ്ടതിനെപ്പറ്റി പ്രസംഗിക്കയും ചെയ്തു. അന്ന് തെക്കേക്കര തൊമ്മന്റെ മകൻ പാലമൂട്ടിൽ പൗലോയുടെ മകളെ കല്യാണം ചെയ്യുകയാൽ ആ കൂദാശയിലും കഥാനായകൻ സംബന്ധിച്ചു. വേറെ ഒരു കല്യാണവും ഉണ്ടായിരുന്നു. 13-ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ കുർബാന ചൊല്ലുകയും ..... ചൂട്ടുവയലിൽ സ്കറിയാ മുതൽപേരുടെ വിവാഹ കൂദാശ നടത്തുകയും ചെയ്തു.

15-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ പോയി പെരുന്നാളിൽ കുർബാന ചൊല്ലുകയും ദൈവമാതാവിനെപ്പറ്റി പ്രസംഗിക്കയും ചെയ്തു. അന്നേ ദിവസം പഴഞ്ചിറെ അവിരാ 174 1/2 പലത്തിൽ ഒരോട്ടു മണിയും 3

നടക്കിടാക്കളും പഴഞ്ചിറ പുത്തൻപുരയിൽ ചെറിയതു കുര്യൻ വക ഒരു മേക്കട്ടിയും കൊല്ലൻ വക ഒരു ദീപെട്ടിയും[101] നേർച്ച വന്നു. 20-ന് ഞായറാഴ്ച വാകത്താനത്ത് പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലുകയും കഥാനായകൻ പ്രസംഗം പറയുകയും ചെയ്തു.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന വന്നിരുന്നതിനാൽ കഥാനായകൻ അന്നേദിവസം സന്ധ്യയോടു കൂടെ പരുമലക്ക് പോകയും പിറ്റേദിവസം അവിടെ എത്തുകയും ചെയ്തു. അവിടെ അപ്പോൾ അബ്ദേദു മിശിഹാ പാത്രിയർക്കീസു ബാവായും ശീമ റമ്പാച്ചൻമാർ 3 പേരും കല്ലാച്ചേരിൽ മെത്രാച്ചനും കരവട്ടുവീട്ടിൽ യൂയാക്കിം റമ്പാനും മറ്റുമുണ്ടായിരുന്നു. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കോട്ടയത്തേക്ക് പോയിരുന്നതിനാൽ തമ്മിൽ കാണ്മാൻ ഇടയാകാതെ കഥാനായകൻ അവിടെത്തന്നെ താമസിച്ചു.

## ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

26-ന് പാത്രിയർക്കീസു ബാവായും മറ്റും ചെങ്ങന്നൂർ പള്ളിയിലേക്ക് നീങ്ങത്തക്കവണ്ണം ഒരുങ്ങിയിരിക്കയാൽ കഥാനായകൻ കാലത്തെ തന്നെ തനതു വള്ളം പിടിച്ച് ചെങ്ങന്നൂർക്ക് പോകയും ഉച്ചകഴിഞ്ഞ് അവിടെ എത്തുകയും ചെയ്തു. അപ്പോൾ അവിടെ കോട്ടയത്തു നിന്നും കാതോലിക്കാ ബാവായും മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായും കാലത്തെതന്നെ എത്തീട്ടുണ്ടായിരുന്നു. മെത്രാച്ചനുമായി തമ്മിൽ കണ്ടപ്പോൾ സ്ഥാനം ഏൽക്കുന്നതിനെക്കുറിച്ച് പറകയും വല്ല നിവൃത്തിയുമുണ്ടെങ്കിൽ ഇതിൽ നിന്നും കഥാനായകനെ ഒഴിച്ചുവിടണമെന്ന് അറിയിക്കയും സമ്മതിക്കാഞ്ഞതിനാൽ ദൈവേഷ്ടം പോലെ വരട്ടെ എന്നു വച്ച് സമ്മതിക്കയും ചെയ്തു. 4 മണിയോടു കൂടെ ബാവായും പരിവാരങ്ങളും വലിയ എതിരേൽപ്പോടെ അവിടെ വന്നുചേരുകയും ചെയ്തു. വന്നയുടനെ ബാവാ ചെങ്ങന്നൂർ പള്ളിയുടെ വടക്കുവശത്ത് നന്നായി അടുത്തിരിക്കുന്ന പള്ളിയിൽ കയറി പ്രാർത്ഥന കഴിക്കയും പിന്നീട് പഴയ വലിയ പള്ളിയിലും എത്തി ലുത്തിനിയായും ഒരു ചെറിയ പ്രസംഗവും കഴിച്ച് അവിടെ താമസിക്കയും രാത്രി 9 മണി കഴിഞ്ഞ് സ്ഥാനം ഏൽക്കുവാൻ നിശ്ചയിച്ചിരുന്നവരെ കൊണ്ട് ശൽമൂസായിൽ[102] ഒപ്പു വയ്പിക്കയും കൈമുത്തിക്കയും ചെയ്തു. സ്ഥാനം ഏൽക്കേണ്ടവർ രാത്രി നമസ്കാരം കൊണ്ടും മസുമൂറാ വായന കൊണ്ടും സമയം കഴിച്ചു.

27-ന് കാലത്തെ എല്ലാവരും പള്ളിയകത്തിറങ്ങി നമസ്കാരം കഴിക്കയും ബാവാ കുർബാനക്കാരംഭിക്കയും ചെയ്തു. വിശ്വാസപ്രമാണം കഴിഞ്ഞ് സ്ഥാനം ഏൾക്കുന്ന യൂയാക്കിം റമ്പാനെയും കഥാനായകനെയും ബാവായുടെ കൈ മുത്തിച്ചു കൊണ്ട് പള്ളിയുടെ വടക്കു വശത്ത് ബാവാ ഇരിക്കു

ന്നതിനായി കെട്ടിഒരുക്കിയിരുന്ന മുറിയിലേക്ക് കൊണ്ടുപോയി രണ്ട് കസേരയിൽ തലയും മുഖവും ശോശാപ്പാ ഇട്ട് മൂടി ഇരുത്തുകയും ശേഷം പേർ പള്ളിയകത്തേക്ക് പോയി കുർബാനയിൽ സംബന്ധിക്കയും ബസുമുൽക്കാ സമയത്ത് മെത്രാച്ചൻമാരും റമ്പാച്ചൻമാരും പട്ടക്കാരും ശെമ്മാശൻമാരും വടക്കേ മുറിയിലേക്ക് വന്ന് സ്ഥാനാർത്ഥികളെ മദ്ബഹായിലേക്കും മറ്റും കൊണ്ടുപോകയും കാതോലിക്കാ ബാവായും മെത്രാച്ചൻമാരും റമ്പാച്ചൻമാരും കൂടി പട്ടംകൊടയുടെ ക്രമം കഴിച്ചു തുടങ്ങുകയും ചെയ്തു. സ്ഥാനാർത്ഥികൾ രണ്ടു പേരും പള്ളിനടയിൽ വച്ച് സുറിയാനി ഭാഷയിൽ ശൽമൂസ വായിച്ച് സ്ഥാനാഭിഷേക സമയത്ത് യൂയാക്കിം റമ്പാന് ഈവാനിയോസെന്നും[103] കഥാനായകന് പീലക്സിനോസ് എന്നും നാമകരണം ചെയ്തു. അതു കഴിഞ്ഞ് എല്ലാവരും ഉക്സിയോസ മൂന്നു പ്രാവശ്യം ചൊല്ലി. അപ്പോൾ സ്ഥാനാർത്ഥികളെ കസേരയിൽ ഇരുത്തി മേൽപ്പോട്ട് ഉയർത്തിയിരുന്നു.

ഇവകളും കുർബാനയും കഴിഞ്ഞ് ബാവായും ശേഷം പേരും മുറിയിലേക്ക് പോകയും പുതിയ മെത്രാച്ചൻമാർ എല്ലാവരേയും കൈമുത്തിക്കയും ചെയ്തശേഷം പുതിയ മെത്രാച്ചൻമാരെ ചുവപ്പ് ളോഹയും മറ്റും ധരിപ്പിച്ച് ബാവായുടെ അടുക്കലേക്കു കൊണ്ടുപോയി. "അൽ ഹൗതറഓയും" മറ്റും ചൊല്ലിയ ശേഷം ബാവാ അനുഗ്രഹിക്കയും കൈമുത്തിക്കയും ചെയ്ത ശേഷം എല്ലാവരും പിരിയുകയും ചെയ്തു. അന്ന് പുതിയ മെത്രാൻമാരുടെ വകയായി ഒരു സദ്യയും കൂടിയിരുന്ന പട്ടക്കാർക്കും മറ്റും കൊടുത്തു. പിന്നീട് ബാവായുടെയും പുതിയ മെത്രാന്മാരുടെയും മറ്റും ഒരു ഫോട്ടോ എടുക്കുകയും ചെയ്തു. അന്നു രാത്രി തന്നെ കഥാനായകൻ ചെങ്ങന്നൂർ നിന്നും വാകത്താനത്തേക്ക് യാത്ര തിരിക്കയും ചെയ്തു.

വാകത്താനത്തു നിന്നും പലരും ചെങ്ങന്നൂര് എത്തിയിട്ടുണ്ടായിരുന്നു. 28-ന് തിങ്കളാഴ്ച 4 മണിക്ക് കഥാനായകൻ പിലാപ്പിള്ളിൽ കടവിൽ എത്തിയപ്പോൾ വാകത്താനത്തു നിന്നും ചിലർ കളിവള്ളങ്ങളിൽ വന്ന് എതിരേറ്റ് ആഘോഷമായി കൊണ്ടുവരികയും സന്ധ്യയ്ക്കു മുമ്പായി വാകത്താനത്ത് പള്ളിയിൽ എത്തി ലുത്തിനിയായും ആശീർവാദവും കഴിച്ച് ജനങ്ങളെ കൈമുത്തിക്കയും ആയത് കഴിഞ്ഞ് എല്ലാവരും പിരിയുകയും ചെയ്തു. പള്ളിക്കാർക്ക് മുന്നറിവൊന്നും കൊടുക്കാതിരുന്നിട്ടും അവരാൽ കഴിയുന്നിടത്തോളം പ്രയാസപ്പെട്ട് എതിരേൽപ്പ് മോടിയാക്കുവാൻ ശ്രമിക്കാതിരുന്നില്ല. അന്നേ ദിവസം വാകത്താനത്ത് പള്ളിയിൽ ഒരു ഇംഗ്ലീഷ് പഠിത്തവും ആരംഭിച്ചു.

30-ന് പാണമ്പറവിൽ ആകുന്ന കാരിയക്കുളത്തു കൊച്ചുകുഞ്ഞ് ... മരിക്കയും വാകത്താനത്തു പള്ളിയിൽ അടക്കപ്പെടുകയും ചെയ്തു. കഥാനാ

യകനും ശവസംസ്കാരത്തിൽ സംബന്ധിച്ചു. കുംഭം 1-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. കുംഭം 1-ന് കുഴിമറ്റത്തു പള്ളിക്കാർ കഥാനായകനെ ആഘോഷമായി എതിരേറ്റു ആ പള്ളിയിലേയ്ക്ക് കൊണ്ടുപോയി. കുറിച്ചീ പള്ളിക്കാർ വളരെ വിശേഷമായി പണിയിച്ചിരുന്ന വെള്ളിക്കുരിശ്, വാകത്താനത്തെ കുരിശ് മുതലായ പള്ളിസാമാനങ്ങളും അവർ കൊണ്ടുവന്നിരുന്നു. 2-ന് പെരുന്നാളിൽ ആ പള്ളിയിൽ കുർബാന ചൊല്ലുകയും പ്രസംഗം പറകയും ചെയ്തു. ഉച്ചകഴിഞ്ഞ് ടി. പള്ളിക്കാർ ഒരു ചുവപ്പുളോഹ കഥാനായകനു കാഴ്ച വക്കാമെന്ന് പറഞ്ഞ് സ്വന്തം ളോഹ തന്നെ വാങ്ങിച്ചു വയ്ക്കയും അതു സ്വീകരിച്ചുകൊണ്ട് അന്നു തന്നെ വാകത്താനത്തേയ്ക്ക് പോരികയും ചെയ്തു.

3-ന് ഞായറാഴ്ച കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലുകയും പ്രസംഗിക്കയും ചെയ്തു. മറ്റ് പല ഇടവകകളിൽ നിന്നും ജനങ്ങൾ വളരെ കൂടിയിരുന്നു. കുർബാന കഴിഞ്ഞ് കുരിശ് മുതലായ സാമാനങ്ങൾ പള്ളിക്കാർ ഉണ്ടാക്കിച്ച് കൊടുക്കേണ്ടതാണെന്നു എണ്ണച്ചേരിൽ കത്തനാർ പ്രസംഗിക്കയും അടുത്ത വ്യാഴാഴ്ച എല്ലാവരും അതിലേക്ക് ഒരുങ്ങിവരണമെന്ന് പറകയും ഉണ്ടായി.

10-ന് ഞായറാഴ്ച വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലുകയും ആചാർയ്യ സ്ഥാനത്തെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. അന്നേദിവസം പുല്ലുകാട്ട് ചെറിയാന്റെ മകൻ, മണിമ്പടത്തെ ഒരു ചെറുക്കൻ മുതലായ നാലുപേരുടെ കല്യാണം ഉണ്ടായിരുന്നു. അവരുടെ അപേക്ഷപ്രകാരം കഥാനായകൻ വിവാഹകൂദാശ നടത്തി. പട്ടക്കാരും ഉണ്ടായിരുന്നു. അന്നേദിവസം വൈകാറായപ്പോൾ വെട്ടിയിൽ വലിയ തൊമ്മച്ചന് ദീനം കൂടുതലെന്നറികയാൽ കഥാനായകൻ തെക്കേപ്പുറത്തു പോയി കാണുകയും എണ്ണച്ചേരിൽ കത്തനാരുമൊരുമിച്ച് ടിയാനു ഉപ്രുശ്മാ കഴിക്കയും ചെയ്തു. തമ്മിൽ സംസാരിക്കാൻ പാടില്ലാത്തപ്രകാരം ദീനം കൂടുതലിൽ അത്രെ ദീനക്കാരൻ ഇരുന്നിരുന്നത്. രാത്രിതന്നെ അവിടെ നിന്നും പള്ളിയിലേക്ക് പോരികയും ചെയ്തു.

13-ന് ടി. തോമാച്ചൻ മരിച്ചു. കഥാനായകനും വാകത്താനത്തെയും കുറിച്ചിയിലേയും നാലുന്നാക്കലേയും തോട്ടക്കാട്ടെയും പട്ടക്കാരുംകൂടി ശവസംസ്കാരം ചെയ്തു. ടിയാൻ വേദം സംബന്ധിച്ചും ശാസ്ത്രം സംബന്ധിച്ചും വളരെ അറിവുള്ള ആളായിരുന്നു. 15-ന് കഥാനായകനും പടിഞ്ഞാറെ വെട്ടിയിൽ തൊമ്മച്ചനും കാട്ടിൽ കൊച്ചു പുന്നൂസും എണ്ണച്ചേരിൽ കൊച്ചുകുട്ടനും കൂടി പാത്രിയർക്കീസ് ബാവായെ കാണ്മാനും കൈമുത്തു കൊടുപ്പാനും ആയിട്ട് പരുമലക്ക് പോകയും പിറ്റേദിവസം അവിടെ എത്തുകയും ചെയ്തു. ബാവായ്ക്ക് 23 പവനും റമ്പാച്ചൻമാർ മൂന്നു പേർക്കും 3 പവനും ഒരു ശറുവായ റമ്പാച്ചന് 3 രൂപായും പള്ളിയിൽ നിന്നും, കഥാനായകന്

സ്താത്തിക്കോൻ എഴുതുകയും മുടി ചുറ്റിത്തരികയും ചെയ്ത യോഹന്നാൻ റമ്പാനുള്ള 22 രൂപാ സ്വന്തമായിട്ടും കൊടുത്തു കൊണ്ട് രാത്രി തന്നെ വാകത്താനത്തേക്ക് പോരികയും ചെയ്തു.

17-ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലി. അന്ന് അഞ്ചു കല്യാണം ഉണ്ടായിരുന്നു. കഥാനായകൻ കൈ പിടിപ്പിച്ചു. 24-ന് കൊത്തനെ ഞായറാഴ്ച വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി. ചക്കുപുരക്കൽ ചെമ്മാച്ചൻ പ്രസംഗിച്ചു. അന്ന് 6 മാമോദീസാ ഉണ്ടായിരുന്നതും തിരുമേനി കഴിച്ചു. അവയിൽ ഒന്ന് കാട്ടിലെ കൊച്ചു പുന്നൂസിന്റെ മൂത്ത മകളുടെ കുട്ടിയാണ്.

മീനം 3-ന് ടി. പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലി. കഥാനായകൻ കുമ്പസാരത്തെക്കുറിച്ച് പ്രസംഗിച്ചു. 10-ന് ടി. പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലുകയും പള്ളിയിൽ പോകുന്നതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. പിറ്റെദിവസം കൂമ്പാട്ടിൽ മടത്രമ്പിൽ കൊച്ചൂഞ്ഞ് അംശവടി പണിക്ക് 40 രൂപാ തൂക്കം വെള്ളി തിരുമുമ്പാകെ ഏല്പിച്ചു. അന്ന് സ്താത്തിക്കോൻ വാങ്ങിക്കൊണ്ട് വരാനായി പരുമലക്ക് ആളയച്ചപ്പോൾ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഒരു ചുവപ്പു ളോഹ കഥാനായകന് കൊടുത്തയച്ചു. മുൻപ് കഥാനായകൻ സ്ഥാനം ഏറ്റപ്പോളും അദ്ദേഹം തന്നെ പട്ടു ളോഹ കൊടുത്തിട്ടുണ്ട്. അന്നു സ്താത്തിക്കോനും കൊണ്ടുവന്നു. 12-ന് കഥാനായകനു കുരിശു പണിവാൻ തട്ടാൻ തമ്പിയെ സ്വർണ്ണം ഏല്പിച്ചു. 17-ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരീൽ കത്തനാർ കുർബാന ചൊല്ലി. കഥാനായകന്റെ സ്താത്തിക്കോൻ ഭാഷാന്തരം ചെയ്തത് ചക്കുപുരക്കൽ ശെമ്മാശൻ വായിച്ചു.

21-ന് കൊച്ചീ സംസ്ഥാനത്തിൽ മാന്തുരുത്തി പള്ളി ഇടവകയിൽ വരിക്കച്ചേരിൽ കുറിയാക്കോസു കത്തനാർക്ക് ദീനം കൂടുതൽ എന്നും കഥാനായകൻ അവിടെ എത്തി കന്തീല മുതലായ ശുശ്രൂഷകൾ കഴിക്കണമെന്നും ആ ഇടവകയിൽ തറയിൽ കുഞ്ഞിച്ചെറിയ വന്നപേക്ഷിക്കയാൽ ടിയാനോട് കൂടെ കഥാനായകനും ചക്കുപുരക്കൽ ശെമ്മാശനും പുറപ്പെട്ടു. 23-ന് അവിടെ എത്തുകയും ഉച്ചകഴിഞ്ഞ് 5 മണിയ്ക്ക് ആ പട്ടക്കാരന്റെ വീട്ടിൽ എത്തി കന്തീലാ കഴിക്കയും ചെയ്തു. മുളന്തുരുത്തി പള്ളിഇടവകക്കാരനും മാന്തുരുത്തി പള്ളിയുടെ താല്ക്കാലിക വികാരിയുമായ കുഴിക്കാട്ടിൽ യാക്കോബു കത്തനാരും നമ്മുടെ ശെമ്മാശനും മാത്രമേ പട്ടക്കാരായിട്ട് ശുശ്രൂഷ കഴിക്കുമ്പോൾ ഉണ്ടായിരുന്നുള്ളു.

24-ന് ഞായറാഴ്ച കഥാനായകൻ ആ പള്ളിയിൽ കുർബാന ചൊല്ലുകയും ശാബതയുടെ വലുപ്പത്തെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. ഉച്ച

കഴിഞ്ഞ് തെക്കൻ പറവൂർ പള്ളി വികാരി കാരിയാത്ത് മത്തായി കത്തനാർ തിരുമുമ്പാകെ കണ്ട് പോകയും ചെയ്തു. 25-ന് പെരുന്നാളിൽ മാന്തുരുത്തിപ്പള്ളി വികാരി കുർബാന ചൊല്ലുകയും പെരുന്നാളിനെക്കുറിച്ച് കഥാനായകൻ പ്രസംഗിക്കയും ചെയ്തു. ടി. പള്ളി 1034 മാണ്ടു ചിങ്ങ മാസം 29-ന് മാർ യോഹന്നാൻ മാവുന്താനയുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാകുന്നു.

27-ന് കഥാനായകനും മറ്റും ടിയിൽ നിന്നും വാകത്താനത്തേക്ക് യാത്ര പുറപ്പെട്ട് പിറ്റേദിവസം രാവിലെ സിമ്മന്നാരിയിൽ എത്തുകയും ദീനത്തിൽ ഇരിക്കുന്ന കാതോലിക്കാ ബാവായെ[104] കണ്ടുംവച്ച് 4 മണിക്ക് വാകത്താനത്ത് എത്തുകയും ചെയ്തു. 31-ന് വാകത്താനത്തു പള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ കുർബാന ചൊല്ലുകയും കുരുടന്റെ സംഗതിയെപ്പറ്റി തിരുമേനി പ്രസംഗിക്കയും ചെയ്തു. മേടം 6-ന് ശനിയാഴ്ച കഥാനായകൻ വള്ളിക്കാട്ടു പള്ളിയിൽ കുർബാന ചൊല്ലിയും വച്ച് തിരിച്ചുപോന്നു.

7-ന് ഊശാനക്ക് കഥാനായകൻ 7 മണിക്ക് പള്ളിയകത്തിറങ്ങി നമസ്കാരം കഴിച്ച് കുർബാനയും പ്രസംഗവും ഓശാനയുടെ ക്രമവും കഴിക്കയും ചെയ്തു. 12 മണിക്ക് എല്ലാം അവസാനിച്ചു. 11-ന് പെസഹായ്ക്ക് രാത്രി 3 മണിക്ക് കഥാനായകനും മറ്റും പള്ളിയകത്തിറങ്ങി രാവിന്റെ നമസ്കാരം കഴിച്ചുകൊണ്ട് പോന്നു. പിന്നെ 6 മണിക്ക് സപ്രായുടെയും 3-ാം മണിയുടെയും നമസ്കാരം കഴിച്ചുകൊണ്ട് കുർബാന ചൊല്ലുകയും പ്രസംഗം പറകയും ചെയ്തു. എല്ലാവർക്കും കുർബാനയും കഥാനായകൻ തന്നെ കൊടുത്തു.

12 മണിക്ക് പള്ളിയകത്തിറങ്ങി ഉച്ചയുടെയും 22 1/2 യുടെയും നമസ്കാരം കഴിച്ചു. പിന്നീട് കാലുകഴുകൽ ശുശ്രൂഷ കഴിക്കുന്നതിനായി 2 1/2 മണിക്ക് കഥാനായകനും മറ്റും പള്ളിയകത്തേക്ക് ഇറങ്ങി. ടി. ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനായി വരണമെന്ന് എഴുതി അയച്ചിരുന്ന പ്രകാരം പള്ളത്തു പള്ളിയിൽ വികാരി മങ്കുഴിയിൽ ഗീവറുഗീസു കത്തനാരും ശെമ്മാശനും കുഴിമറ്റത്തു പട്ടച്ചേരിൽ കത്തനാരും തോട്ടക്കാട്ട് വല്യമണ്ണിൽ യോഹന്നാൻ കത്തനാരും നാലുന്നാക്കലെ കത്തനാർകളും വല്യപാറേട്ട് ശെമ്മാശനും വന്നു ചേർന്നു. കൂടാതെ വാകത്താനത്തെ പട്ടക്കാരുമുണ്ടായിരുന്നു. പള്ളിയകത്തു ബഞ്ചിട്ടു. അഞ്ചു പട്ടക്കാരെയും 2 ശെമ്മാശൻമാരേയും 5 പൈതങ്ങളെയും ഇരുത്തി ശുശ്രൂഷക്കാരംഭിച്ചു. ആദ്യമെ കാലുകഴുകലിനെ പറ്റി പ്രസംഗിച്ചു. അനന്തരം ചൊല്ലുകളും വായനകളും കഴിച്ച് കാൽ കഴുകി. പത്രോസിന്റെ സ്ഥാനത്തിരുന്നത് പട്ടരു മഠത്തിൽ കത്തനാർ ആയിരുന്നു. ഏവൻഗേലിയോൻ വായന സിംഹാസനത്തിലിരുന്നു കൊണ്ട് തിരുമേനി വായിച്ചു. അപ്പോൾ സിംഹാസനം ഉയർത്തിപ്പിടിച്ചിരുന്നു. 4 മണിക്ക്

ശുശ്രൂഷ എല്ലാം അവസാനിക്കയും എല്ലാവരും പിരികയും ചെയ്തു. കൂടിയ പട്ടക്കാർക്കും ഇരുത്തിയ പൈതങ്ങൾക്കും ഒരു കാപ്പി സൽക്കാരവും ഉണ്ടായിരുന്നു.

12-ന് ദുഃഖവെള്ളിയാഴ്ചയുടെ ക്രമങ്ങളും പ്രസംഗവും പട്ടരുമഠത്തിൽ കത്തനാരുടെയും ശെമ്മാശന്റെയും സഹായത്തിൽ തിരുമേനി കഴിച്ചു. പിറ്റെ ദിവസം ഉച്ച കഴിഞ്ഞ് തിരുമേനി കുർബാന ചൊല്ലി. 14-ന് ഉയിർപ്പിന് എണ്ണച്ചേരി കത്തനാർ കുർബാന ചൊല്ലുകയും (കഥാനായകന്റെ സഹകരണത്തിൽ) ക്രമം കഴിക്കയും തിരുമേനി ഉയിർപ്പിനെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു.

19-ന് വെള്ളിയാഴ്ച കാലത്തു 7 മണിക്ക് പാമ്പാക്കുട ചെറിയപള്ളിയിൽ വെച്ച് കിഴക്കിന്റെ കാതോലിക്കാ ബാവാ കാലം ചെയ്തു.[105] ഈയാണ്ട് ചിങ്ങം 31-ന് നിരണത്തു പള്ളിയിൽ വെച്ചായിരുന്നു ഇദ്ദേഹത്തെ സ്ഥാനത്തിൽ പ്രതിഷ്ഠിച്ചതു. കബറടക്കം 20-ന് ശനിയാഴ്ച മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും അനേകം പട്ടക്കാരും ജനങ്ങളും കൂടി നടത്തി. ഇദ്ദേഹത്തിന്റെ ഒരു വിവരണം ടിയാണ്ടു മേടം 21-ലെ മനോരമ പത്രത്തിന്റെ മുഖപ്രസംഗത്തിൽ കാണുന്നുണ്ട്.

20-ന് ഓണാട്ടു പുന്നച്ചന്റെ മകൾ കോട്ടയത്തു കട്ടപ്പുറത്തു കെട്ടിച്ചിരിക്കുന്ന അക്ക എന്ന സ്ത്രീ തിരുമേനിക്ക് ഒരു കമ്പോട്ടർ നെയ്തു കാഴ്ച വച്ചു. 21-ന് കാലത്തു കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. പിന്നെ പട്ടരുമഠത്തിൽ കത്തനാരും കുർബാന ചൊല്ലി. അന്നു കാലത്തു നടത്തിയ മടത്രമ്പിൽ കുഞ്ചന്റെ മകളുടെയും ഉച്ചതിരിഞ്ഞു നടത്തിയ കാട്ടിൽ പുന്നന്റെ മകളുടെയും വിവാഹ കർമ്മത്തിൽ തിരുമേനി സംബന്ധിച്ചു. ഇടവം 5-ന് വാകത്താനത്തു പള്ളിയിൽ പട്ടരുമഠത്തിൽ കത്തനാർ കുർബാന ചൊല്ലി. യോഹ. 6-21 വാക്യത്തെക്കുറിച്ച് കഥാനായകൻ പ്രസംഗിച്ചു. 6-ന് കോയിപ്പുറത്തു ചെറിയാപ്പി ഒരു സ്ലീബാ പണിയിച്ചു പൂശിക്കുന്നതിനായി 12 രൂപാ തൂക്കത്തിൽ വെള്ളി വാങ്ങിച്ചു കഥാനായകനായി കൊടുത്തു.

12-ന് എണ്ണച്ചേരീൽ കത്തനാർ വാകത്താനത്തു പള്ളിയിൽ എത്തി കുർബാന ചൊല്ലി. തിരുമേനി സഭയുടെ വിശ്വാസരീതികളെ കുറിച്ച് പ്രസംഗിക്കയും ചെയ്തു. 14-ന് മുൻപ് തിരുമേനി പോയി കന്തീലാ കഴിച്ച വരിക്കശേരി കത്തനാർ മരിച്ചു. 18-ന് കാതോലിക്കാ ബാവായുടെ അടിയന്തിരം പാമ്പാക്കുടെ ചെറിയ പള്ളീൽ വെച്ചു കഴിച്ചു. അതിലേക്ക് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും പോയിരുന്നു.

19-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. 20-ന് സുഖക്കേടിൽ ഇരുന്ന കാട്ടിൽ പുന്നച്ചനെ കഥാനായകൻ ചെന്നു കണ്ടു പ്രാർത്ഥന കഴിച്ചു കൊണ്ട് പോന്നു. 23-ന് 40-ാം പെരുന്നാളിനും 25-ന് വള്ളാൻകടവിൽക്കാർക്കും കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലി. 21-ന് പകൽ 3 മണിക്കും 31 ന് വെള്ളിയാഴ്ച കാലത്തു 5 1/2 മണിക്കും ഒരു ഭൂമികുലുക്കം ഉണ്ടായി. മിഥുനം 2 ന് ഞായറാഴ്ച പെന്തി ക്കുസ്തിയിൽ കഥാനായകൻ കുർബാന ചൊല്ലി ക്രമം കഴിക്കയും ചെയ്തു. 3-ന് തട്ടാൻ തമ്പി കഥാനായകന്റെ കുരിശിന്റെ പണി തീർത്ത് ഏൽപ്പിച്ചു. കുരിശിന് സ്വർണം പണവിട 99 1/2. മാല പൂശിയതിന് സ്വർണം പണവിട 5. മാലയ്ക്ക് വെള്ളി പണവിട 161. കുരിശിന് പണിക്കൂലി രൂപ 12 1/2. സമ്മാനം രൂപ 1. മാലയ്ക്ക് പണിക്കൂലി രൂ. 50.

8-ന് കഥാനായകൻ കുർബാന ചൊല്ലി പള്ളിയടിയിൽ കൊച്ചിന്റെ മകൾ അക്കയുടെ കുട്ടിയെ മാമോദീസാ കഴിച്ച് വർഗീസ് എന്ന് പേരിട്ടു. 9-ന് വാകത്താനത്ത് എണ്ണച്ചേരി കത്തനാർ കുർബാന ചൊല്ലി. കഥാനായകൻ വി. കുർബാനയെപ്പറ്റി പ്രസംഗിച്ചു. ഉച്ച തിരിഞ്ഞ് കഥാനായകനും ടി. കത്ത നാരും കൂടി പോയി പഴയാറ്റുങ്കൽ ചാക്കോയുടെ ഭാര്യ ചാച്ചിയ്ക്ക് ഉപ്രുശ്മാ കഴിച്ചു. തെക്കെ മൂലയിൽ പോയി സുഖക്കേടിൽ ഇരുന്ന അമ്മൂമ്മയെ കാണു കയും ചെയ്തു.

13-ന് നീലംപേരൂർ നിന്നും 10 - 20 കൊല്ലത്തിന് മുമ്പ് വാകത്താനത്ത് വന്ന് പാർത്തിരുന്ന മുണ്ടാക്കളത്തിൽ ചെറിയ മൂപ്പീന്ന് മരിച്ച് അടക്കപ്പെട്ടു. പിന്നെ 15-ന് കഥാനായകൻ ശു. കുർബാന. 16-നും കഥാനായകൻ ചൊല്ലി മത്തായി 9:15 കുറിച്ച് പ്രസംഗിച്ചു. 21-ന് കൂമ്പാടിൽ വർഗീസ് മൂപ്പീന്ന് മരി ച്ചു. കഥാനായകനും പട്ടച്ചേരിൽ കത്തനാരും കൂടി കബറടക്കം കഴിച്ചു. വയസ് ഏകദേശം 82 കാണും. 23-ന് കഥാനായകൻ കുർബാന ചൊല്ലി. 29-ന് പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുനാളിൽ കഥാനായകൻ ചൊല്ലി. കൈപ്പനാട്ട് വർക്കിയുടെ കുട്ടിയെ മാമോദീസാ മുക്കി യാക്കോബ് എന്ന് പേരിട്ടു. 30-ന് പട്ടരുമഠത്തിൽ കത്തനാർ ചൊല്ലി. കഥാനായകൻ 12 ശ്ലീഹന്മാരെപ്പറ്റി പ്രസംഗിച്ചു.

കർക്കടകം രണ്ടിന് വാഴൂർ നിന്നും ചെറിയമഠത്തിൽ മൂപ്പച്ചൻ വാകത്താ നത്ത് പള്ളിയിൽ വന്നിരുന്നു. 3-ന് കഥാനായകൻ ചൊല്ലി. ചെറിയമഠത്തിൽ അച്ചൻ ഉച്ചകഴിഞ്ഞ് തിരിച്ചുപോകുകയും ചെയ്തു. 11-ന് വ്യാഴാഴ്ച വള്ളി ക്കാട്ട് പള്ളിയിൽ കരപ്പാറ മറിയത്തിന്റെ പേർക്ക് കഥാനായകൻ കുർബാന ചൊല്ലി. 14-ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ ചൊല്ലുകയും പ്രസംഗിക്കുകയും, 4 മാമ്മോദീസാ മുക്കുകയും ചെയ്തു. ഉച്ച തിരിഞ്ഞ് കഥാനായകൻ വെട്ടിക്കൽ പള്ളിയിൽ പോയി പണി കാര്യത്തെപ്പറ്റി ആലോ ചന കഴിച്ച് തിരിച്ചുപോന്നു.

......17-ന് കളപ്പുരയ്ക്കൽ അച്ചന്റെ ഓർമ്മയിൽ, കഥാനായകൻ ശു. കുർബാന ചൊല്ലി. കഥാനായകനെ സിവിൾ കോടതിയിൽ ഹാജരാക്കുന്നതിൽ നിന്ന് ഒഴിവാക്കിയ വിവരം 15 ലെ 59-ാം ലക്കം മനോരമയിൽ തിരുവനന്തപുരം ലേഖകൻ പ്രസ്താവിച്ചിട്ടുണ്ട്. 21-ന് എണ്ണച്ചേരിൽ കത്തനാർ ചൊല്ലി. കഥാനായകൻ ദശാംശത്തെ സംബന്ധിച്ച് പ്രസംഗിച്ചു.

26-ന് കഥാനായകന്റെ അംശവടി തട്ടാൻ രാമൻ പണികുറ്റം തീർത്ത് ഏൾപ്പിച്ചു. രൂപാ തൂക്കം 41. രൂപാ തൂക്കത്തിന്നു 13 ചക്രം ആയി കൂലി തീർത്തു.

| | രൂപാ തൂക്കം | പണവിട |
|---|---|---|
| വടിയുടെ പത്തിക്ക് | 15 | 28 |
| 1-ാം കുഴൽ തൂക്കം | 6 | 20 |
| 2-ാം കുഴൽ ,, | 6 | 23 |
| 3-ാം കുഴൽ ,, | 5 | 23 |
| 4-ാം കുഴൽ ,, | 5 | 24 |
| പിടിക്ക് | | 6 |
| ആകെ | 41 രൂപ തൂക്കം | |

27-ന് കഥാനായകൻ കുർബാന ചൊല്ലി. റോമർ 12:17 വാക്യത്തെക്കുറിച്ച് പ്രസംഗിച്ചു. സമുദായത്തിലെ പിടിയരി മുതലായ പിരിവുകൾ കൊടുക്കേണ്ടതിനെപ്പറ്റി ആലോചിക്കുന്നതിനായി കൂടണമെന്ന് കഥാനായകൻ ശാസന അയച്ചിരുന്നതനുസരിച്ച് കുറിച്ചി, പള്ളം, കൊല്ലാട്, തോട്ടയ്ക്കാട്, അഞ്ചേരി, നിലയ്ക്കൽ, തൃക്കോം, നാലുന്നാക്കൽ, കുഴിമറ്റം, വെട്ടിക്കുന്ന് ഈ പള്ളിക്കാർ 29-0ന് വാകത്താനത്ത് പള്ളിയിൽ കൂടി. പിടിയരി, ഇരുനാഴി മുതൽ 23-വരെയും പണവും തേങ്ങായും മനസ്സു പോലെയും എന്ന് നിശ്ചയിച്ച് യോഗം പിരിഞ്ഞു. വന്നിരുന്ന പള്ളിക്കാർക്ക് ഭക്ഷണവും ഭംഗിയായി കൊടുത്തു.

**1913 ന്ന് 1089 ചിങ്ങം**

1-ന് ഞായറാഴ്ച കഥാനായകൻ നാലുന്നാക്കൽ പള്ളിയിൽ എത്തി. ശു. കുർബാനയും ഏവൻഗേലി 12 :9 - ാം വാക്യത്തെ സംബന്ധിച്ച് പ്രസംഗവും കഴിച്ചു. ഉച്ചതിരിഞ്ഞ് കരിപ്പാൽ ചാക്കോ ചിറ്റപ്പന്റെ സംസ്ക്കാരവും കഴിച്ച് വാകത്താനത്തേക്ക് കഥാനായകൻ തിരിച്ചുപോകയും ചെയ്തു. 7-ന് കഥാനായകൻ കളപ്പുരയ്ക്കൽ അമ്മൂമ്മയുടെ ഓർമ്മയ്ക്ക് ശു. കുർബാന ചൊല്ലി. 11 -ന് കഥാനായകനും 15-ന് പട്ടരുമഠത്തിലച്ചനും ചൊല്ലി. 18-ന് എണ്ണച്ചേരീൽ കത്തനാർ ചൊല്ലി. തുടർന്ന് ചൂട്ടുവയലിൽ വർക്കിയുടെ മകന്റെ വിവാഹം ഉണ്ടായിരുന്നത് കഥാനായകൻ കൈ പിടിപ്പിച്ചു.

Malankara Orthodox TV

19-ന് സിവിൽ കോടതികളിൽ ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കേണ്ടതിന് കഥാനായകൻ മുൻ ബോധിപ്പിച്ചതിന് അനുവാദം ഉണ്ടായ വിവരത്തിന് താലൂക്കിൽ നിന്നും എഴുതിവന്ന ലെറ്റർ പാർവത്യക്കാരൻ കൊണ്ടുവന്നു. ടിയാന് 2 രൂപ സമ്മാനവും കൊടുത്തു.

ടി. എഴുത്തിന്റെ പകർപ്പ്:

നമ്പ്ര 1764 (31 - 12 - 88).

ചങ്ങനാശേരി താലൂക്ക് കച്ചേരിയിൽ നിന്നും ചങ്ങനാശേരി സുറിയൻ മെത്രാപ്പോലീത്താ ഏറ്റവും ബഹുമാനപ്പെട്ട മാർ ഗീവറുഗീസ് പീലക്സിനോസ് അവർകൾക്ക് എഴുതുന്നത്.

താങ്കളെ സിവിൽ പ്രസീഡിയൻ കോട് 578-ാം വകുപ്പും പ്രകാരം സിവിൽ കോടതിയിൽ ഹാജരാകുന്നതിൽ നിന്നും ഒഴിച്ചിരിക്കുന്നതായി കല്പന പ്രകാരം എഴുതിച്ചെന്ന് 1689 -ാമത് നമ്പ്രിൽ 1913 ആഗസ്റ്റ് 6-ന് എഴുതിയ ഉത്തരവ് വന്നിരിക്കുന്നതിനാൽ വിവരം അറിവാനായി എഴുതി അറിയിക്കുന്നതാകുന്നു.

തഹശീൽദാർ എം. സുബ്രഹ്മണ്യയ്യർ

ടി. സംഗതിയെപ്പറ്റി 1913 ജൂലൈ 29-നേക്ക് 1088 കർക്കടകം 14-ന് 51-ാം വാല്യം സർക്കാർ ഗസറ്റിൽ പരസ്യം ചെയ്തിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

ജെ. നമ്പർ 5839 (പരസ്യം)

ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ ചങ്ങനാശേരി വാകത്താനം സുറിയാനിപ്പള്ളിയിൽ സുറിയൻ മെത്രാപ്പോലീത്താ ദി മോസ്റ്റ് റവറണ്ട് മാർ ഗീവറുഗീസ് പീലക്സീനോസിനെ സിവിൽ കോർട്ടുകളിൽ ഹാജരാകുന്നതിൽ നിന്നും സിവിൽ നടപടി നിയമം 578-ാം വകുപ്പനുസരിച്ച് കല്പനപ്രകാരം ഒഴിവാക്കിയിരിക്കുന്നു.

ദിവാൻ - പി. രാജഗോപാലാചാരി. ദിവാൻ ബഹദൂർ - സി. ഐ. ഇ.

(ഹർജ്ജി 9 കച്ചേരി, തിരുവനന്തപുരം, 1913 ജൂലയ് 22-നു)

ആലുവായിൽ ഇരിക്കും മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്കും[106] ആ സംഗതി സംബന്ധിച്ച് ടി. ഗസറ്റിൽ തന്നെ 5840-ാം നമ്പ്രായി അനുമതി സിദ്ധിച്ചു. 25-ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ കുർബാന ചൊല്ലി. തുടർന്ന് തെക്കേപ്പുറത്ത് ചെറിയയുടെ മകളെ ചെമ്പകച്ചേരിൽ ദത്തോസിന്റെ മകൻ വിവാഹം കഴിക്കയാൽ പട്ടക്കാരുടെ സഹകരണത്തിൽ കഥാനായകൻ ആ കൂദാശ നടത്തി.

Malankara OrthodoxTV

29-ന് പെരുന്നാളിൽ പട്ടരുമഠത്തിൽ കത്തനാരുടെ അവധിയിൽ എണ്ണ ച്ചേരിയിൽ കത്തനാർ കുർബാന ചൊല്ലി. കുർബാന കഴിഞ്ഞ് മാർ യോഹന്നാൻ മാവുദാനായെ സംബന്ധിച്ച് കഥാനായകൻ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് ....... വരെ കൈസ്ഥാനജോലി നോക്കിയിരുന്ന പാലക്കുഴിയിൽ കുഞ്ഞിന്റെ കണക്ക് കേട്ടു. പകരം തന്നാണ്ടിലേയ്ക്ക് കാട്ടിൽ കൊച്ചു പുന്നൂസിനെ നിയമിക്കയും ചെയ്തു. 31-ന് കഥാനായകനെ വാഴൂർ പള്ളിയിലേയ്ക്ക് കൊണ്ടുപോകുന്നതിന് വണ്ടിയും ആളും വന്നിരുന്നു. 10 മണിക്ക് കഥാനായകനും ചക്കുപുരയ്ക്കൽ ചെമ്മാച്ചനും മറ്റും കൂടി യാത്ര പുറപ്പെട്ട് 3 1/2 മണിക്ക് കങ്ങഴ എത്തി. അപ്പോൾ അവിടെ കങ്ങഴ പള്ളിക്കാരുടെ എതിരേൽപ്പും കാപ്പി സൽക്കാരവും ഉണ്ടായിരുന്നു. അതുകഴിഞ്ഞ് കഥാനായകൻ കൃതജ്ഞതാപ്രസംഗവും കഴിച്ച് യാത്ര പുറപ്പെട്ട് വാഴൂർക്കാരുടെ എതിരേൽപ്പോടുകൂടെ 5 മണിക്ക് ആ പള്ളിയിൽ എത്തി ക്രമപ്രകാരം ലുത്തനിയായും കൃതജ്ഞതാ പ്രസംഗവും കഴിച്ച് ആശീർവദിച്ച് ജനങ്ങൾ പിരിയുകയും ചെയ്തു.

കന്നി മാസം 1-ന് ഞായറാഴ്ച കഥാനായകൻ വാഴൂർ പള്ളിയിൽ ശു. കുർബാന ചൊല്ലി. കുർബാനമദ്ധ്യേ 1 ശമു. 15:22 വാക്യം സംബന്ധിച്ചും സമുദായ പിരിവിനെ സംബന്ധിച്ചും പ്രസംഗിക്കുകയും ചെയ്തു. സ്താത്തിക്കോനും വായിച്ചു. 2-ന് കഥാനായകന്റെ കൽപ്പനപ്രകാരം പാമ്പാടി, ടി. തെക്കുഭാഗം, മീനടം, കങ്ങഴ പള്ളിക്കാർ വാഴൂർ പള്ളിയിൽ കൂടി സമുദായത്തിന് പിടിയരി മുതലായ പിരിവുകൾ കൊടുക്കാമെന്ന് സമ്മതിച്ച് പിരിഞ്ഞു.

3-ന് ചൊവ്വാഴ്ച രാത്രി 2 മണിക്ക് വാഴൂർ നിന്നും കഥാനായകനും ചെറിയമഠത്തിൽ മൂപ്പച്ചനും കൂടി പുറപ്പെട്ട് ബുധനാഴ്ച കാലത്തെ 7 1/2 മണിക്ക് നാലുന്നാക്കൽ പള്ളിയിൽ എത്തി. കാപ്പിയും ഉച്ചഭക്ഷണവും കഴിച്ച് വണ്ടിക്കാരും ടി. അച്ചനും തിരിച്ചുപോകുകയും ചെയ്തു. .... നാലുന്നാക്കൽ നിന്നും കഥാനായകൻ അന്നു തന്നെ വാകത്താനത്തേയ്ക്ക് പോരുകയും ചെയ്തു.

8-ന് ഞായറാഴ്ച വാകത്താനത്ത് പള്ളിയിൽ ശു. കുർബാന ചൊല്ലി. 12-ന് കഥാനായകൻ നാലുംന്നാക്കൽ പള്ളിക്കാരുടെ ഒരു വലിയ എതിരേൽപ്പോടു കൂടെ ആ പള്ളിയിലേയ്ക്ക് പോയി. 5 മണിയ്ക്ക് അവിടെ എത്തി ലുത്തനിയായും കൃതജ്ഞതാപ്രസംഗവും കഴിച്ച് ജനങ്ങളെ അനുഗ്രഹിച്ചു. ജനങ്ങളും അധികം കൂടിയിരുന്നു.

14-ന് കഥാനായകൻ നാലുംന്നാക്കൽ പള്ളിയിൽ കുർബാന ചൊല്ലി. 15-ന് ഞായറാഴ്ച ചൊല്ലി പ്രസംഗിക്കുകയും ചെയ്തു. അവിടെയും സ്താത്തിക്കോൻ വായിച്ചു. 20-ന് നാലുന്നാക്കൽ പള്ളിയിൽ നിന്ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്ക് പോയി ശു. കുർബാന ചൊല്ലുകയും പെരുന്നാൾ കഴിക്കുകയും ചെയ്തു. നേർച്ചയിടീലും അവൽ നേർച്ചയും

ഉണ്ടായിരുന്നു. അന്നുതന്നെ നാലുന്നാക്കലേയ്ക്ക് തിരിച്ചുപോകുകയും ചെയ്തു. ......

22-ന് കഥാനായകൻ നാലുന്നാക്കൽ പള്ളിയിൽ ചൊല്ലി. 121 മസുമൂർ 1-ാം വാക്യം അടിസ്ഥാനമാക്കി, പള്ളിയിൽ പോകുന്നതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് പ്രസംഗിച്ചു. 29-ന് കരിപ്പാൽ യാക്കോബ് കത്തനാർ കുർബാന ചൊല്ലി. കഥാനായകൻ ദശാംശം, വഴിപാടുകൾ ഇതുകൾ പള്ളിക്ക് കൊടുക്കേണ്ട സംഗതിയെപ്പറ്റി പ്രസംഗിച്ചു. തുലാം മാസം 6-ന് കഥാനായകൻ ചൊല്ലി. വിദ്യാഭ്യാസത്തെക്കുറിച്ചും ഒരു പള്ളിക്കൂടം ഇല്ലാത്തതിന്റെ കുറവിനെപ്പറ്റിയും പ്രസംഗിച്ചു.

16-ന് കഥാനായകൻ ചൊല്ലി. യോശുബർ നൂൻ 6:18 വാക്യം സംബന്ധിച്ച് ശാപമുള്ള വസ്തുവിൽ നിന്ന് സൂക്ഷിച്ച് കൊള്ളേണ്ടതിനെപ്പറ്റി പ്രസംഗിച്ചു. 14-ന് തിങ്കളാഴ്ച ടി. പള്ളിയിൽ വച്ച് പൊട്ടക്കാവേലിയിൽ തോമ്മാ (കൊച്ചുകൊച്ച്)യുടെ മകൾ എളച്ചിയെ കിളിരൂർ വാഴയിൽ വർക്കിയെ കൊണ്ട് വിവാഹം കഴിപ്പിക്കുകയിൽ കഥാനായകൻ കൈ പിടിപ്പിച്ചു.

15-ന് കഥാനായകൻ നാലുന്നാക്കൽ നിന്ന് പുറപ്പെട്ട് വാകത്താനത്ത് പള്ളിയിൽ എത്തി അത്താഴവും കഴിച്ച് അവിടെ നിന്ന് പുറപ്പെട്ട് 17-ന് 6 മണിക്ക് നിരണത്ത് പള്ളിയിൽ എത്തി കാപ്പി കഴിച്ചു. പിന്നീട് അവിടെ നിന്നും പുറപ്പെട്ട് 9 മണിക്ക് പരുമല സിമ്മനാരിയിൽ എത്തി. അപ്പോൾ അവിടെ ഈവാനിയോസ്, ഗ്രീഗോറിയോസ് എന്നിവർ ഉണ്ടായിരുന്നു. 18-ന് ടി. സിമ്മനാരിയിൽ മങ്കുഴിയിൽ ഗീവറുഗീസ് കത്തനാർ കുർബാന ചൊല്ലി. 19-ന് കഥാനായകനും മങ്കുഴിയിൽ ഗീവറുഗീസ് കത്തനാരും, പരുമല താമസിക്കുന്ന തോമസ് കത്തനാരും കൂടി കുർബാന ചൊല്ലി.

20-ന് കഥാനായകനും ഗ്രീഗോറിയോസ് മെത്രാച്ചനും അറത്തിൽ ഇസഹാക്ക് കത്തനാരും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലി. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സത്യഭക്തിയെപ്പറ്റി പ്രസംഗിച്ചു. 21-ന് കഥാനായകനും ഈവാനിയോസ് മെത്രാച്ചനും, പാമ്പാടിയിൽ കുറിയാക്കോസ് റെമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലി. ഗ്രീഗോറിയോസ് മെത്രാച്ചൻ പ്രസംഗിച്ചു. പ്രദക്ഷിണം കഴിഞ്ഞ് വൈദികയോഗം കൂടി. അതിൽ ഗ്രീഗോറിയോസ് മെത്രാച്ചൻ, പൂവത്തൂര് അച്ചൻ, കണ്ണൻകോട്ട് സ്കറിയാ കത്തനാർ മുതലായവരും ഒടുവിൽ ദീവന്നാസ്യോസ് മെത്രാച്ചനും പ്രസംഗിച്ചു. 22-ന് പെരുന്നാളിലെ വരവ് എടുത്തു. 1296 രൂപ ഉണ്ടായിരുന്നു. കുർബാന പണം 400-ൽ ചില്വാനം രൂപയും ഉണ്ടായിരുന്നു. 24-ന് മെത്രാച്ചന്മാർ നാലു പേരുംകൂടി നിന്ന് വെവ്വേറെ പടങ്ങൾ എടുപ്പിച്ചു. 27-ന് കഥാനായകൻ ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു.

28-ന് കഥാനായകൻ പരുമല നിന്നും പുറപ്പെട്ട് 29-ന് നാലുംന്നാക്കൽ

പള്ളിയിൽ എത്തി. പരുമലയിൽ നിന്നും ഒരു പവനും വള്ളക്കൂലി മുതലായ ചെലവുകളും കഥാനായകന് വേണ്ടി ചെയ്തു. വൃശ്ചികം 1 ന് വെള്ളിയാഴ്ച തെക്കേമൂലയിൽ അമ്മൂമ്മ മരിച്ചു. 2-ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ എത്തി. എടത്ര കത്തനാരും എണ്ണച്ചേരിയിൽ കത്തനാരും കഥാനായകനും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലി. ശവസംസ്ക്കാരം കഴിച്ചു. കഥാനായകൻ അന്നു തന്നെ നാലുംന്നാക്കലേയ്ക്ക് പോകയും ചെയ്തു.

3-ന് എടത്ര കത്തനാർ ചൊല്ലി. കഥാനായകൻ കൂദാശ് ഈത്തേയെക്കുറിച്ച് പ്രസംഗിച്ചു. 9-ന് തെക്കെമൂലയിൽ അമ്മൂമ്മയുടെ ഒമ്പതിന് കഥാനായകൻ കുർബാന ചൊല്ലി. 10-ന് കരിപ്പാൽ കത്തനാർ ചൊല്ലി. കഥാനായകൻ സ്കറിയ എന്ന ആചാര്യനെക്കുറിച്ച് പ്രസംഗിച്ചു. 24-ന് കഥാനായകൻ ചൊല്ലി. കന്യാമറിയാമിനെക്കുറിച്ച് എടത്ര കത്തനാർ പ്രസംഗിച്ചു. ധനു 1-ന് കഥാനായകൻ ചൊല്ലി. 8-ന് കരിപ്പാൽ കത്തനാർ ചൊല്ലി. എടത്ര കത്തനാർ പ്രസംഗിച്ചു.

7-ന് പന്തളത്തുകാർ പണിക്കാർ നാലുംന്നാക്കൽ പള്ളിയിലെ അഴി പണിതു തുടങ്ങി. 15-ന് എടത്ര കത്തനാർ ചൊല്ലി. കഥാനായകൻ നേർച്ചയിൽ സംബന്ധിച്ച് പ്രസംഗിച്ചു. 22-ന് കഥാനായകൻ ചൊല്ലി. നാലുംന്നാക്കൽ പള്ളിയിൽ വെള്ളിക്കുരിശ് പണിയിക്കുന്നതിനായി ഇടവകക്കാർ നേർച്ചവക പണം വസൂൽ ചെയ്യുവാൻ തുടങ്ങി. അന്ന് വാഴൂർ കിഴക്കുഭാഗത്ത് കന്നുകുഴിയിൽ ഒരു പള്ളി വെക്കുന്നതിന് അനുവാദ കല്പന കഥാനായകൻ കൊടുത്തു.

25-ന് നോമ്പുവീടലിന് കഥാനായകൻ കരിപ്പാൽ കത്തനാരുടെ സഹായത്തിൽ കുർബാന ചൊല്ലുകയും നമ്മുടെ കർത്താവിന്റെ തിരുവവതാരത്തെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. 26-ന് കഥാനായകൻ നാലുംന്നാക്കൽ നിന്നും വാകത്താനത്ത് പള്ളിയിലേയ്ക്ക് പോന്നു. ടി. പള്ളിക്കാർ 50 രൂപ കൈമുത്ത് വെച്ചു. 28-ന് പെരുന്നാളിൽ വാകത്താനത്ത് പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി. കപടഭക്തിയെപ്പറ്റി പ്രസംഗിച്ചു. 29-ന് ഞായറാഴ്ചയും കഥാനായകൻ ചൊല്ലിയും വച്ച് വള്ളിക്കാട്ട് പള്ളിയിലേക്ക് പോയി അവിടെ താമസിച്ചു.

മകരമാസം 1-ന് പന്തളത്ത് അറത്തി പള്ളി ഇടവകക്കാരൻ തയ്യിൽ ഇസഹാക്ക് കത്തനാരും മകൻ ഗീവറുഗീസ് ശെമ്മാശനും കൂടി കഥാനായകന്റെ അടുക്കൽ വന്നുചേർന്നു. ശെമ്മാശനെ കഥാനായകന്റെ കൂടെ താമസിപ്പിച്ചുകൊണ്ട് ടിയാൻ 2-ന് തിരിച്ചുപോയി. 4-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. 5, 6 തീയതികളിലും ചൊല്ലി. 6-ന് ദനഹാ ക്രമം കഴിച്ചു. 12-ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. കുർബാന കഴിഞ്ഞശേഷം പ്ലാപ്പറ

മ്പിൽ കുടുംബത്തിൽ ഒരു കൊച്ചന് പട്ടം കൊടുക്കേണ്ട സംഗതിയെപ്പറ്റി യുള്ള ആലോചനക്കായി വാകത്താനത്ത് പള്ളിയിൽ പോയി. ..... വാക ത്താനത്ത് പള്ളിയിൽ ഇരുന്നിരുന്ന കഥാനായകന്റെ ശിഷ്ടമുള്ള സാമാന ങ്ങളും കൂടി വള്ളിക്കാട്ട് പള്ളിയിലേയ്ക്ക് കൊണ്ടുപോന്നു.

15–ന് പെരുന്നാളിൽ കഥാനായകൻ പട്ടരുമഠത്തിൽ മൂപ്പച്ചന്റെയും നാലുംന്നാക്കൽ പട്ടക്കാരുടേയും ഇവിടുത്തെ ചെമ്മാച്ചന്റെയും സഹകര ണത്തിൽ 15 കുപ്പി സൈത്ത് കൂദാശ ചെയ്യുകയും കുർബാനയും പ്രസം ഗവും കഴിക്കയും ചെയ്തു. കുർബാന കഴിഞ്ഞ് കുറിച്ചി മാണി ഉപദേശി പ്രസംഗിച്ചു. നടവരവും നാലു നടകിടാക്കളുടെ വിലയും കൂടി 60 ൽ ചില്ല്വാനം രൂപാ വരവുണ്ടായിരുന്നു. അന്ന് പള്ളി ആവശ്യത്തിലേയ്ക്ക് ഒരു മുത്തു ക്കുടയും ഒരു വെട്ടുകുടയും എട്ട് കൊടിയും വിശേഷാൽ ഉണ്ടാക്കിച്ചിട്ടു ണ്ടായിരുന്നു.

18–ന് കഥാനായകൻ ശു. കുർബാന ചൊല്ലി. 19–നും കഥാനായകൻ ചൊല്ലി. ഉച്ചകഴിഞ്ഞ് വാകത്താനത്ത് പള്ളിയിൽ വച്ച് കളപ്പുരയ്ക്കൽ തോമ്മാ മകൻ തോമാ കാട്ടിൽ കൊച്ചിന്റെ മകളെ വിവാഹം കഴിക്കുകയും കഥാനായകൻ ആയത് നടത്തിയുംവെച്ച് തിരിച്ചുപോന്നു. 20–ന് വള്ളാൻകട വിൽ ചെറിയയുടെ രണ്ടാമത്തെ മകളെ വിവാഹം കഴിപ്പിക്കയിൽ അതിനാ യിട്ട് കഥാനായകനും വാകത്താനത്ത് പള്ളിയിലേയ്ക്ക് പോയി തിരിച്ചു പോന്നു. കുന്നേൽ വറുഗീസിന്റെ പറമ്പ് കഥാനായകൻ എഴുതിച്ചു. കഥാ നായകൻ വള്ളിക്കാട്ട് പള്ളിയിൽ നിന്നും നാലുന്നാക്കൽ പള്ളിയിലേയ്ക്ക് പോയി രണ്ടാമതും താമസം തുടങ്ങി. 22–ന് ടി. പള്ളിയുടെ സ്ഥാപനപ്പെരു ന്നാൾ ആയിരുന്നു. കഥാനായകൻ ചൊല്ലി സ്ഥാപനത്തെപ്പറ്റി പ്രസംഗിച്ചു. 24–ന് കൂടെ താമസിച്ചിരുന്ന പന്തളത്ത് ചെമ്മാശു അയാളുടെ വീട്ടിലേയ്ക്ക് പൊയ്കളഞ്ഞു. പിന്നീട് വന്നില്ല. 26–ന് എടത്ര കത്തനാർ ചൊല്ലി. കഥാ നായകൻ 3 നോമ്പിനെ കുറിച്ച് പ്രസംഗിച്ചു.

കുംഭം 2–ന് പെരുന്നാളിന് കരിപ്പാൽ കത്തനാർ ചൊല്ലുകയും കഥാനാ യകൻ പ്രസംഗിക്കയും ചെയ്തു. അന്ന് പടിഞ്ഞാറെവീട്ടിൽ ചെറിയാന്റെ മകൻ ചാണ്ടി കുമരകം ഇടവകയിൽ നിന്ന് കല്യാണം കഴിക്കയാൽ കഥാ നായകൻ കൈ പിടിപ്പിച്ചു. 3–ന് 3 കല്യാണങ്ങൾ ഉണ്ടായിരുന്നതിലും കഥാ നായകൻ സംബന്ധിച്ചു. 7–ന് നാലുന്നാക്കൽ പള്ളിയുടെ അഴി തീർത്തുറ പ്പിച്ചു. അന്ന് മുൻപു പണി തുടങ്ങിയിരുന്ന കഥാനായകന്റെ സ്ലീബാ പണി ക്കുറ തീർത്തു തട്ടാന്മാർ ഏല്പിച്ചു. കൂടാതെ ചെമ്പു കൊണ്ടൊരു കുരിശും പണിയിച്ച് പൂശിച്ചു. തട്ടാൻ തമ്പിക്കും കുഞ്ഞുപണിക്കനും ഓരോ മുണ്ടു കൾ സമ്മാനം കൊടുത്തു. സ്ലീബായ്ക്ക് വെള്ളിയിൽ 9 1/2 രൂപ തൂക്കവും പൂശിന്ന് സ്വർണം 1/2 പവനും ചെലവായി. മറ്റ് പലതും കൂടി പൂശിച്ചു.

9–ന് കഥാനായകൻ ചൊല്ലി എടത്ര കത്തനാർ പ്രസംഗിച്ചു. അന്ന് 4 കല്യാണങ്ങൾ ഉണ്ടായിരുന്നതിൽ 3 എണ്ണം കഥാനായകൻ കൈ പിടിപ്പിച്ചു. 16 ന് കത്നെ ഞായറാഴ്ച കരിപ്പാൽ കത്തനാർ ചൊല്ലി കഥാനായകൻ കർത്താവിന്റെ ആദ്യ അത്ഭുതത്തെപ്പറ്റി പ്രസംഗിച്ചു. 17–ന് ശുബ്ക്കോനോ ക്രമം കഴിച്ചു. കുറിച്ചിയിൽ പുത്തൻപുരയ്ക്കൽ കത്തനാരും അന്ന് വന്നിരുന്നു. 23–ന് എടത്ര കത്തനാർ ചൊല്ലി കഥാനായകൻ കുഷ്ഠ വ്യാധിക്കാരനെക്കുറിച്ച് പ്രസംഗിച്ചു. മീനം 2–ന് കഥാനായകൻ ചൊല്ലി കരിപ്പാൽ കത്തനാർ പ്രസംഗിച്ചു. 6–ന് കഥാനായകന്റെ ആവശ്യത്തിലേയ്ക്ക് ഒരു മഞ്ചൽ ഉണ്ടാക്കിയതിന്റെ പണി തീർന്നു.

7–ന് നാലുന്നാക്കൽ പള്ളിയുടെ ഉപയോഗത്തിനു വേണ്ടി ഒരു വെള്ളിക്കുരിശ് പണി തട്ടാൻ തമ്പിയും കുഞ്ഞു പണിക്കനും കൂടി തുടങ്ങി. 9–ന് എടത്ര കത്തനാർ ചൊല്ലി കഥാനായകൻ പ്രസംഗിച്ചു. കൊച്ചയത്തിൽ കുറിയാക്കോയ്ക്ക് കഥാനായകൻ ഉപ്രുശ്മാ കഴിച്ചു. 12–ന് പാതിനോമ്പിന് എടത്ര കത്തനാർ ചൊല്ലി. പള്ളിയുടെ മദ്ധ്യേ സ്ലീബാ നിർത്തി ക്രമം കഴിക്കയും സ്ലീബായെപ്പറ്റി കഥാനായകൻ പ്രസംഗിക്കയും ചെയ്തു. 16–ന് കഥാനായകൻ ചൊല്ലി എടത്ര കത്തനാർ കൂനപ്പെട്ട സ്ത്രീയെ സംബന്ധിച്ച് പ്രസംഗിച്ചു. 17–ന് കഥാനായകൻ പൊട്ടയ്ക്കാവേലിൽ കൊച്ചുകൊച്ചിന്റെ മൂത്ത മകൻ ഏലിയാസിന്റെ ദീനം കാൺമാൻ പോകയും അവന് ഉപ്രുശ്മാ കഴിക്കയും ചെയ്തു. കഥാനായകൻ ഞായറാഴ്ച ദിവസത്തിന്റെ മാഹാത്മ്യത്തെപ്പറ്റി പ്രസംഗിച്ചു. അന്ന് കൊച്ചയത്തിൽ കുറിയാക്കോയും മറുകുംമൂട്ടിൽ ഏലിയാമ്മ എന്നൊരു സ്ത്രീയും മരിച്ചടക്കപ്പെട്ടു. 25–ന് പെരുന്നാളിൽ കഥാനായകൻ ചൊല്ലി. 30–ന് ഓശാനയ്ക്ക് കഥാനായകൻ ചൊല്ലി എടത്ര കത്തനാർ പ്രസംഗിക്കയും ചെയ്തു.

മെയ് 3–ന് കഥാനായകൻ പെസഹായിൽ കുർബാന ചൊല്ലുകയും പ്രസംഗിക്കയും ചെയ്തു. ഉച്ച കഴിഞ്ഞ് 2 1/2 മണിക്ക് കാലുകഴുകൽ ക്രമം കഴിച്ചു. വല്യമണ്ണിൽ കത്തനാർ, പട്ടച്ചേരിൽ കത്തനാർ, നാലുന്നാക്കലെ കത്തനാരുകൾ, കൂരിച്ചാങ്ങിൽ ശെമ്മാശു, ചക്കുപുരയ്ക്കൽ ശെമ്മാശു എന്നിവരുടെ സഹകരണത്തിലാണ് ക്രമം കഴിച്ചത്. 6 പട്ടക്കാരെയും 6 കുട്ടികളെയും ഇരുത്തി കാൽ കഴുകി. കാൽകഴുകലിനെ സംബന്ധിച്ച് കഥാനായകൻ ആദ്യമേ ഒരു പ്രസംഗം പറഞ്ഞു. ശുശ്രൂഷ കഴിഞ്ഞശേഷം ഇടവകക്കാരുടെ വകയായി ഒരു കാപ്പിസൽക്കാരവും ഉണ്ടായി. പള്ളിയുടെ തെക്കുവശം മുറ്റത്ത് പന്തലിട്ട് അതിൽ വെച്ചാണ് ശുശ്രൂഷകൾ കഴിച്ചത്. 4–ന് ദുഃഖവെള്ളിയാഴ്ച ക്രമം കഴിക്കയും കഥാനായകൻ പ്രസംഗിക്കയും ചെയ്തു.

5–ന് കരിപ്പാൽ കത്തനാർ ചൊല്ലി. 6–ന് നോമ്പുവീടലിൽ എടത്ര കത്തനാർ ചൊല്ലി. ഉയിർപ്പിനെപ്പറ്റി കഥാനായകൻ പ്രസംഗിച്ചു. 13–ന് പുതുഞായറാഴ്ച കരിപ്പാൽ കത്തനാർ ചൊല്ലി കഥാനായകൻ പ്രസംഗിച്ചു. 20–ന്

കഥാനായകൻ ചൊല്ലി കരിപ്പാൽ തോമായുടെ കുട്ടിയെ മാമോദീസാ മുക്കി പൗലോസ് എന്നു പേരിട്ടു. 22-ന് പെരുന്നാളിൽ കാരുചിറെ ചാക്കോയുടെ അപേക്ഷപ്രകാരം കഥാനായകനും എടത്ര കത്തനാരും കരിപ്പാൽ കത്തനാരും കൂടി മൂന്നിൻമേൽ കുർബാന നടത്തി. ടി. പെരുന്നാളിൽ കോഴിവെട്ടും ചാട്ടം കളികളും മുൻ നടത്തുക പതിവായിരുന്നതിനെ കഥാനായകൻ നിരോധിച്ചതിനാൽ ആയത് നടത്തിയില്ല. എന്നിട്ടും വരവ് മുൻകൊല്ലത്തേക്കാൾ കൂടുതലുണ്ടായിരുന്നു.

24-ന് വ്യാഴാഴ്ച കഥാനായകൻ നാലുന്നാക്കൽ നിന്ന് വാകത്താനത്തേയ്ക്ക് പോയി. 4 മണിക്ക് അവിടെയെത്തി. 27-ന് വാകത്താനത്ത് പള്ളിയിൽ കഥാനായകൻ ചൊല്ലി. ചാക്കോയുടെ കുട്ടിയെ മുക്കി പൗലോസെന്ന് പേരിട്ടു. 29-ന് തിരുവിതാംകൂർ ദിവാൻ രാജഗോപാലാചാരി തന്റെ ഉദ്യോഗം രാജി വയ്ക്കയും പകരം 1-ാം ജഡ്ജി മന്നത്ത് കൃഷ്ണൻനായരെ സ്ഥിരം ദിവാൻജിയായി വല്യതമ്പുരാൻ നീട്ട്[107] കൊടുക്കുകയും ചെയ്തു.

ഇടവം 2-ന് പാട്ടത്തിൽ കുരിയനും 3-ന് കൊച്ചേരിൽ തൊമ്മനും മരിച്ചടക്കപ്പെട്ടു. 4-ന് കഥാനായകൻ ചൊല്ലി കൊച്ചേരിൽ നിന്നിരുന്ന ഈഴവ ചെറുക്കനേയും വള്ളാൻകടവിൽ മർക്കോസിന്റെ കുട്ടിയേയും മാമോദീസാ മുക്കി. ഈഴവകുട്ടിയ്ക്ക് അബ്രഹാം എന്നും മറ്റെക്കുട്ടിയ്ക്ക് കുറിയാക്കോസ് എന്നും പേരിട്ടു. 11-ന് കഥാനായകൻ ചൊല്ലി. കാട്ടിൽ നിന്നും അയ്മനത്തിൽ കെട്ടിച്ച പെണ്ണിന്റെ കുട്ടിയേയും മറ്റും മുക്കുകയും ചെയ്തു. 18-ന് പട്ടരുമഠത്തിൽ മൂപ്പച്ചൻ കുർബാന ചൊല്ലി. 25-ന് എണ്ണച്ചേരീൽ കത്തനാർ ചൊല്ലി. കുർബാന കഴിഞ്ഞ് പെന്തിക്കുസ്തിയെപ്പറ്റി കഥാനായകൻ പ്രസംഗിച്ചു. മിഥുനം 1-ന് കഥാനായകൻ ചൊല്ലി. 8-ന് എണ്ണച്ചേരിൽ കത്തനാർ ചൊല്ലി. കഥാനായകൻ വെളിപാട് 3:16 -ാം വാക്യത്തെ അടിസ്ഥാനമാക്കി പ്രസംഗിച്ചു. 29-ന് കഥാനായകൻ ചൊല്ലി. കർക്കടകം 1-ന് പരിയാരത്ത് പള്ളിക്കാർ തിരട്ടും കൈമുത്ത് വക 14 രൂപയും കൊണ്ടുവന്നു. മേൽക്കൊല്ലത്തേക്ക് കൈസ്ഥാനജോലിക്ക് ആളെ സ്ഥിരപ്പെടുത്തി സാധനയും അയച്ചു.

3-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ എത്തി കുർബാന ചൊല്ലി. 6 ന് വലിയപള്ളിയിൽ എണ്ണച്ചേരിൽ കത്തനാർ ചൊല്ലി 3 മാമോദീസാ കഴിച്ചതിൽ കഥാനായകനും സംബന്ധിച്ചു. 7-ന് കഥാനായകൻ കോട്ടയത്ത് മാളിയേക്കൽ ദീനത്തിൽ കിടന്നിരുന്ന ഇളയമ്മയെ കണ്ടുംവച്ച് സിമ്മനാരിയിൽ എത്തി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവിടെയുണ്ടായിരുന്നു. 12-ന് കഥാനായകനും ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും കൂടി വാകത്താനത്ത് പള്ളിയിലേക്ക് പുറപ്പെട്ടു. 3 മണിയ്ക്ക് അവിടെ എത്തി. 13-ന് കഥാനായകൻ ചൊല്ലി. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ദൈവരാജ്യമെന്നുള്ളത് എന്തെന്നതിനെക്കുറിച്ച് സരസമായി പ്രസംഗിച്ചു. ........

18-ന് വള്ളിക്കാട്ട് പള്ളിയിൽ പെരുന്നാളുകളിലും ശനിയാഴ്ചകളിലും വാകത്താനത്തു പള്ളിയിലെ പട്ടക്കാർ കർമ്മം നടത്താൻ അനുവദിച്ച് 2 മെത്രാന്മാരും കൂടി ഒരു കല്പന എഴുതിയും വച്ച് ദീവന്നാസ്യോസ് മെത്രാച്ചൻ സിമ്മനാരിയിലേയ്ക്ക് നീങ്ങി. അതിനെപ്പറ്റി ആലോചിച്ചു നോക്കിയതിൽ കഥാനായകനു പല ദോഷങ്ങൾ ഉണ്ടെന്ന് അറികയാൽ മറ്റു പ്രകാരത്തിലല്ലാതെ ഈ കല്പന കൊടുക്കാൻ പാടില്ലെന്നും ദീവന്നാസ്യോസു മെത്രാച്ചന്റെ പേർക്ക് എഴുതി അയച്ചു. മെത്രാച്ചന് വാകത്താനത്തു പള്ളിയിൽ നിന്നും 40 രൂപ കൈമുത്ത് കൊടുത്തു. ശേഷം പേർക്ക് യഥാശക്തിയും കൊടുത്തു.

20-ന് എണ്ണച്ചേരിൽ കത്തനാർ ചൊല്ലി. കുർബാന കഴിഞ്ഞ് കഥാനായകൻ വള്ളിക്കാട്ടു പള്ളി തന്റെ സ്വന്തം അധീനത്തിൽ ഇരിക്കേണ്ടതാണെന്ന് കാരണസഹിതം പ്രസ്താവിക്കുകയും കൂടിയിരുന്നവർ ആമീൻ പറകയും ചെയ്തു. പള്ളിയടിയിൽ പീലിപ്പോസിന് വരുന്ന ഞായറാഴ്ച പട്ടം കൊടുക്കുന്നതാണെന്ന് വിളിച്ചു പറകയും ചെയ്തു. 27 ന് ഞായറാഴ്ച കഥാനായകൻ വാകത്താനത്തെ പട്ടക്കാരുടെയും വേണാട്ടുകളത്തിൽ കത്തനാരുടെയും സഹകരണത്തിൽ പീലിപ്പോസിന് കോറൂയോ പട്ടം കൊടുത്തു. സമീപെയുള്ള ഇടവകക്കാരുടേയും മറ്റും വളരെ ജനം അന്ന് കൂടിയിരുന്നു. ടി. ശെമ്മാശന് കഥാനായകൻ പട്ടക്കടലാസും കൊടുത്തു.

**1090 - 1914 ചിങ്ങ മാസം**

ചിങ്ങം 3-ന് എണ്ണച്ചേരീൽ കത്തനാരുടെ അവധിയിൽ കഥാനായകൻ കുർബാന ചൊല്ലി. പഴയാറ്റുങ്കൽ ചാക്കോയുടെ ഭാര്യ ചാച്ചി മരിച്ച് അടക്കപ്പെട്ടു. പള്ളിയടിയിൽ ശെമ്മാശന് പട്ടം കൊടുത്ത പട്ടക്കടലാസ് പള്ളിയിൽ വായിക്കയും ചെയ്തു. 8 ന് കോട്ടയത്തു മാളിയേക്കൽ ഇളയമ്മ മരിച്ച് കോട്ടയത്തു പുത്തൻപള്ളിയിൽ അടക്കപ്പെട്ടു. അവർക്ക് സന്താനം ഉണ്ടായില്ല. 9-ന് എണ്ണച്ചേരീൽ കത്തനാർ ഓണാട്ട് പുന്നച്ചന് 12 ദിവസത്തേക്ക് നേർച്ചക്കുർബാന ചൊല്ലണമെന്ന് പറഞ്ഞതുകൊണ്ട് വള്ളിക്കാട്ട് പള്ളിയിൽ ആദ്യമായി ഒരു കുർബാന ചൊല്ലി. 10-ന് കഥാനായകൻ കുർബാന ചൊല്ലി.

11-ന് തിങ്കളാഴ്ച അസ്തമിച്ച് പ്രസിദ്ധനായ ഇടവഴിക്കൽ ഇ. എം. ഫിലിപ്പോസ്[108] മരിച്ചു. ഇയാൾ വലിയ മെത്രാച്ചന്റെ സിക്രട്ടറിയും കാര്യസ്ഥനും ഇടവകപത്രികയുടെ പത്രാധിപരും സമുദായം വക പല വ്യവഹാരങ്ങൾ നടത്തിയവനും സമുദായത്തിന്റെ ഒരു വലിയ തൂണുമായിരുന്നു. ഇയാളുടെ മരണം സുറിയാനി സമുദായത്തിന് ഒരു വലിയ നഷ്ടം തന്നെ.

6-ന് റോമിലെ മാർപാപ്പാ അവർകൾ കാലം ചെയ്തതായി 1090 ചിങ്ങം 6-ന് മനോരമ പത്രത്തിൽ കണ്ടു. ഇദ്ദേഹം 10-ാം പീയൂസ് എന്ന നാമധാരിയും ഭക്തനും ആയിരുന്നു എന്ന് പറയുന്നു. 13-ന് കഥാനായകൻ മരിച്ചു

പോയ പഴയാറ്റിങ്കൽ ചാച്ചിയുടെ അടിയന്തിരത്തിന് കുർബാന ചൊല്ലി. 15-ന് കഥാനായകൻ ചൊല്ലി. 17-ന് എണ്ണച്ചേരി കത്തനാർ ചൊല്ലി. കഥാനായകൻ ഉണ്ണാമറ്റത്തിൽ മലയാളം പള്ളിക്കൂടം പണിയേണ്ട സംഗതിയെപ്പറ്റി പ്രസംഗിച്ചു. 16-ന് കരപ്പാറ വെട്ടിയിൽ കൊച്ചുയൗസേപ്പിന്റെ മകൾ കൊച്ചീത്തയ്ക്ക് പനിയായിരുന്നതിനാൽ അപേക്ഷപ്രകാരം കഥാനായകൻ അവിടെ പോയി പ്രാർത്ഥന കഴിച്ച് പിറ്റെദിവസം ഉപ്രുശ്മാ കഴിക്കയും ചെയ്തു. ടി. പെണ്ണ് രാത്രി മരിക്കയും 20-ന് എണ്ണച്ചേരി കത്തനാർ കുർബാന ചൊല്ലുകയും ശവസംസ്ക്കാരം കഴിക്കുകയും ചെയ്തു. ടി. പെൺകുട്ടിയെ കുമരകത്ത് വൈപ്പിച്ചേരിയിൽ കെട്ടിച്ചതായിരുന്നു 15 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ഒരു നല്ല ദൈവഭക്തിയുള്ള പെൺകുട്ടിയായിരുന്നു. ദൈവം ആശ്വസിപ്പിക്കട്ടെ.

21-ന് കഥാനായകൻ മുൻ നാലുംന്നാക്കൽ വച്ച് പണിയിച്ച് പൂശിയ സ്ലീബായ്ക്ക് പൂച്ച് നല്ലവണ്ണം പിടിക്കാതിരുന്നതിനാൽ ആയത് മുളന്താനത്ത് കുഴിയിൽ വലിയകൊച്ചിന്റെ അടുക്കൽ തൃശൂർക്ക് കൊടുത്തയയ്ക്കയും ടിയാൻ പൂശിച്ച് അതു വയ്ക്കുന്നതിന് തടി കൊണ്ട് ഒരു വിശേഷമാതിരി പെട്ടി പണിയിച്ച് അതിൽ വെച്ച് കൊണ്ടുവരുകയും ചെയ്തു. കൂടാതെ ടിയാൻ ഒരു പട്ടുറുമാലും കൊണ്ടുവന്നു. കുരിശിന്റെ ഒരു മാലയും പൂശിച്ചു തന്നു. ടിയാന് എല്ലാം കൂടി 10-15 രൂപ ചിലവായിട്ടുണ്ട്. 23-ന് മുതൽ 28-ന് വരെ കഥാനായകൻ മരിച്ചുപോയ കരപ്പാറ കൊച്ചിത്തായുടെ ആത്മാനുകൂലാർത്ഥം കുർബാന ചൊല്ലി. 24-ന് പെരുന്നാളിൽ പട്ടരുമഠത്തിൽ അച്ചൻ ചൊല്ലുകയും പെരുന്നാളിനെ സംബന്ധിച്ച് കഥാനായകൻ പ്രസംഗിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കണക്ക് കേൾവിയും നടന്നു. .......

...... കന്നി മാസം 2-ന് ചൊവ്വാഴ്ച കഥാനായകൻ വാകത്താനത്ത് പള്ളിയിൽ നിന്നും വള്ളിക്കാട്ട് പള്ളിയിലേയ്ക്ക് പോന്നു. 4-ന് കഥാനായകൻ കുർബാന ചൊല്ലി. 7-ന് കഥാനായകൻ ചൊല്ലി. വള്ളിക്കാട്ട് പള്ളിയിൽ നിന്നും കണ്ണംചിറയ്ക്ക് ഒരു വഴി വെട്ടുന്നതിന് ആ ഭാഗക്കാർ കൂടണമെന്ന് ചട്ടം കെട്ടി. 8-ന് കഥാനായകൻ ചട്ടം കെട്ടിയ പ്രകാരം വഴിവെട്ടാൻ തുടങ്ങി.

14-ന് കഥാനായകൻ ചൊല്ലി. 20-ന് ശനിയാഴ്ച വഴിവെട്ടിയ ആൾകൾക്ക് ചൂരപ്പാടിയിൽ നിന്നും 3 പറ അരി വെച്ച് ഒരു സദ്യ കൊടുത്തു. 21-ന് കഥാനായകൻ ചൊല്ലി. 28-ന് ചൊല്ലി അന്ത്യവിധിയെപ്പറ്റി പ്രസംഗിച്ചു. തുലാമാസം 4, 5 തീയതികളിൽ കഥാനായകൻ ചൊല്ലി. 6-ന് നാലുംന്നാക്കൽ മാമലശേരിയിൽ കൊച്ചെറിയ മൂപ്പീന്ന് മരിക്കുകയും കബറടക്കത്തിന് കഥാനായകൻ ചെല്ലണമെന്ന് അവർ അപേക്ഷിക്കുകയും ചെയ്തതിനാൽ താൻ അവിടെയെത്തി കുർബാനയും ശവസംസ്ക്കാരവും കഴിഞ്ഞ് തിരിച്ചു പോന്നു. 12-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി.

13-ന് കഥാനായകൻ പരുമലയ്ക്ക് പുറപ്പെട്ട് പിറ്റെദിവസം സന്ധ്യയ്ക്ക് അവിടെയെത്തി. 15-ന് പരുമല പള്ളിയിൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി. കുടശനാട്ട് മൊളപ്പാപ്പള്ളി യാക്കോബ് ശെമ്മാശന് കശ്ശീശ്ശാ പട്ടവും ഉപ്പൂട്ടി ചെമ്മാച്ചന് ശിമ്ശാനപ്പട്ടവും കൊടുത്തു. 18-ന് പരുമലപള്ളിയിൽ കഥാനായകൻ ചൊല്ലി. 19-ന് മാർ ദീവന്നാസ്യോസ്, ഗ്രീഗോറിയോസ് മെത്രാച്ചന്മാരും കാരയ്ക്കൽ കോശി കത്തനാരും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പെരുന്നാളിനെ സംബന്ധിച്ചും അബ്ദെദ് മിശിഹാ പാത്രിയർക്കീസ് ബാവയെക്കുറിച്ചും പ്രസംഗിക്കുകയും ബാവായുടെ കല്പന വായിക്കുകയും ചെയ്തു. കൊടിയും ശ്ലീഹായും എടുത്ത് പ്രദക്ഷിണം കഴിഞ്ഞ് വൈദിക യോഗം കൂടിയതിലും മാർ ദീവന്നാസ്യോസ് മെത്രാച്ചൻ പ്രസംഗിച്ചു.

യോഗം കഴിഞ്ഞ് മെത്രാച്ചൻമാരുടെയും പട്ടക്കാരുടേയും ചെമ്മാച്ചൻമാരുടേയും കൂടെ ഒരു ഫോട്ടോ എടുക്കുകയും ചെയ്തു. 21-ന് മൂന്നിന്മേൽ കുർബാന ഉണ്ടായിരുന്നു. 24-ന് വെള്ളിയാഴ്ച പരുമല നിന്ന് യാത്ര പുറപ്പെട്ട് വള്ളിക്കാട്ട് പള്ളിയിലെത്തി. പരുമല നിന്ന് കഥാനായകന് 15 രൂപായും വള്ളക്കൂലി മുതലായ ചെലവുകളും തരികയുണ്ടായി. 26-ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. അബ്ദെദ് മിശിഹാ പാത്രിയർക്കീസ് ബാവായുടെ കല്പന വായിച്ചു. ആ കല്പനയിൽ ബാവാ മലയാളത്തു നിന്നും ശീമയ്ക്ക് പോയപ്പോൾ വഴിയാത്രയിൽ ഉണ്ടായ ആപത്തുകളും ഊർശ്ലേമിൽ വച്ച് അബ്ദുള്ളാ ബാവാ മുഖാന്തിരം ചെയ്ത ഉപദ്രവങ്ങളും കുറുക്കുമാ ദയറായിൽ ചെന്നുപറ്റിയ വിവരങ്ങളും മറ്റും പറഞ്ഞിട്ടുണ്ട്.

30-ന് കഥാനായകൻ ഉണ്ണാമറ്റത്ത് മലയാളം പള്ളിക്കൂടം പൊളിച്ച് വലുതായി പണിയിക്കേണ്ട സംഗതിയെപ്പറ്റി ആലോചിക്കാനായി ടി. പഴയ പള്ളിക്കൂടത്തിൽ പോയി യോഗം കൂടി പിരിവ് നിശ്ചയിച്ച് പിരിഞ്ഞു. അതുകഴിഞ്ഞ് ഉണ്ണാമറ്റത്തു കുട്ടന്റെ വീട്ടിലും കാട്ടിൽ മാത്തുവിന്റെ വീട്ടിലും അവരുടെ അപേക്ഷപ്രകാരം കഥാനായകൻ കയറി പ്രാർത്ഥന കഴിക്കുകയും കാപ്പി, ഭക്ഷണം മുതലായവ കഴിഞ്ഞ് തിരിച്ചു പോരുകയും ചെയ്തു.

വൃശ്ചികം 1-ന് ശനിയാഴ്ച കഥാനായകൻ ചൊല്ലി. 2-നും ചൊല്ലി. തുടർന്ന് വാകത്താനത്തു പള്ളിയിൽ വെച്ച് മൈലക്കാട്ടിൽ ചാണ്ടിയുടെ രണ്ടാമത്തെ മകളെ കല്ലുങ്കത്ര ഇടവകക്കാരൻ ഒരു ചെക്കനെകൊണ്ട് വിവാഹം കഴിപ്പിച്ചു. ...... 8-ന് ചൊല്ലി. 9-നും ചൊല്ലി. ഹൂദോശീത്തോയെക്കുറിച്ചും മറ്റും പ്രസംഗിക്കുകയും ചെയ്തു. 16-ന് കഥാനായകൻ ചൊല്ലി. വള്ളിക്കാട്ട് പള്ളിയുടെ ആ ആണ്ടത്തെ കണക്ക് തീർത്ത് തിരട്ട് വായിച്ചു.

റോമൻ കത്തോലിക്കാ സഭയിൽ ചേർന്നവരായി മാഞ്ഞൂർ ദേശത്തുള്ള ഒരു പുരുഷനും സ്ത്രീയും തമ്മിൽ വിവാഹം ചെയ്യുന്നതിന് പറഞ്ഞ് നിശ്ച

യിച്ചു. അവരുടെ പള്ളിയിൽ ചെന്നാറെ പള്ളിക്ക് ഏതോ വരുമാനങ്ങൾ കൊടുപ്പാനുണ്ടായ കാരണത്താൽ വിവാഹം നടത്തികൊടുക്കാഞ്ഞത് നിമിത്തം അവർ ചങ്ങനാശേരി മെത്രാന്റെ അടുക്കൽ ബോധിപ്പിച്ച് തീരുമാനമുണ്ടാകായികയാൽ കഥാനായകന്റെ അടുക്കൽ വന്ന് വിവാഹം നടത്തി കൊടുക്കാമോ എന്ന് ചോദിച്ചതിൽ യാക്കോബായ സഭയിൽ സ്ഥിരമായി നിന്നുകൊള്ളാമെന്ന് രജിസ്റ്റർ ഉടമ്പടി കൊടുക്കാമെങ്കിൽ ആവാമെന്ന് പറഞ്ഞാറെ അതിന് സമ്മതമില്ലാതെ അവർ പോകയും ചങ്ങനാശേരി രജിസ്റ്റർ കച്ചേരിയിൽ ഉടമ്പടി ചെയ്ത് രജിസ്ട്രാറിന്റെ മുൻപിൽ വച്ച് വിവാഹം നടത്തി പിരിയുകയും ചെയ്തു. ഈ വിവരം 13 ലെ 92–ാം ലക്കം മനോരമയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 17–ന് വെള്ളപ്പൊക്കമുണ്ടായതിനാൽ കൃഷി ഇറക്കുന്നതിന് തയ്യാറായിരുന്ന പലർക്കും നഷ്ടം സംഭവിച്ചു.

23–ന് കഥാനായകൻ ചൊല്ലി. പൊട്ടയ്ക്കാവേലിയിൽ കുര്യന്റെ ഒരു കുട്ടിയെ മാമ്മോദീസാ കഴിച്ച് ഗീവറുഗീസ് എന്ന് പേരിട്ടു. 25–ന് വള്ളിക്കാട്ട് പള്ളിയിൽ കുശിനി മുറി, കക്കൂസ് മുതലായ പണികൾക്ക് കല്ലാശാരിയെ വരുത്തി പണി ആരംഭിച്ചു. ധനു മാസം 4–ന് മലയാളമാസം 2–ാം ന് ഉണ്ണാമറ്റത്തിലെ മലയാളം പള്ളിക്കൂട പണിയ്ക്ക് അടിസ്ഥാനമിടുന്നതിന് ചെല്ലണമെന്ന് ..... കഥാനായകന്റെ പേർക്ക് എഴുതിഅയയ്ക്കയാൽ ഉച്ചകഴിഞ്ഞ് അവിടെയെത്തി 4 മണിക്ക് കഥാനായകൻ അടിസ്ഥാനകല്ല് വാനത്തിൽ സ്ഥാപിക്കുകയും ചെയ്തു. കഥാനായകന്റെ യാത്രയ്ക്ക് വെടി, കൊട്ട് മുതലായ ആഘോഷങ്ങളും ഉണ്ടായിരുന്നു.....

6, 7 തീയതികളിൽ കുർബാന ചൊല്ലി. 8–ന് കക്കൂസിന്റെ പണി തുടങ്ങി. 4 ദിവസങ്ങൾ കൊണ്ട് തീർത്ത് ഓടിട്ടു. 13 ന് കുശിനിയ്ക്ക് വാനം മാന്തി പണി തുടങ്ങി. 14–നും, 21–നും തീയതികളിൽ ചൊല്ലി. 25–ന് നോമ്പുവീടലിൽ കുർബാന ചൊല്ലി ക്രമം കഴിച്ചു. 28–ന് കുർബാന ചൊല്ലി.

**1915**

മകര മാസം 1–ന് വ്യാഴാഴ്ച കഥാനായകൻ ശു. കുർബാന ചൊല്ലി. 4–ന് കഥാനായകൻ ചൊല്ലി. കരിപ്പാൽ യാക്കോബ് കത്തനാരുടെ കുട്ടിയെ മാമ്മോദീസാ മുക്കി. കുറിയാക്കോസ് എന്ന് പേരിട്ടു. ജ്ഞാനപിതാവ് കുളങ്ങര കൊച്ച് ആയിരുന്നു. 6–ന് ദനഹാപെരുന്നാളിൽ കഥാനായകൻ ചൊല്ലി ക്രമം കഴിച്ചു. 11–ന് ചൊല്ലി. 14–ന് കുശിനിയ്ക്ക് ഓടിട്ടു. 15–ന് കഥാനായകൻ പെരുന്നാളിൽ ചൊല്ലി. കരിപ്പാൽ കത്തനാർ പ്രസംഗിച്ചു. പട്ടരുമഠത്തിൽ മൂപ്പച്ചൻ പെരുന്നാളിന് വന്നിരുന്നു. 16–ന് ചൊല്ലി. 26–ന് വള്ളിക്കാട്ട് പള്ളിയിലെ ആവശ്യത്തിങ്കലേക്ക് ഒരു കരിങ്കൽകുരിശ് പണിയിച്ച് കൊണ്ടുവരുന്നതിന് ചെങ്ങന്നൂർ പെരിശ്ശേരിയിൽ പള്ളിയിൽ യോഹന്നാനെ കഥാനായകൻ മുൻചട്ടം കെട്ടിയതനുസരിച്ച് ടിയാൻ കുരിശ് തീർപ്പിച്ചു

കൊണ്ട് പണിക്കാരുമായി വന്നു. കുരിശിന്റെ വില മുതലായവ കൊടുത്ത് പിറ്റെ ദിവസം അവരെ അയച്ചു.

**1090**

22, 25, 31 തീയതികളിൽ കഥാനായകൻ കുർബാന ചൊല്ലി. കുംഭം 1-ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. നോമ്പിനെപറ്റി പ്രസംഗിച്ചു. 2-ന് കഥാനായകൻ ശുബ്ക്കോനോ ക്രമം കഴിച്ചു. 5-ന് പാമ്പാടിയിൽ കുറിയാക്കോസ് റെമ്പാച്ചൻ കഥാനായകന്റെ അടുക്കൽ വന്ന് നോമ്പിൽ അവിടെ താമസിക്കുന്നതിന് ഏനമുണ്ടോ എന്ന് ചോദിച്ചതിൽ ഏനമില്ലെന്ന് അറികയാൽ അന്നു തന്നെ തിരിച്ചുപോയി.

7-ന് കഥാനായകൻ ചൊല്ലി. കുശിനി മുറിയുടെ പണി തീർന്നതിനാൽ പണിക്കാർക്ക് സമ്മാനം കൊടുത്ത് പിരിച്ചുവിട്ടു. 8, 15, 22 ഈ തീയതികളിൽ കഥാനായകൻ ചൊല്ലി. 25-ന് പാതിനോമ്പിന് കരിപ്പാൽ കത്തനാരെ വരുത്തി കുർബാന ചൊല്ലിക്കുകയും ക്രമം കഴിച്ച് കുരിശ് പള്ളിയുടെ മദ്ധ്യേ നിർത്തുകയും കുരിശിനെ സംബന്ധിച്ച് കഥാനായകൻ പ്രസംഗിക്കുകയും ചെയ്തു.

മീന മാസം 1-നും 7-നും 8-നും കുർബാന ചൊല്ലി. സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് മദ്ധ്യസ്ഥ പ്രാർത്ഥന കഴിക്കുകയും ഒരു കാണിക്കയിടീൽ നടത്തി ഒരു രൂപ 9 ചക്രം പിരിവുണ്ടായത് എൻ. കെ. പോത്തന്റെ പേർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. 13, 14 തീയതികളിൽ കഥാനായകൻ ചൊല്ലി. 14-ൽ പഴഞ്ചിറ മാണിയുടെ ഭാര്യയ്ക്ക് കഥാനായകൻ ഉപ്രുശ്മാ കഴിച്ചു. 15-ന് ഓശാന. 19-ന് പെസഹാ. 20-ന് ദുഃഖവെള്ളി. 22-ന് നോമ്പുവീടൽ ഈ ദിവസങ്ങളിലെ ശുശ്രൂഷകൾ എല്ലാം കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ തന്നെ നടത്തി. 25-ന് കഥാനായകൻ ചൊല്ലി. തുഞ്ചത്ത് വർക്കിയുടെ കുട്ടിയെ മാമ്മോദീസാ മുക്കി പുന്നൻ എന്നു പേരിട്ടു. ജ്ഞാനപിതാവ് തുഞ്ചത്ത് പുന്നൻ (കൊച്ചപ്പൻ) ആയിരുന്നു.

29-ന് കഥാനായകൻ ചൊല്ലി. അന്നു ഉച്ചകഴിഞ്ഞ് പുല്ലുകാട്ട് ചെറിയാന്റെ അപേക്ഷപ്രകാരം അവന്റെ മകളുടെ വിവാഹം നടത്താനായി വലിയ പള്ളിയിൽ പോയി. അവിടെ ഈ കല്യാണവും വേറേ 3 കല്യാണവും ഉണ്ടായിരുന്നു. അതുകൾ നടത്തിയശേഷം പള്ളിയിലേക്ക് തിരിച്ചുപോരുകയും ചെയ്തു. മേടം 9-ന് കഥാനായകൻ ചൊല്ലി. കാരുച്ചിറ കൊച്ചു പുന്നന്റെ കുട്ടിയെ മാമോദീസാ മുക്കി പൗലോസ് എന്നു പേരിട്ടു. തല തൊട്ടത് തെക്കെ പുത്തൻപുരയിൽ വർക്കി.

തിരുവിതാംകൂർ മഹാരാജാവ് കുന്നൂർക്ക് എഴുന്നെള്ളുന്ന യാത്രയിൽ കോട്ടയം വഴി വരുമ്പോൾ മെത്രാൻമാരും മറ്റും മുഖം കാണിക്കുന്നതിന്

നിശ്ചയിച്ചിരിക്കുന്നതിനാൽ അതിനായി കോട്ടയത്ത് എത്തണമെന്ന് മാർ ദീവന്നാസ്യോസ് മെത്രാച്ചൻ കഥാനായകന് എഴുതി അയച്ചിരുന്നതിനാൽ നാളത് കോട്ടയത്തേക്ക് പുറപ്പെട്ട് സിമ്മന്നാരിയിൽ എത്തി. സിമ്മന്നാരിയിൽ മാർ ദീവന്നാസ്യോസ്, ഈവാനിയോസ്, ഗ്രീഗോറിയോസ് എന്നീ മെത്രാച്ചൻമാർ ഉണ്ടായിരുന്നു. 5-ന് സിമ്മന്നാരിയിൽ കഥാനായകൻ കുർബാന ചൊല്ലുകയും നിരണം ബി. ഡി. ശെമ്മാശൻ പ്രസംഗിക്കുകയും ചെയ്തിരുന്നു.

നാളത് 5 1/2 മണിക്ക് മഹാരാജാവ് ആലപ്പുഴ നിന്നും കോട്ടയത്ത് എത്തി. 6 ന് കാലത്ത് എല്ലാ സമുദായക്കാർക്കും മുഖം കാണിക്കാൻ അനുവദിച്ചിരുന്നതിനാൽ ഞങ്ങൾ 4 മെത്രാച്ചൻമാരും മാമ്മൻ മാപ്പിള, കുരുവിള ഇഞ്ചിനിയർ മുതലായവരും കൊട്ടാരത്തിലെത്തി മുഖം കാണിച്ചു. സമുദായം വക ഒരു മംഗളപത്രം സമർപ്പിച്ചു. ഇതുപോലെ മറ്റു സമുദായക്കാരും മുഖം കാണിച്ചു. മെത്രാച്ചൻമാർക്ക് ഇരിപ്പു കൊടുക്കുകയും പലതും സംസാരിക്കുകയും ചെയ്തു. മംഗളപത്രത്തിന് മറുപടി ആലുവായിൽ നിന്ന് പിന്നീട് അയച്ചുതന്നു. 11 1/2 മണിക്ക് തമ്പുരാൻ ആലുവായ്ക്ക് പോകയും ചെയ്തു.

കോട്ടയം ജില്ലാ കോടതി സമീപം കെട്ടിഒരുക്കിയ വിശാലമായ ഒരു കെട്ടിടത്തിൽ വച്ച് കൊച്ചി തിരുവിതാംകൂർ കോൺഗ്രസ് ആംഗ്ലിക്കൻ ബിഷോപ്പ് ഡോ. ഗില്ലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ആ സംഘത്തിൽ ഞങ്ങൾ 4 മെത്രാച്ചൻമാരും ഇടവഴിക്കൽ മെത്രാച്ചനും[109] പാലകുന്ന് മെത്രാച്ചനും[110] മറ്റു മഹാൻമാരും കൂടിയിരുന്നു. പലരുടെയും പ്രസംഗങ്ങളും ചില നിശ്ചയങ്ങൾ പാസ്സാക്കുകയും ചെയ്തിരുന്നു. ഒടുവിൽ ഒരു കാപ്പി സത്ക്കാരവും എല്ലാരും കൂടി ഫോട്ടോ എടുപ്പിക്കലും ഉണ്ടായി.

10 ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മീനടത്ത് പുത്തൻ പള്ളിയിലേക്കും 11 ന് ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കുറിച്ചി പള്ളിയിലേക്കും നീങ്ങി. 12 ന് കഥാനായകൻ സിമ്മന്നാരിയിൽ കുർബാന ചൊല്ലി. 14 ന് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മീനടത്ത് നിന്നും സിമ്മന്നാരിയിൽ എത്തി. 17 ന് കാതോലിക്കാബാവായുടെ ശ്രാദ്ധത്തിന് ആയി മെത്രാച്ചൻമാരിലൊരാളെ കൊണ്ടുപോകുന്നതിനായി പാലപ്പള്ളിയിൽ ഇത്താപ്പിരി വള്ളവുമായി വന്നു. കഥാനായകനും 2 ശെമ്മാശൻമാരും കൂടി പാമ്പാക്കുടയ്ക്ക് പുറപ്പെട്ട് 18 ന് പിറവത്ത് കടവിലെത്തുകയും അവിടെ നിന്ന് ആഘോഷമായി എതിരേറ്റ് കൊണ്ടുപോവുകയും 4 മണിക്ക് പള്ളിയിലെത്തുകയും ചെയ്തു. പതിവിൻപ്രകാരം ലുത്തനിയായും ആശീർവാദവും കഴിച്ച് കഥാനായകൻ ജനങ്ങളെ അനുഗ്രഹിച്ചു.

19 ന് കഥാനായകൻ പാമ്പാക്കുട ചെറിയപള്ളിയിൽ കുർബാന ചൊല്ലുകയും പ്രസംഗം പറയുകയും ചെയ്തു. 20 ന് സന്ധ്യാ നമസ്കാരം കഴിഞ്ഞ്

പുരവികേരിക്കാരൻ ഗീവറുഗീസ് ശെമ്മാശൻ ഭക്തിവിഷയമായ ഒരു പ്രസം ഗം പറഞ്ഞു. അനന്തരം കൊടി, സ്ലീബായോടു കൂടി പ്രദക്ഷിണം കഴിച്ച് കാലത്തെ പാലപ്പള്ളിയിൽ പൗലോസ് കത്തനാരും മുറിമറ്റത്ത് ഓമ്പാള കത്തനാരും കൂടി കുർബാന ചൊല്ലി. അതുകഴിഞ്ഞ് കഥാനായകൻ കുർബാന ചൊല്ലി. കുർബാനമദ്ധ്യേ പുന്നൂസു ചെമ്മാച്ചനും കുർബാന കഴിഞ്ഞ് കഥാനായകനും പരിശുദ്ധന്മാരുടെ ഓർമ്മ കഴിക്കുന്നതിനെ കുറിച്ച് പ്രസംഗിച്ചു. അതുകഴിഞ്ഞ് വഴിപാട് ഇടീലും നടന്നു. ഉച്ചകഴിഞ്ഞ് പ്രദ ക്ഷിണം ഉണ്ടായിരുന്നു. കുറേ വെള്ളി സാമാനങ്ങളും ഒരു പൊലിയാ വിളക്കും 75 രൂപായും കബറിങ്കൽ വരവുണ്ടായിരുന്നു. കഥാനായകന് കാലം ചെയ്ത ബാവായുടെ ഒരു പുറംകുപ്പായവും പാലപ്പള്ളി കത്തനാരുടെ വക ഒരു മസ്നപ്സയും ശെമ്മാശൻമാർക്കു ഈരണ്ട് രൂപയും കത്തനാർ കൊടു ത്തു. 22 ന് കഥാനായകനും മറ്റും തിരികെ യാത്ര പുറപ്പെട്ട് 23 ന് സിമ്മന്നാ രിയിലും 24 ന് വള്ളിക്കാട്ട് പള്ളിയിലും എത്തി.

26 നു 30 നും സ്വർഗാരോഹണ പെരുന്നാളിനും ഇടവം 2 ന് ശനിയാ ഴ്ചയും 3 ന് ഞായറാഴ്ചയും കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർ ബാന ചൊല്ലി. 10 ന് പെന്തിക്കോസ്തിയിൽ കഥാനായകൻ ചൊല്ലി ക്രമം കഴിച്ചു. ഉച്ചകഴിഞ്ഞ് വാകത്താനത്ത് പള്ളിയിൽ കഥാനായകൻ പോയി. ചക്കുപുരയ്ക്കൽ ആണ്ടയെ കാര്യക്കുളത്ത് കുട്ടിയെ കൊണ്ട് വിവാഹം കഴിപ്പിക്കയിൽ കൈ പിടിപ്പിച്ചു. മടത്തറമ്പിൽ കുഞ്ചന്റെ മകൻ കുര്യന്റെ വിവാഹവും അന്നു തന്നെയായിരുന്നു. ഇതുകൾ കഴിഞ്ഞ് വള്ളിക്കാട്ട് പള്ളിയിലേക്ക് പോരുകയും ചെയ്തു.

17 ന് കഥാനായകൻ ചൊല്ലി. 20 ന് ബുധനാഴ്ച തെക്കേപ്പുറത്ത് ഉലഹന്നാൻ മുതൽപേരുടെ തള്ള അക്ക എന്ന സ്ത്രീ മരിച്ചടക്കപ്പെട്ടു. 24, 31 ഈ തീയതികളിൽ കഥാനായകൻ ചൊല്ലി. മിഥുന മാസം 4 ന് ഉച്ച തിരിഞ്ഞ് കഥാനായകൻ വെട്ടിക്കുന്നേപ്പള്ളിക്കാരുടെ എതിരേല്പോടു കൂടെ ആ പള്ളിയിലേക്ക് പോയി. യാത്രാമദ്ധ്യേ കണ്ണഞ്ചിറ മിഷൻ പള്ളി ക്കുടം വാദ്ധ്യാൻമാരും കുട്ടികളും ഒരുക്കത്തോടെ നിന്നിരുന്നതിനാൽ അവി ടെ കയറി. കുട്ടികൾ പാട്ടു പാടുകയും മംഗളപത്രം സമർപ്പിക്കയും യഥോ ചിതം മറുപടി പറകയും 3 രൂപാ ഒരു സംഭാവനയായി പള്ളിക്കുടത്തിന് കൊടുക്കുകയും ചെയ്തു. 7 ന് കഥാനായകൻ വെട്ടിക്കുന്നേപ്പള്ളിയിൽ കുർ ബാന ചൊല്ലി ഞായറാഴ്ച ആചാരത്തെപ്പറ്റി പ്രസംഗിച്ചു. 14 ന് ഞായറാഴ്ച കുർബാന ചൊല്ലി. ശാപമുള്ള വസ്തുവിൽ നിന്ന് സൂക്ഷിച്ച് കൊള്ളണ മെന്ന വാക്യം സംബന്ധിച്ച് പ്രസംഗിക്കയും പള്ളിയുടെ മേൽനടപടിക്ക് വേണ്ട ചട്ടംകെട്ടുകൾക്കായി ആലോചിച്ച് ഉറപ്പിക്കണമെന്ന് പറകയും ചെയ്തു.

18 ന് കൈതയിൽ ഗീവറുഗീസ് കത്തനാർക്ക് കന്തീല കഴിക്കുന്നതിനായി

കഥാനായകനെ കൊണ്ടുപോയി. തോപ്പിൽ കുറിയാക്കോസു കത്തനാർ, പുത്തൻപുരക്കൽ കത്തനാർ, മണിമല കത്തനാർ എണ്ണച്ചേരീൽ കത്തനാർ, പട്ടശ്ശേരിൽ കത്തനാർ എന്നിവരുടെ സഹകരണത്തിൽ കന്തീലാക്രമം ആരംഭിക്കയും 4 1/2 മണിക്ക് അവസാനിക്കയും ചെയ്തു. ഒടുവിൽ ദീനത്തിൽ കിടന്ന കത്തനാരും എല്ലാവരോടും ശുബുക്കോന ചോദിക്കയും ചെയ്ക ഉണ്ടായി. കഥാനായകൻ അന്നു പള്ളത്തു പള്ളിയിൽ താമസിക്കയും പിറ്റെദിവസം തിരിച്ച് വെട്ടിക്കൽ പള്ളിയിലേക്ക് പോരികയും ചെയ്തു.

21 ന് ചൊല്ലി. സുഭാ. 15:1 വാക്യത്തെ സംബന്ധിച്ച് പ്രസംഗിക്കയും കുർബാന കഴിഞ്ഞ് പള്ളിയുടെ മേൽനടപടിക്ക് എഴുതിയ കല്പന വായിക്കയും ചെയ്തു. 25 ന് കഥാനായകൻ വെട്ടിക്കപ്പള്ളിയിൽ നിന്നും വള്ളിക്കാട്ട് പള്ളിയിലേക്ക് തിരിച്ചുപോരികയാൽ 15 രൂപാ അവർ കൈമുത്തു വച്ചു. 26 ന് കൈതയിൽ ഗീവറുഗീസ് കത്തനാർ മരിക്കയിൽ കഥാനായകൻ കബറടക്കത്തിനായി പോയി എട്ടുപത്തു പട്ടക്കാരുടെ സഹായത്തോടു കൂടെ ശുശ്രൂഷകൾ കഴിച്ച് കബറടക്കയും ചെയ്തു. അന്ന് അവിടെ താമസിക്കയും പിറ്റെദിവസം വള്ളിക്കാട്ട് പള്ളിയിലേക്ക് തിരികെ പോരികയും ചെയ്തു.

28, 29 തീയതികളിലും കർക്കടകം 3, 5 തീയതികളിലും കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. 7 ന് പുതുപ്പള്ളിൽ കയ്പനാട്ട് ഗീവറുഗീസ് കത്തനാർ വെള്ളത്തിൽ വീണു മരിച്ചു. പിറ്റെദിവസം പോലീസുകാരുടെ പരിശോധന കഴിച്ച് ശവം നിലയ്ക്കൽപള്ളിയിൽ അടക്കി. ടിയാനു 34 വയസ്സു മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. 12, 18 തീയതികളിൽ കഥാനായകൻ ചൊല്ലി. 19 ന് ഞായറാഴ്ചയും ചൊല്ലി. ജനങ്ങളുടെ മദ്യപാനം, മോഷണം, ചതിവ് മുതലായതിനെപ്പറ്റി ദീർഘമായി പ്രസംഗിക്കയും ..... ചെയ്തു. 20 ന് വടക്ക് കണ്യാട്ട്നിരപ്പേൽ പള്ളി ഇടവകക്കാരൻ ..... യുവാവ് കഥാനായകന്റെ അടുക്കൽ വന്നു. അവന്റെ അപ്പന്റെ മദ്യപാനം, ദുർന്നടത്തു മുതലായ ദോഷങ്ങളെ കണ്ട് സഹിക്കവഹിയാതെ വീടും സകല അവകാശങ്ങളും ഒഴിഞ്ഞ് സുവിശേഷ വേലക്കായി ചങ്ങനാശ്ശേരീൽ വന്ന് താമസിക്കയാണെന്ന് പറഞ്ഞു. പിറ്റെദിവസം ടിയാൻ പോകയും ചെയ്തു.

22 ന് ബുധനാഴ്ച ബ്രിട്ടീഷ് ഗവൺമെണ്ട് ജർമ്മനിയുമായി യുദ്ധപ്രഖ്യാപനം ചെയ്തിട്ട് ഒരു കൊല്ലം തികയുന്ന ദിവസമായിരുന്നു. അന്നേ ദിവസം നാനാജാതി മതസ്ഥന്മാരും അവരുടെ ദേവാലയങ്ങളിൽ ഈശ്വര പ്രാർത്ഥന കഴിക്കണമെന്നുള്ള മഹാരാജാവിന്റെ കല്പനയനുസരിച്ച് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലും കുർബാനയും പ്രത്യേകം പ്രാർത്ഥനയും കഴിച്ച് വിവരത്തിന് താലൂക്കിലേക്ക് റിപ്പോർട്ട് ചെയ്കയും ചെയ്തു. 26 ന് ചൊല്ലി. മദ്യപാനത്തെ കുറിച്ച് പ്രസംഗിച്ചു.

**1091 ചിങ്ങ മാസം 1915**

2 ന് ഞായറാഴ്ച കഥാനായകൻ കുർബാന ചൊല്ലുകയും പ്രസംഗിക്കുകയും 6, 9 ഉം തീയതികളിൽ കുർബാന ചൊല്ലുകയും ചെയ്തു. 14 ന് തുമ്പമൺ പറമ്പിൽ ഗീവറുഗീസിന്റെ മകൻ കോശി ശെമ്മാശനും മീനടത്തുകാരൻ ശെമ്മാശനും, ടി. കോശി ശെമ്മാശനും കത്തനാര് പട്ടം കൊടുത്ത് അയയ്ക്കണമെന്നുള്ള മാർ ദീവന്നാസ്യോസ് മെത്രാച്ചന്റെ എഴുത്തോടു കൂടെ കോട്ടയത്തു നിന്നും കഥാനായകന്റെ അടുക്കൽ വന്നു ചേർന്നു.

15 ന് പെരുന്നാളിൽ കഥാനായകൻ ടി. കോശി ശെമ്മാശന് കരിപ്പാൽ യാക്കോബ് കത്തനാർ, ചക്കുപുരയ്ക്കൽ ശെമ്മാശൻ, പള്ളിയടിയിൽ ശെമ്മാശൻ, കൂരിച്ചാണിൽ ശെമ്മാശൻ എന്നിവരുടെ സഹകരണത്തിൽ കത്തനാർപട്ടം കൊടുത്തു. അന്നുതന്നെ അയാൾ കോട്ടയത്തേയ്ക്ക് പോകുകയും ചെയ്തു. ഈ കത്തനാർ റോമാ വിശ്വാസത്തിൽ നിന്നും സുറിയാനി സഭയിലേയ്ക്ക് ചേർന്നുനിൽക്കുന്ന ബ്രഹ്മവാർ ഇടവകക്കാരുടെ[111] ആവശ്യത്തിലേയ്ക്കാണ് പട്ടം കെട്ടിയത്. 16 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. ആത്മാവിന്റെ ശ്രേഷ്ഠതയെപ്പറ്റി പ്രസംഗിച്ചു.

23 ന് ചൊല്ലി. സത്ക്രിയകളെപ്പറ്റി പ്രസംഗിച്ചു. പിറ്റേദിവസം കൈതയിൽ ചെറിയയുടെ മകൻ വർഗ്ഗീസ് കോട്ടയത്ത് നവീകരണപള്ളിയായ ഓർശ്ലേം പള്ളിയിൽ ചെന്ന് പാലത്തുങ്കൽ കൊച്ചുകുഞ്ഞിന്റെ മകളെ കല്യാണം കഴിച്ചു. ..... 23 ന് കഥാനായകന്റെ സഹോദരി കാഞ്ഞിരത്തിൽ കെട്ടിച്ചിരുന്ന മറിയത്തിന്റെ മകളെ പാണമ്പടി പള്ളിയിൽ വെച്ച് പാണാമ്പറമ്പിൽ കൊച്ചുകുഞ്ഞിന്റെ മൂത്തമകൻ വിവാഹം ചെയ്തു. 30 ന് ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കാലത്തെ കുർബാന ചൊല്ലുകയും അതുകഴിഞ്ഞ് വാകത്താനത്ത് പള്ളിയിൽ ചക്കുപുരയ്ക്കൽ ശെമ്മാശൻ കോട്ടയത്ത് കാവുങ്കലോത്ത് വീട്ടിൽ മറിയത്തെ വിവാഹം കഴിക്കയാൽ ആ വിവാഹവും മറ്റു 2 വിവാഹവും കൈപിടിപ്പിച്ചു.

.... 3 ന് കൽക്കട്ട ബിഷോപ്പ് ലഫ്രെയിഡ കോട്ടയത്ത് സിമ്മനാരിയിൽ വരുന്നതു കൊണ്ട് കാണുന്നതിനായി ചെല്ലണമെന്ന് ദീവന്നാസ്യോസ് മെത്രാച്ചൻ എഴുതി അയച്ചിരുന്നതിനാൽ കോട്ടയത്തേക്ക് പോയി. അന്നു ടി. ബിഷോപ്പ് കോട്ടയത്തെത്തി.

4 ന് മാർ ദീവന്നാസ്യോസ് മെത്രാച്ചൻ ബിഷോപ്പിന്റെ ബംഗ്ലാവിൽ പോയി അദ്ദേഹത്തെ കണ്ട് പല സംഗതികളും സംസാരിച്ച് തിരിച്ചു പോന്നു. അന്നുതന്നെ ഇംഗ്ലീഷ് പള്ളിമുറ്റത്ത് വച്ച് ഒരു റ്റീപാർട്ടി ഉണ്ടായിരുന്നു. അതിലേക്ക് കഥാനായകനും ഗ്രീഗോറിയോസ് മെത്രാച്ചനും കൂടി പോയി.

അതിൽവച്ച് ബിഷോപ്പിന്റേയും ജില്ലാ ജഡ്ജിയുടെയും മറ്റും പ്രസംഗങ്ങളും ഉണ്ടായിരുന്നു. 6 മണിക്ക് വെടിക്കെട്ടും കഴിഞ്ഞ് എല്ലാവരും പിരിയുകയും ചെയ്തു. 5 ന് ശനിയാഴ്ച പകൽ കൽക്കട്ട ബിഷോപ്പും ഗിൽ ബിഷോപ്പും കൂടി സിമ്മനാരിയിൽ വന്നിരുന്നു. സിമ്മനാരിയിൽ വളരെ അലങ്കാരങ്ങൾ ചെയ്തിരുന്ന ശെമ്മാശന്മാരുടെ രാഗങ്ങളോടു കൂടി ബിഷോപ്പിനെ എതിരേറ്റു കൊണ്ടുവന്ന് കമ്മറ്റി മാളികയിൽ ഇരുത്തി. അദ്ദേഹം വളരെ സംഭാഷണം കഴിക്കുകയും ചെപ്പേട് മുതലായ പഴയ സാമാനങ്ങൾ കാണുകയും ചെയ്തു. ഒടുവിൽ തേയില സത്ക്കാരവുമുണ്ടായിരുന്നു. പിന്നീട് ബിഷോപ്പ് പള്ളിയകത്ത് കയറി കാണുകയും ഒരു കൃതജ്ഞതാ പ്രസംഗം ചെയ്തു കൊണ്ട് തിരിച്ചുപോയി. അന്നു തന്നെ കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേയ്ക്ക് തിരിച്ചുപോരുകയും ചെയ്തു. 6 നും 13 നും കഥാനായകൻ ചൊല്ലി. 20 നു കഥാനായകൻ ചൊല്ലി പള്ളിയുടെ സ്ഥാപനപ്പെരുന്നാളും കോതമംഗലത്ത് ബാവായുടെ ഓർമ്മയും കഴിച്ചു. പതിവിൻപ്രകാരം നേർച്ച ഇടീലും അവൽ നേർച്ചയും ഉണ്ടായിരുന്നു.

1915 തുലാ മാസം 1 ന് വ്യാഴാഴ്ച കഥാനായകൻ സൺഡേസ്കൂൾ കുട്ടികളുടെ സമ്മാനംകൊടയ്ക്കായി പാത്താമുട്ടം മലയാളം പള്ളിക്കൂടത്തിൽ പോയിരുന്നു. പടികരകടവിൽ കെട്ടിഒരുക്കിയിരുന്ന പന്തലിൽ അല്പം വിശ്രമിച്ച ശേഷം കുട്ടികളുടെ പാട്ട്, ആർപ്പുവിളി, വെടി, കൊട്ട്, ആനയും ആഘോഷങ്ങളോടും കൂടി 11 മണിക്ക് പള്ളിക്കൂടത്തിലെത്തുകയും 11 1/2 മണിക്ക് യോഗം ആരംഭിക്കയും കഥാനായകൻ അദ്ധ്യക്ഷത വഹിച്ച് പ്രാരംഭപ്രസംഗം പറയുകയും ചെയ്തു. അതെ തുടർന്ന് കെ. സി. ചെറിയാൻ, ഹെഡ്മാസ്റ്റർ മുതലായവരുടെ പ്രസംഗങ്ങളും കുട്ടികളുടെ കർണ്ണരസങ്ങളായ പാട്ടുകളും മംഗളം പറച്ചിലും നടന്നശേഷം സമ്മാനം കൊടയും കഴിച്ചു. പിന്നീട് പള്ളിക്കൂടത്തിന്റെ പണി പൂർത്തിക്കുവേണ്ടി ഒരു വരി നിശ്ചയിച്ചതിൽ കഥാനായകൻ 3 രൂപ കൊടുക്കാമെന്ന് സമ്മതിക്കയും ചെയ്തു. തദനന്തരം കുട്ടികളുടെ കായികാഭ്യാസങ്ങളും കഴിഞ്ഞ് കഥാനായകൻ തിരിച്ചുപോരുകയും ചെയ്തു.

3 ന് കഥാനായകൻ ചൊല്ലി. 4 ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ പോയി പട്ടരുമഠത്തിൽ മൂപ്പച്ചന്റെ അവധിയിൽ കുർബാന ചൊല്ലുകയും കാരുചിറ ചെറിയാന്റെ കുട്ടിയേയും വെറൊരു കുട്ടിയേയും മാമ്മോദീസാ മുക്കുകയും ചെയ്തു. ചെറിയാച്ചന്റെ കുട്ടിക്ക് കുറിയാക്കോസ് എന്നു പേരിട്ടു. കുർബാന കഴിഞ്ഞ് കഥാനായകൻ പള്ളിസംബന്ധമായ ചില സംഗതികളെക്കുറിച്ചും കൈസ്ഥാനത്തെ സംബന്ധിച്ചും പ്രസംഗിക്കുകയും 71 നും 74 ലും നിറപറ, പിടിയരി മുതലായവ പിരിച്ചു വള്ളിക്കാട്ട് പള്ളിയിൽ ചിലവ് ചെയ്തതിന്റെ കണക്ക് നോക്കിയതിൽ 107 രൂപ 25 ചക്രം കണ്ടതിൽ കഥാനായകൻ വലിയപള്ളിക്ക് പലവകയിൽ 22 1/2 രൂപ ചിലവു

ചെയ്തത് നീക്കി 85 രൂപ 10 ചക്രം ഒരു കരിങ്കൽ കുരിശു പണിയിച്ച് വരുത്തിവെയ്ക്കണമെന്ന് പറഞ്ഞ് ഏല്പിക്കുകയും വിവരത്തിന് സ്വന്തം കൈപ്പടയിൽ കണക്ക് എഴുതുകയും ചെയ്തുകൊണ്ട് തിരിച്ചുപോന്നു.

11 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. .... 18 ന് വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ ചൊല്ലി. കഥാനായകൻ പരുമല പെരുന്നാളിന്നായി യാത്ര പുറപ്പെട്ട് 4 മണിക്കു പാറയ്ക്കൽ എത്തി ദീനത്തിലായിരിക്കുന്ന കോരത് എന്ന ആളെ കാണുകയും പ്രാർത്ഥന കഴിക്കയും ചെയ്തു. ..... പിന്നീട് പുറപ്പെട്ട് 19 ന് 3 മണിക്ക് പരുമലയെത്തി. അവിടെ മാർ ദീവന്നാസ്യോസ്, ഈവാനിയോസ്, ഗ്രീഗോറിയോസ് ഈ മെത്രാച്ചന്മാർ ഉണ്ടായിരുന്നു. വൈകിട്ടു പ്രദക്ഷിണവും സുവിശേഷപ്രസംഗവും നടന്നു. 20 ന് പെരുന്നാളിൽ ദീവന്നാസ്യോസ്, ഈവാനിയോസ്, കഥാനായകൻ ഈ മെത്രാച്ചന്മാർ മൂന്നിന്മേൽ കുർബാന ചൊല്ലുകയും ഗ്രിഗോറിയോസ് മെത്രാച്ചൻ പ്രസംഗിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പ്രദക്ഷിണവും നടന്നു. അതുകഴിഞ്ഞ് വൈദികരുടെ യോഗത്തിൽ വൈദികയോഗം ക്രമമായി നടത്തേണ്ടതിനെപ്പറ്റി പ്രസംഗവും ഉണ്ടായിരുന്നു. ശെമ്മാശന്മാരും പട്ടക്കാരുമായി ഏകദേശം 100 പേർ ഉണ്ടായിരുന്നു. പട്ടക്കാർക്കു രണ്ടു രൂപാ വീതം കുർബാന പണത്തിൽ നിന്നും കൊടുത്തു എല്ലാവരും പിരിയുകയും ചെയ്തു.

21 ന് നടവരവ് എടുത്തതിൽ 1089 1/2 രൂപായും കുർബാനപണം 360 ൽ ചില്ല്വാനം രൂപയും ഉണ്ടായിരുന്നു. കഥാനായകൻ വള്ളിക്കാട്ടു പള്ളിയിലേക്കു പോരുകയും പിറ്റെദിവസം അവിടെ എത്തുകയും ചെയ്തു. പരുമല നിന്നും കഥാനായകനു 25 രൂപായും വാല്യക്കാർക്ക് 10 രൂപായും തന്നു. 25, 29 തീയതികളിൽ കഥാനായകൻ ചൊല്ലി. പിന്നീട് വൃശ്ചികം 1 ന് ഞായറാഴ്ച ചൊല്ലി. കൂദാശ്ഹീത്തോയെക്കുറിച്ച് പ്രസംഗിച്ചു. 7 നു ശനിയാഴ്ചയും ചൊല്ലി. 8 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. ഹൂദസ് ഈത്തോയെക്കുറിച്ച് പ്രസംഗിച്ചു.

14 ന് ചെങ്ങന്നൂർ വാഴയിൽ ഈയോബു കത്തനാരുടെ കബറടക്കത്തിനായി കഥാനായകൻ അവിടേക്ക് യാത്ര പുറപ്പെട്ടു. നാലുംനാക്കലെ പട്ടക്കാരെയും കൊണ്ട് 4 1/2 മണിക്കു അവിടെയെത്തി. അവിടെയുള്ള പട്ടക്കാർ കഴിച്ചതു നീക്കിയുള്ള ശുശ്രൂഷകളും കഴിച്ചു സന്ധ്യയോടു കൂടെ കബറടക്കം ചെയ്തു. ഈ കത്തനാർക്ക് 27 വയസ് പ്രായമേയുള്ളൂ. അയാളുടെ ഭാര്യയും മൂന്നു നാലു മാസങ്ങൾക്കു മുമ്പേ മരിച്ചു പോയാരുന്നു. പിറ്റേദിവസം കഥാനായകൻ ആ പള്ളിയിൽ കുർബാനയും പ്രസംഗവും കഴിച്ചു. 2 മണിയോടു കൂടെ അവിടെനിന്നും പുറപ്പെട്ട് രാത്രിയിൽ നാലുന്നാക്കൽ എത്തി താമസിക്കുകയും കാലത്തു ചൂരപ്പാട്ട് പോയി ദീനത്തിൽ കിടന്നിരുന്ന ചെറിയാനു വേണ്ടി പ്രാർത്ഥന കഴിച്ചുംവെച്ച് 10 മണിയ്ക്ക് വള്ളിക്കാട്ടു പള്ളിയിൽ എത്തുകയും ചെയ്തു.

20 ന് തുറബ്ദീൻ മെറ്റിയാത്തുകാരനായ ശ്ലെമൂൻ എന്നു പേരുള്ള ഒരു കുരുടനും അയാളുടെ കൂട്ടുകാരനായ ഇസഹാക്ക് എന്നു പേരായ ഒരുവനും ഭിക്ഷാടനത്തിനായി കഥാനായകന്റെ അടുക്കലും വന്നിരുന്നു. അവർക്കു 2 രൂപായും, കൂടെവന്ന വാലിയക്കാരൻ മൂപ്പനു 3 ചക്രവും കഥാനായകൻ കൊടുത്തു. യുദ്ധം മൂലം തിരിച്ചുപോകാൻ നിവൃത്തിയില്ലാതെ ആ സാധുക്കൾ വലയുന്നുവെന്നു പറഞ്ഞു. 22 ന് കഥാനായകൻ ചൊല്ലി. 29 നും ചൊല്ലി മെസൽത്തൊയെക്കുറിച്ചു പ്രസംഗിച്ചു. ധനു മാസം 1 ന് ചൊവ്വാഴ്ച നോമ്പു തുടങ്ങി. 5 നും 6 നും കുർബാന ചൊല്ലി. 7 ന് വള്ളിക്കാട്ടു പള്ളിയിൽ തൂക്കുന്നതിനു ചീനച്ചട്ടി കൊണ്ട് ഒരു വിളക്ക് പണിയിച്ച് നടയിൽ തൂക്കി.

13, 20 തീയതികളിൽ കുർബാന ചൊല്ലി. 25 ന് വെള്ളിയാഴ്ച നോമ്പ് വീടലിൽ കഥാനായകൻ കുർബാന ചൊല്ലുകയും, പിറവിയെക്കുറിച്ച് പ്രസംഗിക്കുകയും ക്രമം കഴിക്കുകയും ചെയ്തു. എണ്ണച്ചേരീൽ കത്തനാർ നിലക്കൽ പള്ളിയിൽ പോയിരുന്നതിനാൽ കുറിച്ചിയിൽ തോപ്പിൽ കത്തനാർ വാകത്താനത്തുപള്ളിയിൽ ക്രമം നടത്തി. .....

27 ന് കഥാനായകൻ ചൊല്ലി. 28 ന് വാകത്താനത്ത് പള്ളിയിൽ പെരുന്നാളായിരുന്നു. അന്നു തോപ്പിൽ കത്തനാർ കുർബാന ചൊല്ലി. 1916 മകരമാസം 1 ന് വെള്ളിയാഴ്ച വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ കുർബാന ചൊല്ലി. 3 ന് ഞായറാഴ്ചയും കുർബാന ചൊല്ലി. കരപ്പാറെ വെട്ടിയിൽ ഐപ്പും അവന്റെ അമ്മയും സഹോദരങ്ങളും കൂടി കഥാനായകനെ ഒരു ചുവപ്പു കുപ്പായവും പട്ടും അരിക്കുവാളത്തിന് മഞ്ഞപ്പട്ടും മറ്റു ചില സാമാനങ്ങളുമായി വന്നു. പട്ട് 7 1/2 വാറ്. മഞ്ഞ 1 വാറ്.

6 ന് ദനഹായ്ക്ക് കഥാനായകൻ ചൊല്ലി ക്രമം കഴിച്ചു. മനോരമ പത്രം നിർത്തുകയും ചക്കുപുരയ്ക്കൽ ശെമ്മാശന്റെ പത്രത്തിനു പങ്കുചേരുകയും ചെയ്തു. കൊച്ചിയിൽ നിന്നും വള്ളിക്കാട്ടു പള്ളിക്കു വേണ്ടി 4 കതിനാ വരുത്തുകയും രണ്ടു വെട്ടുകുട തൈപ്പിക്കുകയും ചെയ്തു. കതിനായിൽ ഒന്ന് ചൂരപ്പാടിൽ യാക്കോയുടെ വകയായിരുന്നു. 7 ന് കഥാനായകൻ സുഖക്കേടിൽ ഇരുന്നിരുന്ന പടിഞ്ഞാറേൽ വെട്ടിയിൽ തൊമ്മച്ചനെ ചെന്നുകണ്ടു.

10 ന് കഥാനായകൻ ചൊല്ലി. 15 ന് പെരുന്നാളിൽ വല്യമണ്ണിൽ കത്തനാർ കുർബാന ചൊല്ലി. എടത്ര കത്തനാർ പ്രസംഗിച്ചു. കുർബാന കഴിഞ്ഞ് വല്യമണ്ണിൽ കത്തനാരും പ്രസംഗിച്ചു. കരിപ്പാൽ കത്തനാരും ചക്കുപുരയ്ക്കൽ ശെമ്മാശനും, പള്ളിയടിയിൽ ശെമ്മാശനും വന്നിരുന്നു. പെരുന്നാളിൽ 23 ൽ ചില്വാനം രൂപ നടവരവും ഉണ്ടായിരുന്നു. കാള, പശു, ആട് ഇവയ്ക്ക് 20 രൂപയും ഉണ്ടായി. വല്യമണ്ണിൽ കത്തനാർ തോട്ടയ്ക്കാട് പള്ളിയിൽ നിന്നും 6 രൂപ കൈമുത്തും കൂടി കൊണ്ടുവന്നിരുന്നു. 17 ന്

കഥാനായകൻ ചൊല്ലി. 18 നും കുർബാന ചൊല്ലി. ദീനത്തിൽ ഇരുന്നിരുന്ന ഓണാട്ടിൽ കുഞ്ഞച്ചന് കുർബാന എഴുന്നള്ളിച്ച് കൊണ്ടുപോയി കൊടുത്തും വച്ച് തിരിച്ചുപോന്നു. 22 ന് ടി. കുഞ്ഞച്ചന് കഥാനായകനും, പട്ടരുമഠം, എണ്ണച്ചേരി, വല്യമണ്ണിൽ, എടത്ര, പട്ടച്ചേരി ഈ കത്തനാരുകളുടെ സഹകരണത്തിൽ കന്തീലാ കഴിച്ചു. പിറ്റെദിവസം ശനിയാഴ്ച ടിയാൻ മരിച്ചു. 24 ന് കഥാനായകനും ടി. പുന്നച്ചന്റെ കബറടക്കത്തിനായി വാകത്താനത്തുപള്ളിയിൽ എത്തി. കഥാനായകനും കുറിച്ചിയിൽ പുത്തൻ പുരയ്ക്കൽ കത്തനാരും എണ്ണച്ചേരി കത്തനാരും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലി. അതുകഴിഞ്ഞ് കഥാനായകൻ വാകത്താനത്തെ പട്ടക്കാരും ശെമ്മാശന്മാരും നാലുന്നാക്കലെയും കുറിച്ചിയിലെയും തോട്ടയ്ക്കാട്ടെയും കുഴിമറ്റത്തെയും പട്ടക്കാരും ഏറിയ ജനങ്ങളും കൂടി ടിയാനെ കബറടക്കി. ഇതിനു മുമ്പ് അയ്മേനികളുടെ കബറടക്കത്തിന് ഇതുപോലെ കണ്ടിട്ടില്ല. അഗതികൾക്ക് കോടി കൊടുക്കയും 20 പറ അരിയിൽ കുറയാതെ വച്ച് കഞ്ഞി കഴിക്കയും ചെയ്തു. ഒറ്റപ്ലാവ് ഫിലിപ്പോസിന്റെ മകളെ നാലുന്നാക്കൽ ഫിലിപ്പോസിനെ കൊണ്ട് നാലുന്നാക്കൽ പള്ളിയിൽ വച്ച് വിവാഹം കഴിപ്പിച്ചു. 31 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. മൂന്നു നോമ്പിനെപ്പറ്റി പ്രസംഗിച്ചു.

കുംഭം 2, 4, 6 തീയതികളിൽ കഥാനായകൻ ചൊല്ലി. 7 ന് ഞായറാഴ്ച കുർബാന ചൊല്ലി. സഹോദരൻ ചാക്കോയുടെ മകൻ അബ്രാഹം പഴഞ്ചിറെ പുത്തൻപുരയിൽ മാണിയുടെ മകളെ വിവാഹം കഴിക്കുന്നതിനായി വാകത്താനത്തു പള്ളിയിൽ വിളിച്ചു ചൊല്ലി.

7 ന് അസ്തമിച്ച് പടിഞ്ഞാറെ വെട്ടിയിൽ കൊച്ചുതോമ്മാച്ചൻ മരിച്ചു. ടിയാന്റെ ശവസംസ്ക്കാരത്തിനായി കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി. വാകത്താനത്തെയും നാലുംനാക്കലെയും കുറിച്ചിയിലെയും കുഴിമറ്റത്തെയും പട്ടക്കാരുടെ സഹകരണത്തിൽ കഥാനായകൻ കബറടക്കം കഴിച്ചു. ടിയാനു ഏകദേശം 64 വയസ്സുണ്ടായിരുന്നു. ടിയാൻ ഒരു സൽസ്വഭാവിയും ശാന്തശീലനും ആയിരുന്നു.

13 ന് ശനിയാഴ്ച മുളന്താനത്തുകുഴിയിൽ വല്യകൊച്ച്, എം. സി. ചാക്കോ, പുത്തനായി മാക്കാപ്പിള്ളിൽ പണിയിച്ച പുര കൂദാശയ്ക്കായി കഥാനായകനെയും കൊണ്ടുപോയിരുന്നു. വാകത്താനത്തെയും മറ്റും പട്ടക്കാരുടെ സഹായത്തിൽ പുര കൂദാശ കഴിച്ചുകൊണ്ട് കഥാനായകൻ തിരിച്ചുപോന്നു. 14 ന് ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ടുപള്ളിയിൽ ചൊല്ലുകയും വാകത്താനത്തു പള്ളിയിൽ എത്തി സഹോദരപുത്രൻ അബ്രാഹാമിന്റെ മുതലായ ഒൻപതു കല്യാണം ഉണ്ടായിരുന്നതു നടത്തിയും തിരിച്ചുപോന്നു.

20 ന് ശനിയാഴ്ച ചൊല്ലി 21 ന് ചൊല്ലി. ഞായറാഴ്ചയെക്കുറിച്ച് പ്രസം

Malankara Orthodox TV

ഗിച്ചു. 22 ന് ശുബുക്കോനാ ക്രമം കഴിച്ചു. 27 ന് ശനിയാഴ്ചയും ചൊല്ലി. 28 ന് കല്ലൂപ്പാറ താഴത്തെപീടികയിൽ അലക്സന്ത്രയൊ ശെമ്മാശന് അയാൾക്കു ശമിശാനെപ്പട്ടം കൊടുക്കുന്നതിനായി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പനയോടു കൂടെ കഥാനായകന്റെ അടുക്കൽ വരികയും കരിപ്പാൽ കത്തനാരെയും കൂട്ടി വരുത്തി ടിയാനു കഥാനായകൻ പട്ടം കൊടുക്കുകയും ചെയ്തു. ടി. ശെമ്മാശന്റെ അപ്പൻ തോമസു കത്തനാർക്ക് ദീനം കൂടുതലായിരിക്കയാൽ ടിയാന് കന്തീലാ കഴിക്കുന്നതിനായി കഥാനായകനെ കൂടെ അവർ കൊണ്ടുപോയി. രാത്രി 8 മണിക്ക് അവരുടെ വീട്ടിൽ എത്തുകയും രാത്രി 12 മണിക്ക് കഥാനായകൻ മുണ്ടപ്ലാക്കൽ യാക്കോബ്കത്തനാരുടെ സഹകരണത്തിൽ ടിയാന് കന്തീലാക്രമം കഴിക്കയും ചെയ്തു. രാത്രിയായതു കൊണ്ട് കഥാനായകൻ അന്നവിടെ താമസിക്കുകയും പുലർകാലെ കല്ലൂപ്പാറ പള്ളിയിലേക്ക് പോയി താമസിക്കുകയും ചെയ്തു. ടി. കത്തനാർക്ക് പ്രമേഹവും കാലിൽ പഴുപ്പുമായിരുന്നു. മീനം 1 ന് ടി. കത്തനാർ മരിച്ചു. 2 നു ബുധനാഴ്ച പള്ളിയുടെ വടക്കുവശത്തെ മുറ്റത്ത് ഒരു കല്ലറ കെട്ടി ടിയാന്റെ ശവസംസ്ക്കാരം കഴിച്ചു. കഥാനായകനും കുതിരവട്ടത്ത് തോമസ് കത്തനാരും തിരുമൂലപള്ളിയിലെ പട്ടക്കാരനും മറ്റ് എട്ടു പട്ടക്കാരും ഒരു നവീകരണ പട്ടക്കാരനായ നച്ചുകഴിയും ഉണ്ടായിരുന്നു. 4 മണിക്ക് ശവസംസ്ക്കാരം കഴിഞ്ഞശേഷം കഥാനായകൻ പ്രസംഗിക്കയും ചെയ്തു.

4 ന് വെള്ളിയാഴ്ച കഥാനായകനെ പുറമറ്റം പുതിയ പള്ളിക്കാർ ഒരു വലിയ എതിരേൽപ്പോടു കൂടെ അവിടേക്ക് കൊണ്ടുവരികയും സന്ധ്യയ്ക്കുമുമ്പ് അവിടെയെത്തുകയും ചെയ്തു. 5 ന് കഥാനായകൻ പള്ളിയിൽ ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിച്ച സാമാന്യ കൂദാശ കഴിച്ച സ്ലീബാ ആഘോഷിച്ച് ആദ്യമായി കുർബാന ചൊല്ലി. കുർബാന മദ്ധ്യേ പള്ളിയുടെ മാഹാത്മ്യത്തെപ്പറ്റി പ്രസംഗിക്കുകയും ഊർശ്ലേം പള്ളി എന്നു നാമകരണം ചെയ്യുകയും ചെയ്തു. ആറ്റുമാലിൽ സ്കറിയ കത്തനാരും സഹായത്തിനുണ്ടായിരുന്നു. 4 മണിക്ക് കഥാനായകൻ കല്ലൂപ്പാറ പള്ളിയിലേക്ക് തിരിച്ചുപോരികയും ചെയ്തു.

5 ന് പുതുപ്പള്ളിയിൽ കന്നുകുഴിയിൽ പെൻഷ്യൻഡ് കുരുവിള ഇൻഞ്ചിനീയർ മരിച്ചു. ഇയാൾ വലിയ തത്വജ്ഞാനിയും പ്രാസംഗികനും നിയമനിർമ്മാണ സഭാമെമ്പറും മറ്റും ആയിരുന്നു. 6 ന് കല്ലൂപ്പാറ പള്ളിയിൽ വെച്ച് കഥാനായകൻ ആറ്റുമാലിൽ സ്കറിയാ കത്തനാർ മുതലായ പട്ടക്കാരുടെയും ഒന്നു രണ്ടു ശെമ്മാശന്മാരുടെയും സഹകരണത്തിൽ താഴത്തെ പീടികയിൽ ശെമ്മാശന് കത്തനാരു പട്ടം കൊടുത്തു. .....

7 ന് കഥാനായകൻ കല്ലൂപ്പാറപ്പള്ളിയിൽ നിന്നു വള്ളിക്കാട്ടുപള്ളിയിലേക്ക് തിരിച്ചുപോന്നു. കല്ലൂപ്പാറ പള്ളിയിൽ നിന്നും 10 രൂപായും പുറമറ്റം

പള്ളിയിൽ നിന്നും 6 രൂപായും താഴത്തെപ്പീടിക വീട്ടുകാർ 21 രൂപയും കൈമുത്തു വച്ചു. 3 മണിക്കു കല്ലൂപ്പാറയിൽ നിന്നും പുറപ്പെട്ടു രാത്രി 11 മണിയ്ക്ക് വള്ളിക്കാട്ടുപള്ളിയിൽ എത്തി. ഉടനെ തന്നെ കൊറ്റാത്തുവിള ഗീവറുഗീസ് കത്തനാർ മരിച്ചുപോയിരിക്കുന്നതിനാൽ കഥാനായകൻ ശവസംസ്ക്കാരത്തിനു ചെല്ലണമെന്നു പെരുമ്പ്രാൽ ഗീവർഗീസു കത്തനാരുടെ എഴുത്തുമായി രണ്ടുപേർ വരികയും അതിനാൽ രാത്രി തന്നെ പുറപ്പെട്ട് നേരം വെളുത്തപ്പോൾ തിരുവല്ല ചാലക്കുഴി പള്ളിയിൽ എത്തുകയും അവിടെ നിന്നും മഞ്ചലിൽ യാത്ര ചെയ്യുകയും 8 മണിയ്ക്ക് ചെന്നിത്തല പള്ളിയിൽ എത്തുകയും ചെയ്തു. കഥാനായകൻ നിരണത്തു പനയ്ക്കാമറ്റത്തു അബ്രാഹാം കത്തനാർ മുതലായ 8 – 10 പട്ടക്കാരുടെ സഹകരണത്തിൽ ടി. കത്തനാരുടെ ശവസംസ്ക്കാരശുശ്രൂഷ കഴിച്ചു കബറടക്കം ചെയ്തു. ടി. കത്തനാർ ശേഷിമാനും കാര്യപിടിപ്പുള്ളവനും ആയിരുന്നു. 65 വയസ് പ്രായമുണ്ടായിരുന്നു. ടിയാന്റെ മരണം പെട്ടെന്നായിരുന്നു.

9 ന് കഥാനായകൻ ചെന്നിത്തല നിന്നും പുറപ്പെട്ട് പരുമല സിമ്മനാരിയിൽ എത്തി താമസിക്കുകയും പിറ്റെദിവസം അവിടെനിന്നും പുറപ്പെട്ട് തിരുവല്ലാ ചാലക്കുഴി പള്ളിയിലെത്തി അത്താഴം കഴിച്ചുകൊണ്ട് ദീനത്തിലിരുന്നിരുന്ന കോവൂർ കത്തനാരെ ചെന്നു കണ്ടുംവെച്ച് അവിടെ നിന്നും പുറപ്പെട്ട് രാത്രി 3 മണിയ്ക്ക് വള്ളിക്കാട്ട് പള്ളിയിലെത്തുകയും ചെയ്തു.

13 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി പ്രസംഗിച്ചു. പുന്നൻ ഡോ. നാഗർകോവിലിൽ പോയി ചികിൽസയിലിരിക്കുമ്പോൾ മരിച്ചുപോയി. 18 ന് കൈതയിൽ കുഞ്ഞൂഞ്ഞിന്റെ (കോര) മൂത്തമകൻ വറുഗീസ് ചങ്ങനാശേരിയിൽ ചികിത്സയ്ക്കായി പോയി താമസിക്കുമ്പോൾ മരിച്ചുപോവുകയും വാകത്താനത്ത് പള്ളിയിൽ കൊണ്ടുവന്ന് അടക്കുകയും ചെയ്തു. പിറ്റെദിവസം കാലത്ത് ടി. കുഞ്ഞൂഞ്ഞ് മരിച്ചു. മുൻപിലത്തെ ആഴ്ചയിൽ വ്യാഴാഴ്ച ടിയാന്റെ ഇളയമകൻ വളരെ കാലമായി വാതം പിടിച്ച് കാലുശോഷിച്ച് നടക്കാൻ വയ്യാതിരുന്ന കോശി ചെക്കനും മരിച്ചു. ഇങ്ങനെ ഒരു വലിയ ദുഃഖം കൈതയിൽ വീട്ടുകാർക്ക് സംഭവിച്ചതിൽ എല്ലാവർക്കും വ്യസനത്തിന് കാരണമായി.

16 ന് പാതിനോമ്പിന് കഥാനായകൻ ചൊല്ലി കുരിശുപള്ളി നടയിൽ സ്ഥാപിച്ച് ക്രമം കല്പിച്ചു. 20 ന് ഞായറാഴ്ചയും 25 ന് പെരുന്നാളിനും ചൊല്ലി. 27 ന് കഥാനായകൻ വാകത്താനത്ത് പള്ളിയിലെത്തി. എണ്ണച്ചേരി കത്തനാരുടെ അവധിയിൽ കുർബാന ചൊല്ലി. ടി. കത്തനാരുടെയും കരിപ്പാൽ കത്തനാരുടെയും സഹകരണത്തിൽ ചക്കുപുരയ്ക്കൽ ശെമ്മാശന് ശമ്മ്മിശനാ പട്ടം കൊടുത്തു കൊണ്ട് തിരിച്ചുപോന്നു.

31 ന് വ്യാഴാഴ്ച കഥാനായകനും ചക്കുപുരയ്ക്കൽ ശെമ്മാശനും കൂടി

മല്ലപ്പള്ളിയിൽ പാതിക്കാട്ട് പള്ളിയിലേക്കു യാത്ര പുറപ്പെട്ട് 3 മണിക്ക് അവിടെയെത്തി. പള്ളിയ്ക്ക് സമീപമുള്ള പള്ളിക്കൂടത്തിൽ താമസിച്ചു. പിറ്റേദിവസം 40 -ാം വെള്ളിയാഴ്ചയിൽ കഥാനായകൻ ആ പള്ളിയിൽ ചൊല്ലി പ്രസംഗിച്ചു.

മേട മാസം 3 ന് ഓശാനയ്ക്ക് കഥാനായകൻ ചൊല്ലി ഓശാനയെക്കുറിച്ച് പ്രസംഗിച്ചു. 7 ന് പെസഹായ്ക്ക് ചൊല്ലി പ്രസംഗിക്കുകയും എല്ലാവർക്കും കുർബാന കൊടുക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിയോടു കൂടി പള്ളിക്കൂടത്തിൽ വച്ച് കഥാനായകൻ പയ്യമ്പിള്ളിയിൽ ദാവീദ് കത്തനാർ, അയിരൂർ പീലിപ്പോസ് കത്തനാർ, മുണ്ടപ്ലാക്കൽ യാക്കോബ് കത്തനാർ, കക്കുഴിയിൽ മാത്യൂസ് കത്തനാർ, ശെമ്മാശന്മാർ എന്നിവരുടെ സഹകരണത്തിൽ കാൽകഴുകൽ ശുശ്രൂഷ കഴിച്ചു. പട്ടക്കാരുടെ കാപ്പി സൽക്കാരവുമുണ്ടായിരുന്നു.

8 ന് ദുഃഖവെള്ളിയാഴ്ച കഥാനായകൻ പയ്യമ്പിള്ളി കത്തനാരുടേയും താഴത്തെപീടികയിൽ കൊച്ചുകത്തനാരുടേയും സഹകരണത്തിൽ ക്രമം കഴിച്ചു. വട്ടശ്ശേരിൽ ഗീവറുഗീസ് ബി. എ. പ്രസംഗിക്കുകയും ചെയ്തു. 10 ന് ഉയിർപ്പിന് താഴത്തെപീടികയിൽ കൊച്ചുകത്തനാർ കുർബാന ചൊല്ലി. കുർബാന കഴിഞ്ഞ് കഥാനായകൻ പള്ളി പണിയെ സംബന്ധിച്ച് പ്രസം ഗിച്ചു. 17 ന് പുതുഞായറാഴ്ച കഥാനായകൻ ചൊല്ലി പുന്നൂസ് ശെമ്മാശൻ പ്രസംഗിച്ചു. അവിടെ പള്ളിവക കണക്ക് കേൾവി നടക്കുകയും വേറെ ആളെ നിയമിക്കുകയും ചെയ്തു. അന്ന് അവിടെ ഒരു കല്യാണം ഉണ്ടായിരുന്നത് കഥാനായകൻ കൈപിടിപ്പിച്ചു.

23 ന് ഗീവറുഗീസ് സഹദായുടെ പെരുന്നാളിന് ചൊല്ലി. 24 ന് താഴത്തെ പീടികയിൽ കൊച്ചുകത്തനാർ ചൊല്ലി. കഥാനായകൻ പ്രവൃത്തി കൂടാത്ത വിശ്വാസം ചത്തതാകുന്നു എന്ന വാക്യം സംബന്ധിച്ച് പ്രസംഗിച്ചു. 24 ന് മാരേട്ട് അബ്രഹാം കത്തനാർക്ക് ദീനക്കൂടുതലെന്ന് ആൾ വന്ന് പറകയാൽ കഥാനായകൻ സന്ധ്യയോടു കൂടി പുറപ്പെട്ട് രാത്രി 8 മണിക്ക് ടി. കത്തനാരുടെ വീട്ടിലെത്തി. അവിടെയെത്തുന്നതിനു സ്വല്പം മുമ്പ് കത്തനാർ മരിച്ച നിലവിളി കേട്ടു. ഉടനെ കൊഹനയിത്തായിൽ ഒരു തെശുമെശ്താ കഴിച്ചു കൊണ്ട് കഥാനായകൻ കല്ലൂപ്പാറ പള്ളിയിലെത്തി താമസിക്കുകയും ചെയ്തു.

30 ന് കഥാനായകൻ കണിയാന്ത്ര അലക്സന്ത്രയോസ് കത്തനാർ കക്കുഴിയിൽ മാത്യൂസ് കത്തനാർ മുതലായി 7 - 8 പട്ടക്കാരുടേയും ശെമ്മാശന്മാരുടേയും സഹകരണത്തിൽ ടി. കത്തനാരുടെ ശവസംസ്ക്കാര ശുശ്രൂഷ കഴിച്ച് പള്ളിയ്ക്ക് വടക്കുവശത്ത് കെട്ടിയൊരുക്കിയ കല്ലറയിൽ അടക്കം ചെയ്തു. ടി. കത്തനാർ പരേതനായ മാർ ഗ്രീഗോറിയോസ് മെത്രാ

പ്പോലീത്തായുടെ ഒരു ശിഷ്യനും ഭക്തനും പഠിപ്പുള്ളവനും ആയിരുന്നു. കഥാനായകൻ സന്ധ്യയോടു കൂടി അവിടെ നിന്നും വള്ളം വഴിയായി പുറപ്പെട്ട് രാത്രി പത്തു മണിയ്ക്ക് പാതിക്കാട്ട് പള്ളിയിലെത്തുകയും ചെയ്തു. ഇടവം 1 ന് താഴത്തെപീടികയിൽ കൊച്ചുകത്തനാർ ചൊല്ലി. കഥാനായകൻ ക്രിസ്തീയ വിശ്വാസത്തിന്റെ മാഹാത്മ്യത്തെ സംബന്ധിച്ച് പ്രസംഗിക്കയും ചെയ്തു. അന്ന് അവിടെ ഒരു മുറി പണിയേണ്ട സംഗതി യെക്കുറിച്ചും ആലോചിച്ചുറയ്ക്കയും ചെയ്തു.

2 ന് ഉച്ചതിരിഞ്ഞ് കഥാനായകൻ പാതിക്കാട്ട് പള്ളിയിൽ നിന്നും വള്ളിക്കാട്ട് പള്ളിയിലേക്ക് പോന്നു. അവിടുത്തെ പള്ളി കണക്ക് കേട്ടതിനു അടയാളവും മുദ്രയും വെച്ചുകൊടുത്തു. പള്ളിയിൽ നിന്നും 21 രൂപ കൈമുത്ത് വെച്ചു. വള്ളിക്കാട്ട് പള്ളിയിൽ 4 1/2 മണിക്ക് എത്തുകയും കൂടെ പോന്നിരുന്നവർ തിരിച്ചുപോകുകയും ചെയ്തു. 7 നും 9 നും കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. 15 ന് കഥാനായകൻ വാകത്താനത്ത് പള്ളിയിലെത്തി ചൊല്ലുകയും പഴയാറ്റുങ്കൽ പുത്തൻപുരയിൽ കുറുവിന്റെ കുട്ടിയെ മാമോദീസാ മുക്കി സ്കറിയാ എന്നു പേരിടുകയും ചെയ്തു. ഉച്ചതിരിഞ്ഞ് വള്ളിക്കാട്ട് പള്ളിയിലേക്ക് തിരിച്ചുപോന്നു.

22 ന് വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ ചൊല്ലി. 23 ന് വള്ളിക്കാട്ട് പള്ളിക്ക് മതിൽ കെട്ടുന്നതിനായി കല്ല് വെട്ടിച്ചു തുടങ്ങി. മുൻ ആഴ്ചയിൽ നിരണത്ത് പള്ളിയിലെ പൊൻകുരിശ് മുതലായ സാമാനങ്ങൾ കള്ളന്മാർ കൊണ്ടുപോയതായി കേട്ടു.[112] 29 ന് കഥാനായകൻ പെന്തിക്കോസ്തിയുടെ ക്രമം കഴിച്ചു. മിഥുനമാസം 4, 5, 12, 19 തീയതികളിൽ ചൊല്ലി. ..... പഴയാറ്റിങ്കൽ പുത്തൻപുരയിൽ അപ്പോത്തിക്കരി കെ. സി. ചെറിയാന്റെ മൂത്തമകൻ പഠിച്ചിരിക്കയിൽ പനി പിടിപെട്ട് മരിച്ച് വാകത്താനത്ത് പള്ളിയിൽ കൊണ്ടുവന്നതിനാൽ അടക്കാനായി കഥാനായകൻ പോയി കഴിച്ച് തിരിച്ചുപോന്നു. ടി. കൊച്ചൻ നല്ല ഒരു സൽസ്വഭാവിയും പ്രായത്തിൽ കവിഞ്ഞ അറിവും ഉണ്ടായിരുന്നവനായിരുന്നു.

26, 29 തീയതികളിൽ കുർബാന ചൊല്ലി. കർക്കിടകം 3 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. 9 ന് ശനിയാഴ്ച വാകത്താനത്ത് ഒരു ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപിക്കേണ്ടതിന്റെ ആലോചനയ്ക്കായി ഉണ്ണാമറ്റം പള്ളി ക്കൂടത്തിൽ ഒരു മീറ്റിംഗ് കൂടണമെന്ന് നിശ്ചയിച്ചിരുന്നതിനാൽ കഥാനായ കനെയും അവിടെ ഭാരവാഹികൾ കൊണ്ടുപോയിരുന്നു.

ഉച്ചകഴിഞ്ഞ് യോഗം കൂടി പള്ളിക്കൂടം പണിയേണ്ടതിനെപ്പറ്റി ആലോ ചിച്ച് സ്ഥിരപ്പെടുത്തുകയും മുൻ ഞായറാഴ്ച വാകത്താനത്ത് പള്ളിയിൽ യോഗം കൂടി 1000 രൂപ പള്ളിയിൽ നിന്നും കൊടുക്കണമെന്ന് തീരുമാനിച്ച തിനെ അവിടെ പ്രസ്താവിക്കുകയും ചെയ്തു. .....

Malankara Orthodox TV

10 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. പഴഞ്ചിറ അവിരായ്ക്ക് സുഖക്കേടായിരുന്നതിനാൽ കഥാനായകൻ അവിടെയെത്തി ടിയാന് ഉപ്രുശ്മാ കഴിച്ചു. അന്ന് കുർബാന കഴിഞ്ഞ് കരിപ്പാൽ കത്തനാരുടെ കുട്ടിയെ കഥാനായകൻ മാമോദീസാ മുക്കി. മറിയം എന്നു പേരിട്ടു. തലതൊട്ടത് കുട്ടിയുടെ വല്യമ്മ അന്നയായിരുന്നു. 17, 24, 31 തീയതികളിൽ കഥാനായകൻ ചൊല്ലി. 1092 ന്നു 1916 ചിങ്ങം 1 തിങ്കൾ ചൊല്ലി. 6 നും 7 നും ചൊല്ലി. 11 ന് പഴഞ്ചിറ അവിരായുടെ കബറിടക്കത്തിനായി വാകത്താനത്തു പള്ളിയിൽ പോയി കഥാനായകൻ തിരിച്ചുവന്നു. 14, 15, 21, 28 തീയതികളിൽ ചൊല്ലി. ഓണം 27 ന് ആയിരുന്നു.

കന്നി മാസം 3, 4 തീയതികളിൽ കഥാനായകൻ ചൊല്ലി. 5 ന് വള്ളിക്കാട്ട് പള്ളിയിലെ കരിങ്കൽ കുരിശിന്റെ തറ പണിയാൻ തുടങ്ങി. 8 ന് പെരുന്നാളിൽ ചൊല്ലി. 11 ന് ഞായറാഴ്ച ചൊല്ലി. ..... ഒരു പള്ളിക്കൂടം കെട്ടുന്നതിന്റെ തർക്കത്തെ സംബന്ധിച്ച് കേൾക്കുകയും വലിയ മെത്രാച്ചനുമായി ആലോചിച്ച് തീർച്ച ചെയ്യാമെന്ന് പറഞ്ഞുകൊണ്ട് പോരുകയും ചെയ്തു. 14 ന് പെരുന്നാളിൽ ചൊല്ലി. 16 ന് വെള്ളിയാഴ്ച വള്ളിക്കാട്ടു പള്ളിയിലെ കരിങ്കൽ കുരിശിന്റെ തണ്ടും വിലങ്ങും തറയിൽ നിർത്തി കുരിശിൻചുവട്ടിൽ മാളത്തിൽ കുറെ സ്വർണ്ണവും ഒരു അരപണവും നിക്ഷേപിച്ചിട്ടുണ്ട്. 20 ന് ടി. പള്ളിയുടെ സ്ഥാപനപെരുന്നാളിൽ കഥാനായകൻ ചൊല്ലി. പെരുന്നാളിനെക്കുറിച്ചും കുരിശു സ്ഥാപനയെക്കുറിച്ചും പ്രസംഗിക്കുകയും ചെയ്തു. കുർബാന കഴിഞ്ഞ് പള്ളിക്ക് പ്രദക്ഷിണം ചെയ്ത് കുരിശിൻ ചുവട്ടിൽ ചെന്ന് തൂശിക്കൽ വെച്ച് സ്ലീബായെ സംബന്ധിച്ച് പ്രാർത്ഥനയും, പ്രുമിയോനും കഴിച്ചു. കുരിശിൻചുവട്ടിൽ തേക്കു കൊണ്ട് പണിയിച്ച ഒരു ചെറിയ പെട്ടിയിൽ ഓർശ്ലേമിൽ നിന്നും കൊണ്ടുവന്ന ഒരു മുത്തുചിപ്പി കുരിശും 2 വെള്ളി പണവും 3 ഒറ്റ ചക്രവും ചെമ്പ് ഒറ്റ തുട്ടും കുറെ കുന്തിരിക്കവും ക്രിസ്താബ്ദം 1916 കന്നി 20 ന് ഈ കുരിശ് കോട്ടയം മുതലായ ഇടവകകളുടെ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ കൈകളാൽ പ്രതിഷ്ഠിച്ചു എന്ന് എഴുതിയിട്ടുള്ള ഒരു വെള്ളിതകിടും സ്ഥാപിക്കുകയും ചെയ്തു. നാലുന്നാക്കലെ പട്ടക്കാരും ചക്കുപുരയ്ക്കൽ ശെമ്മാശനും ഉണ്ടായിരുന്നു. കുടിയ ജനങ്ങൾ അപ്പം, അവൽ ഇതുകൾ നേർച്ച വിളമ്പി കൊടുത്ത ശേഷം പിരിയുകയും ചെയ്തു. ഉടനെ കല്ലാശാരി മുതലായവർക്ക് ഒരു സദ്യയും സമ്മാനവും കൊടുക്കുകയുണ്ടായി. സദ്യയ്ക്ക് 5 പറ അരി വെച്ചു. കല്ലാശാരി മുതലായവർക്ക് സദ്യയും സമ്മാനവും കൊടുത്തത് മതിലിന്റെയും കുരിശിന്റെയും പണി തീർത്തതിനാകുന്നു.

22 ന് വ്യാഴാഴ്ച കഥാനായകൻ കോട്ടയത്ത് സിമ്മനാരിയിലേക്ക് യാത്ര പുറപ്പെട്ട് 3 മണിക്ക് അവിടെയെത്തി. അപ്പോൾ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവിടെയുണ്ടായിരുന്നു. 23 ന് അദ്ദേഹം കൊല്ലാട്ട് പള്ളിയി

ലേക്കു പോയി. 25 ന് മട്ടയ്ക്കൽ മല്പാൻ സിമ്മനാരിയിൽ ചൊല്ലുകയും കുർബാന കഴിഞ്ഞ് കഥാനായകൻ പ്രസംഗിക്കുകയും ചെയ്തു. 26 ന് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കൊല്ലാട്ട് നിന്ന് തിരിച്ചുവന്നു. 27 ന് ചന്ദനപ്പള്ളിക്കാരും വാകത്താനത്ത് വെട്ടിക്കൽ പള്ളിക്കാരും അവരവരുടെ പള്ളിക്കാര്യം സംബന്ധിച്ച് വാദം കേൾക്കാനായി സിമ്മനാരിയിൽ വന്നിരുന്നു. ചന്ദനപ്പള്ളിക്കാർക്ക് പള്ളിയ്ക്ക് അനുവാദം കൊടുത്തു. വെട്ടിക്കൽ പള്ളിക്കാർ യോജിക്കാതെ പിരിയുകയും ചെയ്തു.

28 ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്ക് യാത്രപുറപ്പെട്ട് രാത്രി 9 മണിയ്ക്ക് അവിടെയെത്തി. മാർ ദീവന്നാസ്യോസ് മെത്രാച്ചൻ, കഥാനായകന്റെ വാല്യക്കാരൻ പൊന്നയ്ക്ക് ഒരു രൂപ കൊടുത്തു. തുലാ മാസം 1, 2, 9 തീയതികളിൽ ചൊല്ലി. 11 ന് കുറിച്ചിയിൽ പട്ടശേരിയിൽ പുന്നൂസ് മുതലിച്ച ലേല ചിട്ടിയിൽ ബി ക്ലാസിൽ 1 നമ്പ്ര ചേർന്ന് 20 രൂപ 17 ചക്രം കൊടുത്തയച്ചു. 16 ന് ഞായറാഴ്ച കഥാനായകൻ തൃക്കോത്ത് പള്ളിയിൽ പോയി പൊട്ടയ്ക്കാവേലിയിൽ കൊച്ചുകൊച്ചിന്റെ മകൻ ഏലിയാസിന്റെ വിവാഹകർമ്മം കരിപ്പാൽ കത്തനാരുടെ സഹകരണത്തിൽ നടത്തി. അന്നുതന്നെ ടിയാന്റെ മരുമകളെ പുതുശ്ശേരി പള്ളിയിൽ വച്ച് വിവാഹം നടത്തി. കഥാനായകൻ സന്ധ്യയ്ക്കു മുൻപ് വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു.

17 ന് വെളുപ്പിനേ കഥാനായകൻ ചക്കുപുരയ്ക്കൽ ശെമ്മാശനും വാല്യക്കാരും കൂടി പരുമലയ്ക്ക് പുറപ്പെട്ട് 18 ന് 11 മണിക്ക് അവിടെയെത്തി. 19 ന് മാങ്കുഴി ഗീവറുഗീസ് കത്തനാരും പനയ്ക്കാമറ്റത്ത് അബ്രഹാം കത്തനാരും തുമ്പമൺ കോശി കത്തനാരും കൂടി പരുമല സിമ്മനാരിയിൽ മൂന്നിന്മേൽ കുർബാന ചൊല്ലി. 20 ന് പെരുന്നാളിൽ ഈവാനിയോസ്, ഗ്രീഗോറിയോസ്, കഥാനായകൻ എന്നീ മെത്രാന്മാർ മൂന്നിന്മേൽ കുർബാന ചൊല്ലുകയും ബി. ഡി. കുറിയാക്കോസ് കത്തനാർ പ്രസംഗിക്കയും ചെയ്തു. ഉച്ചകഴിഞ്ഞ് വൈദികയോഗം കൂടി പ്രസംഗങ്ങളും ബി. ഡി. കത്തനാരെയും തുമ്പമൺ കോശി ശെമ്മാശനെയും അവരുടെ വിജയത്തെപ്പറ്റി അനുമോദിക്കലും ഉണ്ടായി. അവർ യഥോചിതം മറുപടി പറയുകയും ഉണ്ടായി.

21 ന് ഗ്രീഗോറിയോസ് മെത്രാച്ചനും പരുമല താമസിക്കും തോമസ് കത്തനാരും, കോശി കത്തനാരും കൂടി മൂന്നിന്മേൽ ചൊല്ലി. ഉച്ചകഴിഞ്ഞ് നടവരവ് എണ്ണി കണ്ടു. ഏകദേശം 1000 രൂപയോളം നടവരവും 300 ൽ ചില്ലാനം രൂപയോളം കുർബാനപ്പണവുമുണ്ടായിരുന്നു. കഥാനായകന് പരുമല നിന്നും 25 രൂപയും വാല്യക്കാർ രണ്ടിനും കൂടി $1\,^1/_2$ രൂപയും തന്നത് കൂടാതെ വള്ളക്കൂലി മുതലായ ചിലവും ചെയ്തു.

26 ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്കു തിരിച്ചുപോരുകയും 27 ന് അവിടെയെത്തുകയും ചെയ്തു. 29 ന് കഥാനായകന്റെ അപ്പന്റെ ഓർമ്മ

യിൽ കുർബാന ചൊല്ലി. 30 ന് ഞായറാഴ്ച ചൊല്ലി. കൂദശ് ഈത്തോയെക്കുറിച്ച് പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് വള്ളാൻകടവിൽ ചെറിയയുടെ മൂത്തമകൻ കുഞ്ഞപ്പിയുടെ വിവാഹകർമ്മം നടത്താനായി കഥാനായകൻ വാകത്താനത്ത് പള്ളിയിലേക്കു പോയി. പട്ടരുമഠത്തിൽ മൂപ്പച്ചന്റെ സഹകരണത്തിൽ ആയത് നടത്തിയുംവെച്ച് തിരിച്ചുപോന്നു.

വൃശ്ചികം 1 ന് കഥാനായകൻ കുമ്മങ്കുളത്ത് ശെമ്മാശന്റെ ഓർമ്മയ്ക്ക് കുർബാന ചൊല്ലി. 5, 6 തീയതികളിലും ചൊല്ലി. 13 നും ചൊല്ലി. പുന്നൂസ് ശെമ്മാശൻ സ്കറിയാ എന്ന ആചാര്യനെപ്പറ്റി പ്രസംഗിച്ചു. 20 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. ദൈവമാതാവിനെപ്പറ്റി പ്രസംഗിച്ചു. പാറപ്പുറത്ത് ഗീവറുഗീസ് കത്തനാരുടെ മകൻ കുര്യൻ വക്കീൽ ദൈവമാതാവിന്റെയും ഉണ്ണിമിശിഹായുടെയും വലിയ എണ്ണഛായാപടം കഥാനായകനു സമ്മാനിച്ചു. ടിയാൻ മുൻ ഒരു ചായ പാത്രവും സമ്മാനിച്ചിട്ടുണ്ട്.

22 ന് വാകത്താനത്ത് ഇംഗ്ലീഷ് പള്ളിക്കൂടം പണിക്ക് നിശ്ചയിച്ചിരിക്കുന്ന സ്ഥലം കാൺമാൻ ജേയിസ്പ്രൈഡ് സായിപ്പ് പുതുപ്പള്ളിയിൽ നിന്നും വന്നുംവെച്ച് കണ്ട് ഉത്തരവും അയക്കാമെന്ന് പറഞ്ഞുകൊണ്ട് പോയി. 27 ന് ഞായറാഴ്ച ചൊല്ലി. പുന്നൂസ് ശെമ്മാശൻ പ്രസംഗിച്ചു. ധനു മാസം 3 ന് ശനിയാഴ്ച ചൊല്ലി. 4 നും ചൊല്ലി. കഥാനായകൻ നോമ്പിനെപ്പറ്റി പ്രസംഗിച്ചു.

1092 ലെ 2-ാം റഗുലേഷനായി ധനു 7 ന് തിരുവിതാംകൂർ മഹാരാജാവ് തിരുമനസുകൊണ്ട് ക്രിസ്ത്യൻ ബിൽ സ്വീകരിച്ച് പ്രസിദ്ധം ചെയ്തു. 11, 18 തീയതികളിൽ ചൊല്ലി. 25 ന് നോമ്പുവീടലിന്റെ ക്രമം കഴിക്കുകയും ചൊല്ലുകയും പ്രവിയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. 26 ന് പുകഴ്ച പെരുന്നാളിൽ ചൊല്ലി.

28 ന് വാകത്താനത്ത് പള്ളിയിലെ പെരുന്നാളിൽ കഥാനായകൻ അവിടെയെത്തി കുർബാനയും പ്രസംഗവും കഴിക്കുകയും പട്ടരുമഠത്തിൽ മൂപ്പച്ചൻ, കരിപ്പാൽ കത്തനാർ, പള്ളിയടി ശെമ്മാശൻ, കൂരിച്ചാറ്റിൽ ശെമ്മാശൻ എന്നിവരുടെ സഹായത്തിൽ ചക്കുപുരയ്ക്കൽ പുന്നൂസ് ശെമ്മാശന് കശീശാപട്ടം കൊടുക്കയും ചെയ്തു. ....... അന്നത്തെ നടവരവ് മുൻകൊല്ലത്തേക്കാൾ കൂടുതലായിരുന്നു.

1092 ന്നു 1917 മകര മാസം 1 ന് ഞായറാഴ്ച മാളികയിൽ ചാക്കോയുടെ മകൻ കൊച്ചുപുന്നൻ മീനടത്ത് പള്ളിയിൽ വച്ച് കല്യാണം ചെയ്യാൻ നിശ്ചയിച്ചിരിക്കയാൽ ടിയാൻ കഥാനായകൻ അനുഗ്രഹിച്ചയയ്ക്കുകയും ചെയ്തു.

6 ന് ദനഹായും ചൊല്ലി ക്രമം കഴിച്ചു. 7 നും ചൊല്ലി. 8 ന് ഞായറാഴ്ച ചൊല്ലി. എസ്തപ്പാനോസ് സഹദായെക്കുറിച്ച് പ്രസംഗിച്ചു. .... വളരെനാ

ളായി ദീനപ്പെട്ടു കിടന്നിരുന്ന കൊച്ചുകുഞ്ഞ് മരിച്ച് വാകത്താനത്ത് അട ക്കപ്പെട്ടു.

15 ന് കഥാനായകൻ ചൊല്ലി. വള്ളിക്കാട്ട് പള്ളിയിലെ പെരുന്നാൾ പിറ്റെ ദിവസത്തേക്ക് മാറ്റിവച്ചു. 16 ന് സന്ധ്യയ്ക്ക് കൊടിയും സ്ലീബായ്ക്കും മുൻപ് കുറിച്ചി വെള്ളത്തേട്ട് മാണി ഉപദേശി മദ്യപാനം മുതലായ ദോഷങ്ങളെ പ്പറ്റി ദീർഘമായി പ്രസംഗിച്ചു. പെരുന്നാളിൽ കഥാനായകൻ കുർബാന ചൊല്ലി. കുർബാന കഴിഞ്ഞ് 2 പ്രസംഗങ്ങൾ ഉപദേശി നടത്തി. പ്രസംഗ ങ്ങൾ എത്രയും സാരവത്തായിരുന്നു. അപ്പം നേർച്ച വിരോധിച്ചിരുന്നതി നാൽ ആയത് ഉണ്ടായിരുന്നില്ല. നടവരവ് പതിവിൽ കുറവില്ലായിരുന്നു. ....

22 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. ശാബതാചരണത്തെക്കുറിച്ച് പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് പാത്താമുട്ടം പള്ളിക്കൂടത്തിൽ സൺഡേസ്കൂൾ കുട്ടികളുടെ സമ്മാനം കൊടുക്കയിൽ കഥാനായകനെ കൊണ്ടുപോയിരുന്നു. കഥാനായകന്റെയും പട്ടച്ചേരിൽ കത്തനാരുടെയും പ്രസംഗങ്ങൾക്ക് ശേഷം സമ്മാനം കൊടുത്തു. പെൺകുട്ടികളുടെ പാട്ടും ഉണ്ടായിരുന്നു. രാത്രി 7 മണിക്ക് തിരിച്ചെത്തുകയും ചെയ്തു.

23 ന് ചെങ്ങന്നൂർ പെരിശ്ശേരിയിൽ യോഹന്നാൻ കഥാനായകന്റെ അടു ക്കൽ വരുകയും .... ചെയ്തു. 29 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. കുംഭ മാസം 2, 4 തീയതികളിൽ ചൊല്ലി. 5 ന് ഞായറാഴ്ച ചക്കുപുരയ്ക്കൽ പുന്നൂസ് കത്തനാരുടെ പുത്തൻ കുർബാന വാകത്താനത്ത് പള്ളിയിൽ വച്ച് നടത്തത്തക്കവണ്ണം നിശ്ചയിച്ചിരുന്നു. ശനിയാഴ്ച സന്ധ്യ കഴിഞ്ഞ് കത്തനാരും മറ്റും വാദ്യം, ബാൻഡ് മുതലായ ആഘോഷങ്ങളോടു കൂടി പള്ളിയിൽ എത്തി താമസിക്കുകയും കഥാനായകൻ, പട്ടരുമഠത്തിൽ മൂപ്പ ച്ചൻ, ചെറിയമഠത്തിൽ മൂപ്പച്ചൻ, കരിപ്പാൽ കത്തനാർ, പട്ടശേരിയിൽ കത്ത നാർ, സിമ്മനാരിയിൽ നിന്നും വന്നിരുന്ന 8 – 10 ശെമ്മാശൻമാർ എന്നിവ രുടെ സഹകരണത്തിൽ ടി. കത്തനാർ 12 മണിക്ക് മുൻപായി പുത്തൻ കുർബാന ചൊല്ലി. ചെറിയമഠത്തിൽ മൂപ്പച്ചൻ സാരവത്തായ ഒരു പ്രസം ഗവും ചെയ്തു. ഉച്ചകഴിഞ്ഞ് ആഘോഷത്തോടു കൂടി കത്തനാർ വീടുക യറ്റവും കഴിച്ചു. .....

6 ന് മരിച്ചുപോയ കാട്ടിൽ യോഹന്നാൻ കത്തനാരുടെ മൂത്തമകൾ ശോശയെ വാകത്താനത്ത് പള്ളിയിൽ വച്ച് പുതുപ്പള്ളി കൊച്ചുപാറേട്ട് കൊച്ചുവർക്കിയെ കൊണ്ട് വിവാഹം കഴിപ്പിക്കയാൽ കഥാനായകൻ വാക ത്താനത്ത് പള്ളിയിൽ എത്തി മറ്റ് പട്ടക്കാരോടു കൂടെ ആ കൂദാശ നടത്തി തിരിച്ചു പോന്നു. .....

12 ന് കഥാനായകൻ ചൊല്ലി. നോമ്പിനെപ്പറ്റി പ്രസംഗിച്ചു. 18 ന് ചൊല്ലി. 19 ന് കഥാനായകൻ ചൊല്ലി പ്രസംഗിച്ചു. 26 ന് പുന്നൂസ് കത്തനാർക്ക്

സുഖക്കേടായിരുന്നതിനാൽ കഥാനായകൻ വാകത്താനത്ത് പള്ളിയിലെത്തി കുർബാനയും പ്രസംഗവും കഴിച്ച് തിരിച്ചുപോന്നു.

മീന മാസം 4 ന് ശനിയാഴ്ചയും 5 ന് ഞായറാഴ്ചയും ചൊല്ലി. ഞായറാഴ്ച ക്നാനായ്ത്തൊയെപ്പറ്റി പ്രസംഗിച്ചു. 12 ന് ചൊല്ലി. കുമ്പസാരത്തെക്കുറിച്ച് പ്രസംഗിച്ചു. 15 ന് വാകത്താനം ഇംഗ്ലീഷ് സ്കൂൾ പിരിവിന് വെട്ടിക്കൽ സ്കറിയായും പടിഞ്ഞാറെ വെട്ടിക്കൽ കൊച്ചും വന്നിരുന്നു. 25 രൂപ കൊടുക്കാമെന്ന് സമ്മതിക്കുകയും തൽക്കാലം 5 രൂപ കൊടുക്കുകയും ചെയ്തു.

19 ന് കഥാനായകൻ ചൊല്ലി. നമ്മുടെ കർത്താവിന്റെ 2-ാമത്തെ വരവിനെപ്പറ്റി പ്രസംഗിച്ചു. 23 ന് കഥാനായകൻ കല്ലൂപ്പാറ പള്ളിക്കാരുടെ എതിരേൽപ്പോടു കൂടെ 3 $^{1}/_{2}$ മണിക്ക് അവിടെയെത്തി താമസിച്ചു. 24 ന് ടി. പള്ളിയിൽ കല്ലൂ മൂപ്പച്ചൻ ചൊല്ലി. 25 ന് ലാസറിന്റെ ഓർമ്മയിൽ കഥാനായകൻ ചൊല്ലി.

26 ന് ഓശാനയ്ക്കും കഥാനായകൻ കല്ലൂപ്പാറ പള്ളിയിൽ ചൊല്ലുകയും പ്രസംഗിക്കുകയും ക്രമം കഴിക്കുകയും ചെയ്തു. ഇരവുകേരിയിൽ പീടികയിൽ ഗീവറുഗീസ് ശെമ്മാശൻ, വട്ടശേരിയിൽ പീലിപ്പോസ് ശെമ്മാശൻ, കോട്ടയ്ക്കൽ ശെമ്മാശൻ, പള്ളിയടി ശെമ്മാശൻ, കല്ലൂർ ശെമ്മാശൻ ഇവർ സഹായികളായിരുന്നു.

30 ന് പെസഹായ്ക്ക് കഥാനായകൻ രാവിലെ കുർബാന ചൊല്ലി. ജനങ്ങളുടെ ബഹുത്വം കൊണ്ട് 9 മണിക്കേ കുർബാന കൊടുത്തു കഴിഞ്ഞുള്ളു. ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് കാൽകഴുകൽ ശുശ്രൂഷ ആരംഭിച്ചു. ആദ്യമായി കഥാനായകൻ കാൽകഴുകലിനെപ്പറ്റി പ്രസംഗിക്കുകയും പിന്നീട് ക്രമം കഴിച്ച് 2 പട്ടക്കാരെയും 4 ശെമ്മാശൻമാരെയും 6 കുട്ടികളെയും ഇരുത്തി കാൽ കഴുകി. 4 മണിക്ക് ശുശ്രൂഷ അവസാനിച്ചു. പട്ടക്കാർക്കും ശെമ്മാശൻമാർക്കും ഇരുന്ന കുട്ടികൾക്കും കാപ്പി സൽക്കാരവും ഉണ്ടായിരുന്നു. 31 ന് ദുഃഖവെള്ളിയാഴ്ച കഥാനായകൻ കല്ലൂ മൂപ്പച്ചൻ, കോട്ടയ്ക്കൽ ശെമ്മാശൻ, ഗീവറുഗീസ് ശെമ്മാശൻ മുതലായവരോടു കൂടി നമസ്കാരവും ക്രമവും കഴിച്ചു. 4 മണിക്ക് അവസാനിച്ചു.

മേട മാസം 1 ന് ദുഃഖശനിയാഴ്ച കഥാനായകൻ ചൊല്ലി. 2 ന് ഉയിർപ്പിനും കഥാനായകൻ ചൊല്ലുകയും കുർബാന കഴിഞ്ഞ് ഉയിർപ്പിനെക്കുറിച്ചും പള്ളിക്ക് ആദ്യഫലം കൊടുക്കേണ്ടതിനെപറ്റിയും പ്രസംഗിച്ചു. അന്നേ ദിവസം ജനങ്ങൾ നാളികേരം, നെല്ല്, ചക്ക, മാങ്ങാ മുതലായവ കൊണ്ടുവരുകയും ലേലം ചെയ്തതിൽ ഏകദേശം 35 രൂപയോളം വരവുണ്ടായി.

4 ന് ചൊവ്വാഴ്ച കഥാനായകൻ തിരിച്ചുപോകണമെന്ന് പറഞ്ഞാറെ ആ

പള്ളിയിലെ കണക്ക് കേൾവി കഴിഞ്ഞിട്ട് ആകണമെന്ന് പറകയാൽ പിന്നെയും അവിടെ താമസിച്ചു. 9 ന് പുതുഞായറാഴ്ച കഥാനായകൻ ചൊല്ലി. തോമ്മാ ശ്ലീഹായെ കുറിച്ചും പള്ളിക്കാര്യം സംബന്ധിച്ചും പ്രസംഗിച്ചു. ..... തലേദിവസം ഞായറാഴ്ച മാരേട്ട് അബ്രഹാം കത്തനാരുടെ മകന് പരുമല വച്ച് ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആദ്യപട്ടം കൊടുത്തു. ടി. ശെമ്മാശു പള്ളിയിൽ വന്നു. ..... കഥാനായകനും മറ്റും അവിടെനിന്നും പുറപ്പെട്ട് രാത്രി 7 മണിക്ക് വള്ളിക്കാട്ടു പള്ളിയിലെത്തി. പള്ളിക്കാർ 30 രൂപ കൈമുത്തു വെച്ചു. ശെമ്മാശനും വാല്യകാർക്കും ..... അനുസരണവും കൊടുത്തു.

13 ന് മടത്തറമ്പിൽ ആച്ചിയെന്ന വൃദ്ധസ്ത്രീ രാത്രി മരിക്കുകയും അവരെ അടക്കുന്നതിനായി കഥാനായകൻ വാകത്താനത്തു പള്ളിയിലെത്തി. കഥാനായകൻ 4 – 5 പട്ടക്കാരുടെ സഹകരണത്തിൽ ആയതു നടത്തിയുംവെച്ച് തിരിച്ചുപോന്നു. 15 ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. മൂലയിൽ കൊച്ചിന്റെ മകൻ വർഗീസ് പിറ്റെദിവസം കല്ലൂപ്പാറ പള്ളിയിൽ വച്ച് വിവാഹം ചെയ്യാൻ നിശ്ചയിച്ചിരിക്കയിൽ ടിയാൻ കഥാനായകന്റെ അടുക്കൽ വന്ന് 5 രൂപ കൈമുത്ത് വയ്ക്കുകയും അനുഗ്രഹിക്കുകയും ചെയ്തു.

16 ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. കുർബാന കഴിഞ്ഞ് വാകത്താനത്ത് പള്ളിയിലെത്തി കാട്ടിൽ മാത്തുവിന്റെ പെൺകുട്ടിയേയും ആലഞ്ചേരിൽ കളപ്പുരയ്ക്കൽ തോമ്മായുടെ പെൺകുട്ടിയേയും മാമ്മോദീസാ മുക്കിയും വച്ച് തിരിച്ചുപോന്നു. കാട്ടിൽ മാത്തു അപ്പവും പഴവും നേർച്ച വിളമ്പുകയുണ്ടായി. തലേരാത്രിയിൽ കാട്ടിൽ പുന്നച്ചന് ദീനം കൂടുതലായിരുന്നതിനാൽ കഥാനായകൻ അവിടെയെത്തി എണ്ണച്ചേരിയിൽ കത്തനാരുടെയും പള്ളിയടിയിൽ ശെമ്മാശന്റെയും സഹകരണത്തോടെ ഉപ്രുശ്മാ കഴിച്ച് തിരിച്ചുപോന്നു.

17 ന് ടി. പുന്നൂസ് മരിച്ച് വാകത്താനത്ത് പള്ളിയിൽ സംസ്കരിക്കപ്പെട്ടു. 23 നും 30 നും കഥാനായകൻ ചൊല്ലി. ..... 6 ന് ശനിയാഴ്ച ചൊല്ലി. 7 ന് ഞായറാഴ്ചയും ചൊല്ലി. മതസംബന്ധമായ സംഗതികളെപറ്റി പ്രസംഗിച്ചു. 11 ന് സ്വർഗാരോഹണ പെരുന്നാളിൽ കഥാനായകൻ ചൊല്ലി. സ്വർഗ്ഗാരോഹണത്തെപ്പറ്റി പ്രസംഗിച്ചു. അന്ന് കഥാനായകൻ പാമ്പാടി കുറിയാക്കോസ് ദയറായിലേക്ക് യാത്രപുറപ്പെട്ടു. 3 മണിക്ക് പാമ്പാടി തെക്കുംഭാഗം പള്ളിയിലെത്തി പ്രാർത്ഥന കഴിച്ച് ആശ്വസിച്ച് കാപ്പികുടി കഴിഞ്ഞ് പുറപ്പെട്ട് 4 മണിക്ക് ദയറായിലെത്തി. പാമ്പാടി, മീനടം ഈ പള്ളിക്കാരുടെ എതിരേൽപും ഉണ്ടായിരുന്നു. 14 ന് ഞായറാഴ്ച ദയറാ പള്ളിയിൽ കഥാനായകൻ കുറിയാക്കോസ് റമ്പാച്ചന്റെയും ശെമ്മാശൻമാരുടെയും സഹകരണത്തിൽ കുർബാന ചൊല്ലുകയും വട്ടമല, മണ്ണൂകടുപ്പിൽ ഈ ശെമ്മാശൻമാർക്ക് മ്മ്ശമിശനാ പട്ടവും കൊടുക്കയും ചെയ്തു. ജനങ്ങളും വളരെ കൂടി

യിരുന്നു. 15 ന് പെരുന്നാളിൽ റമ്പാച്ചൻ ചൊല്ലി. 21 ന് പെന്തിക്കോസ്തിയിൽ കഥാനായകൻ റമ്പാച്ചന്റെയും ശെമ്മാശൻമാരുടെയും സഹകരണത്തിൽ ചൊല്ലുകയും ക്രമം കഴിക്കുകയും ചെയ്തു.

22 ന് ദയറായിൽ നിന്നും വാകത്താനത്തേക്ക് യാത്ര പുറപ്പെട്ട് കുതിരവണ്ടിയിൽ പുതുപ്പള്ളി കടവിൽ എത്തുകയും റമ്പാച്ചനും കൂടെ പോന്നിരുന്ന പാമ്പാടിയിലെ പട്ടക്കാരും തിരിച്ചുപോകയും അവിടെ നിന്നും കഥാനായകൻ വള്ളം വഴി പുറപ്പെട്ട് 4 മണിക്ക് വള്ളിക്കാട്ട് പള്ളിയിലെത്തി. നിലയ്ക്കൽ പള്ളിയിൽ വച്ച് കന്നുകുഴിയിൽ ഇഞ്ചിനിയർ കുരുവിളയുടെ മകൻ ലൂക്കോസ് വക്കീൽ പരേതനായ പുന്നൻ ഡോക്ടറുടെ മകൾ മറിയ ലേഡി ഡോക്ടറെ വിവാഹം ചെയ്തു. വിവാഹകർമ്മം നടത്തിയത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായായിരുന്നു. പാമ്പാടി ദയറായിൽ താമസിക്കുമ്പോൾ എല്ലാ സംഗതികളും റമ്പാച്ചൻ ഭംഗിയായി നടത്തി. പാമ്പാടിയിലെ ജനങ്ങളും നിത്യവും വരികയും പല വിഭവങ്ങൾ കാഴ്ചയായി കൊണ്ടുവരികയും ചെയ്തിരുന്നു. ദയറായിരിക്കുന്നത് ഒരു നല്ല കാഴ്ചയുള്ള സ്ഥലത്തും കൃഷിക്ക് ഫലപുഷ്ടിയുള്ളതും ആകുന്നു.

28 ന് കഥാനായകൻ വള്ളിക്കാട്ട് ചൊല്ലി. മിഥുനം 2 ന് പാറപ്പുറത്ത് വക്കീൽ തന്ന 7 – 8 തെങ്ങിൻതൈകൾ വള്ളിക്കാട്ട് പള്ളി മുറ്റത്ത് വയ്പ്പിച്ചു. 3, 4 തീയതികളിൽ ചൊല്ലി. 7 ന് ദീനത്തിൽ കിടന്ന കാട്ടിൽ കുര്യനെ ചെന്നു കാണുകയും പ്രാർത്ഥന കഴിച്ച് തിരിച്ചുപോരുകയും ചെയ്തു. 8 ന് വ്യാഴാഴ്ച പള്ളിമുറ്റത്ത് താഴെ കെട്ടിയൊരുക്കിയ ഒരു പള്ളിക്കൂടത്തിൽ ഒരു പഠിത്തം തുടങ്ങി. ഒറ്റപ്ലാക്കൽ പീലിപ്പോസ് വാദ്യാരായിരുന്നു. 11, 14, 15 തീയതികളിൽ കുർബാന ചൊല്ലി. 25 ന് പഴയാറ്റുങ്കൽ അപ്പോത്തിക്കരി കെ. സി. ചെറിയാൻ വന്ന് വേദനയുണ്ടായിരുന്ന കഥാനായകന്റെ പല്ല് എടുത്തു. 29 ന് കുർബാന ചൊല്ലി.

കർക്കിടകം 1 ന് ശനിയാഴ്ച ചൊല്ലി. 9, 16 തീയതികളിലും ചൊല്ലി. .... 17 ന് വള്ളിക്കാട്ട് പള്ളിയിലെ ക്ദൂശ്കുദിശിന്റെ പണിയ്ക്ക് ആശാരി നീലാണ്ടനെ വരുത്തി പണി ആരംഭിച്ചു. 23, 30 തീയതികളിൽ കുർബാന ചൊല്ലി.

**1093 ന്നു 1917**

ചിങ്ങ മാസം 5, 6, 13 തീയതികളിൽ കഥാനായകൻ ചൊല്ലി. 14 ന് മദ്ബഹായിൽ ക്ദോശ്കുദിശിൻ സ്ഥാപിച്ചു. 15 ന് കഥാനായകൻ ചൊല്ലി. കുർബാന കഴിഞ്ഞ് ഓണാട്ട് കൊച്ചുപുന്നന്റെ അപേക്ഷപ്രകാരം അവിടെയെത്തി എണ്ണച്ചേരി കത്തനാരുടെയും ചക്കുപുരയ്ക്കൽ കത്തനാരുടെയും സഹകരണത്തിൽ പുരകൂദാശ കഴിച്ചുകൊണ്ട് തിരിച്ചുപോന്നു. ടി. പുന്നൻ 5 രൂപാ കൈമുത്ത് വെച്ചു.

Malankara Orthodox TV

16 ന് പാറപുറത്ത് വക്കീൽ അയാളുടെ ആൺകുട്ടിയെ കഥാനായകന്റെ മുൻപിൽ കൊണ്ടുവന്ന് 3 രൂപ വെച്ചു. അനുഗ്രഹിച്ചയയ്ക്കുകയും ചെയ്തു. 20 ന് ചൊല്ലി. 21 ന് വള്ളിക്കാട്ട് പള്ളിയിൽ ചക്കുപുരയ്ക്കൽ പുന്നൂസ് കത്തനാർ ചൊല്ലി. പഴഞ്ചിറ പുത്തൻപുരയിൽ മാണി മകൻ ചെറിയാൻ ചാക്കച്ചേരിയിൽ മാത്തു മകൾ ഉണിച്ചിയെ ടി. പള്ളിയിൽ വച്ച് വിവാഹം കഴിക്കയിൽ കഥാനായകനും പുന്നൂസു കത്തനാരും കൂടി വിവാഹകർമ്മം നടത്തി. ഇരുഭാഗക്കാരും കൂടി 9 രൂപ കൈമുത്തു വച്ചു. ടി. വിവാഹത്തിൽ പതാരം മുതലായതുകൾ വാകത്താനത്ത് പള്ളിയിൽ കൊടുത്തുംവച്ചാണ് അയാൾ വന്നിരുന്നത്.

27 ന് കഥാനായകൻ ചൊല്ലി. കന്നി മാസം 1, 2, 3 തീയതികളിൽ കുർബാന ചൊല്ലി. 7 ന് നിരണത്ത് കാട്ടുപറമ്പിൽ തോമസ് ശെമ്മാശനും മീനടത്തു കാരൻ ശെമ്മാശനും കൂടി പാമ്പാടി ദയറായിൽ നിന്നും കഥാനായകന്റെ അടുക്കൽ വന്നു. 8 ന് വെള്ളിയാഴ്ച ടി. തോമസ് ശെമ്മാശന് കഥാനായ കൻ മ്ശമിശാന പട്ടവും കൊടുത്തു. കഥാനായകൻ മുൻ ചെന്നിരുന്നപ്പോൾ കഥാനായകന്റെ സ്താത്തിക്കോന്റെ അരികിന് ചിത്രം എഴുതുന്നതിനായി വട്ടമല ശെമ്മാശനെ ഏല്പിച്ചിരുന്നു. ആയത് ടി. ശെമ്മാശൻ വളരെ ദിവ സത്തെ പ്രയാസം കഴിച്ച് ചിത്രം വരച്ച് ടി. ശെമ്മാശന്മാർ വശം അയച്ചിരു ന്നതും അവർ ഏൽപ്പിച്ചു. ടി. വട്ടമല ശെമ്മാശന് ഒരു സുറിയാനി ശുബ ഹായും മെൻഓലവും കൂടി നമസ്കാരപുസ്തകം സമ്മാനമായി അയച്ചു കൊടുത്തു. ശെമ്മാശന്മാർ അന്നു തന്നെ തിരിച്ചുപോകുകയും ചെയ്തു.

10 ന് കഥാനായകൻ ചൊല്ലി. 11 ന് തിരുവിതാംകൂർ മഹാരാജാവിന്റെ ഷഷ്ഠിപൂർത്തി മഹോത്സവമായിരുന്നു. രാജ്യമൊട്ടുക്ക് അതിനെക്കുറിച്ചുള്ള സന്തോഷത്തെ എല്ലാവരും പ്രദർശിപ്പിക്കുകയുണ്ടായി. അന്നേ ദിവസം കഥാ നായകൻ ചീരഞ്ചിറ പള്ളിക്കൂടത്തിൽ അവരുടെ എതിരേല്പോടു കൂടെ ഉച്ചയ്ക്ക് മുമ്പ് അവിടെ എത്തി യോഗം നടന്നതിൽ അദ്ധ്യക്ഷം വഹിച്ച് പ്രസംഗിച്ചു. മറ്റ് പലരുടെയും പ്രസംഗങ്ങളും ഉണ്ടായിരുന്നത് കൂടാതെ കുട്ടി കളുടെ വിനോദങ്ങളും കഴിഞ്ഞ് മഹാരാജാവിന് ചീയർ വിളിച്ച് യോഗം പിരിഞ്ഞു. ഉടനെ അവിടെ നിന്നും പുറപ്പെട്ട് എടത്ര കത്തനാരുടെ വക യായി വള്ളത്തിൽ വച്ച് ഊണും കഴിച്ചുകൊണ്ട് വാകത്താനം പള്ളിക്കൂടം കാരുടെ എതിരേല്പിനോടു കൂടെ അവിടെ എത്തി അദ്ധ്യക്ഷം വഹിച്ചു. ഇവിടെ പലരുടെയും പ്രസംഗങ്ങളും ചീയറു വിളികളും കഴിഞ്ഞ് .... രാത്രി പള്ളിയിൽ എത്തുകയും ചെയ്തു.

14 ന് വ്യാഴാഴ്ച സ്ലീബാ പെരുന്നാളിൽ കുർബാന ചൊല്ലി. ഉച്ചതിരിഞ്ഞ് കഥാനായകൻ പട്ടരുമഠത്തിൽ മൂപ്പച്ചനു കന്തീല കഴിക്കുന്നതിനായി പുതു പ്പള്ളിക്ക് പോകയും വാഴൂർ, പാമ്പാടി, കുറിച്ചി, വാകത്താനം, നാലുന്നാ ക്കൽ മുതലായ പള്ളികളിലെ പട്ടക്കാരുടെ സഹകരണത്തിൽ ആയതു

കഴിച്ചുകൊണ്ട് തിരിച്ചുപോന്നു. പാമ്പാടിയിലെ റമ്പാച്ചനും വന്നിരുന്നു. ഏറിയ ജനങ്ങളും കൂടിയിരുന്നു. മിക്ക ആളുകൾക്കും കാപ്പി സല്ക്കാരവും ഉണ്ടായിരുന്നു.

15, 17 തീയതികളിൽ ചൊല്ലി. 20 ന് ബുധനാഴ്ച വള്ളിക്കാട്ട് പള്ളിയുടെ സ്ഥാപന പെരുന്നാളിൽ കഥാനായകൻ ചൊല്ലുകയും പ്രസംഗിക്കയും ചെയ്തു. പതിവിൻപ്രകാരം അവൽ നേർച്ചയും നേർച്ചയിടീലും ഉണ്ടായി രുന്നു. 24 ന് ഞായറാഴ്ച ചൊല്ലി. 29 ന് സഹോദരൻ ചെറിയാച്ചന്റെ 3-ാ മത്തെ കുട്ടി വർക്കി പെട്ടെന്നു മരിച്ചുപോയി. പള്ളിക്കൂടത്തിൽ നിന്നും വന്നയുടനെ ഒരു ഛർദ്ദി ഉണ്ടായതു മാത്രമേ കാരണമായി കണ്ടൊള്ളു.

തുലാ മാസം 1, 7 തീയതികളിൽ ചൊല്ലി. 8 ന് ചൊല്ലി. പഴഞ്ഞിറ പള്ളി ക്കൂടത്തിൽ ഒരു യോഗം കൂടിയതിൽ കഥാനായകനെയും കൊണ്ടുപോയി രുന്നു. ആ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ച് ചില ഉപദേശങ്ങൾ പറഞ്ഞു. മറ്റു പലരുടെയും പ്രസംഗങ്ങളും ഉണ്ടായിരുന്നു. ആയതു കഴിഞ്ഞ് 5 മണിക്ക് പള്ളിയിൽ എത്തുകയും ചെയ്തു.

14 ന് മുളന്താനത്തുകുഴിയിൽ വല്യകൊച്ചിന്റെ പേർക്ക് കഥാനായകൻ നേർച്ച കുർബാന ചൊല്ലി. ടിയാൻ ചില കാഴ്ചകളും ആയി വന്നിരുന്നു. ഒരു സ്ഫടിക ക്രൂശും പഞ്ചസാര പാത്രവും ടിയാൻ സമ്മാനിക്കയും ചെയ്തു.

15 ന് ചൊല്ലി മൂലയിൽ തൊമ്മിയുടെ കുട്ടിയെ മാമ്മോദീസാ മുക്കി ഗീവറുഗീസ് എന്ന് പേരിട്ടു. തലതൊട്ടത് മൂലയിൽ വറുഗീസ്. ഉച്ചകഴിഞ്ഞ് കഥാനായകനും മറ്റും പരുമലയ്ക്കു യാത്ര പുറപ്പെട്ടു. രാത്രി 8 മണിക്ക് കുറിച്ചിയിൽ കല്ലാച്ചേരിൽ ദീനമായി കിടന്നിരുന്ന കുഞ്ഞിനെ (ഗ്രീഗോറി യോസു മെത്രാച്ചന്റെ അപ്പൻ) മൂപ്പീന്നിനെ കണ്ടുംകൊണ്ട് 16 ന് ഉച്ചയ്ക്കു മുമ്പ് പരുമലെ എത്തുകയും ചെയ്തു. .... പരുമലെ അപ്പോൾ ഗ്രീഗോറി യോസ്, ഈവാനിയോസ് മെത്രാച്ചൻമാർ ഉണ്ടായിരുന്നു.

18 ന് കഥാനായകൻ പരുമലപ്പള്ളിയിൽ കുർബാന ചൊല്ലി. കൊട്ടാരക്ക രക്കാരൻ തെക്കേടത്തു സ്കറിയ ശെമ്മാശന് മ്മ്ശമിശാന പട്ടം കൊടുത്തു. 19 ന് ഗ്രീഗോറിയോസു മെത്രാച്ചൻ ചൊല്ലി. ടി. സ്കറിയാ ശെമ്മാശന് കത്ത നാര് പട്ടവും എരവുകേരീൽ ഗീവറുഗീസ് ശെമ്മാശന് മ്മ്ശമിശാന പട്ടവും കൊടുത്തു. 20 ന് പെരുന്നാളിൽ സന്ധ്യ നമസ്കാര സമയത്തു മാർ ദീവ ന്നാസ്യോസ് മെത്രാച്ചനും വന്നുചേർന്നു. ഈവാനിയോസ് മെത്രാച്ചനും കഥാനായകനും പാമ്പാടി റമ്പാച്ചനും കൂടി പെരുന്നാളിൽ മൂന്നിന്മേൽ കുർ ബാന ചൊല്ലി.

21 ന് ഈവാനിയോസ് മെത്രാച്ചൻ ചൊല്ലി. എരവുകേരി ഗീവറുഗീസ്

ശെമ്മാശന് കത്തനാരു പട്ടവും വേറെ രണ്ടു ശെമ്മാശന്മാർക്ക് മ്ശമിശാനാ പട്ടവും കോലഞ്ചേരി മുറിമറ്റത്തു ഗീവറുഗീസ് എന്നു പേരായ ഒരു കൊച്ചന് മ്സമ്രാന പട്ടവും കൊടുത്തു. പെരുന്നാളിലെ നടവരവ് എടുത്തതിൽ 1254 രൂപയും കുർബ്ബാനപണം 300 ൽ ചില്ല്വാനം രൂപയും ഉണ്ടായിരുന്നു. ഇത് മുൻ രണ്ടു കൊല്ലത്തേതിൽ കൂടുതലായിരുന്നു.

22 ന് കഥാനായകൻ തുമ്പമൺ കോശിക്കത്തനാർ, മട്ടക്കൽ കൊച്ചുകത്തനാർ എന്നിവർ മൂന്നിന്മേൽ കുർബാന ചൊല്ലി. കഥാനായകൻ വള്ളക്കാലിൽ ചാക്കോ മൂപ്പിലെ കുടുംബരക്ഷക്കായി അയാളുടെ അപേക്ഷ പ്രകാരം കുർബാന ചൊല്ലി.

23 ന് സന്ധ്യയ്ക്ക് മാർ ദീവന്നാസ്യോസ് മെത്രാച്ചൻ തിരുവനന്തപുരത്തേക്ക് നീങ്ങി. 24 ന് കഥാനായകൻ പരുമല നിന്നും വാകത്താനത്തേക്ക് പോരികയാൽ തുമ്പമൺ കോശികത്തനാരും ബ്രഹ്മവാറിലേയ്ക്ക് പോകുന്നതിനായി കൂടെ പോന്നിരുന്നു. പിറ്റേ ദിവസം കാലത്തെ ടി. കത്തനാരെ കോട്ടയത്ത് ഇറക്കിയും വച്ച് പുറപ്പെട്ട് ഉച്ചകഴിഞ്ഞ് വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു. പരുമല നിന്നും കഥാനായകന് 25 രൂപായും വാലിയക്കാർക്ക് 15 രൂപയും വള്ളകൂലി ചിലവും തന്നു. 28, 29 തീയതികളിൽ കഥാനായകൻ ചൊല്ലി.

വൃശ്ചികം 2, 4 തീയതികളിൽ ചൊല്ലി. 5 ന് ചൊല്ലി കൂദാശ്ഈത്തോയെക്കുറിച്ച് പ്രസംഗിച്ചു. 12 ന് ചൊല്ലി ഹൂദോസ് ഈത്തോയെ ക്കുറിച്ച് പ്രസംഗിച്ചു. 13 ന് ദീനമായിട്ട് കിടന്നിരുന്ന എണ്ണച്ചേരീൽ കത്തനാരെ കഥാനായകൻ ചെന്നുകണ്ട് പ്രാർത്ഥന കഴിച്ചുകൊണ്ട് തിരിച്ചു പോരും വഴി പൊട്ടക്കാവേലീലും ..... കയറി.

17 ന് കൊല്ലാട്ട് ഏലമലെ മാണി മൂപ്പിലേക്ക് കന്തീലാ കഴിക്കുന്നതിനായി പോയിരുന്നു. വലിയമണ്ണിൽ കത്തനാർ, പട്ടച്ചേരിൽ കത്തനാർ, കുറിച്ചി പുത്തൻപുരക്കൽ കത്തനാർ, മൂലമണ്ണിൽ കത്തനാർ, ചെറിയ മഠത്തിൽ അലക്സന്ത്രയോസ് കത്തനാർ, ചക്കുപുരക്കൽ പുന്നൂസു കത്തനാർ എന്നിവരുടെ സഹകരണത്തിൽ കഥാനായകൻ ആയതു കഴിച്ചു കൊണ്ടു തിരിച്ചുപോന്നു.

19 ന് ഞായറാഴ്ച ചൊല്ലി പ്രാർത്ഥനയെക്കുറിച്ചും 25 ന് ചൊല്ലി ദൈവമാതാവിനെക്കുറിച്ചും പ്രസംഗിച്ചു. ...... 30 ന് പാണംപടി പള്ളിയിൽ വച്ച് മാർ കൂറിലോസ് മെത്രാച്ചൻ കാലം ചെയ്തു. ആ പള്ളിയിൽ അടക്കപ്പെട്ടു.

ധനു മാസം 2 ന് ശനിയാഴ്ച ചൊല്ലി. 3 ന് ചൊല്ലി. പൂവത്തുംമൂട്ടിൽ നിയമലംഘനമായി പ്രവർത്തിച്ച വിവാഹത്തെപറ്റി ശാസനയായി പ്രസംഗിച്ചു. .... 10 ന് ഞായറാഴ്ച ചൊല്ലി. 14 ന് നവീകരണക്കാർ തിരുവല്ലായിൽ

വച്ച് പാലക്കുന്നത്തു മെത്രാച്ചനും ആഞ്ഞൂരെ മെത്രാൻമാരും ഇംഗ്ലീഷ് ബിഷപ്പ് ഗിൽ അവർകളും കൂടി അവർക്ക് ഒരു മെത്രാച്ചനായി മാറേട്ട് അബ്രഹാം കത്തനാരെ വാഴിച്ചു.

17 ന് ചൊല്ലി നീതിമാനായ ഔസേപ്പിനെപ്പറ്റി പ്രസംഗിച്ചു. കുണ്ടറ സിമനാരി പിരിവിനെപ്പറ്റി പ്രസംഗിച്ചു. 19 ന് ചൊവ്വാഴ്ച (ജനുവരി 1 ന്) കൊല്ലം – തിരുവനന്തപുരം തീവണ്ടിയിൽ ആളുകളെ കയറ്റി ഓടിച്ചു തുടങ്ങി. 24 ന് ചൊല്ലി . 25 ന് ചൊല്ലി നോമ്പുവീടൽ കഴിക്കയും പ്രസംഗിക്കയും ചെയ്തു. 31 നും ചൊല്ലി.

**1093 ന് 1918**

മകര മാസം 1 ന് തിങ്കളാഴ്ച കഥാനായകൻ ചൊല്ലി. 6 ന് ചൊല്ലി ദനഹാക്രമം കഴിച്ചു. 7 ന് ചൊല്ലി യോഹന്നാൻ മാവുദാനയെപ്പറ്റി പ്രസംഗിച്ചു. അന്ന് ഉച്ചതിരിഞ്ഞ് 2 മണിക്ക് കഥാനായകൻ പഴഞ്ചിറപള്ളിക്കൂടത്തിൽ സൺഡേസ്കൂൾ കുട്ടികൾക്ക് സമ്മാനം കൊടുക്കുന്നതിനായി പോയിരുന്നു. കഥാനായകന്റേയും മറ്റ് ചിലരുടേയും പ്രസംഗങ്ങൾക്ക് ശേഷം സമ്മാനം കൊടുത്തു. കാപ്പി സൽക്കാരവും കഴിഞ്ഞ് തിരിച്ചുപോരികയും ചെയ്തു.

10 ന് ബുധനാഴ്ച ചൊല്ലി. 14 ന് ഞായറാഴ്ച ചൊല്ലി. ഉച്ചതിരിഞ്ഞ് ഉണ്ണാമറ്റം പള്ളിക്കൂടത്തിൽ സൺഡേസ്കൂൾ കുട്ടികളുടെ സമ്മാനം കൊടയ്ക്കു കൂടിയ യോഗത്തിൽ കഥാനായകനേയും ആഘോഷസമേതം കൊണ്ടുപോയിരുന്നു. ടി. യോഗത്തിൽ കഥാനായകൻ അദ്ധ്യക്ഷം വഹിച്ചു. എം. ഡി. സിമ്മനാരി ഹെഡ്മാസ്റ്റർ കെ. വി. ചാക്കോ, എൻ. ഐ. പോത്തൻ, എ. ജെ. ഡേവിഡ് ബി. എ. മുതലായവരും കോട്ടയത്തു നിന്നും വന്നിട്ടുണ്ടായിരുന്നു. മേൽപ്പറഞ്ഞവരുടേയും മറ്റും സാരസമ്പൂർണ്ണമായ പ്രസംഗങ്ങളുടെ ശേഷം സമ്മാനം കൊടുത്തുകൊണ്ട് കഥാനായകൻ തിരിച്ചു പോന്നു.

15 ന് പെരുന്നാളിൽ സന്ധ്യാ നമസ്ക്കാരം കഴിഞ്ഞ് കൊടിയും സ്ളീബായ്ക്കും മുൻപ് കുറിച്ചി പള്ളത്തേട്ട് മാണി ഉപദേശി എത്രയും സാരവത്തായ ഒരു പ്രസംഗം പറഞ്ഞു. കാലത്തു 10 മണിക്ക് കഥാനായകൻ കുർബാന ചൊല്ലുകയും കുർബാന മദ്ധ്യേ പുന്നൂസു കത്തനാരും കുർബാന കഴിഞ്ഞ് മാണി ഉപദേശിയും പ്രസംഗിക്കയും ചെയ്തു. സൺഡേസ്കൂൾ കുട്ടികളുടെ പാട്ടും പ്രദക്ഷിണവും ഉണ്ടായി. അവയ്ക്ക് പലഹാരങ്ങൾക്ക് ഒരു രൂപാ കഥാനായകൻ സമ്മാനിക്കയും ചെയ്തു. 21 ന് ചൊല്ലി. പ്രസംഗിച്ചു. 22 നും ചൊല്ലി. കല്പന ആചാരത്തെപ്പറ്റി പ്രസംഗിച്ചു. ചല്ലുവേലി കുഞ്ഞപ്പിയുടെ പെങ്ങളുടെ മകന്റെ കുട്ടിയെ മുക്കി. സ്കറിയാ എന്നു പേരിട്ടു. ജ്ഞാനപിതാവ് ടി. കുഞ്ഞപ്പി.

കുംഭ മാസം 2 നും 3 നും ചൊല്ലി. 4 ന് ഞായറാഴ്ച ചൊല്ലി. വിവാഹത്തെപ്പറ്റി പ്രസംഗിച്ചു. സഹോദരൻ ചെറിയാന്റെ മകൻ പുന്നൻ നാലുന്നാക്കൽ പള്ളിയിൽ വച്ച് കുളങ്ങര കൊച്ചിന്റെ മകളെ വിവാഹം കഴിച്ചു. 5 ന് പഴഞ്ചിറ മാത്തു ..... നാലുന്നാക്കൽ പള്ളിയിൽ വച്ച് അവന്റെ മകളെ മീനടത്തു പുത്തൻപുരക്കൽ ചെക്കനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. 11 ന് ചൊല്ലി. 13 ന് പത്രോസ് പാത്രിയർക്കീസ് ബാവാ മലയാളത്തു വന്നിരുന്നപ്പോൾ റമ്പാൻ സ്ഥാനം ഏറ്റ ചാലപ്പുറത്തു യാക്കോബു റമ്പാച്ചൻ വെട്ടിക്കൽ ദയറായിൽ വെച്ച് തന്റെ 72-ാമത്തെ വയസിൽ മരിച്ചടക്കപ്പെട്ടു. 23 ന് പാമ്പാടിയിൽ നിന്ന് കുറിയാക്കോസ് റമ്പാച്ചൻ കഥാനായകന്റെ അടുത്തു വന്നു നോമ്പിൽ അവിടെ താമസിക്കാൻ ഏനമുണ്ടോയെന്ന് ചോദിച്ചുംകൊണ്ട് പോയി. 28 ന് ചൊല്ലി.

18 ന് കഥാനായകൻ ചൊല്ലി. 25 നും ചൊല്ലി. മരിച്ചുപോയവരെക്കുറിച്ച് പ്രസംഗിച്ചു. മീന മാസം 3 ന് ശനിയാഴ്ച ചൊല്ലി. 4 ന് ഞായറാഴ്ച ചൊല്ലി. നോമ്പിനെപ്പറ്റി പ്രസംഗിച്ചു. 6 ന് ശുബുക്കോന ക്രമം കഴിച്ചു. 10 ന് ചൊല്ലി. 11 ന് ചൊല്ലി കുഷ്ടവ്യാധിക്കാരനെപ്പറ്റി പ്രസംഗിച്ചു. 17 ന് ചൊല്ലി. 18 ന് ചൊല്ലി തളർവാതിയെപ്പറ്റി പ്രസംഗിച്ചു. 19 ന് തിരുവിതാംകൂർ മഹാരാജാവ് പീരുമേട്ടിൽ സുഖമെടുക്കാൻ പോകുന്ന എഴുന്നള്ളത്തിൽ പരിവാരസമേതം കോട്ടയത്തും വന്നിരുന്നു. 25 ന് ചൊല്ലി പ്രസംഗിച്ചു.

മേട മാസം 1 ന് ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. പട്ടരുമഠത്തിൽ മൂപ്പച്ചന്റെ സംസ്കാരത്തിനായി എല്ലാവരും പോകണമെന്നും വിളിച്ചുപറഞ്ഞു. ടി. മൂപ്പച്ചൻ സ്വന്തം വീടായ പട്ടരുമഠത്തിൽ വച്ച് ശനിയാഴ്ച അസ്തമിച്ച് രാത്രി മരിക്കയും പിറ്റെദിവസം കുർബാന കഴിഞ്ഞ് 3 മണിക്ക് വാകത്താനത്ത്പള്ളിയിൽ കൊണ്ടുവരികയും ചെയ്തു. കഥാനായകനും വാകത്താനത്തെ പട്ടക്കാരും നാലുന്നാക്കലെ പട്ടക്കാരും കുറിച്ചീ പുത്തൻപുരക്കൽ കത്തനാരും വല്യപാറേട്ട് ശെമ്മാശനും[113] കൂടി ശവസംസ്കാര ശുശ്രൂഷ കഴിച്ച് ശവക്കോട്ടയിൽ കെട്ടിഒരുക്കിയ കല്ലറയിൽ അടക്കുകയും ചെയ്തു. ഒടുവിൽ കഥാനായകൻ എല്ലാവരേയും പള്ളിയിലേക്ക് വരുത്തി മൂപ്പച്ചനെപ്പറ്റി ഒരു പ്രസംഗവും പറഞ്ഞശേഷം 6 മണിയോടു കൂടി കഥാനായകൻ തിരിച്ചുപോരികയും ചെയ്തു.

7, 8, 15 തീയതികളിൽ ചൊല്ലി. 15 ന് ഓശാനയിൽ സുഖക്കേടു നിമിത്തം ക്രമം കഴിക്കുന്നതിനിടയായില്ല. 19 ന് പെസഹായ്ക്ക് രാവിലെ കഥാനായകൻ ചൊല്ലി. 20 ന് ദുഃഖവെള്ളിയാഴ്ച നമസ്ക്കാരവും കഴിക്കയും പ്രസംഗിക്കയും ചെയ്തു. ഹാശായുടെ ഈ ആഴ്ചയിൽ കല്ലൂപ്പാറെ പള്ളിയിൽ ചെല്ലാമെന്ന് കഥാനായകൻ കല്പന അയച്ചതായിരുന്നു. സുഖക്കേടു നിമിത്തം പോകാൻ സാധിച്ചില്ല.

22 ന് ഉയിർപ്പിന് കഥാനായകൻ കുർബാന ചൊല്ലി ക്രമം കഴിച്ചില്ല. 24 ന് പുതുഞായറാഴ്ചയും ചൊല്ലി. ഇടവം 5 ന് ശനിയാഴ്ചയും 6 ന് ഞായറാഴ്ചയും 13 ന് ഞായറാഴ്ചയും ചൊല്ലി. 17 ന് വാകത്താനത്തു പള്ളിയിൽ ഒരു കരിങ്കൽ കുരിശ് പണിയിപ്പാൻ വേണ്ടി ചെങ്ങന്നൂർ പെരിശ്ശേരിയിൽ പള്ളിയിൽ യോഹന്നാനേയും കരിങ്കൽ പണിക്കാരനേയും കഥാനായകൻ വരുത്തി ആയതിന് ചട്ടംകെട്ടി 20 രൂപാ മുൻപേറ് കൊടുത്തയച്ചു.

18 ന് കഥാനായകൻ പുതുപ്പള്ളീൽ പന്തലുമുറിയിൽ ദീനമായി കിടന്നിരുന്ന ചാച്ചി എന്ന വൃദ്ധ സ്ത്രീയെ കണ്ട് പ്രാർത്ഥന കഴിച്ച് പോന്നു. 20 ന് ചൊല്ലി. 27 ന് ചൊല്ലി പ്രസംഗിച്ചു. കഥാനായകന്റെ സഹോദരി സാറയുടെ പെൺകുട്ടിയെ വള്ളിക്കാട്ട് പള്ളിയിൽ വച്ച് മാമോദീസാ മുക്കി അക്ക എന്ന് പേരിട്ടു. തലതൊട്ടതു വട്ടച്ചാണക്കൽ മറിയ.

മിഥുന മാസം 2 ന് ശനിയാഴ്ച ചൊല്ലി. 3 ന് ഞായറാഴ്ചയും ചൊല്ലി. പുന്നൂസു കത്തനാർ പ്രസംഗിച്ചു. 10 ന് പെന്തിക്കുസ്തിയിൽ കഥാനായകൻ ചൊല്ലുകയും ക്രമം കഴിക്കയും പ്രസംഗിക്കയും പുന്നൂസു കത്തനാരുടെ സഹകരണത്തിൽ മണർകാട്ട് പൈനുങ്കൽ യാക്കോബു കത്തനാരുടെ മകൻ മത്തായിക്ക് മ്മ്സമ്രോന പട്ടം കൊടുക്കയും പട്ടംകൊട കഴിഞ്ഞ് ടി. ശെമ്മാശനും മറ്റും പോകയും ചെയ്തു.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മുടക്കുകാലത്ത് കശീശാപ്പട്ടം ഏറ്റു എന്ന കാരണത്താൽ കുന്നംകുളം പള്ളിയിൽ ചാക്കുണ്ണി കത്തനാരെ ആ പള്ളിയിൽ കേറ്റാതിരിപ്പാൻ ത്രിശൂർ ജില്ലയിൽ ഇടവകക്കാരിൽ ചിലർ കൊടുത്തിരുന്ന അന്യായം വാദികൾക്ക് ദോഷമായി മുൻവിധിയുണ്ടായതിൻ മേൽ ഹൈക്കോർട്ടിൽ അപ്പീൽ ചെയ്തതിലും അവർക്ക് ദോഷമായി വിധിയുണ്ടാവുകയും മുടക്ക് ന്യായമായ കാരണത്തിൻമേൽ അല്ല എന്നു രണ്ടു ജഡ്ജിമാരും അഭിപ്രായപ്പെട്ടു. മിഥുനം 12 ന് മനോരമയിൽ വിധിസാരം പ്രസ്താവിക്കയും ചെയ്തിട്ടുണ്ട്.

17 ന് കഥാനായകൻ ചൊല്ലി പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 24 ന് ചൊല്ലി. 1 ശമു. 2:3 വാക്യത്തെപ്പറ്റി പ്രസംഗിച്ചു. 29 ന് പത്രോസ് പൗലോസ് ശ്ലീഹൻമാരുടെ പെരുന്നാളിൽ കഥാനായകൻ ചൊല്ലി. ടി. ശ്ളീഹൻമാരുടേയും മാർ ദീവന്നാസ്യോസ് വലിയ മെത്രാന്റെയും ഓർമ്മ കഴിക്കയും ചെയ്തു.

കർക്കടക മാസം 1 ന് ഞായറാഴ്ച ചൊല്ലി. പുന്നൂസു കത്തനാർ പ്രസംഗിച്ചു. 2 ന് വാകത്താനത്തു പടിക്കൽ മാണിയുടെ തള്ള ഏല ദീനമായി കിടന്നിരുന്നതിനാൽ കഥാനായകൻ അവിടെ പോയി പുന്നൂസു കത്തനാരുടെ സഹകരണത്തിൽ ഉപ്രുശ്മാ കഴിച്ച് തിരികെപ്പോന്നു. 3 ന് മാർത്തോമാ ശ്ലീഹായുടെ ഓർമ്മ പഴയാറ്റുങ്കൽ തൊമ്മന്റെ അപേക്ഷപ്രകാരം

പെരുന്നാളായി കഴിക്കാൻ കഥാനായകൻ ചൊല്ലുകയും ശ്ലീഹായെ കുറിച്ച് പ്രസംഗിക്കയും ചെയ്തു. ടി. തൊമ്മന്റെയും മറ്റു ചിലരുടേയും ചിലവിൽ പാച്ചോർ നേർച്ച കൊടുക്കുകയും ചെയ്തു.

7 ന് ചൊല്ലി. 8 ന് ചൊല്ലി. യോഹ. 14. എന്നെ നിങ്ങൾ സ്നേഹിക്കുന്നു വെങ്കിൽ എന്റെ കല്പനകളെ ആചരിപ്പീൻ എന്ന വാക്യത്തെ ക്കുറിച്ച് പ്രസംഗിച്ചു. 16 നും 17 നും കളപ്പുരക്കൽ അച്ചന്റെ ഓർമ്മയിലേയും 22 നും ചൊല്ലി . 26 ന് പാറപ്പുറത്തു കുര്യൻ വക്കീലിന്റെ ആവശ്യപ്രകാരം ചൊല്ലി. 29 നും ചൊല്ലി.

**1094 ന്ന് 1918**

ചിങ്ങ മാസം 1 ന് ബുധനാഴ്ച 4 ന് ശനിയാഴ്ചയും 5, 6 നും പെരുന്നാ ളിലും ചൊല്ലി. പഴഞ്ചിറെ മാണി മകൾ അക്ക അവളുടെ അമ്മ മരിക്കുന്നതി നു മുമ്പ് 10 രൂപാ കൈമുത്തു കൊടുക്കണമെന്ന് പറഞ്ഞിരുന്നതിൻപ്രകാരം ആ വക രൂപാ 10 കഥാനായകന്റെ മുമ്പിൽ കൊണ്ടുവന്നേല്പിച്ചു.

12 ന് ചൊല്ലി. 15 ന് ചൊല്ലി. തെക്കേപ്പുറത്തു വെട്ടിയിൽ തൊമ്മന്റെ കുട്ടിയെ മാമ്മോദീസാ ..... മുക്കി കൊടുക്കയും ചെയ്തു. തലതൊട്ടതു കുട്ടിയുടെ അമ്മൂമ്മ ഏലി.

19 ന് കുർബാന ചൊല്ലി പ്രസംഗിച്ചു. കൈതയിൽ മാത്തുവിന്റെ കുട്ടിയെ മാമ്മോദീസാ മുക്കി കോശി എന്നു പേരിട്ടു. തലതൊട്ടതു കൈതയിൽ കോശി വക്കീൽ. 5 രൂപ കൈമുത്ത് വച്ചു. 20 ന് മടത്രമ്പിൽ ആകുന്ന ഓണാട്ടു കുര്യന്റെ മകൻ കൊച്ചുപുന്നൻ കോട്ടയത്തു നിന്ന് വിവാഹം ചെയ്കയാൽ അപേക്ഷപ്രകാരം കഥാനായകൻ വാകത്താനത്തു പള്ളിയിൽ എത്തി ചക്കുപുരക്കൽ പുന്നൂസു കത്തനാരുടെ സഹകരണത്തിൽ കൂദാശ നടത്തി തിരിച്ചുപോന്നു. ദമ്പതിമാർ അയ്മ്പു രൂപാ കൈമുത്ത് വച്ചു.

26 ന് ചൊല്ലി പ്രസംഗിച്ചു. 31 നേക്ക് കൊല്ലം 1094 ചിങ്ങം 28 ന് കോട്ടയം വിജയപുരം പകുതിയിൽ 95/8 നമ്പർ പുരയിടത്തിൽ ഒരു പള്ളി വയ്ക്കുന്ന തിന് മാളിയേക്കൽ ചെറിയമഠത്തിൽ അന്ത്രയോസ് കത്തനാർക്കും കുഴി ക്കാട്ടായ കുന്നേൽ പുരയിൽ വർക്കി പുന്നനും ഒരു കല്പന അയച്ചു കൊടുത്തു. കന്നി 1 ന് ശനിയാഴ്ച ചൊല്ലി. കണ്ണഞ്ചിറ ആലഞ്ചേരിൽ ഉതുപ്പ്, ഏലി എന്നിവരുടെ കുട്ടിയെ മുക്കി വർഗീസ് എന്ന് പേരിട്ടു. തലതൊട്ടത് ആലഞ്ചേരിൽ ഐപ്പ്. 2 ന് ചൊല്ലി. 8 നോമ്പിനായി ചില സ്ത്രീകളും വന്നി രുന്നു. 3, 4, 6, 8 തീയതികളിൽ ചൊല്ലി. 8 നോമ്പുകാർക്കായി ഒരു പ്രത്യേക പ്രാർത്ഥന കഴിച്ച് അനുഗ്രഹിച്ചയച്ചു. അവരുടെ വകയായി ഒരു പാച്ചോറ് നേർച്ചയും ഉണ്ടായിരുന്നു. 9 ന് ചൊല്ലി. ശു. കുർബാനയെപ്പറ്റി പ്രസംഗിച്ചു. 18 ന് ചൊല്ലി ടി. സംഗതിയെപ്പറ്റിത്തന്നെ പ്രസംഗിച്ചു. 20 ന് പള്ളി സ്ഥാപന

യുടേയും കോതമംഗലത്ത് ബാവയുടേയും ഓർമ്മ കഴിച്ചു. ആ സംഗതിയെപ്പറ്റി പ്രസംഗിക്കയും ചെയ്തു. നേർച്ച ഇടീലും അവൽ നേർച്ചയും ഉണ്ടായിരുന്നു. 23 ന് ചൊല്ലി. വി. കുർബാനയെ സംബന്ധിച്ച് പ്രസംഗിച്ചു.

കർക്കടകം, ചിങ്ങം, കന്നി മാസങ്ങളിൽ നെല്ലിനും അരിക്കും തുണിക്കും വലിയ വിലക്കൂടുതൽ ആയിരുന്നു. 30 ന് ചൊല്ലി. ശു. കുർബാനയെപ്പറ്റി പ്രസംഗിച്ചു.

തുലാ മാസം 3 ന് കിണ്ടി, വളർവട്ടക, തമ്പളെർ, കൊച്ചുരുളി ഇവകൾ മൂശാരിയെ ഇരുത്തി വാർപ്പിച്ചു. ടിയാന്റെ കൂലി തീർത്തു പിരിച്ചുവിട്ടു. രണ്ടു മാസം കൊണ്ടാണ് ഇത്രയും പണികൾ അവൻ ചെയ്തത്. ..... 6 ന് ചൊല്ലി. 7 ന് ചൊല്ലി. ശു. കുർബാനയെപ്പറ്റി പ്രസംഗിച്ചു. ....... പടിക്കൽ മാണിയുടെ ശവസംസ്കാരത്തിനായി വാകത്താനത്തു പള്ളിയിൽ പോയിരുന്നു.

14 ന് ചൊല്ലി. ശു. കുർബാനയെപ്പറ്റി പ്രസംഗിച്ചു. പരുമലക്ക് പുറപ്പെട്ട് പിറ്റെദിവസം അവിടെ എത്തി. 19 ന് പരുമല പള്ളിയിൽ കഥാനായകനും തൃപ്പൂണിത്തുറ കളരിക്കൽ സ്കറിയാ കത്തനാരും മുളന്തുരുത്തി പുനമട്ടത്ത് കത്തനാരും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. അന്നേ ദിവസം സൈത്തു കൂദാശയും കഴിച്ചു. തിരുവനന്തപുരത്തു നിന്നും പരുമല വന്നു ചേർന്നു.

20 ന് മാർ ഈവാനിയോസ്, മാർ പീലക്സീനോസ്,[114] മാർ ഗ്രീഗോറിയോസ് എന്നീ മെത്രാച്ചൻമാർ മൂന്നിന്മേൽ കുർബാന ചൊല്ലി. തുമ്പമൺ പുത്തൻവീട്ടിൽ യാക്കോബു കത്തനാർ പെരുന്നാളിനെക്കുറിച്ച് പ്രസംഗിച്ചു. ഉച്ചയോടു കൂടെ പുതുക്രിസ്ത്യാനികൾക്കുള്ള യോഗത്തിൽ ദീവന്നാസ്യോസ് മെത്രാൻ അദ്ധ്യക്ഷം വഹിച്ചു. ടി. യാക്കോബു കത്തനാരും മറ്റും പ്രസംഗിച്ചു. കൊടിയും സ്ളീബായും കഴിഞ്ഞ് വൈദികയോഗം കൂടി. പരുമല താമസിക്കും തോമസു കത്തനാർ പരുമലപ്പെരുന്നാൾ എന്ന പുസ്തകം ചമച്ചതിനെ കുറിച്ച് അയാൾക്കും മംഗളപത്രികയും മെഡലും മറ്റും പട്ടക്കാർ കൊടുത്തു.

21 ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി കുന്നംകുളം കൊലാടി ദാവിദ് ശെമ്മാശന് കത്തനാരു പട്ടം കൊടുത്തു. ടി. കത്തനാരുടെ ജേഷ്ഠൻ കഥാനായകന് 3 രൂപാ കൈമുത്തു വച്ചു. 23 ന് ഉച്ച കഴിഞ്ഞ് കഥാനായകനും മറ്റും പരുമല നിന്നും വാകത്താനത്തേക്ക് പുറപ്പെട്ട് പിറ്റെദിവസം ഉച്ചക്ക് മുമ്പവിടെ എത്തുകയും ചെയ്തു.പരുമല നിന്നും കഥാനായകന് 25 രൂപയും വള്ളക്കൂലി 6 രൂപയും വാലിയക്കാർക്ക് 1 1/2 രൂപായും തന്നു. ടി. ആണ്ടിൽ പരുമല പെരുന്നാളിന് 1215 രൂപാ നടവരവും നാനൂറ്റി ചില്ലാനം രൂപ കുർബാനപ്പണവും ഉണ്ടായിരുന്നു. 28 ന് കഥാനായ

കൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി ജനങ്ങളുടെ ഭക്തിഹീനതയെപ്പറ്റി പ്രസംഗിച്ചു.

1 ന് തെക്കേമൂലയിൽ അമ്മൂമ്മയുടെ ആത്മാനുകൂലാർത്ഥം ശു. കുർബാന ചൊല്ലി. 3 ന് ശനിയാഴ്ചയും 4 നും ചൊല്ലി. കൂദാശ്ഹത്തായെ കുറിച്ച് പ്രസംഗിച്ചു. 5 മുതൽ സുറിയാനിയിൽ നിന്നും വെളിപാട് പുസ്തകം തർജമ ചെയ്യാൻ തുടങ്ങി. 11 ന് ചൊല്ലി. 12 ന് വള്ളിക്കാട്ട് പള്ളീടെ വെള്ളതേപ്പ് നടത്തണമെന്നുദ്ദേശിച്ച് പണി ആരംഭിച്ചു. ടി. പണിക്ക് വേണ്ടി പഴഞ്ചിറ റാഹേലിനോട് 75 പറ നെല്ലു കടം വാങ്ങിച്ചു. ആ ആഴ്ചയിൽ നെല്ലിന് വില കൂടി.

1 പറ നെല്ലിന് 1 രൂപയായി. 18 ന് ചൊല്ലി. പുന്നൂസു കത്തനാർ പ്രസംഗിച്ചു. 25 ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി ജേഷ്ടന്റെ മകൻ പുന്നന്റെ കുട്ടിയേയും കോട്ടയത്തു വട്ടുക്കളത്തിൽ വർക്കിയുടെ കുട്ടിയേയും മറ്റും സ്നാനപ്പെടുത്തി. 6 മാമോദീസാ ഉണ്ടായിരുന്നു. വട്ടുകളംകാർ 5 രൂപാ കൈമുത്തു വച്ചു. പുന്നൂസു കത്തനാർ ചൊല്ലി. കുർബാന മദ്ധ്യേ പള്ളിസംബന്ധമായ കാര്യങ്ങളെ കുറിച്ചും വട്ടിപ്പണക്കേസിലേക്ക്[115] പണം അയക്കണമെന്ന് മാർ ദീവന്നാസ്യോസ് മെത്രാച്ചൻ സാധനം അയച്ചിട്ടുള്ളതിനെക്കുറിച്ചും കഥാനായകൻ പ്രസംഗിച്ചു. കുർബാന കഴിഞ്ഞ് യോഗം കൂടിയതിൽ ഭണ്ഡാരം എടുത്ത് അയക്കുന്നതിന് എല്ലാവരും സമ്മതിക്കായ്കയാൽ കാര്യത്തിന് തീരുമാനം ഉണ്ടാകാതെ തിരിച്ചുപോരികയും ചെയ്തു. ടി. സംഗതിക്ക് മെത്രാച്ചന്റെ പേർക്ക് പിറ്റെ ദിവസം എഴുത്തയക്കുകയും ചെയ്തു.

ധനു മാസം 2 ന് ഞായറാഴ്ച കഥാനായകൻ ചൊല്ലി. പുന്നൂസു കത്തനാർ പ്രസംഗിച്ചു. 5 ന് പള്ളിയുടെ ഹൈക്കലായുടെ പുറംതേപ്പ് തീർത്തു. മുഖവാരം തേപ്പ് തുടങ്ങി. 8, 9 തീയതികളിൽ ചൊല്ലി. 16 നും ചൊല്ലി. കുർബാന കഴിഞ്ഞ് കൈതയിൽ കോശി വക്കീൽ മുളന്താനത്തുകുഴിയിൽ എം. സി. ചാക്കോ റൈട്ടർ, പഴഞ്ചിറ പുത്തൻപുരക്കൽ ചെറിയതു കുര്യൻ എന്നിവരും മറ്റും കൂടി ഒരു പെൺപള്ളിക്കൂടം പണിയിക്കണമെന്നും അതിലേക്ക് തെക്കുംമൂട്ടിൽ പുരയിടം വാങ്ങിക്കണമെന്നും 100 രൂപാ വീതം എടുക്കാമെന്നും സമ്മതിച്ചു പിരിഞ്ഞു. 23 ന് ചൊല്ലി. പെൺപള്ളിക്കൂട പണിയെ സംബന്ധിച്ചും മറ്റും പ്രസംഗിച്ചു. 25 ന് ചൊല്ലി നോമ്പു വീടൽ കഴിച്ചു. സൺഡേസ്കൂൾ കുട്ടികൾ ക്രിസ്തുമസ് പാട്ടുമായി വീടുകൾ തോറും രാത്രി സഞ്ചരിച്ചു. പള്ളിയിലും കാലത്ത് അവർ പാടി.

**1094 – 1919**

മകര മാസം 1 ന് ചൊവ്വാഴ്ചയും 2 നും കഥാനായകൻ ചൊല്ലി. 6 ന് ചൊല്ലി ദനഹാക്രമം കഴിച്ചു. മുൻ ധനു 22 ന് തെക്കുംമൂട്ടിൽ വർഗീസിന്റെ

Malankara Orthodox TV

സ്ഥലത്തിൽ 30 സെന്റു സ്ഥലം പെൺപള്ളിക്കൂടം പണിക്കു വേണ്ടി കഥാനായകന്റെ പേരിൽ 40 രൂപാ വിലക്ക് തീറു വാങ്ങിച്ചു. 13 ന് ചൊല്ലി. 15 ലെ പെരുന്നാൾ വിളിച്ചു പറഞ്ഞു. 26 ന് സന്ധ്യക്ക് നമസ്ക്കാരം കഴിഞ്ഞ് പള്ളത്തെ മാണി ഉപദേശി പ്രസംഗിച്ചു. അതുകഴിഞ്ഞ് കൊടിയും സ്ലീബായും എടുത്ത ഉടനെ കരിമരുന്നു പ്രയോഗവും നടത്തി. 7, 8 രൂപാ ജനങ്ങൾ പിരിച്ചെടുത്ത് ആയതു നടത്തിയതാകുന്നു.

15 ന് പെരുന്നാളിൽ എടത്ര കത്തനാർ ചൊല്ലി. കഥാനായകൻ പ്രസംഗിച്ചു. കുർബാന കഴിഞ്ഞ് സൺഡേസ്കൂൾ കുട്ടികളുടെ പാട്ടും പ്രദക്ഷിണവും ഉണ്ടായിരുന്നു. ടി. കുട്ടികൾക്ക് പഴക്കുല സമ്മാനിച്ചു. പുതുക്രിസ്ത്യാനികൾക്ക് ഒരു യോഗം നടത്തി ഉപദേശി പ്രസംഗിച്ചു. ആകെപ്പാടെ പെരുന്നാൾ ഭംഗിയായി കഴിഞ്ഞുകൂടി. നടവരവും കുറവില്ലായിരുന്നു. 20 22 തീയതികളിൽ ചൊല്ലി. പള്ളിയുടേയും നാടകശാലയുടേയും തേപ്പ് പൂർത്തിയായി. കല്ലാശാരികൾക്ക് സമ്മാനവും കൊടുത്ത് അവരെ പിരിച്ചുവിട്ടു. 27 ന് ചൊല്ലി. മൂന്നു നോമ്പു വിവരം അറിയിച്ചു. 31 ന് ടി. നോമ്പു വീടലിന് ചൊല്ലി.

കുംഭം 2, 3 തീയതികളിൽ ചൊല്ലി. 3 ന് പട്ടക്കാരുടെ ഓർമ്മയെക്കുറിച്ച് പ്രസംഗിച്ചു. 4 ന് വ്യാഴാഴ്ച കാലായിൽ ഔസേപ്പ് ഒറ്റപ്ലാവൻ തൊമ്മിയുടെ ഇളയമകളെ വാകത്താനത്തു പള്ളിയിൽ വച്ച് വിവാഹം കഴിച്ചു. 9 ന് കോട്ടയത്തു നിന്നും മാർ ദീവന്നാസ്യോസ് മെത്രാച്ചൻ വാകത്താനത്തു പള്ളിയിൽ എത്തി. 10 ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലിയുംവച്ച് വാകത്താനത്തു പള്ളിയിലേക്ക് പോയി. .... ദീവന്നാസ്യോസ് മെത്രാച്ചൻ മരിച്ചുപോയവരുടെ ഓർമ്മയെപ്പറ്റി പ്രസംഗിച്ചു. 3 മണിക്ക് പള്ളി സംബന്ധമായ ചില വഴക്കുകളെപ്പറ്റി കേൾക്കുന്നതിനായി കൂടിയിരുന്നു. ഒന്നും തീരുമാനം ഉണ്ടായില്ല.

11 ന് മല്ലപ്പള്ളീൽ വട്ടശ്ശേരീൽ പാപ്പിയുടെ മകളെ വാകത്താനത്തു പുത്തൻപുരക്കൽ കൊച്ചീപ്പന്റെ മകൻ വാദ്ധ്യാരെ കൊണ്ട് വിവാഹം ചെയ്യിക്കയാൽ മെത്രാച്ചൻമാർ രണ്ടു പേരും എണ്ണച്ചേരീൽ കത്തനാരും കൂടി വിവാഹക്രമം നടത്തി. 4 മണിക്ക് മാർ ദീവന്നാസ്യോസ് മെത്രാച്ചൻ വള്ളിക്കാട്ട് പള്ളിയിൽ എത്തി കാപ്പി കഴിഞ്ഞ് വാകത്താനത്തു തിരിച്ചെത്തി. അന്നുരാത്രി തന്നെ മെത്രാച്ചൻ ഉപ്പൂട്ടിൽ അബ്രഹാത്തിന്റെ സംസ്കാരത്തിനായി കോട്ടയത്തേക്ക് നീങ്ങി. ....

13 ന് മാർ ദീവന്നാസ്യോസ് മെത്രാച്ചൻ വാകത്താനത്തേക്ക് തിരിച്ചു വന്നു. 25 ന് വാകത്താനത്തു പള്ളിയിലെ ഭണ്ഡാരം എടുത്തു. 149 രൂപാ ഉണ്ടായിരുന്നു. അതു മുഴുവനും മെത്രാച്ചന് കൊടുത്തു. ഉച്ചതിരിഞ്ഞ് മെത്രാച്ചനും കഥാനായകനും കൂടി കോട്ടയം സിമനാരിയിലേക്ക് യാത്ര പുറപ്പെട്ട്

എടക്ക് വച്ച് ഓണാട്ട് പുന്നന്റെ അപേക്ഷപ്രകാരം അവന്റെ വീട്ടിൽ കയറി പ്രാർത്ഥന കഴിക്കയും കാപ്പി സൽക്കാരം കഴിക്കയും ചെയ്തു. ഉടനെ പുറപ്പെട്ട് രാത്രി 9 മണിക്ക് മുൻമ്പ് സിമ്മനാരിയിൽ എത്തി. അപ്പോൾ അവിടെ ഈവാനിയോസ്, ഗ്രീഗോറിയോസ് ഈ മെത്രാച്ചൻമാർ എത്തിയിട്ടുണ്ടായിരുന്നു. 16 ന് ചേന്നംകരി സുറിയാനി പള്ളിക്കാർ അവരുടെ പള്ളിപണി പൂർത്തിയാക്കിയതിനാൽ കൂദാശ ചെയ്യുന്നതിന് മെത്രാൻമാർ നാലു പേരും എത്തണമെന്ന് അപേക്ഷിക്കയും അങ്ങനെ അനുവദിക്കുകയും അവർ ഒരു വലിയ ബോട്ട് സിമ്മനാരിക്കടവിൽ എത്തിക്കയും ചെയ്തു. 9 മണിയോടുകൂടി മെത്രാച്ചൻമാർ 4 പേരും പരിവാരങ്ങളും യാത്ര പുറപ്പെട്ട് അവിടെ എത്തി. സിമ്മനാരിയിൽ നിന്നും 8 ശെമ്മാശൻമാരും ഒരു കത്തനാരും ഒപ്പം പോന്നിരുന്നു.

എതിരേല്പിന് 5 ചുണ്ടനും 2 ഇരിട്ടുകുത്തിയും ഒരു മോട്ടോർബോട്ടും വേറെ രണ്ടു ബോട്ടുകളും വള്ളങ്ങളും ബാന്റും ഉണ്ടായിരുന്നു. വള്ളക്കടവിൽ ഇറങ്ങിയ ഉടനെ ആ പള്ളി വികാരി മെത്രാൻമാർക്ക് ഓരോ വലിയ മെഴുകുതിരികൾ സമ്മാനിച്ച് കൈ മുത്തി. ഉടനെ പള്ളിയിൽ കയറി മുറപ്രകാരം ലുത്തനിയ കഴിച്ച് ആശീർവദിച്ചു. അനന്തരം പള്ളിക്ക് വടക്കുവശത്ത് കെട്ടിഒരുക്കിയിരുന്ന വിശാലമായ പന്തലിൽ പ്ലാറ്റ്ഫോറത്തിൽ മെത്രാച്ചൻമാരും ശേഷം താഴെയും ആസനസ്ഥരായി. അപ്പോൾ പ്രസംഗരൂപേണ മംഗളപത്രങ്ങൾ മെത്രാൻമാർക്ക് വികാരി സമ്മാനിച്ചു. മാർ ദീവന്നാസ്യോസ് മെത്രാച്ചൻ യഥോചിതമായ മറുപടി പറകയും പിന്നീട് ആ പള്ളി മദ്ബഹായിൽ ചായപ്പണികൾ ചെയ്ത ആർട്ടിസ്റ്റ് മി. തോമസിന് ഇടവകക്കാരുടെ വകയായി ഒരു മെഡൽ ദീവന്നാസ്യോസ് മെത്രാച്ചന്റെ കൈകളാൽ സമ്മാനിച്ചു. മനോരമ പത്രാധിപർ കെ. സി. മാമ്മൻമാപ്പിള അതു സംബന്ധിച്ചും വികാരിയുടെ സ്ഥിരോത്സാഹത്തെ സംബന്ധിച്ചും പ്രസംഗിച്ചു.17 ന് സന്ധ്യയ്ക്ക് നമസ്കാര ശേഷം കൂദാശയുടെ ആദ്യഭാഗം കഴിച്ചു. കാലത്തു നമസ്കാരവും കുർബാനയും കഴിച്ച് പ്രധാന പീഠത്തിൽ ഈവാനിയോസ് മെത്രാച്ചനും ഉപപീഠങ്ങളിൽ പീലക്സീനോസ്, ഗ്രീഗോറിയോസ് എന്നീ മെത്രാച്ചന്മാരും വി. കുർബാന അനുഷ്ഠിച്ചു. കുർബാനമധ്യേ ദീവന്നാസ്യോസ് മെത്രാച്ചൻ പുൾപ്പിറ്റിൽ നിന്നുകൊണ്ട് കൂദാശയെ സംബന്ധിച്ച് പ്രസംഗിച്ചു. തിരുവനന്തപുരത്തു നിന്നും ജോൺ വക്കീലും ആലപ്പുഴ താമസക്കാരായ സുറിയാനിക്കാരും പല സ്ഥലത്തു നിന്നും ആൾക്കാരും വന്നിരുന്നു. കൂദാശ കഴിഞ്ഞ് നേർച്ച ഇടീലും ഉണ്ടായിരുന്നു.

18 ന് അത്താഴമേശ കഴിഞ്ഞശേഷം ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, ഈവാനിയോസ്, പീലക്സിനോസ് ഈ മെത്രാച്ചന്മാരും സിമനാരിയിലേക്ക് തിരിച്ചുപോരികയും ഗ്രീഗോറിയോസ് മെത്രാച്ചൻ ആലപ്പുഴക്ക് പോകുന്നതിനായി അവിടെ താമസിക്കയും ചെയ്തു. ഞങ്ങൾ പുലർച്ചക്ക് സിമ്മനാ

രിയിലെത്തി താമസിച്ചു. 20 സിമ്മനാരിയിൽ നിന്നും കഥാനായകൻ വാകത്താനത്തേക്ക് പുറപ്പെട്ട് പുലർച്ചെ അവിടെ എത്തി. 23 ന് ശനിയാഴ്ച്ച ചൊല്ലി. 24 ന് ഞായറാഴ്ച ചൊല്ലി. കുർബാന കഴിഞ്ഞശേഷം വള്ളിക്കാട്ട് പള്ളിയിൽ നിന്നും വാകത്താനത്തു പള്ളിയിലേക്ക് പോയി തിരിച്ചുവന്നു.

മീന മാസം 2 ന് ചൊല്ലി. 3 ന് ചൊല്ലി പ്രസംഗിച്ചു. 4 ന് ചൊല്ലി. 10 ന് ഞായറാഴ്ച ചൊല്ലി. പുന്നൂസു കത്തനാർ ക്നായിത്തായുടെ സംഗതിയെപ്പറ്റി പ്രസംഗിച്ചു. 16, 17 തീയതികളിൽ ചൊല്ലി. 21 ന് ചെങ്ങന്നൂർ പെരിശ്ശേരിപള്ളി വീട്ടിൽ ഗീവറുഗീസ് ശെമ്മാശനും അയാളുടെ അപ്പനും കൂടി കഥാനായകന്റെ അടുക്കൽ വന്നു. ശെമ്മാശനെ താമസിപ്പിച്ചും വെച്ച് അപ്പൻ പോകയും ചെയ്തു. 24 നും 25 നും പെരുന്നാളിലും ചൊല്ലി.

26 ന് കല്ലൂപ്പാറ പള്ളിക്കാരുടെ അപേക്ഷപ്രകാരം കഥാനായകൻ മേൽപ്പറഞ്ഞ ഗീവറുഗീസ് ശെമ്മാശൻ ഒരുമിച്ച് ആ പള്ളിയിലേക്ക് പുറപ്പെട്ടു.പള്ളിക്കു സമീപംവച്ച് അവരുടെ എതിരേല്പ്പോടു കൂടി അവിടെ എത്തി താമസിച്ചു. 29 ന് കഥാനായകനും 30 ന് താഴത്തെപ്പീടികയിൽ കത്തനാരും ആ പള്ളിയിൽ ചൊല്ലി. 31 ന് ഓശാനയ്ക്ക് കഥാനായകൻ ചൊല്ലി ക്രമം കഴിച്ചു. കല്ലൂമൂപ്പച്ചനും മാറേട്ട് ശെമ്മാശനും ഉണ്ടായിരുന്നു. 1 മണിക്ക് ക്രമം അവസാനിച്ചു.

മേട മാസം 4 ന് പെസഹായ്ക്ക് ചൊല്ലുകയും വിശുദ്ധ കുർബാനയെപ്പറ്റി പ്രസംഗിക്കുകയും ഉച്ചതിരിഞ്ഞ് 3 മണിക്ക് കാൽകഴുകൽ ക്രമം ആരംഭിച്ച് 4 മണിക്ക് അവസാനിപ്പിച്ചു. കക്കുടിയിൽ മാത്യൂസ് കത്തനാരും മുണ്ടപ്ലാക്കൽ യാക്കോബു കത്തനാരും, കല്ലൂപ്പാറ പള്ളിയിലെ കത്തനാർകളും ഉണ്ടായിരുന്നു. കാലു കഴുകിയത് 8 കുട്ടികളെയും 4 പട്ടക്കാരെയും ആണ് ഇരുത്തിയത്. പട്ടക്കാർക്കും മറ്റും കാപ്പി സൽക്കാരവും ഉണ്ടായിരുന്നു.

5 ന് ദുഃഖവെള്ളിയാഴ്ച കാലത്തെ നമസ്ക്കാരം കഴിഞ്ഞ് മാറേട്ട് ശെമ്മാശനും ഉച്ചനമസ്കാരം കഴിഞ്ഞ് പുത്തൻകാവുങ്കൽ കല്ലൂപ്പാറ മലയാളം സ്കൂളിലെ ഹെഡ്മാസ്റ്റർ കെ. സി. വർഗീസും പ്രസംഗിച്ചു. ടി. വർഗീസിന് തലേദിവസം കഥാനായകന്റെ കൈവെപ്പു കൊടുത്തിരുന്നു.

6 ന് ദുഃഖശനിയാഴ്ച താഴത്തെപ്പീടികയിൽ കത്തനാർ ഉച്ചനമസ്കാരം കഴിഞ്ഞ് കുർബാന ചൊല്ലി. 7 ന് ഉയിർപ്പിന് കഥാനായകൻ ചൊല്ലുകയും പ്രസംഗിക്കുകയും ക്രമം കഴിക്കയും ചെയ്തു. 8 ന് മടത്തുംഭാഗം മലയാളം സ്കൂളിൽ വച്ച് സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനം നടത്തുന്നതിനായി അവരുടെ എതിരേല്പ്പോടു കൂടി കഥാനായകനെ കൊണ്ടുപോകയും ആയതു നിർവ്വഹിക്കയും ചെയ്തു. പീടികയിൽ ഗീവർഗീസ് കത്തനാർ, മാറേട്ട് പീലിപ്പോസ് വക്കീൽ, കെ. സി. വർഗീസ് എന്നിവരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു. അനന്തരം അടങ്ങപ്രത്തു കൊച്ചുപണിക്കരുടെ മൂത്ത

മകൻ പാപ്പച്ചൻ താമസിക്കുന്ന വീട്ടിൽ വച്ച് കാപ്പി സൽക്കാരവും ചെയ്തു. കഥാനായകൻ അവിടെ പ്രാർത്ഥന കഴിക്കയും പോരുമ്പോൾ പണിക്കർ 10 രൂപാ കൈമുത്തു വച്ചതു സ്വീകരിച്ചുകൊണ്ടു തിരികെ പള്ളിയിൽ എത്തുകയും ചെയ്തു.

11 ന് വ്യാഴാഴ്ച കല്ലൂപ്പാറ, മല്ലപ്പള്ളി, ചെങ്ങന്നൂർ ഈ സ്ഥലങ്ങളുടെ മധ്യേ പുതുശ്ശേരി അഞ്ചലവുങ്കൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിന് കൈതയിൽ ചാണ്ടപ്പിള്ളയുടേയും മറ്റും ഉത്സാഹത്താൽ ഗവർമെണ്ടു അനുവാദം സിദ്ധിച്ചിരുന്നതിനാൽ അതിന്റെ ശിലാസ്ഥാപനവും മലയാളം സ്കൂളിലെ കുട്ടികളുടെ സണ്ടേസ്കൂൾ സമ്മാനദാനവും നടത്തുന്നതിനായി കഥാനായകനെ എതിരേല്പ്പോടു കൂടെ കൊണ്ടുപോകയും മലയാളം സ്കൂളിൽ യോഗം കൂടി മാരേട്ട് പീലിപ്പോസു വക്കീലിന്റേയും വട്ടശ്ശേരി ഗീവർഗീസ് ബി. എ. യുടേയും മറ്റും പ്രസംഗശേഷം കുട്ടികൾക്ക് സമ്മാനം കൊടുത്തു. പിന്നീട് ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിന് ഏനപ്പെടുത്തി പന്തലിട്ടിരുന്ന സ്ഥലത്തേക്ക് പോകയും അവിടെവച്ച് പ്രാർത്ഥനയും പ്രസംഗവും കഴിഞ്ഞ് ശിലാസ്ഥാപനത്തിനുള്ള കല്ല് ഒരു പട്ടിൽ പൊതിഞ്ഞ് കുറച്ച് സ്വർണ്ണവും കല്ലിൽ കൊത്തിയിരുന്നത് കുഴിയിൽ വച്ച് കഥാനായകന്റെ കൈകളാൽ സ്ഥാപിക്കയും ചെയ്തു. തിരികെ പള്ളിയിൽ എത്തി താമസിക്കയും ചെയ്തു. 12 ന് കല്ലൂപ്പാറ നിന്നും വാകത്താനത്തേക്ക് തിരിച്ചുപോകയും ചെയ്തു. പള്ളിക്കാർ 32 രൂപാ കൈമുത്തും 3 രൂപാ ..... തട്ടാനും ശെമ്മാശനും വാലിയക്കാർക്കും അവസ്ഥാനുസരണവും കൊടുക്കയും ചെയ്തു. 4 മണിക്ക് വള്ളിക്കാട്ട് പള്ളിയിൽ എത്തി. കൂടെ പോന്നിരുന്നവർ തിരിച്ചുപോകയും ചെയ്തു. 14 ന് ഞായറാഴ്ച വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ ചൊല്ലി. ഉച്ചതിരിഞ്ഞ് പാലക്കുഴിയിൽ വർക്കിയുടെ മൂത്തമകളുടെ വിവാഹകൂദാശ നടത്താനായി ടിയാന്റെ അപേക്ഷപ്രകാരം വാകത്താനത്തു പള്ളിയിൽ എത്തി ആയതു നടത്തി. കൂടാതെ വേറെയും കല്ല്യാണം ഉണ്ടായിരുന്നു. ആയതു കഴിഞ്ഞ് തിരിച്ചുപോരികയും ചെയ്തു.

20 ന് ശനിയാഴ്ച ചൊല്ലി. പള്ളത്തു പാറപ്പുറത്തു കുര്യൻ വക്കീലിന്റെ കുട്ടിയേയും നാലുന്നാക്കൽ മണിയമ്പടവത്തു തൊമ്മിയുടെ മകന്റെ കുട്ടിയേയും മാമ്മോദീസാ മുക്കി. വക്കീലിന്റെ കുട്ടിക്ക് ചാക്കോ എന്നു പേർ. തലതൊട്ടതു മാളികയിൽ ചാക്കോ. മണിയമ്പടവത്തെ കുട്ടിക്ക് ശോശ എന്നു പേർ. തലതൊട്ടതു മണിയമ്പടവത്തു മാത്തുവിന്റെ ഭാര്യ. ....

21 ന് ചൊല്ലി. വെട്ടിക്കുന്നേൽ പള്ളി ഇടവകയിൽ പുന്നച്ചേരീൽ മത്തായിയുടെ പൗത്രൻ മത്തായി എന്ന കുട്ടിക്ക് മ്മ്സമ്രോന പട്ടം പട്ടച്ചേരീൽ അലക്സന്ത്രയോസു കത്തനാർ, പുന്നൂസു കത്തനാർ, കൂരിച്ചാണ്ടിൽ ശെമ്മാശൻ എന്നിവരുടെ സഹകരണത്തിൽ കൊടുത്തു.

24 ന് ചിറയിൽ മാണി മാത്തൻ മൂപ്പീന്നും, മുളന്താനത്തുകുഴിയിൽ ചാക്കോയുടെ ഭാര്യ ആണ്ടയും മരിക്കയാൽ മുളന്താനത്തുകുഴിയിൽ ചാണ്ടി യുടേയും മറ്റും അപേക്ഷയിൽ വാകത്താനത്തു പള്ളിയിൽ എത്തി 2 പേരു ടേയും ശവസംസ്കാര ശുശ്രൂഷ കഴിച്ച് തിരിച്ചുപോന്നു. ടി. സ്ത്രീയുടെ മകന്റെ റൈട്ടർ ത്രിശൂർ നിന്നും വന്നിട്ടില്ലായിരുന്നു. മൂന്നുമ്മേൽ കുർബാ നയും വാകത്താനത്തു പള്ളിയിൽ ഉണ്ടായിരുന്നു.

27 ന് വെള്ളാംകുളത്തു സ്കറിയായുടെ അപേക്ഷപ്രകാരം ചൊല്ലി. 28 ന് ചൊല്ലി. പഴഞ്ചിറ പള്ളിക്കൂടത്തിൽ വച്ച് സണ്ടേസ്കൂൾ കുട്ടികൾക്ക് സമ്മാനദാനം നടത്തുന്നതിന് ഉച്ചതിരിഞ്ഞ് പോയിരുന്നു. പാറേട്ട് മത്തായി ശെമ്മാശൻ, കുറിച്ചിയിൽ കൊച്ചുതൊമ്മൻ ഉപദേശി എന്നിവർ പ്രസംഗിച്ചു. ആയതുകഴിഞ്ഞ് തിരിച്ചുപോരുമ്പോൾ പൂവത്തുംമൂട്ടിൽ പുന്നൂസ് വർഗീസ് ദീനമായി കിടന്നിരുന്നതിനാൽ അവിടെ കയറി ടിയാനെ കണ്ട് പ്രാർത്ഥന കഴിച്ചു. ചക്കുപുരക്കൽ കത്തനാർ ടി. യാന് ഉപ്രുശ്മാ കഴിച്ചു. 30 ന് ചൊവ്വാഴ്ച ഉച്ചക്ക് ടിയാൻ മരിക്കയും ഇടവം 1 ന് വാകത്താനത്തു പള്ളി യിൽ എണ്ണച്ചേരീൽ കത്തനാർ അടക്കുകയും ചെയ്തു. ടിയാൻ നോമ്പിലും പ്രാർത്ഥനയിലും പള്ളിയിൽ പോകുന്നതിലും താല്പര്യവും ഉത്സാഹവും ഉണ്ടായിരുന്ന ആളും തൈപ്പു മുതലായ എല്ലാ കൈവേലകളിലും സാമർ ത്ഥ്യവും ഉണ്ടായിരുന്നു. ടിയാന്റെ മരണം വരെ കഥാനായകന്റെ തൈയ്പു വേലകൾ നടത്തി തന്നിരുന്നു.

4, 5 തീയതികളിൽ ചൊല്ലി. 5 ന് ഞായറാഴ്ച ഞാൻ ജീവന്റെ അപ്പമാ കുന്നു എന്ന വാക്യത്തെ സംബന്ധിച്ച് പ്രസംഗിച്ചു. 6 ന് മുളന്താനത്തുകുഴി യിൽ വല്യകൊച്ചിന്റെ ആവശ്യപ്രകാരം അവന്റെ അമ്മയുടെ ആത്മാനുകൂ ലാർത്ഥം കുർബാന ചൊല്ലി. പുന്നച്ചേരീൽ ശെമ്മാശൻ  പഠിക്കാൻ വന്നു. 12 ന് ചൊല്ലി. സണ്ടേസ്കൂളിൽ കുട്ടികളെ അയക്കേണ്ടതിനെപ്പറ്റിയും മറ്റും പ്രസംഗിച്ചു.

16 ന് സ്വർഗാരോഹണപ്പെരുന്നാളിൽ ചൊല്ലി. 17 ന് കുളത്തുങ്കൽ കുര്യൻ ആവശ്യപ്പെട്ടതനുസരിച്ച് ചൊല്ലി. 19 ന് ചൊല്ലി. ദ്രവ്യാഗ്രഹത്തെക്കുറിച്ചും യൂദാ സ്കറിയോത്തിനെക്കുറിച്ചും പ്രസംഗിച്ചു. ഉച്ചതിരിഞ്ഞ് ഉണ്ണാമറ്റം പള്ളിക്കൂടത്തിൽ വച്ച് സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനം നടത്തു ന്നതിനായി പോയിരുന്നു. ജില്ലാക്കോടതി വക്കീൽ കൊച്ചീപ്പൻ മാമ്മനും പാറേട്ടു ശെമ്മാശനും മറ്റും പ്രാസംഗികന്മാർ ആയിരുന്നു. ആയതു കഴി ഞ്ഞശേഷം പോരുമ്പോൾ വാകത്താനത്തു ഇംഗ്ലീഷ് സ്കൂളും കയറി കണ്ടു. സന്ധ്യയ്ക്ക് പള്ളിയിൽ എത്തുകയും ചെയ്തു. 26 ന് പെന്തക്കുസ്തിയിൽ ചൊല്ലി ക്രമം കഴിച്ചു.

മിഥുന മാസം 1 ന് ശനിയാഴ്ചയും 2 നും ചൊല്ലി. ..... 9 ന് ചൊല്ലി

പ്രസംഗിച്ചു. കണ്ണഞ്ചിറ നാട്ടിൽ നിന്നും വള്ളിക്കാട്ട് പള്ളിയിലേക്ക് ഒരു റോഡ് പഴയാറ്റുങ്കൽ കൊച്ചിന്റെയും തെക്കേ മൂലയിൽ കുര്യന്റെയും സ്ഥലത്തുകൂടി വെട്ടണമെന്ന് ജനങ്ങളോട് ആവശ്യപ്പെടുകയും പിറ്റെദിവസം മുതൽ 5 ദിവസം പണിത് ഒരുവിധം വണ്ടി വരത്തക്കവണ്ണം ആക്കുകയും ചെയ്തു.

15 ന് പെൺപള്ളിക്കുട സ്ഥലം കാൺമാനും മറ്റും ഇൻസ്പെക്ട്രസ് ഭാഗീരഥിയമ്മയെ വരുത്തുകയും ഗുണമായി തീരുമാനിക്കാമെന്ന് പറഞ്ഞ് അവർ പോകയും ചെയ്തു. 16 ന് ചൊല്ലി പുന്നൂസു കത്തനാർ പ്രസംഗിച്ചു. ഉച്ച കഴിഞ്ഞ് പാത്താമുട്ടം സ്കൂളിലെ സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനത്തിനായി അവർ ആഘോഷപൂർവ്വം കൊണ്ടുപോകയും ചെയ്തു. പഴയാറ്റുങ്കൽ അപ്പോത്തിക്കരിയും വാകത്താനത്തേയും കുഴിമറ്റത്തേയും പട്ടക്കാരും പ്രസംഗിച്ചു. അതുകഴിഞ്ഞ് തിരിച്ചുപോരികയും ചെയ്തു. തിരുവല്ലാ മണലിൽ ശെമ്മാശനു ശെമ്മാശുപട്ടവും കത്തനാരു പട്ടവും കൊടുക്കണമെന്ന് ദീവന്നാസ്യോസ് മെത്രാച്ചന്റെ സാധനവുമായി ശെമ്മാശന്റെ ജേഷ്ടൻ വരികയും അടുത്ത ശനിയാഴ്ചയും ഞായറാഴ്ചയും ആയി നടത്താമെന്ന് പറഞ്ഞയക്കുകയും ചെയ്തു. 21 ന് തിരുവല്ലാ നിന്നും വണ്ടി കൊണ്ടുവരികയാൽ 11 മണിക്ക് പുറപ്പെട്ട് 4 മണിക്ക് അവിടെ എത്തി. പുന്നച്ചേരീൽ ശെമ്മാശനേയും 2 വാല്യക്കാരേയും കൊണ്ടുപോയിരുന്നു. 22 ന് ശനിയാഴ്ച മണലിൽ മത്തായി കോറുയോയ്ക്ക് മ്ശമിശീം പട്ടം തെക്കേ പള്ളി എന്ന് പറയുന്ന മാർ മൽക്കയുടെ നാമത്തിൽ ഉള്ള പള്ളിയിൽ വച്ച് കണിയാന്ത്ര അലക്സന്ത്രയോസ് കത്തനാരുടെ സഹകരണത്തിൽ കൊടുത്തു.

23 ന് കാലത്തെ ടി. പള്ളിയിൽ നിന്ന് പാലിയേക്കരെ പള്ളിയിലേക്ക് പോകയും അവിടെ വച്ച് ടി. ശെമ്മാശന് പാറക്കാമറ്റത്തു അബ്രഹാം കത്തനാർ, പീടികയിൽ ഗീവർഗീസു കത്തനാർ, മേമട കത്തനാർ എന്നിവരുടെയും 4 ശെമ്മാശന്മാരുടെയും സഹകരണത്തിൽ കത്തനാരുപട്ടം കൊടുക്കയും ചെയ്തു. കുർബാനമദ്ധ്യേ ആചാര്യ സ്ഥാനത്തെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. 2 മണിക്ക് കഥാനായകൻ എം. ജി. എം. ഹൈസ്കൂൾ കാണാൻ പോയിരുന്നു. കെട്ടിടം വളരെ വിശേഷമായതു തന്നെ. അന്നു തന്നെ അവിടെ പഠിച്ചുകൊണ്ടിരുന്ന സണ്ടേസ്കൂൾ കുട്ടികളെ സന്ദർശിക്കുകയും അവരെ ഒരു ചെറിയ ഗുണദോഷത്താൽ അനുഗ്രഹിക്കയും ചെയ്തു. 24 ന് തിരുവല്ലാ നിന്നും തിരിച്ചുപോരുമ്പോൾ എം. ജി. എം. ഹൈസ്കൂൾ മാനേജർ മാമ്മൻ വക്കീൽ സുഖക്കേടിൽ ഇരുന്നതിനാൽ ടിയാന്റെ വസതിയിൽ കയറി ടിയാനെ കാണുകയും പ്രാർത്ഥന കഴിച്ച് പോരികയും 1 മണിക്ക് വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു. 29 ന് ചൊല്ലി 12 ശ്ളീഹന്മാരെപ്പറ്റി പ്രസംഗിച്ചു.

കർക്കടക മാസം 3 ന് ബുധനാഴ്ച ചൊല്ലി. തോമാശ്ളീഹായെപ്പറ്റി പ്രസംഗിക്കയും ടി. പെരുന്നാൾ പഴയാറ്റുങ്കൽ തൊമ്മൻ കഴിക്കയും പാച്ചോർ നേർച്ച ടിയാന്റെ ചെലവിൽ നടത്തുകയും ചെയ്തു. 7 നും 14 നും ചൊല്ലി. 20 ന് പുതുപ്പള്ളി ഇടവകയിൽ വെള്ളിയേപ്പള്ളീൽ തുമ്പയിൽ വർക്കി മൂപ്പിലേക്ക് കന്തീലാക്രമം കഴിക്കുന്നതിനായി അവരുടെ അപേക്ഷപ്രകാരം കഥാനായകൻ അവിടെ എത്തി. കുറിച്ചിയിൽ തോപ്പിൽ കത്തനാർ, പുത്തൻപുരക്കൽ കത്തനാർ, നാലുന്നാക്കൽ എടത്ര കത്തനാർ, കരിപ്പാൽ കത്തനാർ, മണിമല കത്തനാർ, പള്ളിക്കപ്പറമ്പിൽ കുറിയാക്കോസ് കത്തനാർ, പട്ടച്ചേരീൽ കത്തനാർ, വലിയപാറേട്ട് ശെമ്മാശൻ, വടക്കേപറമ്പിൽ ശെമ്മാശൻ മുതലായവരുടെ സഹകരണത്തിൽ 11 മണി മുതൽ 1 1/2 മണി വരെ 5 ശുശ്രൂഷ നടത്തി അവസാനിപ്പിച്ചു. 3 1/2 മണിക്ക് തിരിച്ചുപോരികയും ചെയ്തു.

21 ന് ചൊല്ലി. പുറ. 3:11 വാക്യത്തെപ്പറ്റി പ്രസംഗിച്ചു. 28 ന് ചൊല്ലി. വിഷൂചിക, നടപ്പുദീനം എന്നിവയെപ്പറ്റി പ്രസംഗിച്ചു. മേടം മുതൽ നെല്ലിന്റെയും സാമാനങ്ങളുടേയും വിലക്കൂടുതൽ നിമിത്തം സാധുക്കൾക്ക് വലിയ ക്ഷാമവും ഞെരുക്കവും ഉണ്ടായി. നെല്ലിന് 36 – 38 ചക്രം വരെ വില വന്നു.

**1095 ന്ന് 1919**

ചിങ്ങ മാസം 1 ന് വ്യാഴാഴ്ച നടപ്പുദീനം നിമിത്തം അനേകരും മരിക്കയാൽ സന്ധ്യാപ്രാർത്ഥനയ്ക്ക് പലരും വന്നിരുന്നു. ഒരു കുടുംബത്തിലെ അംഗങ്ങൾ എല്ലാം ഒരാഴ്ച കൊണ്ട് മരിച്ചുപോയി. ശവം മറവു ചെയ്യാൻ പോലും ആളില്ലാതെ കഷ്ടപ്പെട്ടു. 3 ന് ശനിയാഴ്ച വാകത്താനത്തു പള്ളിയിൽ തലേദിവസം എത്തിയിരുന്നു. ഈവാനിയോസ് മെത്രാച്ചനെ കാൺമാൻ കഥാനായകൻ പോയി തിരിച്ചുപോന്നു. 4 ന് ചൊല്ലി. മനുഷ്യരുടെ ദോഷമുള്ള നടപടികളെപ്പറ്റി പ്രസംഗിച്ചു. മാർ ഈവാനിയോസ് മെത്രാച്ചൻ വാകത്താനത്തു പള്ളിയിൽ താമസിച്ചാറെ ... കഥാനായകൻ ആളയച്ചു വള്ളിക്കാട്ടുപള്ളിയിലേക്ക് കൊണ്ടുവന്നു.

6 ന് വള്ളിക്കാട്ടുപള്ളിയിൽ ഈവാനിയോസ് മെത്രാച്ചൻ ശു. കുർബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. ഈ പെരുന്നാൾ, വസന്ത നിമിത്തം ഒരു പെരുന്നാളായി ആഘോഷിക്കണമെന്നും അതിലേക്ക് നേർച്ചകൾ കൊണ്ടുവരണമെന്നും മുൻഞായറാഴ്ച ചട്ടംകെട്ടിയതനുസരിച്ച് ജനങ്ങൾ കൊഴുക്കട്ട കൊണ്ടുവരികയും ആയതു വാഴ്ത്തുകയും ചെയ്തു. നേർച്ച ഇടീലും ഉണ്ടായിരുന്നു.

7 ന് വാകത്താനത്തു പള്ളിയിലെ കെസ്ഥാനത്തു വള്ളാൻകടവിൽ മർക്കോസിന്റെയും മറ്റും ഉള്ള പണത്തിൽ നിന്നു ഈവാനിയോസ് മെത്രാച്ചന്നു 20 രൂപായും ശെമ്മാശനും രണ്ടു വാലിയക്കാരനും ഒന്ന് വീതവും

Malankara Orthodox TV

കൊടുക്കുകയും ചെയ്തു. മറ്റു ചിലര് അദ്ദേഹത്തിനു സംഭാവനകൾ ചെയ്തു. 8 ന് ഈവാനിയോസു മെത്രാച്ചൻ സിമനാരിയിലേക്ക് നീങ്ങി.

9 ന് അയിരൂർ കുറുന്തോട്ടത്തിൽ സ്കറിയാ കത്തനാർ വാർദ്ധക്യത്താൽ ദീനക്കൂടുതലിൽ ഇരിക്കുന്നു എന്നും അവിടേക്ക് ചെല്ലണമെന്നും അദ്ദേഹത്തിന്റെ മകൻ പീലിപ്പോസു കത്തനാർ വന്ന് കഥാനായകനോടു പറകയാൽ ഉച്ചതിരിഞ്ഞ് വണ്ടി വഴി യാത്ര പുറപ്പെട്ട് ചങ്ങനാശ്ശേരി ചന്തക്കടവിൽ എത്തി. വള്ളം വഴിയായി യാത്ര പുറപ്പെട്ടു. 11 ന് ഞായറാഴ്ച കാലത്ത് അയിരൂർ പള്ളിയിലെത്തി. ടി. മൂപ്പച്ചൻ വെള്ളിയാഴ്ച 4 മണിയോടുകൂടി മരിച്ചുപോകയിൽ ശനിയാഴ്ച ശവം പള്ളിയിൽ കൊണ്ടുവന്നു അടക്കാതെ വച്ചിരുന്നു. ഞായറാഴ്ച കാലത്തെ കഥാനായകൻ കുർബാനയും പ്രസംഗവും കഴിച്ച് 10 മണിയോടു കൂടി ശവസംസ്കാര ശുശ്രൂഷആരംഭിച്ച് ... മണിക്ക് അവസാനിപ്പിച്ചു. അഞ്ചാറു പട്ടക്കാരുടേയും 2 ശെമ്മാശന്മാരും ശുശ്രൂഷയിൽ സഹായികളായിരുന്നു. ശവം അടക്കത്തിന്റെ ശേഷം കഥാനായകൻ മരിച്ച ആളിനെപ്പറ്റിയും ആചാര്യ സ്ഥാനത്തെപ്പറ്റിയും ഒരു പ്രസംഗം കൂടി പറഞ്ഞു. ഈ പള്ളി 57 ലെ വെള്ളപ്പൊക്കത്തിൽ ഇടിഞ്ഞുവീണു നശിച്ചുപോകുകയും പിന്നീട് പഴയ തറക്കകത്ത് ചെറുതായി ഒരു പള്ളി കെട്ടിഉണ്ടാക്കി പണിതീർത്തതുമാകുന്നു. ഇതിനടുത്ത് നവീകരണക്കാർക്ക് ഒരു പള്ളി ഉണ്ട്. അവരിൽ പലരും നമ്മുടെ ശുശ്രൂഷ കാണുന്നതിനായി വന്നിരുന്നു. ഉച്ചതിരിഞ്ഞ് നവീകരണ പട്ടക്കാരനായ അയിരൂർ ഫിലിപ്പോസു കത്തനാരുടെ അനുജൻ കത്തനാരും അനുജന്മാരും കഥാനായകന്റെ അടുക്കൽ വരികയും സന്ധ്യാപ്രാർത്ഥനയിൽ സംബന്ധിക്കുകയും ചെയ്തു. അന്നു രാത്രി 9 മണിക്ക് കഥാനായകനും മറ്റും അവിടെ നിന്നും തിരിച്ചുപോരുകയും പിറ്റെദിവസം 5 മണിക്ക് വള്ളിക്കാട്ടു പള്ളിയിൽ എത്തുകയും ചെയ്തു. 18, 25 തീയതികളിൽ ചൊല്ലി.

1 ന് ഞായറാഴ്ച ചൊല്ലി. നടപ്പ് 8:21 വാക്യത്തെപ്പറ്റി പ്രസംഗിച്ചു. അന്നു മുൻകൊല്ലത്തെപ്പോലെ എട്ടുനോമ്പിനായി 8, 9 സ്ത്രീകൾ വരികയും ചെയ്തു. 2 ന് ദീനത്തിൽ കിടന്നിരുന്ന തെക്കെ പുത്തൻപുരക്കൽ വർക്കി ചിറ്റപ്പനേയും തെക്കേമൂലയിൽ കുര്യന്റെ ചിറ്റപ്പനേയും കഥാനായകൻ ചെന്നു കണ്ടു തിരിച്ചുപോന്നു.

പ്രസിദ്ധമായ വട്ടിപ്പണക്കേസ് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടേയും അദ്ദേഹത്തിന്റെ പക്ഷക്കാരുടേയും ഭാഗത്തേക്ക് ഗുണമായ ഒരു വിധി തിരുവനന്തപുരം ജില്ലാ ജഡ്ജി ശങ്കരപ്പിള്ള മുൻഅടുത്ത ഒരു ദിവസം പ്രസ്താവിച്ചു. 3 ന് മൈലക്കാട്ട് എളയമ്മ മരിച്ചു. 4 ന് തെക്കേപുത്തൻപുരയിൽ വർക്കി, തെക്കേമൂലയിൽ കുര്യൻ എന്നിവർക്ക് സുഖക്കേട് കൂടുതൽ എന്ന് അറികയാൽ കഥാനായകൻ അവിടെ എത്തി സൈത്തു പൂശൽ കഴിച്ചു. അവിടെനിന്നും വാകത്താനത്തു പള്ളിയിൽ എത്തി മൈലക്കാട്ട്

മറിയത്തിന്റെ ശവസംസ്കാരം കഴിച്ചുകൊണ്ട് തിരിച്ചു വള്ളിക്കാട്ട് പള്ളിയിലേക്ക് പോന്നു. പാണമ്പറമ്പിൽ അവരായുടെ ഭാര്യയും മരിച്ചടക്കപ്പെട്ടു. 5 ന് തെക്കേ പുത്തൻപുരയിൽ വർക്കി മരിച്ചു. 6 ന് ടിയാന്റെ ശവസംസ്കാരത്തിനായി കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോകയും പുന്നൂസു കത്തനാരുടെ സഹകരണത്തിൽ കബറടക്കം കഴിക്കയും അതു കഴിഞ്ഞ് തിരിച്ചുപോരികയും ചെയ്തു.

8 ന് തെക്കേമൂലയിൽ കുര്യൻ മരിച്ചു. അന്നുതന്നെ ടിയാനെ വാകത്താനത്തു പള്ളിയിൽ അടക്കി. കഥാനായകൻ ചൊല്ലി. ദൈവമാതാവിന്റെ ജനനപെരുന്നാളിനെപ്പറ്റി പ്രസംഗിച്ചു. കുർബാന കഴിഞ്ഞ് മേൽപ്പറഞ്ഞ ആളിന്റെ ശവസംസ്കാരത്തിനായി കഥാനായകൻ വാകത്താനത്തു പള്ളിയിൽ പോയി. എണ്ണച്ചേരീൽ കത്തനാരും പുന്നൂസ് കത്തനാരും കരിപ്പാൽ കത്തനാരും കഥാനായകനും കൂടി സംസ്കരിച്ചു. 12 ന് കഥാനായകൻ കോട്ടയത്ത് സിമ്മനാരിയിലേക്ക് പോയി. അപ്പോൾ അവിടെ ദീവന്നാസ്യോസ് മെത്രാച്ചൻ ഉണ്ടായിരുന്നു.

14 ന് മനോരമ ഏലിയാ ചാപ്പലിൽ സ്ലീബാപെരുന്നാളിനായി കഥാനായകൻ സിമ്മനാരിയിൽ നിന്നും പോകയും അവിടെ കുർബാനയും പ്രസംഗവും നടത്തുകയും ചെയ്തു. നേർച്ച ഇടീലും മറ്റും കഴിഞ്ഞ് സിമ്മനാരിയിലേക്ക് തിരിച്ചുപോരികയും ചെയ്തു. അന്ന് 3 മണിക്ക് കോട്ടയം ഭദ്രാസന ഇടവകക്കാരുടെ യോഗം ദീവന്നാസ്യോസ് മെത്രാച്ചൻ വിളിച്ചു കൂട്ടുകയും യോഗോദ്ദേശ്യത്തെക്കുറിച്ച് അദ്ദേഹം പ്രസംഗിക്കയും വൈദികരുടെ പഠിത്തം അഭിവൃദ്ധിപ്പെടുത്തുന്നതിനും വട്ടിപ്പണക്കേസ് അപ്പീലിൽ ദ്രവ്യസഹായത്തിനും ഒരു പിരിവ് ആവശ്യപ്പെടുകയും പലരും വരിസംഖ്യ പിരിച്ചു കൊടുക്കുകയും ചെയ്തു. കൂടിയവർക്ക് കേമമായ ഒരു കാപ്പിസൽക്കാരവും ഉണ്ടായിരുന്നു. ആയതു കഴിഞ്ഞ് എല്ലാവരും പിരികയും ചെയ്തു.

15 ന് സിമ്മനാരിയിൽ ചെറിയമഠം സ്കറിയാ കത്തനാർ ചൊല്ലുകയും കഥാനായകൻ പ്രസംഗിക്കയും ചെയ്തു. 17 ന് കോട്ടയത്തു കച്ചേരിക്കടവിന് സമീപം താമസിക്കും വാകത്താനത്ത് ഓണാട്ട് ചാക്കോ വക്കീലിന്റെ പുരകൂദാശക്കായി കഥാനായകൻ പോകയും ഉപ്പൂട്ടിൽ കൊച്ചുകത്തനാരുടെ സഹകരണത്തിൽ ആയതു കഴിക്കയും ചെയ്തു. മുൻസിപ്പ് യോശുവ, വക്കീലൻമാർ മുതലായവരും ഉണ്ടായിരുന്നു. കാപ്പിസൽക്കാരം കഴിഞ്ഞ് തിരിച്ച് സിമ്മനാരിയിലേക്ക് പോരികയും ചെയ്തു. വക്കീലന്മാർ 10 രൂപാ കൈമുത്തു വച്ചു. ശെമ്മാശനും വാലിയക്കാരനും അവസ്ഥാനുസരണം കൊടുത്തു.

18 ന് തിരുവനന്തപുരത്തു നിന്നും ജോൺ വക്കീൽ സിമ്മനാരിയിൽ വന്ന് തിരിച്ചുപോയി. കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്ക് പുറപ്പെട്ട് 4 മണിക്ക് അവിടെ എത്തി. 20 ന് മുൻ പതിവുംപ്രകാരം വള്ളിക്കാട്ട് പള്ളിയുടെ

സ്ഥാപനപ്പെരുന്നാളും കോതമംഗലത്തു ബാവായുടെ ഓർമ്മയും കഴിച്ചു. കഥാനായകൻ കുർബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. നേർച്ചഇടീലും അവൽ നേർച്ചയും ഉണ്ടായിരുന്നു.

22 ന് ചൊല്ലി. പുന്നൂസു കത്തനാർ പ്രസംഗിച്ചു. 24 ന് പെൺപള്ളിക്കൂടത്തിന് ഗവൺമെന്റ് അനുവാദം കിട്ടുമോ എന്നറിയാനായി പുന്നൂസു കത്തനാരെ തിരുവനന്തപുരത്തിനയച്ചു. 27 ന് പാമ്പാടീൽ നിന്നും കുറിയാക്കോസ് റമ്പാച്ചൻ അവിടെ പള്ളി പണിയുന്നതിന്റെ മാർഗത്തെപ്പറ്റി ആലോചിപ്പാനായി കഥാനായകന്റെ അടുക്കൽ വന്നും വച്ച് ആലോചിച്ച് തിരിച്ചുപോയി. 29 ന് ചൊല്ലി പ്രസംഗിച്ചു.

2 ന് ചെമ്പകശ്ശേരീൽ വർക്കിയുടെ സുഖക്കേട് പ്രമാണിച്ച് ചൊല്ലി. 6 ന് ചൊല്ലി. 13 ന് ഞായറാഴ്ച ചൊല്ലി പ്രസംഗിച്ചു. 17 ന് കഥാനായകനും മറ്റും പരുമല പെരുന്നാളിനായി അവിടേക്ക് യാത്ര പുറപ്പെട്ടു. 18 ന് അവിടെ എത്തി. അപ്പോൾ അവിടെ ഗ്രീഗോറിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. ദിവന്നാസ്യോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും അയ്യമ്പള്ളി പള്ളിയിൽ ആയിരുന്നു. അവർ പരുമല പെരുന്നാളിനായി എത്തുമെന്ന് കല്പന വന്നിരുന്നുവെങ്കിലും ആ പള്ളിക്കാർ അവരെ അയച്ചില്ല.

19 ന് കഥാനായകനും പരുമല തോമസു കത്തനാരും അഞ്ചൽ എന്ന സ്ഥലത്തുള്ള കത്തനാരും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. 20 ന് ഗ്രീഗോറിയോസ് മെത്രാച്ചനും 2 പട്ടക്കാരും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. 21 ന് പെരുന്നാളിൽ കഥാനായകനും ഗ്രീഗോറിയോസ് മെത്രാച്ചനും മുറന്തൂക്കിൽ മാത്തു കത്തനാരും കൂടി മൂന്നിമ്മേൽ കുർബാന ചൊല്ലി. മൂന്നാണ്ടുകളെ അപേക്ഷിച്ച് പെരുന്നാളിൽ ആൾക്കൂട്ടം അധികം ഉണ്ടായിരുന്നു. 22 ന് ഉച്ചതിരിഞ്ഞ് നടവരവ് എണ്ണി. 1730-ൽ ചില്വാനം രൂപായും കുർബാനപ്പണം 880 -ൽ ചില്വാനം രൂപായും ഉണ്ടായിരുന്നു. കൂടിയ പട്ടക്കാർക്കു 2.2 രൂപാ വീതം കൊടുത്തു.

24 ന് പരുമല നിന്നും കഥാനായകൻ തിരിച്ചുപോരികയും പിറ്റേദിവസം വള്ളിക്കാട്ടു പള്ളിയിൽ എത്തുകയും ചെയ്തു. തിരിച്ച് യാത്രയിൽ നിരണത്തു പള്ളിയിലും എലഞ്ഞിക്കൽ പള്ളിയിലും കയറി പ്രാർത്ഥന കഴിച്ചു. പരുമല നിന്നും കഥാനായകന് 25 രൂപായും വള്ളക്കൂലി മുതലായ ചിലവിന്ന് 6 1/2 രൂപായും ശെമ്മാശനും വാലിയക്കാർക്കും 1 1/2 രൂപാ വീതവും കൊടുത്തു. 27 ന് ചൊല്ലി. 29 ന് 1919 മെയ് മാസം 19 ന് പെൺപള്ളിക്കൂടം സ്ഥാപിക്കുന്നതിന് ബോധിപ്പിച്ച ഹർജിക്ക് ഒക്ടോബർ 30 ന് അനുവദിച്ച് ഉത്തരവു കിട്ടി.

വൃശ്ചിക മാസം 3 ന് കൂദാശാത്തൊ ഞായർ ചൊല്ലി. പെൺപള്ളിക്കൂടത്തെ സംബന്ധിച്ചും മറ്റും പ്രസംഗിച്ചു. 4 ന് മാടത്രമ്പിൽ ആകുന്ന

തുഞ്ചത്തു കുര്യന്റെ മകൻ കുര്യാക്കോസു കോയിപ്പുറത്തു ചെറിയാപ്പിയുടെ എളയ മകളെ വിവാഹം ചെയ്കയാൽ കഥാനായകൻ വാകത്താനത്തുപള്ളിയിൽ എത്തി പുന്നൂസു കത്തനാർ, എണ്ണച്ചേരീൽ കത്തനാർ എന്നിവരുടെ സഹകരണത്തിൽ ആയതു നടത്തി തിരിച്ചുപോന്നു. ...

10 ന് കഥാനായകൻ പെൺപള്ളിക്കൂടം പണിയെപ്പറ്റി പറയാനായി വാകത്താനത്തു പള്ളിയിലേക്ക് പോയി. പുന്നൂസു കത്തനാർ ചൊല്ലി. കഥാനായകൻ ടി. സംഗതിയെപ്പറ്റി പ്രസംഗിച്ചു. വിപരീതാഭിപ്രായക്കാരെ കണ്ടില്ല. 11 ന് ഒറ്റപ്ലാക്കൽ പീലിപ്പോസിന്റെ മകൻ വർക്കി മാക്കപ്പള്ളിൽ കോര മകൾ ശോശയെ വിവാഹം ചെയ്തതിൽ കഥാനായകനും പുന്നൂസു കത്തനാരും കൂടി ആ വിവാഹകർമ്മം വള്ളിക്കാട്ട് പള്ളിയിൽ വച്ച് നടത്തി.

17 ന് കഥാനായകൻ ചൊല്ലി. സ്കറിയ എന്ന ആചാര്യനെക്കുറിച്ചും പെൺപള്ളിക്കൂടം പണിയെക്കുറിച്ചും പ്രസംഗിക്കയും വരി നിശ്ചയിച്ചതു വായിക്കയും ചെയ്തു. 21 ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സമുദായ പണപ്പിരിവിനായി നിലക്കൽ പള്ളിയിൽ നിന്നും വാകത്താനത്തുപള്ളിയിൽ എത്തി. 22 ന് കഥാനായകൻ വാകത്താനത്തുപള്ളിയിൽ പോയി. ദീവന്നാസ്യോസ് മെത്രാച്ചനെ കണ്ട് തിരിച്ചുപോന്നു. 24 ന് കഥാനായകൻ വീണ്ടും വാകത്താനത്തു പള്ളിയിൽ പോയി. വള്ളിക്കാട്ടുപള്ളിയിൽ കുർബാന ചൊല്ലാതെയാണ് പോയത്. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവിടെ കുർബാന ചൊല്ലി. കുർബാനമദ്ധ്യേ കഥാനായകനും കുർബാന കഴിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചനും പണപ്പിരിവിനെക്കുറിച്ച് പ്രസംഗിച്ചു.

26 ന് ഉച്ചതിരിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചൻ നാലുന്നാക്കൽ പള്ളിയിലേക്ക് യാത്ര നിശ്ചയിച്ചിരുന്നു. ആ യാത്രയിൽ കോയിപ്പുറത്തു ചെറിയാപ്പിയുടെ വീട്ടിൽ കയറി ..... പ്രാർത്ഥനാനന്തരം അവിടെ നിന്ന് പുറപ്പെട്ട് വെട്ടിയിൽ കലുങ്കിൽ എത്തി. അപ്പോൾ അവിടെ നാലുന്നാക്കൽ പള്ളിക്കാർ ഹാജരുണ്ടായിരുന്നു. അവിടെ നിന്നും പുറപ്പെട്ട് പെൺപള്ളിക്കൂടം പണിയേണ്ട സ്ഥലത്ത് എത്തി.

അതിന്റെ ശിലാസ്ഥാപനം ദീവന്നാസ്യോസ് മെത്രാച്ചനെ കൊണ്ട് നടത്തണമെന്നു ഉദ്ദേശിച്ചിരുന്നതിനാൽ അതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തിരുന്നു. ഉടനെ പ്രാർത്ഥന കഴിച്ച് അദ്ദേഹവും കഥാനായകനും കൂടി ശിലാസ്ഥാപനം ചെയ്കയും അവ സംബന്ധിച്ച് ഗുണദോഷിക്കയും ചെയ്തു. അനന്തരം അവിടെ നിന്നും നാലുന്നാക്കൽ പള്ളിക്കാരുടെ എതിരേല്പോടുകൂടി ആ പള്ളിയിലേക്ക് പോകയും കഥാനായകൻ വള്ളിക്കാട്ടു പള്ളിയിലേക്ക് വരികയും ചെയ്തു.

29 ന് 4 മണിക്ക് മാർ ദിവന്നാസ്യോസ് മെത്രാച്ചൻ നാലുന്നാക്കലെ പിരിവും കഴിച്ച് വള്ളിക്കാട്ടു പള്ളിയിലെത്തുകയും അവിടെ നിന്നും കഥാ

നായകൻ ഒരുമിച്ച് വാകത്താനത്തു പള്ളിയിലേക്ക് പോകയും ചെയ്തു. 30 ന് വാകത്താനത്തുപള്ളിക്കാരുടെ പിരിവു മുഴുവനാകാതിരുന്നതിനാൽ കിട്ടിയവരുടേതു വാങ്ങിക്കൊണ്ട് മെത്രാച്ചൻ കുഴിമറ്റത്തേക്ക് നീങ്ങുകയും ചെയ്തു.

ധനു മാസം 1 ന് ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി പ്രസംഗിച്ചു. പുന്നൂസു കത്തനാർ 7 ന് ചൊല്ലി. 8 ന് ചൊല്ലി. യോഹന്നാൻ മാവുദാനയെകുറിച്ചും മറ്റും പ്രസംഗിച്ചു. 15 നു ചൊല്ലി പുന്നൂസ് കത്തനാർ നീതിമാനായ യൗസേപ്പിനെ കുറിച്ച് പ്രസംഗിച്ചു. 22 ന് ചൊല്ലി. 25 ന് പിറവി പെരുന്നാളിൽ ചൊല്ലി ക്രമം കഴിക്കയും തിരുഅവതാരത്തെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. പെൺപള്ളിക്കൂടക്കാര്യം സംബന്ധിച്ച് ഇൻസ്പെക്ട്രസ് ആപ്പീസിൽ നിന്നും എഴുതിവന്ന ഒൻപതു കൂട്ടം സംഗതികൾക്ക് യോഗം കൂടി മറുപടി എഴുതി അയച്ചു.

**1920**

മകര മാസം 1 ന് ബുധനാഴ്ചയും 4, 5 തീയതികളിലും ചൊല്ലി. 6 ന് ചൊല്ലി. ദനഹാക്രമം കഴിച്ചു. ചിറയിൽ കുര്യൻ കുരുവിള അഞ്ചേരി വടക്കുംപാടത്തു തോമ്മാ മകൾ ഏലിയെ വള്ളിക്കാട്ട് പള്ളിയിൽ വച്ച് വിവാഹം ചെയ്കയിൽ പുന്നൂസ് കത്തനാരും കഥാനായകനും കൂടി വിവാഹകർമ്മം നടത്തി. 12 ന് ചൊല്ലി. 15 ന് പെരുന്നാളിൽ തോട്ടക്കാട്ട് വല്യമണ്ണിൽ യോഹന്നാൻ കത്തനാർ ശു. കുർബാന ചൊല്ലി. സന്ധ്യാ നമസ്ക്കാരം കഴിഞ്ഞ് കുറിച്ചീക്കാരൻ ഉപദേശിയും കുർബാനയ്ക്ക് കഥാനായകനും കുർബാന കഴിഞ്ഞ് വല്യമണ്ണിൽ കത്തനാരും പ്രസംഗിച്ചു.

16 ന് രാത്രി കഥാനായകൻ കോട്ടയത്തു ചിറക്കടവിൽ കൊച്ചുകോരയുടേയും മറ്റും തള്ള മരിക്കയാൽ അവരുടെ അപേക്ഷപ്രകാരം ശവസംസ്കാരത്തിനായി പോകയും പുത്തൻപള്ളി ശവക്കോട്ടയിൽ അവരെ സംസ്കരിക്കയും ചെയ്തു. മട്ടക്കൽ മല്പാൻ മുതലായ വൈദികന്മാരും വന്നിരുന്നു. അന്നുതന്നെ കഥാനായകൻ തിരിച്ചുപോരികയും ചെയ്തു.

18 ന് കാലത്തു പാമ്പാടിയിൽ കുറിയാക്കോസ് റമ്പാച്ചനും വട്ടമല അബ്രഹാം ശെമ്മാശനും വള്ളിക്കാട്ട് പള്ളിയിൽ വന്നുചേർന്നു. 19 ന് ടി. ശെമ്മാശനു കഥാനായകൻ കശീശാപ്പട്ടം കൊടുത്തു. ഉച്ചതിരിഞ്ഞ് അവർ തിരിച്ചുപോകയും ചെയ്തു. ...... ശെമ്മാശനും പട്ടം ഏൾക്കുന്നതിനായി വന്നിരുന്നെങ്കിലും അയാൾക്ക് പഠിത്തം പോരെന്നുള്ള കാരണത്താൽ തിരിച്ചയച്ചു.

21 ന് കഥാനായകൻ മുണ്ടക്കയത്തു വയ്ക്കുന്ന പള്ളിക്കു ശിലാസ്ഥാപനം ചെയ്യുന്നതിനു വേണ്ടി കോട്ടയത്തു സിമ്മനാരിയിലേക്ക് പോയി. 22

ന് മൂന്നു നോമ്പിന്റെ ബുധനാഴ്ച ഉച്ചനമസ്കാരം കഴിഞ്ഞ് ചെറിയ മഠത്തിൽ സ്കറിയാ കത്തനാർ കുർബാന ചൊല്ലി. 23 ന് നോമ്പുവീടലിന് മട്ടക്കൽ മല്പാൻ കുർബാന ചൊല്ലി. ഉച്ചകഴിഞ്ഞ് കഥാനായകനും മറ്റും മോട്ടോർകാറിൽ മുണ്ടക്കയത്തേക്ക് പുറപ്പെട്ട് മനോരമയിൽ എത്തി.അവിടെ നിന്നും 1 1/2 മണിക്ക് പുറപ്പെട്ടു. മട്ടക്കൽ മല്പാൻ, ഉപ്പൂട്ടിൽ കത്തനാർ, വേങ്കടത്തു ശെമ്മാശൻ, മാത്തുള മാപ്പിള, മാളിയേക്കൽ മാണി മുതലായവരും പോന്നിരുന്നു. 2 കാറിൽ ആയിരുന്നു യാത്ര. എടക്കുവച്ച് ചില അസൗകര്യങ്ങൾ ഉണ്ടായതിനാൽ 4 മണിക്കേ മുണ്ടക്കയത്ത് എത്തിയുള്ളു. അവിടേക്ക് നിയമിക്കപ്പെട്ടിരുന്ന വികാരിയും അവിടെ താമസക്കാരായ റൈട്ടർമാർ മുതലായവരും പള്ളിസ്ഥലത്തു ഹാജരുണ്ടായിരുന്നു. സ്ഥലത്ത് ഒരു പന്തലും അലങ്കാരങ്ങളും ചെയ്തിരുന്നു. പള്ളിയുടെ സംഗതിയെപറ്റി മട്ടക്കൽ മല്പാനും വികാരി ഗീവർഗീസ് കത്തനാരും ഒടുവിൽ കഥാനായകനും പ്രസംഗിച്ചു. 5 മണിക്ക് ശിലാസ്ഥാപനവും നടത്തി കാപ്പി സൽക്കാരവും സ്വീകരിച്ചുംകൊണ്ടു പുറപ്പെട്ടു കാഞ്ഞിരപ്പള്ളി അപ്പാത്തിക്കര അടിമത്രയുടെ ബംഗ്ലാവിൽ എത്തി .... കോട്ടയത്തേക്ക് പോരികയും ചെയ്തു. പാമ്പാടീൽ റമ്പാച്ചനും മുണ്ടക്കയത്തേക്ക് പാമ്പാടിയിൽ നിന്നും പോന്നിരുന്നു. തിരിച്ചുപോരുമ്പോൾ പാമ്പാടി കവലക്കൽ റമ്പാച്ചനെ എറക്കി അയച്ചു.

24 ന് കഥാനായകൻ സിമ്മനാരിയിൽ നിന്നും വാകത്താനത്തേക്ക് തിരിച്ചുപോന്നു. 25 ന് മനോരമ പത്രത്തിൽ മുണ്ടക്കയം പള്ളിയുടെ ശിലാസ്ഥാപനത്തെപ്പറ്റി ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 26 ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ കുർബാന ചൊല്ലി. പട്ടക്കാരുടെ ഓർമ്മയെപ്പറ്റി പ്രസംഗിച്ചു.

കുംഭ മാസം 1 ന് ശനിയാഴ്ച ചൊല്ലി. 2 ന് ചൊല്ലി. ഉച്ചകഴിഞ്ഞ് കോയിപ്പുറത്തു ചെറിയാപ്പിയുടെ മകന്റെയും പഴഞ്ചിറ കൈതയിൽ ചാക്കോയുടേയും മകൻ വർക്കിയുടേയും മറ്റും വിവാഹകൂദാശ നടത്തുവാൻ കഥാനായകൻ വാകത്താനത്തു പള്ളിയിലേക്ക് പോയി. എണ്ണച്ചേരീൽ കത്തനാരുടെയും പുന്നൂസു കത്തനാരുടേയും സഹകരണത്തിൽ ആയതു നടത്തി. അന്നവിടെ 11 കല്യാണം ഉണ്ടായിരുന്നു. കാലത്തു വേറെയും കല്യാണം ഉണ്ടായിരുന്നു.

5 ന് കുളിയാട് പൈലോയുടെ ഭാര്യയുടെ സുഖക്കേട് കാൺമാൻ കഥാനായകൻ പോകയും ഉപ്രുശ്മാ കഴിക്കയും ചെയ്തു. 9 നു ചൊല്ലി. നോമ്പിനെപ്പറ്റി പ്രസംഗിച്ചു. 10 ന് ജനങ്ങൾ കൂടാതിരുന്നതിനാൽ ശുബുക്കോനാക്രമം കഴിച്ചില്ല. 15 ന് ചൊല്ലി. 16 ന് ചൊല്ലി. കുഷ്ടവ്യാധിക്കാരനെപ്പറ്റി പ്രസംഗിച്ചു. 22 നും 23 നും ചൊല്ലി. 23 ന് കാരിങ്ങാട്ടുചിറ കുരുവിള ചിറ്റപ്പനു സുഖക്കേട് ആയിരുന്നതിനാൽ കാണ്മാൻ പോയി തിരിച്ചുവന്നു. 26 ന്

ടിയാൻ മരിക്കയാൽ ടിയാന്റെ ശവസംസ്കാരത്തിനായി നാലുന്നാക്കൽ പള്ളിയിലേക്ക് പോകയും 3 – 4 പട്ടക്കാരുടെ സഹകരണത്തിൽ ആയതു നടത്തുകയും ചെയ്തു തിരിച്ചുപോന്നു. 29 ന് ചൊല്ലി.

മീന മാസം 1 ന് ഞായറാഴ്ച ചൊല്ലി പ്രസംഗിച്ചു. 4 ന് പാതിനോമ്പിനു ചൊല്ലി പള്ളിമദ്ധ്യേ കുരിശു സ്ഥാപിച്ചു. 7 ന് ചൊല്ലി. 8 ന് ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 15 ന് ചൊല്ലി പ്രസംഗിച്ചു. 20 ന് 40-ാം വെള്ളിയാഴ്ച ചൊല്ലി. 21 ന് കല്ലൂപ്പാറപ്പള്ളിക്കാരുടെ അപേക്ഷപ്രകാരം കഥാനായകൻ ആ പള്ളിയിലേക്ക് പോകയും കാലത്ത് 9 മണിക്ക് അവിടെ എത്തുകയും ചെയ്തു. 22 ന് ഓശാനക്ക് ചൊല്ലി. കുർബാനമദ്ധ്യേ ക്രമം കഴിക്കയും പ്രസംഗിക്കയും ചെയ്തു. 25 ന് പെരുന്നാളിൽ ചൊല്ലി. 26 ന് പെസഹായ്ക്കും ചൊല്ലി. ഉച്ചകഴിഞ്ഞ് 3 മണിക്ക് കാലുകഴുകൽ ക്രമവും നടത്തി. 27 ന് ദുഃഖവെള്ളിയാഴ്ച ക്രമം കഴിക്കയും 3 1/2 മണിക്ക് അവസാനിക്കയും ചെയ്തു. അന്നേ ദിവസം ഒരു ഉപദേശിയും കഥാനായകനും പ്രസംഗിച്ചു. 28 ന് ഉച്ചനമസ്കാരം കഴിഞ്ഞ് താഴത്തെപ്പീടികയിൽ കത്തനാർ ചൊല്ലി. 29 ന് ഉയിർപ്പിന് കഥാനായകൻ ചൊല്ലി. കുർബാനക്കു ശേഷം പ്രസംഗിക്കയും ചെയ്തു. 30 ന് കഥാനായകനും മറ്റും കല്ലൂപ്പാറ നിന്നും വാകത്താനത്തേക്ക് പുറപ്പെട്ട് 3 മണിക്ക് അവിടെ എത്തി. പള്ളിക്കാർ 35 രൂപാ കൈമുത്തും ശെമ്മാശനും വാലിയക്കാർക്കും 2-2 രൂപാ വീതവും കൊടുത്തു.

മേട മാസം 16 ന് ശനിയാഴ്ചയും പിറ്റെദിവസം പുതുഞായറാഴ്ചയും ചൊല്ലി. 11, 12 തീയതികളിലും ചൊല്ലി. ടി. ആഴ്ചയിൽ പെൺപള്ളിക്കൂടത്തിന്റെ കഴുക്കോൽ ഇറക്കി. 14, 19 തീയതികളിലും ചൊല്ലി. 26 നും ചൊല്ലി. പ്രസംഗിച്ചു. 27 ന് പെൺപള്ളിക്കൂടത്തിന്റെ ഓടുമേച്ചിൽ കഴിച്ചു.

ഇടവ മാസം 2 ന് ശനിയാഴ്ച ചൊല്ലി. 3 ന് ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 10 ന് ചൊല്ലി. 17 ന് പെന്തിക്കോസ്തിക്ക് ചൊല്ലി ക്രമം കഴിച്ചു. 24 ന് ഞായറാഴ്ച കരപ്പാറെ വെട്ടിയിൽ അന്നയെ തുഞ്ചത്ത് പുന്നൂസ് മകൻ പുന്നൂസ് വിവാഹം ചെയ്കയിൽ ഇരുഭാഗക്കാരുടേയും അപേക്ഷപ്രകാരം കഥാനായകൻ വാകത്താനത്ത് പള്ളിയിലെത്തി പുന്നൂസ് കത്തനാരുടേയും പള്ളിയടിയിൽ ശെമ്മാശന്റെയും സഹകരണത്തിൽ ആയത് നടത്തിയും വെച്ച് തിരിച്ചുപോന്നു. പുന്നൂസ് 8 രൂപ കൈമുത്ത് വച്ചു.

മിഥുന മാസം 6 ന് ശനിയാഴ്ചയും 7 നും ചൊല്ലി. 11 ന് ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 21 ന് ചൊല്ലി. നോമ്പിനെപ്പറ്റിയും മറ്റും പ്രസംഗിച്ചു. 28 ന് ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 29 ന് തിരുവല്ലാ നാഷണൽ ബാങ്കിൽ 6 ഓഹരി ചേർന്നു. 150 രൂപാ സെക്രട്ടറി കെ. സി. ഈപ്പന്റെ പേർക്ക് തിരുവനന്തപുരം ബ്രാഞ്ചാപ്പീസിലേക്ക് അയച്ചു.

കർക്കടക മാസം 3 ന് വെള്ളിയാഴ്ച ചൊല്ലി. തോമ്മാ ശ്ലീഹായെപ്പറ്റി

പ്രസംഗിച്ചു. പഴയാറ്റുങ്കൽ തോമ്മന്റെ ചിലവിൽ പാച്ചോറും നേർച്ചയും കഴിച്ചു. നേർച്ച ഇടീലും ഉണ്ടായിരുന്നു. 4 ന് ചൊല്ലി. 8 ന് ചൊല്ലി. കുരിശുവര സംബന്ധിച്ച് പ്രസംഗിച്ചു. 12 ന് ചൊല്ലി. മനുഷ്യജീവിത ഉദ്ദേശ്യത്തെക്കുറിച്ചും മോശയുടെ താഴ്ചയെക്കുറിച്ചും പ്രസംഗിച്ചു. 18 ന് മാങ്ങാനത്ത് കുന്നത്തോട്ട് കുഞ്ഞപ്പന്റെ അപേക്ഷപ്രകാരം ആ വീട്ടിൽ കഥാനായകനും പുന്നൂസു കത്തനാരും പള്ളിയടിയിൽ ശെമ്മാശനും കൂടി പോകയും പുര കൂദാശ കഴിച്ച് തിരിച്ചുപോരികയും ചെയ്തു. അയാൾ 7 രൂപാ കൈമുത്ത് വച്ചു. 19 ന് ചൊല്ലി. വിത്തിന്റെയും കളകളുടേയും ഉപമയെപ്പറ്റി പ്രസംഗിച്ചു. 6 ന് ചൊല്ലി. പുന്നൂസു കത്തനാർ പ്രസംഗിച്ചു.

ചിങ്ങ മാസം 1 ന് ശനിയാഴ്ചയും 2 നും ചൊല്ലി. 6 ന് ചൊല്ലി. മറുരൂപപ്പെരുന്നാളിനെക്കുറിച്ച് പ്രസംഗിച്ചു. 9 ന് ചൊല്ലി. പുന്നൂസു കത്തനാർ പ്രസംഗിച്ചു. പുതുപ്പള്ളി പള്ളിയിൽ വല്യപാറേട്ട് മത്തായി കത്തനാർ[116] ആദ്യ കുർബാനചൊല്ലി. .... 10 ന് പെൺപള്ളിക്കൂടത്തിൽ പഠിത്തം നടത്താൻ അനുവാദം കിട്ടാൻ മുൻ അപേക്ഷിച്ചിരുന്നാറെ ഇടവത്തിൽ ആയതു കിട്ടിയില്ലെങ്കിലും ഇന്നേ ദിവസം 3 ക്ലാസ് അനുവദിച്ച് ഉത്തരവു കിട്ടി.

1093 ഇടവത്തിൽ വാകത്താനത്ത് വലിയപള്ളിയിലെ ആവശ്യത്തിലേക്ക് ഒരു കരിങ്കൽ കുരിശ് പണിയിച്ച് തരുവാൻ ചെങ്ങന്നൂർ പേരിശ്ശേരിയിൽ പള്ളിയിൽ യോഹന്നാൻ മുഖാന്തിരം ഏർപ്പാട് ചെയ്തിരുന്നു. എന്നാൽ ആയതു നിവർത്തിച്ച് തരുന്നതിനുവേണ്ടി ടിയാന്റെ അടുക്കൽ പലപ്പോഴും ആളയക്കുകയും എഴുത്തുകൾ അയക്കുകയും ചെയ്തിട്ടും സാധിക്കാതെ ഇരിക്കുകയായിരുന്നു. ആയതു കൊണ്ടുവരുവാനായി വാകത്താനത്ത് പ്ലാപ്പറമ്പിൽ ആയ കുളത്തുങ്കൽ തൊമ്മൻ കുര്യനെ വള്ളവുമായി കഴിഞ്ഞ തിങ്കളാഴ്ച അയക്കുകയും 10 ന് കുരിശിന്റെ വലിയ കല്ല് വാകത്താനത്ത് പള്ളിക്കടവിൽ അടുപ്പിക്കുകയും ചെയ്തു. മറ്റുള്ള കല്ലുകൾ കടവിലിറക്കിയിട്ടില്ലാതിരുന്നതിനാലും വള്ളത്തിന് വലിപ്പമില്ലാതിരുന്നതിനാലും അതു കൊണ്ടുവരുവാൻ സാധിച്ചില്ല. ടി. കുര്യന് ഈ കൊണ്ടുവരുന്നതിലേക്ക് വളരെ പ്രയാസവും ബുദ്ധിമുട്ടും ഉണ്ടായത് കൂടാതെ ടിയാന്റെ വള്ളത്തിനും ചില കേടുപാടുകൾ ഭവിച്ചു. 11 ന് കല്ലുകൾ വള്ളത്തിൽ നിന്നും 10 – 30 പേർ കൂടി ഇറക്കി.

15 ന് ചൊല്ലി. 16 ന് ചൊല്ലി പ്രസംഗിച്ചു. 18, 19, 20 തീയതികളിൽ വെണ്ണിക്കുളത്ത് കൂടത്തുംമുറിയിൽ ഒരാളിന്റെ ആവശ്യത്തിലേക്ക് കുർബാന ചൊല്ലി. 22 നും ചൊല്ലി. പുളിമൂട്ടിൽ കുഞ്ഞിക്കായുടെ ഒരു പെൺകുട്ടിയേയും പുല്ലുകാട്ട് പാലപ്പറമ്പിൽ വർക്കിയുടെ ഒരു ആൺകുട്ടിയേയും പുന്നൂസ് കത്തനാർ വള്ളിക്കാട്ട് പള്ളിയിൽ വച്ച് മാമോദീസാ മുക്കി. ..... 23 ന് ചൊല്ലി. നിഗളത്തെ സംബന്ധിച്ച് പ്രസംഗിച്ചു. പെൺപള്ളിക്കൂടത്തിൽ പഠിത്തം നടത്താൻ അനുവാദം ലഭിച്ചതുകൊണ്ട് അടുത്ത വ്യാഴാഴ്ച ഒരു

Malankara Orthodox TV

മീറ്റിങ്ങ് കൂടി പള്ളിക്കൂടം തുറക്കണമെന്നും അതിലേക്ക് ദീവന്നാസ്യോസ് മെത്രാച്ചനെ വരുത്തണമെന്നും മറ്റും പറഞ്ഞപ്രകാരം ഏർപ്പാട് ചെയ്തു എല്ലാവരും പിരിഞ്ഞു.

27 ന് വ്യാഴാഴ്ച പെൺപള്ളിക്കൂടം തുറക്കുന്നതിനായും അന്നത്തെ യോഗത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതിനായും വലിയ മെത്രാച്ചനെയും പ്രാസംഗികന്മാരായി കൊച്ചീപ്പൻ തരകൻ, കെ. സി. ചെറിയാൻ അപ്പോത്തിക്കരി, ഇൻസ്പെക്ട്രസ് ഭാഗീരഥിഅമ്മ മുതൽ പേരെയും വരുത്തി. 3 മണിക്ക് യോഗം ആരംഭിച്ചു. മലയാളം ഇംഗ്ലീഷ് എന്നീ സ്കൂളുകളിലെ അദ്ധ്യാപകന്മാർ, കുട്ടികൾ എന്നിവരും പല പ്രധാനികളും എത്തിയിരുന്നു. പള്ളിക്കൂടം ജനങ്ങളെ കൊണ്ട് നിറഞ്ഞിരുന്നു. മെത്രാച്ചൻ അദ്ധ്യക്ഷം വഹിച്ച് ഒരു പ്രസംഗം ചെയ്തു. അതിനെ തുടർന്ന് കൊച്ചീപ്പൻ തരകൻ, കെ. സി. ചെറിയാൻ, ഭഗീരഥിഅമ്മ ഇവരും പ്രസംഗിച്ചു. ഒടുവിൽ കഥാനായകനും പള്ളിക്കൂടം ഇത്രത്തോളം നിവൃത്തിച്ച ദൈവകൃപ ഒന്നുകൊണ്ട് മാത്രമാണെന്നും മറ്റും പ്രസംഗിച്ചു. ഒടുവിൽ ചീയർ വിളിയും പ്രാസംഗികന്മാർ, വാദ്ധ്യാന്മാർ മുതലായവർക്ക് കാപ്പിസൽക്കാരവും ചെയ്തു എല്ലാവരും പിരിഞ്ഞു. മെത്രാച്ചൻ കാറിൽ തന്നെ കോട്ടയത്തേക്ക് പോകയും ചെയ്തു. ടി. പള്ളിക്കൂടം പണിയുന്നതിൽ അത്യധികം പ്രയത്നിച്ചത് തൈക്കെ പുത്തൻപുരയിൽ പീലിപ്പോസും എഴുത്തുകുത്തുകൾ ചെയ്തത് പുന്നൂസ് കത്തനാരും പീലിപ്പോസു കത്തനാരും എഴുത്തുകൾ ടൈപ്പു ചെയ്തയച്ചത് കാട്ടിൽ തോമ്മാച്ചനും ആയിരുന്നു. 29 ന് ചൊല്ലി. 30 ന് ചൊല്ലി പ്രസംഗിച്ചു.

കന്നി മാസം 1 ന് ചൊവ്വാഴ്ച പതിവുപോലെ എട്ടുനോമ്പു നോക്കുന്നതിനായി കാട്ടിൽ കത്തനാരച്ചന്റെ അമ്മ മുതലായ 7–8 സ്ത്രീകളും ചിറത്തലാട്ട് നൈനാനും പള്ളിയിൽ വന്നു. 3 ന് ചൊല്ലി. 6 ന് ചൊല്ലി. പ്രാർത്ഥനയെ സംബന്ധിച്ച് പ്രസംഗിച്ചു. 8 ന് ചൊല്ലി. എട്ടു നോമ്പുകാരുടെ വകയായി ഒരു പാച്ചോർ നേർച്ചയും ഉണ്ടായിരുന്നു. ആയതു കഴിഞ്ഞെല്ലാവരും പിരിഞ്ഞു.

13 ന് ചൊല്ലി. 2 കൊരി. 6:2 വാക്യത്തെക്കുറിച്ച് പ്രസംഗിച്ചു. മലയാള മാസം 13 ന് തെക്കുംമൂട്ടിൽ പുരയിടം പെൺപള്ളിക്കൂടം വകയായി കാരുചിറ ചെറിയാന്റെ വീതവും കഥാനായകന്റെ പേരിൽ എഴുതിച്ചു. 16 ന് പാത്താമുട്ടം തെക്കേ ഭാഗത്തു കൈതയിൽ മാത്തു മുതൽ പേർ ഒരു മലയാളം ഗ്രാന്റു സ്കൂൾ സ്ഥാപിക്കുന്നതിന് പണി ആരംഭിക്കയും ആയതിന് കഥാനായകൻ എത്തി ശിലാസ്ഥാപനം ചെയ്യണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ഉച്ചകഴിഞ്ഞ് ആ സ്ഥലത്ത് എത്തി ശിലാസ്ഥാപനം ചെയ്ത് തിരിച്ചുപോന്നു. മാത്തുവിന്റെ വകയായി ഒരു കാപ്പി സൽക്കാരവും ഉണ്ടായിരുന്നു. എടത്രകത്തനാരും പള്ളിയടി ശെമ്മാശും വന്നിരുന്നു.

20 ന് വള്ളിക്കാട്ട് പള്ളിയുടെ സ്ഥാപനപ്പെരുന്നാളിലും കോതമംഗലത്തു ബാവായുടെ ഓർമ്മയിലും കഥാനായകൻ ചൊല്ലി പ്രസംഗിച്ചു. നേർച്ച ഇടീലും അവൽ നേർച്ചയും ഉണ്ടായിരുന്നു. പുന്നൂസു കത്തനാരും രണ്ടു ശെമ്മാശന്മാരും വന്നിരുന്നു. 27 ന് ചൊല്ലി. 29 ന് പുല്ലുകാട്ട് ചാക്കോയുടെ ഭാര്യ ദീനത്താൽ മരിച്ചു. വാകത്താനത്തു പള്ളിയിൽ അടക്കി.

തുലാ മാസം 1 ന് വ്യാഴാഴ്ച പുല്ലുകാട്ടു ചാക്കോയുടെ മരിച്ചുപോയ സ്ത്രീക്കു വേണ്ടി കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ 3 ന് ചൊല്ലി. 4 നു ചൊല്ലി. പുന്നൂസു കത്തനാർ വിശ്വാസത്തെ സംബന്ധിച്ച് പ്രസംഗിച്ചു. 10 ന് ചൊല്ലി. 11 ന് ചൊല്ലി പ്രസംഗിച്ചു. 12 ന് മടത്രമ്പിൽ കുഞ്ചന്റെ മകൻ പോത്തൻ മൈലക്കാട്ട് ചാണ്ടിയുടെ മകൾ എളച്ചിയെ വിവാഹം ചെയ്തതിൽ കഥാനായകൻ വാകത്താനത്തുപള്ളിയിൽ എത്തി ആയതു നടത്തിയും വച്ച് തിരിച്ചു പോന്നു. ചെക്കൻ 7 രൂപാ കൈമുത്തു വച്ചു.

17 ന് പരുമല പെരുന്നാളിനായി കഥാനായകനും മറ്റും യാത്ര പുറപ്പെട്ട് പിറ്റെദിവസം ഉച്ചക്ക് മുമ്പവിടെത്തി. അപ്പോൾ അവിടെ ദീവന്നാസ്യോസ്, ഈവാനിയോസ്, ഗ്രീഗോറിയോസ് എന്നീ മെത്രാച്ചൻമാർ ഉണ്ടായിരുന്നു. 18 ന് പരുമല പള്ളിയിൽ കഥാനായകൻ ചൊല്ലി പ്രസംഗിച്ചു. 19 ന് മാർ ദീവന്നാസ്യോസ് മെത്രാച്ചനും 2 പട്ടക്കാരും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. 20 ന് ഈവാനിയോസ് മെത്രാച്ചനും കഥാനായകനും പാമ്പാടി റമ്പാച്ചനും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. ഉച്ചകഴിഞ്ഞ് സിമ്മനാരിയുടെ മുകളിലത്തെ റാന്തലിൽ വൈദീകയോഗം നടത്തി. എം.എ. കത്തനാരും[117] ബി.ഡി. കത്തനാരും[118] മട്ടയ്ക്കൽ മല്പാനും[119] ദീവന്നാസ്യോസ് മെത്രാച്ചനും ഗ്രീഗോറിയോസ് മെത്രാച്ചനും പ്രസംഗിച്ചു. 100 ൽ പരം പട്ടക്കാരുണ്ടായിരുന്നു. അവർക്ക് 2-2 രൂപാ വീതം കൊടുത്തു. 21 ന് ഗ്രീഗോറിയോസ് മെത്രാച്ചനും 2 പട്ടക്കാരും കൂടി മൂന്നുമ്മേൽ ചൊല്ലി. ഉച്ചകഴിഞ്ഞ് വരവു എടുത്തു. 1668 ൽ ചില്വാനം രൂപാ നടവരവും 400 ൽ ചില്വാനം രൂപാ കുർബാനപ്പണവും ഉണ്ടായിരുന്നു. 23 ന് കഥാനായകനും മറ്റും പരുമല നിന്നും തിരിച്ചുപോരികയിൽ പുതുപ്പള്ളീൽ വല്യപാറേട്ട് മാത്തു ദീനമായിരിക്കയാൽ അവിടെ കയറി അയാളെ കണ്ടുംവച്ച് 24 ന് കാലത്ത് വള്ളിക്കാട്ട് പള്ളിയിൽ എത്തി. പരുമല നിന്നും 25 രൂപായും വള്ളക്കാർക്ക് 7 രൂപായും വാലിയക്കാർക്ക് 1 1/2 രൂപയും തന്നു. 25 ന് ചൊല്ലി പ്രസംഗിച്ചു. 27 ന് മാളികയിൽ ചാക്കോയുടെ അപ്പന്റെ ഓർമ്മക്കു വേണ്ടി ചൊല്ലി.

വൃശ്ചിക മാസം 1 ന് ഞായറാഴ്ച ചൊല്ലി. കൂദാശാത്തോയെക്കുറിച്ച് പുന്നൂസു കത്തനാർ പ്രസംഗിച്ചു. ഉച്ചതിരിഞ്ഞ് കൈതയിൽ കോശി വക്കീലിന്റെ പുര കൂദാശക്കായി കഥാനായകനും പോയിരുന്നു. എണ്ണച്ചേരിൽ കത്തനാർ, പുന്നൂസു കത്തനാർ, എടത്ര കത്തനാർ എന്നിവരുടെ സഹക

രണത്തിൽ ആയ്തു നടത്തി. കാപ്പി സൽക്കാരവും സ്വീകരിച്ച് തിരിച്ചുപോന്നു. 15 രൂപാ കൈമുത്തു വച്ചു.

7 ന് ചൊല്ലി. 8 ന് ചൊല്ലി. ഹൂദാസാത്തോായെക്കുറിച്ച് പ്രസംഗിച്ചു. 15 ന് ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 21 ന് പാമ്പാടി റമ്പാച്ചനും മീനടത്തു മണ്ണൂക്കടുപ്പിൽ ശെമ്മാശനും കൂടി കഥാനായകന്റെ അടുക്കൽ വന്നുചേർന്നു. 22 ന് കഥാനായകൻ ചൊല്ലി. ടി. ശെമ്മാശന് റമ്പാച്ചന്റെയും പുന്നൂസു കത്തനാരുടേയും ശെമ്മാശന്മാരുടേയും സഹകരണത്തിൽ കത്തനാരുപട്ടം കൊടുത്തു. ടിയാന് പട്ടക്കടലാസും കൊടുത്തു. ഉച്ചതിരിഞ്ഞ് അവർ തിരിച്ചുപോകയും ചെയ്തു.

23 ന് കാട്ടിൽ ആകുന്ന കളപ്പുരക്കൽ പുന്നൂസ് മാത്തു പനയമ്പാല തെക്കേക്കുറ്റ് അന്നയെ വിവാഹം ചെയ്യാനായി വള്ളിക്കാട്ട് പള്ളിയിൽ വരികയും കഥാനായകൻ ആയതു കഴിച്ചുകൊടുക്കയും ചെയ്തു. പൊട്ടക്കാവേലീൽ ഇളയമ്മക്ക് ദീനമായിരിക്കയാൽ ഉപ്രുശ്മാ കഴിക്കുന്നതിനായി കഥാനായകൻ അവിടേക്ക് പോകയും വല്യപാറേട്ട് കത്തനാരുടേയും പുന്നൂസ് കത്തനാരുടേയും സഹകരണത്തിൽ ആയതു നടത്തുകയും ചെയ്തു തിരിച്ചുപോന്നു. 24 ന് ചൊല്ലി. വാഴൂർ കരിങ്ങണാമറ്റം ശെമ്മാശൻ പ്രസംഗിച്ചു. 30 ന് പൊട്ടക്കാവേലീൽ എളയമ്മ മരിച്ചു.

ധനു മാസം 1 ന് ടി. സ്ത്രീക്ക് വേണ്ടി ചൊല്ലി. 5 ന് ചൊല്ലി. 6 ന് ചൊല്ലി പ്രസംഗിച്ചു. 13 ന് ചൊല്ലി പ്രസംഗിച്ചു. 20 ന് ചൊല്ലി പ്രസംഗിച്ചു. 25 ന് ജനനപ്പെരുന്നാളിന് ചൊല്ലുകയും ക്രമം കഴിക്കയും പ്രസംഗിക്കയും ചെയ്തു. 26 ന് ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാളിൽ ചൊല്ലി. 27 ന് ചൊല്ലി പുന്നൂസു കത്തനാർ പ്രസംഗിച്ചു. മടത്രമ്പിൽ ആകുന്ന പടിഞ്ഞാറേപ്പറമ്പിൽ പത്രോസിന്റെ മകൻ പത്രോസിന്റെയും അന്നയുടേയും കുട്ടിയെ കഥാനായകൻ മാമോദീസാ മുക്കി പത്രോസെന്ന് പേരിട്ടു. തലതൊട്ടതു കുട്ടിയുടെ വലിയപ്പൻ പത്രോസ്. കൈമുത്ത് 4 രൂപാ വച്ചു.

**1921**

മകര മാസം 1 ന് വെള്ളിയാഴ്ച മുതൽ വൃശ്ചികത്തിൽ പള്ളിയുടെ തെക്കുവശത്തു പണി ആരംഭിച്ച മുറിയുടെ കൽപ്പണി തീർത്ത് കഴുക്കോൽ ഇറക്കി തുടങ്ങി. 2 ന് ചൊല്ലി. 3 ന് കോട്ടയത്ത് മാളിയേക്കൽ ചാണ്ടിയുടെ ഇളയ മകൻ തിരുവല്ലാ വർക്കി വക്കീലിന്റെ മകളെ വിവാഹം ചെയ്കയാൽ കഥാനായകൻ അവരുടെ അപേക്ഷപ്രകാരം മനോരമ ചാപ്പലിൽ[120] എത്തി മല്പാൻ മട്ടക്കൽ കത്തനാരു മുതൽപേരുടെ സഹകരണത്തിൽ ആയതു നടത്തി അന്നുതന്നെ തിരിച്ചു വള്ളിക്കാട്ട് പള്ളിയിൽ എത്തി.

6 ന് ചൊല്ലി. ദനഹാ ക്രമം കഴിച്ചു. 10 ന് ചൊല്ലി. വട്ടക്കുന്നേൽ ഗീവറു

ഗീസ് കത്തനാരുടെ മകൻ ചെറിയാൻ വക്കീലിന്റെ വിവാഹകൂദാശ നടത്താൻ കഥാനായകൻ ചെല്ലണമെന്ന് വട്ടക്കുന്നേൽ ചെറിയാൻ വന്നു പറയുകയാൽ കഥാനായകൻ മനോരമ ചാപ്പലിലേക്ക് കാറിൽ പോകയും 4 1/2 മണിക്ക് അവിടെ എത്തുകയും ചെയ്തു. 11 ന് കാലത്ത് കഥാനായകൻ ചൊല്ലി. വിവാഹകർമ്മം പല പട്ടക്കാരുടേയും സഹകരണത്തിൽ കഥാനായകൻ നടത്തി. അന്നു രാത്രി തന്നെ കാറിൽ തിരിച്ചുപോരികയും ചെയ്തു. ദമ്പതിമാർ 35 രൂപാ കൈമുത്തു വച്ചു.

15 ന് വള്ളിക്കാട്ട് പള്ളിയിൽ പെരുന്നാളിൽ പുന്നൂസ് കത്തനാർ ചൊല്ലി. തലേദിവസം സന്ധ്യക്ക് കുറിച്ചീക്കാരൻ തൊമ്മൻ ഉപദേശിയും കുർബാന കഴിഞ്ഞ് മാണി ഉപദേശിയും പ്രസംഗിച്ചു. 17 ന് ചൊല്ലി പ്രസംഗിച്ചു. ഇടവഴിക്കൽ പോത്തച്ചന്റെ മകൻ മാത്തു ബി. എ. വള്ളിക്കാട്ടു പള്ളിയിൽ വരികയും പുലയ സഭയെ ഉദ്ദേശിച്ച് ചില സംഗതികൾ ആലോചിച്ച് ടിയാൻ പോകുകയും ചെയ്തു.

18 ന് ചൊല്ലി. കൊളത്തൂർ താമസിക്കും പൂവാടിയിൽ മാണി മകൾ മറിയത്തെ കൊളത്തൂർ പുരയിടത്തിലായ കാഞ്ഞിരക്കാട്ട് മത്തൻ ചാക്കോ വള്ളിക്കാട്ട് പള്ളിയിൽ വച്ച് വിവാഹം ചെയ്തതിൽ പുന്നൂസു കത്തനാർ കൂദാശ നടത്തി. ടി. മാണി 3 രൂപാ കൈമുത്തു വച്ചു. തെക്കേപുത്തൻ പുരയിൽ പീലിപ്പോസു മകൾ എളച്ചിയെ തോട്ടക്കാട് അമയപ്പാടത്തെ ചെക്കൻ വാകത്താനത്തു പള്ളിയിൽ വച്ച് വിവാഹം ചെയ്തതിൽ കഥാനായകൻ അവിടെ എത്തി പുന്നൂസ് കത്തനാരുടെ സഹകരണത്തിൽ വിവാഹം നടത്തി തിരിച്ചുപോന്നു. .....

കഥാനായകൻ ചൊല്ലി. എം. എ. കത്തനാരും തുമ്പമൺ യാക്കോബു കത്തനാരും[121] കൂടി ബഥനി വക പിരിവിനായി വാകത്താനത്തു വരികയാൽ ടി. യാക്കോബു കത്തനാർ പള്ളിയിലും വരികയും കുർബാനമദ്ധ്യേ പ്രസംഗിക്കയും ചെയ്തു. ടി. കത്തനാർ വാകത്താനത്തു പള്ളിയിൽ താമസിച്ച് പ്രസംഗയോഗം നടത്തി തുടങ്ങി. 6 ന് കഥാനായകനും വാകത്താനത്തു പള്ളിയിൽ പോയിരുന്നു. 28 ന് ഇൻഡ്യാ ഗവർമെന്റിന്റെ അനുമതി പ്രകാരം "സന്ധി സ്മാരക മുദ്ര" എല്ലാ സ്കൂളിലേയും വിജയികളായ കുട്ടികൾക്ക് കൊടുക്കണമെന്നുള്ള ഉത്തരവനുസരിച്ച് വാകത്താനം മലയാളം സ്കൂൾ, പെൺപള്ളിക്കൂടം, ഇംഗ്ലീഷ് സ്കൂൾ എന്നീ പള്ളിക്കൂടങ്ങളിലെ കുട്ടികൾക്ക് സമ്മാനദാനം ചെയ്വാനായിട്ട് കഥാനായകനും എം. എ. കത്തനാരും യാക്കോബു കത്തനാരും മറ്റും ഉണ്ണാമറ്റം സ്കൂളിലേക്ക് പോകയും ടി. കത്തനങ്ങളും 2 പേരുടേയും മറ്റും സാരഗർഭമായ പ്രസംഗശേഷം സമ്മാനദാനം അതായത് മിഡിൽ വിജയികളായ കുട്ടികൾക്ക് കൊടുത്തു. ആയതു കഴിഞ്ഞ് വാകത്താനത്തു പള്ളിയിൽ എത്തി താമസിച്ചു.

24 ന് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ തിരിച്ചെത്തി. 31 ന് ചൊല്ലി. പ്രസംഗം കഴിച്ചു. ഉച്ചകഴിഞ്ഞ് വാകത്താനത്തു പള്ളിയിലേക്ക് കഥാനായകൻ പോകയും പ്രസംഗയോഗത്തിനായി തിരിച്ചുപോരികയും ചെയ്തു.

**1096 – 1921**

കുംഭ മാസം 1 ന് തിങ്കളാഴ്ച കഥാനായകന്റെ കൂടെ നിന്നിരുന്ന പുല്ലുകാട്ടിൽ ചാക്കോ കുളത്തൂർ വടക്കേക്കര വർഗീസു മകൾ ചാച്ചിയെ വള്ളിക്കാട്ടു പള്ളിയിൽ വച്ച് വിവാഹം ചെയ്കയാൽ കഥാനായകനും പുന്നൂസു കത്തനാരും കൂടി കൂദാശ നടത്തി. 2, 3 തീയതികളിൽ ചൊല്ലി. 7 ന് ചൊല്ലി പ്രസംഗിച്ചു. 8 ന് മൂന്ന് നോമ്പ് ആരംഭിച്ചു. 11 ന് ചൊല്ലി. 14 ന് ചൊല്ലി. തെക്കേപ്പുറത്തു വെട്ടിയിൽ തൊമ്മന്റെ കുട്ടിയേയും ചെമ്പകശേരിയിൽ വർക്കിയുടേയും ശോശയുടേയും കുട്ടിയേയും കഥാനായകൻ മാമോദീസാ മുക്കി. തൊമ്മന്റെ കുട്ടിക്ക് തൊമ്മൻ എന്ന് പേരിട്ടു. തലതൊട്ടത് കരപ്പാറെ ഔസേപ്പ്. മറ്റേ കുട്ടിക്ക് മറിയ എന്ന് പേരിട്ടു. തലതൊട്ടത് കാരുച്ചിറ എളച്ചി. 20 ന് ചൊല്ലി. പഴഞ്ചിറ പുത്തൻപുരയിൽ കുര്യന്റെയും മറിയയുടേയും കുട്ടിയെ മാമോദീസാ മുക്കി മറിയ എന്ന് പേരിട്ടു. തലതൊട്ടത് കൂടൻപറമ്പിൽ മാണി മറിയ. കൂടാതെ വെട്ടിക്കുന്നേപ്പള്ളി ഇടവകയിൽ ഉലഹന്നാന്റെ കുട്ടിയേയും മുക്കി യൗസേപ്പ് എന്ന് പേരിട്ടു. തലതൊട്ടത് വാഴക്കൽ ഇട്ടി. 21 ന് ചൊല്ലി. മരിച്ചുപോയവർക്കുവേണ്ടി ശുശ്രൂഷ കഴിച്ചു. 28 ന് കെത്തനെ ഞായർ ചൊല്ലി. നോമ്പിനെപ്പറ്റി പ്രസംഗിച്ചു.

മീന മാസം 1 ന് തിങ്കളാഴ്ച ശുബുക്കോനോ ക്രമം കഴിച്ച് ഉപവാസവും പ്രാർത്ഥനയും എന്ന വിഷയത്തെ കുറിച്ച് പ്രസംഗിച്ചു. 6 ന് ചൊല്ലി. 7 ന് ചൊല്ലി. കുഷ്ഠവ്യാധിക്കാരന്റെ സംഗതി പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 14 ന് ചൊല്ലി. കുമ്പസാരത്തെക്കുറിച്ച് പ്രസംഗിച്ചു. 21 ന് ചൊല്ലി. വാഴൂർ കരിങ്ങണാമറ്റത്ത് ശെമ്മാശൻ ക്നാനൈത്തായെ കുറിച്ചും മറ്റും പ്രസംഗിച്ചു. 24 ന് പാതിനോമ്പിന് ചൊല്ലി. 25 ന് പെരുന്നാളിൽ ചൊല്ലി. 28 ന് ചൊല്ലി. ശമരിയാക്കാരനെക്കുറിച്ച് പ്രസംഗിച്ചു.

മേട മാസം 1 ന് വ്യാഴം ചൊല്ലി. 4 ന് ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 7 ന് തോട്ടക്കാട്ട് പള്ളിക്കാരായ വലിയമണ്ണിൽ യോഹന്നാൻ കത്തനാർ, ഓലിക്കര ഉലഹന്നാൻ മുതൽപേർ കഥാനായകന്റെ മുമ്പിൽ വന്നിരുന്നു. ആ പള്ളിയിലെ കൈമുത്തു പണം കൊണ്ടുവരികയും ചെയ്തു. രൂപാ 14. 8 ന് ചെങ്ങന്നൂർ പള്ളി ഇടവകക്കാരനും പെരിശ്ശേരി ഇടവകക്കാരും ആയ പള്ളിയിൽ ഗീവറുഗീസ് ശെമ്മാശനും മറ്റും ആ പള്ളിയിലേക്ക് കഥാനായകനെ കൊണ്ടുപോകുന്നതിനായി വരികയും 4 മണിക്ക് യാത്ര പുറപ്പെടുകയും ചെയ്തു.

9 ന് 2 മണിക്ക് എടാപ്പുഴ കടവിൽ എത്തി കടവിൽ നിന്നും യാത്രപുറപ്പെട്ട് 4 മണിക്ക് പെരിശ്ശേരി പള്ളിയിൽ എത്തി താമസിച്ചു. കൂടെ കൂരിച്ചാണ്ടിൽ ശെമ്മാശനും കുറിച്ചിയിൽ മാണി വാദ്ധ്യാരും വാലിയക്കാരും പോന്നിരുന്നു. 10 ന് 40 –ാം വെള്ളിയാഴ്ച കഥാനായകൻ ആ പള്ളിയിൽ ചൊല്ലി പ്രസംഗിച്ചു. കുർബാന കഴിഞ്ഞ് മാണി വാദ്ധ്യാരും പ്രസംഗിച്ചു. കോട്ടയം മുൻസിപ്പ് ജോഷ്വായും മറ്റും പള്ളിയിൽ വന്നിരുന്നു. 11 ന് പേരൂക്കാവിൽ മൂപ്പൻ കത്തനാർ ചൊല്ലി. 12 ന് ഓശാനയ്ക്ക് കഥാനായകൻ ചൊല്ലി. മാണി വാദ്ധ്യാർ പ്രസംഗിച്ചു. ക്രമവും കുർബാനയും 12 മണിക്ക് അവസാനിച്ചു. ഹാശാ ആഴ്ചയായ നാളെ മുതൽ സന്ധ്യാ നമസ്കാരത്തിനെങ്കിലും ജനങ്ങൾ കൂടണമെന്ന് ചട്ടം കെട്ടിയിരുന്നു. ആ ആഴ്ചയിൽ സന്ധ്യാനമസ്കാരം കഴിഞ്ഞ് മാണി വാദ്ധ്യാർ പ്രസംഗിച്ചു.

16 ന് പെസഹായിൽ കഥാനായകൻ ചൊല്ലി. കുർബാനയെപ്പറ്റി പ്രസംഗിക്കയും എല്ലാവർക്കും കുർബാന കൊടുക്കയും ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കാലുകഴുകൽ ക്രമവും നടത്തി. പൂവത്തൂർ കത്തനാർ, പുത്തൻകാവിൽ കിഴക്കേതലയ്ക്കൽ തോമസു കത്തനാർ മുതലായ പട്ടക്കാരും ചില ശെമ്മാശന്മാരും ഉണ്ടായിരുന്നു. കാലു കഴുകൽ കഴിഞ്ഞശേഷം തോമസു കത്തനാർ അതേക്കുറിച്ച് പ്രസംഗിച്ചു. കാലുകഴുകുന്നതിനായി ഇരുന്നവർക്ക് കാപ്പിസൽക്കാരവും പള്ളിക്കാർ ചെയ്തു. 17 നു ദുഃഖവെള്ളിയാഴ്ചയുടെ ക്രമം കഥാനായകൻ നടത്തി. മാണി വാദ്ധ്യാരും കഥാനായകനും പ്രസംഗിക്കയും ചെയ്തു. 18 ന് പെരുക്കാവിൽ മൂപ്പച്ചൻ ഉച്ചനമസ്കാരത്തിനുശേഷം കുർബാന ചൊല്ലി. 19 ന് ഉയിർപ്പിന് കഥാനായകൻ ചൊല്ലി ക്രമം കഴിക്കയും പ്രസംഗിക്കയും ചെയ്തു. ഉച്ചതിരിഞ്ഞ് പുത്തൻ കാവു പള്ളിയിൽ നിന്ന് കിഴക്കോട്ട് മാറി പണിയിച്ചിരിക്കുന്ന പിരളശ്ശേരി പുതിയ പള്ളിയോടു ചേർന്ന് കെട്ടിഒരുക്കിയിരുന്ന പന്തലിൽ വെച്ച് സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനം നടത്തണമെന്ന് കഥാനായകനെ ക്ഷണിച്ചിരുന്നതിനാൽ അവിടേക്ക് പോകുംവഴി പുത്തൻകാവു പള്ളിയിൽ കയറി പ്രാർത്ഥന കഴിച്ചു.

ഈ പള്ളി 6 –ാമത്തെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പണിയിച്ചതും എത്രയും മനോഹരവും ആയ ഒരു പള്ളിയും ആണ്. ഈ പള്ളിയിൽ നിന്ന് പുറപ്പെട്ട് പിരളശ്ശേരിയിൽ എത്തി കുട്ടികളുടെ സമ്മാനദാനം നടത്തി. കെ. ജി. ചെറിയാൻ മുതൽ പേരുടെ പ്രസംഗവും ഉണ്ടായിരുന്നു. കാപ്പി സൽക്കാരവും കഴിഞ്ഞ് തിരികെ പോരികയും ചെയ്തു. ഇടയ്ക്കു വച്ച് നവീകരണ കത്തനാരായ കോട്ടൂരേത്ത് യൗസേഫ് കത്തനാരെ കഥാനായകൻ കയറി കണ്ടു. ടിയാന് 79 വയസും സുഖക്കേടും ആയിരുന്നു. 27 ന് കഥാനായകൻ പെരിശ്ശേരി പള്ളിയിൽ പോയി. കളക്കാട്ട് കൊച്ചീപ്പറമ്പിൽ യോഹന്നാൻ ഉണ്ണൂണ്ണി എന്ന് വിളിച്ചുവരുന്ന ഈശോയുടേയും അക്ക

യുടേയും കുട്ടിയെ മുക്കി തോമാ എന്ന് പേരിട്ടു. തലതൊട്ടത് കളക്കാട്ടാകുന്ന മുഞ്ഞനാട്ട് കൊച്ചെറിയാ. കൂടാതെ തിരുവല്ലാ തോട്ടുകരെ തോമസിന്റേയും സാറായുടെയും കുട്ടിയെ മുക്കി ഗീവർഗീസ് എന്ന് പേരിട്ടു. 20 ന് കഥാനായകൻ കളക്കാട്ട് കുടുംബക്കാരുടെ 4 വീടുകളിലും പോകയും പ്രാർത്ഥന കഴിച്ചു പോരികയും ചെയ്തു. കാപ്പി സല്കാരവും സ്വീകരിച്ചു. കളക്കാട്ട് ഉണ്ണൂണ്ണി സ്വർണ്ണം കെട്ടിച്ച ഒരു കണ്ണടയും ഒരു മേശവിരിയും കഥാനായകന് സമ്മാനിച്ചു.

കഥാനായകനും മറ്റും പെരിശ്ശേരി പള്ളിയിൽ നിന്നും വാകത്താനത്തേക്ക് 4 മണിക്ക് കാറിൽ യാത്ര പുറപ്പെട്ടു. പെരിശ്ശേരി പള്ളിയിൽ നിന്നും 40 രൂപാ കൈ മുത്തും മാണി വാദ്ധ്യാർക്കും ശെമ്മാശനും വാലിയക്കാർക്കും കൂടി 8 രൂപായും തന്നു. 25 ന് പുതു ഞായറാഴ്ച വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ ചൊല്ലി. ....

ഇടവ മാസം 1 ന് ശനിയാഴ്ച ചൊല്ലി. .... 2 ന് ചൊല്ലി പ്രസംഗിച്ചു. 9 ന് ചൊല്ലി. ഉച്ചതിരിഞ്ഞ് നാലുന്നാക്കൽ പള്ളിയിലെ സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനം നടത്താനായി കഥാനായകൻ അവിടേക്ക് പോയി. പട്ടച്ചേരീൽ കത്തനാർ, പുന്നൂസ് കത്തനാർ എന്നിവരുടെ പ്രസംഗം ഉണ്ടായിരുന്നു. അതുകഴിഞ്ഞ് കുട്ടികൾക്ക് പുസ്തകങ്ങൾ സമ്മാനിച്ചു. കാപ്പി സൽക്കാരവും കഴിഞ്ഞ് കഥാനായകൻ തിരിച്ചുപോന്നു. ശനിയാഴ്ച രാത്രി പുതുപ്പള്ളിൽ വല്യപാറേട്ട് മാത്തു എന്നയാൾക്ക് സുഖക്കേട് അധികരിച്ചിരുന്നതിനാൽ അവിടെ പോയി അയാളെ കണ്ട് പ്രാർത്ഥനയും കഴിച്ചു തിരിച്ചുപോന്നു.

15 ന് ചൊല്ലി. 16 ന് വാഴൂർ കരിങ്ങണാമറ്റം മാത്യൂസ് കോറൂയോയ്ക്ക് കഥാനായകൻ ചക്കുപുരക്കൽ പുന്നൂസ് കത്തനാരുടേയും മറ്റും സഹകരണത്തിൽ മ്ശമിശിനാ പട്ടം കൊടുത്തു. 16 ന് ചൊല്ലി. 22 നു പാമ്പാടീൽ കുറിയാക്കോസ് റമ്പാൻ കഥാനായകന്റെ അടുക്കൽ വന്നു. 22 ന് മേൽ പറഞ്ഞ മത്യാസു ശെമ്മാശന് കഥാനായകൻ കുറിയാക്കോസ് റമ്പാച്ചന്റേയും മറ്റും സഹകരണത്തിൽ കശീശാപട്ടം കൊടുത്തു. ഉച്ചകഴിഞ്ഞ് അവർ എല്ലാവരും തിരിച്ചുപോയി. 30 ന് ചൊല്ലി പ്രസംഗിച്ചു.

മിഥുന മാസം 1 ന് ചൊവ്വാഴ്ച ചൊല്ലി. 3 ന് പള്ളത്തു പോളക്കൽ വർക്കി വാദ്ധ്യാരുടെ കുട്ടിക്കുവേണ്ടി അയാളുടെ അപേക്ഷപ്രകാരം ചൊല്ലി. 5 ന് ചൊല്ലി. 6 ന് പെന്തിക്കോസ്തിയിൽ ചൊല്ലി ക്രമം കഴിച്ചു. 10 ന് ദീനത്തിൽ കിടന്നിരുന്ന മൈലക്കാട്ടിൽ ചാണ്ടിയെ കാണ്മാൻ കഥാനായകൻ പോകയും ഉപ്രുശ്മാ കഴിക്കയും ചെയ്തു. 12 ന് ടി. ചാണ്ടി മരിച്ചു. ഉച്ചതിരിഞ്ഞ് കഥാനായകൻ ടി. ചാണ്ടിയുടെ കബറടക്കത്തിനായി വാകത്താനത്ത് പള്ളിയിൽ പോകയും പുന്നൂസ് കത്തനാരുടെയും മറ്റും സഹകരണത്തിൽ

ആയതു നടത്തി തിരിച്ചുപോരുകയും ചെയ്തു. 13 ന് ചൊല്ലി. 20 നു ചൊല്ലി. എരമി 35:16 വാക്യത്തെ സംബന്ധിച്ച് പ്രസംഗിച്ചു. 27 ന് ചൊല്ലി. രൂത്തിന്റെ സംഗതിയെപ്പറ്റി പ്രസംഗിച്ചു. 29 ന് പെരുന്നാളിൽ ചൊല്ലി.

കർക്കിടക മാസം 3 ന് ശനിയാഴ്ച മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മയിൽ ചൊല്ലി. പഴയാറ്റിങ്കൽ തൊമ്മന്റെയും മറ്റും ചിലവിൽ പാച്ചോർ നേർച്ച ഉണ്ടായിരുന്നു. 4 ന് ചൊല്ലി തോട്ടയ്ക്കാട് കടുപ്പിൽ മാണിയുടേയും ശോശയുടേയും കുട്ടിയെ മാമോദീസാ കഴിച്ചു. തലതൊട്ടത് വെട്ടിയിൽ യൗസേപ്പായിരുന്നു.

11 ന് ചൊല്ലി. വാഴൂർ കരിങ്ങണാമറ്റം മാത്യൂസ് കത്തനാർ പ്രസംഗിച്ചു. പരിശുദ്ധാത്മാവിന് വിരോധമായ പാപത്തെ കുറിച്ചായിരുന്നു പ്രസംഗം. ... 18 നു ചൊല്ലി. 20 നു മൈലകാട്ട് ചാണ്ടിയുടെ 40–ാം ദിവസത്തിനായി ചൊല്ലി. 22 നു കളപ്പുരയ്ക്കൽ ചിറ്റപ്പൻ (തോമാ) ദീനമായി കിടക്കയാൽ കഥാനായകൻ ചെന്നു കാണുകയും പുന്നൂസു കത്തനാരുടെ സഹകരണത്തിൽ ഉപ്രൂശ്മാ കഴിക്കയും ചെയ്തു. ടിയാൻ പിടിച്ചു ചുംബിക്കയും മറ്റും ചെയ്തു. 25 നു ചൊല്ലി പ്രസംഗിച്ചു. 30 ന് 12 മണിക്ക് കളപ്പുരയ്ക്കൽ ചിറ്റപ്പൻ മരിച്ചു. 31 നു കഥാനായകൻ വള്ളിക്കാട്ടു പള്ളിയിൽ ചൊല്ലി. ഉച്ചയ്ക്കുമുമ്പ് വാകത്താനത്തു പള്ളിയിലെത്തി കളപ്പുരയ്ക്കൽ ചിറ്റപ്പന്റെയും തുമ്പശ്ശേരീൽ കുഞ്ഞൂഞ്ഞ് എന്നു വിളിച്ചുവന്നിരുന്ന മൂപ്പിലേയും ശവസംസ്കാരം എണ്ണശ്ശേരീൽ കത്തനാർ, പുന്നൂസ് കത്തനാർ, കരിപ്പാൽ കത്തനാർ എന്നിവരുടെ സഹകരണത്തിൽ നടത്തി തിരിച്ചുപോന്നു.

**1097 – 1921**

ചിങ്ങ മാസം 1 നു ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ടു പള്ളിയിൽ ചൊല്ലി. പ്രസംഗിച്ചു. 6, 7 തീയതികളിൽ ചൊല്ലി. 8 നു ചൊല്ലി. പുന്നൂസ് കത്തനാർ മറുരൂപപെരുന്നാളിനെപ്പറ്റി പ്രസംഗിച്ചു. ടി. മാസം മുതൽ വാകത്താനത്തു തെക്കുംഭാഗം പരസ്പര ധനശേഖരസംഘം എന്ന നാമത്തിൽ ഒരു സംഘം ഏർപ്പെടുത്തി. പണം പിരിവു ഏല്പിച്ച് ലേലം തുടങ്ങി. 15 ന് കഥാനായകൻ ചൊല്ലി. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ എഴുത്തോടു കൂടെ പന്തളത്തു ആക്കനാട്ടുതുണ്ടിയിൽ തോമ്മാ ശെമ്മാശനും മറ്റും തലേദിവസം വന്നുചേർന്നു. ടി. ശെമ്മാശന് കശീശാപട്ടം കൊടുത്തു. ടി. കത്തനാരും മറ്റും ഉച്ച തിരിഞ്ഞ് കോട്ടയത്തേയ്ക്ക് പോരുകയും മറ്റും ചെയ്തു. 22 ന് ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു.

25 നേക്ക് മലയാളമാസം 22 ന് ബുധനാഴ്ച കഥാനായകൻ പുതുപ്പള്ളി പകുതി കച്ചേരിയിൽ ഹാജരായി മുൻ മേടത്തിൽ സംഭവിച്ച മോട്ടോർ അപകടത്തെപ്പറ്റി ചങ്ങനാശ്ശേരി 2–ാം ക്ലാസ് മജിസ്ട്രേട്ട് മുൻപാകെ വാദിഭാഗം 12 –ാം സാക്ഷിയായി മൊഴി കൊടുത്തു. പ്രതിഭാഗം വക്കീൽ നാരായണഅ

യ്യർ ബി. എ. ബി. എൽ. ആയിരുന്നു. .... 29 ന് ഞായറാഴ്ച ചൊല്ലി പ്രസംഗിച്ചു.

കന്നി മാസം 1 ന് ബുധനാഴ്ച കുന്നംകുരുടി പള്ളിയിൽ ചാരാച്ചേരിയിൽ ഇത്താപ്പിരി കത്തനാർ എറണാകുളത്ത് ചികിത്സയിൽ പോയിരുന്നപ്പോൾ അവിടെ വച്ചു മരിക്കുകയും 3 ന് കുന്നംകുരുടി പള്ളിയിൽ സംസ്കരിക്കയും ചെയ്തതായി നാരാകത്ത് പൗലോസ് കത്തനാരുടെ എഴുത്തു കിട്ടി. കഥാനായകന്റെ ഒരു പ്രത്യേക സ്നേഹിതനായിരുന്നു ടി. കത്തനാർ. അദ്ദേഹം സമുദായകാര്യങ്ങളിൽ ഭക്തിവൈരാഗ്യമുണ്ടായിരുന്നവനും അതിനുവേണ്ടി കഷ്ടപ്പാടുകൾ സഹിച്ചവനും ആയിരുന്നു. ടിയാൻ കഥാനായകന് ചില പുസ്തകങ്ങൾ തരികയും കുർബാന തക്സായിൽ ചില ക്രമങ്ങൾ എഴുതിതരികയും ചെയ്തിട്ടുണ്ട്. ദൈവം അനുകൂലമാക്കുമാറാകട്ടെ.

8 നോമ്പ് നോൽക്കുന്നതിനായി മുൻ കൊല്ലത്തേക്കാളധികം സ്ത്രീകൾ പള്ളിയിൽ വരികയും നോമ്പാരംഭിക്കയും ചെയ്തു. .... 3 ന് പുത്തൻകാവിൽ അയിരുകുഴിയിൽ തോമസ് ശെമ്മാശൻ കഥാനായകന്റെ ഒരു പടം എഴുതി കൊണ്ടുവരുകയും പിറ്റെ ദിവസം അയാൾ തിരിച്ചുപോകയും ചെയ്തു. 1 ന് ചൊല്ലി. 15 ന് ചൊല്ലി. വിവാഹബന്ധം ദൈവം ഇണയെ ചേർത്തിരിക്കുന്നതിനാൽ മനുഷ്യൻ വേർതിരിപ്പാൻ പാടില്ലെന്നും വേർതിരിച്ചാൽ അത് പാപമാണെന്നും പ്രസംഗിച്ചു. 8 ന് ചൊല്ലി. മാതാവിന്റെ ജനനത്തെപ്പറ്റി പ്രസംഗിക്കയും നോമ്പുകാരെ അനുഗ്രഹിക്കയും ചെയ്തു. അവർ നേർച്ചയിടുകയും ഒരു പാച്ചോർ നേർച്ച കഴിച്ച് പിരിയുകയും ചെയ്തു.

12 നും 14 നും സ്ലീബാപെരുന്നാളിനും ചൊല്ലി. 19 നും ചൊല്ലി പ്രസംഗിക്കുകയും പള്ളിയുടെ സ്ഥാപനപ്പെരുന്നാളും കോതമംഗലം ബാവായുടെ ഓർമ്മകഴിക്കുകയും ചെയ്തു. നേർച്ചയിടീലും അവൽ നേർച്ചയുമുണ്ടായിരുന്നു. 26 ന് ചൊല്ലി. 27 ന് വട്ടക്കുന്നേൽ ഗീവറുഗീസ് കത്തനാരും മഞ്ചയിൽ തോമസ് വക്കീലും മറ്റും .... പള്ളിയിൽ വന്നിരുന്നു. ....

തുലാ മാസം 2 ന് ശനിയാഴ്ച ചൊല്ലി. 3 ന് ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. ......

10 ന് ചൊല്ലി. ദശാംശം പള്ളിക്ക് കൊടുക്കേണ്ടതിനെ പറ്റി സംസാരിച്ചു. കൂരിചാണ്ടിൽ ചെറിയാൻ ശെമ്മാശൻ ചിങ്ങവനത്തു നിന്ന് കല്യാണം കഴിച്ചു. 11 ന് ...... കമ്പനി കേസിന്റെ കാര്യം കേൾക്കുന്നതിനായി പഞ്ചായക്കാരായി വട്ടക്കുന്നേൽ കത്തനാർ മുതലായപേർ പള്ളിയിൽ വരികയും കാര്യം കേട്ടിട്ട് തീരുമാനം ഉണ്ടാകാതെ പോകയും ചെയ്തു. 16 ന് ചങ്ങനാശ്ശേരി 2-ാം ക്ലാസ് മജിസ്ട്രേറ്റ് വള്ളിക്കാട്ട് പള്ളിയിലേക്കുള്ള വഴി കാണാനായിട്ട് പള്ളി വരെ വന്ന് തിരിച്ചുപോയി.

20 ന് മാർ അത്താനാസിയോസ്, മാർ ഗ്രീഗോറിയോസ്[122] എന്നീ തിരുമേനികളുടെ ഓർമ്മയിൽ ശു. കുർബാന ചൊല്ലി. 24 ന് ചൊല്ലി. മാമോദീസായെപ്പറ്റി പ്രസംഗിച്ചു. 28 നു അപ്പന്റെ ഓർമ്മയിലും ചൊല്ലി. 31 ന് ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു.

വൃശ്ചിക മാസം 3 ന് മുൻ ചങ്ങനാശ്ശേരിയിൽ വച്ചുണ്ടായ മോട്ടോർ അപകടത്തെപ്പറ്റി സെഷൻ കോർട്ടിൽ മൊഴി കൊടുപ്പാനായിട്ട് കോട്ടയത്തേക്ക് പോയി. സിമ്മനാരിയിൽ താമസിച്ചു. അപ്പോൾ സിമ്മനാരിയിൽ ദീവന്നാസ്യോസ്, ഗ്രീഗോറിയോസ് എന്നീ മെത്രാന്മാർ ഉണ്ടായിരുന്നു. 5 നു കാലത്തെ മെത്രാച്ചന്മാർ 2 പേരും കൂടി കുന്നംകുളങ്കരയ്ക്ക് പോകുന്നതിനായി എറണാകുളത്തിന് കാറിൽ പോയി. 12 ന് പീലക്സീനോസ് മെത്രാച്ചൻ സെഷൻ കോർട്ടിൽ പോയി മൊഴി കൊടുത്തു. പോകും വഴി മാരേട്ട് പീലിപ്പോസ് സർക്കാർ വക്കീലിന്റെ വീട്ടിൽ കയറി പ്രാർത്ഥന കഴിക്കയും ..... ചെയ്തു. സാക്ഷി എഴുത്ത് കഴിഞ്ഞ് പള്ളം വഴിയായി വള്ളിക്കാട്ടേക്ക് തിരിച്ചുപോന്നു.

6 ന് ശനിയാഴ്ച ടി. പള്ളിയിൽ ചൊല്ലി. തോട്ടയ്ക്കാട് ഓലിക്കര ഉലഹന്നാൻ മരിക്കയാൽ അവിടെയെത്തി ശവസംസ്കാരം നടത്തണമെന്ന് അവർ അപേക്ഷിക്കുകയാൽ കഥാനായകൻ തോട്ടയ്ക്കാട് പള്ളിയിൽ പോകയും 7 നു കഥാനായകനും വലിയമണ്ണിൽ കത്തനാരും പാറേട്ട് കത്തനാരും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. 11 ന് കബറടക്കം കഴിക്കയും ചെയ്തു. ടിയാന്മാരുടെ കുടുംബ കബറിലത്രേ അടക്കം ചെയ്തത്. ഒരു റോമാ പട്ടക്കാരനും ശുശ്രൂഷ കാണുന്നതിനായി വന്നിരുന്നു. ഉച്ചകഴിഞ്ഞ് കഥാനായകനും മറ്റും വള്ളിക്കാട്ട് പള്ളിയിലേക്ക് പോരുകയും ചെയ്തു. തോട്ടയ്ക്കാട്ട് പള്ളിയിൽ നിന്നും 15 രൂപാ കൈമുത്തു വച്ചു.

12 നു വള്ളിക്കാട്ടെ പള്ളിയിലെ ക്ദോശകുദീശിന്റെ ചായപണിക്ക് ചായം വാങ്ങിപ്പാൻ ചൂരപ്പാടിയിൽ ചാക്കോ 35 രൂപാ തരുകയും ചായം വാങ്ങിപ്പാൻ ചെമ്പചേരിയിൽ വർക്കിയേയും വാരാപ്പുഴക്കാരൻ പത്യാല ജോസഫ് ജോണിനേയും ആലപ്പുഴയ്ക്ക് അയയ്ക്കുകയും 13 ന് 25 രൂപായ്ക്ക് ചായം വാങ്ങിക്കൊണ്ട് അവർ വരുകയും ചെയ്തു. 14 ന് കുർബാന ചൊല്ലി പ്രസംഗിച്ചു. 15 നു മേൽപറഞ്ഞ ചായപണിക്കാരൻ വന്നുചേരുകയും 16 നു പണി തുടങ്ങുകയും ചെയ്തു.

21 നു ചൊല്ലി. ബഥനി വക പണപ്പിരിവുകാരായ കണ്ണൻകോട്ട് ലൂക്കോസ് കത്തനാർ, മട്ടയ്ക്കൽ കത്തനാർ എന്നിവർ പള്ളിയിൽ വരികയും കണ്ണങ്കോട്ടു കത്തനാർ പ്രസംഗിക്കുകയും മറ്റേ കത്തനാർ വാകത്താനത്ത് പള്ളിയിൽ ചൊല്ലി പ്രസംഗിക്കുകയും ചെയ്തു. 22 ന് പൈനുങ്കൽ ശെമ്മാശൻ പഠിക്കാനായി വന്നുചേർന്നു. 28 നു ചൊല്ലി പ്രസംഗിച്ചു.

ധനു മാസം 2 നു പുതുപ്പള്ളി പാർവത്യം കേശവപ്പിള്ള പള്ളിയിലേക്കുള്ള വഴി കാണുന്നതിനായി വന്നിരുന്നു. 3 ന് എരയങ്ങലത്ത് തമ്പി അവർകൾക്ക് ഒരു രസീത് കൊടുത്ത് 20 രൂപാ അഞ്ചലാഫീസ് വകയ്ക്ക് കെട്ടിവപ്പാനായി വാങ്ങി. 4 നു ചൊല്ലി. 5, 12, 19 തീയതികളിൽ ചൊല്ലി. 25 നു ചൊല്ലി. നോമ്പുവിടൽ കഴിച്ചു. ക്ദോശ്കുദിശിന്റെ ചായപണി തീർന്നതിനാൽ മേസ്തിരിയെ 19 നു പിരിച്ചുവിടുകയും ടിയാനു കൂലി കൂടാതെ പത്തു പണവിടയിൽ ഒരു മോതിരം സമ്മാനിക്കയും ചെയ്തു. 26 ന് ചൊല്ലി. കരിപ്പാൽ കത്തനാരുടെ അമ്മയ്ക്ക് സുഖക്കേടായിരുന്നതിനാൽ ഉപ്രൂശ്മാ കഴിച്ച് തിരിച്ചുപോന്നു.

**1922**

മകര മാസം 1 ന് ശനിയാഴ്ച ചൊല്ലി. 2 നും ചൊല്ലി. വള്ളിക്കാട്ട് പള്ളി കൂദാശ കഴിക്കണമെന്ന് നിർദ്ദേശിക്കുകയും അതിൽ ചില മെത്രാച്ചൻമാരെ കൂടി വരുത്തണമെന്നും വെടിക്കെട്ടും മറ്റും വേണമെന്ന് തീരുമാനിക്കുകയും ചെയ്തു. 9 ന് ഞായറാഴ്ച ചൊല്ലി. ഉച്ചകഴിഞ്ഞ് കോട്ടയത്ത് മാളിയേക്കൽ ചെറിയാച്ചന്റെ മകന്റെ വിവാഹകൂദാശ മാർ ഏലിയാ ചാപ്പലിൽ വച്ച് നടത്തത്തക്കവണ്ണം നിശ്ചയിച്ചിരുന്നതിനാൽ അതിലേക്ക് കഥാനായകൻ ചെല്ലണമെന്ന് അവർ അപേക്ഷിക്കുകയാൽ അവിടെയെത്തി മട്ടയ്ക്കൽ മല്പാൻ മുതൽപേരുടെ സഹകരണത്തിൽ ആയതു നടത്തി തിരിച്ചുപോന്നു.

10 ന് കൂദാശയ്ക്ക് വന്നുചേരണമെന്ന് മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ് എന്നീ മെത്രാച്ചൻമാർക്കും ചില പട്ടക്കാർക്കും എഴുതി അയച്ചു. 14 ന് മാർ ഈവാനിയോസ് മെത്രാച്ചൻ പരുമലയിൽ നിന്നും, സിമ്മനാരിയിൽ നിന്നും മല്പാൻ സ്കറിയാ കത്തനാർ, വലിയ പാറേട്ട് കത്തനാർ, പട്ടശേരി കത്തനാർ, കരിപ്പാൽ കത്തനാർ എന്നിവർ അവരവരുടെ സ്ഥലത്തു നിന്നും വന്നുചേർന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് കൂദാശക്രമത്തിൽ ആദ്യഭാഗം കഴിച്ചു. രാത്രി വെടിക്കെട്ടും കൊടിയും സ്ലീബായും എടുത്ത് പ്രദക്ഷിണം ഉണ്ടായിരുന്നു.

15 ന് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ, ഈവാനിയോസ് മെത്രാച്ചന്റെയും പട്ടക്കാരുടെയും സഹകരണത്തിൽ കൂദാശ കഴിക്കയും 11 മണിക്ക് അവസാനിക്കയും ചെയ്തു. മല്പാൻ സ്കറിയാ കത്തനാർ പ്രസംഗിച്ചു. ആൾക്കൂട്ടവും ധാരാളമുണ്ടായിരുന്നു. നടവരവും മുൻ കൊല്ലങ്ങളിലേക്കാൾ കൂടുതൽ ഉണ്ടായിരുന്നു. അന്നേദിവസം ..... മെത്രാച്ചൻമാർക്കും കൂടെയുള്ളവർക്കും സദ്യയുണ്ടായിരുന്നു. 16 നു ഈവാനിയോസ് മെത്രാച്ചൻ വള്ളിക്കാട്ട്പള്ളിയിൽ ചൊല്ലി പ്രസംഗിച്ചു. 14 നു ടി. മെത്രാൻ പരുമലയ്ക്ക് തിരികെ നീങ്ങുകയും ചെയ്തു. 23 നു പീലക്സീനോസ് മെത്രാച്ചൻ ചൊല്ലി പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 24 ന് മൂന്നു നോമ്പാരംഭിച്ചു. 27 നും 30 നും ചൊല്ലി പ്രസംഗിച്ചു.

കുംഭ മാസം 2 നും 3 നും ചൊല്ലി. 6 നും ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 13 ന് ചൊല്ലി. കത്ത്നേ ഞായർ നോമ്പിനെപറ്റി പ്രസംഗിച്ചു. 14 ന് ശുബുക്കോനാ ക്രമം കഴിച്ചു. 22 ന് ഗർബൊ ഞായർ. കുമ്പസാരത്തെപ്പറ്റി പ്രസംഗിച്ചു. 29 നു മ്ശറിയോ ഞായർ. ചൊല്ലി. തളർവാതിയെപ്പറ്റി പ്രസംഗിച്ചു.

മീന മാസം 1 നു മണർകാട് ശെമ്മാശൻ തിരിച്ചുപോയി. 3 നു പുത്തൻകാവിൽ അയിരൂർകുഴിയിൽ തോമസ് ശെമ്മാശൻ മുൻപടം എഴുതിക്കൊണ്ടു വന്നപ്പോൾ 5 രൂപായും പിന്നെ 5 രൂപാ വിലയുള്ള സുറിയാനി ആണ്ട് തക്സാ പുസ്തകവും കൊടുത്തത് കൂടാതെ 1 രൂപായും ഒരു കൂട്ടം കുപ്പായവും കൊടുത്തു. 5 നു ടി. ശെമ്മാശൻ തിരികെ പോയി.

ശനിയാഴ്ച ചൊല്ലി. 6 നു ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 7 നു മണർകാട് ശെമ്മാശന്റെ അപ്പൻ പൈനുങ്കൽ കത്തനാർ ആളെ തിരികെ കൊണ്ടുവന്ന് പഠിപ്പാനാക്കി. 9 നു പാതിനോമ്പിന് ചൊല്ലി. പള്ളിയുടെ മദ്ധ്യത്തിൽ സ്ലീബാ ഉയർത്തി. 10 ന് വാഴൂർ കരിങ്ങണാമറ്റം മാത്യൂസ് കത്തനാർക്ക് ഒരു തൈബിലിത്താ പലകയും ഹമിറാ അടിക്കുന്ന ഒരു അച്ചും പട്ട കടലാസും കൊടുത്തു. പട്ടകടലാസ് 96 ഇടവം 23 നു എഴുതിയതാണ്. 13 നു ചൊല്ലി. നല്ല ശമറിയാക്കാരനെപ്പറ്റി പ്രസംഗിച്ചു.

15 ന് വാകത്താനം പെൺ പള്ളിക്കൂടം ഗവർമെന്റിലേക്ക് എഴുതി കൊടുപ്പാൻ വേണ്ടി പുതുപ്പള്ളി വരെ ചെന്നപ്പോൾ അന്ന് കച്ചേരി അടവാണെന്ന് അറിഞ്ഞു തിരികെപോന്നു. 20 ന് ചൊല്ലി. കുരുടന്റെ സംഗതിയെപ്പറ്റി പ്രസംഗിച്ചു. 2 നു കുന്നങ്കുളങ്കര പള്ളിയിൽ കഷ്ടാനുഭവാഴ്ചയിലെ ക്രമങ്ങൾ കഴിക്കാൻ കഥാനായകൻ പോകണമെന്ന് ദീവന്നാസ്യോസ് മെത്രാച്ചന്റെ സാധനം കിട്ടുകയാൽ സന്ധ്യയോടു കൂടി വാകത്താനത്തു നിന്ന് പുറപ്പെട്ട് കോട്ടയത്ത് എത്തി 24 നു കാറിൽ എറണാകുളത്തേയ്ക്ക് പുറപ്പെടുകയും പത്തു മണിക്കവിടെ എത്തുകയും ചെയ്തു. കാറിന് 28 രൂപ കൂലിയായിരുന്നു. 10 $^{1}/_{2}$ മണിക്ക് തീവണ്ടിയിൽ പുറപ്പെട്ട് 1 മണിക്ക് തൃശിവപേരൂർ പള്ളിയിലെത്തി ഭക്ഷണം കഴിച്ചുകൊണ്ട് 3 മണിക്ക് കുതിരവണ്ടിയിൽ പുറപ്പെട്ട് 5 മണിക്ക് കുന്നംകുളം പുത്തൻപള്ളിയിലെത്തി ലുത്തനിയ കഴിച്ചുകൊണ്ട് മേനാവിൽ കയറി 5 $^{1}/_{2}$ മണിക്ക് കുന്നംകുളം പള്ളിയിലെത്തി പ്രാർത്ഥന കഴിച്ച് അവിടെ താമസിച്ചു. പട്ടണമാക കൊണ്ട് ബഹുജനം കൂടിയിരുന്നു. 25 നു 40–ാം വെള്ളിയാഴ്ച ടി. പള്ളിയിൽ തെക്കേക്കര കുറിയാക്കോസ് കത്തനാർ ചൊല്ലി. അന്ന് വൈകിട്ട് കഥാനായകൻ നമസ്കാരം കഴിഞ്ഞ് പ്രസംഗിച്ചു. 26 നു ടി. പള്ളിയിൽ കഥാനായകൻ ചൊല്ലി.

27 നു ഓശാനയ്ക്കു കുന്നംകുളം പള്ളിയിൽ നിന്നും ആർത്താറ്റ് പള്ളിയിലേക്ക് മേനാവിൽ 9 മണിക്ക് പുറപ്പെട്ടു. അപ്പോൾ അങ്ങാടിക്കാരായ ബഹു

ജനങ്ങൾ വിശേഷ വസ്ത്രധാരികളായി കൈയിൽ കുരുത്തോലയും പിടിച്ച് അനുഗമിച്ചിരുന്നു. 10 മണിക്ക് പള്ളിയിൽ എത്തി. ബഹുജനം കൂടിയിരുന്നു. കുർബാനയും പ്രസംഗവും ഓശാനയുടെ ക്രമവും കഴിച്ചു ഉച്ചകഴിഞ്ഞ് അവിടെ നിന്നും കുന്നംകുളം പള്ളിയിലേക്ക് പോരികയും ചെയ്തു. 30 നു ബുധനാഴ്ച 4 മണിക്ക് വീണ്ടും ആർത്താറ്റ് പള്ളിയിലേക്ക് പോരികയും ചെയ്തു. പിറ്റെദിവസം പെസഹായ്ക്ക് ചൊല്ലി. പള്ളിക്ക് പടിഞ്ഞാറു വശത്ത് വിശാലമായി കെട്ടിയൊരുക്കിയ പന്തലിൽ പ്ലാറ്റ്ഫോറത്തിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് കാൽകഴുകൽ ശുശ്രൂഷ കഴിച്ചു. 4 മണിക്ക് അവസാനിച്ചു. പിറ്റെദിവസം ദുഃഖവെള്ളിയാഴ്ചയുടെ നമസ്കാരം കഴിച്ച് ആയത് 5 മണിക്ക് അവസാനിച്ചു. ആർത്താറ്റ് പള്ളി[123] മലയാളത്തുള്ളതിൽ ഒരു വലിയ പള്ളിയാണ്. അതിനു തക്കവണ്ണം ജനങ്ങളും ഉണ്ട്. പള്ളി ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ദുഃഖശനിയാഴ്ച തെക്കേക്കര കുറിയാക്കോസ് കത്തനാർ ചൊല്ലി.

മേട മാസം 3 ന് ഉയിർപ്പിന് രാത്രി 2 മണിക്ക് നമസ്കാരവും ക്രമവും ആരംഭിച്ചു. 6 മണിക്ക് അവസാനിച്ചു. അതിനുശേഷം പന്തലിൽ ആർത്താറ്റ് കുന്നംകുളം പള്ളിക്കാരുടെ വകയായി ഒരു മംഗളപത്രം കഥാനായകന് സമർപ്പിക്കയും ഒരു ചെറിയ പ്രസംഗത്താൽ മറുപടി പറയുകയും ചെയ്തു. ഉടനെ അവിടെനിന്നും ഒരു ഘോഷയാത്രയായി കുന്നംകുളം പള്ളിയിലേക്ക് പുറപ്പെട്ടു. യാത്ര വണ്ടിയിലായിരുന്നു. വണ്ടി വലിച്ചത് അവിടെയുള്ള യൗവനക്കാരായ ആളുകളായിരുന്നു. അവരുടെ കൈയ്യിൽ ചെറിയകൊടികളും പിടിച്ച് പാട്ട് പാടിയിരുന്നു. ഇടയ്ക്കിടെ ചിയർ വിളിയും ഉണ്ടായിരുന്നു. മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ[124] പള്ളി കെട്ടി താമസിച്ചത് ആർത്താറ്റ് പള്ളിക്ക് സമീപമായിരുന്നു. അദ്ദേഹത്തിന് ഈ യാത്രയും ജനക്കൂട്ടവും തൃപ്തികരമല്ലായിരുന്നു. 4 നു കുന്നംകുളം പള്ളിക്കാർ 50 രൂപ കൈമുത്ത് വച്ചു. ശെമ്മാശനും വാല്യക്കാർക്കും അയ്യഞ്ചു രൂപാ കൊടുത്തു. അന്നവിടെ നിന്നും മേനാവ് വഴി പുറപ്പെട്ട് 6 മണിയ്ക്ക് ചാവക്കാട്ട് എത്തുകയും അവിടെനിന്നും വള്ളം വഴി എറണാകുളത്തേക്കും അവിടെ നിന്ന് കോട്ടയത്തേക്കും യാത്ര തിരിച്ച് 8 ന് കോട്ടയത്തെത്തുകയും ചെയ്തു. യാത്രയ്ക്കുള്ള സകല ചെലവുകളും പള്ളിക്കാർ വഹിച്ചു.

സിമ്മനാരിയിൽ മാർ ദീവന്നാസ്യോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. കഥാനായകൻ മനോരമയിലെത്തി. രജിസ്ട്രാളെ വരുത്തി വാകത്താനം ഗേൾസ് സ്കൂൾ ഗവൺമെന്റിലേക്ക് എഴുതികൊടുത്തു. 9 ന് കോട്ടയത്തു നിന്നും വള്ളിക്കാട്ട് പള്ളിയിലെത്തുകയും ചെയ്തു. 10 ന് ചൊല്ലി. കുർബാന കഴിഞ്ഞ് കാട്ടിൽ കത്തനാരുടെ ഇളയമകളെ കുമരകത്ത് വാലേൽ കോരയുടെ മകൻ വിവാഹം ചെയ്കയിൽ ടി. പള്ളിയിൽ എത്തി പുന്നൂസ് കത്തനാരുടെ സഹകരണത്തിൽ വിവാഹകർമ്മം നടത്തി. ... അന്ന് വാഴയ്ക്കൽ

വർഗീസിന്റെ ഒരു മകളുടെ കല്ല്യാണവും ഉണ്ടായിരുന്നു. ചെക്കൻ അമയന്നൂർകാരനായിരുന്നു. 11 നു മാളികയിൽ ചാക്കോ മകൻ സ്കറിയാ കുഴിമറ്റത്ത് പട്ടാച്ചേരി കത്തനാരുടെ മകളെ വിവാഹം ചെയ്കയിൽ ടി. സ്കറിയാ കഥാനായകന്റെ അടുക്കൽ വന്നു.

17 ന് ചൊല്ലി. 5 മുതൽ വാകത്താനം ഇംഗ്ലീഷ് സ്കൂളിൽ വച്ച് പുത്തൻകാവിൽ കിഴക്കേതലയ്ക്കൽ ഗീവറുഗീസ് ശെമ്മാശൻ മുതൽപേർ ഒരു പ്രസംഗയോഗം നടത്തി. 19 നു വാകത്താനം അഞ്ചലാഫീസ് മുളന്താനത്തുകുഴിയിൽ എം. സി. ചാക്കോ റൈട്ടരുടെ മാളികയിൽ ആരംഭിച്ചു. 2 നു വള്ളിക്കാട്ട് പള്ളിയിൽ വച്ച് തുഞ്ചത്ത് കോരുളയുടെ മകൾ അച്ചാമ്മയുടെയും കൊല്ലാട്ട് എള്ളുകാലായിൽ വർക്കിയുടെയും കുട്ടിയെ മാമോദീസാ മുക്കി കുറിയാക്കോസ് എന്നു പേരിട്ടു. 24 നു ചൊല്ലി.

ഇടവ മാസം 1 ന് ഞായർ ചൊല്ലി. 5, 8 തീയതികളിലും ചൊല്ലി. കൂരിചാണ്ടിയിൽ ശെമ്മാശു വള്ളിക്കാട്ട് പള്ളിയിൽ വെച്ചുള്ള പഠിത്തം നിർത്തി റാന്നിയ്ക്ക് പഠിപ്പാൻ പോയി. 12 നു സ്വർഗ്ഗാരോഹണ പെരുന്നാളിൽ ചൊല്ലി. കാരുചിറ കൊച്ചുപുന്നന്റെ കുട്ടിയെ മാമോദീസാ കഴിച്ചു. പേര് യാക്കോബ്. തലതൊട്ടത് കാരുച്ചിറ തോമ്മാ. 15 നു ചൊല്ലി പ്രസംഗിച്ചു. 21 നു കരപ്പാറ വെട്ടിയിൽ ഐപ്പിന്റെ പെരകൂദാശയ്ക്ക് പോയി. എണ്ണച്ചേരിയിൽ കത്തനാർ, പുന്നൂസ് കത്തനാർ എന്നിവരുടെ സഹകരണത്തിൽ ആയത് നടത്തിയുംവച്ച് തിരിച്ചുപോന്നു. 22 നു പെന്തിക്കുസ്തി പെരുന്നാളിൽ ചൊല്ലി ക്രമം കഴിച്ചു. 24 നു ചൊല്ലി പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 30 നു പഴഞ്ചിറ പള്ളിക്കൂടം പുത്തനായും ഭംഗിയായും പണിയിക്കുന്നതിന് ആരംഭിക്കയിൽ കഥാനായകൻ അവിടെ പോയി അടിസ്ഥാനകല്ല് സ്ഥാപിച്ചു.

മിഥുന മാസം 3 നു വെള്ളിയാഴ്ച ചക്കുപുരയ്ക്കൽ പുന്നൂസ് കത്തനാരുടെ ഭാര്യ മറിയം മരിച്ച് വാകത്താനത്ത് പള്ളിയിൽ 4 നു അടക്കപ്പെട്ടു. എണ്ണച്ചേരി, എടത്ര, കരിപ്പാൽ, കരിങ്ങണാമറ്റം, എന്നീ കത്തങ്ങളുടെ സഹകരണത്തിൽ ശവസംസ്ക്കാരം കഴിച്ചു. കരിപ്പാൽ അവറാ അവന്റെ വീട്ടിൽ കഥാനായകനെ കൊണ്ടുപോകുകയും ഉച്ചനമസ്ക്കാരവും ഭക്ഷണവും കഴിച്ച് തിരികെപോന്നു. 5 നു ചൊല്ലി. കാഞ്ഞിരപള്ളിയിൽ കല്ലറയ്ക്കൽ മാത്യു പ്രജാസഭ തിരഞ്ഞെടുപ്പിനെപ്പറ്റി പറവാനായി വന്നിരുന്നു. 10 നു എം. എ. ഗീവറുഗീസ് കത്തനാരും, പാറേട്ട് മാത്യൂസ് കത്തനാരും വള്ളിക്കാട്ടു പള്ളിയിൽ വന്നു തിരിച്ചുപോയി. 12 നു ചൊല്ലി. പഴഞ്ചിറ പള്ളിക്കൂടപ്പണിയെക്കുറിച്ചു പ്രസംഗിച്ചു. 19 നു ചൊല്ലി. വള്ളിക്കാട്ടു പള്ളിയിൽ നടത്തിയിരുന്ന പരസ്പര സഹായ സംഘം വക പണം വീതിച്ചു. 26, 29 തീയതികളിൽ ചൊല്ലി.

കർക്കിടക മാസം 2 നു ചൊല്ലി. 3 നു ചൊല്ലി. മാർത്തോമ്മാ ശ്ലീഹാ

Malankara Orthodox TV

യെപറ്റി പ്രസംഗിച്ചു. പഴയാറ്റിങ്കൽ തൊമ്മന്റെ വകയായി പാച്ചോർ നേർച്ച കഴിച്ചു. 10, 17 തീയതികളിൽ ചൊല്ലി. 24 ന് ചൊല്ലി. കങ്ങഴ പാർക്കും പൂവാടിയിൽ ചാക്കോയുടെ കുട്ടിയെ മാമോദീസാ മുക്കി യൗസേപ്പ് എന്നു പേരിട്ടു. തലതൊട്ടത് പൂവാടിയിൽ മാണി. പ്രസംഗിച്ചു. 31 ന് ചൊല്ലി. സോദോമിനെപ്പറ്റി പ്രസംഗിച്ചു.

ചിങ്ങ മാസം 1 നു തിങ്കളാഴ്ചയും 6 നും ചൊല്ലി. പള്ളിക്കാർ വരുന്നതിനാൽ കഥാനായകൻ അവിടേക്ക് പുറപ്പെട്ട് കോട്ടയത്ത് കോടിമത കടവിലെത്തി ദീവന്നാസ്യോസ് മെത്രാച്ചനും ഒരുമിച്ച് കാറിൽ പുറപ്പെട്ട് സന്ധ്യയ്ക്കു മുമ്പ് പള്ളിക്കാരുടെ എതിരേല്പോടു കൂടെ അവിടെയെത്തി ലുത്തിനിയ കഴിക്കുകയും പിന്നീട് സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് പള്ളിക്കൂദാശയുടെ ക്രമത്തിൽ ആദ്യഭാഗം കഴിക്കുകയും ചെയ്തു. പിറ്റെദിവസം കഥാനായകൻ കുർബാന ചൊല്ലി. പള്ളിക്കൂദാശ ദീവന്നാസ്യോസ് മെത്രാച്ചന്റെ സഹകരണത്തിൽ കഴിച്ചു. 4 തബലൈത്താ പലകയും കൂദാശ ചെയ്തു. പള്ളി കൂദാശയെപറ്റി മറ്റും പ്രസംഗിക്കുകയും ചെയ്തു. ടി. പള്ളി മദ്ബഹായിൽ ചമയപണികളും ത്രോണോസിന് തങ്കപണികളും കഴിച്ച് ഭംഗിയാക്കീട്ടുണ്ടായിരുന്നു.

8 നു തിങ്കളാഴ്ച കഥാനായകൻ കാറിലവിടെ നിന്നും വള്ളിക്കാട്ടു പള്ളിയിലേക്കു പോരുകയും ചെയ്തു. പള്ളിക്കാർ 20 രൂപ കൈമുത്ത് വച്ചു. 14, 15 തീയതികളിൽ ചൊല്ലി. 21 നു ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 28 നു ചൊല്ലി പ്രസംഗിച്ചു. 29 നു പുതിയനിയമം സുറിയാനിയിൽ നിന്നും തർജ്ജമ ചെയ്യണമെന്ന് കഥാനായകൻ ആഗ്രഹിച്ച് മേട മാസം 25 ന് മുതൽ അതാരംഭിക്കയും മിഥുനം 16 നു മുൻപ് റോമാക്കാരുടെ ലേഖനം മുതൽ യഹൂദായുടെ കുറി വരെയുള്ളതും, ... മുതൽ പ്രക്കസീസും മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷവും തർജ്ജമ ചെയ്യാൻ തുടങ്ങുകയും ചിങ്ങത്തിൽ ലൂക്കോസിന്റെയും യോഹന്നാന്റെയും തർജ്ജമ ചെയ്യുകയും ചെയ്തു. കഴിഞ്ഞ കൊല്ലത്തിൽ വെളിപാട് പുസ്തകവും തർജ്ജമ ചെയ്ത് വച്ചിരുന്നു. അങ്ങനെ പുതിയനിയമം മുഴുവൻ തർജ്ജമ ചെയ്തു.

3 നു ചൊല്ലി. 4 നു ചൊല്ലി. മത്തായി 7:13, 14 വാക്യം സംബന്ധിച്ച് പ്രസംഗിച്ചു. 11, 14, 18 തീയതികളിൽ ചൊല്ലി. 20 നു പള്ളിയുടെ സ്ഥാപന പ്പെരുന്നാളിൽ ചൊല്ലി. വഴിപാടിടീലും അവൽ നേർച്ചയും ഉണ്ടായിരുന്നു. 21 ന് വല്യപാറേട്ട് മാത്യൂസ് കത്തനാർ വശം പുതിയനിയമത്തിന്റെ തർജ്ജമ എം. എ. ഗീവറുഗീസ് കത്തനാരെ ഏല്പിക്കാനായിട്ട് കൊടുത്തു.[125] 25 നു ചൊല്ലി.

തുലാ മാസം 2, 8 തീയതികളിൽ ചൊല്ലി. 8 നു വി. കുർബാനയെ സംബന്ധിച്ച് പ്രസംഗിച്ചു. 16 നു ചൊല്ലി മരിച്ചുപോയവരെക്കുറിച്ചും പ്രസംഗിച്ചു.

Malankara Orthodox TV

17 ന് ഉച്ചകഴിഞ്ഞ് പരുമല പെരുന്നാളിനായി യാത്ര പുറപ്പെട്ട് പിറ്റെ ദിവസം ഉച്ചയ്ക്ക് മുൻപായി അവിടെയെത്തി. അപ്പോൾ അവിടെ ഗ്രീഗോറിയോസ്, ഈവാനിയോസ് മെത്രാൻമാർ ഉണ്ടായിരുന്നു. വട്ടിപ്പണക്കേസ് സംബന്ധിച്ച് ദീവന്നാസ്യോസ് മെത്രാച്ചൻ തിരുവനന്തപുരത്തായിരുന്നു.

19 ന് പരുമല പള്ളിയിൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും 2 പട്ടക്കാരും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. 20 ന് പീലക്സീനോസ്, ഗ്രീഗോറിയോസ് എന്നീ മെത്രാൻമാരും തോമസ് കത്തനാരും കൂടി മൂന്നു മ്മേൽ കുർബാന ചൊല്ലുകയും മുണ്ടപ്ലാക്കൽ കത്തനാർ പ്രസംഗിക്കയും ചെയ്തു. ഉച്ചകഴിഞ്ഞ് വൈദികയോഗം കൂടി.

എം. എ. ഗീവറുഗീസ് കത്തനാർ യോഗത്തിൽ പ്രസംഗിച്ചു. പരിശുദ്ധ ന്മാരെക്കുറിച്ച് ഒരു പ്രസംഗം എഴുതുന്നവർക്ക് സ്വർണ്ണമെഡൽ സമ്മാനം കൊടുക്കുന്നതാണെന്ന് മൂവാറ്റുപുഴ മുൻസിപ്പ് കോർട്ട് വക്കീൽ കെ. പി. പുന്നൂസ് പരസ്യം ചെയ്തതനുസരിച്ച് ശങ്കരത്തിൽ മത്തായി ശെമ്മാശൻ പ്രസംഗം എഴുതിക്കൊണ്ട് വരികയും സമ്മാനം വൈദിക യോഗത്തിൽ വച്ച് കൊടുക്കണമെന്ന് നിശ്ചയിച്ചതനുസരിച്ച് ആ സമ്മാനം പീലക്സീനോസ് മെത്രാച്ചൻ പ്രസംഗത്തോടു കൂടെ ടി. ശെമ്മാശന് സമ്മാനിച്ചു.

പരുമലത്തെ കുർബാന പണത്തിൽ നിന്ന് 2-2 രൂപ പട്ടക്കാർക്ക് കൊടുത്തു. 21 ന് ഉച്ചകഴിഞ്ഞ് പരുമലത്തെ വരവ് എണ്ണി. 1330 ൽ ചില്വാനം രൂപയും കുർബാനപ്പണം 600 ൽ ചില്വാനവുമുണ്ടായിരുന്നു. 23 ന് കഥാനാ യകൻ ചൊല്ലി. തോമസ് കത്തനാർ പ്രസംഗിച്ചു. 24 ന് ടി. മെത്രാപ്പോലീത്താ വാകത്താനത്തേക്ക് തിരിച്ചുപോന്നു. പരുമല നിന്നും 25 രൂപായും വള്ള ക്കൂലിയും തരികയുണ്ടായി.

1098 തുലാ മാസം 22 ന് 127 ന് നമ്പ്ര മനോരമയിൽ വാകത്താനം ഗേൾസ് സ്കൂൾ മാർ പീലക്സീനോസ് സ്മാരക ഗേൾസ് സ്കൂൾ എന്നാക്കി ഗവൺമെന്റ് സ്ഥിരപ്പെടുത്തിയതായി തിരുവനന്തപുരം വാർത്തയിൽ കാണു ന്നുണ്ട്. 29 നു വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ ചൊല്ലി.

വൃശ്ചിക മാസം 5 ന് ചൊല്ലി. 6 ന് ചൊല്ലി പ്രസംഗിച്ചു. 7 ന് മൂലയിൽ തൊമ്മി മകൾ അന്നയെ ചാക്കച്ചേരിൽ ഇട്ടി മകൻ കുര്യാക്കോസ് വള്ളി ക്കാട്ട് പള്ളിയിൽ വച്ച് വിവാഹം ചെയ്കയാൽ പുന്നൂസ് കത്തനാരുടെ സഹ കരണത്തിൽ കഥാനായകൻ വിവാഹകർമ്മം നടത്തി. ടിയാൻമാർ 5 ഉം 3 ഉം രൂപ കൈമുത്തു വെച്ചു. 13 നു ഞായറാഴ്ച ചൊല്ലി. 19 നു പനയമ്പാല കരിപ്പോട്ട് ഇട്ടി വറുഗീസ് റാപ്പുഴ കൊച്ചേരിയിൽ കുര്യന്റെ മകൾ മറിയത്തെ വള്ളിക്കാട്ട് പള്ളിയിൽ വച്ച് വിവാഹം കഴിക്കയിൽ പുന്നൂസ് കത്തനാർ വിവാഹം നടത്തി. അവർ 4 ഉം 3 ഉം രൂപ കൈമുത്തു വെച്ചു. 20, 27 തീയതി കളിൽ ചൊല്ലി.

ധനു മാസം 3 നു ചൊല്ലി. 4 നു ചൊല്ലി. യോഹന്നാൻ മാവുംദാനയെപ്പറ്റി പ്രസംഗിച്ചു. 11 നു ചൊല്ലി. നീതിമാനായ യൗസേപ്പിനെപ്പറ്റി പ്രസംഗിച്ചു. 18 നു ചൊല്ലി പ്രസംഗിച്ചു. 25 നു നോമ്പു വീടലിന് ചൊല്ലി പ്രസംഗിച്ചു. 26 നു ചൊല്ലി. 29 നു തിരുവല്ലാ നാഷണൽ ബാങ്കിൽ നിന്നും കഴിഞ്ഞ കൊല്ലത്തെ ആദായം കിട്ടിയ രൂപ 83 അണ 9.

**1923**

1 നു ഞായർ ചൊല്ലി. ഏശയ്യാ 45:23 വാക്യം സംബന്ധിച്ച് പ്രസംഗിച്ചു. 8 നു ചൊല്ലി. 15 ലെ പെരുന്നാൾ 14 നു കഴിക്കുന്നതാണെന്ന് വിളിച്ചു പറഞ്ഞു. 14 ന് വള്ളിക്കാട്ട് പള്ളീലെ പെരുന്നാളിനായി കുഴിമറ്റത്ത് പട്ടശേരിയിൽ കത്തനാർ വന്നിരുന്നു. അയാൾ സന്ധ്യാ നമസ്കാരം കഴിഞ്ഞ് പ്രസംഗിച്ചു. പെരുന്നാൾ ദിവസം കുർബാനമദ്ധ്യേ പ്രസംഗിക്കുകയും ചെയ്തു. ... പകലെ തന്നെ ആൾക്കൂട്ടം പിരിഞ്ഞു. 15 നു ചൊല്ലി. 3 നോമ്പിനെപ്പറ്റി പ്രസംഗിച്ചു. 19 നു ചൊല്ലി. 20 നു ചൊല്ലി പ്രസംഗിച്ചു. 29 നു ചൊല്ലി മരിച്ചു പോയവരെപ്പറ്റി പ്രസംഗിച്ചു. 30 നു വള്ളിക്കാട്ട് പള്ളിയിൽ വച്ച് മുളന്താനത്തുകുഴിയിൽ എം. സി. ചാക്കോയുടെ മകൾ ആണ്ടയെ അഞ്ചേരി മഠത്തിലായ കോട്ടൂരേത്ത് വറുഗീസ് വിവാഹം ചെയ്കയിൽ കഥാനായകൻ പല പട്ടക്കാരുടെ സഹകരണത്തിൽ ആയത് നടത്തി. .... 24 നു കൂരിചാണ്ടിയിൽ കത്തനാർ പുതുശ്ശേരി പള്ളിയിൽ വച്ച് പുത്തൻ കുർബാന ചൊല്ലി.

കുംഭ മാസം 4 നു ചൊല്ലി. 5 നു കഥാനായകന് സുഖക്കേടായിരുന്നതിനാൽ വള്ളിക്കാട്ട് പള്ളിയിൽ പുന്നൂസ് കത്തനാർ ചൊല്ലി. 6 നു വലിയ നോമ്പാരംഭം. ശുബുക്കോനോ ക്രമം കഴിച്ചു. 12 നു ചൊല്ലി. എറമി 12:9 വാക്യം സംബന്ധിച്ച് പ്രസംഗിച്ചു. 19 നു ചൊല്ലി. പക്ഷവാതക്കാരനെക്കുറിച്ച് പ്രസംഗിച്ചു. 26 നു ചൊല്ലി. ക്നായിത്വായെക്കുറിച്ച് പ്രസംഗിച്ചു.

മീനം 1 നു ബുധനാഴ്ച പാതിനോമ്പിൽ ചൊല്ലി. സ്ലീബാ പള്ളിയുടെ മദ്ധ്യേ ഉയർത്തി. 4, 5 തീയതികളിൽ ചൊല്ലി. 10 നു ഹൈക്കോടതിയിൽ ഫുൾ ബഞ്ചിൽ വിസ്തരിച്ചിരുന്ന വട്ടിപ്പണക്കേസ് മാർ ദീവന്നാസ്യോസ് മെത്രാച്ചന്റെ ഭാഗം ദോഷമായി വീരരാഘവയ്യങ്കാർ വിധി പ്രസ്താവിച്ചു. 12, 18 തീയതികളിൽ ചൊല്ലി. 19 നു ചൊല്ലി. ഓശാനയ്ക്കുള്ള ക്രമം കുർബാനയ്ക്ക് മുൻപ് കഴിച്ചു.

20 നു 4 മണിക്ക് കഥാനായകൻ കോട്ടയത്ത് സിമ്മന്നാരിയിലേക്ക് പുന്നൂസ് കത്തനാരും അമയന്നൂർ സ്കറിയാ ശെമ്മാശനും ഒരുമിച്ചു പോയി. 21 നു സിമ്മന്നാരിയിൽ ഇ. ജെ. ജോൺ, ചാക്കോ സൂപ്രണ്ട്[126] മുതൽ പേർ കൂടി സമുദായകാര്യം രാജിപ്പെടുവാൻ ആലോചിക്കുകയും സി. ജെ. കുര്യന്റെ[127] അടുക്കൽ പോവണമെന്ന് ചിലർ നിശ്ചയിക്കുകയും പിറ്റെ ദിവസം

കുര്യന്റെ അടുക്കൽ ഇ. ജെ. ജോൺ വക്കീൽ മുതൽപേർ പോവുകയും തീരുമാനമില്ലാതെ തിരികെ പോരുകയും ചെയ്തു. 22 നു കഥാനായകൻ സിമ്മന്നാരിയിൽ നിന്നും വള്ളിക്കാട്ടേക്ക് തിരികെപോന്നു. 23 നു പെസഹായ്ക്ക് ചൊല്ലി. 24 നു ദുഃഖവെള്ളിയാഴ്ച ക്രമം കഴിച്ച് 4 മണിക്ക് അവസാനിച്ചു. 25 നു ശനിയാഴ്ച ഉച്ചനമസ്കാരം കഴിഞ്ഞ് ശു. കുർബാന ചൊല്ലി.

26 നു നോമ്പു വീടലിന് ചൊല്ലി പ്രസംഗിച്ചു. പൊട്ടയ്ക്കാവേലിയിൽ കുര്യന്റെ മകൾ വടക്കേത്തുശേരിയിൽ കെട്ടിച്ചിരുന്ന മറിയത്തിന്റെയും ഉലഹന്നാന്റെയും കുട്ടിയെ മാമോദീസാ മുക്കി കുറിയാക്കോസ് എന്നു പേരിട്ടു. തല തൊട്ടത്ത് കാരുചിറ ചെറിയാൻ. അന്നു തന്നെ പുതുപ്പള്ളി ഇടവകയിൽ ചെറത്തലാട്ട് നൈനാന്റെയും അക്കയുടെയും കുട്ടിയെ മാമോദീസാ കഴിച്ച് യോഹന്നാൻ എന്ന് പേരിട്ടു. തലതൊട്ടത് ചിറത്തലാട്ട് ചാക്കോ. 27 നു സമുദായകാര്യം അറിവാൻ സിമ്മനാരിയിൽ മെത്രാച്ചന്റെ അടുക്കലേക്ക് പോത്തയെ അയക്കുകയും പരുമലയ്ക്ക് കഥാനായകൻ ചെല്ലണമെന്ന് എഴുത്തു കൊടുത്തയക്കുകയും ചെയ്തു.

മേട മാസം 1 നും 2 നും ഞായറാഴ്ചയും ചൊല്ലി. 2 നു പരുമലയ്ക്ക് കഥാനായകൻ യാത്ര തിരിച്ച് പിറ്റേദിവസം 4 മണിക്ക് അവിടെയെത്തി. മാർ ദീവന്നാസ്യോസ് മെത്രാച്ചനും ഗ്രീഗോറിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. സഭാസംബന്ധമായ കാര്യങ്ങൾ പാത്രിയർക്കീസ് ബാവായെ അറിയിച്ച് നിവൃത്തിമാർഗം ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടു കൂടി മാർ ദീവന്നാസ്യോസ് മെത്രാച്ചൻ മർദ്ദീനിലേയ്ക്ക് പോകണമെന്ന് ആലോചിച്ച് തീർച്ചപ്പെടുത്തി.

2 നു ടി. സംഗതി പരുമലപള്ളിയിൽ ദീവന്നാസ്യോസ് മെത്രാച്ചൻ ഒരു പ്രസംഗത്താൽ അറിയിക്കുകയും പണപിരിവിനായി ചില പള്ളിക്കാരെ വരുത്തി പറകയും ചെയ്തു. 4 നു കഥാനായകൻ വാകത്താനത്തേയ്ക്ക് തിരിച്ചുപോരുകയും പിറ്റേദിവസം അവിടെ വന്നു ചേരുകയും ചെയ്തു. 9 നു ഞായറാഴ്ച ചൊല്ലി. 10 നു തിങ്കളാഴ്ച വാഴൂർ പെങ്ങളുടെ മകൻ വറുഗീസ് പഴയാറ്റുങ്കൽ വറുഗീസിന്റെ (കുഞ്ഞി) മകളെ വിവാഹം കഴിച്ചു. 16 നു ചൊല്ലി. 24 നും ചൊല്ലി. ഗീവറുഗീസ് സഹദായെപ്പറ്റി പ്രസംഗിച്ചു.

ഇടവ മാസം 3 നു കഥാനായകൻ തെക്കേൽ പോയി ദീനക്കാരൻ ഇത്തുക്കായ്ക്ക് ഉപ്രുശ്മാ കഴിച്ചു. 6 നു ചൊല്ലി. 7 നു ചൊല്ലി പ്രസംഗിച്ചു. 14 നു പെന്തക്കോസ്തി പെരുന്നാളിൽ ചൊല്ലി ക്രമം കഴിച്ചു. 21 നു ചൊല്ലി. 24 നു ചൊല്ലി പ്രസംഗിച്ചു.

മിഥുന മാസം 3 നും 4 നും ചൊല്ലി. 7 നു കഥാനായകൻ കുണ്ടറ സിമ്മന്നാരിയിൽ പോകുന്നതിനായി പുന്നൂസ് കത്തനാർ ഒരുമിച്ച് പുറപ്പെട്ട് കോട്ടയത്ത് മനോരമയിൽ താമസിച്ച് പിറ്റേദിവസം കാലത്ത് 5 മണിക്ക് കാറിൽ

MalankaraOrthodox.TV

കൊട്ടാരക്കരയ്ക്ക് യാത്ര തിരിക്കുകയും 1 1/2 മണിക്ക് അവിടെയെത്തുകയും ചെയ്തു. അവിടെ നിന്നും കാളവണ്ടിയിൽ കയറി 4 മണിക്ക് കുണ്ടറ സിമ്മ ന്നാരിയിൽ എത്തി താമസിച്ചു. അപ്പോൾ അവിടെ മാർ ദീവന്നാസ്യോസ്, മാർ ഗ്രീഗോറിയോസ് എന്നീ മെത്രാന്മാർ ഉണ്ടായിരുന്നു. ടി. സിമ്മന്നാരി പുതുതായി പണിത ഒരു നല്ല കെട്ടിടമാണ്. ഗ്രീഗോറിയോസ് മെത്രാച്ചന്റെ അധ്വാനത്താലത്രെ അതു പണിയപ്പെട്ടത്. അവിടെ 3-ാം ഫാറം വരെ ഒരു ഇംഗ്ലീഷ് സ്കൂൾ നടത്തുന്നുണ്ട്. സിമ്മന്നാരിയെ കൂടാതെ താമസത്തിന് കൊള്ളാവുന്ന വേറെയും കെട്ടിടങ്ങളും ഉണ്ട്.

11 നു ഞായറാഴ്ച കഥാനായകൻ കുർബാന ചൊല്ലുകയും ശീമയാത്ര യെപ്പറ്റി മാർ ദീവന്നാസ്യോസ് മെത്രാൻ പ്രസംഗിക്കയും ചെയ്തു. 13 നു ഈ മെത്രാച്ചൻ ശീമക്ക് യാത്ര പുറപ്പെട്ടു സന്ധ്യയോടു കൂടി കൊട്ടാരക്കര തീവണ്ടി സ്റ്റേഷനിൽ എത്തുകയും രാത്രി 11 1/2 മണിക്ക് ബോംബെയിലേക്ക് പുറപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ കൂടെ ചൂരക്കുഴിയിൽ അബ്രഹാം കത്തനാർ, ചെറിയമഠത്തിൽ സ്കറിയ കത്തനാർ വാലിയക്കാരായി പരുമ ലക്കാരൻ ഐപ്പ്, കുന്നംകുളം വാറു എന്നിവരും പോയിരുന്നു. 14 നു കഥാ നായകൻ കുണ്ടറ നിന്നും വാകത്താനത്തേക്കു പോരികയും 4 1/2 മണിക്ക് പള്ളിയിൽ എത്തുകയും ചെയ്തു. 18 നു ചൊല്ലി. 21 നു മാർ ദീവന്നാസ്യോസ് മെത്രാച്ചന്റെ യാത്രയെ സംബന്ധിച്ചും ചൊല്ലി. 25 നു ചൊല്ലി പ്രസംഗിച്ചു. 29 നു ചൊല്ലി.

കർക്കടക മാസം 1 നു ശനിയാഴ്ച ചൊല്ലി. 2 നു ചൊല്ലി മനുഷ്യന്റെ ജീവിത ഉദ്ദേശ്യത്തെക്കുറിച്ചു പ്രസംഗിച്ചു. 5, 9 തീയതികളിൽ ചൊല്ലി. 9 നു പാപത്തെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. 16 നു ചൊല്ലി. പാപത്തിന്റെ ഭയങ്കരതയെക്കുറിച്ചു പ്രസംഗിച്ചു. 19 നു ചൊല്ലി. 23 നു ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 26, 27 തീയതികളിൽ ചൊല്ലി.

**1099 മാണ്ട്**

ചിങ്ങ മാസം 5 നു ചൊല്ലി. 6 നു ചൊല്ലി. മറുരൂപ പെരുന്നാളിനെ പറ്റി പ്രസംഗിച്ചു. 9 നു ചൊല്ലി. 13 നു ചൊല്ലി. ദൈവമാതാവിന്റെ സ്വർഗ്ഗാരോ ഹണം സംബന്ധിച്ചു പ്രസംഗിച്ചു. 15 നു ചൊല്ലി. 20 നു ചൊല്ലി. അബ്രഹാ മിനെക്കുറിച്ച് പ്രസംഗിച്ചു. 24 നു ചൊല്ലി.

കന്നി മാസം 2, 3 തീയതികളിൽ ചൊല്ലി. 3 നു യഹോവ ഹൃദയങ്ങളെ തൂക്കി നോക്കുന്നു എന്ന വാക്യം സംബന്ധിച്ചു പ്രസംഗിച്ചു. 6, 8 തീയതിക ളിൽ ചൊല്ലി. 8 നോമ്പുകാരായ സ്ത്രീകളും മറ്റും പോയി. പാച്ചോർ നേർച്ച യുമുണ്ടായിരുന്നു. 10 നു ചൊല്ലി. ചുങ്കക്കാരനെയും പ്രീശനെയും പറ്റി പ്രസം ഗിച്ചു. 14 നു സ്ലീബാ പെരുന്നാളിൽ ചൊല്ലി. 17 നു കുറിച്ചിയിൽ കോലത്തുകള ത്തിലായ പനയപ്പള്ളിയിൽ പുന്നൂസു മരിക്കയാൽ കഥാനായകൻ കുറിച്ചി

Malankara Orthodox.TV

യിലെത്തി കബറടക്ക ശുശ്രൂഷ നടത്തണമെന്ന് അവരാവശ്യപ്പെടുകയാൽ കാലത്തെ പള്ളിയിൽ നിന്നും പുറപ്പെട്ട് പാത്താമുട്ടം റോഡു വഴി മഞ്ച ലിൽ ടിയാന്റെ വീട്ടിൽ എത്തുകയും അവിടെ പ്രാർത്ഥന കഴിച്ചു കൊണ്ട് പള്ളിയിലെത്തി ശു. കുർബാന ചൊല്ലുകയും കുർബാനമദ്ധ്യേ പട്ടശേരി യിൽ അച്ചൻ പ്രസംഗിക്കയും കുർബാന കഴിഞ്ഞു ശവസംസ്കാര ശുശ്രൂഷ കഴിച്ചു 4 മണിയ്ക്കു വള്ളിയ്ക്കാട്ടേക്ക് തിരിച്ചുപോന്നു.

20 നു വള്ളിക്കാട്ട് പള്ളിയുടെ സ്ഥാപന പെരുന്നാളും കോതമംഗലത്ത് ബാവായുടെ ഓർമ്മയും കഴിച്ച് അവൽ നേർച്ചയും ഉണ്ടായിരുന്നു. 23 നു ശു. കുർബാന ചൊല്ലി. വള്ളാൻകടവിൽ മർക്കോസിന്റെ പുര കൂദാശ ചെയ്യു ന്നതിനായി പോകയും എണ്ണശേരിൽ കത്തനാർ, പുന്നൂസ് കത്തനാർ, കൂരിചാണ്ടി കത്തനാർ എന്നിവരുടെ സഹകരണത്തിൽ ആയതു നടത്തി തിരിച്ചുപോരുകയും ചെയ്തു. 24 നു ചൊല്ലി. ഏലീശാ ദീർഘദർശിയെക്കു റിച്ചു പ്രസംഗിച്ചു.

തുലാ മാസം 1 നു പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 2 നു തിരുവിതാം കൂർ മഹാരാജാവിന്റെ തിരുന്നാൾ ആഘോഷം വാകത്താനം ഗേൾസ് സ്കൂളിൽ ആഘോഷിക്കുന്നതിനോടു കൂടി ടി. സ്കൂളിൽ കഥാനായകന്റെ ഒരു പടവും, മഹാരാജാവിന്റെ ഒരു പടവും വെയ്ക്കുന്നതിന് ഗവർമെന്റ് അനുവാദം നൽകി.

24 നു കഥാനായകൻ പരുമല നിന്നും വാകത്താനത്തേക്ക് പോരികയും പിറ്റേദിവസം കുറിച്ചിയിൽ എത്തുകയും ചെയ്തു. കുറിച്ചിയിൽ താമസി ക്കുന്ന കെ. സി. ചെറിയാൻ അപ്പാത്തിക്കരിയുടെ അപേക്ഷപ്രകാരം അയാ ളുടെ വീട് വേണാട്ടുകുളത്തിൽ കത്തനാർ, പുന്നൂസ് കത്തനാർ എന്നിവ രുടെ സഹകരണത്തിൽ കഥാനായകൻ കൂദാശ കഴിച്ചുകൊണ്ട് 4 മണിക്കു വാകത്താനത്തെത്തി. 28 നു അപ്പന്റെ ഓർമ്മക്കായി ചൊല്ലി. 29 നു ചൊല്ലി. ദീവന്നാസ്യോസ് മെത്രാച്ചൻ ബോംബെയിൽ നിന്നും യാത്ര പുറപ്പെട്ടതി നെക്കുറിച്ചും മറ്റും പ്രസംഗിച്ചു.

വൃശ്ചിക മാസം 1 നു ബുധനാഴ്ചയും 4 നും ചൊല്ലി. 5 നു ചൊല്ലി. കൂദ ശീത്തോയെക്കുറിച്ച് പ്രസംഗിച്ചു. 6 നു വാഴൂർ ചെറിയമഠം മൂപ്പച്ചന് ദീനമാ കയാൽ കാൺമാൻ പോയി തിരിച്ചുപോന്നു. പുന്നൂസു കത്തനാരും കൂടെ പോന്നിരുന്നു. കൈതയിൽ കോശി വക്കീലിന്റെ ഏകമകളുടെ വിവാഹം വാകത്താനത്ത് പള്ളിയിൽ വച്ച് നടന്നു.

15 നു ശീമയിൽ നിന്നും തിരിച്ചുവരുന്ന ദീവന്നാസ്യോസ് മെത്രാച്ചനെയും മറ്റും കുന്നംകുളം പള്ളിക്കാർ കേമമായി എതിരേറ്റു അവിടെ കൊണ്ടു പോകാൻ ഏർപ്പാട് ചെയ്തിരുന്നതിനാൽ ആ അവസരത്തിൽ കഥാനായ കനും കുന്നംകുളങ്ങര എത്തണമെന്ന് പള്ളിക്കാർ ആവശ്യപ്പെട്ടതനുസരിച്ച്

ഷൊർണൂർക്ക് പോകുവാൻ കോട്ടയത്തു എത്തി ബോട്ടിൽ കയറി ആലപ്പുഴ എത്തുകയും അവിടെനിന്നും രാത്രി 10 മണിക്ക് എറണാകുളത്തേക്ക് പുറപ്പെട്ട് പിറ്റേദിവസം അവിടെയെത്തുകയും ചെയ്തു. അപ്പോൾ തീവണ്ടിയാഫീസിൽ ചാക്കോ സൂപ്രണ്ട്, കാട്ടിൽ തൊമ്മച്ചൻ മുതൽപേർ ഉണ്ടായിരുന്നു. വണ്ടി കയറി സൂപ്രണ്ട് ഒരുമിച്ചു തൃശൂർ അയാളുടെ ബംഗ്ലാവിലെത്തി. ഭക്ഷണം കഴിച്ചുകൊണ്ട് 3 മണിക്കു തൃശൂർ പള്ളിയിൽ പോയി താമസിച്ചു.

17 നു കാലത്തെ കാപ്പി കുടിച്ചുകൊണ്ട് തീവണ്ടിയാഫീസിലെത്തി. പലരുമായി ഷൊർണ്ണൂർക്ക് പുറപ്പെട്ടു. തൃശൂരു മുതലുള്ള വണ്ടിക്കൂലി കുന്നംകുളം പള്ളിക്കാർ കൊടുത്തു. 10 മണിക്കു ഷൊർണ്ണൂർ എത്തി. അല്പസമയം കഴിഞ്ഞപ്പോൾ മാർ ദീവന്നാസ്യോസ് മെത്രാച്ചനും മറ്റും മദ്രാസ് വണ്ടിയിൽ ഷൊർണ്ണൂരിൽ എത്തി. ഓഫീസ് മുറിയിൽ അല്പം വിശ്രമിച്ചു. ഒസ്താത്തിയോസ് മെത്രാനും കരിങ്ങാശ്ര നിന്നും തലേ ദിവസം അവിടെയെത്തി താമസിച്ചിരുന്നു. തെക്കു നിന്നു ചെന്നിരുന്ന കഥാനായകനും ഗ്രീഗോറിയോസ് മെത്രാനും ദീവന്നാസ്യോസ് മെത്രാച്ചനെ കണ്ട് ആലിംഗനം ചെയ്തു. ശീമ മെത്രാന്മാർ തമ്മിൽ തമ്മിലും പിടിച്ചു മുത്തി. ഉടനെ അവിടെ നിന്നും എല്ലാവരും കൂടി തൃശൂർക്ക് പുറപ്പെട്ടു.

കുന്നങ്കുളത്തുകാർ അവിടേക്ക് പോകണമെന്ന് ശീമ മെത്രാന്മാരോടു കെഞ്ചി അപേക്ഷിച്ചിട്ടും അവർ സമ്മതിച്ചില്ല. ശീമയിൽ നിന്നും യൂലിയോസ്[128] എന്നു പേരു കൊടുത്ത് ഒരു പുതിയ മെത്രാച്ചനെയും മലങ്കരയിലേക്ക് അയച്ചിട്ടുണ്ടായിരുന്നു. ആ ശീമ മെത്രാനും ഒസ്താത്തിയോസും അത്രെ ശീമ മെത്രാൻമാർ എന്നു പറഞ്ഞിരിക്കുന്നത്. ശീമയിൽ നിന്നും വന്നവരും ശീമ മെത്രാനും അവിടെ കൂടിയിരുന്ന പലരും കൂടി തൃശൂരിൽ നിന്നു പുറപ്പെട്ടു സന്ധ്യയ്ക്കു മുൻപ് എറണാകുളത്ത് എത്തി മുസാവിരി ബംഗ്ലാവിൽ പോയി താമസിക്കുകയും അവിടെ വച്ച് ശീമയിലെ വർത്തമാനങ്ങളെക്കുറിച്ച് ചോദിച്ചതിൽ ശീമയിൽ നിന്നും വന്ന യൂലിയോസ് മെത്രാൻ ഒരു ചെറിയ പ്രസംഗത്താൽ എല്ലാവരെയും അറിയിക്കുകയും ചെയ്തു. ശീമയിൽ നിന്നും മെത്രാച്ചനും മറ്റും ആർക്കോണം തീവണ്ടി സ്റ്റേഷനിൽ എത്തിയപ്പോൾ സി. ജെ. കുര്യന്റെ ആളായ തോമസ് അവിടെയെത്തി ശീമ മെത്രാനെ വശീകരിച്ചിരുന്നു. അതുകൊണ്ട് അത്രെ കുന്നംകുളത്തേക്ക് പോകാതിരുന്നത്.

എറണാകുളത്തു നിന്നും ശീമ മെത്രാച്ചന്മാരും മറ്റും കരിങ്ങാശ്രയ്ക്ക് പോകയും ചെയ്തു. പീലക്സീനോസ് മെത്രാച്ചനും ഗ്രീഗോറിയോസ് മെത്രാച്ചനും ഇടയ്ക്ക് തൃശൂർ വച്ച് ആ പള്ളിയിലെത്തി ഭക്ഷണം കഴിച്ചുകൊണ്ട് സന്ധ്യ കഴിഞ്ഞ് എറണാകുളത്ത് മുസാവിരിയിൽ എത്തുകയും ചെയ്തു.

അവിടെ നിന്നും രാത്രി 12 മണിക്ക് 3 വള്ളത്തിൽ ദീവന്നാസ്യോസ് മെത്രാച്ചനും ശേഷം മെത്രാച്ചന്മാരും കോട്ടയത്തേക്ക് യാത്ര പുറപ്പെട്ട് 19 നു ഞായറാഴ്ച കാലത്ത് കോട്ടയത്ത് ചുങ്കക്കടവിലെത്തുകയും അവിടെ നിന്നും കാറിൽ പുറപ്പെട്ട് മനോരമ ചാപ്പലിൽ എത്തുകയും കഥാനായകൻ കുർബാന ചൊല്ലുകയും ദീവന്നാസ്യോസ് മെത്രാച്ചൻ ശീമ യാത്രയെപ്പറ്റി ദീർഘമായ ഒരു പ്രസംഗം ചെയ്ത് എല്ലാവരെയും വിവരമറിയിക്കുകയും ചെയ്തു. 4 മണിക്ക് കഥാനായകൻ മാളിയേക്കൽ കൊച്ചുമാണി സുഖക്കേടിലായിരുന്നതിനാൽ അവരുടെ കാറിൽ കയറി അവിടെ ചെന്ന് ടിയാനെ കണ്ടുംവെച്ച് തിരിച്ചു പോന്നു. 20 നു കഥാനായകൻ വാകത്താനത്തേക്ക് പോരുകയും മറ്റു മെത്രാച്ചൻമാർ ചാപ്പലിൽ താമസിക്കുകയും ചെയ്തു. അന്നു ദീവന്നാസ്യോസ് മെത്രാച്ചനെ കുന്നംകുളങ്ങരയ്ക്ക് കൊണ്ടുപോവാൻ അവിടുത്തുകാരും പുലിക്കോട്ടു ശെമ്മാശനും മനോരമയിലെത്തിയിട്ടൊണ്ടായിരുന്നു. അദ്ദേഹം അവരോടുകൂടി അവിടേക്ക് പോകയും ചെയ്തു. 26 നു ചൊല്ലി. സുഭാ. 25:25 വാക്യം സംബന്ധിച്ചും ശീമ യാത്രയെ സംബന്ധിച്ചും പ്രസംഗിച്ചു. 27 നു കൊച്ചേരിയിൽ കുര്യന്റെ ആവശ്യം പ്രമാണിച്ച് ചൊല്ലി.

ധനു മാസം 2, 3, 9, 10 തീയതികളിൽ ചൊല്ലി. 13 നു ശീമയിൽ നിന്ന് വന്നിരുന്ന യൂലിയോസ് മെത്രാൻ പാണമ്പടിയ്ക്കൽ നിന്ന് മനോരമ ചാപ്പലിൽ വന്ന് ദീവന്നാസ്യോസ് മെത്രാനുമായി സംസാരിച്ചതിൽ പാത്രിയർക്കീസ് ബാവാ ചട്ടം കെട്ടിയിരുന്നതിന് വിരോധമായി സംഗതികൾ പറഞ്ഞ് കുഴപ്പത്തിൽ പിരിഞ്ഞു. 17 നു ചൊല്ലി. 24 നു ചൊല്ലി പ്രസംഗിച്ചു. 25 നു നോമ്പു വീടലിനു ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. നോമ്പു വീടലിന്റെ ക്രമം കഴിക്കുകയുണ്ടായി. 21 നു ചൊല്ലി പ്രസംഗിച്ചു.

മകര മാസം 1 നു കഥാനായകൻ ചൊല്ലി. 6 നു ശനിയാഴ്ച കഥാനായകൻ വാകത്താനത്തു പള്ളിയിൽ പള്ളിക്കാരുടെ അപേക്ഷപ്രകാരം എത്തി ദനഹാ ക്രമം കഴിക്കുകയും ശു. കുർബാന ചൊല്ലുകയും ചെയ്തു. ടി. പള്ളിയുടെ പടിഞ്ഞാറുവശത്തു വലിയ കരിങ്കൽ കുരിശിന്റെ പണി തീർത്തു വച്ചിരുന്നതിനാൽ ആയത് നിവർത്തു. കാട്ടിൽ മാത്തുവിന്റെ പ്ലാൻ അനുസരിച്ചുള്ള പണികൾ ചെയ്യിച്ചാണു നിവർത്തിച്ചതു. യാതൊരു ആപത്തും കൂടാതെ കുരിശു മാളത്തിൽ വീഴുകയും ചെയ്തു. ആൾക്കൂട്ടവും ധാരാളമുണ്ടായിരുന്നു. കുരിശും കൊടിക്കും ശേഷം സ്ലീബാ എടുത്തു പള്ളിക്കും കുരിശിനും പ്രദക്ഷിണവും കുരിശിങ്കൽ വച്ച് പ്രത്യേക പ്രാർത്ഥന കഥാനായകൻ നടത്തുകയും ചെയ്തു. ഇതുകൾ കഴിച്ചു നേർച്ച ഇടീലും അപ്പം നേർച്ചയും ഉണ്ടായിരുന്നു. കുരിശിന്റെ മാളത്തിൽ 2 അര കാൽ രൂപയും ഒരു സ്വർണ്ണ ആൾരൂപവും വച്ചിട്ടുണ്ട്. ഇതുകൾ കഴിഞ്ഞു കഥാനായകൻ വള്ളിക്കാട്ടു പള്ളിക്കലേക്കു പോകുകയും ചെയ്തു.

7 നു ടി. പള്ളിയിൽ ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 14 നു

ചൊല്ലി പെരുന്നാളിനെപ്പറ്റി പള്ളിയിൽ പ്രസ്താവിച്ചു. 15 നു പെരുന്നാളിൽ പട്ടച്ചേരിൽ കത്തനാരും പാറാട്ടെ കത്തനാരും വന്നിരുന്നു. പട്ടച്ചേരിൽ കത്തനാർ ചൊല്ലി. കുർബാന മദ്ധ്യേ പാറേട്ട് കത്തനാർ പ്രസംഗിച്ചു. തലേദിവസം രാത്രി നമസ്കാരം കഴിഞ്ഞു പട്ടച്ചേരിൽ കത്തനാരും കുർബാന കഴിഞ്ഞു വട്ടച്ചേരിൽ ഗീവറുഗീസ് ബി. എ. യും പ്രസംഗിച്ചു. പുന്നൂസു കത്തനാർ, അമയന്നൂർ ശെമ്മാശൻ, പുന്നച്ചേരിൽ ശെമ്മാശൻ എന്നിവർ ഉണ്ടായിരുന്നു. പെരുന്നാൾ ഭംഗിയായി കഴിഞ്ഞു.

20 നു ചൊല്ലി. കളപ്പുരയ്ക്കൽ ചെറിയാന്റെ കുട്ടിയെ മാമോദീസാ മുക്കി മറിയം എന്ന് പേരിട്ടു. തലതൊട്ടതു കളപ്പുരയ്ക്കൽ ശോശ. 21 നു ചൊല്ലി. പ്രസംഗിച്ചു. 28 നു ചൊല്ലി.

കുംഭ മാസം 2, 3, 4 ഈ തീയതികളിൽ ചൊല്ലി. 4 നു ഞായറാഴ്ച 3 നോമ്പിനെപ്പറ്റി പ്രസംഗിച്ചു. 5 നു മണർകാടു വെട്ടിക്കുന്നേൽ കുറിയാക്കോസു കത്തനാരും പാണമ്പടിക്കൽ സി. ജെ. മാണി സൂപ്രവൈസറും മറ്റും രാത്രിയിൽ കഥാനായകന്റെ അടുക്കൽ വന്ന് സമുദായതർക്കത്തെ സംബന്ധിച്ച് സംസാരിച്ചു. സംസാരത്തിൽ അവരുടെ ഭാഗത്തേക്ക് ചേരണമെന്നു താത്പര്യപ്പെട്ടു. മാർ ദീവന്നാസ്യോസ് മെത്രാച്ചനുമായി ആലോചിച്ചു തീരുമാനിക്കണമെന്നു പറഞ്ഞ് അവരെ അയച്ചു.

11 നു ചൊല്ലി. പ്രസംഗിച്ചു. 18 നും ചൊല്ലി. പൊട്ടക്കാട്ടെവേലിൽ കുര്യൻ മകൾ അന്നയെ തുമ്പയിൽ അബ്രഹാം വിവാഹം ചെയ്തത് വള്ളിക്കാട്ട് പള്ളിയിൽ വെച്ചു നടത്തുകയാൽ വിവാഹകർമ്മം കഥാനായകനും പുന്നൂസുകത്തനാരും കൂടി നടത്തി. പുന്നൂസു കത്തനാർ മരിച്ചവരെ സംബന്ധിച്ച് പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞു കോട്ടയത്തു താഴത്തങ്ങാടി സൺഡേസ്കൂൾ അദ്ധ്യാപകന്മാർ സൺഡേസ്കൂൾ കുട്ടികളുടെ സമ്മാന ദാനം കഥാനായകൻ നടത്തണമെന്നു അപേക്ഷിച്ചിരുന്നതിനാൽ കാറിൽ അവിടെയെത്തി ആയതു നടത്തി. പുന്നൂസു കത്തനാരും കൂടെ പോന്നിരുന്നു. പള്ളിക്കൂടം ഇൻസ്പെക്ടർ സി. എം. ചാക്കോ, ദാനിയേൽ ശെമ്മാശൻ എന്നിവർ പ്രാസംഗികന്മാരായിരുന്നു. ആ സ്കൂളിൽ ഇരിക്കുന്ന സമയം സമുദായ ട്രസ്റ്റിയും വട്ടിപ്പണക്കേസ് എതിർഭാഗം നടത്തിയിരുന്നവനുമായ സി. ജെ. കുര്യൻ മരിച്ചതായി ആൾ വന്നു പറഞ്ഞു. ഉപസംഹാര പ്രസംഗത്തിൽ കഥാനായകൻ സി. ജെ. കുര്യനെക്കുറിച്ചു സഹതാപം പ്രദർശിപ്പിച്ചു. .....

19 നു ചൊല്ലി. പെങ്ങൾ വട്ടച്ചാണക്കൽ ഉമ്മൻ – സാറാ എന്നിവരുടെ കുട്ടിയെ വള്ളിക്കാട്ടു പള്ളിയിൽ വെച്ച് കഥാനായകൻ മാമോദീസാ മുക്കി പൗലോസ് എന്നു പേരിട്ടു. തലതൊട്ടതു കാരുച്ചിറ പുന്നൻ. പഴഞ്ചിറ പുത്തൻപുരയിൽ കുര്യൻ മകൻ ചെറിയാൻ തോട്ടയ്ക്കാട്ടു വല്യമണിൽ

ഉലഹന്നാൻ കത്തനാരുടെ മകളെ തോട്ടക്കാട്ടു പള്ളിയിൽ വച്ച് വിവാഹം കഴിച്ചു. 25 നു ചൊല്ലി. വലിയനോമ്പിനെപ്പറ്റി പ്രസംഗിച്ചു. 26 നു ശുബു ക്കോനോക്രമം കഴിച്ചു.

മീന മാസം 5 നു ചൊല്ലി. 8 നു  ചൊല്ലി. കുഷ്ടവ്യാധിക്കാരന്റെ സംഗതി പ്രസംഗിച്ചു. 9, 10 തീയതികളിൽ ചൊല്ലി. 16 നു ചൊല്ലി. പുന്നൂസു കത്ത നാർ പ്രസംഗിച്ചു. 18 നു നിരണം പുരയ്ക്കൽ ശെമ്മാശൻ പഠിക്കുന്നതി നായി വന്നുചേർന്നു. 20 നു പാതിനോമ്പിനു ചൊല്ലി. കുരിശുപള്ളി മദ്ധ്യ ത്തിൽ ഉയർത്തി. ടി. കുംഭത്തിൽ കഥാനായകൻ മൗദ്യോനൂസോ ക്രമം സുറിയാനിയിൽ നിന്ന് തർജ്ജമ ചെയ്യുകയും പുലിക്കോട്ടിൽ ശെമ്മാശൻ അച്ചടിപ്പിക്കുകയും ചെയ്തു.

24 നു ചൊല്ലി പ്രസംഗിച്ചു. 25 നു ചൊല്ലി. പഴയാറ്റുങ്കൽ തൊമ്മൻ എന്ന യാൾ മരിക്കുകയും 26 നു ടിയാന്റെ ശവസംസ്കാരത്തിനായി കഥാനായ കൻ വാകത്താനത്തു പള്ളിയിൽ പോയി പല പട്ടക്കാരുടെ സഹകരണ ത്തിൽ കബറടക്കം നടത്തി തിരിച്ചുപോന്നു. 31 നു ഞായറാഴ്ച ചൊല്ലി. പുന്നൂസു കത്തനാർ പ്രസംഗിച്ചു.

മേട മാസം 3 നു മാളികയ്ക്കൽ കുറിയാക്കോസ് ബി. എ.[129] ഒരു തകര പ്പെട്ടി മദ്രാസിൽ നിന്നും വാങ്ങിക്കൊണ്ടുവന്നു കഥാനായകനു കൊടുത്തു. അടുക്കള വക്കീൽ അബ്രഹാം സമുദായകാര്യം പറവാൻ എതിർഭാഗത്തു നിന്നും വന്നിരുന്നു. ആലോചിച്ചിട്ടു പറയാമെന്ന് പറഞ്ഞ് ടിയാനെ അയച്ചു. 6 നു ചൊല്ലി. 7 നു ഓശാനയ്ക്കു 7 മണിക്കു പള്ളിയിൽ ഇറങ്ങി നമസ്കാരം കഴിഞ്ഞ് ക്രമം കഴിച്ചു. കുർബാനമദ്ധ്യേ ഓശാനയെക്കുറിച്ചു പ്രസംഗിക്കു കയും ചെയ്തു. 11 നു പെസഹായ്ക്ക് 3 മണിക്കു പള്ളിയകത്തിറങ്ങി നമ സ്കാരവും കുർബാനയും കുർബാന കൊടുക്കലും കഴിഞ്ഞപ്പോൾ 10 മണി യായി.

12 നു ദുഃഖവെള്ളിയാഴ്ച 8 മണിക്കു പള്ളിയിൽ ഇറങ്ങി. സപ്രാ 3-ാം മണി, ഉച്ചനമസ്കാരം കഴിച്ചു. പിന്നെ 12 മണിക്കു പള്ളിയിൽ ഇറങ്ങിയ ശേഷം നമസ്കാരങ്ങളും ക്രമങ്ങളും കഴിച്ചു. 3 1/2 മണിക്കു അവസാനിച്ചു. ... ശനിയാഴ്ച ഉച്ചനമസ്കാരം കഴിഞ്ഞ് ശു. കുർബാന ചൊല്ലി. 14 നു നോമ്പു വീടലിനു രാത്രി 1 മണിക്കു പള്ളിയിയകത്ത് ഇറങ്ങി നമസ്കാരവും ക്രമവും കുർബാനയും കഴിച്ചു. 6 മണിക്കു അവസാനിക്കുകയും ചെയ്തു.

18 നു മൂലയിൽ തൊമ്മിയുടെ പുര കൂദാശയ്ക്കായി കഥാനായകനെ കൊണ്ടുപോകുകയും എണ്ണച്ചേരിൽ കത്തനാർ, പുന്നൂസു കത്തനാർ, ശെമ്മാശന്മാർ എന്നിവരുടെ സഹകരണത്തിൽ അതു നടത്തി തിരികെ പോന്നു. 21 നു ഞായറാഴ്ച ചൊല്ലി. 23 നു ഗീവറുഗീസ് സഹദായുടെ തിരു നാളിൽ ചൊല്ലി. 24 നു ചൊല്ലി പ്രസംഗിച്ചു. 30 നു ... കുളത്തുങ്കൽ കുര്യൻ

Malankara OrthodoxTV

മുതൽപേരുടെ ചാമക്കുഴി 104 സെന്റുള്ള പുഞ്ചനിലം വെട്ടിയിൽ സക്കറിയായ്ക്കു അവർ എഴുതിയിരുന്നതു കഥാനായകൻ 1000 രൂപായ്ക്കു തീറെഴുതിച്ചു. ചിറത്തലാട്ട് വറുഗീസിനു അവർ പണം കൊടുപ്പാനുണ്ടായിരുന്നു. അത് നില നിർത്തിയാണു എഴുതിച്ചത്. ....

ഇടവ മാസം 4 നു ചൊല്ലി. 5 നു ചൊല്ലി പ്രസംഗിച്ചു. 12 നു ചൊല്ലി അമയന്നൂർ ശെമ്മാശൻ പ്രസംഗിച്ചു. മനോരമ ചാപ്പലിൽ എത്തി താമസിച്ചിരുന്ന മാർ ദീവന്നാസ്യോസ് മെത്രാച്ചനെ കാണാൻ കഥാനായകൻ അവിടെ പോകുകയും തമ്മിൽ കണ്ടു രാത്രിയിൽ തന്നെ പോരുകയും ചെയ്തു. അദ്ദേഹവും രാത്രി തന്നെ പരുമലയ്ക്ക് പോയി. 14 നു ചൊല്ലി. 23 നു സ്വർഗ്ഗാരോഹണ പെരുന്നാളിൽ ചൊല്ലി 26 നു ചൊല്ലി. പ്രസംഗിച്ചു.

മിഥുന മാസം 1 നു ശനിയാഴ്ച ചൊല്ലി. 2 നു പെന്തിക്കൊസ്തിയിൽ ചൊല്ലി. ക്രമം കഴിച്ചു. 8 നു ചൊല്ലി. ചിറത്തലാട്ടു വർഗ്ഗീസു നൈനാന്റെയും അന്നയുടെയും കുട്ടിയെ മാമോദീസാ മുക്കി വർഗീസ് എന്നു പേരിട്ടു. തല തൊട്ടതു ചിറത്തലാട്ട് നൈനാൻ. പുന്നൂസു കത്തനാരും വന്നിരുന്നു. വല്ല്യപാറേട്ട് മാത്യൂസ് കത്തനാരും എൻ. ഐ. പോത്തനും പള്ളിയിൽ വരുകയും റാപ്പുഴ ചില യൗവനക്കാർക്ക് ധ്യാനം നടത്തുകയും സൺഡേസ്കൂൾ അഭ്യസന രീതി മനസ്സിലാക്കുകയും ചെയ്തുകൊണ്ട് പള്ളിയിൽ തന്നെ അവരെല്ലാം താമസിച്ചു. 9 നു വല്ല്യപാറേട്ട് മാത്യൂസ് കത്തനാർ വള്ളിക്കാട്ട് പള്ളിയിൽ ചെല്ലുകയും എൻ. ഐ. പോത്തൻ നശിച്ചുപോകുന്ന ആഹാരത്തിനല്ല നിലനിൽക്കുന്ന ആഹാരത്തിനായി അദ്ധ്വാനിക്കണം എന്ന വാക്യം സംബന്ധിച്ച് പ്രസംഗിച്ചു. കുർബാന കഴിഞ്ഞ് ടിയാൻമാർ യൗവനക്കാരോടു പല ഗുണദോഷങ്ങളും പറകയും താല്പര്യപ്പെടുത്തുകയും ചെയ്തു. അന്നവർ തിരിച്ചുപോകയും ഉണ്ടായി. 16 നു ചൊല്ലി. 22 നു ചൊല്ലി. പുരയ്ക്കൽ ശെമ്മാശൻ പ്രസംഗിച്ചു.

24 നു കൊല്ലാട്ട് ചെറിയമഠത്തിൽ അന്ത്രയോസ് കത്തനാരും പള്ളിക്കാരും കൂടെ കഥാനായകന്റെ അടുക്കൽ വന്ന് അടുത്ത ഞായറാഴ്ച കത്തനാരുടെ മകൻ യാക്കോബിനു ശെമ്മാശപട്ടം കൊടുക്കണമെന്ന് അപേക്ഷിക്കുകയും സുഖമില്ലാത്തതിനാൽ പിന്നെത്തെയാഴ്ച ആകാമെന്നും പറഞ്ഞ് അവരെ അയക്കുകയും ചെയ്തു. 30 നു ചൊല്ലി. അമയന്നൂർ ശെമ്മാശൻ പ്രസംഗിച്ചു.

കർക്കിടക മാസം 3 നു ചൊല്ലി. മാർതോമ്മാ ശ്ലീഹായുടെ ഓർമ്മ കഴിച്ചു. പഴയാറ്റുങ്കൽകാരുടെ വകയായി അപ്പം നേർച്ചയും ഉണ്ടാക്കിയിരുന്നു. മഴയുടെ ഉപദ്രവം നിമിത്തം ചുരുക്കമാളുകളെ കൂടിയിരുന്നുള്ളു.6 നു ശനിയാഴ്ച ചൊല്ലി. ഉച്ച കഴിഞ്ഞ് കൊല്ലാട്ടു പള്ളിക്കാർ ബോട്ട്, കളിവള്ളങ്ങൾ മുതലായവയോടു കൂടി പള്ളിക്കടവിൽ വരുകയും അവിടേക്ക് പുറപ്പെട്ട് 4

മണിക്ക് അവിടെയെത്തുകയും പ്രാർത്ഥനയും ആശീർവാദവും കഴിഞ്ഞ ശേഷം എല്ലാവരും പിരിയുകയും ചെയ്തു. കഥാനായകന്റെ കൂടെ അമയന്നൂർ ശെമ്മാശു, പുരയ്ക്കൽ ശെമ്മാശു, 2 വാല്യക്കാർ എന്നിവരും ഉണ്ടായിരുന്നു. സന്ധ്യാ പ്രാർത്ഥനയ്ക്കു ശേഷം പട്ടം ഏൽക്കാനുള്ള ചെക്കനെ വരുത്തി ഗുണദോഷം പറഞ്ഞ് കുപ്പായമിടുവിക്കുകയും ചെയ്തു.

7 നു ഞായറാഴ്ച കഥാനായകൻ കൊല്ലാട്ട് പള്ളിയിൽ ശു. കുർബാന ചൊല്ലുകയും കുർബാനമദ്ധ്യേ പ്രസംഗിക്കുകയും അതുകഴിഞ്ഞ് പട്ടം കൊട ശുശ്രൂഷ നടത്തുകയും ചെയ്തു. ചെറിയമഠത്തിൽ അന്ത്രയോസ് കത്തനാർ, മണ്ണൂകടുപ്പിൽ കത്തനാർ, എം. ടി. സെമിനാരിയിലെ അദ്ധ്യാപകർ, പുത്തൻകാവിൽ ബി. ഡി. ശെമ്മാശൻ,[130] കല്ലടക്കാരൻ ശെമ്മാശൻ എന്നിവർ പട്ടംകൊടയിൽ സഹകരിച്ചു. അന്ന് വളരെ ജനങ്ങളും പള്ളിയിൽ കൂടിയിരുന്നു. മാർത്തോമ്മാ സമുദായക്കാരിൽ ചിലരുമുണ്ടായിരുന്നു. 11 1/2 മണിക്ക് ശുശ്രൂഷ അവസാനിച്ചു. 8 നു കാലത്ത് കാപ്പി കഴിഞ്ഞ് കഥാനായകനും മറ്റും വാകത്താനത്തേയ്ക്ക് പോരുകയും 11 മണിക്ക് അവിടെയെത്തുകയും ചെയ്തു. ഈ സമയം വലിയ വെള്ളപ്പൊക്കത്തിന്റെ കാലമായിരുന്നു. പള്ളിക്കാർ 25 രൂപ കൈമുത്ത് വച്ചു. കൂടെയുള്ളവർക്ക് അവസ്ഥാനുസരണം കൊടുക്കയുണ്ടായി. 14 നു ഞായറാഴ്ച ചൊല്ലി പ്രസംഗിച്ചു. 21 നു ചൊല്ലി പ്രസംഗിച്ചു. 25 നു മലയാള മാസം 23 നു രാത്രി 11 മണിക്ക് തിരുവിതാംകൂർ മാർ ശ്രീമൂലം തിരുനാൾ മഹാരാജാവ് നാടു നീങ്ങി. പിറ്റേദിവസം രാവിലെ 7 മണിയ്ക്ക് അദ്ദേഹത്തിന്റെ ശവസംസ്ക്കാരകർമ്മം നടത്തപ്പെട്ടു. എല്ലാ പബ്ലിക് ജോലിക്കാർക്കും 3 ദിവസത്തേയ്ക്ക് ഒഴിവും ഉണ്ടായിരുന്നു. 27 നു ചൊല്ലി മഹാരാജാവിനെപ്പറ്റി പ്രസംഗിക്കുകയുണ്ടായി.

**1924 – 1100 –ാം ആണ്ട്**

ചിങ്ങം 3 നു ചൊല്ലി. 4 നു ചൊല്ലി. 6 നും 11 നും ചൊല്ലി. 15 നു ചൊല്ലി. വെളിപാട് 2:10 വാക്യത്തെക്കുറിച്ച് പ്രസംഗിച്ചു. 15 നു ചൊല്ലി. പഴൂർ വർഗീസിന്റെയും ഏലിയുടേയും കുട്ടിയെ കഥാനായകൻ മാമോദീസാ കഴിച്ച് യാക്കോബു എന്ന പേരിട്ടു. തലതൊട്ടത് പഴൂർ വർക്കി. 18 നു ചൊല്ലി. 25 നു ചൊല്ലി പ്രസംഗിച്ചു. 25 നു കഥാനായകൻ മനോരമ ചാപ്പലിൽ എത്തി. ദീവന്നാസ്യോസ് മെത്രാച്ചനെ കാണുന്നതിനും ഇംഗ്ലീഷുകാരുടെ ബിഷോപ്പ് ഗില്ലിന്റെ യാത്രയയപ്പിൽ സംബന്ധിക്കുന്നതിനുമായി കോട്ടയത്തേയ്ക്ക് പോയി.

29 നു മൂന്നു മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചനും കഥാനായകനും സി. എം. എസ്. കോളജിലേയ്ക്ക് ബിഷോപ്പിന്റെ യാത്രഅയപ്പിൽ സംബന്ധിക്കാനായി പോയി. യോഗനടപടികൾ കഴിഞ്ഞശേഷം ചാപ്പലിലേക്ക് തിരിച്ചുപോരുകയും ചെയ്തു. ടി. യോഗത്തിൽ ജഡ്ജിമാർ, മുൻസിപ്പന്മാർ,

Malankara Orthodox TV

വക്കീലന്മാർ, പാദ്രിമാർ, മദാമ്മമാർ, പൗര പ്രധാനികൾ മുതലായവർ ഉണ്ടായിരുന്നു. ബിഷോപ്പിനും മദാമ്മയ്ക്കും പല സമ്മാനങ്ങൾ കൊടുത്തതും ഒരു മംഗളപത്രം സമർപ്പിക്കലും ഉണ്ടായി. ടി. മാർ സേവേറിയോസ് മെത്രാപ്പോലീത്തായും വന്നിരുന്നു.

ഏലിയാ ചാപ്പലിൽ വടക്കൻപറവൂർ എം. വി. പൌലോസു വക്കീൽ, പി. റ്റി. തോമസു മുതലായവർ വന്നു സമുദായകാര്യത്തിന്റെ രാജിയെപ്പറ്റി ദീർഘമായി ആലോചന മെത്രാച്ചനുമായി പറഞ്ഞു പിരിഞ്ഞു. അന്നു രാത്രി തന്നെ കഥാനായകൻ വാകത്താനത്തേയ്ക്കു പോരികയും ചെയ്തു.

കന്നി മാസം 1 നു ചൊല്ലി. പുന്നൂസു കത്തനാർ പ്രസംഗിച്ചു. 4, 7, 8 തീയതികളിൽ ചൊല്ലി 8 നോമ്പുകാർ കുറെപ്പേരുണ്ടായിരുന്നു. അവർ കുമ്പസാരിച്ചും ശു. കുർബാന അനുഭവിച്ചുംകൊണ്ട് പോകയും ചെയ്തു. 12 നു വള്ളിക്കാട്ട് പള്ളിയിൽ ഒരു മാമോദീസാ കല്ല് സ്ഥാപിച്ചു. 15 നു പുന്നൂസു കത്തനാർ ചൊല്ലി, പ്രസംഗിച്ചു. 18 നു കാര്യക്കുളത്തുകാർക്കു വേണ്ടി ചൊല്ലി. 22 നു ചൊല്ലി പ്രസംഗിച്ചു. 23 നു വള്ളിക്കാട്ടു പള്ളിയിൽ ഭണ്ഡാരം നന്നാക്കി സ്ഥാപിച്ചു. 29 നു ചൊല്ലി.

തുലാ മാസം 5, 6 തീയതികളിൽ ചൊല്ലി. 12 നു പുന്നൂസ് കത്തനാർ ചൊല്ലി, ചൂരപ്പാടിൽ അബ്രഹാത്തിന്റെ കുട്ടിയെ മുക്കി ശോശ എന്ന് പേരിട്ടു. തലതൊട്ടതു കാരുചിറ എളച്ചി. 13 നു കഥാനായകൻ ചൊല്ലി പ്രസംഗിച്ചു.

17 നു കഥാനായകൻ പരുമല പെരുന്നാളിന് യാത്ര പുറപ്പെട്ടു. 18 നു അവിടെ എത്തി. 20 നു ഞായറാഴ്ച പരുമല പള്ളിയിൽ കഥാനായകനും ഗ്രീഗോറിയോസ് മെത്രാച്ചനും ഒരു പട്ടക്കാരനും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. 21 നു ടിയാൻമാർ ആ പള്ളിയിൽ മൂന്നിൻമേൽ ചൊല്ലി. 20 നു കുർബാന മധ്യേ ദീവന്നാസ്യോസ് മെത്രാച്ചനും 21 നു മട്ടക്കൽ മല്പാനും പ്രസംഗിച്ചു.

21 നു പെരുന്നാളിൽ റാസ കഴിഞ്ഞ ശേഷം വൈദികയോഗം കൂടി. ടി. യോഗത്തിൽ ദീവന്നാസ്യോസ് മെത്രാച്ചൻ ഒരു ദീർഘമായ പ്രസംഗം ചെയ്ത് താമസിയാതെ സഭാ സംബന്ധമായ കുഴപ്പങ്ങൾക്കു തീരുമാനം വരുത്തുന്നതാണെന്ന് പറകയും ഉണ്ടായി. 22 നു മുതൽ 3 ദിവസത്തേക്ക് കഥാനായകനോടും ഗ്രീഗോറിയോസ് മെത്രാച്ചനോടും കാതോലിക്കാസ്ഥാനം ഏൽക്കുന്നതിനേക്കുറിച്ച് തീരുമാനം പറയണമെന്ന് മെത്രാച്ചൻ നിർബന്ധം ചെയ്തു. ഒടുവിൽ ചിട്ടിയിൽ തീരുമാനിക്കുന്നതിന് സമ്മതമെന്ന് 2 പേരും പറയുകയും 24 നു ചിട്ടി കബറുങ്കൽ വച്ച് ഇടുകയും ചിട്ടി കഥാനായകന്റെ പേരിൽ വീഴുകയും ചെയ്തു. കഥാനായകൻ പരുമല നിന്നും പുറപ്പെട്ട് ആലപ്പുഴ കപ്പപ്പുറത്തു ദീനത്തിൽ ഇരുന്നിരുന്ന കെ. സി. മാമ്മൻ മാപ്പിളയെ കാൺമാൻ അവിടെ എത്തുകയും ടിയാനെ കണ്ട് അവിടെ

നിന്നും കാപ്പിയും ഭക്ഷണവും കഴിച്ചുകൊണ്ട് പുറപ്പെട്ട് പിറ്റെദിവസം രാത്രി വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു. പരുമല താമസിക്കുന്ന മാർ ഈവാനിയോസ് മെത്രാച്ചൻ വളരെ സുഖക്കേടിലും അവശതയിലും ആണ് ഇരിക്കുന്നത്.

26 നു വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 28 നു അപ്പന്റെ ഓർമ്മയിൽ ചൊല്ലി. വൃശ്ചിക മാസം 2 നു ചൊല്ലി. 3 നു കൂദശ്ഈത്തോ ഞായർ. ടി. സംഗതിയെക്കുറിച്ചും പ്രസംഗിച്ചു. തൃശൂർക്കാരൻ റോമാ സന്യാസി ആ മതമുപേക്ഷിച്ച് പ്രസംഗത്തിനായി വന്നിരുന്നു. പള്ളിയ്ക്ക് വെളിയിൽ പ്രസംഗിച്ചു. 10 നു ചൊല്ലി. ഹൂദാസാത്തോയെക്കുറിച്ച് പ്രസംഗിച്ചു. 12 നു മാവേലിക്കര പൂത്തിരേത്ത് ഗ്രിഗോറിയോസ് ക്ലെയറി ശെമ്മാശൻ പട്ടമേൽക്കാനായിട്ട് വള്ളിക്കാട്ട് പള്ളിയിൽ വന്നുചേർന്നു.

17 നു ഞായറാഴ്ച ടി. ക്ലിയറിയ്ക്കും നിരണം പുരയ്ക്കൽ ഗീവറുഗീസ് കൊറൂയയ്ക്കും ശെമ്മൂശ്നാ പട്ടം കഥാനായകൻ കൊടുത്തു. കരിപ്പാൽ കത്തനാർ പട്ടംകൊടയ്ക്ക് സഹായത്തിനായി ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് മാവേലിക്കരക്കാരൻ ഗീവറുഗീസ് ശെമ്മാശു കുടുംബജീവിതമെന്ന വിഷയത്തെക്കുറിച്ച് പ്രസംഗിച്ചു. 22 നു വള്ളിക്കാട്ടു പള്ളിയിൽ പുന്നൂസ് കത്തനാർ ചൊല്ലുകയും പ്ലാപ്പറമ്പിൽ മാത്യുവിന്റെയും അന്നയുടെയും കുട്ടിയെ മുക്കി തോമാ എന്നു പേരിട്ടു. തൊട്ടത് പ്ലാപ്പറമ്പിൽ കുര്യൻ. കൂടാതെ ചൂട്ടുവയലിൽ സ്കറിയായുടെ കുട്ടിയെ മുക്കി മത്തായി എന്നു പേരിട്ടു. തലതൊട്ടത് മാളികയിൽ കരോട്ട് വർക്കി.

24 നു മാവേലിക്കരക്കാരൻ ഗീവറുഗീസ് ശെമ്മാശന് പുന്നൂസ് കത്തനാരുടെ സഹകരണത്തിൽ കഥാനായകൻ കശീശാ പട്ടം കൊടുത്തു. ഉച്ചകഴിഞ്ഞ് ടി. കത്തനാർ സഭയെയും ആചാര്യസ്ഥാനത്തേയും സംബന്ധിച്ച് ദീർഘമായി പ്രസംഗിച്ചു. മുതലപ്ര തോമ്മായുടെയും ശോശയുടെയും കുട്ടിയെ കഥാനായകൻ കുർബ്ബാനയ്ക്കു മുൻപ് മാമോദീസാ മുക്കി തോമാ എന്നു പേരിട്ടു. തലതൊട്ടത് മൊതലപ്ര പോത്തൻ. 25 നു തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെ രാത്രി 7 മുതൽ 10 വരെ വള്ളിക്കാട്ട് പള്ളിമുറ്റത്ത് മാവേലിക്കര കത്തനാർ പ്രസംഗയോഗം നടത്തി. 25 നു ടി. ഗീവറുഗീസ് കത്തനാർ ടി. പള്ളിയിൽ വച്ച് പുത്തൻ കുർബ്ബാന ചൊല്ലി. 30 നു വരെ തുടരെ ചൊല്ലുകയും ഉണ്ടായി. 23 നു മാർ ദീവന്നാസ്യോസ് മെത്രാച്ചന്റെയും കഥാനായകന്റെയും മറ്റും ഭാഗത്തു നിൽക്കുന്ന കോട്ടയം ഇടവകയിലുള്ള പട്ടക്കാരെ വരുത്തി വള്ളിക്കാട്ടു പള്ളിയിൽ കഥാനായകൻ ഒരു യോഗം നടത്തി. വല്യപാറേട്ട്, വല്യമണ്ണിൽ, മീനടം മണ്ണൂർകടുപ്പിൽ, കങ്ങഴ, കുറിച്ചി പുത്തൻപുരയ്ക്കൽ, പട്ടശ്ശേരി, പാമ്പാടി ഓണാട്ട് കുന്നേൽ, ഉപ്പൂട്ടിൽ, കരിപ്പാൽ, എണ്ണച്ചേരി എന്നീ കത്തങ്ങൾ കൂടിയിരുന്നു. സമുദായകാര്യം സംബ

ഡിച്ച് ആലോചനകൾ നടത്തുകയും ടിയാൻമാർക്ക് ഒരു നേരത്തെ സദ്യയും കൊടുത്തു. 3 മണിയ്ക്ക് എല്ലാവരും പിരിഞ്ഞു.

ധനു മാസം 1 നു പൂത്തിരത്ത് ഗീവറുഗീസ് കത്തനാർ വള്ളിക്കാട്ട് പള്ളിയിൽ കുർബാനയും പ്രസംഗവും നടത്തി. ഉച്ചകഴിഞ്ഞ് കത്തനാർ ഒരു പ്രസംഗയോഗം നടത്തി. 8 നു ഗീവറുഗീസ് കത്തനാർ ചൊല്ലി പ്രസംഗിച്ചു. 15 നു ടിയാൻ ചൊല്ലി പ്രസംഗിച്ചു. 16 നു ടി. കത്തനാർ വാകത്താനത്തു പള്ളിയിൽ പ്രസംഗയോഗം നടത്തിത്തുടങ്ങി. 22 നു വള്ളിക്കാട്ട് പള്ളിയിൽ കഥാനായകൻ ചൊല്ലി പ്രസംഗിച്ചു. 25 നു ജനനപെരുന്നാളിൽ ചൊല്ലി ക്രമം കഴിച്ചു. 28 നു വാകത്താനത്ത് പള്ളിയുടെ സ്ഥാപനപ്പെരുന്നാളായതിനാൽ ക്ഷണമനുസരിച്ച് അവിടെയെത്തി കുർബാനയും പ്രസംഗവും കഴിച്ചു. സന്ധ്യയ്ക്കു മുൻപ് തിരിച്ചുപോരുകയും ചെയ്തു. ഗീവറുഗീസ് കത്തനാർ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു.

**1925**

മകര മാസം 1 നു ഗീവറുഗീസ് കത്തനാർ ചൊല്ലി പ്രസംഗിച്ചു. 5 നു ടി. കത്തനാർ ചൊല്ലി പ്രസംഗിച്ചു. ..... 6 നു കഥാനായകൻ മനോരമ ചാപ്പലിൽ എത്തി കുർബാനയും ദനഹാക്രമവും കഴിച്ചു. ടി. സ്ഥലത്തു നിന്നും ദിവന്നാസ്യോസ് മെത്രാച്ചനും കഥാനായകനും കൂടി പാമ്പാടി കുറിയാക്കോസ് റെമ്പാച്ചന്റെ വക ദയറാ പള്ളി കൂദാശയ്ക്കായി പാമ്പാടി പള്ളിക്കാരുടെയും മറ്റും കേമമായ എതിരേല്പോടു കൂടി 4 മണിയോടു കൂടി അവിടെയെത്തി താമസിക്കുകയും 7 നു മാർ ദീവന്നാസ്യോസ് മെത്രാച്ചന്റെയും വല്യപാറേട്ട് മാത്യൂസ് കത്തനാർ മുതലായി പല പട്ടക്കാരുടെയും സഹകരണത്തിൽ കഥാനായകൻ അതു നടത്തുകയും മാർ ദീവന്നാസ്യോസ് മെത്രാച്ചൻ പ്രസംഗിക്കുകയും ചെയ്തു. ആ പള്ളിയ്ക്ക് കല്ലീടിലും അന്നു തന്നെയായിരുന്നു. ആൾക്കൂട്ടവും ധാരാളമുണ്ടായിരുന്നു. നടവരവ് ഏകദേശം 200 രൂപയോളമുണ്ടായിരുന്നു. 8 നു അവിടെ നിന്നും ദീവന്നാസ്യോസ് മെത്രാച്ചൻ കോട്ടയത്തേക്കും കഥാനായകൻ രാത്രി വള്ളിക്കാട്ട് ദയറായിലേക്കും പോയി.

12 നു വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. രാത്രി കൊടിയും സ്ലീബായ്ക്കും മുമ്പും പിറ്റെദിവസം കുർബാന മദ്ധ്യേയും കുർബാന കഴിഞ്ഞും മാവേലിക്കര ഗീവറുഗീസ് കത്തനാർ പ്രസംഗിച്ചു. പുന്നൂസ് കത്തനാരും എണ്ണച്ചേരി കത്തനാരും വന്നിട്ടുണ്ടായിരുന്നു. 18 നു ചൊല്ലി. 19 നു ചൊല്ലി. പുന്നൂസ് കത്തനാർ പ്രസംഗിച്ചു. 26 നു ചൊല്ലി പ്രസംഗിച്ചു.

കുംഭ മാസം 1 നു ചൊല്ലി. 2 നു ചൊല്ലി പ്രസംഗിച്ചു. 9 നു ചൊല്ലി പ്രസംഗിച്ചു. കാരുചിറെ ചെറിയാന്റെ മകളെ അയ്മനത്തിൽ കൊല്ലത്തുകേരീൽ ഉലഹന്നാൻ മകൻ പുന്നനെക്കൊണ്ട് വിവാഹം ചെയ്യിക്കയാൽ കഥാനായ

കൻ വിവാഹശുശ്രൂഷ നടത്തി. വാഴയ്ക്കൽ ഇട്ടി മകൻ ഇട്ടി വിവാഹം ചെയ്കയാൽ അയാൾ വന്ന് 3 രൂപാ കൈമുത്ത് വച്ചു. 16 നു ചൊല്ലി. നോമ്പി നെപ്പറ്റി പ്രസംഗിച്ചു. 16 നു ചൊല്ലി നോമ്പിനെപ്പറ്റി പ്രസംഗിച്ചു. 17 നു ശുബു ക്കോന ക്രമം കഴിച്ചു. 22, 23 തീയതികളിൽ വള്ളിക്കാട്ട് പള്ളിയിൽ കുർബാന മദ്ധ്യേ ചന്ദനപ്പള്ളിക്കാരൻ ദാവീദ് ശെമ്മാശൻ നോമ്പും പ്രാർത്ഥനയും എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് പഴഞ്ചിറ പള്ളിക്കൂടത്തിൽ വച്ച് സൺഡേസ്കൂൾ കുട്ടികളുടെ സമ്മാനദാനം നടത്താൻ കഥാനായ കൻ പോയിരുന്നു. ദാവീദ് ശെമ്മാശൻ, ജോർജ് മാസ്റ്റർ, എൻ. ഐ. പോത്തൻ എന്നിവർ പ്രസംഗിച്ചു. 6 മണിയ്ക്ക് യോഗം അവസാനിച്ചു.

27 നു വള്ളിക്കാട്ടു പള്ളിയിൽ കോനാട്ടു മല്പാൻ, ചെള്ളച്ചൻ കത്ത നാർ, മുളന്തുരുത്തി പാലക്കാട്ടു കത്തനാർ പൗലോസ്, തോമാസു വക്കീൽ, പാലാമ്പടം തോമസ് വക്കീൽ എന്നിവർ വന്നു കഥാനായകനുമായി സമു ദായകാര്യം ആലോചിച്ചും വച്ച് പോയി. അവർ കാപ്പി സത്ക്കാരം സ്വീകരി ച്ചുകൊണ്ട് ശീമക്കാരെ കാണ്മാൻ തിരുവല്ലായ്ക്കാണു പോയത്.

മീന മാസം 1 നു ചൊല്ലി. 2 നു ചൊല്ലി പ്രസംഗിച്ചു. 9 നു ചൊല്ലി. അമ യന്നൂർ സ്കറിയാ ശെമ്മാശൻ പ്രസംഗിച്ചു. 12 നു പാതിനോമ്പിനു ചൊല്ലി. കുരിശു പള്ളിമദ്ധ്യേ ഉയർത്തി. 16 നു ക്ലിപ്ത്തൊ ഞായർ. ചൊല്ലി പ്രസംഗി ച്ചു. അന്ന് അസ്തമിച്ച് എം. എ. ഗീവറുഗീസ് റമ്പാച്ചനും, കലയക്കാട്ടിൽ തോമസ് കത്തനാരും തേവർവേലിൽ ഗീവറുഗീസ് കത്തനാരും എൻ. ഐ. പോത്തനും കോഴഞ്ചേരിയിൽ നിന്നും വള്ളിക്കാട്ട് പള്ളിയിൽ വന്നുചേരു കയും ഒരു പൊതുയോഗം കൂടുന്നതിനായി നിശ്ചയിച്ചു കല്പന എഴുതി ക്കൊണ്ടു അവർ തിരികെപോകയും ചെയ്തു. ആദ്യം തിരുവല്ലായിൽ വച്ച് യോഗം നടത്തണമെന്ന് നിശ്ചയിച്ചു. എങ്കിലും പിന്നീട് നിരണത്തു വച്ച് മേടത്തിൽ പുതുഞായറാഴ്ച കഴിഞ്ഞുള്ള ബുധൻ, വ്യാഴം ദിവസങ്ങളിൽ യോഗം നടക്കത്തക്കവണ്ണം കല്പന അയയ്ക്കുകയുണ്ടായി. 22 നു ചൊല്ലി. 23 നു ചൊല്ലി. കുരുടന്റെ സംഗതിയെപ്പറ്റി പ്രസംഗിച്ചു. മുൻ എഴുതി അച്ച ടിപ്പിച്ച 900 കല്പന കഥാനായകൻ ഒപ്പും മുദ്രയും വച്ച് തിരുവല്ലയ്ക്ക് അയച്ചുകൊടുത്തു.

23 നു ചൊല്ലി. 30 നു ഓശാന ഞായറാഴ്ച ചൊല്ലുകയും ക്രമം കഴി ക്കയും പ്രസംഗിക്കയും ചെയ്തു. അസ്തമിച്ച് കോട്ടയത്തു നിന്നും മട്ടക്കൽ മല്പാൻ വള്ളിക്കാട്ട് പള്ളിയിൽ വന്ന് കഥാനായകൻ ഉടനെ നിരണത്തേക്ക് പുറപ്പെടണമെന്നുമുള്ള ദീവന്നാസ്യോസ് മെത്രാച്ചന്റെ കല്പന തരികയും ടിയാൻ വെളുപ്പിനെ തിരികെപോകയും ചെയ്തു.

1 ന് കഥാനായകനും ശെമ്മാശൻമാർ 2 പേരും കൂടി നിരണത്തേക്ക് പുറപ്പെട്ടു പിറ്റേദിവസം 3 മണിയ്ക്ക് അവിടെ എത്തുകയും വള്ളക്കൂലി

മുതലായ ചെലവുകൾ നിരണത്തുപള്ളിയിൽ നിന്നും കൊടുക്കയും ചെയ്തു. 3 നു പെസഹായ്ക്ക് കഥാനായകൻ നിരണത്തു പള്ളിയിൽ വി. കുർബാന ചൊല്ലുകയും ഉച്ചകഴിഞ്ഞ് കാൽ കഴുകൽ ശുശ്രൂഷ ഉണ്ടെന്ന് അറിയിക്കയും ചെയ്തു. ഉച്ചകഴിഞ്ഞ് 8, 9 പട്ടക്കാരുടെ സഹകരണത്തിൽ ആ ശുശ്രൂഷ നടത്തുകയും ബി. ഡി. കുറിയാക്കോസ് കത്തനാർ പ്രസംഗിക്കയും ചെയ്തു.

4 നു ദുഃഖവെള്ളിയാഴ്ച 2 പട്ടക്കാരും ഒരു ശെമ്മാശനും കഥാനായകനും കൂടെ ക്രമങ്ങൾ കഴിക്കയും കഥാനായകൻ പ്രസംഗിക്കയും ചെയ്തു. 5 നു ദുഃഖശനിയാഴ്ച ഉച്ചനമസ്കാരം കഴിഞ്ഞ് ഒരു പട്ടക്കാരൻ ശു. കുർബാന ചൊല്ലി. 6 നു നോമ്പുവീടലിന് കഥാനായകൻ ചൊല്ലി. 16 ൽ ചില്ലാനം രൂപ വരവുണ്ടായിരുന്നു. 7 നു കഥാനായകൻ പരുമല എത്തി മാർ ദീവന്നാസ്യോസ് മെത്രാച്ചനെയും, ദീനത്തിൽ കിടക്കുന്ന മാർ ഈവാനിയോസ് മെത്രാച്ചനെയും മറ്റും കണ്ട് തിരികെ നിരണത്തേക്ക് പോകയും ചെയ്തു.

8 നു, അടുത്ത ആഴ്ചയിൽ പരുമല നിന്നും നിരണത്തേക്ക് മെത്രാച്ചൻമാർ വരുമ്പോൾ എതിരേല്പാനായി വെള്ളിക്കുരിശ്, കൊട, കൊടി മുതലായ പള്ളിസാമാനങ്ങൾ കൊണ്ടുവരുന്നതിനായി പല പള്ളികളിലേക്കും പല പ്രമാണികൾക്കും കല്പന അയച്ചു.

### കാതോലിക്കാ

13 നു പുതുഞായറാഴ്ച കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലി. 15 നു സന്ധ്യയ്ക്ക് കഥാനായകൻ പരുമലയ്ക്ക് പോയി. 16 നു പരുമല നിന്നും കഥാനായകനും ഗ്രീഗോറിയോസ് മെത്രാച്ചനും മറ്റു പലരും കൂടി പരുമല പള്ളിക്കൽ പ്രാർത്ഥന കഴിച്ച് ദീവന്നാസ്യോസ് മെത്രാച്ചനോടും ദീനത്തിലായിരിക്കുന്ന മെത്രാച്ചനോടും യാത്ര ചോദിച്ചുകൊണ്ട് അവിടെ നിന്ന് 11 മണിക്ക് പുറപ്പെട്ട് പന്നായികടവിൽ എത്തുകയും അവിടെ നിന്നും പല പള്ളിക്കാരുടെയും കേമമായ എതിരേല്പോടു കൂടെ 1 മണിക്ക് നിരണത്ത് എത്തുകയും ചെയ്തു. പിന്നീട് 3 മണിക്ക് യോഗം കൂടിയതിൽ കാതോലിക്കാ സ്ഥാനം കഥാനായകൻ ഏൽക്കണമെന്ന് പലരും നിർബന്ധിക്കയാൽ സമ്മതിക്കേണ്ടതായി വന്നു കൂടി. പരുമല നിന്നും പോരുമ്പോൾ കഥാനായകന് ടി. സ്ഥാനം ഏല്ക്കാൻ മനസ്സില്ലെന്ന് നിർബന്ധമായി മെത്രാച്ചനോടും മറ്റും പറഞ്ഞിരുന്നു. 17 നു 7 1/2 മണിക്ക് ഗ്രീഗോറിയോസ് മെത്രാച്ചൻ, റമ്പാച്ചൻമാർ, പട്ടക്കാർ, ശെമ്മാശൻമാർ എന്നിവർ പള്ളിയകത്തിറങ്ങി ശുശ്രൂഷകളാരംഭിച്ചു. നമസ്കാരം കഴിഞ്ഞു കഥാനായകൻ മദ്ബഹായ്ക്ക് മുമ്പിൽ വന്ന് നിൽക്കുകയും “കാതോലിക്കാ സ്ഥാനത്തേക്ക് അവിടുത്തെ വിശുദ്ധ റൂഹാ വിളിക്കുന്നു” എന്നു സുന്നഹദോസ് തലവൻ

ഗ്രീഗോറിയോസ് മെത്രാച്ചൻ പറയുകയും കഥാനായകൻ അത് സ്വീകരിച്ചിരിക്കുന്നു എന്ന് ഉത്തരമായി പറയുകയും ചെയ്തു. ഇപ്രകാരം 3 പ്രാവശ്യം പറയുകയുണ്ടായി. അതുകഴിഞ്ഞ് കാപ്പ മുതലായ വിശുദ്ധ വസ്ത്രങ്ങൾ ധരിപ്പിച്ച് പ്രത്യേക സ്ഥലത്തിരുത്തുകയും ഗ്രീഗോറിയോസു മെത്രാച്ചനും 2 പട്ടക്കാരും കൂടി വി. കുർബാനയ്ക്ക് ആരംഭിക്കുകയും കുർബാനമധ്യേ കാതോലിക്കാ ശുശ്രൂഷ കഴിച്ച് കസേരയിൽ ഇരുത്തി 3 പ്രാവശ്യം ഉയർത്തി ഉക്ക്സിയോസ് ആർത്തു പറകയും ചെയ്തു. ഈ സമയത്തേക്ക് മാർ ഈവാനിയോസ് മെത്രാച്ചനെയും മദ്ബഹായിൽ കൊണ്ടുവന്ന് ഇരുത്തുകയും അദ്ദേഹവും ആവശ്യമുള്ളത് പ്രവർത്തിക്കയും ചെയ്തു. പിന്നീട് കുർബാന കഴിഞ്ഞ് പുതിയ കാതോലിക്കായെ കസേരയിൽ ഇരുത്തി പള്ളിക്ക് 3 പ്രദക്ഷിണം നടത്തുകയും ഉക്സിയോസ് ആർക്കുകയും ചെയ്തു. അനന്തരം എല്ലാവരും ആശ്വാസത്തിനായി പിരിഞ്ഞു. വീണ്ടും 3 മണിക്ക് ഒരു മഹായോഗം കൂടി മലങ്കര ഇടവകയുടെ പൊതുവായ ഒരു മംഗളപത്രം കഥാനായകനു സമർപ്പിക്കയും പലരുടെയും പ്രസംഗങ്ങൾ ഉണ്ടാവുകയും ചെയ്തു. കൂടാതെ മേല്പട്ട സ്ഥാനത്തേക്ക് പാമ്പാടി റമ്പാച്ചൻ, സി. എം. തോമസു ശെമ്മാശൻ,[131] പാറേട്ട് മാത്യൂസ് കത്തനാർ, പുലിക്കോട്ട് ശെമ്മാശൻ[132] എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു. നിരണത്തുകാർ ഒരു കുരിശും മാലയും കഥാനായകനു സമർപ്പിച്ചു. കൂടാതെ കോട്ടയം ചെറിയപള്ളിക്കാർ 81 രൂപായും കാഴ്ചവച്ചു. നിരണത്തുകാർ പിന്നീട് കുരിശുവകയ്ക്ക് 51 രൂപയാണ് തന്നത്.

18 നു കഥാനായകൻ ശു. കുർബാന ചൊല്ലുകയും കുർബാനമദ്ധ്യേ ബഥനിയുടെ എപ്പിസ്കോപ്പായായി എം. എ. ഗീവറുഗീസ് റമ്പാച്ചനെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, മാർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്നിവരുടെയും പല പട്ടക്കാരുടെയും ശെമ്മാശൻമാരുടെയും സഹകരണത്തിൽ വാഴിച്ചു. 3 മണിക്ക് അദ്ദേഹത്തിന് ഒരു മംഗളപത്രം സമർപ്പിക്കയും അദ്ദേഹം സഭാസംബന്ധമായ ഒരു ദീർഘപ്രസംഗം ചെയ്തു. കൂടാതെ അന്ന് മെത്രാന്മാരുടെയും കാതോലിക്കായുടെയും ഫോട്ടോ എടുക്കുകയും ചെയ്തു. അന്നു രാത്രി തന്നെ കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്ക് പുറപ്പെട്ടു. പിറ്റേദിവസം 10 മണിക്ക് അവിടെ എത്തുകയും ചെയ്തു.

20 നു കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലുകയും കാതോലിക്കാ സ്ഥാനത്തെക്കുറിച്ച് ദീർഘമായി പ്രസംഗിക്കുകയും പിന്തുടർച്ചയായി കാതോലിക്കാ സ്ഥാനം മലങ്കരയിൽ നിലനിർത്തിക്കൊള്ളുന്നതിന് അബ്ദെദ് മ്ശീഹാ പാത്രിയർക്കീസു ബാവാ തന്നിട്ടുള്ള കല്പന വായിക്കയും ചെയ്തു. വളരെ ആളുകൾ അന്നേ ദിവസം പള്ളിയിൽ കൂടിയിരുന്നു. വള്ളിക്കാട്ട് പള്ളിയിൽ നിന്നും കിഴക്കേ റോട്ടു വരേയ്ക്കുള്ള വഴി എല്ലാവരും കൂടി നാളെ വെട്ടിത്തീർക്കുന്നതിനായി ചട്ടം കെട്ടുകയും ചെയ്തു.

Malankara Orthodox TV

21, 22 തീയതികളിൽ ആയി ഏകദേശം 250 പേർ കൂടി വഴി വെട്ടിതീർത്തു. 27 നു കഥാനായകൻ വള്ളിക്കാട്ട് ചൊല്ലി പ്രസംഗിച്ചു. കോട്ടയത്തു നിന്ന് മാളിയേക്കൽ കൊച്ചുമാണിയും മക്കളും വന്ന് പള്ളിയിൽ കസവു പണിയുള്ള മസ്നപ്സാ കാഴ്ച വെയ്ക്കുകയും ചെയ്തു. 29 നു കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ നിന്നും വാകത്താനത്ത് പള്ളിയിലേയ്ക്ക് പോയി. യാത്ര കാറിൽ ആയിരുന്നു. കാറിൽ ഇംഗ്ലീഷ് പള്ളിക്കൂടത്തിലെത്തുകയും അവിടെ നിന്ന് മഞ്ചലിൽ പള്ളിക്കാരുടെ എതിരേൽപോടു കൂടി അവിടെ എത്തുകയും ലുത്തിനിയാ കഴിച്ച് ഒരു പ്രസംഗം പറകയും ചെയ്തു. അതു കഴിഞ്ഞ് പട്ടക്കാർ കസേരയിൽ ഉയർത്തി ഉക്ക്സിയോസ് പറകയും ചെയ്തു. ആൾക്കൂട്ടവും ധാരാളമുണ്ടായിരുന്നു. കൈമുത്ത് കഴിഞ്ഞ് എല്ലാവരും പിരികയും ചെയ്തു.

ഇടവം 4 നു കഥാനായകൻ വാകത്താനത്ത് പള്ളിയിൽ ചൊല്ലി പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് ടി. പള്ളിയിൽ ഒരു മഹായോഗം കൂടി പട്ടിൽ അച്ചടിപ്പിച്ച ഒരു മംഗളപത്രം കഥാനായകന് എണ്ണച്ചേരിൽ കത്തനാർ സമർപ്പിക്കയും വളരെ പ്രതികൾ വിതരണം ചെയ്കയും ചെയ്തു. ഈ ആവശ്യത്തിലേക്ക് ഫാദർ ഹോംസ്, ബഥനി എപ്പിസ്കോപ്പാ,[134] ഫാദർ ചക്രവർത്തി എന്നിവരെ കാർത്തികപ്പള്ളിയിൽ നിന്നും വരുത്തിയിരുന്നു. ബഥനി എപ്പിസ്കോപ്പയും, ഫാദർ ഹോംസും ചെറിയമഠത്തിൽ സ്കറിയാ കത്തനാരും കന്നുകുഴിയിൽ ലൂക്കോസ് വക്കീലും യോഗത്തിൽ പ്രസംഗിക്കയും ചെയ്തു. ലൂക്കോസിന്റെ ഭാര്യ മേരി ഡാക്ടർ പുന്നനും യോഗത്തിൽ ഹാജരുണ്ടായിരുന്നു. ഫാദർ ഹോംസ് മുതൽ പേർ രാത്രി തന്നെ തിരിച്ചു പോകയും ചെയ്തു. 5 നു വാകത്താനത്ത് പള്ളിയിൽ നിന്നും കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്ക് പോരികയും ചെയ്തു. കഥാനായകനെ വാകത്താനത്ത് പള്ളിയിലേക്ക് കൊണ്ടുപോകുന്നതിനും മംഗളപത്രം അച്ചടിപ്പിച്ച് സമർപ്പിക്കുന്നതിനും മറ്റും കരപ്പാറെ വെട്ടിയിൽ യൗസേഫ് മുതലായി പലർക്കും വളരെ കഷ്ടപ്പാടുകളും പ്രയാസവും ഉണ്ടായി എന്നുള്ളത് സ്മരിക്കത്തക്കതാകുന്നു.

8 നു യോഹന്നാൻ ശ്ലീഹായുടെ തിരുന്നാളിൽ ശു. കുർബാന ചൊല്ലി. 11 നു ചൊല്ലി പ്രസംഗിച്ചു. കോട്ടയത്ത് ഇട്ടിച്ചൻ അവിര എന്നു പറയുന്ന പടിഞ്ഞാറേക്കര കൊച്ചുകുഞ്ഞും (ചിറപ്പൻ) മാളിയേക്കൽ കൊച്ചുകുഞ്ഞും കഥാനായകന്റെ അടുക്കൽ വന്നു. 15 നു സ്വർഗ്ഗാരോഹണ പെരുന്നാളിൽ ചൊല്ലി. വാഴൂർ കരിങ്ങാണാമറ്റത്തിൽ മത്യാസ് കത്തനാരുടെയും അന്നയുടെയും കുട്ടിയെ മാമോദീസാ മുക്കി വറുഗീസ് എന്ന് പേരിട്ടു. തലതൊട്ടത് കുട്ടിയുടെ അപ്പൂപ്പൻ വർക്കി. ടിയാൻ 10 രൂപ കൈമുത്ത് വെച്ചു.

16 നു കഥാനായകൻ പരുമലയ്ക്കു പോവുകയും പിറ്റേദിവസം അവിടെ

യെത്തുകയും ചെയ്തു. മാർ ദീവന്നാസ്യോസ് മെത്രാച്ചനും ദീനക്കാരൻ ഈവാനിയോസ് മെത്രാച്ചനും അവിടെ ഉണ്ടായിരുന്നു. 18 നു കഥാനായകൻ പരുമലപള്ളിയിൽ ചൊല്ലി പ്രസംഗിച്ചു. പിറ്റെ ദിവസം തിരിച്ചു പോരുമ്പോൾ ഒരു കാപ്പയും അംശവടി പണിയിക്കുന്നതിന് വെള്ളിയും 20 രൂപ കൂലിയും ദീവന്നാസ്യോസ് മെത്രാച്ചൻ തന്നു. ഇരട്ടതലയുള്ള പത്തി മുമ്പു തന്നിട്ടുണ്ടായിരുന്നു. 20 നു കഥാനായകൻ പള്ളിയിലെത്തി.

24 നു പരുമല താമസിച്ചിരുന്ന 2 കൊല്ലത്തിലധികമായി വാതരോഗ പീഡിതനായി കിടന്നിരുന്ന കണ്ടനാട്, തുമ്പമൺ എന്നീ ഇടവകകളുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 10 മണിക്ക് കാലം ചെയ്തു. ആ വിവരം പരുമല നിന്നും കഥാനായകനെ അറിയിക്കയാൽ വണ്ടി പിടിച്ച് പുറപ്പെട്ടു ചങ്ങനാശ്ശേരിയിൽ എത്തുകയും അവിടെ നിന്നും കൈതയിൽ കോശി വക്കീലിന്റെ വണ്ടിയിൽ പുറപ്പെട്ട് പാതിരാത്രിയ്ക്ക് മണിപ്പുഴ കടവിലെത്തുകയും അവിടെനിന്നും വള്ളം വഴിയായി പുലർകാലേ പരുമലയെത്തുകയും ചെയ്തു. ഉടൻതന്നെ ഗ്രീഗോറിയോസ് മെത്രാച്ചനും തുമ്പമണ്ണിൽ നിന്നും വന്നുചേർന്നു. കഥാനായകനും ടി. മെത്രാച്ചനും ഫിലീപ്പോസ് കത്തനാരും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലി. പെന്തിക്കോസ്തി ക്രമം കഴിച്ചു. ഒരു മണി മുതൽ കൊഹനൈത്താ ശുശ്രൂഷ കഴിക്കുകയും 4 മണിക്കു അവസാനിക്കുകയും ചെയ്തു. പരുമല പള്ളിയുടെ വടക്കേറാന്തലിൽ ഒരുക്കിയിരുന്ന കബറിൽ മൃതശരീരം അടക്കുകയും ചെയ്തു. അടുത്ത ഇടവകകളിലെ ചില പട്ടക്കാരും ശെമ്മാശൻമാരും സന്ധ്യയോടു കൂടി ബഥനി എപ്പിസ്കോപ്പാ മാർ ഈവാനിയോസും വന്നിരുന്നു. 28 നു കഥാനായകൻ പരുമല നിന്നും തിരിച്ചുപോരുമ്പോൾ നിരണത്തു പള്ളിയിലും കയറി. അവർ 51 രൂപ കൈമുത്തു വച്ചു (അതു കുരിശ് വകയ്ക്കാണെന്ന് പിന്നീട് അറിഞ്ഞു). അവിടെ നിന്നും പുറപ്പെട്ട് ഇലഞ്ഞിക്കമാലിയിൽ കേറി പനയ്ക്കാമറ്റം കത്തനാരുടെ സഹായത്തിൽ വീടു കൂദാശ കഴിക്കയും ചെയ്തു. .... 29 നു വള്ളിക്കാട്ട് പള്ളിയിൽ തിരിച്ചെത്തി.

31 നു കഥാനായകൻ ശു. കുർബാന ചൊല്ലി. ചൂരപ്പാടിയിലെത്തി ചാക്കോ പുതുതായി പണികഴിപ്പിച്ച മുറി കൂദാശ ചെയ്തു. കരിപ്പാൽ കത്തനാരും പുന്നൂസ് കത്തനാരും ശെമ്മാശൻമാരും കൂടെയുണ്ടായിരുന്നു. സന്ധ്യയോടു കൂടി തിരിച്ചുപോരുകയും ചെയ്തു.

മിഥുന മാസം 1 നു ചൊല്ലി പ്രസംഗിച്ചു. 2 നു ചൊല്ലി. ചൂരപ്പാടിയിൽ ചാക്കോ മകൻ വർക്കി വള്ളിക്കാട്ട് പള്ളിയിൽ വച്ച് മാവേലിക്കര ആറ്റുപുറത്ത് മത്തായിയുടെ മകൾ മറിയത്തെ വിവാഹം ചെയ്കയാൽ ടി. വിവാഹ കർമ്മം കഥാനായകൻ നടത്തി. 3 നു ചൊല്ലി. 8 നു ചൊല്ലി പ്രസംഗിച്ചു. 15 നു ചൊല്ലി. മൂലയിൽ വറുഗീസ് മുതൽപേരുടെ തള്ള മരിക്കയാൽ പള്ളിയിലെത്തി കുഴിമറ്റത്ത് കത്തനാർ, എണ്ണച്ചേരി, കരിപ്പാൽ, ചക്കുപുരയ്ക്കൽ

എന്നീ കത്തങ്ങളുടെ സഹായത്താൽ കുർബാന ചൊല്ലി പിരിഞ്ഞു. 27 നു കാനത്തിൽ പഴയമഠം മാത്യൂസ് കത്തനാരും ചെറിയമഠത്തിൽ സ്കറിയ കത്തനാരും വള്ളിക്കാട്ട് എത്തി. 28 നു പഴയമഠത്തിൽ ശെമ്മാശുവിന് പട്ടം കൊടുത്തു. .....

29 നു ടിയാന് കത്തനാര് പട്ടവും കൊടുത്ത് അന്നേ ദിവസം ചെറിയ മഠം പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാളിനെപ്പറ്റി പ്രസംഗിച്ചു. അന്നു ഉച്ചതിരിഞ്ഞ് അവർ തിരികെ പോകയും ഈ കത്തനാരെ റമ്പാച്ചന്റെ അടുക്കൽ താമസിപ്പിച്ച് ആവശ്യമുള്ളത് പഠിപ്പിക്കണമെന്ന് പാമ്പാടി റമ്പാച്ചന് എഴുതി അയയ്ക്കുകയും ചെയ്തു.

കർക്കിടക മാസം 3 നു ചൊല്ലി. പഴയാറ്റുങ്കൽ പുന്നൻ മുതൽപേർ അപ്പം നേർച്ചയും കുടൽപറമ്പിലെ ചെറിയാൻ പാച്ചോർ നേർച്ചയും കഴിച്ചു. 5 നു ചൊല്ലി. 6 നു ചൊല്ലി പ്രസംഗിച്ചു. 13 നു ചൊല്ലി. കാരിക്കാമറ്റത്തിൽ മൂന്നു പ്ലാക്കൽ ചാക്കോ മറിയ എന്നിവരുടെ കുട്ടിയെ മാമോദീസാ മുക്കി ചാക്കോ എന്നു പേരിട്ടു. തലതൊട്ടതു ടിയാൻ ചാക്കോ. .... എരമല്ലൂർ പാറയ്ക്കൽ കോരത് അപ്പൂപ്പൻ കഥാനായകന് ഒരു കുരിശു മാല പണിയിക്കുന്നതിന് ഓണാട്ട് കുറിയാക്കോസ് വശം 4 പവൻ കൊടുത്തയച്ചു. 20 നു ചൊല്ലി. 27 നു ചൊല്ലി പ്രസംഗിച്ചു.

**1101**

ചിങ്ങ മാസം 1 നു വെള്ളിയാഴ്ച 15 നോമ്പാരംഭം. 2 നു ചൊല്ലി. 3 നു ചൊല്ലി അമയന്നൂർ ശെമ്മാശൻ പ്രസംഗിച്ചു. ഇംഗ്ലീഷ് സ്കൂളിൽ വച്ച് സൺഡേസ്കൂൾ കുട്ടികൾക്ക് സമ്മാനം കൊടുക്കലുണ്ടായിരുന്നു. കോട്ടയത്തു നിന്ന് ദാനിയേൽ ശെമ്മാശനും മറ്റും പ്രാസംഗികൻമാരായി വന്നിരുന്നു. പുതുപ്പള്ളി പാണൻ കസവു പണിയുള്ള ശീലമുടി പണി തീർത്ത് കൊണ്ടുവന്നേല്പിച്ചു.

9 നു ചൊല്ലി. 10 നു ചൊല്ലി പ്രസംഗിച്ചു. 12 നു പാറയ്ക്കൽ കോരുളയുടെ വകയായി പണിയിച്ച കുരിശിന്റെയും മാലയുടെയും ത്രോണോസിൽ വയ്ക്കുന്ന വെള്ളികുരിശിന്റെയും പണികൾ തട്ടാൻ രാമൻ പണി തീർത്തേല്പിച്ചു. 15 നു പെരുന്നാളിന് ചൊല്ലി. മാവേലിക്കര ഗീവറുഗീസ് കത്തനാർ പ്രസംഗിച്ചു. ചിറപ്പുറത്ത് അന്ത്രയോസിന്റെയും ഏലിയുടെയും കുട്ടിയെ മാമോദീസാ മുക്കി അബ്രഹാം എന്നു പേരിട്ടു. തല തൊട്ടത് ചിറപ്പുറത്ത് ഇട്ടിയവിരാ. ....

16 നു കഥാനായകനും ശെമ്മാശൻമാരും ഗീവറുഗീസ് കത്തനാരും കൂടി കോട്ടയത്ത് ഏലിയാ ചാപ്പലിലേക്ക് പോയി. 17 നു കഥാനായകൻ അവിടെ ശു. കുർബാന ചൊല്ലുകയും കാതോലിക്കായുടെ ആവശ്യത്തെക്കുറിച്ചും

മറ്റും പ്രസംഗിക്കുകയും ചെയ്തു. എറികാട്ട് കുഞ്ചപ്പന്റെ പെങ്ങളുടെ കുട്ടിയെ മാമോദീസാ കഴിച്ച് യാക്കോബെന്നു പേരിട്ടു. അവർ 15 രൂപാ കൈമുത്തു വെച്ചു.

17 നു മാർ ഏലിയാ ചാപ്പലിൽ വട്ടക്കുന്നേൽ ഗീവറുഗീസ് കത്തനാർ ചൊല്ലി. വട്ടക്കുന്നേൽ ചെറിയാന്റെ കുട്ടിയെ മാമോദീസാ മുക്കി ശോശാ എന്നു പേരിട്ടു. കൂടാതെ വട്ടക്കുന്നേൽ ഗീവറുഗീസ് കത്തനാരുടെ അനുജന്റെ മകളെ കൊല്ലാട്ട് ചെറിയമഠം പാലായിൽ കോരയുടെ മകൻ വിവാഹം ചെയ്തു. ആ കൂദാശകളിലും കഥാനായകനും സംബന്ധിച്ചു. അവർ 17 രൂപ കൈമുത്ത് വെച്ചു. 2 മണിക്ക് കോട്ടയം ഇടവകയിലെ പട്ടക്കാരുടെ ഒരു യോഗം ഏലിയാ ചാപ്പലിൽ കൂടി. ടി. യോഗത്തിൽ കഥാനായകൻ അധ്യക്ഷസ്ഥാനം വഹിച്ചു. പള്ളികളിൽ നിന്നുള്ള വരുമാനം കഥാനായകനും കൂടി തരേണ്ടത് ആവശ്യം എന്നു പറയുകയും കൂടിയ പട്ടക്കാർ 1 മാസത്തിനകം എത്തിച്ചുതരാമെന്ന് പറയുകയും ചെയ്തു. അന്നേ ദിവസം കൂടിയ പട്ടക്കാർ: 1) വട്ടക്കുന്നേൽ ഗീവറുഗീസ് കത്തനാർ. 2) വല്യപാറേട്ട് ക. 3) തോപ്പിൽ ക. 4) വേണാട്ടുകളത്തിൽ ക. 5) കരിപ്പാൽ ക. 6) ചെറിയമഠം ക. 7) പുന്നൂസ് ക. 8) ചെറിയമഠം യാക്കോബു ക. 9) ഉപ്പൂട്ടിൽ ക. 10) കരിങ്ങണാമറ്റം ക. 11) വലിയമണ്ണിൽ ക. 12) മണ്ണൂക്കടുപ്പിൽ ക. 13) പട്ടച്ചേരിൽ ക. 14) പാമ്പാടികണ്ടത്തിൽ ക. ഇവരാണ് കൂടിയിരുന്നത്. അന്ന് 4 മണിക്ക് കഥാനായകന്റെയും മേൽപ്പറഞ്ഞ പട്ടക്കാരുടെയും കൂട്ടമായി ഒരു ഫോട്ടോയും എടുക്കുകയും ഉണ്ടായി. 2 മണിക്ക് കഥാനായകൻ വള്ളിക്കാട്ടേക്കു പോരുകയും ചെയ്തു. 24 നു ചൊല്ലി. മാവേലിക്കര ഗീവറുഗീസ് ക. പ്രസംഗിച്ചു. 25 നു കരപ്പാറ വെട്ടിയിൽ പീലിപ്പോസ്, തുഞ്ചത്ത് പുന്നൂസിന്റെ മകളെ വാകത്താനത്ത് വച്ച് വിവാഹം ചെയ്കയാൽ കഥാനായകൻ ടി. പള്ളിയിലെത്തി വിവാഹ കർമ്മം നടത്തി.

ചിറത്തലാട്ട് വറുഗീസിന്റെ ഇളയ മകളെ വിവാഹം കഴിപ്പിച്ചു. പുന്നൂസ് കത്തനാർ, കരിപ്പാൽ കത്തനാർ, മാവേലിക്കര കത്തനാർ എന്നിവരും അവിടെയുണ്ടായിരുന്നു. 30 നു ഗീവറുഗീസ് കത്തനാർ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. 31 നു ടി. പള്ളിയിൽ കഥാനായകൻ ചൊല്ലി. ടി. കത്തനാർ പ്രസംഗിച്ചു.

കന്നി മാസം 1 നു ഗീവറുഗീസു കത്തനാർ ചൊല്ലി. 8 നോമ്പുകാരായി പത്തിരുപത് സ്ത്രീകളും വന്നുചേർന്നു. അന്നുമുതൽ ദിവസവും കുർബാന ഉണ്ടായിരുന്നു. 4, 6, 7 തീയതികളിൽ കഥാനായകൻ ചൊല്ലി. ഗീവറുഗീസു കത്തനാർ പ്രസംഗിച്ചു. നോമ്പുകാർ കുർബാന അനുഭവിച്ചു. പാച്ചോർ നേർച്ചയും ഉണ്ടായിരുന്നു.

13 നു ശനിയാഴ്ച മുൻ കുഴിമറ്റത്ത് പള്ളിക്കാർക്ക് കഥാനായകൻ കല്പന

Malankara Orthodox TV

അയച്ചിരുന്നപ്രകാരം വള്ളിക്കാട്ട് പള്ളിയിൽ നിന്നും 12 മണിക്ക് അവിടേക്ക് യാത്ര പുറപ്പെട്ടു. പാതിയപ്പള്ളികടവിൽ എത്തുകയും ചെയ്തു. അവിടെ നിന്നും കാറിൽ പുറപ്പെട്ട് പരത്തൻപാറയിൽ ചാലുവേലീൽ കുര്യൻ മുതൽപേരുടെ ഉത്സാഹത്താൽ കെട്ടി വിതാനിച്ചിരുന്ന പന്തലിൽ എത്തുകയും അവിടെ കുറെ വിശ്രമിച്ച ശേഷം ലഘുഭക്ഷണം കഴിച്ചു കൊണ്ട് വീണ്ടും 1 മണിക്ക് കാറിൽ പുറപ്പെടുകയും ചിങ്ങവനം വഴി ചെന്ന് 4 മണിക്ക് കുഴിമറ്റത്തു പള്ളിയിൽ എത്തുകയും ചെയ്തു.

പല കാറുകളും കൊട, കൊടി, വെള്ളിക്കുരിശ് മുതലായ സാമാനങ്ങളും വളരെ ജനങ്ങളും ഉണ്ടായിരുന്നു. പള്ളിയിൽ ലുത്തിനിയാ കഴിച്ച് എല്ലാവരെയും ആശീർവദിച്ചിട്ട് മുറിയിൽ പോയി ലഘുഭക്ഷണം കഴിച്ചു. അനന്തരം പള്ളിക്കാരുടെ ഒരു മംഗളപത്രം തോപ്പിൽ പുന്നൂസ് കത്തനാർ വായിക്കയും വല്ല്യാത്തിൽ വറുഗീസ് കഥാനായകന് സമർപ്പിക്കയും പള്ളി വികാരി ഒരു കാഴ്ച തരികയും പുന്നൂസ് വക്കീൽ പ്രസംഗിക്കയും കഥാനായകൻ മറുപടി പറയുകയും ചെയ്തശേഷം എല്ലാവരും പിരിഞ്ഞു.

14 നു കഥാനായകൻ ടി. പള്ളിയിൽ ചൊല്ലുകയും പ്രസംഗിക്കയും ചെയ്തു. പ്രസംഗം സ്ലീബാ പെരുന്നാളിനെപ്പറ്റിയും കാതോലിക്കാ സ്ഥാനത്തെപ്പറ്റിയുമായിരുന്നു. 18 നു കഥാനായകൻ ആ പള്ളിയിൽ നിന്ന് വള്ളിക്കാട്ട് പള്ളിയിലേക്ക് തിരിച്ചുപോന്നു. പള്ളിക്കാർ 35 രൂപ കൈമുത്തു വച്ചു. 20 നു വള്ളിക്കാട്ടു പള്ളിയുടെ സ്ഥാപനപ്പെരുനാളിൽ ചൊല്ലി. അവൽ നേർച്ചയുണ്ടായിരുന്നു. 21 നു ചൊല്ലി പ്രസംഗിച്ചു. 28 നു ചൊല്ലി പ്രസംഗിച്ചു. പുന്നൂസ് കത്തനാരും പ്രസംഗിച്ചു.

തുലാ മാസം 1 നു ചൊല്ലി. 4 നു മാവേലിക്കര ഗീവറുഗീസു കത്തനാർ മാവേലിക്കരയിലേക്കു പോയി. മാളികയിൽ കുറിയാക്കോസ് ബി. എ. 6 രൂപ വിലക്കുള്ള ഒരു മേശവിളക്ക് കഥാനായകനു കൊണ്ടുവന്നു തന്നു. കൂടാതെ മാർ ദീവന്നാസ്യോസ് മെത്രാച്ചൻ കൊടുത്തയച്ച ഒരു കല്ലുവച്ച മോതിരവും ടിയാൻ ഏല്പിച്ചു. തലേ ദിവസം പള്ളിക്കൂടം ചീഫ് ഇൻസ്പെക്ടർ ഒ. എം. ചെറിയാൻ ബി. എ. എൽ. റ്റി.[134] കഥാനായകന്റെ അടുക്കൽ വന്നിരുന്നു. 5 നു വള്ളിക്കാട്ട് പള്ളിയിൽ കരിപ്പാൽ കത്തനാർ ചൊല്ലി. കഥാനായകൻ പ്രസംഗിച്ചു. 6 നു നാങ്കുളത്തു ഭാഗത്തു ഒരു പള്ളി വയ്ക്കുന്നതിനു ഹർജി കൊടുക്കയും അതിലേക്ക് അനുവാദ കല്പന കൊണ്ടുപോകയും ചെയ്തു.

8 നു കഥാനായകൻ ചൊല്ലി. 12 നു ചൊല്ലി പ്രസംഗിച്ചു. 15 നു സന്ധ്യ കഴിഞ്ഞ് കഥാനായകൻ വള്ളം വഴി കുറിച്ചീ പള്ളിയിലേക്ക് പുറപ്പെട്ടു. 10 നു ഉച്ചക്ക് മുമ്പ് മുട്ടത്തിപാറ എന്ന സ്ഥലത്തു എത്തി. അവിടെനിന്നും കുറിച്ചീ പള്ളിക്കാർ തയാറാക്കിയിരുന്ന ബോട്ടിൽ ബാന്റ്, കളിവള്ളങ്ങൾ,

കുരിശു, കൊടി മുതലായ പള്ളി സാമാനങ്ങളോടു കൂടെ കേമമായ എതി രേല്പോടു കൂടെ പുറപ്പെട്ട് പള്ളത്തു വടക്കേക്കുറ്റ് മാത്തു റൈട്ടർ അവർക ളുടെ ചിറയിൽ കെട്ടിയൊരുക്കിയിരുന്ന പന്തലിൽ പ്രവേശിച്ച് ലഘു ഭക്ഷണം കഴിക്കയും അവിടെ പന്തലിൽ ഇറങ്ങി എല്ലാവരെയും അനുഗ്ര ഹിക്കയും പള്ളത്ത് കരിമ്പുംകാലാക്കടവിൽ ഒരുക്കിയിരുന്ന പോളക്കൽ വർക്കി മാസ്റ്ററുടെ സ്ഥലത്തു ഏർപ്പെടുത്തിയിരുന്ന ലഘുഭക്ഷണം കഴി ക്കയും ചെയ്തിട്ട് അവിടെ നിന്ന് പുറപ്പെട്ട് 4 മണിക്ക് കുറിച്ചീ പള്ളിയിൽ എത്തുകയും ചെയ്തു. ടി. പള്ളിക്കടവിൽ ഉള്ള ചിറ മുഴുവനും തോരണ ങ്ങളും കുലവാഴകളാലും അലങ്കൃതമായിരുന്നു. കടവിൽ ഒരു സ്വീകരണവും പന്തലും ഉണ്ടായിരുന്നു.

പള്ളിയിൽ കയറി ലുത്തിനിയ കഴിക്കയും കസേരയിൽ ഇരുത്തി പട്ട ക്കാർ ഉയർത്തി 3 പ്രാവശ്യം ഉക്സിയോസ ആർക്കുകയും ചെയ്തു. അന ന്തരം പള്ളിക്ക് പ്രദക്ഷിണവും നടത്തി. 19 നു കഥാനായകൻ കുറിച്ചീ പള്ളി യിൽ കുർബാനയും പ്രസംഗവും കഴിച്ച് 11 മണിക്ക് യോഗം കൂടി പള്ളിക്കാ രുടെ വകയായിട്ട് ഒരു മംഗളപത്രവും സമർപ്പിക്കയും പട്ടച്ചേരിൽ കത്തനാർ, പുന്നൂസ് വക്കീൽ എന്നിവർ പ്രസംഗിക്കയും പള്ളിക്കാർ 50 രൂപ വിലയുള്ള ഒരു കാഴ്ച കഥാനായകന് കൊടുക്കുകയും ചെയ്തു. അന്ന് 1 മണിക്ക് പള്ളിക്കാരുടെ ഒരു ബോട്ടിൽ കഥാനായകനും മറ്റും പരുമലയ്ക്കു പോവു കയും 7 മണിക്ക് അവിടെയെത്തുകയും ചെയ്തു. അപ്പോൾ അവിടെ ദീവ ന്നാസ്യോസ്, ഗ്രീഗോറിയോസ്, ബഥനി എപ്പിസ്കോപ്പാ എന്നീ മെത്രാച്ചൻ മാർ ഉണ്ടായിരുന്നു. പെരുന്നാൾ ആയിരുന്നതിനാൽ ഏറിയ ഒരു ജനക്കൂട്ട വുമുണ്ടായിരുന്നു.

20 നു ഗ്രീഗോറിയോസും, കഥാനായകനും ബഥനി എപ്പിസ്കോപ്പായോടു കൂടി പരുമല പള്ളിയിൽ മൂന്നിന്മേൽ കുർബാന ചൊല്ലി. ഉച്ച കഴിഞ്ഞ് വൈദികയോഗത്തിൽ തിരുവനന്തപുരം പള്ളി വികാരി അബ്രാഹാം കത്ത നാർ, നിരണം ബി. ഡി. കത്തനാർ, ബഥനി എപ്പിസ്കോപ്പാ, ദീവന്നാ സ്യോസ് മെത്രാച്ചൻ എന്നിവർ പ്രസംഗിച്ചു. 21 നു വരുമാനമെടുത്തതിൽ മുൻ കൊല്ലത്തേക്കാൾ 800 ൽ ചില്വാനം രൂപ കൂടുതലുണ്ടായിരുന്നു. 22 നു അസ്തമിച്ച് ദീവന്നാസ്യോസ് മെത്രാച്ചൻ കോട്ടയത്തേക്കും ബഥനി എപ്പി സ്കോപ്പാ തിരുവല്ലായ്ക്കും ഗ്രീഗോറിയോസ് മെത്രാച്ചൻ മാവേലിക്കരയ്ക്കും പോയി.

23 നു കഥാനായകനും കൂടെയുള്ളവരും ഇലഞ്ഞിക്കാമാലിയിൽ കൊച്ചുപാപ്പിയുടെ വലിയ വള്ളത്തിൽ പരുമല നിന്നും പുറപ്പെട്ട് ടി. കൊച്ചു പാപ്പിയുടെ വസതിയിലെത്തി കാപ്പി കഴിക്കയും ഇലഞ്ഞിക്കപ്പള്ളിയിൽ സന്ധ്യാ നമസ്കാരവും കഴിച്ച് ടിയാന്റെ വീട്ടിൽ നിന്നും അത്താഴവും കഴി ഞ്ഞ് പുറപ്പെട്ട് പിറ്റെദിവസം വള്ളിക്കാട്ടുപള്ളിയിൽ എത്തുകയും ചെയ്തു.

Malankara Orthodox TV

കഥാനായകൻ ടി. മാസത്തിൽ കുറിച്ചീ പള്ളിയിൽ താമസിക്കുമ്പോൾ നെയിച്ചേരി കുരുവിള കുഞ്ഞിന്റെ വീട്ടിലും താഴത്തേടത്തു വീട്ടിലും എത്തി അവരുടെ അപേക്ഷപ്രകാരം വീടു കൂദാശ നടത്തി. അവർ 10 രൂപാ വീതം കൈമുത്തു വച്ചു. കുരുവിള കുഞ്ഞിന്റെ ജ്യേഷ്ഠന്റെ ശവസംസ്കാര ശുശ്രൂഷ നടത്തുന്നതിനും കഥാനായകൻ മുൻ അവസരത്തിൽ അവിടെ പോയിരുന്നു. ആ വീട്ടുകാർ ഒരു പവനും കൈമുത്ത് വച്ചു. 26 നു കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. 27 നു അപ്പന്റെ ഓർമ്മയിലും ചൊല്ലി.

വൃശ്ചിക മാസം 1 നു മാവേലിക്കര ഗീവറുഗീസ് കത്തനാർ ചൊല്ലി. കുന്നങ്കുളങ്ങര നിന്നും പുലിക്കോട്ടു ശെമ്മാശൻ മുതൽപേർ കഥാനായകനെ അങ്ങോട്ട് കൊണ്ടുപോകാനായി വള്ളിക്കാട്ടു പള്ളിയിൽ വന്നു. അവർ വന്നതു കാറിൽ ആയിരുന്നു. അടുത്ത ആഴ്ചയിൽ ആകാമെന്ന് പറഞ്ഞ് അവരെ അയച്ചു. 2 നു ഗീവറുഗീസ് കത്തനാർ ചൊല്ലി പ്രസംഗിച്ചു. സ്ലീബാ പെരുന്നാൾ മുതലുള്ള ടിയാന്റെ മൗനവൃതം അവസാനിച്ചു.

6 നു ടി. കത്തനാർ മാവേലിക്കരയ്ക്കു പോയി. 9 നു കഥാനായകൻ ചൊല്ലി. ഹൂദാസീത്തോായെക്കുറിച്ചു പ്രസംഗിച്ചു. കുഴിമറ്റത്ത് വല്യയത്തിൽ വറുഗീസിന്റെ മകൾ മറിയത്തെ കൊറ്റുകുളത്ത് കൊച്ചൂഞ്ഞിന്റെ ഇളയമകൻ വറുഗീസ് വാകത്താനത്തു പള്ളിയിൽ വെച്ച് വിവാഹം ചെയ്യുകയാൽ കഥാനായകൻ അവിടെയെത്തി വിവാഹ ശുശ്രൂഷ നടത്തി തിരികെ പോന്നു. 10 – 5 രൂപാ കൈമുത്ത് വെച്ചു. സന്ധ്യ കഴിഞ്ഞ് വള്ളത്തിൽ കുന്നംകുളങ്ങരയ്ക്കു കഥാനായകൻ പുറപ്പെട്ടു. കണ്ണങ്കോട്ടു ലൂക്കോസു കത്തനാരും പട്ടച്ചേരിൽ കത്തനാരും പുരയ്ക്കൽ ശെമ്മാശനും കൂടെ പോന്നു. 11 നു രാത്രി എറണാകുളത്തെത്തി. 5 മണിക്കു തീവണ്ടിയിൽ കയറി തൃശൂർക്ക് പുറപ്പെട്ടു. 8 മണിക്കു അവിടെയെത്തി പള്ളിയിൽ താമസിച്ചു. അവിടെ നിന്നു ഭക്ഷണം കഴിച്ചുകൊണ്ടു 5 മണിക്കു പുറപ്പെട്ടു. കുന്നംകുളം ബഥനി കുന്നിൽ എത്തിയപ്പോൾ പള്ളിക്കാർ ആഘോഷത്തോടു കൂടെ അവിടേക്ക് വരികയും കഥാനായകനെ ഒരു പ്രത്യേക വണ്ടിയിൽ കയറ്റി ആളുകൾ തന്നെ വലിച്ചുകൊണ്ട് പോകുകയും 7 1/2 മണിക്ക് പുത്തൻപള്ളിയിൽ എത്തുകയും ചെയ്തു. പള്ളിയിൽ സന്ധ്യാനമസ്കാരം കഴിച്ചശേഷം പട്ടക്കാർ കസേരയിൽ ഇരുത്തി ഉക്സിയോസ് വിളിച്ചുയർത്തുകയും ഉണ്ടായി. അനന്തരം അവിടെ നിന്നും ഘോഷയാത്രയായി പുറപ്പെട്ട് പഴയപള്ളിയിൽ എത്തി ലുത്തിനിയ കഴിക്കയും അവിടെ താമസിക്കയും ചെയ്തു.

12 നു കോട്ടയം സിമ്മനാരി സ്ഥാപകന്റെ ഓർമ്മ പുത്തൻപള്ളിയിൽ ആണ്ടു തോറും കഴിച്ചുവരുന്ന പതിവനുസരിച്ച് ഈയാണ്ടിലും കഴിക്കുകയുണ്ടായി. കഥാനായകൻ 8 മണിക്കു പുത്തൻപള്ളിയിൽ എത്തി ശു. കുർബാന ചൊല്ലുകയും പട്ടശ്ശേരിൽ കത്തനാർ പ്രസംഗിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 150 പറ കുറയാതെ അരി വച്ച് നാനാവിഭവങ്ങളോടു കൂടി ഒരു

സദ്യ ഉണ്ടായിരുന്നു. പള്ളിമുറ്റത്തു സ്ഥലം മതിയാകാത്തതിനാൽ റോഡിൽ കൂടി ഇരുത്തിയാണ് ഭക്ഷണം കൊടുത്തത്. കുർബാന കഴിഞ്ഞ ശേഷം പഴയപള്ളിയിലേക്കു തിരിച്ചുപോരുകയും റാസ സമയത്തേക്ക് തിരിച്ചു അവിടെ ചെല്ലുകയും സന്ധ്യാ നമസ്കാരം കഴിഞ്ഞ് വലിയപള്ളിയിലേക്ക് തന്നെ പോരുകയും ചെയ്തു.

14 നു കഥാനായകന്റെ കൂടെയുണ്ടായിരുന്ന പട്ടക്കാർ 2 പേരും കൂടി പഴയപള്ളി മുറ്റത്ത് ഒരു പ്രസംഗയോഗം നടത്തി. 16 നു കഥാനായകനെ ആർത്താറ്റ് പള്ളിയിലേക്കു കൊണ്ടുപോവുകയും കുർബാന ചൊല്ലിയ ശേഷം പഴയപള്ളിലേക്കു തിരിച്ചു പോരുകയും ചെയ്തു. 6 മണിക്കു കഥാനായകനെ എതിരേല്പോടു കൂടെ ചിറളയത്ത് പള്ളിയിലേക്ക് കൊണ്ടുപോവുകയും അവിടെയെത്തി സന്ധ്യാ നമസ്കാരം കഴിക്കുകയും ചെയ്തു. ഒടുവിൽ പ്രസംഗം പറയുകയും ചെയ്തു. അനന്തരം ആ പള്ളിയിൽ വച്ച് ഉക്സിയോസ് പറയുകയുമുണ്ടായി. ആർത്താറ്റ് പള്ളിയിൽ വച്ചും ഉക്സിയോസ് പറകയുണ്ടായി. ചിറളയം പള്ളിക്കാർ വെടിക്കെട്ടും കേമമായി നടത്തി. അതു കഴിഞ്ഞു 9 മണിയ്ക്ക് തിരികെ പഴയപള്ളിയിലേക്കു പോരുകയും ചെയ്തു.

22 നു തെക്കേ കുരിശുപള്ളിയിൽ കഥാനായകനും മറ്റും പോയി സൂത്താറാ നമസ്കാരവും പള്ളിക്കൂദാശയുടെ ആദ്യ ഭാഗവും കഴിച്ചു കൊണ്ട് തിരികെ പഴയപള്ളിയിലെത്തി താമസിക്കുകയും കാലത്ത് 7 മണിക്ക് വീണ്ടും ആ പള്ളിയിൽ പോയി പള്ളി കൂദാശ കഴിച്ച് വി. കുർബാന ചൊല്ലി. കുന്നംകുളം പട്ടക്കാരും കൂടെയുള്ള പട്ടക്കാരും സഹായികളായിരുന്നു. 14 തബലൈത്താകളും കൂദാശ കഴിച്ചു. 12 മണിക്ക് തിരികെ പോരുകയും ചെയ്തു.

4 മണിക്ക് ആർത്താറ്റ് കുന്നങ്കുളം പള്ളിക്കാരുടെ ഒരു മഹായോഗം പഴയപള്ളി മുറ്റത്ത് ഒരുക്കിയിരുന്ന സ്ഥലത്തു വച്ച് നടത്തി. ആ യോഗത്തിൽ വച്ച് ഒരു മംഗളപത്രം എത്രയും വിശേഷമായ കാസ്കറ്റിൽ വച്ച് കഥാനായകന് ആ പള്ളി വികാരി സമർപ്പിച്ചു. അങ്ങാടിയിൽ വിളംബരപ്പെടുത്തുകയും 2 പേർ കൂടി ഒരു വലിയ മണി വഹിച്ച് അങ്ങാടിയിൽ പട്ടക്കാരും പുലിക്കോട്ടു ശെമ്മാശനും മറ്റും നടന്നു. 3 കൊല്ലത്തെ റിശീസാ പിരിച്ച് ഒരു പണക്കിഴിയും കാഴ്ച വെക്കുകയുണ്ടായി. ആ യോഗത്തിൽ പല മഹാൻമാരും സന്നിഹിതരായിരുന്നതു കൂടാതെ പ്രസിദ്ധ കവിയായ വള്ളത്തോൾ നാരായണമേനോൻ എത്തിയിരുന്നു. അദ്ദേഹം എത്രയും സരസമായി ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗം മനോരമയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. കൂടാതെ ചുങ്കത്ത് ഈയുവും പ്രസംഗിച്ചു. മറുപടി പ്രസംഗം കഥാനായകൻ ചെയ്തു. കൂടാതെ ആ പള്ളി വികാരി തെക്കേക്കര കുറിയാക്കോസ് കത്തനാർ പള്ളി സംബന്ധമായി ചില സംഗതികൾ ഉചിതമായി പ്രവർത്തിച്ചതിനാൽ പള്ളിക്കാരുടെ വകയായി ഒരു സ്വർണമെഡലും കഥാ

നായകന്റെ കൈയാൽ സമ്മാനിക്കുകയുണ്ടായി. കൂടാതെ അദ്ദേഹത്തിന് ജനറാൾ വികാരിയെന്ന സ്ഥാനവും നൽകുകയുണ്ടായി. മംഗളപത്രത്തിന്റെ അച്ചടിച്ച പ്രതികൾ കൂടിയിരുന്ന ജനങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. യോഗം മംഗളമായി പര്യവസാനിച്ചു.

24 നു കഥാനായകനും മറ്റും യാത്ര പുറപ്പെട്ട് തൃശൂരെത്തുകയും അവിടെനിന്ന് തീവണ്ടിയിൽ കയറി 2 1/2 മണിക്ക് എറണാകുളത്തെത്തി മുസാവിരിയിൽ താമസിക്കുകയും അവിടെ ഭക്ഷണം കഴിച്ച് രാത്രി 9 മണിക്ക് ബസിൽ കോട്ടയത്തേക്കു പോരുകയും 3 മണിക്ക് മനോരമ ചാപ്പലിൽ എത്തുകയും ചെയ്തു. കുന്നങ്കുളങ്ങര നിന്നും പുലിക്കോട്ട് ശെമ്മാശനും കൈക്കാരൻമാരിൽ 2 പേരും എറണാകുളം വരെ വരികയും ചെയ്തു. ചാപ്പലിൽ നിന്നും ചൊവ്വാഴ്ച ഉച്ച കഴിഞ്ഞ് വള്ളിക്കാട്ട് പള്ളിയിലേക്ക് പോരുകയും 7 മണിക്കെത്തുകയും ചെയ്തു. കഥാനായകന്റെ കൂടെ പോന്നിരുന്ന പട്ടശ്ശേരിൽ കത്തനാർക്കും ലൂക്കോസ് കത്തനാർക്കും 5, 5 രൂപായും ശെമ്മാശനും വാല്യക്കാർക്കും കൂടി 5 രൂപായും കൊടുക്കയുണ്ടായി. കൂടാതെ കുന്നംകുളങ്ങരയ്ക്കുള്ള യാത്രാ ചിലവിൽ മുക്കാലേ അരയ്ക്കാലും പള്ളിക്കാർ തരുകയുണ്ടായി.

കുന്നങ്കുളങ്ങര വച്ച് പനക്കൽ ഇട്ടൂപ്പ് ഇട്ടിയവിര 5 രൂപായും ഒരു വൃദ്ധസ്ത്രീ 2 രൂപായും കൈമുത്ത് വയ്ക്കുകയുണ്ടായി. കൂടാതെ തോലത്ത് പാത്തു എന്ന ആൾ ഓടു കൊണ്ടുള്ള ഒരു കാപ്പി കോപ്പയും അവയുടെ ചുവടും കാഴ്ചയായി തന്നു.

29 നു ശനിയാഴ്ച എം. ടി. സെമിനാരിയിൽ വച്ച് തിരുമൂല ബാലികമഠക്കാർ നടത്തിയ കൗതുക വില്പനയിൽ അതാരംഭിക്കുന്നതിനായി കഥാനായകൻ ചെല്ലണമെന്ന് പി. കെ. വർക്കി മുതൽപേർ അപേക്ഷിക്കുകയും കാറയയ്ക്കുകയും ചെയ്തതിനാൽ കഥാനായകനും ശെമ്മാശനും അവിടെയെത്തി അത് നടത്തി 4 മണിക്ക് തിരിച്ചുപോന്നു. ആ സാമാനത്തിൽ ഒരു ഊറാറാ 5 രൂപ വിലയ്ക്ക് കഥാനായകൻ എടുക്കുകയുണ്ടായി. ഓണാട്ട് വക്കീലിന്റെ ഭാര്യ അന്ന ഒരു പവൻ കൊണ്ടുള്ള ഒരു സ്ലീബാ കഥാനായകന് കാഴ്ച വെക്കുകയുണ്ടായി. 13 നു ചൊല്ലി 14 നു ചൊല്ലി പ്രസംഗിച്ചു. 21 നു ചൊല്ലി പ്രസംഗിച്ചു.

24 നു കുഴിമറ്റത്ത് പട്ടശ്ശേരി കത്തനാരുടെ അപ്പൻ ഉലഹന്നാൻ മരിക്കയാൽ കഥാനായകൻ അവിടെയെത്തി ശവസംസ്കാരം നടത്തണമെന്ന് അപേക്ഷിക്കയാൽ അവിടെ എത്തി കഥാനായകനും 2 പട്ടക്കാരും കൂടി മൂന്നിൻമേൽ കുർബാന ചൊല്ലുകയും 11 മണിക്ക് ശവം സംസ്കരിക്കുകയും ചെയ്തു. വല്യപാറേട്ട് കത്തനാർ, തോപ്പിൽ കത്തനാർ, പുത്തൻ പുരയ്ക്കൽ കത്തനാർ, എണ്ണച്ചേരി കത്തനാർ, കരിപ്പാൽ കത്തനാർ, ചക്കുപുരയ്ക്കൽ

കത്തനാർ എന്നീ കത്തങ്ങളും ഉണ്ടായിരുന്നു. 2 മണിക്ക് കഥാനായകൻ തിരിച്ചുപോരുകയും ചെയ്തു.

25 നു പെരുന്നാളിൽ ചൊല്ലി ക്രമം കഴിച്ചു. പ്രസംഗിക്കയും ചെയ്തു. 26 നു ചൊല്ലി. 27 നു ചൊല്ലി. അമയന്നൂർ ശെമ്മാശൻ പ്രസംഗിച്ചു. സന്ധ്യ കഴിഞ്ഞ് കഥാനായകൻ വലിയ ഒരു എതിരേൽപ്പോടു കൂടി വാകത്താനത്ത് പള്ളിയിലേക്കു പോകയുണ്ടായി. ടി. പള്ളിയിലേക്ക് പുത്തനായി വെട്ടി തീർത്ത വഴിയിൽ കൂടിയായിരുന്നു യാത്ര. വഴിയരികിൽ വിളക്കു കത്തിക്കുക, കൊട്ട്, വെടി, പരിശമുട്ടുകളി മുതലായവ ഉണ്ടായിരുന്നു. പള്ളിയിൽ എത്തി ലുത്തനിയ കഴിക്കുകയും രാത്രി 10 മണിക്ക് പെരുന്നാളിന്റെ കൊടിയും സ്ലീബായും എടുക്കുകയും ശേഷം വെടിക്കെട്ടുമുണ്ടായിരുന്നു. 29 നു വാകത്താനത്ത് പള്ളിയുടെ സ്ഥാപനയുടെ പെരുന്നാളിൽ കഥാനായകൻ ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. 4 മണിക്ക് തിരികെ പോരുകയും ചെയ്തു.

മകര മാസം 1 നു വ്യാഴാഴ്ച മലയാള മാസം തീയതിയും അന്നു തന്നെ. പട്ടശ്ശേരിൽ കത്തനാരുടെ അപ്പന്റെ ഒൻപതാം ദിവസത്തിനടിയന്തിരം അന്ന് ആയിരുന്നു. അയാളുടെ അപേക്ഷപ്രകാരം കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ശു. കുർബാന ചൊല്ലി.

4 നു ചൊല്ലി. പ്രസംഗിച്ചു. 5 നു കഥാനായകനും മറ്റും നിലക്കൽ പള്ളിയിലേക്ക് യാത്ര നിശ്ചയിച്ചിരുന്നു. വല്യപാറേട്ട് കത്തനാരും കന്നുകുഴിയിൽ ലൂക്കോസ് വക്കീലും കാറിൽ പള്ളിയിൽ വന്നിരുന്നു. അവരോട് ഒരുമിച്ച് കാറിൽ പുറപ്പെട്ട് നരിമറ്റത്തിൽ ചെന്നപ്പോൾ വഴിയിൽ പന്തലും കെട്ടി ഒരുക്കങ്ങളും ഉണ്ടായിരുന്നതിനാൽ കാർ അവിടെ സ്വല്പസമയത്തേക്ക് നിർത്തി. പിന്നീട് പുറപ്പട്ട് എരമല്ലൂർ ചെന്നപ്പോൾ അവിടെയും മേൽപ്രകാരം ഒരുക്കങ്ങളുണ്ടായിരുന്നതിനാൽ അവിടെയും ഇറങ്ങി ലഘുഭക്ഷണം കഴിക്കയും ചെയ്തു. പിന്നീട് പുറപ്പെട്ട് പുതുപ്പള്ളി പള്ളി കടവിൽ എത്തിയപ്പോൾ ആൾകൂട്ടം വർദ്ധിച്ച് വഴിയിൽ കൂടി കാർ ഓടിക്കാൻ വിഷമം ആയി തീർന്നു. അവിടെ ഒരു പൊൻകുരിശ്, 10 വെള്ളിക്കുരിശുകൾ, അനേകം പൊൻ വെള്ളി അലുക്കിട്ട മുത്തുക്കുടകൾ, കൊടികൾ, പാണ്ടി വാദ്യം, ബാൻട്, തംബേർ മുതലായവ ഒരുക്കിയിരുന്നത് കൂടാതെ പരിശമുട്ടുകളി, കോലടി കളി മുതലായ കളികളും തയാറാക്കിയിരുന്നു. ഈവക ആഘോഷങ്ങളോടു കൂടെ പുറപ്പെട്ട് നിലക്കൽ കവലക്കൽ മാർത്തോമ്മാ ഹോറേബ് പള്ളി പടിക്കൽ ഉണ്ടാക്കിയിരുന്ന പന്തലിൽ കാർ നിർത്തുകയും അവർ ചീയർ വിളിക്കയും അവിടെ നിന്നും സ്വല്പം കൂടി പോയപ്പോൾ കവലക്കൽ വലിയ ആർച്ചുകളും മറ്റും ഉണ്ടായിരുന്നിടത്തു നിർത്തിയപ്പോൾ വെള്ളുക്കുട്ടേൽ ഭാഗംകാരുടെ ഒരു മംഗളപത്രം ചാഴിവലത്തു കൊച്ച് സമർപ്പിക്കയുണ്ടായി. അവിടെ നിന്നും പുറപ്പെട്ട് പള്ളിയിൽ എത്തി ലുത്തിനിയാ കഴിച്ചശേഷം പള്ളിക്ക്

വടക്കുവശം ഒരുക്കിയിരുന്ന പന്തലിൽ ഒരു മഹായോഗം കൂടി. സംഗീതം, മംഗളപത്രം വായന മുതലായതു നടന്നു. മംഗളപത്രം പരേതനായ ഒ. വി. വറുഗീസിന്റെ മകൻ സമർപ്പിച്ചു. പാറേട്ട് കത്തനാർ, കെ. സി. മാമ്മൻ മാപ്പിള എന്നിവരുടെ പ്രസംഗം കൂടാതെ പള്ളിക്കൂടം ചീഫ് ഇൻസ്പെക്ടർ ഒ. എം. ചെറിയാന്റെ സരസമായ പ്രസംഗവും ഉണ്ടായിരുന്നു. അനന്തരം ജനങ്ങൾ പിരിഞ്ഞു. ഇത്ര വലിയ ആൾകൂട്ടവും എതിരേല്പും അടുത്ത കാലത്തെങ്ങും നടന്നിട്ടില്ല.

6 നു ദനഹായ്ക്ക് കഥാനായകൻ നിലക്കൽ പള്ളിയിൽ ചൊല്ലി. ദനഹാ ക്രമവും കുർബാനയും പ്രസംഗവും കഴിച്ചു. 7 നു ടി. പള്ളിയിലെ പെരുന്നാളിലും കഥാനായകൻ ചൊല്ലി പ്രസംഗിച്ചു. നിലക്കലേക്കുള്ള യാത്രയെപ്പറ്റി മനോരമ 7–8 നമ്പ്ര കടലാസിൽ ദീർഘലേഖനം പരസ്യം ചെയ്തിട്ടുണ്ട്.

8 നു ഉച്ചകഴിഞ്ഞ് കഥാനായകനും മറ്റും പള്ളിയിലേക്ക് പോരികയും ചെയ്തു. പള്ളിക്കാർ 35 രൂപ കൈമുത്ത് വച്ചു. ശെമ്മാശൻമാർക്കു 2, 2 രൂപായും വാലിയക്കാർക്ക് 1 1/2 രൂപയും മുക്കാലും കൊടുക്കയുണ്ടായി.

11 നു ഞായറാഴ്ച കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. 15 നു പെരുന്നാൾ വിളിച്ചു പറഞ്ഞു. 15 നു പെരുന്നാളിൽ പട്ടശേരിൽ കത്തനാർ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലുകയും പാറേട്ടു കത്തനാർ പ്രസംഗിക്കയും ചെയ്തു. എണ്ണച്ചേരി, കരിപ്പാൽ, ചക്കുപുരക്കൽ എന്നീ കത്തങ്ങളും വന്നിരുന്നു. നടവരവ് മുൻകൊല്ലങ്ങളിലേക്കാൾ കൂടുതൽ ഉണ്ടായിരുന്നു. അന്നുകാലത്ത് പട്ടശ്ശേരിൽ കത്തനാർ പൂവാടി ചാക്കോയുടെയും ശോശയുടെയും കുട്ടിയെ മാമോദീസ കഴിച്ച് വറുഗീസ് എന്ന് പേരിട്ടു. തലതൊട്ടത് ചൂട്ടുവയലിൽ കോര.

15 നു കഥാനായകൻ ചൊല്ലി. 18 നു ചൊല്ലി പ്രസംഗിക്കയും പെരുന്നാളിൽ കലഹവും വഴക്കും വർദ്ധിച്ച് കാണുന്നതിനാൽ മേലാൽ പള്ളിയിൽ അപ്പം നേർച്ച വേണ്ട എന്ന് വിരോധിക്കയും ചെയ്തു. 25 നു ചൊല്ലി പ്രസംഗിച്ചു. 26 നു കാനത്തിൽ വച്ച് പുതിയ പള്ളിയിൽ കർമ്മം നടത്തുന്നതിന് പള്ളിക്കാരെ കൊണ്ട് ഉടമ്പടി എഴുതിച്ചു കൊണ്ട് ആയ്തു ചെയ്‌വാൻ പാമ്പാടി റമ്പാച്ചന് കല്പന കൊടുത്തു. പൊങ്ങന്താനം ഭാഗത്തു വച്ച പള്ളിയിലും കർമ്മം നടത്തുന്നതിന് അനുവാദ കല്പന കൊടുത്തു. 27 നു പൊങ്ങന്താനത്തു പള്ളിയിൽ വല്യമണ്ണിൽ യോഹന്നാൻ കത്തനാർ കുർബാന ചൊല്ലി. പള്ളിയുടെ നാമം മാർത്തോമ്മാ ശ്ലീഹായുടെ ഗെദ്സീമോൻ പള്ളി എന്നാണ്. വല്യ പാറേട്ട് കത്തനാർ, കുറിച്ചിയിൽ തോപ്പിൽ കത്തനാർ, പട്ടച്ചേരിൽ കത്തനാർ, പുന്നൂസു കത്തനാർ, കരിപ്പാൽ കത്തനാർ എന്നിവരും അവിടെ കൂടിയിരുന്നു. ആദ്യ കർമ്മം പെരുന്നാളിന്റെ രീതിയിൽ കഴിച്ചു. 31 നു കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി.

കുംഭ മാസം 1 നു ഞായറാഴ്ച ചൊല്ലി. പള്ളത്തു വടക്കേപ്പറമ്പിൽ ചാണ്ടി വക്കീൽ മരിച്ചു. ടിയാന്റെ കബറടക്കത്തിനായി കഥാനായകൻ ചെല്ലണമെന്ന് അവർ അപേക്ഷിക്കയാൽ അവർ കൊണ്ടുവന്ന കാറിൽ കരിപ്പാൽ യാക്കോബു കത്തനാരോടൊരുമിച്ച് അവിടെ പള്ളത്ത് പള്ളിയിൽ എത്തി. മട്ടക്കൽ മല്പാൻ മുതലായ പല പട്ടക്കാരുടെയും സഹകരണത്തിൽ ആയ്ത് നടത്തിയും കൊണ്ട് 4 മണിക്ക് തിരിച്ചുപോന്നു.

2 നു പെരുന്നാളിൽ ചൊല്ലി. 7 നു ശനിയാഴ്ച കഥാനായകൻ ഈയ്യാണ്ടത്തെ മാക്കാംകുന്ന് പള്ളി മിറ്റത്തു കെട്ടിഒരുക്കിയിരിക്കുന്ന പന്തലിൽ വച്ച് നടത്തുന്ന കൊൺവെൻഷ്യനിൽ എത്തണമെന്ന് അവർ മുൻകൂട്ടി അപേക്ഷിച്ചിരുന്നതനുസരിച്ച് കഥാനായകനും മറ്റും കാലത്തെ അവർ അയച്ചിരുന്ന കാറിൽ പുറപ്പെട്ട് തിരുവല്ല ബഥനിയിൽ എത്തി മഠം വക ചാപ്പലിൽ കയറി പ്രാർത്ഥന കഴിച്ചു. ബഥനിയുടെ മാർ ഈവാനിയോസ് എപ്പിസ്കോപ്പാ അന്നു ആ ചാപ്പലിൽ കുർബാന ചൊല്ലി. കന്യാസ്ത്രീകളായി അവിടെ താമസിക്കുന്ന സ്ത്രീകളുടെ മഠത്തിൽ കയറി അവരെ കാണുകയും അവരുടെ കാപ്പി സൽക്കാരം സ്വീകരിക്കയും ചെയ്തു. പിന്നീട് തിരുമൂലം ബാലികാമഠത്തിൽ കയറി മദാമ്മമാരെയും പെൺകുട്ടികളെയും സന്ദർശിച്ചുകൊണ്ട് അവിടെ നിന്നും പുറപ്പെട്ട് ബഥനി വക സാധുക്കൾ താമസിച്ചിരുന്ന കെട്ടിടത്തിൽ എത്തി കുറെ വിശ്രമിക്കയും ചെയ്ത ശേഷം 11 മണിക്ക് മാർ ഈവാനിയോസ് എപ്പിസ്കോപ്പായുമൊരുമിച്ച് കാറിൽ പുറപ്പെട്ട് തുമ്പമൺ പള്ളിയിൽ എത്തി പ്രാർത്ഥന കഴിക്കയും അവിടെ നിന്ന് ഉച്ചഭക്ഷണം കഴിച്ചുകൊണ്ട് ഈവാനിയോസ് എപ്പിസ്കോപ്പാ മാക്കാംകുന്നിലേക്ക് പോകയും കഥാനായകൻ തുമ്പമൺ പള്ളിയിൽ ഇരിക്കയും ചെയ്തു.

കഥാനായകൻ 2 മണിക്ക് തുമ്പമൺ പള്ളിയിൽ നിന്നും പുറപ്പെട്ട് കൈപ്പട്ടൂർ പള്ളിയിൽ എത്തി പ്രാർത്ഥന കഴിക്കയും ചെയ്ത് അവിടെനിന്ന് വലിയ ഒരു ആൾക്കൂട്ടത്തോടു കൂടെയും എതിരേല്പോടു കൂടെയും പുറപ്പെട്ട് ആറ്റിനരികത്തു കെട്ടിഒരുക്കിയ കമനീയമായി അലങ്കരിച്ചിട്ടുള്ള പന്തലിൽ ഇറങ്ങി അവരുടെ കാപ്പി സൽക്കാരം സ്വീകരിക്കയും ചെയ്തു. പിന്നീട് അവിടെ നിന്നും പുറപ്പെട്ട് ഓമല്ലൂർ പള്ളിയിൽ എത്തി പ്രാർത്ഥന കഴിച്ചുകൊണ്ട് പുറപ്പെട്ട് വടക്കേടത്ത് ഗീവറുഗീസ് കത്തനാർ വക കാപ്പിസൽക്കാരം സ്വീകരിക്കയും ചെയ്തശേഷം 5 മണിക്ക് മാക്കാംകുന്നു പള്ളിയിൽ ലുത്തിനിയാ കഴിക്കയും പട്ടക്കാർ കഥാനായകനെ കസേരയിൽ ഇരുത്തി ഉക്സിയോസ ആർക്കുകയും ചെയ്തു. ഈ യാത്ര തുമ്പമൺ മഹാഇടവകയുടെ എല്ലാ പള്ളിക്കാരുടെയും കൂടെ ആയിരുന്നതിനാൽ ആൾക്കൂട്ടം വളരെ ആയിരുന്നു. 25000 ൽ കൂടുതൽ അല്ലാതെ കുറവുള്ളതായി തോന്നുകില്ല. ബാൻട്, കൊടി മുതലായവകളും ധാരാളമുണ്ടായിരുന്നു. പള്ളിക്കലെ പ്രാർത്ഥന

കഴിഞ്ഞശേഷം പ്രസംഗയോഗം നടത്താൻ ഒരുക്കിയിരുന്ന പന്തലിൽ പോകയും അവിടെ വച്ച് ചിലരുടെ പ്രസംഗങ്ങൾ നടക്കുകയും ചെയ്തു.

പിറ്റെ ദിവസം ഞായറാഴ്ച കഥാനായകൻ മാക്കാംകുന്ന് പള്ളിയിൽ ശു. കുർബാന അനുഷ്ഠിച്ചു. അന്നു 3 മണിക്ക് പന്തലിൽ ഒരു മഹായോഗം കൂടി കഥാനായകന് ഒരു മംഗളപത്രം സമർപ്പിക്കയും ആ യോഗത്തിൽ ബഥനി എപ്പിസ്കോപ്പാ, പുത്തൻകാവിൽ കെ. ജി. ചെറിയാൻ, വടക്കേടത്തു ഗീവറുഗീസ് കത്തനാർ മുതൽ പേർ പ്രസംഗിക്കയും ചെയ്തു. കഥാനായകൻ മറുപടി പ്രസംഗം പറയുകയും ചെയ്തു. പിന്നീട് പ്രസംഗയോഗം നടന്നു. ആ യോഗത്തിൽ എൻ. ജി. കുര്യൻ, എൻ. ഐ. പോത്തൻ എന്നിവർ പ്രാസംഗികൻമാരായിരുന്നു. പിറ്റെദിവസം 3 നോമ്പിന്റെ തിങ്കളാഴ്ച എൻ. ജി. കുര്യൻ, ദാവീദ് ശെമ്മാശൻ തുടങ്ങിയവർ പ്രസംഗം പറഞ്ഞു. ബഥനി എപ്പിസ്കോപ്പാ ചൊവ്വാ, ബുധൻ എന്നീ ദിവസങ്ങളിൽ ദീർഘമായി പ്രസംഗിച്ചു. വ്യാഴാഴ്ച ബഥനി എപ്പിസ്കോപ്പാ ആ പള്ളിയിൽ ശു. കുർബാന ചൊല്ലി. യോഗത്തിൽ ആൾക്കൂട്ടം വളരെയായിരുന്നു.

14 നു ഓമല്ലൂർ വടക്കേടത്ത് ഗീവറുഗീസ് കത്തനാർ മുതലായ 8, 10 പേർ കഥാനായകന് 25 രൂപ കൈമുത്ത് വച്ചു. കഥാനായകനും മറ്റും മാക്കാംകുന്ന് പള്ളിയിൽ നിന്ന് പുറപ്പെട്ട് ചെങ്ങന്നൂർ പെരിശേരി പള്ളിക്കാരുടെ എതിരേൽപ്പോടു കൂടി രാത്രി 7 മണിക്ക് അവിടെയെത്തി താമസിച്ചു. മാർ ഗ്രീഗോറിയോസ് മെത്രാച്ചനും, ബഥനി എപ്പിസ്കോപ്പായും രാത്രി തന്നെ അവിടെ വന്നുചേർന്നു. പിറ്റെദിവസം ഞായറാഴ്ച ഞങ്ങൾ 3 പേരും കൂടെ പെരിശേരി പള്ളിയിൽ കളക്കാട്ടിൽ ഉണ്ണൂണ്ണിയുടെ ആവശ്യ പ്രകാരം മൂന്നിൻമേൽ കുർബാന ചൊല്ലി. അന്ന് ഉച്ചകഴിഞ്ഞ് 4 മണിക്ക് ടി. പള്ളിയോഗം കൂടി കഥാനായകന് ഒരു മംഗളപത്രം സമർപ്പിക്കുകയും ബഥനി എപ്പിസ്കോപ്പായും മറ്റും പ്രസംഗിക്കുകയും ചെയ്തു.

11 നു ഉച്ചകഴിഞ്ഞ് കഥാനായകൻ 4 മണിക്ക് പുത്തൻകാവ് പള്ളിയിലേക്ക് പോയി. പള്ളിക്കാരുടെ കേമമായ എതിരേൽപ്പും ചെങ്ങന്നൂർ മുതലുണ്ടായിരുന്നു. ഈ എതിരേൽപ്പിന് അനേകായിരം ജനങ്ങൾ കൂടിയിരുന്നു. ഗ്രീഗോറിയോസ് മെത്രാച്ചനും കാറിൽ കഥാനായകന്റെ കൂടെയുണ്ടായിരുന്നു. ബഥനി എപ്പിസ്കോപ്പാ തിരുവല്ലായിൽ നിന്നും പകലെ തന്നെ പുത്തൻകാവിൽ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. പിറ്റെദിവസം ടി. പള്ളിയിൽ പരേതനായ അന്ത്രയോസ് ബാവായുടെ ഓർമ്മയിൽ കഥാനായകൻ ശു. കുർബാന ചൊല്ലുകയും ഗീവറുഗീസ് മെത്രാച്ചൻ പ്രസംഗിക്കുകയും ചെയ്തു. തലേന്ന് രാത്രി 7 മണിക്കാണ് പുത്തൻകാവ് പള്ളിയിലെത്തിയത്. പള്ളിയിലെത്തി ലുത്തിനിയായും പ്രാർത്ഥനയും കഴിച്ചു കൊണ്ടിരുന്നപ്പോൾ വലിയ മഴയുണ്ടായി. മഴയില്ലാതിരുന്നതിനാൽ ജനങ്ങൾ വിഷമിക്കുകയായിരുന്നു. ഈ മഴ കൃഷികൾക്ക് വലിയ ഉപകാരപ്രദമായി ഭവിച്ചു. അതിനെ

പ്പറ്റി പുത്തൻകാവുകാരൻ ഒരു ഗൃഹസ്ഥനായ ഹിന്ദു കഥാനായകനോട് പറയുകയുണ്ടായി. 17 നു ഉച്ചകഴിഞ്ഞ് 6 മണിക്ക് കൊടി, കുരിശ് മുതലായ സാമാനങ്ങളോടു കൂടി പട്ടക്കാരും ജനങ്ങളും അങ്ങാടിയിലേക്ക് റാസയായി പുറപ്പെടുകയും 7 മണിക്ക് തിരികെ പോരുകയും ചെയ്തു. ഉടനെ ഒരു മഹായോഗം കൂടി. പുത്തൻകാവ് പള്ളിക്കാരുടെ വകയായി അച്ചടിച്ച ഒരു മംഗളപത്രം സമർപ്പിച്ചു. അതിന്റെ വളരെ പ്രതികൾ വിതരണം ചെയ്തു. യോഗത്തിൽ വട്ടശ്ശേരിൽ ഗീവറുഗീസ് ബി.എ., ബഥനി എപ്പിസ്കോപ്പാ എന്നിവർ പ്രാസംഗികൻമാരായിരുന്നു. പരേതനായ വലിയ മാർ ദീവന്നാസ്യോസ്[135] എന്ന മെത്രാപ്പോലീത്തായും ആ പള്ളിയിൽ അടക്കപ്പെട്ടിരുന്നയാളും ആയ വലിയ ദീവന്നാസ്യോസിന്റെ ഒരു എണ്ണഛായാ പടം മാവേലിക്കര ചിത്രമെഴുത്ത് കെ. എം. വറുഗീസ്[136] എഴുതിക്കൊണ്ടു വന്നതിനെ കഥാനായകനെക്കൊണ്ടു അനാഛാദനം ചെയ്യിക്കുകയുണ്ടായി. കെ. എം. വറുഗീസ് എഴുതിക്കൊണ്ടു വന്നിരുന്ന അദ്ദേഹത്തിന്റെ ഒരു ജീവചരിത്രവും യോഗത്തിൽ ടിയാൻ വായിക്കുകയുണ്ടായി. രാത്രി തന്നെ ബഥനി എപ്പിസ്കോപ്പാ തിരുവല്ലായ്ക്കും പിറ്റെ ദിവസം ഗ്രീഗോറിയോസ് മെത്രാച്ചൻ കുറിച്ചി പള്ളിയിലേക്കും പോകയും ചെയ്തു.

22 നു കഥാനായകൻ പുത്തൻകാവ് പള്ളിയിൽ ശു. കുർബാന ചൊല്ലുകയും മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയെ സംബന്ധിച്ചു പ്രസംഗിക്കുകയും ചെയ്തു. 24 നു ചൊവ്വാഴ്ച കഥാനായകൻ കിഴക്കെതലയ്ക്കൽ തോമ്മാ കത്തനാർ ഒരുമിച്ച് വള്ളിക്കാട്ട് പള്ളിയിലേക്ക് കാറിൽ പോവുകയും 10 മണിക്ക് അവിടെയെത്തുകയും ടി. കത്തനാർ ഉടനെ തിരിച്ചു പോവുകയും ചെയ്തു. പുത്തൻകാവ് പള്ളിക്കാർ കഥാനായകന് 70 രൂപ കൈമുത്ത് വച്ചു. ശെമ്മാശനും വാല്യക്കാരനും യോഗ്യമായത് ചെയ്യുകയും ഉണ്ടായി.

27 നു കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. കാരുചിറ ചെറിയാന്റെയും മറിയത്തിന്റെയും കുട്ടിയെ മാമോദീസാ മുക്കി ഗീവറുഗീസ് എന്ന് പേരിട്ടു. തലതൊട്ടത് ചൂരപ്പാടിയിൽ ചാക്കോ. തോട്ടയ്ക്കാട് പള്ളിയിലേക്ക് യാത്ര നിശ്ചയിച്ചിരുന്നു. അന്നു ഉച്ചകഴിഞ്ഞ് ടി. പള്ളിക്കാർ അയച്ചിരുന്ന കാറിൽ വല്യപാറേട്ട് മത്യാസ് കത്തനാർ ഒരുമിച്ചാ പള്ളിയിലേക്ക് പുറപ്പെട്ടു. യാത്രാമദ്ധ്യേ നിലയ്ക്കൽ പള്ളിയിൽ കയറി പ്രാർത്ഥന കഴിച്ചു. പിന്നീടു അവിടെ നിന്നും പുറപ്പെട്ടു കൈതയിൽപാലത്തുങ്കൽ എത്തിയപ്പോൾ കൊട, കൊടി, വെള്ളിക്കുരിശുകൾ എന്നിവയും അനവധിയാളുകളും അവിടെ ഹാജരുണ്ടായിരുന്നു. അവിടെ നിന്നും ഘോഷയാത്രയായി പുറപ്പെട്ട് 4 1/2 മണിക്കു പള്ളിയിൽ എത്തി ലുത്തിനിയായും പ്രസംഗവും കഴിച്ചശേഷം കസേരയിൽ ഇരുത്തി പട്ടക്കാർ ഉക്സിയോസ് ചൊല്ലുകയും ചെയ്തു. അനന്തരം പള്ളിമുറ്റത്തു തയ്യാറാക്കപ്പെട്ടിരുന്ന പന്തലിൽ പ്രവേശിച്ചു പ്ലാറ്റുഫോറത്തിൽ കഥാനായകൻ ഇരിക്കുകയും പാറേട്ടു കത്തനാർ പ്രസംഗിക്കുകയും ഉണ്ടായി.

ഉടനെ ആ പള്ളിക്കാരുടെ വകയായി ഒരു മംഗളപത്രം അച്ചടിച്ചത് കഥാനായകന് സമർപ്പിക്കുകയും അതിന്റെ വളരെ പ്രതികൾ ജനങ്ങൾക്കു കൊടുക്കുകയും ചെയ്തു. കഥാനായകൻ ഉപസംഹാര പ്രസംഗവും ചെയ്തു. എല്ലാവരും പ്രാർത്ഥനയും കഴിച്ച് യോഗം അവസാനിപ്പിച്ചു.

28 നു തോട്ടയ്ക്കാട് പള്ളിയുടെ കൂദാശ പല പട്ടക്കാരുടെയും സഹകരണത്തിൽ കഥാനായകൻ നടത്തി. പാമ്പാടി റമ്പാച്ചൻ, വല്യപാറേട്ട് മാത്യൂസ് കത്തനാർ, കരിപ്പാൽ കത്തനാർ, പുന്നൂസ് കത്തനാർ, വട്ടക്കുന്നേൽ കത്തനാർ എന്നിവരുമുണ്ടായിരുന്നു.

മീന മാസം 1 നു ഞായറാഴ്ച ടി. പള്ളിയിൽ വലിയമണ്ണിൽ യോഹന്നാൻ കത്തനാർ കുർബാന ചൊല്ലുകയും കഥാനായകൻ കെത്തനെ ഞായറാഴ്ചയെക്കുറിച്ചും നോമ്പിനെക്കുറിച്ചും പ്രസംഗിക്കുകയുമുണ്ടായി. 2 നു ടി. പള്ളിയിൽ ഉച്ചനമസ്കാരത്തോടു കൂടി ശുബ്ക്കോനാ ക്രമം കഴിക്കുകയും കഥാനായകൻ പ്രസംഗിക്കുകയും ചെയ്തു. അന്ന് 2 1/2 മണിക്ക് കഥാനായകനും മറ്റും അവിടെ നിന്ന് വള്ളിക്കാട്ട് പള്ളിയിലേക്ക് പുറപ്പെട്ടു. യാത്രാമദ്ധ്യേ നവീകരണക്കാരുടെ ഇല്ലിക്കൽ പള്ളിയിൽ കയറണമെന്ന് അവർ അപേക്ഷിക്കുകയാൽ കഥാനായകൻ അവിടെ കയറി പ്രാർത്ഥിക്കുകയും അനുഗ്രഹിക്കുകയുമുണ്ടായി. ഉടനെ അവിടെ നിന്ന് പുറപ്പെട്ട് 3 മണിക്ക് വള്ളിക്കാട്ട് പള്ളിയിലെത്തുകയും കൂടെ പോന്നിരുന്നവർ തിരിച്ച് പോകുകയും ചെയ്തു. 35 രൂപ പള്ളിക്കാർ കൈമുത്ത് വച്ചു. ശെമ്മാശനും വാല്യക്കാർക്കും 7 രൂപായും കൊടുക്കയുണ്ടായി.

5 നു വ്യാഴാഴ്ച വാകത്താനത്ത് പൊങ്ങന്താനം ഭാഗത്ത് പുതുതായി വച്ചിട്ടുള്ള പള്ളിയിൽ കഥാനായകൻ മഞ്ചലിൽ പോയി ആയതു കണ്ട് തിരിച്ചുപോരുകയും ചെയ്തു. 7 നു ചൊല്ലി. 8 നു ചൊല്ലി പ്രസംഗിച്ചു. 14 നു ചൊല്ലി. അമയന്നൂർ ശെമ്മാശൻ പ്രസംഗിച്ചു. 21, 22, 28 തീയതികളിൽ ചൊല്ലി. 29 നു ചൊല്ലി പ്രസംഗിച്ചു.

മേട മാസം 4 നു ശനിയാഴ്ച ചൊല്ലി. 5 നു ചൊല്ലി. പ്രസംഗിച്ചു. 10 നു 40-ാം വെള്ളിയാഴ്ച ചൊല്ലി പ്രസംഗിച്ചു. 11 നു ചൊല്ലി. 12 നു ഓശാനയ്ക്ക് ചൊല്ലി ക്രമം കഴിക്കുകയും ചെയ്തു. 13 നു ഒളശയിൽ നാലാത്ര എൻ. ഐ. പോത്തൻ വിശേഷമായൊരു കസേര കഥാനായകന് കാഴ്ചയായി കൊടുത്തയയ്ക്കുകയും അതിലേക്ക് സന്തോഷസൂചകമായി ഒരെഴുത്ത് കൊടുത്തയയ്ക്കുകയും ചെയ്തു. 15 നു ഉച്ചതിരിഞ്ഞ് കഥാനായകൻ വാകത്താനത്ത് പള്ളിയിലേക്ക് പോയി. 16 നു പെസഹായ്ക്ക് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ കുർബാന ചൊല്ലി. 7 മണി മുതൽ 10 വരെ ജനങ്ങൾക്ക് ശു. കുർബാന കൊടുത്തു. ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ കാൽ കഴുകൽ ശുശ്രൂഷ നടത്തി. കുഴിമറ്റത്ത് കത്തനാർ, കുറിച്ചിയിലെ 2 പട്ട

Malankara Orthodox TV

ക്കാർ, വാകത്താനത്തെ പട്ടക്കാർ, കരിപ്പാൽ കത്തനാർ, തോട്ടയ്ക്കാട് കത്തനാർ, കോഴഞ്ചേരി കത്തനാർ, പാതിക്കാട്ട് ശെമ്മാശൻ, പനയമ്പാല ജോൺ ശെമ്മാശൻ, അമയന്നൂർ ശെമ്മാശൻ ഇങ്ങനെ 13 പേരുണ്ടായിരുന്നു. പനയമ്പാല ജോൺ ശെമ്മാശൻ പ്രസംഗിച്ചു. കൂടിയിരുന്ന പട്ടക്കാർക്കും മറ്റും കാപ്പി സത്കാരം ഭംഗിയായി കൊടുത്തു.

17 നു ദുഃഖവെള്ളിയാഴ്ച 8 മണിയ്ക്ക് കാലത്തെ നമസ്കാരവും 3 മണിയുടെ നമസ്കാരവും കഴിച്ച് 10 മണിയ്ക്ക് കഴിച്ചു അവസാനിപ്പിച്ചു. ഉടനെ പാതിക്കാട്ടിൽ ശെമ്മാശൻ പ്രസംഗിച്ചു. 11 1/2 മണിക്ക് ഉച്ചനമസ്കാരവും 22 1/2 യുടെ നമസ്കാരവും കഴിച്ച് 1 മണിക്ക് അവസാനിപ്പിച്ചു. പനയമ്പാലെ ജോൺ ശെമ്മാശൻ പ്രസംഗിച്ചു. 1 1/2 മണിക്ക് സ്ലീബാ വന്ദനവിന്റെ ക്രമം ആരംഭിച്ചു. 4 മണിക്ക് അവസാനിച്ചു. പാതിയ്ക്കാട് ശെമ്മാശനും ജോൺ ശെമ്മാശനും രാത്രി പോകയും ചെയ്തു.

18 നു വാകത്താനത്ത് പള്ളിയിൽ നമസ്കാരത്തോടു കൂടെ എണ്ണശേരി കത്തനാർ ശു. കുർബാന ചൊല്ലി.

19 നു ഉയിർപ്പിന് കഥാനായകൻ രാത്രി 1 മണിക്ക് പള്ളിയകത്ത് പോയി ശു. കുർബാനയും പ്രസംഗവും ക്രമവും കഴിച്ചു. 6 മണിക്ക് അവസാനിച്ചു. അന്ന് എണ്ണശേരി കത്തനാരുടെ കുട്ടി കാട്ടിൽ കത്തനാരുടെ മകളുടെ കുട്ടി മുതലായ 7 കുട്ടികളെ മാമ്മോദീസാ മുക്കി. എണ്ണച്ചേരി കത്തനാരുടെ കുട്ടിയ്ക്ക് പീലിപ്പോസ് എന്ന് പേര്. കുർബാന കഴിഞ്ഞ ശേഷം കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്ക് പോരുകയും ചെയ്തു.

22 നു വള്ളിക്കാട്ട് പള്ളിയിൽ ചക്കുപുരയ്ക്കൽ കത്തനാർ ചൊല്ലി. തോണിപുരയ്ക്കൽ സ്കറിയ – മറിയം എന്നിവരുടെ കുട്ടിയെ കഥാനായകനും പുന്നൂസു കത്തനാരും കൂടി മാമോദീസാ കഴിച്ച് തോമാ എന്ന് പേരിട്ടു. തല തൊട്ടത് തോണിപ്പുരയ്ക്കൽ ഉമ്മൻ വാദ്ധ്യാർ ബി. എ. ആണ്. 25 നു ടി. പള്ളിയിൽ പുന്നൂസു കത്തനാർ കുർബാന ചൊല്ലി. കഥാനായകനും ടി. കത്തനാരും കൂടി കരിമ്പുംകാലായിൽ ഉലഹന്നാന്റെയും റാഹേലിന്റെയും കുട്ടിയെ മുക്കി റാഹേൽ എന്ന് പേരിട്ടു. തല തൊട്ടത് ടിയിൽ അക്ക.

26 നു ഞായറാഴ്ച വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. പനയമ്പാല റ്റി. വി. ജോൺ ശെമ്മാശൻ എം. എ., വാളക്കുഴിയിൽ മാത്തന്റെ മകൾ അന്നയെ ടി. പള്ളിയിൽ വച്ച് വിവാഹം കഴിക്കയിൽ വിവാഹകർമ്മം കഥാനായകൻ നടത്തി. വാളക്കുഴിയിൽ ശെമ്മാശനും, പനയമ്പാല കൊച്ചു ശെമ്മാശനും, അമയന്നൂർ ശെമ്മാശനും ഉണ്ടായിരുന്നു. ശുശ്രൂഷ കഴിഞ്ഞ് 10 1/2 മണിക്ക് കാറിലും ബസിലുമായി അവർ തിരിച്ചുപോകയും ചെയ്തു. ഇടവ മാസം 2 നു ചൊല്ലി. 3 നു ചൊല്ലി പ്രസംഗിച്ചു. 4 നു വാഴൂരിൽ ഒരു പള്ളി വയ്ക്കുന്നതിന് അനുവാദകല്പന കൊടുത്തു. 6 നു നിരണം, തുമ്പമൺ, കൊല്ലം

എന്നീ ഭദ്രാസന ഇടവകയിലെ റിശീസാ പിരിവിന് കണ്ണങ്കോട്ട് സി. ഇ. ലൂക്കോസു കത്തനാർക്ക് കല്പന കൊടുത്തു.

11 നു ചൊല്ലി. വി. കുർബാനയെപ്പറ്റി പ്രസംഗിച്ചു. 15 നു വലുതും ചെറുതുമായി 25 കുപ്പി സൈത്തു കഥാനായകൻ കുഴിമറ്റം കത്തനാർ, കരിപ്പാൽ കത്തനാർ, പുന്നൂസ് കത്തനാർ, പാമ്പാടികണ്ടത്തി കത്തനാർ എന്നിവരുടെ സഹകരണത്തിൽ കൂദാശ ചെയ്തു പള്ളിക്കാർക്ക് കൊടുത്തു. വള്ളിക്കാട്ട് പള്ളിക്കായി തൈപ്പിച്ചതും 20 രൂപാ വിലയുള്ളതുമായ കാപ്പ പൊങ്ങന്താനം പള്ളിക്ക് ദാനമായി കൊടുത്തു. 16 നു ചൊല്ലി. പള്ളിയിൽ പോകുന്നതു എന്തിന് എന്ന സംഗതിയെപ്പറ്റി പ്രസംഗിച്ചു. 24 നു ചൊല്ലി. 31 നു പെന്തിക്കുസ്തി പെരുന്നാളിൽ ചൊല്ലി ക്രമം കഴിച്ചു.

മിഥുന മാസം 6, 7 തീയതികളിൽ ചൊല്ലി. 7 നു പ്രസംഗിക്കയും ചെയ്തു. 14 നു ചൊല്ലി. ശ്ലീഹാ നോമ്പിനെപ്പറ്റിയും പാപിയായ സ്ത്രീയെപ്പറ്റിയും പ്രസംഗിച്ചു. 20 നു മേപ്രാൽ കണിയാന്ത്ര യൌസേപ്പ് മൂപ്പിലേക്ക് സുഖക്കേട് കൂടുതലാണെന്നും കന്തീലാ കഴിക്കണമെന്നും കണിയാന്ത്ര മരിച്ചുപോയ മുനിസിപ്പിന്റെ മകൻ കുഞ്ഞച്ചൻ വന്ന് അപേക്ഷിക്കയും കാറു കൊണ്ടുവരികയും ചെയ്കയാൽ കഥാനായകൻ അവിടെ 4 മണിയോടു കൂടെ എത്തി ഉപ്രുശ്മാ കഴിച്ചുകൊണ്ട് മേപ്രാൽ പള്ളിയിൽ പോയി താമസിച്ചു.

21 നു കഥാനായകൻ ടി. പള്ളിയിൽ കുർബാന ചൊല്ലി. കാതോലിക്കാ സ്ഥാനത്തെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. ദീനക്കാരൻ മൂപ്പീലെ ജോർജ്ജിന്റെ കുട്ടിയെ മാമ്മോദീസാ കഴിച്ച് ശോശ എന്ന് പേരിട്ടു. ഉച്ച കഴിഞ്ഞ് ടി. മൂപ്പിലേക്ക് കഥാനായകൻ, കണിയാന്ത്ര കത്തനാർ, പൂതിയോട്ട് അബ്രഹാംകത്തനാർ, മണലിൽ കത്തനാർ, മൂലമണ്ണിൽ കത്തനാർ എന്നിവരുടെ സഹകരണത്തിൽ കന്തീലക്രമം കഴിക്കയും ചെയ്തു. അന്ന് 4 1/2 മണിക്ക് കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്ക് പോരികയും ചങ്ങനാശ്ശേരിയിൽ നിന്നും വണ്ടിപിടിച്ച് പുറപ്പെട്ട് രാത്രി 1 1/2 മണിക്ക് പള്ളിയിൽ എത്തുകയും ചെയ്തു. ടി. വീട്ടുകാർ 20 രൂപാ കൈമുത്തു കൊടുത്തു.

24 നു കൊല്ലാട് ചെമ്പകശ്ശേരീൽ ദത്തോസ് എന്ന ആളിന് സുഖക്കേടാണെന്ന് കേട്ട് തെക്കേപ്പുറത്തു ഉലഹന്നാൻ ഒരുമിച്ച് അവിടെ എത്തി ടിയാനെ കണ്ട് പ്രാർത്ഥന കഴിച്ചുംവച്ച് തിരിച്ചുപോന്നു. .... തിരുവനന്തപുരം പള്ളി വികാരി പൂതക്കുഴിയിൽ അബ്രഹാം കത്തനാർ കണിച്ചേരിൽ കുറിയാക്കോസ് ശെമ്മാശനുമായി കഥാനായകന്റെ അടുത്തു വന്നു. ടി. ശെമ്മാശനെ കഥാനായകന്റെ അടുക്കൽ താമസിപ്പിച്ചു പഠിപ്പിക്കാനായിരുന്നു. അന്നു അവർ 2 പേരും കൂടി കോട്ടയത്തിന് പോകയും ശെമ്മാശൻ 28 നു തിരിച്ചുവരികയും ചെയ്തു.

28 നു കഥാനായകൻ ചൊല്ലി. അമയന്നൂർ ശെമ്മാശൻ പ്രസംഗിച്ചു. 29 നു ചൊല്ലി. 30 നു പട്ടച്ചേരിൽ കത്തനാരും പുന്നൂസു കത്തനാരും കൂടി കുറിച്ചിയിൽ പാട്ടാശേരിൽ പോയി. കഥാനായകൻ അവരോടു കൂടെ ചേർന്നിരുന്ന ചിട്ടിവക സകല ബാധ്യതകളും പറഞ്ഞുതീർത്ത് നെല്ലും പണവുമായി ടിയാൻമാർ തരികയും ചെയ്തു. നെല്ലു കൊണ്ടുവരാൻ ചൂരപ്പാടിൽ അബ്രഹാമിനെ വള്ളവുമായി അയയ്ക്കയും കർക്കടകം 1 നു തിരിച്ചുവരികയും ചെയ്തു.

കർക്കടക മാസം 2 നു വള്ളിക്കാട്ട് പള്ളി നീട്ടിപ്പണിയുന്നതിന് വാനം മാന്തി പണി തുടങ്ങി. 3 നു പെരുന്നാളിൽ ചൊല്ലി. പ്രസംഗിച്ചു. അപ്പം നേർച്ചയും പാച്ചോർ നേർച്ചയും ഉണ്ടായിരുന്നു. 5 നു ചൊല്ലി. തുമ്പമൺ ശെമ്മാശു പ്രസംഗിച്ചു. 12 നു ചൊല്ലി. ടി. ശെമ്മാശൻ പ്രസംഗിച്ചു.

18 നു കളപ്പുരയ്ക്കൽ അച്ചന്റെ ഓർമ്മയിൽ ചൊല്ലി. 19 നു ചൊല്ലി. തെക്കേപ്പുറത്തു ഉലഹന്നാച്ചന്റെയും മറ്റും ആഗ്രഹപ്രകാരം ഉച്ചയോടു കൂടെ അവിടെ എത്തി കാപ്പിയും ഭക്ഷണവും കഴിക്കയും അവിടെയുള്ള 3 വീടുകളിലും പോയി പ്രാർത്ഥിക്കയും ചെയ്തു. 4 മണിക്ക് തിരിച്ചുപോരികയും ചെയ്തു. അവിടെ ഇത്തുക്കായുടെ മകൾ കുഞ്ഞമ്മ എന്നു വിളിച്ചു വരുന്ന അക്ക പല വേലകൾ ചെയ്തിരുന്നു. തോരണം, കുലവാഴ, കടലാസു വെട്ടിപ്പാറിക്കൽ, പടിക്കൽ ആർച്ച് മുതലായ പണികൾ ചെയ്തിരുന്നു. ഭക്ഷണം വകയ്ക്ക് പല സാധനങ്ങളും സംഭരിച്ചിരുന്നു. എല്ലാ സംഗതികളും വളരെ സന്തോഷമായി തോന്നാൻ തക്ക പ്രവൃത്തികൾ ചെയ്തിരുന്നു. 26 നു ചൊല്ലി. പ്രസംഗിച്ചു.

**1102**

ചിങ്ങ മാസം 1 നു ശനിയാഴ്ച ചൊല്ലി. 2 നു ചൊല്ലി. 3 നു പാമ്പാടി റമ്പാച്ചൻ, സി. റ്റി. ഈപ്പൻ, വട്ടശ്ശേരിൽ ഗീവറുഗീസ് ബി. എ., സി. ഒ. ഉമ്മൻ മുതലായവർ കഥാനായകന്റെ അടുക്കൽ വരികയും അവർ അന്നു തന്നെ തിരിച്ചു പോകയും ചെയ്തു. 6 നു ചൊല്ലി പ്രസംഗിച്ചു. 9 നു ചൊല്ലി. അമയന്നൂർ ശെമ്മാശൻ പ്രസംഗിച്ചു. അന്നു പനയമ്പാല റ്റി. വി. ജോൺ ശെമ്മാശനും ഭാര്യയും വള്ളിക്കാട്ട് പള്ളിയിൽ വരികയും മദ്രാസിൽ നിന്നും വാങ്ങിച്ച ഒരു ടൈംപീസ് കഥാനായകന് കൊടുക്കയും ചെയ്തു.

15 നു ചൊല്ലി. 16 നു ഞായറാഴ്ച കൈതയിൽ കോശി വക്കീലിന്റെ മകൻ ജോർജ്ജ്, മാരേട്ട് ഫീലിപ്പോസ് ജഡ്ജിയുടെ മകൾ മറിയത്തെ വാകത്താനത്തു പള്ളിയിൽ വച്ച് വിവാഹം ചെയ്കയിൽ കഥാനായകൻ വാകത്താനത്തു പള്ളിയിൽ എത്തി ശു. കുർബാന ചൊല്ലി. ടി. വിവാഹ കർമ്മം പാറേട്ട് മത്യാസ് കത്തനാർ മുതൽപേരുടെ സഹകരണത്തിൽ നടത്തി തിരിച്ചുപോയി. ചെർക്കൻ 10 രൂപയും പെണ്ണ് ഒരു പവനും കൈമുത്ത് വച്ചു.

22 നു ചൊല്ലി. തുമ്പമൺ ശെമ്മാശൻ പ്രസംഗിച്ചു. പള്ളത്തു പാറേക്കടവിൽ കുരിയാളയുടെയും അക്കയുടെയും കുട്ടിയെ മാമോദീസാ മുക്കി വറുഗീസ് എന്ന് പേരിട്ടു. തലതൊട്ടത് ചിറത്തലാട്ട് വർഗീസ്. കൂടാതെ കാര്യക്കുളത്ത് അബ്രഹാത്തിന്റെയും അന്നയുടെയും കുട്ടിയെയും മുക്കി കുറിയാക്കോസ് എന്ന് പേരിട്ടു. തലതൊട്ടത് കാര്യക്കുളത്ത് പോത്തൻ. 30 നു ചൊല്ലി പ്രസംഗിച്ചു.

കന്നി മാസം 1 നു ചൊവ്വാഴ്ച ചൊല്ലി. 5 നു ചൊല്ലി. 6 നു ചൊല്ലി. തുമ്പമൺ ശെമ്മാശു പ്രസംഗിച്ചു. 8 നു ചൊല്ലി പ്രസംഗിച്ചു. 12 നു വാകത്താനം തെക്കുംഭാഗക്കാരുടെ എതിരേല്പോടു കൂടെ കഥാനായകൻ പഴഞ്ചിറെ പള്ളിക്കുടത്തിലേക്ക് കാർ വഴി പോകയുണ്ടായി. ബാൻട്, പഞ്ചവാദ്യം, കുട്ടികളുടെ പാട്ട് മുതലായവകൾ ഉണ്ടായിരുന്നു. പള്ളിയിൽ നിന്നും 12 മണിക്ക് പുറപ്പെട്ട് 1 മണിക്ക് പള്ളിക്കുടത്തിൽ എത്തി. ഈ യാത്രയും എതിരേല്പും നടത്തിയത് ടി. ഭാഗംകാർ പണം പിരിച്ചെടുത്ത് എത്രയും വിശേഷമായി കസവുപണികൾ ചെയ്യിച്ചിരുന്ന ഒരു പത്രസീൻ കഥാനായകനു സമർപ്പിക്കുന്നതിനായിരുന്നു. പള്ളിക്കുടം കമനീയമായി അലങ്കരിച്ചിരുന്നു. ടി. പള്ളിക്കുടത്തിൽ ഒരു യോഗം നടത്തുന്നതിന് മുൻകൂട്ടി നിശ്ചയിച്ചിരുന്നു. അതിലേക്ക് പ്രാസംഗികന്മാരെയും ക്ഷണിച്ചിരുന്നു. മറ്റ് പല മഹാൻമാരെയും പൗരപ്രമാണികളെയും വരുത്തിയിരുന്നു. യോഗം കൂടിയപ്പോൾ വട്ടശ്ശേരിൽ ഗീവറുഗീസ് ബി. എ., മാവേലിക്കര എം. ജി. കുര്യൻ എന്നിവർ ഓരോ വിഷയങ്ങളെ സംബന്ധിച്ച് പ്രസംഗിച്ചു.

അതിന്റെ ശേഷം മുൻപറഞ്ഞ വിശേഷമായ പത്രസീൻ (150 രൂപ വില വരുന്ന) പാറേട്ട് കത്തനാരെക്കൊണ്ട് കഥാനായകന് സമർപ്പിച്ചു. ടി. പത്രസീൻ തയ്ച്ചത് വാഴപ്പള്ളിയിൽ കല്ലുകളത്തിൽ ജേക്കബ് എന്ന റോമാക്കാരനായിരുന്നു. അയാൾക്ക് 12 പണവിടയിലൊരു മോതിരം യോഗത്തിൽ വച്ച് കഥാനായകൻ കൊടുക്കയുണ്ടായി. യോഗത്തിന്റെ ഒടുവിൽ ടി. ഭാഗക്കാർ പത്രസീൻ സമർപ്പിച്ചതിനെപ്പറ്റിയുള്ള നന്ദി പ്രദർശിപ്പിച്ച് പ്രസംഗിക്കുകയും എല്ലാവരെയും ആശീർവദിക്കുകയും ചെയ്തു. അനന്തരം പാട്ട്, ചീയർ, കാപ്പി സത്കാരം ഇവ കഴിഞ്ഞ് കാറിൽ തന്നെ കഥാനായകൻ തിരിച്ചുപോരുകയും ചെയ്തു. ഈ യോഗം നടത്തുന്നതിന് പണം പിരിച്ച് പത്രസീൻ തയ്പിപ്പിക്കുന്നതിന് ഉത്സാഹിച്ചത് തെക്കേപുറത്ത് ഉലഹന്നാച്ചൻ, പഴഞ്ചിറ പുത്തൻപുരയിൽ കുര്യൻ, മൂലയിൽ തൊമ്മി, പൂവത്തുംമൂട്ടിൽ ഉമ്മൻ, ചിറത്തലാട്ടുകാർ എന്നിവരായിരുന്നു.

13 നു കഥാനായകൻ ചൊല്ലി. സ്ലീബാ പെരുന്നാളിനെപ്പറ്റി പ്രസംഗിച്ചു. കണ്ണഞ്ചിറ മിഷൻ സ്കൂളിന്റെ മുൻവശത്ത് വച്ച് മദ്യവർജ്ജന പ്രസംഗങ്ങൾ പലരും കൂടി നടത്തി. 20 നു ചൊല്ലി. തുമ്പമൺ ശെമ്മാശു പ്രസംഗിച്ചു. ടി. പള്ളിയുടെ സ്ഥാപനപ്പെരുന്നാളും കോതമംഗലത്ത് ബാവായുടെ ഓർമ്മയും

ആയിരുന്നു. 24, 25 തീയതികളിൽ വള്ളിക്കാട്ട് പള്ളിയിൽ പുതുതായി പണികഴിപ്പിച്ച നാടകശാലയ്ക്ക് കഴുക്കോൽ ഇറക്കി ഏതാനും ഓടിടീൽ കഴിച്ചു.

27 നു ചൊല്ലി. കഥാനായകൻ പ്രസംഗിച്ചു. 28 നു നാടകശാല പണിത ആശാരികൾക്ക് സദ്യയും ഓരോ മുണ്ടുകൾ സമ്മാനം ചെയ്തു. സന്ധ്യയ്ക്കു തെക്കേപ്പുറത്തു നിന്നും ചിറത്തലാട്ടു നിന്നും പഴഞ്ചിറെ പുത്തൻ പുരയിൽ നിന്നും കൈതയിൽ പഴഞ്ചിറ നിന്നും കാരുചിറെ ചൂരപ്പാടിൽ പൂവത്തുംമൂട്ടിൽ കുരുവിള, ഒറ്റപ്ലാക്കൽ തൊമ്മി, മൂലയിൽ തൊമ്മി എന്നിവർ പല സാമാനങ്ങൾ കൊണ്ടുവന്നിരുന്നു. അതു കൊണ്ടത്രെ സദ്യ കഴിച്ചത്.

തുലാ മാസം 3 നു മുമ്പ് പരുമല വച്ച് പണിയിച്ച ശീലമുടിയിൽ വച്ച് തൈച്ചിരുന്ന വെള്ളി കുമളകളും പൂക്കളും ഒരു തൃശിവപേരൂക്കാരനെ കൊണ്ട് സ്വർണ്ണം പൂശിച്ചത് തെക്കേപ്പുറത്ത് ഇത്തുക്കായുടെ മകൾ കുഞ്ഞമ്മയെ ആയതു വില്ലൂസിൽ വച്ച് തൈച്ചു തരുന്നതിന് ഏല്പിക്കുകയും ഭംഗിയായി തൈച്ച് ഏല്പിക്കുകയും ചെയ്തു. നാലിന് ആ ശീലമുടി ധരിച്ച് വി. കുർബാന ചൊല്ലി.

അമയന്നൂർ ശെമ്മാശു വരികയും തുമ്പമൺ ശെമ്മാശു പോകുകയും ചെയ്തു. 11 നു ചൊല്ലി പ്രസംഗിച്ചു. 15 നു പരുമല പെരുനാളിനായി കഥാനായകനും മറ്റും പുറപ്പെട്ട് പിറ്റെദിവസം അവിടെയെത്തി. ദീവന്നാസ്യോസ് മെത്രാച്ചനവിടെയുണ്ടായിരുന്നു. 17 നു ഫീലിപ്പോസ് കത്തനാർ ശു. കുർബാന ചൊല്ലി. 18 നു കഥാനായകനും ഫീലിപ്പോസു കത്തനാരും പനയ്ക്കാമറ്റം കൊച്ചുകത്തനാരും മൂന്നിൻമേൽ കുർബാന ചൊല്ലി.

19 നു കാലത്തെ മാരാമണ്ണിൽ നിന്നും ഗ്രീഗോറിയോസ് മെത്രാച്ചനും തിരുവല്ലയിൽ നിന്ന് ബഥനി എപ്പിസ്കോപ്പായും പാമ്പാടിയിൽ റമ്പാച്ചനും വന്നുചേർന്നു. 20 നു പെരുന്നാളിന് കഥാനായകനും ഗ്രീഗോറിയോസ് മെത്രാച്ചനും, പാമ്പാടി റമ്പാച്ചനു കൂടി മൂന്നിൻമേൽ കുർബാന ചൊല്ലി. ഉച്ചകഴിഞ്ഞ് വൈദികയോഗം കൂടിയതിൽ എല്ലാ മെത്രാച്ചൻമാരും തിരുവനന്തപുരം പള്ളി വികാരിയും പ്രസംഗിച്ചു. കൊടിയും, സ്ലീബായും കഴിഞ്ഞ് എല്ലാവരും പിരിയുകയും ചെയ്തു. പട്ടക്കാർക്കു പതിവുപോലെ കുർബാനപണം കൊടുത്തു.

21 നു ഗ്രീഗോറിയോസ് മെത്രാച്ചനും 2 പട്ടക്കാരും കൂടി മൂന്നിൻമേൽ കുർബാന ചൊല്ലുകയും ടി. മെത്രാച്ചൻ ഒരു കോറൂയോയ്ക്ക് ശെമ്മാശു പട്ടം കൊടുക്കയും ചെയ്തു. പരുമല പെരുന്നാളിന്റെ വരവ് എടുത്തു. മുൻകൊല്ലത്തേതിൽ പണം കുറവായിരുന്നു.

Malankara Orthodox TV

22 നു ബാലികാമഠത്തിലെ പെൺകുട്ടികളും മദാമ്മമാരും വാദ്യൻമാരും പരുമല പള്ളിയിൽ വന്ന് മെത്രാച്ചനെയും മറ്റും കാണുകയും സംഗീതങ്ങൾ ചൊല്ലുകയും ചെയ്തു. സിമ്മനാരിയിൽ നിന്ന് അവർക്ക് ഭക്ഷണം കൊടുത്തു. 100 ൽ അധികം പെൺകുട്ടികളുണ്ടായിരുന്നു. കഥാനായകന് നിരണത്ത് പൂവംവേലിയിൽ ഗീവറുഗീസ് എന്നൊരാൾ ചികിൽസ നടത്തി. അത് വയറിളക്കയും, ഛർദ്ദിപ്പിക്കുകയും ആയിരുന്നു. വൈകുന്നേരം വരെ ക്ഷീണമുണ്ടായിരുന്നു. പിന്നീട് ഭക്ഷണം കഴിച്ചപ്പോൾ ക്ഷീണം തീർന്നു.

23 നു കഥാനായകൻ വള്ളിക്കാട്ട് പള്ളിയിലേക്കു യാത്ര പുറപ്പെട്ടു. ... 24 നു സന്ധ്യയോടു കൂടി ടി. പള്ളിയിലെത്തുകയും ചെയ്തു. 25 നും 27 നും അപ്പന്റെ ഓർമ്മയ്ക്കും കഥാനായകൻ ചൊല്ലി.

വൃശ്ചിക മാസം 1 നു ഞായർ കൂദാശ്ഈത്തോയ്ക്ക് ചൊല്ലി പ്രസംഗിച്ചു. 5 നു വ്യാഴാഴ്ച ചെങ്ങന്നൂർ പള്ളിയിൽ നിന്നും ഗീവറുഗീസ് കത്തനാർ വള്ളിക്കാട്ട് പള്ളിയിൽ ഒരു കാർ കൊണ്ടുവരികയും കഥാനായകനും മറ്റും 4 മണിക്ക് പുറപ്പെട്ട് ചെങ്ങന്നൂർ വലിയപള്ളിയിൽ 6 മണിക്ക് എത്തുകയും ചെയ്തു. ആ പള്ളിഇടവകയിലെ പൂവത്തൂർ യാക്കോബ് മൂപ്പൻ കത്തനാർ ഉച്ചയ്ക്കു മുമ്പ് മരിച്ചിരുന്നതിനാൽ കബറടക്ക ശുശ്രൂഷയ്ക്കായി അവിടെ കഥാനായകൻ താമസിച്ചു. നിരണത്തു നിന്ന് ഗ്രീഗോറിയോസ് മെത്രാച്ചനും 1 1/2 മണിക്ക് അവിടെയെത്തി. രാത്രി 8 മണിക്ക് മൃതശരീരം പള്ളിയിൽ കൊണ്ടുവന്നു. പല പട്ടക്കാരുടെയും സഹകരണത്തിൽ കഥാനായകനും ഗ്രീഗോറിയോസ് മെത്രാച്ചനും കൂടി കബറടക്ക ശുശ്രൂഷ 11 മണിയോടു കൂടി നടത്തുകയും ചെയ്തു. ചില നവീകരണ പട്ടക്കാരും ശുശ്രൂഷയിൽ സംബന്ധിച്ചു. കബറടക്കം കഴിഞ്ഞ് കഥാനായകൻ ടി. കത്തനാരെ സംബന്ധിച്ച് പ്രസംഗിക്കുകയുണ്ടായി. 6 നു കാലത്ത് കഥാനായകൻ അവിടെ നിന്നും പെരിശേരി പള്ളിയിലെത്തി ശു. കുർബാന ചൊല്ലി. ഗ്രീഗോറിയോസ് മെത്രാച്ചൻ അവിടെ വന്നുചേർന്നു. ഉച്ചനമസ്കാരം കഴിഞ്ഞ് ആ പള്ളി മദ്ബഹാ പുതുതായി പണിയുന്നതിന് വാനം മാന്തിയിരുന്നതിൽ 3 കരിങ്കൽ സ്ഥാപിക്കുകയും അവയുടെ കീഴെ ഒരു പണവിട സ്വർണ്ണവും ഒരു വെള്ളി ആൾരൂപവും വെക്കുകയും ചെയ്തു. അതു കഴിഞ്ഞ് കഥാനായകൻ കാറിൽ 3 മണിക്ക് വള്ളിക്കാട്ട് പള്ളിയിലേക്ക് പോരുകയും മറ്റെ മെത്രാച്ചൻ അയിരൂർക്ക് പോവുകയും ചെയ്തു. കഥാനായകൻ പോവും വഴി തിരുവല്ലായിൽ നിന്ന് ഒരു തയ്യിൽകൈ മെഷീൻ 107 രൂപയ്ക്ക് വാങ്ങിക്കൊണ്ട് വള്ളിക്കാട്ട് 4 1/2 മണിക്ക് എത്തുകയും ചെയ്തു.

7 നു കഥാനായകൻ വള്ളിക്കാട്ട് പള്ളിയിൽ ചൊല്ലി. ഉച്ച കഴിഞ്ഞ് തെക്കേപുറത്ത് കുഞ്ഞമ്മ പല സമ്മാനങ്ങളുമായി പള്ളിയിൽ വന്നു. ഈ പെൺകുട്ടിക്ക് വിവാഹം നിശ്ചയിച്ചിരുന്നതിനാൽ അനുഗ്രഹിച്ചയയ്ക്കുകയും ചെയ്തു. ടി. പെൺകുട്ടി ഒരു സൽസ്വഭാവം ഉള്ളവളാണ്. അവൾ കഥാ

നായകന് കമ്പോട്ടർ തയ്ച്ചുകൊണ്ടു വരിക, ശീലമുടിക്ക് കുമളകൾ തയ്ച്ചു കൊണ്ടു വരിക, തൂവാലകൾ തയ്ക്കുക, മുത്തുമാലകൾ തരുക, അലങ്കാരത്തിന് കടലാസ് തുടലുകൾ ഉണ്ടാക്കി തരുക മുതലായ പല ജോലികൾ ചെയ്തു തന്നിട്ടുണ്ട്. അതിന്റെ സന്തോഷസൂചകമായി ഇരുമ്പ് സ്റ്റീൽപെട്ടി അവൾക്ക് കഥാനായകൻ കൊടുക്കുകയുണ്ടായി. 8 നു ചൊല്ലി പ്രസംഗിച്ചു. 9 നു തെക്കുപുറത്ത് കുഞ്ഞമ്മയുടെ ആവശ്യം പ്രമാണിച്ച് കഥാനായകൻ ചൊല്ലുകയും അവൾക്ക് ശു. കുർബാന കൊടുക്കയും ചെയ്തു. അന്ന് ഉച്ചതിരിഞ്ഞ് ടി. പെൺകുട്ടിയെ വാകത്താനത്ത് പള്ളിയിൽ വച്ച് മൂലേടത്ത് മംഗലത്ത് വീട്ടിലെ കുരുവിള വിവാഹം ചെയ്കയിൽ കഥാനായകൻ വാകത്താനത്തു പള്ളിയിൽ ഉച്ചയോടു കൂടി എത്തി ടി. വിവാഹകർമ്മം എണ്ണച്ചേരിൽ കത്തനാർ, പുന്നൂസ് കത്തനാർ മുതലായ പട്ടക്കാരുടെ സഹകരണത്തിൽ നടത്തി തിരിച്ചുപോന്നു. ചെക്കൻ 13 രൂപ കൈമുത്ത് വെച്ചു. പെണ്ണ് 1 പവൻ കൈമുത്ത് വകയ്ക്ക് കൊണ്ടുവന്നു. അതു തിരിച്ചുകൊടുത്തു.

13 നു ടി. മംഗലത്ത് കുരുവിള ബി. എ. എന്ന യുവാവ് മാർത്തോമ്മാ സഭയിൽ പെട്ടവനായിരുന്നു. അവൻ കഥാനായകന്റെ അടുക്കൽ നാളതു വന്നപ്പോൾ ആത്മീയ കാര്യത്തെപ്പറ്റി സംസാരിക്കയും ടിയാൻ അതേ വരെയും ശു. കുർബാന കൈക്കൊണ്ടിട്ടില്ലെന്ന് പറഞ്ഞു. അതിനാൽ കുർബാനയുടെ മാഹാത്മ്യത്തെപ്പറ്റിയും ഒരു ക്രിസ്ത്യാനിക്ക് ആവശ്യം വേണ്ടിയിരിക്കുന്നത് വി. കുർബാനയാണെന്നും അതുടനെ അനുഭവിക്കണമെന്നും കുമ്പസാരിക്കണമെന്നും ഗുണദോഷിച്ചതിനെ സന്തോഷപൂർവ്വം കൈക്കൊണ്ട് അടുത്ത ദിവസം ഒരുങ്ങി വരാമെന്ന് പറഞ്ഞ് പോവുകയും ചെയ്തു. പിറ്റെദിവസം ആ യുവാവ് പള്ളിൽ വന്ന് കുമ്പസാരിച്ച് പോകുകയും ചെയ്തു.

15 നു കഥാനായകൻ ശു. കുർബാന ചൊല്ലി. സ്കറിയാ എന്ന ആചാര്യനെക്കുറിച്ചും ആചാര്യ സ്ഥാനത്തെക്കുറിച്ചും കുർബാനയുടെ മാഹാത്മ്യത്തെക്കുറിച്ചും ദീർഘമായി പ്രസംഗിച്ചതിൽ ടി. ചെക്കനും മറ്റും സന്തോഷിക്കുകയും ടിയാനും വേറെ ചിലരും വി. കുർബാനയിൽ സംബന്ധിക്കുകയും ചെയ്തു. തെക്കേപുറത്ത് കുഞ്ഞമ്മ എന്ന പെൺകുട്ടി ദൈവഭക്തിയുള്ളവളും നല്ല കാര്യങ്ങൾക്ക് ജാഗരൂകയുള്ളവളും മാസം തോറും വി. കുർബാനയിൽ സംബന്ധിക്കുന്നവളുമായിരുന്നതിനാൽ അന്യ സമുദായത്തിൽ വിവാഹം ചെയ്തതിനെക്കുറിച്ച് മനസ്താപം ഉണ്ടായിരുന്നു എങ്കിലും ചെക്കൻ ചൊവ്വുള്ളവനും അനുസരണയുള്ളവനുമായി കണ്ടതിൽ സന്തോഷത്തിനിടയായി. അവൻ സത്യവിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിക്കുന്നതിനായി അവനോട് ഗുണദോഷിക്കയും അനുഗ്രഹിച്ചയക്കുകയും ചെയ്തു.

22 നു ശു. കുർബാന ചൊല്ലി. ദൈവമാതാവിനെപ്പറ്റി പ്രസംഗിച്ചു. 27 നു നാടകശാലക്ക് അകത്ത് കല്ലാശാരികൾ 5 പേർ കൂടി സിമന്റ് വാർത്തു. 28

നു മുഖവാരത്തെ സിമന്റ് കുരിശു 3 ഉം വാർത്തെടുത്തു. 2 കുരിശ് വച്ചു. 29 നു ചൊല്ലി. കുർബാന കഴിഞ്ഞ് മുഖവാരത്ത് നടുവിൽ കുരിശു വച്ചു. അതിനുള്ള വഴിപ്പാട് ഇടീലും ഉണ്ടായിരുന്നു. 13 രൂപായോളം വരവുണ്ടായിരുന്നു. കല്ലാശാരിമാർക്ക് ചില്ലറ സമ്മാനവും കൊടുത്തു. കുർബാനയ്ക്ക് മേസൽത്തായെക്കുറിച്ചും മർത്താ മറിയത്തെക്കുറിച്ചും പ്രസംഗിക്കുകയുണ്ടായി.

ധനു മാസം 5 നു ചൊല്ലി. 6 നു ചൊല്ലി. 13 നു ചൊല്ലി. കുർബാനയെപ്പറ്റി പ്രസംഗിച്ചു. 20 നു ചൊല്ലി. അമയന്നൂർ ശെമ്മാശൻ പ്രസംഗിച്ചു. 25 നു പിറവി പെരുന്നാളിൽ ചൊല്ലി പ്രസംഗിച്ചു. തീജ്വാലക്രമം കഴിക്കുകയും 27 നു ചൊല്ലി പ്രസംഗിക്കുകയും 28 നു വാകത്താനത്തു പള്ളിയിൽ പെരുന്നാൾ വെടിക്കെട്ട് മുതലായവ നടത്തി. പെരുന്നാൾ സദ്യയും കേമമാക്കി.

**1927**

മകര മാസം 1 നു വെള്ളിയാഴ്ച ചൊല്ലി. 3 നു ചൊല്ലി പ്രസംഗിച്ചു. 10 നു ചൊല്ലി പ്രസംഗിച്ചു. 15 നു പെരുന്നാളിൽ പതിവിൻപ്രകാരം അപ്പം നേർച്ചയായി കൊണ്ടുവരരുതെന്ന് പ്രസ്താവിച്ചു.

## കുറിപ്പുകൾ

1. 1881 ജനുവരിയിൽ മലങ്കരയിലെത്തി. കോട്ടയം ചെറിയപള്ളിയിൽ താമസിച്ചിരുന്ന ഇദ്ദേഹം 1889 ജൂൺ 11-ന് കാലം ചെയ്ത് കോട്ടയം പുത്തൻ പള്ളിയിൽ കബറടക്കപ്പെട്ടു.
2. (= പിതാവ്) *സുറിയാനി പദം*. മേല്പട്ടക്കാരെയും ഗോത്രപിതാക്കളെയും ഈ പേരിൽ സുറിയാനിയിൽ സംബോധന ചെയ്തുവരുന്നു. കേരളത്തിൽ സിറിയയിൽ നിന്നും (മദ്ധ്യപൗരസ്ത്യദേശത്തു നിന്നും) വന്നിരുന്ന മേല്പട്ടക്കാരെ മുമ്പ് ഇപ്രകാരം വിളിച്ചിരുന്നു. മലയാളികളായ ഏതാനും മേൽപട്ടക്കാരെ മാത്രമേ 1912 നു മുമ്പ് ഇങ്ങനെ വിളിച്ചിരുന്നുള്ളു.
3. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. 1876 ഡിസംബർ 3 ന് വടക്കൻപറവൂർപള്ളിയിൽവെച്ച് മേൽപ്പട്ടസ്ഥാനം. 1907 നവംബർ 2 ന് കാലം ചെയ്തു. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടക്കി.
4. സുറിയാനി പദം. ആദ്യഫലം എന്നർത്ഥം. മേല്പട്ടക്കാർക്കു നൽകുന്ന പ്രതിവർഷ തലവരിയാണ് ഈ പേരിൽ അറിയപ്പെട്ടിരുന്നത്.
5. വേദപുസ്തകത്തിലെ സങ്കീർത്തനങ്ങൾ.
6. വി. കന്യക മർത്ത മറിയാം (ദൈവമാതാവ്).
7. മലങ്കരസഭയിൽ പട്ടക്കാരെ തിരഞ്ഞെടുക്കുന്നത് അതാത് പള്ളിയോഗവും, ആ തിരഞ്ഞെടുപ്പ് അംഗീകരിക്കുന്നത് അർക്കദ്യക്കോനുമായിരുന്നു. പിന്നീട് ആ ചുമതല മെത്രാപ്പോലീത്തായ്ക്കായി.

Malankara Orthodox TV

8. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (1833 - 1909). വിദ്യാഭ്യാസ, പത്രപ്രവർത്തന, പ്രസിദ്ധീകരണ മേഖലക ളിലെല്ലാം പ്രവർത്തിച്ച സാമൂഹ്യ പരിഷ്കർത്താവ്. മലയാള മനോരമ പത്രത്തിന്റെ സ്ഥാപനത്തിൽ നിർണായക പങ്കു വഹിച്ചു. 1865 ൽ മെത്രാ പ്പോലീത്തായായി. നവീകരണ കൊടുങ്കാറ്റിൽ നിന്ന് മലങ്കര സഭയെ രക്ഷപ്പെ ടുത്തി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി എന്നിവയുടെ ശില്പി. ആരാധനാക്രമങ്ങൾ മലയാളത്തിൽ പ്രസി ദ്ധീകരിച്ചു. 200 ൽ പരം സ്കൂളുകൾ സ്ഥാപിച്ചു. 1909 ജൂലൈ 11 നു കാലം ചെയ്തു. പഴയ സെമിനാരി ചാപ്പലിൽ കബറടക്കി.

9. മലങ്കരസഭയിൽ നിന്നു പിരിഞ്ഞുപോയ നവീകരണവിഭാഗവുമായി (പിന്നീട് മാർത്തോമ്മാ സഭ) സെമിനാരിക്കു വേണ്ടി നടന്ന വ്യവഹാരം.

10. പാത്രിയർക്കീസ് ബാവായെ അനുകൂലിക്കുന്ന വിഭാഗം എന്ന അർത്ഥ ത്തിലാണ് ഇവിടെ ബാവാ കക്ഷികൾ എന്നുപറഞ്ഞിരിക്കുന്നത്. പാലക്കു ന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ അനുകൂലിക്കുന്ന വിഭാഗമാ യിരുന്നു അന്ന് മെത്രാൻ കക്ഷി. ബാവാ കക്ഷി - മെത്രാൻ കക്ഷി എന്നീ പ്രയോഗങ്ങൾ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലെത്തിയതിനെ തുടർന്ന് യഥാക്രമം പാത്രിയർക്കീസ് - മലങ്കര മെത്രാപ്പോലീത്താ അനു കൂല കക്ഷികൾക്കായി.

11. പ. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് VI മലങ്കര മെത്രാപ്പോ ലീത്താ. മല്ലപ്പള്ളി സ്വദേശി. 1858-ൽ ജനിച്ചു. 1891-ൽ മലങ്കര മല്പാൻ. 1908-ൽ മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായി തിരഞ്ഞെടുക്ക പ്പെട്ടു. 1908 മെയ് 31 ന് യേറുശലേമിൽ വെച്ച് മാർ ദീവന്നാസ്യോസ് ആറാ മനായി വാഴിക്കപ്പെട്ടു. 1909-ൽ മലങ്കര മെത്രാപ്പോലീത്താ. 1934 ഫെബ്രു വരി 23-നു കാലം ചെയ്തു. കോട്ടയം പഴയസെമിനാരിയിൽ കബറടക്കി. 2002 ഫെബ്രുവരിയിലെ മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് തീരുമാനപ്രകാരം 2003 ഫെബ്രുവരി 24 ന് പരിശുദ്ധനായി പ്രഖ്യാപിച്ചു.

12. കരവട്ടു വീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ്. കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. ഇദ്ദേഹം രചിച്ച നാളാഗമം എന്ന അപ്രകാ ശിത സഭാചരിത്രഗ്രന്ഥം ഒരു അമൂല്യ നിധിയാണ്. 1886 ഒക്ടോ. 2 ന് കാലം ചെയ്ത് കടുംഗമംഗലം പള്ളിയിൽ കബറടക്കപ്പെട്ടു.

13. ഈ സുറിയാനി വാക്കിന് ഉയിർപ്പ് എന്നാണർത്ഥം. ക്യംതാ നമ സ്ക്കാരമാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്.

14. ആ കാലഘട്ടത്തിലെ പ്രമുഖ സുറിയാനി പാഠശാല. കോനാട്ട് മല്പാ ന്മാർ പരമ്പരയായി ഗുരുകുല മാതൃകയിൽ നടത്തിയിരുന്ന സ്ഥാപനം.

15. അമ്പാട്ട് ഗീവർഗ്ഗീസ് മാർ കൂറീലോസ്. അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. 1891 മാർച്ച് 9 ന് കാലം ചെയ്ത് അങ്കമാലി സെന്റ് മേരീസ് പള്ളിയിൽ കബറടങ്ങി.

16. സുറിയാനി ഗുരു.

Malankara Orthodox TV

17. മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ്. കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. 1877 മെയ് 17 ന് ചിറളയം പള്ളിയിൽ വെച്ച് മേൽപ്പട്ടസ്ഥാനം. 1912 സെപ്റ്റംബർ 15 ന് പ്രഥമ പൗരസ്ത്യ കാതോലിക്കായായി (മാർ ബസേലിയോസ് പൗലൂസ് പ്രഥമൻ). 1913 മെയ് 2 ന് കാലം ചെയ്തു. പാമ്പാക്കുട ചെറിയപള്ളിയിൽ കബറടക്കി.

18. പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (1874-1964). കുറിച്ചി സ്വദേശി. പരുമല തിരുമേനിയുടെ വാത്സല്യ ശിഷ്യൻ. 1912 സെപ്റ്റംബർ 8 ന് മെത്രാപ്പോലീത്തായായി. 1929 ഫെബ്രുവരി 15 ന് മലങ്കരസഭയുടെ മൂന്നാം കാതോലിക്കായായി സ്ഥാനമേറ്റു. 1934 ഡിസം. 26 ന് മലങ്കര മെത്രാപ്പോലീത്തായായി. 1964 ജനുവരി മൂന്നിന് കാലം ചെയ്തു.

19. പ്രഥമ വൈദിക പദവി. വായനക്കാരൻ എന്നാണ് പദത്തിനർത്ഥം.

20. വാക്കിന്റെയർത്ഥം 'പൂർണ്ണ ശെമ്മാശനു താഴെയുള്ള' സ്ഥാനം (Sub deacon) എന്നാണ്. വൈദികപദവിയിലേക്കു വരുമ്പോൾ ഇപ്പോൾ അധികവും ഈ സ്ഥാനമാണ് ആദ്യം നൽകുന്നത്. ഇവർ ശുശ്രൂഷക്കുപ്പായത്തിനു പുറമെ, ഊറാറ മാറിലൂടെ ഒന്നു ചുറ്റി ഇടത്തെ തോളിലൂടെ അതിന്റെ തുമ്പുകൾ മുമ്പോട്ടും പിമ്പോട്ടുമായി ഇട്ട് ധരിക്കുന്നു.

21. പോളീഷ് വംശജനായ ഇദ്ദേഹം റോമൻ കത്തോലിക്കാ സഭാംഗമായിരുന്നു. പിന്നീട് ഓൾഡ് കാതലിക് ചർച്ചിലും റഷ്യൻ ഓർത്തഡോക്സ് സഭയിലും പട്ടക്കാരൻ. 1891-ൽ സുറിയാനി സഭയിൽ ചേർന്നു. 1892 മെയ് 29-നു കൊളംബോയിൽ വച്ചു അമേരിക്കയുടെ മെത്രാപ്പോലീത്തായായി. തുടർന്ന് ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലായി അനേകം സഭകൾ സ്ഥാപിക്കുകയും അനേകം പേരെ വൈദികരായും മേല്പട്ടക്കാരായും വാഴിക്കുകയും ചെയ്തുവെങ്കിലും സഭാപരമായി ഇദ്ദേഹത്തിന്റെ നിലപാടുകൾക്ക് സ്ഥിരതയില്ലായിരുന്നു. 1929 ജൂലൈ 8-നു കാലം ചെയ്തു.

22. റോമൻ കത്തോലിക്കാ സഭയിൽ നിന്നും 1887-ൽ സുറിയാനി സഭാ വിശ്വാസത്തിലേക്കു വന്ന ഒരു ജസ്യൂട്ട് പുരോഹിതൻ. 1889 ജൂലൈ 29-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്തായായി. ഗോവയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഏതാനും പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായിരുന്നു. ഗോവയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയതു മൂലം പോർട്ടുഗീസ് - റോമൻ കത്തോലിക്കാ ഭരണാധികാരികളാൽ പീഡിപ്പിക്കപ്പെട്ടു. പല കുറ്റങ്ങളും ആരോപിക്കപ്പെട്ട് ജയിലിലടക്കപ്പെട്ടു. 1923 സെപ്റ്റംബർ 23-ന് കാലം ചെയ്തു. പൊതു ശ്മശാനത്തിൽ അടക്കപ്പെട്ടു. 1967 ൽ ഭൗതികാവശിഷ്ടം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ (അന്ന് ബാഹ്യ കേരളാ ഭദ്രാസന മെത്രാപ്പോലീത്താ) ഗോവാ സെന്റ് മേരീസ് പള്ളിയുടെ മദ്ബഹായുടെ താഴെ പ്രത്യേകം തയാറാക്കിയ കല്ലറയിൽ നിക്ഷേപിച്ചു.

23. പ. പരുമല തിരുമേനി (1848 - 1902).

24. പട്ടക്കാരനല്ലാത്ത സാധാരണ ക്രിസ്ത്യാനികളെ വിശേഷിപ്പിക്കുന്നത്.

Malankara Orthodox TV

25. പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ്. തുർക്കിയിലെ ഡയർബക്കർ സ്വദേശി. 1881 ൽ ശീമോൻ അത്താനാസ്യോസിന്റെ കൂടെ ശെമ്മാശനായി കേരളത്തിൽ വന്നു. 1908 ൽ ഇറാക്കിലെ മൂസലിൽ വെച്ച് ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി കേരളത്തിൽ തിരിച്ചെത്തി. 1930 മാർച്ച് 19-നു കാലം ചെയ്തു. മലങ്കരയിലെ അന്ത്യോഖ്യാ പ്രതിനിധി എന്ന് അവകാശപ്പെട്ടിരുന്നു. ആർത്താറ്റ് കുന്നംകുളം പുത്തൻ പള്ളിയിൽ കബറടക്കി.

26. നിശ്ചിതസമയക്രമം അനുസരിച്ച് നിശ്ചിത റൂട്ടിൽ പോകുന്ന വാഹനം. തപാൽ ഉരുപ്പടികൾ കൊണ്ടുപോകുന്നതിനാലാണ് ഈ പേര് ലഭിച്ചത്.

27. മാർത്തോമാശ്ലീഹാ സ്ഥാപിച്ച ഏഴരപള്ളികളിൽ ഒന്ന്.

28. അംബാസിഡർമാർ.

29. സിംഹളർ.

30. മലങ്കരയിൽ നവീകരണ വേദവിപരീതം ശക്തിപ്രാപിച്ചു നിന്നിരുന്ന കാലത്ത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (V) മെത്രാപ്പോലീത്തായുടെ ആശീർവാദത്തോടെ സത്യവിശ്വാസ സംരക്ഷണവും പ്രചാരണവും ലക്ഷ്യമാക്കി രൂപം കൊണ്ട ഒരു സംഘം. വേദവായന, പ്രസംഗങ്ങൾ മുതലായ പരിപാടികളോടെ ഇടവകകൾ തോറും ഇത് പ്രവർത്തിച്ചു. ഇന്നത്തെ പ്രാർത്ഥനായോഗങ്ങളുടെ പൂർവ്വമാതൃകയായിരുന്നു ഇത് എന്നു പറയാം. അക്കാലത്ത് ജനങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്താൻ ഈ സംഘം വഹിച്ച പങ്ക് വളരെ വലുതാണ്. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിലാണ് മലങ്കര സഭയിൽ സൺഡേ സ്കൂൾ പ്രസ്ഥാനം ആരംഭിച്ചത്.

31. ഹൈക്കല - പള്ളിയുടെ മദ്ബഹ (Sanctum Sanctiorium) ഒഴികെയുള്ള ഭാഗം.

32. വട്ടക്കുന്നേൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ പിതാവ്. മണർകാട്, വടക്കൻമണ്ണൂർ, നിലയ്ക്കൽ പള്ളികളുടെ വികാരി.

33. മെത്രാപ്പോലീത്താ സ്ഥാനമേൽക്കുമ്പോൾ ലഭിക്കുന്ന അധികാരപത്രം. ഇവിടെ പരാമർശിക്കുന്നത് കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ സ്ഥാത്തിക്കോനാണ്. ഇത് സഭാചരിത്രഗവേഷകനായ ജോയ്സ് തോട്ടയ്ക്കാട് ദേവലോകം അരമനയിൽ നിന്നു കണ്ടെടുത്ത് ഓർത്തഡോക്സ് സെമിനാരി ആർക്കൈവ്സിൽ സൂക്ഷിച്ചിരിക്കുന്നു.

34. 1685-ൽ മലങ്കരയിലെത്തിയ മേല്പട്ടക്കാരൻ. ഇദ്ദേഹം മഫ്രിയാന ആയിരുന്നു എന്നാണ് പ്രബലമായ വിശ്വാസം. ഇദ്ദേഹം മലങ്കരയിൽ ചുരുങ്ങിയ ദിവസങ്ങൾ മാത്രമേ ജീവിച്ചിരുന്നുള്ളു എങ്കിലും ഇദ്ദേഹത്തെ ഒരു പരിശുദ്ധനായിട്ടാണ് വിചാരിച്ചു വരുന്നത്. 1685 സെപ്റ്റംബർ 29 (കന്നി 19) ന് കാലം ചെയ്ത് കോതമംഗലം മാർത്തോമ്മൻ ചെറിയ പള്ളിയിൽ കബറടക്കപ്പെട്ടു. 1947 നവം. 2-ന് മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ്

പരുമല തിരുമേനിയോടൊപ്പം ഇദ്ദേഹത്തെയും പരിശുദ്ധനായി പ്രഖ്യാപിച്ചു.

35. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതിയൻ. 1875-ൽ കേരളത്തിൽ വന്നു. 1894 ൽ കാലം ചെയ്തു. തുർക്കിയിലെ കുർക്കുമാ ദയറായിൽ കബറടക്കി.

36. = ശുദ്ധതയുടെ ശുദ്ധസ്ഥലം. *സുറിയാനി പദം.* സാധാരണയായി ത്രോണോസിനു ചുറ്റും മരം കൊണ്ടുണ്ടാക്കുന്ന ചിത്രാലങ്കൃത കൂടാരത്തിനാണ് ഈ പേർ പറയുക.

37. മേല്പട്ടക്കാർക്കു കൊടുക്കുന്ന ദക്ഷിണ. മേല്പട്ടക്കാരുടെ വലതുകൈ അനുഗ്രഹത്തിനായി ചുംബിക്കുന്നതിനും *കൈമുത്ത്* എന്നാണ് പറയുന്നത്.

38. കോട്ടയം ഓർത്തഡോക്സ് സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (I) മലങ്കര മെത്രാപ്പോലീത്താ. പകലോമറ്റം കുടുംബവാഴ്ച മലങ്കരസഭയുടെ ഭാവിക്ക് ദോഷകരമാവും എന്ന് തിരിച്ചറിഞ്ഞ് അതിനെതിരെ പോരാടി. ബ്രിട്ടീഷ് ഭരണാധികാരികളുമായി സൗഹൃദം സ്ഥാപിച്ച് തിരുവിതാംകൂർ ഗവൺമെന്റിന്റെ സഹായത്തോടെ കോട്ടയത്ത് സെമിനാരി സ്ഥാപിച്ചു. 1815 മാർച്ച് 21 നു മെത്രാപ്പോലീത്തായായി. പകലോമറ്റം കുടുംബത്തിൽ നിന്നല്ലാതെ മെത്രാപ്പോലീത്താ ആകുന്ന ആദ്യ വ്യക്തി. 1816 നവം. 24 നു കാലം ചെയ്തു. സെമിനാരി ചാപ്പലിൽ കബറടക്കി.

39. സി. എം. എസ്. സഭ.

40. കോട്ടയ പഴയ സെമിനാരിയിലെ മാർത്തോമസ് അച്ചുകൂടത്തിലേക്ക് അച്ചടിക്കുന്നതിനായി അയച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്. കടവിൽ തിരുമേനിയുടെ മക്കാബിയർ, രൂഥ്, തൂബീദ്, മസുമൂർ (സങ്കീർത്തനങ്ങൾ) തുടങ്ങിയ കൃതികൾ മാർത്തോമസ് അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയുടെ പകർത്തിയെഴുത്തിലും അച്ചടിജോലികളിലും ഗീവറുഗീസ് റമ്പാൻ മുഖ്യ പങ്കു വഹിച്ചു എന്നാണ് എഴുതിയിരിക്കുന്നതിന്റെ സാരം.

41. കോട്ടയ പഴയ സെമിനാരിയിലെ മാർത്തോമസ് അച്ചുകൂടത്തിലേക്ക് അച്ചടിക്കുന്നതിനായി അയച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്.

42. സഭാ ട്രസ്റ്റി അക്കര സി. ജെ. കുര്യൻ

43. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (1833 - 1909) കത്തനാരു പട്ടമേറ്റതിന്റെ പൊൻജൂബിലി.

44. കോതമംഗലം ബാവാ. മുൻ കുറിപ്പ് 34 കാണുക.

45. കോട്ടയം എം. ഡി. സെമിനാരി.

46. കസവു കുപ്പായം.

47. അഷ്ടമുടിക്കായിനും കല്ലടയാറിനും ഇടയിൽ കിടക്കുന്ന ഏകദേശം അഞ്ചു

ചതുരശ്രമൈൽ വിസ്തീർണ്ണത്തിൽ ഒരു വലിയ തെങ്ങിൻ തോപ്പുൾക്കൊള്ളുന്ന തുരുത്ത്. തിരുവിതാംകൂറിൽ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺറോയുടെ ശുപാർശയനുസരിച്ച് റാണി ഗൗരി ലക്ഷ്മീഭായ് സുറിയാനിക്കാരുടെയും ആംഗ്ലേയ മിഷ്യനറിമാരുടെയും കൂട്ടായ പ്രവർത്തനങ്ങൾക്കായി കല്ലടയ്ക്കടുത്തുള്ള ഈ തുരുത്ത് വിട്ടുകൊടുത്തു. ഇതിനെ മൺറോ തുരുത്തെന്ന് വിളിച്ചു വന്നു. സുറിയാനിക്കാരും മിഷ്യനറിമാരും തമ്മിൽ ഇടഞ്ഞപ്പോൾ വസ്തുക്കൾ വിഭജനം നടത്താനായി ഒരു മദ്ധ്യസ്ഥ കോടതിയെ നിയമിച്ചു. 1840 ഏപ്രിൽ 4-ാം തീയതി ഉണ്ടായ 'കൊച്ചിൻ അവാർഡ്' എന്ന പേരിൽ അറിയപ്പെടുന്ന മദ്ധ്യസ്ഥ കോടതി തീരുമാന പ്രകാരം മൺറോ തുരുത്ത് വേറെ ചില സ്വത്തുക്കളോടു കൂടി ചർച്ച് മിഷ്യൻ സൊസൈറ്റിക്കു ലഭിച്ചു.

48. = വാഴ്വ്.

49. വൈദിക പരിശീലനത്തിന് ഒരാളെ തെരഞ്ഞെടുക്കുമ്പോൾ, അയാളുടെ ഇടവകയുടെ പൊതുയോഗം, അയാളെ തെരഞ്ഞെടുത്തു എന്നു രേഖപ്പെടുത്തുകയും അത് അപേക്ഷാ രൂപത്തിൽ ഇടവക മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നതു ദേശകുറിയാണ്.

50. പിന്നീട് അയ്യമ്പള്ളിൽ പൗലോസ് മാർ അത്താനാസ്യോസ്. 1910-ൽ മലങ്കരയിലെത്തിയ അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്നും മലങ്കര അസോസിയേഷന്റെ തിരഞ്ഞെടുപ്പ് കൂടാതെ മെത്രാൻ സ്ഥാനമേറ്റു. പാത്രിയർക്കീസ് വിഭാഗം മലങ്കര മെത്രാപ്പോലീത്താ. കടുത്ത അന്ത്യോഖ്യാ ഭക്തൻ. 1953 ജനുവരി 25-ന് കാലം ചെയ്ത് ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങി.

51. മുളന്തുരുത്തി കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ. 1850 ൽ ജനിച്ചു. 1908 മെയ് 31 ന് യേറുശലേമിൽ വെച്ച് മാർ കൂറിലോസ് എന്ന പേരിൽ മേല്പട്ടക്കാരനായി.1917 ഡിസംബർ 14 ന് കാലം ചെയ്തു. കോട്ടയം പാണമ്പടി പള്ളിയിൽ കബറടക്കി.

52. രോഗശമനാർത്ഥം നടത്തുന്ന ശുശ്രൂഷ. ഇതിൽ സൈത്ത് പ്രത്യേക ക്രമപ്രകാരം വാഴ്ത്തി രോഗശാന്തിക്കായി പൂശുന്നു.

53. യൂയാക്കിം മാർ കൂറിലോസ് (1846 - 1874). സിറിയൻ മെത്രാൻ, മലങ്കര മെത്രാൻ സ്ഥാനത്തിനു അവകാശവാദം ഉന്നയിച്ചിരുന്നു. എങ്കിലും കോടതി വിധി എതിരായതിനാൽ ആ സ്ഥാനം ലഭിച്ചില്ല.

54. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതിയൻ.

55. പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മുൻ കുറിപ്പ് 18 കാണുക.

56. പൗലോസ് മാർ കൂറിലോസ് കൊച്ചുപറമ്പിൽ. മുൻ കുറിപ്പ് 51 കാണുക.

57. പ. വട്ടശ്ശേരിൽ തിരുമേനി (1858 - 1934). മുൻ കുറിപ്പ് 11 കാണുക.

58. ആരാധനയിൽ പുരോഹിതൻ ധരിക്കുന്ന വർണ്ണോജ്വലമായ പുറംവസ്ത്രം. കേരളത്തിൽ വൈദിക കർമ്മങ്ങൾക്കു മാത്രമേ ഇതു ധരിക്കൂ.

Malankara OrthodoxTV

എന്നാൽ അന്ത്യോഖ്യൻ സഭയിൽ മേൽപ്പട്ടക്കാരെ സ്വീകരിക്കുമ്പോൾ കാപ്പ ധരിപ്പിക്കുന്ന പതിവുണ്ട്.

59. മനോരമ പത്രാധിപരായിരുന്ന കണ്ടത്തിൽ കെ. സി. മാമ്മൻ മാപ്പിള.

60. പ്രമുഖ അത്മായ നേതാവ്. നിരണം ഇലഞ്ഞിക്കൽ കുടുംബാംഗം. തിരുവനന്തപുരം ലോ കോളജ് പ്രിൻസിപ്പൽ ആയിരുന്നു.

61. മുൻ കുറിപ്പ് 34 കാണുക.

62. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ. ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് 1842 ഫെബ്രുവരി 14-ന് മെത്രാപ്പോലീത്തായാക്കി. 1852-ൽ രാജകീയ വിളംബരം അനുകൂലമായി ലഭിച്ചതിനാൽ മലങ്കര മെത്രാപ്പോലീത്തായായി. 1877 ജൂലൈ 16-ന് കാലം ചെയ്തു മാരാമൺ മാർത്തോമ്മാ പള്ളിയിൽ കബറടക്കി.

63. ഇന്നത്തെ ഡിസ്ട്രിക്ട് കലക്ടർക്ക് തുല്യനായ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥൻ.

64. മലങ്കരസഭയിലെ പ്രഥമ മാസിക. ഇ. എം. ഫിലിപ്പായിരുന്നു പത്രാധിപർ. 1892-ൽ കോട്ടയത്തു നിന്നും പ്രസിദ്ധീകരണം ആരംഭിച്ചു. ജ്ഞാന നിക്ഷേപം, മലയാളമിത്രം, സഭാതാരക എന്നീ പ്രൊട്ടസ്റ്റന്റ് പ്രസിദ്ധീകരണങ്ങൾക്ക് മറുപടി പറയുവാനായിട്ടാണ് ഇടവകപത്രിക ആരംഭിച്ചത്. മലങ്കര സഭയുടെ വിശ്വാസവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിൽ ഇടവക പത്രിക വഹിച്ച പങ്ക് വളരെ വലുതാണ്. ഇപ്പോൾ ഇതു പ്രസിദ്ധീകരണത്തിലില്ല.

65. = ഒലിവെണ്ണ. ഇവിടെ കന്തീലാ ശുശ്രൂഷയിൽ വാഴ്ത്തിയ ഒലിവെണ്ണ.

66. ഗീവർഗീസ് റമ്പാൻ (കഥാനായകൻ) പഴയ സെമിനാരിയിലെ മാർത്തോമസ് അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച പഞ്ചാംഗം.

67. ഓശാന ഞായറാഴ്ചമുതൽ ഉയിർപ്പു ഞായറാഴ്ച വരെയുള്ള എട്ടുദിവസം. യേശുക്രിസ്തുവിന്റെ യെറുശലേമിലേയ്ക്കുള്ള രാജകീയ പ്രവേശനമായ ഓശാന, അന്ത്യ അത്താഴം (പെസഹ), വിചാരണ, പീഡാനുഭവം, കുരിശുമരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ് (ഈസ്റ്റർ) എന്നിവയാണ് ഈ ആഴ്ചയിൽ അനുസ്മരിക്കപ്പെടുന്നത്. മാർച്ച് 21 നോ അതിനു ശേഷമോ വരുന്ന പൗർണ്ണമിയുടെ പിറ്റേ ഞായറാഴ്ചയാണ് ഈസ്റ്റർ.

68. പിന്നീട് പ. പാമ്പാടി തിരുമേനി (1885 - 1965). കോട്ടയം ഭദ്രാസനത്തിന്റെ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ. 1929 ഫെബ്രുവരി 16 ന് മെത്രാപ്പോലീത്തായായി. 1965 ഏപ്രിൽ 5 ന് കാലം ചെയ്തു. പാമ്പാടി ദയറായിൽ കബറടങ്ങി.

69. പിന്നീട് പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ (1884 - 1975). 1927 ൽ മെത്രാപ്പോലീത്തായായി. 1964 മെയ് 22 ന് മലങ്കര സഭയുടെ നാലാം കാതോലിക്കായായി. 1975 ഡിസംബർ 8 ന് കാലം ചെയ്തു. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടക്കി.

Malankara Orthodox TV

70. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ. മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായിരിക്കുമ്പോൾ പത്രോസ് തൃതീയൻ പാത്രിയർക്കീസിനൊപ്പം 1876 ൽ മലങ്കരയിലെത്തി. വി. മൂറോൻ വിറ്റ് പണമുണ്ടാക്കാൻ ശ്രമിച്ചതിന് പാത്രിയർക്കീസ് ഇദ്ദേഹത്തെ മുടക്കി. 1895 ൽ റോമാ സഭയിൽ ചേർന്നു. ഇദ്ദേഹവും മറ്റ് രണ്ട് മെത്രാപ്പോലീത്തന്മാരും ചേർന്ന് തുർക്കി സുൽത്താൻ അപ്പോഴത്തെ പാത്രിയർക്കീസായിരുന്ന അബ്ദേദ് മ്ശിഹായ്ക്കു നൽകിയിരുന്ന ഫർമാൻ കോഴ കൊടുത്ത് പിൻവലിപ്പിച്ചു. അതിനുശേഷം 1905ൽ സഭയിലേക്ക് തിരികെ മടങ്ങിയെത്തി 1906 ൽ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. 1909 ൽ മലങ്കരയിലെത്തി. ഇദ്ദേഹത്തിന്റെ ദ്രവ്യാഗ്രഹത്തിനും മലങ്കരയുടെ ലൗകിക ഭരണം നേടാനുള്ള കുതന്ത്രങ്ങൾക്കും കൂട്ടു നിൽക്കാതിരുന്നതിനാൽ 1911 ൽ പ. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. തുടർന്ന് തന്നെ അനുകൂലിക്കുന്ന ഒരു വിഭാഗത്തെ മലങ്കരയിൽ സൃഷ്ടിച്ചു. ഇന്നും നിലയ്ക്കാത്ത സഭാ വ്യവഹാരങ്ങൾക്ക് കളമൊരുക്കിയിട്ട് തിരികെ പോയി. യാത്രാമദ്ധ്യേ 1915 നവം. 25 ന് കാലം ചെയ്തു. യറുശലേമിൽ കബറടക്കി.

71. പിന്നീട് കരവട്ടു വീട്ടിൽ യുയാക്കിം മാർ ഈവാനിയോസ് (1858 –1925). തുമ്പമൺ, കണ്ടനാട് ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ. 1913 ഫെബ്രുവരി 9 ന് മെത്രാപ്പോലീത്തായായി. 1925 ജൂൺ 6 ന് കാലം ചെയ്തു. പരുമല സെമിനാരിപ്പള്ളിയിൽ കബറടക്കി.

72. മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ. പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിൽ പഴയ സെമിനാരി മാനേജരായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വസ്തൻ. സി. ജെ. കുര്യന്റെ ഗുണ്ടകളുടെ മർദ്ദനവും ഭീഷണിയും ഏറ്റുവാങ്ങേണ്ടി വന്നു.

73. മലങ്കരസഭയ്ക്ക് വിവിധ ഭരണാധികാരികളിൽ നിന്നു ലഭിച്ച ചെപ്പേടുകൾ.

74. പിന്നീട് ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (1882–1953). വട്ടശ്ശേരിൽ തിരുമേനിയുടെ വാത്സല്യവാനായിരുന്നു. മലങ്കരസഭയുടെ ചിലവിലാണ് എം. എ. വരെ പഠിച്ചത്. ബഥനി ആശ്രമ സ്ഥാപകരിലൊരാൾ. 1925 മെയ് 1 നു എപ്പിസ്കോപ്പായായി. പിന്നീട് മലങ്കര സഭയെ വഞ്ചിച്ച് റോമാ സഭയിൽ ചേർന്നു.

75. ഗീവർഗീസ് റമ്പാൻ (കഥാനായകൻ) പഴയ സെമിനാരിയിലെ മാർത്തോമസ് അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച പഞ്ചാംഗം (1907–ലേത്). ഈ ഗ്രന്ഥം സഭാചരിത്രകാരനായ എം. കുര്യൻ തോമസ് കണ്ടെടുത്തിട്ടുണ്ട്.

76. പൗരസ്ത്യ പാരമ്പര്യപ്രകാരം ദ്രവിച്ചു പോകുന്ന വസ്തുക്കൾ മാത്രമാണ് കബറടക്കത്തിന് ഉപയോഗിക്കുക. തടി, മെഴുക് മുതലായവ കൊണ്ട് ഉണ്ടാക്കിയ സ്ലീബാ, വടി, മാല മുതലായവയാണ് ഇന്നും മേല്പട്ടക്കാരുടെ കബറടക്കത്തിന് ഉപയോഗിക്കുന്നത്.

77. ഗീവർഗീസ് റമ്പാൻ (കഥാനായകൻ) പഴയ സെമിനാരിയിലെ മാർത്തോമസ് അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച പഞ്ചാംഗം (1908-ലേത്). ഈ ഗ്രന്ഥം സഭാചരിത്ര ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാട് പാമ്പാക്കുട കോനാട്ട് ഗ്രന്ഥശേഖരത്തിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

78. സ്ലീബാ മാർ ഒസ്താത്തിയോസ്. മുൻ കുറിപ്പ് 25 കാണുക.

79. പ. വട്ടശ്ശേരിൽ തിരുമേനി. മുൻ കുറിപ്പ് 11 കാണുക.

80. കൊച്ചുപറമ്പിൽ പൗലോസ് മാർ കൂറിലോസ്. മുൻ കുറിപ്പ് 51 കാണുക.

81. സഭാ അല്മായ ട്രസ്റ്റിയായിരുന്ന അക്കര സി. ജെ. കുര്യൻ. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഇഗ്നാത്തിയോസ് അബ്ദുള്ളയോടു കൂടെ നിന്ന് പ. വട്ടശ്ശേരിൽ തിരുമേനിയ്ക്കെതിരെ കേസു കൊടുത്തു. ഇന്നും നിലയ്ക്കാത്ത സഭാ വ്യവഹാരങ്ങൾ തുടങ്ങിവച്ചയാൾ. തിരുവിതാംകൂർ - കൊച്ചിയിലെ വ്യവസായ പ്രമുഖനായിരുന്നു.

82. പിന്നീട് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മുൻ കുറിപ്പ് 18 കാണുക.

83. പിന്നീട് മിഖായേൽ മാർ ദീവന്നാസ്യോസ് എന്ന പേരിൽ പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാപ്പോലീത്തായായി.

84. പിന്നീട് യൂയാക്കിം മാർ ഈവാനിയോസ്. മുൻ കുറിപ്പ് 71 കാണുക.

85. പിന്നീട് ആർച്ച് ബിഷപ്പ് ഈവാനിയോസ്. മുൻ കുറിപ്പ് 74 കാണുക.

86. തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസിന്റെ പിതാവ്. നവീകരണ വിഭാഗങ്ങളുടെ സുവിശേഷ യോഗങ്ങളിലേക്ക് മലങ്കര സഭാംഗങ്ങളെ ആകർഷിക്കുവാൻ വേണ്ടി സായിപ്പുമാരെയും മറ്റും അക്കാലത്ത് കൊണ്ടുവന്നിരുന്നു. ഇതിനെ പ്രതിരോധിക്കുവാൻ രൂപീകരിച്ച മാർ ഗ്രീഗോറിയോസ് സ്മാരക സുവിശേഷ സംഘത്തിലെ പ്രമുഖ പ്രസംഗകനും പ്രവർത്തകനുമായിരുന്നു. 1945 ഫെബ്രു. 15 ന് നിര്യാതനായി.

87. കാസ, പീലാസ = വി. കുർബ്ബാനയ്ക്ക് വീഞ്ഞും അപ്പവും വെയ്ക്കുന്ന പാത്രങ്ങൾ.

88. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഇഗ്നാത്തിയോസ് അബ്ദുള്ള.

89. പ. വട്ടശ്ശേരിൽ തിരുമേനി. മുൻ കുറിപ്പ് 11 കാണുക.

90. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ തിരുമേനി കാലം ചെയ്തതിനെ തുടർന്ന് 'വല്യ മെത്രാച്ചൻ' എന്ന പ്രയോഗം വട്ടശ്ശേരിൽ തിരുമേനിക്ക് ഉപയോഗിക്കുന്നു.

91. അമ്പത് (വലിയ) നോമ്പാരംഭത്തിലെ തിങ്കളാഴ്ച നടത്തുന്ന നിരപ്പിന്റെ (സമാധാനത്തിന്റെ) ശുശ്രൂഷ.

92. പിന്നീട് ആർച്ച് ബിഷപ്പ് ഈവാനിയോസ്. മലങ്കര സഭയിൽ നിന്നും ആദ്യമായി എം. എ. ബിരുദം നേടിയ പട്ടക്കാരനാകയാലാണ് ഈ പേരിൽ അറിയപ്പെട്ടത്. മുൻ കുറിപ്പ് 74 കാണുക.

Malankara Orthodox TV

93. പെസഹാ (Passover) യഹൂദന്മാരുടെ പെരുനാളാണ്. തന്റെ മരണത്തിനു തൊട്ടുമുമ്പുള്ള പെസഹാ പെരുനാളിൽ യേശുക്രിസ്തു വി. കുർബ്ബാന സ്ഥാപിച്ചു എന്നതിനാൽ ക്രിസ്ത്യാനികൾക്ക് ഈ പെരുന്നാൾ അതി പ്രധാനമാണ്.

94. പെസഹാ പെരുനാളിൽ യേശുക്രിസ്തു ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിനെ അനുസ്മരിക്കുന്ന ശുശ്രൂഷ.

95. കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസ്യോസ്. പാത്രിയർക്കീസ് വിഭാഗത്തിന്റെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു. മുൻ കുറിപ്പ് 50 കാണുക.

96. കടവിൽ പൗലോസ് മാർ അത്താനാസ്യോസ്. മുൻ കുറിപ്പ് 3 കാണുക.

97. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഇഗ്നാത്തിയോസ് അബ്ദേദ് മ്ശീഹാ. 1895-ൽ സ്ഥാനാരോഹണം ചെയ്തു. 1912-ൽ മലങ്കര സഭയ്ക്കായി ഒരു കാതോലിക്കായെ വാഴിക്കുന്നതിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. 1913-ൽ സ്വദേശത്തേക്ക് മടങ്ങി. 1915 ഓഗസ്റ്റ് -15ന് കാലം ചെയ്ത് മർദ്ദീനിലെ പാത്രിയർക്കാ ആസ്ഥാനമായ കുർക്കുമാ ദയറായിൽ കബറടങ്ങി.

98. ലുത്തനിയ (Litany) - ഒരു പ്രാർത്ഥന. ഓർത്തഡോക്സ് മേൽപ്പട്ടക്കാർ ഒരു പള്ളിയിലേക്ക് ആദ്യം പ്രവേശിക്കുമ്പോൾ ദൈവമാതാവ്, പരിശുദ്ധന്മാർ ഇവരുടെ ലുത്തനിയാകൾ നടത്തിയ ശേഷമേ മറ്റു കാര്യങ്ങൾ ചെയ്യൂ.

99. തിരുവല്ലാ നെടുമ്പ്രം പെരിങ്ങര ആറ്റുപുറത്ത് വർക്കി വർഗീസ് ആണ് ആനപ്പാപ്പി എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. സ്കൂൾ അദ്ധ്യാപകനായിരുന്നു. മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിൽ തിരുമേനി വധഭീഷണിയുടെ നിഴലിൽ കഴിയവെ അംഗരക്ഷകനായി. പാത്രിയർക്കീസ് വിഭാഗത്തിന്റെ നേതാവായ അക്കരെ സി. ജെ. കുര്യന്റെ വാടകഗുണ്ടകൾ 1912 മാർച്ച് 30 ന് പഴയസെമിനാരിയുടെ സമീപമുള്ള മീനച്ചിലാറിന്റെ മണൽപ്പുറത്തു വച്ച് ഇദ്ദേഹത്തെ മൃഗീയമായി വധിച്ചു. ഭൗതികദേഹം കോട്ടയം ചെറിയപള്ളിയിൽ കബറടക്കി.

100. പിന്നീട് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മുൻ കുറിപ്പ് 18 കാണുക.

101. = ദീപയഷ്ടി. തുണി ചുറ്റി എണ്ണയൊഴിച്ചു കത്തിക്കുന്ന നീണ്ട മരപ്പിടിയോടു കൂടിയ ലോഹവിളക്ക്.

102. = ഉടമ്പടി. മേല്പട്ട സ്ഥാനം ഏൽക്കുന്ന ആൾ കൊടുക്കുന്ന ഉടമ്പടി.

103. കരവട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ്. പരുമലയിൽ കബറടങ്ങി. മുൻ കുറിപ്പ് 71 കാണുക.

104. ഒന്നാം കാതോലിക്കാ (മാർ ബസേലിയോസ് പൗലൂസ് പ്രഥമൻ). 1913 മെയ് 2 ന് കാലം ചെയ്തു. പാമ്പാക്കുട ചെറിയപള്ളിയിൽ കബറടക്കി.

105. മുൻ കുറിപ്പ് 104 കാണുക.

106. കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസ്യോസ്. പാത്രിയർക്കീസ് വിഭാഗത്തിന്റെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു. മുൻ കുറിപ്പ് 50 കാണുക.

MalankaraOrthodox.TV

107. രാജകീയ ഡർബാറിൽ നിന്നുള്ള (മുഖ്യമായി ദിവാന്റെ) കല്പന.

108. സഭാചരിത്രകാരനായ ഇ. എം. ഫീലിപ്പോസ് (1858–1914). സഭാ സെക്രട്ടറിയായിരുന്നു. പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ വിശ്വസ്തൻ. മലങ്കര സഭയിലെ പ്രഥമ മാസികയായ ഇടവകപത്രികയുടെ പത്രാധിപർ. ഈ മാസികയിലൂടെ ജ്ഞാനനിക്ഷേപം, മലയാളമിത്രം, സഭാതാരക എന്നീ പ്രൊട്ടസ്റ്റന്റ് പ്രസിദ്ധീകരണങ്ങൾക്ക് ശക്തമായ മറുപടി കൊടുത്തു. മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ എന്ന സഭാചരിത്രഗ്രന്ഥം ഇംഗ്ലീഷിൽ എഴുതി പ്രസിദ്ധീകരിച്ചു. കടുത്ത അന്ത്യോഖ്യാ ഭക്തൻ ആയിരുന്നു.

109. ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ്. പാത്രിയർക്കീസ് വിഭാഗത്തിലെ ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ.

110. പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ്.

111. റോമൻ കത്തോലിക്കാ സഭയിൽ നിന്നും 1887–ൽ സുറിയാനി സഭാ വിശ്വാസത്തിലേക്കു വന്ന ജസ്യൂട്ട് പുരോഹിതൻ അൽവാറീസിനൊപ്പം (പിന്നീട് മാർ യൂലിയോസ്) മലങ്കരസഭയിലേക്കു വന്ന റോമാ സഭാംഗങ്ങളുടെ ഒരു ഇടവക.

112. ഇതിന്റെ കുറെ ഭാഗം പിന്നീട് തിരിച്ചു കിട്ടി. അതും കുറെ സ്വർണവും കൂടി ചേർത്ത് പൊൻകുരിശ് പുതുക്കിപ്പണിതു.

113. പിന്നീട് പാറേട്ട് ഗീവർഗീസ് മാർ ഈവാനിയോസ് (1889 – 1980). പ. വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വസ്തൻ. 1953 മെയ് 15 ന് എപ്പിസ്കോപ്പായായി. 1965 മുതൽ 1980 വരെ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ. 1980 ഓഗസ്റ്റ് 31 നു കാലം ചെയ്തു. പാമ്പാടി കുറിയാക്കോസ് ദയറായിൽ കബറടക്കി.

114. കഥാനായകൻ തന്നെയാണിത്. 'കഥാപുരുഷൻ' എന്ന് പറയാതെ ചില സ്ഥലങ്ങളിൽ പേര് (ഗീവർഗീസ് ശെമ്മാശൻ, ഗീവർഗീസ് റമ്പാൻ, മാർ പീലക്സീനോസ്) എഴുതിയിരിക്കുന്നു.

115. മാർതോമ്മാ ആറാമന്റെ ശ്രമഫലമായി സ്വരൂപിച്ച 3000 പൂവരാഹൻ (10500 രൂപാ) അദ്ദേഹത്തിന്റെ പിൻഗാമി മാർതോമ്മാ ഏഴാമൻ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽ 8% പലിശയ്ക്കു സ്ഥിരനിക്ഷേപമായി ഏൽപ്പിച്ചു. വർഷം തോറും ലഭിക്കുന്ന പലിശ സമുദായത്തിന്റെ സാമൂഹിക സേവന പരിപാടികൾക്കു വിനിയോഗിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. വട്ടിപ്പണ പലിശ മലങ്കര മെത്രാപ്പോലീത്തായുടെ രസീതിൻമേൽ നൽകണമെന്നായിരുന്നു ചട്ടം. 19 – ഉം 20 – ഉം നൂറ്റാണ്ടുകൾ വട്ടിപ്പണം സംബന്ധിച്ച് നിരവധി വ്യവഹാരങ്ങൾ നടന്നു.

116. പിന്നീട് പാറേട്ട് ഗീവർഗീസ് മാർ ഈവാനിയോസ് (1889 – 1980). മുൻ കുറിപ്പ് 113 കാണുക.

117. പിന്നീട് ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്. മുൻ കുറിപ്പ് 74 കാണുക.

118. പ്രമുഖ സുവിശേഷ പ്രസംഗകനായിരുന്ന ഫാ. എൻ. ജി. കുര്യൻ ആണി

Malankara Orthodox TV

തെന്നു തോന്നുന്നു.

119. പഴയ സെമിനാരി മാനേജർ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ. മുൻ കുറിപ്പ് 72 കാണുക.

120. കോട്ടയം മാർ ഏലിയാ ചാപ്പൽ. ഇപ്പോൾ പൗരസ്ത്യ കാതോലിക്കായുടെ സിംഹാസന ദേവാലയം.

121. ബഥനിയുടെ എപ്പിസ്കോപ്പായായി യാക്കോബ് മാർ തെയോഫിലോസ് എന്ന പേരിൽ 1929 ഫെബ്രു. 16 ന് വാഴിക്കപ്പെട്ടു. ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസിന്റെ വിശ്വസ്തൻ. പിന്നീട് അദ്ദേഹത്തോടൊപ്പം കത്തോലിക്കാ സഭയിലേക്ക് പോയി.

122. കടവിൽ പൗലോസ് മാർ അത്താനാസ്യോസും പ. പരുമല തിരുമേനിയും (ഓർമ്മ നവം 2).

123. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളികളിൽ ഒന്ന്. ഡോ. ക്ലോഡിയസ് ബുക്കാനൻ നൽകിയ പത്താക്ക് (ഒരു സ്വർണമെഡൽ) ആർത്താറ്റ് പള്ളി യിൽ സൂക്ഷിച്ചിട്ടുണ്ട്.

124. സ്ലീബാ മാർ ഒസ്താത്തിയോസ്. മുൻ കുറിപ്പ് 25 കാണുക.

125. ഇതുവരെയുള്ള അന്വേഷണത്തിൽ നിന്നും ഇങ്ങനെയൊരു ഗ്രന്ഥം പ്രസി ദ്ധീകരിക്കപ്പെട്ടതായി വിവരം ലഭിച്ചിട്ടില്ല.

126. മലങ്കരസഭയുടെ തെക്കും വടക്കുമുള്ള രണ്ട് അത്മായ പ്രമുഖർ.

127. മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനിക്കെതിരെ കേസ് കൊടുത്ത സഭാ അത്മായ ട്രസ്റ്റി അക്കര സി. ജെ. കുര്യൻ.

128. അന്ത്യോഖ്യൻ സഭാ മേല്പട്ടക്കാരൻ. 1923-ൽ മെത്രാപ്പോലീത്തായായി. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കു തീർത്ത കല്പനയുമായി ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ഇദ്ദേഹത്തെ മലങ്കരയിലേക്കയച്ചു. വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം 1923-ൽ കേരളത്തിലെത്തിയെങ്കിലും മുടക്കു തീർത്ത കല്പന ഇദ്ദേഹം പുറത്തു കാണിച്ചില്ല. 1923-1958 കാലഘട്ടത്തിൽ പാത്രി യർക്കീസ് വിഭാഗത്തിന് നേതൃത്വം നൽകിക്കൊണ്ട് മഞ്ഞിനിക്കര ദയറാ യിൽ താമസിച്ചു. 1962-ൽ കാലം ചെയ്ത് മഞ്ഞിനിക്കര ദയറായിൽ കബ റടങ്ങി.

129. പിന്നീട് പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ (1901 - 1958). പഴയ സെമിനാരി മാനേജർ, മലങ്കരസഭാ സെക്രട്ടറി, മലങ്കരസഭാ മാസിക പത്രാധിപർ തുടങ്ങി വിവിധ നിലകളിൽ സഭാ സേവനം നിർവഹിച്ചു. സഭാ സെക്രട്ടറിയായിരിക്കുമ്പോൾ കാതോലിക്കാ ദിനപ്പിരിവിന് അടിത്ത റയിട്ടു. പാത്താമുട്ടം സ്ലീബാ പള്ളി, ദയറാ, ചാപ്പൽ എന്നിവയുടെ സ്ഥാപ കൻ.

130. പിന്നീട് പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് (1897 - 1951). തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ. 1930 നവം. 3 ന് മെത്രാപ്പോലീ ത്തായായി. 1951 ഏപ്രിൽ 17 നു കാലം ചെയ്തു. പുത്തൻകാവ് സെന്റ് മേരീസ് പള്ളിയിൽ കബറടക്കി.

Malankara Orthodox TV

131. പിന്നീട് തോമ്മാ മാർ ദീവന്നാസ്യോസ് (1887 - 1972). പത്തനാപുരം മൗണ്ട് താബോർ ആശ്രമ സ്ഥാപകൻ. നിരണം ഭദ്രാസന മെത്രാപ്പോലീത്താ.

132. പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ. പിന്നീട് റമ്പാനായി. തക്സാ, ആരാധനക്രമങ്ങൾ എന്നിവ മലയാളത്തിലാക്കാൻ പരിശ്രമിച്ചു. ബഥനിയുടെ മാർ ഈവാനിയോസിനെ അനുഗമിച്ച് റീത്തിൽ ചേർന്നു.

133. ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ്. മുൻ കുറിപ്പ് 74 കാണുക.

134. സാഹിത്യ, സാമൂഹിക, സാംസ്ക്കാരിക, വിദ്യാഭ്യാസ, വൈജ്ഞാനിക മണ്ഡലങ്ങളിൽ ജ്വലിച്ചു നിന്ന മഹാപ്രതിഭ. മലങ്കര സഭയിലെ പ്രമുഖ അത്മായ നേതാവ്. കോട്ടയം പുതുപ്പള്ളി സ്വദേശി. തിരുവിതാംകൂർ വിദ്യാഭ്യാസ വകുപ്പിൽ ചീഫ് ഇൻസ്പെക്ടർ, തിരുവിതാംകൂർ രാജകൊട്ടാരം ട്യൂട്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. മലങ്കര സഭാ ഭരണഘടനയുടെ മുഖ്യ ശില്പി. കാതോലിക്കാ ദിനപ്പിരിവിന്റെ ആരംഭമായ കാതോലിക്കാ നിധി ശേഖരണ പ്രസ്ഥാനത്തിന്റെ ജീവനാഡിയായി പ്രവർത്തിച്ചു. 'ഹൈന്ദവ ധർമ്മസുധാകരം' എന്ന ബൃഹദ് ഗ്രന്ഥത്തിന്റെ രചയിതാവ്. ഇന്ത്യയിൽ മറ്റൊരു ഭാഷയിലും ഹൈന്ദവ ധർമ്മ പുരസ്ക്കാരമായി ഇതുപോലെ ഒരു കൃതി രചിക്കപ്പെട്ടിട്ടില്ല. 'കാതോലിക്കാ സിംഹാസന ചരിത്രം', 'ക്രൈസ്തവ ധർമ നവനീതം' എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവ് (1874 –1944).

135. ആറാം മാർത്തോമ്മാ (1728–1808). 1761 ൽ മെത്രാപ്പോലീത്തായായി. വലിയ മാർ ദീവന്നാസ്യോസ് എന്ന പേരിലും അറിയപ്പെടുന്നു. റോമൻ കത്തോലിക്കനായ തച്ചിൽ മാത്തു തരകന്റെ നേതൃത്വത്തിൽ ഇദ്ദേഹത്തെ പീഡിപ്പിച്ചു. 1808 ഏപ്രിൽ 8 നു കാലം ചെയ്തു. പുത്തൻകാവ് പള്ളിയിൽ കബറടക്കി.

136. സഭാ ചരിത്രകാരനായ ചിത്രമെഴുത്ത് കെ. എം. വർഗീസ് (1888–1962). പ്രശസ്ത സാഹിത്യകാരനും പ്രഗത്ഭനായ ചിത്രകാരനും.

(കുറിപ്പുകൾ തയാറാക്കിയത്: **ജോയ്സ് തോട്ടയ്ക്കാട്**)

Malankara Orthodox TV

# വേദപുസ്തക പരിഭാഷ

Malankara Orthodox TV

# ഗീവർഗീസ് റമ്പാൻ പരിഭാഷപ്പെടുത്തിയ വേദപുസ്തകത്തിലെ ചില വാക്യങ്ങൾ

- ഇടവിടാതെ പ്രാർത്ഥിപ്പിൻ (1 തെസ. 5:17)

- എല്ലാവരെയും ബഹുമാനിപ്പീൻ; നിങ്ങളുടെ സഹോദരന്മാരെ സ്നേഹിപ്പീൻ; ദൈവത്തെ ഭയപ്പെടുവീൻ; രാജാക്കന്മാരെ ബഹുമാനിപ്പീൻ. (1 പത്രോ. 2:17)

- നിങ്ങളുടെ ഭരണക്കാരെ അനുസരിച്ചു അവർക്കു കീഴ്പെട്ടിരിപ്പീൻ. (എബ്രാ.13:17.)

- നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെത്തന്നെ, ഇരട്ടിമാനത്തിനു പാത്രങ്ങളായി എണ്ണുവീൻ. (1 തീമോ.5:17)

- നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരെ അറിവാൻ ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നു. (1 തെസ. 5:12.)

- അവർ വിശ്വാസത്താൽ രാജ്യങ്ങളെ കീഴടക്കി, നീതിയെ പ്രവൃത്തിച്ചു വാഗ്ദത്തങ്ങളെ പ്രാപിച്ചു സിംഹങ്ങളുടെ വാകളെ പൊത്തി. (എബ്രാ. 11:33)

- ഇവർ കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു. ലോകം അവർക്കു യോഗ്യമായിരുന്നില്ല. (എബ്രാ. 11:38)

- പൈതൽ നടക്കേണ്ടും വഴിയിൽ അവനെ അഭ്യസിപ്പിക്ക. എന്നാൽ അവൻ വൃദ്ധനാകുമ്പോൾ അതിനെ വിട്ടുമാറുകയില്ല. (സുഭാ. 22:6)

- കർത്താവിനെക്കുറിച്ചുള്ള ഭയം ജ്ഞാനത്തിന്റെ ആരംഭമാകുന്നു. (സുഭാ. 1:7)

- ജ്ഞാനം തന്റെ ഭവനത്തെ പണിതു. അതു തന്റെ ഏഴു തൂണുകളെ കൊത്തി. (സുഭാ. 9:1)

- ഈ സംഗതിയെക്കുറിച്ചു വിചാരിപ്പാൻ അപ്പോസ്ഥോലന്മാരും മൂപ്പന്മാരും

Malankara Orthodox TV

വന്നു കൂടി. (നടപ്പ. 15:6)

❑ നോമ്പു കൊണ്ടും പ്രാർത്ഥന കൊണ്ടും അല്ലാതെ ഈ ജാതി പുറപ്പെടുന്നതല്ലാ. (മത്താ. 17:21.)

❑ ഇവയുടെ ശേഷം യേശു തമ്പുരാൻ തന്റെ ശിഷ്യന്മാരിൽ മറ്റു എഴുപതു പേരെ വേർതിരിച്ചു താൻ പോകുവാനിരുന്ന എല്ലാ സ്ഥലത്തേക്കും നഗരത്തിലേക്കും അവരെ തന്റെ മുഖത്തിൻ മുമ്പാകെ ഈരണ്ടായി അയച്ചു. ലൂക്കൊ. 10:1.

❑ ശിഷ്യന്മാർ ആദ്യം അന്ത്യോഖ്യായിൽ വച്ചു ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടു. നടപ്പു: 11:26.

❑ ആകയാൽ ഈ പൈതലിനെപ്പോലെ തന്നത്തന്നെ വിനയപ്പെടുത്തുന്നവൻ, സ്വർഗ്ഗരാജ്യത്തിൽ വലിയവനാകും. മത്താ: 18:4

❑ എന്റെ നാമത്തിൽ ഈ പൈതലിനെപ്പോലെ ആരെങ്കിലും കൈക്കൊണ്ടാൽ അവൻ കൈക്കൊള്ളുന്നതു എന്നെയാകുന്നു. മത്താ: 18:5

❑ ഞാൻ അവരുടെ നടുവിൽ വസിപ്പാനായിട്ടു അവർ ഇനിക്കു ഒരു ശുദ്ധ സ്ഥലത്തെ ഉണ്ടാക്കട്ടെ. പുറ. 25:8.

❑ മൂന്നു ദിവസങ്ങളുടെ ശേഷം താൻ ദൈവാലയത്തിൽ മല്പാന്മാരുടെ മദ്ധ്യെ ഇരുന്നു അവരിൽ നിന്നു കേൾക്കയും അവരോടു ചോദിക്കയും ചെയ്യുന്നതായി തന്നെ കണ്ടെത്തി. ലൂ. 2:46.

❑ എന്റെ ഭവനം പ്രാർത്ഥനാഭവനം എന്നു വിളിക്കപ്പെടും എന്നു എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു. മത്താ: 21:13.

❑ നിന്റെ കൃപയുടെ ബഹുത്വത്താൽ ഞാൻ നിന്റെ ഭവനത്തിലേക്കു പ്രവേശിച്ചു നിന്റെ വിശുദ്ധ ആലയത്തിൽ വന്ദിക്കും. സങ്കീ. 5:7.

❑ എന്നാൽ ആദ്യമേ ദൈവത്തിന്റെ രാജ്യത്തേയും തന്റെ നീതിയേയും അന്വേഷിപ്പീൻ: അപ്പോൾ ഇവ ഒക്കെയും നിങ്ങൾക്കു വർദ്ധിക്കുന്നു. മത്താ: 6:33.

❑ ആത്മാവിൽ ദരിദ്രതയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെ ആകുന്നു. മത്താ: 5:3.

❑ ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും മത്താ. 5:4.

❑ സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ

Malankara Orthodox TV

അവകാശമായി അനുഭവിക്കും. മത്താ: 5:5.

❑ നീതിക്കായി വിശന്നു ദാഹിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തന്മാരാകും. മത്താ: 5:6.

❑ കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവരുടെ മേൽ കരുണയുണ്ടാകും. (മത്താ: 5:7.)

❑ ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും. (മത്തായി 5:8.)

❑ സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. (മത്തായി 5:9.)

❑ നീതി നിമിത്തമായിട്ടു പീഡിപ്പിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. (മത്താ. 5:10.)

❑ നീതിക്കുവേണ്ടി നിങ്ങൾ കഷ്ടം അനുഭവിക്കുമെങ്കിൽ നിങ്ങൾക്കു ഭാഗ്യം. നിങ്ങളെ ഭയപ്പെടുത്തുന്നവരിൽ നിന്നു നിങ്ങൾ ഭയപ്പെടരുതു. ചഞ്ചലപ്പെടുകയും അരുതു. (1 പത്രൊ. 3:14.)

❑ അവർ നിങ്ങളെ നിന്ദിക്കയും എന്റെ നിമിത്തം സകല ദുർവചനത്തെയും നിങ്ങളുടെ നേരെ വ്യാജമായിട്ടു പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. (മത്താ. 5:11.)

❑ അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്ക കൊണ്ടു നിങ്ങൾ സന്തോഷിച്ചു ആനന്ദിപ്പീൻ. മത്താ. 5:12.

❑ യാചിപ്പീൻ; നിങ്ങൾക്കു നൽകപ്പെടും, അന്വെഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും. (മത്താ. 7:7.)

❑ ദൈവമെ; രാജാവിനു നിന്റെ ന്യായവിധിയേയും രാജപുത്രന്നു നിന്റെ നീതിയേയും നൽകേണമേ. (സങ്കീ: 72:1)

❑ വിശേഷിച്ചു ഞാൻ നിന്നോടു പറയുന്നു, നീ പാറയാകുന്നു; ഈ പാറ മേൽ എന്റെ പള്ളിയെ ഞാൻ പണിയിക്കും. പാതാളവാതിലുകൾ അതിനോടു പ്രബലപ്പെടുകയില്ല.

❑ ആകയാൽ നിങ്ങളെത്തന്നെയും, തന്റെ രക്തത്താൽ അതിനെ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയേയും മേയിപ്പാൻ പരിശുദ്ധാത്മാവു എപ്പിസ്കോപ്പെന്മാരായി നിങ്ങളെ നിയമിച്ചിട്ടുള്ള സകല ഇടവകയേയും സൂക്ഷിച്ചുകൊൾവിൻ. (നട: 20:28.)

Malankara OrthodoxTV

❑ എന്നാൽ വാത്സല്യസഹോദരനും വിശ്വസ്ത ശുശ്രൂഷകനും കർത്താവിൽ നമ്മുടെ സഖിയും ആയ തൂക്കിക്കോസു എന്റെ അടുക്കലുള്ള കാര്യം നിങ്ങളോടറിയിക്കും. (കോല, 4:7.)

❑ നിങ്ങളോടു ദൈവവചനത്തെ സംസാരിച്ചിട്ടുള്ളവരായ നിങ്ങളുടെ ഭരണക്കാരെ ഓർത്തുകൊൾവീൻ; അവരുടെ നടപടികളുടെ അവസാനത്തിൽ പരിശോധിച്ചു അവരുടെ വിശ്വാസത്തിൽ സദൃശപ്പെടുവീൻ. (എബ്രാ. 13:7.)

❑ ദൈവപുത്രാ; അഴിവില്ലാത്ത രാജ്യത്തിൽ ശുദ്ധിമാന്മാരോടുകൂടെ നീതിമാന്മാരുടെ ഇടയിൽ നിന്റെ ആചാര്യന്മാരെ ആശ്വസിപ്പിക്കണമെ (പ്രഭാത പ്രാർത്ഥന).

❑ തങ്ങളുടെ മാതാവിന്റെ വയറ്റിൽ നിന്നു ഇപ്രകാരം വിശ്വാസികളായി ജനിച്ചിട്ടുള്ളവർ ഉണ്ടു. (മത്താ: 19:12.)

❑ പൈതങ്ങളെ, എന്നെ ചെവിക്കൊൾവീൻ; എന്തെന്നാൽ എന്റെ വഴികളെ കാക്കുന്നവർ ഭാഗ്യവാന്മാരാകുന്നു.

❑ ജ്ഞാനം പത്മരാഗങ്ങളെക്കാൾ നല്ലതാകുന്നു (സുഭാ: 8:11)

❑ ആലോചന ഇല്ലാത്ത ജനം വീഴുന്നു. എന്നാൽ ഏറിയ ആലോചനയിൽ രക്ഷയുണ്ടു. (സുഭാ. 11:14.)

❑ ജ്ഞാനം കൊണ്ടു ഒരു ഭവനം പണിയപ്പെടുന്നു. അതു മുഴുവനും വിവേകം കൊണ്ടു സ്ഥിരമാക്കപ്പെട്ടു. (സുഭാ. 24:3.)

❑ നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു എന്നും, ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയൊ. (1 കൊറി. 3:16.)

❑ ദൈവത്തിന്റെ ആലയത്തെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ആലയം ശുദ്ധമുള്ളതാകുന്നു. അതു നിങ്ങളുമാകുന്നു. (1 കോറി. 3:17.)

❑ ഭൂമിയിൽ നിങ്ങൾ കെട്ടുന്ന സകലവും ആകാശത്തിലും കെട്ടപ്പെട്ടതായിരിക്കും. ഭൂമിയിൽ നിങ്ങൾ അഴിക്കുന്ന സകലവും ആകാശത്തിലും അഴിക്കപ്പെട്ടതായിരിക്കും. (മത്താ. 18:18.)

❑ നിങ്ങൾ നിങ്ങളുടെ തട്ടിടപ്പെട്ട ഭവനങ്ങളിൽ വസിപ്പാനും ഈ ഭവനം ശൂന്യമായി കിടപ്പാനും, ഉള്ള കാലം നിങ്ങൾക്കു വന്നുവൊ. (ഹഗ്ഗായി 1:4.)

❑ എന്നാൽ പിന്നെയും അതികാലത്തു താൻ ദൈവാലയത്തിൽ എഴുന്നെള്ളി ജനം ഒക്കെയും തന്റെ അടുക്കൽ വന്നു. താൻ ഇരുന്നുകൊണ്ടു

Malankara Orthodox TV

അവരെ പഠിപ്പിച്ചു. (യോഹ. 8:1.)

❑ സ്തേപ്പാനോസു കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. (നടപ്പു. 6:8.)

❑ ഞാൻ ഈ ഭവനത്തെ മഹത്വംകൊണ്ടു നിറയ്ക്കും എന്നു സൈന്യങ്ങളുടെ കർത്താവു അരുളിച്ചെയ്യുന്നു. (ഹഗ്ഗാ. 2:7.)

❑ ആട്ടിൻതൊഴുത്തിലേക്കു വാതിൽ വഴിയായി അല്ലാതെ മറുവഴിയായി പ്രവേശിക്കുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. (യോഹ: 10:11.)

❑ ഇതല്ലാതെ വേറൊരു അടിസ്ഥാനത്തെ സ്ഥാപിപ്പാൻ ആർക്കും കഴിയുന്നതല്ലാ. (1 കൊ. 3:11.)

❑ ദൈവാത്മാവിനെ ഇതിനാൽ അറിവീൻ. യേശുമിശിഹാ ജഡത്തിൽ വന്നു എന്നു ഏറ്റുപറയുന്ന ആത്മാവൊക്കയും ദൈവത്തിൽ നിന്നാകുന്നു. (1 യൊ. 4:2.)

❑ നീ മരണത്തോളം വിശ്വസ്തനായിരിക്ക. എന്നാൽ ഞാൻ നിനക്കു ജീവന്റെ കിരീടത്തെ തരും.

❑ അവർ അയക്കപ്പെടാഞ്ഞാൽ എങ്ങിനെ പ്രസംഗിക്കും. (റോമാ. 10:15.)

❑ ദീർഘദർശിമാരുടെ നിമിത്തം എന്റെ ഹൃദയം എന്റെ ഉള്ളിൽ നുറുങ്ങിയിരിക്കുന്നു. (യറ. 23:9.)

❑ കുഞ്ഞാടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്ന കള്ളദീർഘദർശിമാരിൽ നിന്നു നിങ്ങൾ സൂക്ഷിച്ചുകൊൾവീൻ; എന്നാൽ അവർ അകമെ ബുഭുക്ഷയുള്ള ചെന്നായ്ക്കൾ ആകുന്നു. (മത്താ: 7:15.)

❑ എന്തുകൊണ്ടെന്നാൽ ഞാൻ പോകുന്നതിന്റെ ശേഷം ആട്ടിൻകൂട്ടത്തിന്മേൽ കരുണയില്ലാത്ത ബലമുള്ള ചെന്നായ്ക്കൾ നിങ്ങളോടു കൂടെ പ്രവേശിക്കുമെന്നു ഞാൻ അറിയുന്നു. (നട. 20:29.)

❑ ശിഷ്യന്മാർ തങ്ങളുടെ പിന്നാലെ പോകുവാനായിട്ടു അവരെ തിരിപ്പിപ്പാൻ തക്കവണ്ണം മാറുപാടുകൾ സംസാരിക്കുന്ന പുരുഷന്മാർ നിങ്ങളിൽ നിന്നു എഴുന്നേല്ക്കും. (നട. 20:30.)

❑ ഞങ്ങൾ നിങ്ങളോടു സുവിശേഷിച്ചതിനു വിപരീതമായി ഞങ്ങളോ സ്വർഗ്ഗത്തിൽ നിന്നു ഒരു മാലാകായോ നിങ്ങളോടു സുവിശേഷിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ, (ഗലാ: 1:8.)

❑ നിന്റെ പിതാക്കന്മാർ നിയമിച്ചിട്ടുള്ളതായ പണ്ടെയുള്ള അതൃത്തിയെ നീ നീക്കരുതു. (സുഭാ. 22:28.)

❑ എന്റെ കർത്താവെ, എന്റെ കർത്താവെ, എന്നു എന്നോടു പറയുന്ന ഏവനുമല്ലാ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു; സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ. (മത്താ: 7:21.)

❑ എന്നാൽ അവസാനകാലങ്ങളിൽ ചിലർ വിശ്വാസത്തിൽ നിന്ന് അകന്ന് തെറ്റിക്കുന്ന ആത്മാക്കളുടെ പിന്നാലെയും പിശാചുക്കളുടെ ഉപദേശത്തിന്റെ പിന്നാലെയും പോകും എന്നു റൂഹാ സ്പഷ്ടമായി പറയുന്നു. (1 തീ. 4:1.)

❑ എന്തുകൊണ്ടെന്നാൽ കള്ളമിശിഹാക്കളും വ്യാജത്തിന്റെ ദീർഘദർശിമാരും എഴുനീറ്റു കഴിയുമെങ്കിൽ തെരിഞ്ഞെടുക്കപ്പെട്ടവരേയും വഞ്ചിപ്പാൻ തക്കവണ്ണം വലിയ അടയാളങ്ങളെ കാണിക്കും. (മത്താ; 24:24.)

❑ എന്നാൽ എന്റെ സഹോദരന്മാരെ, നിങ്ങൾ പഠിച്ചിട്ടുള്ള ഉപദേശത്തിന്നപ്പുറമായി പകപ്പുകളേയും വിരുദ്ധങ്ങളേയും ഉണ്ടാക്കുന്നവരിൽ നിന്നു നിങ്ങൾ സൂക്ഷിച്ചുകൊള്ളണമെന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. (റോമാ: 16:17.)

❑ എന്റെ വാത്സല്യമുള്ളവരെ, എല്ലാ ആത്മാക്കളെയും നിങ്ങൾ വിശ്വസിക്കരുതു, എന്നാലൊ ആത്മാക്കൾ ദൈവത്തിൽ നിന്നാകുന്നുവൊ എന്നു വേർതിരിച്ചറിയുന്നവരാകുവീൻ. (1 യോ: 4:1.)

❑ ഇവർ ലോകത്തിൽ നിന്നാകുന്നു. ഇതു നിമിത്തം ലോകത്തിൽ നിന്നു അവർ സംസാരിക്കുന്നു. ലോകം അവരെ ചെവിക്കൊള്ളുകയും ചെയ്യുന്നു. (1 യോ. 4:5.)

❑ ഒരുവൻ ഈ ഉപദേശം നിങ്ങളുടെ അടുക്കൽ കൊണ്ടുവരാതിരുന്നാൽ ഭവനത്തിൽ അവനെ നിങ്ങൾ കൈക്കൊള്ളരുതു. സന്തോഷിക്ക എന്നു അവനോടു പർകയുമരുതു. (2 യോ. 10.)

*(സമ്പാദകൻ - എം. കുര്യൻ തോമസ്)*

Malankara Orthodox TV

# യാത്രാവിവരണം

# കൊളമ്പ് യാത്രാവിവരണം

അമേരിക്കൻ ഐക്യനാടുകളിലെ പിസക്കോൻസിൻ കെവാനി നഗരത്തിലെ ജനങ്ങൾ റൊമാ മതവിശ്വാസത്തെ ഉപേക്ഷിച്ചു അന്ത്യോക്യാ സഭയോട് ചേരുവാൻ ആഗ്രഹിച്ചപ്പോൾ അവരെ ഭരിച്ചു കൊള്ളുന്നതിന് ഒരു മെത്രാപ്പോലീത്താ ആവശ്യപ്പെട്ടതിനാൽ അവരുടെ പട്ടക്കാരനായ റേനി വിലാത്തി[4] എന്ന പാദ്രി മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസു മെത്രാനൊടും ഇൻഡ്യ സിലോൻ ഗോവ ഇടവകയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്തായോടും വിവരം അറിയിച്ചതിനാൽ അവർ പാത്രിയർക്കീസു ബാവ തിരുമനസിലേക്ക് അപേക്ഷ അയച്ച് റെനി വിലാത്തിയെ മെത്രാനായി വാഴിക്കുന്നതിന് കല്പന വരുത്തുകയും അദ്ദേഹം കൊളംബിൽ എത്തി താമസിയ്ക്കുകയും ചെയ്യുമ്പോൾ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും മാർ യൂലിയോസ് അൽവാറീസ് മെത്രാപ്പോലീത്തായും കൂടെ കോട്ടയത്ത് സിമ്മനാരിയിൽ നിന്നും ക്രിസ്താബ്ദം 1892 കൊല്ലം 1067 ഇടവം 3 ന് ഞായറാഴ്ച രാത്രി 12 മണിയ്ക്ക് യാത്ര പുറപ്പെട്ടു.

മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായോടു കൂടെ കുമരകത്ത് കളത്തിൽപറമ്പിൽ യൗസെപ്പു ശെമ്മാശും വാകത്താനത്ത് കാരുചിറ ഗീവറുഗീസ് ശെമ്മാശും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോട് കൂടെ കാരിച്ചാൽ കൊച്ചുകോശി കത്തനാരും തുമ്പമൺകാരൻ യാക്കോബ് ശെമ്മാശും അൽവാറീസ് മെത്രാപ്പോലീത്തായോട് കൂടെ ഗോവാക്കാരൻ കൈത്താൻ എന്ന ഒരു അയ്മേനിയും വാലിയക്കാരായി ഇട്ടീരാ – തോമാ എന്നവരും വിശേഷാൽ ശീമക്കാരൻ സ്ലീബാ ശെമ്മാശനും അതു കൂടാതെ ശീമയ്ക്ക് പോകുന്നതിനായി മല്ക്കി എന്നൊരു ശീമക്കാരനും ഉണ്ടായിരുന്നു. ഇവർ എല്ലാവരും യാത്രയ്ക്ക് ഒരുങ്ങി, അപ്പോൾ സിമ്മനാരിയിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും മൂക്കഞ്ചെരിൽ ഗീവറുഗീസ് റമ്പാച്ചനും കോനാട്ട് മാത്തൻ മൽപ്പാനച്ചനും മറ്റും ഉണ്ടായിരുന്നു.

കോട്ടയത്തു നിന്ന് കെട്ടുവള്ളത്തിലായി പുറപ്പെട്ടു. 4 ന് ...... 8 മണിക്ക് ആലപ്പുഴ എത്തിയശേഷം വേറെ മൂന്നു വള്ളം പിടിച്ച് 12 മണിക്ക് അവിടെ നിന്നും പുറപ്പെട്ട് സന്ധ്യയോടുകൂടെ തോട്ടപ്പള്ളി ചീപ്പുങ്കൽ എത്തി. 5 ന് 6 മണിക്ക് പൊമ്പനയും 12 മണിക്ക് കൊല്ലത്തും അടുത്തു. നെയിത്താപ്പീസ്, ഓട്ടാപ്പീസ്, കയറു പിരിക്കുന്ന യന്ത്രം മുതലായവകളെ യാത്രയിൽ കണ്ടു.

6 മണിക്കു നടുചിറയും 9 മണിക്ക് വർക്കല വലിയ തുരുത്തിലും തുരങ്കത്തിലും 10 മണിക്ക് ചെറിയ തുരങ്കത്തിങ്കലും 6 ന് 12 മണിക്ക് തിരുവനന്തപുരത്ത് ചാക്കെക്കടവിലും എത്തി വള്ളക്കാരെ പിരിച്ചു വിട്ടു. ഉടനെ വണ്ടി പിടിച്ച് പുത്തൻ കച്ചേരിക്ക് പടിഞ്ഞാറു ഭാഗത്തു കുമരകത്തുകാരൻ ഉമ്മൺ ഇൻസ്പെക്ടർ താമസിച്ചിരുന്ന പാത്രിയർക്കീസു ബാവായുടെ ബങ്കളാവിൽ എത്തി. അന്നു തന്നെ ചില സാമാനങ്ങൾ വാങ്ങിക്കുന്നതിനായി ചില ഷാപ്പുകളിലും കാഴ്ച ബങ്കളാവും മറ്റും കാണുന്നതിനായും പോയി.

മാർ അത്തനാസ്യോസു മെത്രാപ്പോലീത്തായും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും സവാരിക്കു പോയി വേറൊരു ബങ്കളാവിൽ താമസിക്കുകയും പിറ്റെ ദിവസം കാഴ്ചബങ്കളാവു മുതലായതു സന്ദർശിക്കയും ചെയ്തു. കാഴ്ചബങ്കളാവിൽ സിംഹം, കരടി, കടുവാ, പുലി മുതലായ കാട്ടു മൃഗങ്ങളും മയിൽ, പഞ്ചവർണ്ണക്കിളി മുതലായി പല തരത്തിൽ പക്ഷിക്കൂട്ടങ്ങളും ഉണ്ടായിരുന്നു. ഭരണി, പിഞ്ഞാണം മുതലായവ ഉണ്ടാക്കുന്ന ആപ്പീസുകളും ഹൈസ്ക്കൂളും കണ്ടതിന്റെ ശെഷം ആദ്യം വന്ന ബങ്കളാവിൽ എത്തി തിരുനൽവേലിയിലേയ്ക്ക് യാത്രയ്ക്ക് വണ്ടി പിടിച്ചു. 9 മണിക്ക് എല്ലാവരും പുറപ്പെട്ടു. വണ്ടി തഫാൽ വണ്ടി ആയിരുന്നു. 8 നാഴിക കഴിയുമ്പോൾ കുഴൽ ഊതുകയും വേറെ കാളയെ മാറി കൊടുക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരത്തു നിന്നും നടുവത്ത് കോയിപ്പുറത്ത് പൊന്നന്റെ മകൻ അബ്രഹാമിനെ കൂടെ സുഭാഷിയായി കൊണ്ടുപോയി.

8 ന് കുഴിത്തുറ പാലത്തിങ്കൽ എത്തി. ഈ പാലം വളരെ വീതിയും നീളവും ഉയരവും ഒരു അരികിന് എകെദേശം 108 കാലുകളും ഉള്ളതാകുന്നു. ഇതിന് സമീപം മുസ്സാവിരി ബങ്കളാവുണ്ട്. അവിടെ 12 മണിക്ക് എത്തി ഭക്ഷണം കഴിച്ച് 1 മണിക്ക് തിരുവാങ്കൊടു വഴിയായി പുറപ്പെട്ടു 6 മണിക്ക് പത്മനാഭപുരത്തെത്തി. തിരുവിതാംകൂർ മഹാരാജാവിന്റെ കോട്ട ആദ്യം ഇവിടെക്കും പിന്നെ തിരുവനന്തപുരത്തേക്കും മാറ്റി. ഇവിടെ പുല്ലിക്കുറിച്ചിയിൽ റോമാ മതക്കാരുടെ ഒരു പള്ളി ഉണ്ട്. ദൈവസഹായ പിള്ളയ്ക്ക് ദാഹിച്ചപ്പോൾ മുട്ടു കൊണ്ട് പാറയിൽ ഇടിച്ചു എന്നും അപ്പോൾ വെള്ളം പുറപ്പെട്ടു എന്നും ആ വെള്ളം കുറവു കൂടാതിരിക്കുന്നുവെന്നും റോമാക്കാർ പറയുന്ന സ്ഥലം ഈ പള്ളിയുടെ പടിഞ്ഞാറു വശത്തു മുഖവാരത്തോട് ചേർന്നാകുന്നു. ആ പള്ളിയിൽ യാത്രക്കാർ കേറി കാണുകയും വെള്ളം വാങ്ങിച്ചു കുടിക്കയും ചെയ്തു. ഉടനെ അവിടെ നിന്നും ചെങ്കോട്ട വഴിയായി പോരുമ്പോൾ വലിയ വലിയ പാറക്കൂട്ടങ്ങളും മലകളും ഇടക്കിടെക്ക് കരിമ്പനകളും കാണുകയും 6 മണിക്ക് തന്നെ വടക്കോട്ട് കടന്ന് തിരുനെൽവേലി അതൃത്തിയിലിറങ്ങുകയും ചെയ്തു. ഈ സ്ഥലം തിരുവിതാംകൂറിന്റെ അതൃത്തിയും വലിയ മല വെട്ടിതാഴ്ത്തി ഉണ്ടാക്കീട്ടുള്ളതുമാകുന്നു. ഈ ദേശം സമഭൂമിയും വളരെ കരിമ്പനയും പുളിയും ഉള്ളതും നെല്ല്,

പുല്ല്, ആവണക്ക്, പരുത്തി മുതലായ കൃഷികളും ഉള്ളതാകുന്നു. ഈ ദേശത്ത് മഴ നന്നേ കുറവും കാറ്റ് അധികവും ആകുന്നു.

9 ന് 6 മണിക്ക് യാത്ര പുറപ്പെട്ടു. 10 മണിക്ക് വള്ളിയൂരിലും 1 മണിക്ക് രാജായമംഗലത്തും പിന്നെ പാപകുളം ഊരിലും ആവികുളത്തും എത്തി. അവിടെ കരിങ്കല്ലു കൊണ്ട് കെട്ടിയ വിശേഷമായ കുളം ഉണ്ട്. അവിടെ നിന്നും 5 മൈൽ വടക്ക് നാമലശ്ശേരി ഊരും വിശേഷാൽ ഒരു ഗോപുരവും കണ്ടു. ഈ യാത്രയിൽ ഗ്രീഗൊറിയോസു മെത്രാപ്പോലീത്തായുടെ വണ്ടി മുമ്പ് കടന്ന് ഓടിച്ചതിനാൽ മുൻകൂട്ടി തിരുനൽവേലീൽ എത്തി റെയിൽവെയിമാ എന്ന മാനേജരുടെ ആപ്പീസിൽ താമസിച്ചു. ശേഷം പേർ 4 മണിക്ക് തമ്രപ്പർണ്ണി ആറ്റിലുള്ള പാലത്തിങ്കൽ എത്തി. ഈ പാലം വളരെ വലിപ്പമുള്ളതും വളവുകളായി ഇഷ്ടിക കൊണ്ട് വളച്ചതും പാലത്തെ വളരെ വിളക്കുകളും ഉള്ളതാകുന്നു. ഇതിനടുത്താകുന്നു തീവണ്ടി സ്റ്റേഷൻ. 10 ന് 5 മണിക്ക് എല്ലാവരും തീവണ്ടി ആപ്പീസിൽ എത്തി. യാത്രക്കാർക്ക് തീവണ്ടി യാത്ര ആദ്യമായിരുന്നതിനാൽ വിസ്മയജനകമായിരുന്നു. മെത്രാച്ചന്മാർ രണ്ടാം ക്ലാസ്സിലും ശെഷം പേർ 3-ാം ക്ലാസിലും ആയി തീവണ്ടി കയറി. ഗനായകണ്ടി, മണിയാച്ചി ഈ ആഫീസുകളിൽ എത്രയും വേഗത്തിൽ എത്തി. മണിയാച്ചി ആഫീസിൽ നിന്നും അപ്പോൾ മധുരയ്ക്ക് ഒരു വണ്ടി പുറപ്പെട്ടു. അവിടെ നിന്നും വണ്ടി പുറപ്പെട്ട് തത്തപ്പാറയി എന്ന ആപ്പീസിലും അവിടെ നിന്നും പുറപ്പെട്ട് 3 മണിക്ക് തൂത്തുക്കുടി ആപ്പീസിലും എത്തി. പിന്നെ ആപ്പീസ് മുറി വിട്ടിറങ്ങി വല്ലോം ആശ്വസിച്ചശേഷം ആപ്പീസിന് സമീപം പി. പി. ദുറാൾ എന്ന ഒരു വലിയ ഷാപ്പിന്റെ സ്ഥലത്തു താമസിച്ചു. ഈ മനുഷ്യൻ അൽവാറീസു മെത്രാപ്പോലീത്തയുമായി പരിചയമുള്ള ആളായിരുന്നു. അതു നിമിത്തമാണ് അയാളുടെ സ്ഥലത്ത് യാത്രക്കാരെ താമസിപ്പിക്കുന്നതിന് കാരണമായത്. ഇവിടെ റോമാ സഭക്കാരും അവർക്കു പല പള്ളികളും ജസവീത്ത സഭക്കാരും ഉള്ളതു കൂടാതെ നൂലാപ്പീസ്, പഞ്ചസാര ഉണ്ടാക്കുന്ന ആപ്പീസ് മുതലായവകളും വളരെ കച്ചവടങ്ങളും ഉള്ള ഒരു പ്രധാന തുറമുഖവും കപ്പൽ അടുക്കുന്നതും ആകുന്നു. തിരുനൽവേലീൽ നിന്നും ഇവിടേക്ക് ഏകദേശം 36 മയിൽ അകലം ഉണ്ട്. യാത്രക്കാർക്ക് അന്നേ ദിവസം കപ്പൽ ഏനമില്ലാത്തതിനാൽ അവിടെ താമസിക്കുന്നതിനിടയായി. അപ്പോൾ വളരെ റോമാക്കാർ വന്നു യാത്രക്കാരെ കാണുകയും അൽവാറീസു മെത്രാച്ചൻ റോമാക്കാർക്കു വിരോധമായി അച്ചടിച്ചു വച്ചിട്ടുള്ള പുസ്തകങ്ങൾ സമ്മാനിക്കയും ചെയ്തതിനാൽ വളരെ തർക്കവും വിരോധവും ഉണ്ടായി. 11 ന് തിങ്കളാഴ്ച കോട്ടയത്തേക്കും കൊളംബിലേയ്ക്കും കമ്പി അടിച്ചു. 3 മണിക്ക് താമസ സ്ഥലത്തു നിന്നും വണ്ടി വഴിയായി കടവിലേക്ക് പുറപ്പെട്ടു. കടവിൽ നിന്നും വളരെ ദൂരത്തിൽ 2 കപ്പൽ അടുത്തിരുന്നു. കപ്പൽ യാത്രക്കുള്ള കൂലിയും മറ്റും തീർത്ത് കടൽ വഞ്ചിയിൽ കയറി നീങ്ങി ഒരു കപ്പലിന്റെ അടുക്കൽ സന്ധ്യയോട് കൂടെ എത്തി.

അപ്പോൾ നിങ്ങൾ കൂലി തീർത്ത കപ്പൽ മറ്റേതാണെന്നും അവിടേയ്ക്ക് പോകണമെന്നും കപ്പിത്താൻ പറഞ്ഞപ്പോൾ വഞ്ചിക്കാർ അവർക്ക് കഴിയുകയില്ലെന്നും മറ്റും തടസം പറഞ്ഞു. മറ്റെ കപ്പലിലേക്ക് തീബോട്ടിൽ കയറ്റി ഇറക്കി. അതിൽ ആയിരുന്നു നമ്മുടെ യാത്രക്കാരെ ഇറക്കിക്കൊണ്ടിരുന്നത്. അങ്ങനെ ചെയ്യാത്തതു റോമാക്കാരുടെ അസൂയ കൊണ്ടായിരുന്നു. പിന്നെ കപ്പിത്താന്റെ ശാസന കൊണ്ടും അൽവാറീസു മെത്രാച്ചൻ കൈക്കൂലി കൊടുത്തതു കൊണ്ടും വള്ളക്കാർ മറ്റെ കപ്പലിന്റെ അടുക്കൽ കൊണ്ടു പോയി ഇറക്കി. കടലിലെ ഓളത്തിന്റെ കഠിനം കൊണ്ട് യാത്രക്കാർക്ക് തല തിരിച്ചിലും ഛർദ്ദിയും ഉണ്ടായി. കപ്പലിന്റെ പങ്ക വെള്ളത്തിൽ നിന്നും വളരെ ഉയരത്തിൽ ആയിരുന്നതിനാൽ കേറുന്നതിനും മറ്റും വളരെ പ്രയാസം നേരിട്ടു. അതിനാൽ ഗോവണി ഇറക്കി തന്നതിൽ കൂടി കപ്പലിൽ കയറി. അപ്പോൾ ആ കപ്പലിൽ കുന്നംകുളങ്ങരെ പനയ്ക്കൽ ഇട്ടിമാത്തു ഉണ്ടായിരുന്നു. അയാൾ ആലപ്പുഴെ നിന്നും കൊളംബിലേക്ക് നമ്മുടെ യാത്രക്കാരുടെ സഹായത്തിനായി പുറപ്പെട്ടതാണ്. അയാളെ കണ്ടതിൽ വളരെ സന്തോഷമുണ്ടായി. രാത്രി 11 മണിക്ക് കപ്പൽ തുറമുഖത്തു നിന്നും കൊളംബിലേയ്ക്ക് നീങ്ങി. കാറ്റും കോളും അധികമായതിനാൽ കപ്പൽ നന്നാ ഇളകുകയും വെള്ളം കപ്പലിനകത്തു വീഴുകയും ചെയ്തു. വെള്ളം അടിത്തട്ടിലേക്ക് പോകാതിരിക്കത്തക്കവണ്ണം പണി ചെയ്തിരിക്കുന്നതിനാൽ വെള്ളം വീണാലും അതു പുറത്തേക്ക് പോകുന്നതു കൊണ്ട് കുലുങ്ങുകയില്ല. മെത്രാന്മാർ 2-ാം ക്ലാസിലും ശേഷം പേർ 3-ാം ക്ലാസിലും ആയിട്ടാണ് കേറിയത്. 2-ാം ക്ലാസ് മുറികൾ വളരെ വിശേഷമായിരുന്നതിനാൽ അതിൽ വെള്ളം കേറുകയില്ല. അതിൽ ഇരിപ്പിനും കിടപ്പിനും സ്ഥലസൗകര്യങ്ങളും ഉണ്ട്. ഭക്ഷണം അതിൽ തന്നെ കൊണ്ടുവന്ന് കൊടുക്കും. 3-ാം ക്ലാസ്സുകാർ മേൽത്തട്ടിൽ ഇരിക്കുന്നതു കൊണ്ട് പല ഉപദ്രവങ്ങളും ഉണ്ട്. വെള്ളം പൊട്ടി വീണാറെ യാത്രക്കാർ നനയുകയും മറ്റുമുണ്ടായി. ഇങ്ങിനെ കപ്പൽ ഓടിച്ച് 12 ന് ഉച്ചയ്ക്ക് കൊളംമ്പു തുറമുഖത്ത് അടുത്തു. അപ്പോൾ തുറമുഖത്ത് വളരെ തീകപ്പലുകളും പായ്ക്കപ്പലുകളും കടൽ വഞ്ചികളും വളരെ ജനങ്ങളും ഉണ്ടായിരുന്നു. ഉടനെ കൊളംബു പള്ളിയിലെ ഒരു പ്രധാനിയായ ഡോക്ടർ പിന്റോയും മറ്റു മഹാന്മാരും നമ്മുടെ യാത്രക്കാരുടെ കപ്പലിൽ വന്ന് തിരുമേനികളുമായി സന്തോഷ സംഭാഷണം കഴിക്കയും തിരുമേനികളെയും സ്ലീബാ ശെമ്മാശനെയും കൊച്ചു കോശി കത്തനാരെയും ഒഴിച്ചുള്ള ആളുകളെയും സാമാനങ്ങളെയും കടൽ വഞ്ചിയിൽ കയറ്റി തുറമുഖത്തുള്ള ഗവർമെണ്ടു വക കെട്ടിടത്തിലേയ്ക്ക് കൊണ്ടുപോയി. അവിടെ വച്ച് ദാഹത്തിന് ഓരോ കുപ്പി ലിബിനൈറ്റ് കുടിച്ചാശ്വസിച്ച ശേഷം കുതിരവണ്ടിയിൽ കേറ്റി 'ഔവർ ലെയിഡി ഗുഡ് ഡെത്ത്' എന്ന് പേരുള്ള അവരുടെ പള്ളിയിലേയ്ക്ക് കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ റെനി വിലാത്തി എന്ന അമേരിക്കൻ പാദ്രിയും ഫാദർ അന്തോനിയോസും ഉണ്ടാ

യിരുന്നു. അവർ യാത്രക്കാരെ വളരെ സന്തോഷത്തോടെ കൈക്കൊണ്ടു. റ്റീ ...... മുതലായവ തയ്യാറാക്കി കുടിച്ചുംകൊണ്ട് ആഘോഷമായി എതിരെൽക്കുന്നതിനായി അവർ കപ്പലിലെത്തി. ആദരിച്ച് ഗവെർമെണ്ട് വക വലിയ ബോട്ടിൽ കയറ്റി കരയ്ക്കടുപ്പിച്ച് ഗവർമെണ്ട് കെട്ടിടത്തിൽ ഇരുത്തി. അവിടെ നിന്ന് കുതിര വണ്ടികളിലായി ബാന്റ്, ബൊക്കെ മുതലായ ആഘോഷത്തോടും വളരെ ജനക്കൂട്ടത്തോടും കൂടെ യാത്ര തിരിച്ച് മേല്പ്പറഞ്ഞ പള്ളിയിൽ എത്തി. ലുത്തിനിയാ കഴിച്ച് പള്ളിയോട് ചേർന്നുള്ള കെട്ടിടത്തിൽ താമസിച്ചു. തൂത്തുക്കുടിയിൽ നിന്ന് കൊളംബിലേയ്ക്ക് കപ്പൽ കൂലി 1-ാം ക്ലാസിന് 25. 2 -ന് 10. 3 ന് 8 രൂപ വീതവും ആയിരുന്നു.

13 ന് പലരും വന്ന് കാണുകയും സന്തോഷിക്കയും ചെയ്തിരുന്നു. 14 ന് സ്വർഗാരോഹണപ്പെരുന്നാളായിരുന്നു. റെനി വിലാത്തി പാദ്രിക്ക് ഗ്രീഗൊറിയോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി റമ്പത്വം കൊടുത്തു. ഉച്ച കഴിഞ്ഞ് ടി. റമ്പാൻ കുതിരവണ്ടി വരുത്തി, തിരുമേനികളും അദ്ദേഹവും സ്ലീബാ ശെമ്മാശനും കൂടി വിസീറ്റയ്ക്ക് പോയി. കാഴ്ച ബങ്കളാവ് മുതലായവ കണ്ട് സന്ധ്യയ്ക്ക് തിരിച്ചെത്തി.

കൊളംബിലെ പള്ളീടെ വടക്ക് വശത്തു കൂടി വഴിയുള്ളതിനാൽ പള്ളി ഇരിക്കുന്നതു തെക്ക് വടക്ക് ആയിരുന്നു. ഇതിന്റെ മദ്ബഹായോട് ചേർന്ന് കിഴക്ക് പടിഞ്ഞാറായി താമസത്തിനുള്ള മുറിയും അതിന് തെക്ക് വശത്ത് കുശിനി മുറിയും കിഴക്ക് വശത്ത് കിണറും അതിന് പടിഞ്ഞാറ് വേറൊരു കെട്ടിടവും ഉണ്ട്. പള്ളിയകത്ത് ഇരുവശത്ത് തൂണ് നിറുത്തി ഉത്തരവും വച്ച് റാന്തൽ വശത്ത് ചുവരുകെട്ടി അടച്ച് ജനലുകളും വച്ച് വിസ്താരമുള്ളതും മുറിത്തട്ടും പടിഞ്ഞാറു വശത്ത് ഒരു മട്ടുപ്പാവും മദ്ബഹായ്ക്ക് തെക്ക് വടക്ക് ...... ഒഴുകുവാര മുറികളും. പള്ളിക്കകത്ത് മുഴുവൻ കയറ്റ് പായും കസേറകളും ഉണ്ട്. ജനങ്ങൾ കൂടിയാൽ കസേരയിൽ ആണ് ഇരിക്കുന്നത്. ഈ പള്ളിക്കു സമീപം പെട്ടയിൽ ഒരു പള്ളി ഉണ്ടന്നും ദൂരെ മാന്നാർ എന്ന സ്ഥലത്ത് ഒരു വലിയ പള്ളിയും കുറെ ചാപ്പലുകളും ഉണ്ടന്നവർ പറഞ്ഞു. ഈ പള്ളിയുടെ പടിഞ്ഞാറു വശത്തു ഹൈക്കോട്ടും തെക്കു വശത്ത് റെയിൽവേ സ്റ്റേഷനും കിഴക്കു വശത്തു തേങ്ങ ആട്ടുന്ന എണ്ണ ചക്കും മറ്റ് യന്ത്രങ്ങളും ഉണ്ട്. പട്ടണം വളരെ ആൾ പെരുപ്പവും വളരെ വലിയ കെട്ടിടങ്ങളും കച്ചവടവും ഉള്ളതാകുന്നു. എല്ലാ വഴികളിലും കുഴൽ വെള്ളവും ഉണ്ട്.

15 ന് റെനി വിലാത്തി റമ്പാന് സ്ഥാനം കൊടുക്കുന്നത് ലത്തീൻ ഭാഷയിൽ ആയിരിക്കണമെന്ന് അൽവാറീസ് മെത്രാച്ചനും മറ്റും തിരുമേനികളോട് അറിയിച്ചു. അത് പാടില്ലെന്ന് പറകയാൽ തർക്കം ഉണ്ടായി. കുറെ വ്യസനിച്ചും എങ്കിലും ചെന്നുപോയതു കൊണ്ട് സംഗതി നടക്കാതെ പോയാൽ ആക്ഷേപമാകുമല്ലോ എന്ന് കരുതി സ്ഥാനം കൊടുക്കുന്ന ദിവസം

അൽവാറീസ് കുർബാന ചൊല്ലണമെന്നും പട്ടംകൊട സുറിയാനിയിലായിരിക്കണമെന്നും നിശ്ചയിച്ചു. അന്നേ ദിവസം പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന വായിച്ചു. അതിൽ റെനി വിലാത്തി സത്യവിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിക്കണമെന്നും അദ്ദേഹത്തിന് സ്ഥാനം കൊടുക്കുന്നതിന് അനുവദിക്കുന്നുവെന്നും മറ്റുമായിരുന്നു. 17 ന് അൽവാറീസ് മെത്രാച്ചൻ കുർബാനക്കായി ഒരുങ്ങുകയും, ശേഷം തിരുമേനികളും കൂടെയുള്ളവരും പ്രാർത്ഥന കഴിഞ്ഞശേഷം സുറിയാനി മര്യാദപ്രകാരമുള്ള ക്രമങ്ങൾ കഴിക്കയും പാത്രിയർക്കീസ് ബാവായുടെ കല്പന വായിക്കയും മറ്റും ചെയ്ത്, റെനി വിലാത്തിക്ക് മൂന്നു പേരും കൂടി കൈവച്ച് തീമൊഥ യൊസെന്ന സ്ഥാനപ്പേർ കൊടുത്തു അമോലോഗിയ വായിച്ച് ഒപ്പു വച്ച് വാങ്ങിച്ചു. പിന്നെ കുറെയാശ്വസിച്ച ശേഷം എല്ലാവരും പള്ളിയകത്തു പോയി. അൽവാറീസ് കുർബാന ചൊല്ലുകയും ഏതാനും ക്രമങ്ങൾ കഴിക്കയും ചെയ്തു. പള്ളിയിൽ അമെറീക്ക കൊൻസൽ മുതലായ മഹാന്മാരും വളരെ ജനങ്ങളും കൂടിയിരുന്നു. ഇവരെ കഴിഞ്ഞ് തിരുമേനികൾ മുറിയിൽ വന്നപ്പോൾ ഡോക്ടർ പിന്റോ തിരുമേനികൾക്ക് വെവ്വേറെ വന്ദനവുകൾ പറയുകയും അവർ യഥോചിതമായ മറുപടി പറയുകയും ചെയ്തു. അന്ന് രാത്രി 8 മണി മുതൽ പിന്റോ മുതൽ പേർ മാജിക്കലാണ്ട് എന്ന സൂത്രം കാണിച്ച് രസിപ്പിച്ചു.

18 ന് റെനിവിലാത്തി തിമൊത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് പാത്രിയർക്കീസ് ബാവായുടെ അധികാരപത്രവും മൂന്ന് മെത്രാന്മാരും കൂടി അധികാര സാക്ഷ്യപത്രവും കൊടുത്തു. 19 ന് യാത്രക്കാർ കൊളംബിലുള്ള കൊപ്രാ ആട്ടുന്ന ചക്കും മറ്റും കാണുന്നതിനായി പോയി. ആ കെട്ടിടം വളരെ വലിപ്പമുള്ളതും വളരെ വേലക്കാർ ഉള്ളതും ആകുന്നു. അതു കഴിഞ്ഞ് പെൻസൽ ഉണ്ടാക്കുന്നതിനുള്ള ഈയം വെലം ചെയ്യുന്ന സ്ഥലവും ചെന്ന് കണ്ടു തിരിച്ചു വന്നു. പട്ടംകൊടയുടെ സംഗതികളെ കുറിച്ചും മറ്റും പാത്രിയർക്കീസ് ബാവായ്ക്ക് എഴുത്തയച്ചു. ഉച്ച കഴിഞ്ഞ് ശെമ്മാശൻമാർ അവിടെയുള്ള കാഴ്ച ബങ്കളാവ് കാണുന്നതിനായി പോയി. അവിടെ തിരുവനന്തപുരത്തെപ്പോലെ കാഴ്ചകൾ ഉണ്ടെങ്കിലും ജീവനുള്ളതായിരുന്നില്ല. സിംഹം, കരടി, ആന മുതലായ അനേക മൃഗങ്ങളുടെയും അനേക തരത്തിലുള്ള പക്ഷികളുടെയും തോലുകൾ ഉണക്കി സാക്ഷാൽ എന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. അനേകം ആളു രൂപങ്ങളും കാട്ടാളന്മാരുടെ വേഷങ്ങളും സാക്ഷാൽ ഉള്ളതെന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. വലിയ തിമിംഗലങ്ങളുടെ അസ്ഥികളും തോലുകളും ഉണക്കിവച്ചിട്ടുണ്ട്. കാഴ്ച ബംങ്കളാവിന്റെ മിറ്റത്ത് ഒരു തറയിൽ കാട്ടാളന്റെ ഒരു വലിയ രൂപം കരിങ്കല്ല് കൊണ്ടു തീർത്ത് സ്ഥാപിച്ചിരുന്നു. അതു കഴിഞ്ഞ് ഒരു പാലം കാണുന്നതിനായി പോയി. ആ പാലം വെള്ളത്തിൽ അനേക വള്ളങ്ങൾ നിരത്തിയിട്ടു അതിന്മേൽ തുടൽ വലിച്ച് കെട്ടി പലക നിരത്തിയും

Malankara Orthodox TV

എത്ര വെള്ളം പൊങ്ങിയാലും തരക്കേടില്ലാത്തതും ആകുന്നു. പിന്നീട് കടപ്പുറം മുതലായ സ്ഥലങ്ങൾ കണ്ടു. യാത്രയിൽ റോമാക്കാർ, ഇംഗ്ലീഷുകാർ, മഹമ്മദുകാർ മുതലായവരുടെ പള്ളികളും കെട്ടിടങ്ങളും കണ്ട് തിരിച്ചെത്തി. പിന്നീട് ഡോക്ടർ പിന്റോയുടെ ബംങ്കളാവിൽ നമ്മുടെ യാത്രക്കാരെ സല്ക്കരിച്ചു. 20 ന് തിരുമേനികൾ പോയശേഷം ആ പള്ളിയുടെ കൈക്കാരനും പ്രധാനിയുമായ പെരോരയുടെ ക്ഷണിതപ്രകാരം അയാളുടെ വീട്ടിൽ എല്ലാവരും പോയി. തീറ്റിക്കു റോമാ സമ്പ്രദായത്തിൽ ആണുങ്ങളും പെണ്ണുങ്ങളും ഒരു മേശയ്ക്ക് ചുറ്റും ഇരുന്നു. അനേകതരത്തിൽ വിശേഷ സാമാനങ്ങൾ ഉണ്ടായിരുന്നു. അയാൾ ഒരു  കച്ചവടക്കാരനും ആകുന്നു.

21 ന് ഷാപ്പുകളിൽ കൊട മുതലായ സാമാനങ്ങൾ വാങ്ങിക്കുന്നതിനായി പോയി തിരിച്ചു വന്നു.

25 ന് അൻപതാം പെരുന്നാളിന് കൊച്ചുകോശി കത്തനാർ കുർബ്ബാന ചൊല്ലി. പെരുന്നാളിന്റെ ഒരു ബെശുമെശ്ത്താ കഴിച്ചു. പിന്നീട് അൽവാറീസ് മെത്രാച്ചനും മറ്റും അവരുടെ ക്രമപ്രകാരം ശുശ്രൂഷകൾ കഴിച്ച് 3 പ്രാവശ്യം വെള്ളം തളിക്കയും ഒരു പ്രസംഗം പറയുകയും ചെയ്തു. 12 മണി കഴിഞ്ഞ് യൗവനക്കാർ വന്ന് കളിസ്ഥലം ഒരുക്കുകയും കൊടി കുത്തുകയും 1 മണിക്ക് വൃദ്ധന്മാരും വാല്യക്കാരും പെൺകുട്ടികളും വന്ന് ഓട്ടം, ചാട്ടം മുതലായ കളികൾ കാണിക്കയും പെൺകുട്ടികൾ ഓട്ടത്തിൽ സൂചിക്കുഴയിൽ നൂൽ കോർക്കയും മറ്റും ഉണ്ടായി. ജയിച്ചവർക്ക് ഓരോ തരം പടങ്ങളും മറ്റും സമ്മാനിക്കയും ചെയ്തു. 5 മണിക്ക് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായ്ക്കും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കും കൂടി ഇംഗ്ലീഷിൽ ഒരു മംഗളപത്രം സമർപ്പിക്കയും അവർ സമയോചിതമായി മറുപടി പറയുകയും കൊളംബിലേയും അമെരിക്കയിലേയും സഭയെപ്പറ്റി അല്പം പ്രസംഗിക്കയും ചെയ്തശേഷം പുതിയ മെത്രാപ്പോലീത്തായ്ക്ക് ഒരു മംഗളപത്രം സമർപ്പിക്കയും മറുപടി പറയുകയും ചെയ്തു. ഒടുവിൽ ചീയർ വിളിച്ച് കൈകൊട്ടി സന്തോഷിച്ച് പിരിയുകയും രാത്രി 8 മണി മുതൽ 9 മണി വരെ മാജിക്കലാണ്ട് കാണിക്കുകയും കരിമരുന്ന് പ്രയോഗം നടത്തുകയും ചെയ്തു.

25 ന് തിരിച്ച് യാത്രക്കുള്ള കപ്പൽ അന്വേഷിച്ചെങ്കിലും ഏനമായി കിട്ടിയില്ല. 26 ന് 12 പേർക്കും 55 രൂപ കപ്പൽ കൂലി ഒടുക്കി ടിക്കറ്റും വാങ്ങിച്ചു. 2 മണിക്ക് പള്ളിയിൽ നിന്നും കടവിലേക്ക് യാത്ര തിരിച്ചു. പുതിയ മെത്രാപ്പോലീത്തായും അമെറിക്കയിലേക്ക് യാത്ര തിരിച്ചു. ഒന്നിച്ചു പുറപ്പെട്ട് കടവു വരെ എത്തി. കടവു വരെ അൽവാറീസ് മെത്രാപ്പോലീത്തായും മറ്റും വന്നിരുന്നു. തമ്മിൽ സമാധാനം പറഞ്ഞ് വള്ളത്തിൽ കയറി കപ്പലിൽ ചെന്നെത്തുകയും കപ്പലിൽ നടന്ന് എല്ലാ സ്ഥലങ്ങളും കാണുകയും ചെയ്തു. തിരുമേനികൾ മുമ്പെപ്പോലെ 2-ാം ക്ലാസിലും ശേഷം പേർ 3-ാം ക്ലാസ്സിലും ആണ്

കേറിയത്. ശീമക്കാരൻ മല്കി എന്നവൻ ഞങ്ങളിൽ നിന്നു പിരിഞ്ഞു ശീമയ്ക്ക് യാത്രയാവുകയും ചെയ്തു. രാത്രി 8 മണിക്ക് കപ്പൽ നീങ്ങി. പിറ്റെ ദിവസം കാലത്തു തൂത്തുക്കുടിയിൽ കപ്പൽ അടുത്തില്ല. അതു നിമിത്തം പലരും വ്യസനിച്ചു. വഴി തെറ്റിപ്പോയിട്ടാണെന്നും മറ്റും പലരും പറഞ്ഞു. ഞങ്ങളിൽ പലർക്കും കപ്പൽ ചൊരുക്കുണ്ടായിരുന്നതിനാൽ ഒന്നും ഭക്ഷിക്കുന്നതിനും പാടില്ലാതെ ക്ഷീണതയിൽ ആയിപ്പോയി. ബുധനാഴ്ച രാത്രി 12 മണിക്ക് തൂത്തുക്കുടി തുറമുഖത്ത് വിളക്ക് കണ്ട് ആശ്വസിച്ചു. കാലത്തെ കരയിൽ നിന്നും വള്ളം കപ്പലിങ്കൽ കൊണ്ടു വന്ന് അതിൽ എല്ലാവരും കേറി കരയിലേക്ക് യാത്ര തിരിച്ചു. ആ വള്ളത്തിൽ കരയിലേക്കിറങ്ങുന്നതിനായി ചില സായ്പന്മാരും മദാമ്മമാരും ഉണ്ടായിരുന്നു. അവർ മെത്രാന്മാരെ കണ്ടപ്പോൾ വർത്തമാനങ്ങൾ ചോദിക്കുകയും സുറിയാനി സഭയെക്കുറിച്ച് ഒരു വിവരണം അവരെ മനസ്സിലാക്കയും ഓരോ പുസ്തകങ്ങൾ അവർക്ക് സമ്മാനിക്കയും ചെയ്തു. വള്ളം കരക്കടുപ്പിച്ച് ഇറങ്ങി മുൻ താമസിച്ചിരുന്ന മുറാൾ എന്ന കച്ചവടക്കാരന്റെ ആപ്പീസിൽ എത്തി ഭക്ഷണം കഴിച്ചാശ്വസിക്കയും 4 മണിക്ക് യാത്ര പറഞ്ഞ് തീവണ്ടിയിൽ കേറി രാത്രി 7 മണിക്ക് തിരുനെൽവേലീൽ എത്തി. മുൻ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എത്തി താമസിച്ച സായ്പിന്റെ ബങ്കളാവിൽ താമസിച്ചു. അയാൾ നമ്മുടെ യാത്രക്കാരുടെ മേൽ ദയയുള്ള ആളായിരുന്നു. അയാളുടെ മകൾക്ക് ചില സമ്മാനങ്ങളും മറ്റും കൊടുത്തു. വെള്ളിയാഴ്ച ഭക്ഷണവും മറ്റും കഴിച്ച് തിരുവനന്തപുരത്തേക്ക് തഫാൽ വണ്ടിയിലായി യാത്ര തിരിച്ചു. വണ്ടി 1 ക്ക് പന്ത്രണ്ട് രൂപാ വീതം കൂലിയായിരുന്നു. 30 ന് തിരുവിതാംകോട്ട പള്ളിയിൽ എത്തി. ഈ പള്ളി ധരിയാക്കളായ സുറിയാനിക്കാരുടെ പള്ളി ആകുന്നു. അന്ന് ആ പള്ളിയിൽ പുതുപ്പള്ളിക്കാരൻ കുരുവിള ഇഞ്ചിനീയർ താമസിക്കുന്നുണ്ടായിരുന്നു. ഈ പള്ളി വളരെ പുരാതന പള്ളിയും മുമ്പ് വളരെ ഇടവകക്കാർ ഉണ്ടായിരുന്നതും ആകുന്നു. ഇപ്പോൾ ഒന്ന് രണ്ട് വീട്ടുകാർ മാത്രമേ ഇടവകക്കാരായി ഉള്ളു. അവർക്ക് കുടുമ്മ ഉണ്ട്. സ്ത്രീകൾ പാണ്ടിക്കാരുടെ വസ്ത്രധാരണയിലും ആണ് നടക്കുന്നത്. ഈ പള്ളി ജീർണ്ണിതപ്പെട്ടു കിടന്നിരുന്നതു എഞ്ചിനീയറിന്റെ ഉത്സാഹത്താൽ നന്നാക്കി. പിറ്റെ ദിവസം ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആ പള്ളിയിൽ കുർബാന ചൊല്ലി പ്രസംഗിച്ചു. അന്യജാതിക്കാർ പലരും വെളിക്ക് കൂടിയിരുന്നു. അവിടെ വെച്ചുണ്ടായ ചിലവ് ഇഞ്ചിനിയറുടെ വകയായിരുന്നു. ഉച്ചകഴിഞ്ഞ് അവിടെ നിന്ന് പുറപ്പെട്ട് രാത്രി 12 മണിക്ക് തിരുവനന്തപുരത്ത് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ താമസിച്ചിരുന്ന ബങ്കളാവിൽ എത്തി യാത്രയിൽ ഉണ്ടായ വിവരങ്ങൾ അറിയിക്കുകയും സകല അപകടങ്ങളിൽ നിന്നും രക്ഷിച്ച ദൈവത്തെ സ്തുതിക്കയും ചെയ്തു.

മിഥുനം 2 ന് പുത്തൻകച്ചേരി മുതലായതു കാണുന്നതിനായി പോയപ്പോൾ ജഡ്ജിമാരുടെ വിസ്താരവും മറ്റും കണ്ട് തിരികെ ബങ്കളാവിൽ

Malankara Orthodox TV

എത്തിയശേഷം തിരുവനന്തപുരത്ത് താമസിച്ച് പഠിക്കുന്ന സുറിയാനി വിദ്യാർത്ഥികൾ, വക്കീലന്മാർ മുതലായവർ തിരുമേനികൾ കൊളംമ്പിലേക്ക് സുവിശേഷ പ്രചാരണത്തിനായി പോയി തിരിച്ചുവന്നതിന്റെ സന്തോഷം നിമിത്തം ഒരു മംഗളപത്രം അച്ചടിച്ച് വായിക്കുന്നതിനായി നാലര മണിക്ക് ഒരു യോഗം കൂടുകയും പുതുപ്പള്ളി കൊച്ചുപാറേട്ട് പീലിപ്പോസ് ബി. എ. വായിക്കയും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മറുപടി പറയുകയും അത്താനാസ്യോസ് മെത്രാപ്പോലീത്താ കൊളംമ്പിലേയും അമേരിക്കയിലേയും സഭയെക്കുറിച്ചും യാത്രയിൽ വന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും പ്രസംഗിക്കുകയും പ്രസിഡന്റ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ പാത്രിയർക്കീസു ബാവായെയും നമ്മുടെ സത്യവിശ്വാസത്തെയും കാനോനുകളെയും സത്യകൈവെപ്പിനെയും കുറിച്ച് എത്രയും രസകരമായ വിധത്തിൽ പ്രസംഗിക്കയും അമേരിക്കയിലും കൊളംമ്പിലും ചുവപ്പു കുപ്പായം തുന്നുന്നതിന് തയ്യൽക്കാർ ഇല്ലാഞ്ഞിട്ടല്ല അവർ വന്നതെന്നും കല്പിച്ച് പ്രസംഗം അവസാനിപ്പിക്കുകയും പാത്രിയർക്കീസ് ബാവായ്ക്കും തിരുമേനികൾക്കും ചീയർ പറഞ്ഞ് കൈകൊട്ടി സന്തോഷിക്കയും തിരുമേനികൾക്ക് പൂമാലകൾ കൊടുക്കയും ചെയ്തശേഷം യോഗം പിരിഞ്ഞു. അതിന് ശേഷം പട്ടാളക്കാരുടെ ബാൻഡ് കേൾക്കുന്നതിനായി പോയി. പിറ്റെ ദിവസം യാത്രക്കാർ അവിടെ നിന്നും യാത്ര തിരിച്ചു. 8 മണിക്ക് ചാക്കെക്കടവിൽ എത്തി. 2 വള്ളങ്ങളിലായി പുറപ്പെട്ടു. 4 മണിക്ക് കായങ്കുളത്ത് പള്ളിയിൽ എത്തി. ഈ പള്ളി വളരെ പഴക്കമുള്ളതും കൊല്ലം 11 ൽ അടിസ്ഥാനപ്പെടുത്തിയതെന്നു വിചാരിച്ച് വരുന്നതും ആകുന്നു. അവിടെ നിന്ന് അത്താഴം കഴിഞ്ഞ് യാത്ര പുറപ്പെട്ട് ശനിയാഴ്ച 8 മണിക്ക് പരുമല സിമ്മനാരിയിൽ എത്തുകയും ഗ്രീഗൊറിയൊസ് മെത്രാപ്പോലീത്താ അവിടെ താമസിക്കയും അത്തനാസ്യോസു മെത്രാപ്പോലീത്തായും കൂടെ ഉള്ളവരും കുമരകത്ത് പള്ളിയിലേയ്ക്ക് പുറപ്പെട്ട് ഞായറാഴ്ച കാലത്തെ അവിടെ എത്തി. കുർബാനയ്ക്ക് തിരുമനസു കൊണ്ട് യാത്രയെപ്പറ്റിയും സുറിയാനി സഭയുടെ മഹിമയെപ്പറ്റിയും പ്രസംഗിച്ചു. 2 ദിവസം കൂടെ ഗീവറുഗീസ് ശെമ്മാശൻ അവിടെ താമസിച്ച് തിരിച്ച് വീട്ടിൽ എത്തുകയും ചെയ്തു.

കൊളമ്പിൽ പല രാജാക്കന്മാരുടെ പ്രതിനിധികളായ കൊൻസൽമാർ താമസിക്കുന്നുണ്ട്. ആയ്ത് റഷ്യാ, ജർമ്മൻ, ഓസ്റ്റ്റിയാ, ഇറ്റലി, സ്പെയിൻ മുതലായവരുടെ ആകുന്നു. അവിടുത്തെ സ്വജാതികൾ സിങ്കാളികൾ ആകുന്നു. ബുദ്ധ മതക്കാരും, ഇംഗ്ലീഷുകാരും, മഹമ്മദ്കാരുമായി മറ്റ് പല ജാതികളും ഉണ്ട്. കൊളംബു യാത്രക്കു വേണ്ട ചിലവുകൾ അൽവാറീസ് മെത്രാപ്പോലീത്താ ചിലവിടാമെന്ന് പറഞ്ഞാണ് കൊണ്ടുപോയത്. അങ്ങോട്ടുള്ള യാത്രയ്ക്ക് മാത്രം ചിലവിട്ടു. തിരിച്ച് പോരുന്നതിനുള്ള ചിലവു തിരുമേനികളുടെ കയ്യിൽ നിന്നായിരുന്നു.

# പ്രഭാഷണം

## തിഗ്രീസിലെ കാതോലിക്കാ

കർത്താവിൽ പ്രിയമുള്ളവരെ!

നാം കാതോലിക്കാ സ്ഥാനം ഏറ്റതിന്റെ ശേഷം ഈ മഹിമയേറിയ പട്ടണത്തെ സന്ദർശിക്കണമെന്നും ഈ ദേവാലയത്തിൽ വിശുദ്ധ കുർബാന അനുഷ്ഠിക്കണമെന്നും കുറെക്കാലം കൊണ്ട് ആശിച്ചിരിക്കുകയായിരുന്നു. എന്നാൽ സാമുദായിക കലഹം കൊണ്ടും മറ്റും നമുക്ക് ഇതുവരേയും അതിന് അവസരവും ഭാഗ്യവുമുണ്ടായില്ല. നാം റമ്പാനായിരിക്കുമ്പോൾ 1085-ാമാണ്ട് മഹാരാജാവ് തിരുമനസ്സിനെ സന്ദർശിക്കുവാൻ ഇവിടെ വന്നിരുന്ന അബ്ദുള്ളാ പാത്രിയർക്കീസുമൊരുമിച്ച് ഈ സ്ഥലത്തു വരികയും ഇവിടെ വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. അദ്ദേഹം മലങ്കര വിട്ടു പോയതിന്റെ ശേഷം സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കലാപവും ശണ്ഠയും എന്തെല്ലാമെന്ന് ഈ അവസരത്തിൽ നിങ്ങളെ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. പ്രിയരേ! നമുക്കും ശീമയിലുള്ള നമ്മുടെ പിതാക്കന്മാരുമായിട്ട് യാതൊരു തരത്തിലുള്ള നീരസത്തിനോ മൽസരത്തിനോ വകയില്ലെന്നു നാം അറിയിച്ചുകൊള്ളുന്നു. ദൈവികമായി നമുക്ക് ലഭിച്ചിട്ടുള്ള ചില അവകാശങ്ങളെ സ്ഥിരമായി സ്ഥാപിച്ചു കിട്ടേണ്ടതിനു വേണ്ടി പ്രയാസപ്പെടുക മാത്രമാകുന്നുവല്ലോ നാം ചെയ്യുന്നത്.

പ്രിയരെ! കാതോലിക്കാ സ്ഥാപനം പണ്ടു പണ്ടേ നമുക്കു ലഭിച്ചിട്ടുള്ളതാണ്. മലങ്കരയുള്ള നമുക്ക് ഒരു 'കാതോലിക്കാ' തിഗ്രീസിൽ ഉണ്ടായിരുന്നു. ആ സ്ഥാപനത്തെ സഭ ന്യായാനുസരണം അനുവദിച്ചിട്ടുള്ളതും ആയിരുന്നു. വിശുദ്ധ കുർബാന സമയത്ത് നാം മോറോൻ മാർ ഇഗ്നാത്യോസിനേയും മാർ ബസ്സേലിയോസിനേയും മാർ ഗ്രീഗോറിയോസിനേയും...... ഓർക്കുന്നുണ്ടല്ലോ. ഇതിൽ രണ്ടാമതു മാർ ബസ്സേലിയോസെന്നു പറയുന്നത് ആരെയാണ്? നമുക്ക് പണ്ടേ തന്നെ ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞ തിഗ്രീസിന്റെ ഒന്നാമത്തെ കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ടു തന്നെയാണ്. ഇതു കൂടാതെ ഈ മാർ ബസ്സേലിയോസ് തിരുമേനിയെ ദനഹാ

യുടേയും ദുഃഖവെള്ളിയാഴ്ചയുടേയും എന്നുവേണ്ട എല്ലാ ശുശ്രൂഷ ക്രമങ്ങളിലും കർമ്മങ്ങളിലും നാം അനുസ്മരിക്കുകയും അദ്ദേഹത്തോട് അപേക്ഷിക്കുകയും ചെയ്യുന്നുണ്ട്. സഭയാൽ അംഗീകരിക്കാതെ ഇങ്ങനെ ഒരു ഏർപ്പാട് നമ്മുടെ ആരാധനാക്രമങ്ങളിൽ എങ്ങിനെ വന്നുചേരും? ഈ ഒരു കാരണം കൊണ്ടു തന്നെ പൗരസ്ത്യ കാതോലിക്കാ സ്ഥാപനവും നമുക്ക് എത്ര കണ്ട് അവകാശയോഗ്യവും അത്യാവശ്യപ്പെട്ടതുമാണെന്നു മനസ്സിലാകുന്നുണ്ടല്ലോ. ഒരു കാലത്ത് അനുഗ്രഹപ്രദമായി നമുക്ക് സിദ്ധി ച്ചിരുന്ന ആ ഒരു സ്ഥാപനം നഷ്ടപ്പെടുന്ന പക്ഷം അത് ഒരു വലിയ നഷ്ട മെന്നേ പറയേണ്ടതുള്ളു. ഇടക്കാലത്ത് നമ്മിൽ നിന്നും കുറെ നാളത്തേക്ക് മറഞ്ഞിരുന്ന ആ മഹിമയേറിയ സ്ഥാപനം വീണ്ടും ന്യായമായി നമുക്കു ലഭിക്കുകയും ചെയ്തു. അതിനാൽ അതു വീണ്ടും ബലപ്പെടുത്തിയും സ്ഥിരപ്പെടുത്തിയും കൊണ്ടുപോകേണ്ടതു നമ്മുടെ കടമയും അവകാശ വുമത്രേ. ഈ കാരണങ്ങളാലാണ് ഈ അടുത്ത കാലത്ത് നിരണത്തു വച്ച് ബലഹീനനായ നമുക്ക് ആ സ്ഥാനം തരികയുണ്ടായത്. ഈ കാതോലിക്കാ സ്ഥാപനം മലങ്കരയ്ക്ക് ഒരു പുതിയ പ്രയത്ന ഫലമല്ല. ഒരു പുതിയ ഏർപ്പാടു കൊണ്ടു സമുദായത്തിൽ കലഹം ഉണ്ടാക്കുകയല്ല, മലങ്കരസഭാ സന്താനങ്ങൾ ചെയ്തിട്ടുള്ളത്; എന്നാലോ ഇതു മൂലം നമ്മുടെ ഒരു ദൈവിക അനുഗ്രഹത്തെ സമ്പാദിക്കയാണ് ചെയ്തിട്ടുള്ളത് എന്നു നാം അറിയിച്ചു കൊള്ളുന്നു.

സ്ഥാനമേറ്റതിനു ശേഷം നമ്മെ പലയിടങ്ങളിലേക്കും എതിരേറ്റുകൊണ്ടു പോകണമെന്ന് പലരും ആശിച്ചിട്ടുണ്ട്. എന്നാൽ അതനുസരിച്ചു പ്രവർത്തി ക്കുന്നതിന് ദേഹാസ്വാസ്ഥ്യം കൊണ്ടും സഭയിലെ ഛിദ്രം കൊണ്ടും മറ്റും നമുക്ക് അധികം അവസരം ഉണ്ടായിട്ടില്ല. ഇനിയും ഏറെത്താമസിയാതെ സഭയിൽ പൂർണ്ണ സമാധാനം ഉണ്ടാകുമെന്ന് നമുക്ക് ഊഹിക്കാം. സമാ ധാനം ഇവിടെ വീണ്ടും സ്ഥാപിപ്പാൻ മാത്രം കണ്ണുനീരൊഴുക്കി മുട്ടിപ്പായി പ്രാർത്ഥിക്കുന്ന അനേകം പേർ നമ്മുടെ സഭയിൽ ഉണ്ട്. അവരോടൊപ്പം നമുക്കും കണ്ണുനീരോടു കൂടി പ്രാർത്ഥിക്കാം. കരുണ നിറഞ്ഞവനായ മിശിഹാ തമ്പുരാൻ നമുക്ക് സമാധാനം അരുളിത്തരാതിരിക്കുമോ? മക്കൾ അപ്പം ചോദിച്ചാൽ പിതാവ് കല്ലു കൊടുക്കുമോ?

ഈ കാതോലിക്കാ സ്ഥാപനം നമുക്ക് ഉണ്ടായിരിക്കേണം; അതാണ് നമുക്ക് വേണ്ടിയിരിക്കുന്നത്. വേറെ മറ്റു യാതൊരു വിധത്തിലും നമുക്ക് ശീമയിലുള്ള നമ്മുടെ വന്ദ്യ പിതാക്കന്മാരുമായി നീരസവും ഇല്ല. ശണ്ഠ യുമില്ല. അധികനേരം നിന്നു സംസാരിക്കുന്നതിന് നമുക്ക് ഇപ്പോൾ ശക്തി യില്ലാതിരിക്കുന്നു. ഈയിടെ ദേഹത്തിനു നേരിട്ടിട്ടുള്ള അസുഖം കൊണ്ടാണ് നാം ഇപ്പോൾ തിരുവനന്തപുരത്ത് വരുന്നതിനിടയായിട്ടുള്ളത്. ഡോക്ടറെ കണ്ടു പറ്റിയ ചികിത്സ വല്ലതും ചെയ്താൽ കൊള്ളാമെന്നുള്ള

ഉദ്ദേശ്യം കൊണ്ടാണ് ഇവിടെ എത്തുന്നതിനും വാൽസല്യ മക്കളായ നിങ്ങളെ കാണുന്നതിനും ഈ വിശുദ്ധ കുർബാന അനുഷ്ഠിക്കുന്നതിനും നമുക്ക് ഭാഗ്യമുണ്ടായത്.

വലിയ മെത്രാച്ചന്റെയും ബഥനിയിലെ മെത്രാച്ചന്റെയും കല്ലാശ്ശേരിൽ തിരുമേനിയുടെയും, നമ്മുടെ പല വാത്സല്യ മക്കളുടെയും നിർബന്ധം കൊണ്ടാണ് ഇങ്ങോട്ടു വന്നത്. ഇന്നലെ ജനറൽ ആശുപത്രിയിലെ ഡോക്ടർ നമ്മെ പരിശോധിക്കുകയും ചില മരുന്നുകൾ തരികയും ചെയ്തു. നെയ്യൂരെ സായ്പിന് ആളയച്ചിട്ടുണ്ട്. അദ്ദേഹം ഇന്നോ നാളെയോ വന്ന് പരിശോധിക്കുന്നതാണ്. ഓപ്പറേഷൻ വേണ്ടി വന്നേക്കും. നിങ്ങളേവരും നമുക്കു വേണ്ടി പ്രാർത്ഥിക്കണം. എന്തു സംഭവിക്കുമെന്ന് നമുക്ക് അറിയാൻ പാടില്ല. എല്ലാം തമ്പുരാൻ നടത്തട്ടെ.

വാത്സല്യ മക്കളേ,

പ. അബ്ദേദ് മ്ശിഹാ മലങ്കരയിൽ സ്ഥാപിച്ച കാതോലിക്കാ സിംഹാസനം കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. എന്തെല്ലാം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായാലും നാം അതിന് കോട്ടം തട്ടാതെ കാത്തുസൂക്ഷിക്കണം. ദൈവം തമ്പുരാന്റെ കൃപയാൽ വല്യ മെത്രാച്ചന് വട്ടിപ്പണത്തിന്റെ പലിശ വാങ്ങുവാനുള്ള അനുവാദം കിട്ടി. എന്നാൽ വീണ്ടും അവർ കേസു കൊടുത്തിരിക്കയാണ്. നാം ഒന്നു കൊണ്ടും ഭയപ്പെടേണ്ട. എല്ലാം തമ്പുരാൻ നടത്തിക്കൊള്ളും. സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളോടു കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

*(ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ കാതോലിക്കാ ബാവാ 1104 വൃശ്ചികം 17-ാം തീയതി ഞായറാഴ്ച തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയിൽ വച്ചു വിശുദ്ധ കുർബാനമദ്ധ്യേ ചെയ്ത പ്രസംഗം 'സഭാകാഹളം' പത്രത്തിൽ 1104 വൃശ്ചികം 27-ാം തീയതി ബുധനാഴ്ച, 2-ാം പുറത്ത് ചേർത്തിരുന്നു. അത് എഴുതിയെടുത്ത് സഭാചരിത്രകാരനായ ജോർജ് വർഗീസ് മദ്രാസ് മലങ്കരസഭാ മാസികയിൽ 1988 ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ചതിൽ നിന്നും (പേജ് 27-28). സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)*

Malankara Orthodox TV

# സ്വകാര്യ കത്തുകൾ
# കല്പനകൾ
# ഇടയലേഖനങ്ങൾ

ആലുവാ
1080 ചിങ്ങം 10 നു

പ്രിയപ്പെട്ട കുഞ്ഞവരാ ജ്യേഷ്ടനു,

ഈയ്യിടെ എഴുത്തു മൂലം വർത്തമാനങ്ങൾ ഒന്നും അറിയുന്നില്ല. ഇവിടെ കെട്ടിടത്തിന്റെ പണി[1] ധൃതിയായി നടക്കുന്നു. കട്ടിളയും ജെനെലയും എല്ലാം വച്ചു. വടക്കേ അറ്റത്തെ മുറികളുടെ പൊക്കം മുഴുവനായി. ഈ മാസം കൊണ്ടു കൽപ്പണി മുഴുവൻ കഴിക്കാം.

വല്ല്യതിരുമനസ്സു[2] കൊണ്ടു കഴിഞ്ഞ വ്യാഴാഴ്ച ഇവിടെ എത്തി ഒരു ദിവസം താമസിച്ച് എറണാകുളത്തേക്കു പോയി. റെമ്പാച്ചൻ പണപ്പിരിവിന്നായി കിഴക്കൻ പള്ളികളിൽ പോയിരിക്കയാണ്. ശെമ്മാശനും സുഖമില്ലായ്കയാൽ വീട്ടിൽ പോയിരിക്കുന്നു. ദൈവകൃപയാൽ തിരുമനസ്സു[3] കൊണ്ടു ഒരു വിധം സുഖമായിരിക്കുന്നു.

തിരുമനസ്സിലെ കയ്യിൽ പണം അശേഷവും തീർന്നിരിക്കകൊണ്ട് ചുമ്മാരിനോടു കർക്കടകം 30 നു വരെയുള്ള പാട്ടം വാങ്ങിച്ച് മണിയോഡറായി അയക്കയോ ഇവിടെ കൊണ്ടുവന്നു തരികയോ ചെയ്യുന്നതിനു ശട്ടം കെട്ടണം. ഈ കാര്യത്തിൽ ഒട്ടും അമാന്തം വിചാരിക്കരുത്. അത് ഇവിടെ കിട്ടാഞ്ഞാൽ എല്ലാം കുഴങ്ങും. മറ്റു വിശേഷമൊന്നുമില്ല.

എന്നു ഗീവറുഗീസു റെമ്പാൻ

1. ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ പണി.
2. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ.
3. കടവിൽ പൗലോസ് മാർ അത്താനാസ്യോസ്.

Malankara Orthodox TV

## സ്വകാര്യം

കോട്ടയം സിമ്നാരി
907 ധനു 18

ഞാൻ തിരുമനസ്സിലെ[1] അടിയെന്തിരം കഴിഞ്ഞു പിറ്റെ തിങ്കളാഴ്ച ഇങ്ങോട്ടു പോന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. അന്നു തന്നെയാണു മുറി മറ്റത്തെ തിരുമേനിയും കൂത്താട്ടുകുളത്തിനു നീങ്ങിയ്തു. ഞാൻ ഇങ്ങോട്ടു പോന്നപ്പോൾ ചെമ്മാച്ചനും ഇട്ടി കുരിയ്തും ബഹനാനും കൂടി പോന്നിരുന്നു. സംഗതികൾ തിരുമനസ്സറിയിക്കയും വടി, സ്ലീബാ, കുരിശു ഇതുകൾ വല്ല്യ തിരുമനസ്സിലെ അടുക്കൽ ഏല്പിക്കയും ചെയ്ത ശേഷം അവർ തിരിച്ചുപോയി. പിന്നീട്, അടിയെന്തിരച്ചെലവിലേക്കായി ഈ പള്ളികളിൽ ചിലവയിൽ നിന്നും പിരിവാനുണ്ടായിരുന്ന പണം പിരിക്കാനായിട്ടു ഇട്ടിക്കുരിയ്തു കഴിഞ്ഞയാഴ്ചയിൽ ഇവിടെ വന്നു കല്പനയും വാങ്ങിക്കൊണ്ടു ചില പള്ളികളിൽ പോയി. ഇന്നലെ ഉച്ചയ്ക്കു മുമ്പു അവൻ ഒരു കഠിന ദീനക്കാരന്റെ നിലയിൽ ഇവിടെ വന്നുചേർന്നു. പരിശോധിപ്പിച്ചതിൽ മസൂരിയെന്നു അറിഞ്ഞു. അതിനാൽ ഉടനെ തന്നെ വള്ളം ചട്ടംകെട്ടി പഴയ ആളുകളിൽ രണ്ടു പേരെയും വിശേഷാൽ വല്ല്യ തിരുമനസ്സിലെ വാലിയക്കാരൻ ലാസറിനെയും കൂട്ടി ഇന്നലെ വൈകിട്ടു വള്ളത്തിൽ അവനെ ആലുവായ്ക്കു അയച്ചിരിക്കുന്നു. ദീനം കഠിനമെന്നും രക്ഷ പ്രയാസമെന്നും ആണു പറഞ്ഞതു. നാം എന്തു ചെയ്യുന്നു. അയ്യോ ദൈവമേ ഇത്ര ക്ഷണത്തിൽ ഈ മഹാ ആപത്തു അവനു ഭവിച്ചല്ലോ. ദൈവം കൃപ ചെയ്തെങ്കിൽ നന്നായിരുന്നു.

ആലുവായിൽ നിന്നും കുഞ്ഞിച്ചെറിയാ വശം അയച്ച ലേഹ്യം കിട്ടിയിരിക്കുമല്ലോ. തിരുമനസ്സിലെ വക വെള്ളം അരിക്കുന്ന ഭരണി നിങ്ങളുടെ പേർക്ക് തന്നതായി ലിസ്റ്റിൽ എഴുതി വച്ചിട്ടുണ്ട്. ആവശ്യമുണ്ടെങ്കിൽ ആളയച്ചു കൊണ്ടുപോകാം.

ഇനിക്കു വടക്കു തിരുമേനി മാത്രമേ ആശ്രയമുണ്ടായിരുന്നുള്ളു. ഇനി ആരുമില്ല. അതുകൊണ്ടും വഴി അകലം കൊണ്ടും ദേഹസുഖമില്ലായ്കകൊണ്ടും ആലുവായിൽ താമസിക്കുന്നതു സാധിക്കയില്ലെന്നു വിചാരിക്കുന്നു. മഞ്ഞും തണുപ്പും ആയപ്പോൾ എന്റെ സുഖക്കേടു വർദ്ധിച്ചിരിക്കുന്നു. സഹിപ്പാൻ നിവൃത്തിയില്ലാത്ത തരത്തിൽ ആയി. ഏറെത്താമസിയാതെ ഞാൻ വാകത്താനത്തിനു പോകും. പഞ്ചാംഗം അച്ചടിപ്പിക്കുന്നതിനായി ഇവിടെ താമസിക്കയാണു.

ദൈവം കുഡുംബസഹിതം നിങ്ങളെ കാത്തുകൊള്ളട്ടെ. ആലുവായിൽ നിന്നും പോകുമ്പോൾ വീട്ടുകാരി യാത്ര പറഞ്ഞല്ല പോയ്തു. ആളുകളുടെ ബഹളം നിമിത്തമായിരിക്കും.

എന്നു ബലഹീനനായ

ഗീവറുഗീസു റെമ്പാൻ

1. കടവിൽ പൗലോസ് മാർ അത്താനാസ്യോസ്.

## മാർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയമുള്ള കടവിൽ കുഞ്ഞവരാച്ചനു വാഴ്വ്.

പ്രിയനേ: നമ്മുടെ സ്ഥാനാഭിഷേകത്തെക്കുറിച്ചു കേട്ടിരിക്കുമല്ലോ. ഇതിനെ സംബന്ധിച്ചു മുൻകൂട്ടി എഴുതി അയയ്ക്കാഞ്ഞതിന്റെ കാരണത്തെക്കുറിച്ചു പറയുന്നതായിരുന്നാൽ കമ്മട്ടി നിശ്ചയവും മറ്റും ഉണ്ടായിരുന്നു എങ്കിലും ഇനിക്കു അശേഷവും സമ്മതമില്ലായിരുന്നു. തലേ ദിവസം മാത്രമേ പൂർണ്ണമായി സമ്മതിച്ചു വാക്കു കൊടുത്തുള്ളു. അപ്പോൾ എഴുത്തയച്ചാലും സംഗതി കഴിഞ്ഞതിന്റെ ശേഷമേ അറികയുള്ളു എന്നു വച്ചു എഴുതി അയക്കാഞ്ഞതാണ്. പല തരത്തിൽ ഒഴികഴിവുകൾ പറഞ്ഞു എങ്കിലും അതു സമ്മതിക്കാഞ്ഞതിനാൽ ദൈവഇഷ്ടം ഇങ്ങനെ ഭവിക്കണമെന്നായിരിക്കും എന്നു വച്ച് അതിലേക്കു വഴിപ്പെട്ടു . നമ്മുടെ തിരുമനസ്സിലേക്കും ഈ ആഗ്രഹം ഉണ്ടായിരുന്നു. കൊച്ചു മെത്രാച്ചന്റെ കാലശേഷം വല്ല്യ മെത്രാച്ചന്റെ പേർക്കു ഈ കാര്യത്തെക്കുറിച്ചു എഴുതി അയയ്ക്കയും മറ്റും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവിടുത്തേക്കും ഈ ആഗ്രഹമുണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നു. അവിടുത്തെ പ്രാർത്ഥനയാൽ ഇപ്പോൾ അതു നിവൃത്തിയുമായി. ദൈവത്തിനു സ്തുതി. പക്ഷേ ഈ കാലം സുറിയാനി സഭയുടെ ഗുണവും മണവും പോയിരിക്കുന്ന കാലമാക കൊണ്ടു തക്ക യോഗ്യന്മാരെ നിയമിക്കേണ്ടതായിരുന്നു. അല്ലാതെ ഇങ്ങിനെയുള്ള ബലഹീനന്മാരെ നിയമിച്ചതിനെക്കുറിച്ചു ദുഃഖവും വ്യസനവും ഉണ്ട്. ദൈവം തന്നെ സകലവും നടത്തിച്ചു തരട്ടെ. ബലഹീനന്മാരെ ശക്തിപ്പെടുത്തുന്ന ദൈവം നമ്മുടെ ബലഹീനതയെ താങ്ങി ശക്തിപ്പെടുത്തുകയും തന്റെ തിരുവിളം പോലെയുള്ള ഒരു ജീവിതം കഴിക്കയും ചെയ്വാൻ തിരുവുള്ളമുണ്ടാകുന്നതിനു വേണ്ടി എപ്പോഴും പ്രാർത്ഥിക്കണമേ. നമ്മുടെ തത്തേപ്പള്ളീലെ ഇട്ടീച്ചനോടും പുത്തൻവീട്ടിലെ ഇട്ടീച്ചനോടും മറ്റും ഈ വിവരങ്ങൾ പറയണമെന്നു ഓർമ്മപ്പെടുത്തുന്നു.

ദൈവം കുഡുംബസഹിതം അനുഗ്രഹിച്ചു കാത്തുകൊള്ളുമാറാകട്ടെ.



എന്നു 1913 കുംഭം 4 നു

വാകത്താനത്തു പള്ളിയിൽ നിന്നും

Malankara Orthodox TV

ദൈവകൃപയാൽ

## മാർ പീലക്സീനോസു മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കു എത്രയും പ്രീതിവാത്സല്യമുള്ള മജിസ്ട്രേട്ട് കടവിൽ ഏബ്രാഹം പൌലോസിന്നു വാഴ്വ്.

പ്രിയനേ: നിങ്ങളുടെ പ്രിയ പിതാവും നമ്മുടെ സ്നേഹിതനും ആയിരുന്ന ഏബ്രാഹം മാസ്റ്ററുടെ ദേഹവിയോഗത്തെക്കുറിച്ചയച്ച കത്തു ഇവിടെ കിട്ടി വിവരമറിഞ്ഞ് സഹതപിക്കുന്നു. അപ്പന്റെ അസഹനീയവും ദീർഘവുമായ ദീനത്തെക്കുറിച്ചു എല്ലായ്പോഴും ഓർമ്മയും മനോവ്യസനവും ഉണ്ടായിരുന്നു. അപ്പൻ ഒരു നല്ല ദൈവഭയമുള്ളവനും സൽസ്വഭാവിയും സ്നേഹമുള്ളവനും ആയിരുന്നു. അസഹനീയമായ സുഖക്കേടിൽ ഇരിക്കേണമെന്നായിരുന്നു ദൈവ ഇഷ്ടം. ഇപ്പോൾ ദൈവം തന്റെ കൃപയാൽ തന്റെ തിരുസന്നിധിയിലേക്കു വിളിച്ചു. അതു തന്റെ ഇഷ്ടവും എല്ലാവനും പോകേണ്ട വഴിയും തന്നെ. അതിനാൽ ദൈവം തന്നു ദൈവം എടുത്തു ദൈവതിരുനാമം മഹത്വപ്പെടട്ടെ എന്നു പറഞ്ഞു കൊള്ളുന്നതു തന്നെ നമ്മുടെ മുറ. ഇനി ഉയിർപ്പിന്റെ ആശയിൽ നാം ശരണപ്പെട്ടു ആത്മാവിന്നു വേണ്ടുന്ന സൽക്രിയകളെ ചെയ്യണം. എന്തെന്നാൽ കർത്താവിൽ നിദ്ര പ്രാപിച്ചവരെക്കുറിച്ചു ദുഃഖിക്കരുതെന്നും അവരെ തന്റെ കൂടെ കൊണ്ടുവന്നൂവെന്നും പൌലോസു ശ്ലീഹാ പറഞ്ഞിരിക്കുന്നു. കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്ന ഈ തന്റെ ദാസനെ സ്വർഗീയ ആനന്ദത്തിൽ ആശ്വസിപ്പിക്കുന്നതിനും ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന പരമഭാഗ്യം അനുഭവിപ്പിക്കുന്നതിനുമായി ബലഹീനനായ നാമും പ്രാർത്ഥിക്കുകയും വി. കുർബാനയിൽ ഓർക്കയും ചെയ്യുന്നു.

സഹോദരൻ ജോർജ് ഇപ്പോൾ പഠിക്കുന്നുണ്ടോ എന്നും അവൻ വിവാഹം കഴിച്ചോ എന്നും ഇനി കുടുംബത്തിൽ താമസിക്കുന്നതാരായിരിക്കുമെന്നും മറ്റുമുള്ള വിവരങ്ങൾ അറിവാൻ ആഗ്രഹം.

പിതാവിന്റെ നിര്യാണത്തിൽ ദുഃഖിതരായിരിക്കുന്ന നിങ്ങളെ എല്ലാവരെയും ദൈവം ആശ്വസിപ്പിക്കയും കരുണയോടെ കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.



എന്നു 1924 ന്നു കൊല്ലം 1100 -മാണ്ടു ചിങ്ങമാസം 22 -ാം നു

വാകത്താനം വള്ളിക്കാട്ടു പള്ളിയിൽ നിന്നും

Malankara Orthodox TV

കോട്ടയം അങ്കമാലി മുതലായ ഇടവകകളുടെ

## മാർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്ന്



സത്യവിശ്വാസികളായ മലങ്കരയുള്ള സകല സുറിയാനിപള്ളികളിലേയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

പ്രിയരെ, അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാണിരുന്ന നി. വ. ദി. മ. ശ്രീ. രണ്ടാമത്തെ അബ്ദേദു മിശിഹായെന്നു തിരുനാമമുള്ള അന്ത്യോഖ്യായുടെ മോറോൻ മാർ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മി. കാ. 1912 ാമാണ്ടു മലയാളത്ത് എഴുന്നള്ളുകയും ബലഹീനനായ നമ്മേയും നമ്മുടെ സഹോദര മേല്പട്ടക്കാരായ തുമ്പമൺ കണ്ടനാട് മുതലായ ഇടവകകളുടെ നി. വ. ദി. ശ്രീ. മാർ ഈവാന്യോസു മെത്രാപ്പോലീത്തായേയും നിരണം, കൊല്ലം, കൊച്ചി മുതലായ ഇടവകകളുടെ നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായേയും മേല്പട്ടക്കാരേയും സ്ഥാനാഭിഷേകം നടത്തുകയും ചെയ്തതു കൂടാതെ പരേതനായ നി. വ. ദി. മ. ശ്രീ. മൂന്നാമത്തെ പത്രോസ് എന്നു തിരുനാമമുള്ള ദേഹവും അബ്ദേദ് മിശിഹാ ബാവാ തിരുമനസ്സിലെ അടുത്ത മുൻഗാമിയും ആയിരുന്ന മോറോൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു കണ്ടനാടു മുതലായ ഇടവകകളുടെ മെത്രാപ്പോലീത്താ ആയി വാഴിച്ചിരുന്ന മാർ ഈവാന്യോസു മെത്രാപ്പോലീത്തായെ പൗരസ്ത്യ കാതോലിക്കാ ആയി അബ്ദേദു മിശിഹാ ബാവാ തിരുമനസ്സുകൊണ്ടു സ്ഥാനാഭിഷേകം നടത്തിതരികയും കാതോലിക്കാ സിംഹാസനം ഈ വിധത്തിൽ നമ്മുടെ ഈ ഭാരതഭൂമിയിൽ സ്ഥാപിക്കയും മേലാൽ എന്നേക്കും കാതോലിക്കാ സിംഹാസനവും കാതോലിക്കാസ്ഥാനവും നിർവ്വിഘ്നം ഇവിടെ നിലനിന്നു പോകുവാൻ തക്കവണ്ണം വേണ്ട കല്പനകളും അധികാരങ്ങളും ഞങ്ങളെ ഭരമേല്പിക്കുകയും ചെയ്തിട്ടുള്ള വിവരം നിങ്ങൾ ഏവർക്കും അറിവുള്ളതും ആകയാൽ അവയേപറ്റി നാം സവിസ്താരം വിവരിക്കേണ്ട ആവശ്യം ഇല്ല. ഇവിടെ വാഴിക്കപ്പെട്ട കാതോലിക്ക ബാവായുടെ വിയോഗാനന്തരം തൽസ്ഥാനത്തേക്ക് അനന്തരഗാമിയായി ഒരാളെ സ്ഥാനാഭിഷേകം ചെയ്യണമെന്നുള്ള സംഗതി നമ്മുടെയും നമ്മുടെ സഹോദരന്മാരായ മേല്പട്ടക്കാരുടേയും ആലോചനയിൽ ഇരിക്കുകയായിരുന്നു. വി. സഭയുടെ കാനോൻ വിധികൾ അനുസരിച്ചും അബ്ദേദു മിശിഹാ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ട് ഇവിടെ

Malankara OrthodoxTV

വച്ചു ചെയ്തിട്ടുള്ള പരസ്യപ്രസ്താവനകൾ മൂലവും രേഖപ്പെടുത്തി ഞങ്ങളെ ഭരമേല്പിച്ചിട്ടുള്ള കല്പനകൾ അനുസരിച്ചും ഇവിടെ കാതോലിക്കായെ വാഴിച്ചു സിംഹാസനം നിലനിർത്തിക്കൊണ്ടു പോകുന്നതു വിശുദ്ധ പിതാക്കന്മാരുടെ കാനോൻ ചട്ടങ്ങൾക്ക് അനുസരണവും നമ്മുടെ സഭയുടെ ഉന്നമനത്തിനും നിലനില്പിനും അത്യന്താപേക്ഷിതവും ആണെന്നു നാം വിശേഷിച്ചു നിങ്ങളെ ഓർമ്മപ്പെടുത്തേണ്ടതില്ല. ഞങ്ങളിൽ മാർ ഈവാന്യോസു മെത്രാപ്പോലീത്താ കഴിഞ്ഞ ഒരു വർഷക്കാലമായി രോഗിയായി തീർന്നിരിക്കുന്ന സ്ഥിതിക്കും സഭയുടെ ഭാവിശ്രേയസ്സിന് ആവശ്യപ്പെട്ട കാര്യങ്ങൾ നിങ്ങൾ എല്ലാവരുമായി ആലോചിച്ചു നടത്തുന്നതിന് ഇനിയും ഒട്ടും താമസിച്ചുകൂടായെന്നു നമുക്കും നമ്മുടെ സഹോദരന്മാരായ മെത്രാപ്പോലീത്തന്മാർക്കും മറ്റും ബോധ്യം വന്നിരിക്കുന്ന സ്ഥിതിക്കും ഈ സാധനം നമ്മുടെ സഹോദര മേല്പട്ടക്കാരുടെ ആലോചനയോടും അനുമതിയോടും കൂടി നാം നിങ്ങൾക്കു അയയ്ക്കുന്നതാകുന്നു.

കാതോലിക്കാസ്ഥാനത്തേക്കും മേല്പട്ടസ്ഥാനത്തേക്കും യോഗ്യന്മാരായ ആളുകളെ തിരഞ്ഞെടുക്കുക, സ്ഥാനാഭിഷേകം ചെയ്യുക, വി. സഭയുടെ അഭിവൃദ്ധിക്കാവശ്യപ്പെട്ട മറ്റു കാര്യങ്ങൾ ആലോചിക്കുക മുതലായവയ്ക്കായി അടുത്ത മേടമാസം 9നു ബുധനാഴ്ച തിരുവല്ലാ തിരുമൂലപുരത്തു വച്ചു നിങ്ങളേവരും ചേർന്നുള്ള പൊതുയോഗം കൂടണമെന്ന് ആഗ്രഹിക്കുന്നു. സ്ഥാനാഭിഷേകത്തിനു യോഗ്യന്മാരായ ആളുകളെ തെരഞ്ഞെടുക്കണമെന്നും പൊതുയോഗത്തിൽ സംബന്ധിക്കാൻ വന്നു കൂടുന്ന നിങ്ങളെല്ലാവരും സ്ഥാനാഭിഷേക ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനായി രണ്ടാമതും സമയവും പണവും വ്യയം ചെയ്ത് ഒന്നു കൂടി വന്നുചേരുവാൻ വേണ്ടി വരുന്ന ബുദ്ധിമുട്ടും ഒഴിച്ചുവച്ചാൽ കൊള്ളാമെന്നും പൊതുയോഗവും സ്ഥാനാഭിഷേക ശുശ്രൂഷയും അടുത്തടുത്തുള്ള ദിവസങ്ങളിൽ നടത്തുന്നതു എല്ലാവർക്കും സൗകര്യപ്രദമായിരിക്കുമെന്നും ചില സഹൃദയന്മാർ നമ്മേ അറിയിച്ചിട്ടുള്ള വിവരവും നിങ്ങളോടു പ്രസ്താവിച്ചു കൊള്ളുന്നു. എല്ലാ കാര്യങ്ങളും മഹായോഗത്തിൽ വച്ചു നിങ്ങൾ എല്ലാവരുമായി ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. അതിനാൽ ഈ മഹായോഗത്തിലും മറ്റും സംബന്ധിപ്പാൻ തക്കവണ്ണം നിങ്ങൾ വന്നുചേരേണ്ടതും അതിലേക്കുള്ള ചിലവുകൾ യഥായോഗ്യം പള്ളിക്കാര്യത്തിൽ നിന്നു വഹിച്ചുകൊള്ളേണ്ടതുമാകുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടേയും മേലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമ്മിന്റെയും സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ബാവാ ഇത്യാദി......

1925 കൊല്ലം 1100 മീനം 19 നു വാകത്താനം വള്ളിക്കാട്ടു പള്ളിയിൽ നിന്നും.

Malankara Orthodox TV

**തുമ്പമൺ മുതലായ ഇടവകകളുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കോട്ടയം മുതലായ ഇടവക കളുടെ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്നും നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാ പ്പോലീത്തായിൽ നിന്നും നമ്മുടെ വാത്സല്യഭാജനമായ ....... വാഴ്വ്**

പ്രിയനെ, നമ്മുടെ പിതാവായ വലിയ മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ട് അവിടുത്തെ വാർദ്ധക്യത്തേയും ശരീരാസ്വാസ്ഥ്യതകളെയും അഗ ണ്യമാക്കി ഏതുവിധത്തിലും തന്റെ ആട്ടിൻകൂട്ടത്തെ കാത്തുരക്ഷിക്ക ണമെന്നുള്ള ഏക വാഞ്ചയോടു കൂടി മർദ്ദീനിലേക്കു പുറപ്പെട്ടിരിക്ക യാണല്ലോ. ബോംബേ പട്ടണം വരെ തീവണ്ടി വഴിയും അവിടെനിന്നും ബസ്രാവരെ തീക്കപ്പൽ വഴിയും ഉള്ള യാത്ര വലിയ പ്രയാസമുള്ളതല്ലായി രുന്നു. ബസ്രായിൽ നിന്നും ബാഗ്ദാദ് വഴി മൂസൽ വരെയുള്ള തീവണ്ടിയാ ത്രയിൽ തിരുമേനിയും കൂടെയുള്ളവരും അതികഠിനമായ ചൂടുകൊണ്ടു വളരെ കഷ്ടപ്പെടുകയും ജീവനാശം പോലും വന്നേക്കാമെന്നു ഭയപ്പെട ത്തക്കനിലയിൽ എത്തുകയും "എന്റെ ദൈവമേ നിന്റെ സഭയെ കാത്തു രക്ഷിച്ചുകൊള്ളണമേ" എന്നു തിരുമേനി ചിലപ്പോൾ വാവിട്ടു നിലവിളി ക്കുകയും ചെയ്തതായും അറിയുന്നു. ബോംബെ, ബാഗ്ദാദ് മുതലായി വഴിമദ്ധ്യേ പല സ്ഥലങ്ങളിലും സുറിയാനിക്കാരും ഈ നാട്ടുകാരുമായ പലരും തിരുമേനിയുടെ യാത്രയിൽ വേണ്ടതായ സഹായങ്ങൾ എല്ലാം ചെയ്തു കൊടുത്തതായി അറിയുന്നതിൽ അവരെ നാം പ്രത്യേകം അഭി നന്ദിക്കേണ്ടിയിരിക്കുന്നു. തിരുമേനിയിൽ നിന്നും ഈയിടെ കിട്ടിയ ഒരു കല് പനയുടെ പകർപ്പ് ചുവടെ ചേർത്തിരിക്കുന്നതിൽ നിന്നു അതെഴുതിയ തീയതി (കർക്കിടകമാസം 11-ാ നു) വരെയുള്ള വർത്തമാനങ്ങൾ നിങ്ങൾക്കു മനസ്സിലാക്കാവുന്നതാണ്. കഴിയുന്നതും ചെലവു ചുരുക്കിയിട്ടാണ് തിരു മേനി യാത്ര ചെയ്യുന്നതെന്നിരുന്നാലും തീവണ്ടിക്കൂലി മോട്ടോർ വണ്ടി ക്കൂലി, ഭക്ഷണച്ചെലവു മുതലായ എല്ലാ ഇനം ചെലവുകളും ഉദ്ദേശിച്ചിരു ന്നതിൽ പലപ്പോഴും രണ്ടും മൂന്നും മടങ്ങ് കൂടിപ്പോയതായിട്ടാണ് അറിയു ന്നത്. ഈ സ്ഥിതിക്കു തിരുമേനിയുടെ കൈവശമുള്ള പണം കൊണ്ട് മടങ്ങി വന്നു ചേരാൻ യാതൊരു നിവൃത്തിയുമില്ലെന്നുള്ള സംഗതി ഞങ്ങളുടെ അനുഗ്രഹിക്കപ്പെട്ട മക്കളെ എല്ലാവരെയും ഈ സാധനം മൂലം അറിയിച്ചു കൊള്ളുന്നു. മർദീനിൽനിന്നു പുറപ്പെട്ട് ഫ്രഞ്ചുകാരുടെയോ ഇംഗ്ലീഷുകാ രുടെയോ വക കമ്പിത്തപാലാഫീസുള്ള ഏതെങ്കിലും സ്ഥലത്തെത്തിയാലു ടനെ ആവശ്യമുള്ള പണം അയച്ചുകൊടുക്കണമെന്നു തിരുമേനി കമ്പി അടിക്കുന്നതും ഈ സംഖ്യ മുഴുവനായി തന്നെ കമ്പി മണിഓർഡറായി ഉടനെ ഇവിടെ നിന്നും അയച്ചുകൊടുക്കേണ്ടിയിരിക്കുന്നതുമാകുന്നു. പണം ശേഖരിക്കുന്നതിനു വല്ല കാലതാമസവും നേരിടുകയോ വേണ്ടടത്തോളം സംഖ്യ മുഴുവനായി കിട്ടാതെ വരികയോ ചെയ്യുന്നപക്ഷം തിരുമേനിയും കൂടെയുള്ളവരും വിദേശങ്ങളിൽ യാതൊരു തുണയുമില്ലാതെ കിടന്നു കുഴങ്ങിപ്പോകയല്ലാതെ ഗത്യന്തരമില്ല. അവിടെനിന്നു കടമായോ സൗജന്യ

മായോ മറ്റേതെങ്കിലും വിധത്തിലോ ഒരു ചില്ലിക്കാശുപോലും കിട്ടുന്നതിനു യാതൊരു വഴിയുമില്ലെന്നു വിശേഷിച്ചു പറയേണ്ട ആവശ്യം ഇല്ല. ആ രാജ്യങ്ങളിൽ ഒരു ദിവസത്തെ ഭക്ഷണച്ചെലവിനും താമസത്തിനുമായി ആളൊന്നിനു നാലും അഞ്ചും രൂപാ വീതം വന്നേക്കാവുന്നതാണ്. ഈ സംഗതികളെല്ലാം അവിടുത്തെ അനുഗ്രഹിക്കപ്പെട്ട മക്കളായ നിങ്ങളെ അറിയിക്കുകയെന്നുള്ള ചുമതല മാത്രം ഞങ്ങൾ നിർവഹിക്കുന്നതായാൽ തിരുമേനിയുടെ ഈ വക പ്രയാസങ്ങൾക്കു നിങ്ങളുടനടി പൂർണ്ണ സന്തോഷത്തോടുകൂടി പരിഹാരമുണ്ടാക്കിക്കൊള്ളുമെന്നു വിശ്വസിക്കുന്നു. തിരുമേനിയുടേയും നമ്മുടെ വിശുദ്ധ സഭയുടേയും അത്യാപൽഘട്ടത്തിൽ കരുണയുള്ള കർത്താവ് അനുഗ്രഹങ്ങൾ ചൊരിയണമെന്ന് ഓരോരുത്തരും മുട്ടിപ്പായി പ്രാർത്ഥിക്കുന്നതു കൂടാതെ ആർക്കും ബുദ്ധിമുട്ടു കൂടാതെ ചെയ്യാവുന്ന ഒരു ചുരുങ്ങിയ ധനസഹായം കൊണ്ട് തിരുമേനിയുടെ ഇപ്പോഴത്തെ പണത്തിന്റെ ഞെരുക്കം തീർക്കണമെന്നു ഞങ്ങൾ നിങ്ങളുടെ ഓരോരുത്തരുടേയും സ്നേഹത്തോടു നിർബന്ധിക്കുന്നു. സമുദായാംഗങ്ങളായ എല്ലാവർക്കും അനുഗ്രഹപൂരിതമായ ഈ സംഗതിയിൽ ബുദ്ധിമുട്ടു കൂടാതെ സംബന്ധിക്കാൻ സൗകര്യമുണ്ടാക്കി കൊടുക്കണമെന്ന് ഞങ്ങൾക്ക് ആഗ്രഹമുള്ളതുകൊണ്ട് ഓരോരുത്തർ ഓരോ രൂപായിൽ കുറയാതെ തരണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കൂടുതൽ സംഖ്യ തരാൻ മനസ്സും ശക്തിയും ഉള്ളവർ അങ്ങനെ ചെയ്യാതെയിരിക്കയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇങ്ങനെ സംഭാവന ചെയ്യുന്ന എല്ലാവർക്കും തിരുമേനിയുടെ കൃതജ്ഞതാസൂചകമായി അവിടുത്തെ ഛായാപടത്തിന്റെ ഓരോ പ്രതി ഒരു രൂപായിൽ കുറയാതെ കൊടുക്കുന്ന ഓരോരുത്തരുടേയും പേരെഴുതി അവരവരെ ഏല്പിക്കുന്നതിനു ഏർപ്പാട് ചെയ്തിട്ടുണ്ട്. പ്രിയ മക്കളേ!! നമ്മുടെ പ്രിയപ്പെട്ട പിതാവിന്റെ വാർദ്ധക്യത്തെയും നിങ്ങൾക്കു വേണ്ടി തന്റെ ജീവനെക്കൂടി ബലി കഴിക്കുന്നതിനുള്ള സന്നദ്ധതയേയും വിസ്മരിക്കരുതേ. നിറഞ്ഞ ഹൃദയത്തിൽനിന്നു അവരവരുടെ ശക്തിക്കനുസരണമായി എന്തെങ്കിലും ഒരു സംഖ്യ ഇതിലേക്കായി തരണമെന്നു നിങ്ങളുടെ സ്നേഹത്തോടു ഞങ്ങൾ നിർബന്ധിക്കുന്നു. തിരുമേനി മടങ്ങി എത്തിയാലുടനെ തിരുമേനിയെ ഈ വിഷമഘട്ടത്തിൽ സഹായിച്ച എല്ലാ അനുഗ്രഹിക്കപ്പെട്ട മക്കളുടെ പേരുവിവരങ്ങളും അവരുടെ സംഭാവന സംഖ്യകളും ഞങ്ങൾ തിരുമുമ്പാകെ സമർപ്പിക്കുന്നതാണ്. ഇത്ര വളരെ മക്കൾ ദൂരത്തുനിന്നു അവിടുത്തെ വിളി കേട്ടു സഹായിക്കാനൊരുങ്ങി പുറപ്പെട്ടല്ലോ എന്നു അറിഞ്ഞു അവിടുത്തെ ഹൃദയം തണുത്തു സന്തോഷിക്കുകയും അവിടുത്തെ കൃതജ്ഞതയെ വിശുദ്ധ കുർബാനകളിലും പ്രാർത്ഥനകളിലും ദൈവ തിരുമുമ്പാകെ സമർപ്പിക്കയും ചെയ്യുന്നതാണ്. ഇത്രയും അനുഗ്രഹകരമായ സംഗതിയെ ഒരു ചുരുങ്ങിയ സംഭാവന കൊണ്ട് പല തുള്ളി പെരുവെള്ളമെന്ന വിധത്തിൽ എല്ലാവരും കൂടി ഒത്തൊരുമിച്ച് സാധിപ്പിക്കാൻ നിങ്ങൾക്കോരോരുത്തർക്കും ലഭിച്ചിരിക്കുന്ന ഈ വിലയേറിയ അവസരത്തെ ആരും നഷ്ടപ്പെടുത്തുകയില്ലെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ കല്പന നേരിട്ട് ഓരോരുത്തരുടേയും അടുക്കൽ എത്തിച്ചുകൊടുക്കാൻ ഈ ചുരുങ്ങിയ അവസരം കൊണ്ടു സാധിക്കാതെ

വരുന്നതായാൽ പത്രമുഖേനയോ മറ്റോ അറിവു കിട്ടുന്ന എല്ലാവരും യഥാശക്തി ഓരോ സംഖ്യകൾ ഉടനടി അയച്ചുതരണമെന്നു താല്പര്യപ്പെടുന്നു. ഒരു രൂപായിൽ കുറയാതെ ഇങ്ങനെ അയച്ചുതരുന്നവർക്കു മേൽ വിവരിച്ചിരിക്കുന്നപ്രകാരം തിരുമേനിയുടെ ഛായാപടം നേരിട്ടയച്ചു കൊടുക്കുന്നതാണ്. ചിങ്ങമാസം 30-നകമായി ഈ പിരിവ് അവസാനിപ്പിക്കണമെന്ന് വിചാരിക്കുന്നതിനാൽ അതിനകമായി പണപ്പിരിവുകാരും നേരിട്ടു സംഭാവന അയച്ചുതരുന്നവരും ഈ വക സംഖ്യകളെല്ലാം ബഥന്യാശ്രമാദ്ധ്യക്ഷൻ ഫാദർ പി. റ്റി. ഗീവറുഗീസ് അവർകൾ, തിരുവല്ലാ എന്നുള്ള മേൽവിലാസത്തിൽ അയച്ചുകൊടുക്കണമെന്നു നിങ്ങളുടെ ഓരോരുത്തരുടേയും സ്നേഹത്തോടു പ്രത്യേകം ഗുണദോഷിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടേയും മേൽ എന്നേക്കുമുണ്ടായിരിക്കട്ടെ. അതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നേ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി.....

പരുമല സിമ്മനാരിയിൽ നിന്നും
1099 ചിങ്ങമാസം 13-ാ നു

**ഇക്കഴിഞ്ഞ കർക്കടക മാസം 11-ാനു മൂസലിൽ നിന്നും വല്യ തിരുമേനി അയച്ചതായ കല്പനയിൽ താഴെ കാണുന്നപ്രകാരം എഴുതിയിരിക്കുന്നു:**

“ഇവിടെനിന്നു ഞങ്ങൾ നാളെയോ നാളെകഴിഞ്ഞോ മർദീനിലേക്കു പോകുന്നതാണ്. അതിലേക്കു വേണ്ട ഒരുക്കങ്ങൾ ചെയ്തുവരുന്നു. മോട്ടോർ കാറിലാണ് പോകുന്നത്. കാലത്തെ പുറപ്പെട്ടാൽ വൈകുമ്പോഴേക്കു ആമൂദ എന്ന സ്ഥലത്ത് എത്താമെങ്കിലും അങ്ങനെ ചെയ്യാതെ ആശ്വാസത്തിനു വേണ്ടി രണ്ടു ദിവസം കൊണ്ടു ആമൂദായിൽ എത്താമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. ആമൂദായിൽ നിന്ന് മർദ്ദീനിലേക്ക് പതിനഞ്ചു നാഴിക മാത്രമേ ദൂരമുള്ളെങ്കിലും ആമൂദാ ഫ്രാൻസിനുള്ള സ്ഥലവും മർദ്ദീൻ തുർക്കിക്കുള്ളതുമാണ്. നേരിട്ടു പാസ്പോർട്ട് കിട്ടുന്നതിനും മറ്റും അല്പം പ്രയാസമുണ്ട്. ആമുദായിൽ നമ്മുടെ ജനങ്ങൾ ഉണ്ട്. അവിടെത്താമസിച്ചു കൊണ്ട് പാത്രിയർക്കീസു ബാവായുടെ അടുക്കലേക്കു ആളയക്കുന്നപക്ഷം ബാവാ നമ്മുടെ യാത്രയ്ക്കു വേണ്ടപ്പെട്ടതൊക്കെയും ചെയ്തുതരുമെന്നാണ് ഇവിടുത്തുകാർ പറയുന്നത്. അതിനു സൗകര്യവും മാർഗ്ഗവുമുള്ളതായിട്ടാണറിയുന്നത്. മൂസൽ ഇറാക്കിന്റെ (Iraq) ദേശമാകയാൽ പാത്രിയർക്കീസ് ബാവാ ഇവിടെ മൂസലിലേക്കു വരുന്നതിനു തുർക്കി ഗവർമെന്റ് അനുവദിക്കുന്നതല്ലെന്നു മാത്രമല്ല ബാവായ്ക്കു മർദ്ദീൻ മുതലായ സ്ഥലങ്ങളിൽ അത്യാവശ്യ ജോലികൾ ഉള്ളതിനാലും ബാവായിക്കു തല്ക്കാലം ഇങ്ങോട്ടു വരുവാൻ സാധിക്കുന്നതല്ല. അതിനാലാണു ഞങ്ങൾ അങ്ങോട്ടു പോകുന്നത്. മൂസൽക്കാർ നമ്മുടെ സംഗതിയിൽ വളരെ സഹതാപവും

Malankara Orthodox TV

ഉത്സാഹവും കാണിക്കുന്നുണ്ട്. ഞങ്ങളുടെ ചെലവു വിചാരിച്ചിരുന്നതിൽ വളരെ മടങ്ങു അധികമാണ്. ഇവിടെനിന്നു മർദ്ദീനിലെത്തുന്നതിനു തന്നെ ആയിരം രൂപായോളം വേണ്ടിവരികയില്ലയോ എന്നു സംശയിക്കുന്നു. സർവ്വ ശക്തൻ സകലവും നടത്തിത്തരുമാറാകട്ടെ. മർദ്ദീനിൽ നിന്നു എഴുത്തുകളും കമ്പികളും മറ്റു ദേശങ്ങളിലേക്കു അയക്കുകയാകട്ടെ മറ്റു രാജ്യങ്ങളിൽ നിന്നു അവിടേക്കു വരികയാകട്ടെ പതിവില്ലാത്തതിനാൽ ഞങ്ങൾ മർദ്ദീനിലെത്തിയതിന്റെ ശേഷം അവിടെനിന്നു പുറപ്പെട്ടു ഇംഗ്ലീഷിന്റെയോ ഫ്രാൻസിന്റെയോ ഏതെങ്കിലും ഒരു സ്ഥലത്ത് എത്തുന്നതു വരെ ഞങ്ങളെ സംബന്ധിച്ച് അങ്ങോട്ടേയ്ക്കു കമ്പികളും എഴുത്തുകളും അയപ്പാൻ സാധിക്കുന്നതല്ല. എഴുത്തോ കമ്പിയോ വരുന്നില്ലെന്നു വിചാരിച്ചു നിങ്ങൾ ആരും വിചാരപ്പെടുകയോ വ്യസനിക്കയോ അരുത്. അവിടെനിന്നു പുറപ്പെട്ടാലുടനെ കമ്പിയും എഴുത്തും അയച്ചുകൊള്ളാം. മർദ്ദീനിലേക്കുള്ള യാത്ര അത്ര സുഖകരമല്ലാത്തതിനാൽ ആവശ്യമുള്ള സർവ്വ മുൻകരുതലുകളോടും കൂടിയാണ് പോകുന്നത്. നമ്മുടെ യാത്രയുടെ ഉദ്ദേശ്യം ദൈവകൃപയാൽ സാധിക്കാതെ വരികയില്ലെന്നാണ് നമ്മുടെ വിശ്വാസം. മൂസൽകാരെല്ലാവരും പ്രത്യേകം മെത്രാച്ചനും അതിലേക്കു ഉത്സാഹിക്കുന്നുണ്ട്. നമ്മെ സംബന്ധിച്ചു ഇവിടങ്ങളിൽ ഒക്കെയും വളരെ മതിപ്പുള്ളതായിട്ടല്ലാതെ വേറെ വിധത്തിലല്ല കാണപ്പെടുന്നത്. എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് നാം അപേക്ഷിക്കുന്നു. കുറെ പണത്തിനും കൂടെ ആവശ്യപ്പെട്ടാൽ നാം കമ്പി അടിക്കും. അപ്പോൾ ഉടനെ ആവശ്യപ്പെടുന്ന സ്ഥലത്തേക്കു അയക്കതക്കവണ്ണം പണം ഒരുക്കിക്കൊള്ളുമല്ലോ. നമുക്കും കൂടെയുള്ളവർക്കും ദൈവകൃപയാൽ സുഖം തന്നെ. ......."

# His Holiness Moran Mar Basselios Catholicos of the Apostolic Throne of the East

**സർവ്വശക്തനായ ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ തനിക്കു സ്തുതി**

**കോട്ടയം മുതലായ ഇടവകകളുടെ മെത്രാപ്പോലീത്തായും, ശ്ലീഹായ്ക്കടുത്ത പൌരസ്ത്യ സിംഹാസനത്തിന്റെ കാതോലിക്കായും ആയ ബലഹീനനാകുന്ന**

## ഒന്നാമത്തെ ഗീവറുഗീസ് മാർ ബസേലിയോസു കാതോലിക്കായിൽ നിന്നും

നമ്മുടെ കർത്താവായ യേശുമിശിഹായുടെ വിലമതിച്ചു കൂടാത്ത തിരുരക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരും വിശുദ്ധ മാമ്മോദീസായാൽ മുദ്രയിടപ്പെട്ടവരും സത്യവിശ്വാസത്തിൽ അലങ്കരിക്കപ്പെട്ടവരും പത്രോസിന്നടുത്ത പാറമേൽ സ്ഥിരപ്പെട്ടിരിക്കുന്നവരും ഏവൻഗേലിയോന്നടുത്തതും പിതാക്കന്മാർക്കടുത്തതും ആയ കല്പനകളെ ആചരിക്കുന്നവരുമായി പിതാവായ ദൈവത്തിന്റെ കരുണയുടെ നിഴലിൻകീഴു മലങ്കരയുള്ള സകല സുറിയാനി പ്പള്ളികളിലെയും വികാരിമാരും, ദേശത്തു പട്ടക്കാരും, ശെമ്മാശന്മാരും, പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളുമായി അനുഗ്രഹിക്കപ്പെട്ടവരും വാഴ്ത്തപ്പെട്ടവരുമായ റൂഹായ്ക്കടുത്ത നമ്മുടെ ആത്മീയ മക്കളുടെ നിറുകകളിന്മേൽ ദൈവികകൃപയും സ്വർഗ്ഗീയ വാഴുവും സെഹിയോൻ മാളികയിൽ വെച്ചു വിശുദ്ധ ശ്ലീഹന്മാർക്കു നമ്മുടെ കർത്താവായ യേശുമിശിഹാ നൽകിയതും അവരുടെ ഹൃദയങ്ങളെ സന്തോഷിപ്പിച്ചതുമായ റൂഹായ്ക്കടുത്ത വിശുദ്ധ സമാധാനവും വന്നാവസിക്കുമാറാകട്ടെ. അതു ദൈവത്തെ പ്രസവിച്ച വിശുദ്ധ കന്യകമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥപ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ഈ വാഴ്വിന്റെയും സമാധാനത്തിന്റെയും ശേഷം വീണ്ടും നാം നിങ്ങളോടറിയിക്കുന്നതെന്തെന്നാൽ:- അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാണിരുന്ന നി. വ. ദി. മ. ശ്രീ. രണ്ടാമത്തെ അബ്ദേദ് മിശീഹൊ എന്നു തിരുനാമമുള്ള അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മിശിഹാക്കാലം 1912-ാമാണ്ടു മലയാളത്ത് എഴുന്നെള്ളുകയും കണ്ടനാടു മുതലായ ഇടവ

Malankara Orthodox TV

കകളുടെ നി. വ. ദി. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളെ പൌരസ്ത്യ കാതോലിക്കായായി സ്ഥാനാഭിഷേകം ചെയ്കയും കാതോലിക്കാ സിംഹാസനം ഈ വിധത്തിൽ നമ്മുടെ ഈ ഭാരത ഭൂമിയിൽ സ്ഥാപിക്കയും മേലാൽ എന്നേക്കും കാതോലിക്കാ സിംഹാസനവും കാതോലിക്കാ സ്ഥാനവും നിർവ്വിഘ്നം ഇവിടെ നിലനിൽക്കത്തക്കവണ്ണം വേണ്ട കല്പനകളും അധികാരങ്ങളും തരികയും ചെയ്തതനുസരിച്ചും പാത്രിയർക്കീസു ബാവാ തിരുമനസ്സു കൊണ്ട് ഇവിടെ വച്ചു ചെയ്തിട്ടുള്ള പരസ്യ പ്രസ്താവനകൾ മൂലവും "കാതോലിക്കാ നിര്യാണം പ്രാപിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തിൽ ഒരു കാതോലിക്കായെ വാഴിപ്പാൻ നിങ്ങളുടെ മെത്രാന്മാർക്ക് അധികാരവും അവകാശവും ഉണ്ട്, ഇതിൽ നിന്നു നിങ്ങളെ വിരോധിപ്പാൻ ഒരുത്തനും അവകാശമില്ലാ" എന്നു രേഖപ്പെടുത്തി 1913 കുംഭ മാസം 8-ാംനു ഞങ്ങളെ ഭരമേല്പിച്ചിട്ടുള്ള കല്പന അനുസരിച്ചും കഴിഞ്ഞ ആണ്ടു മേട മാസം 17-ാംനു നമ്മുടെ കർത്താവിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതും ഇൻഡ്യയിലെ ഒന്നാമത്തെ കാതോലിക്കായെ വാഴിച്ചിട്ടുള്ള ദേവാലയവും ആയ ചരിത്ര പ്രസിദ്ധിയുള്ള നിരണം ഭദ്രാസനപ്പള്ളിയിൽ നിങ്ങളേവരും ചേർന്നുള്ള പൊതു മഹായോഗത്തിൽ വെച്ചു ബലഹീനനായ നമ്മേ ഒന്നാമത്തെ കാതോലിക്കായുടെ പിൻഗാമിയായി തിരഞ്ഞെടുത്തു സ്ഥാനാഭിഷേകം ചെയ്ത വിവരം നിങ്ങളെല്ലാവരും അറിഞ്ഞിട്ടുള്ളതാണല്ലോ. വാഴ്ചയുടെ ശേഷം നാം വാകത്താനം, കുഴിമറ്റം, കുറിച്ചി, കുന്നംകുളം, നിലയ്ക്കൽ, മാക്കാംകുന്ന്, ഓമല്ലൂർ, കൈപ്പട്ടൂർ, തുമ്പമൺ, ചെങ്ങന്നൂർ, പുത്തൻകാവ്, തോട്ടയ്ക്കാട് എന്നീ പള്ളികളിൽ സഞ്ചരിക്കയും ബഹുമാനപുരസ്സരം എല്ലാവരും നമ്മേ സ്വീകരിക്കയും മംഗളപത്രങ്ങൾ സമർപ്പിക്കയും ചെയ്തിട്ടുണ്ട്. ശേഷം പള്ളിക്കാരേയും അഭിമുഖമായി കാണുന്നതിനും കർത്താവിൽ എല്ലാവരേയും അനുഗ്രഹിക്കുന്നതിനും നാം എത്രയും വാഞ്ഛയോടു കൂടിയിരിക്കുന്നു.

പ്രിയരെ! കാതോലിക്കായ്ക്കും ശ്ലീഹായ്ക്കുമടുത്ത നമ്മുടെ മലങ്കര സഭയെ സ്തുത്യർഹമായ വിധത്തിൽ ഭരിച്ചിരുന്ന വന്ദ്യപുരോഹിതനായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ കാലശേഷം ഇപ്പോഴത്തെ ഗീവറുഗീസു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ ആ ഭരണാധികാരം കയ്യേൽക്കയും അതിനോടു കൂടെ നമ്മുടെ സഭയിൽ പല നല്ല സംഗതികളും കണ്ടു സന്തോഷിപ്പാൻ ആശിച്ചിരിക്കയും ചെയ്തു എങ്കിലും നി. വ. ദി. മ. ശ്രീ. അബ്ദുള്ളാ പാത്രിയർക്കീസു ബാവാ തിരുമനസ്സു കൊണ്ടു മലങ്കരെ എഴുന്നള്ളിയതിനോടു കൂടെ നിനച്ചിരിയാത്ത വിധം സഭയിൽ കുഴപ്പങ്ങളും വഴക്കുകളും ഉണ്ടാകയും ചെയ്തിരിക്കുന്ന ഈ കാലത്തു ബലഹീനനായ നമ്മേ കൂടെ മെത്രാപ്പോലീത്തായായിട്ടും

പിന്നീടു കാതോലിക്കായായിട്ടും അഭിഷേകം ചെയ്തതിൽ നമുക്കു മനോവേദനയും ദുഃഖവും അത്രേ വർദ്ധിച്ചിരിക്കുന്നത്. എന്തെന്നാൽ സമുദായത്തിൽ കക്ഷി പിണക്കം, ഭിന്നത, മത്സരം, സ്നേഹമില്ലായ്മ മുതലായവ വർദ്ധിച്ചിരിക്കുന്നു. സമുദായം ഈ സ്ഥിതിയിൽ ഇരിക്കുമ്പോൾ മേല്പട്ടക്കാർക്ക് ന്യായമായ വിധത്തിൽ സഭാഭരണം നടത്തുവാൻ എങ്ങിനെ സാധിക്കും? ഇവയെക്കുറിച്ച് ഓർത്താൽ ദുഃഖവും വ്യസനവും അല്ലാതെ എന്തു ഫലമുള്ളു? അതിനാൽ ദൈവിക കല്പനകൾക്ക് അനുസരണമുള്ളവരും ന്യായമായ സഭാമേലദ്ധ്യക്ഷന്മാരേയും അവരുടെ കല്പനകളെയും അനുസരിക്കുന്നവരും ആയ നിങ്ങൾ ഭയപ്പെടാതെയും ഇളകാതെയും സത്യവിശ്വാത്തിൽ സ്ഥിരമായി നില്പിൻ. സഭയുടെ സ്ഥിരതയ്ക്കും നിലനില്പിനും വേണ്ടിയും അതിൽ മുളച്ചിരിക്കുന്ന ഭിന്നതകളും വഴക്കുകളും നീങ്ങുന്നതിനു വേണ്ടിയും ഇടവിടാതെ പ്രാർത്ഥിപ്പിൻ. ബലഹീനനായ നമുക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ.

വീണ്ടും നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ വിശുദ്ധ തൃക്കൈ നീട്ടി സൈത്തു പർവ്വതത്തിൽ വെച്ചു തന്റെ ശ്ലീഹന്മാരെ അനുഗ്രഹിച്ച പ്രകാരം ശുദ്ധമുള്ളതും കാണപ്പെടുവാൻ വഹിയാത്തതും ദൈവികമുള്ളതുമായ വലത്തുകൈ നീട്ടി ദൈവികമായ സകല വാഴ്വുകളാലും നിങ്ങളെ എല്ലാവരേയും അനുഗ്രഹിച്ചു വാഴ്ത്തുവാൻ തന്നോടു നാം പ്രാർത്ഥിക്കുന്നു. ദൈവമായ കർത്താവു നിങ്ങളുടെ വൃദ്ധന്മാരെ താങ്ങുകയും, യൌവനക്കാരെ കാത്തുകൊള്ളുകയും ശിശുക്കളെ വളർത്തുകയും സ്ത്രീകളെ മറച്ചുകൊള്ളുകയും സത്യമുള്ള സകല വാഗ്ദത്തങ്ങളും നിങ്ങൾക്കു നിവൃത്തിച്ചു തരികയും ചെയ്യുമാറാകട്ടെ. രണ്ടു ലോകങ്ങളുടേയും ഭാഗ്യമാകുന്ന ഈ ലോക ആശ്വാസവും നിത്യജീവനും തന്റെ കൃപയാൽ താൻ നിങ്ങൾക്കു ദാനമായി നൽകട്ടെ. നിങ്ങളുടെ മേലും നിങ്ങളുടെ ഭവനങ്ങളിന്മേലും നിങ്ങൾക്കുള്ള സകലത്തിന്മേലും അനുഗ്രഹങ്ങളും വാഴ്വുകളും താൻ ചൊരിയുമാറാകട്ടെ. വരുവാനിരിക്കുന്ന ലോകത്തിൽ നിങ്ങളേയും നിങ്ങളുടെ മരിച്ചുപോയവരേയും നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കി തീർക്കയും എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, നിങ്ങൾ വന്ന് അകത്തു പ്രവേശിച്ചു ലോകാരംഭത്തിന്നു മുമ്പു നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന മോക്ഷം അവകാശിച്ചുകൊള്ളുവിൻ എന്ന് വലത്തു ഭാഗത്തേ മക്കളോട് അരുളിചെയ്യുന്ന സന്തോഷമേറിയ ശബ്ദം നിങ്ങളേയും അവരേയും താൻ കേൾപ്പിക്കയും ചെയ്യുമാറാകട്ടെ.

പിതാവായ ദൈവത്തിന്റെ സ്നേഹവും, ഏകപുത്രന്റെ കൃപയും വിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ.

അതു ദൈവമാതാവിന്റെയും സകല പരിശുദ്ധന്മാരുടേയും പരിശുദ്ധ സ്ത്രീകളുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ആകാശത്തിലുള്ള ബാവാ ഇത്യാദി.



എന്ന്, 1926-നു കൊല്ലം 1101-ാമാണ്ട് മിഥുന മാസം 16 നു

വാകത്താനം വള്ളിക്കാട്ടു സിംഹാസനപ്പള്ളിയിൽ നിന്നും

**HIS HOLINESS**
**MORAN MAR BASSELIOS CATHOLICOS**
*OF THE APOSTOLIC THRONE*
**OF THE EAST**

*Vakathanam, Kottayam P. O.*
*Travancore, S. India*

**സർവ്വശക്തനായ ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**ശ്ലീഹായിക്കടുത്ത പൌരസ്ത്യ സിംഹാസനത്തിന്റെ**
**ബലഹീനനാകുന്ന ഒന്നാമത്തെ ഗീവറുഗീസായ ബസേലിയോസു കാതോലിക്കാ**




സർവ്വശക്തനായ ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
**ശ്ലീഹായിക്കടുത്ത പൌരസ്ത്യ സിംഹാസനത്തിന്റെ**
ബലഹീനനാകുന്ന ഒന്നാമത്തെ ഗീവറുഗീസായ ബസേലിയോസു കാതോലിക്കാ

നമ്മുടെ ആത്മീയ പുത്രൻ ചെറിയ വയലിപറമ്പിൽ പൈനാടത്തായ പെരുമ്പാവൂർ മുൻസിപ്പു കോർട്ടു വക്കീൽ ചാണ്ടിയുടെ മേൽ ദൈവിക കൃപയും സ്വർഗ്ഗീയ വാഴ്വും വന്നു വസിക്കുമാറാകട്ടെ.

പ്രിയനെ: നിങ്ങളുടെ പ്രിയ പിതാവിന്റെ ദേഹവിയോഗത്തെക്കുറിച്ചു ഈ മാസം 14 നു അയച്ച ദുഃഖകരമായ കത്തു ഇവിടെ കിട്ടി. നിങ്ങളുടെ ഈ


Malankara Orthodox TV

നഷ്ടത്തിൽ നാമും അനുശോചിക്കയും ദുഃഖത്തിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. എന്നാൽ മരണമെന്ന പാനപാത്രം ഏവർക്കും കുടിക്കേണ്ടതും ദൈവം തന്റെ തിരുവിളക്കുട്ടികളെ തന്റെ അടുക്കലേക്കു ചേർത്തുകൊള്ളുന്നതും ഈ വഴിയിൽ കൂടിയാണല്ലോ. അതിനാൽ ദൈവം തന്നു ദൈവം എടുത്തു ദൈവതിരുനാമം മഹത്വപ്പെടട്ടെ എന്നു യോബിനെപ്പോലെ പറയുന്നതു തന്നെ നമ്മുടെ കടമ. അതിനാൽ കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നവരെക്കുറിച്ചു ദുഃഖിക്കരുതെന്നും തന്നിൽ നിദ്ര പ്രാപിച്ചവരെ ദൈവം തന്നോടു കൂടെ കൊണ്ടു..........മെന്നും ഉള്ള ദൈവിക ശ്ലീഹായുടെ വചനത്തിൽ നാം ആശ്രയിച്ച് ആത്മാവിനു വേണ്ടുന്ന സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യിക്കയും വേണം. കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്ന ഈ ദാസനെ ദൈവത്തിന്റെ ഇഷ്ടം പ്രവൃത്തിച്ചവരായ അബ്രാഹം, ഇസ്ഹാക്ക്, യാക്കോബ് എന്ന പൂർവ്വ പിതാക്കന്മാരോടു കൂടെ സ്വർഗ്ഗീയ ആനന്ദത്തിൽ ആശ്വസിപ്പിപ്പാനും നമ്മുടെ കർത്താവിന്റെ എഴുന്നെള്ളത്തിൽ തന്റെ വലതു ഭാഗത്തെ കുഞ്ഞാടുകളുടെ കൂട്ടത്തിൽ നല്ല ഓഹരി കൊടുപ്പാനും ആയിട്ടു ബലഹീനനായ നാമും പ്രാർത്ഥിക്കയും വിശുദ്ധ കുർബാനയിൽ ഓർക്കയും ചെയ്യുന്നു.

പ്രിയനെ, നിങ്ങളുടെ പിതാവിനെക്കുറിച്ചു പറകയാണെങ്കിൽ താൻ ഒരു നല്ല ധീര മനുഷ്യനും എന്തൊരു നല്ല സംഗതിക്കും മുന്നോട്ടു ചാടിപ്പുറപ്പെടാൻ തക്ക മനക്കരുത്തും ഉള്ള ആളായിരുന്നു. അങ്കമാലി ഇടവകയിൽ നിന്നും വളരെ നാളായി യാതൊരുത്തനും അയക്കാതിരിക്കുന്ന ഈ അവസരത്തിൽ വക്കീൽ പിതാവിന്റെ നിർയ്യാണത്തെക്കുറിച്ചു അറിയിപ്പാൻ മനസ്സു വന്നതിൽ നമുക്ക് കൃതാർത്ഥതയും ........... നമ്മുടെ സഭയിലെ കുഴപ്പങ്ങൾക്ക് ഒരു പരിഹാരം വരുത്തി എല്ലാവരും യോജിച്ചു എല്ലാം പ്രവർത്തിപ്പാൻ ........ ചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടു കൂടെ അവസാനിപ്പിച്ചു കൊള്ളുന്നു.

നാം ഈയ്യിടെ പൊതുവായി എല്ലാ പള്ളിക്കാർക്കും അയച്ചിട്ടുള്ള ഒരു കല്പന കാണുന്നതിനായി ഇതു സഹിതം അയക്കുന്നു.

പിതാവിന്റെ ....... ചിറകിൻകീഴു മറച്ചുകൊള്ളുമാറാകട്ടെ.



എന്നു 1926 കർക്കടക മാസം 21 -നു

വള്ളിക്കാട്ടു പള്ളിയിൽ നിന്നും

Malankara Orthodox TV

**HIS HOLINESS**
**MORAN MAR BASSELIOS CATHOLICOS**
*OF THE APOSTOLIC THRONE*
**OF THE EAST**

*Vakathanam, Kottayam P. O.*
*Travancore, S. India*

സർവ്വശക്തനായ ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
**ശ്ലീഹായിക്കടുത്ത പൌരസ്ത്യ സിംഹാസനത്തിന്റെ**
ബലഹീനനാകുന്ന ഒന്നാമത്തെ ഗീവറുഗീസായ ബസേലിയോസു കാതോലിക്കാ

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന മൂക്കഞ്ചേരിൽ പത്രോസു കത്തനാരുടെ മേൽ ദൈവീക കൃപയും സ്വർഗ്ഗീയ വാഴ്വും വന്നു വസിക്കുമാറാകട്ടെ.

പ്രിയനേ, “സ്ലീബായുടെ ദാസന്മാർ” എന്ന നാമത്തിൽ സ്ഥാപിച്ചു നടത്തിവരുന്ന മിഷ്യനറി സമൂഹത്തിന്റെ മൂന്നാം വാർഷികയോഗം കന്നി 14-ാ നു കോലഞ്ചേരിൽ വച്ചു നടത്തുവാനിരിക്കുന്നതിനെക്കുറിച്ചുള്ള അറിയിപ്പ് നമുക്കും കിട്ടി.

വാത്സല്യമുള്ള മകനേ, സ്വല്പകാലത്തെ പ്രയത്നത്തിന്റെ ഫലമായി 1400 ലധികം ആളുകൾ പുറജാതിക്കാരിൽനിന്നും മനസ്സു തിരിഞ്ഞു നമ്മുടെ രക്ഷകനെ സ്തുതിപ്പാൻ തക്കവണ്ണം മാമ്മോദീസാ കൈക്കൊണ്ടിട്ടുണ്ടെന്നു കാണുന്നതിൽ നാം അത്യന്തം സന്തോഷിക്കുകയും ഇതിലേക്കു വേല ചെയ്തവരെ അഭിനന്ദിക്കയും നമ്മുടെ കർത്താവിന്റെ തിരുനാമത്തിൽ അവരെ അനുഗ്രഹിക്കയും ഈ വിധമുള്ള വേല എല്ലാ ഇടവകകളിലും നടന്നു കാണ്മാൻ ആഗ്രഹിക്കയും ചെയ്തുകൊണ്ടു സംഘത്തിനു സർവ്വവിധ മംഗളത്തെയും ആശംസിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

അതു ദൈവമാതാവിന്റെയും സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനകളാൽ തന്നേ. ആമ്മീൻ.

ആകാശത്തിലുള്ള ബാവാ... ഇത്യാദി.

എന്ന് 1927 ഈലൂൽ മാസം 6-ാനു വള്ളിക്കാട്ടു പള്ളിയിൽ നിന്നും.

Malankara Orthodox TV

# MORAN MAR BASSELIOS GEEVARGHESE, CATHOLICOS OF THE EAST

## പൌരസ്ത്യ കാതോലിക്കാ മാർ ബസേലിയോസ്

No. ......

*Vakathanam, Kottayam P. O.*
*Travancore, S.India*



നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന വട്ടക്കുന്നേൽ കശീശായുടെ മേൽ ദൈവിക കൃപയും സ്വർഗീയ വാഴ്വും വന്നാവസിക്കുമാറാകട്ടെ.

പ്രിയനെ: വടക്കൻമണ്ണൂർ പള്ളി ഇടവകയിൽ പെട്ട നമ്മുടെ ആത്മീയ മക്കളിൽ നിന്നു ഈയ്യാണ്ടത്തെ റീശീസ്സാ ആയി പിരിച്ചിട്ടുള്ള പണം ഉടനെ ഇവിടെ എത്തിച്ചു തരണം. വിശേഷിച്ചും ഇടവം 15 ാം തീയതി കുറെ സൈത്ത് കൂദാശ ചെയ്യണമെന്നു വിചാരിക്കുന്നതിനാൽ 2 കുപ്പി സൈത്തു ആ പള്ളി വകയിൽ നിന്നും വാങ്ങിച്ചയച്ചു തരണം. കൂദാശ കഴിഞ്ഞു തിരികെ കൊണ്ടുപോകാവുന്നതാണു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1926 മേടം 20 ാം തീയതി

വള്ളിക്കാട്ടു പള്ളിയിൽ നിന്നും

Malankara Orthodox TV

---

**കല്പനകളുടെ സമ്പാദകർ:** എം. കുര്യൻ തോമസ്, ഡോ. കെ. പി. ജോർജ് കടവിൽ, ജോയ്സ് തോട്ടയ്ക്കാട്

# മലങ്കര ഇടവക പഞ്ചാംഗങ്ങൾ

# മലങ്കര ഇടവക പഞ്ചാംഗം

## ക്രിസ്താബ്ദം
## 1907 - മാണ്ട്

| | |
|---|---|
| ആദാമിന്റെ വർഷം | 7396 - 7 |
| യൌനായ വർഷം | 2218 - 9 |
| മലയാള വർഷം | 1082 - 3 |

**1906**

**Mar Thomas Press**
**Cottayam**

പ്രസാധകൻ: റ്റി. ജി. കൊച്ചുമ്മൻ

Malankara Orthodox TV

# മുഖവുര

മറ്റുള്ള സഭകൾക്കും സമുദായങ്ങൾക്കും ഉള്ളതുപോലെ നമ്മുടെ സഭയ്ക്കും പ്രതിവർഷം ഒരു പഞ്ചാംഗം വേണമെന്നു നമ്മിൽ മാന്യന്മാരായ എല്ലാവർക്കും ആഗ്രഹമുള്ളതായി അറിയുന്നതിനാൽ പരീക്ഷാർത്ഥം ഒന്നു ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നു. ഒരു പഞ്ചാംഗത്തിനു വേണ്ട എല്ലാ വിവരണങ്ങളെയും ശേഖരിക്കുവാൻ സമയം മതിയാകാതെ വന്നു പോയി. പള്ളികളുടെ പേർ മുതലായി ഇതിൽ അടങ്ങിയിരിക്കുന്ന പല സംഗതികളിലും വല്ല പിശകും വന്നുപോയിരിക്കാം. പഞ്ചാംഗത്തിൽ വരേണ്ട വല്ല സംഗതികളും വിട്ടുപോയിരിക്കാം. ഇതിലേക്കു വായനക്കാർ ഒഴികഴിവു ചെയ്കയും അടുത്ത ആണ്ടത്തെ പഞ്ചാംഗത്തിൽ തിരുത്താൻ വേണ്ടി കാലെകൂട്ടി അറിവു തരികയും ചെയ്യണമെന്നപേക്ഷിക്കുന്നു.

പള്ളികളെ സംബന്ധിച്ചടത്തോളം അവ ആരുടെ നാമത്തിൽ സ്ഥാപിയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്നും വികാരിമാരുടെയും ഇടവക പട്ടക്കാരുടെയും പേരുകളും ഇതിൽ ഉൾപ്പെടുത്തണമെന്നാഗ്രഹം ഉണ്ടായിരുന്നു. സമയക്കുറവു കൊണ്ടു ഈയാണ്ടിൽ സാധിക്കാഞ്ഞതിനെപ്പറ്റി തല്ക്കാലം വ്യസനിയ്ക്കയല്ലാതെ നിവൃത്തിയില്ല. എങ്കിലും അടുത്ത ആണ്ടിൽ ഇതുപോലെയുള്ള കുറവുകളെ നികത്തിക്കൊള്ളാമെന്ന് ശരണപ്പെടുന്നു.

**ഗീവറുഗീസു റെമ്പാൻ**

വാകത്താനം
1906 ധനു 30 -ാം തീയതി

Malankara Orthodox TV

ഇടവിടാതെ പ്രാർത്ഥിപ്പിൻ 1 തെസ. 5:17

---

## കർത്താവിന്റെ പ്രാർത്ഥന

(ആനന്ദ ഭൈരവി - ഏകതാളം)

ചരണങ്ങൾ

ആകാശമമർന്നിടുമടിയാർക്കുടയ താതാ
ആയിത്തീരണമേ നിൻനാമം വിശുദ്ധീകൃതം
വരണമേ നിന്റെ രാജ്യം വരഹിതമതും തവ
വാനത്തിലേപ്പോൽ ചെയ്യപ്പെടേണമേ ഭൂമിയിലും.
ആവശ്യകമാമപ്പമായതടിയാർക്കു നീ-
യരുളിത്തന്നിടണമേയൻപിനോടിദ്ദിനത്തിൽ.
അടിയാരുള്ള കടക്കാരോടു പൊറുപ്പതുപോലെ
അടിയാരോടും നീ പൊറുത്തരുൾ കടം ദോഷങ്ങളും.
അകപ്പെടുത്താതെ കണ്ടിട്ടടിയാരേ പരീക്ഷയിൽ
അവനം ചെയ്യണേ ദുഷ്ടനായവനിൽ നിന്നെന്നും.
അല്ലയൊ നിനക്കുള്ളു രാജ്യവും ശക്തിയതും
അവ്വണ്ണം മഹത്വവുമഖിലകാലവുമാമ്മീൻ.

## 'കൃപ നിറഞ്ഞ മറിയമെ' എന്ന പ്രാർത്ഥന.

ഹിന്തുസ്ഥാൻ തോടി - ആദിതാളം

പല്ലവി

മരിയാം ബേ നീ വാഴുക

അനുപല്ലവി

വാഴുക വാഴുക കരുണാപൂരിത- മരി.

ചരണങ്ങൾ

ഞങ്ങടെ നാഥൻ നിന്നൊടു കൂടെ
അംഗനമാരിൽ ധന്യ നീ
നിന്നുദരത്തിൽ നിന്നുളവായോൻ
ധന്യൻ മാറാനീശോ മിശിഹാ. മരി.

2

നിർമ്മല കന്യേ, ചിന്മയ ജനനീ
അമ്മേ മരി! ഇരന്നീടു നീ
തിന്മയെഴും ഞങ്ങൾക്കായിന്നും
വൻമൃതി വന്നിങ്ങെത്തും പൊഴുതും.

Malankara Orthodox TV

എല്ലാവരെയും ബഹുമാനിപ്പീൻ; നിങ്ങളുടെ സഹോദരന്മാരെ സ്നേഹിപ്പീൻ; ദൈവത്തെ ഭയപ്പെടുവീൻ; രാജാക്കന്മാരെ ബഹുമാനിപ്പീൻ. 1 പത്രോ. 2:17

1881 നവംബർ 9 -ാം നു
തിരുവവതാരം ചെയ്തരുളിയ

# ഏഴാം എഡ്വാർഡ്

ഇണ്ത്യാ ചക്രവർത്തി മഹാരാജാ തിരുമനസ്സു കൊണ്ടു
1901 ജനുവരി മുതൽ
ബ്രിട്ടീഷു മഹാരാജ്യം ഭരിച്ചുവരുന്നു.

കൊല്ലം 1033 ാമാണ്ടു കന്നി മാസം 11 -ാം നു
തിരുവവതാരം ചെയ്തരുളിയ
ശ്രീ. പത്മനാഭ ദാസവഞ്ചിപാല സർ

# രാമവർമ്മ

കുലശേഖര കിരീടപതി മന്നെസുൽത്താൻ മഹാരാജ
രാജ രാമരാജ ബഹദൂർ ഷംഷർ ജംഗ, ജി. സി. ഏസ്
ഐ., ജി. സി. ഐ. ഇ.
ഏഫ്. എം. യു. എം. ആർ. എ. ഏസ.
ഓഫീസർ ഡിലാ ഇൻസ്റ്റ് റക്ഷ്യൻ പബ്ലിക്
മഹാരാജാ തിരുമനസ്സുകൊണ്ടു
1061 മാണ്ടു മുതൽ തിരുവിതാംകൂറിൽ
രാജ്യഭാരം ചെയ്തുവരുന്നു.

1852 ഡിസംബർ 27 -ാം നു
തിരുവവതാരം ചെയ്തരുളിയ

സർ **രാമവർമ്മ** ജി. സി. എസ. ഐ.

മഹാരാജാ തിരുമനസ്സുകൊണ്ടു
1895 -ാമാണ്ടു മുതൽ കൊച്ചിയിൽ രാജ്യഭാരം
ചെയ്തുവരുന്നു.

Malankara Orthodox TV

നിങ്ങളുടെ ഭരണക്കാരെ അനുസരിച്ചു അവർക്കു കീഴ്പെട്ടിരിപ്പീൻ.
എബ്രാ. 13:17.

1906 -ാമാണ്ടു ഓബ് (ചിങ്ങം) മാസം 15 -ാം നു

അന്ത്യോഖ്യാ അപ്പൊസ്തൊല്യ സിംഹാസനം

പ്രാപിച്ച

# അബ്ദെ ദാലോഹൊ

എന്ന

തിരുനാമധാരിയായ

വിശുദ്ധ

മോറാൻ മോർ ഇഗ്നാത്യോസ

# പാത്രിയർക്കീസുബാവാ

തിരുമനസ്സുകൊണ്ടു

സഭാ മേലദ്ധ്യക്ഷത

നടത്തിവരുന്നു.


Malankara Orthodox TV

നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെത്തന്നെ, ഇരട്ടിമാനത്തിനു പാത്രങ്ങളായി എണ്ണുവീൻ.

1 തീമോ. 5:17

1865 -ാമാണ്ടു നീസോൻ (മേടം) മാസം 18 -ാം നു
ആമ്മീദ് നഗരത്തിൽ വിശുദ്ധ ദൈവമാതാവിന്റെ
ആലയത്തിൽ വെച്ചു
അന്ത്യോഖ്യായുടെ രണ്ടാം യാക്കോബ് മോറാൻ മോർ
ഇഗ്നാത്യോസ് പാത്രിയർക്കീസ്
ബാവാ തിരുമനസ്സിലെ കൈകളാൽ

# മലങ്കര മെത്രാപ്പോലീത്താ



സ്ഥാനപ്രാപ്തനായ യൌസേപ്പു
എന്നു തിരുനാമമുള്ള മലങ്കര ഇടവകയുടെ
നി. വ. ദി. ശ്രീ.

# മാർ ദീവന്നാസ്യോസ്

മെത്രാപ്പൊലീത്താ തിരുമനസ്സുകൊണ്ടു
ഇപ്പോൾ മലങ്കര ഇടവകയെ ഭരിച്ചു വരുന്നു.

MalankaraOrthodoxTV

നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരെ അറിവാൻ ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നു. 1 തെസ. 5:12.

ഇടവക മെത്രാപ്പോലീത്തന്മാർ

1876 -ാമാണ്ടു തെശ്രീൻഹ്രോയി (വൃശ്ചിക) മാസം 14 -ാം നു
വടക്കൻപറവൂർ പള്ളിയിൽ വച്ചു
അന്ത്യോഖ്യായുടെ മൂന്നാം പത്രോസ മോറാൻ മോർ
ഇഗ്നാത്യോസ പാത്രിയർക്കീസു ബാവാ
തിരുമനസ്സിലെ കൈകളാൽ മെത്രാപ്പോലീത്താ
സ്ഥാനപ്രാപ്തനായ
കോട്ടയം, അങ്കമാലി ഇടവകകളുടെ
നി. വ. ദി. ശ്രീ.

## പൌലൂസ് മാർ അത്താനാസ്യോസ്

മെത്രാപ്പോലീത്താ

1877 -ാമാണ്ടു ഈയോർ (ഇടവ) മാസം 5 -ാംനു
ചിറളയത്തു പള്ളിയിൽ വച്ചു
അന്ത്യോഖ്യായുടെ മൂന്നാം പത്രോസ മോറാൻ മോർ
ഇഗ്നാത്യോസ് പാത്രിയർക്കീസു ബാവാ
തിരുമനസ്സിലെ കൈകളാൽ മെത്രാപ്പോലീത്താ
സ്ഥാനപ്രാപ്തനായ
കണ്ടനാട്ടു ഇടവകയുടെ
നി. വ. ദി. ശ്രീ

## പൌലൂസ് മാർ ഈവാനിയോസ്

മെത്രാപ്പോലീത്താ

Malankara Orthodox TV

നാം ദൈവത്തിന്റെ പുത്രന്മാരായി തീരുവാൻ ജീവിച്ചിരുന്നപ്പോൾ പഠിപ്പിച്ച വരായ നമ്മുടെ പിതാക്കന്മാരെ കുർബ്ബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം (പ്രഭാതകാലത്തെ പാർത്ഥന).

---

# മലങ്കര ഇടവകയെ ഭരിച്ചു കാലം ചെയ്ത മേലദ്ധ്യക്ഷന്മാർ

| | | |
|---|---|---|
| | മാർതോമ്മാശ്ലീഹാ | 52 – 82 |
| | ക്നാൻ തോമ്മായോടു കൂടെവന്ന യൌസേഫു എപ്പിസ്കോപ്പാ | 345 – |
| | പകലൊമറ്റം തറവാട്ടിലെ അർക്കദിയാക്കോന്മാർ | 345 – 1653 |
| | മാർ ശാബോറും മാർ അപ്രോത്തും | 825 – |
| * | മാർ യോഹന്നാൻ | 1490 – |
| * | മാർ ദാവീദ, മാർ ദെനഹാ, മാർ യാക്കൂബ | 1502 –1549 |
| * | മാർ യൌസേപ്പ | 1555 – 1568 |
| * | മാർ അബ്രാഹം | 1568 – 1597 |
| * | മാർ ശെമഓൻ | 1578 – 1585 |
| × | ആർച്ചബിഷോപ്പ മേനേസീസ | 1599 – |
| × | പ്രാൻസിസ്ക്കോറോസ് | 1601 – 1624 |
| × | സ്റ്റിഫൻ ഡിബ്രിറ്റാ | 1624 – 1641 |
| × | പ്രാൻസിസ ഗാർസിയാ | 1641 – 1653 |
| | ഒന്നാം മാർതോമ്മാ | 1653 – 1670 |
| | രണ്ടാം മാർതോമ്മാ | 1670 – 1686 |
| | മൂന്നാം മാർതോമ്മാ | 1686 – 1688 |
| | നാലാം മാർതോമ്മാ | 1688 – 1728 |
| | അഞ്ചാം മാർതോമ്മാ | 1728 – 1765 |
| | ആറാം മാർതോമ്മാ, അതായ്തു വലിയ മാർ ദിവന്നാസ്യോസ | 1765 – 1808 |
| | ഏഴാം മാർതോമ്മാ | 1808 – 1809 |
| | എട്ടാം മാർതോമ്മാ | 1809 – 1815 |
| | മാർ ദീവന്നാസ്യോസ (പുലിക്കോട്ടിൽ) | 1815 – 1816 |
| | മാർ പീലക്സിനോസു | 1816 – 1818 |
| | മാർ ദീവന്നാസ്യോസ (പുന്നത്ര) | 1818 – 1825 |
| | മാർ ദീവന്നാസ്യോസ (ചേപ്പാട്ടു) | 1825 – 1853 |
| | മാർ മത്യൂസ അത്താനാസ്യോസ | 1843 – 1877 |
| | മാർ ദീവന്നാസ്യോസ | 1865 – |

* ഈ അടയാളം ഇട്ടിരിക്കുന്ന പേരുകാർ നെസ്ക്കോർ മെത്രാന്മാരായിരുന്നു. അന്ത്യോഖ്യായുടെ പ്രതിനിധിയായിരുന്ന കിഴക്കിന്റെ കാസോലിക്കായാൽ അയക്കപ്പെട്ടവർ എന്നുള്ള തെറ്റായ ധാരണയിന്മേൽ ഇവരെ സ്വീകരിക്കയും, ഇവർ ഭരിക്കയും ചെയ്തു.

× ഈ അടയാളമിട്ടിരിക്കുന്ന പേരുകാർ റോമാ മെത്രാന്മാരാണ. പറുങ്കികൾ ബല ത്താൽ സുറിയാനിസഭയെ റോമ്മാസഭയിൽ ചേർക്കയും ആ നുകത്തിൽ മലങ്കരസഭ ഇരിക്കയും ചെയ്തകാലത്തു രാജശക്തിയാൽ ഭരിച്ചവരാണ ഇവർ.

Malankara Orthodox TV

അവർ വിശ്വാസത്താൽ രാജ്യങ്ങളെ കീഴടക്കി, നീതിയെ പ്രവൃത്തിച്ചു വാഗ്ദത്തങ്ങളെ പ്രാപിച്ചു സിംഹങ്ങളുടെ വാകളെ പൊത്തി. എബ്രാ. 11:33

---

## മലങ്കരെ ഉപഇടവകകളെ ഭരിച്ച മേൽപ്പട്ടക്കാർ

| | |
|---|---|
| അങ്കമാലി ഇടവക - മാർ കൂറിലോസ മെത്രാപ്പോലീത്താ | 1876 - 1893 |
| തുമ്പമൺ ഇടവക - മാർ യൂലിയോസ മെത്രാപ്പോലീത്താ | 1876 - 1885 |
| നിരണം ഇടവക - മാർ ഗ്രീഗോറിയോസ മെത്രാപ്പോലീത്താ | 1876 - 1902 |
| കൊച്ചി ഇടവക - മാർ ശെമഓൻ ദീവന്നാസ്യോസ " | 1877 - 1886 |

## മലങ്കരെ ഇരുന്നിട്ടുള്ള അന്ത്യോഖ്യാ സ്ഥാനാപതികൾ

| | |
|---|---|
| മാർ ഗ്രീഗോറിയോസ ബാവാ (പറവൂർ കാലം ചെയ്തു) | 1665 - 1670 |
| മാർ ബസേലിയൊസ കാതൊലീക്കാ (കോതമങ്ങലത്തു) | 1685 |
| മാർ ഈവാനിയൊസ ബാവാ (മുളന്തുരുത്തിൽ അടങ്ങി) | 1685 - 1693 |
| മാർ ഈവാനിയോസ (തിരിച്ചുപോയി) | 1748 - 1751 |
| മാർ ബസെലിയൊസ മപ്രിയാനാ (കണ്ടനാട്ടു അടങ്ങി) | 1751 - 1763 |
| മാർ ഗ്രിഗോറിയോസ ബാവാ (മുളന്തുരുത്തിൽ അടങ്ങി) | 1751 - 1772 |
| മാർ ഈവാനിയോസ ബാവാ (ചെങ്ങന്നൂർ അടങ്ങി) | 1751 - 1794 |
| മാർ ദീയസ്ക്കോറോസ ബാവാ (തിരിച്ചുപോയി) | 1806 -1808 |
| മാർ അത്താനാസ്യോസ ബാവാ (തിരിച്ചുപോയി) | 1825 - 1826 |
| മാർ കൂറിലോസ ബാവാ (മുളന്തുരുത്തിൽ അടങ്ങി) | 1846 - 1874 |
| മാർ സ്തേഫാനോസ അത്താനാസ്യോസ ബാവാ (തിരിച്ചുപോയി) | 1849 - 1852 |
| മാർ ശെമഊൻ അത്താനാസ്യോസ ബാവാ (കോട്ടയത്തു പുത്തൻപള്ളിയിൽ അടങ്ങി) | 1881 - 1887 |

Malankara Orthodox TV

ഇവർ കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു. ലോകം അവർക്കു യോഗ്യമായിരുന്നില്ല. എബ്രാ. 11:38

---

## മലങ്കരെ ഇപ്പോഴുള്ള ദയറായക്കാർ

| നമ്പ്ര | ഇടവകപ്പള്ളി | പേർ | സ്ഥിരതാമസം |
|---|---|---|---|
| 1 | കണ്ടനാട്ടു മുളന്തുരുത്തി | വ. ദി. ശ്രീ. വലിയ പൌലൂസ റമ്പാൻ | കോട്ടയത്തു സിമ്മനാരി |
| 2 | മല്ലപ്പള്ളി | വ. ദി. ശ്രീ. ഗിവറുഗീസ റമ്പാൻ | പരുമല സിമ്മനാരി |
| 3 | അങ്കമാലി | " " " കൊച്ചുപൌലൂസ റമ്പാൻ | ആലുവാ സിമ്മനാരി |
| 4 | വാകത്താനം | " " " ഗിവറുഗീസ റമ്പാൻ | ടി |
| 5 | കുറിച്ചി | വ. ദി. ശ്രീ. പുന്നൂസ റമ്പാൻ | പരുമല സിമ്മനാരി |
| 6 | വടകര | " " " ഗിവറുഗീസ റമ്പാൻ | മണ്ണത്തൂർ പള്ളി |
| 7 | പാമ്പാടി | " " " കുറിയാക്കോസു റമ്പാൻ | പാമ്പാടിപള്ളി |
| 8 | ബ്ശേറിയാ | " " " സ്ലീബാ റെമ്പാൻ | (സ്വദേശത്തേക്കു ... രിക്കുന്നു) |

## സുറിയാനി സിമ്മനാരികളും മല്പാന്മാരും

| | സിമ്മനാരികൾ | മല്പാന്മാർ |
|---|---|---|
| 1 | കോട്ടയത്തു സിമ്മനാരി | 1. വ. ദി. ശ്രീ. മട്ടയ്ക്കൽ ആലക്സന്ത്രയോസ കത്തനാർ<br>2. വ.ദി.ശ്രീ. ഇലവിനാമണ്ണിൽ സ്കറിയാകത്തനാർ |
| 2 | പാമ്പാക്കുട സിമ്മനാരി | വ. ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ട മാത്തൻ കത്തനാർ |
| 3 | പരുമല സിമ്മനാരി | വ. ദി. ശ്രീ. ഗീവറുഗീസ റെമ്പാൻ<br>വ. ദി. ശ്രീ. പുന്നൂസ റെമ്പാൻ |
| 4 | ആലുവാ സിമ്മനാരി | വ. ദി. ശ്രീ. കൊച്ചുപൌലൂസു റെമ്പാൻ |

Malankara Orthodox TV

പൈതൽ നടക്കേണ്ടും വഴിയിൽ അവനെ അഭ്യസിപ്പിക്ക. എന്നാൽ അവൻ വൃദ്ധനാകുമ്പോൾ അതിനെ വിട്ടുമാറുകയില്ല. സുഭാ. 22:6

---

## പൊതുസ്ഥലങ്ങൾ

1. വെട്ടിയ്ക്കൽ ദയറാ
2. തൃപ്പൂണിത്ര ബെസ്സസ് ലൂസൊ
3. മൂവാറ്റുപുഴ സത്രം
4. കൊട്ടാരക്കരെ സത്രം
5. കുന്ദംകുളം സെഹിയോൻ ബംഗ്ലാവു
6. തിരുവനന്തപുരം പള്ളിയും കെട്ടിടങ്ങളും

## ഇംഗ്ലീഷു ഹൈസ്ക്കൂളുകൾ

**1**

**മാർ ദീവന്നാസ്യോസ സിമ്മനാരി കോട്ടയം (1893)**

മാനേജിങ്ങ് കമ്മട്ടി:
നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ ((പ്രസിഡെണ്ടു)
മിസ്റ്റർ ഇ. എം. പീലിപ്പൊസ (സിക്രട്ടെരി)
മിസ്റ്റർ കെ. സി. മാമ്മൻമാപ്പിള
മിസ്റ്റർ സി. ചെറിയാൻ
ഹേഡ്മാസ്റ്റർ: മിസ്റ്റർ കെ. സി. മാമ്മൻമാപ്പിള ബി. എ.

2

**മാർ ഇഗ്നാത്യോസ ഹൈസ്ക്കൂൾ കുന്ദംകുളം (1899)**

രക്ഷാധികാരി: നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ
മാനേജർ: മിസ്റ്റർ പി. ഐ. പാത്തപ്പൻ
ഹേഡ്മാസ്റ്റർ: ഹരിഹരയ്യൻ ബി. എ. എൽ. ടി.

3

**മാർ ഗ്രീഗോറിയോസ സ്മാരക ഹൈസ്ക്കൂൾ തിരുവല്ലാ (1903)**

പ്രസിഡെണ്ടു: നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ
മാനേജിംങ്ങ് കമ്മട്ടി:
ദി. ശ്രീ. കോടിയാട്ടു യാക്കോബ കത്തനാർ
മിസ്റ്റർ കെ. ഐ. ഈപ്പൻ വക്കീൽ
മിസ്റ്റർ ചാലക്കുഴിയിൽ പൌലൂസ
മിസ്റ്റർ കെ. എം. മാമ്മൻമാപ്പിള (സിക്രട്ടെരി)
ഹേഡ്മാസ്റ്റർ മിസ്റ്റർ ഇ. വേദാസ്ത്രീ ബി. എ. എൽ. ടി.

## ഇംഗ്ലീഷു മിഡിൽ സ്കൂളുകൾ

**സെന്തൊമ്മാസ സ്കൂൾ, മുളന്തുരുത്തി (1881)**

മാനേജർ: മിസ്റ്റർ ചാലിൽ കൊച്ചുകോര
ഹെഡ്മാസ്റ്റർ: മിസ്റ്റർ ടി. എം. ജെക്കൊബ.

MalankaraOrthodox.TV

2

**മാർ ഗ്രീഗോറിയോസ സ്കൂൾ, താഴത്തങ്ങാടി**

മാനേജർ: മിസ്റ്റർ ഇ. എം. പീലിപ്പോസ
ഹേഡ്മാസ്റ്റർ: ഡബ്ല്യു. വി. തോമ്മാസ

3

**മാർ ദീവന്നാസ്യോസ സ്ക്കൂൾ, പുതുപ്പള്ളി**

മാനേജർ: മിസ്റ്റർ കരോട്ടു കുഞ്ഞുവർക്കി
ഹേഡ്മാസ്റ്റർ: മിസ്റ്റർ പി. പി. തൊമ്മൻ

4

**മാർ ഗ്രീഗോറിയോസ സ്കൂൾ, തുമ്പമൺ**

മാനേജർ: മിസ്റ്റർ കെ. തോമ്മാസ വക്കീൽ
ഹേഡ്മാസ്റ്റർ: മിസ്റ്റർ ടി. സി. മാത്യു

5

**സെന്തൊമ്മാസ സ്കൂൾ, നിരണം**

മാനേജർ: മിസ്റ്റർ കേ. സി. ഈപ്പൻ ബി. എ.
ഹേഡ്മാസ്റ്റർ: മിസ്റ്റർ രാമകൃഷ്ണയ്യൻ

6

**സെന്റ് ജോൺസ സ്കൂൾ, വടകര (1901)**

മാനേജർ: മിസ്റ്റർ തട്ടമ്പാറയിൽ അവരാ മത്തായി
ഹേഡ്മാസ്റ്റർ മിസ്റ്റർ സി. എം. അബ്രഹാം

7

**മർത്തമറിയം സ്കൂൾ, പാണമ്പടി**

മാനേജരും ഹേഡ്മാസ്റ്ററും: ദി. ശ്രീ. തെങ്ങുംതോട്ടത്തിൽ പീലിപ്പൊസുകത്തനാർ

8

**മാർ അത്താനാസ്യോസ സ്കൂൾ, കുമരകം**

മാനേജർ: ദി. ശ്രീ. കൊച്ചുകളത്തിൽ യൌസേപ്പു കത്തനാർ
ഹേഡ്മാസ്റ്റർ: മിസ്റ്റർ വി. ജോൺ

9

**മാർ ദീവന്നാസ്യോസ ജൂബിലി മെമ്മോറിയൽ സ്കൂൾ, പിറവം**

മാനേജർ: ദിവ്യശ്രീ. പുത്തൻപുരയ്ക്കൽ യൌസേപ്പു കത്തനാർ
പ്രിൻസിപ്പാൽ: ദിവ്യശ്രീ. കോനാട്ടു മാത്തൻ മല്പാൻ
ഹേഡ്മാസ്റ്റർ: മിസ്റ്റർ ജി. സുന്ദ്രേശരയ്യർ

Malankara Orthodox TV

ജ്ഞാനം തന്റെ ഭവനത്തെ പണിതു. അതു തന്റെ ഏഴു തൂണുകളെ കൊത്തി. സുഭാ. 9:1

---

## മലയാളം പ്രൈമറി സ്കൂളുകൾ

സർക്കാർ ഗ്രാന്റുള്ളവയും ഇല്ലാത്തവയുമായി 200

**പെൺപള്ളിക്കൂടങ്ങൾ**

1. സെന്റു മെറി സ്കൂൾ നിരണം
2. ശ്രീമൂലവിലാസം സ്കൂൾ, ഇരുപള്ളിപ്ര

**അച്ചുകൂട്ടങ്ങൾ**

1. മാർ തോമ്മാ പ്രെസ്, കോട്ടയം.
മദ്ബ്രോനൊ: വ. ദി. ശ്രീ. വലിയ പൌലൂസ റമ്പാൻ
2. മാർ യൂലിയോസ പ്രെസ്, പാമ്പാക്കുട
മാനേജർ: മലങ്കര മല്പാൻ ദി. ശ്രീ. കോനാട്ടു മാത്തൻ കത്തനാർ

**മാസികകൾ**

1. മലങ്കര ഇടവകപത്രിക, കോട്ടയം
പത്രാധിപർ: മിസ്റ്റർ ഇ. എം. പീലിപ്പോസ
2. സുറിയാനി സുവിശേഷകൻ, കോട്ടയം
പത്രാധിപർ: ദി. ശ്രീ. പി. പി. യൌസെപ്പ ശെമ്മാശു
3. ജീവനിക്ഷേപം, പാമ്പാക്കുട, കൂത്താട്ടുകുളം
പത്രാധിപർ: ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ
4. സീമതഹായെ (സുറിയാനി ഭാഷയിൽ), പാമ്പാക്കുട
പത്രാധിപർ: ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ

**കോട്ടയം സിമ്മനാരി ട്രസ്റ്റികൾ**

1. നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ടു
2. ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ
3. മിസ്റ്റർ കുന്നുമ്പുറത്തു ജോൺ കുർയ്യൻ

**മലങ്കര യാക്കോബായ സുറിയാനി അസോസിയേഷ്യൻ മാനെജിങ്ങ് കമ്മട്ടി**

പ്രസിഡെണ്ടു

നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ടു

ഉപാദ്ധ്യക്ഷന്മാർ

1. വ. ദി. ശ്രീ. മാർ അത്താനാസ്യോസ മെത്രാപ്പൊലീത്താ തിരുമനസ്സു കൊണ്ടു
2. നി. വ. ദി. ശ്രീ. മാർ ഈവാനിയോസ മെത്രാപ്പൊലീത്താ തിരുമനസ്സു കൊണ്ടു

Malankara Orthodox TV

ഈ സംഗതിയെക്കുറിച്ചു വിചാരിപ്പാൻ അപ്പോസ്തോലന്മാരും മൂപ്പന്മാരും വന്നു കൂടി. നടപ്പ. 15:6

---

### വൈദീക മെമ്പറന്മാർ

1. വ. ദി. ശ്രീ. വി. ജെ. ഗീവറുഗീസ റെമ്പാൻ, പരുമല
2. വ. ദി. ശ്രീ. കോനാട്ടു മാത്തൻ കത്തനാർ, പാമ്പാക്കുട
3. വ. ദി. ശ്രീ. പൂവത്തൂർ യാക്കോബ കത്തനാർ, ചെങ്ങന്നൂർ
4. വ. ദി. ശ്രീ. വേങ്കടത്തു ആലക്കസന്ത്രയൊസ കത്തനാർ, കോട്ടയം
5. വ. ദി. ശ്രീ. പനയ്ക്കാമറ്റത്തു അബ്രാഹം കത്തനാർ, നിരണം
6. വ. ദി. ശ്രീ. മുറന്തുക്കിൽ മാത്തു കത്തനാർ, മുളക്കുളം
7. വ.ദി.ശ്രീ. പരുത്തിയ്ക്കാട്ടു കുറിയാക്കൊസ കത്തനാർ, നീലംമ്പേരൂർ
8. വ. ദി. ശ്രീ. കോടിയാട്ടു കുർയ്യൻ കത്തനാർ, തിരുവല്ല

### അല്മെനി മെമ്പറന്മാർ

1. മിസ്റ്റർ പനയ്ക്കൽ പാത്തപ്പൻ, കുന്ദംകുളം
2. മിസ്റ്റർ ചാലിൽ കൊച്ചുകോര, മുളന്തുരുത്തി
3. മിസ്റ്റർ കോനാട്ടു ഇട്ടൻപിള്ള, പാമ്പാക്കുട
4. മിസ്റ്റർ കിഴക്കുംതലയ്ക്കൽ പൌലൂസ വക്കീൽ, പറവൂർ
5. മിസ്റ്റർ പുളിക്കപറമ്പിൽ പുന്നൻ വക്കീൽ, കോട്ടയം
6. മിസ്റ്റർ കുന്നുമ്പുറത്തു കുർയ്യൻ, കോട്ടയം
7. മിസ്റ്റർ വാഴയിൽ തോമ്മാ, വെളിയനാടു
8. മിസ്റ്റർ കണ്ടത്തിൽ ഈപ്പൻ വക്കീൽ, തിരുവല്ല
9. മിസ്റ്റർ ഇലഞ്ഞിക്കൽ ജോൺ വക്കീൽ, നിരണം
10. മിസ്റ്റർ ഡിസ്ട്രീക്ട് റജിസ്ട്രാർ പൂതിയോട്ടു വർക്കി, മേപ്രാ
11. മിസ്റ്റർ കിഴക്കെവീട്ടിൽ ഗീവറുഗീസു മുതലാളി, ചാത്തന്നൂർ

### സിക്രെട്ടറി

12. മിസ്റ്റർ ഇടവഴിക്കൽ പീലിപ്പൊസു, കോട്ടയം

### മലങ്കര സുറിയാനി സുവിശേഷസംഘം

സിക്രട്ടറി: ദി. ശ്രീ. എ. ജെ. മിക്കായെൽ ശെമ്മാശു
സണ്ടെസ്കൂളുകൾ 85.

### പുതുക്രിസ്ത്യാനിസഭകൾ

| | | | |
|---|---|---|---|
| 1. | പരുമല | മെൽവിചാരം | വ. ദി. ശ്രീ. ഗീവറുഗീസു റമ്പാൻ |
| 2. | ചെങ്ങന്നൂർ | " | ദി. ശ്രീ. പൂവത്തൂർ യാക്കോബ കത്തനാർ |
| 3. | ചെന്നിത്തല | " | ദി. ശ്രീ. കൊറ്റാത്തുവിള ഗീവറുഗീസു " |
| 4. | വെളിയനാടു | " | രാ. രാ. വാഴയിൽ തോമ്മാ |
| 5. | ചിങ്ങൊനം | " | രാ. രാ. ഇ. എം. പീലിപ്പോസു |
| 6. | കല്ലുങ്കത്ര | " | ദി. ശ്രീ. ചാലാശേരിൽ യൌസെപ്പുകത്തനാർ |

Malankara Orthodox TV

നോമ്പു കൊണ്ടും പ്രാർത്ഥന കൊണ്ടും അല്ലാതെ ഈ ജാതി പുറപ്പെടുന്നതല്ലാ. മത്താ. 17:21.

---

# നോമ്പു കണക്കു

തീയ്യതി മാറ്റമുള്ള നോമ്പുകളായ സുറിയാനി മൂന്നു നോമ്പിന്റെയും വലിയ നോമ്പിന്റെയും 25 സംവത്സരത്തെ പട്ടിക മാർ എബസേബിയോസു ബാവായാൽ ഉണ്ടാക്കപ്പെട്ട ഹ്പക്ത്തൊ എന്ന കണക്കിൽ നിന്നും കൂട്ടി സുറിയാനി മാസം തീയ്യതിയിലും, റോമാ, ഇംഗ്ലീഷു ഇവരുടെ വേറെ വിധത്തിലും കൂട്ടി എടുത്തു താഴെ ചേർത്തിരിക്കുന്നു.

| സുറിയാനി | | | | | | റോമാ | ഇംഗ്ലീഷു |
|---|---|---|---|---|---|---|---|
| ആണ്ടു | മൂന്നു നോമ്പു | വല്യ നോമ്പു | കൃംതാ | സ്വർഗ്ഗാരോഹണം | പേന്തിക്കുസ്തി | വലിയ നോമ്പു | കൃംന്താ |
| 1907 | കും. 12 | മീ. 4 | മേ. 22 | ഇ. 31 | മിഥു. 10 | ഫെ. 11 | മാർച്ച് 31 |
| 8 | കും. 3 | കും. 23 | മേ. 13 | ഇ. 22 | മിഥു. 1 | മാ. 2 | എ. 19 |
| 9 | മ. 19 | കും. 8 | മീ. 29 | ഇ. 7 | ഇ. 17 | ഫെ.22 | എ. 11 |
| 10 | കും. 8 | കും. 28 | മേ. 18 | ഇ. 27 | മി. 6 | ഫെ. 7 | മാ. 27 |
| 11 | മ. 31 | കും. 20 | മേ. 10 | ഇ. 19 | ഇ. 29 | ഫെ. 27 | എ. 16 |
| 12 | മ. 15 | കും. 4 | മീ. 25 | ഇ. 3 | ഇ. 13 | ഫെ. 19 | എ. 7 |
| 13 | കും. 4 | കും. 24 | മേ. 14 | ഇ. 23 | മി. 2 | ഫെ. 3 | മാ. 23 |
| 14 | മ. 27 | കും. 16 | മേ. 6 | ഇ. 15 | ഇ. 25 | ഫെ. 23 | എ. 12 |
| 15 | മ. 12 | കും. 1 | മീ. 22 | മേ. 30 | ഇ. 10 | ഫെ. 15 | എ. 4 |
| 16 | മ. 31 | കും 20 | മേ. 10 | ഇ. 19 | ഇ. 29 | മാ. 6 | എ. 23 |
| 17 | മ. 23 | കും. 12 | മേ. 2 | ഇ. 11 | ഇ. 21 | ഫെ. 19 | എ. 8 |
| 18 | കും. 12 | മീ. 4 | മേ. 22 | ഇ. 31 | മി. 10 | ഫെ. 11 | മാ. 31 |
| 19 | മ. 28 | കും. 17 | മേ. 7 | ഇ. 16 | ഇ. 26 | മാ. 3 | എ. 20 |
| 20 | മ. 19 | കും. 8 | മീ. 29 | ഇ. 7 | ഇ. 17 | ഫെ. 16 | എ. 4 |
| 21 | കും. 8 | കും. 28 | മേ. 18 | ഇ. 27 | മി. 6 | ഫെ. 7 | മാ. 27 |
| 22 | മ. 24 | കും. 13 | മേ. 3 | ഇ. 12 | ഇ. 22 | ഫെ. 27 | എ. 16 |
| 23 | മ. 16 | കും. 5 | മീ. 26 | ഇ. 4 | ഇ. 14 | ഫെ. 12 | എ. 1 |
| 24 | കും. 4 | കും. 24 | മേ. 14 | ഇ. 23 | മി. 2 | മാ. 3 | എ. 20 |
| 25 | മ. 27 | കും. 16 | മേ. 6 | ഇ. 15 | ഇ. 25 | ഫെ. 23 | എ. 12 |
| 26 | കും. 9 | മീ. 1 | മേ. 19 | ഇ. 28 | മി. 7 | ഫെ. 15 | എ. 4 |
| 27 | കും. 1 | കും. 21 | മേ. 11 | ഇ. 20 | ഇ. 30 | ഫെ. 28 | എ. 17 |
| 28 | മ. 23 | കും. 12 | മേ. 2 | ഇ. 11 | ഇ. 21 | ഫെ. 20 | എ. 8 |
| 29 | കും. 12 | മീ. 4 | മേ. 22 | ഇ. 31 | മി. 10 | ഫെ. 11 | മാ. 31 |
| 30 | മ. 28 | കും. 17 | മേ. 7 | ഇ. 16 | ഇ. 26 | മാ. 3 | എ. 20 |
| 31 | മ. 20 | കും. 9 | മി. 30 | ഇ. 8 | ഇ. 18 | ഫെ. 16 | എ. 5 |

മ – സുറിയാനി മകരം (കോനൂൻഹ്റോയി), ഇ – സുറിയാനി ഇടവം (ഈയോർ), കു – സുറിയാനി കുംഭം (ശ്ബോത്ത്), മിഥു – സുറിയാനി മിഥുനം (ഹ സീറോൻ) മീ – സുറിയാനി മീനം (ഓദോർ), മേ – സുറിയാനി മേടം (നീസോൻ).
ഫെ – ഫെബ്രുവരി, മാ – മാർച്ച, എ – ഏപ്രിൽ.

Malankara Orthodox TV

ഇവയുടെ ശേഷം യേശു തമ്പുരാൻ തന്റെ ശിഷ്യന്മാരിൽ മറ്റു എഴുപതു പേരെ വേർതിരിച്ചു താൻ പോകുവാനിരുന്ന എല്ലാ സ്ഥലത്തേക്കും നഗര ത്തിലേക്കും അവരെ തന്റെ മുഖത്തിൻ മുമ്പാകെ ഈരണ്ടായി അയച്ചു. ലൂക്കൊ. 10:1.

## അറിയിപ്പുകാരുടെ പേരുകൾ

1. ആദായി
2. ആഗായി
3. ഹനനിയൊ
4. ലോആസാർ
5. മേലെയാ
6. കീപ്പൊ
7. ബർനാബാ
8. സുസ്തേനീസ
9. ക്രീസോസ
10. മന്ത്രിയെഔസെപ്പ
11. ന കാദീമൊസ
12. നതാനിയെൽ
13. യൂസ്തോസ
14. ശീലൊ
15. ശാബായുടെ പുത്രൻ യീഹൂദൊ
16. മർക്കോസ
17. ആമ്മൂനീസ
18. നീഗി
19. ഈയാസോൻ
20. മാനായേൽ
21. റൂഷൊസ
22. ആലക്സന്ത്രൊസ
23. കൂറീനായക്കാരൻ ശെമഊൻ
24. ലുക്കിയോസ
25. ക്ലെയോപ്പാ
26. ക്ലെയോപ്പായുടെ പുത്രൻ ശെമഊൻ
27. യോസി
28. അവന്റെ സഹോദരൻ യാക്കൂബു
29. തുർമ്മാനോസു
30. കുറുത്തൊസ
31. സബറിയൂൻ
32. മമത്തൊസ
33. അന്ത്രൊനി ക്കൊസു
34. ഈയാവാനിയാ
35. തിത്തോസ
36. പത്രോബ
37. ആസൂൻ കീത്തോസ
38. ഹെർമ്മി
39. കുറിയാക്കോസ
40. ആറിസ്തോ ബോലൊസ
41. ദീമ്മാ
42. തീമൊത്തെ യോസ
43. ലൂക്കൊ
44. ലേവി
45. അപ്രെം
46. നിക്കത്തോസ
47. ഹൂറൊദീസ
48. സിൽവാനോസ
49. യൂഹാനൊൻ
50. തെവോദൊസ
51. നീഗാനോസ
52. മർത്തൂലോസ
53. ലീസോൻ
54. സ്കറിയൊ
55. വിധവയുടെ പുത്രനായ യൌവ്വനക്കാരൻ
56. കുഷ്ഠവ്യാധിക്കാരൻ ശെമഊൻ
57. ഓലൂമ്പാ
51. എസ്തെപ്പാനാ
59. എസ്താക്കോസ
60. അപ്പേലി
61. തുക്കറിസ്തോസ
62. സൻബസ്തി യോൻ
63. ശെമഊൻ
64. എസ്തെപ്പാ നൊസ
65. പീലിപ്പോസ
66. പ്രോക്കോറോസ
67. നീക്കാനൊൻ
68. തീമോൻ
69. പർമീനാ
70. നീക്ലെവൊസ

പൌലോസിനെയും ബർനാബായേയും ഈ എഴുപതു പേരോടു കൂടി എണ്ണി 72 അറിയിപ്പുകാരെന്നു പറഞ്ഞുവരുന്നു. (70 പേരിൽ) ഏഴാമതായി പേരുകാണുന്ന ബർനാബാ വേറൊരു ബർനാബായാണ.

Malankara Orthodox TV

ശിഷ്യന്മാർ ആദ്യം അന്ത്യോഖ്യായിൽ വച്ചു ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടു. നടപ്പു: 11:26.

---

ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസു ശ്ലീഹാ മുതൽ ഇന്നു (ക്രി. 1907) വരെ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാണിട്ടുള്ള വിശുദ്ധ പാത്രിയർക്കീസു ബാവാന്മാരുടെ പേരുകൾ.

1. ശ്ലീഹന്മാരുടെ തലവനായ പത്രോസു
2. ഏവോദീസു
3. തീയ്ക്കടുത്ത ഇഗ്നാത്യോസു
4. ഈറോൻ
5. കർണ്ണെലിയോസു
6. എവുദോസു
7. തേവോപീലോസു
8. മക്സീമ്മോസു
9. സ്രാപ്പിയൂൻ
10. അസ്കലീഷാറീസു
11. പീലിഷോസു
12. സ്ബീനോസു
13. ബാബൂലൊ
14. പബിയോസു
15. ദീമെത്രയോസു
16. പൌലെശ്മിശ്ത്തോയൊ
17. ദൂമ്മെനോസു
18. തീമോത്തയോസു
19. കൂറിലോസു
20. തൂറാനിയോസു
21. ബാത്താലിയോസു
22. പീലാഗോനീസു
23. ഒസ്താത്തേവോസു (ഇദ്ദേഹം വിശുദ്ധ പിതാക്കന്മാരുടെ നിഖ്യാ സുന്നഹോദോസിൽ അദ്ധ്യക്ഷ സ്ഥാനം വഹിച്ചു)
24. പോലീനോസു
25. എവുലാലിയോസു
26. എവുപ്രൂനിയോസു
27. പീലാക്കീലോസു
28. എസ്തെപ്പാനോസു
29. ലെവുൻതിയോസു
30. എവുദുക്ക്സ്യോസു
31. മീലിത്തോസു (ഇദ്ദേഹത്തിന്റെ കാലത്തു കുസ്തന്തീനോപോലീസിലെ സുന്നഹദോസു).
32. ലുക്കിപ്രോസു
33. ഉസ്യോസു
34. പിലാബീനോസു
35. എവുഗാറീസ
36. പുർപ്പൊറിയോസു
37. ആലക്സന്ത്രയോസു
38. തേവോദൊത്തോസു
39. യൂഹാനോൻ (ഇദ്ദേഹത്തിന്റെ കാലത്തു എഷോസോസു സുന്നഹദോസ)
40. ദുമ്നോസ് (ഇദ്ദേഹത്തിന്റെ കാലത്തു എഷേസോസു രണ്ടാം സുന്നഹദോസ)
41. മക്സീമ്മോസ (ഇദ്ദേഹത്തിന്റെ കാലത്തു കല്ക്കീദൂനാ സുന്നഹദോസ).
42. മർത്തൂറിയോസ
43. പത്രോസ
44. ക്ലാൻദിയൂൻ
45. പ്ലാദിയോസ
46. പ്ലാബീനൂസ
47. തീബെൽ മല്പാൻ സേവെറിയോസ
48. യൂദോയോ എന്നു മറുനാമമുള്ള പൌലെ
49. എവുപ്രാസിയോസ
50. ആമ്മീദുകാരൻ അപ്രെം
51. ദൂമ്മെനയോസ
52. അൻസ്താമ്യോസ
53. ഗ്രീഗോറിയോസ
54. അൻസ്താസ്യോസ

Malankara Orthodox TV

ആകയാൽ ഈ പൈതലിനെപ്പോലെ തന്നെത്തന്നെ വിനയപ്പെടുത്തുന്നവൻ, സ്വർഗ്ഗരാജ്യത്തിൽ വലിയവനാകും. മത്താ: 18:4

---

55. സർഗീസ
56. കറത്തവരുടെ ഇടത്തുള്ള പൌലൊ
57. പത്തറാകാലൂനീക്കോയൊ
58. യൂലിയോനൊ
59. അത്താനാസ്യോസ ഗാമ്മോലൊ
60. യൂഹാനോൻ
61. തേവോദോറാ
62. മശീക്കെയുടെ പുത്രൻ സേവിറൊ
63. അത്താനാസോസ ബാലോദൊയൊ
64. യൂലിയാനൊ
65. ഏലിയാസ
66. അത്താനാസ്യോസ
67. ഈയാവാനീസ
68. ഇസഹൊക്കു
69. അത്താനാസ്യോസ സൻദീലോയൊ
70. ഗേവർഗി
71. ദാവീദു
72. യൌസേഷു
73. കുറിയാക്കോസ
74. ദിവന്നാസ്യോസ തൽമ്മഹറൊയൊ
75. യൂഹാനോൻ
76. ഇഗ്നാത്യോസ
77. റൂമെനോസ തേവോദോസ്യോസ
78. ദിവന്നാസ്യോസ
79. യൂഹാനോൻ
80. ബസേലിയോസ
81. യൂഹാനോൻ
82. ഈയാവാനീസ
83. ദീവന്നാസ്യോസ
84. അബ്രോഹൊം
85. യൂഹാനോൻ
86. അത്താനാസ്യോസ സൽഹോയൊ
87. യൂഹാനോൻ അബദൂൻ
88. ദീവന്നാസ്യോസ
89. അബദൂന്റെ സഹോദരപുത്രൻ യൂഹാനോൻ
90. അത്താനാസ്യോസ
91. ശൂശാന്റെ പുത്രൻ യൂഹാനോൻ
92. ബസേലിയോസ
93. യൂഹാനോൻ സിമന്റു
94. ദിവന്നാസ്യോസ
95. ഈയാവാനീസ
96. ദീവന്നാസ്യോസ മർക്കോസ
97. അത്താനാസ്യോസ ആബു അൽപ്രാജ
98. യൂഹാനോൻ മൌദ്യോനൊ
99. അത്താനാസ്യോസ യേശു
100. വലിയ മിഖായേൽ
101. അത്താനാസ്യോസ സ്ലീബൊ
102. ചെറിയ മിഖായേൽ യേശു സഫ്ത്തോനോ
103. എഴുത്തുകാരൻ യേശു യൂഹാനോൻ
104. ഇഗ്നാത്യോസ റാബാൻ
105. ദീവന്നാസ്യോസ അഹറൂൻ അൻഗൂർ
106. യൂഹാനോൻ ബർമ്മ് അദനി
107. ഇഗ്നാത്യോസ യേശു
108. പീലക്സീനോസ നെമ്റൂദ്
109. മിലീത്തിക്കാരൻ കുസ്തന്തീൻ
110. ബർസൌമ്മൊ
111. മർദ്ദീൻകാരൻ ബാദർ സോബൈ
112. തന്റെ സഹോദരപുത്രൻ ഈവാനീസ അസ്മായീൽ
113. തന്റെ സഹോദരിപുത്രൻ ഇഗ്നാത്യോസ ശാഹാബ
114. ഗ്രീബിന്റെ പുത്രൻ ഇഗ്നാത്യോസ അബ്രോഹൊം
115. ഇഗ്നാത്യോസ ബഹനാം ഹദിലോയൊ
116. മ്അദൻകാരൻ ഇഗ്നാത്യോസ കാലഷു
117. ഇഗ്നാത്യോസ യൂഹാനോൻ ബർശില്ലാ
118. ഇഗ്നാത്യോസ നൂഹ്
119. കുസ്തറെക്കാരൻ യേശു
120. ധർമ്മസോക്കുകാരൻ യാക്കൂബ

Malankara OrthodoxTV

എന്റെ നാമത്തിൽ ഈ പൈതലിനെപ്പോലെ ആരെങ്കിലും കൈക്കൊണ്ടാൽ അവൻ കൈക്കൊള്ളുന്നതു എന്നെയാകുന്നു. മത്താ: 18:5

121. മമ്അദൻകാരൻ ദാവീദു
122. കുസ്തറെക്കാരൻ അബ്ദ ള്ളാ
123. മർദ്ദീൻകാരൻ ഇഗ്നാത്യോസ
124. മർദ്ദെക്കാരൻ ദെവുദ് ശെ
125. മമ് നസ്രായക്കാരൻ പിൽത്തോസ
126. തന്റെ സഹോരൻ അബദൽഗനി
127. നാമ്മെ
128. ഹാദായൊ
129. മദ്ദീൻകാരൻ ശക്രള്ളാ
130. ശെമഊൻ
131. ആമ്മീദുകാരൻ യേശു
132. ഉറഹായക്കാരൻ അബ്ദൽമ്മസീഹ്
133. തുറായക്കാരൻ ഹബീക്കു
134. മൂസൽക്കാരൻ ഗീവറുഗീസ
135. ടി. ഇസഹോക്കു
136. മർദ്ദീൻകാരൻ ശക്രള്ളാ
137. ഉറഹായക്കാരൻ ഗീവറുഗീസ
138. മൂസൽക്കാരൻ ഗിവറുഗീസ
139. മർദ്ദീൻകാരൻ മത്തിയോസ
140. ബെഹനാം
141. യൌനാൻ
142. ഗിവറുഗീസ്
143. ഏലിയാസ
144. യാക്കൂബ
145. *മൂന്നാമത്തെ പത്രോസ
146. അബ്ദേദ മ്ശീഹൊ
147. **അബ്ദള്ളാ

അറിയൂസിന്റെയും കല്ക്കെദോനിയായുടെയും ഇടത്തൂടു കാലത്തും മറ്റും ഒരെ സമയത്തു ഒന്നിൽ അധികം പാത്രിയർക്കീസന്മാർ ഉണ്ടായിട്ടുണ്ടു. അതിനാൽ ഈ ലിസ്റ്റിൽ ചില പിശകുകൾ ഉണ്ടായിരിക്കാം. ബർ എബ്രായയുടെ നാളാഗമം പരിശോധിക്കുമ്പോൾ ഈ ലിസ്റ്റിൽ ചില ഭേദങ്ങൾ വരുത്താൻ ഉണ്ടായേക്കാം. അടുത്ത ആണ്ടിൽ ആ പിശകു തിരുത്തണമെന്നു വിചാരിക്കുന്നു.

---

*ഇദ്ദേഹം 1875 ൽ മലയാളത്തിൽ എഴുന്നെള്ളി ചിങ്ങം 15 ാം തീയതി മുളന്തുരുത്തിപ്പള്ളിയിൽ വച്ചു ശു: മൂറോൻ ശുദ്ധീകരണം കഴിക്കയും മറ്റു പള്ളികളിൽ വച്ചു 6 റമ്പാന്മാരെ മെത്രാപ്പൊലീത്തന്മാരായി പട്ടാഭിഷേകം ചെയ്കയും ശപിച്ചു തള്ളപ്പെട്ട മത്യൂസ അത്താനാസ്യോസിന്റെ അടിമയിൽ നിന്നു ജനത്തെ സ്വാതന്ത്രിയപ്പെടുത്തുകയും മറ്റും ചെയ്തശേഷം 1877 മേടത്തിൽ സിംഹാസനത്തിങ്കലേക്കു തിരിച്ചെഴുന്നെള്ളി. താൻ കന്നി 26 ാം തീയതി പരമായുസ്സിൽ സമാധാനത്തോടെ സ്വർഗ്ഗാരോഹണം ചെയ്തു.

**ഇദ്ദേഹം ഈ ചിങ്ങ മാസം 15 ാം തീയതി സിംഹാസനാരൂഢനായി വാണു വരുന്നു. ഈ പാത്രിയർക്കീസന്മാർ എല്ലാവർക്കും സ്ഥാനപ്പേർ "മാർ ഇഗ്നാത്യോസ" എന്നാകുന്നു.

MalankaraOrthodoxTV

ഞാൻ അവരുടെ നടുവിൽ വസിപ്പാനായിട്ടു അവർ ഇനിക്കു ഒരു ശുദ്ധ സ്ഥലത്തെ ഉണ്ടാക്കട്ടെ. പുറ. 25:8.

## മലങ്കരെ മെത്രാപ്പോലീത്താ തിരുമനസ്സിലെ കീഴുള്ള സുറിയാനിപ്പള്ളികൾ

### ബ്രിട്ടീഷ് സംസ്ഥാനം
(*കൊച്ചി ഇടവക)

1. ചാലശെരി കിഴക്കെ പള്ളി
2. ടി. പടിഞ്ഞാറെ പള്ളി
3. കൊച്ചീക്കൊട്ടയിൽ പള്ളി

### കൊച്ചി സംസ്ഥാനം

4. ആർത്താറ്റു പള്ളി
5. കുന്നംകുളം പഴയപള്ളി
6. ടി. കിഴക്കെ പുത്തൻപള്ളി
7. ടി. തെക്കെ കുരിശുപള്ളി
8. ടി. ചിറളയത്തു പള്ളി
9. പഴഞ്ഞി
10. പേങ്ങാമുക്കു പള്ളി
11. പോർക്കുളത്തു പള്ളി
12. ചേലക്കര പള്ളി
13. ചക്കരക്കടവു വലിയപള്ളി
14. ടി. ചെറിയപള്ളി
15. അയ്യമ്പെള്ളി പള്ളി
16. കൊച്ചീ മട്ടാഞ്ചേരി പള്ളി
17. കരിങ്ങാശ്ര പള്ളി
18. തൃപ്പൂണിത്ര
19. തിരുവാങ്കുളത്തു പള്ളി
20. മുളന്തുരുത്തി പള്ളി
21. വടയാപ്പറമ്പു പള്ളി
22. മാന്തുരുത്തു പള്ളി
23. കാഞ്ഞിരമറ്റം പള്ളി
24. കാരിക്കോടു പള്ളി
25. വെട്ടിക്കൽ പള്ളി

### തിരുവിതാംകൂർ സംസ്ഥാനം
(അങ്കമാലി ഇടവക)

26. അങ്കമാലി പള്ളി
27. അകപ്പറമ്പു പള്ളി
28. വടക്കൻപറവൂർ പള്ളി
29. പെരുമ്പടത്ത് പള്ളി
30. പൊയ്ക്കാട്ടുശേരി പള്ളി
31. പീച്ചാനിക്കാട്ടു പള്ളി
32. ടി. താബൊർ പള്ളി
33. മഞ്ഞപ്ര പള്ളി
34. ആലുവാ പള്ളി
35. കുറുപ്പുംപടി പള്ളി
36. (ടി. മലേൽ കുരിശു ബെത് സൊഹദൊ പള്ളി)
37. വെങ്ങൂർ പള്ളി
38. തുരുത്തിപ്പിള്ളി പള്ളി
39. അല്ലപ്ര പള്ളി
40. പെരുമ്പാവൂർ ബെതെൽ സൂലൊക്കൊ പള്ളി
41. വെങ്ങോല പള്ളി
42. പള്ളിക്കര പള്ളി
43. ടി. മലേൽ കുരിശു പള്ളി
44. ടി. താമരച്ചാൽ പള്ളി
45. ടി. കിഴക്കമ്പലത്തു പള്ളി
46. ടി. കാക്കനാട്ടു പള്ളി
47. കോട്ടപ്പടി പള്ളി
48. ചേലാടു പള്ളി
49. കോതമംഗലം വലിയപള്ളി
50. ടി. ചെറിയപള്ളി
51. പോത്താനിക്കാടു പള്ളി
52. കാരക്കുന്നം പള്ളി
53. റാക്കാടു പള്ളി
54. ടി. കടാതി കുരിശുപള്ളി
55. മാറാടി പള്ളി
56. കുന്നക്കുരുടി പള്ളി
57. തൃക്കളത്തൂരു പള്ളി
58. മഴുവന്നൂർ പള്ളി
59. ചെറുകോട്ടുകുന്നേൽ പള്ളി

### കണ്ടനാട്ടു ഇടവക

60. കണ്ടനാട്ടു പള്ളി
61. കണ്യാട്ടുനിരപ്പെൽ പള്ളി
62. കോലഞ്ചേരി പള്ളി

* കൊല്ലം 1052 -ൽ മൂന്നാമത്തെ പത്രൊസെന്ന പരിശുദ്ധ മോറാൻ മോർ ഇഗ്നാത്യോസ പാത്രിയർക്കീസു ബാവാ മലങ്കര ഇടവകയെ ഏഴു മെത്രാസന ഇടവകകളായി ഭാഗിച്ചു.

Malankara Orthodox TV

**മൂന്നു ദിവസങ്ങളുടെ ശേഷം താൻ ദൈവാലയത്തിൽ മല്പാന്മാരുടെ മദ്ധ്യെ ഇരുന്നു അവരിൽ നിന്നു കേൾക്കയും അവരോടു ചോദിക്കയും ചെയ്യുന്നതായി തന്നെ കണ്ടെത്തി. ലൂ. 2:46.**

---

63. പുത്തൻകുരിശു പള്ളി
64. കുറുഞ്ഞി പള്ളി
65. നീറാമ്മോളത്തു പള്ളി
66. കോട്ടൂരു പള്ളി
67. കടമറ്റം പള്ളി
68. വടകര പള്ളി
69. ടി. പാലക്കൊഴ പള്ളി
70. ടി. മണ്ണത്തൂര പള്ളി
71. ടി. കൂത്താട്ടുകുളം പള്ളി
72. ടി. പെരിയാമ്പ്ര പള്ളി
73. ടി. കുഴിക്കാട്ടുകുന്നു പള്ളി
74. ടി. പുതുവേലി പള്ളി
75. മുളക്കുളം പള്ളി
76. ടി. മണ്ണക്കുന്നെൽ പള്ളി
77. ടി. കുന്നെൽ പുത്തൻ പള്ളി
78. ടി. പാറേൽ പള്ളി
79. ചെമ്മഞ്ചി പള്ളി
80. പിറവം പള്ളി
81. ഓണക്കൂർ പള്ളി
82. നെച്ചൂരു പള്ളി
83. വടയാപ്പറമ്പു പള്ളി
84. കാരാമ്മക്കുന്നെൽ പള്ളി
85. മാമ്മലശേരി പള്ളി
86. രാമങ്ങലം പള്ളി
87. കിഴുമുറി പള്ളി
88. പാമ്പാക്കുട പള്ളി
89. ടി. പുത്തൻപള്ളി
90. ചെമ്പിൽ പള്ളി
91. മണകുന്നം പള്ളി
92. തെക്കൻപറവൂർ പള്ളി

**കോട്ടയം ഇടവക**

93. കോട്ടയം വലിയപള്ളി
94. ടി. ചെറിയപള്ളി
95. ടി. പുത്തൻ
96. ടി. പുത്തനങ്ങാടി കുരിശുപള്ളി
97. ടി. മാർ ഏലിയാ ചാപ്പൽ
98. പാണമ്പടിക്കൽ പള്ളി
99. ചെങ്ങളത്തിൽ പള്ളി
100. കുമരകം പള്ളി
101. കല്ലുങ്കത്ര പള്ളി
102. പരിപ്പ പള്ളി
103. കോട്ടയം സിമ്മനാരി പള്ളി
104. പാറമ്പുഴ പള്ളി
105. പേരൂർ പള്ളി
106. മണർകാട്ടു പഴയപള്ളി
107. ടി. പുത്തൻപള്ളി
108. മാങ്ങാനത്തു പള്ളി
109. അമയന്നൂ വടക്കൻമണ്ണൂരു പള്ളി
110. കാരിക്കാമറ്റം പള്ളി
111. പാമ്പാടി പള്ളി
112. കങ്ങഴ പള്ളി
113. മീനടം കിഴക്കെ പള്ളി
114. ടി. പടിഞ്ഞാറെ പള്ളി
115. പുതുപ്പെള്ളി പള്ളി
116. നിലയ്ക്കൽ പള്ളി
117. അഞ്ചേരി പള്ളി
118. തോട്ടയ്ക്കാടു പള്ളി
119. പുതുശേരി പള്ളി
120. നാലുന്നാക്കൽ പള്ളി
121. വാകത്താനം പള്ളി
122. ടി. വള്ളിക്കാട്ടു പള്ളി
123. ടി. വെട്ടിക്കക്കുന്നേൽ പള്ളി
124. പള്ളത്തു പള്ളി
125. പാക്കിൽ പള്ളി
126. ആലപ്പുഴ (കൊല്ലാടു) പള്ളി
127. ചിങ്ങോനത്തു പള്ളി
128. ടി. പുത്തൻപള്ളി
129. കുഴിമറ്റത്തു പള്ളി
130. കുറിച്ചി പള്ളി
131. നീലമ്പേരൂർ പള്ളി
132. വെളിയനാടു പള്ളി
133. ചേന്ദംകരി പള്ളി
134. വാഴൂർ പള്ളി

**നിരണം ഇടവക**

135. നിരണം പള്ളി
136. വളഞ്ഞവട്ടത്തു പള്ളി
137. മേപ്പാടത്തു പള്ളി
138. എരതോട്ടു പള്ളി

Malankara Orthodox TV

എന്റെ ഭവനം പ്രാർത്ഥനാഭവനം എന്നു വിളിക്കപ്പെടും എന്നു എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു. മത്താ: 21:13.

139. മാന്നാത്തു പള്ളി
140. നെടുമ്പ്രത്തു പള്ളി
141. തലവടി കിഴക്കെക്കര പള്ളി
142. തലവടി പടിഞ്ഞാറെക്കര പള്ളി
143. എടത്വാ പള്ളി
144. ചേപ്പാടു പള്ളി
145. പള്ളിപ്പാട്ടു പള്ളി
146. കാരിച്ചാൽ പള്ളി
147. കരുവാറ്റാ പള്ളി
148. കാർത്തികപ്പള്ളി പള്ളി
149. അരാഴി പള്ളി
150. ചെന്നിത്തല പള്ളി
151. മെപ്രാൽ വലിയപള്ളി
152. ടി. പുത്തൻപള്ളി
153. കാരെയ്ക്കൽ പള്ളി
154. തിരുവല്ലാ പാലിയക്കര പള്ളി
155. ടി. കട്ടപ്രത്തു പള്ളി
156. ടി. തെക്കെ പുത്തൻപള്ളി
157. മല്ലപ്പെള്ളി പള്ളി
158. ടി. പുത്തൻപള്ളി
159. ചെങ്ങരൂർ പള്ളി
160. തുരുത്തിക്കാട്ടു പള്ളി
161. വെണ്ണിക്കുളത്തു പള്ളി
162. കല്ലൂപ്പാറ പള്ളി
163. കറ്റൊട്ടു പള്ളി
164. ഇരവിപേരൂർ പള്ളി
165. കവിയൂർ പഴയപള്ളി
166. ടി. സ്ലീബാ പള്ളി
167. ഇരുവെള്ളിപ്രാ പള്ളി
168. ഇലഞ്ഞിയ്ക്കൽ കുരിശുപള്ളി
169. പരുമല സെഹിയോൻ പള്ളി

**(തുമ്പമൺ ഇടവക)**

170. തുമ്പമൺ വലിയപള്ളി
171. ടി. കാദിശ്ത്താ പള്ളി
172. ഉളകാടി പള്ളി
173. തുമ്പമൺ മർത്തൊാമ്മാ പുത്തൻ
174. ചന്ദനപ്പെള്ളി പള്ളി
175. കുടച്ചനാട്ടു പള്ളി
176. ഓമല്ലൂർ പള്ളി
177. കൈപ്പട്ടൂർ പള്ളി
178. കൊടുമൺ
179. കിഴവള്ളൂർ പള്ളി
180. വാഴമുട്ടത്തു പള്ളി
181. ഏറത്തു തുമ്പമൺ പള്ളി
182. മല്ലശേരി പള്ളി
183. പ്രക്കാനത്തു പള്ളി
184. മാക്കാങ്കരെ പള്ളി
185. കുമ്പഴ പഴയപള്ളി
186. ടി. പുത്തൻപള്ളി
187. പരിയാരത്തു പള്ളി
188. ടി. പുത്തൻ പള്ളി
189. മൈലപ്രാ പള്ളി
190. എലന്തൂർ പള്ളി
191. കടമ്മിനിട്ട പള്ളി
192. അറത്തി പള്ളി
193. പുന്തല പള്ളി
194. മാന്തുക പള്ളി
195. വെണ്മണി പള്ളി
196. ടി. പുത്തൻ പള്ളി
197. കുന്നത്തു പള്ളി
198. ഉള്ളന്നൂർ പള്ളി
199. അയിത്തല പള്ളി
200. റാന്നി പള്ളി
201. തോട്ടുമൺ പള്ളി
202. കാട്ടൂർ പള്ളി
203. വയലത്തു പള്ളി
204. വൈക്കത്തു പള്ളി
205. അയിരൂർ പഴയ പള്ളി
206. ടി. പുത്തൻ പള്ളി
207. ടി. മതാപ്പാറ പള്ളി
208. കോഴഞ്ചേരി വലിയപള്ളി
209. ടി. പുത്തൻ പള്ളി
210. വഞ്ചിത്തറ പള്ളി
211. മെഴുവേലിൽ പള്ളി
212. കുറിയന്നൂർ പള്ളി
213. മാരാമണ്ണ് പള്ളി
214. പുത്തൻകാവിൽ വലിയപള്ളി
215. ടി. പുത്തൻ പള്ളി

Malankara OrthodoxTV

നിന്റെ കൃപയുടെ ബഹുത്വത്താൽ ഞാൻ നിന്റെ ഭവനത്തിലേക്കു പ്രവേശിച്ചു നിന്റെ വിശുദ്ധ ആലയത്തിൽ വന്ദിക്കും. സങ്കീ. 5:7.

---

216. നെല്ലിക്കൽ പള്ളി
217. തട്ടെയ്ക്കാട്ടു പള്ളി
218. കല്ലൂശേരി പള്ളി
219. ചെങ്ങന്നൂർ പള്ളി
220. ഉമയാറ്റുകര
221. ഇടവങ്കാട്ടു പള്ളി
222.
223. ബുധനൂർ
224.
225. ചുനക്കര പള്ളി
226.
227. നൂറനാട്ടു പള്ളി

**കൊല്ലം ഇടവക**

228. കൊല്ലത്തു പള്ളി
229. മാവേലിക്കര പുതിയകാവു പള്ളി
230. ടി. പുത്തൻപള്ളി
231. പത്തിച്ചിറ പള്ളി
232. കായങ്കുളത്തു പള്ളി
233. കൊറ്റമ്പെള്ളി പള്ളി
234. തഴവാ പള്ളി
235. ചൂരനാട്ടു പള്ളി
236. ടി. പുത്തൻപള്ളി
237. പുത്തൂർ പള്ളി
238. കാരിക്കൽ പള്ളി
239. കടമ്പനാട്ടു പള്ളി
240. കല്ലൊവല്ല്യ പള്ളി
241. ടി. കൊടുവള പള്ളി
242. ടി. കിഴക്കെഭാഗത്തു പുത്തൻ പള്ളി
243. കുണ്ടറ വലിയപള്ളി
244. ടി. പുത്തൻപള്ളി
245. ടി. കിഴക്കെ ഭാഗത്തു പുത്തൻ പള്ളി
246. നല്ലാ പള്ളി
247. തെവലക്കര പള്ളി
248. കോഴിക്കോട്ടു പള്ളി
249. പെരിനാട്ടു പള്ളി
250. മുഖത്തല പള്ളി
251. ചാത്തന്നൂർ പള്ളി
252. ആതിച്ചനല്ലൂർ പള്ളി
253. ചെങ്കുളത്തു പള്ളി
254. ടി. പുത്തൻ പള്ളി
255. വെങ്ങൂർ പള്ളി
256. പൂയപ്പെള്ളി പള്ളി
257. ഓടനാവട്ടത്തു പഴയപള്ളി
258. ടി. പുത്തൻപള്ളി
259. നെല്ലിക്കുന്നത്തു പള്ളി
260. കൊട്ടാരക്കര പള്ളി
261. ടി. കോട്ടപ്പുറത്തു പള്ളി 262. ടി. കുറ്റീഭാഗത്തു പള്ളി
263. ടി. കിഴക്കെ തെരുവിൽ പള്ളി
264. തലൂർ പള്ളി
265. ടി. പുത്തൻ പള്ളി
266. എളമ്പൽ പള്ളി
267. പുനലൂർ പള്ളി
268. കരവാളൂർ പുത്തൻ പള്ളി
269. അഞ്ചൽ പള്ളി
270. പെരുങ്ങള്ളൂർ പള്ളി
271. കമ്പങ്കോട്ടു പള്ളി
272. വാളകത്തു പള്ളി
273. ഏനാത്തു പഴയപള്ളി
274. ടി. പുത്തൻ പള്ളി
275. കുളക്കട പള്ളി
276. കലയപുരത്തു പഴയപള്ളി
277. ടി. പുത്തൻ പള്ളി
278. പെരിങ്ങനാട്ടു പള്ളി
279. കണ്ണുങ്കോട്ടു പള്ളി
280. ആനന്ദപ്പെള്ളി പള്ളി
281. പറക്കോട്ടു പള്ളി
282. കലഞ്ഞൂർ പള്ളി
283. തിരുവനന്തപുരം പള്ളി
284. തിരുവാങ്കോട്ടു പള്ളി

---

ആദ്യത്തെ ലിസ്റ്റാക കൊണ്ടു വല്ല പള്ളികളും വിട്ടുപോയിരിക്കാം. വിട്ടുപോയിട്ടുണ്ടെങ്കിൽ അടുത്തയാണ്ടിൽ തിരുത്തുന്നതാണു.

Malankara Orthodox TV

## കോനൂൻ ഹ്റോയി – മകരം
## 1907 / 1082
## ജനുവരി – ഫിബ്രുവരി

എന്നാൽ ആദ്യമേ ദൈവത്തിന്റെ രാജ്യത്തേയും തന്റെ നീതിയേയും അന്വേഷിപ്പീൻ: അപ്പോൾ ഇവ ഒക്കെയും നിങ്ങൾക്കു വർദ്ധിക്കുന്നു. മത്താ: 6:33.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 1 | തി | |
| 2 | 15 | 2 | ചൊ | |
| 3 | 16 | 3 | ബു | 1 -ാം നു വർഷാരംഭം. നമ്മുടെ കർത്താവിന്റെ ചേലാകർമ്മം. മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും, ശേഷമുള്ള മല്പാന്മാരുടെയും ഓർമ്മ. |
| 4 | 17 | 4 | വ്യാ | |
| 5 | 18 | 5 | വെ | |
| 6 | 19 | 6 | ശ | |
| 7 | 20 | 7 | ഞാ | 6 നു (ദനഹാ) അതായ്തു നമ്മുടെ കർത്താവിന്റെ മാമ്മോദീസാ. മാ. പെ. |
| 8 | 21 | 8 | തി | |
| 9 | 22 | 9 | ചൊ | |
| 10 | 23 | 10 | ബു | 7 നു മാർ യോഹന്നാൻ മാംദാനായുടെ ശിരഃഛേദനം. ദനഹായ്ക്കു പിമ്പു 1 -ാം ഞാ. |
| 11 | 24 | 11 | വ്യാ | |
| 12 | 25 | 12 | വെ | |
| 13 | 26 | 13 | ശ | 8 നു മാർ എസ്തപ്പാനോസു സഹദായുടെ ഓർമ്മ |
| 14 | 27 | 14 | ഞാ | |
| 15 | 28 | 15 | തി | 14 നു ദനഹായ്ക്കു പിമ്പു 2 -ാം ഞാ. |
| 16 | 29 | 16 | ചൊ | |
| 17 | 30 | 17 | ബു | 15. നു വിത്തുകളെക്കുറിച്ചു കന്യാസ്ത്രീ അമ്മയുടെ ഓർമ്മ. മാറാനായ പോലെ. |
| 18 | 31 | 18 | വ്യാ | |
| 19 | 1 | 19 | വെ | 21. ദനഹായ്ക്കു പിമ്പു 3 -ാം ഞാ. |
| 20 | 2 | 20 | ശ | |
| 21 | 3 | 21 | ഞാ | 28. നു ദനഹായ്ക്കു പിമ്പു 4 -ാം ഞാ. |
| 22 | 4 | 22 | തി | |
| 23 | 5 | 23 | ചൊ | |
| 24 | 6 | 24 | ബു | |
| 25 | 7 | 25 | വ്യാ | |
| 26 | 8 | 26 | വെ | |
| 27 | 9 | 27 | ശ | |
| 28 | 10 | 28 | ഞാ | |
| 29 | 11 | 29 | തി | |
| 30 | 12 | 1 | ചൊ | |
| 31 | 13 | 2 | ബു | |

Malankara OrthodoxTV

**ശ്ബോത്ത് - കുംഭം**
**1907 / 1082**
**ഫിബ്രുവരി - മാർച്ച**

ആത്മാവിൽ ദരിദ്രതയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെ ആകുന്നു. മത്താ: 5:3.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 3 | വ്യാ | |
| 2 | 15 | 4 | വെ | 2 -ാം നു (മായൽത്തൊ) അതായതു കർത്താവിനെ ദൈവാലയത്തിൽ കാഴ്ച വെച്ചതു. മാ. പെ: |
| 3 | 16 | 5 | ശ | |
| 4 | 17 | 6 | ഞാ | |
| 5 | 18 | 7 | തി | |
| 6 | 19 | 8 | ചൊ | 3 നു മാർ ബർസൌമ്മാ, ശെമഊൻ ദെസ്തുനാ, അന്തോനിയോസു എന്നിവരുടെയും സകല പിതാക്കന്മാരുടെയും ഓർമ്മ. |
| 7 | 20 | 9 | ബു | |
| 8 | 21 | 10 | വ്യാ | |
| 9 | 22 | 11 | വെ | 4 നു ദനഹായ്ക്കു പിമ്പു 5 -ാം ഞാ. |
| 10 | 23 | 12 | ശ | 8 നു മാർ സേവേറിയോസു പാത്രിയർക്കീസിന്റെ ഓർമ്മ. |
| 11 | 24 | 13 | ഞാ | |
| 12 | 25 | 14 | തി | |
| 13 | 26 | 15 | ചൊ | 11 നു നിനുവ നോമ്പിനു മുമ്പുള്ള ഞാ. |
| 14 | 27 | 16 | ബു | |
| 15 | 28 | 17 | വ്യാ | 12 നു നിനുവ നോമ്പാരംഭം. |
| 16 | 1 | 18 | വെ | 15 നു നിനുവ നോമ്പുവീടൽ. സ്വർണ്ണനാവുള്ള മാർ ഈവാനിയോസിന്റെ ഓർമ്മ. |
| 17 | 2 | 19 | ശ | |
| 18 | 3 | 20 | ഞാ | 18 നു (കൊഹനെ) അതായതു മരിച്ചുപോയ പട്ടക്കാരുടെ ഓർമ്മ. |
| 19 | 4 | 21 | തി | |
| 20 | 5 | 22 | ചൊ | |
| 21 | 6 | 23 | ബു | 24. മാർ മത്തായി ശ്ലീഹായുടെ ഓർമ്മ. |
| 22 | 7 | 24 | വ്യാ | 25 നു (ആന്നീദെ) സകല മരിച്ചുപോയവരുടെയും ഓർമ്മ. (അങ്കമാലിപ്പള്ളിയിൽ കാലം ചെയ്ത) മാർ കൂറീലോസിന്റെ ഓർമ്മ. |
| 23 | 8 | 25 | വെ | |
| 24 | 9 | 26 | ശ | |
| 25 | 10 | 27 | ഞാ | |
| 26 | 11 | 28 | തി | |
| 27 | 12 | 29 | ചൊ | |
| 28 | 13 | 30 | ബു | |

Malankara Orthodox TV

**ഓദോർ - മീനം**

**1907 / 1082**

**മാർച്ച -ഏപ്രിൽ**

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും മത്താ. 5:4.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 1 | വ്യാ | |
| 2 | 15 | 2 | വെ | |
| 3 | 16 | 3 | ശ | 4 -ാം നു കൊത്തിനെ അതായതു വലിയ നോമ്പിന്റെ 1 -ാം ഞാ. പേത്രത്ത. |
| 4 | 17 | 4 | ഞാ | |
| 5 | 18 | 5 | തി | 5 നു ശുബക്കോനൊ ശുശ്രൂഷ |
| 6 | 19 | 6 | ചൊ | |
| 7 | 20 | 7 | ബു | 10 നു മാർ അപ്രെം മല്പാന്റെയും മാർ തേവോദോറോസിന്റെയും ഓർമ്മ. (ഇതു എല്ലാ ആണ്ടിലും വലിയ നോമ്പിന്റെ ആദ്യ ശനിയാഴ്ച വരുന്നു). |
| 8 | 21 | 8 | വ്യാ | |
| 9 | 22 | 9 | വെ | |
| 10 | 23 | 10 | ശ | |
| 11 | 24 | 11 | ഞാ | 11 നു ഗർബൊ അതായ്തു നോമ്പിന്റെ 2 ാം ഞാ. |
| 12 | 25 | 12 | തി | |
| 13 | 26 | 13 | ചൊ | |
| 14 | 27 | 14 | ബു | 18 നു (മ്ശറിയൊ) അതായ്തു നോമ്പിന്റെ 3 ാം ഞാ. |
| 15 | 28 | 15 | വ്യാ | |
| 16 | 29 | 16 | വെ | 25 നു (സൂബൊറൊ) അതായ്തു കന്യാസ്ത്രീ അമ്മയോടുള്ള വചനിപ്പു. മാ. പെ: ക്നാനൈത്തൊ. അതായ്തു നോമ്പി ന്റെ 4 ാം ഞാ. പകലോമറ്റം വലിയ മാർ ദീവന്നാസ്യോസിന്റെ ഓർമ്മ. |
| 17 | 30 | 17 | ശ | |
| 18 | 31 | 18 | ഞാ | |
| 19 | 1 | 19 | തി | |
| 20 | 2 | 20 | ചൊ | |
| 21 | 3 | 21 | ബു | |
| 22 | 4 | 22 | വ്യാ | 28 നു പാതിനോമ്പു. |
| 23 | 5 | 23 | വെ | |
| 24 | 6 | 24 | ശ | |
| 25 | 7 | 25 | ഞാ | |
| 26 | 8 | 26 | തി | |
| 27 | 9 | 27 | ചൊ | |
| 28 | 10 | 28 | ബു | |
| 29 | 11 | 29 | വ്യാ | |
| 30 | 12 | 30 | വെ | |
| 31 | 13 | 31 | ശ | |

Malankara Orthodox TV

## നീസോൻ - മേടം

## 1907 / 1082

## ഏപ്രീൽ - മെയി

സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും. മത്താ: 5:5.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 1 | ഞാ | |
| 2 | 15 | 2 | തി | |
| 3 | 16 | 3 | ചൊ | 1 -ാം നു ക്പിപത്തൊ അതായ്തു നോമ്പിന്റെ 5 -ാം ഞാ. |
| 4 | 17 | 4 | ബു | |
| 5 | 18 | 5 | വ്യാ | 8 നു സമിയൊ അതായ്തു നോമ്പിന്റെ 6-ാം ഞാ. |
| 6 | 19 | 6 | വെ | |
| 7 | 20 | 7 | ശ | |
| 8 | 21 | 8 | ഞാ | 13 നു നാല്പതാം വെള്ളിയാഴ്ച. മൌദ്യാനെന്മാരുടെ ഓർമ്മ. |
| 9 | 22 | 9 | തി | |
| 10 | 23 | 10 | ചൊ | 14 നു ലോആസാറിന്റെ ഓർമ്മ. (ഇതു എല്ലാ ആണ്ടിലും ഓശാനയ്ക്കു മുമ്പുള്ള ശനിയാഴ്ചയാകുന്നു). |
| 11 | 24 | 11 | ബു | |
| 12 | 25 | 12 | വ്യാ | |
| 13 | 26 | 13 | വെ | |
| 14 | 27 | 14 | ശ | 15 നു ഓശാന ഞാ. |
| 15 | 28 | 15 | ഞാ | 19 നു പെസഹാ. |
| 16 | 29 | 16 | തി | |
| 17 | 30 | 17 | ചൊ | 20 നു ദുഃഖവെള്ളിയാഴ്ച. |
| 18 | 1 | 18 | ബു | 21 നു ദുഃഖശനിയാഴ്ച. |
| 19 | 2 | 19 | വ്യാ | |
| 20 | 3 | 20 | വെ | 22 നു ഉയിർപ്പു ഞാ. |
| 21 | 4 | 21 | ശ | 23 നു മാർ ഗീവറുഗീസു സഹദായുടെ ഓർമ്മ. |
| 22 | 5 | 22 | ഞാ | |
| 23 | 6 | 23 | തി | |
| 24 | 7 | 24 | ചൊ | 25 നു മർക്കോസ ഏവൻഗേലീസ്തായുടെ ഓർമ്മ. |
| 25 | 8 | 25 | ബു | |
| 26 | 9 | 26 | വ്യാ | 29 നു പുതുഞായറാഴ്ച. |
| 27 | 10 | 27 | വെ | |
| 28 | 11 | 28 | ശ | |
| 29 | 12 | 29 | ഞാ | |
| 30 | 13 | 30 | തി | |

Malankara Orthodox TV

### ഈയോർ - ഇടവം

### 1907 / 1082

### മേയി - ജൂൺ

നീതിക്കായി വിശന്നു ദാഹിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തന്മാരാകും. മത്താ: 5:6.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 1 | ചൊ | |
| 2 | 15 | 2 | ബു | 1 നു മാർ പീലിപ്പോസിന്റെയും മാർ യാക്കോബിന്റെയും ഓർമ്മ. കോട്ടയത്തു പുത്തൻപള്ളിയിൽ കാലം ചെയ്ത ശെമഓൻ മാർ അത്താനാസ്യോസു ബാവായുടെ ഓർമ്മ. |
| 3 | 16 | 3 | വ്യാ | |
| 4 | 17 | 4 | വെ | |
| 5 | 18 | 5 | ശ | |
| 6 | 19 | 6 | ഞാ | |
| 7 | 20 | 7 | തി | 6 നു പുതുഞാ. പിമ്പു 1 -ാം ഞാ. |
| 8 | 21 | 8 | ചൊ | 8 നു മാർ യോഹന്നാൻ ശ്ലീഹായുടെ ഓർമ്മ. |
| 9 | 22 | 9 | ബു | |
| 10 | 23 | 10 | വ്യാ | |
| 11 | 24 | 11 | വെ | 13 നു പുതു ഞാ. പിമ്പു 2 ാം ഞാ. |
| 12 | 25 | 12 | ശ | 15 നു കതിരുകളെക്കുറിച്ചു ദൈവമാതാവിന്റെ ഓർമ്മ (മാറാനായ പോലെ) |
| 13 | 26 | 13 | ഞാ | |
| 14 | 27 | 14 | തി | |
| 15 | 28 | 15 | ചൊ | 20 നു പുതുഞാ. പിമ്പു 3 ാം ഞാ. |
| 16 | 29 | 16 | ബു | 27 നു പുതു ഞാ. പിമ്പു 4 ാം ഞാ. |
| 17 | 30 | 17 | വ്യാ | 31 നു സ്വർഗ്ഗാരോഹണം. മാ. പെ: |
| 18 | 31 | 18 | വെ | |
| 19 | 1 | 19 | ശ | |
| 20 | 2 | 20 | ഞാ | |
| 21 | 3 | 21 | തി | |
| 22 | 4 | 22 | ചൊ | |
| 23 | 5 | 23 | ബു | |
| 24 | 6 | 24 | വ്യാ | |
| 25 | 7 | 25 | വെ | |
| 26 | 8 | 26 | ശ | |
| 27 | 9 | 27 | ഞാ | |
| 28 | 10 | 28 | തി | |
| 29 | 11 | 29 | ചൊ | |
| 30 | 12 | 30 | ബു | |
| 31 | 13 | 31 | വ്യാ | |

Malankara Orthodox TV

### ഹസീരോൻ - മിഥുനം
### 1907 / 1082
### ജൂൺ - ജൂലായി

കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവരുടെ മേൽ കരുണയുണ്ടാകും. മത്താ: 5:7.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 32 | വെ | |
| 2 | 15 | 1 | ശ | |
| 3 | 16 | 2 | ഞാ | 3 നു പെന്തിക്കുസ്തിക്കു മുമ്പുള്ള ഞാ. മാർ ഔതൽ ബാവായുടെ ഓർമ്മ. |
| 4 | 17 | 3 | തി | |
| 5 | 18 | 4 | ചൊ | |
| 6 | 19 | 5 | ബു | |
| 7 | 20 | 6 | വ്യാ | |
| 8 | 21 | 7 | വെ | |
| 9 | 22 | 8 | ശ | |
| 10 | 23 | 9 | ഞാ | 10 നു പെന്തിക്കുസ്തി |
| 11 | 24 | 10 | തി | 11 നു മാർ അഹറൊൻ ബാവായുടെ ഓർമ്മ. |
| 12 | 25 | 11 | ചൊ | |
| 13 | 26 | 12 | ബു | 13 നു കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ എപ്പിസ്കോപ്പായും ആയ യാക്കോബു ആദ്യം വിശുദ്ധ കുർബ്ബാന അണച്ച ഓർമ്മ. |
| 14 | 27 | 13 | വ്യാ | |
| 15 | 28 | 14 | വെ | 15 നു ദൈവമാതാവിന്റെ നാമത്തിൽ അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിച്ച ഓർമ്മ. സ്വർണ്ണവെള്ളിയാഴ്ച. |
| 16 | 29 | 15 | ശ | 16 നു ശ്ലീഹാനോമ്പാരംഭം. |
| 17 | 30 | 16 | ഞാ | 17 നു പെന്തിക്കുസ്തിക്കു പിമ്പു 1 ാം ഞാ. |
| 18 | 1 | 17 | തി | |
| 19 | 2 | 18 | ചൊ | |
| 20 | 3 | 19 | ബു | |
| 21 | 4 | 20 | വ്യാ | |
| 22 | 5 | 21 | വെ | |
| 23 | 6 | 22 | ശ | |
| 24 | 7 | 23 | ഞാ | 24 നു പെന്തി. പിമ്പു. 2 ാം ഞാ. മാർ യോഹന്നാൻ മാംദാനയുടെ ജനനം. |
| 25 | 8 | 24 | തി | 25 നു പെബ്രുനിയാ എന്ന രക്തസാക്ഷിക്കാരിയുടെ ഓർമ്മ. |
| 26 | 9 | 25 | ചൊ | |
| 27 | 10 | 26 | ബു | |
| 28 | 11 | 27 | വ്യാ | |
| 29 | 12 | 28 | വെ | 29 നു ശ്ലീഹാ നോമ്പുവീടൽ. മാർ പത്രോസ പൌലോസ ശ്ലീഹന്മാരുടെ ഓർമ്മ. മാ. പെ. |
| 30 | 13 | 29 | ശ | 30 നു പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ. |

Malankara Orthodox TV

**തോമ്മൂസ് – കർക്കടകം**

**1907 / 1082**

**ജൂലായി – ഓഗസ്റ്റ്**

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും. മത്തായി 5:8.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 30 | ഞാ | |
| 2 | 15 | 31 | തി | 1 നു പെന്തി. പിമ്പു. 3 ാം ഞാ. മാർ കുസുമാ, മാർ ദൂമിയാനാ എന്നവരുടെ ഓർമ്മ. |
| 3 | 16 | 1 | ചൊ | |
| 4 | 17 | 2 | ബു | |
| 5 | 18 | 3 | വ്യാ | 2 നു പിതാവായ ബിശുവായി ചെറിയ യോഹന്നാൻ എന്നിവരുടെ ഓർമ്മ. |
| 6 | 19 | 4 | വെ | |
| 7 | 20 | 5 | ശ | 3 നു മർത്തൊമ്മാ ശ്ലീഹായുടെ ഓർമ്മ. മാ. പെ. |
| 8 | 21 | 6 | ഞാ | |
| 9 | 22 | 7 | തി | |
| 10 | 23 | 8 | ചൊ | 8 നു പെന്തി. പിമ്പു. 4 ാം ഞാ. |
| 11 | 24 | 9 | ബു | 15 നു പെന്തി. പിമ്പു 5 ാം ഞാ. മാർ കുറിയാക്കോസിന്റെയും തന്റെ മാതാവായ യൂലീത്തിയുടെയും നിഖ്യായിലെ അബഹായി മുതലായ പിതാക്കന്മാരുടെയും ഓർമ്മ. |
| 12 | 25 | 10 | വ്യാ | |
| 13 | 26 | 11 | വെ | |
| 14 | 27 | 12 | ശ | |
| 15 | 28 | 13 | ഞാ | |
| 16 | 29 | 14 | തി | |
| 17 | 30 | 15 | ചൊ | 20 നു ഏലിയാ നിബിയാ മേഘത്തിൽ കരേറിയ ദിവസം. |
| 18 | 1 | 16 | ബു | |
| 19 | 2 | 17 | വ്യാ | 22 നു പെന്തി. പിമ്പു 6 ാം ഞാ. മറിയം മഗ്ദലെത്തായുടെ ഓർമ്മ. |
| 20 | 3 | 18 | വെ | |
| 21 | 4 | 19 | ശ | |
| 22 | 5 | 20 | ഞാ | 25 നു മാർ യാക്കോബു ശ്ലീഹായുടെ ഓർമ്മ. |
| 23 | 6 | 21 | തി | |
| 24 | 7 | 22 | ചൊ | 29 നു പെന്തി. പിമ്പു. 7 ാം ഞാ. |
| 25 | 8 | 23 | ബു | |
| 26 | 9 | 24 | വ്യാ | |
| 27 | 10 | 25 | വെ | |
| 28 | 11 | 26 | ശ | |
| 29 | 12 | 27 | ഞാ | |
| 30 | 13 | 28 | തി | |
| 31 | 14 | 29 | ചൊ | |

Malankara Orthodox TV

## ഓബ് - ചിങ്ങം

## 1907 / 1083

## ഓഗസ്റ്റ് - സെപ്റ്റംബർ

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. മത്തായി 5:9.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 30 | ബു | |
| 2 | 15 | 31 | വ്യാ | |
| 3 | 16 | 32 | വെ | 1 നു പതിനഞ്ചു നോമ്പാരംഭം. മർത്തശ്മോനിയുടെയും ഏഴു മക്കളുടെയും, മല്പാൻ ഏലിയാ സാറിന്റെയും, മക്കുബായ സഹദേന്മാരുടെയും, മാർ റൂബേലിന്റെയും ഓർമ്മ. |
| 4 | 17 | 1 | ശ | |
| 5 | 18 | 2 | ഞാ | |
| 6 | 19 | 3 | തി | |
| 7 | 20 | 4 | ചൊ | |
| 8 | 21 | 5 | ബു | 3 നു മുളന്തുരുത്തിപ്പള്ളിയിൽ കാലം ചെയ്ത മാർ ഈവാനിയോസ ബാവായുടെ ഓർമ്മ. |
| 9 | 22 | 6 | വ്യാ | |
| 10 | 23 | 7 | വെ | |
| 11 | 24 | 8 | ശ | |
| 12 | 25 | 9 | ഞാ | 5 നു പെന്തി. പിമ്പു 8 ാം ഞാ. |
| 13 | 26 | 10 | തി | 6 നു കർത്താവിന്റെ മറുരൂപം. മാ. പെ: |
| 14 | 27 | 11 | ചൊ | |
| 15 | 28 | 12 | ബു | 12 നു മറുരൂപത്തിനു പിമ്പു 1 ാം ഞാ. മാർ അസ്സൊസോയേൽ സഹദായുടെ ഓർമ്മ. |
| 16 | 29 | 13 | വ്യാ | |
| 17 | 30 | 14 | വെ | |
| 18 | 31 | 15 | ശ | 15 നു പതിനഞ്ചുനോമ്പു വീടൽ. ദൈവമാതാവിന്റെ വാങ്ങിപ്പു. മാ. പെ: |
| 19 | 1 | 16 | ഞാ | |
| 20 | 2 | 17 | തി | |
| 21 | 3 | 18 | ചൊ | 19 നു വാങ്ങിപ്പിനു പിമ്പു 1 ാം ഞാ. |
| 22 | 4 | 19 | ബു | 20 നു മുളന്തുരുത്തിപള്ളിയിൽ കാലം ചെയ്ത മാർ കൂറിലോസു ബാവായുടെ ഓർമ്മ. |
| 23 | 5 | 20 | വ്യാ | |
| 24 | 6 | 21 | വെ | |
| 25 | 7 | 22 | ശ | 24 നു ബർത്തുൽമായി ശ്ലീഹായുടെ ഓർമ്മ. |
| 26 | 8 | 23 | ഞാ | |
| 27 | 9 | 24 | തി | |
| 28 | 10 | 25 | ചൊ | 26 നു വാങ്ങിപ്പിനു പിമ്പു 2 ാം. ഞാ. |
| 29 | 11 | 26 | ബു | 30 നു മാർ ഗബ്രീയേൽ എപ്പിസ്കോപ്പായുടെ ഓർമ്മ. |
| 30 | 12 | 27 | വ്യാ | |
| 31 | 13 | 28 | വെ | |

Malankara OrthodoxTV

## ഈലൂൽ - കന്നി

**1907 / 1083**

**സെപ്ടംബർ - ഒക്ടൊബർ**

നീതി നിമിത്തമായിട്ടു പീഡിപ്പിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. മത്താ. 5:10.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 29 | ശ | 2 നു വാങ്ങിപ്പിനു പിമ്പു 3 ാം ഞാ.<br>8 നു ദൈവമാതാവിന്റെ ജനനം.<br>9 നു വാങ്ങിപ്പിനു പിമ്പു 4 ാം ഞാ.<br>14 നു സ്ലീബാ പെരുനാൾ മാ. പെ:<br>16 നു സ്ലീബായ്ക്കു പിമ്പു 1 ാം ഞാ.<br>20 നു കോതമങ്ങലത്തു ചെറിയപള്ളിയിൽ കാലം ചെയ്ത മാർ ബസെലിയോസ ബാവായുടെ ഓർമ്മ.<br>21 നു മാർ മത്തായി ശ്ലീഹായുടെ ഓർമ്മ.<br>23 നു സ്ലീബായ്ക്കു പിമ്പു 2 ാം ഞാ.<br>24 നു മാർ ദെമെത്തിന്റെ ഓർമ്മ.<br>30 നു സ്ലീബായ്ക്കു പിമ്പു. 3 ാം ഞാ. |
| 2 | 15 | 30 | ഞാ | |
| 3 | 16 | 31 | തി | |
| 4 | 17 | 1 | ചൊ | |
| 5 | 18 | 2 | ബു | |
| 6 | 19 | 3 | വ്യാ | |
| 7 | 20 | 4 | വെ | |
| 8 | 21 | 5 | ശ | |
| 9 | 22 | 6 | ഞാ | |
| 10 | 23 | 7 | തി | |
| 11 | 24 | 8 | ചൊ | |
| 12 | 25 | 9 | ബു | |
| 13 | 26 | 10 | വ്യാ | |
| 14 | 27 | 11 | വെ | |
| 15 | 28 | 12 | ശ | |
| 16 | 29 | 13 | ഞാ | |
| 17 | 30 | 14 | തി | |
| 18 | 1 | 15 | ചൊ | |
| 19 | 2 | 16 | ബു | |
| 20 | 3 | 17 | വ്യാ | |
| 21 | 4 | 18 | വെ | |
| 22 | 5 | 19 | ശ | |
| 23 | 6 | 20 | ഞാ | |
| 24 | 7 | 21 | തി | |
| 25 | 8 | 22 | ചൊ | |
| 26 | 9 | 23 | ബു | |
| 27 | 10 | 24 | വ്യാ | |
| 28 | 11 | 25 | വെ | |
| 29 | 12 | 26 | ശ | |
| 30 | 13 | 27 | ഞാ | |

Malankara Orthodox TV

### തെശ്രീൻക്ക്ദീം - തുലാം

### 1907 / 1083

### ഒക്ടോബർ - നവംബർ

നീതിക്കുവേണ്ടി നിങ്ങൾ കഷ്ടം അനുഭവിക്കുമെങ്കിൽ നിങ്ങൾക്കു ഭാഗ്യം. നിങ്ങളെ ഭയപ്പെടുത്തുന്നവരിൽ നിന്നു നിങ്ങൾ ഭയപ്പെടരുതു. ചഞ്ചലപ്പെടുകയും അരുതു. 1 പത്രൊ. 3:14.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 28 | തി | |
| 2 | 15 | 29 | ചൊ | |
| 3 | 16 | 30 | ബു | 1 ാം നു മാർ ആദായി ശ്ലീഹാ, മാർ അബഹായി സഹദാ എന്നിവരുടെ ഓർമ്മ. |
| 4 | 17 | 1 | വ്യാ | |
| 5 | 18 | 2 | വെ | 7 നു സ്ലീബായ്ക്കു പിമ്പു 4 ാം ഞാ. മാർ സർഗീസ്സ മാർ ബാക്കോസ എന്നിവരുടെ ഓർമ്മ. |
| 6 | 19 | 3 | ശ | |
| 7 | 20 | 4 | ഞാ | |
| 8 | 21 | 5 | തി | |
| 9 | 22 | 6 | ചൊ | 14 നു സ്ലീബായ്ക്കു പിമ്പു 5 ാം ഞാ. |
| 10 | 23 | 7 | ബു | 15 നു മാർ ഒസിയോയുടെ ഓർമ്മ. |
| 11 | 24 | 8 | വ്യാ | |
| 12 | 25 | 9 | വെ | 18 നു ലൂക്കോസ ഏവൻഗേലിസ്തായുടെ ഓർമ്മ. |
| 13 | 26 | 10 | ശ | |
| 14 | 27 | 11 | ഞാ | 20 നു പരുമല സിമ്മനാരിയിൽ കാലം ചെയ്ത മാർ ഗ്രീഗോറിയോസ മെത്രാപ്പോലീത്തായുടെ ഓർമ്മ. |
| 15 | 28 | 12 | തി | |
| 16 | 29 | 13 | ചൊ | |
| 17 | 30 | 14 | ബു | |
| 18 | 31 | 15 | വ്യാ | 21 നു സ്ലീബായ്ക്കു പിമ്പു 6 ാം ഞാ. |
| 19 | 1 | 16 | വെ | 28 നു സ്ലീബായ്ക്കു പിമ്പു 7 ാം ഞാ. മാർ ശെമഓന്റെയും യൂദായുടെയും ഓർമ്മ. |
| 20 | 2 | 17 | ശ | |
| 21 | 3 | 18 | ഞാ | |
| 22 | 4 | 19 | തി | |
| 23 | 5 | 20 | ചൊ | |
| 24 | 6 | 21 | ബു | |
| 25 | 7 | 22 | വ്യാ | |
| 26 | 8 | 23 | വെ | |
| 27 | 9 | 24 | ശ | |
| 28 | 10 | 25 | ഞാ | |
| 29 | 11 | 26 | തി | |
| 30 | 12 | 27 | ചൊ | |
| 31 | 13 | 28 | ബു | |

Malankara Orthodox TV

## തെശ്രീൻഹ്രോയി – വൃശ്ചികം

### 1907 / 1083

### നവംബർ – ഡിസംബർ

അവർ നിങ്ങളെ നിന്ദിക്കയും എന്റെ നിമിത്തം സകല ദുർവചനത്തെയും നിങ്ങളുടെ നേരെ വ്യാജമായിട്ടു പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. മത്താ. 5:11.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 29 | വ്യാ | |
| 2 | 15 | 30 | വെ | |
| 3 | 16 | 1 | ശ | 4 -ാം നു (കൂദശ് ഈത്തൊ) അതായതു പള്ളിശുദ്ധീകരണം. |
| 4 | 17 | 2 | ഞാ | |
| 5 | 18 | 3 | തി | |
| 6 | 19 | 4 | ചൊ | 11 നു (ഹൂദസ് ഈത്തൊ) അതായതു പള്ളിപ്രതിഷ്ഠ |
| 7 | 20 | 5 | ബു | |
| 8 | 21 | 6 | വ്യാ | 12 നു കോട്ടയം സിമ്മനാരി സ്ഥാപകൻ മാർ ദീവന്നാസ്യോസിന്റെ ഓർമ്മ. |
| 9 | 22 | 7 | വെ | |
| 10 | 23 | 8 | ശ | |
| 11 | 24 | 9 | ഞാ | 18 നു സ്കറിയായോടുള്ള അറിയിപ്പു. |
| 12 | 25 | 10 | തി | 25 നു ദൈവമാതാവിനോടുള്ള അറിയിപ്പു. |
| 13 | 26 | 11 | ചൊ | |
| 14 | 27 | 12 | ബു | 28 നു മാർ യാക്കോബു ബുർദാനയുടെ ഓർമ്മ. |
| 15 | 28 | 13 | വ്യാ | |
| 16 | 29 | 14 | വെ | 29 നു ബത്തനോൻ ദസ്രൂഗിലെ മാർ യാക്കോബു എപ്പിസ്കോപ്പായുടെ ഓർമ്മ. |
| 17 | 30 | 15 | ശ | |
| 18 | 1 | 16 | ഞാ | |
| 19 | 2 | 17 | തി | 30 നു മാർ അന്ത്രയോസ ശ്ലീഹായുടെ ഓർമ്മ. |
| 20 | 3 | 18 | ചൊ | |
| 21 | 4 | 19 | ബു | |
| 22 | 5 | 20 | വ്യാ | |
| 23 | 6 | 21 | വെ | |
| 24 | 7 | 22 | ശ | |
| 25 | 8 | 23 | ഞാ | |
| 26 | 9 | 24 | തി | |
| 27 | 10 | 25 | ചൊ | |
| 28 | 11 | 26 | ബു | |
| 29 | 12 | 27 | വ്യാ | |
| 30 | 13 | 28 | വെ | |

Malankara Orthodox TV

## കോനൂൻക്ദീം – ധനു

### 1907 / 1083

### ഡിസംബർ – 1908 ജനുവരി

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്ക കൊണ്ടു നിങ്ങൾ സന്തോഷിച്ചു ആനന്ദിപ്പീൻ. മത്താ. 5:12.

| സു. | ഇം. | മ. | ആഴ്ച | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 29 | ശ | |
| 2 | 15 | 30 | ഞാ | |
| 3 | 16 | 1 | തി | 1 ാം നു ഇരുപത്തഞ്ച് നോമ്പാരംഭം. |
| 4 | 17 | 2 | ചൊ | 2 നു കന്യക മറിയം ഏലിശ്ബായുടെ അടുക്കൽ പോയതു. |
| 5 | 18 | 3 | ബു | |
| 6 | 19 | 4 | വ്യാ | |
| 7 | 20 | 5 | വെ | 4 നു മർത്ത ബർബാറാ, മർത്ത യൂലിയാനാ, ഈ സ്ത്രീകളുടെ ഓർമ്മ. |
| 8 | 21 | 6 | ശ | |
| 9 | 22 | 7 | ഞാ | 6 നു മാർ സോഖോയുടെ ഓർമ്മ. |
| 10 | 23 | 8 | തി | |
| 11 | 24 | 9 | ചൊ | 9 നു യൂഹാനോൻ മാംദാനായുടെ ജനനം. |
| 12 | 25 | 10 | ബു | |
| 13 | 26 | 11 | വ്യാ | 10 നു മാർ ബഹനാൻ സഹദായുടെയും സഹോദരി സാറായുടെയും സഹദേന്മാരുടെയും ഓർമ്മ. |
| 14 | 27 | 12 | വെ | |
| 15 | 28 | 13 | ശ | |
| 16 | 29 | 14 | ഞാ | 16 നു നീതിമാനായ യൌസേപ്പിനുണ്ടായ വെളിപാടു. |
| 17 | 30 | 15 | തി | |
| 18 | 1 | 16 | ചൊ | |
| 19 | 2 | 17 | ബു | 20 നു തീയ്ക്കടുത്ത ഇഗ്നാത്യോസിന്റെ ഓർമ്മ. |
| 20 | 3 | 18 | വ്യാ | |
| 21 | 4 | 19 | വെ | 23 നു. പിറവിക്കു മുമ്പുള്ള ഞാ. |
| 22 | 5 | 20 | ശ | |
| 23 | 6 | 21 | ഞാ | 25 നു (യൽദൊ) നമ്മുടെ കർത്താവിന്റെ തിരു അവതാരം. |
| 24 | 7 | 22 | തി | |
| 25 | 8 | 23 | ചൊ | 26 നു കന്യാസ്ത്രീ അമ്മയുടെ പുകഴ്ച മാറാനായ പോലെ. |
| 26 | 9 | 24 | ബു | |
| 27 | 10 | 25 | വ്യാ | 27 നു ഹേറോദേസിനാൽ കൊല്ലപ്പെട്ട ശിശുക്കളുടെ ഓർമ്മ. |
| 28 | 11 | 26 | വെ | |
| 29 | 12 | 27 | ശ | |
| 30 | 13 | 28 | ഞാ | 30 നു പിറവിക്കു പിമ്പുള്ള 1 ാം ഞാ. |
| 31 | 14 | 29 | തി | |

Malankara Orthodox TV

# മലങ്കര ഇടവക പഞ്ചാംഗം

## ക്രിസ്താബ്ദം
## 1908 - മാണ്ട്

| | |
|---|---|
| ആദാമിന്റെ വർഷം | 7397 - 8 |
| യൌനായ വർഷം | 2219 - 20 |
| മലയാള വർഷം | 1083 - 4 |

**1907**

**Mar Thomas Press**
**Cottayam**

പ്രസാധകൻ: റ്റി. ജി. കൊച്ചുമ്മൻ

Malankara Orthodox TV

# മുഖവുര

കഴിഞ്ഞ പ്രാവശ്യം പഞ്ചാംഗം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൽ ചേർക്കാൻ സാധിക്കാതിരുന്ന പല സംഗതികൾ ഈയാണ്ടത്തെ പഞ്ചാംഗത്തിൽ ചേർത്തുകൊള്ളാമെന്നു വാഗ്ദത്തം ചെയ്തിരുന്നതുപോലെ മുഴുവനായി സാധിപ്പാൻ കഴിയാഞ്ഞതിൽ വ്യസനിക്കുന്നു. പുതുതായി പല സംഗതികൾ ചേർത്തിട്ടുണ്ടു. കോട്ടയം ഉൾപ്പെട്ട വടക്കോട്ടുള്ള എല്ലാ ഇടവകകളിലും ഉൾപ്പെട്ട പള്ളികളുടെ പ്രദഷ്ടാനാമങ്ങളും ഓരൊ പള്ളിയോടു ചേർന്ന പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും പേരുകളും ചേർത്തിട്ടുണ്ടു. തെക്കൻ ഇടവകകളിലെ പള്ളികളുടെ പ്രദഷ്ടാനാമങ്ങളും ഓരൊ ഇടവകയോടു ചേർന്ന വൈദീകന്മാരുടെ പേരുകളും കിട്ടാൻ ചില ഏർപ്പാടുകൾ ചെയ്തു എങ്കിലും മുഴുവനായി സാധിച്ചില്ലന്നു മാത്രമല്ലാ കിട്ടിയ ലിസ്റ്റുകളിൽ ചില പിശകുകൾ ഉണ്ടെന്നു സംശയം തോന്നുകയാൽ അവയെ ശരിയാക്കി എന്നു പറഞ്ഞുകൂടാ. ഒരു വക പഞ്ചാംഗവും പ്രസിദ്ധപ്പെടുത്തുക പതിവില്ലാത്തതു കൊണ്ടു ഇങ്ങനെ ഓരൊ ന്യൂനതകൾ വന്നുപോകുന്നതു ക്ഷന്തവ്യമായി വായനക്കാർ വിചാരിക്കുമെന്നു വിശ്വസിക്കുന്നു. അടുത്ത ആണ്ടിൽ ഈ ന്യൂനതകളും പരിഹരിക്കാമെന്നു ആശംസിച്ചു വായനക്കാരോടു ക്ഷമായാചന ചെയ്തുകൊള്ളുന്നു.

**ഗീവറുഗീസു റമ്പാൻ**

വാകത്താനം
1907 ധനു 30 ാം നു

Malankara Orthodox TV

യാചിപ്പീൻ; നിങ്ങൾക്കു നൽകപ്പെടും, അന്വേഷിപ്പിൻ നിങ്ങൾ
കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും. മത്താ. 7:7.

---

## പ്രാർത്ഥനയെക്കുറിച്ചു

(ദേവനേശുക്രിസ്തു എന്നുടെ എന്ന രീതി)

പ്രാർത്ഥന സാധിക്കുമല്ലോ സ്നേഹിതന്മാരേ
പ്രാർത്ഥന നിത്യം നമുക്കുജീവനെന്നോർക്ക.

സൃഷ്ടിനാഥനോടു നാം പ്രാർത്ഥിക്കുമെന്നാകിൽ
ദിഷ്ടതിയേതാകിലും സാധിച്ചീടുംനാഥൻ
പാപിയും മനംപൊടിഞ്ഞു പ്രാർത്ഥിക്കുന്നെങ്കിൽ
പാപംതീർത്തുദേവൻ തിരുപ്പാദം ചേർത്തീടും.

പ്രാർത്ഥന-

ശത്രുനമ്മെ കൊല്ലുവാനെയ്തീടുമോരോരൊ
അസ്ത്രങ്ങൾ തകർക്കുവാനും പ്രാർത്ഥനസാദ്ധ്യം.
മാത്രയുംസാത്താനു സമാധാനമില്ലാതെ
എത്ര ബദ്ധപ്പാടിലവൻ കൂട്ടുതേടുന്നു.

പ്രാർത്ഥന-

എത്രനല്ല ദൈവഭക്തനാകിലും സാത്താൻ
സൂത്രമോരോ കൌശലത്താലസ്ത്രമെയ്തീടും
ഭക്തിപാലനെങ്കിലവൻ പ്രാർത്ഥനമൂലം
ശക്തികൾ പ്രാപിച്ചു സാത്താനെ ജയിച്ചീടും.

പ്രാർത്ഥന-

മല്ലനോടെതൃത്തുജയം നേടുവാൻവേറെ
നല്ലസൂത്രം പ്രാർത്ഥനപോലില്ലയാതൊന്നും
നമ്മുടെ സ്വശക്തിപ്രയോഗിക്കുമെന്നാകിൽ
സമ്മതിച്ചീടാതെസാത്താൻ കൊന്നീടുംനമ്മെ.

പ്രാർത്ഥന-

വൈരമായ് വെട്ടുന്നവന്റെ വാളുകൾക്കെല്ലാം
ദൈവകൃപ നല്ലോരു പരിചയെന്നോർക്ക
കർത്താവോടണഞ്ഞനുഗ്രഹങ്ങൾ യാചിച്ചാൽ
പ്രാർത്ഥനമൂലംകൃപലഭിച്ചു ജീവിക്കാം.

പ്രാർത്ഥന-

(ക്രിസ്തീയജ്ഞാനകീർത്തനം)

Malankara Orthodox TV

ദൈവമെ; രാജാവിനു നിന്റെ ന്യായവിധിയേയും രാജപുത്രന്നു നിന്റെ നീതിയേയും നൽകേണമേ. സങ്കീ: 72:1

1851 നവംബർ 9 -ാം തീയതി
തിരുവവതാരം ചെയ്തരുളിയ

# ഏഴാം എഡ്വാർഡ്

ഇണ്ട്യാ ചക്രവർത്തി മഹാരാജാ തിരുമനസ്സു കൊണ്ട്
1901 ജനുവരി മുതൽ
ബ്രിട്ടീഷ് മഹാരാജ്യം ഭരിച്ചുവരുന്നു.

കൊല്ലം 1033 ാമാണ്ടു കന്നി മാസം 11 -ാം തീയതി
തിരുവവതാരം ചെയ്തരുളിയ
ശ്രീ. പത്മനാഭ ദാസവഞ്ചിപാല സർ

# രാമവർമ്മ

കുലശേഖര കിരീടപതി മന്നൈസുൽത്താൻ മഹാരാജ
രാജ രാമരാജ ബഹദൂർ ഷംഷർ ജംഗ, ജി. സി. എസ്
ഐ., ജി. സി. ഐ. ഇ.
എഫ്. എം. യു. എം. ആർ. എ. എസ.
ഓഫീസർ ഡിലാ ഇൻസ്റ്റ് റക്ഷ്യൻ പബ്ലിക്
മഹാരാജാ തിരുമനസ്സുകൊണ്ടു
1061 മാണ്ടു മുതൽ തിരുവിതാംകൂറിൽ
രാജ്യഭാരം ചെയ്തുവരുന്നു.

1852 ഡിസംബർ 27 -ാം നു
തിരുവവതാരം ചെയ്തരുളിയ

സർ **രാമവർമ്മ** ജി. സി. എസ്. ഐ.

മഹാരാജാ തിരുമനസ്സുകൊണ്ടു
1895 -ാമാണ്ടു മുതൽ കൊച്ചിയിൽ രാജ്യഭാരം
ചെയ്തുവരുന്നു.

Malankara Orthodox TV

വിശേഷിച്ചു ഞാൻ നിന്നോടു പറയുന്നു, നീ പാറയാകുന്നു;
ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയിക്കും.
പാതാളവാതിലുകൾ അതിനോടു പ്രബലപ്പെടുകയില്ല.

1906 ാമാണ്ടു ഓബ് (ചിങ്ങം) മാസം 15 -ാം നു

അന്ത്യോഖ്യാ അപ്പൊസ്തൊല്യ സിംഹാസനം

പ്രാപിച്ച

# അബ്ദെദാലോഹൊ

എന്ന

തിരുനാമധാരിയായ

വിശുദ്ധ

മോറാൻ മോർ ഇഗ്നാത്യോസ

# പാത്രിയർക്കീസുബാവാ

തിരുമനസ്സുകൊണ്ടു

സഭാ മേലദ്ധ്യക്ഷത


നടത്തിവരുന്നു.

Malankara Orthodox TV

ആകയാൽ നിങ്ങളെത്തന്നെയും, തന്റെ രക്തത്താൽ അതിനെ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയേയും മേയിപ്പാൻ പരിശുദ്ധാത്മാവു എപ്പിസ്കോപ്പെന്മാരായി നിങ്ങളെ നിയമിച്ചിട്ടുള്ള സകല ഇടവകയേയും സൂക്ഷിച്ചുകൊൾവിൻ. നട: 20:28.

1865 -ാമാണ്ടു നീസോൻ (മേടം) മാസം 18 -ാം നു ആമ്മീദു നഗരത്തിൽ വിശുദ്ധ ദൈവമാതാവിന്റെ ആലയത്തിൽ വെച്ചു അന്ത്യോഖ്യായുടെ രണ്ടാം യാക്കോബ് മോറാൻ മോർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ കൈകളാൽ

# മലങ്കര മെത്രാപ്പോലീത്താ



സ്ഥാനപ്രാപ്തനായ യൌസേപ്പു

എന്നു തിരുനാമമുള്ള മലങ്കര ഇടവകയുടെ

നി. വ. ദി. ശ്രീ.

# മാർ ദീവന്നാസ്യോസ്

**മെത്രാപ്പൊലീത്താ തിരുമനസ്സുകൊണ്ടു ഇപ്പോൾ**

മലങ്കര ഇടവകയെ ഭരിച്ചു വരുന്നു.

എന്നാൽ വാത്സല്യസഹോദരനും വിശ്വസ്ത ശുശ്രൂഷകനും കർത്താവിൽ നമ്മുടെ സഖിയും ആയ തുക്കിക്കോസു എന്റെ അടുക്കലുള്ള കാർയ്യം നിങ്ങളോടറിയിക്കും. കോല, 4:7.

ഇടവക

# മെത്രാപ്പോലീത്താ

1877 -ാമാണ്ടു ഈയോർ (ഇടവ) മാസം 5 -ാം തീയതി

ചിറളയത്തു പള്ളിയിൽ വച്ചു

അന്ത്യോഖ്യായുടെ മൂന്നാം പത്രോസ മോറാൻ മോർ

ഇഗ്നാത്യോസ് പാത്രിയർക്കീസു ബാവാ

തിരുമനസ്സിലെ കൈകളാൽ മെത്രാപ്പോലീത്താ

സ്ഥാനപ്രാപ്തനായ

കണ്ടനാട്ടു ഇടവകയുടെ

നി. വ. ദി. ശ്രീ

പൌലൂസ്

# മാർ ഈയാവാനീയോസ്

മെത്രാപ്പോലീത്താ

തിരുമനസ്സുകൊണ്ടു.

Malankara Orthodox TV

നിങ്ങളോടു ദൈവവചനത്തെ സംസാരിച്ചിട്ടുള്ളവരായ നിങ്ങളുടെ ഭരണക്കാരെ ഓർത്തുകൊൾവിൻ; അവരുടെ നടപടികളുടെ അവസാനത്തിൽ പരിശോധിച്ചു അവരുടെ വിശ്വാസത്തിൽ സദൃശപ്പെടുവിൻ. എബ്രാ. 13:7.

---

# മലങ്കര ഇടവകയെ ഭരിച്ചു കാലം ചെയ്ത മേലദ്ധ്യക്ഷന്മാർ

| | | |
|---|---|---|
| | മാർതോമ്മാശ്ലീഹാ | 52 - 82 |
| | ക്നാൻ തോമ്മായോടു കൂടെവന്ന യൌസേഫു എപ്പിസ്കോപ്പാ | 345 - |
| | പകലൊമറ്റം തറവാട്ടിലെ അർക്കദിയാക്കോന്മാർ | 345 - 1653 |
| | മാർ ശാബോറും മാർ അപ്രോത്തും | 825 - |
| * | മാർ യോഹന്നാൻ | 1490 - |
| * | മാർ ദാവീദ, മാർ ദെനഹാ, മാർ യാക്കൂബ | 1502 -1549 |
| * | മാർ യൌസേപ്പ | 1555 - 1568 |
| * | മാർ അബ്രാഹം | 1568 - 1597 |
| * | മാർ ശെമഓൻ | 1578 - 1585 |
| × | ആർച്ചബിഷോപ്പ മേനേസീസ | 1599 - |
| × | പ്രാൻസിസ്ക്കോറോസ് | 1601 - 1624 |
| × | സ്റ്റിഫൻ ഡിബ്രിറ്റൊ | 1624 - 1641 |
| × | പ്രാൻസിസ ഗാർസിയാ | 1641 - 1653 |
| | ഒന്നാം മാർതോമ്മാ | 1653 - 1670 |
| | രണ്ടാം മാർതോമ്മാ | 1670 - 1686 |
| | മൂന്നാം മാർതോമ്മാ | 1686 - 1688 |
| | നാലാം മാർതോമ്മാ | 1688 - 1728 |
| | അഞ്ചാം മാർതോമ്മാ | 1728 - 1765 |
| | ആറാം മാർതോമ്മാ, അതായ്തു വലിയ മാർ ദിവന്നാസ്യോസ | 1765 - 1808 |
| | ഏഴാം മാർതോമ്മാ | 1808 - 1809 |
| | എട്ടാം മാർതോമ്മാ | 1809 - 1815 |
| | മാർ ദീവന്നാസ്യോസ (പുലിക്കോട്ടിൽ) | 1815 - 1816 |
| | മാർ പീലക്സിനോസു | 1816 - 1818 |
| | മാർ ദീവന്നാസ്യോസ (പുന്നത്ര) | 1818 - 1825 |
| | മാർ ദീവന്നാസ്യോസ (ചേപ്പാട്ടു) | 1825 - 1853 |
| | മാർ മത്യൂസ അത്താനാസ്യോസ | 1843 - 1877 |

---

* ഈ അടയാളം ഇട്ടിരിക്കുന്ന പേരുകാർ നെസ്ക്കോർ മെത്രാന്മാരായിരുന്നു. അന്ത്യോഖ്യായുടെ പ്രതിനിധിയായിരുന്ന കിഴക്കിന്റെ കാസോലിക്കായാൽ അയക്കപ്പെട്ടവർ എന്നുള്ള തെറ്റായ ധാരണയിന്മേൽ ഇവരെ സ്വീകരിക്കയും, ഇവർ ഭരിക്കയും ചെയ്തു.

× ഈ അടയാളമിട്ടിരിക്കുന്ന പേരുകാർ റോമാ മെത്രാന്മാരാണ. പറുങ്കികൾ ബലത്താൽ സുറിയാനിസഭയെ റോമ്മാസഭയിൽ ചേർക്കയും ആ നുകത്തിൽ മലങ്കരസഭ ഇരിക്കയും ചെയ്തകാലത്തു രാജശക്തിയാൽ ഭരിച്ചവരാണ ഇവർ.

Malankara Orthodox TV

ദൈവപുത്രാ; അഴിവില്ലാത്ത രാജ്യത്തിൽ ശുദ്ധിമാന്മാരോടു കൂടെ നീതിമാന്മാരുടെ ഇടയിൽ നിന്റെ ആചാർയ്യന്മാരെ ആശ്വസിപ്പിക്കണമെ (പ്രഭാത പ്രാർത്ഥന).

---

## മലങ്കരെ ഉപഇടവകകളെ ഭരിച്ച മേൽപ്പട്ടക്കാർ

| | |
|---|---|
| അങ്കമാലി ഇടവക - മാർ കൂറിലോസ മെത്രാപ്പോലീത്താ | 1876 - 1893 |
| തുമ്പമൺ ഇടവക - മാർ യൂലിയോസ മെത്രാപ്പോലീത്താ | 1876 - 1885 |
| നിരണം ഇടവക - മാർ ഗ്രീഗോറിയോസ മെത്രാപ്പോലീത്താ | 1876 - 1902 |
| കൊച്ചി ഇടവക - മാർ ശെമഓൻ ദീവന്നാസ്യോസ " | 1877 - 1886 |

## മലങ്കരെ ഇരുന്നിട്ടുള്ള അന്ത്യോഖ്യാ സ്ഥാനാപതികൾ

| | |
|---|---|
| മാർ ഗ്രീഗോറിയോസ ബാവാ (പറവൂർ കാലം ചെയ്തു) | 1665 - 1670 |
| മാർ ബസേലിയൊാസ കാതൊലീക്കാ (കോതമങ്ങലത്തു) | 1685 |
| മാർ ഈവാനിയൊാസ ബാവാ (മുളന്തുരുത്തിൽ അടങ്ങി) | 1685 - 1693 |
| മാർ ഈവാനിയോസ (തിരിച്ചുപോയി) | 1748 - 1751 |
| മാർ ബസെലിയൊാസ മപ്രിയാനാ (കണ്ടനാട്ടു അടങ്ങി) | 1751 - 1763 |
| മാർ ഗ്രിഗോറിയോസ ബാവാ (മുളന്തുരുത്തിൽ അടങ്ങി) | 1751 - 1772 |
| മാർ ഈവാനിയോസ ബാവാ (ചെങ്ങന്നൂർ അടങ്ങി) | 1751 - 1794 |
| മാർ ദീയസ്ക്കോറോസ ബാവാ (തിരിച്ചുപോയി) | 1806 -1808 |
| മാർ അത്താനാസ്യോസ ബാവാ (തിരിച്ചുപോയി) | 1825 - 1826 |
| മാർ കൂറിലോസ ബാവാ (മുളന്തുരുത്തിൽ അടങ്ങി) | 1846 - 1874 |
| മാർ സ്തേപ്പാനോസ അത്താനാസ്യോസ ബാവാ (തിരിച്ചുപോയി) | 1849 - 1852 |
| മാർ ശെമഊൻ അത്താനാസ്യോസ ബാവാ (കോട്ടയത്തു പുത്തൻപള്ളിയിൽ അടങ്ങി) | 1881 - 1887 |

Malankara Orthodox TV

തങ്ങളുടെ മാതാവിന്റെ വയറ്റിൽ നിന്നു ഇപ്രകാരം വിശ്വാസികളായി ജനിച്ചിട്ടുള്ളവർ ഉണ്ടു. മത്താ: 19:12.

---

## മലങ്കരെ ഇപ്പോഴുള്ള ദയറായക്കാർ

1. വ. ദി. ശ്രീ. വലിയ പൌലൂസ റമ്പാൻ കൊട്ടയം സിമ്മനാരി
2. വ. ദി. ശ്രീ. മല്പാൻ ഗീവറുഗീസു റമ്പാൻ പരുമല സിമ്മനാരി
3. വ. ദി. ശ്രീ. പുന്നൂസു റമ്പാൻ ടി.
4. വ. ദി. ശ്രീ. കൊച്ചുപൌലൂസു റമ്പാൻ ആലുവാ സിമ്മനാരി
5. വ. ദി. ശ്രീ. ഗീവറുഗീസു റമ്പാൻ വാകത്താനത്തുപള്ളി
6. വ. ദി. ശ്രീ. വടകര ഗീവറുഗീസു റമ്പാൻ, റാക്കാട്ടു പള്ളി,
7. വ. ദി. ശ്രീ. കുറിയാക്കോസു റമ്പാൻ, പാമ്പാടിപള്ളി
8. വ. ദി. ശ്രീ. സ്ലീബാ റമ്പാൻ (സ്വദേശത്തേക്കു പോയിരിക്കുന്നു).

## മല്പാന്മാർ

1. വ. ദി. ശ്രീ. മല്പാൻ ഗീവറുഗീസുറമ്പാൻ പരുമലസിമ്മനാരി,
2. വ. ദി. ശ്രീ. മട്ടയ്ക്കൽ ആലക്സന്ത്രയോസുകത്തനാർ കോട്ടയം സിമ്മനാരി
3. വ. ദി. ശ്രീ. ഇലവിനാമണ്ണിൽ സ്കറിയാകത്തനാർ കോട്ടയം സിമ്മനാരി
4. വ. ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ട മാത്തൻ കത്തനാർ പാമ്പാക്കുട സിമ്മനാരി

## സുറിയാനി സിമ്മനാരികൾ

1. കോട്ടയത്തു പഴയസിമ്മനാരി
2. പാമ്പാക്കുട സിമ്മനാരി
3. പരുമല സിമ്മനാരി
4. ആലുവാ സിമ്മനാരി

## പൊതുസ്ഥലങ്ങൾ

1. വെട്ടിയ്ക്കൽ ദയറാ
2. തൃപ്പൂണിത്ര ബെസ്സസ് ലൂസൊ
3. മൂവാറ്റുപുഴ സത്രം
4. കൊട്ടാരക്കര സത്രം
5. കുന്ദംകുളം സെഹിയോൻ ബംഗ്ലാവു
6. തിരുവനന്തപുരം പള്ളിയും കെട്ടിടങ്ങളും

Malankara Orthodox TV

പൈതങ്ങളെ, എന്നെ ചെവിക്കൊൾവീൻ; എന്തെന്നാൽ എന്റെ വഴികളെ കാക്കുന്നവർ ഭാഗ്യവാന്മാരാകുന്നു.

---

## ഇംഗ്ലീഷു ഹൈസ്ക്കൂളുകൾ

**1**

**മാർ ദീവന്നാസ്യോസ സിമ്മനാരി കോട്ടയം (1893)**

മാനേജിങ്ങ് കമ്മട്ടി:
നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ (പ്രസിഡെണ്ടു)
വ. ദി. ശ്രീ. വലിയ പൌലൂസ റമ്പാൻ
വ. ദി. ശ്രീ. പി. റ്റി. ഗീവറുഗീസു ശെമ്മാശൻ എം. എ.
മിസ്റ്റർ ഇ. എം. പീലിപ്പൊസു (ഖജാൻജി)
മിസ്റ്റർ കേ. സി. മാമ്മൻമാപ്പിള (സിക്രട്ടറി)
മിസ്റ്റർ സി. ചെറിയാൻ (സിക്രട്ടറി)
പ്രിൻസിപ്പാൾ: വ. ദി. ശ്രീ. പി. റ്റി. ഗീവറുഗീസു ശെമ്മാശൻ എം. എ.
ഹെഡ്മാസ്റ്റർ: മിസ്റ്റർ കേ. സി. മാമ്മൻമാപ്പിള ബി. എ.

**2**

**മാർ ഇഗ്നാത്യോസു ഹൈസ്ക്കൂൾ കുന്ദംകുളം (1899)**

രക്ഷാധികാരി: നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ
മാനേജർ: മിസ്റ്റർ പി. ഐ. പാത്തപ്പൻ
ഹെഡ്മാസ്റ്റർ: ഹരിഹരയ്യൻ ബി. എ. എൽ. റ്റി.

**3**

**മാർ ഗ്രീഗോറിയോസു സ്മാരക ഹൈസ്ക്കൂൾ തിരുവല്ലാ (1903)**

പ്രസിഡെണ്ടു: നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ
മാനേജിങ്ങ് കമ്മട്ടി:
ദി. ശ്രീ. കോടിയാട്ടു യാക്കോബു കത്തനാർ
മിസ്റ്റർ കെ. ഐ. ഈപ്പൻ വക്കീൽ
മിസ്റ്റർ ചാലക്കുഴിയിൽ പൌലൂസ
മിസ്റ്റർ കെ. എം. മാമ്മൻമാപ്പിള (സിക്രട്ടെറി)
ഹെഡ്മാസ്റ്റർ: മിസ്റ്റർ ഇ. വേദാസ്ത്രീ ബി. എ. എൽ. ടി.

## ഇംഗ്ലീഷു മിഡിൽ സ്കൂളുകൾ

**1. സെന്തൊമാസ സ്കൂൾ, മുളന്തുരുത്തി (1881)**

മാനേജർ: മിസ്റ്റർ ചാലിൽ കൊച്ചുകോര
ഹെഡ്മാസ്റ്റർ: മിസ്റ്റർ ടി. എം. ജെക്കൊബ.

2

**മാർ ഗ്രീഗോറിയോസു സ്കൂൾ, താഴത്തങ്ങാടി**

മാനേജർ: മിസ്റ്റർ ഇ. എം. പീലിപ്പോസു
ഹേഡ്മാസ്റ്റർ: ഡബ്ള്യൂ. വി. തോമ്മാസ

Malankara Orthodox TV

**3. മാർ ദീവന്നാസ്യോസു സ്ക്കൂൾ, പുതുപ്പള്ളി**

മാനേജർ: മിസ്റ്റർ കരോട്ടു കുഞ്ഞുവർക്കി
ഹേഡ്മാസ്റ്റർ: മിസ്റ്റർ പി. പി. തൊമ്മൻ

**4. മാർ ഗ്രീഗോറിയോസ സ്കൂൾ, തുമ്പമൺ (1901)**

മാനേജർ: മിസ്റ്റർ കെ. തോമ്മാസു വക്കീൽ
ഹേഡ്മാസ്റ്റർ: മിസ്റ്റർ ടി. സി. മാത്യു

**5. സെന്തോമ്മാസു സ്കൂൾ, നിരണം**

മാനേജർ: മിസ്റ്റർ കേ. സി. ഈപ്പൻ
ഹേഡ്മാസ്റ്റർ: മിസ്റ്റർ എൻ. ആർ. രാമകൃഷ്ണയ്യൻ

**6. സെന്റ് ജോൺസു സ്കൂൾ, വടകര (1901)**

മാനേജർ: മിസ്റ്റർ തട്ടമ്പാറയിൽ അവിരാ മത്തായി
ഹേഡ്മാസ്റ്റർ: മിസ്റ്റർ സി. എം. അബ്രാഹം

**7. മർത്തമറിയം സ്കൂൾ, പാണമ്പടി**

മാനേജർ: ദിവ്യശ്രീ. തെങ്ങുംതോട്ടത്തിൽ പീലിപ്പോസു കത്തനാർ
ഹേഡ്മാസ്റ്റർ: മിസ്റ്റർ പി. കെ. കുര്യൻ

**8. മാർ അത്താനാസ്യോസു സ്കൂൾ, കുമരകം**

മാനേജർ: ദിവ്യശ്രീ. കൊച്ചുകളത്തിൽ യൌസേപ്പു കത്തനാർ
ഹേഡ്മാസ്റ്റർ: മിസ്റ്റർ സി. സി. കോര

**9. മർത്തമറിയം സ്കൂൾ, മണർകാടു**

മാനേജർ: ദിവ്യശ്രീ. വെട്ടിക്കുന്നേൽ കുറിയാക്കോസു കത്തനാർ
ഹേഡ്മാസ്റ്റർ: മിസ്റ്റർ വി. രാമൻപിള്ള

**10. മർത്തമറിയം സ്കൂൾ, പള്ളിക്കര**

മാനേജർ: മിസ്റ്റർ ചിറ്റേത്തു ഇത്താപ്പിരി
ഹേഡ്മാസ്റ്റർ: ദിവ്യശ്രീ. കുരിശുങ്കൽ മാണി കത്തനാർ

## മലയാളം പ്രൈമറി സ്കൂളുകൾ

സർക്കാർ ഗ്രാന്റുള്ളവയും ഇല്ലാത്തവയുമായി 200
സൺഡേ സ്കൂൾ: 100

**പെൺപള്ളിക്കൂടങ്ങൾ**

1. സെന്റു മെറി സ്കൂൾ നിരണം
2. ശ്രീമൂലവിലാസം സ്കൂൾ, ഇരുവള്ളിപ്ര
3. യാക്കോബായ അഭിവൃദ്ധിനി സ്കൂൾ കുന്ദംകുളം.

Malankara OrthodoxTV

ആലോചന ഇല്ലാത്ത ജനം വീഴുന്നു. എന്നാൽ ഏറിയ ആലോചനയിൽ രക്ഷയുണ്ടു. സുഭാ. 11:14.

---

## മലങ്കര യാക്കോബായ സുറിയാനി അസോസിയേഷ്യൻ മാനേജിങ്ങ് കമ്മട്ടി

**പ്രസിഡെണ്ടു**

നി.വ.ദി.ശ്രീ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു

**ഉപാദ്ധ്യക്ഷൻ**

നി.വ.ദി.ശ്രീ. മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ടു

**വൈദിക മെമ്പറന്മാർ**

1. വ. ദി. ശ്രീ. വി. ജേ. ഗിവറുഗീസറമ്പാൻ പരുമല
2. " " കോനാട്ടു മാത്തൻ കത്തനാർ പാമ്പാക്കുട
3. " " പൂവത്തൂർ യാക്കോബു കത്തനാർ ചെങ്ങന്നൂർ
4. " " വേങ്കടത്തു ആലക്സന്ത്രയോസ് കത്തനാർ കോട്ടയം
5. " " പനയ്ക്കാമറ്റത്തു അബ്രഹാം കത്തനാർ നിരണം
6. " " മുറന്തുക്കിൽ മാത്തുകത്തനാർ മുളക്കുളം
7. " " കോടിയാട്ടു കുർയ്യൻ കത്തനാർ തിരുവല്ലാ

**അയ്മേനി മെമ്പറന്മാർ**

1. മിസ്റ്റർ പനയ്ക്കൽ പാത്തപ്പൻ കുന്ദംകുളം
2. " ചാലിൽ കൊച്ചുകോര മുളന്തുരുത്തി
3. " കിഴക്കുംതലയ്ക്കൽ പൌലൂസ വക്കീൽ പറവൂർ
4. " പുളിയ്ക്കപറമ്പിൽ പുന്നൻവക്കീൽ കോട്ടയം
5. " കുന്നുംപുറത്തു കുർയ്യൻ കോട്ടയം
6. " വാഴയിൽ തോമ്മാ വെളിയനാടു
7. " കണ്ടത്തിൽ ഈപ്പൻ വക്കീൽ തിരുവല്ലാ
8. " ഇലഞ്ഞിക്കൽ ജോൺവക്കീൽ തിരുവനന്തപുരം
9. " ഡിസ്ട്രിക്ട് റജിസ്ട്രാർ പൂതിയോട്ടു വർക്കി മേപ്രാ
10. " കിഴക്കേവീട്ടിൽ ഗിവറുഗീസ മുതലാളി ചാത്തന്നൂർ
11. " ഇടവഴിക്കൽ പീലിപ്പോസ് (സിക്രട്ടെറി)

**അച്ചുകൂട്ടങ്ങൾ**

1. മാർ തോമ്മാ പ്രെസ് കോട്ടയം
   മ്ദബ്രോനൊ വ. ദി. ശ്രീ. വലിയ പൌലൂസറമ്പാൻ
2. മാർ യൂലിയോസ പ്രസ പാമ്പാക്കുട
   മാനേജർ: മലങ്കര മല്പാൻ ദി. ശ്രീ. കോനാട്ടു മാത്തൻ കത്തനാർ

**മാസികകൾ**

1. മലങ്കര ഇടവകപത്രിക, കോട്ടയം
   പത്രാധിപർ: മിസ്റ്റർ ഇ. എം. പീലിപ്പോസ്
2. സുറിയാനി സുവിശേഷകൻ, കോട്ടയം
   പത്രാധിപർ: കണിയാന്ത്ര ആലക്സന്ത്രയോസ ശെമ്മാശൻ

MalankaraOrthodox.TV

ജ്ഞാനം കൊണ്ടു ഒരു ഭവനം പണിയപ്പെടുന്നു. അതു മുഴുവനും വിവേകം കൊണ്ടു സ്ഥിരമാക്കപ്പെട്ടു. സുഭാ. 24:3.

---

3. ജീവനിക്ഷേപം, പാമ്പാക്കുട, കൂത്താട്ടുകുളം
   പത്രാധിപർ: ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ടു മാത്തൻകത്തനാർ
4. സീമതഹായെ (സുറിയാനിഭാഷയിൽ ത്രൈമാസിക) പാമ്പാക്കുട
   പത്രാധിപർ: ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ

## കോട്ടയം സിമ്നാരി ട്രസ്റ്റികൾ

1. നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ടു
2. ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ
3. മിസ്റ്റർ കുന്നുംപുറത്തു ജോൺ കുർയ്യൻ.

## സുവിശേഷ സംഘങ്ങൾ

**മലങ്കര മാർ ഗ്രീഗോറിയോസ സ്മാരക സുവിശേഷ സംഘം (1905)**

നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു രക്ഷാധികാരി.

വ. ദി. ശ്രീ. ഫാദർ വി. ജേ. ഗീവറുഗീസ റമ്പാൻ അവർകൾ – സ്ഥിരം പ്രസിഡെണ്ടു

ഖജാൻജി: മിസ്റ്റർ തേരകത്തു കൊച്ചുകോശി മുതലാളി

സിക്രട്ടറിമാർ:

തുമ്പമൺ. പുത്തൻവീട്ടിൽ ദി. ശ്രീ. യാക്കോബുകത്തനാർ

ഓമല്ലൂർ. വടക്കേടത്തു മിസ്റ്റർ ജീ. ഗീവറുഗീസു

ചെങ്ങന്നൂർ. മിസ്റ്റർ കെ. സി. ചാണ്ടി ഉപദേശി

**മലങ്കര സുറിയാനി സുവിശേഷസംഘം (കോട്ടയം)**

സിക്രട്ടറി. പി. ജി. സ്കറിയാ ശെമ്മാശൻ അവർകൾ

**മലങ്കരെ യാക്കോബായ സുറിയാനി സുവിശെഷ പ്രചാരസംഘം. മൂവാറ്റുപുഴ**

സിക്രട്ടറിമാർ: വക്കീൽ കെ. ജെ. ജെയിക്കബ് അവർകൾ
" കെ. പി. പുന്നൂസ അവർകൾ

**മലങ്കര യാക്കോബായ സുറിയാനി യുവജനസംഘങ്ങൾ – കൊട്ടയം**

താഴത്തങ്ങാടി, പള്ളം, തിരുവാർപ്പു, ഒളശ, കായംകുളം, പുതുപ്പള്ളി, കല്ലൂപ്പാറ.

## പുതുക്രിസ്ത്യാനി സഭകൾ

1. പരുമല - മെൽവിചാരം - വ. ദി. ശ്രീ. ഗീവറുഗീസു റമ്പാൻ
2. ചെങ്ങന്നൂർ - മെൽവിചാരം - ദി. ശ്രീ. പൂവത്തൂർ യാക്കോബു കത്തനാർ
3. ചെന്നിത്തല - മെൽവിചാരം - ദി. ശ്രീ. കൊറ്റാത്തുവിള ഗീവറുഗീസ കത്തനാർ
4. വെളിയനാടു - മെൽവിചാരം - രാ. രാ. വാഴയിൽ തോമ്മാ

നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു എന്നും, ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയൊ. കൊ. 3:16.

5. ചിങ്ങൊനം - മെൽവിചാരം - രാ. രാ. ഇ. എം. പീലിപ്പൊസ

6. കല്ലുങ്കത്ര - മെൽവിചാരം - ദി. ശ്രീ. ചാലാകരി യൌസെപ്പു കത്തനാർ

7. വാകത്താനം - മെൽവിചാരം - ദി. ശ്രീ. കോയിപ്പുറത്തു ഗീവറുഗീസ കത്തനാർ

8. പാതിക്കാട്ടു - മെൽവിചാരം - ദി. ശ്രീ. മുണ്ടപ്ലാക്കൽ യാകോബു കത്തനാർ

## മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലെ കീഴുള്ള സുറിയാനി പള്ളികളും കശ്ശീശന്മാരുടെയും ശെമ്മാശന്മാരുടെയും പേരുവിവരവും

### ബ്രിട്ടീഷു സംസ്ഥാനം

### *കൊച്ചീ ഇടവക

1. ചാലശെരി പടിഞ്ഞാറെ പള്ളി. ശു: മാർ പത്രൊസു മാർ പൌലൂസു ശ്ലീഹന്മാർ.

1. ചീരൻ ഈയൂബു കശീശാ.

2. ** കൊച്ചീ കോട്ടയ്ക്കകത്തു ശു. മാർ ആദായി ശ്ലീഹാ.

### കൊച്ചി സംസ്ഥാനം

3. ആർത്താറ്റു ശു: ദൈവമാതാവു.

4. കുന്ദംകുളം പഴയ ശു: ലോഓസാർ

5. ചിറളയത്തു. ശു: ലോഓസാർ

6. കിഴക്കെ പുത്തൻ. ശു: മാർ തോമ്മാശ്ലീഹാ.

7. തെക്കെ കുരിശു. ശു: മാർ മത്ത്യാ ശ്ലീഹാ.

2. *** ചെമ്മണ്ണൂർ കുറിയാക്കോസു ക: 3. ചെറുവത്തൂർ മാത്തു ക: 4. തെക്കേക്കര കുറിയാക്കോസു ക: 5. കോലാടിൽ പൌലൂസ ക: 6. പനയ്ക്കൽ യാക്കൊബു ക: 7. ചെറുവത്തൂർ കുറിയാക്കോസ ക: 8. ചെറുവത്തൂർ ഗീവറുഗീസു ശെമ്മാശു. 9. കോലാടിൽ ദാവിദു ശെ: 10. ചെറുവത്തൂർ യാകോബു ശെ: 11. പുലിക്കോട്ടിൽ ശെമഊൻ ശെ: 12. പുലിക്കോട്ടിൽ യൌസെപ്പു ശെ:

8. പഴഞ്ഞി. ശു: ദൈവമാതാവു.

9. പൈങ്ങാമുക്കു. ശു: മാർ പത്രൊസ മാർ പൌലൊസ ശ്ലീഹന്മാർ.

13. ചീരൻ ഗീവറുഗീസ ക. 14. പുലിക്കോട്ടിൽ മത്തായി. ക: 15. കൊള്ളന്നൂർ യാക്കൊബു ക: 16. ചെറുവത്തൂർ മത്തായി ശെമ്മാശു.

---

* കൊല്ലം 1052 ൽ മൂന്നാമത്തെ പത്രൊസെന്ന പരിശുദ്ധ മാറാൻ മാർ ഇഗ്നാത്യോസ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മലങ്കര ഇടവകയെ ഏഴു മെത്രാസന ഇടവകകളായി ഭാഗിച്ചു.

** ഇടവക പട്ടക്കാരില്ലാത്ത പള്ളികളിൽ അന്യ പള്ളികളിലെ പട്ടക്കാരെ വികാരിമാരായി നിയമിച്ചു നടത്തി വരുന്നു.

*** ഒന്നിലധികം പള്ളികളിൽ അവകാശമുള്ള പട്ടക്കാരുണ്ടു.

Malankara Orthodox TV

ദൈവത്തിന്റെ ആലയത്തെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ആലയം ശുദ്ധമുള്ളതാകുന്നു. അതു നിങ്ങളുമാകുന്നു. കോറ. 3:17.

---

10. പോർക്കുളത്തു. ശു: മാർ തോമ്മാശ്ലീഹാ.
11. വേലക്കര. ശു: മാർ ഗീവറുഗീസ സഹദാ.
12. ചക്കരക്കടവു വലിയ. ശു: ദൈവമാതാവു.
    17. ഈരാളിൽ കോരുതു ക: 18. പുതുശേരിൽ യൌസേപ്പു ക:
13. ചക്കരക്കടവു ചെറിയ. ശു: മാർ ഗീവറുഗീസു സഹദാ.
    19. വാഴപ്പള്ളിൽ മത്തായി ക:
14. അയ്യമ്പിള്ളി. ശു: മാർ യൊഹന്നാൻ മാംദാനാ.
15. കൊച്ചി മട്ടാഞ്ചേരി. ശു: മാർ ഗീവറുഗീസ സഹദാ.
16. കരിങ്ങാശ്ര. ശു: മാർ ഗീവറുഗീസ സഹദാ.
    20. ഇഞ്ചിക്കോട്ടിൽ സ്കറിയാ ക: 21. കറത്തെടത്തു ഗീവറുഗീസ ക: 22. കൂളികാട്ടു സ്കറിയാ ക:
17. തൃപ്പൂണിത്തുറ. ശു: ദൈവമാതാവു.
    23. കളരിക്കൽ സ്കറിയാ ക: 24. വടയാടിൽ കുറിയാക്കോസ ക:
18. തിരുവാങ്കുളത്തു ശു: മാർ പത്രോസ മാർ പൌലൊസ ശ്ലീഹന്മാർ
19. മുളന്തുരുത്തി. ശു: മാർ തോമ്മാശ്ലീഹാ.
    25. കുഴിക്കാട്ടിൽ യാക്കോബു ക: 26. പുനമുടത്തു മത്തായി ക: 27. കൊച്ചുപറമ്പിൽ യാക്കൊബു. ക: 28. ചീരാമ്മെലിൽ ഗീവറുഗീസ ക: 29. ചാമക്കാലായിൽ സ്കറിയാ ശെ: 30. കരപ്പെള്ളിൽ തോമ്മാസ ശെ. 31. പാലക്കാട്ടിൽ യൊഹന്നാൻ ശെ.
20. വടയാപ്പറമ്പു. ശു: മാർ ബഹനാം സഹദാ.
21. മാന്തുരുത്തു. ശു: യോഹന്നാൻ മാംദാനാ.
22. കാഞ്ഞിരമറ്റത്തു. ശു: തീയ്ക്കടുത്ത മാർ ഇഗ്നാത്യോസ.
    32. കൊളത്താക്കൊട്ടിൽ യോഹന്നാൻ ക:
23. വെട്ടിയ്ക്കൽ ദയറാ. ശു: മാർ തോമ്മാശ്ലീഹാ
    33. കൂനപ്പെള്ളിൽ കുരിയൻ ശെമ്മാശു.
24. ആരക്കുന്നത്തു. ശു: മാർ ഗീവറുഗീസ സഹദാ.

## തിരുവിതാംകൂർ സംസ്ഥാനം

### (അങ്കമാലി ഇടവക)

1. അങ്കമാലി പള്ളി, ശു: ദൈവമാതാവു.
2. അകപ്പറമ്പു. ശു: 40 സഹദേന്മാർ മാർ ശാബോർ അപ്രൊത്ത.
    1. പാറയ്ക്കൽ കോരതു കശീശാ. 2. കൂരൻ യാക്കോബു ക:, 3. കൂരൻ തരിയതു ക:, 4. ചക്കര അവത്തൂട്ടു ഗീവറുഗീസ. ക:, 5. പുളിയപ്പെള്ളിൽ തരിയതു. ക:, 6. കരവട്ടുവീട്ടിൽ കോരതു. ക:, 7. പാറയിൽ ഗീവറുഗീസ ക:, 8. അറയ്ക്കപറമ്പിൽ പൌലൊസ. ക:, 9. മങ്ങാട്ടംപെളളിൽ ഗീവറുഗീസ. ക:, 10. പൈനാടത്തു യൌസെപ്പു ശെമ്മാശു.
2. വടക്കൻപറവൂർ. ശു: മാർ തോമ്മാശ്ലീഹാ.
3. വടക്കൻപറവൂർ പെരുമ്പടന്ന. ശു: മാർ എസ്തെപ്പാനോസ സഹദാ.
    11. ഈരാളിൽ മാത്തു. ക:,

**ഭൂമിയിൽ നിങ്ങൾ കെട്ടുന്ന സകലവും ആകാശത്തിലും കെട്ടപ്പെട്ടതായിരിക്കും. ഭൂമിയിൽ നിങ്ങൾ അഴിക്കുന്ന സകലവും ആകാശത്തിലും അഴിക്കപ്പെട്ടതായിരിക്കും. മത്താ. 18:18.**

---

4. പൊയ്ക്കാട്ടുശേരി. ശു: മാർ ബഹനാം സഹദാ.
   12. കോച്ചാട്ടു വടക്കൻ ദാവീദു. ക: 13. തുകലിൽ വടക്കൻ ഗീവറുഗീസ. ക:,
5. പീച്ചാനിക്കാട്ടു ശു: മാർ പത്രൊസ മാർ പൌലൊസ ശ്ലീഹന്മാർ.
   14. കൂരൻ പൌലൊസ ക:, 15. കൂരൻ ഗീവറുഗീസ ക:
6. പീച്ചാനിക്കാട്ടു താബോർ. ശു: മാർ ഗീവറുഗീസ സഹദാ.
   16. കൂരൻ ഇട്ടീരാ ക:
7. മഞ്ഞപ്ര. ശു: മാർ ഗീവറുഗീസ സഹദാ.
   17. അറയ്ക്കപറമ്പിൽ ഇട്ടിച്ചൻ ക:
8. ആലുവാ. ശു: തീയ്ക്കടുത്ത മാർ ഇഗ്നാത്യോസ.
9. കുറുപ്പുംപടി. ശു: ദൈവമാതാവു.
10. (മലേൽ കുരിശു) ശു: മാർ കുറിയാക്കൊസ സഹദാ.
    18. പടയാട്ടിൽ ഇസഹാക്കു ക: 19. പടയാട്ടിൽ ഇസഹാക്കു കൊച്ചു ക: 20. അറയ്ക്കൽ മത്തായി ക: 21. മേനൊത്തുമാലി തോമ്മാ ക: 22. തോമ്പ്ര പൌലൊസ ക: 23. മരങ്ങാട്ടു ഇട്ടിമാത്തു ക: 24. തട്ടാംപുറത്തു യൌസെപ്പു ക: 25. പുതുശേരി പൌലൊസ ക: 26. മറ്റമന കുറിയാക്കോസ ക:
11. വേങ്ങുർ. ശു: മാർ കൌമ്മാ.
    27. കണക്കൻ മാവുകുടി യൌസെപ്പു ക: 28. ആലിയാട്ടുകുടി പൌലൊസ ക:
12. തുരുത്തിപ്പിള്ളി. ശു: ദൈവമാതാവു.
    29. മുണ്ടയ്ക്കാലിക്കുടി ഗീവറുഗീസ ക: 30. കുഞ്ഞുവീട്ടിക്കുടി മത്തായി ക: 31. ചേട്ടാകുളത്തുംകര അബ്രാഹം ക: 32. ആയത്തുകുടി തൊമ്മാ ക: 33. തുരുത്തുമ്മാലി ഗീവറുഗീസ ക: 34. തോമ്പ്ര ഗീവറുഗീസ ശെമ്മാശു, 35, ചെലട്ടകുളത്തുംകര മത്തായി ശെ: (ശീമയ്ക്കു പോയിരിക്കുന്നു)
13. അല്ലപ്ര, ശു: മാർ യാക്കൊബുശ്ലീഹാ.
    36. തോമ്പ്ര ഗിവറുഗീസ ക:
14. പെരുമ്പാവൂർ ബെതെൽ സൂലോക്കൊ. ശു: മാർ തൊമ്മാശ്ലീഹാ.
15. വെങ്ങോല. ശു: മാർ ബഹനാം സഹദാ.
    37. പട്ടളാട്ടു പൌലൊസു ക: 38. കാടുവെട്ടി ഗിവറുഗീസ ക: 39. പട്ടളാട്ടു മത്തായി ശെ.
16. പള്ളിക്കര, ശു: ദൈവമാതാവു.
17. (ടി മലമേൽ കുരിശു) ശു: മാർ തോമ്മാശ്ലീഹാ.
    40. കോച്ചേരിൽ പൌലൊസ ക: 41. കുരിശുങ്കൽ അബ്രാഹം ക: 42. കുരിശുങ്കൽ മാണി, ക: 43. പാപ്പാറ ഗീവറുഗീസ ക: 44. കാഞ്ഞിരവേലി യാക്കോബു ക: 45. കോച്ചേരിൽ ജോർജ്ജു ക: 46. പാപ്പാറ ഗീവറുഗീസ ശെ.
18. താമരച്ചാൽ ശു: ദൈവമാതാവു.
    47. നമ്മണാലി പൌലൊസ ക: 48. നമ്മണാലി പൌലൊസ കൊച്ചു ക: 49. കല്ലാപ്പാറ പത്രൊസ ക: 50. കല്ലാപ്പാറ പൌലോസ ക:
19. കിഴക്കമ്പലത്തു. ശു: മാർ പത്രൊസ മാർ പൌലൊസ ശ്ലീഹന്മാർ.
20. കാക്കനാട്ടു ശു: ദൈവമാതാവു.
21. ചെറുകോട്ടുകുന്നെൽ ശു: മാർ ഗീവറുഗിസ സഹദാ.
    51. കഴിയാഞ്ഞാൽ യൌസെപ്പ ശെ.
22. കോട്ടപ്പടി. ശു: മാർ ഗീവറുഗീസ സഹദാ.

52. ഇരുമല യൌസെപ്പു ക: 53. ഇരുമല യൌസെപ്പു കൊച്ചു ക: 54. പാറപ്പാട്ടു മത്തായി ക: 55. ശ്രാമ്പിക്കുടി സ്കറിയാ ക:

Malankara Orthodox TV

23. ചേലാട്ടു ശു: മാർ എസ്തെപ്പാനൊസ സഹദാ.
56. മഞ്ഞുമ്മെക്കുടി പത്രൊസ ക:
24. കോതമങ്ങലം വലിയ. ശു: ദൈവമാതാവു.
57. ചെറുകര മത്തായി ശെ: 58. പൂക്കുന്നെൽ ഗീവറുഗീസ ശെ.
25. കോതമങ്ങലം ചെറിയ. ശു: മാർ തൊമ്മാശ്ലീഹാ.
59. തേക്കിലക്കാട്ടു കോരതു ക: 60. കാക്കക്കുടി തോമ്മാ ക: 61. തേക്കിലക്കാട്ടു യൂയാക്കീം ക: 62. നെടുന്തെള്ളിൽ സ്കറിയാ ക: 63. നെടുന്തെള്ളിൽ ഗീവറുഗീസ ശെ: 64. മാലിൽ ഇസഹാക്കു ശെ:
26. പോത്താനിക്കാട്ടു ശു: ദൈവമാതാവു.
65. ചെട്ടിയാംകുടി ഗീവറുഗീസ ക: 66. ചെട്ടിയാംകുടി പൌലൊസ ക: 67. പടിഞ്ഞാറെക്കുടി പൌലൊസ ക: 68. ചീരകത്തൊട്ടത്തിൽ പൌലൊസ ക: 69. പടിഞ്ഞാറെക്കുടി മത്തായി ശെ:
27. കാരക്കുന്നത്തു ശു: ദൈവമാതാവു.
70. പൂക്കുന്നെൽ യൌസെപ്പു ക: 71. കാക്കത്തൊട്ടത്തിൽ പൌലൊസ ശെ: 72. അടുമാറി യൊഹന്നാൻ ശെ:
28. റാക്കാട്ടു ശു: ദൈവമാതാവു.
29. (കടാതി കുരിശു) ശു: മാർ പത്രൊസ ശ്ലീഹാ.
73. ചെമ്പകശെരിൽ ഗീവറുഗീസ ക: 74. കടുകത്തുകൽ പൌലൊസ ക: 75. കൊച്ചുകുടി മത്തായി ക: 76. വെള്ളാംകണ്ടത്തിൽ യൊഹന്നാൻ ക: 77. ഓണാട്ടുതോട്ടത്തിൽ യൌസെപ്പു ക:
30. മാറാടി ശു: ദൈവമാതാവു.
78. ആനിപ്ര കുറിയാക്കൊസ ക: 79. ചെറുവേലിൽ യൌസെപ്പു ശെ:
31. കുന്നക്കുരുടി ശു: മാർ ഗീവറുഗീസു സഹദാ.
80. പുളിയനാട്ടു ഇസഹാക്കു ക: 81. മാറാച്ചേരിൽ ഇസഹാക്കു ക: 82. കീപ്പനച്ചേരിൽ മത്തായി ക: 83. മണ്ണാട്ടു ബഹനാം ക: 84. നാരകത്തു പൌലൊസു ശെ:
32. തൃക്കളത്തൂർ ശു: മാർ ഗീവറുഗീസു സഹദാ.
85. ഓലിക്കൽ മത്തായി ക: 86. ഓലിക്കൽ യൌസെപ്പു ശെ:
33. മഴുവന്നൂ ശു: മാർ തോമ്മാശ്ലീഹാ.
87. നെടുമ്പ്രത്തു ദാനിയേൽ ക: 88. കുളങ്ങാട്ടിൽ ഗീവറുഗീസു ക: 89. കുളങ്ങാട്ടിൽ യൌസെപ്പ ശെ: 90. വേനപ്പാടത്തു തോമ്മാസു ശെ: 91. നെടുമ്പ്രത്തു ദാനിയെൽ ശെ: 92. പുത്തൻപുരയിൽ പൌലൊസു ശെ:

**(കണ്ടനാടു ഇടവക)**

1. കണ്ടനാട്ടു പള്ളി ശു: ദൈവമാതാവു.
1. നടപ്പെള്ളിൽ ഗീവറുഗീസു കോറി ക: 2. കല്ലക്കടമ്പിൽ ഗീവറുഗീസു ക: 3. തൊഴുപ്പാടൻ അബ്രാഹം ക: 4. ആലുങ്കൽ അബ്രാഹം ക: 5. ആലുങ്കൽ അബ്രാഹം കൊച്ചു ക: 6. മട്ടമ്മേൽ മത്തായി ക: 7. കരവട്ടുവീട്ടിൽ യൂയാക്കീം ക: 8. പുന്നച്ചാലിൽ കുറിയാക്കോസു ക: 9. പാടത്തുകാരൻ യോഹന്നാൻ ക:
2. തെക്കൻപറവൂർ ശു: മാർ യോഹന്നാൻ മാംദാനാ.
10. കാരിയാത്തു മത്തായി ക: 11. നെടുമ്പെള്ളിൽ പൌലൂസു ശെമ്മാശു. 12. തോപ്പിപറമ്പിൽ ലൂക്കോസു ശെ.

എന്നാൽ പിന്നെയും അതികാലത്തു താൻ ദൈവാലയത്തിൽ എഴുന്നെള്ളി ജനം ഒക്കെയും തന്റെ അടുക്കൽ വന്നു. താൻ ഇരുന്നുകൊണ്ടു അവരെ പഠിപ്പിച്ചു. യോഹ. 8:1.

---

3. ചെമ്പിൽ ശു: മാർ തോമ്മാശ്ലീഹാ
4. മണകുന്നത്തു ശു: മാർ ഔഗേൻ.
 13. മണപ്പുറത്തു തോമ്മാ ക:
5. കണ്യാട്ടുനിരിപ്പു ശു: മാർ യോഹന്നാൻ മാംദാനാ.
 14. പുത്തൻവീട്ടിൽ മത്തായി ക: 15. നടുവിലെപറമ്പിൽ ഗീവറുഗീസു ക: 16. എടപ്പെള്ളി മറ്റത്തിൽ പീലിപ്പോസു ക: 17. കോക്കാട്ടു ഗിവറുഗീസു ക: 18. മുരീക്കൽ മത്തായി ക:
6. പുത്തൻകുരിശു ശു: മാർ പത്രോസു മാർ പൌലൂസു ശ്ലീഹന്മാർ
 19. കണ്ണേത്തു ശീമോൻ ക:
7. കുറിഞ്ഞി ശു: മാർ പത്രോസ മാർ പൌലൂസശ്ലീഹന്മാർ.
8. നീറാംമുകളേൽ ശു: മാർ പത്രോസ മാർ പൌലൂസ ശ്ലീഹന്മാർ.
 20. പറമ്പാത്തു പൌലൂസ ക: 21. പറമ്പാത്തു യോഹന്നാൻ ശെ:
9. കോലഞ്ചേരി ശു: മാർ പത്രോസു മാർ പൌലൂസു ശ്ലീഹന്മാർ.
 22. മരങ്ങാട്ടുമുകളേൽ അബ്രാഹം ക: 23. കുന്നത്തു പത്രൊസു ക: 24. കുന്നത്തു പൌലൂസ ക. 25. തേനുങ്കൽ യൌസേപ്പു ക: 26. തേനുങ്കൽ ഗീവറുഗീസ ക: 27. മുറിമറ്റത്തിൽ ഗീവറുഗീസു ക: 28. ചെന്നയ്ക്കാട്ടു പടിഞ്ഞാറെ കുന്നത്തു പത്രോസ ശെ. 29. പാണ്ടാലിപറമ്പിൽ പത്രോസ ശെ:
10. കടമറ്റത്തു ശു. മാർ ഗീവറുഗീസു സഹദാ.
 30. അയിനിക്കാശേരിൽ യൌസേപ്പു ക: 31. മുണ്ടച്ചിറ യൌസേപ്പു ക. 32. കുന്നപ്പെള്ളിൽ ഗീവറുഗീസ ശെ:
11. കോട്ടൂർ കുരിശു. ശു: മാർ ഗീവറുഗീസ സഹദാ.
12. രാമമംഗലത്തു ശു: മാർ യാക്കോബുശ്ലീഹാ.
 33. തരാപ്പൊട്ടയ്ക്കൽ കുർയ്യൻ ക: 34. തരാപ്പൊട്ടയ്ക്കൽ കുറിയാക്കോസു ക: 35. മങ്ങച്ചാലിൽ മത്തായി ക: 36. പുലയൻകാട്ടിൽ യോഹന്നാൻ ക:
13. കിഴുമുറി ശു: മാർ ഗീവറുഗീസു സഹദാ.
 37. എളമ്പാശേരിൽ സ്കറിയാ ക:
14. മാമ്മലശേരി ശു: മാർ തോമ്മാശ്ലീഹാ.
 38. കുഴികണ്ടത്തിൽ മത്തായി ക: 39. പുതുക്കയിൽ ശീമോൻ ക: 40. കാഞ്ഞിരത്താൽ കുർയ്യൻ ക: 41. കോനാട്ടു അബ്രാഹം ക:
15. നെച്ചുർ ശു: മാർ തോമ്മാശ്ലീഹാ.
 42. ചോളൊത്തിൽ അബ്രാഹം ക: 43. കുറുമ്പാലയ്ക്കാട്ടു പത്രോസ ശെ:
16. പിറവം ശു: ദൈവമാതാവു.
 44. എടമനച്ചിറ ഗീവറുഗീസ ക: 45. നെട്ടടിയിൽ തോമ്മാ ക: 46. പുത്തൻപുരയ്ക്കൽ യൌസേപ്പു ക: 47. കാരാമ്മേൽ തോമ്മാ ക: 48. വട്ടയ്ക്കാട്ടിൽ സ്കറിയാ ക: 49. കരിമ്പിലാക്കൽ പൌലൂസ ക: 50. നെട്ടടിയിൽ മത്തായിശെ:
17. ഓണക്കൂർ ശു: ദൈവമാതാവു.
 51. നടുവിലേടത്തു ഗീവറുഗീസ ക: 52. നടുവിലേടത്തു ഗീവറുഗീസ കൊച്ചു ക: 53. വാളിനടി സ്കറിയാ ക: 54. വാക്കമ്പടത്തിൽ പീലിപ്പോസു ശെ:
18. മുളക്കുളത്തു വലിയ ശു: മാർ യോഹന്നാൻ ശ്ലീഹാ.
 55. മുറന്തൂക്കിൽ പൌലൂസ ക: 56. മുറന്തൂക്കിൽ മാത്തു ക: 57. വെള്ളിയാമ്മാലിൽ യാക്കോബു ശെ:

സ്തേഫാനോസു കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. നടപ്പു 6:8.

---

19. മുളക്കുളത്തു തെക്കെക്കര ശു: ദൈവമാതാവു.
 58. പുത്തൂർ മർക്കോസ ക: 59. മുട്ടപ്പിളി ഗീവറുഗീസ ക: 60. ചെമ്മനത്തിൽ യോഹന്നാൻ ക:
20. മുളക്കുളത്തു കുന്നേൽ ശു: മാർ ഗീവറുഗീസ സഹദാ.
 61. കോച്ചെരിൽ യോഹന്നാൻ ക: 62. പൂവത്തുങ്കൽ തോമ്മാ ശെ:
21. പാമ്പാക്കുട വലിയ ശു: മാർ യോഹന്നാൻ ശ്ലീഹാ.
 63. കോനാട്ടു മല്പാൻ മാത്തൻ ക: 64. പൈമറ്റത്തിൽ പീലിഷോസ ക:
22. പാമ്പാക്കുട ചെറിയ ശു: മാർ തോമ്മാശ്ലീഹാ.
 65. പാലപ്പെള്ളിൽ പൌലൂസ ക:
23. വടകര ശു: മാർ യോഹന്നാൻ മാംദാനാ.
 66. ചീതാർമുഴി യോഹന്നാൻ ക: 67. ചെള്ളമ്പേൽ യോഹന്നാൻ ക: 68. കാക്കനാട്ടു പറമ്പിൽ അബ്രാഹം ക: 69. കോശേരിൽ കുറിയാക്കോസ ക: 70. തറയാനിൽ മത്തായി ക: 71. കണ്ടത്തിൽ പുത്തൻപുരയിൽ യോഹന്നാൻ ക: 72. കുറ്റിപ്പാലയ്ക്കൽ യൌസേപ്പു ശെ:
24. കുഴിക്കാട്ടു കുന്നേൽ കുരിശു, ശു: മാർ തോമ്മാശ്ലീഹാ.
25. മണ്ണത്തൂർ ശു: മാർ ഗീവറുഗീസ സഹദാ.
26. പാലക്കുഴ ശു. മാർ യോഹന്നാൻ മാംദാനാ.
 73. കൂരുവേലിൽ മത്തായി ക: 74. കുളിരാങ്കൽ പൌലോസ ക:
27. കൂത്താട്ടുകുളത്തു ശു: മാർ എസ്തെപ്പാനോസ സഹദാ.
28. പുതുവേലിൽ ശു: മാർ യോഹന്നാൻ മാംദാനാ
29. പെരിയാമ്പ്ര ശു: മാർ ഗീവറുഗീസ സഹദാ.
30. കാരിക്കോട്ടിൽ ബെതേൽ ശു: മാർ തോമ്മാശ്ലീഹാ.
31. ചെമ്മഞ്ചി ശു: മാർ ഗീവറുഗീസ സഹദാ.
32. പാറേൽ ശു. മാർ പത്രോസ മാർ പൌലോസ ശ്ലീഹന്മാർ.

**(കോട്ടയം ഇടവക)**

1. കോട്ടയത്തു വലിയപള്ളി. ശു: ദൈവമാതാവു.
 1. ഇടവഴിക്കൽ ഗീവറുഗീസ ക: 2. ഇടവഴിക്കൽ ലൂക്കോസു ക:
2. കോട്ടയം ചെറിയ ശു: ദൈവമാതാവു.
3. ടി. പുത്തൻ. ശു: മാർ ബർസൌമ്മാ.
4. ടി. പുത്തനങ്ങാടി കുരിശു. ശു: മാർ തൊമ്മാശ്ലീഹാ
 3. ഉപ്പൂട്ടിൽ യാക്കൊബു ക: 4. മേയ്ക്കാട്ടു ഗീവറുഗീസ ക: 5. എരുത്തിക്കൽ ദാനിയെൽ ക: 6. വേങ്കടത്തു ആലക്സന്ത്രയൊസു ക: 7. ഉപ്പൂട്ടിൽ യാക്കോബു ശെ: 8. എരുത്തിക്കൽ യൌസെപ്പ ശെ: 9. വേങ്കടത്തു യൌസെപ്പ ശെ:
5. മനൊരമ ചാപ്പൽ. ശു: മാർ ഏലിയാ നിബിയാ
6. പാണമ്പടിക്കൽ ശു: ദൈവമാതാവു
7. ചെങ്ങളത്തിൽ ശു: മാർതോമ്മാശ്ലീഹാ

Malankara Orthodox TV

ഞാൻ ഈ ഭവനത്തെ മഹത്വംകൊണ്ടു നിറയ്ക്കും എന്നു സൈന്യങ്ങളുടെ കർത്താവു അരുളിച്ചെയ്യുന്നു. ഹഗ്ഗാ. 2:7.

10. പുളിക്കപ്പറമ്പിൽ പുന്നൂസു ക:
8. കുമരകം ശു: മാർ യൊഹന്നാൻ മാംദാനാ
11. കളത്തിപറമ്പിൽ യൌസെപ്പു ക: 12. വാലയിൽ മത്തായി ശെ:
9. കല്ലുങ്കത്ര ശു: മാർ ഗീവറുഗീസു സഹദാ
13. ചാലാകരിയിൽ യൌസെപ്പ ക: 14. ചാലാകരിയിൽ ഗീവറുഗീസു ക: 15. കല്ലുങ്കത്ര യാക്കോബു ക: 16. കളപ്പുരയ്ക്കൽ പീലിപ്പൊസു ശെ:
10. ഒളശയിൽ ശു: മാർ യോഹന്നാൻ ശ്ലീഹാ
17. കോമടത്തുശെരിൽ യൌസെപ്പു ശെ: 18. പാമ്പാടിത്ര തോമ്മാ ശെ:
11. കോട്ടയം സിമ്മനാരി. ശു: മാർ തൊമ്മാശ്ലീഹാ
12. പാറമ്പുഴ. ശു: മാർ യോഹന്നാൻ ശ്ലീഹാ.
19. തുരുത്തെൽ യാക്കൊബു ക: 20. മയിലപ്പെള്ളിൽ യാക്കോബു ക:
13. പെരൂർ. ശു: മർത്തശ്മൂനിയുടെയും ഏഴു മക്കളുടെയും
14. നെട്ടാശെരി ശു: മാർ ഗീവറുഗീസു സഹദാ
15. മണർകാട്ടു പഴയ ശു: ദൈവമാതാവു
16. ടി. പുത്തൻ ശു: ഗീവറുഗീസു സഹദാ
21. തെയ്ക്കാട്ടു മാത്തു ക: 22. വട്ടക്കുന്നെൽ ഗീവറുഗീസു ക: 23. പൈനുങ്കൽ യാക്കൊബു ക: 24. വെട്ടിക്കുന്നെൽ കുറിയാക്കൊസു ക:
17. അമയന്നൂർ വടക്കൻമണ്ണൂർ ശു: മാർ തൊമ്മാശ്ലീഹാ
18. മാങ്ങാനം ശു: മാർ തൊമ്മാശ്ലീഹാ
19. കാരിക്കാമറ്റം ശു: മാർ ശെമഊൻദെസ്തുനാ
20. പാമ്പാടി ശു: മാർ യോഹന്നാൻ മാംദാനാ
25. അയിക്കരപടവിൽ ഗീവറുഗീസു ക: 26. ഓണാട്ടുകുന്നേൽ കുറിയാക്കൊസു ക: 27. കടവുംഭാഗത്തു അന്ത്രയോസു ശെ:
21. വാഴൂര ശു: മാർ പത്രൊസു മാർ പൌലൊസു ശ്ലീഹന്മാർ
28. ചെറിയമഠത്തിൽ യാക്കൊബു ക: 29. ചെറിയമഠത്തിൽ യാക്കൊബു ശെ:
22. കങ്ങഴ ശു: മാർ ഗീവറുഗീസു സഹദാ.
30. വയലപ്പെള്ളിൽ സ്കറിയാ ശെ:
23. മീനടം കിഴക്കെ. ശു: മാർ തൊമ്മാശ്ലീഹാ
31. പുത്തൻപുരയ്ക്കൽ കോരതു ശെ: 32. വെള്ളൂപറമ്പിൽ അബ്രാഹം ശെ:
24. മീനടം പടിഞ്ഞാറെ ശു: മാർ യോഹന്നാൻ മാംദാനാ
33. വൈദ്യൻപറമ്പിൽ കുറിയാക്കോസു ശെ:
25. പുതുപ്പള്ളി ശു: മാർ ഗീവറുഗീസു സഹദാ
34. കാക്കൊളിൽ കുരിയൻ ക: 35. പടിഞ്ഞാറെക്കുറ്റു യാക്കൊബു ക: 36. പടിഞ്ഞാറെക്കുറ്റു അബ്രാഹം ശെ: 37. വല്ല്യപാറെട്ടു മത്തായി ശെ. 38. കാടഞ്ചിറ ഗീവറുഗീസു ശെ:
26. നിലയ്ക്കൽ. ശു: പന്ത്രണ്ടു ശ്ലീഹന്മാർ
39. കയ്പനാട്ടു ഗീവറുഗീസ ക:
27. അഞ്ചേരി. ശു: മാർ പത്രൊസു മാർ പൌലൊസു ശ്ലീഹന്മാർ

Malankara Orthodox TV

ആട്ടിൻതൊഴുത്തിലേക്കു വാതിൽ വഴിയായി അല്ലാതെ മറുവഴിയായി പ്രവേശിക്കുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. യോഹ: 10:11.

---

28. പരിയാരം. ശു: മാർ അപ്രേം മല്പാൻ
    40. വല്ല്യമണ്ണിൽ യോഹന്നാൻ ക:
29. പുതുശേരി ശു: മാർ ശെമഓൻ ശ്ലീഹാ
30. വാകത്താനത്തു ശു: മാർ യൊഹന്നാൻ മാംദാനാ
    41. പട്ടരുമഠത്തിൽ ഗീവറുഗീസ ക: 42. കോയിപ്പുറത്തു ഗിവറുഗീസ ക: 43. കൊച്ചുപറമ്പിൽ യൊഹന്നാൻ ക: 44. എണ്ണച്ചെരിൽ യൊഹന്നാൻ ശെ: 45. വള്ളിക്കാട്ടു പുന്നൂസ ശെ:
31. വള്ളിക്കാട്ടു ശു: ദൈവമാതാവു
32. വെട്ടിക്കകുന്നെൽ ശു: മാർ ഗീവറുഗീസു സഹദാ
    46. കുമ്മൻകുളത്തു കുറിയാക്കൊസു ശെ:
33. നാലുന്നാക്കൽ ശു: മാർ ആദായിശ്ലീഹാ
    47. എടത്ര ഈയൂബ ക: 48. പുതുപ്പറമ്പിൽ യാക്കൊബു ശെ:
34. കുഴിമറ്റത്തു ശു: മാർ ഗീവറുഗീസു സഹദാ
    49. ചിറപ്പുറത്തു പീലിപ്പൊസ ശെ: 50. പട്ടച്ചെരിൽ ആലക്സന്ത്രയോസ ശെ:
35. ചിങ്ങൊനത്തു ദയറാ ശു: മാർ യൊഹന്നാൻ ശ്ലീഹാ
    51. മണിമലെ യാക്കൊബ ക: 52. പള്ളിക്കപറമ്പിൽ കുറിയാക്കൊസു ക: 53. ഒറ്റതൈയ്ക്കൽ തൊമ്മാസു ശെ:
36. ചിങ്ങൊനത്തു പുത്തൻ. ശു: മാർ യൊഹന്നാൻ ശ്ലീഹാ
    54. കരോട്ടു തൊമാ ക:
37. പള്ളത്തു ശു: പൌലൊസു ശ്ലീഹാ
    55. പാറപ്പുറത്തു ഗീവറുഗീസു ക:
38. പാക്കിൽ ശു: മാർ തൊമ്മാശ്ലീഹാ
    56. പടനിലത്തു തോമ്മാ ക:
39. ആലപ്പുഴ (കൊല്ലാടു) ശു: മാർ പൌലൊസു ശ്ലീഹാ
    57. കൈതയിൽ ഗീവറുഗീസ ക: 58. ചെറിയമഠത്തിൽ അന്ത്രയൊസു ക:
40. കുറിച്ചി ശു: മാർ പത്രൊസ മാർ പൌലൊസ ശ്ലീഹന്മാർ
    59. തോപ്പിൽ കുറിയാക്കൊസ ക: 60. വേണാട്ടുകളത്തിൽ യോഹന്നാൻ ക:
41. നീലംപേരൂർ ശു: മാർ ഗീവറുഗീസ സഹദാ
    61. മാലിത്ര സ്കറിയാ ക:
42. വെളിയനാടു ശു. മാർ എസ്തെപ്പാനൊസ സഹദാ
    62. കണ്ണൊത്തു അബ്രാഹം ക:
43. ചേന്ദംകരി ശു: മാർ തൊമ്മാശ്ലീഹാ
    63. അക്കര കളത്തിൽ സ്കറിയാ ക:

Malankara Orthodox TV

ഇതല്ലാതെ വേറൊരു അടിസ്ഥാനത്തെ സ്ഥാപിപ്പാൻ ആർക്കും കഴിയുന്ന തല്ലാ. 1 കൊ. 3:11.

---

*** (നിരണം ഇടവക)**

1. നിരണം. കണിയാന്ത്ര യൌനാൻ കശ്ശീശാ. 2. പള്ളിവാതുക്കൽ ഗീവറുഗീസു ക: 3. പള്ളിവാതുക്കൽ അബ്രാഹം ക: 4. കൊച്ചുമട്ടയ്ക്കൽ പത്രോസു ക: 5. പുന്നത്രെ കുറ്റിക്കാട്ടിൽ യറമിയാ ക: 6. കുറ്റിക്കാട്ടിൽ കുറിയാക്കോസ ക: 7 പനയ്ക്കാമറ്റത്തു അബ്രാഹം ക: 8. മട്ടയ്ക്കൽ മല്പാൻ ആലക്സന്ത്രയോസ ക: 9. കാരിക്കോട്ടു ബർസ്ലീബി ക:

10. എരതൊടു പുരക്കൽ മത്തായി ക: 11. പുരക്കൽ ഗീവറുഗീസ ക:

12. മാന്നാർ തുണ്ടിയിൽ തോമ്മാ ക:

13. എടത്തുവാ ആറ്റുമാലിൽ സ്കറിയാ ക: 14. മനയിൽ യാക്കൊബു ക:

15. ചേപ്പാടു വേലന്തെത്തു ആലക്സന്ത്രയോസ ക: 16. കണ്ണമെള്ളിൽ കോശി ക:

17. പള്ളിപ്പാടു കയമവീട്ടിൽ യോഹന്നാൻ ക:

18. കാരിച്ചാൽ തകടിയിൽ തൊമാസു ക:

19. കരുവാറ്റാ മൺകുഴിയിൽ ഗീവറുഗീസ ക: 20. കാഞ്ഞിരപറമ്പിൽ യൌനാൻ ക: 21. കാഞ്ഞിരപറമ്പിൽ സ്കറിയാ ക:

22. കാർത്തികപ്പെള്ളി താശിയിൽ മാത്തൻ ക:

23. ചെന്നിത്തല കൊറ്റാത്തുവിളയിൽ ഗീവറുഗീസ ക: 24. കോട്ടുവിളയിൽ ഗീവറുഗീസ ക: 25. പെരുമ്പ്രാൽ ഗീവറുഗീസ ക:

26. മേപ്രാൽ പൂതിയൊട്ടു തൊമ്മാ ക:

27. കാരക്കൽ കിഴക്കെ അറ്റത്തു യാക്കൊബു ക: 28. മേമടത്തിൽ സ്കറിയാ ക:

29. തിരുവല്ലാ കോടിയാട്ടു യാക്കൊബു ക: 30. കോടിയാട്ടു കുറിയാക്കോസ ക:

31. മല്ലപ്പള്ളി പയ്യമ്പള്ളിൽ ദാവീദു ക:

32. ചെങ്ങരൂർ മുണ്ടപ്ലാക്കൽ യാക്കൊബു ക:

33. തുരുത്തിക്കാടു കൊന്നയ്ക്കൽ യാക്കോബു ക:

34. കല്ലൂപ്പറ കല്ലൂർ കുറിയാക്കൊസ ക: 35. മാരേട്ടു അബ്രാഹം ക: 36. താഴത്തെപീടികയിൽ തൊമ്മാ ക:

37. കവിയൂർ കുതിരവട്ടത്തു തൊമ്മാ ക:

**ശെമ്മാശന്മാർ**

1. നിരണം പനയ്ക്കാമറ്റത്തു സ്കറിയാ ശെമ്മാശു 2. കൊച്ചുമട്ടയ്ക്കൽ ആലക്സന്ത്രയോസു ശെ: 3. നടുവിലെമുറിയിൽ കുറിയാക്കോസു ശെ:

4. ചെപ്പാട്ടു വെലന്തെത്തു ഗീവറുഗീസ ശെ:

---

* നിരണം, തുമ്പമൺ, കൊല്ലം, ഈ ഇടവകകളിലുള്ള പള്ളികളുടെ നാമങ്ങൾ കൂടി ചേർക്കാൻ ഈയാണ്ടിൽ സാധികായ്കയാൽ പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും അവരുടെ ഇടവകപ്പള്ളികളുടെയും പേരുവിവരം മാത്രമെ ചേർത്തിട്ടുള്ളൂ.

**ദൈവാത്മാവിനെ ഇതിനാൽ അറിവീൻ. യേശുമിശിഹാ ജഡത്തിൽ വന്നു എന്നു ഏറ്റുപറയുന്ന ആത്മാവൊക്കയും ദൈവത്തിൽ നിന്നാകുന്നു.** 1 യൊ. 4:2.

---

5. കാർത്തികപ്പള്ളി മാളിയെക്കൽ സ്കറിയാ ശെ:

6. അരാഴി തുണ്ടിയിൽ ഗീവറുഗീസു ശെ:

7. മേപ്രാൽ കണിയാന്ത്ര ആലക്സന്ത്രയൊസ ശെ: 8. പുതിയൊട്ടു അബ്രാഹം ശെ:

9. കാരയ്ക്കൽ മൂലമണ്ണിൽ തൊമ്മാസു ശെ: 10. കിഴക്കെ അറ്റത്തു യാക്കൊബു ശെ:

11. തിരുവല്ലാ മണലിൽ മാത്യു ശെ: 12. കിഴക്കെ ചാലക്കുഴിയിൽ ഗീവറുഗീസു ശെ: 13. ചാലക്കുഴിയിൽ യൂയാക്കീം ശെ:

14. പരിമല അരികുപുറത്തു ഗീവറുഗീസ ശെ:

15. ചെങ്ങരൂർ വാഴയിൽ ഈയൂബ ശെ:

16. തുരുത്തിക്കാട്ടു ഇരണയ്ക്കൽ കുറിയാക്കൊസ ശെ:

17. വെണ്ണിക്കുളം കക്കുടിയിൽ മത്യൂസ ശെ:

18. ഇരുവള്ളിപ്ര ചിറ്റയ്ക്കാട്ടു മാത്തു ശെ:

**(തുമ്പമൺ ഇടവക)**

1. തുമ്പമൺ താനുവെലിൽ ഗീവറുഗീസു കശ്ശീശാ. 2. താനുവെലിൽ യോശുവാ ക: 3. പൂതക്കുഴിയിൽ തൊമ്മാ ക: 4. പൂതക്കുഴിയിൽ അബ്രാഹം ക: 5. തിരുവനാൽ യാക്കൊബു ക: 6. പുത്തൻവീട്ടിൽ യാക്കൊബ ക: 7. കരിങ്ങാട്ടിൽ മത്തായി ക: 8. ചക്കിട്ടടത്തു തൊമ്മാ ക:

9. കൊടച്ചനാട്ടു കീപ്പെള്ളിൽ പത്രൊസ ക:

10. ഓമല്ലൂർ ഇലവിനാമണ്ണിൽ കുറിയാക്കൊസു കോറി ക: 11. ഇലവിനാമണ്ണിൽ മല്പാൻ സ്കറിയാ ക: 12. പീടികയിൽ അബ്രാഹം ക: 13. മുളമൂട്ടിൽ യൌനാൻ ക: 14. മുളമൂട്ടിൽ തൊമ്മാസ ക: 15. വടക്കേടത്തു ഗീവറുഗീസു ക: 16. പാറയ്ക്കൽ തൊമാസു ക: 17. വടുതല ഈശൊ ക: 18. വടുതല ഈശൊ ക: 19. മാക്കാംകുന്നു തെങ്ങുംതറയിൽ ഗീവറുഗീസ കോറി ക: 20. തെങ്ങുംതറയിൽ ഗീവറുഗീസ ക: 21. കിഴക്കെവീട്ടിൽ പത്രൊസു ക:

22. അറത്തി തയ്യിൽ ഇസഹാക്കു ക:

23. മാന്തുക കിളന്നമണ്ണിൽ ഗീവറുഗീസു ക: 24. പമ്പുരേത്തു ആലക്സന്ത്രയൊസ ക:

25. വെണ്മണി മരത്തുംമൂട്ടിൽ തൊമ്മാ ക: 26. മരത്തുംമൂട്ടിൽ ഗീവറുഗീസു ക:

27. റാന്നി പുരക്കൽ തൊമ്മാ ക: 28. പുരക്കൽ യൌസെപ്പു ക: 29. താഴത്തു മത്തായി ക: 30. താഴത്തു അബ്രാഹം ക:

31. കാട്ടൂർ മണ്ണിൽ അബ്രാഹം ക: 32. വടശെരിയത്തു യൌസെപ്പു ക:

33. അയിരൂർ പഴയ കുറുന്തൊട്ടത്തു സ്ക്കറിയാ ക: 34. അയിരൂർ പുത്തൻ മാവേലിൽ ഗീവറുഗീസ ക: 35. മതാപ്പാറ തെങ്ങുംതോട്ടത്തിൽ അബ്രാഹം ക: 36. തെങ്ങുംതോട്ടത്തിൽ പീലിപ്പൊസു ക:

37. കോഴഞ്ചേരി തെവർവേലിൽ ഗീവറുഗീസു ക: 38. വലിയവീട്ടിൽ മത്തായി ക:

Malankara Orthodox TV

39. മെഴുവേലി. കടുവത്രെ തൊമാസ ക:

40. മാരാമണ്ണ റാവൂർ സ്കറിയാ ക:

41. പുത്തൻകാവു അയിരൂക്കുഴിയിൽ യൌസെപ്പ ക: 42. ആലുമ്മൂട്ടിൽ പത്രൊസ ക: 43. കിഴക്കെത്തലക്കൽ തൊമ്മാ ക:

44. കല്ലിശെരി പുളിമൂട്ടിൽ അബ്രാഹം ക: 45. താമരപ്പെള്ളിൽ അബ്രാഹം ക:

46. ചെങ്ങന്നൂർ പൂവത്തൂർ യാക്കൊബ ക: 47. പേരൂക്കാവിൽ ഗീവറുഗീസ ക:

48. ഇടവംകാടു മണ്ട്റാത്തു പീലിപ്പൊസ ക: 49. നാക്കോലയ്ക്കൽ കോശി ക:

50. കറ്റാണം മാങ്കാവിൽ ഗീവറുഗീസ ക: 51. ആന്നിയിൽ ഗൈനാൻ ക:

52. ചുനക്കര പടിപ്പുരക്കൽ അബ്രാഹാം ക:

53. പരിയാരത്തു പടിപ്പുരക്കൽ അബ്രാഹം ക:

### ശെമ്മാശന്മാർ

1. തുമ്പമൺ പുലിത്തിലെ അബ്രാഹം ശെ: 2. ശംകരത്തിൽ മത്തായി ശെ:

3. ഓമല്ലൂർ പീടികയിൽ ഗീവറുഗീസ ശെ: 4. പുലിമുഖത്തു ഗീവറുഗീസ ശെ.

5. വെണ്മണി ആറ്റുപുറത്തു ഗീവറുഗീസ ശെ:

6. റാന്നി കളരിക്കൽ സ്കറിയാ ശെ: 7. തേലപ്പുറത്തു മത്യൂസ ശെ:

8. അയിരൂർ കുറുന്തൊട്ടത്തു പീലിപ്പൊസ ശെ: 9. കുറ്റിക്കണ്ടത്തിൽ ആലക്സന്ത്രയൊസ ശെ:

10. കോഴഞ്ചേരി തെവർവെലിൽ യൌസെപ്പ ശെ:

11. മാരാമണ്ണു റാവൂർ സ്കറിയാ ശെ:

12. കല്ലിശെരി നെടിയൊഴത്തിൽ ലൂക്കൊസ ശെ:

13. തോനയ്ക്കാട്ടു പാലമൂട്ടിൽ അബ്രാഹം ശെ:

14. കറ്റാണം മാങ്കാവിൽ ശമുവെൽ ശെ:

### (കൊല്ലം ഇടവക)

1. കായംകുളം കൂന്തോളിൽ ഈശോ കശീശാ, 2. കായംകുളം പുളിമൂട്ടിൽ ആലക്സന്ത്രയോസ ക: 3. കൊച്ചുപറമ്പിൽ സ്കറിയാ ക:

4. മാവേലിക്കര പറമ്പിൽ പണിക്കരു തർയ്യതു ക: 5. വിലനിലത്തു ഗീവറുഗീസു ക: 6. വിലനിലത്തു മത്തായി ക: 7. പുത്തൻപുരയിൽ ആലക്സന്ത്രയോസ ക: 8. പുത്തൻപുരയിൽ തോമ്മാസ ക: 9. ഏറാംതോട്ടത്തിൽ ആലക്സന്ത്രയോസു ക: 10. തെരുവിലെ വീട്ടിൽ സ്കറിയാ ക: 11. വടക്കേത്തലയ്ക്കൽ സ്കറിയാ ക:

12. ചൂരനാടു കുറ്റിയിൽ കുറിയാക്കോസ ക:

13. കടമ്പനാടു തെരുവത്തു ഈശൊ ക: 14. തെരുവത്തു മത്തായി ക: 15. വലിയ വീട്ടിൽ യാക്കോബു ക:

16. പുത്തൂർ നിലന്തേത്തു ഈശൊ ക: 17. നിലന്തേത്തു കുറിയാക്കോസ ക: 18. കിണറ്റുകരെ ഇസഹാക്കു ക:

19. കണ്ണൻകോടു ചിറ്റേഴത്ത് അബ്രാഹം ക: 20. കാഞ്ഞരക്കാട്ടു മത്തായി ക:

Malankara Orthodox TV

21. കൊന്നയിൽ പീലിപ്പോസ ക: 22. പുത്തൻവീട്ടിൽ സ്കറിയാ ക: 23. അറപ്പുരയിൽ ഗിവറുഗീസ ക:

24. കലയപുരം കണിച്ചേരിൽ ആലക്സന്ത്രയോസ ക: 25. മൊട്ടക്കുന്നേൽ ഗീവറുഗീസ ക:

26. കൊട്ടാരക്കര ആറമ്മുള തോമ്മാ ക: 27. കയ്പടക്കൽ തോമ്മാ ക:

28. ഓടനാവട്ടം തോട്ടത്തിൽ യൌസേപ്പു ക:

29. ചെങ്കുളം മന്നിയോട്ടു ഗീവറുഗീസ ക: 30. മന്നിയോടു ഗീവറുഗീസ ക: 31. കൂടാരപ്പെള്ളിൽ ദാനിയേൽ ക:

32. ചാത്തന്നൂർ കളീക്കൽ മാത്തു ക:

33. പെരുനാടു കളീക്കൽ സ്കറിയാ ക:

34. കുണ്ടറ മേലെവിളയിൽ പണിക്കരു ഗീവറുഗീസ ക: 35. മേലെവിളയിൽ പണിക്കര പീലിപ്പോസ ക: 36. കല്ലറയ്ക്കൽ പണിക്കരു ഗീവറുഗീസ ക: 37. കിഴക്കെവിളയിൽ ആലക്സന്ത്രയോസ ക: 38. തെങ്ങുവിളയിൽ ഈശൊ ക: 39. തെങ്ങുവിളയിൽ അബ്രാഹം ക:

40. കല്ലട ചാന്ത്രായിൽ ഗീവറുഗീസ ക: 41. മണപ്പുറത്തു യൌസേപ്പു ക: 42. വടക്കേടത്തു യൌനാൻ ക:

43. ഏനാത്തു കാവനാൽ മത്തായി ക: 44. കലയരഴികത്തു കിഴക്കേതിൽ തോമ്മാ ക.

45. തഴവാ പുത്തൻപുരയ്ക്കൽ കോശി ക:

46. തേവലക്കര ഇടയിലെ വീട്ടിൽ തോമാസ ക:

## ശെമ്മാശന്മാർ

1. മാവേലിക്കര പി. റ്റി. ഗീവറുഗീസ് ശെമ്മാശു. എം. എ.
2. പത്തിച്ചിറ മാമ്മൂട്ടിൽ യാക്കോബു ശെ: 3. ഈഴക്കടവിൽ സ്കറിയാ ശെ:
4. കായംകുളം ആലുംമൂട്ടിൽ മിഖായേൽ ശെ:
5. കല്ലട ചാന്ത്രയിൽ ഗീവറുഗീസ ശെ:
6. കണ്ണങ്കോട്ടു ചിറ്റേഴത്തു ലൂക്കോസ ശെ:
7. ചാത്തന്നൂർ മഞ്ചാടിവിളയത്തു മത്തായി ശെ:
8. തലൂർ പറങ്കാമ്മൂട്ടിൽ യോഹന്നാൻ ശെ:



Malankara Orthodox TV

ദീർഘദർശിമാരുടെ നിമിത്തം എന്റെ ഹൃദയം എന്റെ ഉള്ളിൽ നുറുങ്ങിയിരിക്കുന്നു. യറ. 23:9.

---

**മലങ്കര മാർ ഗ്രീഗോറിയോസു സ്മാരക സുവിശേഷസംഘത്തിലെ**
**ഉപദേശിമാരുടെ പേരുവിവരം ലിസ്റ്റ.**

സംഘപ്രസിഡേണ്ടു. വ. ദി. ശ്രീ. ഫാദർ വി. ജെ. ഗീവറുഗീസു റമ്പാച്ചൻ അവർകൾ.
സിക്രട്ടറിമാർ: തുമ്പമൺ പുത്തൻവീട്ടിൽ യാക്കോബ കത്തനാർ അവർകൾ
ഓമല്ലൂർ വടക്കേടത്തു വി. ജി. ഗീവറുഗീസ കത്തനാർ അവർകൾ
ചെങ്ങന്നൂർ. ഇറപ്പുഴക്കടവിൽ കെ. സി. ചാണ്ടി ഉപദേശി അവർകൾ
ഖജാൻജി. കൈപ്പട്ടൂർ തേരകത്തു കൊച്ചുകോശി മുതലാളി

**സംഘത്തിലെ സഞ്ചാരപ്രസംഗികൾ**

1. ദിവ്യശ്രീ. തെവെലിൽ മത്തായി കത്തനാർ അവർകൾ കോഴഞ്ചേരി.
2. ദിവ്യശ്രീ. പുത്തൻവീട്ടിൽ യാക്കോബു കത്തനാർ അവർകൾ തുമ്പമൺ.
3. ഇറപ്പുഴ കടവിൽ കേ. സി. ചാണ്ടി ഉപദേശി അവർകൾ ചെങ്ങന്നൂർ.
4. കല്ലറയ്ക്കൽ സി. ഒ. ഈപ്പൻ ഉപദേശി അവർകൾ മാവേലിക്കര.
5. റ്റി. ഡി. ശമുയേൽ ഉപദേശി അവർകൾ മാവേലിക്കര.
6. വേളു കിഴക്കെതിൽ അന്ത്രയോസു ഉപദേശി അവർകൾ റാന്നി.

**കൈവെപ്പും, കല്പനയുമുള്ള ഉപദേശിമാർ.**

1. ഏ. കെ. ജോൺ ഉപദേശി അവർകൾ, കായങ്കുളം
2. ഏശുദാസൻ ഉപദേശി അവർകൾ, കാർത്തികപ്പള്ളി
3. കളപ്പുരയ്ക്കൽ കൊച്ചിട്ടി ജോൺ ഉപദേശി അവർകൾ, തിരുവാർപ്പു
4. പാലക്കളത്തിൽ തോമ്മസ ഉപദേശി അവർകൾ, കുമരകം
5. പള്ളിക്കപറമ്പിൽ കൊച്ചുതൊമ്മൻ ഉപദേശി അവർകൾ, നീലമ്പെരൂർ
6. പീ. എം. പള്ളത്തെട്ടു മാണി ഉപദേശി അവർകൾ, കുറിച്ചി
7. തറയിൽ ഗീവറുഗീസ ഉപദേശി അവർകൾ, കാർത്തികപ്പള്ളി
8. അടുക്കത്ത വർക്കി ഉപദേശി അവർകൾ, ചെന്നിത്തല
9. തുതിക്കാട്ടു വറുഗീസ ഉപദേശി അവർകൾ, ചെന്നിത്തല
10. വാഴാംവേലിൽ യൌസെപ്പ ഉപദേശി അവർകൾ, ചെങ്ങന്നൂർ
11. ചെത്തിക്കാട്ടു മാത്തൻ കൊച്ചുതൊമ്മൻ ഉപദേശി അവർകൾ, തിരുവല്ലാ
12. ചെത്തിക്കാട്ടു മാത്തൻ ഏലിയാസ ഉപദേശി അവർകൾ, തിരുവല്ലാ
13. ചിറെമാലിൽ വർക്കി ഉപദേശി അവർകൾ, നെടുംപ്രം
14. കണ്ടത്തിൽ കുരിയൻ ഉപദേശി അവർകൾ, വളഞ്ഞവട്ടം
15. പുലിക്കോട്ടിൽ ചേറു അയിപ്പു ഉപദേശി അവർകൾ, കുന്ദംകുളം
16. സി. ഇടിച്ചാണ്ടി ഉപദേശി അവർകൾ, മാവേലിക്കര
17. ജി. ഉമ്മൻ ഉപദേശി അവർകൾ, മാവേലിക്കര
18. പി. ഇടിക്കുള ഉപദേശി അവർകൾ, മാവേലിക്കര
19. ജീ. ഗീവറുഗീസ ഉപദേശി അവർകൾ, മാവേലിക്കര
20. റ്റി. ഡി. ജോൺ ഉപദേശി അവർകൾ, മാവേലിക്കര
21. കുന്നംപ്രത്തു ആലക്സാണ്ടർ ഉപദേശി അവർകൾ, മാവേലിക്കര
22. പുത്തൻവീട്ടിൽ കൊച്ചുകുഞ്ഞു ഉപദേശി അവർകൾ, മാവേലിക്കര
23. വിലനിലത്തു ദാനിയേൽ ഉപദേശി അവർകൾ, മാവേലിക്കര
24. മണപ്പള്ളിൽ ഉമ്മൻ ഉപദേശി അവർകൾ, മാവേലിക്കര
25. ഉമ്മൻ ഐസക്ക് ഉപദേശി അവർകൾ, മാവേലിക്കര
26. തരിയത് പണിക്കരു ഉപദേശി അവർകൾ, മാവേലിക്കര

**ഇനിയും കൈവെപ്പു മാത്രമുള്ളവരായി പൂർണ്ണ വിശ്വസ്തന്മാരായ പലരുണ്ടു.**

Malankara Orthodox TV

### മകരം

### 1908 / 1083

### ജനുവരി - ഫിബ്രുവരി

കുഞ്ഞാടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്ന കള്ള ദീർഘ ദർശിമാരിൽ നിന്നു നിങ്ങൾ സൂക്ഷിച്ചുകൊൾവീൻ; എന്നാൽ അവർ അകമെ ബുഭുക്ഷയുള്ള ചെന്നായ്ക്കൾ ആകുന്നു. മത്താ: 7:15.

| സു. | ഇം. | മ. | ആഴ്ച. |
|---|---|---|---|
| 1 | 14 | 1 | ചൊ |
| 2 | 15 | 2 | ബു |
| 3 | 16 | 3 | വ്യാ |
| 4 | 17 | 4 | വെ |
| 5 | 18 | 5 | ശ |
| 6 | 19 | 6 | ഞാ |
| 7 | 20 | 7 | തി |
| 8 | 21 | 8 | ചൊ |
| 9 | 22 | 9 | ബു |
| 10 | 23 | 10 | വ്യാ |
| 11 | 24 | 11 | വെ |
| 12 | 25 | 12 | ശ |
| 13 | 26 | 13 | ഞാ |
| 14 | 27 | 14 | തി |
| 15 | 28 | 15 | ചൊ |
| 16 | 29 | 16 | ബു |
| 17 | 30 | 17 | വ്യാ |
| 18 | 31 | 18 | വെ |
| 19 | 1 | 19 | ശ |
| 20 | 2 | 20 | ഞാ |
| 21 | 3 | 21 | തി |
| 22 | 4 | 22 | ചൊ |
| 23 | 5 | 23 | ബു |
| 24 | 6 | 24 | വ്യാ |
| 25 | 7 | 25 | വെ |
| 26 | 8 | 26 | ശ |
| 27 | 9 | 27 | ഞാ |
| 28 | 10 | 28 | തി |
| 29 | 11 | 29 | ചൊ |
| 30 | 12 | 30 | ബു |
| 31 | 13 | 1 | വ്യാ |

**വിശേഷദിവസങ്ങൾ**

1 -ാം നു വർഷാരംഭം. നമ്മുടെ കർത്താവിന്റെ ചേലാകർമ്മം. മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും, ശേഷമുള്ള മല്പാന്മാരുടെയും ഓർമ്മ.

6 നു (ദനഹാ) അതായ്തു നമ്മുടെ കർത്താവിന്റെ മാമ്മൊദീസാ (മാറാനായ)*

7 നു മാർ യോഹന്നാൻ മാംദാനായുടെ ശിരഃഛേദനം.

8 നു മാർ എസ്തപ്പാനോസു സഹദായുടെ ഓർമ്മ

13 നു ദനഹായ്ക്കു പിമ്പു 1 -ാം ഞാ.

15. നു വിത്തുകളെക്കുറിച്ചു കന്യാസ്ത്രീ അമ്മയുടെ ഓർമ്മ. മാറാനായ പോലെ.**

20. ദനഹായ്ക്കു പിമ്പു 2 -ാം ഞാ.

27. നു ദനഹായ്ക്കു പിമ്പു 3 -ാം ഞാ.

---

* മാറാനായ പെരുനാളുകളെ ഞായറാഴ്ച പോലെ തന്നെ ആചരിക്കേണ്ടതാണു.

** മാറാനായ പോലെയുള്ള പെരുനാൾ ദിവസങ്ങളിൽ വേലയിൽ നിന്നു ഒഴിഞ്ഞിരിക്കണമെന്നു നിർബന്ധമില്ലെങ്കിലും കുർബ്ബാന കാണുക, വിവാഹത്തിൽ നിന്നു ഒഴിഞ്ഞിരിക്കുക മുതലായവകൾ നിർബന്ധമാകുന്നു.

Malankara Orthodox TV

### ശ്ബോത്ത് - കുംഭം

### 1908 / 1083

### ഫിബ്രുവരി - മാർച്ച

എന്തുകൊണ്ടെന്നാൽ ഞാൻ പോകുന്നതിന്റെ ശേഷം ആട്ടിൻകൂട്ടത്തിന്മേൽ കരുണയില്ലാത്ത ബലമുള്ള ചെന്നായ്ക്കൾ നിങ്ങളോടു കൂടെ പ്രവേശിക്കുമെന്നു ഞാൻ അറിയുന്നു. നട. 20:29.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 2 | വെ | |
| 2 | 15 | 3 | ശ | 2 -ാം നു (മായൽത്തൊ) അതായതു കർത്താവിനെ ദൈവാലയത്തിൽ കാഴ്ച വെച്ചതു (മാറാനായ) |
| 3 | 16 | 4 | ഞാ | |
| 4 | 17 | 5 | തി | |
| 5 | 18 | 6 | ചൊ | 3 നു ദനഹായ്ക്കു പിമ്പു 4 -ാം ഞാ. മാർ ബർസൌമ്മാ, ശെമഊൻ ദെസ്തുനാ, അന്തോനിയോസു എന്നിവരുടെയും സകല പിതാക്കന്മാരുടെയും ഓർമ്മ. |
| 6 | 19 | 7 | ബു | |
| 7 | 20 | 8 | വ്യാ | |
| 8 | 21 | 9 | വെ | |
| 9 | 22 | 10 | ശ | |
| 10 | 23 | 11 | ഞാ | 4 നു നിനുവ നോമ്പാരംഭം. |
| 11 | 24 | 12 | തി | |
| 12 | 25 | 13 | ചൊ | 7 നു നിനുവ നോമ്പുവീടൽ. സ്വർണ്ണനാവുള്ള മാർ ഈവാനിയോസിന്റെ ഓർമ്മ. |
| 13 | 26 | 14 | ബു | |
| 14 | 27 | 15 | വ്യാ | 8 നു മാർ സേവേറിയോസു പാത്രിയർക്കീസിന്റെ ഓർമ്മ. |
| 15 | 28 | 16 | വെ | |
| 16 | 29 | 17 | ശ | 10 നു (കൊഹനെ) അതായതു മരിച്ചുപോയ പട്ടക്കാരുടെ ഓർമ്മ. |
| 17 | 1 | 18 | ഞാ | |
| 18 | 2 | 19 | തി | |
| 19 | 3 | 20 | ചൊ | 17 നു (ആന്നീദെ) സകല മരിച്ചുപോയവരുടെയും ഓർമ്മ. |
| 20 | 4 | 21 | ബു | |
| 21 | 5 | 22 | വ്യാ | 24 നു (കൊത്തിനെ) അതായതു വലിയ നോമ്പിന്റെ 1 -ാം ഞാ. പേത്രത്താ. മാർ മത്തായി ശ്ലീഹായുടെ ഓർമ്മ. |
| 22 | 6 | 23 | വെ | |
| 23 | 7 | 24 | ശ | |
| 24 | 8 | 25 | ഞാ | |
| 25 | 9 | 26 | തി | 25 നു ശുബക്കോനൊ ശുശ്രൂഷ. അങ്കമാലിപ്പള്ളിയിൽ കാലം ചെയ്ത മാർ കൂറീലോസിന്റെ ഓർമ്മ. |
| 26 | 10 | 27 | ചൊ | |
| 27 | 11 | 28 | ബു | |
| 28 | 12 | 29 | വ്യാ | |
| 29 | 13 | 1 | വെ | |

Malankara Orthodox TV

**ഓദോർ - മീനം**

**1908 / 1083**

**മാർച്ച -ഏപ്രിൽ**

ശിഷ്യന്മാർ തങ്ങളുടെ പിന്നാലെ പോകുവാനായിട്ടു അവരെ തിരിഷിഷാൻ തക്കവണ്ണം മാറുപാടുകൾ സംസാരിക്കുന്ന പുരുഷന്മാർ നിങ്ങളിൽ നിന്നു എഴുന്നേല്ക്കും. നട. 20:30.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 2 | ശ | |
| 2 | 15 | 3 | ഞാ | 1 നു മാർ അപ്രെം മല്പാന്റെയും മാർ തേവോദോറോസിന്റെയും ഓർമ്മ. (ഇതു എല്ലാ ആണ്ടിലും വലിയ നോമ്പിന്റെ ആദ്യ ശനിയാഴ്ച വരുന്നു). |
| 3 | 16 | 4 | തി | |
| 4 | 17 | 5 | ചൊ | |
| 5 | 18 | 6 | ബു | |
| 6 | 19 | 7 | വ്യാ | |
| 7 | 20 | 8 | വെ | 2 നു (ഗർബൊ) അതായ്തു നോമ്പിന്റെ 2 ാം ഞാ. |
| 8 | 21 | 9 | ശ | |
| 9 | 22 | 10 | ഞാ | 9 നു (മ്ശറിയൊ) അതായ്തു നോമ്പി ന്റെ 3 ാം ഞാ. സെബസ്ഥി എന്ന സമുദ്രത്തിൽ കുളിരും ഭയങ്കരശിക്ഷകളും അനുഭവിച്ചവ രായ നാല്പതു സഹദേന്മാ രുടെ ഓർമ്മ. |
| 10 | 23 | 11 | തി | |
| 11 | 24 | 12 | ചൊ | |
| 12 | 25 | 13 | ബു | |
| 13 | 26 | 14 | വ്യാ | |
| 14 | 27 | 15 | വെ | 16 നു (ക്നാനൈത്തൊ) അതായ്തു നോമ്പിന്റെ 4 ാം ഞാ. |
| 15 | 28 | 16 | ശ | |
| 16 | 29 | 17 | ഞാ | 19 നു പാതിനോമ്പു. |
| 17 | 30 | 18 | തി | |
| 18 | 31 | 19 | ചൊ | 23 നു (ക്പിപത്തൊ) അതായ്തു നോമ്പി ന്റെ 5 ാം ഞാ. |
| 19 | 1 | 20 | ബു | |
| 20 | 2 | 21 | വ്യാ | 25 നു (സൂബൊറൊ) അതായ്തു കന്യാ സ്ത്രീ അമ്മയോടുള്ള വചനിഷു (മാറാനാ യ). പകലോമറ്റം വലിയ മാർ ദീവന്നാസ്യോ സിന്റെ ഓർമ്മ. |
| 21 | 3 | 22 | വെ | |
| 22 | 4 | 23 | ശ | |
| 23 | 5 | 24 | ഞാ | |
| 24 | 6 | 25 | തി | |
| 25 | 7 | 26 | ചൊ | 30 നു (സമിയൊ) അതായ്തു നോമ്പിന്റെ 6 ാം ഞാ. |
| 26 | 8 | 27 | ബു | |
| 27 | 9 | 28 | വ്യാ | |
| 28 | 10 | 29 | വെ | |
| 29 | 11 | 30 | ശ | |
| 30 | 12 | 31 | ഞാ | |
| 31 | 13 | 1 | തി | |

Malankara OrthodoxTV

**നീസോൻ - മേടം**

**1908 / 1083**

**ഏപ്രീൽ - മെയി**

ഞങ്ങൾ നിങ്ങളോടു സുവിശേഷിച്ചതിനു വിപരീതമായി ഞങ്ങളോ സ്വർഗ്ഗത്തിൽ നിന്നു ഒരു മാലാകായോ നിങ്ങളോടു സുവിശേഷിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ, ഗലാ: 1:8.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 2 | ചൊ | |
| 2 | 15 | 3 | ബു | 4 നു നാല്പതാം വെള്ളിയാഴ്ച. |
| 3 | 16 | 4 | വ്യാ | 5 നു ലോആസാറിന്റെ ഓർമ്മ. ഇതു എല്ലാ ആണ്ടിലും ഓശാനയ്ക്കു മുമ്പുള്ള ശനിയാഴ്ച വരുന്നു. |
| 4 | 17 | 5 | വെ | |
| 5 | 18 | 6 | ശ | |
| 6 | 19 | 7 | ഞാ | 6 നു ഓശാന ഞാ: |
| 7 | 20 | 8 | തി | |
| 8 | 21 | 9 | ചൊ | 10 നു പെസഹാ. |
| 9 | 22 | 10 | ബു | |
| 10 | 23 | 11 | വ്യാ | 11 നു ദുഃഖവെള്ളിയാഴ്ച. |
| 11 | 24 | 12 | വെ | 12 നു ദുഃഖശനിയാഴ്ച. |
| 12 | 25 | 13 | ശ | |
| 13 | 26 | 14 | ഞാ | 13 നു ഉയിർപ്പ, മൌദ്യാനെന്മാരുടെ ഓർമ്മ. |
| 14 | 27 | 15 | തി | 14 നു വടക്കൻപറവൂർ പള്ളിയിൽ കാലം ചെയ്ത മാർ ഗ്രീഗോറിയോസിന്റെ ഓർമ്മ. |
| 15 | 28 | 16 | ചൊ | |
| 16 | 29 | 17 | ബു | |
| 17 | 30 | 18 | വ്യാ | 20 നു പുതുഞായറാഴ്ച. |
| 18 | 1 | 19 | വെ | 23 നു മാർ ഗീവറുഗീസു സഹദായുടെ ഓർമ്മ. |
| 19 | 2 | 20 | ശ | |
| 20 | 3 | 21 | ഞാ | |
| 21 | 4 | 22 | തി | 25 നു മർക്കോസ ഏവൻഗേലിസ്തായുടെ ഓർമ്മ. |
| 22 | 5 | 23 | ചൊ | |
| 23 | 6 | 24 | ബു | 27 നു പുതുഞായറാഴ്ചയ്ക്കു പിമ്പു 1 -ാം ഞാ. |
| 24 | 7 | 25 | വ്യാ | |
| 25 | 8 | 26 | വെ | |
| 26 | 9 | 27 | ശ | |
| 27 | 10 | 28 | ഞാ | |
| 28 | 11 | 29 | തി | |
| 29 | 12 | 30 | ചൊ | |
| 30 | 13 | 31 | ബു | |

Malankara OrthodoxTV

## ഈയോർ – ഇടവം

## 1908 / 1083

## മേയി – ജൂൺ

നിന്റെ പിതാക്കന്മാർ നിയമിച്ചിട്ടുള്ളതായ പണ്ടെയുള്ള അതൃത്തിയെ നീ നീക്കരുതു. സുഭാ. 22:28.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 1 | വ്യാ | |
| 2 | 15 | 2 | വെ | 1 നു മാർ പീലിപ്പോസിന്റെയും മാർ യാക്കോബിന്റെയും ഓർമ്മ. |
| 3 | 16 | 3 | ശ | |
| 4 | 17 | 4 | ഞാ | |
| 5 | 18 | 5 | തി | 4 നു പുതുഞായറാഴ്ചയ്ക്കു പിമ്പു 2 ാം ഞാ. |
| 6 | 19 | 6 | ചൊ | |
| 7 | 20 | 7 | ബു | 8 നു മാർ യോഹന്നാൻ ശ്ലീഹായുടെ ഓർമ്മ. |
| 8 | 21 | 8 | വ്യാ | |
| 9 | 22 | 9 | വെ | |
| 10 | 23 | 10 | ശ | 15 നു കതിരുകളെക്കുറിച്ചു ദൈവമാതാവിന്റെ ഓർമ്മ. മാറാനായ പോലെ. |
| 11 | 24 | 11 | ഞാ | |
| 12 | 25 | 12 | തി | 18 നു പുതുഞായറാഴ്ചയ്ക്കു പിമ്പു 4 –ാം ഞായറാഴ്ച. |
| 13 | 26 | 13 | ചൊ | |
| 14 | 27 | 14 | ബു | 22 നു സ്വർഗ്ഗാരോഹണം മാറാനായ. |
| 15 | 28 | 15 | വ്യാ | |
| 16 | 29 | 16 | വെ | 25 നു പെന്തിക്കുസ്തിക്കു മുമ്പുള്ള ഞായറാഴ്ച. |
| 17 | 30 | 17 | ശ | |
| 18 | 31 | 18 | ഞാ | 31 നു കോട്ടയത്തു പുത്തൻപള്ളിയിൽ കാലം ചെയ്ത ശെമഓൻ മാർ അത്താനാസ്യോസിന്റെ ഓർമ്മ. |
| 19 | 1 | 19 | തി | |
| 20 | 2 | 20 | ചൊ | |
| 21 | 3 | 21 | ബു | |
| 22 | 4 | 22 | വ്യാ | |
| 23 | 5 | 23 | വെ | |
| 24 | 6 | 24 | ശ | |
| 25 | 7 | 25 | ഞാ | |
| 26 | 8 | 26 | തി | |
| 27 | 9 | 27 | ചൊ | |
| 28 | 10 | 28 | ബു | |
| 29 | 11 | 29 | വ്യാ | |
| 30 | 12 | 30 | വെ | |
| 31 | 13 | 31 | ശ | |

Malankara Orthodox TV

## ഹ്സീറോൻ - മിഥുനം

**1908 / 1083**

**ജൂൺ - ജൂലായി**

എന്റെ കർത്താവെ, എന്റെ കർത്താവെ, എന്നു എന്നോടു പറയുന്ന ഏവനുമല്ലാ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു; സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ. മത്താ: 7:21.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 1 | ഞാ | 1 നു പെന്തിക്കുസ്തി. |
| 2 | 15 | 2 | തി | 2 നു മാർ അഹറോൻ ബാവായുടെ ഓർമ്മ. |
| 3 | 16 | 3 | ചൊ | 3 നു മാർ അവുതൽബാവായുടെ ഓർമ്മ. |
| 4 | 17 | 4 | ബു | |
| 5 | 18 | 5 | വ്യാ | 4 നു കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ എപ്പിസ്കോപ്പായും ആയ മാർ യാക്കോബു ആദ്യം വി. കുർബ്ബാന അണച്ച ഓർമ്മ. |
| 6 | 19 | 6 | വെ | |
| 7 | 20 | 7 | ശ | |
| 8 | 21 | 8 | ഞാ | |
| 9 | 22 | 9 | തി | 6 നു സ്വർണ്ണവെള്ളിയാഴ്ച; ദൈവമാതാവിന്റെ നാമത്തിൽ അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിച്ച ഓർമ്മ. |
| 10 | 23 | 10 | ചൊ | |
| 11 | 24 | 11 | ബു | |
| 12 | 25 | 12 | വ്യാ | 8 നു പെന്തിക്കുസ്തിക്കു പിമ്പു 1 -ാം ഞായറാഴ്ച. |
| 13 | 26 | 13 | വെ | |
| 14 | 27 | 14 | ശ | |
| 15 | 28 | 15 | ഞാ | 15 നു പെന്തിക്കുസ്തിക്കു പിമ്പു 2 -ാം ഞായറാഴ്ച. |
| 16 | 29 | 16 | തി | |
| 17 | 30 | 17 | ചൊ | 16 നു ശ്ലീഹാനോമ്പാരംഭം. |
| 18 | 1 | 18 | ബു | 22 നു പെന്തിക്കുസ്തിക്കു പിമ്പു 3 -ാം ഞായറാഴ്ച. |
| 19 | 2 | 19 | വ്യാ | |
| 20 | 3 | 20 | വെ | 24 നു മാർ യോഹന്നാൻ മാംദാനായുടെ ജനനം. |
| 21 | 4 | 21 | ശ | |
| 22 | 5 | 22 | ഞാ | 25 നു പെബ്രുനിയാ എന്ന രക്തസാക്ഷിക്കാരിയുടെ ഓർമ്മ. |
| 23 | 6 | 23 | തി | |
| 24 | 7 | 24 | ചൊ | 27 നു മുളന്തുരുത്തി പള്ളിയിൽ കാലം ചെയ്ത മാർ ഗ്രീഗോറിയോസിന്റെ ഓർമ്മ. |
| 25 | 8 | 25 | ബു | |
| 26 | 9 | 26 | വ്യാ | |
| 27 | 10 | 27 | വെ | 29 നു പെന്തി. പിമ്പു. 4 -ാം ഞാ. ശ്ലീഹാനൊമ്പു വീടൽ. മാർ പത്രൊസ മാർ പൌലൊസ ശ്ലീഹന്മാരുടെ ഓർമ്മ (മാറാനായ). |
| 28 | 11 | 28 | ശ | |
| 29 | 12 | 29 | ഞാ | |
| 30 | 13 | 30 | തി | 30 നു പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ. |

Malankara Orthodox TV

## തോമ്മൂസ് – കർക്കടകം
**1908 / 1083**
**ജൂലായി – ഓഗസ്റ്റ്**

എന്നാൽ അവസാനകാലങ്ങളിൽ ചിലർ വിശ്വാസത്തിൽ നിന്ന് അകന്ന് തെറ്റിക്കുന്ന ആത്മാക്കളുടെ പിന്നാലെയും പിശാചുക്കളുടെ ഉപദേശത്തിന്റെ പിന്നാലെയും പോകും എന്നു റൂഹാ സ്പഷ്ടമായി പറയുന്നു. 1 തീ. 4:1.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 31 | ചൊ | |
| 2 | 15 | 32 | ബു | 1 നു മാർ കുസുമാ, മാർ ദുമിയാനാ എന്നവരുടെ ഓർമ്മ. |
| 3 | 16 | 1 | വ്യാ | |
| 4 | 17 | 2 | വെ | |
| 5 | 18 | 3 | ശ | 2 നു പിതാവായ ബിശുവായി ചെറിയ യോഹന്നാൻ എന്നിവരുടെ ഓർമ്മ. |
| 6 | 19 | 4 | ഞാ | |
| 7 | 20 | 5 | തി | 3 നു മാർ തോമ്മാശ്ലീഹായുടെ ഓർമ്മ. (ഇൻഡ്യാക്കാർക്കു മാറാനായ) |
| 8 | 21 | 6 | ചൊ | |
| 9 | 22 | 7 | ബു | 6 നു പെന്തി: പിമ്പു 5 -ാം ഞാ. |
| 10 | 23 | 8 | വ്യാ | |
| 11 | 24 | 9 | വെ | 13 നു പെന്തി: പിമ്പു 6 -ാം ഞാ. |
| 12 | 25 | 10 | ശ | 15 നു മാർ കുറിയാക്കോസു സഹദായുടെയും തന്റെ മാതാവായ യൂലീത്തിയുടെയും നിഖ്യായിലെ അബഹായി ബാവായുടെയും തന്നോടു കൂടെയുള്ള പരിശുദ്ധന്മാരുടെയും ഓർമ്മ. |
| 13 | 26 | 11 | ഞാ | |
| 14 | 27 | 12 | തി | |
| 15 | 28 | 13 | ചൊ | |
| 16 | 29 | 14 | ബു | |
| 17 | 30 | 15 | വ്യാ | |
| 18 | 31 | 16 | വെ | 20 നു പെന്തി: പിമ്പു 7 -ാം ഞാ. ഏലിയാ നബിയാ മേഘത്തിൽ കരേറിയ ദിവസം. |
| 19 | 1 | 17 | ശ | |
| 20 | 2 | 18 | ഞാ | 22 നു മറിയം മഗ്ദലൈത്തായുടെ ഓർമ്മ. |
| 21 | 3 | 19 | തി | |
| 22 | 4 | 20 | ചൊ | 25 നു മാർ യാക്കോബു ശ്ലീഹായുടെ ഓർമ്മ. |
| 23 | 5 | 21 | ബു | |
| 24 | 6 | 22 | വ്യാ | 27 നു പെന്തി: പിമ്പു 8 -ാം ഞാ. |
| 25 | 7 | 23 | വെ | |
| 26 | 8 | 24 | ശ | |
| 27 | 9 | 25 | ഞാ | |
| 28 | 10 | 26 | തി | |
| 29 | 11 | 27 | ചൊ | |
| 30 | 12 | 28 | ബു | |
| 31 | 13 | 29 | വ്യാ | |

Malankara OrthodoxTV

## ഓബ് - ചിങ്ങം

## 1908 / 1084

## ഓഗസ്റ്റ - സെപ്റ്റംബർ

എന്തുകൊണ്ടെന്നാൽ കള്ളമിശിഹാക്കളും വ്യാജത്തിന്റെ ദീർഘദർശിമാരും എഴുനീറ്റു കഴിയുമെങ്കിൽ തെരിഞ്ഞെടുക്കപ്പെട്ടവരേയും വഞ്ചിപ്പാൻ തക്കവണ്ണം വലിയ അടയാളങ്ങളെ കാണിക്കും. മത്താ; 24:24.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 30 | വെ | |
| 2 | 15 | 31 | ശ | 1 നു പതിനഞ്ചുനോമ്പാരംഭം മർത്തശ്മൂനിയുടെയും, ഏഴു മക്കളുടെയും, മല്പാൻ ഏലിയാസാറിന്റെയും, മക്കുബായ സഹദേന്മാരുടെയും, മാർ റൂബേലിന്റെയും ഓർമ്മ. |
| 3 | 16 | 1 | ഞാ | |
| 4 | 17 | 2 | തി | |
| 5 | 18 | 3 | ചൊ | |
| 6 | 19 | 4 | ബു | |
| 7 | 20 | 5 | വ്യാ | 3 നു പെന്തി: പിമ്പു 9 -ാം ഞാ. മുളന്തുരുത്തി പള്ളിയിൽ കാലംചെയ്ത മാർ ഈവാനിയോസു ബാവായുടെ ഓർമ്മ. |
| 8 | 21 | 6 | വെ | |
| 9 | 22 | 7 | ശ | |
| 10 | 23 | 8 | ഞാ | |
| 11 | 24 | 9 | തി | 6 നു കർത്താവിന്റെ മറുരൂപം (മാറാനായ). |
| 12 | 25 | 10 | ചൊ | |
| 13 | 26 | 11 | ബു | 10 നു മറുരൂപത്തിന്നു പിമ്പു 1 -ാം ഞാ: |
| 14 | 27 | 12 | വ്യാ | |
| 15 | 28 | 13 | വെ | 12 നു മാർ അസ്സൊസോയേൽ സഹദായുടെ ഓർമ്മ. |
| 16 | 29 | 14 | ശ | |
| 17 | 30 | 15 | ഞാ | 15 നു പതിനഞ്ചുനോമ്പുവീടൽ, ദൈവമാതാവിന്റെ വാങ്ങിപ്പു (മാറാനായ). |
| 18 | 31 | 16 | തി | |
| 19 | 1 | 17 | ചൊ | |
| 20 | 2 | 18 | ബു | 17 നു വാങ്ങിപ്പിനു പിമ്പു 1 -ാം ഞാ: |
| 21 | 3 | 19 | വ്യാ | 20 നു മുളന്തുരുത്തിപ്പള്ളിയിൽ കാലം ചെയ്ത മാർ കൂറീലോസു ബാവായുടെ ഓർമ്മ. |
| 22 | 4 | 20 | വെ | |
| 23 | 5 | 21 | ശ | |
| 24 | 6 | 22 | ഞാ | 24 നു വാങ്ങിപ്പിനു പിമ്പു 2 ാം ഞാ: ബർത്തുൽമായി ശ്ലീഹായുടെ ഓർമ്മ. |
| 25 | 7 | 23 | തി | |
| 26 | 8 | 24 | ചൊ | |
| 27 | 9 | 25 | ബു | 30 നു മാർ ഗബ്രിയേൽ എപ്പിസ്കോപ്പായുടെ ഓർമ്മ. |
| 28 | 10 | 26 | വ്യാ | |
| 29 | 11 | 27 | വെ | 31 നു വാങ്ങിപ്പിനു പിമ്പു 3 ാം ഞാ: |
| 30 | 12 | 28 | ശ | |
| 31 | 13 | 29 | ഞാ | |

Malankara OrthodoxTV

## ഈലൂൽ – കന്നി

**1908 / 1084**

## സെഫ്റ്റംബർ – ഒക്ടോബർ

എന്നാൽ എന്റെ സഹോദരന്മാരെ, നിങ്ങൾ പഠിച്ചിട്ടുള്ള ഉപദേശത്തിന്നപ്പുറമായി പകപ്പുകളേയും വിരുദ്ധങ്ങളേയും ഉണ്ടാക്കുന്നവരിൽ നിന്നു നിങ്ങൾ സൂക്ഷിച്ചു കൊള്ളണമെന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. റോമാ: 16:17.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 30 | തി | |
| 2 | 15 | 31 | ചൊ | |
| 3 | 16 | 1 | ബു | 7 നു വാങ്ങിപ്പിനു പിമ്പു 4 –ാം ഞാ: |
| 4 | 17 | 2 | വ്യാ | 8 നു ദൈവമാതാവിന്റെ ജനനം. |
| 5 | 18 | 3 | വെ | |
| 6 | 19 | 4 | ശ | 14 നു വാങ്ങിപ്പിനു പിമ്പു 5 –ാം ഞാ: സ്ലീബാ പെരുനാൾ (മാറാനായ) |
| 7 | 20 | 5 | ഞാ | |
| 8 | 21 | 6 | തി | 20 നു കോതമംഗലത്തു ചെറിയപള്ളിയിൽ കാലം ചെയ്ത മാർ ബസേലിയോസു ബാവാ യുടെ ഓർമ്മ. |
| 9 | 22 | 7 | ചൊ | |
| 10 | 23 | 8 | ബു | |
| 11 | 24 | 9 | വ്യാ | |
| 12 | 25 | 10 | വെ | 21 നു സ്ലീബായ്ക്കു പിമ്പു 1 –ാം ഞാ: മാർ മത്തായി ശ്ലീഹായുടെ ഓർമ്മ. |
| 13 | 26 | 11 | ശ | |
| 14 | 27 | 12 | ഞാ | 24 നു മാർ ദേമേത്തിന്റെ ഓർമ്മ. |
| 15 | 28 | 13 | തി | |
| 16 | 29 | 14 | ചൊ | 26 നു മൂന്നാമത്തെ പത്രോസ മാറാൻ മാർ ഇഗ്നാത്യോസു പാത്രിയർക്കീസു ബാവാ യുടെ ഓർമ്മ. |
| 17 | 30 | 15 | ബു | |
| 18 | 1 | 16 | വ്യാ | |
| 19 | 2 | 17 | വെ | 28 നു സ്ലീബായ്ക്കു പിമ്പു 2 –ാം ഞാ: |
| 20 | 3 | 18 | ശ | |
| 21 | 4 | 19 | ഞാ | |
| 22 | 5 | 20 | തി | |
| 23 | 6 | 21 | ചൊ | |
| 24 | 7 | 22 | ബു | |
| 25 | 8 | 23 | വ്യാ | |
| 26 | 9 | 24 | വെ | |
| 27 | 10 | 25 | ശ | |
| 28 | 11 | 26 | ഞാ | |
| 29 | 12 | 27 | തി | |
| 30 | 13 | 28 | ചൊ | |

Malankara Orthodox TV

## തെശ്രീൻക്ക്ദീം - തുലാം

### 1908 / 1084

### ഒക്ടോബർ - നവംബർ

എന്റെ വാത്സല്യമുള്ളവരെ, എല്ലാ ആത്മാക്കളെയും നിങ്ങൾ വിശ്വസിക്കരുതു, എന്നാലൊ ആത്മാക്കൾ ദൈവത്തിൽ നിന്നാകുന്നുവൊ എന്നു വേർതിരിച്ചറിയുന്നവരാകുവീൻ. 1 യോ: 4:1.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 29 | ബു | 1 നു മാർ ആദായിശ്ലീഹാ, മാർ അബഹായി സഹദാ എന്നിവരുടെ ഓർമ്മ. |
| 2 | 15 | 30 | വ്യാ | |
| 3 | 16 | 31 | വെ | |
| 4 | 17 | 1 | ശ | |
| 5 | 18 | 2 | ഞാ | 5 നു സ്ലീബായ്ക്കു പിമ്പു 3 -ാം ഞാ: |
| 6 | 19 | 3 | തി | |
| 7 | 20 | 4 | ചൊ | 7 നു മാർ സർഗീസു, മാർ ബാക്കോസു എന്നിവരുടെ ഓർമ്മ. |
| 8 | 21 | 5 | ബു | |
| 9 | 22 | 6 | വ്യാ | 9 നു കണ്ടനാട്ടുപള്ളിയിൽ കാലം ചെയ്ത മാർ ബസ്സേലിയോസു മപ്രിയാനായുടെ ഓർമ്മ. |
| 10 | 23 | 7 | വെ | |
| 11 | 24 | 8 | ശ | |
| 12 | 25 | 9 | ഞാ | 12 നു സ്ലീബായ്ക്കു പിമ്പു 4 -ാം ഞാ: |
| 13 | 26 | 10 | തി | |
| 14 | 27 | 11 | ചൊ | |
| 15 | 28 | 12 | ബു | 15 നു മാർ ഒസിയോതപസിയുടെ ഓർമ്മ. |
| 16 | 29 | 13 | വ്യാ | |
| 17 | 30 | 14 | വെ | |
| 18 | 31 | 15 | ശ | 18 നു ലൂക്കോസു ഏവൻഗേലിസ്തായുടെ ഓർമ്മ. |
| 19 | 1 | 16 | ഞാ | 19 നു സ്ലീബായ്ക്കു പിമ്പു 5 -ാം ഞാ: |
| 20 | 2 | 17 | തി | 20 നു പരുമല സിമ്മനാരിയിൽ കാലം ചെയ്ത മാർ ഗ്രീഗോറിയോസു, ആലുവാ സിമ്മനാരിയിൽ കാലം ചെയ്ത മാർ അത്താനാസ്യോസു എന്നീ മെത്രാപ്പോലീത്തന്മാരുടെ ഓർമ്മ. |
| 21 | 3 | 18 | ചൊ | |
| 22 | 4 | 19 | ബു | |
| 23 | 5 | 20 | വ്യാ | |
| 24 | 6 | 21 | വെ | |
| 25 | 7 | 22 | ശ | |
| 26 | 8 | 23 | ഞാ | 26 നു സ്ലീബായ്ക്കു പിമ്പു 6 -ാം ഞാ: |
| 27 | 9 | 24 | തി | |
| 28 | 10 | 25 | ചൊ | 28 നു മാർ ശെമഓന്റെയും മാർ യൂദായുടെയും ഓർമ്മ. |
| 29 | 11 | 26 | ബു | |
| 30 | 12 | 27 | വ്യാ | |
| 31 | 13 | 28 | വെ | |

Malankara OrthodoxTV

## തെശ്രീൻഹ്റോയി – വൃശ്ചികം

**1908 / 1084**

**നവംബർ – ഡിസംബർ**

ഇവർ ലോകത്തിൽ നിന്നാകുന്നു. ഇതു നിമിത്തം ലോകത്തിൽ നിന്നു അവർ സംസാരിക്കുന്നു. ലോകം അവരെ ചെവിക്കൊള്ളുകയും ചെയ്യുന്നു. 1 യോ. 4:5.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 29 | ശ | |
| 2 | 15 | 30 | ഞാ | 2 നു (കൂദശ ഈത്തൊ) അതായ്തു പള്ളി ശുദ്ധീകരണം. |
| 3 | 16 | 1 | തി | |
| 4 | 17 | 2 | ചൊ | |
| 5 | 18 | 3 | ബു | 9 നു (ഹൂദസ ഈത്തൊ) അതായ്തു പള്ളി പ്രതിഷ്ഠ. |
| 6 | 19 | 4 | വ്യാ | |
| 7 | 20 | 5 | വെ | 12 നു കോട്ടയം സിമ്മനാരി സ്ഥാപകൻ മാർ ദീവന്നാസ്യോസിന്റെ ഓർമ്മ. |
| 8 | 21 | 6 | ശ | |
| 9 | 22 | 7 | ഞാ | |
| 10 | 23 | 8 | തി | 16 നു സ്കറിയായോടുള്ള അറിയിപ്പു. |
| 11 | 24 | 9 | ചൊ | 23 നു ദൈവമാതാവിനോടുള്ള അറിയിപ്പു. |
| 12 | 25 | 10 | ബു | |
| 13 | 26 | 11 | വ്യാ | 28 നു മാർ യാക്കോബു ബുർദാനയുടെ ഓർമ്മ. |
| 14 | 27 | 12 | വെ | |
| 15 | 28 | 13 | ശ | 29 നു ബത്തനോൻ ദസ്രൂഗിലെ മാർ യാക്കോബു എപ്പിസ്കോപ്പായുടെ ഓർമ്മ. |
| 16 | 29 | 14 | ഞാ | |
| 17 | 30 | 15 | തി | |
| 18 | 1 | 16 | ചൊ | 30 നു മാർ അന്ത്രയോസു ശ്ലീഹായുടെ ഓർമ്മ. കന്യകമറിയം ഏലിശ്ബായുടെ അടുക്കൽ പോയ്തു. |
| 19 | 2 | 17 | ബു | |
| 20 | 3 | 18 | വ്യാ | |
| 21 | 4 | 19 | വെ | |
| 22 | 5 | 20 | ശ | |
| 23 | 6 | 21 | ഞാ | |
| 24 | 7 | 22 | തി | |
| 25 | 8 | 23 | ചൊ | |
| 26 | 9 | 24 | ബു | |
| 27 | 10 | 25 | വ്യാ | |
| 28 | 11 | 26 | വെ | |
| 29 | 12 | 27 | ശ | |
| 30 | 13 | 28 | ഞാ | |

Malankara Orthodox TV

## കോനൂൻക്ദീം – ധനു

**1908 / 1084**

**ഡിസംബർ – 1909 ജനവരി**

ഒരുവൻ ഈ ഉപദേശം നിങ്ങളുടെ അടുക്കൽ കൊണ്ടുവരാതിരുന്നാൽ ഭവനത്തിൽ അവനെ നിങ്ങൾ കൈക്കൊള്ളരുതു. സന്തോഷിക്ക എന്നു അവനോടു പർകയുമരുതു. 2 യോ. 10.

| സു. | ഇം. | മ. | ആഴ്ച. | വിശേഷദിവസങ്ങൾ |
|---|---|---|---|---|
| 1 | 14 | 29 | തി | |
| 2 | 15 | 1 | ചൊ | 1 നു ഇരുപത്തഞ്ചുനോമ്പാരംഭം. |
| 3 | 16 | 2 | ബു | 4 നു മർത്ത ബർബാറാ, മർത്ത യൂലിയാനാ ഈ സ്ത്രീകളുടെ ഓർമ്മ. |
| 4 | 17 | 3 | വ്യാ | |
| 5 | 18 | 4 | വെ | |
| 6 | 19 | 5 | ശ | 6 നു മാർ സോഖോയുടെ ഓർമ്മ. |
| 7 | 20 | 6 | ഞാ | 7 നു യോഹന്നാൻ മാംദാനായുടെ ജനനം. |
| 8 | 21 | 7 | തി | |
| 9 | 22 | 8 | ചൊ | |
| 10 | 23 | 9 | ബു | 10 നു മാർ ബഹനാൻ സഹദായുടെയും, സഹോദരി സാറായുടെയും, സഹദേന്മാരുടെയും മാർ പീലക്സീനോസിന്റെയും ഓർമ്മ. |
| 11 | 24 | 10 | വ്യാ | |
| 12 | 25 | 11 | വെ | |
| 13 | 26 | 12 | ശ | |
| 14 | 27 | 13 | ഞാ | 14 നു നീതിമാനായ യൌസേഫിനുണ്ടായ വെളിപാടു. |
| 15 | 28 | 14 | തി | |
| 16 | 29 | 15 | ചൊ | |
| 17 | 30 | 16 | ബു | 20 നു തീയ്ക്കടുത്ത ഇഗ്നാത്യോസിന്റെ ഓർമ്മ. |
| 18 | 31 | 17 | വ്യാ | |
| 19 | 1 | 18 | വെ | 21 നു- പിറവിയ്ക്കു മുമ്പുള്ള ഞാ. |
| 20 | 2 | 19 | ശ | |
| 21 | 3 | 20 | ഞാ | 25 നു (യൽദൊ) അതായ്തു നമ്മുടെ കർത്താവിന്റെ തിരുഅവതാരം മാറാനായ. |
| 22 | 4 | 21 | തി | |
| 23 | 5 | 22 | ചൊ | |
| 24 | 6 | 23 | ബു | 26 നു കന്യാസ്ത്രീ അമ്മയുടെ പുകഴ്ച (മാറാനായ പോലെ) |
| 25 | 7 | 24 | വ്യാ | |
| 26 | 8 | 25 | വെ | |
| 27 | 9 | 26 | ശ | 27 നു ഹേറോദേസിനാൽ കൊല്ലപ്പെട്ട ശിശുക്കളുടെ ഓർമ്മ. |
| 28 | 10 | 27 | ഞാ | |
| 29 | 11 | 28 | തി | 28 നു പിറവിക്കു പിമ്പുള്ള 1 -ാം ഞാ: |
| 30 | 12 | 29 | ചൊ | |
| 31 | 13 | 1 | ബു | |

Malankara Orthodox TV

## ദളം 3

# പഠനങ്ങൾ

(ജീവിതവുമായും രചനകളുമായും ബന്ധപ്പെട്ടത്)

# നിസംഗതയും തപോനിഷ്ഠയും

## ഫാ. റ്റി. ജെ. ജോഷ്വ

രണ്ടു തരത്തിലുള്ള ആളുകളെ സമൂഹത്തിൽ കാണാം. സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും തലങ്ങളിലും തന്നെ അങ്ങനെയുള്ളവരെ കണ്ടെത്താം. ഒരു കൂട്ടർ സ്വാർത്ഥതല്പരരും സ്ഥാനമാനങ്ങൾ നേടുവാൻ സാഹസപ്പെടുന്നവരുമായിരിക്കും. ലക്ഷ്യപ്രാപ്തിക്കായി ഏതു കുത്സിത മാർഗ്ഗങ്ങളും കുതന്ത്രങ്ങളും പ്രയോഗിക്കാൻ അവർ മടിച്ചെന്നു വരികയില്ല. ലക്ഷ്യം മാർഗ്ഗത്തെ നീതികരിക്കുന്നു എന്ന സിദ്ധാന്തത്തിൽ അവർ വിശ്വസിക്കുന്നു. പിന്നിട്ട വഴികളും ചവിട്ടിക്കയറിയ പടവുകളും എല്ലാം മറന്ന് ലഭിച്ച സ്ഥാനത്തെ സ്വന്തം നിലനില്പിനു വേണ്ടി അവർ പരമാവധി ചൂഷണം ചെയ്യുവാൻ ശ്രമിക്കുന്നതായി കാണാം. മൂല്യങ്ങൾക്കോ ധാർമ്മിക വിചിന്തനത്തിനോ ഒന്നും അവരുടെ മുന്നിൽ പ്രസക്തിയില്ല. ഇല്ലാത്ത കഴിവും യോഗ്യതയും ഉണ്ടെന്നു വരുത്തി അത് മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുക എന്നതാണ് അവരുടെ തന്ത്രം. അതിനായി ചില അണികളെ സൃഷ്ടിക്കാനും സജ്ജമാക്കാനും അവർക്കറിയാം.

രണ്ടാമത്തെ കൂട്ടർ, മൂല്യങ്ങളെ മുറുകെപ്പിടിക്കുന്നവരും ധാർമ്മികതയിൽ നിന്ന് അണുവിട വ്യതിചലിക്കാത്തവരുമാണ്. അവർ വിനീതഹൃദയരും, പദവികൾ പരിത്യജിക്കുന്നവരുമാണ്. തങ്ങളുടെ പരിമിതികളെപ്പറ്റി ബോധമുള്ളവരും, എന്തെങ്കിലും കഴിവുണ്ടെങ്കിൽ അതു തങ്ങളുടെ പ്രശംസാ കാരണമായിട്ടെടുക്കാതെ ദൈവകൃപ ഒന്നു മാത്രമെന്ന് പറഞ്ഞ് അതിന് ദൈവത്തെ സ്തോത്രം ചെയ്യുന്നവരുമായിരിക്കും. സ്ഥാനമാനങ്ങൾ ഏറ്റെടുക്കാൻ അവർ വിമുഖരാണ്. അവരെ തേടി പദവികളും കർത്തവ്യങ്ങളും എത്തുമ്പോൾ, ഒഴിഞ്ഞുമാറൽ ആയിരിക്കും അവരുടെ പ്രതികരണം. പിന്നീട് സമ്മർദ്ദങ്ങൾ കൊണ്ടും, ജനാഭിലാഷത്തിനു വഴങ്ങിയും, ദൈവഹിതമതാണ് എന്നു ബോധ്യം വരുമ്പോഴാണ് സ്ഥാനങ്ങൾ സ്വീകരിക്കുന്നത്.

സഭാചരിത്രം നാം പരിശോധിക്കുമ്പോൾ, പല സഭാപിതാക്കന്മാരും ഈ രണ്ടാമത്തെ ഗണത്തിൽപ്പെട്ടവരായിരുന്നു എന്നു കാണാം. ലോകത്തിന്റെ പ്രതാപവും ധനത്തിന്റെ മോഹവും പരിത്യജിച്ച് ത്യാഗത്തിന്റെയും സ്വയാർപ്പണത്തിന്റെയും മാർഗ്ഗം സ്വീകരിച്ച പിതാക്കന്മാരുടെ ഒരു നീണ്ട പരമ്പര,

സഭയുടെ ആദ്യകാല ചരിത്രത്തിൽ കാണ്മാനുണ്ട്. അവരെ മരുഭൂമിയിലേക്കും വനാന്തരങ്ങളിലേക്കും ആകർഷിച്ചത് അവരുടെ അദമ്യമായ ദൈവസ്നേഹവും നിസംഗതയുമാണ്.

ചില പിതാക്കന്മാർ മെത്രാൻ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടപ്പോൾ, സവിനയം അതു നിരസിക്കയും, മരുഭൂമിയിലെ ഏകാന്തതയിലേക്കു പിൻവാങ്ങുകയുമായിരുന്നു. ഉത്തരവാദിത്തങ്ങൾ ഏൽക്കുന്നതിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, മെത്രാന്റെ ഔന്നത്യമേറിയ പദവിക്കും സ്ഥാനത്തിനും യോഗ്യനല്ല എന്ന സ്വയാവബോധമാണ് അവരെ പിന്തിരിപ്പിച്ചത്. “ജനശബ്ദം ദൈവശബ്ദമായി” കാണണമെന്ന് പ്രേരിപ്പിച്ചാണ് ചില പിതാക്കന്മാരെ സ്ഥാനം സ്വീകരിപ്പിക്കുവാൻ ഇടയാക്കിയത്. ആ ഗണത്തിൽപ്പെടുന്ന ഒരു സഭാപിതാവാണ് മലങ്കരയുടെ രണ്ടാം കാതോലിക്കാ ആയ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ. കാതോലിക്കാ ആയി നാലു വർഷത്തിൽ താഴെ മാത്രമേ അദ്ദേഹം മലങ്കരസഭയെ നയിച്ചുള്ളു. അതുകൊണ്ട് അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം വ്യാപകമായ വിധത്തിൽ സഭയിൽ പ്രചരിച്ചില്ല. കോട്ടയത്തിനടുത്തുള്ള വാകത്താനം സ്വദേശി ആയിരുന്നുവെങ്കിലും ദീർഘകാലം അദ്ദേഹം കടവിൽ അത്താനാസ്യോസു മെത്രാപ്പോലീത്തായുടെ സെക്രട്ടറി ആയി ആലുവായിൽ താമസിക്കുകയും പ്രവർത്തിക്കുകയും ചെയ്തതു കൊണ്ട് തെക്കൻ പ്രദേശങ്ങളിൽ അദ്ദേഹത്തെ അറിയുവാൻ അധികമവസരമുണ്ടായില്ല. മെത്രാപ്പോലീത്താ ആയി അവരോധിക്കപ്പെട്ടപ്പോൾ കോട്ടയം ഭദ്രാസനത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനം ഒതുങ്ങി നിന്നു.

പരുമല തിരുമേനിയുടെയും കടവിൽ അത്താനാസ്യോസു തിരുമേനിയുടെയും ശിഷ്യത്വം ലഭിച്ച അദ്ദേഹം ഒരു നല്ല പണ്ഡിതനായിരുന്നു. സുറിയാനിയിലും വേദശാസ്ത്ര വിജ്ഞാനത്തിലും അദ്ദേഹം അവഗാഹം നേടി. കോട്ടയത്തെ പഴയസെമിനാരി സഭയിലെ വ്യവഹാരം നിമിത്തം പ്രവർത്തനരഹിതമായപ്പോൾ, കഥാപുരുഷന്റെ ആസ്ഥാനമായ വാകത്താനം വള്ളിക്കാട്ടു ദയറായിൽ ശെമ്മാശന്മാരെ അഭ്യസിപ്പിച്ചു പോന്നിരുന്നു. ഒരു നല്ല സംഘാടകനും, ശില്പചതുരനും എന്ന് സ്വന്തം സേവനത്തിൽക്കൂടി അദ്ദേഹം തെളിയിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ ജൂബിലി ആഘോഷത്തിന്റെ ചുക്കാൻ പിടിച്ചത് ഇദ്ദേഹമായിരുന്നു. ആലുവായിൽ ഇന്ന് തലയെടുത്തു നിൽക്കുന്ന തൃക്കുന്നത്തു സെമിനാരിയുടെ നിർമ്മിതിയിൽ സ്മര്യപുരുഷൻ വഹിച്ച പങ്ക് ഇന്ന് അധികമാരും ഓർക്കാറില്ല. അന്ന് ഒരു റമ്പാൻ മാത്രമായിരിക്കുമ്പോൾ സഭയുടെ വിവിധ പ്രദേശങ്ങളിലുള്ള പള്ളികൾ ഒന്നൊന്നായി സന്ദർശിച്ചാണ് ആ സ്ഥാപനത്തിന്റെ നിർമ്മിതിക്കുള്ള ധനം സമാഹരിച്ചത്. അദ്ദേഹം എഴുതിയിട്ടുള്ള ഡയറിയിൽ ആ സന്ദർശനങ്ങളെപ്പറ്റി വിശദമായി രേഖപ്പെടു

ത്തിയിട്ടുണ്ട്. ചില പള്ളികൾ, നിരാശപ്പെടുത്തിയ കാര്യവും സത്യസന്ധമായി എഴുതിയിരിക്കുന്നു. എല്ലാറ്റിന്റെയും കണക്കു കൃത്യമായി ചേർത്തിരിക്കുന്നു. ഒരാളുടെ വ്യക്തിത്വത്തിലേക്കു വെളിച്ചം വീശുന്ന ജാലകമാണ് ആ വ്യക്തി എഴുതുന്ന ഡയറി. അതാരെയെങ്കിലും കാണിക്കണമെന്ന ഉദ്ദേശ്യത്തോടെ എഴുതുന്നതല്ല. വസ്തുനിഷ്ഠമായും സത്യസന്ധമായും അപ്പോഴപ്പോൾ കുറിക്കുന്നതാണല്ലോ ഡയറി. നമ്മുടെ സഭാപിതാക്കന്മാരിൽ പലരും ഡയറി എഴുതുന്നവരായിരുന്നു. അവയൊക്കെ സഭാചരിത്രത്തിന്റെ ഏടുകളിലേക്കു വെളിച്ചം വീശുന്നവയാണു താനും. പക്ഷേ അത്തരം ഡയറികളൊന്നും ലഭ്യമല്ലാത്ത വിധം നഷ്ടപ്പെടുകയാണുണ്ടായിട്ടുള്ളത്.

കഥാപുരുഷന്റെ ഡയറി നഷ്ടപ്പെട്ടിട്ടില്ല എന്നുള്ളത് ഏറെ സന്തോഷം നൽകുന്നു. അതു സൂക്ഷിച്ചിട്ടുള്ള കേന്ദ്രത്തിൽ നിന്ന് അതിന്റെ ഫോട്ടോസ്റ്റാറ്റ് ലഭ്യമാക്കാൻ തക്കവണ്ണം അഭിവന്ദ്യ ഔഗേൻ റമ്പാച്ചൻ ചെയ്ത ശ്രമം ശ്ലാഘനീയമാണ്. അതു മുഴുവൻ വായിച്ചു നോക്കാൻ ഈ ലേഖകനു സാധിച്ചു. അതിൽ പ്രതിഫലിക്കുന്ന ചിത്രം എത്ര മിഴിവുറ്റതാണ്. ഗുരുജനങ്ങളോടും, കുടുംബാംഗങ്ങളോടുമുള്ള നിർവ്യാജ സ്നേഹം, രോഗത്തിലും ദുഃഖത്തിലും കഴിയുന്നവരെ സന്ദർശിക്കാനും സാന്ത്വനപ്പെടുത്താനുമുള്ള തീക്ഷ്ണത, കർത്തവ്യബോധത്തോടും, അർപ്പണ മനോഭാവത്തോടും നിറവേറ്റുന്ന പ്രവർത്തനശൈലി, കണക്കുകൾ സൂക്ഷ്മമായി സൂക്ഷിക്കാനുള്ള കാര്യവിചാരകത്വബോധം, തപോധനന്റെ നിസംഗത, ദൈവമനുഷ്യന്റെ ആത്മീയ തീഷ്ണത ഇവയൊക്കെയാണ് ആ ഡയറിക്കുറിപ്പുകൾ വെളിപ്പെടുത്തുന്നത്. എന്നാൽ സഭാമക്കൾ അദ്ദേഹത്തിൽ ദർശിച്ചത് ഒരു അജപാലക ശ്രേഷ്ഠന്റെ കഴിവുകളും മേന്മകളുമാണ്. ദീർഘനാൾ റമ്പാനായി പ്രവർത്തിച്ച ശേഷമാണ് അദ്ദേഹത്തെ മെത്രാൻ സ്ഥാനത്തേക്കു ഉയർത്തുന്നത്. സന്യാസിശ്രേഷ്ഠരിൽ നിന്ന് മെത്രാൻ സ്ഥാനത്തേക്ക് യോഗ്യരായ വ്യക്തികളെ തെരഞ്ഞെടുക്കുന്ന പാരമ്പര്യമാണ് പൗരസ്ത്യ സഭകളിലുള്ളത്. ദീർഘനാൾ ദയറാകളിൽ താമസിച്ച്, സന്യാസത്തിന്റെ ശരിയായ ശിക്ഷണവും പരിശീലനവും സിദ്ധിച്ചവരായ വ്യക്തികളെയാണ് മെത്രാനായി തെരഞ്ഞെടുക്കുന്നത്. മെത്രാനായി കഴിഞ്ഞാലും അവർ “ദയറോയൂസോ” യുടെ സ്ഥാനം വെടിയാത്തവരെന്ന് അനുസ്മരിക്കാനാണ് മസ്നപ്സാ ധരിക്കുന്നത്. കുരിശുകൾ തയിച്ചു ചേർത്തിട്ടുള്ള കറുത്ത ശിരോവസ്ത്രം (മസ്നപ്സാ) മെത്രാന്റെ വേഷമല്ല, ദയറാക്കാരന്റേതാണ്. പക്ഷേ ഇന്നുള്ള പല മേല്പട്ടക്കാരും രാജകീയ പദവിയും പ്രൗഢിയും പുലർത്തുന്നവരാണെന്നു പറയേണ്ടിയിരിക്കുന്നു. സാന്ദർഭികമായി പറയട്ടെ, ചുവന്ന പട്ടുകുപ്പായം ധരിക്കുന്ന പതിവ് സുറിയാനി സഭയിലല്ലാതെ മറ്റു പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽ ഒന്നുമില്ലാത്തതാണ്. ഈ പതിവ് ലത്തീൻ പാരമ്പര്യത്തിൽ നിന്ന് കടന്നു വന്നതാണ് (ഇവിടെയല്ല, ശീമയിൽ). റോമൻ പാരമ്പര്യത്തിൽ രാജകീയ പദവിയാണ് മെത്രാനുള്ളത്.

സന്യാസിത്വത്തിന്റെ ലാളിത്യവും, വിരക്തഭാവവും പുലർത്തിയ ഒരു സഭാപിതാവിനെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കുന്നത്. പാണ്ഡിത്യം, സംഘാടകമികവ്, വാഗ്മിത്വം, ജീവിത വിശുദ്ധി, സഭയെക്കുറിച്ചുള്ള ഉന്നത ദർശനം, ആരാധനയുടെ ആകർഷകത്വം ഇങ്ങനെ പല ശ്രേഷ്ഠഗുണങ്ങളും അദ്ദേഹത്തിൽ കണ്ടതു കൊണ്ട് മെത്രാൻ സ്ഥാനത്തേക്ക് സർവ്വഥാ യോഗ്യൻ എന്നു സഭാനേതൃത്വവും സാധാരണജനങ്ങളും കരുതി. പക്ഷേ അദ്ദേഹമാകട്ടെ അതിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ശ്രമത്തിലായിരുന്നു.

ദ്രവ്യാഗ്രഹിയും അധികാരമോഹിയും, ഏതു കുതന്ത്രത്തിനും മടിക്കാത്തവനുമായ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിൽ എത്തിയത് മലങ്കരസഭയെ തന്റെ നിയന്ത്രണത്തിലും വരുതിയിലും വരുത്തണമെന്ന സ്വാർത്ഥപരമായ ലക്ഷ്യത്തോടെയാണ്. ഇവിടെയെത്തി അതിനുള്ള അടവുകൾ ഓരോന്നായി പ്രയോഗിച്ചു. അസൂയാകുക്ഷികളും അഞ്ചാംപത്തിക്കാരുമായ ചിലരുടെ പിന്തുണയും സഹകരണവും അദ്ദേഹത്തിനു നിഷ്പ്രയാസം ലഭിച്ചു. പാത്രിയർക്കീസിന്റെ ഇംഗിതത്തിനു വഴങ്ങാത്ത മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനിയെ വകവരുത്താനുള്ള നീക്കങ്ങളും നടന്നു. പാത്രിയർക്കീസ് പുതുപ്പള്ളിയിലെത്തി താമസിക്കുന്ന അവസരം. അപ്പോൾ നമ്മുടെ കഥാപുരുഷൻ (അന്നു റമ്പാനാണ്) അദ്ദേഹത്തെ കാണാൻ പോയി. അതെപ്പറ്റി ഡയറിയിൽ ഇപ്രകാരം കാണുന്നു: "കഥാപുരുഷൻ പാത്രിയർക്കീസു ബാവായെ കാണാൻ പുതുപ്പള്ളിയിലേക്കു പോയി, അവിടെ താമസിക്കുകയും പിറ്റേ ദിവസം വാകത്താനത്തേക്കു തിരിച്ചു പോരുകയും ചെയ്തു. അപ്പോൾ അവിടെ വച്ച് ഒസ്താത്തിയോസ് ബാവായോടറിയിച്ച്[1] മെത്രാൻ സ്ഥാനം തരിയിക്കാമെന്നും കക്ഷിയായി നിൽക്കണമെന്നും, മല്ലപ്പള്ളി മെത്രാച്ചൻ (വട്ടശ്ശേരിൽ തിരുമേനി) ബാവായോടു യോജിച്ചു നിൽക്കയില്ലെന്നും മറ്റും പറയുകയും ചെയ്തു." ഗുരുവിനെ ഒറ്റിക്കൊടുത്ത് പ്രതിഫലം സ്വീകരിക്കുന്ന യൂദായുടെ പണി ചെയ്യാനാണ് ശീമ മെത്രാൻ ഈ പിതാവിനെ പ്രലോഭിപ്പിച്ചത്. ഇന്ന് മെത്രാൻ സ്ഥാനം ലഭിക്കുന്നതിനു വേണ്ടി കാട്ടിക്കൂട്ടുന്ന വിക്രിയകൾ അപഹാസ്യമെന്നേ പറയാവൂ. അന്ന് നമ്മുടെ കഥാപുരുഷന് ഒരു പ്രയാസവും കൂടാതെ ആ സ്ഥാനം കൈയിലെത്തിയപ്പോൾ അത് നിരസിച്ചു പോരികയാണു ചെയ്തത്.

പാത്രിയർക്കീസ് ബാവായെ വീണ്ടും സന്ദർശിക്കാനിടയായ കാര്യം ഡയറിയിൽ ഇങ്ങനെ എഴുതുന്നു: "30 – ന് വാകത്താനത്തു പള്ളിയിൽ തലേ ദിവസം കഴിക്കേണ്ട പെരുന്നാൾ കഴിച്ചു. പെരുന്നാൾ കഴിഞ്ഞ് കഥാനായകൻ പാത്രിയർക്കീസു ബാവായെ കാണ്മാൻ കരിപ്പാൽ യാക്കോബു കത്തനാർ, കാരുചിറ തോമ്മാ എന്നിവർ ഒരുമിച്ച് മുളന്തുരുത്തിയിലേക്കു പോകുകയും പിറ്റെദിവസം രാത്രി അവിടെ എത്തുകയും ചെയ്തു.

കന്നിമാസം 1–ന് കാലത്തു കഥാനായകനും മറ്റും ചെന്നു. അപ്പോൾ

Malankara Orthodox TV

അവിടെ പാത്രിയർക്കീസു ബാവാ, ഒസ്താത്തിയോസ്, കൂറിലോസ് എന്നീ മെത്രാച്ചന്മാരും കോനാട്ടു മല്പാൻ മുതലായവരും ഉണ്ടായിരുന്നു. ആലുവായിൽ കാലം ചെയ്തിരുന്ന മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ[2] എഴുതിയിരുന്ന വിൽപ്പത്ര പ്രകാരം കഥാനായകനു കിട്ടിയിരുന്ന അധികാരം ഒഴിഞ്ഞു കൊടുക്കേണ്ടതിനെപ്പറ്റി സംസാരിപ്പാനായിരുന്നു അവിടെ ചെല്ലണമെന്ന് കല്പന വന്നത്. ബാവായുടെ ഇഷ്ടപ്രകാരം ചെയ്യുന്നതിനു കഥാനായകന് വിരോധമില്ലെന്ന് പറഞ്ഞു. അന്നു കൂറിലോസ് മെത്രാച്ചൻ (വട്ടശ്ശേരിൽ തിരുമേനിയോടൊന്നിച്ച് ശീമയിൽ പോയി മെത്രാൻ സ്ഥാനമേറ്റു മടങ്ങി വന്ന ആൾ) മലങ്കര സുറിയാനി സമുദായത്തിന്റെ ഭൂരിപക്ഷാഭിപ്രായത്തിനെതിരായി ലൗകിക അധികാരം ഉറപ്പിച്ചു പാത്രിയർക്കീസു ബാവായ്ക്കു ഉടമ്പടി എഴുതി രജിസ്ട്രാക്കി. അതിൽ ഒരു സാക്ഷി കഥാനായകൻ കൂടിയാണ്. കഥാനായകനും[3] മെത്രാസ്ഥാനം തരാമെന്നു ബാവാ കല്പിച്ചു. ഒഴിവുകഴിവുകൾ പറഞ്ഞ് പിറ്റെ ദിവസം ഞങ്ങൾ തിരിച്ചു പോരികയും ചെയ്തു. മുളന്തുരുത്തിക്കു പോകുമ്പോഴും വരുമ്പോഴും സിമ്മനാരിയിൽ (പഴയ സെമിനാരി) കയറി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടു (വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്)."

മലങ്കര മെത്രാപ്പോലീത്തായോടു കൂറും വിശ്വസ്തതയും പുലർത്തിയത് വ്യക്തിപരമായ ബന്ധം കൊണ്ടു മാത്രമല്ല, മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന യാതൊന്നും ചെയ്യാൻ കഥാപുരുഷന്റെ മനസ്സാക്ഷി അനുവദിക്കാത്തതു കൊണ്ടു കൂടിയാണ്.

അന്നത്തെ കലുഷിതമായ സഭാന്തരീക്ഷത്തെ സ്പഷ്ടമാക്കുന്ന മറ്റൊരു കുറിപ്പ് ഡയറിയിലുണ്ട്: "10 -ന് കോട്ടയത്തു സിമ്മനാരിയിലെ കലാപം കേട്ട് കഥാനായകൻ അവിടേക്കു പോയി. ബാവായും, മെത്രാച്ചന്മാരും റമ്പാച്ചന്മാരും അവിടെ ഉണ്ടായിരുന്നു. സിമ്മനാരി മാനേജർ മട്ടയ്ക്കൽ കത്തനാരുടെ കൈവശമിരുന്ന സിമ്മനാരിയുടെ താക്കോലുകൾ ട്രസ്റ്റികളായ സി. ജെ. കുര്യനും, കോനാട്ടു മല്പാനും കൂടി ഉപായത്തിൽ കൈവശപ്പെടുത്തുകയും സർക്കാരിൽ ബോധിപ്പിച്ച് സിമ്മനാരി മുറികൾ പൂട്ടുകയും ചെയ്തിരുന്നു. ടി. പ്രവർത്തികൾ ബഹുജനങ്ങളുടെ ഇടയിൽ വലിയ ആക്ഷേപത്തിനും പരിഹാസത്തിനും കാരണമായി ഭവിക്കയും ചെയ്തു. അതു മുതൽ വഴക്കുകളും വർദ്ധിച്ചു."

ആനപ്പാപ്പിയുടെ കൊലപാതകത്തെക്കുറിച്ചും ഡയറിയിൽ ഉണ്ട്. "18 -ന് കോട്ടയം സിമ്മനാരിയിൽ മെത്രാച്ചന്റെ ദേഹകാവലിനായി താമസിച്ചിരുന്നവരിൽ ഒരാളായ തിരുവല്ലാക്കാരൻ പാപ്പി എന്നു വിളിച്ചു വരുന്ന പാപ്പിയെ മണപ്പുറത്തു വച്ച് സി. ജെ. കുര്യൻ മുതൽ പേരുടെ ആളുകൾ തല്ലി അർദ്ധപ്രാണനായി ഇട്ടും വച്ചു പോയി. പിറ്റെ ദിവസം ആസ്പത്രിയിൽ വച്ച് അവൻ മരിക്കയും ചെയ്തു."

## അബ്ദൽ മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ

മലങ്കരസഭയുടെ ക്ഷണപ്രകാരം സീനിയർ പാത്രിയർക്കീസായിരുന്ന അബ്ദൽ മശിഹാ ഇവിടേക്കു വന്നു. കാതോലിക്കാ സ്ഥാപനം മലങ്കരയിൽ സ്ഥാപിതമാകാൻ അതു മുഖാന്തരമായി. ആ സാഹചര്യത്തിൽ കഥാ പുരുഷനെ മെത്രാൻ ആക്കാനുള്ള താല്പര്യം വർദ്ധിച്ചു. മാർ ദീവന്നാസ്യോസ് അതു വെളിപ്പെടുത്തുകയും ചെയ്തു. അതെപ്പറ്റി ഡയറിയിൽ: “26 –ന് ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് കഥാനായകൻ കോട്ടയത്തേക്കു പോയി. പിറ്റെദിവസം തിരിച്ചുപോരികയും ചെയ്തു. മെത്രാസ്ഥാനം ഏൽക്കണമെന്നും തടസ്സം പറയരുത് എന്നും നിർബ്ബന്ധമായി കല്പിച്ചു.”

പിന്നീട് ചെങ്ങന്നൂർ പള്ളിയിൽ വച്ച് മെത്രാൻ സ്ഥാനം സ്വീകരിച്ചതിനെക്കുറിച്ച് ഇപ്രകാരം എഴുതുന്നു: “26 –നു പാത്രിയർക്കീസു ബാവായും മറ്റും ചെങ്ങന്നൂർ പള്ളിയിലേക്കു നീങ്ങത്തക്കവണ്ണം ഒരുങ്ങിയിരിക്കയാൽ കഥാനായകൻ കാലത്തെ തന്നെ തനതു വള്ളം പിടിച്ച് ചെങ്ങന്നൂർക്കു പോകയും ഉച്ച കഴിഞ്ഞ് അവിടെ എത്തുകയും ചെയ്തു. അപ്പോൾ അവിടെ കോട്ടയത്തു നിന്നും കാതോലിക്കാ ബാവായും (മുറിമറ്റത്തിൽ ബാവാ) മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായും കാലത്തെ തന്നെ എത്തീട്ടുണ്ടായിരുന്നു. മെത്രാച്ചനുമായി തമ്മിൽ കണ്ടപ്പോൾ സ്ഥാനം ഏൽക്കുന്നതിനെക്കുറിച്ച് പറകയും വല്ല നിവൃത്തിയുമുണ്ടെങ്കിൽ ഇതിൽ നിന്നും കഥാനായകനെ ഒഴിച്ചുവിടണമെന്ന് അറിയിക്കയും, സമ്മതിക്കാഞ്ഞതിനാൽ ദൈവേഷ്ടം പോലെ വരട്ടെ എന്നു വച്ചു സമ്മതിക്കയും ചെയ്തു. 4 മണിയോടെ ബാവായും പരിവാരങ്ങളും വലിയ എതിരേൽപ്പോടെ അവിടെ വന്നു ചേരുകയും ചെയ്തു.” മെത്രാൻ സ്ഥാനാഭിഷേകത്തിന്റെ വിശദമായ വിവരങ്ങൾ ഡയറിയിൽ ചേർത്തിട്ടുണ്ട്.

## കാതോലിക്കായായി അവരോധിക്കപ്പെടുന്നു

‘കാതോലിക്കാ’ എന്ന സ്ഥാനം അർമ്മീനിയൻ ഓർത്തഡോക്സു സഭയിലും, ബിസന്റയിൻ പാരമ്പര്യത്തിലുള്ള ജോർജ്ജിയൻ ഓർത്തഡോക്സു സഭയിലും, സിറിയൻ ഓർത്തഡോക്സു സഭയിലും, കൽദായ സുറിയാനി സഭയിലും നിലവിലുള്ളതാണ്. ഇവയിൽ അർമ്മീനിയൻ സഭയിൽ കാതോലിക്കായുടെ കീഴിലുള്ള സ്ഥാനമത്രെ പാത്രിയർക്കീസ്. ഏതായാലും സുറിയാനി സഭാ പാരമ്പര്യത്തിൽ “കാതോലിക്കാ” എന്നുള്ളത് നിഖ്യാ സുന്നഹദോസിനു മുമ്പ് മുതലേ ഉള്ള സ്ഥാപനമാണ്.

മലങ്കരസഭയുടെ തലവൻ അറിയപ്പെട്ടിരുന്നത് മലങ്കര മെത്രാപ്പോലീത്താ എന്ന പേരിലാണ്. അദ്ദേഹം ഇവിടെത്തന്നെ വാഴിക്കപ്പെടുന്ന ആളും ഈ സഭയുടെ പരമാധികാരിയും ആയിരുന്നു. എന്നാൽ പൗരസ്ത്യ ഓർത്ത

ഡോക്സു സഭാ പാരമ്പര്യത്തിലുള്ള കാതോലിക്കാ സ്ഥാനം മലങ്കരയിൽ ഉണ്ടാകണമെന്നുള്ള ആഗ്രഹം ഇവിടുത്തെ സഭാ നേതാക്കന്മാരിൽ ഉയർന്നിരുന്നു. ഇവിടെത്തന്നെ അക്കാര്യം നിർവഹിക്കാവുന്നതാണെങ്കിലും, സുറിയാനി സഭാതലവനായ പാത്രിയർക്കീസിന്റെ സഹകരണം അതിന് അഭ്യർത്ഥിക്കുകയുണ്ടായി. നിഷേധാത്മകമായ മറുപടിയാണ് അതിനു ലഭിച്ചത്. പിന്നീട് അന്ത്യോഖ്യായിൽ രണ്ടു പാത്രിയർക്കീസന്മാർ ഒരേ സമയത്ത് ഉണ്ടാവുകയും ഒരാൾ അധികാരം പിടിച്ചെടുത്ത് അപരന്റെ ഗവൺമെന്റ് അംഗീകാരം പിൻവലിക്കുകയും ചെയ്ത സാഹചര്യമുണ്ടായി. ആ സമയത്ത് ഗവൺമെന്റ് അംഗീകാരം പിൻവലിക്കപ്പെട്ട ആളും സീനിയർ പാത്രിയർക്കീസുമായ അബ്ദൽ മശിഹാ പാത്രിയർക്കീസിനെ മലങ്കരയിലേക്കു ക്ഷണിക്കുകയും അദ്ദേഹം ഇവിടെ വന്ന്, മലങ്കരയുടെ ദീർഘകാലാഭിലാഷമായ കാതോലിക്കായെ വാഴിക്കുകയും ചെയ്തു. ഇത് 1912 –ൽ നടന്നു. അങ്ങനെ മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കാ അവരോധിക്കപ്പെട്ടു. അദ്ദേഹത്തിന് അധികകാലം തുടരുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ കാലശേഷം കുറെ വർഷത്തേക്ക് കാതോലിക്കാ ഉണ്ടായിരുന്നില്ല.

കാതോലിക്കാ അവരോധിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനം, അധികാരം എന്നിവ നിർവ്വചിക്കപ്പെടേണ്ടി വന്നു. സഭയുടെ ഭരണപരമായ അധികാരങ്ങളും അവകാശങ്ങളും മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരുന്നു. കാതോലിക്കായ്ക്ക് ആത്മീയാധികാരവും ഔന്നത്യവും മാത്രമേ അവകാശപ്പെടാൻ ഉണ്ടായിരുന്നുള്ളു. സഭാന്തരീക്ഷത്തിലെ ക്ഷോഭം നിറഞ്ഞ സാഹചര്യം കൊണ്ടാണ് ഒന്നാം കാതോലിക്കായിക്കു ശേഷം ഉടനെ ഒരു പിൻഗാമിയെ വാഴിക്കാൻ കഴിയാതെ പോയത്. എങ്കിലും ഉന്നതമായ ആ സ്ഥാനം ശൂന്യമായിത്തുടരുന്നത് അഭിലഷണീയമല്ലെന്ന് ക്രാന്തദർശിയായ വട്ടശ്ശേരിൽ തിരുമേനി ചിന്തിച്ചു. മലങ്കര മെത്രാപ്പോലീത്താ എന്നുള്ള നിലയിൽ അദ്ദേഹം സമാദരണീയനും, സമാരാധ്യനുമായിരുന്നു. എന്നാൽ അന്ത്യോക്യാ പാത്രിയർക്കീസ് മാർ അബ്ദുള്ളാ ഇവിടെ വന്ന് പള്ളികൾ പിടിച്ചെടുക്കാനും, അധികാരങ്ങളും അവകാശങ്ങളും കൈയ്യടക്കാനും ശ്രമിച്ചപ്പോൾ അതിനെ സധൈര്യം ചെറുക്കുക മൂലം, വട്ടശ്ശേരിൽ തിരുമേനിക്ക് ഒട്ടേറെ പീഡനങ്ങളും പ്രതിസന്ധികളും നേരിടേണ്ടി വന്നു. എങ്കിലും ആ മഹാമേരു അവയെ എല്ലാം അതിജീവിച്ചു. തന്റെ പരിശ്രമം മൂലം ഇവിടെ സ്ഥാപിതമായ കാതോലിക്കാ സ്ഥാനം ശൂന്യമായി തുടരുന്നതു ശരിയല്ലെന്നു കണ്ട്, തൽസ്ഥാനത്തേക്ക് ഒരാളെ കണ്ടെത്തുവാനുള്ള ശ്രമം ആരംഭിച്ചു. അന്ന് കാതോലിക്കാ ഭാഗത്തു വട്ടശ്ശേരിൽ തിരുമേനിയെ കൂടാതെ മൂന്നു മെത്രാപ്പോലീത്താമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരിൽ നിന്നും ഒരാളെ കണ്ടെത്തുകയായിരുന്നു മാർഗ്ഗം. മൂവരിൽ ഒരാളായ കരോട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് രോഗം മൂലം ശയ്യാവലംബി ആയിരുന്നു. പിന്നീടുള്ള രണ്ടു പേർ സതീർത്ഥ്യരും സർവ്വസംഗ

പരിത്യാഗികളുമായ കാരുചിറ മാർ പീലക്സീനോസും (കഥാപുരുഷൻ) കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസുമായിരുന്നു. ഇവരിൽ പ്രായം കൂടുതലുള്ള മാർ പീലക്സീനോസ് കാതോലിക്കാ സ്ഥാനം ഏൽക്കുന്നതിൽ വൈമനസ്യം പ്രകടിപ്പിച്ചു. താൻ രോഗിയാണ് എന്നുള്ള ന്യായം ഉന്നയിച്ചു. അതു സത്യമാണെങ്കിലും, ഉന്നതമായ ആ പദവി ഏറ്റെടുക്കുന്നതിനുള്ള വൈമുഖ്യമാണ് പ്രകടിപ്പിച്ചത്. വട്ടശ്ശേരിൽ തിരുമേനി പിന്നീട് സമീപിച്ചത് കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസിനെയാണ്. ഭാരതീയ മുനിശ്രേഷ്ഠന്മാരുടെ പാരമ്പര്യം ഉൾക്കൊണ്ടിരുന്ന അദ്ദേഹം ആ പദവി സ്വീകരിക്കുവാൻ ഒട്ടും സമ്മതിച്ചില്ല. അദ്ദേഹത്തിനുള്ള ന്യായം തന്നേക്കാൾ മൂപ്പുള്ള ആളും, സമാരാധ്യനുമായ കാരുചിറ പീലക്സീനോസ് കാതോലിക്കാ ആകണമെന്നായിരുന്നു. ഈ രണ്ടു പേരിൽ ഒരാളല്ലാതെ മറ്റൊരാളെപ്പറ്റി ചിന്തിക്കുവാൻ കഴിയാത്ത സാഹചര്യം. വട്ടശ്ശേരിൽ തിരുമേനി നിശ്ചയിച്ചത് ചീട്ടിട്ട്, രണ്ടു പേരിൽ ഒരാളെ തെരഞ്ഞെടുക്കുക എന്നായിരുന്നു. അതിനു രണ്ടു പേരും സമ്മതിക്കേണ്ടി വന്നു.

അപ്പോസ്തോലന്മാരുടെ കാലത്തും ചീട്ടിട്ട് സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നല്ലോ. ഇന്നും ചില കിഴക്കൻ സഭകളിൽ ആ രീതി തുടരുന്നതായി കേട്ടിട്ടുണ്ട്. ഏതായാലും മലങ്കരയിലെ രണ്ടാം കാതോലിക്കായെ ചീട്ടിട്ട് തെരഞ്ഞെടുക്കുകയായിരുന്നു. ചീട്ടു വീണത് കാരുചിറ മാർ പീലക്സീനോസിനായിരുന്നു. ആ സമയത്ത് ഗദ്ഗദ കണ്ഠനായി അദ്ദേഹം മലങ്കര മെത്രാപ്പോലീത്തായോട്, തന്നെ ആ സ്ഥാനത്തു നിന്നു ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചു. അതിനു മെത്രാപ്പോലീത്തായുടെ മറുപടി, ഇതു ദൈവഹിതമാണെന്നും, അതിനെതിരെ നിൽക്കുന്നത് ശരിയല്ലെന്നുമായിരുന്നു.

അപ്പോഴും ആ സ്ഥാനത്തു നിന്നും ഒഴിഞ്ഞുനിൽക്കാൻ എന്തു മാർഗ്ഗമെന്ന് കഥാപുരുഷൻ ചിന്തിച്ചു. വട്ടശ്ശേരിൽ തിരുമേനിയുടെ മേൽ അല്പമെങ്കിലും സ്വാധീനം ചെലുത്തുവാൻ കഴിവുള്ള ഒരു വ്യക്തി അന്നത്തെ അത്മായ പ്രമുഖനായ ശ്രീ. കെ. സി. മാമ്മൻ മാപ്പിളയാണെന്ന് അറിയാവുന്നതു കൊണ്ട് കഥാപുരുഷൻ അദ്ദേഹത്തെ സമീപിച്ച്, തന്റെ പ്രയാസം വെളിപ്പെടുത്തി. എന്നാൽ മാമ്മൻ മാപ്പിളയുടെ പ്രതികരണം, ഈ തെരഞ്ഞെടുപ്പ് ദൈവഹിതമാണെന്ന് സമ്മതിച്ച് അംഗീകരിക്കണമെന്നായിരുന്നു. സഭയിലെ പ്രമുഖരും മാർ പീലക്സീനോസിനോട് അടുപ്പമുള്ളവരുമായ ചില വൈദികരും അദ്ദേഹത്തെ സമീപിച്ച്, സമ്മതം നൽകാൻ നിർബന്ധിച്ചു.

തുടർന്ന് മലങ്കര അസോസിയേഷൻ നിരണത്തു സമ്മേളിക്കുകയും മാർ പീലക്സീനോസിനെ കാതോലിക്കാ സ്ഥാനത്തേക്ക് ഏകകണ്ഠമായി തെരഞ്ഞെടുക്കുകയും ചെയ്തു. സഭാമക്കൾ ഏകയോഗമായി നടത്തിയ ആ നിശ്ചയത്തിൽ തീർച്ചയായും ദൈവഹിതം വെളിപ്പെടുകയായിരുന്നു എന്നു

വിശ്വസിച്ച് അദ്ദേഹം അതിനെ അംഗീകരിച്ചു. മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശമേറ്റു എന്നു വിശ്വസിക്കപ്പെടുന്ന നിരണത്തു വച്ചു തന്നെ കാതോലിക്കാ സ്ഥാനാരോഹണവും നടന്നു. അന്ന് അദ്ദേഹത്തിനു നൽകിയ സ്വീകരണ യോഗത്തിൽ നടത്തിയ മറുപടി പ്രസംഗം ആ വ്യക്തിത്വത്തെയും ആത്മീയ വീക്ഷണത്തെയും പ്രസ്പഷ്ടമാക്കുന്നതായിരുന്നു. വിനയവും, സഭാ സ്നേഹവും, നിശ്ചയ ദാർഢ്യവും, ആ വാക്കുകളിൽ പ്രതിധ്വനിച്ചു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെയും പൈതൃകത്തെയും അന്യൂനം കാത്തുസൂക്ഷിക്കുമെന്ന് ഉറപ്പു നൽകുന്ന വാക്കുകൾ.

അദ്ദേഹത്തെ അലട്ടിയ രോഗം തന്റെ സേവനകാലം ഹ്രസ്വമാക്കി. മൂന്നു വർഷത്തോളം മാത്രമേ കാതോലിക്കാ ആയി പ്രവർത്തിക്കാൻ കഴിഞ്ഞുള്ളു. അദ്ദേഹത്തിന്റെ പിൻഗാമി ആയി വന്നത് കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസ് തന്നെ ആയിരുന്നു എന്നത് ദൈവിക പദ്ധതിയുടെ വെളിപ്പെടുത്തലായി ഓർത്താൽ മതി.

ആ ധന്യ ജീവിതത്തെ വിവിധ വീക്ഷണങ്ങളിൽ കൂടി വിലയിരുത്താം. ആദ്ധ്യാത്മികഗുരു, താപസ ശ്രേഷ്ടൻ, പ്രാർത്ഥനാ മനുഷ്യൻ, സുറിയാനി പണ്ഡിതൻ, സുവിശേഷ തല്പരൻ, മികച്ച വാഗ്മി, അജപാലന കർമ്മം പ്രാവർത്തികമാക്കിയ ഇടയശ്രേഷ്ഠൻ, സമൂഹത്തിന്റെ ആവശ്യങ്ങളെയും പ്രയാസങ്ങളെയും മനസ്സിലാക്കിയ ക്രാന്തദർശി, കാര്യവിചാരകത്വ ബോധം ഉയർത്തിപ്പിടിച്ച വിശ്വസ്ത ശുശ്രൂഷകൻ, ഗുരുഭക്തിയുടെ മൂർത്തീഭാവമായിരുന്ന ഉത്തമ ശിഷ്യൻ, വാസ്തു കലാശില്പി – ഇവയൊക്കെ ആയിരുന്നു ആ പിതാവ്. എന്നാൽ ഈ ലേഖനത്തിൽ ഉയർത്തിക്കാണിക്കാൻ ശ്രമിച്ച ഒരു മഹത്വം അദ്ദേഹത്തിൽ പ്രകടമായ വിനയവും നിസംഗതയുമാണ്. സ്ഥാനമാനങ്ങളെ മോഹിക്കാതെ, കർത്തൃശുശ്രൂഷയിൽ അർപ്പണബോധത്തോടെ പ്രവർത്തിച്ച ഒരു ധന്യാത്മാവ്. ഇക്കാര്യമാണ് ഈ ലേഖകനെ ഏറ്റവും ആകർഷിച്ചത്.

(1) ശീമക്കാരൻ മെത്രാനെയും ബാവാ എന്നു വിളിക്കുന്ന വിധേയഭാവമാണ് അന്നു നിലനിന്നത്. മാർ യൂലിയോസിനെയും ബാവാ എന്നാണ് വിളിച്ചിരുന്നത്.

(2) കടവിൽ മാർ അത്താനാസ്യോസ്. കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. ഇദ്ദേഹത്തിന്റെ സെക്രട്ടറി ആയി കഥാപുരുഷൻ പ്രവർത്തിച്ചിരുന്നു.

(3) 'എനിക്ക്', "ഞാൻ" എന്ന ഉത്തമപുരുഷ നാമത്തിന് പകരം ഡയറിയിൽ പലയിടത്തും "കഥാനായകൻ" എന്നാണ് പ്രയോഗിച്ചിരിക്കുന്നത്.

❑

Malankara Orthodox TV

# മല്പാൻ ഭവനങ്ങളുടെ നിരയിൽ വള്ളിക്കാട്ട് ദയറ

## ഫാ. ഡോ. ജോൺസ് ഏബ്രഹാം, കോനാട്ട്

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിവരെ, വൈദിക വിദ്യാഭ്യാസത്തിൽ മല്പാൻ ഭവനങ്ങൾ വഹിച്ചിരുന്ന പങ്ക് വളരെ വിലപ്പെട്ടതാണ്. മലങ്കര സഭയുടെ വളർച്ചയ്ക്കും ഉന്നമനത്തിനും കാരണഭൂതരായ പിതാക്കന്മാരും, വൈദിക നേതാക്കളും എല്ലാം തന്നെ മല്പാൻ പാഠശാലകളിൽ പരിശീലനം പൂർത്തിയാക്കിയിട്ടുള്ളവരും, പലരും പിൽക്കാലത്ത് ഇത്തരം പാഠശാലകൾ നടത്തിയിട്ടുള്ളവരുമാണ്. ഭാരതത്തിലെ പുരാതന വിദ്യാഭ്യാസ സമ്പ്രദായമായ ഗുരുകുല വിദ്യാഭ്യാസത്തിന്റെ ചുവടു പിടിച്ച് ആസൂത്രിതമായിരുന്ന ഈ മല്പാൻ ഭവനങ്ങൾ വിദ്യാർത്ഥികളുടെ രണ്ടാം വീടുകളായിരുന്നു. സ്വന്തഭവനത്തോടുള്ള ഒരു ആത്മബന്ധം പോലെ തന്നെയായിരുന്നു തങ്ങളുടെ ഗുരുകുലങ്ങളോടും അവർക്കുണ്ടായിരുന്ന അടുപ്പം. ആധുനിക വിദ്യാഭ്യാസ മാതൃകയിലുള്ള ഗവേഷണങ്ങളോ, പാഠ്യ വിഷയങ്ങളിലുള്ള അഗാധമായ ജ്ഞാനസമ്പാദനമോ ഒന്നും ഒരു പക്ഷേ ഈ സമ്പ്രദായത്തിൽ സാധ്യമായിരുന്നില്ല എങ്കിലും ആധുനിക വിദ്യാഭ്യാസത്തിൽ നഷ്ടപ്പെട്ടുപോയ പല മൂല്യങ്ങളും പഴയ രീതിയിൽ ഉണ്ടായിരുന്നു. ഗുരുശിഷ്യ ബന്ധത്തിന്റെ ആഴം തന്നെയാണ് ഇതിൽ ഒന്നാമതായി എടുത്തു പറയേണ്ടത്. ശിഷ്യൻ ഗുരുവിന്റെ ഭവനത്തിൽ, അല്ലെങ്കിൽ അദ്ദേഹം ശുശ്രൂഷയനുഷ്ഠിക്കുന്ന ദേവാലയത്തിൽ താമസിച്ച്, പരിശീല നക്കാലം മുഴുവൻ അദ്ദേഹത്തോടൊപ്പം ഉണ്ടും, ഉറങ്ങിയും ഗുരുവിന്റെ ഒരംശം തന്നെ സ്വന്തമാക്കുകയായിരുന്നു. പലരും നന്നേ ചെറുപ്പത്തിൽ തന്നെ മല്പാൻ ഭവനങ്ങളിൽ എത്തിച്ചേർന്നവരായിരിക്കും. ആദ്യക്ഷരം കുറിച്ചു തുടങ്ങുന്നതു തന്നെ പണ്ട് പലപ്പോഴും മല്പാൻ പാഠശാലകളിലാ യിരുന്നു. അങ്ങിനെ ദീർഘനാൾ ഗുരുവിന്റെ വാത്സല്യങ്ങളും, ശകാര ങ്ങളും എല്ലാം ഏറ്റുവാങ്ങുന്ന ശിഷ്യൻ ജീവിതത്തിലെ ഓരോ അവ സ്ഥയേയും, സാഹചര്യത്തെയും എങ്ങിനെ നേരിടണമെന്ന് പഠിക്കുകയാണ്. വിദ്യാഭ്യാസം എന്നത് ബൗദ്ധികമായ ജ്ഞാനം സമ്പാദിക്കുവാൻ, വെറും അക്കാഡമിക് തലത്തിൽ നടക്കുന്ന ഒരു പ്രക്രിയ എന്നതിനുപരി, ജീവിതത്തെ സമഗ്രമായി സ്പർശിക്കുന്ന, കരുപ്പിടിപ്പിക്കുന്ന ഒരു പ്രവർത്തനമായി മാറുന്നു. ഗുരുകുലത്തിലെ

വിദ്യാർത്ഥികൾ ഗുരുവിനെ ബഹുമാനിച്ചിരുന്നത് ഭയം മൂലമോ, പരീക്ഷ യിൽ ജയിക്കുന്നതിനു വേണ്ടിയോ ആയിരുന്നില്ല. ആത്മാർത്ഥമായ സ്നേഹം കാരണമായിരുന്നു. അപവാദങ്ങൾ (Exceptions) ഉണ്ടായിരിക്കാം, എങ്കിലും സ്വന്തഗുരുവിനെ നിന്ദിക്കുകയും, ദ്വേഷിക്കുകയും ചെയ്തിരുന്ന ശിഷ്യന്മാർ അക്കാലത്ത് ഇല്ലായിരുന്നു എന്നു തന്നെ പറയാം. ഇന്നും മല്പാൻ ഭവനങ്ങളിൽ പഠിത്തം പൂർത്തിയാക്കിയ 'വല്ല്യച്ച'ന്മാരോടു സംസാ രിച്ചാൽ മനസ്സിലാകും, അവരെല്ലാം തങ്ങളുടെ ഗുരുക്കന്മാരെ എത്ര മാത്രം ബഹുമാനിക്കയും സ്നേഹിക്കയും ചെയ്തിരുന്നു എന്ന്.

മല്പാന്മാരും അത്രമാത്രം ശോഭയുള്ളവരും, ആത്മനിഷ്ഠയുള്ളവരും ആയിരുന്നിരിക്കണം. ശിഷ്യന്മാർ ചുറ്റും കൂടുന്നവനു മാത്രമേ മല്പാനായി തുടരുവാൻ സാധിക്കുമായിരുന്നുള്ളു. ഇന്നെത്തോപ്പോലെ ഒരു ഡിഗ്രി പാസ്സായതു കൊണ്ടു മാത്രമോ. ഏതെങ്കിലും സ്ഥാപനത്തിൽ നിയമിത നായതു കൊണ്ടു മാത്രമോ അന്ന് ഗുരുവാകാനുള്ള ഭാഗ്യം ലഭിക്കുമായി രുന്നില്ല. ആത്മീകതയിലും, പാണ്ഡിത്യത്തിലും, ഉന്നതനിലവാരം പുലർ ത്തിയിരുന്നവരുടെ ചുറ്റും മാത്രമേ ശിഷ്യഗണങ്ങൾ കൂടിയിരുന്നുള്ളു. ഗുരു വിന്റെ സ്നേഹത്തിനും, നിഷ്ഠയ്ക്കും ആത്മീക നിലവാരത്തിനും തത്തു ല്യമായ ബഹുമാനമാണ് ശിഷ്യന്മാർ നല്കിയിരുന്നത്. പരി. പരുമല തിരുമേ നിയുടെ ചുറ്റും അനേക ശിഷ്യന്മാർ കൂടിയിരുന്നു. എങ്കിൽ അത് ആ പിതാവിന്റെ പരിശുദ്ധ ജീവിതവും, സുറിയാനിയിലും മറ്റുമുള്ള അഗാധപാ ണ്ഡിത്യവും ദർശിച്ചു വന്നവരാണ്. സ്വന്തം ഗുരുവിനെ ദൂരെ കാണുമ്പഴേ ചാടി എഴുന്നേല്ക്കുന്ന മാതൃകാപരമായ ആ ജീവിതം സ്വാംശീകരിക്കുന്ന തിനു വേണ്ടിയായിരുന്നു. ശിഷ്യന്മാർ അടുത്തു കൂടിയത്. സ്വന്തം ഗുരുവിനു മസൂരി രോഗം വന്നപ്പോൾ പോലും മാറാതെ അടുത്തു നിന്നു ശുശ്രൂഷിച്ച പാരമ്പര്യത്തിന്റെ ഉടമയായിരുന്നു തിരുമേനി. ("പരുമല സ്മൃതി", P.24) ശിഷ്യന്മാരുടെ ബാഹുല്യം പരുമലയിൽ എന്നും അനുഭവപ്പെട്ടിരുന്നു.

മല്പാൻ ഭവനങ്ങളിലെ ഗുരുശിഷ്യ ബന്ധങ്ങളുടെ ആഴത്തിന്റെ മകു ടോദാഹരണമാണ്, മലങ്കര സഭ കൂടെ രണ്ടാം കാതോലിക്കാ ആയിരുന്ന പരി. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായുടെ ജീവചരിത്രം. 1870 ൽ വാകത്താനമെന്ന ഗ്രാമത്തിൽ പിറന്ന തിരുമേനിക്ക് ബാല്യകാലത്ത് സാര മായ വിദ്യാഭ്യാസം നേടുവാൻ സാഹചര്യങ്ങൾ അനുവദിച്ചില്ല. സ്വന്തം പിതാവു തന്നെ ആദ്യാക്ഷരം കുറിപ്പിച്ച് ആരംഭിച്ച പ്രാഥമിക വിദ്യാഭ്യാസം മൂന്നാം ക്ലാസ്സിൽ അവസാനിച്ചു. പിന്നീട് ഗുരുവായി സ്വീകരിച്ച, സ്വന്തം ചാർച്ചക്കാരിൽ പെട്ട കളപ്പുരയ്ക്കൽ പൗലൂസ് കത്തനാരെകുറിച്ച് പരി. പിതാവിനുണ്ടായിരുന്ന മതിപ്പും ബഹുമാനവും വളരെ വലുതായിരുന്നു. അക്കാല ഘട്ടത്തിൽ പൗലൂസ് അച്ചൻ സ്ഥാപിച്ച ചെറിയ കുരിശു പള്ളി യാണ് പിന്നീട് വള്ളിക്കാട്ട് ദയറായായി വളർന്നത്. അവിടെ താമസിച്ച്

പഠിച്ചിരുന്ന കാലത്തെക്കുറിച്ച് മധുരിക്കുന്ന ഓർമ്മകളാണ് തിരുമേനി മനസ്സിൽ സൂക്ഷിച്ചിരുന്നത്. ഗുരുവായിരുന്ന പൗലൂസ് കത്തനാർ മരിച്ചപ്പോൾ അടുത്തുണ്ടാവാൻ സാധിക്കാഞ്ഞതിന്റെ ഹൃദയവേദന എത്രമാത്രമായിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്ന് ആലുവായിൽ ആയിരുന്ന തിരുമേനി വാകത്താനത്തെത്തി 40 അടിയന്തിരം വരെ എല്ലാ ദിവസവും വി. കുർബാന അർപ്പിച്ച് അടിയന്തിരത്തിനു മേൽനോട്ടവും വഹിച്ചിട്ടാണ് ആലുവായ്ക്ക് മടങ്ങിയത്.

കടവിൽ മാർ അത്താനാസ്യോസ് മെത്രാച്ചനിൽ നിന്നും ശെമ്മാശു പട്ടം സ്വീകരിച്ചശേഷം കോട്ടയം പഴയ സെമിനാരിയിൽ പഠനത്തിനു വന്നപ്പോൾ, അന്നത്തെ പ്രഗത്ഭരായ രണ്ടു മല്പാന്മാരുടെ - വട്ടശ്ശേരീൽ ഗീവർഗീസ് മല്പാന്റെയും, കോനാട്ട് മാത്തൻ മല്പാന്റെയും - ശിഷ്യത്വം സ്വീകരിക്കുവാനിടയായി. ഇവരെ രണ്ടു പേരെയും ആ പിതാവ് ബഹുമാനിച്ചിരുന്നു. മാത്തൻ മല്പാൻ സമ്മാനിച്ച ഒരു ഓട്ടുവിളക്ക് തന്റെ ജീവിതാന്ത്യം വരെയും കാത്തുസൂക്ഷിച്ചിരുന്നു. പിൽക്കാലത്ത് സഭാ വഴക്കിന്റെ നൂലാമാലകളിൽ പെട്ട് മാത്തൻ മല്പാന്റെ എതിർ ചേരിയുടെ നേതാവായി താൻ തെരഞ്ഞെടുക്കപ്പെട്ടപ്പോഴും, തന്റെ ഗുരു ഭക്തിയുടെ പ്രതീകമായി ആ വിളക്ക് തന്റെ പ്രാർത്ഥനാ മേശമേൽ പ്രകാശിച്ചിരുന്നു (കെ. കുര്യാക്കോസ്, "മലങ്കരയിലെ രണ്ടാം കാതോലിക്ക", കോട്ടയം, 1984, പി. 23-24). എല്ലാ ഗുരുക്കന്മാരുടേയും സാന്നിധ്യത്തിൽ ഭയത്തോടും വിറയലോടും കൂടി നടന്ന നവപൂജാർപ്പണത്തെ കുറിച്ചുള്ള ഡയറികുറിപ്പുകളും അദ്ദേഹത്തിന്റെ ഗുരുഭക്തി വെളിപ്പെടുത്തുന്നു (Ibid. p . 30).

പല ഗുരുക്കന്മാർ തിരുമേനിക്ക് ഉണ്ടായിരുന്നു. എങ്കിലും കടവിൽ തിരുമേനിയോടൊപ്പമാണ് ഏറ്റവും കൂടുതൽ കാലം ചിലവഴിച്ചിരുന്നത്. ശെമ്മാശപ്പട്ടവും, കശീശാ പട്ടവും, റമ്പാൻ സ്ഥാനവും എല്ലാം കടവിൽ തിരുമേനി തന്നെയാണ് കഥാപുരുഷന് നല്കിയത്. 18 വർഷങ്ങൾ തിരുമേനിയെ അനുഗമിച്ച് അസുഖദുഃഖങ്ങളിലെല്ലാം പങ്കുകാരനായ ശേഷം ഭൗതീകമായി തന്റെ ഗുരു വേർപെടുന്ന സമയം വന്നപ്പോൾ കാരുചിറ ഗീവർഗീസ് റമ്പാൻ തകർന്നുപോയി. ഗുരുവുമായുണ്ടായിരുന്ന ആത്മബന്ധം അത്ര അഗാധമായിരുന്നു. ആലുവ സെമിനാരിയുടെ മാനേജർ സ്ഥാനവും മറ്റും തിരുമേനി റമ്പാച്ചനെ രേഖാമൂലം മുൻകൂട്ടി ഏല്പിച്ചിരുന്നു എങ്കിലും ഗുരുവിന്റെ വേർപാടിനു ശേഷം അധികകാലം അവിടെ തങ്ങുവാൻ തന്റെ മനസ്സ് അനുവദിച്ചില്ല. ഏതാനും മാസങ്ങൾക്കു ശേഷം ആലുവായിൽ നിന്നും വള്ളിക്കാട്ടെത്തി അവിടെ സ്ഥിരതാമസമാക്കി. അവിടം ഒരു ദയറായും ഗുരുകുലവുമായി താൻ വളർത്തി.

രണ്ടാം കാതോലിക്കാബാവയുടെ ശിഷ്യഗണത്തിൽ സഭയ്ക്കു നേതൃത്വം നല്കിയ പലരുടേയും പേരുകൾ കാണാം. (Ibid. p. 57) മല്പാൻ

പാഠശാലകളുടെ ഒരു ഉത്തമ മാതൃകയായിരുന്നു വള്ളിക്കാട്ടു ദയറ. തിരുമേനിയുടെ ജീവചരിത്രത്തിൽ അവിടത്തെ പ്രവർത്തനങ്ങൾ വർണ്ണിക്കുന്നത് ഇപ്രകാരമാണ്. “ഒരേ സമയം പത്തു ശെമ്മാശന്മാർവരെ തിരുമേനിയോടൊപ്പം ദയറായിൽ താമസിച്ചിരുന്നു..........വള്ളിക്കാട്ടു ദയറായിലെ വൈദിക വിദ്യാഭ്യാസം സഭയുടെ ആത്മീക നിലവാരം ഉയർത്താൻ പര്യാപ്തമായി. തിരുമേനിയുടെ സന്നിധിയിൽ അന്തേവാസികൾ എല്ലാം ആനന്ദഭരിതരായി കഴിഞ്ഞു കൂടി. കൃത്യമായും മുടങ്ങാതെയുമുള്ള പ്രാർത്ഥന അദ്ദേഹത്തോടൊപ്പം അന്തേവാസികളും പരിശീലിച്ചു.” (Ibid.p 57) ദീർഘനാൾ വള്ളിക്കാട്ടു ദയറാ ഒരു മല്പാൻ ഭവനമായി പ്രവർത്തിച്ചില്ലാ എങ്കിലും പ്രവർത്തിച്ചത്രയും കാലം അത് ഒരു മാതൃകാ പാഠശാലയായിരുന്നു. പഠിപ്പിച്ചിരുന്ന മല്പാന്റെ ശ്രേഷ്ഠതയായിരുന്നു അതിന്റെ കാരണം. ജീവചരിത്രകാരൻ പറയുന്നത്. “അദ്ദേഹത്തിന്റെ വ്രതനിഷ്ഠതയും ജീവിത വിശുദ്ധിയും അനേകരെ ആകർഷിക്കുകയും അതിലൂടെ ധാരാളം പേർ വൈദിക വൃത്തിയിലേക്ക് വരികയും ചെയ്തിട്ടുണ്ട്....... നമസ്കാരം, നോമ്പ്, വ്രതം എന്നിവകളിൽ തിരുമേനിക്ക് വലിയ നിഷ്ഠയുണ്ടായിരുന്നു........ സമയ ക്ലിപ്തത പാലിക്കുന്നതിനുവേണ്ടി ഒരു പോക്കറ്റ് വാച്ച് ഉപയോഗിച്ചിരുന്നു” (Ibid p. 58, 59).

വളരെനാൾ അവഗണിക്കപ്പെട്ടു കിടന്നിരുന്നു എങ്കിലും വള്ളിക്കാട്ടു ദയറാ ഇന്നു വീണ്ടും അഭിവൃദ്ധിയിലേക്കു നീങ്ങുന്നത് സംതൃപ്തിയേകുന്നു. അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരും അഭിനന്ദനം അർഹിക്കുന്നു. വൈദീക വിദ്യാഭ്യാസം സെമിനാരിയിൽ കേന്ദ്രീകൃതമായിരിക്കുന്നതിനാൽ, ഒരു മല്പാൻ ഭവനമായി അവിടം പുനരുദ്ധരിക്കപ്പെടുകയില്ല. എന്നാൽ അനേകായിരങ്ങൾക്ക് ആത്മീക പ്രചോദനം നൽകുന്ന ആത്മീക ഉത്തേജനം പകർന്നു കൊടുക്കുന്ന ഒരു കേന്ദ്രമായി വള്ളിക്കാട്ടു ദയറാ വളരട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

❑

Malankara Orthodox TV

# ആർഷഭാരതത്തിലെ ക്രൈസ്തവ മഹർഷി

## ഫാ. ഡോ. എം. ജോൺ പണിക്കർ

വിഭിന്ന മത സംസ്കാരങ്ങളുടെ സംഗമ ഭൂമിയായ ഭാരതത്തിൽ ഒരു സംഘടന എന്ന നിലയിൽ സന്യാസ പ്രസ്ഥാനത്തിന്റെ ചരിത്രത്തിന് വ്യക്തത ഇല്ലെങ്കിലും സന്യാസ ജീവിതത്തിന്റെ ഔന്നത്യവും മഹിമയും അനുഭവിച്ചു മഹത്വ കിരീടം അണിഞ്ഞ മഹാരഥന്മാരുടെ എണ്ണം മറ്റേതു പൗരസ്ത്യ ദേശത്തെയും വെല്ലുന്ന രീതിയിൽ ഇവിടെ ഉണ്ടായിരുന്നു എന്നത് തർക്കമറ്റ സംഗതിയാണ്. ഭാരതമണ്ണിൽ ആഴത്തിൽ വേരോടിയിരിക്കുന്ന മത ബഹുലതയുടെയും മത സഹിഷ്ണതയുടെയും ധന്യ സംസ്കാരം ഭാരത സന്യാസ പാരമ്പര്യത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നതാണ്.

കേരളത്തിന്റെ ആദ്ധ്യാത്മികത അതി പുരാതനകാലത്തു തന്നെ രൂപപ്പെട്ടു വന്ന ദ്രാവിഡ - ആര്യ - ജൈന - ബുദ്ധ - ക്രിസ്തു - മുസ്ലീം സംസ്കാരങ്ങളുടെ സമന്വയമാണ്. ഈ സമന്വയത്തിന്റെ രൂപവും സൗന്ദര്യവും ജീവിതത്തിലൂടെ ആസ്വദിച്ചു പൂർണ്ണിമയിലേക്ക് വളർന്ന പൂർവ്വികർ എല്ലാ പുരാതന മതങ്ങളിലുമുണ്ട്. ജാതി - മത - വർഗ്ഗവ്യത്യാസമില്ലാത്ത വലിയ ഒരു ശൃംഖലയാണിത്. ഈ ശൃംഖലയിൽ ചേർക്കപ്പെടുന്ന ഓരോ വ്യക്തിയും തന്റെ മതത്തിന്റെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങളിൽ നിന്ന് അണുവിട പോലും വ്യതിചലിക്കാതെ ഭാരത സംസ്കാരത്തിന്റെയും ആദ്ധ്യാത്മികതയുടെയും താളം കാത്തു സൂക്ഷിക്കുന്ന ആളായിരിക്കും. ഈ ശൃംഖലയിൽ മലങ്കര സഭയിലെ പൂർവ്വീകരിൽ ഭൂരിഭാഗവും അംഗങ്ങളാണ്. അതിൽ നിന്ന് ഒരിക്കലും അറ്റുപോകാതെ നിൽക്കുന്ന ഉത്തമ മഹർഷിയാണ് വള്ളിക്കാട്ടു ദയറായിൽ നിത്യ വിശ്രമം കൊള്ളുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ ഗീവർഗീസ് പ്രഥമൻ തിരുമേനി.

### തിരുമേനിയുടെ ആദ്ധ്യാത്മികത

പ. ഗീവർഗീസ് പ്രഥമൻ ബാവാ തിരുമേനിയുടെ ജീവചരിത്രമോ സംഭാവനകളോ വിവരിക്കുവാൻ ഇവിടെ ഉദ്ദേശ്യമില്ല. ഭാരത സഭയായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അജപാലകൻ എന്ന

നിലയിൽ അദ്ദേഹം ദൈവ ജനത്തിനു പകർന്നു നൽകിയ ജീവിത മാതൃക വരും തലമുറക്കു മുതൽകൂട്ടാകുവാൻ ഇവിടെ ആവർത്തിക്കുന്നു എന്നു മാത്രം.

## ബാല്യകാലം മുതൽ തന്നെയുള്ള വൃതനിഷ്ഠ

ഒരു വ്യക്തിയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ഉറവിടം അവന്റെ കുടുംബം തന്നെയാണ്. ഉത്തമ ക്രൈസ്തവ മാതാപിതാക്കളുടെ സന്താനങ്ങൾ ഉത്തമരായി പരിലസിക്കും. വാകത്താനം വള്ളിക്കാട്ട് കുടുംബത്തിൽ കാരുച്ചിറ വീട്ടിൽ കുഞ്ഞച്ചന്റെയും ഉണിച്ചിയമ്മയുടെയും അഞ്ചാമത്തെ മകൻ മലങ്കര സഭയുടെ പ്രധാന പൗരൻ ആയതിന്റെ പിന്നിലും ഈ സവിശേഷതയുണ്ട്. സഭയുടെ കല്പിക്കപ്പെട്ടിട്ടുള്ള നോമ്പുകളും ബുധൻ വെള്ളി തുടങ്ങിയ ഉപവാസ ദിവസങ്ങളും വ്രതാനുഷ്ഠാനങ്ങളാലും പ്രാർത്ഥനയാലും ചെലവഴിച്ച മാതാ പിതാക്കളുടെ ആത്മീയ പ്രഭ മകനിലും ബാല്യത്തിൽ തന്നെ പ്രവേശിച്ചു. ഈ ആത്മീയ പ്രഭ ജീവിതാവസാനം വരെയും നഷ്ടപ്പെടുത്താതെ നിലനിർത്തിയ ഋഷിവര്യൻ ആയിരുന്നു തിരുമേനി എന്നത് അദ്ദേഹത്തിന്റെ ജീവചരിത്രത്തിന്റെ സാക്ഷ്യമാണ്.

ആജീവനാന്തം വൃതമനുഷ്ഠിച്ചു കൊണ്ട് ദീർഘനാളത്തെ ആത്മ പരിശോധനയോടുകൂടി സന്യാസം സ്വാകരിക്കണമെന്നും അഹങ്കാരം ഒഴിവാക്കണമെന്നും വിനയം കൈ വരിക്കണമെന്നുമുള്ള ഭാരതീയ ദർശനം തിരുമേനി സ്വീകരിച്ചിരുന്നു. കഠിനമായ വൃതനിഷ്ഠയിലൂടെ ദൈവീകരണത്തിന്റെ അനുഭവത്തിൽ എത്തിച്ചേരാം എന്നു വിശ്വസിച്ചിരുന്ന തിരുമേനി ശാരീരിക ബുദ്ധിമുട്ടുകൾ കണക്കിലെടുക്കാതെ നോമ്പും ഉപവാസവും സ്വമേധയാ അനുഷ്ഠിച്ചു കൊണ്ട് ആത്മീയ ശക്തിയാർജിച്ച മഹാചാര്യൻ ആയിരുന്നു എന്നത് ചരിത്ര സത്യമാണ്. പ്രാർത്ഥനയുടേയും ഉപവാസത്തിന്റേയും ശക്തി ജീവിച്ചിരിക്കുമ്പോൾ തന്നെ അനുഭവിച്ചറിഞ്ഞ ഈ താപസ ശ്രേഷ്ഠൻ അനേകരെ ക്രൈസ്തവ ജീവിതത്തിലേക്കാകർഷിച്ചു. വൃതശുദ്ധിയും ജീവിത വിശുദ്ധിയും കൊണ്ട് അനേകരെ വൈദീക വൃത്തിയിലേക്ക് നയിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

## സ്വയത്യാഗം: സന്യാസജീവിതത്തിന്റെ പ്രമാണം

ഭാരത പാരമ്പര്യത്തിൽ മനുഷ്യ ജീവിതത്തിലെ നാലു തലങ്ങളെ കുറിച്ചുള്ള വിവരണമുണ്ട്.- ബ്രഹ്മചര്യ, ഗൃഹസ്ഥ, വാനപ്രസ്ഥ, സന്യാസ. മനുഷ്യൻ തന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തിലേക്ക് വരുമ്പോൾ സർവ്വവും ത്യജിച്ച് ഒരു സന്യാസി - ഭിഷുവായി മാറണമെന്നാണ് നിഷ്കർഷ. വിനയവും പക്വമായ പെരുമാറ്റവും അഹിംസയും ശരീര പീഡനത്തിലൂടെ നേടിയെടുക്കേണ്ട നന്മകളാണെന്നും ഭാരതീയ (ജൈന- ബുദ്ധ) ദർശനങ്ങളുണ്ട്. ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനം സർവ്വാധി സർവ്വ

വ്യാപിയായ ഈശ്വരൻ ലോകരക്ഷക്കു വേണ്ടി മഹത്വം മുറുകെ പിടിക്കാതെ മനുഷ്യനായി അവതരിച്ച മഹാ സംഭവത്തിൽ ഉറച്ചു നിൽക്കുന്നു. “ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ.” എന്ന കർത്താവിന്റെ വചനവും ഇവിടെ അന്വർത്ഥമാണ്.‘അവനോ വളരേണം ഞാനോ കുറയേണം’ എന്നു കർത്താവിനെ നോക്കി പ്രഖ്യാപനം നടത്തിയ യോഹന്നാൻ സ്ഥാപകനും നമുക്ക് മുന്നിൽ നിൽക്കുന്നുണ്ട്. പൗരസ്ത്യസഭയിൽ പിതാക്കന്മാർ സന്യാസിമാരായിരിക്കണം എന്ന നിഷ്കർഷയുടെ കാരണവും ഒരു പക്ഷേ ഇതായിരിക്കാം.

പ. ഗീവർഗീസ് പ്രഥമൻ ബാവാ തിരുമേനി പദവികളുടെയോ പ്രതാപങ്ങളുടെയോ പിന്നാലെ ഓടി നടന്ന ആൾ ആയിരുന്നില്ല. അവ അദ്ദേഹത്തെ അന്വേഷിച്ചു ചെല്ലുന്ന ചരിത്രമാണ് ഉണ്ടായിട്ടുള്ളത്. പ. പൗലൂസ് പ്രഥമൻ ബാവായുടെ പിൻഗാമിയായി കാതോലിക്കാ സ്ഥാനത്തേക്ക് വരുവാൻ പ. വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തെ നിർബന്ധിച്ചുവെങ്കിലും തന്റെ ജൂണിയർ ആയ കുറിച്ചി മാർ ഗ്രിഗോറിയോസിനെ (പ. ഗീവർഗീസ് ദ്വിതീയൻ ബാവാ) കാതോലിക്കാ ആക്കിയാൽ മതി എന്നു ശഠിച്ചു കൊണ്ടു പിന്മാറി നിന്ന ആളായിരുന്നു തിരുമേനി. കുറിച്ചി മാർ ഗ്രിഗോറിയോസ് അതു സ്വീകരിക്കാതെ അദ്ദേഹവും മറ്റു പ്രമുഖരും കൂടി വീണ്ടും നിർബന്ധിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രം കാതോലിക്കാ സ്ഥാനം ഏറ്റെടുക്കുവാൻ തുനിഞ്ഞ സംഭവം ഇന്നത്തെ സഭയ്ക്കു വെല്ലുവിളി തന്നെയാണ്. സ്ഥാനമാനങ്ങൾക്കും മഹിമകൾക്കും വേണ്ടി പരക്കം പായാതെ രഹസ്യമായി ദൈവ ശുശ്രൂഷ ചെയ്യുവാൻ ഹൃദയപൂർവ്വം ആഗ്രഹിച്ച ത്യാഗിവര്യൻ ആയിരുന്നു തിരുമേനി.

## ക്രൈസ്തവ ജീവിതത്തിൽ അനുതാപത്തിനുള്ള സ്ഥാനം

പൗരസ്ത്യ ചിന്തയിൽ അനുതാപത്തിനു വലിയ സ്ഥാനമാണുള്ളതെന്ന് ജീവിതം കൊണ്ടു തെളിയിച്ച വലിയ പിതാവാണ് പ. ഗീവർഗീസ് പ്രഥമൻ ബാവാ. അനുതാപമില്ലാതെ പുതു ജീവനോ രക്ഷയോ ഇല്ല എന്നദ്ദേഹം വിശ്വസിച്ചിരുന്നു. ജീവിതത്തിന്റെ ഓരോ നിമിഷവും അനുതപിക്കുവാൻ സാദ്ധ്യമാകണമെന്ന നിഷ്കർഷ ഉണ്ടായിരുന്ന തിരുമേനി തന്റെ അന്ത്യ സമയം വരെ അതു പാലിച്ചു. ചെയ്തു പോയ പാപത്തെക്കുറിച്ചുള്ള ചിന്തയോ വിഷമമോ ആയി മാത്രം അനുതാപത്തെ മനസ്സിലാക്കുവാൻ പാടില്ല. ‘മെത്തനോയിയാ’എന്ന മൂല പദത്തിന്റെ ആന്തരിക അർത്ഥം ഉൾക്കൊണ്ട് സ്വയത്തേയും മറ്റുള്ളവരെയും ദൈവത്തെയും നോക്കുന്ന രീതിയിലുള്ള അടിസ്ഥാനപരമായ മാറ്റമാണിവിടെ പ്രധാനം. ‘ഹെർമാസിന്റെ ഇടയൻ’ എന്ന പുരാതന കൃതിയിൽ ‘ഒരു വലിയ മനസ്സിലാക്കൽ’

Malankara Orthodox TV

എന്നാണ് അനുതാപത്തിന് അർത്ഥം നൽകിയിരിക്കുന്നത്. വികാരപരമായി പ്രശ്നങ്ങളെ മനസ്സിലാക്കുകയും പരിതപിക്കുകയും ചെയ്യുന്ന പ്രക്രിയ എന്നതിലുപരി പ. ത്രിത്വത്തിൽ കേന്ദ്രീകരിച്ചു ജീവിക്കാൻ വേണ്ടിയുള്ള രൂപാന്തരത്തിന്റെ അനുഭവമായി തിരുമേനി അനുതാപത്തെ മനസ്സിലാക്കിയിരുന്നു. ലോകത്തിൽ നന്മയും തിന്മയും ഉണ്ടെന്നും സ്നേഹവും വിദ്വേഷവുമുണ്ടെന്നും നന്മ തിന്മയെക്കാളും സ്നേഹം വിദ്വേഷത്തേക്കാളും വലിയവയാണെന്നും ആത്യന്തിക വിജയം നന്മയ്ക്കും സ്നേഹത്തിനുമാണെന്നും മനസ്സിലാക്കി പ്രവർത്തിക്കുന്നതാണ് യഥാർത്ഥ അനുതാപം. ദൈവസ്നേഹത്തിന്റെ ആഴം മനസ്സിലാക്കി അവന്റെ കൃപ ലഭിക്കുന്നതിനു വേണ്ടി അവനിലേക്ക് നോക്കുന്നവനാണ് യഥാർത്ഥ അനുതാപി. പ. ബാവാ തിരുമേനി സഭാ മക്കൾക്കു പകർന്നു നൽകിയിരിക്കുന്ന പ്രഭ വിതറുന്ന ആത്മീയ സന്ദേശമായി ഏവരും ഇതിനെ ഉൾക്കൊള്ളണം.

## പ. തിരുമേനിയും സമൂഹത്തിന്റെ നവോത്ഥാനവും

ചില ആദ്ധ്യാത്മിക പണ്ഡിതന്മാർ (eg:-Spidlik) ബഥാന്യായിലെ ലാസറിന്റെ ഒരു സഹോദരി മാർത്തയെ ജോലി ചെയ്യുന്നവൾ എന്ന പേരിൽ പടിഞ്ഞാറൻ ആദ്ധ്യാത്മികതയുടെ പ്രതീകമായും മറ്റേ സഹോദരി മറിയയെ കർത്താവിന്റെ പാദപീഠത്തിൽ ഇരിക്കുന്നവൾ എന്ന പേരിൽ കിഴക്കൻ ആദ്ധ്യാത്മികതയുടെ പ്രതീകമായും ചിത്രീകരിക്കാറുണ്ട്. പൗരസ്ത്യസഭകളുടെ വേദശാസ്ത്രത്തിലോ ആദ്ധ്യാത്മികതയിലോ ഇങ്ങനെ ഒരു തരം തിരിക്കൽ ഇല്ല എന്നതാണ് വാസ്തവം. അവിടെ മാർത്ത– മറിയ സമന്വയത്തിനാണ് ഊന്നൽ ഉള്ളത്. സഭാ ജീവിതത്തിൽ പ്രാർത്ഥനക്കും നല്ല പ്രവൃത്തിക്കും പ്രാധാന്യം ഉണ്ട്.

പൗരസ്ത്യ ദേശങ്ങളിലെ ആശ്രമങ്ങളിലൊക്കെ പ്രാർത്ഥനയും സേവനവും ഇടവിട്ടിടവിട്ട് നടത്തുന്ന രീതിയാണ് സാധാരണയുള്ളത്. ഏകാന്തവാസികളായി ജീവിക്കുന്നവർ പോലും ചില പ്രത്യേക സമയങ്ങളിൽ ഗുഹകളിൽ നിന്നു പുറത്തു വന്നു സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി ജോലി ചെയ്യുന്ന പാരമ്പര്യവും സഭയിൽ ഉണ്ട്. പൗരസ്ത്യ സഭാ പിതാക്കന്മാരിൽ കാണുന്നതും കാണേണ്ടതും മാർത്താ – മറിയ സമന്വയമാണ്. കഠിന വൃതം അനുഷ്ഠിച്ച ഗീവർഗീസ് പ്രഥമൻ ബാവാ, നവീകരണ പ്രസ്ഥാനങ്ങളുടെ ഭീഷണിയും അന്ത്യോഖ്യയുടെ അധികാര വടംവലിയും ശക്തമായിരുന്ന കാലഘട്ടത്തിൽ സഭയെ നയിച്ച ധീരനും വിശ്വാസ വീരനുമായിരുന്നു. വിദ്യാഭ്യാസത്തിലൂടെ അല്ലാതെ നാടിനു പുരോഗതി കൈവരിക്കുവാൻ കഴിയുകയില്ല എന്ന സത്യം മനസ്സിലാക്കിയ പിതാവു വിദ്യാലയങ്ങൾ സ്ഥാപിക്കുകയും മറ്റുള്ളവരെ വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാ

Malankara Orthodox TV

നശക്തി ദൈവവുമായുള്ള സംസർഗ്ഗമാണെന്നു വിശ്വസിച്ച തിരുമേനി ദൈവത്തിന്റെ ഉറച്ച കരങ്ങളിൽ സർവ്വരും സുരക്ഷിതരാണെന്ന സന്ദേശവും ഇവിടെ നൽകുന്നു.

മലങ്കരസഭ പുരാതന സഭയാണ്. ഈ സഭയുടെ ആദ്ധ്യാത്മികത പുനരുദ്ധാനത്തിനു ശേഷമുള്ള ജീവിതത്തിൽ പ്രത്യാശ വെച്ചുകൊണ്ടു രൂപപ്പെട്ടു വളർന്നു വന്നതാണ്. സഭയുടെ ഭാഷ്യമനുസരിച്ച് മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യമെന്നതു സൃഷ്ടാവായ ദൈവത്തോടുള്ള ഐക്യവും (Henosis) അതു മൂലമുള്ള ദൈവീകരണവുമാണ് (Theosis) ഈ ലക്ഷ്യം നമുക്ക് പ്രാപ്യമാക്കുവാൻ ദൈവം മനുഷ്യനായി. ഇതു സ്വയം താഴ്മ ധരിക്കലാണ് (Kenosis) ജഡമായിത്തീർന്ന കർത്താവ് ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഏക മദ്ധ്യസ്ഥനായി. ഈ ഏക മദ്ധ്യസ്ഥനോടുള്ള ഇണങ്ങിച്ചേരലിനും അതു മൂലം ദൈവവുമായുള്ള പൂർണ്ണ അനുരജ്ഞനത്തിനു വേണ്ടിയുള്ള കൃപ പ്രാപ്യമാക്കുന്നതിനും മദ്ധ്യസ്ഥരാകാനുള്ള വിളി എല്ലാ ക്രൈസ്തവർക്കുമുണ്ട്. അങ്ങനെയുള്ള മദ്ധ്യസ്ഥരിൽ പ്രധാന സ്ഥാനം അലങ്കരിക്കുന്ന പ. ഗീവർഗീസ് പ്രഥമൻ ബാവാ ദൈവ കൃപ പ്രാപിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തി നേടിയ പുണ്യവാനാണ്. ഇതു ക്രൈസ്തവ ദർശനമാണ് – സന്യാസ ജീവിത ദർശനമാണ് – ഭാരതീയ ദർശനവുമാണ്.

❑

Malankara Orthodox TV

# സഭാ സ്വാതന്ത്ര്യ സംരക്ഷണ മുന്നണിപ്പോരാളി

## ഡോ. സാമുവൽ ചന്ദനപ്പള്ളി

"പ്രിയരെ! കാതോലിക്കാ സ്ഥാപനം പണ്ടു പണ്ടേ നമുക്കു ലഭിച്ചിട്ടുള്ളതാണ്. മലങ്കരയുള്ള നമുക്ക് ഒരു 'കാതോലിക്കാ' തിഗ്രീസിൽ ഉണ്ടായിരുന്നു. ആ സ്ഥാപനത്തെ സഭ ന്യായാനുസരണം അനുവദിച്ചിട്ടുള്ളതും ആയിരുന്നു. വിശുദ്ധ കുർബാന സമയത്ത് നാം മോറോൻ മാർ ഇഗ്നാത്യോസിനേയും മാർ ബസ്സേലിയോസിനേയും മാർ ഗ്രീഗോറിയോസിനേയും...... ഓർക്കുന്നുണ്ടല്ലോ. ഇതിൽ രണ്ടാമതു മാർ ബസ്സേലിയോസെന്നു പറയുന്നത് ആരെയാണ്? നമുക്ക് പണ്ടേ തന്നെ ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞ തിഗ്രീസിന്റെ ഒന്നാമത്തെ കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ടു തന്നെയാണ്. ഇതു കൂടാതെ ഈ മാർ ബസ്സേലിയോസ് തിരുമേനിയെ ദനഹായുടേയും ദുഃഖവെള്ളിയാഴ്ചയുടേയും എന്നുവേണ്ട എല്ലാ ശുശ്രൂഷക്രമങ്ങളിലും കർമ്മങ്ങളിലും നാം അനുസ്മരിക്കുകയും അദ്ദേഹത്തോട് അപേക്ഷിക്കുകയും ചെയ്യുന്നുണ്ട്. സഭയാൽ അംഗീകരിക്കാതെ ഇങ്ങനെ ഒരു ഏർപ്പാട് നമ്മുടെ ആരാധനാക്രമങ്ങളിൽ എങ്ങിനെ വന്നുചേരും? ഈ ഒരു കാരണം കൊണ്ടു തന്നെ പൗരസ്ത്യ കാതോലിക്കാ സ്ഥാപനവും നമുക്ക് എത്ര കണ്ട് അവകാശയോഗ്യവും അത്യാവശ്യപ്പെട്ടതുമാണെന്നു മനസ്സിലാകുന്നുണ്ടല്ലോ. ഒരു കാലത്ത് അനുഗ്രഹപ്രദമായി നമുക്ക് സിദ്ധിച്ചിരുന്ന ആ ഒരു സ്ഥാപനം നഷ്ടപ്പെടുന്ന പക്ഷം അത് ഒരു വലിയ നഷ്ടമെന്നേ പറയേണ്ടതുള്ളു. ഇടക്കാലത്ത് നമ്മിൽ നിന്നും കുറെ നാളത്തേക്ക് മറഞ്ഞിരുന്ന ആ മഹിമയേറിയ സ്ഥാപനം വീണ്ടും ന്യായമായി നമുക്കു ലഭിക്കുകയും ചെയ്തു. അതിനാൽ അതു വീണ്ടും ബലപ്പെടുത്തിയും സ്ഥിരപ്പെടുത്തിയും കൊണ്ടുപോകേണ്ടതു നമ്മുടെ കടമയും അവകാശവുമത്രേ."

മലങ്കര സഭയുടെ രണ്ടാം കാതോലിക്കാ, മാർ ഗീവറുഗീസ് പ്രഥമൻ ബാവായുടേതാണ് ഈ വാക്കുകൾ. 1104 വൃശ്ചികം 17-ാം തീയതി തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയിൽ വി. കുർബാന മദ്ധ്യേ ചെയ്ത പ്രസംഗത്തിലാണ്, അദ്ദേഹം ഇങ്ങനെ കല്പിച്ചത്. സഭയുടെ സ്വത്വവും, സ്വാതന്ത്ര്യവും സംരക്ഷിക്കാൻ പിതാക്കന്മാർ മുന്നണിപ്പോരാളികളായിരുന്നുവെന്ന്

ഈ പ്രഭാഷണം വ്യക്തമാക്കുന്നു. നവീകരണ പ്രസ്ഥാനക്കാരുടെ കടന്നാക്രമണവും, അന്ത്യോഖ്യൻ അധികാര പ്രമത്തതയുടെ നുഴഞ്ഞു കയറ്റവും മലങ്കര സഭയുടെ മേൽ ആധിപത്യം ചെലുത്താൻ തുടങ്ങിയപ്പോൾ അവയെ സധൈര്യം നേരിട്ട ഈ പുണ്യപിതാവിന്റെ ജീവിതവും ദർശനവും ആദരണീയവും അവിസ്മരണീയവുമത്രേ.

ഒന്നാം കാതോലിക്കാ മുറിമറ്റം മാർ ബസ്സേലിയോസ് പൗലൂസ് പ്രഥമൻ ബാവാ 1088 മേടം 19 -ാം തീയതി (1913 മെയ് 2) കാലം ചെയ്തു. വീണ്ടും സഭാന്തരീക്ഷത്തിൽ പ്രതിസന്ധി സംജാതമായി. മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ കാര്യങ്ങൾ നീങ്ങി. മലങ്കരയിൽ പുനഃസ്ഥാപിക്കപ്പെട്ട കാതോലിക്കേറ്റ് അനാഥമാകാൻ പാടില്ല. ഒരനന്തരീയൻ ആവശ്യം. നേതാക്കന്മാർ ഗൗരവപൂർവ്വം ആലോചിച്ചു. മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, സഭയിലെ ഓരോ മെത്രാപ്പോലീത്തന്മാരേയും സമീപിച്ചു. ഗീവറുഗീസ് മാർ പീലക്സിനോസ് തനിക്കു പ്രായക്കൂടുതലാണെന്നു പറഞ്ഞു ഒഴിഞ്ഞുമാറി. കല്ലാശ്ശേരിൽ മാർ ഗ്രിഗോറിയോസാകട്ടെ തനിക്കു പ്രായക്കുറവാണെന്നു കാണിച്ച് പിൻവാങ്ങി. ഇനിയെന്തു മാർഗ്ഗം. ക്രാന്ത ദർശിയായ വട്ടശ്ശേരിൽ തിരുമേനി ഒരു നിർദ്ദേശം വച്ചു. രണ്ടു പേരുടേയും പേരെഴുതി ചീട്ടിടാം. ആദിമ സഭാ പാരമ്പര്യമനുസരിച്ച് ദൈവം തന്നെ അർഹനായ വ്യക്തിയെ തിരഞ്ഞെടുക്കട്ടെ. ഇരുവരും ഇതിനോടു യോജിച്ചു. ചീട്ട് മാർ പീലക്സിനോസ് തിരുമേനിക്ക് തന്നെ വീണു. 'ഇത്രമാത്രം ഉയർന്ന പദവിക്ക് താൻ എത്ര നിസ്സാരൻ' എന്നു ചിന്തിച്ച തിരുമേനി, വീണ്ടും കാതോലിക്കാ സ്ഥാനത്തു നിന്നും ഒഴിഞ്ഞുമാറാൻ പല വഴിയിലൂടെ ശ്രമിച്ചു. പക്ഷേ സഭയുടെ സംഘർഷ കലുഷിതമായ അന്തരീക്ഷവും, സഹോദര മെത്രാപ്പോലീത്തന്മാരുടെ സ്നേഹോഷ്മളമായ നിർബന്ധവും അല്മായ പ്രമുഖരായ സഭാംഗങ്ങളുടെ അകളങ്കമായ സ്നേഹവും ആ മുനി ശ്രേഷ്ഠനെ ധർമ്മ സങ്കടത്തിലാക്കി. ദൈവനിയോഗം നടക്കട്ടെ എന്നദ്ദേഹം ആശ്വസിച്ചു. ഇതിനോടകം നിരണത്തു ചേർന്ന മലങ്കര അസ്സോസ്സിയേഷൻ മാർ പീലക്സിനോസ് തിരുമേനിയെ കാതോലിക്കാസ്ഥാനത്തേക്ക് ഏകകണ്ഠമായി ശുപാർശ ചെയ്തപ്പോൾ, മലങ്കരസഭാംഗങ്ങൾ സന്തുഷ്ട മാനസരായി.

1100 മേടം 18-ാം തീയതി (1925 ഏപ്രിൽ 30 വ്യാഴാഴ്ച) ചരിത്ര പ്രസിദ്ധവും പ്രാചീനവുമായ നിരണം സെന്റ് മേരീസ് പള്ളി, രണ്ടാം കാതോലിക്കായുടെ സ്ഥാനാഭിഷേക ചടങ്ങുകൾക്കു സാക്ഷ്യം വഹിച്ചു. മലങ്കര സഭയിലെ മെത്രാപ്പോലീത്തന്മാരും നൂറ്റമ്പതിലധികം വൈദീകരും മുപ്പതിൽപരം ശെമ്മാശന്മാരും ആയിരക്കണക്കിന് അല്മായരും പങ്കെടുത്തു. മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയായിരുന്നു മുഖ്യ കാർമ്മികൻ. ശുശ്രൂഷാനന്തരം കൂടിയ അനുമോദന സമ്മേളനത്തിൽ സഭാംഗങ്ങൾ ആശംസ

കളർപ്പിച്ചു. അഭിനവ കാതോലിക്കാ, കാതോലിക്കാ സിംഹാസനത്തിന്റെ ഭദ്രതക്കും പവിത്രതക്കും ആത്മാർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുമെന്ന്, മറുപടി പ്രസംഗത്തിൽ പ്രസ്താവിച്ചപ്പോൾ ജനങ്ങൾ ഹർഷപുളകിതരായി. സഭയുടെ ശക്തി സ്രോതസ്സിനെ കാതോലിക്കായിൽ അവർ കണ്ടെത്തി. കുഴിമറ്റം കുറിച്ചി, നിലയ്ക്കൽ, മാവേലിക്കര, പുത്തൻകാവ്, പാമ്പാടി, വാകത്താനം, ചെങ്ങന്നൂർ, പുതുപ്പള്ളി, കുന്നംകുളം, ആർത്താറ്റ് തുടങ്ങിയ സ്ഥലങ്ങളിൽ ഗീവറുഗീസ് പ്രഥമൻ ബാവയ്ക്കു ജനങ്ങൾ ഹൃദ്യമായ സ്വീകരണവും വരവേല്പും നല്കി. സഭാ തർക്കവിതർക്കങ്ങൾ സൃഷ്ടിച്ച നൈരാശ്യജനകമായ അന്തരീക്ഷത്തിൽ പ്രത്യാശയുടെ നവനാദം മുഴുക്കാൻ ബാവാതിരുമേനിക്കു സാധിച്ചു. എവിടേയും നവോന്മേഷത്തിന്റെ നാമ്പുകൾ പൊന്തിവന്നു.

മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരീൽ തിരുമേനിയും, അഭിനവ കാതോലിക്കായും, തോളോടു തോൾ ചേർന്നു നിന്നുകൊണ്ട് സഭാ ഭരണത്തിൽ നവ മാനങ്ങൾ സൃഷ്ടിച്ചു. അനവധി പുതിയ ദേവാലയങ്ങൾക്ക് രണ്ടാം കാതോലിക്ക ശിലാസ്ഥാപനം നടത്തി. വാകത്താനം വെട്ടിക്കുന്നുപള്ളി, പൊങ്ങന്താനം സെന്റ് തോമസ് പള്ളി, പള്ളം സെഹിയോൻ പള്ളി, കുന്നംകുളം തെക്കേകുരിശുപള്ളി, കുഴിമറ്റം വലിയപള്ളി തുടങ്ങിയവ ഇക്കൂട്ടത്തിൽ പെടുന്നു. അഭ്യസ്തവിദ്യരും സഭാസ്നേഹികളുമായ നിരവധി പേരെ വൈദീകപദവിയിലേക്കുയർത്തി. അവരൊക്കെ ഇന്നും കൃതജ്ഞതാപൂർവ്വമാണ് തിരുമേനിയെ സ്മരിക്കുക. തിരുമേനിയുടെ ധന്യവും ആദർശസുരഭിലവുമായ ജീവിതം അവരുടെ ആത്മീയ ജീവിതത്തിൽ ആഴത്തിൽ പതിഞ്ഞിട്ടുണ്ട്. വേദശാസ്ത്രാഭ്യാസത്തിനായി ശെമ്മാശന്മാർ വള്ളിക്കാട്ട് ദയറായിൽ വന്നു താമസിക്കുക പതിവായിരുന്നു. ഇവരെക്കൂടാതെ സ്ഥിരതാമസക്കാരായ വൈദീകരുമുണ്ടായിരുന്നു. കളപ്പുരയ്ക്കൽ പുന്നൂസ് കത്തനാർ കരിപ്പാൽ യാക്കൂബ് കത്തനാർ, പട്ടശ്ശേരീൽ അലക്സന്ത്രയോസ് കോർഎപ്പിസ്കോപ്പാ എന്നിവരാണ് ഇവരിൽ പ്രമുഖർ. യാത്രാവേളയിൽ പ്രേഷിതവൃത്തിയിൽ താല്പര്യമുള്ളവരെ കണ്ടെത്തി, ആ വഴിക്കു തിരിച്ചുവിടാൻ തിരുമേനി ശ്രദ്ധിക്കുമായിരുന്നു. ദയറാ ജീവിതത്തിന്റെ തൻമയും നൻമയും ശരിക്കും ഉൾക്കൊണ്ടിരുന്ന ബാവാ തിരുമേനി നമസ്കാരം, നോമ്പ്, വ്രതം, യാമപ്രാർത്ഥനകൾ ഉപവാസം എന്നിവ അണുവിട തെറ്റിക്കാതെ പാലിച്ചുപോന്നു. രോഗമോ കഷ്ടപ്പാടോ എന്തു വന്നാലും വ്രതഭംഗം വരുത്താൻ അദ്ദേഹം അനുവദിച്ചിരുന്നില്ല.

അടുക്കും ചിട്ടയുമുള്ള ഒരു ജീവിതശൈലിയുടെ ഉടമയായിരുന്നു ബാവാ തിരുമേനി. അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ തന്നെ മികച്ച തെളിവ്. ഒരു കാലഘട്ടത്തിന്റെ ചൈതന്യ ഭാസുര നിമിഷങ്ങൾ അതിൽ നിറഞ്ഞു നിൽക്കുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ സൂക്ഷ്മ സുന്ദര വശങ്ങൾ അതി

ലുണ്ട്. ആ വ്യക്തിത്വത്തിന് പല സവിശേഷതകളുമുണ്ടായിരുന്നു. പ്രാചീന ദയറാക്കാരെപ്പോലെ വേണ്ട വസ്ത്രങ്ങളെല്ലാം കാൽ കുപ്പായം, കമ്മീസ്, ശുശ്രൂഷക്കുപ്പായം, ചുവന്ന ളോഹ, മസ്നപസ, കാപ്പാ – സ്വയം തുന്നിയെടുക്കുകയായിരുന്നു പതിവ്. സ്വന്തമായ ഒരു മെഷീൻ വരെയുണ്ടായിരുന്നു അദ്ദേഹത്തിന്. ഒന്നും നിസാരമായി കരുതിയിരുന്നില്ല ആ താപസശ്രേഷ്ഠൻ. പഴയ പത്രങ്ങൾ വെട്ടുതുണികൾ ഇവയൊക്കെ അദ്ദേഹം ശേഖരിച്ചു വച്ചിരിക്കുന്നതു കണ്ടാൽ അത്ഭുതപ്പെടും. എല്ലാറ്റിനും ആവശ്യമുണ്ടെന്നാണ് വിശ്വാസം. ഈശ്വരസൃഷ്ടിയിലും മനുഷ്യസൃഷ്ടിയിലും അപ്രധാനമായി ഒന്നുമില്ലെന്നു ചുരുക്കം. എല്ലാറ്റിലും ജീവചൈതന്യം സ്പന്ദിക്കുന്നു. ആശാരിപ്പണിയിലും കല്പണിയിലും അദ്വിതീയനായിരുന്നു ബാവാതിരുമേനി. മട്ടം, ചിന്തേര്, മുഴക്കോല് ഇവയെല്ലാം വിദഗ്ധമായി കൈകാര്യം ചെയ്തിരുന്നു. ഈ ഉപകരണങ്ങളെല്ലാം ഇന്നും വള്ളിക്കാട്ടു ദയറായിൽ നിധിപോലെ സൂക്ഷിക്കുന്നു.

വരവു ചിലവു കണക്കുകൾ കൃത്യമായി സൂക്ഷിക്കുക, പൊതുമുതലിൽ വിശ്വസ്തത പാലിക്കുക, അഗതികൾക്കും അനാഥർക്കും ആവുന്നത്ര സഹായം നൽകുക, നിർമ്മലരായ പിഞ്ചുകുഞ്ഞുങ്ങൾക്കു പലഹാരങ്ങളും മിഠായികളും കൊടുക്കുക. ഇവയൊക്കെ ആ വ്യക്തിത്വത്തിന്റെ ഉദാര രമണീയ വശങ്ങളായിരുന്നു.

രണ്ടാം കാതോലിക്കാ റമ്പാനായിരുന്ന കാലത്തു പ്രസിദ്ധീകരിച്ച 'സഭാ പഞ്ചാംഗം' അമൂല്യമായ ഒരു ചരിത്രഗ്രന്ഥമാണ്. ഇത്തരം ഒരു ഗ്രന്ഥ രചനയുടെ പിൻപിലെ കഠിനാദ്ധ്വാനവും ക്രാന്തദർശിത്വവും അഭിനന്ദനാർഹം തന്നെ. ക്രിസ്തുവർഷം 1906– ലാണ് ഇതിന്റെ പ്രഥമ പ്രകാശനം. മുഖവുരയിൽ ഗ്രന്ഥകാരൻ എഴുതുന്നതിങ്ങനെയാണ്. 'മറ്റുള്ള സഭകൾക്കും സമുദായങ്ങൾക്കും ഉള്ളതുപോലെ നമ്മുടെ സഭയ്ക്കും പ്രതിവർഷം ഒരു പഞ്ചാംഗം വേണമെന്നു നമ്മിൽ മാന്യന്മാരായ എല്ലാവർക്കും ആഗ്രഹമുള്ളതായി അറിയുന്നതിനാൽ പരീക്ഷണാർത്ഥം ഒന്നു പ്രസിദ്ധീകരിക്കുന്നു'. സഭാസംബന്ധമായി കിട്ടാവുന്ന വിവരങ്ങൾ ഗ്രന്ഥത്തിലുൾക്കൊള്ളിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. അന്ത്യോഖ്യാ പാത്രിയർക്കീസ്, മലങ്കരയിലെ മെത്രാപ്പോലീത്തന്മാർ, റമ്പാൻമാർ വൈദീകസെമിനാരികൾ, പൊതു സ്ഥാപനങ്ങൾ, പള്ളികൾ സ്കൂളുകൾ പ്രസിദ്ധീകരണങ്ങൾ, മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ അംഗങ്ങൾ, സൺഡേ സ്കൂളുകൾ, പുതു ക്രിസ്ത്യാനി സഭകൾ, നോമ്പുകണക്ക്, 72 അറിയിപ്പുകാരുടെ പേരുകൾ തുടങ്ങി ഒട്ടനവധികാര്യങ്ങൾ ചേർത്തിരിക്കുന്നു. ഗ്രന്ഥ സംവിധാനം ഏറെക്കുറെ ശാസ്ത്രീയമാണ്. ഒരോ വിഷയവും പ്രതിപാദിക്കുമ്പോൾ അനുയോജ്യമായ വേദഭാഗം ഉദ്ധരിച്ചു ചേർക്കുക, ഗ്രന്ഥത്തിന്റെ ഒരു സവിശേഷതയാണ്. ദയറാക്കാരെ കുറിച്ചുള്ള വിവരണത്തിൽ ഇങ്ങനെ കാണുന്നു.'

എബ്രാ: 11:38– 'ഇവർ കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു. ലോകം അവർക്കു യോഗ്യമായിരുന്നില്ല.' മാനേജിംഗ് കമ്മറ്റി മെമ്പരന്മാരുടെ പേര് പരാമർശിക്കുമ്പോൾ കൊടുക്കുന്ന വാക്യം ഇതാണ്. 'ഈ സംഗതിയെക്കുറിച്ചു വിചാരിപ്പാൻ അപ്പസ്തോലന്മാരും മൂപ്പന്മാരും വന്നുകൂടി.' (അപ്പോ: പ്രവൃത്തികൾ 15.6) ഗവേഷണ മൂല്യമുള്ള ഈ ഗ്രന്ഥം പുനഃ പ്രസാധനാർഹമാണ്.

വിനയത്തിന്റെയും വിശ്വാസനൈർമ്മല്യത്തിന്റെയും മകുടമായിരുന്ന മാർ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ പരിമിതികളുടെ പരിധിക്കുള്ളിൽ നിന്ന് സഭയെ നയിച്ചു ദ്രവ്യത്തേക്കാളധികം ദൈവത്തേയും ശരീരത്തേക്കാൾ അധികം ആത്മാവിനെയും ആദരിച്ചിരുന്ന അദ്ദേഹം കരുണാമയനും, കനിവിന്നുറവിടവുമായിരുന്നു സഭാ ചരിത്രത്തിൽ സംഘർഷ പൂരിതമായ അന്തരീക്ഷത്തിൽ, അക്ഷോഭ്യനും, ആദർശധീരനുമായി നിലയുറപ്പിച്ചു. കാതോലിക്കാ സിംഹാസനത്തിന്റെ കാമ്പും കരുത്തും സ്വജീവിതത്തിലൂടെ പ്രകാശോജ്വലമാക്കി. അന്യഥാ അന്ധകാരാവൃതമായിരുന്ന മലങ്കര സഭാ ചരിത്രത്തെ സ്വത്വബലത്താൽ ദീപ്തമാക്കിയ ആ മഹർഷിവര്യനെ സഭാചരിത്രപഠിതാക്കൾക്കു വിസ്മരിക്ക വയ്യ.

❑

Malankara Orthodox TV

# കാവൽക്കാരനും, പ്രബോധകനും, സാക്ഷാൽ ഉത്തമ ഇടയനും

### പ്രൊഫ. ഡോ. എം. പി. ചാക്കോ

ഉത്ഫുല്ല ബാലരവി പോലെ കാന്തിമാനും, പ്രശോഭിതനും, പ്രഗത്ഭനും, പ്രജാവത്സലനും, ആർജ്ജവശീലനും, സംവ്രതനും, നിർമ്മല വ്രതാനുസാരിയും, തപോധനനും ആയിരുന്നു പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി. 75 വർഷങ്ങൾക്കു മുമ്പ് പ. ബാവാ തിരുമേനി കാലം ചെയ്തപ്പോൾ സ്വർഗ്ഗം സന്തോഷിക്കുകയും, ഭൂമി വിലാപം പാടുകയും ചെയ്തു. മാലാഖമാരുടെ നാട്ടിലേക്ക് അവർക്ക് ഉറ്റ ഒരു തോഴൻ അന്ന് എത്തിച്ചേരുകയാൽ, ആ സ്വർഗ്ഗീയ വൃന്ദം മുഴുവൻ, അന്ന് സന്തോഷിച്ചു. അതേ സമയം, നമ്മുടെ പ. പിതാവ് ശരീരപ്രകാരം നമ്മിൽ നിന്ന് വേർപെട്ട് വിദൂരസ്ഥനാകയാൽ, ഭൂമി വിലാപം പാടി. എന്നാൽ ഇന്ന് നാം സന്തോഷിക്കുകയാണ് ആ സ്വർഗ്ഗീയ വൃന്ദത്തോടൊപ്പം. കാരണം, നമുക്കായി ഒരു മധ്യസ്ഥൻ സ്വർഗ്ഗത്തിൽ എത്തിച്ചേർന്നിട്ടുണ്ട് എന്നുള്ളതു കൊണ്ട്.

സൂര്യൻ അതിന്റെ ശോഭയെക്കുറിച്ചോ, ചന്ദ്രൻ അതിന്റെ പ്രഭാവത്തേക്കുറിച്ചോ സ്വയമായി ഒന്നും പുകഴ്ത്തി പറയേണ്ടതായ ആവശ്യം ഇല്ലാത്തതുപോലെ, മഹാന്മാരും ധീരരും ആയുള്ളവർക്ക്, അവരുടെ മാഹാത്മ്യത്തെകുറിച്ചോ, ധീരതയെ കുറിച്ചോ സ്വയമായി ഒന്നും പറഞ്ഞ് മറ്റുള്ളവരെ ബോധ്യപ്പെടുത്തേണ്ട കാര്യം ഇല്ല. അതുപോലെ നമ്മുടെ പരിശുദ്ധ ബാവാ തിരുമേനിയും സ്വയം പ്രകാശിതനാണ്.

പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി പിതൃവഴിയായി പ്രസിദ്ധമായ വാകത്താനം കാരുച്ചിറെ കുടുംബത്തോടും, മാതൃവഴിയായി പുരാതനമായ പുതുപ്പള്ളി കുട്ടഞ്ചിറെ കുടുംബത്തോടും രക്തബന്ധമുള്ളവനായിരുന്നു. തന്നിമിത്തം ആ രണ്ടു കുടുംബങ്ങളുടേയും സംസ്കാരവും പരിഷ്കാരവും പ. ബാവാ തിരുമേനിയുടെ രക്തത്തിൽ സമജ്ജസമായി കലർന്നിട്ടുണ്ട്.

Malankara Orthodox TV

പ. ബാവാ തിരുമേനിയുടെ ജീവിതം പരിശോധിച്ചാൽ അദ്ദേഹം കാവൽക്കാരനും പ്രബോധകനും സാക്ഷാൽ ഉത്തമ ഇടയനും ആയിരുന്നു എന്നു കാണാം. അദ്ദേഹം ശ്രേഷ്ഠമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണെന്നു മനസ്സിലാക്കുവാൻ സാധിക്കും. അദ്ദേഹം വലിയ ഒരു താപസശ്രേഷ്ഠനും, പ്രാർത്ഥനാ മല്ലനും ആയിരുന്നു. എന്തുകൊണ്ട് അദ്ദേഹം ഇത്ര ശ്രേഷ്ഠനായിത്തീർന്നു എന്നു ചോദിച്ചാൽ അതിനുത്തരം പ്രസിദ്ധ സോഷ്യോളജിസ്റ്റായ SOROKIN പറഞ്ഞിട്ടുണ്ട്. "Heredity supplies the rawmaterial, culture supplies the design, while family is the craftsman." അതായത് ജന്മനാ (പാരമ്പര്യമായി) ഒരുവന് ലഭിച്ചിരിക്കുന്ന സവിശേഷതകളും, സമൂഹത്തിൽ നിന്നും സാഹചര്യത്തിൽ നിന്നും ലഭിക്കുന്ന സവിശേഷതകളും കൂടിച്ചേർന്ന് വ്യക്തിത്വം രൂപീകരിക്കപ്പെടുന്നു. ഈ വ്യക്തിത്വ രൂപീകരണത്തിൽ ഒരുവൻ ജനിച്ചു വളർന്ന കുടുംബത്തിന് (മാതാപിതാക്കൾക്ക്) വളരെ അധികം പങ്കുണ്ട്. പൗലോസ് ശ്ലീഹാ തീമോത്തിയോസിനോടു പറയുന്നു. "നിന്റെ നിർവ്യാജ വിശ്വാസത്തിന്റെ ഓർമ്മ നിമിത്തം സ്തോത്രം ചെയ്യുന്നു. ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും, അമ്മ യുനീക്കയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു" (2 തീമോത്തി 1: 4-6). അതുപോലെ നമ്മുടെ പ. ബാവാ തിരുമേനിക്കും മാതാപിതാക്കളുടെ വളർത്തലും, നിയന്ത്രണവും, പരിശീലനവും കിട്ടേണ്ട സമയത്ത് കിട്ടേണ്ടതു പോലെ കിട്ടി. കൂടാതെ തിരുമനസ്സിലേക്ക് ലഭിച്ച വിദ്യാഭ്യാസവും, ശിക്ഷണവും, പരിശീലനവും ആ ശ്രേഷ്ഠ പാരമ്പര്യത്തിന് ഓജസ്സും, തേജസ്സും, കാന്തിയും മൂല്യവും വർദ്ധിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. വ്യക്തിത്വം വ്യക്തിത്വവുമായുള്ള സംബന്ധമാണ് ശരിയായ വിദ്യാഭ്യാസം. ആരോടെല്ലാം ആയിരുന്നു ആ ബന്ധം. മലങ്കരസഭയിലെ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയോടും, മലങ്കര സഭയിലെ പ്രഗത്ഭ വേദശാസ്ത്ര പണ്ഡിതരും, ഒന്നാംകിട സുറിയാനി ഭാഷാ പണ്ഡിതരും, വിശ്വാസധീരരും, തപോധനരും, ശ്രേഷ്ഠ മല്പാന്മാരും ആയിരുന്ന പരിശുദ്ധ വട്ടശ്ശേരീൽ മാർ ദിവന്നാസിയോസ്, അഭിവന്ദ്യരായ കടവിൽ മാർ അത്താനാസിയോസ്, പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ്, പ്രസിദ്ധനും പ്രഗത്ഭനുമായ കോനാട്ടു മാത്തൻ മല്പാൻ കോർ എപ്പിസ്കോപ്പാ എന്നിവരുമായുള്ള സന്തത സഹവാസം സ്മര്യ പുരുഷനെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രോജ്ജ്വല പൗരുഷ ഗോപുരമാക്കിത്തീർത്തു. പാരമ്പര്യവും പശ്ചാത്തലവും ഒരുമിച്ചു ചേർന്ന് ഒരുവനെ ശ്രേഷ്ഠനാക്കുന്നു എന്നുള്ളതും അന്വർത്ഥമായി.

"മനുഷ്യപുത്രാ ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിനു കാവൽക്കാരനായിരിക്കുന്നു. നീ, എന്റെ വായിൽ നിന്ന് വചനം കേട്ട്, എന്റെ നാമത്തിൽ

അവരെ പ്രബോധിപ്പിക്കണം. (യെഹസ്ക്കേൽ 3: 17) ഒരു പുരോഹിതന്റെ ഉത്തരവാദിത്വം ശരിയായി കാണിക്കുന്ന ഒരു പേരാണ് കാവൽക്കാരൻ അഥവാ ഇടയൻ എന്നുള്ളത്. യഹൂദ ജനം ബാബിലോണിൽ അടിമകളായി ജീവിക്കുമ്പോൾ സത്യ ദൈവത്തെ വിട്ട് വിഗ്രഹാരാധകരായി തീർന്നു. അപ്പോൾ ദൈവം യഹസ്ക്കേലിനോടു പറയുന്നതായ ഭാഗം ആണ് മേൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്നത്. യിസ്രായേൽ ഗൃഹത്തോട് നാശത്തെക്കുറിച്ചും, മനം തിരിഞ്ഞ് അനുസരിക്കുന്നവരോട് രക്ഷയുടെ പ്രത്യാശയെക്കുറിച്ചും യെഹസ്ക്കേൻ പ്രവാചകൻ അറിയിച്ചു. ഇക്കാര്യങ്ങൾ ജനത്തെ അറിയിക്കുന്ന കാവൽക്കാരൻ ആയിട്ടാണ് യെഹസ്ക്കേൻ 3: 17–ൽ പ്രവാചകനെ നാം കാണുന്നത്.

പുരോഹിതനായ പ്രവാചകനെ യിസ്രായേലിന് കാവൽക്കാരൻ ആക്കിയിരിക്കുന്നു, എന്നാണ് ഒന്നാമതായി നാം കാണുന്നത്. യെഹസ്ക്കേൽ എന്ന ആൾ പ്രവാചകനും അതേ സമയം പുരോഹിതനും ആയിരുന്നു. അപ്പോൾ പുരോഹിതൻ ആരാണ്? കാവൽക്കാരനാണ്. കാവൽക്കാരന്റെ ചുമതല കാത്തുസൂക്ഷിക്കുക എന്നുള്ളതാണ്. പട്ടാളക്കാർ തമ്പടിച്ചിരിക്കുന്നിടത്ത് കാവൽ നിൽക്കുന്നവൻ പട്ടാളത്തിന് അപകടം വരാതെ അവരെ കാത്തു സൂക്ഷിക്കണം. ശത്രുക്കളുടെ കടന്നാക്രമണം അപ്രതീക്ഷിതമായി ഉണ്ടാകാൻ സാധ്യതയുള്ള സൂചന കാണുമ്പോൾ, കാഹളം മുഴക്കി, പട്ടാളത്തെ ജാഗരൂകരാക്കി, കാത്തു സൂക്ഷിക്കേണ്ട ചുമതല കാവൽക്കാരന്റേതാണ്. പ. ബാവാ തിരുമേനി ഓർത്തഡോക്സ് വിശ്വാസത്തിന്റെ യഥാർത്ഥ കാവൽക്കാരനായിരുന്നു. സത്യ വിശ്വാസത്തിൽ നിന്ന് ജനങ്ങൾ വ്യതിചലിക്കുവാൻ സാധ്യതയുള്ള സാഹചര്യങ്ങളെ മുമ്പുകൂട്ടി കണ്ട്, അങ്ങനെ സംഭവിക്കാതിരിക്കാൻ തക്കവണ്ണം ജാഗ്രതയോടെ അവരെ കാത്തു നയിച്ച ഉത്തമ ഇടയനായിരുന്നു പ. ബാവാ തിരുമേനി. പ. ബാവാ തിരുമേനിയുടെ ഭരണാവസാന കാലത്ത് സഭാക്കേസ് ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ദോഷമായി ഭവിച്ചേക്കാം എന്നുള്ള സാഹചര്യം വന്നപ്പോൾ, റോമൻ കത്തോലിക്കാ സഭയിലേക്ക് നമ്മൾ ചേരുന്നത് നല്ലത് എന്ന് ചില നേതാക്കൾ ചിന്തിച്ചതായ അവസരത്തിൽ, അതിന്റെ ആവശ്യം ഇല്ല. നമ്മുടെ സഭയിൽ തന്നെ നമുക്ക് ഉറച്ചു നിന്നാൽ മതി, എന്നു പറഞ്ഞ് ധീരതയോടെ ജനത്തെ നയിച്ച് കാത്തു സൂക്ഷിച്ച അപ്രതിരഥനായ ഒരു പടയാളിയും, പോരാളിയും, കാവൽക്കാരനും യഥാർത്ഥ ഇടയനും ആയിരുന്നു പ. ബാവാ തിരുമേനി. ഒരു പട്ടക്കാരൻ – ഒരു മേൽപ്പട്ടക്കാരൻ നല്ലവനായാൽ തന്നെ പോരാ, പിന്നെയോ ജനങ്ങൾ വഴിതെറ്റിപ്പോകാൻ ഒരുങ്ങുന്നതായാൽ അവരെ കർശനമായി ശാസിച്ച് ഗുണദോഷിച്ച് ശിക്ഷിക്കേണ്ടി വന്നാൽ ശിക്ഷിച്ച്, അവരെ നേർവഴിയിൽ നടത്തേണ്ടത് പുരോഹിതന്റെ ചുമതലയാണ്. പഴയ നിയമങ്ങൾ പുരോഹിതനായ ഏലി

Malankara Orthodox TV

ഒരു നല്ല പുരോഹിതൻ ആയിരുന്നു. എന്നാൽ ഹൊഫ്നി, ഫിനഹാസ് എന്ന മക്കൾ സർവ്വത്ര വഷളന്മാരായിരുന്നു. അവരെ വേണ്ട വിധത്തിൽ വേണ്ടിയ സമയത്ത് ശാസിച്ച്, നിർത്തേണ്ടിടത്ത് നിർത്തുക എന്നുള്ളതിൽ ഏലി പരാജയപ്പെട്ടിരുന്നു. എന്നാൽ നമ്മുടെ പരിശുദ്ധ ബാവാ തിരുമേനി വഴുതി പോയവരെ തിരിച്ചു കൊണ്ടുവന്നവനും, വിനാശകരമായ മാർഗ്ഗഭ്രംശം സംഭവിക്കാൻ സാധ്യതയുള്ളവരെ, അങ്ങനെ സംഭവിക്കാൻ ഇടയാകാതെ ജാഗ്രതയോടെ കാത്തുസൂക്ഷിച്ചവനുമത്രേ. മുഖം നോക്കാതെ വേണ്ട തരത്തിലുള്ള ശാസനയും ശിക്ഷയും തിരുമേനി തക്ക സമയത്തു നൽകിയിരുന്നു.

യെഹസ്ക്കേലിന്റെ പുസ്തകം 3-ാം അദ്ധ്യായം 17-ാം വാക്യത്തിൽ രണ്ടാമതായി നാം കാണുന്നത് പുരോഹിതൻ പ്രബോധകൻ ആണ് എന്നുള്ള ചിന്തയാണ്. പട്ടക്കാർ, മേല്പട്ടക്കാർ എന്നിവർ ലോകത്തിൽ ദൈവത്തിന്റെ പ്രബോധകരായി, ജനത്തിന്റെ ഉപദേഷ്ടാക്കന്മാരായി ദൈവദൂത് എല്ലായിടത്തും നൽകണം. തീത്തോസിനെക്കുറിച്ചും, മറ്റു സഹോദരന്മാരെക്കുറിച്ചും വി: പൗലോസ് എഴുതുന്നത് "നമ്മുടെ സഹോദരന്മാർ സഭകളുടെ ദൂതന്മാരും ക്രിസ്തുവിനു മഹത്വവും തന്നെ". (2 കോറിന്തി 8: 23) എന്നാണ്. പ. ബാവാതിരുമേനി ഒരു സത്യ ഉപദേഷ്ടാവായിരുന്നു. അദ്ദേഹം യഥാർത്ഥ ഇടയനും നേതാവും ആയിരുന്നു. ഇന്നു പല രംഗത്തും ഉള്ള പല നേതാക്കന്മാരും പറയും Do What I say, but do not do what I do എന്ന്. എന്നാൽ പ. ബാവാ തിരുമേനിക്ക് പറയുവാൻ സാധിക്കുമായിരുന്നു Do what I say and do what I do എന്ന്. തിരുമേനി ഉപദേശിക്കുന്നതു തന്നെ പ്രവർത്തിക്കുകയും ചെയ്യുമായിരുന്നു. 51-ാം മസുമൂർ 13-ാം വാക്യത്തിൽ പറയുന്ന "ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്കു മനം തിരിയും" എന്നുള്ളത് നാം നിത്യവും ചൊല്ലാറുണ്ട്. പക്ഷേ അതിൻ പ്രകാരം പ്രവർത്തിക്കുന്നില്ല. എന്നാൽ തിരുമേനിക്ക് ആ വാക്യം തീർത്തും ധൈര്യമായി ചൊല്ലാമായിരുന്നു.

ഉപദേശിക്കുന്നവന്റെ പ്രത്യേകതകൾ എന്തെന്ന് പൗലോസ് ശ്ലീഹാ പറഞ്ഞിട്ടുണ്ട്. അതിൻ പ്രകാരം പരിശോധിച്ചാൽ, പ. ബാവാ തിരുമേനി ശരിയായ ഉപദേഷ്ടാവാണ് എന്നു മനസ്സിലാക്കാം.

1. ഉപദേശത്തിൽ നിർമ്മലതയും ഗൗരവവും ആക്ഷേപിച്ചു കൂടാത്ത പഥ്യവചനവും ഉള്ളവനായിരിക്കണം. (തീത്തോസ് 2: 8)

2. ശുദ്ധഹൃദയം, നല്ല മനസ്സാക്ഷി, നിർവ്യാജ വിശ്വാസം എന്നിവയാലുളവാകുന്ന സ്നേഹമുള്ളവൻ ആയിരിക്കണം. (1 തിമോത്തി 1:5)

3. വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്കണം (1 തിമോത്തി 4: 13)

MalankaraOrthodoxTV

4. തന്നെത്തന്നെ നിർമ്മലനായി കാത്തുകൊള്ളണം. (1 തിമോത്തി 5:22) (Charactor is the determining thing in preaching)

5. ക്രിസ്തുവിന്റെ മനസ്സുള്ളവനായിരിക്കണം. (1കോറിന്തി 2: 16)

6. അഹങ്കാരികളോ, ദൈവഭക്തി ആദായ സൂത്രമെന്ന് വിചാരിക്കുന്ന വരോ (1 തീമോ-6 : 3-5) ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് നടക്കുന്നവരോ (2 തീമോത്തി 3: 4-9) ആയിരിക്കരുത്.

7. കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ, എല്ലാ അനീതിയും വിട്ട കലണം. (2 തീമോ. 2: 19)

8. വിജ്ഞാനവും, വിശുദ്ധിയും, വിനയവും ഉണ്ടായിരിക്കണം. The minister who is indolent, unstudious and unscholarly dishonours God, discredits the ministry and destrongs himself.

9. തങ്ങളെ എതിർക്കുന്നവരെ സൗമ്യതയോടെ ഉപദേശിക്കണം. (2 തിമോത്തി 2: 24-25)

മേൽ പറയപ്പെട്ട സംഗതികൾ എല്ലാം തന്നെ പ. ബാവാ തിരുമേനിയുടെ ജീവിതത്തിൽ പ്രത്യേകം നിഴലിച്ചിരുന്നു.

പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി കാവൽ ക്കാരനും പ്രബോധകനും ആയിരുന്നതു പോലെതന്നെ സാക്ഷാൽ ഉത്തമ ഇടയനും ആയിരുന്നു. സുറിയാനി സഭയിലെ ശ്രേഷ്ഠ മല്പാനും സുറി യാനി ഭാഷാ പണ്ഡിതനും, സുറിയാനി ഭാഷയിൽ അനേകം കവിതകൾ രചിച്ചിട്ടുള്ള ഒരു ഭക്തനും ആയിരുന്നല്ലോ മാർ അപ്രേം. പട്ടത്വ ശ്രേണി യിൽ അദ്ദേഹം ഒരു ശെമ്മാശൻ മാത്രം ആയിരുന്നു എങ്കിലും, മേൽ പട്ട ക്കാർക്കു പോലും ഉപദേശം നൽകുവാൻ തക്കവണ്ണം പ്രാവീണ്യം ഉള്ള ആളായിരുന്നു. പുതിയതായി വാഴിക്കപ്പെട്ട അബ്രഹാം എന്ന മേല്പട്ടക്കാ രന് ഒരു ഇടയൻ തന്റെ ഇടവകയെ എങ്ങനെ ഭരിക്കണം എന്നതിനെക്കുറിച്ച് ശക്തമായ ഉപദേശം കൊടുക്കുന്നതായി അദ്ദേഹത്തിന്റെ ഒരു കവിതയിൽ വ്യക്തമായി കാണുന്നു. പ. പൗലോസ് ശ്ലീഹാ പറയുന്നുണ്ടല്ലോ "ഒരു ഇടയൻ തന്റെ ആട്ടിൻ കൂട്ടത്തിന് മണവാളൻ ആണ്" എന്ന്. ഈ ആശയം മാർ അപ്രേം വളരെ ശക്തിയായി ഉൾക്കൊണ്ടിട്ടുണ്ട്. മാർ അപ്രേം ഉപദേശിക്കുന്നു: വിശ്വാസികളുടെ പിതാവായ അബ്രഹാമിന് ഒരു മണവാട്ടി ഉണ്ടായിരുന്നു. അത് തന്റെ ഭാര്യയായിരുന്നു. എന്നാൽ അബ്രഹാം എന്ന ഇടയന്റെ- മേൽ പട്ടക്കാരന്റെ -മണവാട്ടി തന്റെ ഇടവകയാണ്. ഭർത്താവ് ഭാര്യയോടെന്നപോലെ ഇടയൻ സ്നേഹപൂർവ്വം ഇടവകയോടു പെരു മാറണം. ദുഃഖങ്ങളിൽ നിന്നും, ദുരിതങ്ങളിൽ നിന്നും ദുഷ്കാലങ്ങളിൽ നിന്നും ദുഷ്ട മനുഷ്യരുടെ ഉപദ്രവങ്ങളിൽ നിന്നും തന്ത്രപരമായ അവരുടെ സമീപനങ്ങളിൽ നിന്നും വീറോടെ തന്റെ മണവാട്ടിയെ കാത്ത് കുറ്റമോ

Malankara Orthodox TV

കുറവോ തത്തുല്യങ്ങളായ മറ്റു വല്ലതുമോ കൂടാതെ തേജസ്വിനിയായി അവളെ കാത്തു സൂക്ഷിക്കണം. അതുപോലെ ഇടയൻ തന്റെ ഇടവകയെ കാത്തു സൂക്ഷിക്കുകയും, ഭരിക്കുകയും, നയിക്കുകയും ചെയ്യണം. ഇടയനും ഇടവകയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ഇടയൻ എങ്ങനെയോ അങ്ങനെ ആയിരിക്കും തന്റെ ഇടവക. ഇടയൻ ഉത്തമനെങ്കിൽ ഇടവകയും ഉത്തമ ആയിരിക്കും.

കൂടാതെ ഒരു പുരോഹിതനെ (ഒരു ഇടയനെ) ഒരു വൈദ്യൻ ആയിട്ടും കൂടിയാണ് മാർ അപ്രേം കാണുന്നത്. തർക്കങ്ങളുടേയും വഴക്കുകളുടേയും ആഴത്തിൽ വേരോടിയിരിക്കുന്ന ആത്മരോഗങ്ങളുടേയും മൂല കാരണം കണ്ടെത്തി രോഗിയുടെ സഹകരണത്തോടെ ചികിത്സിച്ച് ഭേദമാക്കുന്ന ഉദാത്തമായ സേവന ശുശ്രൂഷയാണ് ഒരു ഇടയന് (ഒരു പുരോഹിതന്) നിർവ്വഹിപ്പാനുള്ളത്. ആളുകൾ വിവിധതരം, രോഗങ്ങളും വിവിധതരം. ഓരോ രോഗത്തിനും അനുയോജ്യമായ മരുന്നുകളുടെ ഒരു സമാഹാരം തന്നെ, ഇടയന്റെ പക്കൽ ഉണ്ടായിരിക്കണം. സഭയിലെ വിവിധ തരം ആളുകളോട് പെരുമാറേണ്ട രീതികൾ ഒരു ഇടയൻ പഠിച്ചിരിക്കണം. വൃദ്ധന്മാർ, വൃദ്ധകൾ, യുവാക്കന്മാർ, യുവതികൾ, ബാലന്മാർ, പണ്ഡിതർ, പാമരർ, ധനവാന്മാർ, ധനഹീനർ – ഇങ്ങനെ ഓരോരുത്തരുടേയും നില (standard) അനുസരിച്ച് ഇടയൻ അവരോടു പെരുമാറണം.

വിവേചനാ ശക്തിയോടെ ഇടവക ഭരണം നടത്തണമെന്നത് മേല്പട്ടക്കാരനായ അബ്രഹാമിന് മാർ അപ്രേം നൽകുന്ന ഒരു സുപ്രധാന ഉപദേശമാണ്. ഒരു മേല്പട്ടക്കാരൻ വൈദീകർക്ക് ഒരു സുഹൃത്തും, ശെമ്മാശന്മാർക്ക് ഗുരുവും, ശിശുക്കൾക്ക് നാഥനും വൃദ്ധന്മാർക്ക് വടിയും താങ്ങും ആയിരിക്കണം. അതേ സമയം തന്നെ കാർക്കശ്യം (Rigidity) വേണ്ടിടത്ത് കാർക്കശ്യവും, വഴക്കം (Flexibility) വേണ്ടിടത്തു വഴക്കവും അതാതിന്റെ ആവശ്യകത അനുസരിച്ച് ഉണ്ടായിരിക്കണം. ഈ വിവേചനാ ശക്തി വേണ്ട വിധത്തിൽ ഉപയോഗിക്കുവാൻ കഴിയണമെങ്കിൽ, ആടുകളെ മുഴുവൻ ഇടയൻ നേരിട്ട് അറിഞ്ഞിരിക്കണം. അവരുടെ ഓരോ ആവശ്യങ്ങളും അറിഞ്ഞിരിക്കണം. മാർ അപ്രേമിന്റെ ഉപദേശത്തിൽ കാണുന്നതു പോലെയുള്ള ഒരു ഉത്തമ ഇടയൻ ആയിരുന്നു പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി. ചുരുക്കത്തിൽ, ഇടയൻ സ്നേഹത്തിന്റേയും സഹനത്തിന്റെയും ക്ഷമയുടേയും സർവ്വോപരി പ്രാർത്ഥനയുടേയും ആത്മാവിൽ തെറ്റുകാരെ നേടിയെടുക്കുകയാണ് കരണീയം.

യെശയ്യാ പ്രവാചകന്റെ പുസ്തകം 49-ാം അദ്ധ്യായത്തിൽ യഹോവയാൽ പറയപെട്ടിരിക്കുന്ന ഏഴു വാഗ്ദാനങ്ങൾ ലഭിച്ചവനായിരുന്നു പ. ബാവാ തിരുമേനി.

1. ഞാൻ നിന്നെ ജാതികൾക്ക് ഒരു പ്രകാശമായി വച്ചിരിക്കുന്നു. ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയ ശോഭയിലേക്കും വരും.

2. ഞാൻ നിന്നെ നിലനിർത്തും.
3. ഞാൻ നിന്നെ ഉയർത്തും.
4. ഞാൻ എന്റെ കൈ ഉയർത്തി നിന്നെ അനുഗ്രഹിക്കും.
5. നിന്നോടു പോരാടുന്നവരോട് ഞാൻ പോരാടും
6. ഞാൻ നിന്റെ മക്കളെ രക്ഷിക്കും.
7. നിന്നെ ഞെരുക്കുന്നവരെ ഞാൻ അവരുടെ സ്വന്തം മാംസം തീറ്റും.

പ. ബാവാ തിരുമേനിയിൽ ചില പ്രത്യേക ലാക്ഷണീയ ഗുണങ്ങൾ സ്ഥിതി ചെയ്തിരുന്നു.

1. അഭിപ്രായ ധീരതയും അഭിപ്രായ സ്ഥിരതയും
2. വിശ്വാസ സ്ഥിരത
3. കൃത്യനിഷ്ഠ.
4. ഉപവാസവും പ്രാർത്ഥനയും നോമ്പാചരണവും
5. പ്രമാണവും പ്രവൃത്തിയും പൊരുത്തപെടുത്തിയ പവിത്ര ജീവിതം
6. ലാളിത്യവും, പ്രതാപ പ്രകടനോത്സുകതയുടെ അഭാവവും
7. വിനയം ആദിയായവ

തിരുമേനി ഒരു പ്രാർത്ഥനാ മല്ലൻ ആയിരുന്നു. അദ്ദേഹത്തിന്റെ വി. കുർബാനാർപ്പണവും, പ്രാർത്ഥനകളും, പ്രസംഗങ്ങളും ഉചിതവും, ന്യായവും, യോഗ്യവും, രക്ഷാകരവും, ജീവ ദായകവും, ഹൃദയദ്രവീകരണ ക്ഷമവും ആയിരുന്നു. ഉപദേശ രൂപത്തിലുള്ള ചെറിയ ചെറിയ പ്രസംഗങ്ങൾ ആയിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൂടിയും വി. കുർബാനാർപ്പണത്തിൽ കൂടിയും ക്രിസ്തുവിനെ ദർശിക്കുവാനും, സ്പർശിക്കുവാനും ജനത്തിനു സാധിച്ചിരുന്നു.

## പ്രാർത്ഥനയും പ്രവർത്തിയും

പ്രാർത്ഥനയിൽ മാത്രം മുഴുകിയിരിക്കുക എന്നുള്ളതല്ലായിരുന്നു പ. ബാവാ തിരുമേനിയുടെ പദ്ധതി. നമ്മുടെ കർത്താവിന്റെ മാതൃക തിരുമേനി സ്വീകരിച്ചു. ഒന്നിനേക്കാൾ ഒന്നിന് പ്രാധാന്യം കൊടുക്കാൻ സാധ്യമല്ല. പ്രാർത്ഥനയും, പ്രവർത്തിയും തോളോടു തോൾ ചേർന്ന് പോയേ മതിയാവൂ. പ. ബാവാ തിരുമേനിയുടെ ജീവിത ശൈലി അപ്രകാരം ആയിരുന്നു.

## സാമൂഹ്യ പ്രതിബദ്ധത

തിരുമേനി സമൂഹത്തിനു വേണ്ടി പ്രവർത്തിച്ച –സമൂഹത്തിലേക്ക് ഇറങ്ങി ചെന്നു പ്രവർത്തിച്ച – ഒരു ഉത്തമ ഇടയനും, നേതാവും ആയിരുന്നു.

Malankara Orthodox TV

വിദ്യാഭ്യാസ പ്രവർത്തനത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. വാകത്താനത്തും പരിസരത്തും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാതിരുന്നതു മൂലം തന്റെ ജനങ്ങൾക്ക് – തന്റെ ആട്ടിൻ കൂട്ടത്തിന് – വിദ്യാഭ്യാസം ലഭിക്കാൻ സാധ്യത ഇല്ലാത്തതിന്റെ കുറവു തീർക്കാൻ മലയാളം സ്കൂളുകളും, ഇംഗ്ലീഷു സ്കൂളുകളും സ്ഥാപിച്ചു. കൂടാതെ വാകത്താനത്ത് പോസ്റ്റ് ഓഫീസ് ഇല്ലാതിരുന്നതിന്റെ കുറവ് തീർക്കാൻ അദ്ദേഹം ശ്രമിച്ച്, പോസ്റ്റ് ഓഫീസു സ്ഥാപിച്ചു. യാത്രാ സൗകര്യങ്ങൾ തീരെ കുറവായിരുന്ന ഈ ഗ്രാമ പ്രദേശത്ത് ധാരാളം റോഡുകൾ അദ്ദേഹം നിർമ്മിച്ചു. ഇതുപോലെ ആളുകളുടെ അത്യന്താപേക്ഷിതമായ ആവശ്യങ്ങൾ മനസ്സിലാക്കി, അതിനു വേണ്ട പരിഹാരങ്ങൾ കണ്ടുപിടിച്ച് വേണ്ടതു ചെയ്ത ഒരു ഉത്തമ ഇടയൻ ആയിരുന്നു തിരുമേനി.

ഒരു മേല്പട്ടക്കാരന്റെ അത്യാവശ്യ യോഗ്യതയായി ഇന്നു കാണുന്ന പ്രധാന ഘടകം വേദശാസ്ത്ര പരിജ്ഞാനമാണല്ലോ. അതിന്റെ തെളിവായി ഇന്നു കണക്കാക്കുന്നത് വേദശാസ്ത്ര ബിരുദം ആണ്. അത്തരം ഒരു ബിരുദം നമ്മുടെ പ. ബാവാ തിരുമേനിക്കില്ലായിരുന്നു. എന്നാൽ നമ്മുടെ പ. ബാവാ തിരുമേനി വേദശാസ്ത്ര പരിജ്ഞാനം ഇല്ലാത്ത ആൾ എന്നു ചിന്തിക്കുന്നതു ശരിയല്ല. വേദശാസ്ത്രജ്ഞൻ വാഗ്മിയും എഴുത്തുകാരനും ആയിരിക്കും എന്ന് പൊതുവേ ധാരണയുണ്ട്. സന്യാസ പിതാക്കന്മാരുടെ അനുഭവങ്ങളും വാക്കുകളും അടങ്ങിയ PHILOKALIA എന്ന ഗ്രന്ഥം പരിശോധിച്ചാൽ ആ ധാരണ ശരിയല്ലെന്നു നമുക്ക് ബോധ്യമാകും. വേദശാസ്ത്രം ഭൗതികമായ അറിവല്ല. അത് ഒരു ജീവിത ശൈലിയാണ്. മൗനവും ലളിത ജീവിതവും കൊണ്ട് അനേകർക്ക് പ്രചോദനവും, ആശ്വാസവും, ദൈവസാന്നിധ്യ ബോധവും നൽകിയ താപസശ്രേഷ്ഠരുടെ ജീവിതം ഈശ്വരാധികൃത്തിന്റെ ഉറച്ച തെളിവാണ്. The highest calling of a priest or missionary is neither preaching, teaching, leading, the holy sacraments, nor pastoral visitation, but it is to cultivate the very life of Jesus Christ within himself and in others. ഈ കർത്തവ്യം കൃത്യമായും വ്യക്തമായും നിർവ്വഹിച്ച സാക്ഷാൽ ഉത്തമ ഇടയാനായിരുന്നു പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി.

ലാളിത്യവും വിനയവും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. കപട ഭക്തിയോട് അദ്ദേഹത്തിന് വെറുപ്പായിരുന്നു. അദ്ദേഹം തുറന്ന മനസ്സു ള്ളവൻ ആയിരുന്നു.

ചുരുക്കത്തിൽ തിരുമേനിയിൽ നിക്ഷിപ്തമായിരുന്ന ഉൽകൃഷ്ട താലന്തുകൾ, ഉത്സാഹപൂർവ്വം വ്യാപാരം ചെയ്ത്, മാതൃ സഭയ്ക്കും നാടിനും, നാട്ടാർക്കും സാർവ്വത്രികമായ പുരോഗതി കൈവരിക്കുവാൻ ജീവിതാന്ത്യത്തോളം അക്ഷീണ പരിശ്രമം ചെയ്തു. ഞാൻ കാലയവനികയ്ക്കു

ളളിലേക്ക് പ്രവേശിക്കുമ്പോഴേക്കും, എന്നെത്തന്നെ പരിപൂർണ്ണമായി വ്യയം ചെയ്യപ്പെട്ടിരിക്കണം. ഞാൻ എത്ര കണ്ട് നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്നുവോ അത്ര കണ്ട് ഞാൻ ചിരംജീവി ആയിരിക്കും. ഈ ശ്രേഷ്ഠാഭിലാഷം നമ്മുടെ തിരുമേനിയിൽ തികച്ചും അന്വർത്ഥമായി.

അങ്ങനെ പ. ബാവാ തിരുമേനിയുടെ ലളിത ജീവിതം, നിഷ്ക്കളങ്ക ജീവിതം, പ്രാർത്ഥന, ഉപവാസം, ദൈവഭക്തി, സംഘടനാ വൈഭവം, വിദ്യാഭ്യാസ പ്രചരണം, സാമൂഹ്യ പ്രതിബദ്ധത എന്നിവയെല്ലാം നമുക്ക് മാതൃകയാണ്. നാം അവയെ ഉൾക്കൊള്ളേണ്ടതും ആണ്. മലങ്കരസഭയ്ക്ക് ദൈവദത്തമായി നൽകപ്പെട്ട അതിവിശിഷ്ടമായ ഒരു ദിവ്യ ദാനമായിരുന്നു പ. കാതോലിക്കാ ബാവാ തിരുമേനി. അദ്ദേഹം സഭയുടെ കാവൽക്കാരനും പ്രബോധകനും സാക്ഷാൽ ഉത്തമ ഇടയനും ആയിരുന്നു.

❑

Malankara Orthodox TV

# പ. ഗീവർഗീസ് പ്രഥമൻ ബാവായുടെ വിദ്യാഭ്യാസ ദർശനം

**പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്**

പ്രശാന്തസുന്ദരമായ വാകത്താനം ഗ്രാമം ജന്മം നല്കിയ ശ്രദ്ധേയ വ്യക്തിത്വങ്ങളിൽ അഗ്രിമസ്ഥാനം അലങ്കരിച്ച മഹാരഥനാണ് ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ. പക്ഷേ കേവലം ഒരു മതാചാര്യൻ എന്ന പരിമിത നിർവ്വചനത്തിനുള്ളിൽ ഒതുക്കാമായിരുന്ന ഒരു വ്യക്തിത്വമായിരുന്നില്ല അദ്ദേഹത്തിന്റേത്. തന്റെ ചുറ്റുമുള്ള നാടിന്റെയും സമൂഹത്തിന്റെയും സമഗ്രവികസനം എന്നത് അദ്ദേഹത്തിന്റെ തീവ്രാഭിലാഷം ആയിരുന്നു. വിവിധ ആദ്ധ്യാത്മിക പദവികൾ അലങ്കരിച്ച്, സഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് യാത്ര ചെയ്തിരുന്ന കാലത്തും സ്വദേശത്ത് മടങ്ങിയെത്തിയാലുടൻ നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിയ്ക്കുവേണ്ടിയുള്ള ഏതൊരു സൽപ്രവർത്തിക്കും ആളും അർത്ഥവും സമാഹരിക്കാൻ അദ്ദേഹം എന്നും ഉത്സാഹിച്ചിരുന്നു എന്നത് ഈയിടെ ലഭ്യമായ, ഡയറിക്കുറിപ്പുകൾ വെളിവാക്കുന്നുണ്ട്.

സ്മര്യപുരുഷന്റെ ബാല്യകാലത്ത് (അതായത് 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാല സംവത്സരങ്ങളിൽ) വാകത്താനത്ത് അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ പോലും ഉണ്ടായിരുന്നതായി കാണുന്നില്ല. നിലത്തെഴുത്ത് കളരികളും കുടിപ്പള്ളിക്കുടങ്ങളും പകർന്നു കൊടുത്ത അക്ഷരാഭ്യാസത്തിനപ്പുറത്ത് അറിവിന്റെ അനന്തസാഗരം നീണ്ടുനിവർന്ന് കിടപ്പുണ്ടെന്ന തിരിച്ചറിവു പോലും അന്നത്തെ കാർഷിക സംസ്ക്കാരത്തിന് അന്യമായിരുന്നിരിക്കണം. ഇംഗ്ലീഷ് മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കോട്ടയം പോലുള്ള പട്ടണങ്ങളിൽ ശക്തമായിരുന്നെങ്കിലും ഉൾനാടൻ പ്രദേശങ്ങളിലേക്ക് അവരുടെ സ്വാധീനം വ്യാപിച്ചിരുന്നില്ല. ആയതിനാൽ സ്വന്തം നാട്ടിൽ പ്രാഥമിക വിദ്യാഭ്യാസം പോലും നിർവ്വഹിക്കാൻ 'കാരുചിറ ഗീവർഗീസിന്' സാധിച്ചില്ല. പത്തു മൈൽ ദൂരം താണ്ടി കോട്ടയത്ത് എത്തുക എന്നത് പരിമിതമായ യാത്രാസൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന അക്കാലത്ത് ദുഷ്ക്കരമായിരുന്നു. തന്മൂലം ബന്ധുവീടായ കോട്ടയം പടിഞ്ഞാറേക്കര (മാളിയേക്കൽ) വീട്ടിൽ താമസിച്ചാണ് മൂന്നാം ക്ലാസ്സുവരെയുള്ള പ്രൈമറി വിദ്യാഭ്യാസം ഗീവർഗീസ് നിർവ്വഹിച്ചത്.

Malankara Orthodox TV

പതിനാറാം വയസ്സിൽ ശെമ്മാശുപട്ടം ഏറ്റതിനെ തുടർന്ന് ബന്ധുവീടായ കളപ്പുരയ്ക്കൽ പൗലോസ് കത്തനാരോടൊപ്പം താമസിച്ച് സുറിയാനിയും അനുബന്ധ വൈദിക വിദ്യാഭ്യാസ വിഷയങ്ങളും സ്മര്യപുരുഷൻ അവഗാഹപൂർവ്വം പഠിച്ചു തുടങ്ങി. തുടർന്ന് കോട്ടയം പഴയ സെമിനാരിയിൽ കോനാട്ട് മാത്തൻ മല്പാൻ, വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ തുടങ്ങിയ പ്രഗത്ഭ ഗുരുക്കന്മാരുടെ ശിക്ഷണത്തിൽ അദ്ദേഹം വൈദിക വിദ്യാഭ്യാസം തുടർന്നു. എങ്കിലും അദ്ദേഹത്തിന്റെ വിജ്ഞാനതൃഷ്ണ അടങ്ങിയിരുന്നില്ല.

ഇക്കാലത്താണ് സി. എം. എസ്സ്. മിഷനറിമാർ പള്ളത്ത് ഒരു ഇംഗ്ലീഷ് സ്കൂൾ (ഇന്നത്തെ ബുക്കാനൻ ഹൈസ്കൂൾ) ആരംഭിച്ചത്. അവിടെച്ചേർന്ന് തനിക്കും ഇംഗ്ലീഷ് പഠിക്കണമെന്ന ആഗ്രഹം ഗീവർഗീസ് ശെമ്മാശ്ശൻ കടവിൽ തിരുമേനിയെ അറിയിച്ചു. തിരുമേനി ആ ആവശ്യം അംഗീകരിച്ചു. പക്ഷേ കഷ്ടിച്ച് ഒരു കൊല്ലം മാത്രമേ അവിടെ പഠിക്കുവാൻ ശെമ്മാശ്ശന് കഴിഞ്ഞുള്ളു. കടവിൽ തിരുമേനി സിലോണിലേക്ക് യാത്ര പോയപ്പോൾ കൂടെ ശെമ്മാശ്ശനെയും കൊണ്ടു പോയതിനാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം മുടങ്ങിപ്പോയി. അങ്ങനെ ഉന്നത വിദ്യാഭ്യാസം ആർജ്ജിക്കുക എന്ന അദ്ദേഹത്തിന്റെ അദമ്യമായ ആഗ്രഹം സഫലമാകാതെ പോയി.

തനിക്കുണ്ടായ ഈ ദുരനുഭവം അനന്തര തലമുറകൾക്ക് ഉണ്ടാകരുതെന്ന അദ്ദേഹത്തിന്റെ ആഗ്രഹത്തിൽ നിന്നാണ് വാകത്താനത്തും പരിസരങ്ങളിലും ഇന്നു കാണുന്ന മിക്ക വിദ്യാലയങ്ങളും ഉത്ഭവിച്ചത്. മലങ്കര സഭ വിദ്യാഭ്യാസ മേഖലയിലേക്ക് ഔദ്യോഗികമായി രംഗപ്രവേശം ചെയ്യുന്നതിന് ഏറെക്കാലം മുമ്പ് ഗീവർഗീസ് പ്രഥമൻ ബാവാ വിദ്യാഭ്യാസ വിപ്ലവത്തിന്റെ പതാക വാഹകനായി എന്നത് സ്മരണീയമാണ്.

വാകത്താനം പോലീസ് സ്റ്റേഷൻ ജംഗ്ഷനു സമീപം സ്ഥിതി ചെയ്യുന്ന ഉണ്ണാമറ്റം സ്കൂൾ (Lower Primary Boy's School) ആണ് വാകത്താനം പ്രദേശത്തെ പ്രഥമ വിദ്യാലയം. ഈ പ്രൈമറി സ്കൂൾ സ്ഥാപിക്കാനുള്ള സ്ഥലവും ധനാഗമ മാർഗ്ഗങ്ങളും കണ്ടെത്തുക, ഗവൺമെന്റിൽ നിന്നും അനുമതി നേടിയെടുക്കുക തുടങ്ങിയ ക്ലേശകരങ്ങളായ ദൗത്യങ്ങൾ ഏറ്റെടുത്തത് ഒരു കമ്മറ്റിയായിരുന്നു. ആ കമ്മറ്റിയുടെ പ്രസിഡന്റ് കാരുചിറ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനിയും സെക്രട്ടറി ഇടമന ഇല്ലത്ത് ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരിയും ആയിരുന്നു. ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച സ്കൂൾ കെട്ടിടം കാലപ്പഴക്കം മൂലം പത്തിരുപതു കൊല്ലം മുമ്പ് പൊളിച്ചു മാറ്റി. സ്കൂൾ ഇന്നും പുതിയ കെട്ടിടങ്ങളിൽ ഭംഗിയായി നടന്നു വരുന്നു.

വാകത്താനത്തിന്റെ തെക്കുഭാഗത്തുള്ള കുട്ടികൾക്ക് ഉണ്ണാമറ്റം വരെ

നടന്നുവരാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പുതിയൊരു സ്കൂളിനു വേണ്ടി അദ്ദേഹം പിന്നീട് പ്രവർത്തനമാരംഭിച്ചു. അക്കാലത്ത് റാവുസാഹിബ് ഒ. എം. ചെറിയാൻ വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻ ആയിരുന്നതിനാൽ വളരെ പെട്ടെന്ന് ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചു. 'മാർ പീലക്സിനോസ് മെമ്മോറിയൽ സ്കൂൾ' എന്നായിരുന്നു ഇപ്രകാരം സ്ഥാപിക്കപ്പെട്ട പുതിയ സ്കൂളിന്റെ പേര്. പിൽക്കാലത്ത് ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തു. Lower Primary Girls School, പെൺപള്ളിക്കുടം എന്നൊക്കെ അറിയപ്പെടുന്ന ഈ സ്കൂളിൽ സ്ഥാപകനായിരുന്ന ഗീവർഗീസ് പ്രഥമൻ ബാവായുടെ ഛായാചിത്രം പ്രതിഷ്ഠിച്ചിട്ടുണ്ട് എന്നതും പ്രസ്താവ്യമാണ്.

ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള ഒരു സ്ഥാപനം കൂടി സ്വന്തനാട്ടിൽ ഉണ്ടാവണമെന്ന് അദ്ദേഹം അദമ്യമായി ആഗ്രഹിച്ചു. ഈ പ്രവർത്തനത്തിലും ഇടമന ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയടക്കം വാകത്താനത്തെ നിരവധി പൗരപ്രമുഖർ തിരുമനസ്സിലെ നേതൃത്വത്തിൽ അണി നിരന്നു. ഇങ്ങനെയാണ് ആശുപത്രിപ്പടിയ്ക്കു സമീപം 'ഇംഗ്ലീഷ് മിഡിൽ സ്കൂൾ' ഉയർന്നു വന്നത്. ഇന്ന് മലങ്കര ഓർത്തഡോക്സ് സഭയുടെ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഒരു മികച്ച അപ്പർ പ്രൈമറി സ്കൂളായി ഈ വിദ്യാലയം തുടരുന്നു. സ്കൂൾ സ്ഥാപനത്തിനു നേതൃത്വംനൽകിയ പുണ്യപിതാവിനോടുള്ള ആദരസൂചകമായി മാർ ബസേലിയോസ് യു. പി. സ്കൂൾ എന്ന് ഈ വിദ്യാലയത്തിന് അടുത്തിടെ നാമകരണം നടത്തുകയുണ്ടായി.

വിദ്യാധനമാണ് സർവ്വധനാൽ പ്രധാനമെന്നും, അകക്കണ്ണു തുറപ്പിക്കുന്ന വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നത് ആരാധന പോലെ മഹത്തരമാണെന്നും പരിശുദ്ധ ഗീവർഗീസ് പ്രഥമൻ ബാവാ അടിയുറച്ച് വിശ്വസിച്ചിരുന്നു. അതു കൊണ്ടാണ് നാലുന്നാക്കൽ സെന്റ് ആദായീസ് പള്ളിക്കാർ ഒരു വെള്ളിക്കുരിശ് പണിയിക്കുവാൻ അനുമതി തേടി വന്നപ്പോൾ "വെള്ളിക്കുരിശല്ല, പള്ളിക്കുടമാണ് പണിയേണ്ടത്" എന്ന് ബാവാ തിരുമേനി കല്പിച്ചത്. ആ കല്പനയാണ് നാലുന്നാക്കൽ സെന്റ് ആദായീസ് എൽ. പി. സ്കൂളിന് ബീജാവാപം ചെയ്തത്. ഇന്ന് മല്ലപ്പള്ളി പ്രദേശത്ത് സ്തുത്യർഹമായി പ്രവർത്തിച്ചു വരുന്ന പുതുശ്ശേരി എം. ജി. ഡി. ഹൈസ്കൂളിന് തറക്കല്ലിട്ടത് തിരുമേനി ആയിരുന്നു എന്നതും സ്മരണീയമാണ്. പുത്തൻചന്ത പഴഞ്ചിറ എം. ഡി. എൽ. പി. സ്കൂൾ, ഇത്തിത്താനം എൽ. പി. സ്കൂൾ തുടങ്ങിയവയുടെ സ്ഥാപനത്തിലും തിരുമേനിയുടെ പ്രേരണാശക്തി നിഴലിച്ചിരുന്നു.

പരിശുദ്ധ പിതാവിന്റെ സമഗ്രമായ വികസന ദർശനത്തിൽ സ്കൂളുകളോടൊപ്പം റോഡുകൾ, മറ്റ് പൊതുസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കും സ്ഥാനമുണ്ടായിരുന്നു. വാകത്താനത്ത് ഒരു പോസ്റ്റോഫീസ് ആദ്യമായി ഉണ്ടായത് അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ്. യാത്രകൾക്കുശേഷം വള്ളിക്കാട്ടു

ദയറായിൽ മടങ്ങിയെത്തിയാലുടനെ ആൾക്കാരെ സംഘടിപ്പിച്ച് റോഡ് നിർമ്മാണത്തിന് മുന്നിട്ടിറങ്ങിയ അനുഭവങ്ങൾ ഡയറിക്കുറിപ്പുകളിൽ ചിത റിക്കിടപ്പുണ്ട്. നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി നാനാ ജാതി മതസ്ഥരായ ആളുകളെ സഹകരിപ്പിച്ച് മുന്നോട്ട് കൊണ്ടു വരാൻ അദ്ദേഹത്തിന്റെ നേതൃപാടവത്തിന് കഴിഞ്ഞിരുന്നു.

പരിശുദ്ധ ബാവാ തിരുമേനി ജ്ഞാനസ്നാനപ്പെടുത്തുകയും സുറിയാനി അഭ്യസിപ്പിക്കുകയും പിന്നീട് ശെമ്മാശു പട്ടം കൊടുക്കുകയും ചെയ്ത ആദ രണീയനായ ചിറത്തലാട്ടച്ചൻ യശശ്ശരീരനായ വെരി. റവ. സി. വി. ജോർജ്ജ് കോർ – എപ്പിസ്ക്കോപ്പാ) തന്റെ ഗുരുവിന്റെ മാതൃക പിൻപറ്റി എന്നതും പ്രസ്താവ്യമാണ്. വിദ്യാലയങ്ങൾ, ആശുപത്രി, പാലങ്ങൾ, റോഡുകൾ തുട ങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്നു ബഹു. കോർ എപ്പിസ്ക്കോപ്പാ അച്ചൻ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ജെറുസലേം മൗണ്ട് ഹൈസ്കൂൾ ഇന്ന് മലങ്കര ഓർത്തഡോക്സ് സഭയുടെ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഒരു മികച്ച ഹയർ സെക്കൻഡറി സ്കൂളായി ഉയർന്നിട്ടുണ്ട്. ഈ സ്കൂളിന്റെ പേട്രൺ സെയിന്റായി തൊട്ടടുത്ത കുന്നിലെ വള്ളിക്കാട്ടു ദയറായിൽ അന്ത്യവിശ്രമം കൊള്ളുന്ന ഗീവർഗീസ് പ്രഥമൻ ബാവായെ യഥോചിതം ആദരിച്ചു വരു ന്നത് ശ്രദ്ധേയമാണ്. ബാവാ തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാൾ ദിവസം (ഡിസംബർ 17) വി. കുർബാനയും കബറിങ്കലെ ധൂപാർപ്പണവും കഴിഞ്ഞാ ലുടൻ പള്ളിമുറ്റത്തു തന്നെ ജെറുസലേം മൗണ്ടിലെ വിദ്യാർത്ഥികളും അദ്ധ്യാപകരുമെല്ലാം ഒത്തു ചേർന്ന് പേട്രൺ സെയിന്റിനെ അനുസ്മരി ക്കുന്ന പ്രഭാഷണങ്ങളും മറ്റു ചടങ്ങുകളും നടത്തി വരുന്നുണ്ട്.

ഇന്ന് വാകത്താനത്തെ മികവുറ്റ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏറ്റവും ഓർത്തഡോക്സ് സഭയുടെ നിയന്ത്രണത്തിലാണ്. വാകത്താനത്തിന്റെ സിരാകേന്ദ്രമായ ഞാലിയാകുഴിയിൽ മാർ ഗ്രീഗോറിയോസ് ഇടവകയുടെ നേതൃത്വത്തിൽ കാൽ നൂറ്റാണ്ടിലേറെയായി പ്രവർത്തിച്ചു വരുന്ന മാർ ഗ്രീഗോറിയോസ് ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂൾ 12 വർഷ ങ്ങളായി എസ്സ്. എസ്സ്. എൽ. സി. പരീക്ഷയിൽ നൂറുശതമാനം വിജയം എന്ന താരത്തിളക്കം നിലനിർത്തി വരികയാണ്. പൊങ്ങന്താനം യു. പി. സ്കൂളും ഇപ്പോൾ സഭ ഏറ്റെടുത്തു കഴിഞ്ഞിരിക്കുകയാണ്.

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സഭ ഒരു കർമ്മമണ്ഡലമായി ഏറ്റെടു ക്കണം എന്ന തന്റെ ദർശനം സ്വന്തനാട്ടിൽ പൂവണിഞ്ഞതിൽ ബാവാ തിരു മേനി സ്വർഗ്ഗീയ ഊർശ്ലേമിൽ ആനന്ദബാഷ്പങ്ങൾ ഒഴുക്കുന്നുണ്ടാകും. അദ്ദേ ഹത്തിന്റെ അനുഗ്രഹങ്ങളും മദ്ധ്യസ്ഥതയും ഈ വിദ്യാലയങ്ങൾക്കും അവ യിൽ പ്രവർത്തിക്കുന്നവർക്കും പഠിക്കുന്നവർക്കുമൊക്കെ താങ്ങും തണലു മാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒരു കലാലയമോ ഉന്നത വിദ്യാഭ്യാസ

കേന്ദ്രമോ ആവീർഭവിച്ചിട്ടില്ലാത്ത വാകത്താനം പ്രദേശത്ത് പരിശുദ്ധ ബാവാ തിരുമേനിയുടെ പേരിൽ ഉചിതമായ ഒരു സ്ഥാപനം ഉയർന്നു വരാൻ സഭാ നേതൃത്വത്തിന്റെ ശ്രദ്ധ ഉണ്ടാവട്ടെ എന്ന ആഗ്രഹം കൂടി പ്രകടിപ്പിച്ചു കൊണ്ട്, പുണ്യവാന്റെ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചു കൊണ്ട് ഈ ലേഖനം ഉപസംഹരിക്കുന്നു.

❑

Malankara Orthodox TV

# സമൂഹസ്പന്ദനങ്ങൾ തൊട്ടറിഞ്ഞ അജപാലകൻ

**എം. എസ്. കോര, മാവിലശ്ശേരിൽ**

മലങ്കര ഓർത്തഡോക്സ് സഭയുടെ മഹത്തായ പൗരോഹിത്യ പരമ്പരയിലെ തിളക്കമാർന്ന മണിമുത്താണ് രണ്ടാം കാതോലിക്കാബാവാ. പരിമിതികളേറെയുള്ള കാലഘട്ടം. പരിധികൾക്കപ്പുറത്തേക്ക് ചുവടുവയ്ക്കാൻ ഏറെ പ്രതിബന്ധങ്ങൾ നിറഞ്ഞുനിന്ന കാലം. പ്രതികൂല സാഹചര്യങ്ങളെ കണ്ട് മനസ്സ് മടിക്കാതെ, തന്നിൽ അർപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യത്തിന്റെ മാഹാത്മ്യം മനസ്സിലാക്കി മുന്നോട്ടു ഗമിച്ച അജപാലകനായിരുന്നു പരിശുദ്ധനായ ഗീവറുഗീസ് പ്രഥമൻ ബാവാ തിരുമനസ്സ്.

കരമാർഗ്ഗം യാത്രചെയ്യാൻ സാധാരണക്കാർ സാമ്പത്തിക ബുദ്ധിമുട്ടനുഭവിച്ച അക്കാലത്ത് മൈലുകൾ താണ്ടി പള്ളികളിൽ നിന്ന് പള്ളികളിലേക്ക് യാത്ര ചെയ്ത് സഭാമക്കളെ വേദവിപരീതങ്ങളുടെ വേലിയേറ്റത്തിൽ നിന്നും സംരക്ഷിച്ച അത്യദ്ധ്വാനിയായ നേതാവായിരുന്നു തിരുമനസ്സ്. വിശ്വാസപ്രമാണങ്ങളിൽ വിട്ടുവീഴ്ച ലവലേശമില്ലാതെ താനേറ്റെടുത്ത ത്യാഗത്തിന്റെ അടയാളമായ കുരിശിന്റെ പൊരുൾ കർമ്മമണ്ഡലവുമായി സമന്വയിപ്പിച്ച് ജനമദ്ധ്യത്തിലേയ്ക്കിറങ്ങിച്ചെന്ന മഹായിടയൻ ഇതു പോലെ വേറെയുണ്ടോയെന്നു ചിലരെങ്കിലും സന്ദേഹപ്പെട്ടാൽ അവരെ കുറ്റം പറയേണ്ടതില്ല.

കർഷക ഗ്രാമമായ വാകത്താനത്തെ കൃഷിവലന്മാരോടും തൊഴിലാളികളോടും അതീവ കരുണയോടെ പെരുമാറിയ തിരുമേനിയോട് സാധാരണ ജനത്തിന് എത്രമാത്രം ഭക്തിയും ആഴമേറിയ സ്നേഹവുമുണ്ടായിരുന്നുയെന്ന് പഴമക്കാർ പറയുന്നത് കേൾക്കുവാൻ ഈ ലേഖകന് കഴിഞ്ഞിട്ടുണ്ട്. അന്യജാതിമതസ്ഥരായ ഒട്ടേറെ ആരാധകരുണ്ടായിരുന്നു എന്നത് സമഭാവനയുള്ള തിരുമനസ്സിന്റെ ഹൃദയവിശാലത സാധൂകരിക്കുന്നു. ഗ്രാമാന്തരീക്ഷത്തിൽ ജനിച്ച ഗീവറുഗീസ് ശെമ്മാശൻ, വൈദികൻ, റമ്പാൻ, മെത്രാപ്പോലീത്താ, കാതോലിക്കാ എന്നിങ്ങനെ ഉയർച്ചയുടെ പടികൾ കയറുമ്പോഴും സമൂഹത്തെ മറന്നില്ല. തിരക്കേറിയ ചുമതലകൾക്കു നടുവിലും സാധാരണ ജനങ്ങളുടെ ആവശ്യങ്ങളെ അന്വേഷിക്കുകയും തിരിച്ചറിയുകയും ചെയ്തു. ഉയർന്ന സ്ഥാനങ്ങളിലേയ്ക്ക് എത്തുമ്പോൾ ദന്തഗോപുരവാസം ഇഷ്ടപ്പെടുന്ന സമകാലിക സമൂഹത്തിൽ തിരുമനസ്സിന്റെ മാതൃ

MalankaraOrthodox.TV

കയ്ക്ക് അതിയായ പ്രാധാന്യമുണ്ട്. തന്റെ കാലുകൾ എല്ലായ്പ്പോഴും ഭൂമിയിൽ സ്പർശിക്കണമെന്ന് തിരുമേനി ആഗ്രഹിച്ചു. ആ ജനകീയതയാണ് ജീവിച്ചിരുന്നപ്പോൾ അശരണരുടെയും, അവലംബഹീനരുടെയും ആശ്രയമായി മാറുവാനും കാലം ചെയ്ത ശേഷം പ. പിതാവിന്റെ കബറിടം അവരുടെ മദ്ധ്യസ്ഥതാ കേന്ദ്രമായി മാറുവാനും ഇടയാക്കിയത്. ആ മദ്ധ്യസ്ഥതയ്ക്ക് ജാതിമതഭേദങ്ങളുടെ അതിർവരമ്പുകളില്ലെന്നതും ശ്രദ്ധേയമാണ്.

കടവിൽ അത്താനാസിയോസ് തിരുമേനിയുടെ ശിഷ്യനായി പ്രവർത്തിച്ച കാലത്ത് തിരുമനസ്സിന് തെക്കു മുതൽ വടക്കുവരെ മലങ്കരയിലെ പള്ളികളിലെല്ലാം സഞ്ചരിക്കുവാൻ അവസരം ലഭിച്ചു. സഭാംഗങ്ങളുടെ ബുദ്ധിമുട്ടുകളും അവരുടെ ആവശ്യങ്ങളും അദ്ദേഹം അടുത്തറിഞ്ഞു. ആലുവാ സെമിനാരിയുടെ പണിക്കുവേണ്ട പണം സമാഹരിച്ചതും തിരുമനസ്സ് ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നായിരുന്നു. അതുപോലെ ഓരോ സഭാ ആവശ്യങ്ങൾക്കും പണം ശേഖരിക്കാൻ ചുമതലപ്പെടുത്തിയതും അദ്ദേഹത്തെയായിരുന്നു. ജനസ്വാധീനമുള്ളവർക്കേ ഇത് സാധിക്കുകയുള്ളുവെന്നത് ഒരു യാഥാർത്ഥ്യമാണ്.

കടവിൽ തിരുമേനി കാലം ചെയ്തശേഷം വാകത്താനം വലിയപള്ളിയിൽ താമസിച്ച ഗീവറുഗീസ് റമ്പാൻ നാടിന്റെ സമഗ്രമായ വികസനമാണ് മുഖ്യവിഷയമായി പരിഗണിച്ചത്. സമീപ സ്ഥലങ്ങളിലെ സ്കൂളുകളുടെ ആരംഭവും, വിവിധ റോഡുകളുടെ തുടക്കവും ഈ ദർശനത്തിൽ രൂപം കൊണ്ടതാണ്. ഓരോ പ്രവർത്തനത്തിലും സജ്ജീവമായ ജനപങ്കാളിത്തം നേടുന്നതിൽ പ്രത്യേകം ശ്രദ്ധപുലർത്തുകയും ചെയ്തു. തുടർന്ന് വള്ളിക്കാട്ട് ദയറായിൽ താമസമാക്കിയപ്പോഴും ഈ സാമൂഹിക പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരം ലഭിച്ചു. 'വഴിയില്ലാതെ പുരോഗതിയില്ല' എന്ന ചിന്ത അദ്ദേഹത്തിന്റെ ഉള്ളിൽ തട്ടിയതുകൊണ്ടാകണം; വള്ളിക്കാട്ട് ദയറായോട് ബന്ധപ്പെട്ടും അല്ലാതെയുമുള്ള പല നടപ്പാതകളും വികസിപ്പിക്കുന്നതിനും വാഹനസഞ്ചാരത്തിന് ഉപയുക്തമാക്കിതീർത്തതും. എട്ടും പത്തും പേരുകൂടി മഞ്ചലിൽ ചുമന്നു കൊണ്ടാണ് അക്കാലത്ത് ഒരിടത്തു നിന്നും മറ്റൊരിടത്തേയ്ക്ക് മഹാന്മാരെ കൊണ്ടു പൊയ്ക്കൊണ്ടിരുന്നത്. കരമാർഗ്ഗമുള്ള ഗതാഗതം വഴിയുടെ അഭാവം നിമിത്തം പ്രായേണ കുറവായിരുന്നു. മഞ്ചലിൽ സഹജീവികളെ കഷ്ടപ്പെടുത്തിയുള്ള യാത്ര അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ദയറായിൽ തിരുമേനിക്ക് മഞ്ചലുണ്ടായിരുന്നെങ്കിലും നാട്ടിലുള്ള രോഗികൾക്കുവേണ്ടി ആ മഞ്ചൽ ആവശ്യാനുസരണം കൊടുക്കുന്ന പതിവാണുണ്ടായിരുന്നതെന്ന് പിതാമഹന്മാർ പറഞ്ഞറിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് വള്ളത്തിലോ വാഹനത്തിലോ കാൽനടയായി ഉള്ള യാത്രയായിരുന്നു താല്പര്യം (എന്റെ കുട്ടിക്കാലത്ത് തിരുമേനി ജീവിച്ചിരുന്ന കാലത്ത് ഉപയോഗിച്ചിരുന്ന മഞ്ചൽ ദയറായിലെ മാളികപ്പുറത്തിരിക്കുന്നതു കാണുവാനിടയായിട്ടുണ്ട്).

കരമാർഗ്ഗം യാത്രചെയ്യണമെങ്കിൽ വഴി വേണം എങ്കിലെ പുരോഗതിയുണ്ടാകൂ എന്ന ലക്ഷ്യത്തോടെ അത്യാവശ്യം വേണ്ട വഴികൾ തുറക്കാൻ അദ്ദേഹം നേതൃത്വം നൽകി. വഴിക്കുവേണ്ടി വസ്തു നഷ്ടപ്പെടുന്നത് താല്ക്കാലികമായി ബുദ്ധിമുട്ട് തോന്നാമെങ്കിലും അനന്തര തലമുറയ്ക്ക് വളരെയേറെ പ്രയോജനപ്പെടുമെന്ന് ഭൂവുടമകളെ ബോധ്യപ്പെടുന്നതിൽ അദ്ദേഹം വിജയിച്ചു. തിരുമേനിയുടെ ഈ പരിശ്രമത്തിന്റെ ഓളങ്ങൾ വാകത്താനത്തും സമീപ പ്രദേശങ്ങളിലും വ്യാപിച്ചു. ഒന്നിനുപുറകേ ഒന്നായി അക്കാലത്തു വാകത്താനത്തുണ്ടായ വഴികളുടെ എണ്ണം എത്രയെന്ന് ഇന്നത്തെ തലമുറയോടു പറഞ്ഞറിയിക്കേണ്ടതില്ല. പൊതുവായ ഒരു കാഴ്ചപ്പാടും സാമൂഹികമായ പ്രതിബന്ധതയും ഉള്ളവർക്കല്ലാതെ ഇത്തരം കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും പ്രാവർത്തികമാക്കുവാനും കഴിയില്ലെന്നു നമുക്കറിയാം.

ഈ ദൃശ്യമായ പ്രതിബദ്ധതയും സാമൂഹ്യബന്ധവും സ്വജാതീയരും വിജാതീയരുമായ അനേകരുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുവാൻ സഹായിച്ചു. അങ്ങനെ നേടിയ സുഹൃത്തുക്കളിൽ നിന്ന് അവരുടെ കുലത്തൊഴിലുകൾ വശമാക്കാനും തിരുമേനി മറന്നില്ല. മരപ്പണി, കൽപ്പണി, ഇരുമ്പുപണി, തുന്നൽ തുടങ്ങിയ ജോലികൾ തിരുമനസ്സിന് അറിയാമായിരുന്നു. അരമനയിലെ നിത്യോപയോഗ ഉപകരണങ്ങളുടെ നിർമ്മാണത്തിനു പിന്നിൽ മറ്റാരുടെയും കൈകളായിരുന്നില്ല. കുർബ്ബാനയപ്പം ഉണ്ടാക്കുന്നതിന് ധാന്യം പൊടിക്കുന്നതിനുപയോഗിക്കുന്ന തിരികല്ല് തുടങ്ങിയ ഉപകരണങ്ങൾ തിരുമേനി സ്വന്തമായി നിർമ്മിക്കുകയായിരുന്നു. അങ്ങനെയുള്ള ഉപകരണങ്ങൾ പലതും ദയറായിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്. അതുപോലെ തന്നെ തുന്നൽപ്പണി അഭ്യസിച്ചിരുന്നു. കൈകൊണ്ട് കറക്കി തയ്ക്കുന്ന മെഷിനാണ് തിരുമേനി ഉപയോഗിച്ചിരുന്നത്. കാൽകൊണ്ടു കറക്കി ഉപയോഗിക്കുന്ന യന്ത്രം പിൽക്കാലത്താണ് പ്രചാരത്തിൽ വന്നത്. തിരുമേനി ഉപയോഗിച്ചിരുന്ന മിക്ക വസ്ത്രങ്ങളും സ്വന്തമായി തുന്നിവയായിരുന്നു. മരപ്പണിയിലെ താല്പര്യം എടുത്തു പറയേണ്ടതാണ്. ഇത്തരത്തിലുള്ള തൊഴിലുകളെക്കുറിച്ചുള്ള അറിവ് വ്യത്യസ്ത വിഭാഗങ്ങളുമായി മാനസികബന്ധം വളരുന്നതിൽ ശക്തമായ സ്വാധീനം ചെലുത്തി. ബാവാതിരുമേനി കാലം ചെയ്തതറിഞ്ഞ് വള്ളിക്കാട്ട് ദയറായിൽ വന്നുകൂടി അലമുറയിട്ടു കരഞ്ഞ വലിയോരു ജനാവലി നാനാജാതി മതസ്ഥരുടേതായിരുന്നു. തിരുമേനിയുടെ അന്ത്യനിമിഷം കബറടക്കം ഇവയുടെ ദൃക്സാക്ഷി വിവരണമായി പുറത്തുവന്ന "സ്വർഗ്ഗാരോഹണം" പാന റാപ്പുഴ ശങ്കരനാശാരിയുടേതായിരുന്നെന്ന് പറയുമ്പോൾ ഈ വിലയിരുത്തലിന് അടിവരയിടുന്ന അനുഭവമാണ് ലഭിക്കുന്നത്. മുപ്പതാം അടിയന്തിരത്തിന് സംബന്ധിച്ചവർക്കെല്ലാം ലഭിക്കത്തക്കവണ്ണം ആ ഭക്തൻ തീർത്ത 'വിലാപകാവ്യ'ത്തിലെ വരികൾ അന്നുള്ള

വർക്ക് ഹൃദിസ്ഥമായിരുന്നു. ശങ്കരനാചാരിയോടൊപ്പം തിരുമേനിയുടെ ആവാസന നിമിഷങ്ങൾ, കബറടക്കം എന്നിവ ഉൾക്കൊള്ളിച്ച് 6 പാനകൾ കൂടി എഴുതി സമർപ്പിച്ചിരുന്നു. അവയിൽ ഏറ്റവും നല്ലതാണ് പ്രസിദ്ധീക രിച്ചതെന്നുമാത്രം. ഇവയിൽ പലതും ഇതരമതവിഭാഗങ്ങളിലുള്ളവർ ചമച്ച തായിരുന്നു. ഇന്നു ലഭ്യമല്ലാത്ത ഈ കാര്യങ്ങളെക്കുറിച്ചുള്ള വിവരം പൂർവ്വി കരിൽ നിന്ന് കേട്ടറിഞ്ഞിട്ടുള്ളതാണ്.

സമൂഹത്തിന്റെ ഉന്നമനം വിദ്യാഭ്യാസത്തിലൂടെ മാത്രമാണെന്ന വ്യക്ത മായ ദർശനം ഉള്ളിൽ സൂക്ഷിച്ച തിരുമേനി "വെള്ളി കുരിശിനെക്കാൾ പള്ളി ക്കൂടമാണ് ആവശ്യം" എന്ന ഉദ്ബോധനം നൽകി. നാലുന്നാക്കൽ സെന്റ് ആദായീസ് എൽ. പി. സ്കൂളിന്റെ തുടക്കത്തിനു പിന്നിൽ ഈ ഉദ്ബോധന മായിരുന്നു. അങ്ങനെ നിരവധി സ്കൂളുകൾ തിരുമേനിയുടെ താല്പര്യപ്ര കാരം വാകത്താനത്തും സമീപ പ്രദേശങ്ങളിലും ഉയർന്നു വന്നു.

സാമ്പത്തിക ബുദ്ധിമുട്ടുള്ള സമീപവാസികളെ സഹായിക്കുവാൻ പര സ്പര സഹായസഹകരണ സംഘം രൂപീകരിച്ചത് സാമൂഹ്യസേവനത്തിലെ മറ്റൊരു തുടക്കമായിരുന്നു. സഭാഭരണത്തിന്റെയും ആത്മീയ നേതൃത്വത്തി ന്റെയും പാതയിൽ ഉയരുമ്പോഴും അദ്ദേഹം സാമൂഹ്യ സേവനത്തിന്റെ ചുമ തല വിസ്മരിച്ചിരുന്നില്ല. ദൂരെയും ചാരെയുമുള്ള സഭാംഗങ്ങൾ അദ്ദേഹ ത്തിന്റെ സ്നേഹസ്പർശനത്താൽ ആശ്വാസംകൊണ്ടു. തെറ്റുകൾ ചൂണ്ടി ക്കാണിക്കുവാനും വിമർശിക്കേണ്ടവരെ വിമർശിക്കുവാനും അദ്ദേഹം മടി ച്ചിരുന്നില്ലെന്ന് ഡയറിക്കുറിപ്പുകൾ തന്നെ സാക്ഷ്യമാകുന്നു.

ഔഗേൻ റമ്പാച്ചൻ ദയറാ മാനേജരായി പ്രവർത്തിക്കുന്ന ഇക്കാലത്തും ദയറായിലേക്ക് കടന്നുവരുന്ന ഏവരേയും സ്നേഹപൂർവ്വം സ്വീകരിക്കുകയും അവർക്ക് സന്തോഷപൂർവ്വം ദയറായിലുള്ള ഭക്ഷണം നൽകുകയും ചെയ്യുന്ന പഴയ പതിവ് പിൻതുടരുന്നു. അനുഗ്രഹീതനായ ആ പിതാവിന്റെ കാല ത്തിന്റെ ആവർത്തനമാണ് ഇന്നു കാണാൻ കഴിയുന്നതെന്ന് പ്രായമുള്ള വർ പറഞ്ഞുകേൾക്കാൻ സംഗതിയായിട്ടുണ്ട്. ഇന്ന് ദയറായെ സ്നേഹിക്കു ന്ന, ദയറായുടെ പ്രവർത്തനങ്ങൾക്ക് സഹായം ചെയ്യാൻ ആ സമൂഹം തന്നെ യുണ്ട്. എല്ലാം പ. പിതാവിന്റെ അദൃശ്യമായ സാന്നിദ്ധ്യമായി ലേഖകൻ കാണുന്നു.

കാതോലിക്കാ സ്ഥാനമേറ്റശേഷം ആദ്യമായി ദയറായിലേയ്ക്ക് പുല്ലു കാട്ടുപടിയിൽ നിന്നുള്ള റോഡ് കൂടുതൽ യാത്രായോഗ്യമാക്കാനാണ് ശ്രമി ച്ചത്. അത്തരം പരിശ്രമങ്ങളാകട്ടെ സമീപവാസികളെ ഒരുമിപ്പിച്ചും ആയി രുന്നു. കാതോലിക്കാസ്ഥാനം വഹിക്കുമ്പോഴും തിരുമേനിയോട് ദയറായുടെ ചുറ്റുപാടുള്ള ജനസമൂഹത്തിന് പിതൃതുല്യമായ ഒരു ബന്ധം നിലനിന്നിരു ന്നു. സ്കൂളിൽ പോകുന്ന വിദ്യാർത്ഥികളും വൈകുന്നേരങ്ങളിൽ ദയറാ

യിൽ പോകും തിരുമേനി അവിടെ ഉണ്ടെങ്കിൽ അവലോസുണ്ടയോ, പഴമോ, കുഴലപ്പമോ എന്തെങ്കിലും കിട്ടും. പഠനകാര്യത്തെക്കുറിച്ചും വീട്ടുകാര്യത്തെക്കുറിച്ചും കുശലവും ഒപ്പം ദൈവാശ്രയത്തിനു വേണ്ട ഉപദേശവും നൽകും.

ഇങ്ങനെ മനുഷ്യമനസ്സുകളെ തിരിച്ചറിഞ്ഞ ഇടയന് അവരിൽനിന്ന് അകന്ന് ഒരു ജീവിതമില്ലായിരുന്നു. നെയ്യൂർ ആശുപത്രിയിലേയ്ക്ക് ഓപ്പറേഷനുവേണ്ടിപോയ തിരുമേനി കാലം ചെയ്തുവെന്ന വാർത്ത ദേശവാസികൾക്ക് സഹിക്കാവുന്നതായിരുന്നില്ല. ദയറായിൽ ഓടിക്കൂടിയ അവർ തിരുമേനിയുടെ ഭൗതീകശരീരം ഒന്നുകാണാൻ രാത്രി പന്ത്രണ്ടര വരെ അവിടെ കൂടി നിന്നു. ഭൗതികശരീരം കണ്ട അവർ വാവിട്ടു നിലവിളിച്ചു. ആ നിലവിളി മൂന്നു കിലോമീറ്റർ ദൂരെ കേൾക്കാമായിരുന്നെന്ന് അടുത്ത ദിവസത്തെ മനോരമ പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സമൂഹത്തിന്റെ സ്പന്ദനങ്ങൾ മനസ്സിലാക്കിയ ആ മഹാചര്യന്റെ ഓരോ പരിശ്രമങ്ങളും വിശ്വാസികൾ നിറഞ്ഞമനസ്സോടെ സ്വീകരിച്ചത്, എല്ലാ കാൽവെയ്പ്പുകളും ജനപ്രിയമായത്. ആ പ്രതിഭ സാമൂഹ്യബന്ധത്തിന്റെ മൂശയിൽ രൂപപ്പെട്ടതായിരുന്നു എന്ന പ്രത്യേകത ഒന്നുകൊണ്ടുതന്നെയായിരുന്നു. ഏതു കാലഘട്ടത്തിലേയും ആത്മീയ ഇടയന്മാർക്ക് അനുകരണീയമായ ഒരു പാത പരിചയപ്പെടുത്തിച്ചിട്ട് ആ ജനകീയ ഇടയൻ ദൈവസന്നിധിയിലേയ്ക്കു പോയി. തലമുറകൾ പലതുകഴിഞ്ഞിട്ടും ഓരോ സമൂഹവും തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്നു. വിളിച്ചാൽ വിളി കേൾക്കുന്ന അയൽക്കാരനെപ്പോലെ അവർ പ്രാർത്ഥിക്കുന്നു.

❑

Malankara Orthodox TV

# രചനകളിലെ ലാവണ്യ നിരീക്ഷണം

**ഡോ. ജേക്കബ് മണ്ണുംമൂട്**

ദൈവാഭിമുഖമായി സഞ്ചരിച്ച പ്രതിഭയാണ് പ. ഗീവറുഗീസ് പ്രഥമൻ ബാവാ. ക്രിസ്തുവിനോട് ദിവ്യമായ കൂറു പുലർത്തിക്കൊണ്ട് സമൂഹത്തോട് നിരന്തരം സംവദിച്ച ഈ മഹർഷീശ്വരൻ കാലത്തിന്റെ തമോ ഗർത്തത്തിൽ നിന്ന് ഈ ഗ്രന്ഥത്തിലൂടെ പുനർജനനം നേടുകയാണ്. അദ്ദേഹത്തിന്റെ രചനകൾ ക്രൈസ്തവ ജീവിത രഹസ്യങ്ങളെക്കുറിച്ചുള്ള സകല വിചാര ശൈലികൾക്കും ഒരു ആമുഖ കാവ്യമായിത്തീരുന്നു. സാധാരണ നയനങ്ങൾക്ക് അചേതനമായ അക്ഷരങ്ങളുടെ അഗ്നിനാവു കൊണ്ട് ഈ താപസൻ നമ്മോടു നിരന്തരം സംഭാഷിക്കുന്നു. ഈ സംഭാഷണത്തിൽ ജ്ഞാന രഹസ്യങ്ങളുടെ അന്വേഷണവും സമകാലിക പ്രശ്നങ്ങളും സാമൂഹ്യ ജീവിതത്തിന്റെ പരിണാമ പ്രക്രിയകളും സമന്വയിക്കപ്പെടുന്നു.

പ. ഗീവർഗീസ് പ്രഥമൻ ബാവാ ശെമ്മാശനായിരുന്ന കാലഘട്ടത്തിൽ ഗുരുവായ അത്താനാസ്യോസ് മെത്രാപ്പോലീത്തായോടും, പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോടും, മാർ യൂലിയോസ് അൽവാറിസ് മെത്രാപ്പോലീത്തായോടും ഒന്നിച്ചു കൊളംബിലേക്കു നടത്തിയ യാത്രയുടെ വിവരണവും, അദ്ദേഹം എഴുതി സൂക്ഷിച്ച വിപുലമായ ഡയറിക്കുറിപ്പുകളും (*സഭാജീവിത നാൾവഴി*) വേദപുസ്തക പരിഭാഷകളും ഇടയലേഖനങ്ങളും സ്വകാര്യ കല്പനകളും മലങ്കര ഇടവക പഞ്ചാംഗങ്ങളും ആണ് പ. ഗീവർഗീസ് പ്രഥമൻ ബാവായെ ഒരു എഴുത്തുകാരനെന്ന നിലയിൽ ശ്രദ്ധേയനാക്കുന്ന പ്രമുഖ രചനകൾ.

## സഭാജീവിത നാൾവഴി - കാലത്തിന്റെ കണ്ണാടി

'വാകത്താനത്തു പള്ളി ഇടവകയിൽ കാരുചിറ ഗീവറുഗീസ് റമ്പാന്റെ ഡയറി ബുക്ക്' എന്ന തലക്കെട്ടോടെ ആരംഭിക്കുന്ന ഈ ഗ്രന്ഥം ഒരു ആത്മകഥയുടെ രൂപഘടനയാണ് സ്വീകരിച്ചിരിക്കുന്നത്. കുടുംബപശ്ചാത്തലം ആമുഖമായി പറഞ്ഞതിനു ശേഷം 'ഗീവർഗീസ് റമ്പാൻ' എന്ന തന്റെ പൗരോഹിത്യ ജീവിതത്തിന്റെ ആമുഖ രേഖ അവതരിപ്പിക്കുന്നു. തന്റെ ജനനം മുതൽ ശെമ്മാശു സ്ഥാനം സ്വീകരിക്കുന്നതുവരെയുള്ള കാലഘട്ടത്തിലെ സംഭവങ്ങൾ (1870–1896) ഹ്രസ്വമായി പറഞ്ഞു പോകുന്ന അദ്ദേഹം 1896

മിഥുനം 1 മുതലുള്ള കാര്യങ്ങൾ വളരെ ക്രമീകൃതമായി അവതരിപ്പിക്കുന്നതായി കാണാം. ഈ ഗ്രന്ഥത്തിന്റെ പൊതുവായ രചനാരീതി പരിശോധിക്കുമ്പോൾ 1896 മിഥുനം ഒന്നാം തീയതി മുതൽ കൃത്യമായി ഡയറി എഴുതി തുടങ്ങിയിരുന്നു എന്നു അനുമാനിക്കാം. സംഭവങ്ങളുടെ രത്നചുരുക്കം എഴുതുന്ന രീതിയല്ല ലേഖകൻ അനുവർത്തിക്കുന്നത്. താൻ കണ്ടതും കേട്ടതും അനുഭവിച്ചതുമായ വിവരങ്ങൾ വളരെ തൻമയത്വമായി അദ്ദേഹം രേഖപ്പെടുത്തുന്നു. ഒരു ഭാഗം ശ്രദ്ധിക്കുക: "*ഇതിനിടയിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മാർ ശെമവൂൻ അത്താനാസ്യോസ് ബാവായും കോട്ടയത്ത് പുത്തനങ്ങാടി കുരിശുപള്ളിയിൽ നീങ്ങിയിരിക്കുമ്പോൾ ഗീവർഗീസു ശെമ്മാശു തിരുമേനികളെ കാണാനായി കുരിശുപള്ളിയിൽ എത്തി അനുഗ്രഹം വാങ്ങി അവിടെ താമസിച്ചു. പിറ്റെദിവസം കർക്കിടകം മൂന്നിന് സിമ്മനാരി വ്യവഹാരം ബാവാകക്ഷികൾക്ക് ഗുണമായി വിധി ഉണ്ടായതിനാൽ വിധി നടത്തി സെമിനാരി കൈവശപ്പെടുത്തുന്നതിനായി തിരുമേനികൾ കുരിശുപള്ളിയിൽനിന്നു പുറപ്പെട്ട് പുത്തൻപള്ളിയിൽ കയറി പ്രാർത്ഥന കഴിച്ച് താഴത്തങ്ങാടി വഴിയായി സെമിനാരിയിൽ എത്തി. അന്ന് വലിയ വെള്ളപ്പൊക്കമായതിനാൽ ബോട്ട് സെമിനാരിയുടെ പടിഞ്ഞാറെ മിറ്റത്ത് അടുത്തു. ഗീവർഗീസ് ശെമ്മാശു തിരുമേനികളോട് കൂടെ സിമ്മനാരിയിലേക്ക് പോയി. സിമ്മനാരി മുഴുവൻ പൂട്ടി ഇട്ടിരിക്കയായിരുന്നു. ആദ്യമേ പടിഞ്ഞാറെ വാതിലിന്റെ വലിയ പൂട്ട് തല്ലിച്ചു. പിന്നീട് പള്ളിയുടേതും തല്ലിച്ചും പള്ളിയുടെ ത്രോണോസിങ്കലും കബറിങ്കലും പ്രാർത്ഥനകൾ കഴിച്ചു.*" ഈ ഭാഗത്ത് അസാധാരണമായ പ്രയോഗങ്ങളോ, വൈചിത്ര്യം നിറഞ്ഞ ആവിഷ്കരണശൈലിയോ ഇല്ലായിരിക്കാം. പക്ഷേ സകലതും കാണുന്ന ഒരു കണ്ണിന്റെ വിശിഷ്ട വ്യാപാരം നമ്മെ അത്ഭുതപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ നിന്ന് യാതൊന്നും മറഞ്ഞുപോകുന്നില്ല എന്നതാണ് ഈ ആവിഷ്കരണത്തിന്റെ ഏറ്റവും മുഖ്യമായ സവിശേഷത.

തന്റെ വിപുലമായ പ്രവർത്തനങ്ങളെക്കുറിച്ചു വിവരിക്കുമ്പോൾ തന്നെ അക്കാലത്തു നടന്ന മറ്റു പല സംഭവങ്ങളും അദ്ദേഹം രേഖപ്പെടുത്തുന്നതായി കാണാം. 1900-ാമാണ്ട് മകരം 26-ാം തീയതി രാത്രി ഭൂകമ്പം ഉണ്ടായതും അതിൽ എല്ലാവരും ഭ്രമിച്ചുപോയതും അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പിൽ ചേർത്തിട്ടുണ്ട്. 1901-ാമാണ്ടു മകരം 9-നു ഇംഗ്ലണ്ടിലെ മഹാരാജ്ഞി നാടു നീങ്ങിയ വിവരവും വർണ്ണിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിലെ പ്രധാന രണ്ടു സംഭവങ്ങൾ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജൂബിലിയും പരിശുദ്ധ പരുമല തിരുമേനിയുടെ അന്ത്യനിമിഷങ്ങളുമാണ്. ജീവിതത്തിന്റെ സന്തോഷ സന്താപങ്ങളെ ആവിഷ്കരിക്കുമ്പോൾ അദ്ദേഹം പുലർത്തുന്ന രചനാശൈലി പഠനവിധേയമാക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഏറ്റവും മഹാപുരുഷന്മാരായ രണ്ടു വ്യക്തികളായിരുന്നു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മാർ ഗ്രീഗോറിയോസ് മെത്രാപ്പോ

Malankara Orthodox TV

ലീത്തായും. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മരണാസന്നനായി കിടക്കുന്ന സമയത്ത് പരുമലയിൽ എത്തിച്ചേർന്ന ഗീവർഗീസ് റമ്പാൻ അദ്ദേഹത്തിന്റെ അന്ത്യനിമിഷത്തിന് സാക്ഷിയായി. പ. പരുമല തിരുമേനിയുടെ കബറടക്കത്തോടനുബന്ധിച്ചു നടന്ന വിശുദ്ധ കുർബാനയിലും മുഖ്യ കാർമ്മികത്വം വഹിച്ചതു ഗീവർഗീസ് റമ്പാനായിരുന്നു. ശുശ്രൂഷയുടെ ഏറ്റവും ചെറിയ കാര്യങ്ങൾ പോലും വളരെ വിശദമായി അവതരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ആ ഭാഗം ഉപസംഹരിക്കുന്നത്. അതോടൊപ്പം പരിശുദ്ധനായ പരുമല തിരുമേനിയുടെ ഒരു ലഘു ജീവചരിത്രവും സഭാഭരണത്തിന് അദ്ദേഹം അവലംബിച്ച പൊതു തത്ത്വങ്ങളെക്കുറിച്ചും തൂലികാചിത്രങ്ങളെന്നവണ്ണം ഈ ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയെക്കുറിച്ചു തനിക്കു ബോധ്യമുള്ള കാര്യങ്ങൾ അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തുന്നുണ്ട്:

"*ദൈവഭക്തി, സഭാ നിശ്ചയവും കാനോനും അനുസരിച്ചുള്ള എല്ലാ നടപടികളിലും കൃത്യനിഷ്ഠ, ഉപവാസം, പ്രാർത്ഥന, പ്രസംഗചാതുര്യം എന്നു വേണ്ട തന്റെ എല്ലാ സംഗതികളും ഒരു ശരിയായ സന്യാസിയുടേതും മേല്പട്ടക്കാരന്റെയും ചുമതലകളെ ആചരിച്ചുവന്നിരുന്നതിനാൽ വചനത്തേക്കാൾ പ്രവർത്തിയിൽ ഇദ്ദേഹം എല്ലാവർക്കും ദൃഷ്ടാന്തമായിരുന്നു. ഇദ്ദേഹം ദൈവത്തിന്റെ ദൂതനാണെന്നോ അദ്ദേഹത്തിന്റെ അതൃപ്തി സമ്പാദിച്ചാൽ ശാപം നേരിടുമെന്നോ ഉള്ള ബോധ്യം എല്ലാവരിലും ഏറെക്കുറെ വ്യാപിച്ചിരുന്നു.*" വിശുദ്ധ വേദപുസ്തകം ഉദ്ഘോഷിക്കുന്ന ക്രൈസ്തവ ആത്മീയതയുടെ രത്നചുരുക്കം 'കർത്താവിന്റെ ഇഷ്ടം ചെയ്യുക' എന്നതാണ് (വി. മത്തായി 7:21). ഈ മാനദണ്ഡം അനുസരിച്ചു പരിശോധിച്ചാൽ "*മലങ്കര സുറിയാനി സമുദായത്തിൽ സ്ഥാനം കൊണ്ടും ദൈവഭക്തി കൊണ്ടും ശ്രേഷ്ഠനായ ഒരു മഹാനായിരുന്നു പരിശുദ്ധ പരുമല തിരുമേനി*"യെന്ന് അദ്ദേഹം വിലയിരുത്തുന്നതായി കാണാം.

മലങ്കരസഭയെ നവീകരണത്തിന്റെ ആന്ദോളനങ്ങളിൽ നിന്ന് കരകയറ്റിയ പുലിക്കോട്ടിൽ തിരുമേനിയുടെ ജൂബിലി മഹോത്സവത്തെക്കുറിച്ച് പറയുമ്പോൾ വർണ്ണനയും ഭാഷയും ആകെ മാറുന്നു. കഴിയുന്നിടത്തോളം തനി മലയാളപദങ്ങൾ ഉപയോഗിച്ചുകൊണ്ട് ആ രംഗത്തിന്റെ ഉത്സാഹത്തിമിർപ്പ് അദ്ദേഹം വരച്ചുകാട്ടുന്നു.

"*ഇതിനുശേഷം പഴയസെമിനാരിയിലേയ്ക്കുള്ള ഘോഷയാത്രയായി. പോലീസ് ഇൻസ്പെക്ടർമാരായ ഉണ്ണിത്താനും നൈനാനും 2 കുതിരപ്പുറത്ത് കേറി കോൺസ്റ്റബിൾമാരും അകമ്പടിയോടു കൂടി ഘോഷയാത്രയുടെ മുമ്പേ ഉണ്ട്. മഹമ്മദീയൻമാരുടെ പരിശുകളിയും വാളേറും അഭ്യാസവും പിന്നാലെ ആർപ്പുവിളിച്ചു വഞ്ചിപ്പാട്ടുമായി ഒരു കൂട്ടം ആളുകൾ. അതിന്റെ പിന്നാലെ പത്തിരുപതു ചെണ്ടകൾ കൊട്ടിത്തകർത്തും കൊണ്ടു*

Malankara Orthodox TV

*മറ്റൊരു കൂട്ടം. അതിനു പിറകേ തമ്പേറും, ബാൻടും, നാദസ്വരം ഇതുകളുടെ പ്രയോഗവും കൂട്ടവും. അതിനു പിറകേ ഇവരുടെ പിന്നാലെ സെമിനാരി വാദ്ധ്യാന്മാരുടെ മേൽവിചാരത്തോടുകൂടി പത്തറുനൂറു കുട്ടികൾ കയ്യിൽ കൊടികളും പിടിച്ചു പാട്ടുപാടി തകർത്തുകൊണ്ട് അങ്ങനെ നടക്കുന്നു. നടുക്കു സ്വർണ്ണത്തിലും വെള്ളിയിലും ഉള്ള പത്തുനാല്പതു കുരിശുകളും ഇരുഭാഗങ്ങളിലും വളരെ മുത്തുക്കുടകളുമായി ശെമ്മാശന്മാരുടേയും കത്തനാരന്മാരുടേയും രണ്ടണി പുറകെ. പിന്നാലെ ഒരു പല്ലക്കിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മുതലവായൻ മുടിയും നീരാളകുപ്പായവും ധരിച്ചിരിക്കുന്നു. അതിനു പിറകെ സഹ മെത്രാന്മാരും മറ്റു ചിലരും ഘോഷയാത്രയുടെ ഇങ്ങേ അറ്റത്ത്. ആകപ്പാടെ പുരുഷാരത്തിന്റെ ബഹളവും എത്രത്തോളമെന്നു പറവതല്ല."*

വ്യക്തിപരമായ അടുപ്പവും ബന്ധങ്ങളും ആവിഷ്കരണത്തെ അനാവശ്യമായി സ്വാധീനിക്കുവാൻ ലേഖകൻ അനുവദിച്ചിരുന്നില്ല. ലേഖകന്റെ ഗുരുവും പിതൃസ്ഥാനീയനുമായിരുന്ന കളപ്പുരയ്ക്കലച്ചന്റെ നിര്യാണം അദ്ദേഹത്തിലുണ്ടാക്കിയ വേദന ആവിഷ്കരിക്കുമ്പോൾ വളരെ ചുരുങ്ങിയ വാക്കുകൾ മാത്രമാണ് അദ്ദേഹത്തിന്റെ ജീവിതരേഖ വരച്ചുകാട്ടുവാൻ ഉപയോഗിക്കുന്നത്.

*"16-ന് ചൊവ്വാഴ്ച 2 മണിക്ക് വാകത്താനത്തുള്ള കളപ്പുരയ്ക്കൽ പൗലൂസ് കത്തനാർ മരിച്ചു എന്ന് ഗീവർഗീസ് റമ്പാന്റെ പേർക്ക് 17-നു കമ്പി വന്നു. ഉടനെ ഗീവർഗീസ് റമ്പാൻ പറവൂരു നിന്നു പുറപ്പെട്ടു. 19-നു വാകത്താനത്തു പള്ളിയിൽ എത്തി. ഇദ്ദേഹം 1018 മാണ്ട് കുംഭത്തിൽ ജനിക്കുകയും 1027 ചിങ്ങത്തിൽ കൂറിലോസ് ബാവയോട് ആദ്യപട്ടവും 1036-ൽ കത്തനാരുപട്ടവും ഏറ്റു കുർബാന ചൊല്ലി. തന്റെ അന്ത്യകൂദാശ, ശവസംസ്കാരം തുടങ്ങിയ കർമ്മങ്ങളിൽ സംബന്ധിക്കാൻ ഇടയാകാഞ്ഞത് ഗീവർഗീസ് റമ്പാന് മരണം വരേയും മറക്കാൻ പാടില്ലാത്ത സംഗതിയായിരുന്നു."* കൃത്യമായ തീയതിയും സമയവും വരെ രേഖപ്പെടുത്തിയാണ് അദ്ദേഹം ഓരോ സംഭവത്തേയും അവതരിപ്പിക്കുന്നത് എന്നതു ശ്രദ്ധേയമാണ്.

ഇടയനും ആടുകളും തമ്മിലുണ്ടായിരുന്ന വ്യക്തിബന്ധത്തിന്റെ ഊഷ്മളത വ്യക്തമാക്കുന്ന നൂറുകണക്കിനു സന്ദർഭങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. ആടുകളെ അറിയുന്ന ഇടയന്റെയും ഇടയനെ സ്നേഹിക്കുന്ന അജഗണങ്ങളുടെയും ചിത്രം ഓരോ വരികളിലും നിറഞ്ഞു നിൽക്കുന്നു. ഒന്നുരണ്ടു ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

*".....1086 മകരമാസം 16-ന് വാകത്താനത്തു പള്ളിയിൽ കഥാനായകൻ കുർബ്ബാന ചൊല്ലി. അന്നേദിവസം കയ്യാലത്തുവീട് കൂദാശയ്ക്കായി കഥാനായകൻ പോയിരുന്നു. 18-നു നാലുന്നാക്കൽ കാരിക്കോട്ടുചിറ കൊച്ചാപ്പിയുടെ ദീനം കൂടുതൽ ആയിരുന്നതിനാൽ കഥാനായകൻ അവിടെ പോയി.*

*ടിയാന് കരിപ്പാൽ കത്തനാരുടെ സഹകരണത്തോടു കൂടെ ഉപ്രശ്മാ കഴിച്ചു. 19-ന് വള്ളാംകടവിൽ ഉതുപ്പിന്റെ ഭാര്യയുടെ ദീനകൂടുതലിൽ കഥാനായകൻ അവിടെപ്പോയി പ്രാർത്ഥന കഴിച്ചു...."*

*"..... 1086 ചിങ്ങം 24 ന് കഥാനായകൻ പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം ബാവായെ കാൺമാൻ മുളന്തുരുത്തിയിലേക്കു പോകുന്നുവെന്നറിഞ്ഞ് യാത്രച്ചിലവിലേക്കായി പടിഞ്ഞാറെ വെട്ടിയിൽ തൊമ്മൻ എന്ന ആൾ കഥാനായകന് 10 രൂപ കൊടുത്തയച്ചു. കൂടാതെ മുൻ അവസരത്തിൽ പുറങ്കുപ്പായം തയിപ്പിക്കുന്നതിലേക്കായി 12 രൂപാ കൂടെ കൊടുത്തിട്ടുണ്ട്. കഥാനായകൻ ഈ രൂപാ കൊണ്ടു ഇടക്കെട്ടിന്റെ സ്വർണ്ണമുദ്ര പിന്നൊരവസരത്തിൽ പണിയിച്ചു. ...."*

ഈ ലോകത്തിൽ കാണുന്നതെല്ലാം തനിക്ക് സ്വന്തമാക്കുവാനും ആസ്വദിക്കുവാനും ഉള്ളതാണെന്ന മനോഭാവത്തിൽ നിന്ന് വിട്ട്, ഇതൊന്നും - ആയുസും ആരോഗ്യവും സമ്പത്തുമെല്ലാം - തന്റേതല്ല എന്ന സമ്പൂർണ്ണ തിരസ്കാരത്തിന്റെ ആത്മികപഥത്തിന്റെ ജീവസുറ്റ ആവിഷ്ക്കാരമാണ് ഈ കൃതിയുടെ മുഖ്യതന്തു. പ്രിയപ്പെട്ട നാഥന്റെ അദൃശ്യ നിർദ്ദേശങ്ങൾ പിന്തുടർന്ന് വിശ്വാസത്തിന്റെ പരീക്ഷണങ്ങളിലൂടെ നടന്ന് പ്രാർത്ഥനാ നിർഭരമായ ജീവിതാനുഭവത്തിന്റെ ആനന്ദാനുഭവത്തിൽ എത്തിച്ചേരുന്നു എന്നതാണ് ഈ കൃതിയുടെ ദാർശനിക സവിശേഷത.

## കൊളംബിലേക്കുള്ള യാത്രാവിവരണം - യാത്രാനുഭവങ്ങളുടെ സൂര്യതേജസ്

അമേരിക്കൻ ഐക്യനാടുകളിലെ പിസക്കോൻസിൻ കെവാനി നഗരത്തിലെ ജനങ്ങൾ റോമാ മതവിശ്വാസത്തെ ഉപേക്ഷിച്ചു സുറിയാനിസഭാ വിശ്വാസത്തെ സ്വീകരിച്ചപ്പോൾ അവരെ ഭരിക്കുന്നതിനുവേണ്ടി ഒരു മെത്രാപ്പോലീത്തായെ വാഴിക്കുവാൻ പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും ഒരുമിച്ചു സിലോണിലേക്കു നടത്തിയ യാത്രയുടെ അനുഭവങ്ങളാണ് ഈ യാത്രാവിവരണത്തിന്റെ ഉള്ളടക്കം. ഏകദേശം ഒരു ശതാബ്ദത്തിനു മുമ്പുള്ള സിലോണിന്റെ യഥാർത്ഥചിത്രം ഈ യാത്രാവിവരണം നമുക്കു നല്കുന്നു. ഏതാണ്ടു മുപ്പതു ദിനങ്ങളിലെ അനുഭവങ്ങളാണ് ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 1892 മെയ് 15-നു രാത്രി 12 മണിക്ക് കോട്ടയത്തും നിന്നും ആരംഭിക്കുന്ന യാത്ര ജൂൺ 13 നു വീട്ടിൽ എത്തുന്നതോടെ അവസാനിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലെ മലങ്കരസഭയുടെ ഒരു സജീവചിത്രം ഈ യാത്രാവിവരണത്തിന്റെ ചരിത്രമൂല്യമാണ്. മുളന്തുരുത്തി സുന്നഹദോസിലൂടെ ദൃഢവൽകരിച്ച അന്ത്യോക്യൻ ബന്ധത്തെ ഒരു 'വികാര'മാക്കി മാറ്റുവാൻ ചില കേന്ദ്രങ്ങളിൽ നിന്ന് ബോധപൂർവ്വം ഒരു ശ്രമം നടന്നിരുന്നു. മലങ്കരസഭ അന്ത്യോ

ക്യൻസഭയുടെ ഒരു കീഴ്ഘടകമാണെന്ന കൊളോണിയൽ ബോധം ഒരു വിഭാഗം ജനങ്ങളെയെങ്കിലും സ്വാധീനിക്കുന്നു. ഈ ബന്ധത്തിന്റെ ചില സൂചനകൾ യാത്രാവിവരണത്തിൽ പരാമൃഷ്ടമാകുന്നു. ഈ ഗ്രന്ഥത്തിന്റെ ഭാഷയെക്കുറിച്ചുള്ള പഠനം മലയാള ഗദ്യത്തിന്റെ വികാസ പരിണാമ ചരിത്രത്തിലെ ചില മുൻധാരണകളെ നീക്കുവാൻ ഉപയുക്തമാണ്. പത്തൊൻപതാം നൂറ്റാണ്ടിലെ മലയാള ഗദ്യത്തിന് പ്രധാനമായും മൂന്നു മുഖങ്ങളാണ് ഉണ്ടായിരുന്നത്. കേരളവർമ്മ വലിയ കോയിത്തമ്പുരാനെപ്പോലെയുള്ളവർ അനുവർത്തിച്ച സംസ്കൃതബഹുലമായ ശൈലിയും ഒ. ചന്തുമേനോനെപ്പോലെയുള്ള ഗദ്യകാരന്മാർ ഉപയോഗിച്ച തനി നാടൻ മലയാളശൈലിയും മിഷനറിമാർ തങ്ങളുടെ മാധ്യമമായി സ്വീകരിച്ച മിഷനറി മലയാളവുമാണ് അവ. ഈ മൂന്നു ശൈലികൾ വ്യത്യസ്തമായും ചിലപ്പോൾ പരസ്പര പൂരകമായും ഗദ്യരചനകളിൽ അനുവർത്തിച്ചിരുന്നതായി നാം കാണുന്നുണ്ട്. മിഷനറിമാർ ഉപയോഗിച്ച വാമൊഴി പ്രധാനമായ ഭാഷയിൽ നിന്നും തികച്ചും വ്യത്യസ്തമായി ഓജസുള്ള മലയാള ശൈലിയാണ് ഈ ഗ്രന്ഥത്തിൽ കാണുന്നത്.

"25 നു അൻപതാം പെരുന്നാളിന് കൊച്ചുകോശികത്തനാർ കുർബ്ബാന ചൊല്ലി. പെരുന്നാളിന്റെ ഒരു തെശുമെശ്ത്താ കഴിച്ചു. പിന്നീട് അൽവാരീസ് മെത്രാച്ചനും മറ്റും അവരുടെ ക്രമപ്രകാരം ശുശ്രൂഷകൾ കഴിച്ചു. 3 പ്രാവശ്യം വെള്ളം തളിക്കുകയും ഒരു പ്രസംഗം പറയുകയും ചെയ്തു. 12 മണി കഴിഞ്ഞ് യൗവ്വനക്കാർ കളിസ്ഥലം ഒരുക്കുകയും കൊടി കുത്തുകയും 1 മണിക്ക് വൃദ്ധന്മാരും വാല്യക്കാരും പെൺകുട്ടികളും വന്ന് ഓട്ടം, ചാട്ടം മുതലായ കളികൾ കാണിക്കുകയും പെൺകുട്ടികൾ ഓട്ടത്തിൽ സൂചിക്കുഴലിൽ നൂൽ കോർക്കയും മറ്റും ഉണ്ടായി. ജയിച്ചവർക്കു ഓരോ തരം പടങ്ങളും മറ്റും സമ്മാനിക്കുകയും ചെയ്തു. 5 മണിയ്ക്കു മാർ അത്താനാസ്യോസ്, മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോടു കൂടി ഇംഗ്ലീഷിൽ ഒരു മംഗളപത്രം സമർപ്പിക്കുകയും അവർ സമയോചിതമായി മറുപടി പറയുകയും കൊളംബിലേയും അമേരിക്കയിലേയും സഭയെപ്പറ്റി അല്പം പ്രസംഗിക്കുകയും ചെയ്തശേഷം പുതിയ മെത്രാപ്പോലീത്തായ്ക്കു ഒരു മംഗളപത്രം സമർപ്പിക്കുകയും മറുപടി പറകയും ചെയ്തു."

യാത്രയിൽ താൻ ദർശിച്ച അനുഭവങ്ങൾ ആസ്വാദകർക്കു പകർന്നു കൊടുക്കുമ്പോഴാണ് യാത്രാവിവരണം എന്ന പേരിന് ആ കൃതി അർഹമാകുന്നത്. ഈ പകർന്നുനൽകൽ രചയിതാവിന്റെ അനുഭവങ്ങളുമായും സഞ്ചിത സംസ്കാരവുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മാത്രമല്ല സൂക്ഷ്മദൃഷ്ക്കായ ഒരു അന്വേഷകനു മാത്രമേ ആ വക ദൃശ്യങ്ങളുടെ അപൂർവ്വത ആവിഷ്കരിക്കാനാവൂ. കൊളംബിൽ കണ്ട ഒരു ദൃശ്യത്തെ അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തുന്നു:

"19 ന് യാത്രക്കാർ കൊളംബിലുള്ള കൊപ്രാ ആട്ടുന്ന ചക്കും മറ്റും കാണുന്നതിനായി പോയി. ആ കെട്ടിടം വളരെ വലുപ്പമുള്ളതും വളരെ വേലക്കാർ ഉള്ളതും ആകുന്നു. അതുകഴിഞ്ഞു പെൻസൽ ഉണ്ടാക്കുന്നതിനുള്ള ഈയം വെലം വെട്ടുന്ന സ്ഥലവും ചെന്നുകണ്ടു തിരിച്ചുവന്നു.പട്ടംകൊടയുടെ സംഗതികളെക്കുറിച്ചും മറ്റും പാത്രിയർക്കീസ് ബാവായ്ക്കു എഴുതി അയച്ച് ഉച്ച കഴിഞ്ഞ് ശെമ്മാശന്മാർ അവിടെയുള്ള കാഴ്ചബംഗ്ലാവു കാണുന്നതിനായി പോയി. അവിടെ തിരുവനന്തപുരത്തെപ്പോലെ കാഴ്ചകൾ ഉണ്ടെങ്കിലും ജീവനുള്ളതായിരുന്നില്ല. സിംഹം, കരടി, ആന മുതലായ അനേക മൃഗങ്ങളുടേയും അനേകതരത്തിലുള്ള പക്ഷികളുടേയും തോലുകൾ ഉണക്കി സാക്ഷാൽ എന്നു തോന്നിക്കത്തക്കവിധത്തിൽ സൂക്ഷിച്ചിരുന്നു. അനേകം ആളുരൂപങ്ങളും കാട്ടാളൻമാരുടെ വേഷങ്ങളും സാക്ഷാൽ ഉള്ളതെന്നു തോന്നത്തക്കവിധത്തിൽ സൂക്ഷിച്ചിരുന്നു. വലിയ തിമിംഗലങ്ങളുടെ അസ്ഥികളും തോലുകളും ഉണക്കിവച്ചിട്ടുണ്ട്. കാഴ്ചബംഗ്ലാവിന്റെ മിറ്റത്തു ഒരു തറയിൽ കാട്ടാളന്റെ ഒരു വലിയ രൂപം കരിംകല്ലുകൊണ്ടു തീർത്ത് സ്ഥാപിച്ചിരുന്നു."

മലയാള യാത്രാവിവരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു എണ്ണപ്പെട്ട കൃതിയാണ് കൊളംബോ യാത്രാവിവരണം. യാത്രികൻ തികച്ചും മതപരമായ ഒരു സംഗതി നിവർത്തിക്കാനാണു യാത്ര ചെയ്തതെങ്കിലും ഇദ്ദേഹത്തിന്റെ മനസ്സ് അതിനപ്പുറമായി ചില ഉൾക്കാഴ്ചകളാൽ സമ്പന്നമാവുന്ന കാഴ്ചയാണ് ഈ ഗ്രന്ഥത്തിലൂടെ നാം അഭിദർശിക്കുന്നത്. മലങ്കരസഭയുടെ മഹാചാര്യനായി അവരോധിക്കപ്പെടുവാൻ തക്ക രീതിയിൽ പക്വതയാർന്ന ആ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ ഈ യാത്രയ്ക്കു നിർണ്ണായകമായ ഒരു പങ്കുണ്ടെന്നു അഭിവ്യക്തമാകുന്നു.

## സഭാപഞ്ചാംഗം, കല്പനകൾ, പരിഭാഷകൾ

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ചരിത്രത്തിൽ ആദ്യമായി ഒരു ഡയറക്ടറി (പഞ്ചാംഗം) പ്രസിദ്ധീകൃതമാകുന്നത് 1907–ലാണ്. വന്ദ്യ ദിവ്യശ്രീ ഗീവറുഗീസ് റമ്പാനായിരുന്നു പ്രസ്തുത ഗ്രന്ഥം തയാറാക്കിയത്. 1907–ലെ പഞ്ചാംഗത്തിന്റെ മുഖവുരയിൽ ഇപ്രകാരം പ്രസ്താവിച്ചു കാണുന്നു:

"*മറ്റുള്ള സഭകൾക്കും സമുദായങ്ങൾക്കും ഉള്ളതുപോലെ നമ്മുടെ സഭയ്ക്കും പ്രതിവർഷം ഒരു പഞ്ചാംഗം വേണമെന്നു മാന്യന്മാരായ എല്ലാവർക്കും ആഗ്രഹമുള്ളതായി അറിയുന്നതിനാൽ പരീക്ഷണാർത്ഥം ഒന്നു ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നു. ഒരു പഞ്ചാംഗത്തിനു വേണ്ട എല്ലാ വിവരണങ്ങളേയും ശേഖരിക്കുവാൻ സമയം മതിയാകാതെ വന്നുപോയി.... പള്ളികളെ സംബന്ധിച്ചിടത്തോളം അവ ആരുടെ നാമത്തിൽ സ്ഥാപിച്ചിരിക്കുന്നു എന്നും, വികാരിമാരുടെയും ഇടവക പട്ടക്കാരുടേയും പേരുകളും ഇതിൽ*

*ഉൾപ്പെടുത്തണമെന്ന ആഗ്രഹം ഉണ്ടായിരുന്നു. സമയക്കുറവുകൊണ്ടു ഈയാണ്ടിൽ സാധിക്കാത്തതിനെപ്പറ്റി തല്ക്കാലം വ്യസനിക്കയല്ലാതെ നിവൃത്തിയില്ല. എങ്കിലും അടുത്തയാണ്ടിൽ ഇതുപോലെയുള്ള കുറവുകളെ നികത്തിക്കൊള്ളാമെന്നു ശരണപ്പെടുന്നു.*"

സമകാലീന സാമൂഹിക ജീവിതവുമായി റമ്പാച്ചന് ഉണ്ടായിരുന്ന അടുത്ത ബന്ധവും തന്റെ സമുദായത്തിന്റെ സമ്പൂർണ്ണമായ ഒരു വിവരശേഖരണം വരുംകാലത്തിന്റെ ആസൂത്രണത്തിനു സഹായിക്കുമെന്ന ദിശാബോധവുമാണു ഈ വാക്കുകൾ നൽകുന്ന സൂചന. കർത്തൃപ്രാർത്ഥനയുടേയും കൃപ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയുടെയും കാവ്യാവിഷ്കാരമാണ് ആമുഖമായി ചേർത്തിരിക്കുന്നത്. തുടർന്നു ബ്രിട്ടീഷ് ഭരണാധികാരിയായിരുന്ന എഡ്വേർഡ് ഏഴാമൻ ചക്രവർത്തിയുടെയും രാമവർമ്മ തമ്പുരാനേയും കുറിച്ചുള്ള വിവരങ്ങൾ പരാമർശിച്ചതിനുശേഷം സഭാദ്ധ്യക്ഷന്മാരായ പ. ഇഗ്നാത്തിയോസ് അബ്ദെദാലോഹാ പാത്രിയർക്കീസിന്റെയും മലങ്കര മെത്രാപ്പോലീത്തായായ ജോസഫ് മാർ ദീവന്നാസ്യോസിന്റെയും പേരും ചിത്രവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു സമുദായമെന്ന നിലയിലും മലങ്കരസഭയുടെ അസ്തിത്വത്തെക്കുറിച്ചു വ്യക്തമായ ധാരണയുള്ള ഒരു വ്യക്തിയേയാണ് ഇതിൽ കണ്ടെത്തുന്നത്.

തുടർന്നു സഭയിൽ അന്നുണ്ടായിരുന്ന മെത്രാപ്പോലീത്താമാർ, കാലം ചെയ്ത മേല്പട്ടക്കാർ, അന്ത്യോഖ്യാ സ്ഥാനപതികൾ, ദയറാക്കാർ, സെമിനാരികൾ, മല്പാന്മാർ, പൊതുസ്ഥലങ്ങൾ, വിദ്യാലയങ്ങൾ, പ്രസുകൾ, മാസികകൾ, സമുദായ ഭരണകർത്താക്കൾ, സുവിശേഷ സംഘം, പുതുക്രിസ്ത്യാനികൾ, നോമ്പു കണക്ക്, അറിയിപ്പുകൾ, അന്ത്യോഖ്യൻ സഭാദ്ധ്യക്ഷന്മാർ, മലങ്കര മെത്രാപ്പോലീത്തായുടെ കീഴിലുള്ള സുറിയാനിപ്പള്ളികൾ (ഭദ്രാസനം തിരിച്ച്) തുടങ്ങിയവയാണു ഈ ഗ്രന്ഥത്തിലെ പ്രധാന ഉള്ളടക്കം. ഓരോ ഭാഗത്തിനും അനുയോജ്യമായ തലക്കെട്ടു നല്കുവാനും അദ്ദേഹം മറക്കുന്നില്ല. വിദ്യാലയങ്ങളെക്കുറിച്ചുള്ള ഭാഗത്ത് "ജ്ഞാനം തന്റെ ഭവനത്തെ പണിതു, അതു തന്റെ ഏഴു തൂണുകളെ കൊത്തി" (സുഭാ. 9:1) എന്നും മാനേജിംഗ് കമ്മറ്റിയെക്കുറിച്ചു "ഈ സംഗതികളെക്കുറിച്ചു വിചാരിപ്പാൻ അപ്പോസ്തോലന്മാരും മൂപ്പന്മാരും വന്നുകൂടി" (നടപ്പ് 15:6) എന്നും ചേർത്തിരിക്കുന്നത് തികച്ചും യുക്തിസഹമായിട്ടുണ്ട്. മനുഷ്യനുമായി ബന്ധപ്പെടുന്ന ഏതു മേഖലയിലും ദൈവാനുഭവത്തിന്റെ സ്പർശമുണ്ടെന്ന ബോധ്യം രചനകൾക്ക് ഉൾക്കനം നൽകുന്നു.

കല്പനകളും കത്തുകളും, പ്രഭാഷണങ്ങളും സാമാന്യേന സങ്കേതബദ്ധമാണെങ്കിലും അതിന്റെ അക്ഷരങ്ങൾക്കിടയിലൂടെയുള്ള പാരായണം രചയിതാവിന്റെ / പ്രഭാഷകന്റെ ആത്മവത്തയുടെ പ്രകാശനമാണ്. മാർ പീലക്സിനോസ് മെത്രാപ്പോലീത്താ അയച്ച ഒരു സ്വകാര്യ കല്പന അദ്ദേഹ

ത്തിന്റെ ആഴമേറിയ വേദപരിജ്ഞാനത്തിന്റെയും വ്യക്തിബന്ധങ്ങളുടെ തീവ്രാനുഭവത്തിന്റെയും നിദർശനമാണ്. ഒരു ഭാഗം ഉദ്ധരിക്കുന്നു:

*"നമുക്കു എത്രയും പ്രീതിവാത്സല്യമുള്ള മജിസ്ട്രേറ്റ് കടവിൽ ഏബ്രഹാം പൗലൂസിനു വാഴ്‌വ്.*

*പ്രിയനേ,*

*നിങ്ങളുടെ പ്രിയ പിതാവും നമ്മുടെ സ്നേഹിതനും ആയിരുന്ന ഏബ്രഹാം മാസ്റ്ററുടെ ദേഹവിയോഗത്തെ കുറിച്ചുള്ള കത്ത് ഇവിടെ കിട്ടി. വിവരമറിഞ്ഞ് സഹതപിക്കുന്നു. അപ്പന്റെ അസഹനീയവും ദീർഘവുമായ ദീനത്തെക്കുറിച്ചു എല്ലായ്പ്പോഴും ഓർമ്മയും മനോവ്യസനവും ഉണ്ടായിരുന്നു. അപ്പൻ ഒരു നല്ല ദൈവഭയമുള്ളവനും സൽസ്വഭാവിയും സ്നേഹമുള്ളവനും ആയിരുന്നു. അസഹനീയമായ സുഖക്കേടിൽ ഇരിക്കേണമെന്നായിരുന്നു ദൈവേഷ്ടം. ഇപ്പോൾ ദൈവം തന്റെ കൃപയാൽ തന്റെ തിരുസന്നിധിയിലേക്കു വിളിച്ചു. അതു തന്റെ ഇഷ്ടവും എല്ലാവനും പോകേണ്ടുന്ന വഴിയും തന്നെ. അതിനാൽ ദൈവം തന്നു, ദൈവം എടുത്തു, ദൈവതിരുനാമം മഹത്വപ്പെടട്ടെ എന്നു പറഞ്ഞുകൊള്ളുന്നതു തന്നെ നമ്മുടെ മുറ."*

ദുഃഖിച്ചിരിക്കുന്നവരെ ആശ്വസിപ്പിച്ചുകൊണ്ട് അയയ്ക്കുന്ന ഈ കത്ത് തിരുമനസ്സിന്റെ സഹാനുഭൂതിയുടെയും മനുഷ്യസ്നേഹത്തിന്റെയും നിദർശനമാണ്.

ഏതാണ്ട് ഒന്നേകാൽ ശതാബ്ദത്തിനു മുമ്പു രചിച്ചു തുടങ്ങിയ രചനകളുടെ പുനർ പാരായണത്തിൽ നാം മുൻപ് ഹൃദയത്തിലേറ്റി സൂക്ഷിച്ച പല വിശ്വാസങ്ങൾക്കും കോട്ടം സംഭവിക്കുകയും നടപ്പുരീതികളിൽനിന്നും വഴിമാറി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് ഇവയുടെ പ്രത്യേകത. മാറിവരുന്ന അനുഭവങ്ങളോടു വിശ്വസ്തനാകുന്നതിനുവേണ്ടി ഭാഷയേയും ശില്പത്തേയും നവീകരിക്കുവാൻ തയ്യാറാകുന്ന എഴുത്തുകാരനെ ഇതിലൂടെ കണ്ടെത്താം. ശൈശവത്തിന്റെ നൈർമ്മല്യത്തിലേക്ക് സ്വയം ഊർന്നുവീഴുന്ന ഉണർവ്വിന്റെ ചിഹ്നങ്ങളായി ഈ രചനകൾ നമ്മുടെ മുമ്പിൽ പരിശോഭിക്കുന്നു. ക്രൈസ്തവ ആത്മീയത ഉയർത്തുന്ന ദൈവാനുഭവത്തിന്റെ കുലചിഹ്നമായി ഇവ നിറയുന്നു. അതാണ് ഈ രചനകളെ കാലാതിവർത്തിയാക്കുന്നതും.

❑

# സഞ്ചാര സാഹിത്യത്തിൽ കൊളംബോ യാത്രാവിവരണം

## ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

**മ**ലയാള ഗദ്യസാഹിത്യത്തിലെ നൂതന പ്രസ്ഥാനങ്ങളിൽ ഏറ്റവും പഴക്കമുള്ളതാണ് സഞ്ചാരസാഹിത്യം. സാഹസികതയും അന്വേഷണ വ്യഗ്രതയും സമന്വയിക്കുമ്പോൾ സഞ്ചാരം ഒരു കലയായിത്തീരും. യാത്രയിലെ അന്വേഷണങ്ങളും അനുഭവങ്ങളും ആത്മനിഷ്ഠമായ സൗന്ദര്യശില്പമാക്കി രേഖപ്പെടുത്തുന്നതാണ് സഞ്ചാരസാഹിത്യം.

പ്രാചീനഭാരതത്തിൽ വിദ്യാഭ്യാസാനന്തരം വിദ്യാർത്ഥികൾ ദേശാടനം ചെയ്യണമെന്ന് നിഷ്കർഷിച്ചിരുന്നു. ഇതിഹാസങ്ങളും പുരാണങ്ങളും യാത്രാവിവരണത്തിന് പ്രാധാന്യം നൽകി. ഇന്ത്യയിൽ സഞ്ചാരകാവ്യങ്ങൾ എഴുതിയവർ മാർഗ്ഗവർണ്ണനകൾ വിവരിക്കുന്നതിനായി വിവിധ ദേശങ്ങൾ ചുറ്റി സഞ്ചരിച്ചിരുന്നു. സഞ്ചാരകാവ്യങ്ങളിൽ നിരവധി ദേശവർണ്ണനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1. സഞ്ചാര സാഹിത്യം

മധ്യകാലത്ത് ഗുപ്തസാമ്രാജ്യത്തിന്റെ പതനത്തോടെ ഇന്ത്യയിലെ രാഷ്ട്രീയ സാമൂഹികരീതികളിൽ വലിയ പരിവർത്തനങ്ങൾ ഉണ്ടാകുകയും ജനങ്ങളുടെ സഞ്ചാര താല്പര്യം കുറയുകയും ചെയ്തു. ഇന്ത്യയിലെ കേന്ദ്രീകൃത ഭരണസംവിധാനം ഫ്യൂഡൽ വ്യവസ്ഥിതിക്ക് വഴിമാറിക്കൊടുത്തു. അതോടെ ഗ്രാമങ്ങൾ തമ്മിലും രാജ്യങ്ങൾ തമ്മിലുമുള്ള സകല ആശയ വിനിമയ സമ്പ്രദായങ്ങളും അവസാനിച്ചു. എന്നാൽ സഞ്ചാരക്രമത്തിന് പിന്നീട് മുന്നേറ്റം ഉണ്ടാകുന്നത് പതിനഞ്ചാം നൂറ്റാണ്ടോടെയാണ്. വിദേശ മിഷനറിമാർ ഭാരതത്തിൽ എത്തി പാശ്ചാത്യവിദ്യാഭ്യാസം പ്രചരിപ്പിച്ചത് വീണ്ടും ദേശ - ദേശാന്തര സമ്പർക്കത്തിന് പ്രാധാന്യം ലഭിച്ചു. അതോടെ മലയാള ഗദ്യസാഹിത്യത്തിൽ സഞ്ചാര സാഹിത്യകൃതികൾ പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. ഇംഗ്ലീഷ് സാഹിത്യ സ്വാധീനമാണ് മലയാള സഞ്ചാര സാഹിത്യത്തിന്റെ ആരംഭം.

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതോടെ നഗരങ്ങളിലേക്കും വിദേശങ്ങളി

Malankara OrthodoxTV

ലേക്കും കുടിയേറ്റം ആരംഭിച്ചു. ഇന്ത്യാക്കാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറി. കുടിയേറ്റ പ്രക്രിയയിൽ മലയാളികൾ വളരെ താല്പര്യം പ്രകടമാക്കി. സഞ്ചാര താല്പര്യമല്ല മലയാളികളെ വിവിധ രാജ്യങ്ങളിൽ എത്തിച്ചത്. ജോലി തേടിയുള്ള അന്വേഷണമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറുവാൻ മലയാളികളെ പ്രേരിപ്പിച്ചത്. ആധുനിക യാത്രാസൗകര്യങ്ങളും വിദേശയാത്രക്ക് സൗകര്യങ്ങൾ ഏർപ്പാടു ചെയ്യുന്ന ഏജൻസികളും വിപുലമായതോടെ വിദേശ യാത്രകളിലും തീർത്ഥാടനങ്ങളിലും അഭൂതമായ പുരോഗതിയുണ്ടായി. യാത്രാസമ്പ്രദായങ്ങളിലുണ്ടായ സൗകര്യം സഞ്ചാരസാഹിത്യത്തെ അനുഗ്രഹിച്ചു. മലയാള സാഹിത്യത്തിൽ അനവധി യാത്രാ വിവരണങ്ങളുണ്ടായി. ഓരോ വർഷവും രണ്ടു ഡസനിലധികം യാത്രാവിവരണ കൃതികൾ മലയാള സാഹിത്യത്തിന് ലഭിക്കുന്നു.

മലയാള സാഹിത്യത്തിൽ യാത്രാവിവരണങ്ങളുടെ പൂർവ്വിക രൂപമാണ് സന്ദേശ കാവ്യങ്ങൾ. 14 -ാം നൂറ്റാണ്ടിൽ കേരളത്തിലെ നിരവധി സ്ഥലങ്ങളുടെ വർണ്ണനകൾ വിവരിക്കുന്ന സന്ദേശകാവ്യങ്ങൾ ഉണ്ട്. മലയാളഗദ്യം അവികസിതമായിരുന്നതിനാൽ രചനകൾ കാവ്യരൂപത്തിൽ ആയിരുന്നു. മലയാളത്തിൽ നാല്പതോളം യാത്രാകാവ്യങ്ങൾ ലഭ്യമായിട്ടുണ്ട്.

മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങൾക്ക് ശക്തമായ പ്രാരംഭം 19-ാം നൂറ്റാണ്ടാണ്. അതുവരെ ഗദ്യ - പദ്യ സമ്മിശ്രമായ ഭാഷാ ഘടനയാണ് നിലവിലിരുന്നത്. വാമൊഴി ഭാഷയ്ക്ക് ഗദ്യരൂപം പ്രബലമാകുന്നത് മിഷനറിമാരുടെ കാലഘട്ടം മുതലാണ്. അതിനു മുമ്പുള്ള ഗദ്യത്തിന് ജീവചൈതന്യം കുറവായിരുന്നു. ഹൈന്ദവ സ്വാധീനവും ദാർശനികതയും നിറഞ്ഞുനിന്ന മലയാളഗദ്യം സാധാരണ ജനങ്ങളിൽ നിന്നും അകന്നു. ഈ സാഹചര്യത്തിലാണ് മിഷനറി മലയാളത്തിന്റെ വരവ്. മിഷനറി മലയാളം സാധാരണക്കാരുടെ ഭാഷയായിരുന്നു. ആശയങ്ങൾ ലളിതമായി വിനിമയം ചെയ്യുവാൻ വ്യവഹാര ഭാഷയും നാടൻ പദപ്രയോഗങ്ങളും ഉപയോഗിച്ചു. ഇത് മലയാള ഗദ്യത്തിന് പുത്തൻ ചൈതന്യവും മഹത്ത്വവും പകർന്നു. അതോടെ മിഷനറിമാരുടെ ആശയവിനിമയം ജനകീയമായി.

## 2. മിഷനറി മലയാളം

മലയാളഗദ്യത്തിന്റെ വികസനത്തിൽ മിഷനറി മലയാളത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന അനവധി കൃതികൾ ഉണ്ട്. ഉദയംപേരൂർ സുന്നഹദോസിന്റെ (1599) കാനോനകൾ മുതൽ പരുമല മാർ ഗ്രിഗോറിയോസിന്റെ *ഊർശ്ലേം യാത്രാവിവരണം* (1895) വരെയുള്ള മൂന്നു നൂറ്റാണ്ടുകളാണ് മിഷനറി മലയാളത്തിന്റെ കാലം. മിഷനറി ഗദ്യത്തിന്റെ മഹത്തായ യുഗം അഥവാ സുവർണ്ണ കാലഘട്ടം 19 -ാം നൂറ്റാണ്ടാണ്. ബൈബിൾ ആദ്യമായി മലയാള

ത്തിലേക്ക് വിവർത്തനം ചെയ്ത കായംകുളം ഫീലിപ്പോസ് റമ്പാൻ (1807) മുതൽ '*ഊർശ്ലേം യാത്രാവിവരണം*' എഴുതിയ പരുമല മാർ ഗ്രിഗോറിയോസ് (1895) വരെയുള്ളവർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരു നൂറ്റാണ്ട് മലയാള ഗദ്യവികസനത്തിന് അഭൂതപൂർവ്വമായ പുരോഗതി ഉണ്ടാക്കി. ബഞ്ചമിൻ ബെയ്‌ലി (1791–1871), ഹെർമ്മൻ ഗുണ്ടർട്ട് (1814–1893), റവ. ജോർജ് മാത്തൻ (1819–1870), കേരളവർമ്മ വലിയ കോയിതമ്പുരാൻ (1845 –1914), ഒ. ചന്തുമേനോൻ (1847–1899) തുടങ്ങി പ്രഗൽഭരായ പലരും ഈ കാലത്ത് ഉള്ളവരാണ്.

സാമൂഹികജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കുന്ന ശക്തമായ ഭാഷാഗദ്യത്തിന് ജന്മം നല്കുവാൻ മിഷനറിമാർക്ക് സാധിച്ചു. അതിനാൽ മിഷനറിമാരുടെ ഗദ്യം ആധുനിക ഗദ്യത്തിന്റെ ആദ്യ മാതൃകകളാണെന്ന് ഡോ. പി. ജെ. തോമസ് പറയുന്നു. തെക്കൻ തിരുവിതാംകൂറിൽ മൈലടി കേന്ദ്രമാക്കി 'ലണ്ടൻ മിഷൻ സൊസൈറ്റി'യും (1795 –), മദ്ധ്യകേരളത്തിൽ കോട്ടയം കേന്ദ്രമാക്കി 'ചർച്ച് മിഷൻ സൊസൈറ്റി'യും (1806 – ), ഉത്തര കേരളത്തിൽ ഇല്ലിക്കുന്ന് കേന്ദ്രമാക്കി 'ബാസൽ മിഷനും' (1839 – ) ആധുനിക ഗദ്യവികസനത്തിന് വഴിയൊരുക്കി. നിഘണ്ടു, വ്യാകരണം, അച്ചടി, പത്രപ്രവർത്തനം, വിവർത്തനം, നിരൂപണം, നോവൽ, ശാസ്ത്രസാഹിത്യം, പ്രഭാഷണം എന്നീ മേഖലകളിൽ മിഷനറിമാർ ശ്രദ്ധിച്ചതോടെ മലയാളത്തിൽ വ്യവസ്ഥാപിതമായ ഭാഷാഘടന ആവിർഭവിച്ചു.

### 3. സഞ്ചാരകൃതികളുടെ തമസ്ക്കരണം

മലയാള ഗദ്യത്തിൽ സഞ്ചാര സാഹിത്യത്തിന്റെ പ്രഭാവം പത്തൊമ്പതാം നൂറ്റാണ്ടാണ്. അതിനു മുമ്പ് യാത്രാകാവ്യങ്ങൾ സ്ഥാനം ഉറപ്പിച്ചിരുന്നു. ഗദ്യത്തിന്റെ വികസനവും സ്വാധീനവും സഞ്ചാര സാഹിത്യത്തെ വളർത്തി. യാത്രാസൗകര്യങ്ങളുടെ അപര്യാപ്തതയും ഇലക്ട്രോണിക് സാങ്കേതിക വിദ്യകളുടെ അഭാവവും സഞ്ചാരത്തെ പലർക്കും അപ്രാപ്യമാക്കി. ദേശങ്ങളും, രാജ്യങ്ങളും തമ്മിലുള്ള സംവേദനവും ബന്ധവും വളരെ പരിമിതമായിരുന്ന കാലത്ത് വിദേശ രാജ്യങ്ങൾ സന്ദർശിക്കുക അത്യപൂർവ്വമായ ബഹുമതിയും ഭാഗ്യവുമായി കരുതിയിരുന്നു. ഭാഷയിലും സാഹിത്യത്തിലും ചരിത്രനിരീക്ഷണങ്ങളിലും പ്രാവീണ്യം പുലർത്തിയവർ യാത്രയുടെ മഹത്തായ വിവരണങ്ങൾ ഡയറിയിൽ പകർത്തി. സഞ്ചാരങ്ങൾക്കിടയിൽ യാത്രാവിവരണ രചനകൾക്ക് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുകയും ഹൃദയത്തിൽ പകർത്തുകയും ചെയ്യും. അവ പിന്നീട് ഗദ്യരചനകളാക്കും. എന്നാൽ വെളിച്ചം കാണാത്ത നിരവധി സഞ്ചാര രചനകൾ ഡയറിക്കുറിപ്പുകളിലും പുസ്തകങ്ങളുടെ ഭാഗങ്ങളിലുമായി തമസ്ക്കരിക്കപ്പെട്ടിട്ടുണ്ട്. പാറേമാക്കൽ തോമാ കത്തനാരുടെ (1736 – 1799) റോമാ യാത്രയെക്കുറി

ച്ചുള്ള 'വർത്തമാനപുസ്തകം' എഴുതിയത് 1785 കാലത്താണ്. ഇത് അച്ചടിയിൽ തെളിഞ്ഞത് 1936 ൽ മാത്രം. അതുവരെ കയ്യെഴുത്തു പകർപ്പുകളായിരുന്നു ഉണ്ടായത്.

വർത്തമാന പുസ്തകത്തിന്റെ രചനാകാലം കൃത്യമായി നിർണ്ണയിച്ചിട്ടില്ല. ഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ 'മശിഹാ പിറന്നിട്ട് 1785 ഒന്നിന് പാറേമ്മാക്കൽ തൊമ്മൻ കത്തനാർ എഴുത്ത്' എന്നു രേഖപ്പെടുത്തിയതിനാൽ ഡോ. സാമുവേൽ ചന്ദനപ്പള്ളി 1785 എന്ന് കണക്കാക്കുന്നു. എന്നാൽ 1778 മുതൽ 1786 വരെയുള്ള സംഭവങ്ങൾ ഇതിലുണ്ട്. ഡോ. പി. ജെ. തോമസ് 1790 – 1799 ഉം പ്രൊഫ. വി. രമേഷ് ചന്ദ്രൻ 1785 – 1798 ഉം രചനാകാലമെന്ന് വാദിക്കുന്നു. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം 'വർത്തമാനപുസ്തക'മാണ്. ഇത് ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. 1785 ഏപ്രിൽ 20 ന് ആരംഭിച്ച് 1786 മെയ് ഒന്നിന് അവസാനിക്കുന്ന ലിസ്ബൺ – ഗോവാ കപ്പൽ യാത്രാ സന്ദർഭത്തിലാണ് ഈ കൃതിയുടെ സിംഹഭാഗവും എഴുതിയത്. വർത്തമാന പുസ്തകം എഴുതിയത് 13 വർഷം കൊണ്ടാണ്. 1773 മുതൽ 1785 വരെയുള്ള മത – സാമൂഹിക ചരിത്രങ്ങളുടെ പശ്ചാത്തലമാണ് റോമാ യാത്രയുടെ പശ്ചാത്തലത്തിൽ വിവരിക്കുന്നത്. ഇതിൽ സഞ്ചാര സാഹിത്യത്തിന്റെ സൗന്ദര്യം കുറവാണ്. എന്നാൽ ഭാഷാപരമായും ചരിത്രപരമായും ഇത് വളരെ പ്രാധാന്യം അർഹിക്കുന്നു.

മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ (1833 – 1909) 'ഒരു പരദേശയാത്രയുടെ കഥ' 1864 ൽ രചിച്ചെങ്കിലും പ്രസിദ്ധീകരിച്ചത് 1901 ലാണ്. എം. പി. വർക്കി രചിച്ച 'മാർ ദീവന്നാസിയോസ്' എന്ന ജീവചരിത്രത്തിൽ 19 അദ്ധ്യായങ്ങളിൽ ഇത് ഉൾക്കൊള്ളിച്ചിരിക്കുകയാണ്. യാത്രാവിവരണം എം. പി. വർക്കി റിപ്പോർട്ടു രൂപത്തിൽ ജീവചരിത്രത്തിലാക്കി സഞ്ചാര സാഹിത്യത്തിൽ നിന്ന് ബോധപൂർവ്വം തമസ്ക്കരിച്ചു. ചരിത്രകാരനായ ഫാ. ഡോ. ജോസഫ് ചീരൻ 2003 ൽ ആമുഖ പഠനത്തോടെ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ പേരിൽ തന്നെ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. മെത്രാൻസ്ഥാനം എല്ക്കുവാനായി അന്ത്യോഖ്യാ സന്ദർശിച്ച് തിരിച്ചെത്തുന്നതാണ് ഇതിവൃത്തം.

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ യാത്രാവിവരണം എഴുതിയത് പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസാണ്. 1895 ജനുവരി 28 നു പരുമലയിൽ നിന്നും ഊർശ്ലേമിലേക്കുള്ള യാത്രയുടെ വിവരണമാണ് ഹൃദ്യമായി ഇതിൽ ആവിഷ്ക്കരിക്കുന്നത്. ജൂൺ 6 ന് തിരിച്ചെത്തിയ പരുമല മാർ ഗ്രിഗോറിയോസ് യാത്രാവിവരണം എഴുതി അച്ചടിച്ച് പ്രസിദ്ധീകരിച്ചു. 1895 ൽ അതിന്റെ രണ്ട് പതിപ്പുകൾ ഉണ്ടായി. പിന്നീട് നിരവധി പ്രാവശ്യം ഊർശ്ലേം യാത്രാവിവരണം പ്രസിദ്ധീകരിച്ചെങ്കിലും പരുമല തിരുമേനിയുടെ പേരിൽ

മലയാള സാഹിത്യ ചരിത്രത്തിൽ ആ കൃതി പ്രത്യക്ഷപ്പെട്ടില്ല. പല എഴുത്തുകാരും അവരവരുടെ പേരിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ഊർശ്ലേം യാത്രാവിവരണം ചേർത്ത് ഈ സഞ്ചാരകൃതിയും തമസ്ക്കരിച്ചു. പരുമല മാർ ഗ്രിഗോറിയോസ് സ്വന്തം പേരിൽ പ്രസിദ്ധീകരിച്ച ഊർശ്ലേം യാത്രാവിവരണം 1996 ൽ എഡിറ്ററുടെ പേരിൽ ഇംഗ്ലീഷിലും മലയാളത്തിലും രംഗത്തെത്തി. കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന സോഫിയാ ബുക്സ് 2002 ൽ *ഊർശ്ലേം യാത്രാ വിവരണ*ത്തിന്റെ 1895 –ലെ ഒന്നാം പതിപ്പ് കണ്ടെടുത്ത് പുനഃപ്രസിദ്ധീകരിച്ച് മലയാള ഗദ്യ സാഹിത്യത്തിന് സമർപ്പിച്ചു.

മലയാള ഗദ്യ സാഹിത്യത്തിലെ ആദ്യകാല സഞ്ചാരകൃതികൾ അധികവും സാഹിത്യ ചരിത്രത്തിൽ യഥാർത്ഥ രീതിയിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. ബോധപൂർവ്വം സാഹിത്യ ചരിത്രത്തിൽ നിന്നും പല കൃതികളെയും ഒറ്റപ്പെടുത്തിയതിനാൽ മലയാളത്തിലെ ആദ്യകാല യാത്രാവിവരണങ്ങളുടെ സമഗ്രമായ നിർണ്ണയം നടന്നിട്ടില്ല. *വർത്തമാന പുസ്തകം* (1785), *പരദേശ യാത്രയുടെ കഥ* (1864), *ഊർശ്ലേം യാത്രാവിവരണം* (1895) എന്നിവ ചരിത്രത്തിന്റെ ഏടുകളിൽ മറഞ്ഞു കിടന്നവയാണ്. ഇവ സഞ്ചാര സാഹിത്യ കൃതികളുടെ ഗണത്തിൽ നിർണ്ണയിക്കപ്പെടുന്നത് വളരെ കാലം കഴിഞ്ഞാണ്. വിവിധ പഠന ഗവേഷണങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ കൃതികൾ വെളിച്ചം കാണുകയാണ്.

### 4. കൊളംമ്പ് യാത്രാവിവരണം

മലയാള സഞ്ചാര സാഹിത്യത്തിന് ലഭിക്കുന്ന ഒരമൂല്യ കൃതിയാണ് ഇപ്പോൾ 'വാകത്താനം ബാവാ' എന്ന് അറിയപ്പെടുന്ന കാരുചിറ ഗീവർഗീസ് ശെമ്മാശന്റെ (ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ) 'കൊളംബ് യാത്രാവിവരണം'. ഇത് ഡയറിക്കുറിപ്പുകളിൽ 1892 ൽ എഴുതിയെങ്കിലും 2004 വരെ സാഹിത്യലോകത്ത് മറഞ്ഞു കിടന്നു. ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ ചരമ ജൂബിലിയോട് അനുബന്ധിച്ച് ഡയറികളും എഴുത്തുകളും 2004 –ൽ കണ്ടെടുത്തപ്പോഴാണീ കൃതി വെളിച്ചം കണ്ടത്. 2005 ഡിസംബറിൽ സഭാചരിത്ര ഗവേഷകനും പ്രസാധകനുമായ ജോയ്സ് തോട്ടയ്ക്കാട് (സോഫിയാ ബുക്സ്, കോട്ടയം) ഈ കൃതി പ്രസിദ്ധീകരിച്ചു.

മലയാള ഗദ്യത്തിൽ കൊളംബ് യാത്രാവിവരണത്തിന്റെ സാന്നിദ്ധ്യം പത്തൊൻപതാം നൂറ്റാണ്ടിലെ സഞ്ചാര സാഹിത്യത്തിലേക്ക് പുത്തൻ അദ്ധ്യായം കൂട്ടിച്ചേർക്കുകയാണ്. ഒരു സഞ്ചാര കൃതിക്കു വേണ്ട സർവ്വഗുണങ്ങളും ഇതിൽ ഹൃദ്യവും ആകർഷകവുമായി സമന്വയിപ്പിച്ചിരിക്കുന്നു. മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങളുടെ അന്വേഷണത്തിൽ കൊളംബ് യാത്രാവിവരണം പുതിയ മേച്ചിൽപ്പുറങ്ങൾ വെളിപ്പെടുത്തുന്നു.

Malankara Orthodox TV

### 4:1 രചനയുടെ പശ്ചാത്തലം

അമേരിക്കയിലെ വിസക്കൊൻസി കെവാനി നഗരത്തിലെ ജനങ്ങൾ കത്തോലിക്കാ മതവിശ്വാസം ഉപേക്ഷിച്ച് മലങ്കരസഭയോട് ചേരുവാൻ ആഗ്രഹിച്ചപ്പോൾ അവരെ നയിക്കുന്നതിന് പോളിഷ് വംശജനായ ഫാ. റെനി വിലാത്തിയെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യുന്നതിന് കോട്ടയത്തു നിന്നും കൊളംബിലേക്ക് നടത്തിയ യാത്രയുടെ സംക്ഷിപ്തമാണ് 'കൊളംബ് യാത്രാവിവരണം.' സ്ഥാനാഭിഷേകം പ്രാപിക്കുന്നതിനായി 1891 ൽ മലങ്കര സഭയിൽ ചേർന്ന ഫാ. റെനി വിലാത്തി കൊളംബോയിൽ എത്തി താമസിച്ചു.

1892 മെയ് 15 -ന് (ഇടവം 8) ഞായറാഴ്ച രാത്രി 12 മണിക്ക് കോട്ടയം സെമിനാരിയിൽ നിന്നുമാണ് യാത്ര ആരംഭിക്കുന്നത്. യാത്രാസംഘത്തിൽ മൂന്നു മെത്രാപ്പോലീത്താമാരും ഒരു വൈദികനും നാലു ശെമ്മാശ്ശന്മാരും നാല് അത്മായക്കാരും ഉണ്ടായിരുന്നു. യാത്രാവിവരണത്തിന്റെ പ്രാരംഭത്തിൽ യാത്രികരുടെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട്. കടവിൽ പൗലൂസ് മാർ അത്താനാസിയോസ് (1833 – 1907), അൽവാറീസ് മാർ യൂലിയോസ് (1836 – 1923) പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (1848 – 1902), കാരിച്ചാൽ കൊച്ചുകോശി കത്തനാർ, കുമരകത്ത് കളത്തിൽപറമ്പിൽ യൗസേപ്പ് ശെമ്മാശ്ശൻ, വാകത്താനത്ത് കാരുചിറ ഗീവറുഗീസ് ശെമ്മാശ്ശൻ, തുമ്പമൺ യാക്കോബ് ശെമ്മാശ്ശൻ, ശീമക്കാരൻ ശ്ലീബാ ശെമ്മാശ്ശൻ, ഗോവാക്കാരൻ കൈത്താൻ, വാല്യക്കാരായ ഇട്ടീരാ, തോമ്മാ, ശീമക്കു പോകുന്ന മൽക്കി എന്നിവരായിരുന്നു യാത്രാസംഘത്തിൽ ഉണ്ടായിരുന്നത്. ഇവരിൽ ഗ്രന്ഥകർത്താവായ വാകത്താനത്ത് കാരുചിറ ഗീവറുഗീസ് ശെമ്മാശ്ശന് 22 വയസ്സ് മാത്രം. അനിതരസാധാരണമായ ബുദ്ധിവൈഭവവും നിരീക്ഷണപാടവവും വെളിപ്പെടുത്തിയ അദ്ദേഹം 26-ാം വയസ്സിൽ (1896) വൈദികനും തുടർന്ന് റമ്പാനുമായി. 43-ാം വയസ്സിൽ (1913) മെത്രാപ്പോലീത്തായും 55-ാം വയസ്സിൽ (1925) മലങ്കരസഭയുടെ കാതോലിക്കായായും അവരോധിച്ചു. 1928 ഡിസംബർ 17 ന് കാലം ചെയ്തു. വാകത്താനം വള്ളിക്കാട്ട് ദയറാ ചാപ്പലിന്റെ വടക്കു ഭാഗത്ത് കബറടക്കി.

കാരുചിറ ഗീവറുഗീസ് ശെമ്മാശ്ശൻ ഉൾപ്പെട്ട കൊളംബ് യാത്രാ സംഘത്തിൽ 12 പേർ ഉണ്ടായിരുന്നെങ്കിലും സംഘത്തിൽ നിന്നും മൽക്കി ശീമയിലേക്ക് തിരിച്ചുപോയതിനാൽ 11 പേർ മാത്രമാണ് തിരിച്ചുവന്നത്.

### 4:2 യാത്രയുടെ കലണ്ടർ

കൊളംബ് യാത്രാവിവരണത്തിൽ മുപ്പതു ദിവസത്തെ അനുഭവങ്ങൾ വിവിധ സന്ദർഭങ്ങളിലായി അവതരിപ്പിക്കുന്നു. യാത്രയുടെ കലണ്ടർ ആരംഭിക്കുന്നത് 1892 മെയ് 15 നാണ്. കോട്ടയത്തു നിന്നും രാത്രി 12 മണിക്ക് ജല

മാർഗ്ഗം ആരംഭിക്കുന്ന യാത്ര ആലപ്പുഴ വഴി തിരുവനന്തപുരത്ത് എത്തുന്നു. അവിടെ നിന്നും കരമാർഗ്ഗം തിരുവിതാംകോട് വഴി തിരുനൽവേലിയിൽ. പിന്നീട് തീവണ്ടിയിലാണ് തൂത്തുക്കുടിയിലേക്ക് യാത്രയായത്. തിരുനൽവേലിയിൽ നിന്നും ഏകദേശം 36 മൈൽ ദൂരമുണ്ടെന്ന് യാത്രാവിവരണത്തിൽ പ്രത്യേകം പറയുന്നു. തുടർന്ന് കൊളംബോയിലേക്ക് കപ്പൽയാത്ര. വള്ളത്തിലും വണ്ടിയിലും തീവണ്ടിയിലും കപ്പലിലും സഞ്ചരിച്ച് മെയ് 24 ന് ചൊവ്വാഴ്ച (ഇടവം 12) ഉച്ചക്ക് 12 മണിക്ക് യാത്രാസംഘം കൊളംബോയിൽ എത്തി.

മെയ് 26 ന് വ്യാഴാഴ്ച (ഇടവം 14) സ്വർഗ്ഗാരോഹണപ്പെരുന്നാളിൽ പരുമല മാർ ഗ്രീഗോറിയോസ്, ഫാ. റെനി വിലാത്തിയെ റമ്പാനാക്കി. മെയ് 29 ന് (ഇടവം 17) മൂന്ന് മെത്രാന്മാർ ചേർന്ന് റെനി വിലാത്തി മാർ തീമോത്തിയോസ് (1854 – 1929) എന്ന പേരിൽ അമേരിക്കയുടെ മെത്രാപ്പോലീത്തായായി വാഴിച്ചു. ജൂൺ 5 –ന് ഞായറാഴ്ച (ഇടവം 24) പെന്തിക്കോസ്തിപ്പെരുന്നാളിന് മൂന്നു പ്രാവശ്യം വെള്ളം തളിക്കുകയും ആരാധനയിൽ പ്രസംഗിക്കുകയും ചെയ്തു. ജൂൺ ആറിന് (ഇടവം 26) കൊളംബോയിൽ നിന്നു മടങ്ങിയ സംഘം ജൂൺ 9 ന് വ്യാഴാഴ്ച തിരുവിതാംകോട്ടും തുടർന്ന് തിരുവനന്തപുരത്തും എത്തി.

ജൂൺ 12 ശനിയാഴ്ച (മിഥുനം 3) എട്ടു മണിക്ക് പരുമലയിൽ എത്തി വിശ്രമിച്ചു. പരുമല മാർ ഗ്രീഗോറിയോസ് അവിടെ താമസിച്ചു. മറ്റുള്ളവർ കുമരകം പള്ളിയിലേക്ക് പുറപ്പെട്ടു. ഞായറാഴ്ച രാവിലെ കുർബ്ബാന മദ്ധ്യേ സുറിയാനി സഭയുടെ മഹിമയെപ്പറ്റി പ്രസംഗിച്ചു. കാരുചിറ ഗീവറുഗീസ് ശെമ്മാശൻ രണ്ടു ദിവസം കുമരകത്ത് താമസിച്ച ശേഷം വീട്ടിൽ തിരിച്ചെത്തിച്ചേർന്നു. യാത്രാവിവരണത്തിൽ ആദിയോടന്തം യാത്രയുടെ കലണ്ടർ വളരെ കൃത്യമായി രേഖപ്പെടുത്തിയത് ശ്രദ്ധേയമാണ്. 1892 മെയ് 15 മുതൽ ജൂൺ 13 വരെയുള്ള വിവരണങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### 4:3 കൊളംബ്: സിലോൺ: ശ്രീലങ്ക

ഈ സഞ്ചാര കൃതിയുടെ പേര് 'കൊളംബ് യാത്രാവിവരണം' എന്നാണ്. ഇതിലെ സംഭവങ്ങൾ സഭാചരിത്ര ഗ്രന്ഥങ്ങളിൽ സിലോൺ യാത്രയായി ചിത്രീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൊളംബ്, സിലോൺ, ശ്രീലങ്ക എന്നിവയുടെ പാര്യസ്പര്യം തിരിച്ചറിയേണ്ടതാണ്. ഇപ്പോഴത്തെ ശ്രീലങ്കയുടെ മുൻ നാമമാണ് സിലോൺ (Ceylon). ഡമോക്രാറ്റിക് സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് ശ്രീലങ്ക (Democratic Socialist Republic of Sri Lanka) എന്നാണ് ഔദ്യോഗിക നാമം.

ഇന്ത്യയുടെ തെക്കുകിഴക്കൻ തീരത്ത് ഇന്ത്യൻ മഹാസമുദ്രത്തിൽ

സ്ഥിതി ചെയ്യുന്ന 65.610 കിലോമീറ്ററുള്ള ദ്വീപ് രാഷ്ട്രമാണ് ശ്രീലങ്ക. ഇതിന്റെ തലസ്ഥാനമാണ് കൊളംബോ. സിംഹളരും തമിഴരുമാണ് പ്രധാന വംശീയ വിഭാഗം. ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നിന്നും കുടിയേറിയ ഇന്തോ ആര്യന്മാരുമായി ദ്വീപിലെ ആദിവാസികൾ കൂടികലർന്നതാണ് സിംഹള ജനത. ദ്രാവിഡ ഭാരതത്തിൽ നിന്നും പിൽക്കാലത്ത് കുടിയേറി യവരാണ് തമിഴർ. 1802-ൽ ബ്രിട്ടീഷ് കോളനിയായി തീർന്നു. 1948 ലാണ് സ്വാതന്ത്ര്യം നേടുന്നത്.

ചെറിയ മലയിടുക്കുകളും അഗാധമായ നദീ താഴ്വാരങ്ങളുമുള്ള ദക്ഷിണ മദ്ധ്യഭാഗമാണ് ശ്രീലങ്കയുടെ ഹൃദയ ഭാഗം. ചുറ്റുമുള്ള താഴ്വാരം കുന്നു കളും ഫലഭൂയിഷ്ഠമായ സമതലങ്ങളുമാണ്. ഇവിടെ റോമാക്കാർ, ഇംഗ്ലീ ഷുകാർ, മുഹമ്മദുകാർ തുടങ്ങിയവരുടെ പള്ളികളും കെട്ടിടങ്ങളും ഉള്ള തായി (പേജ് 15) ഈ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. രാജ്യത്തിന്റെ സ്ഥിതി അവതരിപ്പിച്ചാണ് കൊളംബ് യാത്രാവിവരണം അവസാനി പ്പിക്കു ന്നത്.

'പല രാജാക്കന്മാരുടെയും പ്രതിനിധികൾ താമസിക്കുന്നുണ്ട്. റഷ്യാ, ജർമ്മൻ, ഓസ്ട്രിയ, ഇറ്റലി, സ്പെയിൻ മുതലായവരുടേതാകുന്നു. അവി ടുത്തെ സ്വജാതികൾ സിങ്കാളികൾ ആകുന്നു. ബുദ്ധമതക്കാരും, ഇംഗ്ലീഷു കാരും, മുഹമ്മദ്കാരുമായി മറ്റ് പല ജാതികളും ഉണ്ട്' (പേജ് 18).

ശ്രീലങ്കയിൽ ബുദ്ധമതം, ഹിന്ദുമതം, ഇസ്ലാം മതം, ക്രിസ്തുമതം എന്നി വയാണ് ഇപ്പോൾ പ്രധാന മതവിഭാഗങ്ങൾ. ഹ്രസ്വ ദിവസങ്ങളിൽ രാഷ്ട്ര ത്തിന്റെ സ്ഥിതിഗതികൾ ഉൾക്കൊള്ളുവാനും സംവേദിപ്പിക്കുവാനും ഗ്രന്ഥകർത്താവ് പ്രത്യേകം വൈദഗ്ധ്യം നേടി.

**4:4 വർണ്ണനകളുടെ പ്രകാശം**

യാത്രാവിവരണം ആകർഷകമാകുന്നത് ആത്മാംശം നിറഞ്ഞ വർണ്ണ നകളും അനുഭവങ്ങളും ഉൾക്കൊള്ളിച്ചാണ്. കാഴ്ചകളുടെ അപൂർവ്വ നിരീക്ഷ ണങ്ങളും വിശകലനങ്ങളും സാംസ്കാരിക ദൃശ്യങ്ങളും ആവിഷ്ക്കരി ക്കുമ്പോൾ വർണ്ണനകൾക്ക് ജീവൻ ലഭിക്കും. അവ അനുവാചക ഹൃദയ ങ്ങളിൽ പ്രകാശത്തിന്റെ തേജസ്സ് പകരും.

കൊളംബോയിൽ പ്രകൃതിഭംഗി ആസ്വദിക്കുവാൻ പോയപ്പോൾ കണ്ട ഒരു പാലത്തെ നിരീക്ഷിച്ചിരിക്കുന്നു: "ഒരു പാലം കാണുന്നതിനായി പോയി. ആ പാലം വെള്ളത്തിൽ അനേക വള്ളങ്ങൾ നിരത്തിയിട്ടു അതിന്മേൽ തുടൽ വലിച്ച് കെട്ടി പലക നിരത്തിയും എത്ര വെള്ളം പൊങ്ങിയാലും തരക്കേടി ല്ലാത്തതും ആകുന്നു (പേജ് 14).

കാഴ്ചബംഗ്ലാവ് കണ്ടതിനെക്കുറിച്ചുള്ള വിവരണം: "തിരുവനന്തപു

രത്തെപ്പോലെ കാഴ്ചകൾ ഉണ്ടെങ്കിലും ജീവനുള്ളതായിരുന്നില്ല. സിംഹം, കരടി, ആന മുതലായ അനേക മൃഗങ്ങളുടെയും അനേക തരത്തിലുള്ള പക്ഷികളുടെയും തോലുകൾ ഉണക്കി സാക്ഷാൽ എന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. അനേകം ആളു രൂപങ്ങളും കാട്ടാളന്മാരുടെ വേഷങ്ങളും സാക്ഷാൽ ഉള്ളതെന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷി ച്ചിരുന്നു. വലിയ തിമിംഗലങ്ങളുടെ അസ്ഥികളും തോലുകളും ഉണക്കി വച്ചി ട്ടുണ്ട്. കാഴ്ച ബംങ്കളാവിന്റെ മിറ്റത്ത് ഒരു തറയിൽ കാട്ടാളന്റെ ഒരു വലിയ രൂപം കരിങ്കല്ല് കൊണ്ടു തീർത്ത് സ്ഥാപിച്ചിരുന്നു" (പേജ് 14).

കൊളംബോയുടെ തീരത്ത് എത്തുമ്പോൾ കണ്ട കാഴ്ചയിൽ 'തുറ മുഖത്ത് വളരെ തീക്കപ്പലുകളും പായ്ക്കപ്പലുകളും കടൽ വഞ്ചികളും വളരെ ജനങ്ങളും ഉണ്ടായിരുന്നു'. എല്ലാ വഴികളിലും 'കുഴൽ വെള്ളം', ഉണ്ടെന്നു കണ്ടെത്തുന്നു. തൂത്തുക്കുടിയിൽ നിന്നും കൊളംബിലേക്കുള്ള കപ്പൽ കൂലി 1892 ൽ ഒന്നാം ക്ലാസ്സിന് 25 ഉം രണ്ടാം ക്ലാസ്സിന് 10 ഉം മൂന്നാം ക്ലാസ്സിന് 8 രൂപയുമാണ്.

യാത്രയിൽ സംഭവിച്ച പീഡനങ്ങളും അഴിമതി കഥകളും ഫലിതം പൊതിഞ്ഞ വാക്യങ്ങളിൽ പലയിടത്തായി കോർത്തിണക്കിയിട്ടുണ്ട്. 'കപ്പൽ കിട്ടാഞ്ഞതിനാൽ ഒരു ദിവസം തൂത്തുക്കുടിയിൽ താമസിച്ചു. അപ്പോൾ യാത്രാ സംഘത്തെ വളഞ്ഞ റോമാക്കാർക്ക് അൽവാറീസ് മാർ യൂലിയോസ് റോമാക്കാർക്ക് വിരോധമായി അച്ചടിച്ചു വച്ചിട്ടുള്ള പുസ്തകങ്ങൾ സമ്മാ നിച്ചു.' ഇതു വായിച്ച അവർ തർക്കവും വിരോധവും ഉണ്ടായതായി പറയുന്നു.

കപ്പൽ കിടക്കുന്നിടം വരെ വള്ളത്തിൽ പോകുവാൻ സാധിച്ചത് കൈ ക്കൂലി കൊടുത്തതു കൊണ്ടു മാത്രമാണ്. വിവരണം ആരംഭിക്കുന്നു: "കട വിൽ നിന്നും വളരെ ദൂരത്തിൽ 2 കപ്പൽ അടുത്തിരുന്നു. കപ്പൽ യാത്ര ക്കുള്ള കൂലിയും മറ്റും തീർത്ത് കടൽ വഞ്ചിയിൽ കയറി നീങ്ങി ഒരു കപ്പ ലിന്റെ അടുക്കൽ സന്ധ്യയോട് കൂടെ എത്തി. അപ്പോൾ നിങ്ങൾ കൂലി തീർത്ത കപ്പൽ മറ്റേതാണെന്നും അവിടേയ്ക്ക് പോകണമെന്നും കപ്പിത്താൻ പറഞ്ഞപ്പോൾ വഞ്ചിക്കാർ അവർക്ക് കഴിയുകയില്ലെന്നും മറ്റും തടസം പറ ഞ്ഞു. ... പിന്നെ കപ്പിത്താന്റെ ശാസന കൊണ്ടും അൽവാറീസു മെത്രാ ച്ചൻ കൈക്കൂലി കൊടുത്തതു കൊണ്ടും വള്ളക്കാർ മറ്റെ കപ്പലിന്റെ അടു ക്കൽ കൊണ്ടുപോയി ഇറക്കി. കടലിലെ ഓളത്തിന്റെ കഠിനം കൊണ്ട് യാത്ര ക്കാർക്ക് തലതിരിച്ചിലും ഛർദ്ദിയും ഉണ്ടായി" (പേജ് 10).

കടവിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുവനന്തപുരത്തു വച്ച് യാത്രയുടെ അനുഭവങ്ങൾ രസകരമായി പ്രസംഗിച്ചു. കൊളംബോയിൽ നടത്തിയ മെത്രാൻ സ്ഥാനാഭിഷേകം സ്മരിച്ച്: "അമേരിക്കയിലും കൊളം ബിലും ചുവപ്പു കുപ്പായം തുന്നുന്നതിന് തയ്യൽ ഇല്ലാഞ്ഞിട്ടല്ല അവർ വന്ന

തെന്ന് കല്പിച്ച് പ്രസംഗം അവസാനിപ്പിച്ചു." അമേരിക്കയിൽ നിന്ന് എത്തിയ ഫാ. റെനി വിലാത്തിയെയും കൂട്ടരെയും ആണ് ഏവരും ഓർത്ത് ചിരിച്ചത്. വളരെ ഹൃദ്യമായ വർണ്ണനകളാണ് കൊളംബ് യാത്രാവിവരണത്തിൽ പ്രകാശം പരത്തുന്നത്.

### 4:5 ഗദ്യ ശില്പ മാതൃകകൾ

കൊളംബ് യാത്രാവിവരണത്തിൽ പ്രതിഫലിക്കുന്നത് ആകർഷകമായ മലയാള ഗദ്യമാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ ഉത്തരാർദ്ധത്തിലെ ഗദ്യ മാതൃകകൾ അധികം സംസ്കൃതപദ ബഹുലമായിരുന്നു. മലയാള ഗദ്യ ത്തിന്റെ പ്രൗഢിയും തേജസ്സും ആവിഷ്ക്കരിക്കുവാനായി സംസ്കൃതാധി പത്യ ശ്രമങ്ങളോട് പച്ചമലയാള പ്രസ്ഥാനം ഏറ്റുമുട്ടിയതിനാൽ മലയാള ഭാഷ ഈ കാലഘട്ടത്തിൽ ശക്തമായ പരിവർത്തനത്തിന് വിധേയമായി. മിഷനറിമാരുടെ ഗദ്യപരിപോഷണവും പത്രഭാഷയുടെ വളർച്ചയും തനതായ മലയാള ഗദ്യത്തിന് ആരംഭം കുറിച്ചു. കൊളംബ് യാത്രാവിവരണത്തിലും (1892), ഊർശ്ലേം യാത്രാവിവരണത്തിലും (1895) വ്യവഹാര ഭാഷയുടെയും പത്ര ഭാഷയുടെയും സമന്വിത ശൈലിയിലുള്ള ഗദ്യമാതൃകകളാണ് ഉള്ളത്. അതിനാൽ മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങളുടെ സമഗ്രമായ അന്വേഷണത്തിൽ കൊളംബ് യാത്രാവിവരണത്തിന്റെ ഗദ്യത്തിനും പ്രാധാന്യം അർഹിക്കുന്നു.

സംസ്കൃതപദങ്ങളുടെ ധാരാളിത്തമോ വിദേശ പദങ്ങളുടെ ശക്തമായ സംക്രമണമോ ഇതിൽ പ്രതിഫലിക്കുന്നില്ല. ശുദ്ധമായ മലയാള ഗദ്യരചന യാണിതിൽ നിറഞ്ഞുനിൽക്കുന്നത്. മൊഴിമാറ്റം നടത്തുന്ന വ്യക്തിയെ 'സുഭാഷി' എന്നും റമ്പാൻ സ്ഥാനത്തെ 'റമ്പത്വം' എന്നും വിളിക്കുന്നു. 'പക്ഷിക്കൂട്ടങ്ങൾ', 'പാറക്കൂട്ടങ്ങൾ', 'വർത്തമാനങ്ങൾ' എന്നിങ്ങനെ പദാ ന്ത്യത്തിൽ ബഹുവചനം കൂടുതലായി കാണുന്നു. പക്ഷിക്കൂട്ടം, പാറക്കൂട്ടം, വർത്തമാനം എന്നേ ആധുനിക ഗദ്യത്തിൽ കാണുന്നുള്ളു. 'തിരുമേനികൾ' എന്ന സവിശേഷ പ്രയോഗം ഇതിലുണ്ട്. വ്യവഹാര ഭാഷയിൽ നിലനിന്ന ഇംഗ്ലീഷ് പദാവലികളും അവിടവിടെ കണ്ടെത്താം. ഇതെല്ലാം അക്കാലത്തെ മലയാള ഗദ്യത്തിന്റെ ന്യൂനതകളല്ല. സവിശേഷതകളാണ്. സുന്ദരമായ മല യാളപദങ്ങളും ഇതിൽ വെളിപ്പെടുന്നു: കെട്ടുവള്ളം, കടൽവഞ്ചി, കാട്ടുമൃഗ ങ്ങൾ, പഞ്ചവർണക്കിളി, കുഴൽവെള്ളം, മേൽത്തട്ട്, തീക്കപ്പൽ, ജനക്കൂട്ടം, കരിമരുന്നുപ്രയോഗം ഇങ്ങനെ ഹൃദ്യമായ മലയാള പദാവലികളുടെ നീണ്ട നിര ഉണ്ട്.

## 5. സഭാപരമായ അവസ്ഥ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ മലങ്കരസഭയിൽ അന്തോക്യൻ ബന്ധത്തിന്റെ ആധിപത്യശ്രമങ്ങൾ ശക്തമാകുന്ന കാലമാണ്.

1876 ലെ മുളന്തുരുത്തി സുന്നഹദോസ് പാത്രിയർക്കീസിന്റെ അധീശത്വവും അന്തോഖ്യാ ബന്ധവും 'പൂർവ്വകാലം മുതൽ എന്ന്' ചരിത്രവിരുദ്ധമായി പ്രഖ്യാപിച്ചു. സഭയിൽ ആവിർഭവിച്ച ഭിന്നതകളും മേൽപ്പട്ടക്കാരുടെ സ്ഥാന ത്തെപ്പറ്റിയുള്ള തർക്കങ്ങളും പാത്രിയർക്കീസിന്റെ സ്ഥാനം മലങ്കര സഭയിൽ ഉറപ്പിച്ചു.

പ്രാദേശികവും താൽക്കാലികവുമായ ലക്ഷ്യങ്ങൾ സഭാ നേതൃത്വത്തെ നയിച്ചതിനാൽ സമഗ്രമായ വികസനവും സഭാ സ്വാതന്ത്ര്യവും പരിരക്ഷി ക്കുവാൻ കഴിഞ്ഞില്ല. അക്കാലത്ത് സഭയെ നയിച്ച മെത്രാപ്പോലീത്തന്മാർ അന്തോഖ്യയോടു കൂറും വിധേയത്വവും പുലർത്തി. മലങ്കര സഭയുടെ അന്നത്തെ സാഹചര്യത്തിൽ മറ്റൊരു ദർശനം രൂപപ്പെടുത്തുവാനോ സംര ക്ഷിക്കുവാനോ സാധിച്ചില്ല. കൊളംബിൽ നടന്ന ഫാ. റെനി വിലാത്തിയുടെ മെത്രാൻ സ്ഥാനാഭിഷേകവും അന്തോഖ്യാ പാത്രിയർക്കീസിന്റെ മുമ്പിലുള്ള വിധേയത്വ പ്രഖ്യാപനങ്ങളും 19-ാം നൂറ്റാണ്ടിലുണ്ടായ മലങ്കര - അന്തോഖ്യൻ ബന്ധത്തിന്റേതാണ്.

1892 മെയ് 29 ന് കൊളംബോ സന്മരണ മാതാ (Our Lady of Good Death) പള്ളിയിൽ ഫാ. റെനി വിലാത്തിയെ മാർ തീമോത്തിയോസ് എന്ന പേരിൽ വാഴിച്ചു. 30 ന് എഴുതി സമർപ്പിച്ച സാക്ഷ്യപത്രത്തിൽ സഭാവിശ്വാസത്തിൽ നിന്നും പിന്തിരിഞ്ഞാൽ മെത്രാപ്പോലീത്താ പദവിയിൽ നിന്നും വിടർ ത്തിക്കൊള്ളാൻ മാർ തീമോത്തിയോസ് സമ്മതിച്ചിരുന്നു. അന്തോഖ്യാ പാത്രിയർക്കീസിന്റെ ആധിപത്യപരമായ നിലപാടുകളാണ് ഈ മെത്രാൻ സ്ഥാനാഭിഷേകത്തിന് പ്രേരകമായത്. എന്നാൽ കാലാന്തരത്തിൽ മാർ തീമോത്തിയോസ് സഭ വിട്ടു. 1929 ജൂലൈ 8 ന് ഹൃദയാഘാതം മൂലം അമേ രിക്കയിൽ വേഴ്സയിലുള്ള കത്തോലിക്കാ ആശ്രമത്തിൽ മരിച്ചു. അത്മായ ക്കാരനെപ്പോലെ അടക്കി.

കൊളംബ് യാത്രാവിവരണത്തിൽ അവതരിപ്പിക്കുന്ന സഭാപരമായ നിലപാടുകളോട് യോജിക്കുവാൻ കഴിയുകയില്ല. അന്നത്തെ സാമൂഹിക സഭാപരമായ സാഹചര്യങ്ങൾ ഇതിന് പ്രേരകമായി. കൊളംബ് യാത്രാ വിവരണം പ്രാധാന്യം അർഹിക്കുന്നത് അതിലെ സഭാചരിത്ര ഉള്ളടക്കം കൊണ്ടല്ല. അതിൽ പ്രതിഫലിക്കുന്ന ഭാഷാപരവും സാംസ്കാരിക പര വുമായ മൂല്യങ്ങളത്രെ. മലയാള ഭാഷയ്ക്കും സംസ്കാരത്തിനും ഇതിലെ വരികൾ പുതിയ അർത്ഥതലങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമാണ്.

### 6. ആദ്യകാല യാത്രാവിവരണങ്ങൾ

മലയാളത്തിൽ സഞ്ചാര സാഹിത്യത്തിന്റെ ആദ്യകാല കൃതികളുടെ സ്ഥാന നിർണ്ണയം ഭേദപ്പെടുകയാണ്. പ്രൊഫ. വി. രമേഷ് ചന്ദ്രന്റെ 'സഞ്ചാര സാഹിത്യം മലയാളത്തിൽ' (1989) എന്ന കൃതിയിൽ ആദ്യകാല യാത്രാവിവ

രണങ്ങളുടെ പേരുകൾ അച്ചടിച്ച വർഷം കണക്കാക്കി 297-ാം പേജിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. അച്ചടിച്ച് പ്രസിദ്ധീകരിച്ചതാണ് അടിസ്ഥാന തത്വമായി സ്വീകരിച്ചിട്ടുള്ളത്. അതിനാൽ 1785 ൽ എഴുതിയ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വർത്തമാന പുസ്തകത്തിന്റെ സ്ഥാനം 18-ാമതാണ്. 1454 -ൽ ജോഹന്ന ഗുട്ടൻബർഗ്ഗ് വഴി ജർമ്മനിയിൽ മാറ്റാവുന്ന അക്ഷരങ്ങൾ ഉപയോഗിച്ചുള്ള (Movable Types) അച്ചടിയുടെ കാലഘട്ടം ആരംഭിച്ചതേയുള്ളു. പിന്നേയും നൂറ്റാണ്ടുകൾ കഴിഞ്ഞാണ് അച്ചടി വ്യാപകമായത്. ഒരു കൃതിയുടെ കാലനിർണ്ണയം നടത്തുന്നത് അച്ചടിച്ചത് ആധാരമാക്കിയല്ലല്ലോ. അത്തരത്തിലുള്ള കാലനിർണ്ണയ സമ്പ്രദായം അശാസ്ത്രീയമാണ്. അത് സ്വീകാര്യമായ രീതിശാസ്ത്രമേയല്ല.

മലയാള സഞ്ചാര സാഹിത്യത്തിൽ 2005 വരെ കണ്ടെത്തിയിട്ടുള്ള 19-ാം നൂറ്റാണ്ടിലെ യാത്രാവിവരണങ്ങൾ താഴെപ്പറയും വിധം കാലാനുക്രമമാക്കാം. 1. പാറെമ്മാക്കൽ തോമ്മാക്കത്തനാരുടെ 'വർത്തമാന പുസ്തകം' (1785), 2. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ഒരു 'പരദേശയാത്രയുടെ കഥ' (1864), 3. കട്ടയാട്ട് ഗോവിന്ദമേനോന്റെ 'കാശിയാത്രാ റിപ്പോർട്ട' (1872), 4. കാരുചിറ ഗീവറുഗീസ് ശെമ്മാശന്റെ (ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവാ) 'കൊളംബോ യാത്രാവിവരണം' (1892), 5. പരുമല ഗീവറുഗീസ് മാർ ഗ്രീഗോറിയോസിന്റെ 'ഊർശ്ലേം യാത്രാവിവരണം' (1895), 6. ജി. പി. പിള്ളയുടെ 'ലണ്ടനും പാരീസും' (1897). ഇവ മലയാളത്തിലെ ലഭ്യമായ ആദ്യകാല യാത്രാവിവരണങ്ങളാണ്.

## 6. ഉപസംഹാരം

മലയാളത്തിലെ ആദ്യ യാത്രാവിവരണം പാറേമ്മാക്കൽ തോമാ കത്തനാരുടെ വർത്തമാന പുസ്തകമാണ്. പരുമല ഗീവറുഗീസ് മാർ ഗ്രീഗോറിയോസിന്റെ ഊർശ്ലേം യാത്രാവിവരണമാണ് ലക്ഷണമൊത്ത ആദ്യ യാത്രാവിവരണം. മലയാളത്തിൽ യാത്രാവിവരണം എഴുതിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി കാരുചിറ ഗീവറുഗീസ് ശെമ്മാശനാണ് (ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവാ). അദ്ദേഹം യാത്രാവിവരണം എഴുതിയപ്പോൾ വയസ്സ് 22 മാത്രം! പ്രായത്തിൽ കവിഞ്ഞ പക്വതയും നൈസർഗ്ഗികതയും നിരീക്ഷണപാടവും ഗദ്യപരിചയവുമാണ് കൊളംബ് യാത്രാവിവരണത്തിൽ തിളങ്ങി നിൽക്കുന്നത്. മലയാള ഗദ്യത്തിന്റെ പ്രകാശം പരത്തുന്ന മാതൃകയാണിത്.

❑

Malankara Orthodox TV

# വാകത്താനം അസ്സോസിയേഷൻ

## ജേക്കബ് കൊച്ചേരി

1913 –ൽ ഒന്നാം കാതോലിക്കാ പ. ബസ്സേലിയോസ് പൗലൂസ് പ്രഥമൻ ബാവാ കാലം ചെയ്തു. 1925 വരെ പ. വട്ടശ്ശേരിൽ ഗീവറുഗീസ് ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്താ ഭരണനേതൃത്വം നൽകി. 1925 –ൽ രണ്ടാം കാതോലിക്കായായി പ. ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ വാഴിക്കപ്പെട്ടു. തിരുമനസ്സ് 1928 –ൽ കാലം ചെയ്തു. ഈ കാലഘട്ടങ്ങളിൽ ഒന്നിലേറെ മലങ്കര അസ്സോസിയേഷനുകൾ നടക്കാനുള്ള ചരിത്രപരമായ സാഹചര്യം ഉണ്ടെന്നിരിക്കെ സുപ്രധാനമായ ഈ പത്തൊൻപതു വർഷങ്ങൾക്കിടയിൽ അസ്സോസിയേഷൻ കൂടിയിട്ടില്ലെന്നത് പ്രഥമദൃഷ്ട്യാ ശരിയല്ല. അൻപതു വർഷങ്ങൾക്കു മുൻപുള്ള മലങ്കര അസ്സോസിയേഷനുകളുടെ മിനിട്സ് പോലും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഒരു പുരുഷായുസ്സിനു മുൻപ്, 1929 –ൽ നടന്ന വാകത്താനം അസ്സോസിയേഷൻ ഈ ചരിത്രതാളുകളിൽ ഉൾപ്പെടാതെ പോയതിന് ന്യായീകരണം – ഉൾപ്പെട്ടില്ലെന്നതു മാത്രമാകാം.

### അസ്സോസിയേഷന്റെ പശ്ചാത്തലം ചരിത്ര രേഖകളിൽ നിന്ന്

**മലയാള മനോരമ: 1928 ഡിസംബർ 22**

1928 ഡിസംബർ 17 തിങ്കളാഴ്ച (ധനു 3) രണ്ടാമത്തെ കാതോലിക്കാ മോറോൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ കാലം ചെയ്തു. പിറ്റേന്ന് കബറടക്കം വള്ളിക്കാട്ടു ദയറായിൽ നടന്നു. തദനന്തരം ബാവായുടെ മുപ്പതാം അടിയന്തിരം സംബന്ധിച്ച് കാതോലിക്കാ മഹാ ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികളുടേയും ഒരു യോഗം കൂടി ആലോചിക്കുന്നതിന് ഉടനെ സൗകര്യമില്ലാത്തതിനാൽ കോട്ടയം ഭദ്രാസന ഇടവകയിലെ പട്ടക്കാരും ഇടവക പ്രതിനിധികളും അടുത്ത ഞായറാഴ്ച (ധനു 9 – ഡിസംബർ 23) ഉച്ചകഴിഞ്ഞ് വാകത്താനത്തു വള്ളിക്കാട്ട് പള്ളിയിൽ കൂടി ആലോചിക്കത്തക്കവണ്ണം പള്ളികൾക്ക് നി. വ. ദി. ശ്രീ. നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പിന്നീട് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ) കല്പന അയയ്ക്കണമെന്ന് നിശ്ച

യിച്ചു. പിറ്റേ ദിവസം (ഡിസംബർ 19) രാവിലെ അഭിവന്ദ്യ മേല്പട്ടക്കാരുടെ സുന്നഹദോസ് കൂടുകയും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ഇനിയത്തെ കാതോലിക്കായായും ബഥനിയുടെ എപ്പിസ്ക്കോപ്പായെ ബഥനിയുടെ മെത്രാപ്പോലീത്തായായും അവരോധിക്കണമെന്നും ഉടൻ തന്നെ നൂതനമായി രണ്ടു മേല്പട്ടക്കാരെ കൂടി വാഴിക്കണമെന്നും തീരുമാനിക്കുകയും ചെയ്തു. കാതോലിക്കാ സ്ഥാനാരോഹണവും മുപ്പതാം അടിയന്തിരവും ഒരുമിച്ച് നടക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2. നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ) 1928 ഡിസംബർ 24 ന് വള്ളിക്കാട്ട് ദയറായിൽ നിന്നും അയച്ച 476-ാം നമ്പർ കല്പനയിൽ നിന്നും:

"മുപ്പതാം അടിയന്തിരം ബാവാ തിരുമനസ്സിലെ മഹാ ഇടവകയിൽ പെട്ട എല്ലാവരും ചേർന്നു നടത്തേണ്ടതാണല്ലോ. എന്നാൽ എല്ലാവരെയും വരുത്തി ഉടനെ ആലോചിക്കുന്നതിന് സമയമില്ലാതിരുന്നതുകൊണ്ട്, കോട്ടയം ഭദ്രാസന ഇടവകയിലെ എല്ലാ പട്ടക്കാരും പള്ളി പ്രതിപുരുഷന്മാരും ചേർന്ന് ഈ മാസം 9-ാം തീയതി (ഡിസംബർ 23) ഞായറാഴ്ച പകൽ രണ്ടു മണിക്ക് വള്ളിക്കാട്ട് പള്ളിയിൽ ഒരു യോഗം കൂടണമെന്നു നിശ്ചയിച്ചു നാം ശാസനമയയ്ക്കുകയും അതനുസരിച്ച് ടി. യോഗം നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ (വട്ടശ്ശേരിൽ തിരുമേനി) തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടുകയും ചെയ്തു. ബാവാ തിരുമനസ്സിലെ അടിയന്തിരം മുപ്പതാം ദിവസമായ അടുത്ത മകര മാസം 2-ാം തീയതി ചൊവ്വാഴ്ച (1929 ജനുവരി 15) ഏറ്റവും ഭംഗിയായി നടത്തണമെന്ന് തീരുമാനിക്കുകയും വന്നു കൂടിയിരിക്കുന്ന പള്ളിക്കാർ ആയതിലേയ്ക്ക് യഥാശക്തി ദ്രവ്യസഹായം ചെയ്യാമെന്നു സമ്മതിക്കുകയും ചെയ്തു.

ബാവാ തിരുമനസ്സിലെ കബറടക്ക ശുശ്രൂഷ കഴിഞ്ഞതിന്റെ പിറ്റേ ദിവസം (ഡിസംബർ 19 ബുധൻ) വാകത്താനത്തു വള്ളിക്കാട്ട് പള്ളിയിൽ വച്ചു ഞങ്ങൾ മേല്പട്ടക്കാർ കൂടി സുന്നഹദോസ് നടത്തുകയും പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിലേയ്ക്ക് പിൻഗാമിയെ തെരഞ്ഞെടുക്കുകയും വിശുദ്ധ സഭയുടെ ഐശ്വര്യാഭിവൃദ്ധിക്കു വേണ്ട പല കാര്യങ്ങളും ആലോചിക്കുകയും ചെയ്തു. കാതോലിക്കാ നിയമനത്തെപ്പറ്റി മേല്പട്ടക്കാരുടെ തീരുമാനം പൊതുജനങ്ങളെ ഗ്രഹിപ്പിക്കേണ്ടതും അവരുടെ മനഃപൂർവ്വമായ സഹായസഹകരണം ഉണ്ടാകേണ്ടത് ആവശ്യമാകയാൽ ആയതിലേയ്ക്കായി പൗരസ്ത്യ മഹാ ഇടവകയിൽ പെട്ട എല്ലാ പള്ളിക്കാരും ചേർന്നുള്ള ഒരു പൊതുയോഗം അടിയന്തിര ദിവസം മൂന്നു മണിക്ക് വള്ളിക്കാട്ടു പള്ളിയിൽ കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ആയതിൽ ഈ പൊതുയോഗത്തിലും, മുപ്പതാം ദിവസ അടിയന്തിരത്തിലും സംബന്ധിക്കുന്നതിന് ഒരു

പള്ളിയിൽ നിന്നും പട്ടക്കാരും അയ്മേനികളുമായ പ്രതിനിധികളെ അധികാരപ്പെടുത്തി അയച്ചുകൊള്ളുകയും വേണം."

## വാകത്താനം അസ്സോസിയേഷൻ: തെളിവുകൾ

1. 1963 മാർച്ചിൽ റവ. തോമസ് പി. മുണ്ടുകുഴി പ്രസിദ്ധീകരിച്ച 'മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ കാതോലിക്കാ സിംഹാസന സഭാചരിത്ര സംഗ്രഹം' (കാതോലിക്കാ സിംഹാസന പുനഃസ്ഥാപന സുവർണ്ണ ജൂബിലി സ്മാരകമായി പ്രസിദ്ധീകരിച്ചത്) എന്ന പുസ്തകത്തിൽ 'ഭിന്നത നീങ്ങുന്നു; സ്ഥാപനം വളരുന്നു' എന്ന തലക്കെട്ടോടു കൂടിയ 10-ാം അദ്ധ്യായം 59-ാം പേജിലെ പ്രസക്ത ഭാഗം.

"അന്ന് ദ്വിതീയ കാതോലിക്കാ മോറോൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ തിരുമനസ്സിലെ മുപ്പതാം അടിയന്തിരം ആഘോഷമായും ഭക്തിപുരസരമായും കൊണ്ടാടുന്നതിന് അനേകം ഭക്തജനങ്ങൾ വാകത്താനത്തു തടിച്ചു കൂടിയിരുന്നു. ജനങ്ങൾ എല്ലാം ആകാംക്ഷാഭരിതരായി നിമിഷങ്ങൾ തള്ളി വീടുകയാണ്. അവിടെ വച്ചു കൂടുന്ന മലങ്കര അസ്സോസിയേഷൻ തെരഞ്ഞെടുക്കുന്ന തങ്ങളുടെ ഭാവി അനിഷേധ്യ ആത്മീയ നേതാവായ അടുത്ത പൗരസ്ത്യ കാതോലിക്കാ ബാവാ തിരുമേനി ആരാണെന്നറിയുവാൻ."

**2. മലയാള മനോരമ: 1929 ജനുവരി 16**

കാലം ചെയ്ത മോറോൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ ബാവായുടെ മുപ്പതാം അടിയന്തിരം ഭംഗിയായി നടന്നു. സദ്യ നൽകുവാൻ വാകത്താനത്തും ചുറ്റുമുള്ള ഇടവകക്കാരും അതിയായി സഹകരിച്ചു. സദ്യക്കു ശേഷം 3 1/2 മണിയോടെ മലങ്കര മഹാഇടവകയുടെ ഒരു പൊതുയോഗം നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളും, മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായും പ്ലാറ്റുഫാറത്തിൽ ആസനസ്ഥരായിരുന്നു. മെത്രാപ്പോലീത്താമാരും, കെ. സി. മാമ്മൻ മാപ്പിള, കുറിയാക്കോസ് കത്തനാർ എം. എ. ബി. എഡ്., കെ. വി. ചാക്കോ ബി. എ., എം. എ. ചാക്കോ ബി. എ. എൽ. റ്റി., ഇ. ജോൺ ബി. എ. ബി. എൽ., കെ. എം. മാമ്മൻ വക്കീൽ, പാറേട്ട് മാത്യൂസ് കശ്ശീശ്ശാ മുതലായവരുടെ പ്രസംഗങ്ങൾക്കു ശേഷം മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളെ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്യണമെന്നും, മേല്പട്ട സ്ഥാനത്തേയ്ക്കു നിരണത്തു വച്ച് അഭിപ്രായപ്പെട്ടവർക്കു പുറമേ ബഥനി ആശ്രമവാസികളായ വന്ദ്യശ്രീ യാക്കോബ് കത്തനാർ അവർകൾക്കും ഫാദർ അലക്സിയോസ് അവർകൾക്കും മേല്പട്ടം കൊടുക്കണമെന്നുമുള്ള യോഗത്തിന്റെ അഭിപ്രായം രേഖപ്പെടുത്തി. 6 മണിക്ക് യോഗം പിരിഞ്ഞു.

### 3. വട്ടശ്ശേരിൽ തിരുമേനിയുടെ കല്പനയിൽ നിന്ന്

"പൗരസ്ത്യ കാതോലിക്കാ മോറോൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവായുടെ മുപ്പതാം അടിയന്തിരം വാകത്താനം വള്ളിക്കാട്ട് പള്ളിയിൽ വച്ചു നടക്കുന്നതിനും അന്നേ ദിവസം പള്ളി പ്രതിപുരുഷന്മാരുടെ ഒരു യോഗം കൂടുന്നതിനും അതിൽ സംബന്ധിപ്പാനായി എല്ലാ പള്ളിക്കാരും വന്നുചേരണമെന്നും നമ്മുടെ സഹോദരൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കല്പന അയച്ചു. അന്ന് എല്ലാ പള്ളികളിൽ നിന്നും വന്നിരുന്ന പ്രതിനിധികളുടെ യോഗം നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുകയും മലങ്കര സഭയ്ക്ക് ശ്രേയസ്ക്കരമായ വിശ്വാസത്തിനും അഭിവൃദ്ധിക്കും വേണ്ടി മലങ്കര കാതോലിക്കാ സ്ഥാപനം നിലനിർത്തി പിൻഗാമിയായി ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ സുന്നഹദോസ് തെരഞ്ഞെടുത്ത വിവരം പ്രസ്താവിച്ചു. തെരഞ്ഞെടുപ്പ് ഐകൃകണ്ഠ്യേന സമ്മതിക്കുകയും മേല്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്ത ബഥനിയുടെ യാക്കോബ് കത്തനാരുടേയും അലക്സിയോസ് കത്തനാരുടേയും നിശ്ചയം പാസ്സാക്കുകയും ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു." (1929 ജനുവരി 16 ന് കോട്ടയം സുറിയാനി സെമിനാരിയിൽ നിന്നും)

ഇങ്ങനെ വ്യക്തമായ തെളിവുകൾ ഉണ്ടായിരുന്നിട്ടും വാകത്താനം അസ്സോസിയേഷൻ എന്തുകൊണ്ട് ചരിത്രരേഖയിൽ ഉൾപ്പെട്ടില്ല! 1928 ഡിസംബർ 23 ന് നടന്ന ഇടവക പൊതുയോഗത്തിന്റെ വിപുലതയാകണം പിന്നീട് ഒരു മാസത്തിനുള്ളിൽ നടന്ന അസ്സോസിയേഷനെ രേഖകളിൽ നിന്ന് മറച്ചത്. 1929 ജനുവരി 15 ന് ബാവാ തിരുമേനിയുടെ മുപ്പതാം അടിയന്തിര ദിവസം ഉച്ചകഴിഞ്ഞ് 3 1/2 യ്ക്ക് ചേർന്ന മലങ്കര അസ്സോസിയേഷൻ സഭാചരിത്രത്തിൽ സുപ്രധാനമായ സ്ഥാനം അലങ്കരിക്കുന്നുണ്ട്. സഭയുടെ പാരമ്പര്യമനുസരിച്ച് പ. സുന്നഹദോസ് ചേർന്ന് തീരുമാനമെടുത്തത്, ഇടവക പൊതുയോഗം ചേർന്ന് നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ ചെയ്തു വ്യക്തമായ ജനകീയാടിത്തറയിലാണ് അസ്സോസിയേഷൻ നടന്നത്. മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ദീവന്നാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അസ്സോസിയേഷനിൽ മൂന്നാം കാതോലിക്കാ ബാവായുടെ തെരഞ്ഞെടുപ്പ് നിശ്ചയം, പുതുതായുള്ള രണ്ടു മെത്രാന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുക എന്നീ അജണ്ട പാസ്സാക്കപ്പെട്ടു.

ഇങ്ങനെ വ്യക്തമായ ചരിത്ര തെളിവുകളോടെ നടന്ന സഭാചരിത്രത്തിലെ സുപ്രധാനമായ വാകത്താനം അസ്സോസിയേഷൻ ഇനിയും ചരിത്രത്താളുകളിൽ നിന്ന് ഒഴിവാക്കപ്പെടരുത്.

❑

Malankara Orthodox TV

## ദളം 4

# സ്മൃതി സംവേദനം

(ബാവായെക്കുറിച്ചുള്ള സാഹിത്യ സൃഷ്ടികളും അതിനെക്കുറിച്ചുള്ള പഠനവും)

## നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസിലെ

# സ്വർഗാരോഹണം

### എൻ. ശങ്കരനാചാരി റാപ്പുഴ

#### ഗാഥ

യേശുമഹേശനെ കൂപ്പുന്നിതാദരാൽ
കന്നിമറിയമ്മെ പാഹി പാഹി
അന്യമതസ്ഥനാണു ഞാനെങ്കിലും
ഭംഗിയായ് കൂപ്പുന്നു ഭക്തിപൂർവ്വം
പൊന്നുതിരുമേനി സ്വർഗത്തെ പ്രാപിച്ച
സങ്കടവാർത്ത ഞാനൽപം ചൊല്ലാം
ബാലരായുള്ളോരെൻ ലീലയാണീഗാഥ
ഓതുവാൻ ത്രാണിയില്ലിന്നെനിക്കു
ഇങ്ങനെ ഓരോ ക്ഷമ യാചിച്ചിന്നു ഞാൻ
തിങ്ങിനാമോദമോടോതുന്നേവം
ഭൂലോകമെങ്ങും പുകൾ പെരുകീടുന്ന
നാമാ ബസേലിയോസ് ബാവായെന്ന്
രാത്രിയിൽ ചന്ദ്രൻ വിളങ്ങുന്നപോലങ്ങ്
ധാത്രിയിൽ പൊൻവിളക്കായിരുന്നു.
ഭൂലോകവാസികൾക്കീശ്വരനെന്നപോൽ
കർത്താവുകൽപ്പിച്ചിതിദ്ദേഹത്തെ
ഈശ്വരഭക്തിയും ആശ്വാസചിത്തവും
ആനന്ദമേകും ഭരണശക്തി
ഇച്ചൊന്ന സദ്ഗുണമെല്ലാം തികഞ്ഞുള്ള
പുണ്യമഹാത്മാവാണിദ്ദേഹം കേൾ
സ്കൂളുകൾ റോഡുകളെത്രപണിയിച്ചു
പള്ളികളെത്ര പരിഷ്കരിച്ചു
ഇങ്ങനെ വാർദ്ധക്യമായ തിരുവയ-

സ്സമ്പത്തിയൊൻപതിനപ്പുറമായ്
എന്തെല്ലാം പുണ്യപ്രവൃത്തികൾ ചെയ്യിച്ചെ-
ന്നെണ്ണുവാനാർക്കും കഴിവില്ലിപ്പോൾ
അങ്ങിനെവാഴുന്ന കാലം പിടിപെട്ട
സങ്കടമോതുവാനാവതില്ലെ
ജന്മനാലുള്ളൊരു കർമ്മമാണെന്നപോ-
ലെന്തെല്ലാമൗഷധം സേവിച്ചീട്ടും
ഏതുമൊരാശ്വാസമില്ലാതൊരുനോവു
വന്നുഭവിച്ചിതിന്നയ്യോ താപം
ആപത്തുനാളിലാണാശാരിയേറുന്ന-
തെന്നുള്ള ചൊല്ലുപോലദ്ദേഹവും
സിംഹാസനത്തിനായുള്ളൊരുമേടയ്ക്ക-
ങ്ങാരംഭിച്ചീകഷ്ടകാലത്തിങ്കൽ
മിക്ക പണികളും തീർന്നപ്പോളുണ്ടായി
ദുഃഖമാർന്നുള്ള സുഖക്കേടുകൾ
മേശകഴിഞ്ഞാലശേഷവും ഛർദ്ദിക്കും
ഔഷധംചെന്നാലുമപ്രകാരം
കാലത്തൊരാറുമണിമുതൽ മുൻപോട്ടു
വൈകിട്ടൊരഞ്ചുമണിവരെയും
സ്വല്പമൊരാശ്വാസമായി വസിച്ചിടും
പിന്നുള്ള സങ്കടം ചൊൽവതല്ലെ
രാത്രിസമയത്തു "ചൂടുവച്ചീടുക"
യെന്നങ്ങരുളി നിലവിളിക്കും
അയ്യയ്യൊ ദൈവമെ ചൂടെത്രവെച്ചാലും
ഒന്നുംഫലമില്ലാതായിടുന്നു
ഇങ്ങനെ നാലഞ്ചു നാളുകളായപ്പോ-
ളാരാഞ്ഞു വന്നിടുന്നാളുകളും
പൊന്നുതിരുമേനി തന്റെ പരാക്രമം
കണ്ടിട്ടങ്ങാളുകൾ ചൊല്ലീടുന്നു.
പോകണം നമ്മൾക്കനന്തപുരത്തിനു
പോകാതിരുന്നാൽ വിഷമിച്ചിടും
അപ്പോളരുളുന്നു പൊന്നുതിരുമേനി
എങ്ങിനെ ഞാനിപ്പോൾ പോയിടുന്നു
ചികിത്സയ്ക്കു പോകുവാനാഗ്രഹമില്ലെന്നി
ല്ലിപ്പണിയപ്പോൾ കുഴപ്പമാകും
അയ്യയ്യൊ ദൈവമെ ഈവിധം വേദന
യെല്ലാമനുഭവിച്ചീടുമ്പോഴും
ആശയതിന്മേലാണെന്നങ്ങു ചൊല്ലുവാ-

നാഹാകഴിവില്ല തമ്പുരാനെ
നോവൽപ്പമാശ്വാസമാകുമ്പോഴൊക്കെയും
നോക്കീടുമപ്പണിക്കാരെയെല്ലാം
ഈവിധമാശയാൽ ചെയ്യിക്കുമ്മേടയി-
ലൊന്നുവസിക്കുവാനൊത്തില്ലല്ലൊ
എന്നതു ചൊല്ലുമ്പോൾ തൊണ്ടയിടറുന്നു
അയ്യയ്യൊ നമ്മുടെ കഷ്ടകാലം.
വായനക്കാർക്കു വഴിതെറ്റിപ്പോയെന്നു
തോന്നുമിടയ്ക്കിതു ചൊല്ലിയപ്പോൾ
അങ്ങിനെയല്ലെൻ മനോരാജ്യമാണിത്
ചൊല്ലിടാമുള്ളപോൽ ഇനിയും ഞാൻ
എക്സറെ വച്ചു പരിശോധിച്ചിടുവാൻ
പൊയ്ക്കളയാമെന്നനുവദിച്ചു
കാറുവരട്ടെന്നു കൽപ്പിച്ചമാത്രയിൽ
വന്നൊരു കാറിങ്ങു സ്പെഷ്യലായി
കാര്യങ്ങളെല്ലാമനുജനെയേൽപ്പിച്ചു
പാരാതെയാത്രയരുളിവേഗം
പൊന്നു തിരുമേനി ശെമ്മാശനും പിന്നെ
പുന്നൂസ് ഫാദറും ബാല്യക്കാരും
നേരെ തിരിച്ചങ്ങു കുണ്ടറെച്ചെന്നിട്ടു
ഏറ്റിയ തോമ്മസ് ശെമ്മാശനെ
എത്തിയുടനെയനന്തപുരത്തവർ
കാര്യങ്ങളെല്ലാമരുളിച്ചെയ്തു
ബാവായെഴുന്നള്ളിയെന്നുള്ള വാർത്തകൾ
പട്ടണമെല്ലാം പരന്നുടനെ
കേട്ടവർ കേട്ടവരോടിയണഞ്ഞങ്ങു
കൈമുത്തിയാശ്വാസം വാങ്ങീടുന്നു
ഫാദർ പൂതക്കുഴി മിസ്റ്റർ ജോൺവക്കീലു-
മാദരാൽ വന്നു വണങ്ങീടുന്നു
ദീന വിവരങ്ങൾ കൽപ്പിച്ചു കേട്ടപ്പോൾ
ആളുകൾ ചൊല്ലീടുന്നീവിധത്തിൽ
എക്സറെ വച്ചു പരിശോധിച്ചീടുവാൻ
നെയ്യൂരെ ഡാക്കട്ടരായാൽ കൊള്ളാം
എന്നുള്ളഭിപ്രായം പാസായിട്ടപ്പോഴെ
നെയ്യൂർക്കു കാറങ്ങയച്ചു വേഗം
കാറങ്ങുചെന്നൊരു മാത്രയിൽ സായിപ്പ്
ഏറിത്തിരിച്ചിങ്ങുവന്നവിടെ
എക്സറെ വച്ചു പരിശോധിച്ചീടുമ്പോൾ

വ്യാധിയുണ്ടുള്ളിലെന്നങ്ങു ചൊല്ലി
നോവിനു കാരണം വ്യാധിയാണായതു
കൂടുതലായി ഭവിച്ചുപോയി
ഓപ്രേഷനല്ലാതെ വേറൊരു മാർഗ്ഗവും
കാണുന്നില്ലീ രോഗശാന്തതയ്ക്ക്
നെയ്യൂരെഴുന്നെള്ളി വന്നാൽ സുഖമാകു-
മില്ലൊരു സംശയം തെല്ലുപോലും
എന്നങ്ങു ചൊല്ലീട്ടുപോയങ്ങു സായിപ്പ്
അപ്പോളരുളുന്നിതിപ്രകാരം
നെയ്യൂർക്കുപോകുവാനാശിക്കുന്നില്ല ഞാൻ
വേദനയൊന്നും സഹിച്ചുകൂടാ
ഈ വിധമൊക്കെയരുൾചെയ്തു കേട്ടപ്പോ-
ളാളുകൾ ചൊല്ലുന്നതിപ്രകാരം
ഇൻഡ്യയിലിത്രവിരുതുള്ള ഡോക്ടർ-
രുണ്ടായിട്ടില്ലിതുപോലൊരുത്തർ
കഷ്ടിച്ചൊരൊന്നര മാസം കൂടല്ലാതെ
നെയ്യൂരിൽ വാസമില്ലെന്നു കേൾപ്പൂ.
അദ്ദേഹം പോയാലതുപോലൊരുത്തരു-
മോപ്രേഷൻ ചെയ്താലും ഒക്കത്തില്ല.
ഇങ്ങനെയോരോരോ ആശ്വാസവാക്കുകൾ
ചൊല്ലിയയച്ചങ്ങുനെയ്യൂരേക്കു
കൂടെ വസിക്കുവാൻ മെത്രാച്ചന്മാർ രണ്ടും
ആടുതലായങ്ങു നിന്നിരുന്നു.
ചെന്ന ദിവസത്തിൽ സേവിപ്പാനായിട്ടു
ഔഷധം നൽകിയാ ഡാക്കട്ടരും
ഔഷധം സേവിച്ചിട്ടന്നു സുഖക്കേടു
വന്നില്ല പിറ്റേന്നാളുച്ചവരെ
അപ്പോളരുളുന്നു പൊന്നുതിരുമേനി
നോവെനിയ്ക്കൽപ്പം കുറവുണ്ടല്ലോ
പോകണം നമ്മൾക്കു വാകത്താനം വരെ
കാര്യങ്ങളൊക്കെക്കുഴപ്പമാകും
അപ്പോൾ പറയുന്നു സായിപ്പവർകളും
നോവുശമിച്ചതു കൂട്ടാക്കേണ്ട
പെട്ടെന്നു വന്നീടും നോവുതെരുതെരെ-
അപ്പോളങ്ങോപ്രേഷൻ ചെയ്തീടണം
ഇങ്ങനെ ചൊല്ലിയനുവാദം വാങ്ങിച്ചു-
മങ്ങാതെയോപ്രേഷൻ റൂമിലേറി
ഈശ്വരപ്രാർത്ഥന ചെയ്തുകഴിഞ്ഞിട്ടു-

Malankara Orthodox TV

ആശ്വാസമായിക്കിടത്തിമെല്ലെ-
കുത്തിവച്ചിട്ടങ്ങു ദേഹം മരപ്പിച്ചു
ശസ്ത്രക്രിയക്കൊരുങ്ങി ഡാക്ടർ
വീരപുരുഷനായുള്ളോരു സായിപ്പ്
കീറിയുദരത്തിനുള്ളിലുള്ള
വ്യാധിയെടുത്തുകഴിഞ്ഞപ്പോൾ വേറൊരു-
വ്യാധികൂടുണ്ടെന്നു ചൊല്ലീടുന്നു
പെട്ടെന്നു ബോധം കെടുത്തീട്ടതിനേയും
ഛേദിച്ചമാത്രയിൽ കുത്തിക്കെട്ടി
ബോധം വരുത്തിയെഴുന്നേൽപ്പിച്ചപ്പോഴെ
യാതൊന്നുമില്ലിനിയ്ക്കെന്നരുളി
ഇങ്ങനെ മൂന്നു മാസങ്ങൾ കഴിഞ്ഞപ്പോൾ
പാടുകളൊക്കെ കരിഞ്ഞു ഭേഷായ്
വേദനയൊന്നുമില്ലാതെയായിട്ടങ്ങ്
നോവു ശമിച്ചു സുഖത്തിലായി
ഈശ്വരയിച്ഛകൊണ്ടെല്ലാം സുഖപ്പെട്ടു
എന്നങ്ങുചൊല്ലി മരുവിടുമ്പോൾ
കർത്താവിൻ കൽപ്പിതം നീക്കുവാനായിട്ടു
ആർക്കാനുമാകുമോ തമ്പുരാനെ
എങ്ങിനെ ഞാനിതു ചൊല്ലുന്നു ദൈവമേ
സംഗതിയോർത്താൽ സഹിച്ചുകൂടാ
സ്വർഗ്ഗസ്ഥനായൊരു നാളതിരാവിലെ
എത്ര കുതൂഹലമായിരുന്നു!
കാപ്പിയും മേശയും കൽപ്പിച്ചു വാങ്ങിച്ചു
തൃപ്തിയായിട്ടു ഭുജിച്ചു പിന്നെ
കൂടെ വസിക്കുന്ന മെത്രാച്ചന്മാരോട്
പൊന്നുതിരുമേനി കൽപ്പിക്കുന്നു.
നല്ല സുഖമിനിക്കുണ്ടിപ്പോളിന്നുമെ-
പള്ളിയിൽ പൊയ്ക്കൊൾക നിങ്ങളെല്ലാം
എന്നരുൾചെയ്തതു കേട്ടിട്ടവർകളും
പള്ളിയിൽ പൂകീതു കർമ്മത്തിനായി.
അന്ത്യകർമ്മത്തിനയച്ചപോലുദ്ദേശം
എട്ടുമണിയായ നേരത്തിങ്കൽ
ചങ്കിനകത്തൊരു വേദന തോന്നുന്നു
എന്നരുൾ ചെയ്തങ്ങു മന്ദമായി
എന്നതു കേട്ടപ്പോൾ തോമസ് ശെമ്മാശൻ
സായിപ്പവർകളോടോതി കാര്യം
പെട്ടെന്നുവന്നിങ്ങു സായ്പവർകളും

തൃക്കരം തന്നിൽ പിടിച്ചുനോക്കി
നാടിയടിക്കുന്നതില്ലല്ലോ ശെമ്മാശ്ശാ
സ്വൽപ്പം അപകടമാണു കാര്യം.
എന്നങ്ങുചൊല്ലിയ മാത്രയിലുണ്ടായ
സംഗതിയെത്ര ഭയങ്കരമാം.
ഗദ്ഗദം കൊണ്ടിനിക്കോതുവാൻ പാടില്ലെ
കണ്ണുനീർ വീഴുന്നു പേപ്പറതിൽ
അയ്യയ്യൊ ദൈവമെ ലോകം വെടിയുവാൻ
ഇത്രയെളുപ്പത്തിൽ സാധിക്കുമോ
തോളൊന്നനക്കിയതല്ലാതെയദ്ദേഹം
വേറൊരു ഗോഷ്ടിയും കാട്ടിയില്ല.
പെട്ടെന്നങ്ങാത്മാവു സ്വർഗ്ഗത്തെ പ്രാപിച്ചു
അയ്യോ കഥിക്കുവാനാളല്ല ഞാൻ
കൂടെയുണ്ടായിരുന്നാളുകളൊക്കെയും
ജീവശ്ശവമെന്നേ ചൊല്ലുന്നുള്ളു
ഇഷ്ടസഹോദരൻ പുന്നൂസു ഫാദറും
ശിഷ്ടരായൊട്ടു തനയന്മാരും
അപ്പോൾ മരിക്കുവാനാവതില്ലാഞ്ഞവർ
ജീവിച്ചിതെന്നെ പറവാനുള്ളു.
ആസ്പത്രി തന്നിലുള്ളാളുകളൊക്കെയും
വാവിട്ടലറിക്കരഞ്ഞീടുന്നു.
പെട്ടെന്നു ലോകം മറിഞ്ഞതുപോലൊരു
മട്ടിലങ്ങാളുകൾ ദുഃഖമോടെ
മെത്രാച്ചൻമാരെ വിവരമറിയിച്ച
മാത്രയിലുണ്ടായതെന്തുചൊല്ലാം.
കർമ്മമനുഷ്ഠിച്ചതൊർണ്ണോസിൽ വീണവ-
രയ്യയ്യോയെന്നു നിലവിളിച്ചു
പെട്ടെന്നു വന്നിങ്ങു ചുംബിച്ചു ഞങ്ങളെ
വിട്ടുപിരിഞ്ഞിതോ പൊന്നുതാതാ
സങ്കടമെല്ലാമങ്ങുള്ളിലടക്കീട്ട്
സംഗതി ഭംഗിയായ് ചെയ്തു പിന്നെ
പെട്ടെന്നു കമ്പിയടിച്ചങ്ങു കോട്ടേത്തു
വാഴുന്ന വല്യതിരുമേനിക്ക്
പിന്നെയനന്തപുരത്തേയ്ക്കുമങ്ങിനെ
അപ്രദേശത്തെല്ലാമോഡർ ചെയ്തു
പെട്ടെന്നങ്ങാസ്പത്രി വിട്ടു തിരുവാംകോ-
ട്ടെന്നൊരു പള്ളിയിൽ കൊണ്ടുപോയി
ശുശ്രൂഷചെയ്തു വഴിപോലെ യാത്രയും

ചൊല്ലിയിട്ടങ്ങനെ നിൽക്കുന്നേരം
പെട്ടെന്നൊരു കമ്പികിട്ടിയവർക്കപ്പോൾ
നിരണത്തുനിന്നങ്ങയച്ചതായി
രണ്ടല്ലോ ബാവാ മലയാളത്തുണ്ടായി-
രണ്ടും വാഴിച്ചതിവിടെയല്ലോ
വാഴിച്ച പള്ളീലടക്കണമെന്നൊരു
വീഴ്ചയായിട്ടങ്ങു ചോദിക്കുന്നേൻ
കല്പനയുണ്ടെങ്കിലപ്രകാരം ചെയ്താൽ
തൃപ്തിയായിടുമടിയങ്ങൾക്ക്
കമ്പിതൻ കാര്യമറിഞ്ഞു മറുപടി
പെട്ടെന്നയച്ചിതു കമ്പിയായി
വല്യതിരുമേനി തന്നുടെ കല്പന
ഇല്ലാതെ ഞങ്ങൾക്കു പാടില്ലൊന്നും
ഈവിധ കൽപ്പന കിട്ടുവാൻ കാത്തങ്ങു
പള്ളിയിൽത്തന്നെ വസിച്ചീടുന്നു.
വല്യതിരുമേനി കമ്പിയറിഞ്ഞപ്പോ-
ളമ്പരന്നങ്ങു നിലവിളിച്ചു
പെട്ടെന്നു ധൈര്യമവലംബിച്ചപ്പൊഴെ
പട്ടണമെല്ലാമറിയിച്ചിതു
കല്പനയായിട്ടു കമ്പിയയച്ചങ്ങു
നേരെ തിരിച്ചിങ്ങു പോന്നീടണം.
പൊന്നു തിരുമേനി കല്പിച്ചിട്ടുള്ളപോൽ
വള്ളിക്കാട്ടാണു കബറടക്കം
എന്നുള്ള കല്പന പള്ളിക്കാർക്കെല്ലാർക്കും
പെട്ടന്നയച്ചിതു കമ്പിവഴി
വാകത്താനത്തിനങ്ങാളയച്ചൻപൊടു
പിൻപെവരുന്നുണ്ടു ഞാനുമിപ്പോൾ
ഇങ്ങനെ കല്പിച്ചിട്ടാലപ്പുഴയ്ക്കാളു-
വിട്ടല്ലോ കുന്തിരിക്കത്തിനായി
പട്ടണവാസികളക്കഥ കേട്ടപ്പോൾ-
ഉണ്ടായ സങ്കടമെന്തു ചൊല്ലാം
സ്കൂളുകളെല്ലാമടച്ചു കടകളും
പൂട്ടി പ്രസന്നത്താലപ്പോഴവർ
ഈശ്വരാ ഈ കഥ ഇദ്ദേശവാസികൾ
കേട്ടാൽ സഹിക്കുമോ തമ്പുരാനെ
ശെമ്മാശൻ വന്നിങ്ങു ചൊല്ലിയ നേരത്തെ
സംഗതിയോതുവാനാവതില്ലെ
ബോധരഹിതരായ് വീഴുന്നിതൊട്ടുപേ-

രാധി പൂണ്ടോടീടുന്നാളുകളും
ജോലിയിൽ നിന്നവരെല്ലാമൊരുപോലെ
ചാലെ നിലവിളിച്ചീടുന്നയ്യോ
ഈഴവർ ചേരമരാശിമാർകളും
നമ്പൂരിനായരുമെന്നുവേണ്ട
എല്ലാ ജനങ്ങളുമൊന്നുപോൽ സന്തപി-
ച്ചന്ധതപൂണ്ടീടുന്നാകമാനം.
സ്കൂളുകൾ പീടിക ജോലികളാകവേ-
യെല്ലാം നിറുത്തിയങ്ങാളുകളും
ഓടിയണച്ചങ്ങു ചൊല്ലും വഴിക്കവർ
സന്താപമാം മണിനാദം കേട്ടു
അയ്യയ്യോ ദൈവമേ വാസ്തവമാണിതു
പൊയ്യല്ലെ നമ്മുടെ കഷ്ടകാലം
ഇങ്ങനെയോരോ വിലാപങ്ങളോടവർ
പള്ളിയിൽ നിൽക്കുന്ന നേരത്തുങ്കൽ
വല്യതിരുമേനി വന്നു വിഷാദത്താൽ
കണ്ണുനീർ വാർത്തല്പം നിന്നുപോയി
എന്നതു കണ്ടവരെല്ലാം നിലവിളി-
ച്ചയ്യോ തിരുമേനിയെപ്പോൾ വരും
സന്താപം കണ്ടിട്ടു വല്യതിരുമേനി
കല്പിച്ചിതാശ്വാസവാക്കുകളും
ദുഃഖിക്കരുതാരുമദേഹമെത്രയോ
പുണ്യമഹാത്മാവാണോർത്തിടുക
രണ്ടുമണിക്കങ്ങു വണ്ടിവിടുമപ്പോ-
ളെട്ടുമണിക്കിവിടെത്തുമവർ
വടിമുടി സ്ളീബായും കല്ലറയെന്നിവ-
ജടുതിയിൽ തീരണം പന്തലുകൾ
എന്നങ്ങു കല്പിച്ചെഴുന്നള്ളിമാളിക-
തന്നിലിരുന്നു തിരുമേനിയും
കല്പനപോലുള്ള കോപ്പുകൾ കൂട്ടീട്ടു
എപ്പോൾ വരുമെന്നു പാർത്തിരുന്നു
ഇനിയും പൊന്നുതിരുമേനി തന്നുടെ
യാത്രയൊരല്പമുരച്ചിടട്ടെ
ഉദ്ദേശം പന്ത്രണ്ടടിച്ചു മണിയപ്പോ-
ളെത്തിയനന്തപുരത്തവരും
പോയപ്പോളുണ്ടായോരുല്ലാസമെന്തയ്യോ
വന്നപ്പോളുണ്ടായ സന്താപവും
എന്തിനു ചൊല്ലുന്നു കണ്ണുനീരില്ലാതെ

കാണുവാനില്ലൊരു കുഞ്ഞുപോലും
രണ്ടു മണിക്കൂറവിടെ വിരമിച്ചു
കണ്ടിടാനുള്ളവരെല്ലാവരും
കൈമുത്തിയന്തിമമായുള്ള യാത്രയും
ചൊല്ലിയയച്ചവരെല്ലാവരും
ചെങ്ങന്നൂർ വന്നപ്പോൾ കാറു നിറുത്തണം
എന്നങ്ങു ചൊല്ലി നിലവിളിച്ചു
സങ്കടം കണ്ടവർ കാറു നിറുത്തീട്ടു
സംഗതിയെല്ലാമുരച്ചവരും
താമസിച്ചീടുവാനാവതില്ലിനിയും
നേരമധികമായിടുന്നല്ലൊ
അയ്യയ്യൊ ദൈവമെ കാണട്ടെ ഞങ്ങളു-
മിനിയും കാണുവാനൊത്തീടുമോ
ഇങ്ങനെ വിങ്ങിക്കരഞ്ഞങ്ങു കൈമുത്തി
മങ്ങാതെ കാറങ്ങു വിട്ടുടനെ
നേരെ തിരിച്ചു തിരുവല്ലാവന്നപ്പോ-
ളാരെല്ലാമാണങ്ങു കാത്തുനിൽപ്പൂ
പാരം പരിതാപം പൂണ്ടവരെല്ലാരും
വാവിട്ടലറിക്കരഞ്ഞിടുന്നു
ദൈവമെയീവിധം കാണുവാൻ ഞങ്ങൾക്കു
സംഗതിയായല്ലൊ തമ്പുരാനെ
കൈമുത്താൻ ചെല്ലുമ്പോൾ കണ്ണുനീർ വീഴുന്ന-
കണ്ടാൽ സഹിക്കയില്ലാരുമപ്പോൾ
ഇങ്ങനെ ഓരോ സ്ഥലത്തുള്ള സങ്കടം-
കാണുവാനാനവതില്ലാഞ്ഞവരും
വേഗത്തിൽ കാറങ്ങു വിട്ടു ഗമിച്ചപ്പോൾ
വേറെങ്ങും താമസമില്ലിനിയും
എന്നങ്ങു ചൊല്ലി തിരിച്ചു വടക്കോട്ടു-
വന്നിങ്ങു വാകത്താനത്തുമപ്പോൾ
പള്ളിയിലുള്ളൊരു ആളുകൾ തന്നുടെ
സംഗതിയെന്തെന്നു ചിന്തിച്ചിടാം
അത്താഴം പോലും കഴിക്കാതെയെല്ലാരും
എപ്പോൾ വരുമെന്നുള്ളാശയാലെ
കപ്പലിൽ പാമരം നോക്കുന്നപോലവർ
എപ്പോഴും തെക്കോട്ടു നോക്കീടുന്നു.
കാറിന്റെ ഹോണരനാഴികദൂരത്തിൽ
കേട്ടപ്പോളാളുകളൊത്തു കൂടി
പള്ളിതൻ തെക്കുവശത്തുള്ള റോഡിലും

Malankara Orthodox TV

ഗെയിറ്റിലുമായങ്ങു തിങ്ങിവിങ്ങി
അന്നേരം പൊന്നുതിരുമേനിയേറിയ
കാറിങ്ങു മന്ദമായ് വന്നടുത്തു.
അയ്യയ്യോ ദൈവമേ അപ്പോളുണ്ടായൊരു-
കോലാഹലങ്ങളെ ചൊല്ലിടുവാൻ
ആരാൽ കഴിയുന്നു നാവു കുഴങ്ങുന്നു
ആവതില്ലോതുവാനെല്ലാമിപ്പോൾ
മാറത്തടിച്ചങ്ങു വീഴുന്നിതൊട്ടുപേർ
മാറിനില്ലെന്നുള്ള ഹുംകാരവും
കാറിന്റെ മീതെയലച്ചങ്ങു വീഴുന്നു
വാവിട്ടലറിക്കരഞ്ഞീടുന്നു
അയ്യയ്യോ ദൈവമേയീവിധം വന്നല്ലോ
എന്നങ്ങു ചൊല്ലി നിലവിളിയും
പൊന്നുതിരുമേനി എന്നെയുപേക്ഷിച്ചോ
എന്നങ്ങു വിങ്ങിക്കരഞ്ഞിടുന്നു.
സ്ത്രീകളുമങ്ങോരോ കുഞ്ഞുങ്ങളുമായി
പാരാതെ വീണു കരഞ്ഞീടുന്നു
പൊന്നു തിരുമേനി തന്നുടെ കുർബാന
കാണുവാനിന്നിയും പോകണ്ടാല്ലോ
ഇങ്ങനെയുള്ളൊരു കോലാഹലമദ്ധ്യേ
പട്ടക്കാരൊട്ടുപേരൊത്തുകൂടി
പൊന്നുതിരുമേനി തന്നെയെടുത്തുടൻ
ഈശ്വരസ്തോത്രങ്ങൾ ചൊല്ലി മെല്ലെ
പള്ളിതന്നുള്ളിൽ മദുബായ്ക്കു മുമ്പിലായ്
നേരെ പടിഞ്ഞാട്ടഭിമുഖമായ്
ചാരിയിരുത്തി കസേരയതിൻമീതെ
ആഘോഷപൂർവ്വമലങ്കാരത്താൽ
ശുശ്രൂഷചെയ്തു കഴിഞ്ഞവരെല്ലാരും
വിശ്രമിച്ചല്പസമയം വരെ
ബൈബിളു വായിച്ചങ്ങാളുകൾ ചുറ്റുമായി
കാവലായ് നിന്നു പുലർച്ചവരെ
നേരം വെളുത്തപ്പോഴുണ്ടായ വാർത്തകൾ
ചൊല്ലുകിൽ വിസ്മയമാണു പാരം
ഓരോരോ ദേശക്കാർ പാരാതെ വന്നീടു-
ന്നാരോമൽദേഹത്തെ കണ്ടീടുവാൻ
മെത്രാച്ചന്മാരുമങ്ങൊട്ടേറെ പട്ടക്കാർ
ശുശ്രൂഷയ്ക്കാരംഭിച്ചാദരവാൽ
ശുശ്രൂഷ ചെയ്യുമ്പോൾ പള്ളിക്കകത്തുള്ള

Malankara Orthodox TV

തിക്കും തിരക്കുമങ്ങെന്തു ചൊല്ലാം.
കേറിയിറങ്ങിവരുന്നവരൊക്കെയും
കണ്ണുനീർ തന്നിൽ മുഴുകീടുന്നു
പെണ്ണുങ്ങളൊക്കെപ്പതംപറഞ്ഞങ്ങനെ
കണ്ണുനീർ വാരിയെറിഞ്ഞീടുന്നു.
കണ്ടാലും കണ്ടാലും പോരായവർക്കാർക്കും
മിണ്ടാതിരിക്കുവാൻ ശക്തിയില്ല.
ഈവിധം പത്തുമണി നേരമായപ്പോൾ
ശുശ്രൂഷയെല്ലാം കഴിച്ചവരും
അപ്പോളവിടുത്തെ വാർത്തകൾ ചൊല്ലുകി-
ലില്ലതുപോലൊരു കാഴ്ചയെങ്ങും
പട്ടക്കാരായിട്ടൊരഞ്ഞൂറു വന്നിടു-
മമ്മേനിമാർക്കു കണക്കുമില്ല.
സ്പെഷ്യലായ് വന്നുള്ള കാറെത്രയുണ്ടെന്നു
എണ്ണുവാൻ ശക്തിയില്ലാർക്കുമപ്പോൾ
അന്നേ ദിവസത്തിൽ ലൈനായിട്ടെത്ര കാർ
പോക്കുവരവുകൾ ചെയ്തിടുന്നു
സൈക്കിൾ വരുന്നതിനെണ്ണമില്ലേതുമെ
കാൽനടയായിട്ടങ്ങെത്ര പേർകൾ
മതഭേദമെന്നിയെ ബഹുജനക്കൂട്ടങ്ങൾ
അതിഖേദമാർന്നു വരുന്നവിടെ
പള്ളിതൻ മുറ്റത്തും റോഡിലും തിങ്ങീട്ടു
ചുറ്റും പറമ്പിലായ് ആൾക്കൂട്ടവും
ഇങ്ങനെയുള്ളൊരു സന്ദർഭം തന്നിലെ
കൈമുത്തുവാനായിട്ടദ്ദേഹത്തെ
പള്ളിതന്നുത്തരഭാഗത്തു പന്തലിൽ
ഭംഗിയായ് ചെയ്തുള്ള ഫ്ളാറ്റുഫാറം
തന്നിലെടുത്തങ്ങിരുത്തി മഹാത്മാവെ
ഉന്നതമായുള്ള സന്നാഹത്താൽ
വെള്ളിക്കുരിശു കുടകളും മുന്നിലായ്
ഭംഗിയാംവണ്ണം നിരത്തിവച്ചു
മെത്രാച്ചന്മാരങ്ങിടത്തും വലത്തുമായ്
പട്ടക്കാരൊട്ടു പുറകിലുമായ്
അറ്റൻഷനായ് നിന്നു ഫോട്ടോ എടുപ്പിച്ചു
കൈമുത്താൻ കല്പിച്ചു മെത്രാച്ചനും
വിങ്ങിക്കരഞ്ഞങ്ങെഴുന്നേറ്റു പട്ടക്കാർ
കൈമുത്തി പോയിടുന്നോരോരുത്തർ
അമ്മേനിമാരെഴുന്നേൽക്കുന്നോരൊക്കെയും

കണ്ണുനീർ തൂത്തു തുടച്ചീടുന്നു
ഈശ്വരായീവിധം മൂന്നു മണിക്കൂറു
കൈമുത്തിനായി കഴിച്ചുകൂട്ടി
പിന്നെ ബഥനിയിൽ വാഴുന്ന മെത്രാച്ചൻ
കൽപ്പിച്ചോരൽപ്പം പ്രസംഗമായി
എല്ലാം കഴിച്ചങ്ങെടുത്തു മഹാത്മാവെ
എല്ലാവർക്കും കാണുവാനെന്നപോലെ
കൊടി കുട കുരിശു നടപ്പന്തലുമായി
പള്ളിക്കു മൂന്നു വലത്തുവച്ചു
കബറുങ്കൽ വേണ്ടുന്ന ശുശ്രൂഷ ചെയ്തിട്ടു
മെല്ലെയിറക്കിയ കല്ലറയിൽ
അന്നേരമുണ്ടായ സങ്കടമെല്ലാർക്കും
ചൊല്ലാതറിയാമതിനാലിപ്പോൾ
ചൊല്ലുന്നതില്ലറിഞ്ഞീടണമെല്ലാരും
ചൊല്ലുകിൽ സങ്കടം പാരമുണ്ട്
കല്ലറ തന്നിലിറക്കിയശേഷമായ്
എല്ലാം വിധിപോലെ ചെയ്തു പിന്നെ
കുന്തിരിക്കത്താലെ മൂടി കബറിടം
സ്വന്തമായ് കൊത്തിച്ച കല്ലുകളെ
മെല്ലെയെടുത്തങ്ങു വച്ചു സിമന്റിട്ടു
ഭംഗിയായ് തേച്ചു മിനുക്കി പിന്നെ
സന്താപമാർന്നവരെല്ലാവരുമായി
ദാനധർമ്മങ്ങളെ ചെയ്തു പിന്നെ
മേലാൽ നടക്കേണ്ട കാര്യങ്ങളാലോചി-
ച്ചാളുകളൊക്കെപ്പിരിഞ്ഞു മെല്ലെ
നേരവുമസ്തമിച്ചീടുമാറായപ്പോ-
ളില്ലിനിചൊല്ലുവാനീ വാർത്തകൾ
ഈശ്വരായീവിധമുള്ളൊരു സന്താപ-
മീരേഴുലോകത്തുളവാകുമൊ
പുണ്യമഹാത്മാവെ പാപികളായുള്ള
ഞങ്ങളെ നിത്യമനുഗ്രഹിക്ക
എന്നുള്ള പ്രാർത്ഥനയാലീ ചെറുബുക്കു
സജ്ജനസമക്ഷം സമർപ്പിക്കുന്നേൻ.

*(പ. ബാവാ തിരുമേനിയുടെ 40-ാം അടിയന്തിരത്തിൻ നാൾ സമർപ്പിച്ച ഏഴു പാനകളിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ തെരഞ്ഞെടുത്തത്)*

❑

Malankara Orthodox TV

# ഭക്തന്റെ കാവ്യാർപ്പണം

## പ്രൊഫ. മേരി മാത്യു

മലയാള കാവ്യ പ്രസ്ഥാനത്തിൽ പാനപ്പാട്ടുകളിലൂടെ വികസിച്ച ശ്രേഷ്ഠമായ ശാഖയാണ് കീർത്തന സാഹിത്യം. ഭക്തിനിമീലിതമായ മനസ്സിൽ നിന്ന് രചിച്ച ജ്ഞാനപ്പാനയും സന്താനഗോപാലം പാനയും കേരളീയ മനസ്സിന്റെ മധുര മധുര സംഗീതവും ദാർശനികതയുടെ സുഗന്ധം പരത്തുന്നതുമായ കൃതികളാണ്. ക്രൈസ്തവ തത്വാവിഷ്കാരമായി വേദപുസ്തക സംബന്ധിയായി അർണ്ണോസുപാതിരി കാവ്യരീതിയിൽ രചിച്ച പുത്തൻ പാന പ്രസിദ്ധമാണ്. കീർത്തന സാഹിത്യത്തിന്റെ അടിസ്ഥാന തത്വമായ ഭക്തിയും ഗാനാത്മകതയും ചേർന്ന കാവ്യമാണ് എൻ. ശങ്കരനാചാരി രചിച്ച നി. വ. ദി. മ ശ്രീ മോറോൻ മാർ ബസ്സേലിയസ് ഗീവർഗീസും പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ സ്വർഗാരോഹണം.

'രാത്രിയിൽ ചന്ദ്രൻ വിളങ്ങുന്ന പോലങ്ങ്
ധാത്രിയിൽ പൊൻവിളക്കായിരുന്നു'

മലങ്കര സഭയിൽ പ്രാർത്ഥനയിൽ വിശ്വാസത്തിൽ നേതൃത്വത്തിൽ വിളക്കായി ശോഭിച്ചിരുന്ന പ. ബാവാ തിരുമേനി ഈശ്വരഭക്തി, ഭരണ നിപുണത, പ്രസന്നത, സാന്ത്വനസ്വഭാവം എന്നിങ്ങനെയുള്ള വൈശിഷ്ട്യങ്ങളുടെ കേദാരമായിരുന്നു.

യോഗീശ്വരനു ചേർന്ന പ്രാർത്ഥനയും നിഷ്ഠയും ജീവിതത്തിൽ പാലിച്ച് ആത്മീയ തേജസ്സിനാൽ മലങ്കര സഭയിൽ ശോഭിച്ച പ. പിതാവിന്റെ ഗുണഗണങ്ങൾ തലമുറകൾക്ക് പകരുന്ന കാവ്യപൂജയാണ് 'സ്വർഗാരോഹണം' നവീകരണ പ്രസ്ഥാനങ്ങളുടെ കടന്നു വരവും അധികാര സംബന്ധമായ പ്രശ്നങ്ങളും മലങ്കര സഭയെ അസ്വസ്ഥമാക്കിയ ഇരുപതാം നൂറ്റാണ്ടിന്റെ ആമുഖ ദശകങ്ങളിൽ ആത്മീയ പ്രകർഷത്താൽ സുധീരവും സുശക്തവുമായ നേതൃത്വം നൽകിയ പ. പിതാവ് അജഗണങ്ങളുമായി സുദൃഢമായ ബന്ധം പുലർത്തിയിരുന്നു.

അഹിതര സാധാരണമായ ബുദ്ധിവൈഭവം കൊണ്ടും തീഷ്ണമായ വിശ്വാസം കൊണ്ടും നേതൃത്വപാടവം കൊണ്ടും മലങ്കര സഭയെ നയിച്ച പ. തിരുമേനി നാടിന്റെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കി പല പദ്ധതികൾക്കും മാർഗ്ഗ നിർദ്ദേശം നല്കി. മലങ്കരസഭ

യുടെ പരിപാവനതയും വിശ്വാസ സത്യങ്ങളും പരിപാലിക്കുവാൻ പ്രാർത്ഥനയിൽ ശ്രമിച്ച പ. പിതാവ് മലങ്കര സഭയിൽ പ്രത്യാശാ നിർഭരമായ അന്തരീക്ഷം സൃഷ്ടിച്ചു.

വള്ളിക്കാട്ട് മേട പണിയുവാൻ നിയുക്തനായ ശങ്കരനാശാരിയുടെ മനസ്സിൽ നിലകൊണ്ട അതുല്യഭാസുരമായ പ. പിതാവിനെ ഈ പാനയിൽ നിന്ന് മനസ്സിലാക്കാം. പ. തിരുമേനിയുടെ ചാരത്തു നിന്ന് വിവിധ കാര്യങ്ങൾ മനസ്സിലാക്കിയും വാസ്തുവിദ്യാ നിപുണനായിരുന്ന പ. പിതാവിൽ നിന്ന് മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ചും വന്ദ്യപിതാവിന്റെ ആത്മീയ തേജസ്സും മാനവികതാബോധവും തിരിച്ചറിഞ്ഞ വ്യക്തിയാണ് ശങ്കരനാചാരി. അദ്ദേഹത്തിന് പ. ബാവാ തിരുമനസ്സിനോടുണ്ടായിരുന്ന ഭക്ത്യാദരവും പ. പിതാവിന്റെ വേർപാടിലുള്ള ദുഃഖാതിരേകവും വ്രതശുദ്ധിയാൽ ശക്തനായിരുന്ന പ. പിതാവിന് സഭയിലും നാട്ടിലുമുള്ള സ്ഥാനവും ഈ പാനയിൽ വിവരിച്ചിട്ടുണ്ട്.

യേശുമഹേശനെ കൂപ്പുന്നിതാദരാൽ
കന്നി മറിയാമേ പാഹി പാഹി

എന്നാരംഭിക്കുന്ന കാവ്യാർച്ചന പ. പിതാവിന്റെ അന്ത്യ ദിനങ്ങൾ കബറടക്ക ശുശ്രൂഷകൾ തുടങ്ങിയവ വ്യക്തമാക്കുന്നു.

ബാലരായുള്ളൊരെൻ ലീലയാണീഗാഥ എന്ന് ആമുഖത്തിൽ തന്നെ ആവിഷ്കരിച്ചിട്ടുള്ളതിൽ നിന്ന് ശങ്കരനാചാരിയുടെ വിനയാന്വിതമായ സ്വഭാവമഹിമ തെളിയുന്നു. കവിയുടെ ദുഃഖത്തിൽ നിന്ന് ഉരുവം കൊണ്ട മുത്തുകളാകുന്ന വാക്കുകളാൽ കൊരുത്ത ഈ കാവ്യാർപ്പണത്തിൽ പ. പിതാവിന്റെ അന്ത്യദിനങ്ങളും യാത്രയയപ്പും ജനമനസ്സുകളിൽ സൃഷ്ടിച്ച ദുഃഖാതിരേകത്തെ സ്പഷ്ടമാക്കുന്നു.

പ. പിതാവിനുണ്ടായ കലശലായ ഉദരരോഗവും ചികിത്സക്കായി തിരുവനന്തപുരത്തേക്കുള്ള യാത്രയും നെയ്യൂർ ആശുപത്രിയിലെ പ്രഗത്ഭരായ ഡോക്ടർമാരുടെ ചികിത്സാവിധികളും ഈ കാവ്യത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. വൈദ്യശാസ്ത്രത്തിൽ നിപുണരായവരുടെ വിദഗ്ദ്ധ ചികിത്സയിൽ ഉദരരോഗം കുറഞ്ഞെങ്കിലും പെട്ടെന്നുണ്ടായ രോഗത്താൽ പ. പിതാവ് ഇഹലോകവാസം വെടിഞ്ഞു. ജനങ്ങളുടെ ദുഃഖം കരകവിഞ്ഞൊഴുകിയതായി കവിതയിൽ കാണാം.

'ആസ്പത്രി തന്നിലുള്ളാളുകളൊക്കെയും
വാവിട്ടലറിക്കരഞ്ഞീടുന്നു
പെട്ടെന്നു ലോകം മറിഞ്ഞതു പോലൊരു
മട്ടിലങ്ങാളുകൾ ദുഃഖമോടെ' എന്നിങ്ങനെയുള്ള വരികൾ പ. പിതാവി

നോട് ജനങ്ങൾക്കുണ്ടായിരുന്ന ബന്ധത്തെ ഹൃദയസ്പൃക്കായി വ്യക്തമാക്കിയിരിക്കുന്നു.

പ. പിതാവിന്റെ ഭൗതിക ശരീരം സ്ഥാന വസ്ത്രങ്ങൾ അണിയിച്ച് തിരുവാംകോടും കൊണ്ടു വരികയും ജനങ്ങൾ ദുഃഖത്തോടും കണ്ണുനീരോടും യാത്ര പറയുകയും മൃതശരീരം ഒരു നോക്കു കാണുന്നതിന് തിരുവനന്തപുരം മുതൽ വാകത്താനം വരെ വിവിധ സ്ഥലങ്ങളിൽ കൂടി വരികയും ചെയ്തു. ചെങ്ങന്നൂരിലും മറ്റും പ. പിതാവിന് വികാരനിർഭരമായ അന്ത്യോമപചാരം അർപ്പിച്ചതായി കാവ്യത്തിലുണ്ട്. പ. ബാവാ തിരുമനസ്സിനോടുള്ള ഭക്ത്യാദരവും സ്നേഹവും പ്രതിഫലിപ്പിക്കുന്ന നിരവധി സന്ദർഭങ്ങൾ പാനയിൽ ആവിഷ്കരിച്ചിട്ടുണ്ട്.

ജാതിക്കും മതത്തിനും അതീതമായി മനുഷ്യ നന്മ ലാക്കാക്കി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തപാലാപ്പീസ്, വിവിധ സഞ്ചാരമാർഗ്ഗങ്ങൾ തുടങ്ങിയവക്ക് തുടക്കം കുറിക്കുന്നതിന് നേതൃത്വം നൽകിയ പ. പിതാവിന്റെ ഭൗതിക ശരീരം ഒരു നോക്കു കാണുവാൻ നാനാജാതിമതസ്ഥർ വന്നെത്തിയിരുന്നു.

ഈഴവർ ചേരമരാശാരിമാർകളും
നമ്പൂരി നായരുമെന്നു വേണ്ട
എല്ലാ ജനങ്ങളുമൊന്നു പോൽ സന്തപി
ച്ചന്ധത പൂണ്ടിടുന്നാകമാനം

ദൈവികസ്നേഹം മനുഷ്യ നന്മയ്ക്കായിരിക്കണമെന്ന് പ. പിതാവിനുണ്ടായിരുന്ന ജിജ്ഞാസയും പുരോഗമചിന്തയും ക്രിയാത്മകമായ പരിവർത്തനത്തിനു കാരണമാക്കിത്തീർത്തു.

നാടിന്റെ നാനാഭാഗത്തു നിന്നും എത്തിച്ചേർന്ന മേൽപ്പട്ടക്കാർ, പട്ടക്കാർ ജനങ്ങൾ എന്നിവരെക്കൊണ്ട് വാകത്താനവും പരിസരവും ജനസമുദ്രമായി. പ. പിതാവിനെ അന്ത്യദർശനം കഴിഞ്ഞ് വരുന്ന ജനങ്ങളെക്കുറിച്ച് കവി വിശദമായി വർണ്ണിച്ചിരിക്കുന്നു.

അയ്യയ്യോ ദൈവമേ അപ്പോളുണ്ടായൊരു
കോലാഹങ്ങളെ ചൊല്ലിടുവാൻ
ആരാൽ കഴിയുന്നു നാവു കുഴങ്ങുന്നു
ആവതില്ലോതുവാനെല്ലാമിപ്പോൾ
..............................................................
പൊന്നു തിരുമേനി തന്നുടെ കുർബാന
ക്കാണുവാനിന്നിയും പോകണ്ടാല്ലോ.

ചിത്രകാരൻ ചിത്രം വരയ്ക്കുന്നതു പോലെ കാവ്യകർത്താവ് സംഭവങ്ങളുടെ ബഹുലതകളിൽ നിന്ന് സംവിധാന ഭംഗിയിൽ സജീവതയോടെ

പ. പിതാവിന്റെ അന്ത്യരംഗങ്ങൾ പകർത്തിയിരിക്കുന്നു. പ. പിതാവിനോടുണ്ടായിരുന്ന ഭക്ത്യാദരവുകളുടെ ബഹിർസ്ഫുരണമായ ഈ ചെറുകാവ്യം ഏതു വായനക്കാരനെയും ഭൂതകാലത്തിലേക്ക് ആനയിക്കുവാനും പ. ബാവാ തിരുമേനിയുടെ ശ്രേഷ്ഠതകൾ മനസ്സിലാക്കുവാനും ആത്മീയാചാര്യന്റെ സമീപത്തു ചെന്ന പ്രതീതി ഉണർത്തുവാനും സഹായിക്കുന്നു.

ചരിത്രത്തിന്റെ വളക്കൂറുള്ള മണ്ണിൽ നിന്നാണ് സംസ്കാരം പൂവണിയുന്നത്. പ്രാർത്ഥനാനിമഗ്നവും സാമൂഹിക പുനരുദ്ധാരണവും ലക്ഷ്യമാക്കി ജീവിച്ച പ. പിതാവിന്റെ പ്രാർത്ഥനയുടെയും പാദസ്പർശത്തിന്റെയും പ്രവർത്തനത്തിന്റെയും ഫലമായി പുണ്യഭൂമിയായി മാറിയ വള്ളിക്കാടിന്റെ വിശുദ്ധി ഉത്തരോത്തരം പ്രകാശിക്കുമ്പോൾ പ. പിതാവിനെ അടുത്തറിഞ്ഞ ശങ്കരനാചാരിയുടെ പാന ആത്മീയ ചൈതന്യം വായനക്കാരിലേക്ക് സംക്രമിപ്പിക്കുന്നു.

ഭൂതകാലത്തെ വർത്തമാന കാലത്തിലും അതുവഴി ഭാവികാലത്തേക്കും സമന്വയിക്കുന്ന ഈ കൃതി വള്ളിക്കാട്ടു ദയറായിൽ കബറടങ്ങിയിരിക്കുന്ന സാന്ത്വനസാന്നിദ്ധ്യത്തെ ഭക്തരുടെ മനസ്സിൽ പ്രകാശമാനമാക്കുവാൻ സഹായിക്കും. വർണ്ണനയുടെ വൈശിഷ്ട്യത്തേക്കാൾ കാവ്യവിഷയത്തോടുള്ള ബന്ധാതിരേകമുള്ള ഈ കാവ്യം പ. പിതാവിന്റെ സ്മരണയ്ക്കു മുൻപിൽ ഭക്തമനസ്സിൽ നിന്നും സമർപ്പിതമായ അർച്ചനയാണ്.

❑

Malankara Orthodox TV

# ദിവ്യ മഹാദീപ്തി

## സഭാകവി സി. പി. ചാണ്ടി

a വാനോർ നാടിന്റെ
വാരൊളിയാൽ മിന്നും
വാകത്താനത്ത്
കാരുചിറത്തറവാട്ടിലുദി-
ച്ചത്ഭുത കാന്തിയിലാറാടി
വള്ളിക്കാട്ടിലുയർന്ന ജഗ-
ന്മോഹന വെള്ളിത്താരകമേ!
ചൊരിയണമേ - ദിവ്യമഹാദീപ്തി.

b പേർഷ്യാനാട്ടിൽ നി-
ന്നിക്കേരള ഭൂവിൽ
സംസ്ഥാപിതമായ
സിംഹാസന മതിലുജ്വലനായ്
വാണരുളിയ മഹിതാചാര്യാ!
പാവനനാം ബസേലിയോസ്
ഗീവർഗീസ് പ്രഥമൻ ബാവാ!
ഓർക്കണമേ ഞങ്ങളെയെന്നാളും.

c പ്രാർത്ഥനയും നോമ്പും
ജീവശ്വാസം പോൽ
കരുതിയ പരിശുദ്ധാ!
കഠിന തപസ്സാലാത്മബലം
മേന്മേൽ നേടിയ മുനിവരനേ!
പാവനനാം ബസേലിയോസ്
ഗീവർഗീസ് പ്രഥമൻ ബാവാ!
ഓർക്കണമേ - ഞങ്ങളെയെന്നാളും.

d വിമല മലങ്കരയാം
വിശ്രുത മാതാവിൻ
വീരതനൂജന്മാർ
വാഴും വാകത്താനത്തിൽ

Malankara Orthodox TV

ദക്ഷിണദിക്കിനു ഭൂഷണമായി
വിലസും നിർമ്മല നിലയത്തിൽ
വിശ്രമമേൽക്കും പുണ്യനിധേ!
ഓർക്കണമേ – ഞങ്ങളെയെന്നാളും.

e ഉഗ്രനവീകരണ
ചുഴലിക്കാറ്റടിയാൽ
ജനമഴലാർന്നപ്പോൾ
ഓർത്തോദുക്സോ വിശ്വാസം
തീർത്തുമപങ്കിലമായ് കാപ്പാൻ
സന്ധിവിഹീനം സമരത്തി–
ന്നുൽസുകനായൊരു സേനാനീ!
ഓർക്കണമേ – ഞങ്ങളെയെന്നാളും.

f ഏവനുമുള്ളിലഹോ–
നല്ലേ കാന്തത ത–
ന്നുല്ലാസം നൽകും
വള്ളിക്കാട്ടേ ദയറായാം
മുന്തിരിവള്ളിക്കുടിലിലിന്മേൽ
കാന്തി ചൊരിഞ്ഞൊരു തൂവെള്ളി–
പ്രാവേ! ശാന്തിനികേതനമേ!
ഓർക്കണമേ – ഞങ്ങളെയെന്നാളും.

g കാതോലിക്കാ....
സിംഹാസനമെന്ന
വിലതീരാത്ത നിധി
സകലാനുഗ്രഹദായകമാം
മണിയറ, യക്ഷയ നിക്ഷേപം
സുചിര നിരന്തരമായി കാത്ത
പുണ്യ പിതാവാം ബാവായേ
ഓർക്കണമേ ഞങ്ങളെയെന്നാളും.

h വിനയാധിക്യത്താൽ
സ്ഥാനപ്രാപ്തികളിൽ
സങ്കടമാർന്നോനേ!
നിറയും ദൈവസ്നേഹത്താൽ
സന്തത സേവന തൽപരനായ്
സ്വർഗ്ഗീയാക്ഷയ നിക്ഷേപം
നേടിയ നിസ്തുല ഭാഗ്യനിധേ!
ഓർക്കണമേ – ഞങ്ങളെയെന്നാളും.

❑

Malankara Orthodox TV

# ദളം 5

# പുണ്യ സ്മൃതി

**(പ. ബാവായെക്കുറിച്ചുള്ള സ്മരണകളും**

**അനുഭവ സാക്ഷ്യങ്ങളും)**

# സഭയുടെ ആത്മ ചൈതന്യം

## ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

പരിശുദ്ധന്മാരായ പിതാക്കന്മാർ അന്ത്യവിശ്രമം കൊള്ളുന്ന ദേവലായങ്ങൾ നാടിനും, സഭയ്ക്കും എന്നെന്നും ആത്മിയ ചൈതന്യമായി ശോഭിക്കും. അത്തരത്തിലുള്ള പുണ്യ കേന്ദ്രങ്ങൾ ശരിയായ പരിരക്ഷയില്ലാതെ കുറെ കാലങ്ങൾ പിന്നിടേണ്ടി വന്നാലും അവ പ്രകാശിതമാകേണ്ടത് ദൈവേഷ്ടമാണ്. ഇന്ന് സഭയുടെ ആത്മിയ കേന്ദ്രങ്ങളിലൊന്നായി ഉയർന്നു വന്നിട്ടുള്ള വള്ളിക്കാട്ട് ദയറ ഏറ്റവും നല്ല ദൃഷ്ടാന്തമാണ്. പരിശുദ്ധനായ പരുമല തിരുമേനിയെപ്പോലെ, ഒരു താപസ ശ്രേഷ്ഠനാണ് അവിടെ കബറടങ്ങിയിരിക്കുന്നത്. ആ അന്തരീക്ഷം തന്നെ പരിശുദ്ധന്റെ ഓർമ്മകളിൽ അനുഗ്രഹിതമാണ്. പരിശുദ്ധനായ ബാവായുടെ മദ്ധ്യസ്ഥത എക്കാലവും വിശ്വാസികൾക്ക് ആശ്രയമാണ്.

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ പ്രത്യേകമായ ശ്രദ്ധയാണ് വള്ളിക്കാട്ട് ദയറായെ ഈ നിലയിലുള്ള പുരോഗമനത്തിന്റെ പാതയിലെത്തിച്ചത്. തിരുമനസ്സ് കല്പിച്ചു ചുമതലപ്പെടുത്തിയ ഔഗേൻ റമ്പാച്ചൻ, ആ ചുമതല ഭംഗിയായി നിറവേറ്റുന്നുമുണ്ട്. ദയറായും, ചുറ്റുപാടുകളും സൂക്ഷിക്കുന്നതിൽ സമീപവാസികളും വളരെയേറെ ശുഷ്കാന്തി കാണിക്കുന്നുണ്ട്. ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ആ കബറിടത്തിൽ പ്രാർത്ഥിക്കുന്ന പതിവ് എനിക്കുണ്ട്. അവസരം കിട്ടുമ്പോൾ ദയറായിൽ താമസിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്യുവാൻ കഴിയുന്നത് അനുഗ്രഹകരമാണ്. കബറിടത്തിൽ അല്പസമയം പ്രാർത്ഥനാനിരതനായിരിക്കുമ്പോൾ ലഭിക്കുന്ന അനുഭവം അവാച്യമാണ്.

എല്ലാ ദിവസവും മുടങ്ങാതെ ആരാധന നടക്കുന്നുണ്ടെന്നതാണ് ദയറായുടെ പ്രത്യേകത. നോമ്പുകാലങ്ങളിൽ വെള്ളിയാഴ്ച തോറും നടക്കുന്ന പ്രാർത്ഥനകളിൽ പങ്കെടുക്കുവാൻ ധാരാളം ആളുകൾ ഇവിടെയെത്തുന്നു. ദയറായുടെ വളർച്ച വാകത്താനത്തിന്റെ തന്നെ വളർച്ചയാണ്. പ. ബാവാ വാകത്താനത്തിന്റെ കാവൽ പിതാവാണ്. ഈ ദയറായുടെ ആരംഭം (മാർ ബസ്സേലിയോസ് ദയറാ, ഞാലിയാകുഴി) വള്ളിക്കാട്ട് ദയറായോടു ബന്ധപ്പെട്ടാണെന്നതും എടുത്തു പറയേണ്ടതാണ്. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ പ. ബാവായുടെ 66-ാം ഓർമ്മപ്പെരുന്നാളിൽ എല്ലാവരും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് ഓർമ്മിപ്പിക്കേണ്ട ചുമതല കൂടിയെനിക്കുണ്ട്.

# പാമ്പാടി തിരുമേനിയും വാകത്താനത്തു ദയറായും

## പി. സി. യോഹന്നാൻ റമ്പാൻ

താപസവര്യനായ പാമ്പാടി മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് എന്നും വാകത്താനത്ത് ദയറാ പ്രാർത്ഥനാ സങ്കേതമായിരുന്നു. പാമ്പാടി ദയറാ അന്തരീക്ഷം പോലെ ഗ്രാമീണ ശാന്തിയാൽ അനുഗ്രഹീതമായ വാകത്താനത്തു ദയറായിൽ തിരുമേനി ആഴ്ചകളോളം താമസിക്കാറുണ്ടായിരുന്നു. തിരുമേനിയുടെ ഡയറിക്കുറിപ്പുകളിൽ വാകത്താനത്ത് ദയറായുടെ പേര് നിറഞ്ഞു നില്ക്കുന്നു. പ. ബാവാ കാലം ചെയ്ത ശേഷം എല്ലാ ഓർമ്മപ്പെരുന്നാളിനും തിരുമേനി ദയറായിൽ താമസിച്ചു നേതൃത്വം കൊടുത്തിരുന്നു.

വൈദിക പഠനത്തിന്റെ ആദ്യകാലത്തുതന്നെ ആരംഭിച്ച ആ സ്നേഹബന്ധം സുദൃഢമായിരുന്നു. സഭാ കാര്യങ്ങൾക്കുവേണ്ടിയുള്ള യാത്രകൾ പലതും അവരൊരുമിച്ചായിരുന്നു. തൃക്കുന്നത്തു സെമിനാരിയിലെത്തിയ പാത്രിയർക്കീസ് ബാവായെ കാണുവാൻ പോയതും ഇരുവരും കൂടിയായിരുന്നു. എറണാകുളം വരെ ബോട്ടിലും പിന്നീട് തീവണ്ടിയിലും നടത്തിയ ആ രസകരമായ യാത്രയെപ്പറ്റി തിരുമേനി എന്നോട് പറഞ്ഞിട്ടുണ്ട്. വാകത്താനത്തു ബാവായാണ് പാമ്പാടി ദയറായുടെ കൂദാശ നിർവ്വഹിച്ചതെന്നു തന്നെ ആ സൗഹൃദത്തിനു ദൃഷ്ടാന്തമാണ്.

വാകത്താനത്തു ബാവായെക്കുറിച്ച് പരിശുദ്ധൻ എന്ന് തിരുമേനി പറയാറുണ്ടായിരുന്നത് ഞാനിപ്പോഴും ഓർക്കുന്നു. പ്രാർത്ഥനയിലും ഉപവാസത്തിലും ജീവിതം ദൈവത്തിൽ സമർപ്പിച്ചവരായിരുന്നു ആ സുഹൃത്തുക്കൾ. അതുകൊണ്ടു തന്നെ വാകത്താനത്തു ദയറായും പാമ്പാടി ദയറായും ഇന്ന് മലമുകളിലെ ദീപം പോലെ സഭക്ക് ആത്മീയ പ്രകാശം ചൊരിഞ്ഞുകൊണ്ട് സ്ഥിതി ചെയ്യുന്നു.

തന്റെ ഉറ്റ സ്നേഹിതനും, സഭാസാരഥിയുമായ ബാവായുടെ മരണ വാർത്ത തിരുമേനിയെ വല്ലാതെ വേദനിപ്പിച്ചു. ആ സൗഹൃദത്തിന് കോട്ടം തട്ടാതിരിക്കത്തക്കവിധം പ. ബാവാ കാലം ചെയ്ത ശേഷവും തിരുമേനി ഇടയ്ക്കിടെ വാകത്താനത്തെത്തുകയും പ്രാർത്ഥനകൾ നടത്തുകയും ചെയ്തിരുന്നു. ഓർമ്മപ്പെരുന്നാളുകൾക്ക് തിരുമേനിയോടൊപ്പം പോകാൻ ഭാഗ്യം സിദ്ധിച്ചത് എന്റെ മനസ്സിലിന്നുമുണ്ട്. പാമ്പാടി തിരുമേനി ഏറ്റവും സ്നേഹിച്ച പ്രാർത്ഥനാലയമായിരുന്നു വാകത്താനത്തു ദയറാ.

# ദൈവത്തിന്റെ തൃക്കയ്യിൽ ഇരിക്കുന്ന മഹാവിശുദ്ധൻ

## പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര
(സഭാ ട്രസ്റ്റി, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ)

നിശയുടെ നിശബ്ദതയിലും വിജന മരുഭൂമിയുടെ ഏകാന്തതയിലും ഇരുന്നുകൊണ്ട് ഈശ്വര സാക്ഷാത്ക്കാരം പ്രാപിച്ച മഹർഷീശ്വരന്മാരുടെ നിരയിലേക്ക് വ്രതാനുഷ്ഠാനങ്ങളുടെയും സ്വയം സമർപ്പണത്തിന്റേയും അഗ്നിതേജസ്സുമായി കടന്നുവന്ന യതിവര്യനാണ് മലങ്കരയുടെ രണ്ടാം കാതോലിക്കാ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ തിരുമേനി. നവീകരണ വിശ്വാസം ഉയർത്തിയ കോളിളക്കങ്ങൾ സഭാന്തരീക്ഷത്തിൽ നിന്ന് ക്രമേണ മാറിവരുന്ന ഘട്ടത്തിൽത്തന്നെ മറ്റൊരു വലിയ പ്രതിസന്ധി യിലേക്ക് മലങ്കരസഭ ചെന്നെത്തുന്ന കാഴ്ചയാണ് 19-ാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ നാം അഭിദർശിക്കുന്നത്. മലങ്കരസഭയുടെ ലൗകീകാ ധികാരം കൈയടക്കുവാൻ വേണ്ടി പത്രോസ് ത്രിതീയൻ തുടങ്ങിവച്ച ശ്രമം മാർ അബ്ദുള്ളാ ദ്വിതീയനിലെത്തിയപ്പോൾ പൂർണ്ണരൂപം പ്രാപിച്ചതോടെ സഭാഗാത്രത്തിൽ പുതിയൊരു പിളർപ്പു കൂടി സംജാതമായി.

1912 ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുകയും ഒന്നാമത്തെ പൗരസ്ത്യ കാതോലിക്കായെ വാഴിക്കുകയും ചെയ്തുവെങ്കിലും സഭാന്ത രീക്ഷം ഏറെ കലുഷിതമായിത്തന്നെ നിലനിന്നു. പരിശുദ്ധ ബസ്സേലി യോസ് പൗലൂസ് പ്രഥമൻ ബാവാ കാലം ചെയ്തതിനെ തുടർന്ന് ഈ മഹോ ന്നത സ്ഥാനത്തേക്ക് പരിശുദ്ധാത്മാവ് നിയോഗിച്ചത് പ. ഗീവർഗീസ് പ്രഥമൻ ബാവായെയാണ്. പരിശുദ്ധ ബാവാ തിരുമേനിയുമായി എനിക്ക് വളരെ അടുത്ത കുടുംബബന്ധമാണ് ഉള്ളത്. എന്റെ പിതാമഹിയുടെ സഹോദര പുത്രനായിരുന്നു അദ്ദേഹം. ചെറുപ്പകാലത്ത് വിദ്യാഭ്യാസം നേടുന്നതിനായി കോട്ടയം ഗവ. ഇംഗ്ലീഷ് സ്കൂളിൽ ചേർന്നപ്പോൾ ഞങ്ങളുടെ തറവാടായ മാളികയിൽ വീട്ടിൽ വന്നു താമസിച്ചിരുന്നതായി ഞാൻ പറഞ്ഞു കേട്ടി ട്ടുണ്ട്. പഠനത്തിൽ അതീവ സമർത്ഥനായിരുന്ന ഇദ്ദേഹം ഇംഗ്ലീഷ്, സുറി യാനി എന്നീ രണ്ടു ഭാഷകളിലും പ്രാവീണ്യം നേടി. തുടർന്ന് വട്ടശ്ശേരിൽ ഗീവർഗീസ് മൽപ്പാന്റെയും കോനാട്ട് മാത്തൻ മല്പാന്റെയും ശിക്ഷണത്തിൽ വൈദികപഠനം പൂർത്തിയാക്കി. പല പ്രാവശ്യം അദ്ദേഹത്തെ മേല്പട്ട

Malankara Orthodox TV

സ്ഥാനത്തേക്ക് സഭാ നേതൃത്വം ക്ഷണിച്ചുവെങ്കിലും അദ്ദേഹം അത് സ്വീകരിച്ചില്ല. എന്നാൽ അഹറോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വയമേ എടുക്കുന്നില്ലായെന്ന് വിശുദ്ധ വേദപുസ്തകത്തിൽ പറയുന്നതുപോലെ, ഒടുവിൽ സഭാനേതൃത്വത്തിന്റെ തീരുമാനത്തിന് വിധേയപ്പെട്ട് അദ്ദേഹം മേൽപ്പട്ടസ്ഥാനവും പിന്നീട് പൗരസ്ത്യ കാതോലിക്കാസ്ഥാനവും സ്വീകരിക്കുകയാണുണ്ടായത്. ഒരു മേല്പട്ടക്കാരനെന്ന നിലയിലും, പൗരസ്ത്യ കാതോലിക്കായെന്ന നിലയിലും തിളക്കമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ പരിശുദ്ധ ബാവായ്ക്ക് കഴിഞ്ഞുവെന്നത് ഒരു ചരിത്രസത്യമാണ്.

പരിശുദ്ധ ബാവാ തിരുമേനി മെത്രാപ്പോലീത്താ ആയതിനുശേഷം പല പ്രാവശ്യം ഞങ്ങളുടെ കുടുംബവീട്ടിൽ വന്നിരുന്നു. അപ്പോഴൊക്കെ വീടിന്റെ മുറ്റം മുതൽ പായ വിരിച്ചാണ് അദ്ദേഹത്തെ സ്വീകരിച്ചിരുന്നത്. പ. ബാവാ തിരുമേനി വീട്ടിലേക്കു എഴുന്നെള്ളുന്നു എന്ന അറിവു കിട്ടുമ്പോൾ തന്നെ അതിനായി ഒരുക്കം തുടങ്ങുമായിരുന്നു. പ. ബാവാ തിരുമേനിയോട് അസാമാന്യമായ ഭക്തി ഞങ്ങളുടെ കുടുംബാംഗങ്ങൾ പുലർത്തിപ്പോന്നിരുന്നു.

പൗരസ്ത്യ കാതോലിക്കാസ്ഥാനം ഏറ്റ് അധികം താമസിക്കാതെ തന്നെ രോഗബാധിതനായിത്തീർന്ന അദ്ദേഹത്തെ നെയ്യൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തെ വാകത്താനത്തു നിന്നും ആശുപത്രിയിലേക്കു കൊണ്ടുപോയത് ഞങ്ങളുടെ കാറിലായിരുന്നു. പിള്ളേപ്പാ എന്ന പേരുള്ള ഡ്രൈവറായിരുന്നു കാർ ഓടിച്ചിരുന്നത്. പ. ബാവായുടെ ഓപ്പറേഷൻ വളരെ വിജയകരമായി നടന്നുവെന്നും അദ്ദേഹം സുഖം പ്രാപിച്ചു വരുന്നുവെന്നും പിള്ളേപ്പാ വന്ന് വലിയമ്മച്ചിയോട് പറഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. എന്നാൽ അപ്രതീക്ഷിതമായി ആ ജീവൻ പൊലിഞ്ഞത് മലങ്കരസഭയ്ക്ക് വലിയ ഒരു ആഘാതമായിരുന്നു. പരിശുദ്ധ ബാവായുടെ കബറടക്കം വാകത്താനത്തു വള്ളിക്കാട്ടു ദയറായിൽ അദ്ദേഹത്തിന്റെ സ്ഥാനമഹിമക്കുചിതമായി നടന്നതും അതിൽ ഞങ്ങളുടെ കുടുംബാംഗങ്ങളെല്ലാം സംബന്ധിച്ചിരുന്നതും എന്റെ സ്മരണയിലുണ്ട്.

ഒരു വിശുദ്ധൻ എന്ന നിലയിലാണ് പരിശുദ്ധ ബാവാ ജനഹൃദയങ്ങളിൽ അന്നു മുതൽ നിറഞ്ഞു നിന്നത്. പരിശുദ്ധ ബാവാതിരുമേനി അതീവ വിശുദ്ധിയാർന്ന ജീവിതം നയിച്ച വ്യക്തിയായിരുന്നുവെന്ന ചിന്ത വളരെ ചെറുപ്പം മുതൽ എന്റെ ഹൃദയത്തിൽ വേരുപിടിച്ചിരുന്നു. അതുകൊണ്ടു തന്നെ എത്ര തിരക്കുകൾ ഉണ്ടെങ്കിൽ പോലും ഞാനും എന്റെ കുടുംബാംഗങ്ങളും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളിൽ മുടങ്ങാതെ പങ്കെടുക്കും. അവിടെനിന്നു ലഭിക്കുന്ന നേർച്ച ഒരു അമൂല്യനിധിയായി കരുതി പ്രാർത്ഥനാപൂർവം ഭക്ഷിക്കുകയും ചെയ്തു വരുന്നു എന്നത് പ്രത്യേകം സ്മർത്തവ്യമാണ്.

Malankara Orthodox TV

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ മാനേജിംഗ് കമ്മറ്റി അംഗമായും സഭാ സെക്രട്ടറിയായും സഭാ ട്രസ്റ്റിയായും സുദീർഘ വർഷങ്ങൾ പ്രവർത്തിക്കുവാൻ ദൈവം എനിക്ക് ഭാഗ്യം തന്നിട്ടുണ്ട്. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ, പ. ഔഗേൻ പ്രഥമൻ ബാവാ, പ. മാത്യൂസ് പ്രഥമൻ ബാവാ, പ. മാത്യൂസ് ദ്വിതീയൻ ബാവാ എന്നീ പിതാക്കന്മാരോടൊപ്പം പ്രവർത്തിച്ചിരുന്ന സമയങ്ങളിൽ സഭാപിതാക്കന്മാരെക്കുറിച്ചും അവരുടെ വേദശാസ്ത്ര സംഭാവനകളെക്കുറിച്ചുമൊക്കെ ചില കാര്യങ്ങൾ മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. പല സന്ദർഭങ്ങളിലും ഈ പിതാക്കന്മാർ പ. ഗീവർഗീസ് പ്രഥമൻ ബാവാ അതീവ വിശുദ്ധ ജീവിതം നയിച്ചിരുന്ന വ്യക്തിയായിരുന്നുവെന്ന് പറഞ്ഞിട്ടുള്ളത് പ്രത്യേകം സ്മരണീയമാണ്.

വിശുദ്ധ വേദപുസ്തകത്തിൽ മോശ തന്റെ അന്ത്യസമയത്ത് ഇസ്രായേൽ മക്കളെ വിളിച്ച് ഇപ്രകാരം അനുഗ്രഹിച്ചതായി (ആവർത്തന പുസ്തകം 33:1-6) വിശുദ്ധ വേദപുസ്തകത്തിൽ നാം കാണുന്നു. "അവൻ പറഞ്ഞതെന്തെന്നാൽ, യഹോവ സീനായിൽ നിന്ന് വന്നു. അവർക്ക് സേയീരിൽ നിന്നും ഉദിച്ചു. പാറാൻ പർവ്വതത്തിൽ നിന്നും വിളങ്ങി. ലക്ഷോപലക്ഷം വിശുദ്ധന്മാരുടെ അടുക്കൽ നിന്നു വന്നു. അവർക്കു വേണ്ടി അഗ്നിമയമായൊരു പ്രമാണം അവന്റെ വലങ്കയ്യിൽ ഉണ്ടായിരുന്നു. അതെ, അവൻ ജനത്തെ സ്നേഹിക്കുന്നു. അവന്റെ സകല വിശുദ്ധന്മാരും തൃക്കയ്യിലിരിക്കുന്നു." വ്രതവിശുദ്ധിയാർന്ന ജീവിതം കൊണ്ട് ദൈവസന്നിധിയിലിരിക്കുന്ന മഹാ പരിശുദ്ധനായ ഗീവർഗീസ് പ്രഥമൻ ബാവായുടെ പ്രാർത്ഥന നമുക്ക് കോട്ടയും കാവലുമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

Malankara Orthodox TV

# ചരിത്രം കുറിച്ച ആത്മ മിത്രങ്ങൾ

## കെ. കെ. വർക്കി കൊച്ചേരിൽ

1065 ഇടവമാസം 20-ാം തീയതി മലങ്കരയുടെ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തിയ രണ്ടു മഹാരഥന്മാർ വൈദിക പദവിയുടെ ആദ്യ ചവിട്ടുപടികൾ കയറി. ഇടവക സന്ദർശനാർത്ഥം കുറിച്ചിപ്പള്ളിയിലെത്തിയ കടവിൽ അത്താനാസ്യോസ് തിരുമേനിയായിരുന്നു കാർമ്മികൻ. തിരുമനസ്സിലെ സെക്രട്ടറിയായ ഗീവർഗീസ് ശെമ്മാശ്ശന് 'യൗഫ്പദിയോക്കിനോ' പട്ടവും കല്ലിശ്ശേരിൽ പുന്നൂസ് എന്ന ബാലൻ ആദ്യപടിയായ 'കോറൂയോ' പട്ടവും അന്ന് നൽകപ്പെട്ടു. കടവിൽ തിരുമനസ്സിലെ ദൈവിക കരങ്ങളിൽ നിന്ന് പരിശുദ്ധാത്മ നൽവരങ്ങൾ ഏറ്റുവാങ്ങിയ ബാലന്മാർ പില്ക്കാലത്ത് മലങ്കരസഭയെ നയിക്കുവാനുള്ള രണ്ടാമത്തേയും മൂന്നാമത്തേയും കാതോലിക്കാമാരാകുമെന്ന് പള്ളിയിൽ കൂടിയിരുന്നവരാരും കരുതിയിരിക്കില്ല. ആരാധനയ്ക്കുശേഷം ശെമ്മാശന്മാർ പരസ്പരം ആശ്ലേഷണത്തോടെ പിരിഞ്ഞു.

ആ അവസ്മരണീയ മുഹൂർത്തത്തിലാരംഭിച്ച സൗഹൃദം ജീവിതാവസാനം വരെ ഇരുവരും തുടർന്നു. തന്റെ മുൻഗാമിയുടെ കബറിടത്തിൽ എത്തി പ്രാർത്ഥന നടത്തുന്നതിൽ പ. ഗീവറുഗീസ് ദ്വിതീയൻ ബാവ പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. തിരുമേനിക്കെന്നും വാകത്താനത്തെ ബാവാ വഴികാട്ടിയും സുഹൃത്തുമായിരുന്നു. പ. ഗീവറുഗീസ് പ്രഥമൻ ബാവായുടെ ഓർമ്മക്കുറിപ്പുകൾ തന്നെ കല്ലാശ്ശേരിൽ തിരുമേനിയോടുള്ള സ്നേഹം വ്യക്തമാക്കുന്നുണ്ട്.

1072-ൽ ചിങ്ങം 15-ാം തീയതി അങ്കമാലി അകപ്പറമ്പ് പള്ളിയിൽ വച്ചു റമ്പാൻ സ്ഥാനലബ്ധിക്കുശേഷം നടന്ന ആദ്യബലിയിലും കല്ലാശ്ശേരിൽ പുന്നൂസ് ശെമ്മാശൻ എത്തിയിരുന്നു. ധൂപക്കുറ്റി വീശിയതും ശെമ്മാശനായിരുന്നു. അങ്ങനെ ദൂരദേശങ്ങളിലുള്ള പള്ളികളിൽ പോകുമ്പോൾ സുഹൃത്തുക്കൾ ഒരുമിച്ചായിരിക്കും യാത്ര.

ഒന്നാമത്തെ കാതോലിക്കാബാവാ കബറടങ്ങിയപ്പോൾ മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിൽ തിരുമേനി അന്നുണ്ടായിരുന്ന മെത്രാപ്പോലീത്തന്മാരിൽ യുയാക്കിം മാർ ഈവാനിയോസ് അനാരോഗ്യവാനായി കിടപ്പായിരുന്നതുകൊണ്ട് കാലശേഷവും മറ്റു രണ്ടു പേരോടും പിൻഗാമിയെ

പ്പറ്റിയുള്ള തന്റെ ആഗ്രഹം അറിയിച്ചു. വാകത്താനത്തെ മെത്രാച്ചൻ പ്രായക്കൂടുതലും അനാരോഗ്യകാരണവും പറഞ്ഞ് കല്ലാശ്ശേരിൽ മെത്രാച്ചന്റെ പേര് നിർദ്ദേശിച്ചു. തിരുമേനിയാകട്ടെ തനിക്ക് പ്രായക്കുറവാണെന്നു പറഞ്ഞ് വാകത്താനത്തെ മെത്രാച്ചന്റെ പേരു നിർദ്ദേശിച്ചു. ആദിമ സഭയിലെ പാരമ്പര്യമനുസരിച്ച് അവസാനം പേരെഴുതി ചീട്ടിട്ടു. ചീട്ട് വാകത്താനത്തു പീലക്സിനോസ് മെത്രാച്ചന് വീണു. കാതോലിക്കാസ്ഥാന നിർദ്ദേശത്തിൽപ്പോലും പരസ്പര ബഹുമാനത്തിലും സ്നേഹത്തിലും നിറഞ്ഞ ആത്മബന്ധം കണ്ടെത്താൻ കഴിയും.

രോഗചികിത്സയ്ക്കായി നെയ്യൂർക്ക് പോയപ്പോഴും കല്ലാശ്ശേരിൽ തിരുമേനി കൂടെയുണ്ടായിരുന്നു. ഓപ്പറേഷൻ കഴിഞ്ഞും തിരുമേനി ശുശ്രൂഷകനായി നിന്നു. പ. ബാവാ കാലം ചെയ്ത വാർത്തയറിഞ്ഞു തിരുമേനി ദുഃഖം അടക്കാനാവാതെ പൊട്ടിക്കരഞ്ഞുപോയി. നന്നേ ചെറുപ്പം മുതൽ തുടങ്ങിയ ആ സ്നേഹബന്ധത്തിലെ ശക്തമായ കണ്ണി യോജിപ്പിക്കാനാവാത്തവിധം വേർപെട്ടിരിക്കുന്നു. ആ ദുഃഖം അദ്ദേഹത്തിനു താങ്ങാവുന്നതിലധികമായിരുന്നു.

വള്ളിക്കാട്ടു ദയറായിലേക്കു കൊണ്ടുവന്ന മൃതദേഹത്തോടൊപ്പം ദുഃഖം ഉള്ളിലൊതുക്കി കല്ലാശ്ശേരിൽ തിരുമേനി ഇരിപ്പുണ്ടായിരുന്നു. കബറടക്കദിവസം ദയറായിൽ തിരുമേനി വി. കുർബ്ബാന അർപ്പിച്ചു. തുടർന്നു നടന്ന കബറടക്ക ശുശ്രൂഷയ്ക്കും തിരുമേനി നേതൃത്വം നൽകി. ബാവായ്ക്കുവേണ്ടി നടന്ന യാത്ര ചോദിക്കൽ സമയത്ത് ആ ശബ്ദം പോലും പതറിപ്പോയി.

നാൽപതാം അടിയന്തിരം വരെ എല്ലാ കാര്യങ്ങൾക്കും തിരുമേനി ദയറായിൽ ദയറായിൽ തന്നെയുണ്ടായിരുന്നു. അന്ന് നിരണം ഭദ്രാസന മെത്രാപ്പോലീത്തായായ തിരുമേനിയുടെ അടിയന്തിരത്തെക്കുറിച്ചുള്ള കല്പന തന്നെ അഭേദ്യമായ ആ സ്നേഹബന്ധത്തിന് ദൃഷ്ടാന്തമാണ്. പിന്നീട് കാതോലിക്കാ ആയ ശേഷവും തിരുമേനി ദയറായിൽ എത്തി തന്റെ മുൻഗാമിയുടെ കബറിടത്തിൽ മുടങ്ങാതെ പ്രാർത്ഥന നടത്തിയിരുന്നു.

MalankaraOrthodox.TV

# സന്യാസ ശ്രേഷ്ഠനായ ദ്വിതീയ കാതോലിക്കാ ബാവാ

## ഫാ. ജേക്കബ് കരിങ്ങണാമറ്റത്തിൽ

ഞാൻ ആ ദിവസം ഓർക്കുകയാണ്! 48 വർഷങ്ങൾക്കു മുമ്പ് വൃശ്ചിക മാസത്തിലെ മരം കോച്ചുന്ന പ്രഭാതം. അന്നൊരു ശനിയാഴ്ചയായിരുന്നു. തിരുമനസ്സുകൊണ്ട് തന്നെ ആസ്ഥാനമായ വള്ളിക്കാട്ടു ദയറായിൽ വെളുപ്പിനു തന്നെ വി. കുർബ്ബാന അർപ്പിച്ചു. ചാർച്ചയിൽപ്പെട്ടവരും അല്ലാത്തവരുമായി ധാരാളം ആളുകൾ അന്ന് തടിച്ചു കൂടിയിരുന്നു. കുർബാന മദ്ധ്യേ തിരുമനസ്സുകൊണ്ട് ഗദ്ഗദ കണ്ഠനായി നടത്തിയ പ്രസംഗം, ശ്രോതാക്കളുടെയും കണ്ണുകൾ നിറച്ചു. ക്രമേണ ഏങ്ങലടിയുടെ മാറ്റൊലികൾ പള്ളിയിൽ മുഴങ്ങി. പ. ബാവാതിരുമേനി വൈദ്യ പരിശോധനയ്ക്കായി നെയ്യൂരാശുപത്രിയിലേക്കെഴുന്നള്ളുകയാണ്. വി. കുർബ്ബാനയ്ക്കു ശേഷം കാപ്പി മേശയും കഴിഞ്ഞു അപ്പോഴേക്കും കോട്ടയത്തുനിന്നും 'ഇട്ടിയച്ചന്റെടത്തെ' കാർ വള്ളിക്കാട്ടു എത്തിച്ചേർന്നു. അഭിവന്ദ്യ തിരുമേനിയും ഞാനും ബ. ചക്കുപുരക്കലച്ചനും തിരുമനസ്സിലെ വേലക്കാരനും കൂടി കാറിൽ കയറി നേരെ തിരുവനന്തപുരത്തേക്ക് യാത്രയായി. ഇത് അവിടുത്തെ അന്ത്യയാത്രയാണെന്ന് ഞങ്ങളാരും സ്വപ്നേപി വിചാരിച്ചില്ല. വണ്ടി കുണ്ടറ സെമിനാരിയിൽ എത്തി കൊച്ചു മെത്രാച്ചനെ കണ്ടു. (പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ) അല്പ സമയത്തെ വിശ്രമത്തിനു ശേഷം കുണ്ടറ സ്കൂൾ ഹെഡ്മാസ്റ്റർ ബ. കല്ലുമ്പുറത്ത് സി. എം. തോമസ്, ശെമ്മാശനെയും (മാർത്തോമ്മാ ദീവന്നാസ്യോസ് തിരുമേനി) കൂട്ടി തിരുവനന്തപുരത്തേക്കു തിരിച്ചു. 4 മണിയോടു കൂടി തിരുവനന്തപുരം പള്ളിയിൽ എത്തിച്ചേർന്നു. ബ. പൂതകുഴിയിൽ അച്ചൻ തിരുമേനിയെ സ്വീകരിച്ച് പള്ളിയിലേക്കാനയിച്ചു. അല്പസമയത്തിനുള്ളിൽ തിരുവനന്തപുരത്ത് താമസിക്കുന്ന തിരുമനസ്സിലെ ആത്മീയമക്കൾ പള്ളിയിൽ എത്തിച്ചേർന്നു. പിറ്റേദിവസം തിരുമേനി തന്നെ കുർബാന അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തു. തിങ്കളാഴ്ച ഡോക്ടർ സോമർവെൽ പള്ളി ബംഗ്ലാവിൽ എത്തി തിരുമേനിയെ പരിശോധിച്ചു. പരിശോധനയിൽ അപ്പൻഡിസൈറ്റിസാണെന്നും, ഓപ്പറേഷൻ ആവശ്യമാണെന്നും സായ്പ് അറിയിച്ചു. പിറ്റെ ദിവസം ഞങ്ങൾ നെയ്യൂർക്കു പുറപ്പെട്ടു. വിവരം വാകത്താനത്തും, കോട്ടയത്ത് പഴയ സെമിനാരിയിലും അറിയിച്ചു.

നെയ്യൂരിൽ കെട്ടിടം ആശുപത്രിക്കടുത്ത് വാടകക്കെടുത്ത് അതിൽ താമസിച്ചു. അപ്പോഴേക്കും കുണ്ടറത്തെ തിരുമേനിയും ബഥനി മെത്രാച്ചനും അവിടെ വന്നു ചേർന്നു. രണ്ടു ദിവസം കഴിഞ്ഞ് സായ്പ് ഓപ്പറേഷൻ നടത്തി. പിന്നീട് തിരുമനസ്സിലേക്ക് പറയത്തക്ക അസുഖമൊന്നുമില്ലായിരുന്നു. പിറ്റെ ഞായറാഴ്ച മെത്രാച്ചൻമാർ രണ്ടുപേരും തിരുവാങ്കോട്ടു പള്ളിയിൽ വി. കുർബാന ചൊല്ലുവാൻ പോയി. അല്പസമയം കഴിഞ്ഞ് തിരുമേനിയിൽ ചില ഭാവഭേദങ്ങൾ പ്രത്യക്ഷമായി. മലങ്കരയുടെ മഹാചാര്യൻ എന്നന്നേയ്ക്കുമായി തന്റെ നിത്യവിശ്രമത്തിലേക്ക് കടന്നു. ഉടൻതന്നെ വിവരം തിരുവാങ്കോട്ടു പള്ളിയിൽ അറിയിച്ചു. വി. കുർബാനയ്ക്കു ശേഷം ആസ്പത്രിയിലെത്തി. മൃതദേഹം തിരുവാങ്കോട്ടു പള്ളിയിലേക്കു മാറ്റി. വിവരം ഉടൻ തന്നെ കോട്ടയത്തിനറിയിച്ചു. വല്യതിരുമേനിയുടെ മറുപടി കമ്പി കിട്ടിയശേഷം മൃതദേഹം തിരുവനന്തപുരം പള്ളിയിലേക്കും അവിടെ നിന്നും വള്ളിക്കാട്ടേക്കും കൊണ്ടുപോയി. 11 മണി രാത്രിയോടുകൂടി വള്ളിക്കാട്ടു പള്ളിയിൽ മൃതദേഹം എത്തിച്ചേർന്നു. അപ്പോൾ അവിടെ നടന്ന കൂട്ടനിലവിളിയും, മാറത്തടിയും, ഏങ്ങലടിയും എന്റെ ചെവിക്കുള്ളിൽ ഇപ്പോഴും മുഴങ്ങിക്കേൾക്കുന്നുണ്ട്. പിറ്റേദിവസം വല്യമെത്രാച്ചന്റെ പ്രധാന കാർമ്മികത്വത്തിലും കുണ്ടറത്തെ തിരുമേനിയുടേയും, ബഥനി മെത്രാച്ചന്റേയും സഹകരണത്തിലും മൃതദേഹം വള്ളിക്കാട്ടു ദയറാപ്പള്ളിയുടെ മദ്ബഹായുടെ വടക്കുവശത്ത് അടക്കം ചെയ്തു. ഞാൻ കുറെ ദിവസംകൂടി വള്ളിക്കാട്ടു താമസിച്ചു. അത്യധികമായ ഹൃദയവേദനയോടുകൂടി, നാഥനില്ലാത്ത ആ ദയറായോടു യാത്ര പറഞ്ഞു.

തിരുമേനി ഇപ്പോഴും എന്റെ ഓർമ്മയിൽത്തന്നെയുണ്ട്. അവിടുന്ന് ഏറ്റവും അവസാനം പട്ടം തന്നത് ബലഹീനനായ എനിക്കാണ്. തിരുമനസ്സിലേക്ക് ചില പ്രത്യേകതകൾ ഉണ്ടായിരുന്നു. മലങ്കര സഭയുടെ ശ്രേഷ്ട മഹാപുരോഹിതസ്ഥാനം അലങ്കരിച്ചിരുന്ന തിരുമേനി ഒരിക്കലും തന്റെ ഉന്നതസ്ഥാനത്തെക്കുറിച്ച് അഹങ്കരിച്ചിരുന്നില്ല. ആരോടും എത്രയും ശാന്തതയോടും വിനയത്തോടും മാത്രമേ പെരുമാറിയിട്ടുള്ളു. ഒരിക്കൽ ഞാൻ ബാവായോടു പിണങ്ങുന്നതിനിടയായി. ഇതു മനസ്സിലാക്കിയ തിരുമേനി എന്നെ വിളിച്ച് എന്നോടു കല്പിച്ച വാക്കുകൾ എനിക്ക് പശ്ചാത്താപം ഉളവാക്കി. മെത്രാപ്പോലീത്താ എന്ന നിലയിലും അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള പണം സ്വന്ത ആവശ്യത്തിന് വിനിയോഗിച്ചിട്ടില്ല. തന്റെയും കൂടെത്താമസിക്കുന്നവരുടേയും ഭക്ഷണത്തിന് പിതൃസ്വത്തിൽ നിന്നുള്ള ആദായമാണ്. പലപ്പോഴും ഉപയോഗിച്ചിരുന്നത്. തിരുമനസ്സിലേക്ക് ലഭിച്ചിട്ടുള്ള കൈമുത്ത് സംഖ്യകൾ ദയറായുടെ ആവശ്യത്തിനോ മാത്രമേ ചിലവഴിച്ചിട്ടുള്ളു.

തിരുമനസ്സിലെ പ്രാർത്ഥന, നോമ്പ് ഇവ മാതൃകാപരമായിരുന്നു. വയറ്റു വേദന തിരുമേനിയെ സദാ അലട്ടിക്കൊണ്ടിരുന്നെങ്കിലും നോമ്പും പ്രാർ

ത്ഥനയും ലംഘിക്കുവാൻ കൂട്ടാക്കിയിരുന്നില്ല. വലിയ നോമ്പിൽ ഇരുപത്തി രണ്ടരവരെ ഉപവസിച്ചിരുന്നു. തന്റെ ഭക്തി ജീവിതം മറ്റുള്ളവർ അറിയാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മറ്റുള്ളവരെ ആകർഷിക്കുന്നതിനുവേണ്ടിയോ മതിപ്പിനുവേണ്ടിയോ ആരേയും സൽക്കരിക്കുമായിരുന്നില്ല. ആവശ്യത്തനുമാത്രം ചെലവു ചെയ്തിരുന്നതു കൊണ്ട് ബാവാ ലുബ്ധനായിരുന്നു എന്ന് ചിലർ പറയുമായിരുന്നു. എത്ര നിസ്സാര സംഖ്യ കിട്ടിയാലും ചെലവാക്കിയാലും അതിന്റെ കണക്ക് എഴുതി സൂക്ഷിക്കുന്ന സ്വഭാവം ഉണ്ടായിരുന്നു. അടുത്ത് പെരുമാറുന്നവർക്ക് മതിപ്പ് ഉണ്ടാകത്തക്കവണ്ണമായിരുന്നു തിരുമനസ്സിലെ പെരുമാറ്റവും പ്രവർത്തിയും. അന്ത്യകാലത്ത് തിരുമേനിയെ ശുശ്രൂഷിക്കുവാൻ ഇടയായത് ഒരു മഹാ ഭാഗ്യമായി ഞാൻ കരുതുന്നു.

എന്റെ ജീവിതത്തിൽ എന്തെങ്കിലും നേടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് തിരുമനസ്സിലെ അനുഗ്രഹം ഒന്നു മാത്രമാണ്. ഞാൻ എന്ന് വി. കുർബാന അർപ്പിച്ചാലും ഒന്നാമതായി സ്തുതിക്കുന്നത് ബാവായെയാണ്. എന്റെ ദിനം പ്രതിയുള്ള പ്രാർത്ഥനയിലും ഞാൻ തിരുമേനിയെ ഓർക്കുകയും തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു. പരിശുദ്ധ തിരുമേനി! അവിടുന്ന് ഓർക്കേണമേ!

Malankara Orthodox TV

# സ്നേഹനിധിയായ ബാവാ തിരുമേനി

പി. പി. ഫീലിപ്പോസ് കോർഎപ്പിസ്കോപ്പാ

എനിക്ക് ശെമ്മാശുപട്ടം തന്നത് ബാവാതിരുമേനിയാണ്. മെത്രാപ്പോലീത്തായായ ശേഷം ആദ്യം പട്ടം തന്നത് എനിക്കാണ്. അതെന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. എന്നെ സുറിയാനി ഭാഷ പഠിപ്പിച്ചതും തിരുമേനി തന്നെയാണ്. അന്ന് തിരുമേനി വാകത്താനം വലിയ പള്ളിയിലാണ് താമസിച്ചിരുന്നത്. പള്ളിയിൽ കയറി ഒരു കൗമാ നമസ്ക്കരിച്ചുകഴിഞ്ഞ് സുറിയാനി ഭാഷയുടെ ആദ്യാക്ഷരങ്ങൾ ചൊല്ലിത്തന്നതു ഇന്നലെ കഴിഞ്ഞുപോയതുപോലെ ഞാൻ ഓർക്കുന്നു. രണ്ടുവർഷം വലിയ പള്ളിയിലും രണ്ടുവർഷം വള്ളിക്കാട്ട് ദയറായിലും ഞാൻ തിരുമേനിയോടൊപ്പം താമസിച്ചു.

എല്ലാ യാമങ്ങളിലും മുടങ്ങാതെ തിരുമേനി പ്രാർത്ഥിച്ചിരുന്നു. പ്രഭാത ഭക്ഷണം കഴിഞ്ഞാലുടൻ വി. വേദപുസ്തകം വായിക്കുക പതിവായിരുന്നു. പിൻതുടരുവാൻ പറ്റാത്തവിധം അടുക്കും ചിട്ടയുമുള്ളതായിരുന്നു ധന്യമായ ജീവിതം അധികം ആരോടും സംസാരിക്കുമായിരുന്നില്ല. നാലുവർഷം ശിഷ്യനായിരുന്നിട്ടും ഒരിക്കലും എന്നോടു ഒരു വാക്ക് പിണങ്ങി പറഞ്ഞിട്ടില്ല. പരിശുദ്ധനായ തിരുമേനി എന്നും വഴികാട്ടിയായിരിക്കണമെന്നു മാത്രമാണ് എന്റെ പ്രാർത്ഥന.

# എന്റെ ആത്മീയ ഗുരു

## സി. വി. ജോർജ് കോർഎപ്പിസ്കോപ്പാ

1925 – ൽ കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി തിരുമേനി വള്ളിക്കാട്ട് ദയറായിൽ താമസിക്കുന്ന കാലം. തിരുമേനിയുമായി വളരെ അടുപ്പവും സ്നേഹവുമുണ്ടായിരുന്ന എന്റെ പിതാവ്, 12 വയസ്സുള്ള എന്നെ സുറിയാനി പഠിപ്പിക്കുവാൻ അവധിക്കാല വിദ്യാർത്ഥിയായി ദയറായിൽ ചേർത്തു സൗകര്യംപോലെ സുറിയാനി ഭാഷയുടെ ആദ്യപാഠങ്ങൾ വാത്സല്യത്തോടെ എന്നെ പഠിപ്പിച്ചു. ദിവ്യശോഭ നിറഞ്ഞുനിന്ന എന്റെ ഗുരുവിന്റെ മുഖം ഇന്നും എന്റെ മനസ്സിലുണ്ട്. തന്റെ ആത്മീയ ഗുരുഭൂതനെക്കുറിച്ച് സന്തോഷത്തോടെ ഓർമ്മിക്കുകയായിരുന്നു. സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ കൂടിയായ ചിറത്തിലാട്ട് സി. വി. ജോർജ് കോർ എപ്പിസ്കോപ്പാ.

രണ്ടുമൂന്നു വർഷത്തിനകം തിരുമേനി കാതോലിക്കായായി. ഇതറിഞ്ഞ് ഞങ്ങൾ, കുട്ടികൾ വള്ളിക്കാട്ട് ദയറായിൽ ചെന്നു. അദ്ദേഹം ചോദിച്ചു. എന്താ മക്കാളേ കാതോലിക്കായായിട്ട് വല്ലവ്യത്യാസവുമുണ്ടോയെന്നു അറിയാനായിരിക്കും നിങ്ങൾ വന്നത്. ഒന്നുമില്ല കേട്ടോ. അന്നു ഞങ്ങൾക്ക് ഇഷ്ടംപോലെ കൊഴലപ്പവും അവലോസുണ്ടയും തന്നു. കാതോലിക്കയായശേഷം സന്ദർശകർ കൂടി. ബഥനിയുടെ മാർ ഈവാനിയോസ് സന്ദർശകരിൽ പ്രധാന ആളായിരുന്നു. കത്തോലിക്കാ സഭയിൽ ചേരുന്ന കാര്യം പറയുന്നതിൽ തിരുമേനി മൂളി കേൾക്കുകയല്ലാതെ ഒരു മറുപടിയും പറഞ്ഞ് അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചില്ല.

വൈകുന്നേരം ചുവന്നകുപ്പായവുമിട്ട് മുറ്റത്തിറങ്ങി നടക്കുമ്പോൾ പിള്ളേരുമായി തമാശ പറയും. പഴഞ്ചിറപ്പള്ളിക്കൂടത്തിന്റെ പണിയെന്തായി? എത്ര കട്ടിള വെച്ചു? ജനൽ നിരപ്പായോ എന്നൊക്കെ ചോദിക്കും. നാളെ എണ്ണിയിട്ടു പറയാമെന്ന് ഉത്തരം പറയും. പിറ്റെ ദിവസം എണ്ണിയിട്ടു ചെന്നു പറയും. ഇങ്ങനെ സന്തോഷകരമായ ഒരുകാലമായിരുന്നു അത്. തിരുമേനി കുട്ടികളെ ശാസിച്ചതായിപ്പോലും അറിയില്ല.

പ്രാർത്ഥനയിലും, ദൈവത്തോടുള്ള സംസർഗ്ഗത്തിലും നിഷ്ഠപാലിച്ചിരുന്നു. ആവശ്യത്തിന് വിദൂരത പാലിച്ചുകൊണ്ട് എല്ലാവരേയും തിരുമേനി സ്നേഹിച്ചിരുന്നു.

# എളിമയുടെ മഹാഇടയൻ

## കൊഴുവല്ലൂർ അച്ചൻ

തിരുമേനി കാതോലിക്കായായി വാഴിക്കപ്പെട്ടതിനുശേഷം പുത്തൻകാവിൽ വലിയോരു സ്വീകരണം നൽകപ്പെട്ടു. വമ്പിച്ച ജനാവലി തങ്ങളുടെ ആത്മീയ ഇടയനെ സ്വീകരിക്കുവാൻ എത്തിയിരുന്നു. പ. ബാവാ തിരുമേനിയോട് സഭാമക്കൾക്കുണ്ടായിരുന്ന അളവറ്റ സ്നേഹവും ബഹുമാനവും വെളിവാക്കുന്നതായിരുന്നു ആ മഹായോഗം.

അദ്ദേഹത്തിന്റെ സ്വഭാവം നിർമ്മലമായിരുന്നു. എല്ലാവർക്കും അദ്ദേഹത്തെ മതിപ്പായിരുന്നു. മനോഹരമായ ആരാധനാരീതി, സൗമ്യത, മിതമായ സംസാരം ഇതെല്ലാം അദ്ദേഹത്തിന്റെ സവിശേഷതകളിൽപ്പെടുന്നു.

എല്ലാ യാമങ്ങളിലും തിരുമേനി വളരെ കൃത്യനിഷ്ഠയോടെ പ്രാർത്ഥിച്ചിരുന്നു. എങ്കിലും തന്റെ പ്രാർത്ഥനാജീവിതം മറ്റുള്ളവരെ അറിയിച്ച് അതൊരു പരസ്യമാക്കുവാൻ ആഗ്രഹിച്ചില്ല.

വ്യക്തിമഹനീയത ആപാദ ചൂഡം അദ്ദേഹത്തിൽ നിഴലിച്ചിരുന്നു. വസ്ത്രധാരണത്തിൽപ്പോലും അത് കണ്ടെത്താമായിരുന്നു. മുറിക്കാപ്പായും അതിനടിയിൽ ളോഹയും ധരിച്ച് വലതുകൈയിൽ സ്ലീബായുയർത്തി പുത്തൻകാവിലെ സ്വീകരണത്തിൽ എല്ലാവരേയും അനുഗ്രഹിച്ചു ജനങ്ങളുടെ ആരാധന കണ്ട് ഉജ്ജ്വലമായ മറുപടി പ്രസംഗത്തിൽ പറഞ്ഞു. നമ്മിൽ നിക്ഷിപ്തമായ പൗരോഹിത്യത്തേയും കർത്താവിനേയുമാണ് നിങ്ങൾ ബഹുമാനിക്കേണ്ടത്. നമ്മുടെ വ്യക്തിത്വത്തെയല്ല. അന്ന് ആ പ്രസംഗം കേട്ട് ജനങ്ങൾ നിശ്ശേഷ്ഠരായിരുന്നു പോയി. അത്രയ്ക്കു വികാരഭരിതമായിരുന്നു ആ വാക്കുകൾ.

# വേദനയെ തോൽപ്പിച്ച നിഷ്ഠ

## ഗീവർഗീസ് കോർഎപ്പിസ്കോപ്പാ ചാലിൽ

വാകത്താനത്തെ പ. ബാവാ തിരുമേനിയിൽ എനിക്ക് തികഞ്ഞ ഭക്തിയായിരുന്നു. അദ്ദേഹം കാതോലിക്കാ ആയതിനുശേഷം മാക്കാംകുന്ന് കൺവൻഷനിൽ പ്രസംഗിച്ചു. അന്നദ്ദേഹത്തിന് കൈപ്പട്ടൂർ പള്ളിയിൽ വെച്ചൊരു സ്വീകരണം നൽകി. അത്രയും ഗംഭീരമായ ഒരു സ്വീകരണം പിന്നീട് വളരെ ചുരുക്കമായിട്ടേ കണ്ടിട്ടുള്ളു. താപസശ്രേഷ്ഠനായ പ. ഗീവറുഗീസ് പ്രഥമൻ ബാവായെക്കുറിച്ചുള്ള ഓർമ്മകൾ അയവിറക്കുകയായിരുന്നു ചാലിൽ ഗീവർഗീസ് കോർ എപ്പിസ്കോപ്പാ. അന്ന് ആ പ്രദേശത്തുള്ള സകല പള്ളികളിൽനിന്നും ആബാലവൃദ്ധം ജനങ്ങളും കുരിശും മുത്തുക്കുടയും കൊടികളുമായെത്തി. തിരുമനസ്സിനെ കൈപ്പട്ടൂരിൽനിന്ന് സ്വീകരിച്ച് മാക്കാംകുന്നിലേയ്ക്കാനയിച്ചു.

ബാവാ തിരുമേനിയ്ക്ക് ഉദര സംബന്ധമായ രോഗമുണ്ടായിരുന്നു. ആ വർഷത്തെ മൂന്ന് നോമ്പിന് മാക്കാംകുന്നു പള്ളിയിലായിരുന്നു അദ്ദേഹം. ഉദര രോഗത്തിന് പ്രതിവിധിയായി എല്ലാ ദിവസവും പാൽ കുടിക്കണം എന്ന വൈദ്യനിർദ്ദേശം പതിവുപോലെ ആ മൂന്നുനോമ്പിലും ലംഘിച്ചു. പാൽ ഉപയോഗിക്കാതിരുന്നതിന്റെ ഫലമായി നോമ്പ് വീടിയ അന്ന് അതിശക്തമായ വയറ്റുനോവ് അദ്ദേഹത്തിനനുഭവപ്പെട്ടു. അപ്പോൾ പള്ളിയിലുണ്ടായിരുന്ന ഞാൻ തിരുമനസ്സോട് എന്തു ചെയ്യണം? എന്നു ചോദിച്ചു. പാൽ കിട്ടിയാൽ നന്നായിരുന്നു എന്ന് തിരുമേനി പറഞ്ഞു. എന്റെ ഭാര്യ ഗൃഹം പള്ളിയുടെ അടുത്തായിരുന്നതിനാൽ ഞാൻ പാൽ വാങ്ങി പള്ളിയിൽ കൊണ്ടുവന്ന് തിരുമേനിക്ക് കൊടുത്തു. അങ്ങനെ വളരെ നിഷ്ഠയുള്ള ജീവിതമായിരുന്നു തിരുമേനിയുടേത്.

അക്കാലത്ത് തബലൈത്താ ഒന്നും കിട്ടാനില്ലായിരുന്നു. എനിക്കൊരെണ്ണം വേണമെന്നുണ്ടായിരുന്നു. അത് അറിഞ്ഞ് പ. ബാവാ തിരുമേനി എന്നോടു ചോദിച്ചു. "തനിക്കു തബലൈത്താ ഇല്ലേ?" 'ഇല്ല'. 'എനിക്കൊരെണ്ണം കിട്ടിയാൽ കൊള്ളാമെന്നുണ്ട്' എന്നു പറഞ്ഞു. 'എങ്കിൽ താൻ വാകത്താനത്തു വന്നേര്, ഞാനൊരെണ്ണം തരാം' എന്ന് അദ്ദേഹം പറഞ്ഞു.

ഒരു നാല്പതാം വെള്ളിയാഴ്ചയുടെ തലേന്ന് ഞാൻ ചെന്നു. അടിച്ചു കാച്ചുന്നതൊക്കെ തിരുമേനി തന്നെയായിരുന്നു. ശുശ്രൂഷകൻ സഹായിക്കുകയേ ഉണ്ടായിരുന്നുള്ളു. അടിച്ചുകാച്ചിയ ശേഷം തബലൈത്താ എടുത്ത് ഭദ്രമായി പെട്ടിയിൽ സൂക്ഷിച്ചുവച്ച് എനിക്കു തന്നു. ഞാനതുകൊണ്ടുവന്ന് ഭയഭക്തിയോടെ ഉപയോഗിച്ചു.

# ഊനം തട്ടാത്ത ഓർമ്മകൾ

## ഇത്താക്ക് മാണി തെക്കേൽ

വളരെ ചെറുപ്പനാൾ മുതൽ എല്ലാ ദിവസവും ഞാൻ ദയറായിൽ പോകുമായിരുന്നു. വൈകുന്നേരം ദയറായിൽ ചെല്ലുമ്പോൾ ചുവന്ന കുപ്പായവും ധരിച്ചു തിരുമേനി മുറ്റത്തു കാണും. ഞങ്ങളെ വിളിച്ചു കുശലം ചോദിക്കും. ഇരിപ്പുള്ള പലഹാരങ്ങൾ ഞങ്ങൾക്കു തരും. പലപ്പോഴും ഞങ്ങൾ ചേനയോ കാച്ചിലോ തിരുമേനിയ്ക്കു കൊണ്ടു കൊടുക്കുമായിരുന്നു.

വാകത്താനാത്ത് ആദ്യം ഓട്ടുമാവ് കൊണ്ടുവന്നത് തിരുമേനിയാണ്. പള്ളിയുടെ വടക്കുഭാഗത്തു വളർന്ന ഒട്ടുമാവിൽ ആദ്യം മൂന്നു മാങ്ങാ ഉണ്ടായി. അതിൽ ഒന്നു പൊഴിഞ്ഞുപോയ്. ബാക്കി രണ്ടും തിരുമേനി പറിച്ചു പഴുപ്പിച്ചു. അതിൽ ഒന്നു ദയറായിൽ വന്ന അതിഥികൾക്ക് കൊടുത്തു. പിന്നീടുണ്ടായിരുന്ന ഒന്ന് ചെത്തിപ്പൂളി. ചുറ്റുപാടുള്ള എല്ലാ വീടുകളിലും ഓരോ പൂള് കൊടുത്തുവിട്ടു. കൂടുതൽ മാങ്ങായുണ്ടായപ്പോൾ എല്ലാ വീട്ടിലും ഓരോ മാങ്ങാ കൊടുത്തയക്കുമായിരുന്നു. അടുത്തുള്ളവരെക്കുറിച്ചു തിരുമേനിക്കു അത്രക്കു കരുതലായിരുന്നു. ആ ഒട്ടുമാവിൻ തൈ ഇന്ന് വാകത്താനത്തെ മിക്കവാറും വീടുകളിലുമുണ്ട്.

അക്കാലത്ത് ഏത്തക്കാ വളരെ വിരളമായിരുന്നു. തിരുമേനി ഏത്തക്കാ പഴുത്തിറ്റു പോകുന്നതുവരെ സൂക്ഷിച്ചുവെക്കും. അതിന് കാരണം തിരുമേനി തന്നെ പറഞ്ഞിട്ടുണ്ട്. ഞാൻ മലങ്കരയുടെ കാതോലിക്കായാണ്. എപ്പോഴാണ് ഒരതിഥി വരുന്നതെന്ന് പറയാൻ പറ്റുകയില്ലാ. വരുന്നവർക്ക് എന്തെങ്കിലും കൊടുക്കേണ്ടേ? തിരുമേനി സമീപവാസികളായ പലർക്കും ധനസഹായം ചെയ്തിരുന്നു. ഞങ്ങളുടെ കാണപ്പെട്ട ദൈവമായിരുന്നു തിരുമേനി.

# ജന്മനാടിന്റെ അഭിമാനമായിരുന്ന ബാവാ തിരുമേനി

## കെ. പി. പുന്നൂസ് കാരുചിറ

ഒരു പ്രവാചകനും സ്വന്തനാട്ടിൽ അംഗീകരിക്കപ്പെടുകയില്ല എന്ന പ്രമാണത്തിന് തികച്ചും വൈരുദ്ധ്യമാർന്ന ദൃഷ്ടാന്തമായിരുന്നു പ. ഗീവറുഗീസ് പ്രഥമൻ ബാവാ. ഏറ്റവും അടുത്തുള്ളവർ അദ്ദേഹത്തെ ഏറ്റവും അധികം സ്നേഹിച്ചു. വാകത്താനത്തെ എല്ലാമതങ്ങളിൽ പെട്ടവർക്കും തിരുമേനി ആരാദ്ധ്യനായിരുന്നു. കാണപ്പെട്ട ദൈവമായിരുന്നു. ആ കാലഘട്ടത്തിൽ പിച്ചവെച്ചു നടന്നവരുടെ മനതാരിൽ പോലും തിരുമേനിയെക്കുറിച്ചുള്ള അവിസ്മരണീയമായ ഓർമ്മകൾ നിറഞ്ഞു നില്ക്കുന്നുണ്ട്. തിരുമേനിയുടെ സഹോദരപുത്രനായ കാരുചിറയിൽ കെ. പി. പുന്നൂസ് പറഞ്ഞു തുടങ്ങി.

ഏഴുവയസ്സു പ്രായമുള്ളപ്പോൾ വല്യമ്മച്ചിയോടൊപ്പം ഞാനും ദയറായിൽ പോകുമായിരുന്നു. ദയറായുടെ വടക്കുഭാഗത്ത് പല സമുദായ യോഗങ്ങൾക്കും തണൽ നൽകിയ ഒരു ഒട്ടുമാവുണ്ടായിരുന്നു. കൊച്ചു കരിക്കിനോളം വലിപ്പമുള്ള മാങ്ങാ അതിൽ ഉണ്ടായിരുന്നു. എനിക്ക് അതിലൊന്നു കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹം തോന്നി. ഞാൻ വല്യമ്മച്ചിയോടു കാര്യം പറഞ്ഞു. വല്യമ്മച്ചി ഒരുവശത്തു മാറിനിന്നു തിരുമേനിയോടു പറഞ്ഞു. ഇവന് ഒരു മാങ്ങാ വേണമെന്നു പറഞ്ഞു കിണുങ്ങുന്നു. തിരുമേനി ഉടൻ തന്നെ ഒരു മാങ്ങാ പൊതിഞ്ഞുകെട്ടി എനിക്കുതന്നു. നിധി കിട്ടിയതുപോലെ ഞാൻ സന്തോഷിച്ചു. സ്നേഹ സമ്പന്നനായ തിരുമേനിയുടെ മുഖത്തെ സന്തോഷം ഇന്നും എന്റെ ഓർമ്മയിൽ തങ്ങി നില്ക്കുന്നു.

ഏതോ കാര്യത്തിനായി വാകത്താനത്തു വന്ന പോലീസ് കമ്മീഷണർ അയ്യങ്കാരും, ഇലഞ്ഞിക്കൽ ജോൺ വക്കീലും കൂടി ദയറാ സന്ദർശിച്ചു. അവർ തിരിച്ചിറങ്ങിപ്പോയത് മുഖാമുഖമാണ്. പുറം തിരിഞ്ഞു ഇറങ്ങിപ്പോകാൻ പോലും അവർ മടിച്ചു. വാതിൽ കഴിഞ്ഞ ശേഷമാണ് അവർ തിരിഞ്ഞത്. അത്രയ്ക്ക് അവർ തിരുമേനിയെ ബഹുമാനിച്ചിരുന്നു.

സെക്കൻഡ് ക്ലാസ്സിലെ പരീക്ഷ കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ വീട്ടിലൊരു കൂട്ടനിലവിളി. അപ്പച്ചൻ മൗനമായിരിക്കുന്നു. അപ്പോഴാണ് ഞാൻ തിരുമേനി

കാലം ചെയ്ത വാർത്ത അറിഞ്ഞത്. ബാവാ തിരുമേനിയുടെ മൃതശരീരം കൊണ്ടുവരുമെന്നുള്ള പ്രതീക്ഷയിൽ സന്ധ്യയ്ക്കു തന്നെ ഞാൻ ദയറായിൽ എത്തി. പള്ളിയിൽ കൂട്ടമണി മുഴങ്ങിക്കൊണ്ടിരുന്നു. തിരുമേനിയുടെ ഇഷ്ടരായ വാകത്താനത്തുകാർ നിറകണ്ണുകളോടെ അവിടെ കൂടിയിരുന്നു. മൃതശരീരം കൊണ്ടുവന്നപ്പോഴുണ്ടായ ഏങ്ങലടികൾ ഇന്നും എന്റെ ചെവിക്കുള്ളിൽ മുഴങ്ങുന്നു. ജനത്തിരക്കു കാരണം കബറടക്കം എനിക്കു കാണുവാൻ കഴിഞ്ഞില്ല.

Malankara Orthodox TV

# നാടിനെ കരയിച്ച വേർപാട്

## മാണി പുന്നൂസ് കൂടംപറമ്പിൽ

അന്ന് എനിക്ക് പത്തു വയസ്സ് പ്രായമായിരുന്നു. ഞായറാഴ്ചകളിലും, ഇടദിവസങ്ങളിലും ഞാൻ ദയറായിൽ പോകുമായിരുന്നു. തിരുമേനി കൊഴലപ്പമോ പഴമോ കൊച്ചുകുട്ടികളായ ഞങ്ങൾക്കു തരും. തിരുമേനിയുടെ കബറടക്ക ശുശ്രൂഷ ഇന്നും എന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്നു. അത് പറഞ്ഞു തുടങ്ങിയപ്പോൾതന്നെ സമീപവാസിയായ കൂടംപറമ്പിൽ മാണി പുന്നൂസ് ഗദ്ഗദകണ്ഠനായി.

ഒരു ഞായറാഴ്ച അർദ്ധരാത്രിയാണ് തിരുമേനിയുടെ മൃതശരീരം വള്ളിക്കാട്ട് കൊണ്ടുവന്നത് പിറ്റെ ദിവസം തിങ്കളാഴ്ച മലങ്കരയുടെ നാനാ ഭാഗങ്ങളിൽ നിന്നും വന്നെത്തിയ സഭാമക്കൾ അവസാനമായി തിരുമേനിയുടെ തൃക്കരങ്ങൾ മുത്തി. നാലുമണി സമയമായപ്പോഴാണ് കബറടക്ക ശുശ്രൂഷ ആരംഭിക്കാൻ കഴിഞ്ഞത്.

ശുശ്രൂഷയുടെ അവസാന ഭാഗമായ യാത്ര ചോദിക്കൽ ആയപ്പോഴേക്കും അതുവരെ വീർപ്പടക്കി നിന്ന ജനം വാവിട്ടു കരഞ്ഞുപോയി. ദേവാലയത്തോടും പ്രധാനാചാര്യന്മാരോടുമുള്ള യാത്രചോദിക്കൽ നടക്കുമ്പോൾ ജനം വിങ്ങിപ്പൊട്ടിക്കരഞ്ഞു. ഒടുവിൽ ഗ്രാമവും അതിലെ വാസികളുമേ.... സമാധാനത്തോടെ വസിക്കുക എന്ന യാത്ര ചോദിക്കൽ ശബ്ദം കേട്ടു ജനം പ്രതിവാക്യം പോലും പറയാൻ കഴിയാതെ നിശ്ചേഷ്ടരായി നിന്നുപോയി.

Malankara Orthodox TV

# അത്ഭുതങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്ന താപസ ശ്രേഷ്ഠൻ

## ആലീസ് കൈതയിൽ

തിരുമനസ്സിലെ ജീവിതകാലത്തും എഴുപത്തിയഞ്ചു വർഷം പിന്നിട്ട് ചരമജൂബിലി സഭയാകമാനവും പ്രത്യേകിച്ച് തിരുമനസ്സു കൊണ്ട് കബറടങ്ങിയിരിക്കുന്ന വള്ളിയ്ക്കാട്ടു ദയറായിലും അവിടുത്തെ ഓർമ്മ കൊണ്ടാടുന്ന ഈ ധന്യ മുഹൂർത്തത്തിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുള്ള അത്ഭുത സംഭവങ്ങൾ നേരിട്ടറിഞ്ഞ് സാക്ഷ്യം വഹിച്ചിട്ടുള്ളവരിൽ നിന്നും അറിയുവാനിടയായ ചില കാര്യങ്ങൾ ആ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചു കൊണ്ട് സ്മരിക്കുന്നു.

എന്റെ പിതാവ് പരേതനായ ശ്രീ. കെ. സി. വറുഗീസ് കൈതയിൽ (വർക്കിയച്ചൻ) വള്ളിയ്ക്കാട്ടു ദയറായുമായും പരിശുദ്ധ ബാവാ തിരുമേനിയുമായും വളരെ സ്നേഹബന്ധം പുലർത്തിയിരുന്നു. തിരുമേനിയോടുള്ള സീമാതീതമായ ഭക്തി ബഹുമാനാദരവുകൾ പ്രകടിപ്പിച്ചു കൊണ്ട് തിരുമനസ്സിലെ ജീവിതകാലത്തുള്ള പല കാര്യങ്ങളും അനുസ്മരിച്ച് ഞങ്ങളോട് സംസാരിച്ചിട്ടുള്ളത് ഓർക്കുകയാണ്. പരിശുദ്ധ ബാവാ തിരുമേനിക്കും എന്റെ പിതാവിനോട് അനന്യ സാധാരണമായ വാത്സല്യവും സ്നേഹവും വിശ്വാസവും ഉണ്ടായിരുന്നു.

എന്റെ കുട്ടിക്കാലത്ത് ഞങ്ങളുടെ മാതാവിന് (Mrs. Annamma Varghese, Kaithayil) രോഗം പിടിപെട്ട് ഡോക്ടറന്മാരുടെ ചികിത്സ കൊണ്ട് ഭേദപ്പെടാത്ത സാഹചര്യം. ആ സമയം ഒരു ദിവസം പകൽ അമ്മ മയക്കത്തിലായിരിക്കുമ്പോൾ ഒരു പ്രത്യേകത അനുഭവപ്പെട്ടു. കുന്തിരിയ്ക്കം മണം പോലെ തോന്നി. ആദ്ധ്യാത്മിക ചൈതന്യം വഴിഞ്ഞൊഴുകുന്ന പ്രസന്നതയോടെ ഒരു തിരുമേനി വീട്ടിലേയ്ക്കു കടന്നു വന്നു. അമ്മയുടെ നെറ്റിയിൽ കൈവച്ച് പ്രാർത്ഥിച്ച് സാരമില്ലയെന്നു പറഞ്ഞ് കടന്നു പോയി. 85 വയസ്സായ എന്റെ അമ്മ അല്പം മറവി ഉണ്ടെങ്കിൽ തന്നെയും, ആ രോഗം പിന്നീട് ഇതേവരെ ഉണ്ടായിട്ടില്ലെന്നും, മാത്രമല്ല മറ്റു രോഗങ്ങളും എനിയ്ക്കു പിടിപെട്ടിട്ടില്ലയെന്നും പലപ്പോഴും പറയാറുണ്ട്. വള്ളിയ്ക്കാട്ടെ ബാവാ തിരുമേനിയിൽ നിന്നും കിട്ടിയ ആ അത്ഭുത മദ്ധ്യസ്ഥത, രോഗാവസ്ഥയെക്കുറിച്ച് ആരെങ്കിലും പറഞ്ഞാൽ അവരോട് ഈ വലിയ സാക്ഷ്യം അമ്മ ഇപ്പോഴും പറയാറുണ്ട്.

Malankara OrthodoxTV

അഭിവന്ദ്യ തിരുമനസ്സു കൊണ്ട് ജീവിച്ചിരുന്നപ്പോഴുണ്ടായിട്ടുള്ള ഒന്നു രണ്ടു കാര്യങ്ങൾ എന്റെ പിതാവ് നേരിട്ടറിഞ്ഞിട്ടുള്ളവയും ഇത്തരുണത്തിൽ പ്രസ്താവിച്ചു കൊള്ളട്ടെ. സമീപവാസികളായ യുവജനങ്ങളെ വി: കുർബ്ബാനയിലെ ആരാധനാ ഗീതങ്ങൾ തിരുമനസ്സു കൊണ്ട് വൈകുന്നേരം പഠിപ്പിക്കുന്ന പതിവുണ്ടായിരുന്നു. എന്റെ പിതാവും അതിൽ പങ്കെടുത്തിരുന്നു. സന്ധ്യാ നമസ്ക്കാരത്തിനു ശേഷം പഠനം കഴിഞ്ഞ് തിരിച്ചു പോകും. ആ സമയം സമീപത്തുള്ള ഒരു വീട്ടിലെ ചെത്തുന്ന പനയിലെ കള്ള് അവരിൽ ഒരാൾ കയറി എടുത്തു കുടിച്ചു. രണ്ടു മൂന്ന് തവണ ഇതാവർത്തിച്ചപ്പോൾ ആ വീട്ടിലെ കാരണവർക്ക് ഇക്കാര്യം ബോധ്യമായി. വിവരം തിരുമനസ്സുണർത്തിച്ചു. പിറ്റേന്നു തിരുമേനി ഇതേക്കുറിച്ച് അന്വേഷിച്ചു. ആത്മീയപ്രഭാപൂരം പ്രസ്ഫുരിക്കുന്ന തേജോമയനായ ആ പിതാവിന്റെ മുഖത്തു നോക്കി ഇക്കാര്യം ഏൽക്കുവാനുള്ള ധൈര്യം ഇല്ലായിരുന്നു. ഇക്കാര്യം സമ്മതിക്കാതെ പോയ വ്യക്തി ദയറായുടെ താഴെയുള്ള വഴിയിലൂടെ നടന്നു പോകുമ്പോൾ ഒരു പാമ്പ് കാലിൽ കടിച്ചു ചുറ്റി. കാൽ കുടഞ്ഞിട്ടും ഒന്നു കൂടി ശക്തിയായി ചുറ്റിപ്പിടിച്ചിരുന്ന കടിച്ച പാമ്പുമായി ഭയവിഹ്വലനായി ഓടി ദയറായിലെത്തി തിരുമേനിയെ കണ്ടു സത്യം ബോധിപ്പിച്ച് കുറ്റം സമ്മതിച്ചു. ഒരു കമ്പ് എടുത്ത് കൊട്ടി പാമ്പു കടി വിട്ട് ഇറങ്ങി. ഇക്കാര്യം എന്റെ പിതാവ് നേരിട്ട് പറഞ്ഞിട്ടുള്ളതാണ്.

മറ്റൊരു സംഭവവും കൂടി. ദയറായ്ക്കു സമീപമുള്ള ഒരു ക്രിസ്തീയ കുടുംബത്തിൽ 'പുണ്ണ്' എന്നു പറയപ്പെടുന്ന രോഗം ഉണ്ടായി. ചികിത്സാ സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് രോഗശമനത്തിനായി ക്ഷുദ്രപ്രയോഗം നടത്തി. രാത്രിയിലെ അതിന്റെ ശബ്ദകോലാഹലങ്ങൾ കേട്ടറിഞ്ഞ തിരുമനസ്സുകൊണ്ട് വീട്ടുടമസ്ഥനോട് 'പുണ്ണ് വന്നപ്പോൾ ക്ഷുദ്രം ചെയ്തു അല്ലേ? അങ്ങനെയെങ്കിൽ വസൂരി വരുമ്പോൾ എന്തു ചെയ്യും' എന്നു കോപാകുലനായി ചോദിച്ചു. ജീവനുള്ള സത്യ ഏകദൈവത്തിലുള്ള വിശ്വാസജീവിതം നയിച്ചു കൊണ്ടിരുന്ന പരിശുദ്ധ പിതാവിനു മനം നൊന്തു. താമസിയാതെ ആ ഭവനത്തിൽ വസൂരിയും ഉണ്ടാകയും ക്ഷമാപണത്തോടെ തിരുമേനിയുടെ അടുത്തെത്തി സൗഖ്യപ്പെടുകയും ചെയ്തതായും അറിയുവാനിടയുണ്ട്.

ഇത്രമാത്രം ഭക്തിനിർഭരമായ ജീവിതം നയിച്ച് പ്രതികൂലമായ അന്തരീക്ഷത്തിൽ നിന്നും സഭയെ പരിപാലിച്ച് സത്യവിശ്വാസം നിലനിർത്തി, നിരന്തരമായ പ്രാർത്ഥനയാലും വ്രതാനുഷ്ഠാനങ്ങളാലും സഭയ്ക്ക് ആത്മീയ പ്രചോദനം നൽകി. മാത്രമല്ല, ആത്മീയവും സാമുദായികവും സാംസ്ക്കാരികവുമായ സംരംഭങ്ങൾ കൊണ്ട് സഭയ്ക്കും ദേശത്തിനും മറക്കാനാവാത്ത സേവനങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ച് കൂടുതൽ വെളിച്ചം പകർന്നു കൊണ്ട് കാലം ചെയ്തിട്ടും ജീവിക്കുന്നവനായി ദൈവസന്നിധിയിൽ നമുക്കായി മാദ്ധ്യസ്ഥം വഹിച്ചു കൊണ്ടിരിക്കുന്ന തിരുമനസിലെ അത്ഭുത മദ്ധ്യസ്ഥത സഭയ്ക്കും ദേശവാസികൾക്ക് പ്രത്യേകിച്ചും കോട്ടയായിരിക്കട്ടെ എന്നു പ്രാർത്ഥിച്ചു കൊള്ളുന്നു. ആ അത്ഭുത ദിവ്യ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നു.

MalankaraOrthodox.TV

# പരിശുദ്ധ കാരുചിറ ബാവാ

## എം. എസ്. ജേക്കബ് മാളികയിൽ

ഞങ്ങളുടെ കുടുംബത്തിന് ഏദൻ പള്ളിയുമായും (വാകത്താനത്ത് വള്ളിക്കാട്ട് പള്ളി) അവിടെ കബറടക്കപ്പെട്ടിരിക്കുന്ന പരിശുദ്ധ ഗീവർഗീസ് പ്രഥമൻ (കാരുചിറ ബാവാ) ബാവായുമായും അഭേദ്യമായ ബന്ധമാണുള്ളത്. കാരുചിറ ബാവായുടെ തലതൊട്ടപ്പൻ ഞങ്ങളുടെ വല്യപ്പച്ചനാണ്. അവിടെ ഉണ്ടായിരുന്ന ആദ്യത്തെ പള്ളിയുടെ പണിയിൽ വളരെ താല്പര്യം കാണിക്കുകയും അതിനു വന്ന ചെലവിന്റെ പകുതിയിലധികം നൽകുകയും ചെയ്തത് ഞങ്ങളുടെ വല്യപ്പച്ചൻ പഴയാറ്റുങ്കൽ ചെറിയ ആയിരുന്നു. കൂറിലോസ് ബാവാ കൂദാശ ചെയ്ത ആ പള്ളിയുടെ യഥാർത്ഥ പേര് ഏദൻ പള്ളിയെന്നാണ്. അവിടെ ആദ്യകാലങ്ങളിൽ ശുശ്രൂഷകൾ നടത്തിയിരുന്നത് പഴയാറ്റുങ്കൽ ഗീവറുഗീസ് കശീശായും കളപ്പുരയ്ക്കൽ പുന്നൂസ് കശീശായുമായിരുന്നു. ഗീവറുഗീസ് പ്രഥമൻ ബാവാ തിരുമേനി ഒരു പരിശുദ്ധൻ ആയിരുന്നു. കാലം അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിക്കുമെന്ന് വിശ്വസിക്കുന്നു. എന്റെ പിതാവിന് ബാല്യകാലത്ത് പലവിധ അസുഖങ്ങളും കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു. ഒരിക്കൽ വളരെ ശക്തമായ ഒരു പനി ഉണ്ടായി. അക്കാലത്തു നിലവിലിരുന്ന പല ചികിത്സകൾ നടത്തിയിട്ടും യാതൊരു കുറവും പനിക്ക് ഉണ്ടായില്ല. പനി ശക്തമാകുകയും പിതാവ് അബോധാവസ്ഥയിലാകുകയും ചെയ്തു. മരണം സംഭവിക്കുമെന്ന് വീട്ടിലുണ്ടായിരുന്നവർ കരുതി. അക്കാലങ്ങളിൽ മരണാനന്തര ക്രമീകരണങ്ങളിൽ ശവപ്പെട്ടി പണിയുകയെന്നത് ഒരു പ്രധാന കാര്യമാണ്. അതിന് പലക എടുക്കുകയും ആശാരിയെ വിളിക്കുകയും ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളും ചിലർ ചെയ്തു. അങ്ങനെ വിഷമാവസ്ഥയിലും ദുഃഖത്തിലും പ്രാർത്ഥനനയിലും അടുത്ത ബന്ധുക്കൾ കഴിയുമ്പോൾ പിതാവിന്റെ രോഗവിവരം അറിഞ്ഞ് കാരുചിറ ബാവാ വീട്ടിൽ വരുകയും മറ്റുള്ളവരോടു കൂടി പ്രാർത്ഥിക്കുകയും രോഗികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. അത്ഭുതമെന്നു പറയട്ടെ എന്റെ പിതാവിന് പെട്ടെന്ന് ആശ്വാസം ഉണ്ടായി. വിളിച്ചാൽ കണ്ണു തുറക്കുകയും മൂളുകയും ചെയ്യുന്ന അവസ്ഥയിലായി. ക്രമേണ സുഖം പ്രാപിച്ചു. ബാവാ തിരുമേനിയുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് രോഗശമനം ഉണ്ടായതെന്ന് വീട്ടിലുണ്ടായിരുന്നവർ പറയുകയും വിശ്വസിക്കുകയും ചെയ്യുന്നു. ഇവിടെ പരാമർശിച്ച

Malankara Orthodox TV

സംഭവം നടക്കുമ്പോൾ എന്റെ പിതാവിന് ഏഴോ എട്ടോ വയസ്സേ പ്രായമുള്ളായിരുന്നു. ഇത് വീട്ടിലുണ്ടായിരുന്ന അയൽവാസികളായ പ്രായമായവരിൽ നിന്ന് ഞാൻ കേട്ടറിഞ്ഞതാണ് അവരാരും ഇന്ന് ജീവിച്ചിരിക്കുന്നില്ല. അവരൊക്കെ കാരുചിറ ബാവാ എന്ന് വിളിച്ചിരുന്ന പരിശുദ്ധ ഗീവർഗീസ് പ്രഥമൻ ബാവായോടൊപ്പം ഉത്ഥിതനായ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ പ്രതീക്ഷിച്ച് കഴിയുകയാണ്.

Malankara Orthodox TV

# ഒരു അനുഭവക്കുറിപ്പ്

**ഫാ. ഷിനു കെ. തോമസ്**

'കാതോലിക്കേറ്റിന്റെ നിധി' എന്ന് പ. വട്ടശ്ശേരിൽ തിരുമേനി വിശേഷിപ്പിച്ച പ. ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവായുടെ കബറിടം സ്ഥിതി ചെയ്യുന്ന വള്ളിക്കാട്ട് ദയറായുടെ പരിശുദ്ധിയുടെ പരിമളം അനുഭവിക്കുവാൻ ഇടയായത് ജീവിതസൗഭാഗ്യമായി ഞാൻ കരുതുന്നു. ഈ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് ജീവിതപ്രതിസന്ധികളെ വിജയപൂർവ്വം തരണം ചെയ്ത ധാരാളം ആളുകളെ വ്യക്തിപരമായി എനിക്ക് പരിചയമുണ്ട്. അവരുടെ ജീവിതാനുഭവങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പ്രാധാന്യം കുറഞ്ഞതെങ്കിലും, ഈ പരിശുദ്ധ പിതാവിന്റെ ധന്യമായ മദ്ധ്യസ്ഥത എനിക്ക് അനുഭവവേദ്യമായ ഒരു ചെറിയ സംഭവം കുറിക്കുന്നു.

സെമിനാരി വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന പ്രായോഗിക പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് മൂന്ന് മാസത്തോളം വള്ളിക്കാട്ട് ദയറായിൽ താമസിച്ച് പ്രവർത്തിക്കുവാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചു. എന്റെ പ്രധാന നിയോഗം പ. ഗീവറുഗീസ് പ്രഥമൻ ബാവാ തിരുമേനി സ്വന്ത കൈപ്പടയിൽ, പഴയ മലയാളലിപിയിൽ എഴുതിയ അദ്ദേഹത്തിന്റെ അനുദിന ജീവിതാനുഭവക്കുറിപ്പുകൾ പുതിയ ലിപിയിലാക്കി പ്രസിദ്ധീകരണ യോഗ്യമാക്കുവാൻ വന്ദ്യ ഔഗേൻ റമ്പാച്ചനെ സഹായിക്കുക എന്നതായിരുന്നു. ആഴ്ചകൾ നീണ്ടുനിന്ന സൂക്ഷ്മനിരീക്ഷണവും പകർത്തിയെഴുത്തും എനിക്ക് കഴുത്തുവേദനയ്ക്ക് കാരണമായി. കഴുത്തിൽ പുരട്ടുവാൻ വന്ദ്യ റമ്പാച്ചൻ ഒരു പ്രത്യേക തൈലം തരികയുണ്ടായി. തൈലം പുരട്ടുന്നതിന് മുമ്പായി എസ്. എസ്. എൽ. സി. യ്ക്ക് ഉയർന്ന മാർക്ക് വാങ്ങിയതിന് പാരിതോഷികമായി എന്റെ പിതാവ് വാങ്ങിത്തന്ന സ്വർണമാല ഞാൻ ഊരി ഷർട്ടിന്റെ പോക്കറ്റിൽ നിക്ഷേപിച്ചു. തൈലം പുരട്ടിയ ശേഷം ഞാൻ ഷർട്ട് ഊരി തോളിലിട്ടുകൊണ്ട് കുളിയ്ക്കുവാനായി എന്റെ മുറിയിലേക്ക് പോന്നു. മുറിയിൽ വന്ന് നോക്കുമ്പോൾ ഷർട്ടിന്റെ പോക്കറ്റിൽ മാല കാണാനില്ല!! കടന്നുവന്ന വഴിയിൽ തെരഞ്ഞിട്ടും പ്രയോജനമുണ്ടായില്ല. വന്ദ്യ റമ്പാച്ചനോട് ഞാൻ വിവരം പറഞ്ഞു. കേട്ടപ്പോൾ പ്രയാസം തോന്നിയെങ്കിലും അദ്ദേഹം പറഞ്ഞു: 'ഈ പുണ്യഭൂമിയിൽ വന്ന്, അനുഗ്രഹമല്ലാതെ നഷ്ടം ഏറ്റുവാങ്ങിക്കൊണ്ട് ആരും മടങ്ങിപ്പോയിട്ടില്ല.

Malankara Orthodox TV

കബറിങ്കൽ പോയി തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കുക." ഞാൻ കബറിങ്കൽ പോയി സങ്കടത്തോടെ പ്രാർത്ഥിച്ചു. മൂന്ന് ദിവസങ്ങൾ പിന്നിട്ടിട്ടും മാല തിരികെ ലഭിക്കുന്ന സൂചനകളൊന്നും ഉണ്ടായില്ല. നാലാം ദിവസം വന്ദ്യ റമ്പാച്ചൻ പറഞ്ഞു: "നമുക്ക് കബറിങ്കലെ ഭണ്ഡാരമൊന്ന് പരിശോധിക്കാം." ഞങ്ങൾ കബറിങ്കലെത്തി പ്രാർത്ഥനയോടെ ഭണ്ഡാരം തുറന്നു. അത്ഭുതമെന്ന് പറയട്ടെ, നഷ്ടപ്പെട്ട എന്റെ മാല, ഭണ്ഡാരത്തിൽ, നാണയങ്ങൾക്കും നോട്ടുകൾക്കുമിടയിൽ സുരക്ഷിതമായി കിടക്കുന്നു!!!

ചെറുതും വലുതുമായ മറ്റനുഭവങ്ങൾക്ക് ഞാൻ സാക്ഷ്യം വഹിച്ചെങ്കിലും, എന്റെ ജീവിതത്തിൽ ചില തീരുമാനങ്ങളെടുക്കാൻ എന്നെ പ്രേരിപ്പിച്ച സംഭവം എന്ന നിലയ്ക്കാണ് ഇതിവിടെ കുറിച്ചത്. ജീവിച്ചിരിക്കുമ്പോൾ തന്നെ വിശുദ്ധനെന്ന് ഗണിക്കപ്പെട്ട ഈ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ ഇന്ന് അനേകം രോഗികൾ സൗഖ്യമാവുകയും അനേകർ മനഃസമാധാനം അനുഭവിക്കുകയും ചെയ്യുന്നു. മനോഹാരിത കൊണ്ടും വിശുദ്ധി കൊണ്ടും ആകർഷണീയമായ ഈ ധന്യഭൂമി കാതോലിക്കേറ്റിന്റെ നിധിയായി ഇന്നും ശോഭിക്കുന്നു. ഈ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത നമുക്കേവർക്കും കോട്ടയായിരിക്കട്ടെ.

Malankara Orthodox TV

# പരിശുദ്ധൻ

## രാജു മുണ്ടൻപുടവത്ത്

പ. ബാവാ തിരുമേനിയുടെ പരിശുദ്ധതയെ വെളിവാക്കുന്ന അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം നാട്ടുകാരുടെ മനസ്സിൽ ഇന്നും പച്ചപിടിച്ചു നില്ക്കുന്നു.

ഒരിക്കൽ പ. പിതാവ് വള്ളിക്കാട്ട് ദയറായിൽനിന്ന് ഇടവകപ്പള്ളിയായ വാകത്താനം പള്ളിയിലേക്ക് പോവുകയായിരുന്നു. പല്ലക്കിലായിരുന്നു യാത്ര. വഴിക്ക് നല്ലൂർകടവ് എന്ന സ്ഥലത്തുവച്ച് കടവിൽ കുളിച്ചുകൊണ്ടിരുന്ന ഹൈന്ദവ സ്ത്രീകളിൽ ആരോ പല്ലക്കിൽ കൊണ്ടുപോകുന്നത് ശവം ആണെന്നു വിചാരിച്ച് ഇതൊക്കെയാണോ ഇതിലെ കൊണ്ടുപോകുന്നത് എന്നു പറഞ്ഞു. അധികദിവസം കഴിയും മുമ്പെ  ആ സ്ത്രീയുടെ കുടുംബത്തിൽ വസൂരി രോഗം പിടിപെട്ടു. അവർ പ്രശ്നം വെച്ചുനോക്കിയപ്പോൾ ഒരു മുനിയുടെ ശാപം കൊണ്ടാണെന്ന് തെളിയുകയും, തിരുമേനിയുടെ മുമ്പിൽ വന്ന് തങ്ങൾക്കു പറ്റിയ തെറ്റ് ഏറ്റുപറയുകയും ചെയ്തു. തിരുമേനി ഉടൻ രോഗശാന്തിക്കായി പ്രവർത്തിച്ചു. വെള്ളം വാഴ്ത്തിക്കൊടുത്തു. ഫലം ക്ഷിപ്രസാദ്ധ്യമായിരുന്നു.

മറ്റൊരിക്കൽ തെക്കോട്ട് യാത്ര പോവുകയായിരുന്നു. വഴിക്കുവെച്ച് ഒരു ആടുകച്ചവടക്കാരനെ കണ്ടു. അയാളുടെ കൈവശം ഉണ്ടായിരുന്ന ഒരു ആടിനെ തിരുമേനിക്ക് ഇഷ്ടപ്പെട്ടു. അതിന് വിലയും പറഞ്ഞു. പക്ഷെ കച്ചവടക്കാരന് അമിതലാഭം കിട്ടാൻ വേണ്ടി വിലകൂട്ടിപ്പറഞ്ഞു. തിരുമേനി ഇച്ഛാഭംഗത്തോടെ മടങ്ങിപ്പോന്നു. എന്നാൽ രണ്ടു ദിവസം കഴിഞ്ഞപ്പോൾ ആ കച്ചവടക്കാരൻ കരഞ്ഞുകൊണ്ട് തിരുമേനിയുടെ അടുത്തെത്തി. അയാളുടെ ആടുകൾക്കെല്ലാം രോഗം ബാധിച്ചിരിക്കുന്നു! മനുഷ്യസ്നേഹിയായ തിരുമേനി ഉടൻ അയാൾക്കുവേണ്ടി പ്രാർത്ഥിച്ചു ഫലവും ഉണ്ടായി.

# അനുഭവ സാക്ഷ്യങ്ങൾ

## റോയി തെക്കേക്കര

വാകത്താനത്ത് പുതുവേലിൽ ജിജിമോൻ ഉദരത്തിൽ ക്യാൻസർ ബാധിച്ച് ആസന്നമരണനായി കോട്ടയം മെഡിക്കൽ കോളജിൽ കഴിയുകയായിരുന്നു. ഡോക്ടർമാർ വീട്ടിൽ കൊണ്ടു പൊയ്ക്കൊള്ളുവാൻ പറയുകയും ചെയ്തു. ഈ സമയം ജിജിമോന്റെ മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും പരിശുദ്ധനായ ബാവാ തിരുമേനിയുടെ കബറിടത്തിൽ മുട്ടിപ്പായി പ്രാർത്ഥിച്ചു. ഡോക്ടറുമാരുടെ നിർദ്ദേശാനുസരണം ജിജിമോനെ ഒരു മൃതശരീരം കണക്കെ വീട്ടിലെത്തിച്ചു.

അന്നു രാത്രി ജിജിമോന് ബാവാ തിരുമേനി പ്രത്യക്ഷപ്പെട്ടു. "നിനക്ക് സുഖമാകും" എന്നു പറയുന്നതായി ജിജിമോന് അനുഭവപ്പെട്ടു. പിറ്റേ ദിവസം രാവിലെ മെഡിക്കൽ കോളജിൽ, തലേ ദിവസം കിടന്ന അതേ കിടക്കയിൽ ജിജിമോനെ കൊണ്ടു പോയി കിടത്തി. അന്നു മരുന്നുകൾ കുത്തിവെച്ചു ദയറായിലേയ്ക്ക് കൊണ്ടു വന്നു. പിന്നീട് രോഗം പരിപൂർണ്ണമായി ഭേദമായിട്ടാണ് ജിജിമോൻ ദയറായിൽ നിന്നു വീട്ടിലേയ്ക്ക് മടങ്ങിയത്.

*    *    *    *    *    *    *

ആലപ്പുഴ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ പെട്ട മാവേലിൽ അലക്സാണ്ടറും കുടുംബവും പ. ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് കബറിങ്കൽ വന്നു പ്രാർത്ഥിക്കുമായിരുന്നു. അലക്സാണ്ടറുടെ ഭാര്യ സാറാമ്മയ്ക്ക് പാർക്കിൻസൺസ് രോഗം കലശലായി. ബാവാ തിരുമേനിയുടെ കബറിടത്തിൽ വന്ന് മദ്ധ്യസ്ഥതയർപ്പിച്ച് അവർക്ക് പൂർണ്ണ സൗഖ്യം ലഭിച്ചു.

*    *    *    *    *    *    *

ന്യൂയോർക്കിൽ ബഹു. റ്റി. എം. സഖറിയാ കോർ എപ്പിസ്ക്കോപ്പാ അച്ചന്റെ ഇടവകയിൽപെട്ട ജയിംസ് കുട്ടി പ. ബാവാ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് തന്റെ കുഞ്ഞിന്റെ മാരകമായ രോഗം മാറിയതായി സാക്ഷ്യം നൽകിയിട്ടുണ്ട്.

*    *    *    *    *    *    *


ഒരു വർഷം മുമ്പ് കുഴിമറ്റത്ത് തയ്യിലെ അലീന എന്ന എട്ടു വയസ്സുള്ള ബാലിക സ്കൂളിൽ പോകാൻ വേണ്ടി സ്കൂൾ യൂണിഫോമിൽ ഗെയിറ്റി നരികിൽ നിന്നപ്പോൾ അബദ്ധവശാൽ 'ടൈ' ഗെയിറ്റിന്റെ കുറ്റിയിൽ കുരുങ്ങി. ടൈ കഴുത്തിൽ മുറുകി ശ്വാസവും പൾസും നിലച്ചു. ആശുപ ത്രിയിൽ എത്തിച്ചെങ്കിലും പരിശോധിച്ച ഡോക്ടർമാർ പ്രതീക്ഷയ്ക്ക് വകയില്ലെന്ന് വിധിയെഴുതി. കുട്ടിയുടെ മാതാവ് വാകത്താനം സ്വദേശിനി കുഞ്ഞന്നാമ്മ പ. പിതാവിനോട് മദ്ധ്യസ്ഥത യാചിക്കുകയും കുട്ടിയ്ക്ക് അത്ഭുതകരമായ മാറ്റം ഉണ്ടാകുകയും ജീവിതത്തിലേക്കു തിരിച്ചുവരികയും ചെയ്തു. ഇത്തരത്തിലുള്ള കേസുകളിൽ സംഭവിക്കുന്ന തലച്ചോറിനുണ്ടാ കാവുന്ന വൈകല്യങ്ങൾ കുട്ടിയെ ബാധിച്ചുമില്ല.

ഇത്തരത്തിലുള്ള അനേകം അനുഭവങ്ങൾ പ. പിതാവിന്റെ ജീവിത കാലത്തിൽ നടന്നതായും ഇന്നും നടക്കുന്നതായും അനേകരുടെ സാക്ഷ്യ മുണ്ട്.

Malankara Orthodox TV

# അനുബന്ധം

## ബാവായുടെ
## മലയാളം കൈപ്പട



# ബാവായുടെ ലെറ്റർഹെഡ്ഡുകൾ

**His Holiness Moran Mar Basselios Catholicos of the Apostolic Throne of the East.**

സർവ്വശക്തനായ ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ തനിക്കു സ്തുതി.

കോട്ടയം മുതലായ ഇടവകകളുടെ മെത്രാപ്പോലീത്തായും,
ശ്ലീഹായ്ക്കടുത്ത പൌരസ്ത്യസിംഹാസനത്തിന്റെ കാതോലിക്കായും ആയ
ബലഹീ[illegible]നാകുന്ന

ഒന്നാമത്തെ ഗീവറുഗീസ മാർ ബസേലിയോസ
കാതോലിക്കായിൽ നിന്നും.

**MORAN MAR BASSELIOS GEEVARGHESE, CATHOLICOS OF THE EAST.**

പൌരസ്ത്യകാതോലിക്കാ മാർ ബസേലിയോസ്.

*Vakathanam, Kottayam.*
*Travancore. S. India.*

No.........

---

No. ______

**HIS HOLINESS**
**MORAN MAR BASSELIOS CATHOLICOS**
*OF THE APOSTOLIC THRONE*
**OF THE EAST.**

*Vakathanam, Kottayam P. O.*
*Travancore, S. India*

സർവ്വശക്തനായ ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി).
ശ്ലീഹായിക്കടുത്ത പൌരസ്ത്യസിംഹാസനത്തിന്റെ
ബലഹീനനാകുന്ന ഒന്നാമത്തെ ഗീവറുഗീസായ ബസേലിയോസ കാതോലിക്കാ.

# സ്ലീബാ ശെമ്മാശന്റെ കത്ത്

*സ്ലീബാ ശെമ്മാശൻ (പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ്) ആലുവാ സെമിനാരിയിൽ കടവിൽ മാർ അത്താനാസ്യോസിന്റെ കൂടെ താമസിച്ചുകൊണ്ടിരുന്ന വാകത്താനത്തു ഗീവറുഗീസ് റമ്പാച്ചന് (പിന്നീടു മലങ്കരയിലെ ദ്വിതീയ പൗരസ്ത്യ കാതോലിക്കാ) സ്വന്ത കൈപ്പടയിൽ അയച്ച ഒരു എഴുത്തിന്റെ തർജ്ജമ താഴെ ചേർക്കുന്നു:*

യഥാർത്ഥമായി സ്നേഹിക്കപ്പെട്ടവനും, വെടിപ്പും ശോഭയുമുള്ള ഒനു വായക്കാരനും ആയി എത്രയും ബഹുമാനപ്പെട്ടിരിക്കുന്ന അന്തോനിയോസിനടുത്ത ഗീവറുഗീസ് റമ്പാച്ചന് സമാധാനവും വിശുദ്ധ കൈകളുടെ ചുംബനവും.

വളരെ ബഹുമാനിക്കപ്പെട്ടിരിക്കുന്ന വിശുദ്ധനായ ആബൂൻ മാർ അത്താനാസ്യോസിന്റെ രോഗത്തെക്കുറിച്ച് ഈയിടെയായി ഞാൻ ഒന്നും അറിയുന്നില്ല എന്നു നിങ്ങളുടെ സത്യസ്നേഹത്തോട് അറിയിച്ചുകൊള്ളട്ടെ. ഇതു ഹേതുവായി ദൈവമായ കർത്താവ് ആത്മാവിന്റെയും ശരീരത്തിന്റെയും പരിപൂർണ്ണ സുഖം അദ്ദേഹത്തിനു കൊടുക്കുന്നതിനും നമുക്കു തന്റെ അംഗീകാരയോഗ്യമായ പ്രാർത്ഥനകളാലും സമൃദ്ധിയായ വാഴ്വുകളാലും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നൽകുന്നതിനും ഞാൻ പ്രാർത്ഥിക്കുന്നു. ആമ്മീൻ.

ഈ എഴുത്തോടുകൂടെ ഇപ്പോൾ ഗ്രമത്തി (വ്യാകരണം) പ്പുസ്തകം ഞാൻ നിങ്ങൾക്ക് അയയ്ക്കുന്നു. അതു നിങ്ങൾക്കു കിട്ടിയോ ഇല്ലയോ എന്നറിവാനായി ബലഹീനനായ നമുക്കു നിങ്ങൾ മറുപടി അയയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. നമ്മുടെ ഹൃദയത്തിൽ ആശ്വാസം ഉണ്ടാകുമാറു പിതാവിന്റെ രോഗത്തെക്കുറിച്ചു വിവരമായി എന്നെ അറിയിക്കണം. തുർക്കി രാജാവിനാൽ മോറാൻ പാത്രിയർക്കീസ് പാത്രിയർക്കാ സ്ഥാനത്തു നിന്നു തള്ളപ്പെട്ടു എന്ന്, നിങ്ങൾ വർത്തമാനക്കടലാസിൽ നിന്നു കേട്ടത്, നിങ്ങൾ അറിഞ്ഞിരിക്കുന്നപ്രകാരം അല്ല. ആദ്യമായി ലൗകിക അധികാരത്തിൽ നിന്നു മാത്രമല്ലാതെ പാത്രിയർക്കാസ്ഥാനത്തിൽ നിന്ന് അദ്ദേഹം തള്ളപ്പെട്ടിട്ടില്ല. ഇപ്പോഴും ആത്മീകകാര്യങ്ങളിൽ അദ്ദേഹം തന്നെ പാത്രിയർക്കീസാകുന്നു. അദ്ദേഹമല്ലാതെ മറ്റു പാത്രിയർക്കീസ് ഇല്ല താനും. അബ്ദുള്ളാ ആയ ആബൂൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പാത്രിയർക്കീസിന്റെ ലൗകികഅധികാരം ഇല്ലാതായി എന്നു കണ്ട ഉടനെ അദ്ദേഹത്തിന്റെ മാതാവിന്റെ മാർവിലേക്കു – അതായത് വിശുദ്ധസഭയിലേക്കു ....... തിരിച്ചു വന്നിരിക്കുന്നു. ......

മശിഹാകാലം 1905 മിഥുനം 17 നു കോട്ടയം സിമ്മനാരിയിൽ നിന്നു സ്ലീബാ ശെമ്മാശൻ.

(*എത്രയും സാരവത്തായ ഒരു എഴുത്തുപുസ്തകം* എന്ന ഗ്രന്ഥത്തിൽ നിന്നും)

# മലങ്കര സുറിയാനി സഭാ കാര്യം: മെത്രാനഭിഷേകം

**(സ്വന്തം ലേഖകൻ)**

ചെങ്ങന്നൂർ: 88–6–29 കഴിഞ്ഞ ഞായറാഴ്ച ചെങ്ങന്നൂർ പള്ളിയിൽ വച്ചു നി. വ. മ. ശ്രീ. അബ്ദേദു മശിഹാ പാത്രിയർക്കീസ് ബാവാ അവർകളും, പൗരസ്ത്യ കാതോലിക്കാ ബാവാ അവർകളും, മലങ്കര മെത്രാപ്പോലീത്താ അവർകളും, മാർ ഗ്രീഗോറിയോസു കൊച്ചു മെത്രാപ്പോലീത്താ അവർകളും കൂടി വന്ദ്യ ദിവ്യശ്രീ യൂയാക്കീം റമ്പാനവർകൾക്കും വന്ദ്യ ദിവ്യശ്രീ വാകത്താനത്തു ഗീവറുഗീസു റമ്പാനവർകൾക്കും മെത്രാൻസ്ഥാനം നൽകിയിരിക്കുന്നു.

ഇങ്ങനെയൊരു വലിയ കാര്യം ഇവിടെ വച്ചു നടത്താൻ പോകുന്ന വിവരം മുൻകൂട്ടി അറിവു കിട്ടിയിരുന്നില്ലെങ്കിലും അറിഞ്ഞ ഉടൻ ആയതു കഴിയുന്നത്ര ഭംഗിയാക്കണമെന്നുള്ള കരുതലോടുകൂടി വികാരി യാക്കോബു കത്തനാരവർകളും മറ്റും കൂടി വേണ്ട ഉത്സാഹങ്ങൾ ചെയ്തു പള്ളിയുടെ അകവും പുറവും എല്ലാം അലങ്കരിക്കുകയും മുൻവശത്തു കൊടികൂറകളാലും മറ്റും കാഴ്ചയ്ക്കു മനോഹരമാക്കി ചെയ്യപ്പെടുകയും ബാവാ അവർകൾക്കും മറ്റും ഇരിക്കുന്നതിനു ചില മുറികൾ പ്രത്യേകം തയാറാക്കുകയും ചെയ്തിരുന്നതു കൂടാതെ ഇവരെ എല്ലാവരെയും യഥായോഗ്യം സൽക്കരിക്കുന്നതിനായി ഒരു കമ്മട്ടി ഏർപ്പെടുത്തുകയും ചെയ്തിരുന്നു.

ഈ ആവശ്യം പ്രമാണിച്ചു നി. വ. ദി. മ. ശ്രീ. പൗരസ്ത്യ കാതോലിക്കാ ബസ്സേലിയോസു ബാവാ അവർകളും, നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളും 27–ാ നു കാലത്തെ തന്നെ ഇവിടെ എത്തിയിരുന്നു. പാത്രിയർക്കീസ് ബാവാ അവർകളും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളും റമ്പാന്മാരും മറ്റും ശനിയാഴ്ച വൈകിട്ടു 4 മണിക്ക് ഉറുപ്പുക്കടവിലെത്തുകയും ബാവാ അവർകൾ മേനാവിലും, മെത്രാപ്പോലീത്താ അവർകളും മറ്റും വണ്ടികളിലുമായി അവിടെ നിന്നു കൊട, കൊടി, കുരിശ് മുതലായ അലങ്കാര ചിഹ്നങ്ങളോടും ബാനറു, തമ്പേറ്, ഉരുട്ടുചെണ്ട മുതലായ വാദ്യഘോഷങ്ങളോടും കൂടി ഒരു ഘോഷയാത്രയായി പുറപ്പെട്ടു അഞ്ചര മണിയോടു കൂടി പള്ളിയിൽ എത്തുകയും ലുത്തിയാനയും പ്രസംഗവും കഴിഞ്ഞു ആറു മണിയോടു കൂടി പിരിയുകയും ചെയ്തു. 27–ാ നു രാത്രിയിൽ മെത്രാനഭിഷേകം സംബന്ധിച്ചുള്ള വിശുദ്ധ കർമ്മങ്ങളുടെ ചില ഭാഗങ്ങൾ അനുഷ്ഠിക്കുകയും 28–ാ നു രാവിലെ പാത്രിയർക്കീസു ബാവാ അവർകൾ മലങ്കര മെത്രാപ്പോലീത്താ അവർകൾ മുതലായവരുടെ സഹകരണത്തോടു കൂടി കുർബാന എന്ന വിശുദ്ധ കർമ്മം

അനുഷ്ഠിക്കുകയും കുർബാനമദ്ധ്യേ യൂയാക്കീം റമ്പാൻ അവർകളെ ഈവാനിയോസ് എന്ന നാമത്തിലും ഗീവറുഗീസ് റമ്പാൻ അവർകളെ പീലക്സീനോസ് എന്ന നാമത്തിലും മെത്രാന്മാരായി സ്ഥാനാഭിഷേകം ചെയ്തു. അനന്തരം മേല്പട്ടസ്ഥാനത്തിന്റെ പല വശങ്ങളെ ആസ്പദമാക്കി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ എത്രയും സാരവത്തായ ഒരു പ്രസംഗം ചെയ്കയും കുർബാന അവസാനിച്ചതിന്റെ ശേഷം ജനങ്ങൾ എല്ലാവരും പുതിയ മെത്രാപ്പോലീത്താമാരുടെ കൈമുത്തി പിരിയുകയും ചെയ്തു.

പിന്നീടു ബാവാ അവർകൾ കുറെ പുല ക്രിസ്ത്യാനികളെ അനുഗ്രഹിക്കുകയും അവരെ ഗുണദോഷങ്ങൾ പറകയും ചെയ്കയുണ്ടായി.

വൈകിട്ടു അഞ്ചു മണിക്കു പള്ളിയിൽ വെച്ചു പാത്രിയർക്കീസു ബാവാ അവർകൾ, ബസേലിയോസു ബാവാ അവർകൾ, മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകൾ, മാർ ഈവാനിയോസു മെത്രാപ്പോലീത്താ അവർകൾ, മാർ പീലക്സീനോസു മെത്രാപ്പോലീത്താ അവർകൾ ഇവരും പൂവത്തൂർ യാക്കോബ് കത്തനാർ അവർ മുതലായി ചില കത്തന്മാരും ശീമ റമ്പാന്മാർ, ചില ശെമ്മാശ്ശന്മാർ എന്നിവരും ചേർന്നു ഒന്നും, ബാവാന്മാരും മെത്രാപ്പോലീത്തന്മാരും പൂവത്തൂർ യാക്കോബ് കത്തനാർ അവർകളും മാത്രം ചേർന്നു ഒന്നും ഇങ്ങനെ രണ്ടുവിധത്തിൽ ഓരോ ഗ്രൂപ്പ് ഫോട്ടോ എടുക്കുകയുമുണ്ടായി.

*(മലയാള മനോരമ, 12-2-1913)*

Malankara Orthodox TV

# കാതോലിക്കാ ബാവായ്ക്കു ആശംസകൾ

ഒരു പന്തീരാണ്ടിനു മുമ്പ് തിഗ്രീസിലെ പൗരസ്ത്യ കാതോലിക്കാ സ്ഥാപനം മലങ്കരയിൽ പുനഃസ്ഥാപിച്ചതു സംബന്ധിച്ചു പല കാര്യങ്ങളും മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ആവിർഭാവം, പരിവർത്തനം, അതു മലങ്കരയിലേക്ക് നീക്കാനുള്ള അർഹത, മലങ്കര സുറിയാനി സഭയ്ക്ക് ആധുനികകാലത്ത് അതു സംബന്ധിച്ചു പ്രത്യേകമായുള്ള അവകാശാധികാരങ്ങൾ, ഇപ്പോൾ സിംഹാസനസ്ഥനായിരിക്കുന്ന കാതോലിക്കായുടെ നിസ്തർക്കമായ സ്ഥാന സാധുത്വം മുതലായ സംഗതികളെക്കുറിച്ചു സംക്ഷിപ്തമായ ഒരു വിവരണം കൂടെ ഉണ്ടായിരിക്കേണ്ടത് ഈ ഘട്ടത്തിൽ എത്രയും ആവശ്യമെന്നു വിചാരിക്കുന്നു. ക്രൈസ്തവ സഭയുടെ ആദിമഘട്ടത്തെ സംബന്ധിച്ചുള്ള ചരിത്രപരമ്പര ഘോഷിക്കുന്നതു പൗരസ്ത്യ കാതോലിക്കായുടെ ഉദ്ഭവം സെലൂക്യയിലായിരുന്നു എന്നാണ്. സെലൂക്യ പട്ടണം അലക്സാണ്ടർ മഹാരാജാവിന്റെ കാലശേഷം രാജ്യം പങ്കിട്ടെടുത്ത സൈന്യാധിപരാജാക്കന്മാരിൽ ഒരാളിന്റെ രാജധാനിയായിരുന്നു. റോമാ സാമ്രാജ്യവും പേർഷ്യാ സാമ്രാജ്യവും തമ്മിൽ മൽസരിച്ചു നിന്ന കാലത്ത് പേർഷ്യായിലെ പൗരന്മാരായ എപ്പിസ്കോപ്പന്മാരും മറ്റു സഭാ നേതാക്കന്മാരും ഒരു റോമാ രാജ്യ പൗരനായിരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴ്പ്പെട്ടിരിക്കയും അനുസരണബാദ്ധ്യത വഹിക്കയും ചെയ്താൽ അത് രാഷ്ട്രീയ നിലയിൽ പേർഷ്യാക്ക് ഹാനികരം ആണെന്നു പേർഷ്യാ ചക്രവർത്തി തീരുമാനിച്ചു. തൽഫലമായി വിശ്വാസാചാരങ്ങളിൽ സർവ്വത്ര ഐക്യമുണ്ടായിരുന്ന സഭ രാഷ്ട്രബന്ധമുള്ള ഭരണത്തിൽ കേവലം സ്വതന്ത്രങ്ങളായി ഭവിച്ചു. അങ്ങനെ കാതോലിക്കാ വാഴ്ച തുടങ്ങിയതു തന്നെ സ്വതന്ത്ര ഭരണാധികാരി ആയിട്ടാകുന്നു. ഭരണസ്വാതന്ത്ര്യം അനുവദിച്ചും വിശ്വാസൈക്യം മാത്രം നിർബന്ധിതമാക്കിയുമാണ് പൗരസ്ത്യ സഭാപിതാക്കന്മാർ സഭാഘടന രചിച്ചിട്ടുള്ളത്. കാതോലിക്കാ സ്വതന്ത്രനെങ്കിലും റോമാ സാമ്രാജ്യത്തിലും പേർഷ്യയിലും ഉള്ള സഭകൾ തമ്മിൽ ഐക്യവും സഹോദരബന്ധവും സഹകരണവും വർദ്ധിക്കണമെന്ന് ഒൻപതാം ശതകത്തിൽ യോഹന്നാൻ എന്ന ഒരു അന്ത്യോഖ്യാ പാത്രിയർക്കീസ് ആഗ്രഹിച്ചു ശ്രമിക്കുകയുണ്ടായി. തൽഫലമായുണ്ടായ വ്യവസ്ഥകൾ ശ്രദ്ധാർഹങ്ങളത്രേ. പാത്രിയർക്കീസും കാതോലിക്കോസും ഒരുമിച്ചു വരുമ്പോൾ പള്ളിയിലെ ആരാധനയിലും രണ്ടു പേരുമുള്ള യോഗത്തിലും പാത്രിയർക്കീസു മുമ്പൻ, കാതോലിക്കാ രണ്ടാമൻ. ഒരു പാത്രിയർക്കീസു അന്തരിച്ചിട്ടു മറ്റൊരുത്തനെ അവരോധിക്കേണ്ട കൃത്യം നടത്തേണ്ടതു കാതോലിക്കാ, അതുപോലെ കാതോലിക്കായെ പാത്രിയർക്കീസും അവരോ

Malankara Orthodox TV

ധിക്കണം. അങ്ങനെ പരസ്പരം സമ്മതിച്ച് ഒരു വ്യവസ്ഥ ഉണ്ടാക്കണം. പാത്രിയർക്കാ ഇടവകയിലെ എപ്പിസ്കോപ്പന്മാർ കാതോലിക്കായെ അറിയിക്കാതെ പാത്രിയർക്കാ സ്ഥാനാരോഹണകൃത്യം നടത്തിയാൽ കാതോലിക്കാ സംസ്ഥാനത്തിലെ എപ്പിസ്കോപ്പന്മാർ കാതോലിക്കാ സ്ഥാനാരോഹണത്തിനു മറ്റവരേയും അറിയിക്കേണ്ട കടമയില്ല. ബാർ എബ്രായ തന്നെ ഒരു കാതോലിക്കായായിരുന്നു. ഈ വിധം സമനിലയിലെങ്കിലും സഹകരണബുദ്ധ്യാ അന്യോന്യം വർത്തിച്ചു വരവേ കാലാന്തരത്തിൽ കാതോലിക്കാ സിംഹാസനം സെലൂക്യായിൽ നിന്നു ടൈഗ്രീസു നദീതീരത്തുള്ള ടൈഗ്രീസ് അഥവാ തിഗ്രീസ് എന്ന ചെറിയ പട്ടണത്തിലേക്കു മാറ്റി.

മലങ്കരസഭ തിഗ്രീസിലെ അധികാര സീമയിൽപ്പെട്ടു. കാതോലിക്കായുടെ മറ്റൊരു പേർ കിഴക്കു ദിക്കിന്റെ വലിയ മെത്രാപ്പോലീത്താ എന്നായിരുന്നു. സെലൂക്യായിൽ നിന്ന് തിഗ്രീസിലേക്ക് എന്നപോലെ മലങ്കരക്കും സിംഹാസനം നീങ്ങുന്നത് എത്രയും നിയമാനുസൃതമായ കാര്യം തന്നെ. അതിലേക്ക് അനേക ന്യായങ്ങളുണ്ട്. ഇൻഡ്യയുടെ കാവൽക്കാരനായ വി. തോമ്മാ ശ്ലീഹാ പന്തിരുവരിൽ ഒരുവനായിരുന്നതുകൊണ്ട് ശ്ലീഹാ സ്ഥാപിച്ച സഭയ്ക്ക് എല്ലാവിധ ഭരണസ്വാതന്ത്ര്യവും ഉണ്ടെന്നുള്ള തത്വത്തെ എഫേസൂസ് സുന്നഹദോസ് സമ്മതിച്ചു 'കുപ്രോസ് ദ്വീപിലെ സഭയ്ക്കു സ്വാതന്ത്ര്യമനുവദിച്ചു.' അന്യനാടുകളിലെ സഭയുമായുള്ള ബന്ധം ആലോചിച്ചാലും എത്രയോ ദൂരസ്ഥിതമായ മലങ്കരസഭ വി. ബർന്നബാസിന്റെ കുപ്രോസ് സഭയ്ക്ക് എഫേസൂസ് സുന്നഹദോസ് അനുവദിച്ചു കൊടുത്ത എല്ലാ ഭരണസ്വാതന്ത്ര്യങ്ങളേയും നിസ്തർക്കമായി അർഹിക്കുന്നു. ഇവയൊന്നും ഇല്ലെന്നു തന്നെ വരട്ടെ. എന്നാലും മേല്പട്ടക്കാരായ എപ്പിസ്ക്കോപ്പന്മാർക്ക് എവിടേയും കിട്ടിയിരിക്കുന്ന അധികാരം യേശുക്രിസ്തുവിൽ നിന്നു ശ്ലീഹന്മാർ വഴിയായിട്ടുള്ളതാണ് എപ്പിസ്കോപ്പാ സ്ഥാനത്തിൽ അന്തർലീനമായും സ്വകീയമായുമുള്ള ആ അധികാരം മലങ്കരസഭയിലെ ഒരു എപ്പിസ്കോപ്പൽ സംഘത്തിനില്ലെന്ന് ആരു പറയും? കാനോൻ നിയമവും ക്രൈസ്തവ സഭാചരിത്ര പരമ്പരയും നിസ്തർക്കമായി ആ തത്വത്തെ ബലപ്പെടുത്തുന്നു. ലോകാവസാനത്തോളം മലങ്കരസഭയിൽ എപ്പിസ്കോപ്പാ സ്ഥാനം നിലനിന്നു പോരുന്നതിനു തക്കവണ്ണം മോറാൻ മാർ അബ്ദേദ് മിശിഹാ പാത്രിയർക്കീസ് ബാവാ അവർകൾ കല്പിച്ചനുവദിക്കയും അതിലേക്കു കാനോനികമായി വേണ്ട പിടിപാടു തരികയും അദ്ദേഹം തന്നെ മലങ്കരസഭയ്ക്ക് ഒരു കാതോലിക്കായെ വാഴിക്കയും തുടരെ വാഴിച്ചുകൊള്ളുന്നതിന് അദ്ദേഹം തന്നെ വാഴിച്ച മൂന്ന് മെത്രാപ്പോലീത്തന്മാരെ അധികാരപ്പെടുത്തീട്ടുള്ളതുമാകുന്നു. ആ മൂന്നു മെത്രാന്മാർ കൂടി തന്നെയാണ് അടുത്തു നടന്ന കാതോലിക്കാസ്ഥാനാരോഹണത്തിൽ പങ്കെടുത്തത്. അങ്ങനെ സ്ഥാനാരോഹണം ചെയ്ത കാതോലിക്കായും ശേഷം രണ്ടു

മെത്രാപ്പോലീത്തന്മാരും കൂടിയാണ് ഒരു എപ്പിസ്കോപ്പായെ ഉടൻ തന്നെ വാഴിച്ചത്.

ഇങ്ങനെ കാനോനികമായ ഒരു പാത്രിയർക്കീസിന്റെ കല്പനകളെ ആസ്പദമാക്കിയാണ് ഇപ്പോൾ കാതോലിക്കാ ബാവായെ അവരോധിച്ചിരിക്കുന്നത്. ഇല്ലെങ്കിൽ തന്നെയും എപ്പിസ്കോപ്പന്മാർക്ക് അതിനധികാരമുണ്ടെന്നു മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്തെന്നാൽ ഒരു പാത്രിയർക്കീസ് മരിച്ചാൽ പിന്നെ ഏതു പാത്രിയർക്കീസിന്റെ അനുമതിയനുസരിച്ചാണ് പിൻഗാമിയെ തെരഞ്ഞെടുക്കുന്നത്.

പിൻഗാമി ഇന്നാരായിരിക്കണമെന്നു പറയുന്നതിന് ഒരു പാത്രിയർക്കീസിനും കാതോലിക്കായ്ക്കും കാനോൻ പ്രകാരം അധികാരമില്ല.

ഇതുവരേയും മർദ്ദീനിൽ പാത്രിയർക്കീസന്മാരെ തിരഞ്ഞെടുക്കുമ്പോൾ മലങ്കരയുള്ള എപ്പിസ്കോപ്പന്മാരെ അറിയിക്ക പതിവായിരുന്നു. ....... ഇപ്പോഴത്തെ പാത്രിയർക്കീസിനെ തെരഞ്ഞെടുത്തപ്പോൾ അദ്ദേഹത്തിന്റെ മുൻഗാമി അവരോധിച്ചിരുന്ന കാതോലിക്കാ ഇടവകയിലെ എപ്പിസ്കോപ്പന്മാരേയും ബാവാ കക്ഷിക്കാർ എന്ന് അഭിമാനിക്കുന്നവരേയും അറിയിക്കാതെയാണ് പാത്രിയർക്കാ ഇടവകയിലെ മെത്രാന്മാർ പ്രവർത്തിച്ചത്. അത് ന്യായവിരുദ്ധവും അധികാരം കവിഞ്ഞതുമായ ഒരു നടപടി ആയിരുന്നു. അതുകൊണ്ട് മേൽ ഉദ്ധരിച്ച കാനോൻ വ്യവസ്ഥ പ്രകാരം പാത്രിയർക്കീസിനെ അറിയിക്കാതെയും കാതോലിക്കായെ ഇവിടെ വാഴിക്കയെന്നത് എത്രയും ന്യായാനുസൃതം തന്നെ.

കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് സ്വതന്ത്രവും സ്വദേശീയവും പൗരാണികവും അപ്പോസ്തോലികാരംഭവും കൊണ്ടു പാവനമായിരിക്കുന്ന ഒരു സഭയെ നിയന്ത്രിക്കുന്നതിനു കയ്യേറ്റിരിക്കുന്ന ഈ സന്ദർഭത്തിൽ അവിടത്തെ ഗാഢമായ ചിന്തയ്ക്കും ശ്രമത്തിനും വിഷയീഭവിക്കേണ്ട ഏതാനും കാര്യങ്ങളുണ്ട്. നമ്മിൽ നിന്ന് ഓരോ കാലത്തും ഓരോ കാരണങ്ങളാലും വേർപിരിയാൻ സംഗതി വന്നിട്ടുള്ള സഹോദര സഭകളുമായി ഒരൈക്യം ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ എല്ലാ വകുപ്പിനുമുള്ള അധികാരികളുടേയും നേതാക്കന്മാരുടേയും ശ്രദ്ധയ്ക്കു വിഷയമാക്കേണ്ടതാണ്. സ്വദേശീയ കാര്യങ്ങളിൽ ഭ്രമിച്ചു ലയിച്ചിരിക്കുന്ന ഭാരത ഭൂവാസികൾ ക്രൈസ്തവ സഭയിലേക്കാകർഷിക്കപ്പെടുന്നതിനും സഭയുടെ ശക്തിയും ഉദ്ബോധനവും കൊണ്ടു ഭിന്ന വകുപ്പുകാരായ ക്രൈസ്തവരും ക്രൈസ്തവേതരന്മാരും ദൂരഭാവിയിലെങ്കിലും ഏകയോഗമായി സംഘടിക്കപ്പെടാൻ തക്കപോലെ സഭയുടെ അസ്ഥിവാരമായ തത്വങ്ങളെ പാലിച്ചുകൊണ്ടു തന്നെ ദേശീയമായ ആദർശങ്ങളെ ആവിർഭവിപ്പിച്ച് സമാധാനം പ്രചരിപ്പിക്കുന്നതിനും പുരാതനമായ മലങ്കര സുറിയാനി സഭയെ ഐശ്വര്യവത്താക്കി തീർക്കുന്നതിനും

കാതോലിക്കാ തിരുമേനിയെ ദൈവം ഉദ്ബോധിപ്പിച്ചു പ്രകാശിപ്പിച്ച് അനുഗൃഹീതനാക്കി തീർക്കുമാറാകട്ടെ എന്നും ദൈവത്തെ പ്രാർത്ഥിക്കുന്നു.

*(1925 ഏപ്രിൽ 25-ാം തീയതി വാഴിക്കപ്പെട്ട മലങ്കരയിലെ ദ്വിതീയ കാതോലിക്കാ ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ ബാവായ്ക്ക് അനുമോദനം നേർന്നുകൊണ്ട് 5 - 5 - 1925 ൽ മലയാള മനോരമയിൽ കെ. സി. മാമ്മൻ മാപ്പിള എഴുതിയ മുഖപ്രസംഗം)*

❑

# വള്ളിക്കാട്ട് ദയറാ സ്ഥാപനത്തെപ്പറ്റി ഇടവഴിക്കൽ ഡയറിയിൽ നിന്നും

"വാകത്താനത്തു പള്ളിയിൽ എണ്ണച്ചെരി കത്തനാരു പാലക്കുന്നന്റെ പക്ഷത്തിൽ ചെർന്നും വള്ളിക്കാട്ടു പൌലൊസ കത്തനാരു അതിനു വിരൊധമായും പല വ്യവഹാരങ്ങൾ ചെയ്തശെഷം വെറെ ഒരു പള്ളി വെക്കണമെന്നു പൌലൊസ കത്തനാരു മുതൽ പെരു നിശ്ചയിച്ച മാർ കൂറിലൊസ ബാവായെ ബൊധിപ്പിക്കയാൽ 1837 മത കന്നി മാസം 6നു എന്റെ പെർക്കു അയച്ച സാധനത്തും പ്രകാരം ഞാൻ അവിടെ ചെന്നു വാകത്താനത്തു അയ്യനാട്ടു കുന്നിൽ 31 നു തമ്പുരാനെപ്പെറ്റമ്മയുടെ നാമത്തിൽ ഒരു പള്ളിക്കു കല്ലിട്ടു കൊടുക്കയും ചെയ്തു."

**ഇടവഴിക്കൽ ഡയറി, പുസ്തകം 3, പേജ് 669-670**

Malankara Orthodox TV

# മഹാകവി വള്ളത്തോളിന്റെ പ്രസംഗം

(ഇക്കഴിഞ്ഞ 21-ാം തീയതി ഞായറാഴ്ച ആർത്താറ്റ് കുന്നംകുളം മഹാ ഇടവക നിദാന്ത വന്ദ്യ മഹാ മഹിമശ്രീ കാതോലിക്ക ബാവാ തിരുമനസ്സിലേക്ക് മംഗളപത്രം സമർപ്പിച്ചതായ അവസരത്തിൽ പറഞ്ഞതായ വാചാ പ്രസംഗം)

കുന്നംകുളത്തുകാരുടെ ഭാഗ്യാദിരേകത്താൽ ഇവിടെ സന്നിധാനം ചെയ്തിരിക്കുന്ന കാതോലിക്കാ ബാവാ തിരുമനസിലേയ്ക്കും, അവിടുത്തോടുള്ള ഭക്തിബഹുമാനങ്ങളെ കാണിപ്പാൻ ഇവിടെ സമ്മേളിച്ച മാന്യ സദസ്യർക്കും ഞാൻ വെവ്വേറെ വന്ദനം പറഞ്ഞുകൊള്ളുന്നു.

മനുഷ്യനു താൻ എവിടെനിന്നു വന്നു, എവിടേയ്ക്കു പോകുന്നു എന്നുള്ള ആലോചന ഒരിക്കലും ചെല്ലുന്നില്ല. സുഖം കിട്ടുന്നത് എവിടെ നിന്നാണ് എന്നന്വേഷിച്ചു നടക്കുന്ന അവന്റെ ദൃഷ്ടി ഐഹിക വിഷയങ്ങളെ വിട്ട് ഒരിക്കലും മുകളോട്ടു കയറുന്നില്ല. വാസ്തവത്തിൽ നാം ഭ്രമിക്കുന്ന പ്രപഞ്ചസുഖം നശ്വരമാണ്. “കരയുന്നവൻ ചിരിക്കും; വിശക്കുന്നവനു തൃപ്തിവരും” എന്നുപദേശിച്ചിട്ടുള്ള ലോകഗുരു വിഷയ സുഖങ്ങളിൽ നിന്നു മനുഷ്യരെ പിന്തിരിപ്പിക്കുകയാണു ചെയ്യുന്നത്. എന്നാൽ അവരാകട്ടെ പൗലോസു പുണ്യവാളൻ പറയുന്നതുപോലെ, “സ്രഷ്ടാവിനേക്കാളധികം സൃഷ്ടത്തെ ആരാധിച്ചു കഴിയുന്നു.” ഈ പ്രാപഞ്ചിക തമസ്സിനു ഒരു സൂര്യോദയമാണ് ഇത്തരം മഹാന്മാരായ മതാദ്ധ്യക്ഷന്മാരുടെ സമാഗമം.

കുന്നംകുളം പട്ടണം ഒന്നര ആഴ്ചവട്ടമായി തികച്ചും സൂര്യപ്രകാശത്തിൽ തന്നെയായിരുന്നു. ഇന്നോ നമ്മുടെ ആകാശമണ്ഡലം കറുത്തിരുണ്ടിരിക്കുകയാണ്. ആദ്ധ്യാത്മവിഷയത്തിലേക്ക് ആളുകളെ ആകർഷിച്ചുകൊണ്ട് നമ്മുടെ ഇടയിൽ ഇത്രയും ദിവസമിരുന്നരുളിയ തിരുമേനിയുടെ വിരഹത്തിൽ നമുക്കുള്ള ദു:ഖത്തെ പ്രകൃതിദേവിയും വീതിച്ചെടുക്കുന്നതായി തോന്നുന്നു! എന്തായാലും അവിടുത്തെ സാന്നിദ്ധ്യം കുന്നംകുളത്തുനിന്ന് ഒരിക്കലും വിട്ടുപോകുന്നതല്ല. അത്രമേൽ അതു ഹൃദയത്തിൽ ഭക്തിയാൽ പതിക്കപ്പെട്ടിരിക്കുന്നു.

മലങ്കര സുറിയാനി സഭ തുർക്കി രാജ്യത്തെ പാത്രിയർക്കീസന്മാരുടെ ഭരണത്തിൽ നിന്നു - ദുർഭരണത്തിൽ നിന്നു എന്നു തന്നെ പറയാം - മോചനം പ്രാപിച്ചിട്ട് ഒരു പന്തീരാണ്ടു കാലമായിരിക്കുന്നു. പാത്രിയർക്കാഭരണത്തിന്റെ അടി മാന്തിനോക്കിയാൽ റഷ്യയിലെ മഹർഷിവര്യ

Malankara Orthodox TV

നായ ടോൾസ്റ്റോയി ഒരവസരത്തിൽ അമേരിക്കക്കാരെപ്പറ്റി പറഞ്ഞപോലെ, "ഡോളർ രാജാവിന്റെ അടിമകളായിട്ടുള്ളവർ മതരാജാവിനെ സിംഹാസന ഭൃഷ്ടനാക്കിയത്" പലപ്പോഴും കണ്ടെത്തും. ഈശ്വരന്റെ കളിപ്പുരയായ ലോകത്തിൽ ഇത്തരം നേരമ്പോക്കുകൾ പലതും കാണാവുന്നതാണ്. "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തിയാലുണ്ടോ" സാധു വാകുന്നു!. ഇദ്ദേഹം കാതോലിക്കാ സിംഹാസനത്തിന്റെ ദ്വിതീയധിപതി യാണെങ്കിലും ഇപ്പോൾ മാത്രമേ കുന്നംകുളം പട്ടണത്തിന് ഒരു സ്വദേശീയ നായ പരമമതാദ്ധ്യക്ഷന്റെ തൃക്കരം ചുംബിപ്പാനുള്ള ഭാഗ്യം സിദ്ധിക്കയുണ്ടാ യുള്ളൂ.

ഈ പരിപാവനമായ മഹോത്സവത്തെ ആരാധിക്കുന്നതിൽ കുന്നംകുളം പട്ടണം അതിന്റെ മുഴുവൻ ശക്തിയെ ഉപയോഗിച്ചിട്ടുണ്ട്. തിരുമേനി ഇവിടെ എഴുന്നെള്ളിയ ഉടനെ അവിടുത്തെ കാറിൽ നിന്നിറക്കി മറ്റൊരു തുറന്ന വണ്ടിയിൽ കയറ്റി ജനങ്ങൾ സ്വയം വലിച്ചുകൊണ്ട് പോവുകയാണ് ചെയ് തത്. അതു ഗുരുവിനെ ശിഷ്യർ, അല്ലെങ്കിൽ പിതാവിനെ പുത്രന്മാർ, വഹിച്ച് അവരുടെ ഭക്തിആദരങ്ങളെ വെളിപ്പെടുത്തി. ഈ പുണ്യാചരണത്തെ സ്വർഗ ത്തിൽ അറിയിപ്പാൻ എന്നപോലെ വാദ്യനിർഘോഷം വാനത്തിലേക്കു തള്ളിക്കയറി. കുന്നംകുളത്തിന് ഈ മഹാത്മാവിന്റെ പേരിലുള്ള ഭക്തിയാദര ബഹുമാനങ്ങളുടെ ഏതാനും ജ്വാലകളാണ് ഒന്നു രണ്ടു ദിവസം മേല്പോ ട്ടുയർന്ന് ആകാശദേശത്തെ പ്രകാശമയമാക്കിയത്, കേവലമൊരു വെടിക്കെ ട്ടല്ലായിരുന്നു അത്. "ഇവിടെ കെട്ടുന്നത് സ്വർഗ്ഗത്തിലും കെട്ടപ്പെടും" എന്ന ക്രിസ്തുവചനത്തിനുദാഹരണമെന്നപോലെ, മേല്പോട്ട് പാഞ്ഞ വാണങ്ങ ളിൽ നിന്നും ഉതിരുന്ന തീപ്പൊരികൾ കണ്ടപ്പോൾ എനിക്ക് തോന്നിയത്, ഈ പരമഗുരുവിന്റെ പാദവിന്യാസത്താൽ പവിത്രീകൃതമായ കുന്നംകുള ത്തിന്റെ മേൽ ദൈവദൂതൻമാർ പൊന്നുംപൂക്കൾ വർഷിക്കുകയാണെന്നാണ്. അവരുടെ വിവിധ രത്ന വിഭൂഷിതങ്ങളായ ചിറകുകളാണല്ലോ അവിട്ടു പൊട്ടി ത്തെറിച്ച് പരന്നപ്പോൾ ആകാശത്തിൽ നാം കാണുകയുണ്ടായത്.

തിരുമേനിയെ എങ്ങിനെയെല്ലാം ആദരിച്ചാണ് ഇന്നാട്ടുകാർ തൃപ്തിപ്പെ ടുക? മൂന്നു ലക്ഷത്തിൽപ്പരം ആടുകളെ അവറ്റിന്റെ ആലയിലേക്കു നിർബാധ മാകുംവണ്ണം തെളിച്ചുകൊണ്ടുപോകുന്ന ഒരു ദയാശീലനായ ഇടയന്റെ വടി യാണ് തൃക്കൈയിൽ കാണപ്പെടുന്നത്. തൽക്കാലം അകന്നുപോയിട്ടുള്ള ആടുകളും അചിരേണ ഈ അംശവടിയുടെ തേജസ്സിനാൽ ആകർഷിക്ക പ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ അധികം സംസാരിച്ച് അവി ടുത്തെ മധുരമായ തിരുവാമൊഴി കേൾക്കാൻ ഉൽക്കണ്ഠപ്പെട്ടുകൊണ്ടിരി ക്കുന്ന സദസ്യർക്കു പ്രതിബന്ധം വരുത്തുന്നില്ല. എന്നാൽ അവിടുത്തേക്കു ആയുരാരോഗ്യങ്ങൾ ആശംസിക്കുക കൂടി ചെയ്യാതെ പ്രസംഗപീഠത്തിൽ നിന്ന് ഇറങ്ങിപ്പോകുന്നതിനു എന്റെ മനസ്സു സമ്മതിക്കുന്നില്ല താനും!

തപഃശക്തിയുള്ള തിരുമേനിക്ക് ക്ഷേമം ആശംസിക്കുന്നതും സൂര്യന് പ്രകാശം ആശംസിക്കുന്നതും ഏതാണ്ട് ഒരു പോലെയാണെന്ന് എനിക്കറിയാം. എങ്കിലും എന്റെ കർത്തവ്യം ഞാൻ ചെയ്യേണ്ടിയിരിക്കുന്നു. നമുക്ക് വേണ്ടിയാണ് നാം ഈശ്വരനെ സ്തുതിക്കുന്നത്. നെയീൻ പട്ടണത്തിലേക്ക് കടക്കുന്ന അവസരത്തിൽ യാതൊരു കാരണമാനുഷൻ ശവമഞ്ചത്തെ കരുണാപീയൂഷാർദ്രമായ തൃക്കരം കൊണ്ടു സ്പർശിച്ചതോടു കൂടി ആ മൃതനായിരുന്ന വിധവാ പുത്രൻ പുനർജീവിച്ചെഴുന്നേറ്റുവോ; മൃത്യുവിന്റെ ദണ്ഡ് ആരുടെ തൃക്കാൽക്കൽ പലപ്പോഴും ദണ്ഡനമസ്കാരം ചെയ്തുവോ; ആരുടെ പരിശുദ്ധമായ ശ്വാസവായുവാൽ രോഗങ്ങളും പാപങ്ങളും കൊടുങ്കാറ്റിനാൽ കച്ചിലകളെ എന്നപോലെ അതിദൂരം പറന്നുപോയോ; ആ ഭഗവാൻ, പിതാവിന്റെ വലതുവശത്തു വാണരുളുന്ന ജഗദീശരനായ യേശുക്രിസ്തു – ഈ നമ്മുടെ മോറാൻ മാർ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സിലേക്ക് ആയുരാരോഗ്യ പുണ്യസമൃദ്ധിയെ പ്രദാനം ചെയ്യുമാറാകട്ടെ! തിരുമേനിക്ക് ഒരിക്കൽ കൂടി വന്ദനം.

*(മലയാള മനോരമ പത്രം, 1925 ഡിസംബർ 15)*

❑

Malankara Orthodox TV

# കാലം ചെയ്ത കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട്

നിതാന്ത വന്ദ്യ ദിവ്യ. മഹിമ ശ്രീ. മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ട് ഇന്നലെ രാവിലെ നെയ്യൂർ ആശുപത്രിയിൽവച്ചു കാലം ചെയ്തിരിക്കുന്നു എന്നുള്ള അതിദുസ്സഹമായ ദുഃഖവർത്തമാനം ഇന്നലെ ഈ പംക്തികളിൽ ചേർത്തിരുന്ന കമ്പി വർത്തമാനങ്ങളിൽ നിന്നു വായനക്കാർ ധരിച്ചിരിക്കുന്നല്ലോ. നെയ്യൂർ ആശുപത്രിയിൽ വച്ചു നടത്തിയ ശസ്ത്രക്രിയയുടെ ഫലമായി തിരുമനസ്സിലേക്കു രോഗത്തിനു കുറവുണ്ടെന്നും മൂന്നാഴ്ചക്കകം പൂർണ്ണസുഖം ലഭിക്കുമെന്നും ഡോക്ടറന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു എന്നുള്ള വർത്തമാനം അറിഞ്ഞു സന്തോഷിച്ചിരിക്കുമ്പോഴാണ് അവിചാരിതവും അവാച്യ സങ്കടഹേതുകവുമായ ഈ വർത്തമാനം ഞങ്ങൾക്കു കിട്ടിയത്. മലങ്കര സുറിയാനി സമുദായം അതിപ്രധാനമായ ഒരു പരിവർത്തനഘട്ടത്തിൽ എത്തിയിരിക്കുന്ന ഈ അവസരത്തിൽ മേല്പട്ടക്കാരിൽ എല്ലാം കൊണ്ടും ഉയർന്ന സ്ഥാനത്തിന് അർഹനായ തിരുമനസ്സിലെ തിരോധാനം സമുദായത്തിന് ആകമാനം അപരിഹാര്യമായ നഷ്ടവും അത്യന്ത ദുഃഖത്തിനു കാരണവും ആകുന്നു എന്നതിൽ സംശയമില്ല.

ക്രൈസ്തവ സഭയുടെ ആദിമഘട്ടത്തെ സംബന്ധിച്ചുള്ള ചരിത്രപരമ്പര ഘോഷിക്കുന്നതു പൌരസ്ത്യകാതോലിക്കായുടെ ഉത്ഭവം യേശുക്രിസ്തുവിന്റെ 12 ശിഷ്യന്മാരെ കൂടാതെ ഉണ്ടായിരുന്നു. “72 അറിയിപ്പുകാരിൽ” രണ്ടു പേർ വഴിയാണെന്നാണ്. ഒന്നാമത്തെ പൌരസ്ത്യ കാതോലിക്കാ സിംഹാസനം സ്ഥാപിച്ചതു 4–ാം ശതകത്തിനും 5–ാം ശതകത്തിനും മദ്ധ്യേ സെലൂക്യാ പട്ടണത്തിലാണ്. റോമാ സാമ്രാജ്യവും പേർഷ്യാ രാജ്യവും തമ്മിൽ മത്സരിച്ചിരുന്ന കാലത്തു പേർഷ്യയിലെ പൗരന്മാരായിരുന്ന എപ്പിസ്ക്കോപ്പന്മാരും മറ്റു സഭാനേതാക്കന്മാരും ഒരു റോമാസാമ്രാജ്യ പൗരനായിരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴ്പ്പെട്ടിരിക്കയും അനുസരണ ബാദ്ധ്യത വഹിക്കുകയും ചെയ്താൽ അതു രാഷ്ട്രീയ നിലയിൽ പേർഷ്യായ്ക്കു ഹാനികരമാണെന്നു പേർഷ്യാ ചക്രവർത്തി തീരുമാനിച്ചു. തൽഫലമായി വിശ്വാസാചാരങ്ങളിൽ സർവത്ര ഐക്യമുണ്ടായിരുന്ന സഭ രാഷ്ട്രീയബന്ധമുള്ള ഭരണത്തിൽ കേവലം സ്വതന്ത്രങ്ങളായി ഭവിച്ചു. ഇങ്ങനെ കാതോലിക്കാ വാഴ്ച തുടങ്ങിയതു തന്നെ സ്വതന്ത്ര ഭരണാധിക്കാരി ആയിട്ടായിരുന്നു. ഭരണസ്വാതന്ത്ര്യമനുവദിച്ചും വിശ്വാസൈക്യം മാത്രം നിർബന്ധമാക്കിയുമാണു പൗരസ്ത്യ സഭാപിതാക്കന്മാർ സഭാഘടന നിർമ്മിച്ചതെന്നു മേല്പറഞ്ഞ ഭാഗങ്ങളിൽ നിന്നു സ്പഷ്ടമായല്ലൊ. സെലൂക്യായിൽനിന്നു കാതോലിക്കാ സിംഹാസനം ടൈഗ്രീസ് നദീതീര

Malankara Orthodox TV

ത്തിലുള്ള തിഗ്രീസ്സ് പട്ടണത്തിലേക്കു നീങ്ങി. മലങ്കരസഭയും അതിൽ ഉൾപ്പെട്ടു. കാതോലിക്കായുടെ പേർ കിഴക്കൻദിക്കിന്റെ വലിയ മെത്രാപ്പോലീത്താ എന്നു കൂടി ആയിരുന്നു. തെഗ്രീസിലെ കാതോലിക്കാവാഴ്ച അവസാനിച്ചതോടു കൂടി മലങ്കരസഭയുടെ സർവാധിപത്യവും വീണ്ടും അന്ത്യോഖ്യാ സിംഹാസനത്തിൽ തന്നെ ലയിച്ചു. അങ്ങനെ ദീർഘകാലം കാതോലിക്കാ വാഴ്ച മലങ്കര സുറിയാനി സഭയ്ക്ക് ഇല്ലാതെ കഴിഞ്ഞു കൂടി. ഇതിനിടയിൽ, ക്രമപ്രവൃദ്ധമായ കാലപ്രവാഹത്തിന്റെ ഫലമായി പല നൂതന അഭിപ്രായങ്ങളും സഭാംഗങ്ങളുടെ ഇടയിൽ പ്രചരിച്ചു. ഈ അഭിപ്രായങ്ങളേക്കുറിച്ചോ ഈ അഭിപ്രായങ്ങളുടെ ഫലമായി സമുദായത്തിൽ കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഉണ്ടായിട്ടുള്ള ഭിന്നിപ്പിനേപ്പറ്റിയോ ഈ അവസരത്തിൽ എന്തെങ്കിലും പറയണമെന്നു വിചാരിക്കുന്നില്ല. അതിദീർഘകാലമായി അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ സ്ഥിതി ചെയ്തിരുന്ന മലങ്കര സഭാംഗങ്ങൾ വിദേശികളുടെ ഭരണത്തിൽ നിന്നു സഭയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത നല്ലവണ്ണം മനസ്സിലാക്കി. തന്മൂലം ചെയ്ത ശ്രമത്തിന്റെ ഫലമായിട്ടാണ് 20-ൽ അധികം വർഷങ്ങൾക്കു മുമ്പു മുറ മറ്റത്ത് ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളെ പാത്രിയർക്കീസിൽ നിന്ന് അഭിഷേകം കൈക്കൊണ്ടു വി. മാർത്തോമ്മാ ശ്ലീഹായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിൽ കിഴക്കിന്നടുത്ത കാതോലിക്കാ സിംഹാസനത്തിൽ ആരോഹണം ചെയ്യിച്ചത്. തിരുമനസ്സിലെ കാലശേഷം തൽസ്ഥാനത്തിൽ അഭിഷേകം ചെയ്തത് ഇന്നലെ കാലം ചെയ്ത കോട്ടയം മുതലായ ഇടവകകളുടെ നി. വ. ദിവ്യ. ശ്രീ. മാർ പീലക്സിനോസു മെത്രാപ്പോലീത്താ അവർകളെ ആണ്. അതിൽ നിന്നു മലങ്കരസഭയുടെ രണ്ടാമത്തെ കാതോലിക്കാബാവ ഇപ്പോൾ കാലം ചെയ്ത തിരുമേനിയാണെന്നുള്ളതു സ്പഷ്ടമാണല്ലൊ.

തിരുമേനി 60 വർഷം മുമ്പു വാകത്താനത്തു കാരുചിറ എന്ന കുലീന കുടുംബത്തിൽ ജനിച്ചു. കാലസ്ഥിതി അനുസരിച്ചുള്ള വിദ്യാഭ്യാസം സമ്പാദിച്ചശേഷം ഇദ്ദേഹം പട്ടം സ്വീകരിച്ചു. ഇദ്ദേഹത്തിനു റമ്പാൻ പട്ടം കൊടുത്തതു  സുമാർ 30 വർഷം മുമ്പ് ആലുവായിൽ വച്ചാണ്. ആലുവാ സെമ്മിനാരിയിൽ ഇദ്ദേഹം കുറേക്കാലം താമസിച്ച് അവിടത്തെ കാര്യങ്ങൾ അന്വേഷിച്ചിട്ടുണ്ട്. അവിടത്തെ കൂട്ടു ട്രസ്റ്റികളിൽ ഒരംഗവും ഇദ്ദേഹം തന്നെയായിരുന്നു. ഇങ്ങിനെ സഭയുടെ ഭരണകാര്യങ്ങളിൽ ധാരാളം ഇടപെട്ടു സമുദായാംഗങ്ങളുടെ ബഹുമാനത്തിനും ഭക്തിക്കും വിശ്വാസത്തിനും പാത്രമായിത്തീർന്ന ഇദ്ദേഹത്തെ ചെങ്ങന്നൂർ പള്ളിയിൽവച്ചു 1087-ൽ നി. വ. ദി. മ. ശ്രീ. അബ്ദേൽ മിശിഹാബാവാ തിരുമനസ്സു കൊണ്ടു കോട്ടയം മുതലായ ഇടവകകളുടെ മെത്രാനായി അഭിഷേകം ചെയ്തു. അനന്തരം ഒരു വ്യാഴവട്ടക്കാലം ഇടവകഭരണം ശാന്തമായും സാമർത്ഥ്യത്തോടു

കൂടിയും നിർവ്വഹിച്ചു വന്ന തിരുമേനിയെ 1100 മേടം 18-ാം തീയതി പ്രസിദ്ധവും പ്രാചീനവുമായ നിരണത്തു പള്ളിയിൽവച്ചു മലങ്കര കാതോലിക്കാ ബാവായായി അഭിഷേകം ചെയ്തു. ഈ വിശിഷ്ടകർമ്മത്തിൽ നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ, കാലം ചെയ്ത നി. വ. ദി. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾ മുതലായ മേല്പട്ടക്കാരും നൂറ്റമ്പതിൽപരം പട്ടക്കാരും 30-ൽ പരം ശെമ്മാശന്മാരും അസംഖ്യം സഭാംഗങ്ങളും സംബന്ധിച്ചിരുന്നു. (ഈ സംഭവം മലങ്കര സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഘട്ടത്തെ കുറിക്കുന്നു എന്നുള്ളതിൽ സംശയമില്ല. തിഗ്രീസിലെ കാതോലിക്കാവാഴ്ച അവസാനിച്ചതോടു കൂടി കാതോലിക്കാ സിംഹാസനം മലങ്കര സ്ഥാപിക്കുന്നതിനു സഭാംഗങ്ങൾ ആഗ്രഹിക്കുകയും അതിനു ശ്രമിക്കുകയും ചെയ്തു കൊണ്ടിരുന്നു എങ്കിലും കുറേക്കാലം അതിനു പാത്രിയർക്കാ സിംഹാസനത്തിൽ നിന്ന് ആനുകുല്യം സിദ്ധിക്കാതെ കഴിഞ്ഞു കൂടി. ഒടുവിൽ അന്ത്യോഖ്യായുടെ അബ്ദേദ് മിശീഹാ എന്ന തിരുനാമമുള്ള പുണ്യശ്ലോകനായ മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മലയാളത്തേക്ക് എഴുന്നള്ളുകയും അപ്പോസ്തോല കാലം മുതൽ അന്ത്യോഖ്യാ പട്ടണത്തിൽ സ്ഥാപിതമായിരുന്ന പാത്രിയർക്കാ സിംഹാസനം കാലാന്തരത്തിൽ മർദീൻ പട്ടണത്തിലേക്കു മാറ്റി സ്ഥാപിച്ചപ്രകാരം തിഗ്രീസിലെ കാതോലിക്കാ സിംഹാസനം മലങ്കരയിലേക്കു മാറ്റി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതേയും ഔചിത്യത്തേയും പറ്റി തിരുമനസ്സിലേയ്ക്കു ബോധ്യപ്പെട്ടതിന്റെ ഫലമായി ആദ്യം നി. വ. ദി. മ. ശ്രീ. മാർ ഈവാനീയോസ് മെത്രാപ്പോലീത്താ അവർകളെ മാർ ബസ്സേലിയോസ് എന്ന പേരിൽ വാഴിക്കയും ചെയ്തു. അത്ര മാത്രവുമല്ല, കാതോലിക്കാ സിംഹാസനം എല്ലാക്കാലത്തും ഇവിടെ നില നിൽക്കുന്നതിനു വേണ്ട കല്പനയും അദ്ദേഹം മലങ്കര സഭയ്ക്കു നൽകിയിട്ടുമുണ്ടു. ഇങ്ങനെ മലങ്കര സഭയുടെ വളർച്ചയ്ക്കും സ്വാതന്ത്ര്യത്തിനും അടിസ്ഥാനക്കല്ലിട്ട പുണ്യശ്ലോകനായ മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസു ബാവാ തിരുമേനിയോടു മലങ്കര സുറിയാനി സമുദായം എന്നന്നേയ്ക്കും കടപ്പെട്ടിരിക്കുന്നു എന്നതിൽ സംശയമില്ല).

സ്ഥാനാരോഹണത്തിനു ശേഷം തിരുമനസ്സു കൊണ്ടു വാകത്താനത്തു സ്ഥിരമായി താമസിച്ചു സമുദായ കാര്യങ്ങളിൽ ഉത്സാഹപൂർവ്വം ഏർപ്പെട്ടു കൊണ്ടിരുന്നു. സഭയുടെ അഭിവൃദ്ധി ജീവിതോദ്ദേശമായി പരിഗണിച്ചു പ്രവർത്തിച്ചു വന്നിരുന്ന മേല്പട്ടക്കാരിൽ ഒരു ഉന്നതസ്ഥാനം ഇദ്ദേഹത്തിനുണ്ട്. തിരുമേനിയേപ്പോലെ ഭക്തിയും വിശ്വാസവും മൂർത്തീകരിച്ചിരുന്നവർ നമ്മുടെ സഭയിൽ അപൂർവ്വമായേ ഉണ്ടായിട്ടുള്ളു എന്നു നിസ്സംശയം പറയാം.

തിരുമേനിയ്ക്ക് ആമാശയ സംബന്ധമായ രോഗം ബാധിച്ചിട്ടു മുപ്പതു

വർഷത്തിലധികമായി. എങ്കിലും ആഡംബരരഹിതമായ ജീവിതരീതി കൊണ്ടും പഥ്യാഹാരം മൂലവും തിരുമേനിക്കു രോഗബാധ കഠിനമായി ഉണ്ടായില്ല. തിരുമേനി നെല്ലരി ഭക്ഷണം തീരെ ഉപേക്ഷിച്ചിട്ടു വളരെക്കാലമായി. പാൽ, പഞ്ഞപ്പുല്ല്, ഗോതമ്പ് മുതലായവ മാത്രമായിരുന്നു അവിടുന്നു ഭക്ഷിച്ചിരുന്നത്.

അശേഷം ആഡംബരം കൂടാതെയും ഭിന്നിപ്പിന് ഇടവരാതെയും ജീവിതം നയിച്ചിരുന്ന തിരുമേനി വേദവിജ്ഞാന പാരാവാര പാരംഗതനായിരുന്നു എന്നു മാത്രമല്ല, മതസംബന്ധമായ പല ഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുമുണ്ട്. ശിൽപ്പവിദ്യയിൽ തിരുമേനിക്കു വളരെ സാമർത്ഥ്യവും ഉത്സാഹവും ഉണ്ടായിരുന്നു. തയ്യൽപ്പണി, ആശാരിപ്പണി, കൊല്ലപ്പണി മുതലായവയിൽ തിരുമേനി വിദഗ്ദ്ധനായിരുന്നു. വാകത്താനം പള്ളിമുറി, വള്ളിക്കാട്ടു പള്ളി മുതലായവ ഇദ്ദേഹത്തിന്റെ പ്രത്യേക ശ്രദ്ധയിലും ആലോചനയിലും പണി കഴിപ്പിച്ചിട്ടുള്ളതാണ്.

ഇങ്ങനെ പല വിധത്തിൽ മാതൃകാ യോഗ്യനായും ആരാധനാപാത്രമായും ജീവിച്ചിരുന്ന തിരുമേനിയുടെ ദേഹവിയോഗം മലങ്കര സുറിയാനി സഭയ്ക്ക് അപരിഹരണീയമായ ഒരു നഷ്ടവും സമുദായാംഗങ്ങൾക്ക് അതുല്യമായ ദുഃഖത്തിനു കാരണവും ആണെന്നുള്ളതിൽ സംശയലേശമില്ല. സമുദായത്തിൽ ഭിന്നിപ്പും കലഹവും പ്രബലമായി ഉണ്ടായിരുന്നിട്ടും ലൗകികമായ ഇത്തരം നിസ്സാരകാര്യങ്ങളിൽ ലേശവും ഏർപ്പെടാതെയും സഭയുടെ ശാശ്വതവും ശാന്തവുമായ നന്മയെ മാത്രം ലാക്കാക്കിയും ആജീവനാന്തം പ്രയത്നിച്ച തിരുമനസ്സിലെ വിയോഗം ഒരു കാലത്തും വിസ്മരിക്കത്തക്കതല്ലെന്നു മാത്രമല്ല, അതുകൊണ്ടു സമുദായത്തിനുള്ള നഷ്ടം പരിഹരിക്കത്തക്കതുമല്ല. അപാരമായ ഈ ദുഃഖത്തിൽ ഒരു പ്രധാന അംശം അർഹിക്കുന്ന "മനോരമയ്ക്ക്" ഈ അവസരത്തിൽ ഇതിലധികം പറയുവാൻ ശക്തിയില്ല.

*(1928 ഡിസംബർ 18 ലെ മലയാള മനോരമ പത്രത്തിൽ നിന്ന്)*

❑

MalankaraOrthodox.TV

# കാലം ചെയ്ത നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സ് കൊണ്ട്

## (വാകത്താനത്തു നിന്ന് ഒരു മാന്യൻ അയച്ചു തന്നത്)

നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ട് ഈ മാസം 3-ാം നു തിങ്കളാഴ്ച രാവിലെ എട്ടു മണിക്കു (നെയ്യൂർ മിഷൻ ആസ്പത്രിയിൽ വച്ചു കാലം ചെയ്യുകയും 4-ാംനു ചൊവ്വാഴ്ച രണ്ടു മണിക്കു വാകത്താനത്തു മർത്തമറിയം പള്ളിയിൽ കബറടക്കപ്പെടുകയും ചെയ്ത വിവരം മലങ്കരെയുള്ള നാനാജാതിമതസ്ഥന്മാരും അറിഞ്ഞിട്ടുണ്ടല്ലൊ, മിക്ക സമുദായങ്ങളും അദ്ദേഹത്തിന്റെ വിയോഗത്തിലുള്ള ദുഃഖത്തേയും സുറിയാനി സഭയോടുള്ള അനുശോചനത്തേയും പത്രദ്വാരാ പ്രദർശിപ്പിച്ചതു ചാരിതാർത്ഥ്യകരമത്രേ. തിരുമേനിക്കുണ്ടായിരുന്ന സുഖക്കേടിനെപ്പറ്റി പൊതുജനങ്ങൾ ശരിയായി മനസ്സിലാക്കിക്കാണാൻ ഇടയായിട്ടില്ലാത്തതിനാൽ ആദ്യമായി അതിനേക്കുറിച്ചു സ്വല്പം പ്രസ്താവിച്ചു കൊള്ളുന്നു.

ഉദരസംബന്ധമായ എന്തോ ഒരു സുഖക്കേട് അദ്ദേഹത്തെ ബാധിച്ചിട്ടു മുപ്പതു വർഷത്തിൽ കുറയാതെയായി. ചില വൈദ്യന്മാരുടെ ഉപദേശമനുസരിച്ച് അദ്ദേഹം സാധാരണ ഭക്ഷണക്രമം മാറ്റി പാലും, ഗോതമ്പും ഉപയോഗിച്ചു വന്നു. എന്നാൽ സഭയുടെ നിയമപ്രകാരമുള്ള സകല നോമ്പുകളും ആചരിക്കുന്നതിൽ വലിയ നിഷ്ഠയുണ്ടായിരുന്ന തിരുമേനി നോമ്പുകാലങ്ങളിൽ പാൽ വർജ്ജിക്ക പതിവായിരുന്നതിനാൽ അസമയങ്ങളിൽ രോഗം വർദ്ധിക്കയും പതിവായിരുന്നു. ഇങ്ങനെ ഇരിക്കേ കഴിഞ്ഞ വലിയ നോമ്പു കാലത്തു രോഗം ക്രമാതീതമായി വർദ്ധിച്ചു. നോമ്പു വീടിയതിന്റെ ശേഷം പാൽ ഉപയോഗിച്ചിട്ടും രോഗം ഒട്ടും ശമിച്ചില്ല. നോവിനു പുറമേ ഛർദ്ദിയും പലപ്പോഴും ഉണ്ടായിക്കൊണ്ടിരുന്നു. "എന്റെ മരണം സമീപിച്ചിരിക്കുന്നു." എന്ന് അദ്ദേഹം പലരോടും പറകയും അതിനുവേണ്ട ആത്മീകവും ലൗകീകവുമായ എല്ലാ ഒരുക്കങ്ങളും പ്രത്യേകം ആരംഭിക്കയും ചെയ്തു. അന്ത്യകർമ്മങ്ങൾ നടത്തു ന്നതിനു വന്ദ്യ മെത്രാപ്പോലീത്തന്മാരും വൈദികന്മാരും ഇവിടെ വരുമ്പോൾ അവർക്കു താമസിക്കുന്നതിനു വേണ്ട സൗകര്യം ഇല്ലാത്തതിനാൽ ഒരു ബംഗ്ലാവു പണിയുന്നതിന് ഉടൻ തന്നെ ആരംഭിച്ചു. അതിന്റെ പണി പൂർത്തിയാ കുമ്പോൾ പള്ളിയുടെ വടക്കുവശത്ത് ഒരു വരാന്തയും കബറും പണി തീർത്തിടണമെന്നായിരുന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നത്. കബർ മൂടുന്നതിനു വേണ്ട കരിങ്കല്ല് അദ്ദേഹം വരുത്തി ഇടുവിക്കയും ചെയ്തു. എന്നാൽ രോഗവും ക്ഷീണവും ദൈനംദിനം വർ

ദ്ധിച്ചു വരികയാൽ ബംഗ്ലാവു പണി തീരുന്നതിനു മുമ്പു തന്നേ മരിച്ചു പോകുമെന്ന് അദ്ദേഹത്തിനു തോന്നുകയും കബറു പണിയേണ്ട സ്ഥലം അദ്ദേഹം പലരേയും കാണിക്കയും അവിടെ കബറടപ്പെടണമെന്നാണു തന്റെ ആഗ്രഹമെന്നു പലരോടും കൽപ്പിക്കയും ചെയ്തിട്ടുണ്ട്. രോഗകാഠിന്യം മൂലം ഒരു എക്സറേ പരിശോധന നടത്തിക്കണമെന്നു വന്ദ്യ മെത്രാപ്പോലീത്തന്മാരും മറ്റും അദ്ദേഹത്തോടു അപേക്ഷിച്ചതനുസരിച്ചു കഴിഞ്ഞ വൃശ്ചികമാസം 16-ാം നു ശനിയാഴ്ച അദ്ദേഹം ഇവിടെ നിന്നു തിരുവനന്തപുരത്തേയ്ക്ക് എഴുന്നള്ളി. അവിടെ വച്ചു ഡോക്ടർ സോമർവൽ അദ്ദേഹത്തെ പരിശോധിച്ചു. ശസ്ത്രക്രിയ നടത്തുന്നപക്ഷം നിങ്ങളുടെ കാതോലിക്കാ മൂന്നു മാസത്തിലധികം ജീവിച്ചിരിക്കയില്ലെന്നും ആ സമയം മുഴുവൻ കഠിനവും ദുസ്സഹവുമായ വേദന അനുഭവിക്കേണ്ടി വരുമെന്നും എന്റെ പിതാവു തന്നെ ആയിരുന്നാലും ഈ ഘട്ടത്തിൽ ഓപ്പറേഷനു അനു വദിക്കണമെന്നു ഞാൻ നിർബന്ധിക്കുമെന്നും അതുമൂലം യാതൊരാപത്തും വരികയില്ലെന്നും അവിടെ കൂടിയിരുന്ന സമുദായപ്രമാണികളോടു ഡോക്ടർ സോമർവൽ പറഞ്ഞു. അധികം താമസിയാതെ മരിച്ചുപോകുമെന്നു പൂർണ്ണവിശ്വാസമുണ്ടായിരുന്ന ബാവാ അവർകൾ, "ഞാൻ സ്വദേശത്തു ചെന്ന് എല്ലാവരോടും യാത്ര പറഞ്ഞു വരട്ടെ" എന്ന് ആവശ്യപ്പെട്ടു എങ്കിലും അതിനു സാധിച്ചില്ല. മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകളേയും മാർ ഈവാനീയോസ് എപ്പിസ്ക്കോപ്പാ അവർകളേയും തന്നോടു കൂടെ നെയ്യൂർക്കു കൊണ്ടുപോകണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ഇത് ആവശ്യപ്പെടുന്നപക്ഷം അന്ത്യകർമ്മങ്ങൾ നടത്തുന്നതിനായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. 17-ാംനു ഞായറാഴ്ച അദ്ദേഹം തിരുവനന്തപുരം സുറിയാനിപ്പള്ളിയിൽ കുർബാന ചൊല്ലുകയും പ്രസംഗിക്കുകയും പള്ളിയിൽ കൂടിയിരുന്നവരെ ആശീർവദിക്കയും ചെയ്തു. തങ്ങളുടെ വന്ദ്യപിതാവിന്റെ മുഖം ഇനിയും കാണാൻ സാധിക്കയില്ലെന്ന് അന്ന് ആർ വിചാരിച്ചു. 23-ാം തീയതി ശനിയാഴ്ച അദ്ദേഹം മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകളോടൊരുമിച്ചു നെയ്യൂർ ആശുപത്രിയിൽ എത്തി. പിറ്റേദിവസം ഞായറാഴ്ച അദ്ദേഹം തിരുവാംകോട്ടു പള്ളിയിൽ വിഃ കുർബാനയിൽ സംബന്ധിച്ചു. 27-ാം തീയതി ബുധനാഴ്ച രാവിലെ ബഥനി എപ്പിസ്ക്കോപ്പാ അവർകൾ നെയ്യൂരെത്തി. ശാസ്ത്രക്രിയയ്ക്കു മുമ്പു തിരുമേനിമാരും പട്ടക്കാരും ശെമ്മാശ്ശന്മാരും കൂടെ പ്രാർത്ഥനയും "ഉപ്രുശുമാ" എന്ന ശുശ്രൂഷയും നടത്തി. ചില അപേക്ഷകൾ ചൊല്ലിയതു ബാവാ തിരുമേനി തന്നെ ആയിരുന്നു. അതിന്റെ ശേഷം ബാവാ ഈവാനിയോസു മെത്രാപ്പോലീത്താ അവർകളോടും തോമ്മസു ശെമ്മാശ്ശനോടും കൂടെ ഓപ്പറേഷൻ മുറിയിലേയ്ക്കു പോയി. ശസ്ത്രക്രിയ ചെയ്യേണ്ട ഭാഗം ഡോക്ടർ മരുന്നു കുത്തിവച്ചു മരവിപ്പിച്ചശേഷമാണു ഓപ്പറേഷൻ ആരംഭിച്ചത്, രോഗം ബാധിച്ചതെന്ന് എക്സറേ മൂലം കണ്ടുപിടിച്ച അപ്പൻഡിക്സു ഛേദിച്ചതിന്റെ ശേഷം ആമാ

ശയവും കുടലും അദ്ദേഹം പരിശോധിച്ചു. അപ്പോഴാണു രോഗം വിചാരിച്ചി രുന്നതിൽ ആപൽക്കരമാണെന്നു മനസ്സിലായത്. ആമാശയത്തിൽ ഒരു മാംസപിണ്ഡം വളർന്നിട്ടുള്ളതായും മലം പോകേണ്ട കുടലിന്റെ ഒരു ഭാഗം മിക്കവാറും അടഞ്ഞിരിക്കുന്നതായും വേറൊരു ഭാഗം ചില കുരുക്കൾ വന്ന തിന്റെ ഫലമായി കരിപോലെ കറത്തിരിക്കുന്നതായും അദ്ദേഹം കണ്ടു. ഇവയ്ക്കെല്ലാം വേണ്ടുന്ന ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ബാവാ തിരു മേനിയെ ഡോക്ടർ ക്ലോറോഫോം കൊടുത്തു മയക്കി. ശസ്ത്രക്രിയകൾ എല്ലാം വിജയകരമായിത്തന്നെ നടന്നു. ബാവാ ക്രമേണം സുഖം പ്രാപിച്ചു വന്നതിനാൽ എല്ലാവർക്കും വലിയ സന്തോ ഷമായിരുന്നു. രോഗക്കിടക്ക യിൽ വച്ചു പോലും അദ്ദേഹം സഭയിൽ കല്പിക്കപ്പെട്ടിട്ടുള്ള ഏഴുനേര ത്തേയും പ്രാർത്ഥനകൾ കഴിച്ചു കൊണ്ടിരുന്നു. ഈ മാസം 3–ാം തീയതി തിങ്കളാഴ്ച രാവിലെ ബാവാതിരുമേനിയെ ഡോക്ടർ പരിശോധിച്ചപ്പോൾ ഓപ്പറേഷൻ ചെയ്ത ഭാഗത്ത് അമർത്തി നോക്കുകയും വേദനയൊന്നുമി ല്ലെന്നു ബാവാ കല്പിക്കയുമുണ്ടായി. മുറിവുകൾ കരിഞ്ഞതിനാലും, തലേ രാത്രി തൃപ്തികരമായ വിശപ്പുണ്ടായിരുന്നതിനാലും മലമൂത്ര വിസർജ്ജന ങ്ങൾ യാതൊരു പ്രതിബന്ധവും കൂടാതെ നടന്നതിനാലും ഇനിയും അവിടത്തേക്കു സുഖമായി ഒരു നാല്പതുവർഷം കൂടെ ജീവിച്ചിരിക്കുന്ന തിനു സാധിക്കുന്നതാണ് എന്നു ഡോക്ടർ തിരുമേനിയോടു പറഞ്ഞു. ഇത്ര യും വലിയ ഓപ്പറേഷൻ ഇത്ര വളരെ വിജയകരമായി അവസാനിച്ചതിനാൽ സായ്പിനു വളരെ സന്തോഷമായി. ബാവാ തിരുമേനിയെ അദ്ദേഹം സ്വപി താവിനെ എന്ന പോലെ വളരെ സ്നേഹത്തോടും ഭക്തിയോടും ബഹുമാന ത്തോടും സൂക്ഷ്മതയോടും കൂടെയായിരുന്നു എന്നതിനു കൂടെ ഉണ്ടാ യിരുന്ന വന്ദ്യ മെത്രാപ്പോലീത്തന്മാരും മറ്റും സാക്ഷികളാണ്. അന്നു രാവി ലെയും മെത്രാപ്പോലീത്തന്മാർ വി. കുർബാന അർപ്പിക്കുന്നതിന് തിരുവാം കോട്ടു പള്ളിയിലേയ്ക്കു പോയി. തോമ്മസ് ശെമ്മാശനോട് “താൻ ഇന്നു പോകണ്ട” എന്നു പറഞ്ഞു കൊണ്ട് ബാവാ അദ്ദേഹത്തെ പിടിച്ചു കട്ടിലിൽ ഇരുത്തി. ഏകദേശം 8 മണിയ്ക്ക് “തന്റെ ചങ്കിന് ഒരു വേദന വരുന്നു. ഞാൻ ഇതാ കടന്നു പോകുന്നു” എന്ന് ശെമ്മാശനോടു മറ്റും അദ്ദേഹം കല്പിച്ചു. അനന്തരം ബാവാ തിരുമേനി സ്വർഗ്ഗത്തിലേക്കു കണ്ണുകളെ ഉയർത്തി. “എന്റെ ദൈവമേ” എന്നു പറഞ്ഞു കൊണ്ടു കുരിശുവരച്ചു. കൂടെ ഉണ്ടാ യിരുന്ന ഒരു പട്ടക്കാരൻ മരണ സമയത്തെ പ്രാർത്ഥന ചൊല്ലുകയും വന്ദ്യ പിതാവ് രണ്ടു മൂന്നു പ്രാവശ്യം ദീർഘശ്വാസം വിടുകയും ചെയ്തു. അതോടു കൂടെ തിരുമേനിയുടെ ആത്മാവ് ശരീരത്തിൽ നിന്നു വേർപെട്ടും ഈ സ്വർഗ്ഗാരോഹണം ഉണ്ടായത്. തിരുവാംകോട്ടു പള്ളിയിൽ കാസായും പീലാസായും ഉയർത്തപ്പെട്ടപ്പോൾ ആയിരുന്നു. നിയമപ്രകാരമുള്ള തൈലാ ഭിഷേകം മുതലായ ശുശ്രൂഷകൾ നടത്തുന്നതിനു തലേദിവസം അദ്ദേഹം ആവശ്യപ്പെട്ടു. എങ്കിലും അത് സമുദായാംഗങ്ങളെ സംഭ്രമചിത്തരാക്കിയേ

MalankaraOrthodox.TV

ക്കുമെന്നു ഭയന്ന് "അതിനിപ്പോൾ ആവശ്യമില്ലല്ലോ" എന്നു ചിലർ പറഞ്ഞു. ഒരു പുണ്യാത്മാവായ ആ പിതാവിന് ഒരു പക്ഷെ അത് ആവശ്യമില്ലായിരുന്നിരിക്കാം. ഇത്രയും പ്രസ്താവിച്ചതിൽ നിന്നു മരണഹേതു ശസ്ത്രക്രീയ അല്ലായിരുന്നു എന്നും ഹൃദയസ്പന്ദനം പെട്ടെന്നു നിന്നു പോയത് ആയിരുന്നു എന്നും വ്യക്തമാണല്ലൊ. കഴിഞ്ഞ കുംഭമാസത്തിൽ അദ്ദേഹം സ്ഥലം സിംഹാസനപ്പള്ളിയിൽ വി. കുർബാന ചൊല്ലിക്കൊണ്ടു നിന്നപ്പോൾ ഏകദേശം രണ്ടു മിനിറ്റു നേരം ശ്വാസം മിക്കവാറും നിന്നു പോകയുണ്ടായി. അപ്പോൾ കൂടെ ഉണ്ടായിരുന്ന ശെമ്മാശന്മാർ തിരുമേനിയെ പിടിച്ചു കൊണ്ടു നിന്നു. പള്ളിയിലുണ്ടായിരുന്ന മിക്കവരും കരയുവാൻ തുടങ്ങി. ദൈവകൃപയാൽ ഉടൻ ശ്വാസം വീഴുകയും തിരുമേനി തന്നെ ശുശ്രൂഷ മുഴുവൻ കഴിക്കയും ചെയ്തു. പെട്ടെന്നുണ്ടായ മരണഹേതു ഈ സുഖക്കേടു തന്നെയായിരുന്നു. മെത്രാപ്പോലീത്തന്മാർ പള്ളിയിൽ നിന്ന് തിരിച്ച് ആശുപത്രിയിൽ എത്തിയപ്പോൾ ബാവായുടെ മൃതശരീരമത്രെ കാണുന്നതിനിടയായത്. അവർക്കും ഡോക്ടർ സോമർവല്ലിനും ഉണ്ടായ ദുഃഖം എന്തു മാത്രമെന്ന് വർണ്ണിക്കാൻ പ്രയാസമാണ്.

ബാവാ തിരുമേനിയുടെ മരണവാർത്ത അവിചാരിതമായിട്ടായിരുന്നുവല്ലൊ സഭാംഗങ്ങളുടെ ചെവികളിൽ എത്തിയത്. മാർ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്താ അവർകൾ കബറടക്ക ശുശ്രൂഷ നടത്തുന്നതിന് നാലു മണിക്ക് ഇവിടെയെത്തി. അതിനുശേഷമേ ഇവിടെയുള്ള പലരും ആ ദുഃഖവാർത്ത വിശ്വസിച്ചൊള്ളു. ബാവാ തിരുമേനിയുടെ മൃതശരീരം വഹിച്ചിരുന്ന കാർ പത്തരമണിയ്ക്ക് പള്ളിമുറ്റത്തെത്തി. അപ്പോൾ അവിടെക്കൂടിയിരുന്ന ജനക്കൂട്ടത്തിൽ നിന്ന് രാത്രിയുടെ നിശബ്ദതയെ ഭേദിച്ചു കൊണ്ടു പുറപ്പെട്ട വിലാപശബ്ദം കുറഞ്ഞപക്ഷം ഒരുമൈൽ ദൂരം കേൾക്കാമായിരുന്നു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. യേശുക്രിസ്തുവിനെ ക്രൂശിക്കുന്നതിനു കൊണ്ടുപോയപ്പോൾ യരുശലേം പുത്രിമാർ കരഞ്ഞതുപോലെ അനവധി സ്ത്രീകൾ പള്ളിയകത്തു ബാവാ തിരുമേനിയുടെ തൃപ്പാദത്തിങ്കൽ ഇരുന്നു രാത്രി മുഴുവൻ കരഞ്ഞു കൊണ്ടിരുന്നു. യാതൊരു ദീർഘദർശിയും സ്വദേശത്തോ സ്വന്തജനങ്ങളുടെ ഇടയിലോ ബഹുമാനിക്കപ്പെടുന്നില്ല എന്ന തിരുവചനത്തേപ്പറ്റി ഓർക്കുമ്പോൾ ബാവാ തിരുമേനിയോട് ഈ ദിക്കുകാർക്കുള്ള ഭക്തിസ്നേഹ ബഹുമാനാദികൾ പലരേയും വിസ്മയഭരിതരാക്കിത്തീർത്തിട്ടുണ്ട്.

ബാവാ തിരുമേനി 1045–മാണ്ടു മകരമാസം 1–ാംനു ഇവിടെയുള്ള കാരിച്ചിറ എന്ന പുരാതന സുറിയാനി കുടുംബത്തിൽ ജനിച്ചു. 1061–ാം മാണ്ടു അദ്ദേഹത്തെ വൈദീകസ്ഥാനത്തേക്ക് ഈ ഇടവകക്കാർ തിരഞ്ഞെടുക്കുകയും കാലം ചെയ്ത കോട്ടയം മുതലായ ഇടവകകളുടെ മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ അവർകൾ പെന്തിക്കോസ്തു ഞായറാഴ്ച

അദ്ദേഹത്തിനു ശെമ്മാശുപട്ടം നൽകുകയും ചെയ്തു. 1072–ാംമാണ്ടു വരെ അദ്ദേഹം മെത്രാപ്പോലീത്തായോടു കൂടെ താമസിച്ചു കൊണ്ടു വൈദിക വിദ്യാഭ്യാസം ചെയ്തു. ആ വന്ദ്യ മേലദ്ധ്യക്ഷനിൽ നിന്ന് അദ്ദേഹത്തിനു ലഭിച്ച പരിശീലനം വളരെ വിലയേറിയതായിരുന്നു. പഠിത്തം പൂർത്തിയായ പ്പോൾ ഇടവക പ്പട്ടക്കാരനായി സ്ഥാനാഭിഷേകമേൽക്കണമെന്നു ജനങ്ങൾ അദ്ദേഹത്തോട് അപേക്ഷിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ദൈവവിളി അപ്ര കാരമായിരുന്നില്ല. ആയുസ്സുപര്യന്തം സന്യാസിയായി ജീവിക്കണമെന്ന് ആഗ്രഹത്തോടെ അദ്ദേഹം റമ്പാൻ സ്ഥാനമേറ്റു. അത്താനാസ്യോസു മെത്രാപ്പോലീത്താ അവർകളോടു കൂടെ ആലുവാ സിമ്മനാരിയിൽ താമസി ച്ചു വന്നു. മെത്രാപ്പോലീത്താ അവർകൾക്കു റമ്പാച്ചനിൽ ഉണ്ടായിരുന്ന വിശ്വാസം നിമിത്തം അദ്ദേഹത്തിന്റെ കാലശേഷം സിമ്മനാരിയുടെയും സ്വത്തുക്കളുടെയും ഒരു ട്രസ്റ്റി തിരുമേനിയായിരിക്കണമെന്ന് അദ്ദേഹം വിൽപത്രം എഴുതിവച്ചു. അദ്ദേഹം കാലം ചെയ്തതിന്റെ ശേഷം റമ്പാച്ചനും കൂട്ടു ട്രസ്റ്റിയായ ഒരു പട്ടക്കാരനും കൂടെ ജോലികൾ ഭംഗിയായി നടത്തി വരവേ മറ്റു ചിലർ സിമ്മനാരി കാര്യങ്ങളിൽ അനാവശ്യമായി പ്രവേശിക്ക യാൽ ശാന്തനും സമാധാന തല്പരനുമായ തിരുമേനി, വ്യവഹാരപ്പെടുന്ന തിന് മനസ്സില്ലാതിരുന്നതു കൊണ്ട് സകലവും ഉപേക്ഷിച്ചും വച്ചു സ്വദേശത്തു വന്നു താമസിച്ചു. തിരുമേനിയിൽ പ്രശോഭിച്ചു കൊണ്ടിരുന്ന വിനയം, സൌമ്യത, സ്നേഹം, വിശുദ്ധി, ഭക്തി, സഭാവിശ്വാസാചാരനിഷ്ഠ മുതലായ വിശിഷ്ടഗുണങ്ങൾ മൂലം ഒരു സത്യദൈവഭക്തൻ എന്നു പൊ തുജനാഭിപ്രായം അദ്ദേഹം സമ്പാദിച്ചു. തൽഫലമായി, 1086–മാണ്ടു സഭയിൽ ഭിന്നിപ്പുണ്ടായപ്പോൾ അദ്ദേഹത്തെ ഒരു വലിയ നിക്ഷേപമായി ഇരുകക്ഷി കളും കരുതുകയും ആ നിക്ഷേപം കരസ്ഥമാക്കണമെന്ന് ഇരുകക്ഷികളും ആഗ്രഹിക്കയും ചെയ്തു. അബ്ദുള്ളാ പാത്രിയർക്കീസു ബാവാതിരുമേനി തന്റെ പക്ഷത്തു നിൽക്കുന്നപക്ഷം മെത്രാസ്ഥാനം കൊടുക്കാമെന്ന് അദ്ദേ ഹത്തോടു പറഞ്ഞു; എന്നാൽ സത്യമുള്ളതായ ഭാഗത്തേക്ക് അദ്ദേഹ ത്തിന്റെ പാവനമായ മനസ്സാക്ഷി അദ്ദേഹത്തെ നയിച്ചു. ഈ ഇടവകയിൽ ഭിന്നിപ്പുണ്ടാകാതിരുന്നത് അദ്ദേഹത്തിന്റെ സാന്നിധ്യം കൊണ്ടു മാത്രമാ യിരുന്നു.

1088–ാം മാണ്ട് അന്ത്യോഖ്യാ സിംഹാസനത്തിൽ വാണിരുന്ന മോറാൻ മോർ അബ്ദുൾ മ്ശിഹാ പാത്രിയർക്കീസു ബാവാ മലയാളത്തു വന്നപ്പോൾ അദ്ദേഹത്തെ കോട്ടയം മുതലായ ഇടവകകളുടെ മെത്രാപ്പോലീത്തായായി. ചെങ്ങന്നൂർ പള്ളിയിൽ വച്ചു സ്ഥാനാഭിഷേകം ചെയ്തു. എന്നാൽ സമു ദായത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന വഴക്കുകൾ മൂലം സമാധാ നപ്രിയനായ തിരുമേനി അധികസമയവും സ്ഥലം മർത്തമറിയം പള്ളിയിൽ താമസിക്കയത്രെ ചെയ്തത്. ഈ സ്ഥലത്തിന്റെ ഉൽക്കർഷത്തിനായി വിദ്യാ

ലയങ്ങൾ സ്ഥാപിക്കുന്നതിന് അദ്ദേഹം ജനങ്ങളെ പ്രോത്സാഹിപ്പിച്ചതിന്റെ ഫലമായി ഇവിടെ ഒരു ഇംഗ്ലീഷു വിദ്യാലയവും നാലു മലയാളം പള്ളിക്കുടങ്ങളും ഉണ്ടായിട്ടുണ്ട്.

1100-ാം മാണ്ടു മേടമാസം 18-നു അദ്ദേഹം യാതൊരഭിപ്രായ വ്യത്യാസവും കൂടാതെ നിരണത്തു പള്ളിയിൽവച്ചു പൗരസ്ത്യശ്ലീഹൈക സിംഹാസനത്തിന്റെ കാതോലിക്കായായി അവരോധിക്കപ്പെട്ടത് സഭാംഗങ്ങൾക്ക് അദ്ദേഹത്തോടുള്ള ഭക്തിമൂലമായിരുന്നു എന്നതിനു യാതൊരു സംശയവുമില്ല. സഭയുടെ വിഷമഘട്ടത്തിൽ, അയോഗ്യനെന്നു യഥാർത്ഥ താഴ്മയാലുള്ള വിചാരംമൂലമുളവായ വൈമനസ്യത്തോടെയെങ്കിലും, പരിപൂർണ്ണമായ ദൈവാശ്രയബോധത്തോടെ ആയിരുന്നു അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചത്. പിറ്റേദിവസം അദ്ദേഹം ഫാദർ ഗീവറുഗീസ് അവർകളെ ബഥനി എപ്പിസ്ക്കോപ്പായായി വാഴിച്ചു. ഈ പ്രവൃത്തി കാതോലിക്കായിക്കു കാനോൻപ്രകാരം ചെയ്യാവുന്നവയിൽ ഒന്നാകുന്നുവല്ലോ. തിരുവനന്തപുരത്തു വച്ചു ബാവാതിരുമേനി ചെയ്ത അവസാന പ്രസംഗത്തിലും കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിതമാക്കുന്നതിന് എല്ലാവരും സർവ്വാത്മനാ പ്രയത്നിക്കണമെന്നും സഭയിൽ സമാധാനമുണ്ടാകുന്നതിന് എല്ലാവരും കണ്ണുനീരോടെ മുട്ടിപ്പായി ദൈവത്തോടു പ്രാർത്ഥിക്കണമെന്നും ഉപദേശിക്കയുണ്ടായി.

പരേതനായ ഈ വന്ദ്യ തിരുമേനിക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നതു കൂടാതെ മറ്റു വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിലെന്ന പോലെ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിലും സത്യവിശ്വാസികൾ ശരണപ്പെടേണ്ടതാണ്.

*(1928 ഡിസംബർ 25 ലെ മലയാള മനോരമ പത്രത്തിൽ നിന്ന്)*

## കോട്ടയം (സ്വന്തം റിപ്പോർട്ടർ) ധനു 4 (17-12-1928)

നിതാന്തവന്ദ്യ മഹിമശ്രീ മോറാൻ മാർ ബസ്സേലിയോസു കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ടു കാലം ചെയ്തിരിക്കുന്നതായി ഇവിടെ ഇന്നലെ ഉച്ചയോടു കൂടി അറിവു കിട്ടിയതനുസരിച്ചു സുറിയാനി ക്രിസ്ത്യാനികളുടെ വക, മാർക്കറ്റിലുള്ള കച്ചവടപീടികകൾ എല്ലാം അടച്ചു ദുഃഖം ആചരിച്ചു വരുന്നു. ഇതു പ്രമാണിച്ച് എം. ഡി. സിമ്മനാരി ഹൈസ്കൂളിന് ഇന്നലെയും ഇന്നും അവധി നൽകിയിരിക്കുന്നു. തിരുമസ്സിലെ ശവശരീരം ഇന്നലെ തന്നെ നെയ്യൂർ നിന്നും വാകത്താനത്തു കൊണ്ടു വന്നിരിക്കുന്നു. ശവസംസ്ക്കാരം ഇന്നു 11 മണിക്കാണ് നടത്തുന്നത്. ശവസംസ്ക്കാരത്തിൽ സംബന്ധിക്കുന്നതിനായി മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകൾ ഇന്നലെത്തന്നെ വാകത്താനത്തേക്കു പോയിട്ടുണ്ട്. സ്ഥലത്തെ പല മാന്യന്മാരും ഇന്നു അങ്ങോട്ടു പോയിരിക്കുന്നു.

# കാലം ചെയ്ത കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ട്

(സ്വന്തം ലേഖകൻ)

തിരുവനന്തപുരം. 17-12-28

കാതോലിക്കാബാവാ തിരുമനസ്സു കൊണ്ടു ഇന്നു രാവിലെ നെയ്യൂർ ആശുപത്രിയിൽ വച്ചു കാലം ചെയ്ത വിവരവും മറ്റും കമ്പി മൂലം അറിയിച്ചിട്ടുണ്ടല്ലോ. തിരുമനസ്സിലെ പുണ്യശരീരം ഇന്നുച്ചയ്ക്കുശേഷം 1.45-നു ഒരു പ്രത്യേക കവറിൽ സ്ഥലത്തെ സുറിയാനിപ്പള്ളിയിൽ കൊണ്ടുവന്നു. സംസ്ക്കാരത്തിനുള്ള പ്രാരംഭകർമ്മങ്ങൾ നടത്തുകയും അതിനുശേഷം പള്ളിയുടെ നാലു വാതുക്കലും കൊണ്ടു പോയി ചാരുകസേരയിൽ പൊക്കി "യാത്ര പറച്ചിൽ" നിർവഹിക്കയും ചെയ്തശേഷം പള്ളിയകത്തു വയ്ക്കയും ആ സമയം പള്ളിയിൽ കൂടിയിരുന്ന ഇടവകാംഗങ്ങൾ "കൈമുത്തി" അവസാന അനുഗ്രഹം പ്രാപിക്കയും ചെയ്തു. സീനിയർ ഡിസ്ട്രിക്ട് ജഡ്ജി മു. കെ.  കെ. ചാക്കൊ ബാർ അറ്റ്ലാ ആദിയായ സമുദായപ്രമാണികളും ഈ സമയം പള്ളിയിൽ ഹാജരുണ്ടായിരുന്നു. "യാത്രപറച്ചിൽ" എന്ന കർമ്മം ആരംഭിക്കുന്നതിനു മുമ്പായി ബാവാ തിരുമേനിയോടു കൂടി നെയ്യാറിൽ താമസി ച്ചിരുന്ന ബഥനി എപ്പിസ്ക്കോപ്പാ മാർ ഈവാനിയോസു അവർകൾ ഇന്നു രാവിലെ വരെ അവസാനം അടുത്തിരിക്കുന്നതായ യാതൊരു ലക്ഷണവും തിരുമേനിയിൽ കാണ്മാനില്ലായിരുന്നു എന്നും അതിനാൽ തിരുമേനിയ്ക്കുവേണ്ടി തിരുവാംകോട്ടു പള്ളിയിൽ വി. കുർബാന അനുഷ്ഠിച്ചു കൊണ്ടിരുന്നപ്പോൾ കുർബാന മദ്ധ്യെയാണ് ഈ അത്യാഹിതം നേരിട്ടതെന്നും തിരുമനസ്സിലെ ശരീരം വാകത്താനത്തു കൊണ്ടു പോയി സംസ്ക്കരിക്കണമെന്നുള്ള തിരുമനസ്സിലെ അഭിലാഷമനുസരിച്ചു അങ്ങോട്ടു കൊണ്ടു പോകുന്ന മാർഗ്ഗ മദ്ധ്യെ ഇവിടെ കയറി ഈ കർമ്മം നടത്തുന്നതാണെന്നും മറ്റും സൂചിപ്പിച്ചു ഒരു ചെറിയ പ്രസംഗം ചെയ്തു. തിരുമേനിയുടെ കൈമുത്തി അവസാനയാത്ര പറഞ്ഞവസരത്തിൽ പള്ളിയകത്തു കൂടിയിരുന്ന സ്ത്രീ പുരുഷന്മാരിൽ പലരും അശ്രുകണങ്ങൾ പൊഴിക്കയുണ്ടായി എന്നുള്ളതു പ്രത്യേകം സ്മരണീയമാണ്. കൃത്യം മൂന്നു മണിക്കു തിരുമനസ്സിലെ ശരീരം പള്ളിയകത്തു നിന്നും എടുത്തു കാറിൽവച്ചു വാകത്താനത്തേക്കു യാത്ര പുറപ്പെട്ടു. നിരണം മുതലായ ഇടവകകളുടെ നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ, ബഥനി എപ്പിസ്കോപ്പാ മാർ ഈവാനിയോസ് അവർകൾ, സുറിയാനിപ്പള്ളി വികാരി ഫാദർ അബ്രഹാം അവർകൾ മുതലായവരും പോയിട്ടുണ്ട്. നാളെ വാകത്താനത്തു പള്ളിയിൽ തിരുമനസ്സിലെ ശരീരം സംസ്കരിക്കുന്നതായിരിക്കും.

## (പ. ബാവാ കാലം ചെയ്യുമ്പോൾ മെത്രാപ്പോലീത്താ ആയിരുന്ന പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ കല്പന)

നമ്പർ 476

## നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ കാതോലിക്കാ മഹാ ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ, ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിൽ മേൽ വാണിരുന്ന നിതാന്തവന്ദ്യ ദിവ്യ മഹിമശ്രീ ഒന്നാമത്തെ ഗീവറുഗീസ് എന്നു തിരുനാമമുള്ള മോറാൻ മോർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കുറെ നാളുകളായി രോഗത്തിലായിരുന്നു. അടുത്തകാലത്തു രോഗം വർദ്ധിക്കുകയാൽ നെയ്യൂർ ആസ്പത്രിയിലെത്തി ചികിത്സ നടത്തി. തിരുമനസ്സിലെ ആഗ്രഹപ്രകാരം നാമും നമ്മുടെ ബഹുമാനപ്പെട്ട ബഥനി മെത്രാച്ചനുംകൂടി അദ്ദേഹത്തോടൊരുമിച്ച് താമസിക്കുന്നുണ്ടായിരുന്നു. ദീനം കൂടിയും കുറഞ്ഞുമിരുന്നു. ഒടുവിൽ ക്രിസ്ത്വാബ്ദം 1928 ധനു 4– ാം തീയതിക്കു കൊല്ലം 1100 ഡിസംബർ 17–ാം തീയതി തിങ്കളാഴ്ച രാവിലെ എട്ടു മണിക്ക് വിശുദ്ധ കുർബാന നടന്നുകൊണ്ടിരുന്ന അവസരത്തിൽ തന്നെ ബാവാ തിരുമനസ്സുകൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചു. അവിടെ സമീപത്തുള്ള തിരുവാംകോട്ടുള്ള പള്ളിയിലും, നഗരികാണിക്കൽ മുതലായ ശുശ്രൂഷകൾ നടത്തിയ ശേഷം ബാവാ തിരുമനസ്സിലെ ആഗ്രഹപ്രകാരം വാകത്താനത്തു വള്ളിക്കാട്ടു പള്ളിയിൽ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയുടെയും, ശേഷം മേല്പട്ടക്കാരുടെയും അനേകം പട്ടക്കാരുടെയും ജനങ്ങളുടെയും സഹായസഹകരണങ്ങളോടു കൂടി പിറ്റേദിവസം ഒരു മണിക്കു വി. കുർബാനാനന്തരം കബറക്കട ശുശ്രൂഷ നടത്തിയിരിക്കുന്നു.

മുപ്പതാം ദിവസം അടിയന്തിരം ബാവാ തിരുമനസ്സിലെ മഹാഇടവകയിൽപ്പെട്ട എല്ലാവരും ചേർന്നു നടത്തേണ്ടതാണല്ലോ. എന്നാൽ എല്ലാവരെയും വരുത്തി ഉടനെ ആലോചിക്കുന്നതിനു സമയമില്ലാതിരുന്നതുകൊണ്ടു കോട്ടയം ഭദ്രാസന ഇടവകയിലെ എല്ലാ പട്ടക്കാരും പള്ളിപ്രതിപുരുഷന്മാരും ചേർന്ന് ഈ മാസം 9–ാം തീയതി ഞായറാഴ്ച പകൽ രണ്ടുമണിക്കു വള്ളിക്കാട്ടുപള്ളിയിൽ ഒരു യോഗം കൂടണമെന്നു നിശ്ചയിച്ചു നാം ശാസനമയയ്ക്കുകയും അതനുസരിച്ച് ടി. യോഗം നിതാന്ത വന്ദ്യദിവ്യശ്രീ

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടുകയും ചെയ്തു.

ബാവാ തിരുമനസ്സിലെ അടിയന്തിരം മുപ്പതാം ദിവസമായ അടുത്ത മകര മാസം 2-ാം തീയതി ചൊവ്വാഴ്ച ഏറ്റവും ഭംഗിയായി നടത്തണമെന്നു തീരുമാനിക്കുകയും വന്നുകൂടിയിരിക്കുന്ന പള്ളിക്കാർ അതിലേക്കു യഥാശക്തി ദ്രവ്യസഹായം ചെയ്യാമെന്നു സമ്മതിക്കുകയും ഓരോ പള്ളിക്കാരും ഓരോ സംഖ്യകൾ ഭരമേൽക്കുകയും ചെയ്തതു കൂടാതെ, ആളാംപ്രതിയും തക്കതായ സംഭാവനകൾ പലരും വാഗ്ദാനം ചെയ്യുകയുമുണ്ടായി. ആ യോഗത്തിൽ വച്ചുതന്നെ ഈ ആവശ്യത്തിലേക്കു കുറെ പണം പിരിഞ്ഞു കിട്ടുകയും ചെയ്തു.

ബാവാ തിരുമനസ്സിലെ ആത്മീയമക്കളും പൗരസ്ത്യ മഹാ ഇടവകയിലെ അംഗങ്ങളുമായ എല്ലാ പള്ളിക്കാരും അടിയന്തിരം ഭംഗിയായും മംഗളമായും നടത്തുവാൻ തക്കവണ്ണം ഇതിൽ യഥാശക്തി ദ്രവ്യ സഹായം ചെയ്യേണ്ടതും, അടിയന്തിരത്തിൽ പങ്കുകൊള്ളുവാനായി പട്ടക്കാരും പള്ളിപ്രതി പുരുഷന്മാരും വന്നു ചേരേണ്ടതും ആണെന്നും നാം വിശേഷിച്ചു പറയേണ്ടതില്ലല്ലോ. അതിനാൽ അടിയന്തിര ചിലവിലേക്ക് ഓരോ പള്ളിയിൽ നിന്നും അയയ്ക്കണമെന്നു നാം ആവശ്യപ്പെട്ടിട്ടുള്ള സംഖ്യ ഈ മാസം 18- ാം തീയതിക്കു മുമ്പായി വാകത്താനത്തു വള്ളിക്കാട്ടു പള്ളിയിൽ നമുക്ക് കിട്ടുവാൻ തക്കവണ്ണം നമ്മുടെ പേർക്ക് അയച്ചുതരണമെന്നു നിങ്ങളെ സ്നേഹത്തോടു നാം ഗുണദോഷിക്കുന്നു.

തന്നെയുമല്ല ഈ വിശുദ്ധ പിതാവിന്റെ ആത്മശാന്തിക്കു വേണ്ടിയും, അവിടുത്തെ പ്രാർത്ഥനയുടെ സഹായാനുഗ്രഹങ്ങൾ നമ്മുടെ സഭയ്ക്കും നിങ്ങളെല്ലാവർക്കും ഉണ്ടാകുന്നതിനുവേണ്ടിയും, ഈ മാസം 20-ാം തീയതി വ്യാഴാഴ്ച മുതൽ 22-ാം തീയതി ശനിയാഴ്ച വരെ മൂന്നു ദിവസത്തേക്കു ആ പള്ളിയിൽ ദുഃഖമണി അടിക്കുകയും വി. കുർബാന മുതലായ ശുശ്രൂഷകൾ നടത്തുകയും അതിൽ നമ്മുടെ ആത്മീയ മക്കളായ നിങ്ങളെല്ലാവരും സംബന്ധിക്കുകയും വേണമെന്നു നാം ഗുണദോഷിക്കുന്നു.

വിശേഷിച്ചും ബാവാതിരുമനസ്സിലെ കബറിങ്കൽ ഉണ്ടാകുന്ന വഴിപാടു മുതലായ വരുമാനങ്ങൾ "കാതോലിക്കാനിധി"എന്ന നാമത്തിൽ ഒരു പ്രത്യേക നിധിയായി സൂക്ഷിക്കണമെന്നും, അതിനെ എന്നും അതതു കാലത്തെ കാതോലിക്കായുടെ അധീനത്തിലും അധികാരത്തിലും വച്ചു കാതോലിക്കാ സ്ഥാപനത്തിന്റെ നിലനിൽപ്പിനും അഭിവൃദ്ധിക്കുമായി വിനിയോഗിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു.

അതിനാൽ ഈ വിഷയത്തിലും നിങ്ങളെല്ലാവരുടെയും സഹകരണമുണ്ടാകുമെന്നു വിശ്വസിക്കുന്നു.

ബാവാ തിരുമേനിയുടെ കബറടക്ക ശുശ്രൂഷ കഴിഞ്ഞതിന്റെ പിറ്റേ ദിവസം വാകത്താനത്തു വള്ളിക്കാട്ടു പള്ളിയിൽ വെച്ചു ഞങ്ങൾ മേല്പട്ട ക്കാർ കൂടി സുന്നഹദോസ് നടത്തുകയും പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിലേക്ക് പിൻഗാമിയെ തിരഞ്ഞെടുക്കയും വിശുദ്ധസഭയുടെ ഐശ്വര്യാഭിവൃദ്ധിക്കു വേണ്ട പല കാര്യങ്ങൾ ആലോചിക്കുകയും ചെയ്തു. അടുത്ത കാതോലിക്കാബാവായെ ഉടൻതന്നെ അഭിഷേകം ചെയ്യണമെന്നും, ഈ വിഷയത്തിൽ നിന്നു ഒട്ടും കാലതാമസം വന്നു കൂടാ എന്നും, സമുദാ യാംഗങ്ങളായ പല പട്ടക്കാരും ജനങ്ങളും നിർബന്ധമായി അപേക്ഷിച്ചിട്ടുണ്ട്. കാതോലിക്കാ നിയമനത്തെപ്പറ്റി മേല്പട്ടക്കാരുടെ തീരുമാനം പൊതുജ നങ്ങളെ ഗ്രഹിപ്പിക്കേണ്ടതും, അവരുടെ മനഃപൂർവ്വമായ സഹായസഹകരണ ങ്ങൾ ഉണ്ടാകേണ്ടതും ആവശ്യമാകയാൽ അതിലേക്കായി പൗരസ്ത്യ മഹാ ഇടവകയിൽപ്പെട്ട എല്ലാപ്പള്ളിക്കാരും ചേർന്നുള്ള ഒരു പൊതുയോഗം അടി യന്തിര ദിവസം മൂന്നു മണിക്ക് വള്ളിക്കാട്ടു പള്ളിയിൽ കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ഈ പൊതുയോഗത്തിലും മുപ്പതാംദിവസഅടിയന്തി രത്തിലും സംബന്ധിക്കുന്നതിന് ആ പള്ളിയിൽ നിന്നും പട്ടക്കാരും അയ്മേ നികളുമായ പ്രതിനിധികളെ അധികാരപ്പെടുത്തി അയച്ചുകൊള്ളുകയും വേണം. ശേഷം കാര്യങ്ങൾ പിന്നാലെ എഴുതി അയക്കുന്നതാണ്.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവ രിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യാ മറിയാമിന്റേയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ബാവാ ഇത്യാദി.

എന്ന് 1928 കൊല്ലം 1104 ധനു 11 –ാം തീയതി വാകത്താനം വള്ളിക്കാട്ടു പള്ളിയിൽ നിന്നും.

Malankara Orthodox TV

No. 463.

# THE ORTHODOX SYRIAN CHURCH OF MALANKARA

## മലങ്കര സ്തുതി ചൊവ്വാകപ്പെട്ട സുറിയാനി സഭ

നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായിൽ നിന്നും,

നമ്മുടെ ................ പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്,

പ്രിയരേ, നി. വ. ദി. മ. ശ്രീ. മോറാൻ മാർ ഗീവറുഗീസ് ബസ്സേലിയോസ്സ് കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ട് കുറെ നാളുകളായി രോഗത്തിൽ ഇരിക്കുകയായിരുന്നുവല്ലോ. ചികിത്സയ്ക്കായി നെയ്യൂർ ആശുപത്രിയിൽ എത്തുകയും, തിരുമനസ്സിലെ ആഗ്രഹപ്രകാരം നാമും നമ്മുടെ ബഥനി മെത്രാച്ചനും കൂടി അദ്ദേഹത്തിന്റെ അടുക്കൽ എത്തി താമസിക്കയും ചെയ്തുവരവേ, ദീനം കൂടിയും കുറഞ്ഞും ഇരുന്നു. ഒടുവിൽ സുറിയാനി കണക്കിന് ഈ മാസം 4-ാം തീയതിയായ ധനു 3-ാം തീയതി തിങ്കളാഴ്ച രാവിലെ എട്ടുമണിക്കു, വി. കുർബ്ബാന നടന്നുകൊണ്ടിരുന്ന അവസരത്തിൽ തന്നെ, ബാവാ തിരുമനസ്സുകൊണ്ടു കർത്താവിൽ നിദ്ര പ്രാപിച്ചു. അവിടെ സമീപത്തുള്ള തിരുവാംകോട്ടു പള്ളിയിലും തിരുവനന്തപുരത്തു പള്ളിയിലും നഗരി കാണിക്ക മുതലായ ശുശ്രൂഷകൾ നടത്തിയ ശേഷം ബാവായുടെ ആഗ്രഹപ്രകാരം വാകത്താനത്തു വള്ളിക്കാട്ടു പള്ളിയിൽ, മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമേനിയും ശേഷം മേൽപ്പട്ടക്കാരും, അനേകം പട്ടക്കാരുടേയും ജനങ്ങളുടേയും സഹായ സഹകരണങ്ങളോടുകൂടി ചൊവ്വാഴ്ച ഒരു മണിക്ക് കബറടക്കം ശുശ്രൂഷ നടത്തുകയും ചെയ്തിരിക്കുന്നു. മുപ്പതാം ദിവസം അടിയന്തിരം, ബാവാ തിരുമനസ്സിലെ മഹായിടവകയിൽ പെട്ട എല്ലാവരും ചേർന്ന് നടത്തേണ്ടതാണല്ലോ. എല്ലാവരേയും വരുത്തി ആലോചിക്കുന്നതിന് സമയമില്ലാത്തതുകൊണ്ട് കോട്ടയം ഭദ്രാസന ഇടവകയിലെ എല്ലാ പട്ടക്കാരും പള്ളിപ്രതിപുരുഷന്മാരും ചേർന്ന് ഈ മാസം 9-ാം തീയതി ഞായറാഴ്ച പകൽ രണ്ടു മണിക്ക് വള്ളിക്കാട്ടു പള്ളിയിൽ ഒരു യോഗം കൂടണമെന്ന് നിശ്ചയിച്ചിരിക്കുന്നു. അതിനാൽ ആ പള്ളിയിൽ നിന്നും എല്ലാ പട്ടക്കാരും പള്ളി പ്രതിപുരുഷന്മാരും വന്നുചേരണമെന്ന് നാം താല്പര്യപ്പെടുന്നു. മലങ്കര ഇടവ

Malankara OrthodoxTV


കയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് എഴു ന്നെള്ളി യോഗം നടത്തുന്നതായിരിക്കും.

ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്ന് 1928 നു കൊല്ലം 1104 ധനു 5 -ാം തീയതി

വള്ളിക്കാട്ടു പള്ളിയിൽ നിന്നും



## 1908 ലെ മലങ്കര ഇടവക പഞ്ചാംഗം

മലങ്കരയുള്ള നമ്മുടെ ഇടവകയെ സംബന്ധിക്കുന്ന സർവസംഗതിക ളെയും സുറിയാനി, മലയാളം, ഇംഗ്ലീഷു എന്നീ തീയതികളെയും വ്യവസ്ഥ പ്പെടുത്തിക്കാണിക്കുന്ന മലങ്കര ഇടവക പഞ്ചാംഗം രണ്ടാം പ്രാവശ്യമാ ണല്ലോ പ്രസിദ്ധപ്പെടുത്തിയതു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു ഈ വർഷത്തിൽ പല ഭേദഗതികളും കൂടുതലായി വരുത്തിയിട്ടുണ്ടു. മലങ്കര യുള്ള നമ്മുടെ സഭയുടെ ആകെത്തുക എന്താകുന്നു എന്നു അറിയാതി രുന്ന പലർക്കും ഇതു വളരെ പ്രകാശത്തെ കൊടുത്തിട്ടുണ്ടെന്നു പറയാതെ തരമില്ല. വെറും തീയതികളെ അറിവാനായി അന്യ പഞ്ചാംഗങ്ങളെ വാങ്ങുന്ന നമ്മുടെ ആളുകൾക്കു നമ്മുടെ സഭയുടെ ഒരു വിവരണം കൂടി ഉള്ള ഈ പഞ്ചാംഗം എത്ര നന്നായിരിക്കും. ഇതിൽ വലിയ മെത്രാച്ചന്റെ ഒരു പടവും കൂടി ഉണ്ടു. ഇതിന്റെ വില രണ്ടു ചക്രം മാത്രം. സംഗതികളുടെ വിവിധത്വം കൊണ്ടും വിലയുടെ ചുരുക്കം കൊണ്ടും അച്ചടിച്ച പ്രതികൾ മുഴുവനും തന്നെ തീരാറായിരിക്കുന്നു. ആവശ്യക്കാർക്കു പിന്നീടു ഖേദത്തിനിട വരാതെ ഇരിപ്പാൻ വേണ്ടി ഉടനെ ആവശ്യപ്പെടേണ്ടതാകുന്നു.

(*സുറിയാനി സുവിശേഷകൻ*, 1907, ധനു, പേജ് 80)

Malankara Orthodox TV

# വള്ളിക്കാട്ട് ദയറാ

## കെ. പി. തോമസ് കാരുചിറ

അടുത്ത കാലം വരെ മലങ്കരയിൽ അധികം ആരാലും അറിയപ്പെടാതെ കിടന്നിരുന്ന പുണ്യസ്ഥലം ആണ് വാകത്താനം വള്ളിക്കാട്ട് ദയറാ. ഒരു കാലത്ത് മലങ്കരയിലെ രണ്ടാമത്തെ പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാനമായിരുന്ന ഈ ദയറാ അദ്ദേഹത്തിന്റെ ദേഹവിയോഗശേഷം വേണ്ടവിധം അധികം ആദരിക്കപ്പെടാതെ അവഗണിക്കപ്പെട്ടുകിടന്നു. എന്നാൽ പ. ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലി ക്കാബാവായുടെ സ്ഥാനാരോഹണത്തിനുശേഷം വള്ളിക്കാട്ട് ദയറായുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും ഇന്ന് സഭയുടെ പ്രധാന ആത്മീയ കേന്ദ്രമായി തീരുകയും ചെയ്തിട്ടുണ്ട്.

**ചരിത്രത്തിലൂടെ ഒരവലോകനം**

നവീകരണ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് നവീകരണം സഭയിൽ അടിച്ചേല്പിക്കുകയും പുതിയ തക്സാ ഉപയോഗിച്ച് കുർബ്ബാന ചൊല്ലുകയും ചെയ്തു തുടങ്ങിയ കാലം. ഒരിക്കൽ അദ്ദേഹം വാകത്താനം വലിയ പള്ളിയിൽ വന്ന് പുതിയ തക്സാ ഉപയോഗിച്ച് വി. കുർബ്ബാന ചൊല്ലി. ഇതിൽ പ്രതിഷേധിച്ച് പള്ളി വികാരിമാരായിരുന്ന കളപ്പുരയ്ക്കൽ പൗലൂസ് കത്തനാരും പയാറ്റുങ്കൽ ഗീവറുഗീസ് കത്തനാരും അവരോട് അനുകൂലമായിരുന്ന ഏതാനും ചില ആളുകളും കൂടി പള്ളിയുടെ തെക്കുഭാഗത്തുള്ള അയ്യനാട് കുന്നിൽ ഒരു താല്ക്കാലിക പള്ളി നിർമ്മിച്ചു കുർബ്ബാന ചൊല്ലുവാൻ തുടങ്ങി (ഇട വകപത്രിക 1078 കർക്കിടകം പേജ് 138). ഈ അയ്യനാട് കുന്ന് വള്ളിക്കാട്ട് പാലമൂട്ടിൽ പൈലോ എന്ന ആളിന്റെ കൈവശമായിരുന്നുവെങ്കിലും ആരുടേയും പേരിൽ പട്ടയം ഉള്ളതായിരുന്നില്ല. അന്നത്തെ ഗവൺമെന്റിൽ മാത്യൂസ് അത്താനാസ്യോസിന് ശക്തമായ സ്വാധീനം ഉണ്ടായിരുന്നതിനാൽ അവിടെ സ്ഥിരമായ ഒരു ദേവാലയം പണിയുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ പലതും പരാജയപ്പെട്ടു. എന്നാൽ കളപ്പുരയ്ക്കലച്ചൻ മാത്യൂസ് അത്താനാ സ്യോസ് അറിയാതെ അവിടെ ഒരു കുരിശു പള്ളി (ഇടവക പള്ളിയല്ല) സ്ഥാപിക്കുവാനുള്ള അനുവാദം ഗവൺമെന്റിൽ നിന്നുതന്നെ സമ്പാദിക്കു കയും പള്ളി പണിയുകയും ചെയ്തു. ഇത് 1043 കന്നിമാസം 20-ാം തീയതി

ആയിരുന്നു. ഈ കാലഘട്ടത്തിൽ പുലിക്കോട്ടിൽ ജോസഫ് റമ്പാൻ മലങ്കര മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെടുകയും, തുടർന്ന് നവീകരണത്തിൽ നിന്ന് സഭയെ മോചിപ്പിക്കുവാനുള്ള ശ്രമം നടത്തുകയും ചെയ്തു. കേസ് കൊടുത്ത് പള്ളികൾ സ്വപക്ഷത്ത് കൊണ്ടുവരുവാൻ യത്നിക്കുകയും ഒടുവിൽ റോയൽ കോടതി വിധിയോടു കൂടി നവീകരണം അസ്തമിക്കുകയും ചെയ്തു.

തുടർന്ന് പുലിക്കോട്ടിൽ തിരുമേനി മലങ്കരയിലെ പള്ളികൾ സന്ദർശിക്കുകയും പുതിയ മതത്തിലേക്കു പോയവരെ സഭയുടെ സത്യവിശ്വാസത്തിൽ ഉറപ്പിക്കയും ചെയ്തു. അതിന്റെ ഫലമായി വാകത്താനത്തും അദ്ദേഹം എത്തി. അതോടുകൂടി വിഘടിച്ചു നിന്നവർ ഒന്നാകയും വലിയ പള്ളിയിൽ പഴയ രീതിയിൽ ആരാധനാ സംവിധാനം തുടരുകയും ചെയ്തു. തൻമൂലം കൃത്യമായി വള്ളിക്കാട്ട് ചാപ്പലിൽ കുർബ്ബാന അർപ്പിക്കുവാൻ കഴിയാതെയായി. എന്നാൽ ഇടദിവസങ്ങളിൽ കളപ്പുരയ്ക്കൽ കത്തനാർ അവിടെ വി. കുർബ്ബാന അർപ്പിച്ചിരുന്നു. അവിവാഹിതനായിരുന്നതിനാൽ നോമ്പുദിവസങ്ങളിൽ അദ്ദേഹം പള്ളിയിൽ തന്നെ താമസിക്കയും ചെയ്തുപോന്നു. തുടർന്നു പള്ളിയുടെ പേരിൽ പട്ടയം കിട്ടിയ 2 ഏക്കർ 48 സെന്റ് സ്ഥലത്ത് ഒരു ചാപ്പലും അന്തേവാസികൾക്കായി ഇരുനില കെട്ടിടവും പണിഞ്ഞു. ഇതായിരുന്നു വള്ളിക്കാട്ടു ദയറായുടെ ഉത്ഭവ ചരിത്രം.

1076-ൽ കളപ്പുരയ്ക്കൽ പൗലൂസ് കത്തനാരുടെ മരണശേഷം ഏഴു വർഷത്തോളം ദയറായ്ക്ക് യഥാർത്ഥ സംരക്ഷണം ലഭിച്ചിരുന്നില്ല. എന്നാൽ 1083-ൽ കടവിൽ അത്താനാസ്യോസ് തിരുമേനി കാലം ചെയ്യുകയും കാരുചിറ ഗീവറുഗീസു റമ്പാൻ തൃക്കുന്നത്തു സെമിനാരിയിൽ നിന്നു വള്ളിക്കാട്ടു ദയറായിലേക്ക് താമസം മാറ്റുകയും ചെയ്തതോടെ ദയറാ വീണ്ടും സജീവമായി. റമ്പാച്ചൻ മെത്രാപ്പോലീത്താ ആയതോടു കൂടി ദയറായുടെ പുരോഗമനത്തിനായി അക്ഷീണ പരിശ്രമം നടത്തി. പുല്ലുകാട്പടിയിൽ നിന്ന് (ചങ്ങനാശ്ശേരിയിൽ നിന്ന് വാകത്താനം വഴി കോട്ടയത്തേക്കുള്ള റോഡിൽ) ദയറായിലേക്ക് കാടുവെട്ടി തെളിച്ച് അദ്ദേഹം പുതിയ വഴി നിർമ്മിച്ചു. പള്ളിക്കു ചുറ്റും മതിൽ കെട്ടി. പള്ളിഭിത്തികളും കതകുകളും അടിത്തറയും എല്ലാം ബലപ്പെടുത്തി. മദ്ബഹായിൽ 'ക്ദുസ്കുദിശിൻ' നിർമ്മിച്ചു. പള്ളിയുടെ പടിഞ്ഞാറു വശത്ത് ഒരു കുരിശിൻതൊട്ടി സ്ഥാപിച്ചു. ഇങ്ങനെ അനേക പണികൾ ചെയ്ത് അദ്ദേഹം ദയറായുടെ വികസനത്തിനായി യത്നിച്ചു. കൂടാതെ പള്ളിക്കു വേണ്ടി പട്ടയം കിട്ടിയിരുന്ന 2 ഏക്കർ 48 സെന്റ് സ്ഥലത്തോടു ചേർന്നു കിടന്നിരുന്ന ഏതാനും വസ്തുക്കൾ ദയറായ്ക്കുവേണ്ടി അദ്ദേഹം വാങ്ങിച്ചു. അവ ഇന്നും തിരുമനസ്സിലെ പേരിൽ ദയറായോടു ചേർന്നു കിടക്കുന്നു. 95/10 ; 119/10, 1; 100/4; 107/3; എന്നീ സർവ്വേ നമ്പരുകളിലായി 2 ഏക്കർ 67 സെന്റ് പുരയിടവും 1 ഏക്കർ 3

സെന്റ് നിലവുമാണ് തിരുമേനി സമ്പാദിച്ചിട്ടുള്ള വസ്തുക്കൾ. തിരുമേനിയുടെ കാലശേഷവും ദയറായുടേതായ സർവ്വ പ്രവർത്തനങ്ങളും അനുസ്യൂതം തുടർന്നുപോകണം എന്ന ദീർഘദൃഷ്ടിയായിരുന്നു വസ്തുസമ്പാദനത്തിനു പിന്നിൽ അദ്ദേഹത്തിനുണ്ടായിരുന്നത്.

തുടർന്ന് മലങ്കരയുടെ പരമാദ്ധ്യക്ഷ പദവിയിലേക്ക് അദ്ദേഹം ഉയർന്നതോടുകൂടി അരമനയിലെ സൗകര്യങ്ങൾ പരിമിതമായി മാറി. കാരണം ദയറായിൽ താമസിച്ച് പഠിക്കുന്ന അന്തേവാസികളുടെ എണ്ണം കൂടി, ഭരണപരമായ കാര്യങ്ങൾക്കായി മെത്രാപ്പോലീത്തന്മാരും മറ്റ് ആത്മായ പ്രമുഖരും പലപ്പോഴും വന്നുകൊണ്ടിരുന്നു. സന്ദർശകരുടെ എണ്ണവും കൂടി. അതിനാൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു അരമന പണിയുവാൻ അദ്ദേഹം ആഗ്രഹിച്ചു. പ്ലാൻ തയ്യാറാക്കി. സ്ഥാനനിർണ്ണയം നടത്തി. 1104 കന്നിമാസം 20-ാം തീയതി ശിലാസ്ഥാപനവും നടത്തി. വളരെ വേഗം പണികൾ നടന്നുകൊണ്ടിരുന്നു. അനേകം ആളുകൾ അരമന നിർമ്മാണത്തിനായി സംഭാവനകൾ നൽകി. നിർഭാഗ്യമെന്നു പറയട്ടെ അരമനയുടെ പണി പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മരണം വളരെ പെട്ടെന്ന് ആ കർമ്മയോഗിയെ കീഴടക്കി. ദേഹവിയോഗശേഷം അരമനയുടെ പ്രവർത്തനങ്ങൾ പൊതുവേ ഒരു സ്തംഭനാവസ്ഥയിലേക്ക് നീങ്ങി.

പിന്നീട് ദീർഘമായ 45 വർഷം വിസ്മൃതിയുടെ മാറാലകളിലൂടെ മലങ്കര മക്കളുടെ മനസ്സിന്റെ ഇരുളടഞ്ഞ കോണുകളിലേക്ക് വള്ളിക്കാട്ടു ദയറാ എന്ന പുണ്യസ്ഥാപനം മറഞ്ഞുപോയി. ദയറായുടെ പ്രവർത്തനം വേണ്ട രീതിയിൽ പുരോഗമിപ്പിക്കുവാൻ ആർക്കും കഴിഞ്ഞതുമില്ല. എന്നാൽ നീണ്ട 45 വർഷത്തെ ഇടവേളക്ക് ശേഷം 1973-ൽ ഏതാനും ചില സഭാസ്നേഹികൾ അരമന പുനരുദ്ധാരണത്തിന് തയ്യാറാകുകയും പണി പൂർത്തീകരിക്കുകയും ചെയ്തു.

ദയറായുടെ ചരിത്രത്തിൽ വീണ്ടും ഒരു സുവർണ്ണയുഗം ആരംഭിക്കുന്നത് 1975 ലാണ്. അത് ഇപ്പോഴത്തെ പ: ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണത്തോടുകൂടിയാണ്. സ്ഥാനാരോഹണത്തിനുശേഷം തന്റെ മുൻഗാമികളുടെ കബറിടങ്ങൾ സന്ദർശിക്കുന്ന വേളയിൽ 1975 ഡിസംബർ 17 ന് അദ്ദേഹം വള്ളിക്കാട്ട് എഴുന്നള്ളി. ജീർണ്ണാവസ്ഥയിൽ കിടന്നിരുന്ന ദയറാചാപ്പലും കബറിടവും കണ്ട് ഹൃദയ വേദനയോടുകൂടി അദ്ദേഹം അതിന്റെ പുനരുദ്ധാരണത്തിനു വേണ്ടി പ്രവർത്തിക്കുവാൻ തീരുമാനിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും ആവശ്യമുള്ള പണം സംഭരിക്കുവാനും പ. ബാവാ തിരുമേനിയുടെ രക്ഷാധികാരത്വത്തിൽ ഒരു കമ്മറ്റിയെ തിരഞ്ഞെടുത്തു. ആ കമ്മറ്റിയുടെ പ്രസിഡന്റ്, യൂഹനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായും സെക്രട്ടറി, കോയിപ്പുറത്ത് കുറിയാക്കോസും, ട്രഷറർ

കാരുചിറ കെ. പി. തോമസും പിന്നീട് കുറച്ചു കാലം കളപ്പുരയ്ക്കൽ കെ. പി. തോമസും ആയിരുന്നു.

നിരന്തരവും അക്ഷീണവും ആയ പ്രവർത്തനം ആണ് ഈ കമ്മറ്റിക്കാർ ദയറാചാപ്പലിന്റെയും കബറിന്റെയും പുനരുദ്ധാരണത്തിനു വേണ്ടി നടത്തിയത്. എന്നാൽ ചില പ്രത്യേക കാരണങ്ങളാൽ ഏതാനും നാളത്തേക്ക് പള്ളിയുടെ പണികൾ തുടരാൻ സാധിക്കാതെയായി.

തുടർന്ന് 1982 ൽ പ. ബാവാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ സെക്രട്ടറിയായ പേരങ്ങാട്ട് പി. കെ. സഖറിയാ കത്തനാരെ ദയറായുടെ പുനരുദ്ധാരണ ചുമതല ഏല്പിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിലും കമ്മറ്റിക്കാരുടെ സഹകരണത്തിലും ദയറാ ചാപ്പലിന്റെ പണികൾ വളരെ ചുരുങ്ങിയ കാലം കൊണ്ട് പൂർത്തീകരിച്ചു. ഇവിടെ കബറടങ്ങിയിരിക്കുന്ന വിശുദ്ധന്റെ 54–ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് 1982 ഡിസംബർ 18–ാം തീയതി പുതുക്കി പണിത ദേവാലയത്തിന്റെ കൂദാശ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. അന്ന് വാകത്താനം നിവാസികളുടെ ചിരകാലാഭിലാഷം പൂവണിഞ്ഞു.

ഈ കാലത്ത് പ. മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി കാലാകാലങ്ങളിൽ ദയറായിൽ എത്തുകയും, പണികൾ നേരിട്ടു നോക്കി വേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. പുതുക്കി പണിതിരിക്കുന്ന ദേവാലയത്തിന്റെ പ്രധാന ത്രോണോസ് ദൈവമാതാവിന്റെ നാമത്തിലും മറ്റു രണ്ടു ത്രോണോസുകൾ വി. മാർത്തോമാശ്ലീഹായുടേയും പ. പരുമല തിരുമേനിയുടേയും നാമത്തിലും ആണ് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്.

ദയറായുടെ സുവർണ്ണയുഗത്തിന് അതോടെ തുടക്കമായി. ആ പുരോഗതിയ്ക്ക് നേതൃത്വം നൽകിയ മാനേജർ – ഫാ. സഖറിയ പേരങ്ങാട്ടിന്റെ (ബിനോയച്ചൻ) – ഔഗേൻ റമ്പാച്ചന്റെ – വാക്കുകൾ തന്നെ ശ്രദ്ധേയമാണ്. "1982 ൽ പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു വരവേ, എന്നെ വള്ളിക്കാട്ട് ദയറായുടെ മാനേജരായി നിയമിച്ചു കൊണ്ട് പറഞ്ഞു. "അച്ചൻ പേടിക്കേണ്ട, ഒരു പരിശുദ്ധന്റെ അടുക്കലേയ്ക്കാണ് പോകുന്നത്. വള്ളിക്കാട്ട് പള്ളിയിൽ കബറടങ്ങിയിരിക്കുന്ന തിരുമേനിയെ ഞാൻ ഒരിക്കൽ തിരുവനന്തപുരം പള്ളിയിൽ വച്ച് കണ്ടിട്ടുണ്ട്. അന്ന് ആ മുഖത്തു നിന്നും സ്ഫുരിച്ച തേജസ്സ് ഇപ്പോഴും എന്റെ മനസ്സിലുണ്ട്. പരുമല തിരുമേനിയെപ്പോലെ തന്നെ വിശുദ്ധ ജീവിതം നയിച്ച ഒരു പിതാവാണ് അദ്ദേഹം."

ദയറായുടെ ചുമതല ഏറ്റെടുത്തപ്പോൾ മുതലാണ് ചാരം മൂടിക്കിടന്ന തീക്കട്ടയുടെ ദിവ്യതേജസ്സ് എനിക്ക് അനുഭവവേദ്യമായത്. ആ ദിവ്യപ്രകാ

ശത്തിൽ ആശ്രയിച്ച് ഞാൻ നടത്തിയ പ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിച്ചു. സ്വന്തം വീടുപോലെ ഒരുമയോടെ അദ്ധ്വാനിച്ചു. അതിന്റെ ഫലമാണ് ഈ പുരോഗതി." കണ്ണിലെ കൃഷ്മണി പോലെ ദയറായെ ഔഗേൻ റമ്പാച്ചൻ പരിപാലിച്ചു.

മലങ്കരസഭയിൽ ഏറ്റവും സൂക്ഷിക്കപ്പെടുന്ന ദേവാലയമെന്ന ഖ്യാതി ദയറായ്ക്കുണ്ടായി. ഓഡിറ്റോറിയം തുടങ്ങിയുള്ള സൗകര്യങ്ങളുണ്ടായി. അരമനക്കെട്ടിടം പഴമ നഷ്ടപ്പെടുത്താതെ ഭംഗിയാക്കി. കബറിടം ഉൾക്കൊള്ളുന്ന ദേവാലയഭാഗം മനോഹരമായി പണിതീർത്തു. ഇങ്ങനെ ഏല്പിച്ച സഭാസ്ഥാപനത്തിന്റെ ഉന്നതിയ്ക്കായി അക്ഷീണപരിശ്രമം നടത്തിയ മാതൃകകൾ തന്നെ ചുരുക്കമാണ്. ഔഗേൻ റമ്പാച്ചനിൽ പ. ബാവാ തിരുമേനിയുടെ പ്രതിച്ഛായതന്നെ വിശ്വാസികൾക്ക് കാണാൻ കഴിഞ്ഞു. റമ്പാച്ചന്റെ പ്രവർത്തനശൈലിയും പ. ബാവാ തിരുമേനിയുടെ അനുഗ്രഹവും മൂലം ദയറായുടെ വളർച്ചയോടൊപ്പം നാടിന്റെ വികസനവും യാഥാർത്ഥ്യമായി. പ. പിതാവിന്റെ കബറിടത്തിൽ ശരണപ്പെടുകയും ദയറായുടെ ആവശ്യങ്ങൾക്കു വേണ്ടി നിസ്വാർത്ഥ സേവനം നൽകുകയും ചെയ്യുന്ന നിരവധി കുടുംബങ്ങൾ ഇന്നുണ്ട്. ദയറാ പ്രകാശമാനമായതോടെ ഈ കുടുംബങ്ങൾക്കും പ്രത്യേകമായ ഉന്നതി ഉണ്ടായതായി സമീപവാസികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വളരെയേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ബസേലിയോസ് ചാരിറ്റബിൾ സൊസൈറ്റി നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു. വാകത്താനം ജറുസലേം മൗണ്ട് ഹയർ സെക്കണ്ടറി സ്കൂൾ സഭാ സ്ഥാപനമായി മാറിയതിന്റെ പിന്നിൽ ദയറായുടെ സാന്നിദ്ധ്യവും ഔഗേൻ റമ്പാച്ചന്റെ പരിശ്രമവും എടുത്തു പറയത്തക്കതാണ്.

ഔഗേൻ റമ്പാച്ചൻ, ഔഗേൻ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടതും ആ അനുഗ്രഹത്തിന്റെ നടത്തിപ്പാണ്. ദയറായെ പരിപാലിച്ചതുപോലെ സഭയെ ശുശ്രൂഷിപ്പാൻ ദൈവം അദ്ദേഹത്തെ നിയോഗിച്ചത് പ്രാർത്ഥനാപൂർവ്വമായ പ്രവർത്തനത്തിന്റെ മറുപടിതന്നെയെന്ന് ഏവരും വിശ്വസിക്കുന്നു. ഔഗേൻ റമ്പാച്ചന്റെ ജനകീയമായ പ്രവർത്തനശൈലി – ഉൽകൃഷ്ടമായ നേതൃത്വഗുണം, സഭയോടുള്ള കൂറ്, വ്യക്തമായ ദർശനം, ആരാധനാകാര്യങ്ങളിലുള്ള ജ്ഞാനം, അനുപമമായ ദൈവാശ്രയം ഇവയെല്ലാം ചേർന്ന ആ പരിശ്രമം, ഭദ്രാസനത്തിനും, സഭയ്ക്കും നൽകുമെന്നതിന് സംശയമില്ല. അദ്ദേഹം മാനേജർ ആയിരിക്കുമ്പോൾ തന്നെ പ. ബാവായുടെ ചരമ പ്ലാറ്റിനം ജൂബിലി ഉചിതമായി ആഘോഷിച്ചു. ജൂബിലിയോടനുബന്ധിച്ച് പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ വള്ളിക്കാട്ട് ദയറായെ സഭയുടെ പ്രഖ്യാപിത തീർത്ഥാടന കേന്ദ്രമായി ഉയർത്തി.

എല്ലാ ദിവസവും വിശ്വാസികൾ വന്നെത്തുന്ന ദയറായിൽ മാസത്തിലെ

ആദ്യവെള്ളിയാഴ്ചകളിൽ നടക്കുന്ന ധ്യാനയോഗങ്ങളിൽ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ കൂട്ടമായെത്തുന്നുണ്ട്. പെരുനാളിന്റെ തലേ ദിവസം രാത്രി 8 മണിക്ക് ആരംഭിക്കുന്ന ഭക്തിപൂർവ്വമായ റാസ ഏറെ പ്രസിദ്ധമാണ്. ആയിരക്കണക്കിന് വിശ്വാസികൾ കത്തിച്ച മെഴുകുതിരികളോടെ പങ്കെടുക്കുന്ന ഈ റാസായുടെ അച്ചടക്കവും, ഭക്തിയും പ്രത്യേകം എടുത്തുപറയേണ്ടതാണ്. പ. ബാവയുടെ മദ്ധ്യസ്ഥതയിൽ അഭയം തേടി അനുഗ്രഹം തേടി അനുഗ്രഹം ലഭിച്ചവർ കുടുംബമായി റാസയിൽ പങ്കെടുക്കുന്ന പതിവും നിലനില്ക്കുന്നു. ദയറായിൽ നടക്കുന്ന ഓരോ ശുശ്രൂഷയിലും വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുന്നു. ഇന്ന് പ്രാർത്ഥനയുടെയും മദ്ധ്യസ്ഥതയുടെയും പുണ്യഭൂമിയായി പ. ബാവാതിരുമേനിയുടെ കബറിടത്താൽ അനുഗ്രഹീതമായ ദയറാ ശോഭിക്കുന്നു.

അവിടെ കബറടങ്ങിയിരിക്കുന്ന പരിശുദ്ധന്റെ ദിവ്യ ശക്തിയാണ് ഇന്ന് ആ ദയറായിൽ കാണുന്ന ആത്മീയ വെളിച്ചത്തിന്റെ അടിസ്ഥാന കാരണം എന്നതിനു സംശയമില്ല. ഏതാനും നാൾ അജ്ഞാതമായിരുന്നെങ്കിലും ഇന്ന് മലങ്കരയുടെ നാനാഭാഗത്തുനിന്നും ഈ പുണ്യകേന്ദ്രത്തിലേക്ക് വിശ്വാസികൾ പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

നിരന്തരമായ ബലിയർപ്പണത്താലും, ധൂപാർപ്പണത്താലും, പ്രാർത്ഥനയാലും പ്രബോധനങ്ങളാലും, സാന്ദ്രമായ ദയറായിൽ അന്ത്യവിശ്രമം കൊള്ളുന്ന പ. പിതാവിന്റെ കബറിടം ഇന്ന് അനേകരുടെ ആശ്രയസ്ഥാനമാണ്. ചരിത്രത്തിന്റെ പാദസ്പർശനത്താലും വിശുദ്ധി നിറഞ്ഞ ആത്മീയാന്തരീക്ഷത്താലും വന്നെത്തുന്നവർക്കെല്ലാം ദയറാ സ്വാന്ത്വനമാകുന്നു. മനസ്സു നുറുങ്ങി വിളിക്കുന്നവർക്കു വേണ്ടി മദ്ധ്യസ്ഥതയണയ്ക്കുന്ന തിരുമേനിയുടെ കബറിടത്തിലെത്തുന്നവരാരും നിരാശരായി മടങ്ങാറില്ല. കഠിനമായ രോഗങ്ങളാലും, ദുഃഖങ്ങളാലും ഉഴലുന്നവരുടെയും, സന്താനഭാഗ്യമില്ലാത്തവരുടെയും കണ്ണീരോടെയുള്ള യാചനകൾക്ക് മറുപടി ലഭിക്കുന്നു. തിരുമനസ്സിലെ കബറിടത്തിലെത്തുന്നവരുടെ അനുഭവസാക്ഷ്യം വളരെയേറെയാണ്. ഇന്ന് ദയറാ അനേകായിരം വിശ്വാസികൾക്ക് അഭയ കേന്ദ്രമാണ്. മദ്ധ്യസ്ഥതയുടെ മഹാസ്ഥാനമായി – **കാതോലിക്കേറ്റിന്റെ നിധിയായി** – ശോഭിക്കുന്നു.

❑

Malankara Orthodox TV

# വള്ളിക്കാട്ട് ദയറായെ സഭയുടെ പൊതു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന

**നമ്പർ 199/2003**

**സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ**

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

കർത്താവിൽ പ്രിയരേ,

മലങ്കരയുടെ ദ്വിതീയ കാതോലിക്കാ ആയിരുന്ന ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ (വാകത്താനത്ത് ബാവാ) കാലം ചെയ്തിട്ട് ഈ ഡിസംബർ 17-ാം തീയതി 75 വർഷം തികയുകയാണ്. പ. തിരുമനസ്സിന്റെ, ഒരു വർഷം നീണ്ടു നില്ക്കുന്ന ചരമ പ്ലാറ്റിനം ജൂബിലി വിപുലമായ പരിപാടികളോടെ ആഘോഷിക്കുവാൻ പ. എപ്പിസ്കോപ്പൽ സുന്നഹദോസും സഭാ മാനേജിംഗ് കമ്മറ്റിയും തീരുമാനിച്ച വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

വ്രതനിഷ്ഠമായ തപോജീവിതം കൊണ്ട്, അതീവ വിശുദ്ധമാർന്ന ആദ്ധ്യാത്മികജീവിതം നയിച്ചിരുന്ന പരിശുദ്ധ പിതാവ് വ്യവഹാരത്തിന്റെ കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിലാണ് വിശുദ്ധ സഭയെ നയിക്കുവാൻ നിയോഗിക്കപ്പെട്ടത്. സഭയെ ഒന്നായി കണ്ടുകൊണ്ട് കാതോലിക്കേറ്റിന്റെ സുസ്ഥിരമായ നിലനില്പിനുവേണ്ടി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ സഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടവയാണ്. എന്നാൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ആഴവും പരപ്പും ഏറെക്കാലം വിസ്മരിക്കപ്പെട്ടു എന്നത് തികച്ചും ദുഃഖകരമായ ഒരു യാഥാർത്ഥ്യമാണ്.

പരിശുദ്ധ പിതാവിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന

Malankara Orthodox TV

വിശ്വാസികളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നു എന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. അദ്ദേഹം കബറടങ്ങിയിരിക്കുന്ന വാകത്താനം വള്ളിക്കാട്ട് ദയറാ ഇന്ന് മലങ്കരയിലെ ഒരു തീർത്ഥാടനകേന്ദ്രമായി വളർന്നു കഴിഞ്ഞിരിക്കുന്നു. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി ഈ കബറിടത്തെ **"കാതോലിക്കേറ്റിന്റെ നിധി"** എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഈ ജൂബിലി വർഷത്തിൽ വാകത്താനം വള്ളിക്കാട്ടു ദയറായെ മലങ്കരസഭയുടെ ഒരു **പൊതു തീർത്ഥാടനകേന്ദ്രമായി** നാം പ്രഖ്യാപിക്കുന്നു.

ഇതോടൊപ്പം 2003 ഡിസം. 17 മുതൽ ഒരു വർഷം "വള്ളിക്കാട്ട് ദയറാ തീർത്ഥാടന വർഷമായി" പ്രഖ്യാപിക്കുവാനും നമുക്ക് സന്തോഷമുണ്ട്. ഈ ഒരു വർഷത്തിനുള്ളിൽ കഴിവുള്ളിടത്തോളം നമ്മുടെ എല്ലാ പള്ളികളിൽ നിന്നും പ. പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന വള്ളിക്കാട്ട് ദയറാ സന്ദർശിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യണം. ഇപ്രകാരം തീർത്ഥാടനം നടത്തുമ്പോൾ വി. കുർബ്ബാന, ധ്യാനം തുടങ്ങിയവ ക്രമീകരിക്കുന്നതിന് ദയറാ മാനേജർ ഔഗേൻ റമ്പാച്ചനുമായി വികാരിമാർ മുൻകൂട്ടി ബന്ധപ്പെടേണ്ടതാണ്.

ഡിസം. 16, 17 തീയതികളിൽ നടക്കുന്ന പെരുനാൾ പരിപാടികളിൽ നിങ്ങളേവരും നേർച്ചകാഴ്ചകളോടു കൂടി വന്ന് സംബന്ധിക്കണം. ഡിസം. 21-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും പരിശുദ്ധ പിതാവിന്റെ ഓർമ്മ പെരുനാളായി ആചരിക്കുകയും പ്രദക്ഷിണം, അനുസ്മരണ പ്രഭാഷണം, നേർച്ച വിളമ്പ് എന്നിവ നടത്തുകയും വേണം. ജൂബിലി സംബന്ധിച്ചുള്ള മറ്റു കാര്യങ്ങൾ നാം നിങ്ങളെ യഥാസമയം അറിയിക്കുന്നതാണ്. പരിശുദ്ധ പിതാവിന്റെ ഓർമ്മ നമുക്ക് കോട്ടയായിരിക്കട്ടെ.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ............

2003 നവംബർ 19-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്

Malankara Orthodox TV

## രണ്ടാം കാതോലിക്കാ ബാവായെ പരിശുദ്ധനായി പ്രഖ്യാപിക്കുവാൻ പ. സുന്നഹദോസിനു സമർപ്പിച്ച അപേക്ഷ

**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനും പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡന്റുമായ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമനസ്സിലേക്കു സമർപ്പിക്കുന്ന അപേക്ഷ.**

**പരിശുദ്ധ പിതാവേ,**

വ്രതനിഷ്ഠമായ തപോജീവിതം കൊണ്ട് അതീവ സമ്പന്നമായ ആദ്ധ്യാത്മിക ജീവിതം നയിച്ച മലങ്കരസഭയുടെ ദ്വിതീയ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ കാലം ചെയ്തിട്ട് ഡിസംബർ 16-ാം തീയതി എഴുപത്തിഅഞ്ച് വർഷം തികയുകയാണല്ലോ. വ്യവഹാരത്തിന്റെ കാറും കോളും നിറഞ്ഞ സഭാന്തരീക്ഷത്തിൽ വിശുദ്ധിയാർന്ന ജീവിതംകൊണ്ട് അദ്ദേഹം സഭാംഗങ്ങളുടെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടി. പ. ബാവാ തിരുമേനി ജീവിച്ചിരുന്നപ്പോഴും, കാലം ചെയ്തതിനു ശേഷവും അദ്ദേഹത്തെ ഒരു വിശുദ്ധനായി പിൻഗാമികൾ കരുതിയിരുന്നു. "പ. ഗീവർഗീസ് പ്രഥമൻ ബാവായെ ഞാൻ നേരിട്ട് കണ്ടിട്ടുണ്ടെന്നും, പ. പരുമലത്തിരുമേനിയെപ്പോലെ പ്രാർത്ഥനാപൂർണ്ണമായ വിശുദ്ധ ജീവിതം നയിച്ച അദ്ദേഹത്തിന്റെ ജീവിതം ഏവർക്കും മാതൃകയാണെന്നും" പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ പലപ്പോഴും അനുസ്മരിച്ചിരുന്നു. പാമ്പാടി കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഡയറിക്കുറിപ്പുകളിൽ അദ്ദേഹത്തെ 'പരിശുദ്ധൻ' എന്നാണ് വിശേഷിപ്പിക്കുന്നത്.

കോട്ടയം വാകത്താനം വള്ളിക്കാട്ട് കാരുചിറ ഭവനത്തിൽ 1045 ധനു 29-ാം തീയതി (1870 ജനുവരി 13) യാണ് പ. ബാവായുടെ ജനനം. കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നു 1886 ജൂൺ 13 നു കോറൂയോ പട്ടവും 1886 ഓഗസ്റ്റ് 13-നു കശ്ശീശാ സ്ഥാനവും 1896 ഓഗസ്റ്റ് 23-നു റമ്പാൻ സ്ഥാനവും സ്വീകരിച്ചു. പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയുടെയും ശിഷ്യനായിരുന്ന ഗീവർഗീസ് റമ്പാൻ ആലുവാ തൃക്കുന്നത്തു സെമിനാരിയുടെയും പരുമല സെമിനാരിയുടെയും ചുമതലകൾ വഹിച്ചു. പരിശുദ്ധ പരുമല തിരുമേനി തന്റെ ശിഷ്യനായി ഇദ്ദേഹത്തെ ഉദ്ദേശിച്ചിരുന്നു. കാതോലിക്കേറ്റിന്റെ സുസ്ഥിരതയ്ക്കും ഭരണക്രമീകരണത്തിനും പുതിയ മെത്രാപ്പോലീത്താമാർ ആവശ്യമാണെന്നു കണ്ടപ്പോൾ ഗീവർഗീസ് റമ്പാനെ മേല്പട്ടസ്ഥാനത്തേക്കു ഉയർത്തുവാൻ സഭാനേതൃത്വം നിശ്ചയിച്ചു.

Malankara OrthodoxTV

1913 ഫെബ്രുവരി 9–ാം തീയതി പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവാ വട്ടശ്ശേരിൽ തിരുമേനിയുടെ സഹകരണത്തോടെ ഗീവർഗീസ് റമ്പാനെ മാർ പീലക്സീനോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായി അദ്ദേഹം നിയമിക്കപ്പെട്ടു.

ഒന്നാം കാതോലിക്കാ മോറാൻ മാർ ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവാ കാലം ചെയ്തതിനെത്തുടർന്ന് 1925 ഏപ്രിൽ 30 വ്യാഴാഴ്ച നിരണം പള്ളിയിൽ വെച്ച് അദ്ദേഹത്തെ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി വാഴിച്ചു. സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിലും സാമൂഹ്യ പരിഷ്ക്കർത്താവ് എന്ന നിലയിലും വളരെ ശ്രേഷ്ഠമായ ഒരു പ്രവർത്തനശൈലിയാണ് അദ്ദേഹം കാഴ്ച വച്ചത്. സഭയ്ക്ക് ആദ്യമായി ഒരു പഞ്ചാംഗം രൂപപ്പെടുത്തുവാനും സഭയുടെ ആരാധനാക്രമങ്ങളുടെ ഐകരൂപ്യത്തിന് തുടക്കമിടുവാനും അദ്ദേഹത്തിനു കഴിഞ്ഞു. മാത്രമല്ല നിരവധി വിദ്യാലയങ്ങൾ, റോഡുകൾ, പൊതുജനോപകാരപ്രദമായ സ്ഥാപനങ്ങൾ തുടങ്ങിയവ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപം കൊണ്ടു.

“മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനിയും അഭിനവ കാതോലിക്കായും (പ. ഗീവർഗീസ് പ്രഥമൻ ബാവാ) തോളോടുതോൾ ചേർന്നു നിന്നുകൊണ്ട് സഭാഭരണത്തിൽ നവമാനങ്ങൾ സൃഷ്ടിച്ചു. അനവധി പുതിയ ദേവാലയങ്ങൾക്ക് രണ്ടാം കാതോലിക്കാ ശിലാസ്ഥാപനം നടത്തി. .... അഭ്യസ്ഥവിദ്യരും സഭാസ്നേഹികളും ആയ നിരവധി പേരെ വൈദികപദവിയിലേക്കുയർത്തി...... യാത്രാവേളയിൽ പ്രേഷിതവൃത്തിയിൽ താല്പര്യമുള്ളവരെ കണ്ടെത്തി ആ വഴിയ്ക്കു തിരിച്ചുവിടുവാൻ തിരുമേനി ശ്രദ്ധിക്കുമായിരുന്നു. ദയറാ ജീവിതത്തിന്റെ തനിമയും നന്മയും ശരിക്കും ഉൾക്കൊണ്ടിരുന്ന പ. ബാവാ തിരുമേനി നമസ്കാരം, നോമ്പ്, വ്രതം, യാമപ്രാർത്ഥനകൾ, ഉപവാസം എന്നിവ അണുവിടാതെ തെറ്റിക്കാതെ പാലിച്ചുപോന്നു. രോഗമോ കഷ്ടപ്പാടോ എന്തുവന്നാലും വ്രതഭംഗം നടത്തുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല.” പ. ബാവാ തിരുമേനിയുടെ ജീവിതത്തിന്റെ വിഭിന്ന മുഖങ്ങളെക്കുറിച്ച് പ്രശസ്ത സഭാപണ്ഡിതനും ഗവേഷകനും ആയിരുന്ന ഡോ. സാമുവേൽ ചന്ദനപ്പള്ളി നടത്തിയ ഈ നിരീക്ഷണം, ആ മഹത് ജീവിതത്തിന്റെ വാങ്മയ ചിത്രമാണ്.

പ. ബാവാ തിരുമേനി കാലം ചെയ്തതിനെത്തുടർന്ന്, മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ നിർദ്ദേശാനുസരണം, നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പള്ളികൾക്കയച്ച കല്പനയിൽ വള്ളിക്കാട്ട് ദയറായെക്കുറിച്ച് സഭാനേതൃത്വത്തിനുണ്ടായിരുന്ന കാഴ്ചപ്പാട് വ്യക്തമാക്കുന്നുണ്ട്.

"വിശേഷിച്ചും ബാവാ തിരുമനസ്സിലെ കബറിങ്കൽ ഉണ്ടാകുന്ന വഴിപാട് മുതലായ വരുമാനങ്ങൾ "കാതോലിക്കാനിധി" എന്ന നാമത്തിൽ ഒരു പ്രത്യേക നിധിയായി സൂക്ഷിക്കണമെന്നും, അതിനെ എന്നും അതതു കാലത്തെ കാതോലിക്കായുടെ അധീനതയിലും അധികാരത്തിലും വച്ചു കാതോലിക്കാസ്ഥാപനത്തിന്റെ നിലനിൽപ്പിനും അഭിവൃദ്ധിക്കും വിനിയോഗിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു." വള്ളിക്കാട്ട് ദയറായിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനാണ് (വാകത്താനം അസ്സോസിയേഷൻ) പ. ഗീവർഗീസ് ദ്വിതീയൻ ബാവായെ കാതോലിക്കായായി തെരഞ്ഞെടുത്തത് എന്നത് പ്രത്യേകം പ്രസ്താവ്യമത്രേ.

പ. ബാവാ തിരുമേനിയുടെ ചരമ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ തിരുമേനി, പ. ഗീവർഗ്ഗീസ് പ്രഥമൻ ബാവായെ വിശുദ്ധനായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ ആരംഭിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. പ. പിതാവിന്റെ കബറിടത്തിൽ മദ്ധ്യസ്ഥത യാചിച്ചുകൊണ്ട് എത്തിയ ഭക്തജന സഹസ്രങ്ങൾ അത്യാഹ്ലാദത്തോടു കൂടിയാണ് ശ്രേഷ്ഠ നിയുക്ത ബാവായുടെ പ്രഖ്യാപനം സ്വീകരിച്ചത്. ഈ ജൂബിലി വർഷത്തിൽ തന്നെ പ. ബാവായെ സഭയുടെ വിശുദ്ധനായി ഔദ്യോഗികമായി പ്രഖ്യാപിക്കുവാനുള്ള പ്രാരംഭ നടപടിക്രമങ്ങൾ ആരംഭിക്കണമെന്ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസിനോടു വിനയപൂർവ്വം അപേക്ഷിക്കുന്നു. പ. പിതാവിനെക്കുറിച്ച് കൂടുതൽ ഗവേഷണപഠനം നടത്തുവാൻ ആവശ്യമായ രേഖകൾ മലയാള മനോരമയുടെയും, അന്നു നിലവിലിരുന്ന സമുദായ സംബന്ധമായ ആനുകാലികങ്ങളുടെയും പഴയ താളുകളിൽ നിന്ന് ലഭ്യമാണ്. പ. പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള ക്രമീകരണങ്ങളോടൊപ്പം വാകത്താനം വള്ളിക്കാട്ടു ദയറായുടെ വികസനത്തിനും ആവശ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാകേണ്ടിയിരിക്കുന്നു. പ. കാതോലിക്കാ ബാവായുടെ രണ്ടാം അരമനയായി (Second Residence) ഈ ദയറാ ഉയർത്തപ്പെടുമെങ്കിൽ അതു സഭയ്ക്കു പ്രയോജനപ്രദമാകുമെന്നതിനു സംശയമില്ല. തീർത്ഥാടന വാരത്തിലും നോമ്പുദിനങ്ങളിലും ഈ പള്ളിയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് ആവശ്യമായ ധ്യാനമന്ദിരവും, സഭാപിതാക്കന്മാരെക്കുറിച്ചും, ക്രൈസ്തവ സംസ്കാരത്തിന്റെ പ്രത്യേകതകളെക്കുറിച്ചും ഒക്കെ സമഗ്രമായ പഠനം നടത്തുന്ന ഒരു ഗവേഷണകേന്ദ്രവും ഈ പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

മേൽ സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് പരിഗണിച്ചു ആവശ്യമായ ക്രമീകരണം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വള്ളിക്കാട്ടു ദയറായ്ക്കും തീർത്ഥാടക സമൂഹത്തിനും വേണ്ടി,

**വെരി. റവ. ഔഗേൻ റമ്പാൻ** (മാനേജർ)

## പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പ്രസിഡന്റുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെയും പ. എപ്പിസ്കോപ്പൽ സുന്നഹദോസ് മുമ്പാകെയും സമർപ്പിക്കുന്ന അപേക്ഷ.

**പ. പിതാവേ,**

പ. മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിൽ ആരൂഢനായിരുന്ന മലങ്കരയുടെ ദ്വിതീയ കാതോലിക്കാ, വാകത്താനത്തു ബാവാ എന്നറിയപ്പെടുന്ന, മോറാൻ മാർ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവായെ ചരമപ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തിൽ പരിശുദ്ധനായി പ്രഖ്യാപിക്കണമെന്ന് 2003 ജൂലൈ മാസത്തിൽ സുന്നഹദോസ് മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നതാണ്. അപ്രകാരം ഒരു പ്രഖ്യാപനം നടത്തുന്നതിന് അവലംബമായി താഴെപ്പറയുന്ന വസ്തുതകൾ പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

** പ. വാകത്താനത്തു ബാവായുടെ മദ്ധ്യസ്ഥപ്രാർത്ഥന മൂലം സംഭവിച്ച ഏതാനും അത്ഭുതങ്ങൾ മാത്രം ഇവിടെ രേഖപ്പെടുത്തുന്നു.**

1. പാത്താമുട്ടം മാളികയിൽ കുടുംബത്തിൽപ്പെട്ട സഖറിയാ എന്നയാൾ ജ്വരബാധിതനായി മരിച്ചുവെന്ന് എല്ലാവരും വിധിയെഴുതി. ശവസംസ്കാരത്തിനുള്ള പെട്ടി പണിതുകൊണ്ടിരുന്നപ്പോൾ യാദൃച്ഛികമായി അവിടെ എഴുന്നള്ളിയ പ. പിതാവിന്റെ പ്രാർത്ഥനാഫലമായി ടിയാൻ ജീവിതത്തിലേക്ക് തിരിച്ചുവരികയും അനേകവർഷങ്ങൾ കൂടി ജീവിക്കുകയും ചെയ്തതായി മാളികയിൽ ശ്രീ. ജേക്കബ്കുട്ടി സാക്ഷിക്കുന്നു.

2. പാത്താമുട്ടം പ്രദേശത്ത് വസന്ത പിടിപ്പെട്ടപ്പോൾ പ. പിതാവ് വസന്ത പ്രാർത്ഥന നടത്തി അതു മാറ്റിയതായി ആ നാട്ടുകാർ അനുസ്മരിക്കുന്നു.

3. പുത്തൻകാവ് പള്ളിയുടെ പരിസരപ്രദേശങ്ങളിൽ മഴയില്ലാതിരുന്നപ്പോൾ തിരുമേനി അവിടെയെത്തി പ്രാർത്ഥിച്ചപ്പോൾ മഴ പെയ്തതായി ഹൈന്ദവ സഹോദരന്മാർ സാക്ഷ്യം നൽകിയിട്ടുണ്ട്.

**പ. ബാവാ തിരുമേനി കാലം ചെയ്തശേഷം പ. പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം തേടിയവരുടെ അത്ഭുതകരമായ അനുഭവങ്ങളിൽ ചിലതു മാത്രം ഇവിടെ ചേർക്കുന്നു.**

1. ഒരു വർഷം മുമ്പ് കുഴിമറ്റത്ത് തയ്യിലെ അലീന എന്ന എട്ടു വയസ്സുള്ള ബാലിക സ്കൂളിൽ പോകാൻ വേണ്ടി സ്കൂൾ യൂണിഫോമിൽ ഗെയിറ്റിനരികിൽ നിന്നപ്പോൾ അബദ്ധവശാൽ 'ടൈ' ഗെയിറ്റിന്റെ കുറ്റിയിൽ

കുരുങ്ങി. ടൈ കഴുത്തിൽ മുറുകി ശ്വാസവും പൾസും നിലച്ചു. ആശുപത്രിയിൽ എത്തിച്ചെങ്കിലും പരിശോധിച്ച ഡോക്ടർമാർ പ്രതീക്ഷയ്ക്ക് വകയില്ലെന്ന് വിധിയെഴുതി. കുട്ടിയുടെ മാതാവ് വാകത്താനം സ്വദേശിനി കുഞ്ഞന്നാമ്മ പ. പിതാവിനോട് മദ്ധ്യസ്ഥത യാചിക്കുകയും കുട്ടിയ്ക്ക് അത്ഭുതകരമായ മാറ്റം ഉണ്ടാകുകയും ജീവിതത്തിലേക്കു തിരിച്ചുവരികയും ചെയ്തു. ഇത്തരത്തിലുള്ള കേസുകളിൽ സംഭവിക്കുന്ന തലച്ചോറിനുണ്ടാകാവുന്ന വൈകല്യങ്ങൾ കുട്ടിയെ ബാധിച്ചുമില്ല.

2. ക്യാൻസർ രോഗം ബാധിച്ച് മരണത്തോടടുത്ത വാകത്താനം പുതുവേലിൽ ജിജിമോനെ ഡോക്ടർമാർ ഉപേക്ഷിച്ച നിലയിലെത്തി. മാതാപിതാക്കൾ കബറിങ്കൽ വന്ന് മദ്ധ്യസ്ഥത അണച്ചതിനാൽ രോഗസൗഖ്യം ലഭിക്കുകയും തുടർന്ന് ജിജിമോൻ ദയറായിൽ താമസിച്ച് പ്രാർത്ഥിക്കുകയും പരിപൂർണ്ണ സൗഖ്യം ലഭിക്കുകയും ചെയ്തു. വൈദ്യശാസ്ത്രത്തിനു പോലും അത്ഭുതമായ ഈ രോഗസൗഖ്യം പ. ബാവാ തിരുമേനിയുടെ മദ്ധ്യസ്ഥതയൊന്നുകൊണ്ടു മാത്രമാണെന്നും ജിജിമോൻ തന്നെ സാക്ഷ്യം നൽകുന്നു.

3. ആലപ്പുഴ മാവേലിൽ അലക്സാണ്ടറുടെ ഭാര്യ സാറാമ്മയ്ക്കുണ്ടായ പാർക്കിൻസൺസ് രോഗം പ. ബാവായുടെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതു മൂലം പൂർണ്ണമായി സൗഖ്യമായതായി പറഞ്ഞിട്ടുണ്ട്.

ഇത്തരത്തിലുള്ള അനേകം അനുഭവങ്ങൾ പ. പിതാവിന്റെ ജീവിതകാലത്തിൽ നടന്നതായും ഇന്നും നടക്കുന്നതായും അനേകരുടെ സാക്ഷ്യമുണ്ട്.

## II

**പ. വാകത്താനത്തു ബാവായെ പരിശുദ്ധനായി പ്രഖ്യാപിക്കണമെന്ന അപേക്ഷയ്ക്ക് അവലംബമായി അദ്ദേഹം ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തെക്കുറിച്ച് നൽകിയ സാക്ഷ്യങ്ങൾ ചേർക്കുന്നു.**

1. പ. പരുമല തിരുമേനി വാകത്താനം വലിയപള്ളിക്കയച്ച കല്പനയിൽ "നമ്മുടെയും നിങ്ങളുടെയും വാത്സല്യമുള്ള ആളാകുന്ന ബഹു. ഗീവറുഗീസ് റമ്പാച്ചൻ അവിടെ നിങ്ങളോടു കൂടെ ആ പള്ളിയിൽ താമസിക്കുന്നതുകൊണ്ട്, ആത്മസംബന്ധമായും പള്ളി സംബന്ധമായുമുള്ള എല്ലാക്കാര്യങ്ങളും വെടിപ്പായും യോഗ്യമായും നിങ്ങളിൽ നടന്നു കാണുവാൻ ഇടവരുമെന്ന് നാം വിശ്വസിക്കുന്നു" എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

2. പ. പരുമല തിരുമേനിയുടെ വാത്സല്യത്തിന് പാത്രീഭൂതനായ ഗീവറുഗീസ് ശെമ്മാശനെ റെനി വിലാത്തി മാർ തീമോത്തിയോസിനെ വാഴിക്കുവാൻ കൊളംബോയിലേക്ക് നടത്തിയ യാത്രയിൽ തിരുമേനിയോടൊപ്പം

കൂട്ടിയിരുന്നു. അതുപോലെ തിരുമേനിക്ക് പ്രത്യേകമായ താല്പര്യമുണ്ടായിരുന്ന ഗീവറുഗീസ് റമ്പാച്ചനെയാണ് തിരുമേനി നടത്തിയ പള്ളി കൂദാശയിലും മറ്റുള്ള ശുശ്രൂഷകളിലും സഹായിയായി കൂടെ കൊണ്ടുപോയിരുന്നത്.

3. പ. പിതാവിന്റെ ഗുരുവും അങ്കമാലി, കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്തായുമായിരുന്ന കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, പ. പരുമല തിരുമേനി കാലം ചെയ്തപ്പോൾ ആ സ്ഥാനത്ത് പിൻഗാമിയായി ഗീവറുഗീസ് റമ്പാച്ചനെ വാഴിക്കണമെന്ന് മലങ്കര മെത്രാപ്പോലീത്തായോട് രേഖാമൂലം ആവശ്യപ്പെട്ടു. താൻ കണ്ടെടുത്ത് പഠിപ്പിച്ച് തന്റെ സന്തത സഹചാരിയാക്കിയിരുന്ന റമ്പാച്ചനിൽ പ. പരുമല തിരുമേനിയുടെ പിൻഗാമിയെ കടവിൽ തിരുമേനി കണ്ടെത്തിയത് വ്യക്തമായ അനുഭവത്താലായിരുന്നു. പ. പരുമല തിരുമേനി കാലം ചെയ്തപ്പോൾ, രോഗിയായിരുന്ന കടവിൽ തിരുമേനി കബറടക്ക ശുശ്രൂഷ നടത്താൻ തന്റെ പ്രതിനിധിയായി അയച്ചത് ഗീവറുഗീസ് റമ്പാനെ ആയിരുന്നു. കബറടക്ക ശുശ്രൂഷയുടെ അന്ന് പരുമലയിൽ വി. കുർബ്ബാന അർപ്പിച്ചതും കബറടക്ക ശുശ്രൂഷയിൽ മുഖ്യ സഹായിയായി പ്രവർത്തിച്ചതും റമ്പാച്ചനായിരുന്നു.

4. കടവിൽ തിരുമേനിയുടെ ആഗ്രഹപ്രകാരം ഗീവറുഗീസ് റമ്പാനെ പരുമല തിരുമേനിയുടെ പിൻഗാമിയായി വാഴിക്കാൻ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമന് സമ്മതമായിരുന്നു. റമ്പാച്ചന്റെ വിസമ്മതം കൊണ്ടാണ് വാഴിക്കൽ ചടങ്ങ് താമസിച്ചത്.

5. 1911 ൽ അന്ത്യോക്യായുടെ ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് മലങ്കര സന്ദർശിക്കുമ്പോൾ (പ. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനു ശേഷമുള്ള പിളർപ്പിന്റെ കാലത്ത്) റമ്പാനായിരുന്ന വാകത്താനത്തു ബാവായെ മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തുവാൻ അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തിലെ പ്രമുഖർ ആഗ്രഹം പ്രകടിപ്പിച്ചു. ആയത് സ്വീകരിച്ചില്ല എങ്കിലും ഈ ക്ഷണം ആ വിഭാഗക്കാരുടെയും വിശിഷ്യ അദ്ദേഹത്തെ കൂടുതൽ അറിയാമായിരുന്ന വടക്കൻ പള്ളിക്കാരുടെയും അംഗീകാരമായിരുന്നു.

6. സഭാഭാസുരൻ പ. വട്ടശ്ശേരിൽ തിരുമേനിയുടെ നിർദേശാനുസരണം മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പിന്നീട് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ) പ. പിതാവിന്റെ കബറിടത്തെ 'കാതോലിക്കേറ്റിന്റെ നിധി' എന്നാണ് കല്പനയിലൂടെ വിശേഷിപ്പിച്ചത്.

7. പ. പാമ്പാടി തിരുമേനി തന്റെ ആത്മീയ പ്രചോദകനായി പ. പിതാവിനെ കാണുകയും, നോമ്പുകാലങ്ങളിൽ വള്ളിക്കാട്ട് ദയറായിൽ താമസിച്ച് പ. പിതാവിന്റെ കബറിങ്കൽ പ്രാർത്ഥിക്കുകയും ചെയ്തുപോന്നിരുന്നു (പാമ്പാടി തിരുമേനിയുടെ ഡയറിക്കുറിപ്പുകൾ).

8. കാതോലിക്കാസ്ഥാനം സ്വീകരിക്കുവാൻ പ. പിതാവ് വിസമ്മതിച്ചു. പിന്നീട് പരുമലയിലെ കബറിങ്കൽ വച്ച് നറുക്കിട്ടപ്പോൾ നറുക്കു തിരുമേനിക്കു തന്നെ വീണു. എന്നിട്ടും സ്ഥാനത്തോടു ആഗ്രഹം കാണിക്കാതിരുന്ന തിരുമനസ്സിനെ പരേതനായ ശ്രീ. കെ. സി. മാമ്മൻ മാപ്പിള നിർബന്ധിച്ച കാര്യം അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

9. പ. പിതാവിന്റെ പ്രാർത്ഥനാജീവിതം, ഉപവാസം, സഭാവിശ്വാസം, ആദർശനിഷ്ഠ എന്നിവയെപ്പറ്റി സമകാലികരും, ശിഷ്യരുമായ അനേകർ നല്കുന്ന ഉത്തമ സാക്ഷ്യങ്ങൾ.

10. പ. പിതാവിന്റെ ആത്മകഥാരൂപത്തിലുള്ള അപ്രകാശിതമായ അഞ്ഞൂറോളം പേജുകളുള്ള ഡയറിക്കുറിപ്പുകൾ പ. പിതാവിന്റെ ജീവിത വിശുദ്ധിയെക്കുറിച്ചുള്ള രജത രേഖയാണ്.

11. വാകത്താനം പ്രദേശത്തെ വിശ്വകർമ്മർ ഇന്നും പ. പിതാവിന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ച് പുതിയ കാര്യങ്ങൾ ആരംഭിക്കുന്ന പതിവ് നിലനിൽക്കുന്നു. പ. പിതാവിന്റെ കബറടക്കത്തെക്കുറിച്ച് എഴുതപ്പെട്ട 'സ്വർഗ്ഗാരോഹണം' പാന തന്നെ വിശ്വകർമ്മജനായ റാപ്പുഴ ശങ്കരനാചാരിയുടേതാണ്.

12. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് തിരുമേനി 74-ാം ഓർമ്മപ്പെരുന്നാളിലെ വി. കുർബാനാ മദ്ധ്യേ ചെയ്ത പ്രസംഗത്തിൽ പ. പിതാവിനെ പരിശുദ്ധനായി പ്രഖ്യാപിക്കുവാൻ വേണ്ട നടപടികൾ ആരംഭിക്കണമെന്ന് പ്രഖ്യാപിച്ചിരുന്നു.

13. പ. പിതാവിന്റെ കബറിടത്താൽ അനുഗ്രഹീതമായ വള്ളിക്കാട്ടു ദയറായെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി സഭയുടെ പൊതു തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്.

14. പ. പിതാവിന്റെ കബറിങ്കൽ അനുദിനം ജാതിമതഭേദമില്ലാതെ കടന്നുവരുന്ന ഭക്തജനങ്ങളുടെ നൂറുകണക്കിനുള്ള അനുഭവസാക്ഷ്യങ്ങളുണ്ട്.

III

**പ. വട്ടശ്ശേരിൽ തിരുമേനിയുടെ പരിശുദ്ധ നാമകരണ നടപടികളുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങളുടെ ഭാഗമായി ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ. സുന്നഹദോസിനു നൽകിയ റിപ്പോർട്ടിൽ പൗരസ്ത്യ സഭാപാരമ്പര്യപ്രകാരം ഒരു വ്യക്തിയുടെ ജീവിതവിശുദ്ധിയും അത്ഭുതപ്രവർത്തനങ്ങളും പോലെ തന്നെ സഭയ്ക്ക് അവർ ചെയ്തിട്ടുള്ള സേവനങ്ങളും പരിശുദ്ധനായി പ്രഖ്യാപിക്കുവാനുള്ള മാനദണ്ഡമായി കണക്കാക്കാവുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. ഈ മാനദണ്ഡപ്രകാരവും പ. വാകത്താനത്തു ബാവാ പരിശുദ്ധ പദവിയ്ക്ക് താഴെപ്പറയുന്ന പ്രത്യേകതകളാൽ അർഹനാണ്.**

1. കടവിൽ പൗലൂസ് മാർ അത്താനാസിയോസ് തിരുമേനിയുടെ സെക്രട്ടറിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ നിയോഗപ്രകാരം അങ്കമാലി ഭദ്രാസനത്തിലെ പള്ളികളിലെ പ്രശ്നപരിഹാരകനായി പ്രവർത്തിച്ച് വിജയം വരിക്കുകയും അവരെ ഒരുമിച്ചു നിർത്താൻ കഴിയുകയും ചെയ്തു.

2. സഭാപ്രവർത്തനങ്ങൾക്കും തിരക്കിനുമിടയിൽ സഭാപഞ്ചാംഗം ആദ്യമായി പ്രസിദ്ധീകരിക്കുകയും, വി. വേദപുസ്തകവും, ആരാധനക്രമവും തർജ്ജമ ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ ബൃഹത്തായ അപ്രകാശിത ഡയറി *സഭാജീവിതനാൾവഴി*യാണ്. ഈ കാലഘട്ടത്തിലെ സഭാചരിത്രം വളരെയേറെ വ്യക്തമായി ഈ അമൂല്യ ആത്മകഥയിൽ നിന്നും ലഭിക്കും.

3. അനേകം വൈദികർക്ക് പരിശീലനം നൽകിയ ഗുരുവായിരുന്ന തിരുമനസ്സ് ദയറായിൽ വൈദികപഠനത്തിന് സൗകര്യമൊരുക്കിയിരുന്നു. അങ്ങനെ അജപാലനയോഗ്യമാംവിധം വൈദികരെ പ്രാപ്തനാക്കിയ ഉത്തമ മല്പാനായിരുന്ന പ. പിതാവ് കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ എന്ന നിലയിൽ തന്റെ ഇടയദൗത്യം ഭംഗിയായും വിജയകരമായും നിർവഹിച്ചിട്ടുണ്ട്. മലങ്കരയിൽ കാതോലിക്കേറ്റിന് അതിന്റെ സ്ഥാനത്തിനും ബഹുമാനത്തിനും തക്കവണ്ണമുള്ള സ്ഥാനചിഹ്നങ്ങളും മുദ്രയും തലക്കെട്ടും രൂപപ്പെടുത്തി.

4. ഇന്ന് പൗരസ്ത്യ കാതോലിക്കാമാരുടെ സ്ഥാനചിഹ്നങ്ങളായ അൽമത്തിക്കാപ്പാ, മുതലവായൻ മുടി, അംശവടി എന്നിവ അദ്ദേഹത്തിന്റെ സംഭാവനയാണ്. ചുമന്ന മഷിയുള്ള തലക്കെട്ടോടു കൂടിയ കല്പനകടലാസ് ആദ്യം ഉപയോഗിച്ചത് ഇദ്ദേഹമാണ്. പ. പിതാവ് രൂപകല്പന ചെയ്തതും പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ കുറെക്കാലം ഉപയോഗിച്ചിരുന്നതുമായ മുദ്രയുടെ ആധുനിക രൂപമാണ് ഇന്ന് പ. കാതോലിക്കാമാർ ഉപയോഗിക്കുന്ന മുദ്ര. തന്റെ ആസ്ഥാനത്തിന് കാതോലിക്കാ സിംഹാസനപള്ളി എന്നു നാമകരണം ചെയ്തു.

5. മെത്രാപ്പോലീത്തായായിരിക്കുമ്പോൾ തന്നെ ഭദ്രാസനത്തിന്റെ അതിരുകൾക്ക് പുറത്തും, തന്റെ സാന്നിദ്ധ്യവും പ്രാർത്ഥനയും ആവശ്യമുള്ളിടത്തൊക്കെയും ഓടിയെത്തുവാൻ അനാരോഗ്യം ഒരു തടസ്സമായിരുന്നില്ല.

6. സഭാ സേവനങ്ങളോടൊപ്പം താൻ ജീവിക്കുന്ന സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടിയുള്ള അക്ഷീണ യത്നം കൂടിയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. തികച്ചും അവികസിതമായിരുന്ന വാകത്താനത്ത് പ്രാഥമിക വിദ്യാഭ്യാസത്തിനു സ്കൂളുകൾ, യാത്രായോഗ്യമായ റോഡുകൾ, പോസ്റ്റോഫീസ്, സഹകരണസംഘം മുതലായവ രൂപംകൊണ്ടത് പ. പിതാവിന്റെ നേതൃത്വത്തിന്റെയും സംഘടനാപാടവത്തിന്റെയും ഫലമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെപ്പറ്റി വ്യക്തമായ ധാരണയുള്ള

വ്യക്തിയുമായിരുന്നു പ. പിതാവ്. മെത്രാപ്പോലീത്തായായി തന്റെ താമസസ്ഥലമായ വള്ളിക്കാട്ടുദയറായിൽ മടങ്ങിയെത്തിയ പ. പിതാവ് ആദ്യം ചെയ്തത് അവിടേയ്ക്ക് സഞ്ചാരയോഗ്യമായ ഒരു റോഡ് ഉണ്ടാക്കുക എന്നതായിരുന്നു. പ. പിതാവിന്റെ ഈ ദീർഘദൃഷ്ടിയോടുകൂടിയ സമൂഹപ്രവർത്തനങ്ങളുടെ ഫലം അനുഭവിച്ചത് വാകത്താനത്തും സമീപപ്രദേശത്തുമുള്ള പാവപ്പെട്ടവരാണ്. അവരുടെ ഇന്നത്തെ സാമ്പത്തിക ഉന്നമനത്തിനു കാരണം അദ്ദേഹം പണിത സ്കൂളുകളും വെട്ടിച്ച വഴികളുമാണെന്നു പറയുന്നതിൽ തെറ്റില്ല.

7. തന്നെ ഏൽപ്പിച്ച പൊതുമുതലുകളുടെ കാര്യത്തിൽ വിശ്വസ്തനായിരുന്നു പ. പിതാവ്. കടവിൽ തിരുമേനിയുടെ വിൽപത്രപ്രകാരം ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ ട്രസ്റ്റിമാരിൽ ഒരാളും സെക്രട്ടറി എന്ന നിലയിലും അരമന മാനേജർ എന്ന നിലയിലും തിരുമനസ്സിലേയും അങ്കമാലി ഭദ്രാസനം വകയായും ഉണ്ടായിരുന്ന മുതലുകളുടെ സൂക്ഷിപ്പുകാരനുമായിരുന്ന അദ്ദേഹം കടവിൽ മെത്രാച്ചന്റെ അടിയന്തിരത്തിന്റെ പിറ്റേന്നു തന്നെ തന്റെ കൈവശമുള്ള മുതലും കണക്കും മലങ്കര മെത്രാപ്പോലീത്തായെ ഏല്പിച്ചു. റമ്പാൻ, മെത്രാപ്പോലീത്താ, പൗരസ്ത്യ കാതോലിക്കാ എന്നീ നിലകളിൽ അദ്ദേഹം സമ്പാദിച്ചതെല്ലാം പ. സഭയുടെ പേരിലായിരുന്നു.

ജീവിതം മുഴുവൻ മലങ്കരസഭയ്ക്കുവേണ്ടി സമർപ്പിച്ച വിശുദ്ധ ജീവിതത്തിനുടമയായ, സഭയുടെ വിശ്വസ്ത മഹാപുരോഹിതനായിരുന്ന, പുണ്യചരിതനായ പ. ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവായെ പ. പദവിയിലേക്ക് ഉയർത്തി കാണുവാൻ വിശ്വാസികൾ ആഗ്രഹിക്കുന്നു. ആയതിനു വേണ്ട നടപടികൾ പ. സുന്നഹദോസിൽ നിന്നുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വാസികൾക്കു വേണ്ടി

അവിടുത്തെ ആത്മീയ പുത്രൻ
**ഔഗേൻ റമ്പാൻ**
(ദയറാ മാനേജർ)

വള്ളിക്കാട്ട് ദയറാ
23-08-04

Malankara OrthodoxTV

“.... പ. ഗീവർഗീസ് പ്രഥമൻ ബാവായെ നാം കണ്ടിട്ടുണ്ട്. നെയ്യൂർ ആശുപത്രിയിൽ ഓപ്പറേഷനായി പോകുംവഴി തിരുവനന്തപുരം പള്ളിയിൽ അദ്ദേഹത്തിന്റെ വി. കുർബാനയിൽ സംബന്ധിച്ചിട്ടുമുണ്ട്. അത് അദ്ദേഹം അർപ്പിച്ച അവസാനത്തെ വി. കുർബാനയായിരുന്നു. അവിടെ അദ്ദേഹം കാതോലിക്കേറ്റിനെപ്പറ്റി നടത്തിയ പ്രസംഗവും നാം ഓർക്കുന്നുണ്ട്. ..... അന്ന് ആ മുഖത്തു നിന്നും സ്ഫുരിച്ച തേജസ്സ് ഇപ്പോഴും എന്റെ മനസ്സിലുണ്ട്. പരുമല തിരുമേനിയെപ്പോലെ തന്നെ വിശുദ്ധ ജീവിതം നയിച്ച ഒരു പിതാവാണ് അദ്ദേഹം. പരുമല പോലെ ഈ കബറിടവും ഉയരും.”

**– പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ**

(വള്ളിക്കാട്ട് ദയറായിൽ നടത്തിയ ഒരു പ്രസംഗത്തിൽ നിന്ന്)

# SPONSERS

1. Mr. K. P. Thomas & Family, Karuchira
2. Mr. Raju Jacob & Family, Mundanpudavathu
3. Mr.Roy Thekkekkara & Family
4. Mr. Joykutty & Family, Valuchira Puthenveettil, Pathamuttom
5. Mr. Ninachan & Family
6. Mrs. & Mr. K. C. Varghese & Family, Kottuppallil, Kurichi
7. Mr. M. K. Pathrose & Family, Muttathukara, Vakathanam
8. Smt. Aleyamma Punnen, Pulickal, Rajasthan
9. Mr. M. O. Uthup, Muttathukara, Vakathanam
10. Mr. Roy, Dubai
11. Mr. K. M. Jacob & Family, Karinganamattathil, New York
12. Mr. Thomas K. Varghese & Family
13. K. P. Abraham & Family, Munthirithoppil
14. Rev. Fr. Philip C. Abraham & Family, Munthirithoppil
15. Mr. Thampan Abraham & Family, Munthirithoppil
16. Hillson Technical Parts, Kottayam
17. Cleenix Auto Service, Vakathanam